# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

### 2016 നവംബർ 8, ചൊവ്വ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 163 - നമ്പർ 25

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

2016 നവംബർ 8, ചൊവ്വ

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി
**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ
**ശ്രീ. ബി. മഹേന്ദ്ര കുമാർ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

1486/2019

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. ...1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ .. ...27

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. ...27
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. ...59

**II ഉത്തരത്തിലെ തിരുത്ത്**

നക്ഷത്രചിഹ്നമിടാത്ത 53, 54, 163 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരത്തിലെ തിരുത്ത് .. ...318

**III അടിയന്തരപ്രമേയം**

സഹകരണ ബാങ്കുകളെ തകർക്കുന്ന നിലപാട് (അവതരണാനുമതി നിഷേധിച്ചു) .. ...318

**IV ശ്രദ്ധ ക്ഷണിക്കൽ**

1. കഞ്ചിക്കോട് റെയിൽ കോച്ച് ഫാക്ടറി—
ശ്രീ. കെ. വി. വിജയദാസ് .. ...332
2. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി—
ശ്രീ. കെ. എസ്. ശബരീനാഥൻ .. ..334

**V സബ്മിഷൻ**

1. ബൈപ്പാസുകളുടെ നിർമ്മാണം—
പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല) .. ...337
2. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണ വ്യവസ്ഥ—
ശ്രീ. വി. എസ്. അച്യുതാനന്ദൻ .. ...340
3. ഇന്റർനെറ്റിന്റെ ദുരുപയോഗം—
ശ്രീമതി യു. പ്രതിഭ ഹരി .. ...445

*പേജ്*

4. പോലീസ് സ്റ്റേഷന്റെ പ്രവർത്തനം—

ശ്രീ. മുല്ലക്കര രത്നാകരൻ .. ...346

5. എമിഗ്രേഷൻ വിഭാഗം ജീവനക്കാരുടെ പെരുമാറ്റം—

ശ്രീ. അനൂപ് ജേക്കബ് .. ...347

6. അനിശ്ചിതകാല സമരം—

ശ്രീ. എം. സ്വരാജ് .. ...349

7. സ്റ്റോറേജ് ഡാം—

ശ്രീ. ബി. ഡി. ദേവസ്സി .. ...351

8. പദ്ധതികൾക്ക് ഭരണാനുമതി—

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് .. ...352

9. റോഡുകളുടെ പുനരുദ്ധാരണം—

ശ്രീ. എ. എം. ആരിഫ് .. ...354

10. നവീകരണ പ്രവൃത്തി—

ശ്രീ. സണ്ണി ജോസഫ് .. ...355

11. നെല്ല് സംഭരണം—

ശ്രീ. കെ. എം. മാണി .. ...355

**VI മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള
ലിസ്റ്റ് I പ്രകാരവും ചട്ടം 47(2), ചട്ടം 236(5), ചട്ടം 236(6)
എന്നിവ പ്രകാരമുള്ള കടലാസ്സുകൾ .. ...361

**VII റിപ്പോർട്ട് സമർപ്പണം**

പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ
ഏഴ് മുതൽ പതിനൊന്ന് വരെയുള്ള റിപ്പോർട്ടുകൾ .. ...371

**VIII ക്രമപ്രശ്നം**

വിവിധ സർക്കാർ വകുപ്പുകളുടെ ഭരണ റിപ്പോർട്ട്
യഥാസമയം ലഭ്യമാക്കാത്തത് സംബന്ധിച്ച്

ശ്രീ. എം. ഉമ്മർ .. ...371

പേജ്

**റൂളിംഗ്** .. ...373

**IX നിയമനിർമ്മാണകാര്യം**

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള
താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന
പ്രമേയവും അനന്തരഘട്ടങ്ങളും

(1) 2016-ലെ കേരള നെൽവയൽ തണ്ണീർത്തട
സംരക്ഷണ (ഭേദഗതി) ബിൽ .. ...374

**X വ്യക്തിപരമായ വിശദീകരണം**

വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട്
പരാമർശം—
ശ്രീ. ഉമ്മൻചാണ്ടി .. ...440

**നിയമനിർമ്മാണകാര്യം (തുടർച്ച)**

(2) 2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്
(ഭേദഗതി) ബിൽ .. ...445

**അനുബന്ധം**

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണ വ്യവസ്ഥയുമായി
ബന്ധപ്പെട്ട സബ്മിഷന്റെ മറുപടിയുടെ ബാക്കിഭാഗം .. ...500

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

*2016 നവംബർ 8, ചൊവ്വ*

വാല്യം 163] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 25

നിയമസഭ 2016 നവംബർ മാസം 8-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ.................ഓർഡർ............ചോദ്യം നമ്പർ *751

### ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്

1(*751) ശ്രീ. ആർ. രാമചന്ദ്രൻ:

ശ്രീ. മുല്ലക്കര രത്നാകരൻ:

ശ്രീ. കെ. രാജൻ:

ശ്രീ. എൽദോ എബ്രഹാം: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആൾ ഇന്ത്യാ ഇൻസ്റ്റിട്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് (എയിംസ്) സ്ഥാപിക്കുന്നതിന് നീക്കമുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എയിംസ് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) എയിംസ് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തി ആയതിന്റെ വിവരങ്ങൾ കേന്ദ്രസർക്കാരിന് കൈമാറുന്നതിനും സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്നതിനും മുൻസർക്കാർ കാലതാമസം വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) എങ്കിൽ പ്രസ്തുത വീഴ്ചകൾ പരിഹരിച്ച് എയിംസ് യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ,

(എ) കേരള സംസ്ഥാനത്ത് ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിന് (എയിംസ്) തുല്യമായ ഒരു സ്ഥാപനം സ്ഥാപിക്കുന്നതിന് അനുയോജ്യമായ ഒന്നിലധികം സ്ഥലങ്ങൾ കണ്ടെത്തി അറിയിക്കണമെന്നും, ടി ഭൂമി സൗജന്യ നിരക്കിലായിരിക്കണമെന്നും ടി ഭൂമിയിലേയ്ക്ക് നല്ല റോഡുമാർഗ്ഗം ഉണ്ടായിരിക്കണമെന്നും ജലം/വൈദ്യുതി എന്നിവയുടെ ലഭ്യത പര്യാപ്തമായിരിക്കണമെന്നുമുള്ള നിബന്ധനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ വകുപ്പുമന്ത്രി മുഖാന്തരം കേന്ദ്ര സർക്കാർ 19-6-2014-ൽ കേരള സംസ്ഥാന സർക്കാരിനെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ (അനുബന്ധം),* ടി നിബന്ധനകൾ പാലിച്ചുകൊണ്ട് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് താഴെപ്പറയുന്ന നാല് സ്ഥലങ്ങൾ കണ്ടെത്തുകയും പ്രസ്തുത സ്ഥാപനം നിർമ്മിക്കുന്നതിന് പര്യാപ്തമാണെന്ന് കേന്ദ്ര സർക്കാരിനെ 16-7-2014-ൽ അനുബന്ധം* പ്രകാരം അറിയിക്കുകയുമുണ്ടായി.

1. കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ കെ.എസ്.ഐ.ഡി.സി.-യുടെ പക്കലുള്ള സ്ഥലം (200 ഏക്കർ)
2. തിരുവനന്തപുരത്ത് നെയ്യാറ്റിൻകര നെട്ടുകാൽത്തേരിയിലുള്ള തുറന്ന ജയിലിനോടനുബന്ധിച്ചുള്ള സ്ഥലം (263.45 ഏക്കർ)
3. കോട്ടയം ജില്ലയിലെ സർക്കാർ മെഡിക്കൽ കോളേജിന്റെ അധീനതയിലുള്ള സ്ഥലം (248.21 ഏക്കർ)
4. എറണാകുളം ജില്ലയിലെ കളമശ്ശേരിയിൽ ഹിന്ദുസ്ഥാൻ മെഷീൻ ടൂൾസിന്റെ (എച്ച്.എം.റ്റി.) അധീനതയിലുള്ള സ്ഥലം (200 ഏക്കർ)

തുടർന്ന്, കേന്ദ്ര സർക്കാർ ഘട്ടംഘട്ടമായി തെരഞ്ഞെടുക്കപ്പെട്ട സംസ്ഥാനങ്ങൾക്കാണ് ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് നിലവാരമുള്ള സ്ഥാപനം അനുവദിക്കുന്നതെന്നും 2015-16-ലെ വാർഷിക ബഡ്ജറ്റിൽ ഇന്ത്യൻ യൂണിയന് കീഴിലുള്ള അഞ്ച് സംസ്ഥാനങ്ങളായ ജമ്മു കാശ്മീർ, പഞ്ചാബ്, ഹിമാചൽ പ്രദേശ്, ആസ്സാം, തമിഴ്നാട് എന്നിവയ്ക്കാണ് ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് പ്രകാരമുള്ള സ്ഥാപനം ഈ ഘട്ടത്തിൽ അനുവദിച്ചതെന്നും ഇനി തുടർന്നുള്ള ഘട്ടങ്ങളിൽ കേരള സംസ്ഥാനത്തിനും ടി സ്ഥാപനം അനുവദിക്കുന്നതാണെന്നും കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ വകുപ്പുമന്ത്രി മുഖാന്തരം കേന്ദ്ര സർക്കാർ 7-5-2015-ൽ ഈ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. (അനുബന്ധം)* ആയതിൻ പ്രകാരം ടി സ്ഥാപനം ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് 4-6-2016-ൽ കേന്ദ്ര സർക്കാരിന് ഓർമ്മക്കുറിപ്പ് അയച്ചിട്ടുമുണ്ട്. (അനുബന്ധം)*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) സ്പെഷ്യൽ ഓഫീസറെ ഇതുവരെ നിയമിച്ചിട്ടില്ല. മേൽപ്പറഞ്ഞ നാല് സ്ഥലങ്ങൾ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിക്കേണ്ടത് കേന്ദ്ര സർക്കാരാണ്. ആയത് സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ നിർദ്ദേശം ലഭിച്ചാൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ബാധകമല്ല.

ശ്രീ. ആർ. രാമചന്ദ്രൻ: സർ, പോസ്റ്റുമോർട്ടം, ആന്തരാവയവങ്ങളുടെ രാസപരിശോധന എന്നീ കാര്യങ്ങളിൽ സംസ്ഥാന ആഭ്യന്തര വകുപ്പിനെ സഹായിക്കാൻ കഴിയുന്ന എയിംസ് കേരളത്തിൽ സ്ഥാപിക്കുന്നതിന് അന്യസംസ്ഥാന ലോബികളും സ്വകാര്യ മെഡിക്കൽ കോളേജുകളും തടസ്സം നിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അങ്ങനെയെങ്കിൽ അത് അതിജീവിക്കാനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, അങ്ങനെ ഒരു ലോബി പ്രവർത്തിക്കുന്നതായി യാതൊരു തെളിവും സർക്കാരിന് ലഭിച്ചിട്ടില്ല. എയിംസ് ഇവിടെ അനുവദിച്ച് കിട്ടുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അതിനായി കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്താൻ തയ്യാറായിട്ടുണ്ട്.

ശ്രീ. ആർ. രാമചന്ദ്രൻ: സർ, ആതുര ശുശ്രൂഷാരംഗത്ത് വൻ മുന്നേറ്റമുണ്ടാക്കാൻ സാധ്യതയുള്ള ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് കേരളത്തിൽ ആവശ്യമായ സാഹചര്യത്തിൽ സംസ്ഥാനത്തെ ഏതെങ്കിലും മെഡിക്കൽ കോളേജിന് എയിംസ് പദവി നൽകി വികസിപ്പിക്കുന്നതിന് കഴിയുമോ; ആ വഴിക്ക് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും ശ്രമമുണ്ടോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, നിലവിലുള്ള മെഡിക്കൽ കോളേജുകളെ ഏറ്റവും മികച്ച കേന്ദ്രങ്ങളാക്കി മാറ്റാനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. എയിംസ് നിലവാരത്തിലേയ്ക്ക് ഈ മെഡിക്കൽ കോളേജുകളെ ഉയർത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് രണ്ടും രണ്ടാണ്. എയിംസിന്റെ ഒരു ഘടകം ഇവിടെ സ്ഥാപിക്കുകയെന്നത് മറ്റൊരു കാര്യമാണ്. നിലവിലുള്ള മെഡിക്കൽ കോളേജുകളെ എയിംസ് പദവിയിലേയ്ക്ക് ഉയർത്തുന്നതാണ്.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, കേരളത്തിന്റെ ചിരകാല ആവശ്യമാണ് എയിംസ് നിലവാരത്തിലുള്ള ഒരു മെഡിക്കൽ സംവിധാനം സംസ്ഥാനത്ത് രൂപപ്പെടുത്തുക എന്നത്. കഴിഞ്ഞ ഗവൺമെന്റ് ഇതിനുവേണ്ടി കേന്ദ്ര സർക്കാരിന്

കത്തെഴുതിയപ്പോൾ പരിഗണിക്കാമെന്ന് പറഞ്ഞിരുന്നുവെങ്കിലും അതിന് പരിഹാരമുണ്ടായില്ല. ഇന്ത്യയിൽ ഏറ്റവും കൂടുതൽ അലോപ്പതി മരുന്ന് കഴിച്ച് ജീവിക്കുന്നവരും രോഗംകൊണ്ട് വലയുന്നവരും പല പുതിയ രോഗങ്ങളും വിരുന്നിനെത്തുകയും ചെയ്യുന്ന ഈ സംസ്ഥാനത്ത് ഇത്തരത്തിൽ ഒരു മെഡിക്കൽ ഗവേഷണ പഠന സംവിധാനം ഉണ്ടാക്കേണ്ടത് അത്യാവശ്യമാണ്. അതിനുവേണ്ടി സ്ഥലമുൾപ്പെടെ കണ്ടെത്തണമെന്ന കേന്ദ്ര സർക്കാരിന്റെ നിർദ്ദേശങ്ങളെല്ലാം അംഗീകരിച്ചിട്ടും ഇപ്പോഴും കാര്യങ്ങൾ ഇഴഞ്ഞിഴഞ്ഞ് നീങ്ങുകയാണ്. വേണ്ട രീതിയിലുള്ള സമ്മർദ്ദം ചെലുത്തി അത് നേടിയെടുക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിയെ കാണുകയും എയിംസ് കേരളത്തിന് അനുവദിച്ച് തരണമെന്ന് ആവശ്യപ്പെടുകയും ചെയ്തതനുസരിച്ച് അനുഭാവപൂർവ്വം പരിഗണിക്കാമെന്നാണ് കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രി പറഞ്ഞത്. നമ്മൾ നിർദ്ദേശിച്ചിരിക്കുന്ന സ്ഥലങ്ങൾ പരിശോധിക്കുന്നതിനും മറ്റ് സാധ്യതകൾ ആരായുന്നതിനുമായി ഒരു വിദഗ്ദ്ധ സംഘത്തെ അയയ്ക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിയോട് ആവശ്യപ്പെടുകയും അതനുസരിച്ച് അയയ്ക്കാമെന്ന് ഉറപ്പ് നൽകുകയും ചെയ്തിരുന്നു. പക്ഷേ ഇതുവരേയും അങ്ങനെയൊരു വിദഗ്ദസംഘം സംസ്ഥാനത്ത് വന്നിട്ടില്ലെന്നുള്ളതാണ് വാസ്തവം. ഇതിനായി സംസ്ഥാന ഗവൺമെന്റ് പരമാവധി സമ്മർദ്ദം ചെലുത്തിയിട്ടുണ്ട്.

<u>ശ്രീ. കെ. രാജൻ</u>: സർ, കഴിഞ്ഞ കുറേ ദിവസങ്ങളായി മലയാളം ദിനപത്രങ്ങളിൽ എയിംസ് സംബന്ധിച്ച് വലിയ വാർത്തകളാണ് വന്നുകൊണ്ടിരിക്കുന്നത്. കേരള കൗമുദി ദിനപ്പത്രം എഴുതിയിരിക്കുന്നത് കേന്ദ്ര മന്ത്രിയെ കൂട്ടുപിടിച്ച് എയിംസ് അട്ടിമറിക്കാൻ സ്വകാര്യ മെഡിക്കൽ കോളേജുകൾ ശ്രമിക്കുന്നുവെന്നാണ്. എയിംസിന്റെ വരവ് വിപ്ലവകരമായ മാറ്റങ്ങളായിരിക്കും സൃഷ്ടിക്കുക. ടെക്നോളജി ട്രാൻസ്ഫറിന്റെ സാധ്യതകൾ ഉൾപ്പെടുത്തി വികസ്വര രാജ്യങ്ങളുടെ സാങ്കേതികവിദ്യ സ്വന്തമാക്കാൻ കൂടുതൽ മനുഷ്യവിഭവശേഷി ഉപയോഗിക്കാൻ കഴിയുന്ന തരത്തിലുള്ള ഒരു വലിയ പദ്ധതിയാണ് രണ്ട് വർഷങ്ങൾക്കുമുമ്പ് എയിംസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഇവിടെ പ്രഖ്യാപിച്ചത്. ഈ സഭയുടെ പ്രത്യേക ശ്രദ്ധപതിയേണ്ട ഒരു വിഷയമാണിത്. ഇപ്പോൾ കേന്ദ്ര സർക്കാർ ഓരോ സംസ്ഥാനത്തേയും ആരോഗ്യം, ട്രാൻസ്പോർട്ട് തുടങ്ങിയവയുമായി ബന്ധപ്പെട്ട വിവിധ മേഖലകളിലേയ്ക്ക് ആവശ്യമായ കാര്യങ്ങൾ അനുവദിക്കുന്നത് പ്രത്യേകമായി മാർക്കിടുന്നതിന്റെ അടിസ്ഥാനത്തിലാണ്. അല്ലാതെ ഒരു സംസ്ഥാനത്തിന്റെ ആവശ്യകത പരിഗണിച്ചല്ല. നേരത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർ ഈ വിഷയം കേന്ദ്ര ഗവൺമെന്റിന്റെ

മുന്നിൽ അവതരിപ്പിച്ചതാണ്. ഇതിന്റെ ആവശ്യകത കേന്ദ്രത്തെ ബോധ്യപ്പെടുത്തി ഇത് നേടിയെടുക്കുന്നതിനായി ഒരു പ്രത്യേക സംഘത്തെ അവിടേയ്ക്ക് അയയ്ക്കണം. കേരളം ഉയർത്തിപ്പിടിച്ച ആരോഗ്യ മേഖലയുടെ നേട്ടത്തിനനുകൂലമായ ഒരു സംവിധാനമായി ഇതിനെ മാറ്റാൻ ഗവൺമെന്റ് പ്രത്യേക പരിഗണന നൽകുമോ എന്നതാണ് എന്റെ ചോദ്യം.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഇതിനുവേണ്ടി എത്ര സമ്മർദ്ദം ചെലുത്താനും ഗവൺമെന്റ് തയ്യാറാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പോയതിനു ശേഷം ഞാൻ കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിയെ സന്ദർശിച്ചപ്പോൾ എയിംസിന്റെ കാര്യം പ്രത്യേകം സൂചിപ്പിച്ചിരുന്നു. കേന്ദ്ര ധനകാര്യ വകുപ്പിന്റെയും ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടേയും സമ്മതത്തോടുകൂടി ഒരു വിദഗ്ദ്ധ സംഘത്തെ അയയ്ക്കുന്നതിന് തീരുമാനമുണ്ടാക്കാമെന്നാണ് ബഹുമാനപ്പെട്ട കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രി പറഞ്ഞിരുന്നത്. ഇനി ഒരു പ്രത്യേകസംഘം ഇവിടെനിന്നും പോകേണ്ടതുണ്ടെങ്കിൽ അക്കാര്യം ആലോചിച്ച് തീരുമാനിക്കുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിനുവേണ്ടി നാല് സ്ഥലങ്ങളാണ് നമ്മൾ നിർദ്ദേശിച്ചിരുന്നത്. ഇതിൽ ഏതാണ് അനുയോജ്യമെന്ന് കേന്ദ്ര ഗവൺമെന്റ് തീരുമാനിക്കട്ടെയെന്ന നിലപാടാണ് നേരത്തെ സ്വീകരിച്ചത്. അങ്ങനെയൊരു നിലപാടെടുക്കുന്നതിനു പകരം കേരളത്തിനുതന്നെ ഒരു സ്ഥലം നിർദ്ദേശിക്കാവുന്നതാണ്. സർക്കാർ ഒരു സ്ഥലം നിർദ്ദേശിച്ച് അനുമതി നൽകണമെന്ന് പറയുന്നതായിരിക്കും കൂടുതൽ ഉചിതമെന്ന് എനിക്ക് തോന്നുന്നു. പ്രത്യേക പ്രതിനിധിസംഘം പോയാലും അവർ ഇതുതന്നെയായിരിക്കും പറയുക. നിങ്ങളുടെ ഒരു സംഘം വരണം, പരിശോധിക്കണം ഈ നാല് സ്ഥലങ്ങളിൽ ഏതാണ് നല്ലതെന്ന് നിങ്ങൾ നിർദ്ദേശിക്കണമെന്ന് ആവശ്യപ്പെടുന്നതിനുപകരം ഏത് സ്ഥലമാണെന്ന് തീരുമാനിച്ച് അറിയിക്കുന്നതാണ് നല്ലത്. അപ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ നിലപാടെന്താണെന്ന് അറിയാമല്ലോ.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, നാല് സ്ഥലങ്ങൾ സജസ്റ്റ് ചെയ്യാനാണ് കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെട്ടത്. അതിനുശേഷം അവരുടെ സംഘം വന്ന് തെരഞ്ഞെടുക്കുമെന്നാണ് പറഞ്ഞത്. അല്ലാതെ നമുക്ക് ഒരു സ്ഥലം തെരഞ്ഞെടുക്കാൻ ബുദ്ധിമുട്ടുണ്ടായിട്ടല്ല, അന്ന് തെരഞ്ഞെടുക്കാമായിരുന്നു. പക്ഷേ കേന്ദ്ര ഗവൺമെന്റിൽ നിന്നും കിട്ടിയ നിർദ്ദേശം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാൻ കഴിയുന്ന നാല് സ്ഥലങ്ങൾ പോയിന്റൗട്ട് ചെയ്യാനായിരുന്നു. ഞങ്ങൾ പോയിന്റൗട്ട് ചെയ്തതനുസരിച്ച് അവർ വന്ന് പരിശോധിച്ചു.

ശ്രീ. പിണറായി വിജയൻ: സർ, ഞാൻ നിങ്ങളുടെ നിലപാട് തെറ്റാണെന്നല്ല പറയുന്നത്. നാല് സ്ഥലങ്ങൾ നമ്മൾ നിർദ്ദേശിച്ചിട്ടും ഇതുവരെ അവരുടെ ഭാഗത്തു നിന്നും യാതൊരു പ്രതികരണവുമുണ്ടായിട്ടില്ല. സംഘം വരുമെന്ന് പറഞ്ഞിട്ട് വന്നില്ല, ഒരു പരിശോധനയും നടന്നിട്ടില്ല. നമുക്കിനി പറയാവുന്നത് ഇതിൽ ഇന്ന സ്ഥലമാണ് ഞങ്ങൾ പ്രിഫർ ചെയ്യുന്നത് നിങ്ങൾ അവിടത്തേയ്ക്ക് അനുവദിച്ചു തരണമെന്നാണ്. അപ്പോൾ അവർക്ക് എന്താണ് പറയാനുള്ളതെന്ന് അറിയാമല്ലോ; അങ്ങനെയൊരു നിലപാട് നമുക്ക് സ്വീകരിക്കാമല്ലോ.

ശ്രീ. എൽദോ എബ്രഹാം: സർ, കേരളത്തിലെ ജനങ്ങളുടെ സ്വപ്നമാണ് എയിംസ്. എന്റെ ചോദ്യം, കേരളത്തിൽനിന്നും യഥേഷ്ടം കേന്ദ്ര മന്ത്രിമാരും കേന്ദ്ര ഭരണത്തിൽ കേരളത്തിന് പങ്കാളിത്തവുമൊക്കെ ഉണ്ടായിരുന്ന ഒരു കാലമുണ്ടായിരുന്നു. എന്നാൽ കത്തയയ്ക്കലിൽ മാത്രമായി എയിംസ് എന്ന സ്വപ്നം പരിണമിച്ചുവെന്നതിൽ തർക്കമില്ല. കത്തുകൾക്കപ്പുറത്ത് എയിംസ് കേരളത്തിലേയ്ക്ക് കൊണ്ടുവരാൻ ഗവൺമെന്റ് ശക്തമായ സമ്മർദ്ദം ചെലുത്തുമോയെന്നാണ് എന്റെ ചോദ്യം.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഈ ഗവൺമെന്റ് അധികാരമേറ്റ ശേഷം കത്തയയ്ക്കുക മാത്രമല്ല ചെയ്തത്. ഞാൻ നേരത്തെ സൂചിപ്പിച്ചു, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഞാനും ഒക്കെ കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിയെ കണ്ട് ഇക്കാര്യങ്ങളെല്ലാം സംസാരിച്ചതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ ഈ നാല് സ്ഥലങ്ങളിൽ ഒരു സ്ഥലം നിർദ്ദേശിച്ചുകൊണ്ട് വീണ്ടും കേന്ദ്ര ഗവൺമെന്റിലേയ്ക്ക് കത്തയയ്ക്കാമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാൻ സാധിക്കുന്ന നാല് സ്ഥലങ്ങൾ പോയിന്റൗട്ട് ചെയ്യാനാണ് കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെട്ടത്. ഒരു സ്ഥലത്ത് എന്തെങ്കിലും കുറവുണ്ടെങ്കിൽ മറ്റേ സ്ഥലം പരിഗണിക്കുന്നതിനുവേണ്ടിയാണ് ഇപ്രകാരം ആവശ്യപ്പെട്ടത്. അതിന്റെ അടിസ്ഥാനത്തിൽ സമയബന്ധിതമായി നാല് സ്ഥലങ്ങൾ നിർദ്ദേശിക്കുകയുണ്ടായി. അതുകഴിഞ്ഞ് രണ്ടുമാസം കഴിഞ്ഞപ്പോൾ അവർ ഒരു ചെക്ക് ലിസ്റ്റ് അയച്ചുതന്നു. ഇതുമായി ബന്ധപ്പെട്ട് റെയിൽ, റോഡ്, വാട്ടർ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ സംസ്ഥാന ഗവൺമെന്റ് ഏർപ്പെടുത്തണമെന്ന് കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത ആവശ്യം സംസ്ഥാന ഗവൺമെന്റ് അംഗീകരിക്കുകയും അതാത് ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് സഹിതം ചെക്ക് ലിസ്റ്റിന് മറുപടി അയയ്ക്കുകയും ചെയ്തു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മുഖ്യമന്ത്രിയും ഞാനും ഡൽഹിയിൽപോയി പ്രധാനമന്ത്രിയേയും രണ്ട് കേന്ദ്രമന്ത്രിമാരെയും കാണുകയുണ്ടായി, കത്തയയ്ക്കുക മാത്രമല്ല ചെയ്തത്. അതുകഴിഞ്ഞ് ഇവിടെ ആർ.സി.സി.-യുടെ തറക്കല്ലിടാൻ കേന്ദ്രമന്ത്രി വന്നപ്പോഴും ഇക്കാര്യം സംബന്ധിച്ച് സംസാരിച്ചു. കേന്ദ്ര

ധനകാര്യ വകുപ്പ് ഇതിന് അനുമതി നൽകുന്നില്ല എന്നാണ് അന്ന് ഞങ്ങളോട് പറഞ്ഞത്. കഴിഞ്ഞ ഒരു വർഷമായി ഇക്കാര്യം പറഞ്ഞുകൊണ്ടിരിക്കുകയാണ്. ബഡ്ജറ്റ് വരുന്ന പശ്ചാത്തലത്തിൽ ഇപ്രാവശ്യമെങ്കിലും നമ്മുടെ സംസ്ഥാനത്തിന് എയിംസ് അനുവദിച്ച് കിട്ടുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ആരോഗ്യ വകുപ്പുമന്ത്രിയും ഡൽഹിയിൽപ്പോയി സംസാരിക്കുകയും വളരെ ശക്തമായ സമ്മർദ്ദം ചെലുത്തുകയും ചെയ്തില്ലെങ്കിൽ ഈ വർഷവും നമുക്കത് ലഭിക്കില്ല. രാഷ്ട്രീയ താൽപ്പര്യങ്ങളുടെ അടിസ്ഥാനത്തിലാണ് കേന്ദ്ര ഗവൺമെന്റ് പല തീരുമാനങ്ങളും എടുക്കുന്നത്.

കോഴിക്കോട് മെഡിക്കൽ കോളേജിനേയും തിരുവനന്തപുരം മെഡിക്കൽ കോളേജിനേയും എയിംസിന്റെ നിലവാരത്തിലേയ്ക്ക് ഉയർത്തുമെന്ന് ബഹുമാന്യയായ മന്ത്രി തന്റെ പ്രസംഗത്തിൽ സൂചിപ്പിക്കുകയുണ്ടായി. ഇപ്പോൾ പി.എം.എസ്.എസ്.വൈ. സ്കീം അനുസരിച്ച് തിരുവനന്തപുരം മെഡിക്കൽ കോളേജ് അതിന്റേതായ ഡെവലപ്മെന്റ്സ് പൂർത്തീകരിച്ചുകഴിഞ്ഞു. കോഴിക്കോട് മെഡിക്കൽ കോളേജിന് 125 കോടി രൂപ അനുവദിച്ചു.

<u>മി. സ്പീക്കർ</u>: പ്ലീസ്..... അങ്ങ് ഉത്തരം പറയാനും പ്രസ്താവന നടത്താനും ഈ സമയം വിനിയോഗിക്കുന്നത് ശരിയല്ല.

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, കോഴിക്കോട് മെഡിക്കൽ കോളേജിന് 125 കോടി രൂപ അനുവദിക്കുന്നതിനുപരിയായി എയിംസ് മോഡലിലേയ്ക്ക് കൊണ്ടുവരുന്നതിന് എത്ര കോടി രൂപയാണ് അനുവദിക്കുന്നത്; എയിംസ് മോഡൽ എന്നതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഉദ്ദേശിക്കുന്നതെന്താണ്?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ഇവിടെ എയിംസ് മോഡൽ എന്നുപറയുമ്പോൾ എയിംസിലുള്ള ചില സൗകര്യങ്ങൾ കോഴിക്കോട് മെഡിക്കൽ കോളേജിൽ ഉണ്ടാകണമെന്നില്ല. എന്നാൽ കോഴിക്കോട് മെഡിക്കൽ കോളേജ് എയിംസിന്റെ നിലവാരത്തിലുള്ള നല്ല സൗകര്യമുള്ള മെഡിക്കൽ കോളേജാണ്. എയിംസിൽ എന്തെങ്കിലും കൂടുതൽ നിലവാരമുണ്ടെങ്കിൽ അത് ഇവിടത്തെ മെഡിക്കൽ കോളേജുകളിലും പ്രാവർത്തികമാക്കി ആ നിലവാരത്തിലേയ്ക്ക് മെഡിക്കൽ കോളേജുകളുടെ പോരായ്മകൾ പരിഹരിച്ച് ഉയർത്തുകയാണ് വേണ്ടത്. ഇവിടെ പി.എം.എസ്.എസ്.വൈ. മാത്രമല്ല, കേരള ഗവൺമെന്റ് ഇക്കാര്യത്തിൽ എന്തൊക്കെ ചെയ്യാൻ ആഗ്രഹിക്കുന്നു എന്നത് സംബന്ധിച്ച് പ്രത്യേകിച്ച് ഒരു ചോദ്യം തയ്യാറാക്കിത്തന്നാൽ ഞാൻ അതിന്റെ വിശദാംശം നൽകുന്നതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നല്ല പരിശ്രമം ഇക്കാര്യത്തിൽ നടത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചതുപോലെ പ്രത്യേക സ്ഥലം തന്നെ നിർദ്ദേശിച്ചുകൊണ്ട് വീണ്ടും കേന്ദ്ര ഗവൺമെന്റിനെ കാണുകയോ, കത്തയയ്ക്കുകയോ ചെയ്യാവുന്നതാണ്.

ശ്രീ. ബി. ഡി. ദേവസ്സി: സർ, ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള കൊരട്ടി ഗാന്ധിഗ്രാം ത്വക് രോഗ ആശുപത്രി വക 110 ഏക്കർ സ്ഥലം ഒഴിഞ്ഞു കിടക്കുകയാണ്. എൻ.എച്ച്. 47-നോട് ചേർന്നുകിടക്കുന്ന ഈ സ്ഥലം കൊച്ചി എയർപോർട്ടിന്റെ പത്ത് കിലോമീറ്റർ അടുത്താണ്. എയിംസിനോ അല്ലെങ്കിൽ ആരോഗ്യ മേഖലയിലെ മറ്റേതെങ്കിലും പ്രോജക്ടിനോ ഈ സ്ഥലം പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഇവിടെ സൂചിപ്പിച്ചതുപോലെ കേന്ദ്ര ഗവൺമെന്റ് അയച്ച ചെക്ക് ലിസ്റ്റ് പ്രകാരം എല്ലാ സൗകര്യങ്ങളുമുള്ള നാല് സ്ഥലം തെരഞ്ഞെടുത്ത് അയച്ചു. അതിനെക്കാളുപരി മറ്റൊരു സ്ഥലത്തെക്കുറിച്ച് ആലോചിക്കേണ്ടതുണ്ടോയെന്ന് പിന്നീട് തീരുമാനിക്കാവുന്നതാണ്.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, അന്താരാഷ്ട്ര റാങ്കിംഗിൽ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളൊന്നും ഇതുവരെ സ്ഥാനം നേടിയിട്ടില്ലെങ്കിലും രാജ്യത്തെ ഉന്നത നിലവാരമുള്ള പല മെഡിക്കൽ കോളേജുകൾക്കൊപ്പം നിലനിൽക്കുന്ന ഒരു സ്ഥാപനമാണ് കോഴിക്കോട് മെഡിക്കൽ കോളേജ്. ഇതിന്റെ വിപുലീകരണത്തിനായി മാതൃഭൂമി മിഷൻ മെഡിക്കൽ കോളേജ് എന്ന പദ്ധതിക്ക് രൂപം നൽകിവരികയാണ്. ഈ സാഹചര്യത്തിൽ എയിംസ് മാതൃകയിൽ അതിനെ ഉയർത്തിക്കൊണ്ടുവരുന്നതിനാണോ സർക്കാർ ഉദ്ദേശിക്കുന്നത്; അതല്ല ലോക നിലവാരത്തിലേക്ക് അതിനെ ഉയർത്തുന്നതിനുള്ള ശ്രമം സർക്കാരിന്റെ പരിഗണനയിലുണ്ടോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, മെഡിക്കൽ കോളേജിനെ സഹായിക്കുക എന്ന ദൗത്യത്തിന്റെ ഭാഗമായിട്ടാണ് മാതൃഭൂമി മിഷൻ വന്നത്. കേരളത്തിൽ നിലവിലുള്ള 5 മെഡിക്കൽ കോളേജുകളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുന്നതിന് എന്തൊക്കെ ചെയ്യാൻ അവശേഷിക്കുന്നുവോ അതെല്ലാം ചെയ്യാനാണ് സർക്കാർ ആലോചിക്കുന്നത്. അങ്ങനെ ഉന്നത നിലവാരത്തിലെത്തുമ്പോഴായിരിക്കും ചിലപ്പോൾ ലോകനിലവാരത്തിലേക്ക് അത് ഉയരുക. പടിപടിയായി മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തണമെന്നാണ് സർക്കാർ ആലോചിക്കുന്നത്. ഇപ്രകാരം സർക്കാർ പ്രഖ്യാപനം നടത്തിയപ്പോൾ വിവിധ മേഖലകളിലുള്ള വ്യക്തികളും സ്ഥാപനങ്ങളും ഗവൺമെന്റിന്റെ ഈ പരിശ്രമത്തെ സഹായിക്കാൻ ഒരുക്കമാണെന്ന് പറഞ്ഞ് മുന്നോട്ടുവരുന്നുണ്ട്. അതിലൊന്നാണ് മാതൃഭൂമി മിഷൻ. കോഴിക്കോട് മെഡിക്കൽ കോളേജിന്റെ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള സഹായം നൽകാമെന്ന് പറഞ്ഞുകൊണ്ടാണ് മാതൃഭൂമി മിഷന്റെ നേതൃത്വത്തിൽ പ്രവർത്തനം ആരംഭിച്ചത്. ഗവൺമെന്റ് അതുമായി സഹകരിച്ചിട്ടുണ്ട്. മാതൃഭൂമി മിഷൻ ഇപ്രകാരം പ്രഖ്യാപിച്ചപ്പോൾ മറ്റ് പലരും മെഡിക്കൽ കോളേജിന് സഹായ വാഗ്ദാനവുമായി മുന്നോട്ടുവന്നിട്ടുണ്ട്. ഇതൊക്കെ എങ്ങനെ ഉപയോഗപ്പെടുത്തണമെന്ന് തീരുമാനിക്കുന്നത് സർക്കാരിന്റെ നിർദ്ദേശപ്രകാരമാണ്. ഇതെല്ലാംകൂടി ചേരുമ്പോൾ നല്ല നിലവാരമുള്ള മെഡിക്കൽ കോളേജായി കോഴിക്കോട് മെഡിക്കൽ കോളേജ് മാറുമെന്നാണ് പ്രതീക്ഷ.

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, എയിംസ് പോലെ പലതും കേന്ദ്ര ഗവൺമെന്റ് കേരളത്തിന് നൽകുന്നുവെന്ന് പ്രഖ്യാപിച്ചെങ്കിലും ഇതൊന്നും നമ്മുടെ സംസ്ഥാനത്ത് ലഭിക്കുന്നില്ല എന്നതാണ്. ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി കേരളത്തിൽ മുഖ്യമന്ത്രിയായിരുന്ന സന്ദർഭത്തിലാണ് കാസർഗോഡ് സെൻട്രൽ യൂണിവേഴ്സിറ്റി ആരംഭിച്ചത്. ആ യൂണിവേഴ്സിറ്റിയുടെ തറക്കല്ലിടൽ പരിപാടി നടക്കുന്ന സന്ദർഭത്തിലാണ് കേന്ദ്രമന്ത്രിയും മുഖ്യമന്ത്രിയും കാസർഗോഡ് മെഡിക്കൽ കോളേജ് അനുവദിക്കുമെന്ന് പ്രഖ്യാപിച്ചത്. ഇതിനായി സംസ്ഥാന ഗവൺമെന്റ് പലതരത്തിലുള്ള നടപടികൾ സ്വീകരിച്ചെങ്കിലും കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നും യാതൊരു നടപടിയും ഉണ്ടാകുന്നില്ല. അതുപോലെയാണ് എയിംസും മറ്റ് കാര്യങ്ങളും. കേരളത്തിന് എന്തൊക്കെയോ ലഭിക്കുന്നുവെന്ന് പത്രക്കാരെല്ലാം കൊട്ടിഘോഷിക്കുകയാണ്. പക്ഷേ കേന്ദ്ര ഗവൺമെന്റ് ഇതൊന്നും നൽകുന്നില്ല എന്നതാണ് വസ്തുത. എയിംസിനോടൊപ്പം കാസർഗോഡ് പ്രഖ്യാപിച്ച മെഡിക്കൽ കോളേജ് കൊണ്ടു വരുന്നതിന് സംസ്ഥാന ഗവൺമെന്റ് വേണ്ട രീതിയിൽ ഇടപെടണമെന്നാണ് എന്റെ അഭ്യർത്ഥന.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഇവിടെ എല്ലാവരും ആഗ്രഹം പ്രകടിപ്പിച്ചതുപോലെ എയിംസ് കേരളത്തിൽ കൊണ്ടുവരുന്നതിനുള്ള ശ്രമം നടത്താം. അതിനുശേഷം മറ്റ് കാര്യങ്ങളെക്കുറിച്ച് ആലോചിക്കാം.

ശ്രീ. അടൂർ പ്രകാശ്: സർ, ആരോഗ്യ രംഗത്ത് കേരളം എല്ലാ കാലഘട്ടങ്ങളിലും മാതൃക കാണിച്ചിട്ടുള്ള സംസ്ഥാനമാണ്. ഈ മാതൃക ചികിത്സാ രംഗത്ത് മാത്രമല്ല അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിലുമുണ്ട്. അടുത്തകാലത്ത് ബഹുമാന്യനായ പ്രതിപക്ഷ നേതാവ് തൃശ്ശൂർ മെഡിക്കൽ കോളേജ് സന്ദർശിച്ച് മടങ്ങിയപ്പോൾ ഏതാണ്ട് അര മണിക്കൂറോളം ലിഫ്റ്റിൽ കുടുങ്ങിപ്പോയി. മെഡിക്കൽ കോളേജുകളുടെ ആധുനികവൽക്കരണം എന്നുപറയുന്നത് ഏറ്റവും അത്യന്താപേക്ഷിതമാണ്.

മി. സ്പീക്കർ: ഇവിടെ എയിംസാണ് ചോദ്യം.

ശ്രീ. അടൂർ പ്രകാശ്: സർ, എയിംസിൽ കൊടുക്കുന്ന സൗകര്യങ്ങൾ നമ്മൾ ഇവിടെ ഒരുക്കണം. അല്ലെങ്കിൽ ഇതിന്റെ യാതൊരു ആവശ്യവുമില്ല. നമ്മുടെ സംസ്ഥാനത്ത് അഞ്ച് മെഡിക്കൽ കോളേജുകളുണ്ട്. ഈ മെഡിക്കൽ കോളേജുകളിൽ ഇത്തരത്തിൽ പ്രവർത്തിക്കാത്ത ലിഫ്റ്റുകളുണ്ട്. ഇക്കാര്യങ്ങൾ അങ്ങ് നേരിട്ട് പരിശോധിക്കണം. പരിശോധന നടത്താൻ പോകുമ്പോൾ ദയവായി അങ്ങ് ലിഫ്റ്റിൽ കയറരുത്. ലിഫ്റ്റിൽ കയറിയാൽ ചിലപ്പോൾ ഒരു മണിക്കൂർ കഴിഞ്ഞേ അങ്ങേക്ക് ഇറങ്ങാൻ സാധിക്കൂ. ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ബഹുമാന്യയായ മന്ത്രി ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, പ്രതിപക്ഷ നേതാവ് ലിഫ്റ്റിൽ കുടുങ്ങിയ വിവരം അറിഞ്ഞ ഉടനെ അവിടത്തെ സൂപ്രണ്ടിനെയും പ്രിൻസിപ്പലിനെയും ഞാൻ വിളിച്ചിരുന്നു. ലിഫ്റ്റിൽ പരിധിയിൽ കൂടുതൽ ആൾക്കാർ കയറിയതു കൊണ്ടാണ് അത് നിന്നുപോയതെന്നാണ് ആദ്യം പുറത്തുവന്ന വാർത്ത. എന്നാൽ അത്രയധികം ആളുകൾ കയറിയിട്ടില്ലായെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് ഇക്കാര്യത്തെക്കുറിച്ച് അന്വേഷിച്ചപ്പോൾ അറിയാൻ സാധിച്ചത്. ഏതായാലും ഞാൻ അദ്ദേഹം പറഞ്ഞത് മുഖവിലയ്ക്കെടുക്കുകയാണ്. നമ്മുടെ മെഡിക്കൽ കോളേജുകൾ മികവുറ്റ കേന്ദ്രങ്ങളാക്കണമെന്ന് പറയുമ്പോൾ ഇതെല്ലാം തന്നെയാണ് പരിശോധിക്കേണ്ടത്. കോഴിക്കോട് മെഡിക്കൽ കോളേജിലെ അഞ്ച് ലിഫ്റ്റുകൾ വർഷങ്ങളായി കേടായിക്കിടക്കുന്നു എന്നാണ് പരിശോധന നടത്തിയപ്പോൾ എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്. അത് നന്നാക്കാൻ ലിഫ്റ്റ് സ്ഥാപിച്ച കമ്പനിക്കാർ വരുന്നില്ലെന്ന് പറഞ്ഞപ്പോൾ ഞാൻ അവരുമായി സംസാരിച്ച് അഞ്ച് ലിഫ്റ്റും നന്നാക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. തൃശ്ശൂർ മെഡിക്കൽ കോളേജിലെ ലിഫ്റ്റുംകൂടി നന്നാക്കണം. ഞാൻ ഒരുതവണ അവിടെ സന്ദർശനം നടത്തിയതാണ്. ഇക്കാര്യങ്ങൾ പരിശോധിച്ച് അതിനാവശ്യമായ നടപടി സർക്കാർ ഉടനെ സ്വീകരിക്കും.

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, എയിംസ് ഉൾപ്പെടെയുള്ള മെഡിക്കൽ സ്ഥാപനങ്ങൾ വരണമെന്ന് ആഗ്രഹിക്കുന്നത് നമ്മുടെ നാട്ടിൽ രോഗത്തിന്റെ അളവ് വർദ്ധിക്കുന്നതിന്റെ സൂചനയാണ്. മലബാർ മേഖലയിൽ പ്രത്യേകിച്ച് വടകര, തലശ്ശേരി മേഖലകളിൽ ക്യാൻസർ/വൃക്ക രോഗങ്ങൾ എന്നിവ വർദ്ധിച്ചുവരികയാണ്. രോഗത്തിന്റെ അളവ് വ്യാപകമായതിനാൽ അതിനെക്കുറിച്ച് ഒരു പഠനം നടത്താൻ ഗവൺമെന്റ് തയ്യാറാകേണ്ടതുണ്ട്. വൃക്ക മാറ്റിവയ്ക്കൽ ഉൾപ്പെടെയുള്ള ശസ്ത്രക്രിയയ്ക്ക് അൻപതും അറുപതും ലക്ഷം രൂപവരെ ചെലവാകുന്നുണ്ട്. അവിടത്തെ ജനങ്ങൾക്ക് ഇത് താങ്ങാൻ സാധിക്കുന്നില്ല. പലപ്പോഴും ആളുകൾ തുക പിരിച്ചെടുത്താണ് ഇത്തരം ശസ്ത്രക്രിയകൾ നടത്തുന്നത്. ക്യാൻസർ രോഗവും ഇതുപോലെ വ്യാപകമാകുകയാണ്. ഈ മേഖലയിൽ ഇത്തരം അസുഖങ്ങൾ വ്യാപകമായി വരുന്നത് എന്തുകൊണ്ടാണെന്നതിനെ കുറിച്ച് പഠനം നടത്താൻ ഒരു ഏജൻസിയെ ചുമതലപ്പെടുത്തുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ക്യാൻസർ രോഗം വ്യാപകമാകുന്നതു സംബന്ധിച്ച് കുറച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ട്. മലബാർ ക്യാൻസർ സെന്ററിന്റെ നേതൃത്വത്തിൽ കണ്ണൂർ, കാസർഗോഡ്, മാഹി പ്രദേശങ്ങളെക്കുറിച്ചുള്ള ഒരു പഠനം നടത്തി രജിസ്റ്റർ തയ്യാറാക്കി വച്ചിരിക്കുകയാണ്. അത്തരത്തിലുള്ള പഠനങ്ങൾ ഇനിയും നടത്താവുന്നതാണ്. സർക്കാർ ഇ-ഹെൽത്ത് രജിസ്റ്റർ തയ്യാറാക്കുന്നതിന്റെ ഭാഗമായി ക്യാൻസറിനെക്കുറിച്ച് കുറച്ചുകൂടി വിവരണം സംസ്ഥാനതലത്തിൽ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## ഇ-ഹെൽത്ത് പദ്ധതി

2 (*752) ശ്രീ. ജെയിംസ് മാത്യു:
ശ്രീ. പി. വി. അൻവർ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇ-ഹെൽത്ത് പദ്ധതിക്ക് വേണ്ട അടിസ്ഥാനസൗകര്യങ്ങൾ എന്തൊക്കെയാണ്; മറ്റേതെങ്കിലും സംസ്ഥാനത്തിൽ ഇത്തരം പദ്ധതി നിലവിലുണ്ടോ; പദ്ധതിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി, ഇത് സംസ്ഥാന വ്യാപകമാക്കുന്നതിനുമുമ്പ്, മാതൃകാപദ്ധതി നടപ്പിലാക്കി അതിന്റെ അവലോകനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ,

ഇ-ഹെൽത്ത് പദ്ധതിക്കായി ആശുപത്രികളിൽ കമ്പ്യൂട്ടറുകൾ, സർവ്വറുകൾ, പ്രിന്ററുകൾ എന്നീ ഹാർഡ് വെയറുകളും നെറ്റ്‌വർക്കിനാവശ്യമായ വയറിംഗ്, ജനറേറ്റർ, യു.പി.എസ്. കേബിളുകളും ഇലക്ട്രിക്-നെറ്റ്‌വർക്ക് കണക്ഷനും ഉണ്ടായിരിക്കണം. ഫീൽഡ് തലങ്ങളിൽ പ്രവർത്തനവും വിവരശേഖരണവും നടത്തുന്ന ജീവനക്കാർക്കായി ഏകദേശം പതിനായിരത്തോളം Tablet Pc-യും ആവശ്യമുണ്ട്.

കേരളത്തിലെ പദ്ധതി പോലെ സമഗ്രമായ പദ്ധതി മറ്റൊരു സംസ്ഥാനത്തും ഇപ്പോൾ നിലവിലില്ല. തിരുവനന്തപുരം ജില്ലയിലെ വേളി, ചെറുന്നിയൂർ, ഉഴമലയ്ക്കൽ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, മണമ്പൂർ, വെള്ളനാട് എന്നീ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, ചിറയിൻകീഴ്, ഫോർട്ട് എന്നീ താലൂക്കാശുപത്രികൾ, പേരൂർക്കട ജില്ലാ ആശുപത്രി, തൈക്കാട് ഗവൺമെന്റ് വിമെൻ ആന്റ് ചിൽഡ്രൻസ് സ്പെഷ്യാലിറ്റി ആശുപത്രി, ജനറൽ ആശുപത്രി, ടി.ബി. സെന്റർ, പബ്ലിക് ഹെൽത്ത് ലാബ്, മെഡിക്കൽ കോളേജ് എന്നീ ക്രമത്തിൽ 13 സ്ഥാപനങ്ങളിൽ മാതൃകാ പദ്ധതി നടപ്പിലാക്കിയതിന്റെ അവലോകനം നടത്തിയതിനുശേഷമായിരിക്കും സംസ്ഥാന വ്യാപകമായി പദ്ധതി നടപ്പിലാക്കുക.

ശ്രീ. ജെയിംസ് മാത്യു: സർ, വളരെ മാതൃകാപരവും കാലാനുസൃതവുമായ ഒരു ശ്രമമാണ് ഇ-ഹെൽത്ത് പദ്ധതിയിലൂടെ ആരോഗ്യ വകുപ്പ് മുന്നോട്ടുവയ്ക്കുന്നത്. ഇതുമൂലം വളരെ പ്രയാസമനുഭവിക്കുന്ന പൊതു ആരോഗ്യ സംരക്ഷണ കേന്ദ്രത്തിലെത്തുന്ന രോഗികൾക്ക് പൊതുവിൽ ലഭിക്കാനിടയുള്ള സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, രോഗിയുടെ ആരോഗ്യം സംബന്ധിച്ച എല്ലാ കാര്യങ്ങളും ഇലക്ട്രോണിക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്ന എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. വളരെ വിശദമായിട്ടുള്ള കാര്യങ്ങൾ ആധാർ കാർഡിനെ അടിസ്ഥാനമാക്കി ഇതിൽ ചേർക്കുന്നതാണ്. അതിനപ്പുറം ഒരു പ്രത്യേക തരത്തിലുള്ള വിവരശേഖരണത്തിനാവശ്യമായ കാര്യങ്ങളും തയ്യാറാക്കിയിട്ടുണ്ട്. അതിൽ രോഗിയുടെ ആരോഗ്യ വിവരം മാത്രമല്ല ആ പ്രദേശത്തുണ്ടാകുന്ന പകർച്ചവ്യാധിയുടെ സാധ്യതകൾ, നോൺ കമ്മ്യൂണിക്കബിൾ ഡിസീസ് തുടങ്ങിയ കാര്യങ്ങളും ഉൾപ്പെടും. കൂടാതെ വീടിനെക്കുറിച്ചുള്ള വിശദാംശവുമുണ്ടാകും. അവിടെ ശൗചാലയമുണ്ടോ, കുടിവെള്ള സ്രോതസ്സുണ്ടോ അതിന്റെ സംഭരണ രീതി എങ്ങനെയാണ്, മാലിന്യസംസ്കരണ രീതി എന്തൊക്കെയാണ് എന്നുതുടങ്ങി ആരോഗ്യവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും രേഖപ്പെടുത്തും. രോഗികൾക്കുള്ള സൗകര്യങ്ങൾ എല്ലാം ഈ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിനാൽ നെറ്റ്‌വർക്ക് മുഖാന്തരം ഈ വിവരം എല്ലാ ആശുപത്രികളുമായും പങ്കുവയ്ക്കാൻ സാധിക്കും. അതിനാൽ വളരെ പെട്ടെന്നുതന്നെ അടിയന്തര ആവശ്യവുമായി ഹോസ്പിറ്റലിൽ രോഗി എത്തുമ്പോൾ ഈ രജിസ്റ്ററിന്റെ ഭാഗമായി രോഗിയെക്കുറിച്ചുള്ള വിവരങ്ങൾ ഹോസ്പിറ്റലിൽ അറിയാൻ സാധിക്കും. രോഗിയുടെ ബ്ലഡ് ഗ്രൂപ്പ്, അടുത്തകാലത്ത് നടത്തിയ ചികിത്സകൾ, ഏതെങ്കിലും മരുന്നിന് രോഗി അലർജിക്കാണോ എന്നതടക്കം വളരെ പെട്ടെന്ന് വിവരങ്ങൾ ഒരു വിരൽത്തുമ്പിൽ ലഭ്യമാകുന്ന അവസ്ഥ വരുമ്പോൾ ചികിത്സ വളരെ ഫലപ്രദവും എളുപ്പവുമാകും. ഹോസ്പിറ്റലിൽ എത്തുമ്പോൾ ഏത് വിഭാഗത്തിലേയ്ക്കാണ് പോകേണ്ടതെന്നും വളരെ പെട്ടെന്ന് ഒ.പി. ടിക്കറ്റ് ലഭിക്കുന്ന സാധ്യതയടക്കം ഇലക്ട്രോണിക് സംവിധാനം മുഖേന രോഗിസൗഹൃദമായി ആശുപത്രികൾ മാറും. രോഗികൾക്ക് ഇതുവഴി എല്ലാ സൗകര്യങ്ങളും ലഭ്യമാകുന്നതാണ്.

ശ്രീ. ജെയിംസ് മാത്യു: സർ, ഏറെ പ്രയോജനകരമായ നിരവധി കാര്യങ്ങളാണ് ഇതിന്റെ ഭാഗമായി രോഗികൾക്കും ജനങ്ങൾക്കും ലഭിക്കുക എന്ന് ഇവിടെ വ്യക്തമാക്കി. എനിക്ക് ചോദിക്കാനുള്ളത്, സംസ്ഥാനത്ത് വളരെ പാവപ്പെട്ട ദാരിദ്ര്യമനുഭവിക്കുന്ന നിത്യരോഗികളായ ലക്ഷക്കണക്കിനാളുകളുണ്ട്. ഇവർക്കെല്ലാം മരുന്നുകൾ സൗജന്യമായി ലഭ്യമാക്കുന്നതിനാവശ്യമായ സംവിധാനം സർക്കാർ ഒരുക്കുന്നുണ്ട്. എന്നാൽ ഒരിക്കലും ഇവർക്ക് ഈ മരുന്നുകൾ ലഭിക്കാറില്ല. ഓരോ വർഷത്തേയ്ക്കും ആവശ്യമായ മരുന്നുകൾ മുൻകൂട്ടി പ്രൈമറി ഹെൽത്ത് സെന്ററിലെ ഡോക്ടർമാർ ഇന്റെന്റിലൂടെ ഡി.എം.ഒ. വഴി ഡി.എച്ച്.എസ്.-ൽ അറിയിക്കുന്നതാണ് സമ്പ്രദായം. എന്നാൽ ഈ മരുന്ന് ലഭിച്ചുവരുമ്പോഴേയ്ക്കും രോഗിക്ക് വളരെയേറെ ബുദ്ധിമുട്ടുണ്ടാകുന്ന സാഹചര്യമാകും. ഇ-ഹെൽത്ത് സമ്പ്രദായം നടപ്പിലാക്കുകവഴി

കിടപ്പുരോഗികൾക്കും ആജീവനാന്തം മരുന്ന് കഴിക്കേണ്ടിവരുന്നവർക്കും വേണ്ട മരുന്ന് മുൻകൂട്ടി കണക്കാക്കാൻ യാതൊരു പ്രയാസവുമുണ്ടാകില്ല. അത്തരത്തിൽ ആവശ്യമായ മരുന്ന് സംസ്ഥാനത്തെ എല്ലാ പ്രൈമറി ഹെൽത്ത് സെന്ററുകളിലും ലഭ്യമാക്കി ജീവിതാന്ത്യംവരെ മരുന്ന് കഴിക്കേണ്ടിവരുന്ന പാവപ്പെട്ട രോഗികളുടെ വിശദാംശങ്ങൾ പരിശോധിച്ച് ഇ-ഹെൽത്ത് സംവിധാനത്തിലൂടെ രേഖപ്പെടുത്തി അവർക്കാവശ്യമായ മരുന്ന് പ്രസ്തുത സെന്ററുകൾ വഴി മുൻകൂട്ടി നൽകുന്നതിനാവശ്യമായ സംവിധാനമൊരുക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഇന്റെന്റ് എടുക്കുന്ന സമയത്ത് ആവശ്യകത അനുസരിച്ച് മരുന്ന് എടുത്തില്ലെങ്കിൽ പെട്ടെന്ന് മരുന്ന് കുറയുന്ന അവസ്ഥയുണ്ടാകും. ഇത്തവണ അങ്ങനെയൊരു പ്രയാസമനുഭവപ്പെടാൻ സാഹചര്യമുണ്ട്. കഴിഞ്ഞതവണ എടുത്ത ഇന്റെന്റ് മതിയാവാത്തതിന്റെ ഭാഗമായി ഷോർട്ടേജ് വരുമോ എന്നൊരു ഭയമുണ്ടായിരുന്നു. അത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇ-ഹെൽത്ത് സംവിധാനം ഓരോ ഹോസ്പിറ്റലുമായി ബന്ധപ്പെടുത്തുന്നതിനാൽ അവിടെയുള്ള മരുന്നുകളുടെ ഷോർട്ടേജ് പെട്ടെന്ന് മനസ്സിലാക്കുന്നതിനും സുഗമമായി കെ.എം. എസ്.സി.എൽ.-മായി  ബന്ധപ്പെടുന്നതിനും സാധിക്കും. അതനുസരിച്ച് മരുന്നിന്റെ സപ്ലൈ വർദ്ധിപ്പിക്കുന്നതിന് കഴിയും. മാത്രമല്ല സർക്കാരിന്റെ സഹായപദ്ധതികൾ ഒരു ഏകജാലക സംവിധാനംപോലെ ഒരുമിച്ച് ലഭ്യമാകുന്നതിനാൽ രോഗിക്ക് താൻ ഏത് സഹായപദ്ധതിയിലാണ് ഉൾപ്പെടുക എന്ന് മനസ്സിലാക്കുവാനും ഈ പദ്ധതി കൊണ്ട് സാധ്യമാകും. അതുവഴി അത്തരം സഹായങ്ങൾ ലഭ്യമാക്കുവാനും മരുന്നിന്റെ ഷോർട്ടേജ് മനസ്സിലാക്കുവാനും സാധിക്കും. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ രോഗികൾക്കാവശ്യമായ മരുന്ന് കൃത്യസമയത്ത് ലഭ്യമാക്കുന്നതിന് ഇ-ഹെൽത്ത് പദ്ധതി സഹായകരമാകും.

ശ്രീ. പി. വി. അൻവർ: സർ, പൊതുജനാരോഗ്യ രംഗത്ത് കഴിഞ്ഞ അഞ്ച് മാസമായി ഈ സർക്കാർ നടത്തിയ ഇടപെടലുകൾ അഭിനന്ദനാർഹമാണ്. പല ഹെൽത്ത് സെന്ററുകളും ആവശ്യത്തിന് മരുന്നും ഡോക്ടർമാരുമില്ലാതെ പൂട്ടിപ്പോകുമോ എന്ന് ആളുകൾ സംശയിച്ചിരിക്കുമ്പോഴാണ് ഈ സർക്കാർ കടന്നുവന്നത്. ഒട്ടനവധി നടപടികൾ ഈ മേഖലയിൽ നടന്നുകൊണ്ടിരിക്കുന്നു, അത് ജനങ്ങൾക്ക് ആശ്വാസം നൽകുന്നു. ജില്ലാ ആശുപത്രിയിലും മെഡിക്കൽ കോളേജിലും താലൂക്കാശുപത്രിയിലുമൊക്കെ രോഗികൾ ഏറ്റവും കൂടുതൽ കഷ്ടപ്പെടുന്നത് ഒ.പി. വിഭാഗത്തിലാണ്. ഇവിടെ മണിക്കൂറുകളോളം കാത്തിരിക്കേണ്ടിവരുന്നു. എക്സ്റേ, സ്കാനിംഗ് എന്നിവ എടുക്കുന്നതിനും ലാബിലുമൊക്കെ കാത്തിരിക്കേണ്ട സാഹചര്യമാണുള്ളത്. ഇ-ഹെൽത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു പൈലറ്റ് പ്രോജക്ട് എന്ന നിലയ്ക്ക് ക്യൂ നിൽക്കാതെ രോഗികൾക്ക് സമയബന്ധിതമായി ഡോക്ടറെ കാണുന്നതിനുള്ള സംവിധാനം ഏർപ്പെടുത്താൻ സാധിക്കുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ച 'ആർദ്രം മിഷൻ'-ന്റെ പ്രധാന ലക്ഷ്യംതന്നെ രോഗീസൗഹൃദമാക്കി ആശുപത്രികളെ മാറ്റുക എന്നതാണ്. അതിന്റെ ഭാഗമായി ഒ.പി. ബ്ളോക്കുകളുടെ ട്രാൻസ്ഫർമേഷനാണ് പ്രധാനമായി ഉദ്ദേശിക്കുന്നത്. ഇലക്ട്രോണിക് സംവിധാനത്തിലൂടെ ഒ.പി. ബ്ലോക്കുകൾ ക്രമീകരിക്കുന്നതിന്റെ ഭാഗമായി വളരെ പെട്ടെന്ന് ടോക്കണെടുക്കാനും ആവശ്യമായ ഡിപ്പാർട്ടുമെന്റിലേക്ക് രജിസ്റ്റർ ചെയ്യാനും ക്യൂ സിസ്റ്റം ഒഴിവാക്കി കൊണ്ട് രോഗികൾക്കാവശ്യമായ കേന്ദ്രങ്ങളിലേക്ക് എളുപ്പത്തിൽ എത്തിച്ചേരാനും സാധിക്കും. ഇതുമായി ഇ-ഹെൽത്ത് പദ്ധതിയും സംയോജിക്കുന്നതാണ്. അത് രണ്ടുംകൂടിചേരുമ്പോൾ ഈ പറഞ്ഞ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ സാധിക്കും.

<u>ശ്രീ. മുരളി പെരുനെല്ലി</u>: സർ, ആരോഗ്യ നിലവാരത്തിന്റെ അളവുകോലായ ആരോഗ്യ സൂചികകളിൽ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളേക്കാൾ ഏറെ മുന്നിൽ നിൽക്കുന്ന കേരളത്തിൽ ഏത് ആശുപത്രിയിൽ ചെന്നാലും അതുവരെയുള്ള ചികിത്സാ വിവരങ്ങൾ അറിയാനും ആവർത്തിച്ചുള്ള അനാവശ്യ പരിശോധനകൾ ഒഴിവാക്കി ചെലവ് കുറയ്ക്കാനും കഴിയുന്ന ഇ-ഹെൽത്ത് പദ്ധതി വളരെ മാതൃകാപരമാണ്. സംസ്ഥാന വ്യാപകമായി ഈ പദ്ധതി നടപ്പാക്കുമ്പോൾ ഇത് വിജയകരമാകണമെങ്കിൽ പ്രാഥമികാരോഗ്യ മേഖലയെ ശക്തിപ്പെടുത്തേണ്ടതുണ്ട്. അതിലേയ്ക്കായി അവിടെ ആവശ്യാനുസരണം ഡോക്ടർമാരുടേയും നഴ്സുമാരുടേയും സേവനം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, തീർച്ചയായും നടപടി സ്വീകരിക്കും. ഇപ്പോൾ ഏഴ് ജില്ലകളെയാണ് ഈ പദ്ധതി നടപ്പിലാക്കാൻ തെരഞ്ഞെടുത്തിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റിൽനിന്ന് അനുവദിച്ചുകിട്ടിയ ഫണ്ട് അടിസ്ഥാനമാക്കി ഏഴ് ജില്ലകളിലാണ് ഇത് നടപ്പിലാക്കാൻ സാധിക്കുന്നത്. ഞാൻ നേരത്തെ പറഞ്ഞ സ്ഥലങ്ങളിൽ പൈലറ്റ് പ്രോജക്ടായി അത് നടപ്പിലാക്കി അതിന്റെ വിജയം പരിശോധിച്ചശേഷം ഈ ഏഴ് ജില്ലകളിലും പദ്ധതി നടപ്പിലാക്കാനാണ് സർക്കാർ ആഗ്രഹിക്കുന്നത്. അതിനെ തുടർന്ന് സംസ്ഥാന വ്യാപകമായി ഇത് വ്യാപിപ്പിക്കാൻ കഴിയുമോ എന്ന് പരിശോധിക്കാവുന്നതാണ്. കേരളത്തിൽ വളരെ വിപുലമായ ആശുപത്രി ശൃംഖലകളും ചികിത്സാ സംവിധാനങ്ങളുമൊക്കെയുണ്ടെങ്കിലും 1961-ലെ സ്റ്റാഫ് പാറ്റേണാണുള്ളത്. അതുവച്ചാണ് നമ്മൾ ഈ പ്രവർത്തനങ്ങളെല്ലാം നടത്തുന്നത്. ഇക്കാര്യം എത്രയോ തവണ ഇവിടെ മറുപടി പറയുമ്പോൾ ഞാൻ പറഞ്ഞതാണ്. ആയിരക്കണക്കിന് പുതിയ പോസ്റ്റുകൾ ക്രിയേറ്റ് ചെയ്താൽ മാത്രമേ ഈ പദ്ധതികളെല്ലാം വിജയകരമായി നടപ്പിലാക്കാൻ സാധിക്കൂ. കൂടുതൽ ഡോക്ടർമാരും പാരാമെഡിക്കൽ സ്റ്റാഫും ഒക്കെ ആവശ്യമാണ്. അതിനായി തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രയത്നത്തിലാണ് ഗവൺമെന്റ്.

ശ്രീ. എം. നൗഷാദ്: സർ, സംസ്ഥാനത്ത് ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതോടുകൂടി രോഗികളുടെ കൃത്യമായ ബയോഡാറ്റ ലഭിക്കും. ഫലപ്രദമായ ചികിത്സ നടത്താൻ വേണ്ടിയാണ് ഇത് തയ്യാറാക്കുന്നത്. അത്തരത്തിൽ ചികിത്സ നൽകണമെന്നുണ്ടെങ്കിൽ സ്പെഷ്യലൈസ്ഡ് ഡോക്ടർമാർ അത്യാവശ്യമാണ്. കാലാകാലം അധികാരത്തിൽ വരുന്ന സർക്കാരുകൾ എം.ബി.ബി.എസ്.-ന് ക്രമാതീതമായി സീറ്റ് വർദ്ധിപ്പിക്കാറുണ്ട്. അതുകൊണ്ടുമാത്രം ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുമ്പോൾ ചികിത്സ നൽകാൻ കഴിയില്ല. ഇതിന് ആനുപാതികമായി പി.ജി. സീറ്റുകളുടെ എണ്ണവും വർദ്ധിപ്പിക്കേണ്ടതുണ്ട്. അത്തരത്തിൽ സ്പെഷ്യലൈസ്ഡ് ഡോക്ടർമാരെ തയ്യാറാക്കുന്നതിന് പി.ജി. സീറ്റ് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, പി.ജി. കഴിഞ്ഞ ഡോക്ടർമാർ മുഴുവൻ സർക്കാർ സർവ്വീസിലേയ്ക്ക് വരുന്നില്ല എന്നതാണ് ഏറ്റവും ബുദ്ധിമുട്ടുള്ള കാര്യം. അവരെ സർക്കാർ സർവ്വീസിലേയ്ക്ക് കൊണ്ടുവരുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ട്. പി.ജി. സീറ്റുകളുടെ വർദ്ധനവ് സംബന്ധിച്ച് പരിശോധിക്കാവുന്നതാണ്.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, രോഗത്തിനുള്ള ചികിത്സയേക്കാൾ പ്രാധാന്യം രോഗം നിർണ്ണയിക്കുക എന്നതാണ്. ആരോഗ്യ നികേതനിലെ ജീവൻ മശായി എന്ന വൈദ്യനെക്കുറിച്ച് നമ്മൾ വായിച്ചിട്ടുണ്ട്. കേരളത്തിനകത്തും പുറത്തും നിരവധി അതിവിദഗ്ദ്ധരായ ഡോക്ടർമാരുണ്ട്. അതിൽ റിട്ടയർ ചെയ്തവരും സർവ്വീസിലുള്ളവരുമുണ്ട്. ആധുനിക സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി കേരളത്തിന്റെ ഏത് കോണിലിരുന്നും പ്രൈമറി ഹെൽത്ത് സെന്റർ മുതൽ മെഡിക്കൽ കോളേജ് വരെ ഇത്തരം ഡോക്ടർമാരുടെ സേവനം രോഗനിർണ്ണയത്തിന് ഉപയോഗപ്പെടുത്താൻ കഴിയുന്നവിധത്തിലുള്ള ഒരു സംവിധാനം ഇ-ഹെൽത്ത് പദ്ധതിയുടെ ഭാഗമായി കൊണ്ടുവരാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, രോഗനിർണ്ണയവും രോഗ പ്രതിരോധവും വളരെ പ്രധാനപ്പെട്ടതാണ്. ഈ സർക്കാരിന്റെ ആരോഗ്യ നയത്തിന്റെ ഭാഗമായി ഏറ്റവും പ്രധാനമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് രോഗപ്രതിരോധത്തിലൂന്നി കൊണ്ടുള്ള ഒരു ചികിത്സാ സമ്പ്രദായം സ്വീകരിക്കുക എന്നതാണ്. അതിലേറ്റവും പ്രധാനമായത് പ്രൈമറി ചികിത്സാരംഗം ശക്തമാക്കുക എന്നതാണ്. സമ്പൂർണ്ണ പ്രാഥമികാരോഗ്യ ദൗത്യമെന്ന പേരിൽ ഒരു പ്രത്യേക രീതിതന്നെ പ്രാഥമികാരോഗ്യരംഗം മെച്ചപ്പെടുത്താൻവേണ്ടി ഉപയോഗിക്കുകയാണ്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിണമിപ്പിച്ച് അവിടെ രോഗനിർണ്ണയം എളുപ്പത്തിൽ

സാധ്യമാകുന്ന തരത്തിൽ ഇടപെടുന്നതിനാണ് സർക്കാർ ആലോചിക്കുന്നത്. ആ സാഹചര്യത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രം എങ്ങനെയായിരിക്കണമെന്നതിനെ കുറിച്ചും സർക്കാർ ആലോചിക്കുന്നുണ്ട്. അവിടെയുള്ള ഡോക്ടർമാരുടെ കഴിവുകൾ മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്. രോഗനിർണ്ണയത്തിന് കഴിയുന്ന രീതിയിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർമാരുടെ കഴിവ് മെച്ചപ്പെടുത്തുന്നതിനാവശ്യമായ ട്രെയിനിംഗ് നൽകാൻ ആലോചിക്കുന്നുണ്ട്. എല്ലാ മേഖലകളിലും രോഗനിർണ്ണയത്തിനും രോഗപ്രതിരോധത്തിനും ഊന്നൽ നൽകാൻ ഈ സർക്കാർ തയ്യാറാകും.

ശ്രീ. പി. ടി. തോമസ് : സർ, 2013-ൽ ഇ-ഹെൽത്ത് പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിച്ച 100 കോടിയോളം ഉറുപ്പിക കേരളത്തിലെ മുഴുവൻ പ്രൈമറി ഹെൽത്ത് സെന്ററുകൾക്കും വേണ്ടിയുള്ളതാണ്. അതിന്റെ പ്രവർത്തനം ഏതുവരെയായി? മന്ത്രിയുടെ മറുപടിയിൽനിന്നും 9 കേന്ദ്രങ്ങളെയാണ് പൈലറ്റ് പ്രോജക്ടായി എടുത്തതെന്ന് പറയുന്നു. ഇവിടെ ആരോഗ്യരംഗത്ത് കോടാനുകോടി രൂപ ചെലവഴിക്കുന്ന കാര്യങ്ങളെപ്പറ്റിപ്പറയുന്നു. വിദ്യാഭ്യാസ-ആരോഗ്യ മേഖലകളിൽ കേരളം നേടിയ നേട്ടങ്ങളിൽ നാം അഭിമാനം കൊള്ളുന്നുണ്ട്. ആരോഗ്യ പദ്ധതി സമഗ്രമായി മെച്ചപ്പെടുത്താൻ ഒരു പ്രോജക്ട് തയ്യാറാക്കി കേന്ദ്ര ഗവണ്മെന്റിൽ സമർപ്പിക്കുമോ? കേരളത്തിലെ പ്രൈമറി ഹെൽത്ത് സെന്ററുകളിൽ രണ്ട് നഴ്സുമാരെയും ഒരു ഡോക്ടറെയും നിയമിച്ചാൽ ഓരോ പ്രൈമറി ഹെൽത്ത് സെന്ററിലും ചുരുങ്ങിയത് പത്തോ പതിനഞ്ചോ ആളുകളെ കിടത്തിച്ചികിത്സിക്കാൻ സാധിക്കും. താലൂക്കാശുപത്രികളിൽ അതിനായി കൂടുതൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും കഴിയും. ഇതിനുള്ള ഒരു സമഗ്ര പദ്ധതി കേന്ദ്രത്തിന് സമർപ്പിക്കാൻ തയ്യാറുണ്ടോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് നന്നായി. 2013-ൽ വളരെ പ്രധാനപ്പെട്ട ഒരു പദ്ധതി കേന്ദ്ര ഗവൺമെന്റിൽനിന്ന് അനുവദിച്ച് കിട്ടിയിട്ട് പിന്നീടുള്ള രണ്ടുവർഷക്കാലം കുറ്റകരമായ അനാസ്ഥയാണ് കഴിഞ്ഞ ഗവൺമെന്റ് കാണിച്ചത്. തുടക്കത്തിൽത്തന്നെ അതൊന്നും പറയേണ്ടെന്ന് കരുതിയാണ് മിണ്ടാതിരുന്നത്. ഈ ഗവൺമെന്റ് വന്നപ്പോൾ ആ പദ്ധതിയുടെ കാലാവധി കഴിയാറായിരുന്നു. എന്നാൽ ശ്രദ്ധിച്ച് ഇടപെട്ടുകൊണ്ടാണ് ഇപ്പോൾ ആ പദ്ധതി നടപ്പിലാക്കാൻ കഴിയുന്നതെന്ന് ബഹുമാനപ്പെട്ട മെമ്പർ അറിയണം. സംസ്ഥാന വ്യാപകമായി 96 കോടി രൂപയാണ് ഈ പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റ് അനുവദിച്ചത്. ഈ പണം മതിയാകുകയില്ല. അതുകൊണ്ട് ഏഴ് ജില്ലകളിൽ നടപ്പാക്കിയതിനുശേഷം സംസ്ഥാന വ്യാപകമായി പ്രാവർത്തികമാക്കുന്നതിനെ കുറിച്ച് ആലോചിക്കാമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. സി. ദിവാകരൻ: സർ, സംസ്ഥാനത്ത് പൊതുജനങ്ങൾക്ക് ഏറ്റവും നല്ല ചികിത്സ ഗവൺമെന്റ് ആശുപത്രികളിൽ സജ്ജമാക്കുന്നതിനുവേണ്ടിയുള്ള ബഹുമാന്യയായ മന്ത്രിയുടെ ശ്രമത്തെ അഭിനന്ദിക്കുകയാണ്. 2013-ൽ കേന്ദ്ര ഗവൺമെന്റിന്റെ സഹായമുണ്ടായിട്ടും കേരളത്തിലെ പ്രൈമറി ഹെൽത്ത് സെന്ററുകളിലെ സ്ഥിതി അത്യന്തം ദയനീയമായിരുന്നു. കഴിഞ്ഞ നിയമസഭയിൽ അപ്പുറത്തിരിക്കുന്ന ആരോഗ്യ വകുപ്പുമന്ത്രിയോട് ഇക്കാര്യങ്ങൾ പലതവണ പറഞ്ഞതാണ്. പ്രൈമറി ഹെൽത്ത് സെന്ററിലെ ഒരു ഡോക്ടർ ട്രെയിനിംഗിന് പോയാൽ പകരം ആളില്ല. ഞാൻ കഴിഞ്ഞ ദിവസം ഒരു ഹെൽത്ത് സെന്ററിൽ പോയപ്പോൾ അവിടെയുള്ള ഒരു ഡോക്ടർ ഒരാഴ്ചത്തെ ട്രെയിനിംഗിന് പോയതിനാൽ ആ സെന്റർ പൂട്ടിയിട്ടിരിക്കുകയായിരുന്നു. പാവപ്പെട്ടവർ സർക്കാരിന്റെ സഹായത്തിന് ആദ്യം ആശ്രയിക്കുന്നത് പ്രൈമറി ഹെൽത്ത് സെന്ററുകളെയാണ്. അതുകഴിഞ്ഞാൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെയാണ് ആശ്രയിക്കുക. ഇത് രണ്ടിലും സമഗ്രമായ മാറ്റം വരുത്തിയില്ലെങ്കിൽ പൊതുജന സേവനമെന്ന് പറഞ്ഞിട്ട് കാര്യമില്ല. ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ പോകുന്നത്?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ കേരളത്തിലെ പ്രൈമറി ഹെൽത്ത് സെന്ററുകളിലെ നില വളരെ ശോചനീയമായിരുന്നു. ആവശ്യമായ ഡോക്ടർമാരില്ലാത്ത അവസ്ഥയുണ്ടായിരുന്നു. അസിസ്റ്റന്റ് സർജന്മാരുടെ പി.എസ്.സി. ലിസ്റ്റ് നിലവിലുള്ളപ്പോഴാണ് ഇങ്ങനെ ഒരു സ്ഥിതി കേരളത്തിലെ പ്രൈമറി ഹെൽത്ത് സെന്ററുകൾക്കുണ്ടായിരുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ അസിസ്റ്റന്റ് സർജന്മാരുടെ ലിസ്റ്റിന്റെ കാലാവധി ജൂൺ 30-ന് തീരുകയായിരുന്നു. അതിൽനിന്ന് കഴിഞ്ഞ രണ്ടര വർഷമായി ഒരു നിയമനവും പി.എസ്.സി. നടത്തിയില്ല. ഈ ഗവൺമെന്റ് അടിയന്തരമായി ക്യാബിനറ്റ് യോഗത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കം തീരുമാനിച്ച് ആ ലിസ്റ്റിന്റെ കാലാവധി ഡിസംബർ മാസംവരെ നീട്ടി. അടിയന്തരമായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനാവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 750 ഒഴിവുകൾ റിപ്പോർട്ട് ചെയ്യുകയും ആ ലിസ്റ്റിൽ നിന്നും 380 ഓളം പേരെ അസിസ്റ്റന്റ് സർജൻമാരായി ഇപ്പോൾ നിയമിച്ചിരിക്കുകയുമാണ്. അതിൽക്കൂടുതൽ ഡോക്ടർമാരെ നിയമിക്കാൻ ആഗ്രഹമുണ്ട്. സർക്കാർ സർവ്വീസിൽ ഡോക്ടർമാർ ജോയിൻ ചെയ്യാൻ തയ്യാറാകുന്നില്ല. ഈ സ്ഥിതി മെച്ചപ്പെടുത്താൻ നന്നായി ഇടപെട്ടിട്ടുണ്ട്. പൂട്ടിക്കിടന്ന ചില പ്രൈമറി ഹെൽത്ത് സെന്ററുകൾ ഡോക്ടർമാരുടെ സഹായത്തോടെ ഇപ്പോൾ തുറന്ന് പ്രവർത്തിപ്പിക്കുന്നുണ്ട്. ശേഷിക്കുന്നവയെയും മെച്ചപ്പെടുത്താൻ വരുംനാളുകളിൽ ഈ ഗവൺമെന്റ് വേണ്ട നടപടി സ്വീകരിക്കും.

മി. സ്പീക്കർ : ബന്ധപ്പെട്ട ചോദ്യങ്ങളും ഉപചോദ്യങ്ങളും ഉപചോദ്യങ്ങൾക്കുള്ള മറുപടിയും ബ്രീഫായാൽ സൗകര്യപ്രദമാകും.

ശ്രീ. വി. എസ്. ശിവകുമാർ : സർ.......

മി. സ്പീക്കർ : അങ്ങേക്ക് എന്തെങ്കിലും പറയാനുണ്ടെങ്കിൽ എഴുതിത്തന്നാൽ മതി.

**കോടതികളുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ**

3 (T*753) ശ്രീ. സി. കെ. നാണു. :

ശ്രീ. കോവൂർ കുഞ്ഞുമോൻ :

ശ്രീ. കെ. കൃഷ്ണൻകുട്ടി :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ വകുപ്പിലെയും ജോലിഭാരം പഠിക്കാൻ നിയോഗിച്ച കമ്മീഷന്റെ ശിപാർശ പ്രകാരം, മജിസ്ട്രേറ്റ് കോടതികളിൽ 784 തസ്തികകൾ സൃഷ്ടിക്കാനുള്ള ഹൈക്കോടതി ഉത്തരവ് നടപ്പാക്കുന്നതിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) കീഴ് കോടതികളിലെ സിവിൽ, ക്രിമിനൽ ഡിപ്പാർട്ട്മെന്റുകൾ ഇന്റഗ്രേറ്റ് ചെയ്യണമെന്ന 2003 - ലെ ഒന്നാം ജുഡീഷ്യൽ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുന്നതിന് എന്തൊക്കെ തടസ്സങ്ങളാണുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്ട് പ്രകാരമുള്ള ചെക്ക് കേസുകൾ 6 മാസത്തിനകം തീർപ്പാക്കണമെന്ന വ്യവസ്ഥ പാലിക്കപ്പെടാത്തതിനാൽ കേസുകൾ കുന്നുകൂടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ,

(എ) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ O&M വർക്ക് സ്റ്റഡി ശിപാർശ പ്രകാരം മജിസ്ട്രേറ്റ് കോടതികളിൽ സൃഷ്ടിക്കേണ്ടതായ 784 തസ്തികകളിൽ 224 ക്ലറിക്കൽ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ബാക്കി തസ്തികകൾ ഉടനെ സൃഷ്ടിക്കുവാൻ നിർവ്വാഹമില്ല.

(ബി) കീഴ് കോടതികളിലെ സിവിൽ, ക്രിമിനൽ ഡിപ്പാർട്ട്മെന്റുകൾ ഇന്റഗ്രേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) കഴിഞ്ഞ 3 വർഷത്തെ സ്റ്റാറ്റിസ്റ്റിക്സ് പരിശോധിച്ചതിൽ, തീർപ്പാക്കേണ്ട ചെക്ക് കേസുകളുടെ എണ്ണം കുറഞ്ഞുവരുന്നതായി കാണുന്നു. ഇത്തരം കേസുകൾ കൈകാര്യം ചെയ്യുന്നതിനായി 3 സ്പെഷ്യൽ ജെ.എഫ്.എം.സി. കോടതികൾ അധികമായി രൂപീകരിച്ച് പ്രവർത്തനം നടന്നുവരുന്നു. കൂടാതെ നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്ട് പ്രകാരമുള്ള കേസുകൾ തീർപ്പാക്കുന്നതിന് 50 മുൻസിഫ് കോടതികൾക്ക് മജിസ്റ്റീരിയൽ അധികാരം നൽകിയിട്ടുമുണ്ട്.

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ശ്രീ. സി. കെ. നാണു : സർ, 2003 - ൽ കോടതികളുടെ പരിഷ്കരണത്തെ സംബന്ധിച്ചുള്ള കമ്മിറ്റിയുടെ തീരുമാനപ്രകാരം താഴെത്തട്ടിലുള്ള ക്രിമിനൽ/സിവിൽ കോടതികളെ ഏകീകരിക്കാനുള്ള തീരുമാനം ഇൻഡ്യയിൽ നടപ്പാക്കാത്ത മൂന്ന് സംസ്ഥാനങ്ങളിൽ ഒന്ന് കേരളമാണെന്നുപറയുന്നത് ശരിയാണോ? കോടതികളിലെ കേസ്സുകൾ വളരെവേഗം തീർപ്പാക്കാനുള്ള സംവിധാനമുണ്ടാക്കേണ്ടത് ജനങ്ങളെ സംബന്ധിച്ചിടത്തോളം അത്യാവശ്യമാണ്. സുപ്രീം കോടതിയിലടക്കം കേസ്സുകൾ കെട്ടിക്കിടക്കുന്നതിന്റെ ഫലമായി ജഡ്ജിമാരെ നിശ്ചയിക്കാൻ സാധിക്കാത്തതു കൊണ്ട് റിട്ടയർചെയ്ത ജഡ്ജിമാരെ നിയമിക്കാൻ സാധിക്കുമോ എന്ന് സുപ്രീം കോടതിപോലും ആലോചിക്കുന്ന ഈ ഘട്ടത്തിൽ കോടതികളിലെ കേസ് തീർപ്പാക്കാൻ സഹായകരമായ നിലപാടെടുക്കണം, അതിനാവശ്യമായ ജീവനക്കാരെ നിയമിക്കണം. 784 പേരെ നിയമിക്കാനുള്ളതിൽ 224 പേരെ മാത്രമേ ഇതുവരെ നിയമിക്കാൻ സാധിച്ചിട്ടുള്ളൂ. അതിന്റെ ബുദ്ധിമുട്ട് സമൂഹത്തെ ബാധിക്കുന്ന അവസ്ഥയാണുള്ളത്.

ശ്രീ. പിണറായി വിജയൻ : സർ, സിവിൽ, ക്രിമിനൽ ഡിപ്പാർട്ടുമെന്റുകൾ ഇന്റഗ്രേറ്റ് ചെയ്യുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു എന്നുതന്നെയാണ് മറുപടി പറഞ്ഞത്. അതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യും. കോടതികളിൽ കെട്ടിക്കിടക്കുന്ന കേസ്സുകളുടെ കാര്യം അദ്ദേഹം ചൂണ്ടിക്കാണിക്കുകയുണ്ടായി. അത് വസ്തുതയാണ്. നമ്മുടെ സംസ്ഥാനത്ത് ഹൈക്കോടതിയിൽ ആകെ 1,65,387 കേസ്സുകളാണ് കെട്ടിക്കിടക്കുന്നത്. സിവിൽ ഇനത്തിൽ 1,28,358 കേസ്സുകളും ക്രിമിനൽ വിഭാഗത്തിൽ 37,029 കേസ്സുകളുമാണുള്ളത്. സബോർഡിനേറ്റ് കോടതികളിൽ ആകെ 15,07,330 കേസ്സുകളാണ് കെട്ടിക്കിടക്കുന്നത്. അതിൽ സിവിൽ ഇനത്തിൽ 4,16,349 കേസ്സുകളും ക്രിമിനൽ രംഗത്ത് 10,90,981 കേസ്സുകളുമാണ്. കേസ്സുകൾ വേഗം തീർപ്പാക്കുന്നതിന് ഹൈക്കോടതിതന്നെ ചില നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. തസ്തികകൾ സൃഷ്ടിക്കുന്നതിനെക്കുറിച്ച് പറഞ്ഞു, അക്കാര്യവും ഗൗരവമായി പരിശോധിക്കേണ്ടതാണ്. തസ്തികകൾ കൂടുതലായി അനുവദിക്കേണ്ടതില്ല എന്ന നിലപാടല്ല, സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് തല്ക്കാലം ഇങ്ങനെ ഒരു നിലപാടെടുത്തതാണ്. തുടർന്ന് തസ്തികകൾ അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകതന്നെ ചെയ്യും.

ശ്രീ. സി. കെ. നാണു: സർ, ഇ-കോർട്ട് സ്ഥാപിച്ചതിന്റെ ഫലമായി ചെക്ക് കേസ്സുകളിൽ വളരെ വേഗം തീർപ്പുകൽപ്പിക്കാൻ സാധിക്കും. അതിന് ആവശ്യമായ മറ്റ് സംവിധാനങ്ങളുണ്ടാക്കണം. പാവപ്പെട്ടവരെ ബാധിക്കുന്ന ഈ പ്രശ്നത്തിന് ഫലപ്രദമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ചെക്ക് കേസ്സുകളുടെ കാര്യത്തിൽ ഇപ്പോൾത്തന്നെ ആവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ട്. മൂന്ന് സ്പെഷ്യൽ ജെ.എഫ്.എം.സി. കോടതികൾ അധികമായി രൂപീകരിച്ച് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. കഴിഞ്ഞ മൂന്നുവർഷത്തെ കണക്ക് പരിശോധിക്കുമ്പോൾ ചെക്ക് കേസ്സുകളുടെ എണ്ണത്തിൽ വർദ്ധനവല്ല, കുറവാണ് ഉണ്ടായിട്ടുള്ളതെന്ന് കാണാൻ സാധിക്കും.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, കേരളത്തിൽ ഏകദേശം 306 സിവിൽ കോടതികളും 171 മജിസ്ട്രേറ്റ് കോടതികളും പ്രവർത്തിക്കുന്നുണ്ട്. 7630 സിവിൽ കോടതി ജീവനക്കാരും 2794 ക്രിമിനൽ കോടതി ജീവനക്കാരുമാണ് നിലവിലുള്ളത്. ഈ കോടതികളിൽ ഇരിക്കാനോ നിൽക്കാനോ സ്ഥലമില്ലാത്ത സാഹചര്യമാണുള്ളത്. ടോയ്‌ലെറ്റ് സംവിധാനങ്ങൾ പോലുമില്ലാത്ത പല കോടതികളുമുണ്ട്. മജിസ്ട്രേറ്റുമാരെ നിയമിക്കാത്ത കോടതിയുമുണ്ട്. ശാസ്താംകോട്ടയിൽ നാല് ദിവസം ഒരു കോടതിയിലും രണ്ട് ദിവസം മജിസ്ട്രേറ്റ് കോടതിയിലുമാണ് ഇപ്പോൾ പ്രവർത്തനം നടക്കുന്നത്. ഈ സാഹചര്യത്തിൽ മജിസ്ട്രേറ്റുമാരെ അടിയന്തരമായി നിയമിക്കേണ്ടതുണ്ട്. ശാസ്താംകോട്ട കോടതിയിലുൾപ്പെടെ മജിസ്ട്രേറ്റുമാരെ നിയമിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, കോടതികളുടെ പശ്ചാത്തലസൗകര്യം വർദ്ധിപ്പിക്കേണ്ടതുണ്ട്. പരിമിതമായ സൗകര്യങ്ങൾ മാത്രമേ ഇപ്പോൾ പല കോടതികളിലുമുള്ളൂ. അത് നല്ല രീതിയിൽ മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്. സർക്കാർ ഇതിൽ ഒരു കാര്യംകൂടി ചെയ്യാൻ ഉദ്ദേശിക്കുകയാണ്. സാധാരണഗതിയിൽ സർക്കാർ അവതരിപ്പിക്കുന്ന ബഡ്ജറ്റിൽ കോടതികളുടെ സൗകര്യത്തെക്കുറിച്ച് പറയാറുണ്ട്. ബഡ്ജറ്റ് അവതരിപ്പിക്കുന്നതിനുമുമ്പ് ഫിനാൻസ് സെക്രട്ടറി ഹൈക്കോടതി രജിസ്ട്രാറുമായി കാര്യങ്ങൾ ചർച്ച ചെയ്യണമെന്ന് ഉദ്ദേശിക്കുന്നുണ്ട്. അടുത്ത ബഡ്ജറ്റ് മുതൽ അത്തരമൊരു രീതികൂടി സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സാമ്പത്തിക ബുദ്ധിമുട്ടിനെക്കുറിച്ച് പറഞ്ഞു. ഉത്തരം 'ബി'-ൽ കീഴ്ക്കോടതികളിലെ സിവിൽ, ക്രിമിനൽ ഡിപ്പാർട്ടുമെന്റുകൾ ഇന്റഗ്രേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നതായി പറഞ്ഞു. അത് എത്രയുംവേഗം നടപ്പാക്കണം. ഒരു ദിവസം ചിറ്റൂരിലെ മജിസ്ട്രേറ്റ് കോടതിയിൽനിന്ന് സർക്കാരിന് കിട്ടുന്ന വരുമാനം ഒരു ലക്ഷം രൂപയാണ്. അദാലത്ത് നടത്തുമ്പോൾ 3 കോടി രൂപവരെ വരുമാനം ലഭിക്കാറുണ്ട്. സിവിൽ കോടതിയിൽ 600 കേസ്സുകളും മജിസ്ട്രേറ്റ് കോടതിയിൽ 10,000 കേസ്സുകളുമാണ് കൈകാര്യം ചെയ്യുന്നത്. പതിനായിരത്തോളം കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് വെറും 14 ജീവനക്കാരും സിവിൽ കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് 54 ജീവനക്കാരുമാണുള്ളത്. രണ്ട് ഡിപ്പാർട്ട്മെന്റുകളും ഒന്നിച്ചുചേർത്താൽ നിലവിലുള്ള ജീവനക്കാർക്ക് 10,600 കേസ്സുകൾ കൈകാര്യം ചെയ്യാൻ സാധിക്കും. പുതിയ തസ്തിക സൃഷ്ടിക്കാതെതന്നെ സർക്കാരിനും കൂടുതൽ വരുമാനം കിട്ടാനുള്ള സാദ്ധ്യതയുണ്ട്. അതിനാൽ രണ്ട് ഡിപ്പാർട്ട്മെന്റുകളും അടിയന്തരമായി ഇന്റഗ്രേറ്റ് ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, സിവിൽ, ക്രിമിനൽ ഡിപ്പാർട്ടുമെന്റുകൾ കീഴ്ക്കോടതികളിൽ ഇന്റഗ്രേറ്റ് ചെയ്യാൻ തന്നെയാണ് ഉദ്ദേശിക്കുന്നത്. അതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നുവെന്നാണ് നേരത്തെ വ്യക്തമാക്കിയത്. അത് ത്വരിതപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കാം.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, തിരുവിതാംകൂറിൽ ആദ്യത്തെ അഞ്ച് ജില്ലാ കോടതികൾ അനുവദിച്ചതിൽ ഒരെണ്ണം ആലുവയിലാണ് സ്ഥാപിച്ചത്. കോടതി സ്ഥാപിതമായിട്ട് 200 വർഷം തികയുകയാണ്. മജിസ്ട്രേറ്റ് കോടതിയും മുൻസിഫ് കോടതിയുമാണ് ഇപ്പോൾ അവിടെ പ്രവർത്തിക്കുന്നത്. അവിടെ ഒരു ഫാമിലി കോർട്ട് കൂടി ഇപ്പോൾ അനുവദിച്ചിട്ടുണ്ട്. പക്ഷേ അതിന്റെ നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല. അതുപോലെതന്നെ ആലുവയിൽ സബ്കോടതിയും എം.എ.സി.റ്റി.-യും ഇല്ലാത്തതിനാൽ പെരുമ്പാവൂരും പറവൂരും വച്ചാണ് കേസ്സുകൾ നടത്തുന്നത്. യാത്രാച്ചെലവ് കാരണം ജനങ്ങൾ വളരെയധികം ബുദ്ധിമുട്ടുന്നുണ്ട്. അതുകൊണ്ട് അവിടെയൊരു എം.എ.സി.റ്റി.-യും സബ്കോടതിയും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ആ കോടതി സ്ഥാപിച്ച് 200 വർഷമായതുകൊണ്ട് ബിൽഡിംഗ് വളരെ മോശമായ നിലയിലാണ്. പുതിയ ഒരു ബിൽഡിംഗ് പണിയേണ്ടത് അനിവാര്യമാണ്. ആയതിനാൽ ഒരു പുതിയ കോടതി സമുച്ചയം പണിയാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇതെല്ലാം പ്രത്യേകമായി പരിശോധിച്ച് മറുപടി പറയേണ്ട കാര്യങ്ങളാണ്. 200 വർഷമായത് നല്ല കാര്യമാണ്. ആ കെട്ടിടം ഒരു പുരാവസ്തുവായി സൂക്ഷിക്കേണ്ടതായിട്ടുണ്ട്.

<u>മി. സ്പീക്കർ</u>: ചെയർ ഉപചോദ്യങ്ങൾ അനുവദിക്കുന്നത് വ്യക്തമായ മാനദണ്ഡങ്ങളുടെയും ഓരോരുത്തർക്കും ലഭിച്ച അവസരങ്ങളുടെയും കൃത്യമായ വിവരത്തിന്റെ അടിസ്ഥാനത്തിലാണ്. മുൻനിരയിൽനിന്ന് തുടർച്ചയായി കയ്യുയർത്തിയാൽ പിൻനിരയിലുള്ളവർക്ക് അവസരം നഷ്ടപ്പെടും. അതുകൊണ്ട് കുറച്ച് വിട്ടുകൊടുത്താൽ അവർക്ക് ചോദ്യങ്ങൾ ചോദിക്കാൻ അവസരം കിട്ടും. ചെയറിന്റെ മുന്നിൽ മറ്റ് മാർഗ്ഗമില്ല.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, അഡ്മിനിസ്ട്രേഷൻ ഓഫ് ജസ്റ്റിസ് എന്നത് ആഭ്യന്തര വകുപ്പിന്റെ കീഴിലുള്ളതാണ്. ആഭ്യന്തര വകുപ്പ് സെക്രട്ടറിക്കാണ് അതിന്റെ ചുമതല. നിയമവും നീതിനിർവ്വഹണവും ഒരു വകുപ്പിനുകീഴിൽ കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അക്കാര്യം പരിശോധിക്കാവുന്നതാണ്.

ശ്രീ. ഹൈബി ഈഡൻ: സർ, നമ്മുടെ സംസ്ഥാനത്ത് തദ്ദേശസ്ഥാപനങ്ങളുടെ അനുമതിയോടുകൂടി മാത്രമേ ഏതൊരു സ്ഥാപനവും തുടങ്ങാൻ സാധിക്കൂ. ബഹുനിലക്കെട്ടിടമാണെങ്കിൽ അതിന് ഫയർ ആന്റ് സേഫ്റ്റി, ഏവിയേഷൻ ക്ലിയറൻസ് അടക്കമുള്ള അനുമതി വേണ്ടിവരും. ഏതെങ്കിലും തരത്തിൽ കോടതികളെ ഇതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടോ; കോടതികൾ തുടങ്ങുന്ന സന്ദർഭത്തിൽ തദ്ദേശസ്ഥാപനങ്ങളുടെ അനുമതി വാങ്ങുന്നതുപോലെതന്നെ, സർവ്വീസ് ടാക്സ് മുതലായ കാര്യങ്ങൾ അടയ്ക്കുന്നതിൽ നിന്ന് ഏതെങ്കിലും കോടതികളെ ഒഴിവാക്കിയിട്ടുണ്ടോ; അല്ലെങ്കിൽ ഇപ്പോൾ പണിതീർന്ന, പ്രവർത്തനം നടക്കുന്ന, നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ റെഗുലറൈസ് ചെയ്യാൻ എന്തെങ്കിലും നിയമം സർക്കാർ കൊണ്ടുവരുമോ?

ശ്രീ. പിണറായി വിജയൻ: സർ, എന്റെ അറിവിൽപ്പെട്ടിടത്തോളം അങ്ങനെയുള്ള കാര്യങ്ങളില്ല. ഏതെങ്കിലും പ്രത്യേക പ്രശ്നങ്ങളുണ്ടെങ്കിൽ ശ്രദ്ധയിൽപ്പെടുത്തിയാൽ ആവശ്യമായ പരിശോധന നടത്താം.

ശ്രീമതി സി. കെ. ആശ: സർ, മജിസ്ട്രേറ്റ് കോടതി ജീവനക്കാരുടെ പ്രശ്നങ്ങൾ ആഭ്യന്തര വകുപ്പിൽ പല വിഭാഗങ്ങളിലായാണ് കൈകാര്യം ചെയ്യുന്നത്. ഇതിൽ മാറ്റംവരുത്തി മറ്റ് സംസ്ഥാനങ്ങളിലേതുപോലെ ലാ ഡിപ്പാർട്ടുമെന്റിന്റെ ചുമതലയിൽ കൊണ്ടുവരുന്നതിന് സാദ്ധ്യമാണോ?

ശ്രീ. പിണറായി വിജയൻ: സർ, അക്കാര്യം ഇതുവരെ ഒരു പ്രശ്നമായി വന്നിട്ടില്ല. ഇതൊരു പ്രത്യേക പ്രശ്നമായി കണക്കാക്കി പരിശോധിക്കാം.

ശ്രീ. എം. ഉമ്മർ: സർ, ഗ്രാമ കോടതികൾ പഞ്ചായത്തീരാജ് സംവിധാനത്തിൽ വരുമെന്ന് പ്രഖ്യാപിക്കുകയും അതിന്റെ കുറെ നടപടികൾ നടന്നതായും പത്രങ്ങളിൽ കാണുന്നു. കേരളത്തിൽ ഗ്രാമ കോടതികൾ ഉടനെ ആരംഭിക്കുന്നതിനുള്ള നടപടികൾക്ക് തീരുമാനമായിട്ടുണ്ടോ; അല്ലെങ്കിൽ അവ സ്ഥാപിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഗ്രാമീണ കോടതികൾ നമ്മുടെ സംസ്ഥാനത്ത് ഇതിനകംതന്നെ ആരംഭിച്ചിട്ടുണ്ട്. 15 ഗ്രാമ ന്യായാലയങ്ങൾ ഇപ്പോൾത്തന്നെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ചടയമംഗലം, നെടുങ്കണ്ടം, പാറശ്ശാല, അഴുത, കൽപ്പറ്റ, ഇരിട്ടി, കൊടുവള്ളി, പാമ്പാടി, വടവുകോട്, പൊന്നാനി, പുലമന്തോൾ, വൈക്കം, ശ്രീകൃഷ്ണപുരം, ചൊക്ലി, വെസ്റ്റ് എളേരി എന്നിവിടങ്ങളിൽ ഇപ്പോൾത്തന്നെ ഗ്രാമീണ കോടതികളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പുതിയ കോടതികളെപ്പറ്റിയുള്ള നിർദ്ദേശങ്ങളുമുണ്ട്.

ശ്രീമതി പി. അയിഷാ പോറ്റി: സർ, നിയമം ജനങ്ങൾക്ക് പ്രാപ്യമാകുന്ന തരത്തിലേയ്ക്ക് മാറ്റാൻ ഗവൺമെന്റ് നല്ല സമീപനം സ്വീകരിക്കുന്നുണ്ടെന്ന് നയപ്രഖ്യാപനത്തിൽത്തന്നെ പറഞ്ഞിട്ടുണ്ട്. അങ്ങനെയെങ്കിൽ ഭൗതിക സാഹചര്യങ്ങളുള്ള സ്ഥലത്ത് അഡീഷണൽ കോടതികൾ അനുവദിക്കാനുള്ള നടപടി സ്വീകരിക്കുമോ; കൊട്ടാരക്കരയിൽ കഴിഞ്ഞ ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത് അനുവദിച്ച ആധുനിക കോടതി സമുച്ചയം നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. അതിനുമുകളിലുള്ള നില വളരെ സ്പേഷ്യസാണ്. ഒരു അഡീഷണൽ ജില്ലാ കോടതികൂടി അവിടെ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, കോടതികൾ അനുവദിക്കുന്നതിന്റെ നടപടിക്രമങ്ങൾ നമുക്കറിയാവുന്നതാണ്. അത് പൂർണ്ണമായും എക്സിക്യൂട്ടീവ് തീരുമാനിക്കുന്ന കാര്യങ്ങളല്ല. ജുഡീഷ്യറിയുമായി ബന്ധപ്പെട്ട് പരിശോധനകൾ നടത്തി അതിന്റേതായ ശിപാർശകൾകൂടി കണക്കിലെടുത്താണ് നടപടികളിലേയ്ക്ക് കടക്കുന്നത്. അങ്ങനെയുണ്ടാകുന്ന ഘട്ടത്തിൽ അതുസംബന്ധിച്ച് പരിശോധിക്കാം.

ശ്രീ. സണ്ണി ജോസഫ്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഗ്രാമ ന്യായാലയങ്ങൾ പുതിയതായി ആരംഭിച്ച കാര്യം പറഞ്ഞു. നീതിനിർവ്വഹണത്തെ സഹായിക്കുന്നതിനു വേണ്ടിയാണ് കേന്ദ്ര ഗവൺമെന്റ് സഹായത്തോടെ ആ പദ്ധതി ആരംഭിച്ചിട്ടുള്ളത്. പക്ഷേ പലപ്പോഴും അത് ജനങ്ങൾക്ക് കൂടുതൽ അസൗകര്യമുണ്ടാക്കുന്നുണ്ട്. ഇരിട്ടിയിൽ ഗ്രാമ ന്യായാലയം ആരംഭിച്ചപ്പോൾ അതിന്റെ ജൂറിസ്ഡിക്ഷൻ പരിധിയിൽ ബ്ലോക്ക് പഞ്ചായത്തിനെ പൂർണ്ണമായും ഉൾപ്പെടുത്തിയിരിക്കുന്നു. മട്ടന്നൂരിൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് കോടതി നിലനിൽക്കെ കൂടാളി, കീഴല്ലൂർ പഞ്ചായത്തിലെ ആളുകൾക്ക് രണ്ട് മുനിസിപ്പൽ പ്രദേശം കടന്ന് പായത്തുള്ള ഗ്രാമ ന്യായാലത്തിലേക്ക് വരേണ്ടിവരുന്നു. കാരണം ഗ്രാമ ന്യായാലയത്തിന്റെ ജൂറിസ്ഡിക്ഷൻ ബ്ലോക്ക് പഞ്ചായത്ത് അതിർത്തിയാണ്. തൊട്ടടുത്തുള്ള പ്രദേശങ്ങൾ വേറെ ബ്ലോക്ക് പഞ്ചായത്തായതുകൊണ്ട് ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. അതുകൊണ്ട് ഗ്രാമ ന്യായാലയങ്ങളുടെ ജൂറിസ്ഡിക്ഷൻ ഭൂമിശാസ്ത്രപരമായി ജനങ്ങൾക്ക് സൗകര്യപ്രദമായ രൂപത്തിൽ ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച വിഷയം പരിശോധന അർഹിക്കുന്ന ഒന്നാണ്. കാരണം പ്രായോഗിക ബുദ്ധിമുട്ടുണ്ടാകുന്നു എന്നത് ശരിയാണ്. അത് ബ്ലോക്കിന്റെ ഘടനയുമായി ബന്ധപ്പെട്ട കാര്യമായിരിക്കും. സാധാരണനിലയിൽ ഒരു ബ്ലോക്കിൽ ഒരു ഗ്രാമ ന്യായാലയം എന്നുപറയുന്നതിൽ തെറ്റ് പറയാൻ കഴിയില്ല. അത്തരം കാര്യങ്ങളെല്ലാംകൂടി പരിശോധിച്ച് നിലപാട് സ്വീകരിക്കേണ്ടതായിവരും. ഈ പ്രശ്നം പ്രത്യേകമായി പരിശോധിച്ച് പരിഹാരം കാണേണ്ടതാണ്.

ശ്രീ. കെ. ബാബു: സർ, നമ്മുടെ സംസ്ഥാനത്ത് ഗ്രാമ ന്യായാലയം എന്ന നിലയിൽ ബ്ലോക്കടിസ്ഥാനത്തിൽ കോടതികൾ സ്ഥാപിച്ചുവരികയാണ്. നെന്മാറ നിയോജകമണ്ഡലത്തിൽ രണ്ട് ബ്ലോക്ക് പഞ്ചായത്തുകളുണ്ട്. കേസ് സംബന്ധിച്ച ആവശ്യങ്ങൾക്കായി 30 മുതൽ 80 കിലോമീറ്റർ ദൂരം പോകേണ്ട അവസ്ഥയാണ് നിലവിലുള്ളത്. അതുകൊണ്ട് നെന്മാറ നിയോജകമണ്ഡലത്തിലുള്ള രണ്ട് ബ്ലോക്ക് പഞ്ചായത്തുകളിൽ ഒന്നിലെങ്കിലും ഗ്രാമീണ കോടതി സ്ഥാപിക്കാൻ കഴിയുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഗ്രാമീണ കോടതികൾ സ്ഥാപിച്ചു തുടങ്ങിയ സാഹചര്യത്തിൽ എല്ലാവരും ഈ ആവശ്യം ഉന്നയിച്ചുവെന്നുവരും, അത് സ്വാഭാവികമാണ്. അതിന്റെ മുറപ്രകാരം അനുവദിക്കാവുന്ന സ്ഥലങ്ങളിൽ അനുവദിക്കാം.

ശ്രീ. പി. സി. ജോർജ്: സർ, കോടതികളുടെ അതിർത്തി നിശ്ചയിക്കുന്നത് ജില്ലാ കളക്ടറും എസ്.പി.-യും സെഷൻ ജഡ്ജിയും ചേർന്ന ഒരു കമ്മിറ്റിയാണ്. ഞാൻ മനസ്സിലാക്കിയിടത്തോളം 40 വർഷത്തിനിടയിൽ ഇങ്ങനെയൊരു കമ്മിറ്റി കൂടിയിട്ടേയില്ല, എനിക്ക് അനുഭവമുള്ളതാണ്. ബഹുമാനപ്പെട്ട ഗവൺമെന്റ് ശക്തമായ നിലപാട് സ്വീകരിച്ച് കോടതികളുടെ അതിർത്തി സംബന്ധമായ തർക്കം ഇല്ലാതാക്കാൻ ഈ കമ്മിറ്റി കൂടാനുള്ള അവസരം സൃഷ്ടിക്കുമോ; ഇവിടെ സിവിൽ കേസ്സിന്റെ എണ്ണം വളരെ കുറവാണ്. എന്നിട്ടും ആ കേസ്സുകൾ തീരാത്തതിന് കാരണം വക്കീലന്മാരാണ്. കേസ് അവധിക്ക് വച്ചാലേ അവർക്ക് ഫീസ് ലഭിക്കുകയുള്ളൂ. വക്കീലന്മാർ എന്നോട് ക്ഷമിക്കണം. ഭൂപരിഷ്കരണ നിയമം വന്നതിനാൽ കേരളത്തിൽ സിവിൽ കേസ്സിന് പ്രസക്തിയില്ല. അതുകൊണ്ട് സിവിൽ കേസ്സുകൾ എത്രയും വേഗം തീർപ്പാക്കാനുള്ള ശക്തമായ ഇടപെടൽ ഗവൺമെന്റ് നടത്തുമോ?

ശ്രീ. പിണറായി വിജയൻ: സർ, വക്കീലന്മാരിൽ കൂടുതൽ കേസുള്ളവരെയാണ് കക്ഷികൾ കേസ് ഏൽപ്പിക്കുന്നത്. അവർക്ക് കൂടുതൽ കേസ്സുകളുള്ളതിനാൽ കേസ്സുകൾ നീണ്ടുപോകുന്നതിന് കാരണമാകുന്നുണ്ടാകാം, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാരണമാണെന്ന് തോന്നുന്നില്ല. കൂടുതൽ കേസ്സുള്ള വക്കീലന്മാരെ കേസ് ഏൽപ്പിക്കാനാണ് എപ്പോഴും കക്ഷികൾ താല്പര്യം കാണിക്കുന്നത്. അത് ചില പ്രയാസങ്ങൾ ഉണ്ടാക്കുന്നുണ്ടാകും. മറ്റ് കാര്യങ്ങൾ എന്താണെന്നത് പരിശോധിക്കാം. പ്രത്യേക പ്രശ്നങ്ങൾ ഉന്നയിച്ചാൽ അത് ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തുകയും പരിശോധന നടത്താൻ ആവശ്യപ്പെടുകയും ചെയ്യാം.

മി. സ്പീക്കർ: പരമാവധി ഉപചോദ്യങ്ങൾക്ക് മറുപടി നൽകി ബഹുമാനപ്പെട്ട മുഖ്യമന്ത്രി നല്ലൊരു മാതൃക സൃഷ്ടിച്ചിരിക്കുകയാണ്.

## അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ

4 (*754) ശ്രീ. സി. എഫ്. തോമസ്:
ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. മോൻസ് ജോസഫ്:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെല്ലിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; ഇതിന്റെ പ്രവർത്തന ഘടന എപ്രകാരമാണ്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സെല്ലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; ആയവ മുൻനിർത്തി സെല്ലിന്റെ പ്രവർത്തനങ്ങൾ തൃപ്തികരമാണോയെന്ന് വ്യക്തമാക്കുമോ;

(സി) ഈ സെല്ലിന്റെ പ്രവർത്തനത്തിന് പ്രതിവർഷം ചെലവഴിക്കുന്ന തുകയെത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ സെല്ലിൽ സേവനം അനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥരുടെ തസ്തിക തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ&ബി) സർക്കാർ സർവ്വീസിലെ ചില വ്യാജ നിയമനങ്ങളും നിയമന തട്ടിപ്പുകളും വെളിച്ചത്തുവന്നതിനെത്തുടർന്നാണ് 2001 ജനുവരി 1 മുതൽ 2010 ഡിസംബർ 31 വരെയുള്ള കാലയളവിൽ നടന്ന പി.എസ്.സി. നിയമനങ്ങൾ പരിശോധിക്കാനായി 14-12-2010-ലെ ജി.ഒ.(പി) നമ്പർ.40/2010/ഉഭപവ പ്രകാരം ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിനുകീഴിൽ സ്പെഷ്യൽ സെൽ രൂപീകരിക്കാൻ തീരുമാനിച്ചു. തുടർന്ന് 1-3-2011-ലെ സ.ഉ.(കൈ) നമ്പർ 73/11/പൊഭവ ഉത്തരവ് പ്രകാരമാണ് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിൽ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ രൂപീകരിച്ചത്. ഉന്നത ഉദ്യോഗസ്ഥരടങ്ങുന്ന ആറ് ടീം വിവിധ സർക്കാർ വകുപ്പുകളിൽ മേൽകാലയളവിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന ജോലിയിൽ പ്രവേശിച്ച ജീവനക്കാരുടെ സർവ്വീസ് ബുക്ക് പരിശോധിക്കുകയും പി.എസ്.സി. ഓഫീസുകളിൽനിന്നും ലഭ്യമായ രേഖകളുമായി ഒത്തുനോക്കി ടി നിയമനങ്ങളുടെ നിജസ്ഥിതി ഉറപ്പുവരുത്തുകയും ചെയ്തുവരുന്നു. നിയമനം സംബന്ധിച്ച വിശദാംശങ്ങൾക്കു പുറമേ അറ്റൻഡൻസ് രജിസ്റ്റർ, കാഷ്വൽ ലീവ് രജിസ്റ്റർ, ക്യാഷ് ബുക്ക് തുടങ്ങിയ രജിസ്റ്ററുകൾ പരിശോധിക്കുന്നതിനും പ്രസ്തുത സെല്ലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കൂടാതെ സർക്കാർ ഓഫീസുകളിൽ ആകസ്മിക പരിശോധന (sudden inspection) നടത്തുന്നതിനും ഈ വകുപ്പിനെ അധികാരപ്പെടുത്തിയിട്ടുണ്ട്. ഓരോ വകുപ്പിലും ഉണ്ടാകുന്ന ഒഴിവുകൾ യഥാസമയം പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നുണ്ടോ എന്ന് പരിശോധിച്ചുവരുന്നു. ഈ പ്രവർത്തനങ്ങൾ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ തൃപ്തികരമായി നടത്തിവരുന്നു. എല്ലാ മാസവും ആദ്യവാരം അഡീഷണൽ സെക്രട്ടറിയുടെ നേതൃത്വത്തിലും മൂന്നുമാസം കൂടുമ്പോൾ പ്രിൻസിപ്പൽ സെക്രട്ടറിയുടെ മേൽനോട്ടത്തിലും സെല്ലിന്റെ അവലോകനയോഗം കൂടി പ്രവർത്തനം വിലയിരുത്തുന്നുണ്ട്.

(സി) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ ഭാഗമായാണ് അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ പ്രവർത്തിക്കുന്നത്. സെല്ലിന്റെ പ്രവർത്തനത്തിനായി പ്രത്യേകം ഫണ്ട് വകയിരുത്തിയിട്ടില്ല.

(ഡി) ഉദ്യോഗസ്ഥരുടെ തസ്തിക തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

<u>ശ്രീ. സി. എഫ്. തോമസ്</u>: സർ, ഒരു പ്രത്യേക കാലഘട്ടത്തിലെ വ്യാജ നിയമനങ്ങളെക്കുറിച്ച് പരിശോധിക്കാനായി രൂപീകരിച്ചതാണ് അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ. ഓരോ വകുപ്പുകളിലുമുണ്ടാകുന്ന ഒഴിവുകൾ യഥാസമയം പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നുണ്ടോ എന്ന് അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ പരിശോധിക്കുന്നുണ്ട്. ആയിരക്കണക്കിന് ചെറുപ്പക്കാരാണ് ജോലിക്കായി കാത്തിരിക്കുന്നത്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ വകുപ്പുകൾ വീഴ്ച വരുത്തുന്നുണ്ടോയെന്ന് അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ കൃത്യമായി പരിശോധിക്കുന്നുണ്ടോ; ഗവൺമെന്റ് ഇത് വിലയിരുത്തിയിട്ടുണ്ടോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഒഴിവുകൾ റിപ്പോർട്ട് ചെയ്യേണ്ട കാര്യം സർക്കാർ ഗൗരവമായാണ് കാണുന്നത്. ഇതിനായി ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഒരു പരിശോധനാ സംവിധാനം നിലവിലുണ്ട്. കൃത്യമായി റിപ്പോർട്ട് ചെയ്യുന്നുണ്ടോയെന്നത് പരിശോധിക്കാൻ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ ഘട്ടത്തിലും മന്ത്രിസഭ ഇതുസംബന്ധിച്ച് ചർച്ച ചെയ്യുകയുണ്ടായി. ഓരോ മാസവും ഇതുസംബന്ധിച്ചുള്ള പുരോഗതിയും എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തുവെന്നതും മന്ത്രിസഭയുടെ മുമ്പാകെ ചീഫ് സെക്രട്ടറി റിപ്പോർട്ട് ചെയ്യണമെന്ന് തീരുമാനിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശ്രീ. സി. എഫ്. തോമസ്: സർ, ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാത്ത വകുപ്പുകൾ ഇപ്പോഴുമുണ്ട്. അതുകൊണ്ട് ജോലികിട്ടാതെ വലയുന്ന ചെറുപ്പക്കാരുടെ എണ്ണം വർദ്ധിച്ചുവരികയാണ്. ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാത്ത വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ ഗവൺമെന്റ് ശക്തമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഒഴിവുകളുണ്ടായിട്ടും റിപ്പോർട്ട് ചെയ്യാതിരിക്കുകയാണെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കും.

ശ്രീ. മോൻസ് ജോസഫ്: സർ, സർക്കാർ സർവ്വീസിലെ വ്യാജ നിയമനങ്ങളും നിയമനത്തട്ടിപ്പുകളും വെളിച്ചത്തുവന്നപ്പോഴാണ് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിനുകീഴിൽ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ രൂപീകരിച്ച് പരിശോധിക്കാൻ ഗവൺമെന്റ് തീരുമാനിച്ചതെന്ന് അങ്ങ് സൂചിപ്പിച്ചിരുന്നു. ഇങ്ങനെ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇത്തരത്തിലുള്ള ഏതെങ്കിലും കേസ്സുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ഇപ്പോൾ നടത്തിവരുന്ന പരിശോധന എന്ന് പൂർത്തിയാക്കാൻ കഴിയും; ഇതുമായി ബന്ധപ്പെട്ട് കേസ്സെടുത്തിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, ഇപ്പോൾ അതുസംബന്ധിച്ചുള്ള പൂർണ്ണമായ വിവരങ്ങൾ എന്റെ കയ്യിലില്ല. അത് പരിശോധിച്ചാൽ മാത്രമേ പറയാൻ സാധിക്കുകയുള്ളൂ.

(ചോദ്യോത്തരസമയം കഴിഞ്ഞു)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഇ-റേഷൻ കാർഡുകൾ

5(*755) ശ്രീ. പി. ടി. തോമസ് :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യ വിതരണത്തിന് ഇ-റേഷൻ കാർഡുകൾ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇത് നടപ്പാക്കുമ്പോൾ കാർഡുടമകൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇ-റേഷൻ നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) സംസ്ഥാനത്തെ റേഷൻകാർഡുടമകളുടെ മുഴുവൻ വിവരങ്ങളും ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. ഓരോ ഗുണഭോക്താവിനെയും ബയോമെട്രിക് ആതന്റിക്കേഷൻ മുഖേന തിരിച്ചറിഞ്ഞ് ശരിയായ ഗുണഭോക്താവിനുമാത്രം റേഷൻ വിതരണം ചെയ്യുന്നതിന് റേഷൻ കടകളിൽ ഇ-പോസ് (ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ) മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**സംസ്ഥാനത്ത് നിരോധിത ലഹരി വസ്തുക്കളുടെ ലഭ്യത**

6(*756) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മയക്കു മരുന്നും പുകയില ഉൽപ്പന്നങ്ങളും ഉൾപ്പെടെ നിരോധിത ലഹരി വസ്തുക്കളുടെ ലഭ്യത വർദ്ധിച്ചു വരുന്നതായ വാർത്തയുടെ നിജസ്ഥിതി ആഭ്യന്തര വകുപ്പ് പരിശോധിച്ചിരുന്നോ; വിശദവിവരം ലഭ്യമാക്കുമോ;

(ബി) മദ്യ നിരോധനത്തിന്റെ ഫലമായി മറ്റു ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നതുമൂലം കുറ്റകൃത്യങ്ങൾ വർദ്ധിച്ചു വരുന്നത് ഫലപ്രദമായി തടയാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) മറ്റ് സംസ്ഥാനങ്ങളിൽനിന്ന് ഇത്തരം സാധനങ്ങൾ വൻതോതിൽ കടത്തുന്നുണ്ടെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ എക്സൈസ് വകുപ്പുമായി സഹകരിച്ച് ചെക് പോസ്റ്റ്, റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റേഷൻ എന്നിവിടങ്ങളിൽ ആധുനിക ഉപകരണങ്ങൾ സ്ഥാപിച്ച് ഇതു തടയാൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) പരിശോധിച്ചിട്ടുണ്ട്. കഴിഞ്ഞ മൂന്നുവർഷത്തെ കണക്കുകൾ അനുബന്ധം ആയി കാണാവുന്നതാണ്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) മദ്യനിരോധനത്തിന്റെ ഭാഗമായി മറ്റ് ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നതുമൂലമുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരളത്തിൽ മയക്കുമരുന്ന്, പുകയില ഉൽപ്പന്നമായ പാൻമസാല തുടങ്ങിയ നിരോധിത ലഹരിപദാർത്ഥങ്ങളുടെ വിൽപ്പനയും വിപണനവും ഉൽപ്പാദനവും നിരോധിച്ചിട്ടുള്ളതും അതിനെതിരെ പ്രവർത്തിക്കുന്നവർക്കെതിരെ കർശനമായ നിയമനടപടികൾ NDPA Act, COTPA, Kerala Police Act 2011, J.J. Act എന്നിവ പ്രകാരം സ്വീകരിച്ചുവരുന്നു. പട്രോളിംഗ്, ഷാഡോ പോലീസിംഗ്, ബീറ്റ് പട്രോളിംഗ് തുടങ്ങിയവയിലൂടെ സംസ്ഥാനത്തെ വിവിധ മേഖലകളിൽ പോലീസ് സാന്നിദ്ധ്യം ഉറപ്പാക്കിയും ജനമൈത്രി പോലീസ്, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, റസിഡന്റ്സ് അസോസിയേഷൻ തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ വഴി ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നതുമൂലവും അല്ലാതെയുമുള്ള കുറ്റകൃത്യങ്ങൾ ഫലപ്രദമായി നിയന്ത്രിക്കുന്നതിനും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ ഉചിതമായ നിയമനടപടികൾ സ്വീകരിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

(സി) സ്വീകരിക്കുന്നുണ്ട്. അന്യസംസ്ഥാനങ്ങളിൽനിന്നും ലഹരിവസ്തുക്കൾ വൻതോതിൽ കേരളത്തിലേയ്ക്ക് കടത്തുന്നുണ്ടെന്ന മാധ്യമ വാർത്തകളുടെയും മറ്റും അടിസ്ഥാനത്തിൽ സംസ്ഥാന പോലീസിന്റെ രഹസ്യാന്വേഷണ വിഭാഗവും ഷാഡോ പോലീസ് വിഭാഗവും എക്സൈസ് വകുപ്പുമായി സഹകരിച്ച് റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റാന്റുകൾ, കൂടാതെ അന്യസംസ്ഥാന തൊഴിലാളികളുടെ ലേബർ ക്യാമ്പുകൾ തുടങ്ങിയവ കേന്ദ്രീകരിച്ച് നിരീക്ഷണം നടത്തി ലഹരിവസ്തുക്കളുടെ വ്യാപനവും വില്പനയും ഇതുമൂലമുള്ള കുറ്റകൃത്യങ്ങളും തടയുന്നതിന് ജാഗരൂകരായി പ്രവർത്തിച്ചുവരുന്നുണ്ട്. എക്സൈസ് വകുപ്പുമായി ചേർന്ന് കേരളാ ആന്റി നാർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സ് (KANSAF) മയക്കുമരുന്ന് കടത്ത് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ കേന്ദ്ര സർക്കാർ സ്ഥാപനമായ നാർക്കോട്ടിക് കൺട്രോൾ ബ്യൂറോയുടെ പ്രവർത്തനങ്ങളുമായി ചേർന്ന് മയക്കുമരുന്ന് കടത്തിനെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**സിഡ്കോ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ**

7(*757) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കെ. ദാസൻ :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് സിഡ്കോ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) സ്ഥാപനത്തിന്റെ ഉല്പന്ന വിപണനത്തിലെ പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉല്പന്നങ്ങളുടെ ഗുണനിലവാരക്കുറവും ഉയർന്ന വിലയും സ്ഥാപനത്തിന്റെ വിപണനരംഗത്തെ പ്രതികൂലമായി ബാധിച്ചതു പരിഹരിക്കാൻ ശ്രദ്ധിക്കുമോ; വിശദമാക്കുമോ;

(സി) നിർമ്മാണരംഗത്ത് ഉപകരാറുകൾ നൽകി, കൂടിയ നിരക്ക് ഈടാക്കുന്നതും ഗുണനിലവാര പരിശോധന സംവിധാനത്തിന്റെ അഭാവവും സ്ഥാപനത്തിന്റെ സൽപ്പേരിന് കളങ്കമായി തീർന്നത് പരിഹരിക്കാൻ നടപടിയുണ്ടാകുമോ; വ്യക്തമാക്കുമോ;

(ഡി) ഉന്നതതലത്തിലും മധ്യതലത്തിലും മാനേജ്മെന്റിൽ പ്രൊഫഷണലിസം സാധ്യമാക്കി സ്ഥാപനത്തെ കരകയറ്റാൻ നടപടി സ്വീകരിക്കുമോ;

(ഇ) സ്ഥാപന മേധാവി വിജിലൻസ് കേസിൽ പ്രതിയായിട്ടുണ്ടോ; എങ്കിൽ ആയതിനുള്ള സാഹചര്യം വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഉണ്ട്.

(ബി) സിഡ്കോയുടെ വിപണന സംവിധാനത്തിലെ പോരായ്മകൾ ശ്രദ്ധയിൽ പെട്ടിട്ടില്ല. സർക്കാർ അംഗീകരിച്ച് നൽകിയിട്ടുള്ള റേറ്റ് കോൺട്രാക്ട് വ്യവസ്ഥ പ്രകാരമാണ് വിപണനം നടക്കുന്നത്. ഇപ്രകാരമല്ലാത്ത ഉത്പന്നങ്ങളുടെ വിപണനത്തിലെ പോരായ്മ പരിഹരിക്കുവാൻ ശ്രദ്ധിക്കുന്നതാണ്. നിർമ്മാണ മേഖലയ്ക്കാവശ്യമായ ബിറ്റുമിൻ, വാക്സ് മുതലായവ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും വാങ്ങിയാണ് വിപണനം നടത്തുന്നത്.

(സി) ഇക്കാര്യത്തിൽ വിജിലൻസ് അന്വേഷണത്തിന് നടപടിയെടുത്തിട്ടുണ്ട്. സിഡ്കോ ഏറ്റെടുത്തിട്ടുള്ള നിർമ്മാണപ്രവൃത്തികൾ ഗുണനിലവാരം ഉറപ്പുവരുത്തിയും സമയബന്ധിതമായും പൂർത്തിയാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) സ്ഥാപനത്തിന്റെ മുൻ മേധാവി ശ്രീ. സജി ബഷീർ വിജിലൻസ് കേസിൽ പ്രതിയാണ്. മേനംകുളം മണൽ കേസ്, ഒല്ലൂർ വ്യവസായ മേഖലയിലെ ഭൂമി തിരിമറി എന്നിവയിൽ ശ്രീ. സജി ബഷീറിനെതിരെ വിജിലൻസ് കേസുണ്ട്. സിഡ്കോയിലെ പ്രവർത്തനം സംബന്ധിച്ച് നിലവിലെ മേധാവിക്കെതിരെ വിജിലൻസ് കേസുകളുള്ളതായി ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## സ്റ്റാർട്ടപ്പ് വില്ലേജ് പദ്ധതിയുടെ രണ്ടാം ഘട്ട പദ്ധതി

8(*758) ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്റ്റാർട്ട്അപ്പ് വില്ലേജ് പദ്ധതിയുടെ രണ്ടാംഘട്ടത്തിന് തുടക്കം കുറിച്ചിട്ടുണ്ടോയെന്നുള്ള വിശദാംശം നൽകുമോ;

(ബി) പ്രധാനമന്ത്രിയുടെ സ്റ്റാർട്ട്അപ് ഇന്ത്യ പദ്ധതിയുമായി ബന്ധപ്പെടുത്തിയാണോ രണ്ടാം ഘട്ട പദ്ധതി വികസിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) യുവജനങ്ങളിൽ സംരംഭക സംസ്കാരം വളർത്തിയെടുക്കുന്നതിന് ഈ പദ്ധതി എങ്ങനെയെല്ലാം സഹായിക്കുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ-സി) കേന്ദ്രസർക്കാരിന്റെ ശാസ്ത്രസാങ്കേതിക വകുപ്പിന്റെ ധനസഹായത്തോടെ ടെക്നോപാർക്കിന്റെ മേൽനോട്ടത്തിൽ മോബ്മി എന്ന സ്വകാര്യ കമ്പനി ആരംഭിച്ച പദ്ധതിയാണ് സ്റ്റാർട്ടപ്പ് വില്ലേജ്. 2015-ൽ സ്റ്റാർട്ടപ്പ് വില്ലേജ്, ഭൗതിക ഇങ്കുബേഷൻ പ്രവർത്തനം നിർത്താൻ തീരുമാനിച്ചപ്പോൾ അവിടെ പ്രവർത്തിച്ചിരുന്ന സ്റ്റാർട്ടപ്പ് കമ്പനികളിൽ തുടരുവാൻ താല്പര്യമുള്ളവർക്ക് തുടർന്നും അവിടെ പ്രവർത്തിക്കുവാനുള്ള അവസരം നൽകി കേരളാ സ്റ്റാർട്ടപ്പ് മിഷന് കീഴിൽ കൊണ്ടുവന്നു എന്നതൊഴിച്ചാൽ സ്റ്റാർട്ടപ്പ് വില്ലേജിന്റെ പ്രവർത്തനങ്ങളിൽ വിവര സാങ്കേതിക വകുപ്പിന് കീഴിലുള്ള കേരളാ സ്റ്റാർട്ടപ്പ് മിഷന് നേരിട്ടോ അല്ലാതെയോയുള്ള യാതൊരു നിയന്ത്രണവുമില്ലായിരുന്നു. സംസ്ഥാന സർക്കാരിന്റെ ധനസഹായമോ നിയന്ത്രണമോ ഇല്ലാതിരുന്ന പദ്ധതിയായിരുന്നതിനാൽ മറ്റ് വിവരങ്ങൾ ലഭ്യമല്ല.

## ഭാരതീയ ചികിത്സാ വകുപ്പിന്റെ കീഴിലെ വിവിധ വിഭാഗങ്ങൾ

9(*759) ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആയുഷ് വകുപ്പ് നിലവിൽ വന്നശേഷം ഭാരതീയ ചികിത്സാ വകുപ്പിന്റെ കീഴിലെ വിവിധ വിഭാഗങ്ങളിൽ നിന്നുള്ള സേവനം ജനങ്ങൾക്ക് കൂടുതലായി ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(ബി) ഭാരതീയ ചികിത്സാ വകുപ്പിന്റെ കീഴിലെ വിവിധ വിഭാഗങ്ങൾ തമ്മിൽ നിലനിൽക്കുന്ന ആരോഗ്യകരമല്ലാത്ത മത്സരം ചില വിഭാഗങ്ങളുടെ പൂർണ്ണമായ സേവനം ജനങ്ങൾക്ക് ലഭിക്കുന്നതിന് തടസ്സമാവുന്നു എന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ;

(സി) സിദ്ധ, യുനാനി എന്നിവ പോലുള്ള വിഭാഗങ്ങളുടെ ചികിത്സയ്ക്കും ഗവേഷണ പ്രവർത്തനങ്ങൾക്കും കൂടുതൽ സൗകര്യമൊരുക്കി ജനങ്ങൾക്ക് ആ മേഖലയുടെ കൂടി ഗുണഫലങ്ങൾ പൂർണ്ണമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) സംസ്ഥാനത്ത് ആയുഷ് വകുപ്പ് നിലവിൽ വന്നശേഷം ഭാരതീയ ചികിത്സാ വകുപ്പിന്റെ കീഴിലെ വിവിധ വിഭാഗങ്ങളായ ആയുർവ്വേദ, സിദ്ധ, യുനാനി, യോഗ, പ്രകൃതി ചികിത്സ എന്നീ വിഭാഗങ്ങളിൽനിന്നും സേവനം ജനങ്ങൾക്ക് കൂടുതലായി ലഭ്യമാക്കാൻ യോഗ, സിദ്ധ വിഭാഗങ്ങളില്ലാത്ത ജില്ലാ ആശുപത്രികളോട് ചേർന്ന് ആയുഷ് വകുപ്പിൽനിന്നും യൂണിറ്റുകൾ തുടങ്ങുകയും താൽക്കാലികമായി ആവശ്യമായ ഡോക്ടർമാരെയും യോഗ ഇൻസ്ട്രക്ടർമാരെയും നിയമിക്കുകയും ചെയ്തിട്ടുണ്ട്. 8 ജില്ലകളിൽ ആയുഷ് ഗ്രാമം എന്ന പദ്ധതിയിൽ ഡോക്ടർമാർ, ഹെൽപ്പർ തുടങ്ങിയവരെയും നിയമിച്ചിട്ടുണ്ട്. ആയുഷ് ഹോളിസ്റ്റിക് സെന്ററുകളിൽ യുനാനി, സിദ്ധ ഡോക്ടർമാരെയും നിയമിച്ചിട്ടുണ്ട്. 14 ജില്ലകളിലെ തിരഞ്ഞെടുക്കപ്പെട്ട പട്ടികജാതി കോളനികളിൽ ഹരികിരണം പദ്ധതി നടപ്പിലാക്കിയപ്പോൾ എല്ലാ വിഭാഗങ്ങളേയും ഉൾപ്പെടുത്തിയുള്ള മെഡിക്കൽ ക്യാമ്പാണ് നടത്തിയത്.

(ബി) അത്തരത്തിൽ ഒരു പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സിദ്ധ, യുനാനി എന്നിവപോലുള്ള വിഭാഗങ്ങളുടെ ചികിത്സാ ഗുണഫലങ്ങൾ ജനങ്ങളിലേയ്ക്കെത്തിക്കുന്നതിനും ഗവേഷണത്തിനും കൂടുതൽ സൗകര്യമൊരുക്കി ജനങ്ങൾക്ക് ആ മേഖലയുടെകൂടി ഗുണഫലങ്ങൾ പൂർണ്ണമായി ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

**ഭക്ഷ്യഭദ്രതാ നിയമം അനുശാസിക്കുന്ന തർക്ക പരിഹാര സംവിധാനങ്ങൾ**

10 (*760) ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യഭദ്രതാ നിയമം അനുശാസിക്കുന്ന തർക്ക പരിഹാര സംവിധാനങ്ങളെക്കുറിച്ച് വ്യക്തമാക്കുമോ;

(ബി) സംസ്ഥാന ഭക്ഷ്യ കമ്മീഷനെ നിയമിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ;

(സി) നിലവിലെ ഭക്ഷ്യ ഉപദേശക സമിതിക്ക് സമാനമായി എന്ത് സംവിധാനമാണ് ഭക്ഷ്യഭദ്രതാ നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് എന്നറിയിക്കുമോ?

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ&ബി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമത്തിന്റെ സെക്ഷൻ 15 പ്രകാരം പൊതുവിതരണ രംഗത്തുള്ള പരാതികൾ പരിഹരിക്കുന്നതിന് ഓരോ ജില്ലയിലും ജില്ലാതല പരാതി പരിഹാര ഓഫീസർമാരെ സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന പ്രകാരമുള്ള യോഗ്യതകളുടെയും മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ നിയമിക്കണമെന്ന് അനുശാസിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ജില്ലാതല തർക്ക പരിഹാര ഓഫീസർമാരായി അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ്/ഡെപ്യൂട്ടി കളക്ടർ (ജനറൽ) ചുമതലപ്പെടുത്തിയിട്ടുണ്ട്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമത്തിന്റെ സെക്ഷൻ 16 പ്രകാരം സ്റ്റേറ്റ് ഫുഡ് കമ്മീഷനെ നിയോഗിക്കണമെന്ന് അനുശാസിക്കുന്നു. സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ കമ്മീഷൻ നിലവിൽ വരുന്നതുവരെയുള്ള ചുമതല സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷന് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(സി) നിയമത്തിന്റെ സെക്ഷൻ 29 പ്രകാരം എല്ലാ സംസ്ഥാനങ്ങളും 2001-ലെ പി.ഡി.എസ്. (കൺട്രോൾ ഓർഡർ) അനുശാസിക്കുന്ന രീതിയിലുള്ള വിജിലൻസ് കമ്മിറ്റികൾ സംസ്ഥാന, ജില്ലാ, ബ്ലോക്ക്, റേഷൻകട തലത്തിൽ ആരംഭിക്കുവാനുള്ള നടപടികൾ സംസ്ഥാന സർക്കാർ കൈക്കൊള്ളണമെന്നും ഇതിലെ അംഗങ്ങളുടെ ഘടന സംസ്ഥാന സർക്കാർ നിശ്ചയിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

**ചികിത്സയ്ക്കായുള്ള യൂണിവേഴ്സൽ പ്രീപെയ്ഡ് സ്കീം**

11 (*761) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാധാരണ ജനങ്ങൾ ചികിൽസയ്ക്കായി ഭീമമായ തുക ചെലവാക്കേണ്ട സാഹചര്യം ഉണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചികിൽസയ്ക്കായി യൂണിവേഴ്സൽ പ്രീപെയ്ഡ് സ്കീമിന്റെ പരിരക്ഷ നൽകുന്ന പദ്ധതി ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) ഏത് ഇൻഷ്വറൻസ് കമ്പനിയുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി എന്ന് പ്രാവർത്തികമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ

ടീച്ചർ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇക്കാര്യങ്ങൾ സംബന്ധിച്ച് അഡീഷണൽ ചീഫ് സെക്രട്ടറി (എച്ച്. & എഫ്. ഡബ്ല്യു.ഡി.) അദ്ധ്യക്ഷനായും ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ, മെഡിക്കൽ കോളേജിലെ വകുപ്പ് മേധാവികൾ എന്നിവർ അംഗങ്ങളുമായ വിദഗ്ദ്ധ സമിതി ഈ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട ചികിത്സാ പരിശോധനാ പ്രൊസീഡ്യുവറുകളും നിരക്കുകളും തീരുമാനിക്കുകയുണ്ടായി. കരട് ലിസ്റ്റും നിരക്കുകളും ഇപ്പോൾ വിദഗ്ദ്ധർ മറ്റ് സംസ്ഥാനങ്ങളിലേതുമായി താരതമ്യപ്പെടുത്തി പരിശോധിച്ചുവരികയാണ്.

(സി) നടപ്പാക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ പരിശോധിച്ചുവരുന്നു.

**വൺ ടൈം ഫ്രീ മീൽസ് ഫോർ ദി നീഡി**

12 (*762) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ പട്ടിണി രഹിത സംസ്ഥാനമാക്കാൻ 'വൺ ടൈം ഫ്രീ മീൽസ് ഫോർ ദി നീഡി' എന്ന പദ്ധതി കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ആരുടെയെല്ലാം പങ്കാളിത്തമാണ് ഇതിനുവേണ്ടി പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) പദ്ധതി നടത്തിപ്പിനായി ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) ഉണ്ട്.

(ബി) കുടുംബശ്രീയുടെയും സ്വകാര്യമേഖലയുടെയും പങ്കാളിത്തം പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

(സി&ഡി) ഇല്ല.

## സർവ്വകലാശാലകളും ഗവേഷണ സ്ഥാപനങ്ങളും വ്യവസായങ്ങളും തമ്മിലുള്ള ബന്ധം

13 (*763) ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. അനിൽ അക്കര :
ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളും ഗവേഷണ സ്ഥാപനങ്ങളും വ്യവസായങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) വ്യവസായ വളർച്ചയ്ക്ക് ഇവയെ എങ്ങനെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ&ബി) ഉദ്ദേശിക്കുന്നുണ്ട്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളേയും ഗവേഷണ സ്ഥാപനങ്ങളേയും വ്യവസായ മേഖലയുമായി ബന്ധപ്പെടുത്തി സംയുക്ത പ്രവർത്തനത്തിലൂടെ സംസ്ഥാനത്തിന്റെ വ്യവസായ വളർച്ചയ്ക്ക് ഉപയുക്തമാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇവയെ വ്യവസായ സംരംഭമേഖലയുമായി ബന്ധിപ്പിക്കുന്ന ഒരു പദ്ധതി നടപ്പിലാക്കാൻ സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. ഇതുവഴി ചെറുകിട-ഇടത്തരം വ്യവസായ മേഖലയ്ക്ക് മാതൃകാ രൂപരേഖകളും സാങ്കേതിക പരിജ്ഞാനവും നൽകുവാൻ സാധിക്കുന്നതാണ്.

(സി) 2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്കീം തയ്യാറാക്കി വരികയാണ്.

### ദേശീയ ജലപാത

14 (*T764) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ജലപാതകളിൽ എത്ര ഭാഗമാണ് ദേശീയ ജലപാതയായി പ്രഖ്യാപിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) കൊല്ലം മുതൽ കോവളം വരെയുള്ള ഭാഗം പ്രഖ്യാപിത ദേശീയ ജലപാതയുടെ കീഴിൽ വരുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ജലപാതയുടെ ഭാഗം വൃത്തിയാക്കുകയാണെങ്കിൽ അത് ടൂറിസത്തിനും ജലഗതാഗതത്തിനും വളരെ പ്രയോജനകരമായിരിക്കും എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനായി എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) 590.18 കി.മീറ്റർ നീളം വരുന്ന സംസ്ഥാന ഉൾനാടൻ ജലപാതയിൽ 328 കി.മീ. ദൂരം (കൊല്ലം മുതൽ കോഴിക്കോട് വരെ) നാഷണൽ വാട്ടർവേ ആക്ട് പ്രകാരം ദേശീയ ജലപാത-III ആയി വിജ്ഞാപനം ചെയ്തിട്ടുണ്ട്. കൂടാതെ ഇതിന്റെ ഉപകനാലുകളായ ഉദ്യോഗമണ്ഡൽ കനാൽ, ചമ്പക്കര കനാൽ, കോട്ടയം-വൈക്കം കനാൽ, ആലപ്പുഴ - ചങ്ങനാശ്ശേരി കനാൽ, ആലപ്പുഴ-കോട്ടയം-അതിരമ്പുഴ കനാൽ എന്നീ പാതകളെയും ദേശീയ ജലപാതയായി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) ഇല്ല. നിലവിലുള്ള നാഷണൽ വാട്ടർവേ ആക്ട് 2016 പ്രകാരം കോവളം-കൊല്ലം ജലപാതയെ ദേശീയ ജലപാതയായി പ്രഖ്യാപിച്ചിട്ടില്ല. കാരണം കോവളം മുതൽ കൊല്ലം വരെയുള്ള ഭാഗത്ത് കൊല്ലംതോട്, ടി.എസ്. കനാൽ, വർക്കല തുരപ്പ്, പാർവ്വതീ പുത്തനാർ തുടങ്ങിയ ഭാഗങ്ങളിൽ അനധികൃത കയ്യേറ്റംമൂലം ദേശീയ ജലപാത മാനദണ്ഡമനുസരിച്ചുള്ള വീതി നിലവിലില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവളം മുതൽ കൊല്ലം വരെയുള്ള പാതയിൽ വിവിധ ഭാഗങ്ങളിൽ സംസ്ഥാന ജലപാതയുടെ നിലവാരത്തിലും അളവുകളിലും പ്രവൃത്തികൾ നടത്തി നവീകരിച്ചുവരികയാണ്. പുനരുദ്ധാരണപ്രവർത്തനങ്ങളുടെ ഭാഗമായി നിലവിലുള്ള ജലപാതയുടെ ആഴം കുറഞ്ഞത് പുനഃസ്ഥാപിക്കുക, വശങ്ങൾ സംരക്ഷിക്കുക, ജലപാതയുടെ കുറുകേയുള്ള നിർമ്മിതികൾ പുനഃനിർമ്മിക്കുക, നിർദ്ദിഷ്ട വീതിയിൽ കുറവുവന്ന സ്ഥലങ്ങളിൽ വീതി പുനഃസ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ നടത്തി വീതി നിലനിർത്തുക എന്നീ നടപടികളാണ് സ്വീകരിച്ചു വരുന്നത്.

## സിമന്റിന്റെ കൃത്രിമക്ഷാമവും വിലക്കയറ്റവും തടയുന്നതിന് നടപടി

15 (*765) ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. ആൻസലൻ :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിർമ്മാണമേഖല നേരിടുന്ന പ്രതിസന്ധി പരിശോധിച്ചിട്ടുണ്ടോ;

(ബി) കൃത്രിമക്ഷാമം സൃഷ്ടിച്ച് സിമന്റ് കമ്പനികൾ അന്യായമായ തോതിൽ വില വർദ്ധിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അയൽസംസ്ഥാനങ്ങളിൽ പ്രാബല്യത്തിലുള്ള വിലയുടെ ഇരട്ടിയിലധികം വില സംസ്ഥാനത്ത് നിശ്ചയിച്ചിരിക്കുന്നത് നീതികരിയ്ക്കാനാകാത്തതാണ് എന്നത് പരിശോധിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് സിമന്റിന്റെ കൃത്രിമക്ഷാമവും വിലക്കയറ്റവും തടയുന്നതിന് ഏതെല്ലാം രീതിയിൽ ഇടപെടാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിയ്ക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ-സി) പരിശോധിച്ചിട്ടുണ്ട്. കേരളത്തിൽ സിമന്റിന്റെ വില വളരെ കൂടുതലാണെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 29-7-2016-ൽ അന്നത്തെ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സിമന്റ് വിതരണക്കാർ ഉന്നയിച്ച പ്രധാന പരാതി, സിമന്റ് ഉൽപ്പാദകർ നേരിട്ട് ഫ്ലാറ്റ് നിർമ്മാതാക്കൾ പോലെയുള്ളവർക്ക് കുറഞ്ഞ വിലയ്ക്ക് സിമന്റ് വിതരണം ചെയ്യുന്നുവെന്നും സാധാരണക്കാർക്ക് വിതരണം ചെയ്യേണ്ട സിമന്റിന്റെ വില യാതൊരു മുന്നറിയിപ്പും കൂടാതെ ക്രമാതീതമായി വർദ്ധിപ്പിക്കുന്നു എന്നുമാണ്. അയൽ സംസ്ഥാനങ്ങളിൽ സിമന്റിന്റെ വില കേരളത്തിലെ വിലയേക്കാൾ വളരെ കുറവാണെന്നത് ഒരു വസ്തുതയാണ്. സിമന്റിന്റെ ഉൽപ്പാദകരുമായി പ്രത്യേകം ചർച്ച നടത്തി ഇക്കാര്യത്തിൽ സാധ്യമായ ഇടപെടൽ നടത്തുന്ന കാര്യം സർക്കാർ പരിശോധിച്ച് വരികയാണ്. സർക്കാർ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന മലബാർ സിമന്റ്സ് കേരളത്തിൽ ആവശ്യമുള്ള സിമന്റിന്റെ 10 ശതമാനം മാത്രമേ ഉൽപ്പാദിപ്പിക്കുന്നുള്ളൂ. വിപണിയിലെ സാന്നിദ്ധ്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മലബാർ സിമന്റ്സ് വിപണി വിലയേക്കാൾ 25 രൂപ കുറവായാണ് ചില്ലറവിൽപ്പന വില നിശ്ചയിച്ചിരിക്കുന്നത്. മലബാർ സിമന്റ്സിന്റെ അടഞ്ഞുകിടന്നിരുന്ന ചേർത്തലയിലെ സിമന്റ് ഗ്രൈന്റിംഗ് യൂണിറ്റ് തുറന്ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ കൊച്ചിൻ പോർട്ട് ട്രസ്റ്റിൽനിന്ന് പാട്ടത്തിനെടുത്ത സ്ഥലത്ത് ക്ലിങ്കറും സിമന്റും ഇറക്കുമതി ചെയ്ത് ഉല്പാദനവും വിപണനവും വിപുലീകരിക്കുന്നതിനുള്ള ഒരു പദ്ധതിയും ആരംഭിച്ചിട്ടുണ്ട്. അടുത്തകാലത്തുണ്ടായ ചില പ്രശ്നങ്ങളെത്തുടർന്ന് അസംസ്കൃത വസ്തുക്കളായ സ്വീറ്റ്നർ ഗ്രേഡ് ചുണ്ണാമ്പുകല്ല്, കൽക്കരി, ലാറ്ററൈറ്റ് എന്നിവ ലഭ്യമാകാത്തതു കാരണം വാളയാർ യൂണിറ്റിൽ ഉല്പാദനം നിർത്തി വയ്ക്കേണ്ടതായി വന്നു. എന്നാൽ കൊച്ചിൻ പോർട്ടിൽ സ്റ്റോക്കുണ്ടായിരുന്ന ക്ലിങ്കറിൽ 8000 ടൺ വാളയാർ യൂണിറ്റിലേയ്ക്ക് കൊണ്ടുപോയി സിമന്റ് ഉൽപ്പാദിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മലബാർ സിമന്റ്സിന്റെ ഉൽപ്പാദനം വർദ്ധിപ്പിച്ചും അസംസ്കൃത വസ്തുക്കൾ നേരിട്ട് ഇറക്കുമതി ചെയ്തും വിപണിയിൽ ഒരു മാറ്റമുണ്ടാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

## ജനറിക് മരുന്നുകൾ സൗജന്യമായി നൽകുന്ന പദ്ധതി

16 (*766) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്രാന്റഡ് മരുന്നു കമ്പനികളുടെ ചൂഷണത്തിൽനിന്നും സാധാരണ ജനങ്ങൾക്ക് സംരക്ഷണം നൽകുന്നതിന് ഉദ്ദേശിച്ചുള്ള ജനറിക് മരുന്നുകൾ സൗജന്യമായി നല്കുന്ന പദ്ധതി വിലയിരുത്തിയിട്ടുണ്ടോ; വിശദവിവരം നൽകാമോ;

(ബി) ജനറിക് മരുന്നുകളുടെ ശേഖരണം, വിതരണം എന്നിവയ്ക്ക് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനമെന്താണ്; വിശദമാക്കുമോ;

(സി) ജനങ്ങൾക്ക് വിതരണത്തിന് ശേഖരിച്ച മരുന്നുകൾ ഉപയോഗ ശൂന്യമായ സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ചികിത്സയ്ക്കായി സർക്കാർ ആശുപത്രികളെ സമീപിക്കുന്ന സാധാരണക്കാരായ ജനങ്ങൾക്ക് ബ്രാന്റഡ് മരുന്നുകമ്പനികളുടെ ചൂഷണത്തിൽനിന്നും സംരക്ഷണം നൽകുക എന്ന ലക്ഷ്യത്തോടെ ജനറിക് മരുന്നുകൾ സൗജന്യമായി നൽകുന്ന പദ്ധതി 2012 നവംബർ മാസം 1-ന് ആരംഭിച്ചു. പ്രാരംഭഘട്ടത്തിൽ 5 സർക്കാർ മെഡിക്കൽകോളേജുകളിലും (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്), തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജനറൽ ആശുപത്രികളിലുമായി ആരംഭിച്ച മേൽ പദ്ധതി 2013 ഒക്ടോബർ 2 മുതൽ സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലേയ്ക്കും വ്യാപിപ്പിച്ചു. മരുന്നുകളും അനുബന്ധ ഉൽപ്പന്നങ്ങളുമായി 939 ഇനങ്ങൾ (അവശ്യമരുന്ന പട്ടിക പ്രകാരം 518, നാഷണൽ ഡ്രഗ് ലിസ്റ്റ് പ്രകാരം 314, ക്യാൻസർ രോഗ ചികിത്സയ്ക്കായുള്ള 107 എണ്ണം) പ്രസ്തുത മരുന്നുപട്ടികയിൽ ഉൾപ്പെട്ടിരുന്നു. ആരോഗ്യ വകുപ്പിലെയും ആരോഗ്യ-വിദ്യാഭ്യാസ വകുപ്പിലെയും വിദഗ്ദ്ധ ഡോക്ടർമാർ ഉൾപ്പെട്ട കമ്മിറ്റി കൃത്യമായ ഇടവേളകളിൽ യോഗം ചേരുകയും മേൽ മരുന്നുപട്ടികയിലെ ഓരോ ഇനങ്ങളും ചുവടെ സൂചിപ്പിച്ചിരിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സൂക്ഷ്മ പരിശോധന നടത്തുകയും കാലാനുസൃതമായി പരിഷ്കരിക്കുകയും ചെയ്തുവരുന്നു.

പ്രധാന മാനദണ്ഡങ്ങൾ:

1. പ്രസ്തുത ഇനത്തിന്റെ വാർഷിക ഇൻഡന്റ്
2. വിതരണക്കാരെ ലഭ്യമാകാത്തതിന്റെ വിശദാംശങ്ങൾ
3. പ്രസ്തുത ഇനത്തിന് ദേശീയ മരുന്നുപട്ടികയിലുള്ള സ്ഥാനം
4. പ്രസ്തുത മരുന്നിന് പകരം ഉപയോഗിക്കാൻ സാധിക്കുന്ന മരുന്നിന്റെ ലഭ്യത/സ്പെസിഫിക്കേഷൻ
5. മറ്റ് സംസ്ഥാനങ്ങളിലെ ജനറിക് മരുന്ന് നയം

അതനുസരിച്ച്, നിലവിൽ ക്യാൻസർ രോഗചികിത്സയ്ക്കുള്ള 65 ഇനം മരുന്നുകൾ ഉൾപ്പെടെ 590 ഇനം മരുന്നുകളും അനുബന്ധസാമഗ്രികളുമാണ് 2017-18 സാമ്പത്തിക വർഷം സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾക്ക് നൽകുന്നതിനായുള്ള അവശ്യമരുന്നുപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത്.

(ബി) സംസ്ഥാന ആരോഗ്യ വകുപ്പിനും ആരോഗ്യ-വിദ്യാഭ്യാസ വകുപ്പിനും കീഴിലുള്ള സർക്കാർ ആശുപത്രികൾക്കാവശ്യമായ മരുന്നുകളും അനുബന്ധ സാമഗ്രികളും പ്രസ്തുത വകുപ്പ് മേലധികാരികൾ നൽകുന്ന വാർഷിക ഇൻഡന്റിന്റെ അടിസ്ഥാനത്തിൽ ശേഖരിച്ച് വിവിധ ജില്ലാ മരുന്ന് സംഭരണകേന്ദ്രങ്ങൾ മുഖേന നൽകിവരുന്നത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനാണ്. സർക്കാർ സ്ഥാപനമായ വിവര സാങ്കേതിക മിഷന്റെ (ഐ.റ്റി. മിഷൻ) വെബ്പോർട്ടൽ മുഖേന ദേശീയതലത്തിൽ ക്ഷണിക്കപ്പെടുന്ന മത്സര സ്വഭാവമുള്ള സുതാര്യ ഇ-ടെണ്ടർ നടപടിക്രമങ്ങളിലൂടെയാണ് ജനറിക് മരുന്നുകളുടെ സംഭരണം നടത്തിവരുന്നത്. മരുന്നുകളും അനുബന്ധ സാമഗ്രികളും സംഭരിച്ച് വിതരണം ചെയ്യുന്നതിനായി തികച്ചും ശാസ്ത്രീയമായ രീതിയിൽ പ്രവർത്തിക്കുന്ന 21 ജില്ലാ സംഭരണശാലകളാണ് കോർപ്പറേഷന് കീഴിലുള്ളത്. ടി സംഭരണശാലകളിലെല്ലാം തന്നെ ഹെവി ഡ്യൂട്ടി റാക്കുകൾ, ശീതീകരണ റൂം, താപനിലയും ഊഷ്മാവും നിയന്ത്രിതമായ റൂം, ഹൈവാല്യൂ റൂം, ആൻസിലറി റൂം, ഐ.എൽ.ആർ, പെല്ലറ്റ്സുകൾ എന്നിവയോടുകൂടിയ വിവരസാങ്കേതികവിദ്യയുടെ സഹായത്തോടുകൂടി സംസ്ഥാനത്തെ ആരോഗ്യകേന്ദ്രങ്ങളെ കോർപ്പറേഷന്റെ സംഭരണ കേന്ദ്രങ്ങളുമായി ബന്ധിച്ചിട്ടുണ്ട്. ഫസ്റ്റ് എക്സ്പയറി ഫസ്റ്റ് ഔട്ട് എന്ന മാനദണ്ഡത്തിൽ സോഫ്റ്റ്‌വെയർ മുഖാന്തിരം മാത്രം മരുന്നുകൾ വിതരണം ചെയ്തുവരുന്നു. ടി മരുന്നുകൾ ആശുപത്രികളിലേയ്ക്ക് എത്തിക്കുന്നതിലേയ്ക്കായി പൂർണ്ണമായും മൂടപ്പെട്ട വാഹനങ്ങളാണ് ഉപയോഗിച്ചു വരുന്നത്.

(സി) ഉണ്ട്. 2008-ൽ സെൻട്രൽ പർച്ചേസ് കമ്മിറ്റിയിൽനിന്നും കൈമാറി ക്കിട്ടിയ സംഭരണശാലകളും സെൻട്രൽ പർച്ചേസ് കമ്മിറ്റിവഴി സംഭരിച്ച മരുന്നുകളും കൈമുതലാക്കിയാണ് കോർപ്പറേഷൻ പ്രവർത്തനം ആരംഭിക്കുന്നത്. ആരോഗ്യ വകുപ്പും ആരോഗ്യ-വിദ്യാഭ്യാസ വകുപ്പും സംയുക്തമായി നൽകുന്ന ഇൻഡന്റിന് അനുസൃതമായാണ് കോർപ്പറേഷൻ മരുന്നുകൾ സംഭരിച്ച് വിതരണം ചെയ്തുവരുന്നത്. ഇൻഡന്റ് ചെയ്ത തോത് മരുന്നുകൾ പൂർണ്ണമായും ആശുപത്രികൾ സ്വീകരിക്കാത്ത കാരണത്താൽ മരുന്നുകൾ ഉപയോഗശൂന്യമായിട്ടുണ്ട്. ഇതിനു പുറമെ റാഷണൽ ഡ്രഗ്ഗ് ലിസ്റ്റ് (RDL) പദ്ധതിയിൽ സംഭരിച്ച ഇനങ്ങൾ പ്രധാന മെഡിക്കൽ കോളേജുകൾപോലും സ്വീകരിക്കാത്തതിനാൽ അവയും ഉപയോഗ ശൂന്യമായിട്ടുണ്ട്. 2012-ലെ സർക്കാർ ഉത്തരവ് നമ്പർ 1990/2012/ആ.കു.വ തീയതി 16-6-2012 അനുസരിച്ച് കാലഹരണപ്പെട്ടതും ഗുണനിലവാരമില്ലാത്തതും കരിമ്പട്ടികയിൽ ഉൾപ്പെട്ടതും സെൻട്രൽ പർച്ചേസ് കമ്മിറ്റിവഴി കൈമാറിയതുമായ ഉപയോഗ ശൂന്യമായ ഇനങ്ങൾ കണ്ടംനേഷൻ നടത്തിയിട്ടുണ്ട്. വാർഷിക ഇൻഡന്റിനനുസൃതമായി ആശുപത്രികൾ മരുന്നുകൾ സ്വീകരിക്കാത്ത സാഹചര്യം രൂക്ഷമായി തുടർന്നപ്പോൾ അടുത്ത ആറുമാസത്തിനുള്ളിൽ കാലാവധി കഴിയുന്ന മരുന്നുകളുടെ ജില്ലാ അടിസ്ഥാനത്തിലുള്ള പട്ടിക എല്ലാ മാസത്തെയും ആദ്യവാരത്തിനുള്ളിൽതന്നെ ആരോഗ്യ വകുപ്പ് മേധാവിക്കും ആരോഗ്യ-വിദ്യാഭ്യാസ വകുപ്പ് മേധാവിക്കും മുൻകൂർ നടപടി സ്വീകരിക്കുന്നതിലേയ്ക്കായി നൽകിവരുന്നുണ്ട്.

**എമർജൻസി റിപ്പാട്രിയേഷൻ ഫണ്ട്**

17 (*767) ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ രാജ്യങ്ങളിൽ ദുരിതമനുഭവിക്കുന്ന പ്രവാസികളെ അടിയന്തര ഘട്ടങ്ങളിൽ സഹായിക്കുന്നതിന് "എമർജൻസി റിപ്പാട്രിയേഷൻ ഫണ്ട്" നിലവിലുണ്ടോ;

(ബി) എങ്കിൽ ഈ നിധിയുടെ വിനിയോഗം സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ;

(സി) ആഭ്യന്തര കലാപം രൂക്ഷമായ രാജ്യങ്ങളിൽനിന്നും പ്രവാസികളെ നാട്ടിലെത്തിക്കുന്നതിന് ഈ ഫണ്ട് വിനിയോഗിക്കുന്നതിന് അനുമതിയുണ്ടോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഈ ഫണ്ട് വഴി എന്തു തുക ചെലവഴിച്ചുവെന്നും ഏതെല്ലാം കേസുകളിലാണെന്നും വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) വിദേശ രാജ്യങ്ങളിൽ ദുരിതമനുഭവിക്കുന്ന പ്രവാസികളെ അടിയന്തര ഘട്ടങ്ങളിൽ സഹായിക്കുന്നതിന് "എമർജൻസി റിപ്പാട്രിയേഷൻ ഫണ്ട്" നിലവിലുണ്ട്.

(ബി) അടിയന്തര സാഹചര്യത്തിൽ, കേന്ദ്രസർക്കാർ പ്രവാസി മലയാളികളെ ഇന്ത്യയിൽ എത്തിക്കുമ്പോൾ അവിടെനിന്നും അവരെ വീടുകളിലെത്തിക്കുന്നതിനുള്ള ചെലവ് സംസ്ഥാന സർക്കാർ വഹിച്ചുവരുന്നു. എമർജൻസി റിപ്പാട്രിയേഷനുവേണ്ടി 14-10-2015-ൽ സർക്കാർ 50,00,000 രൂപ അനുവദിച്ചിരുന്നു. ഈ തുക യമൻ, ഇറാക്ക്, ലിബിയ, ചെന്നൈ എന്നിവിടങ്ങളിൽനിന്ന് എമർജൻസി റിപ്പാട്രിയേഷന് ഉപയോഗിച്ചിരുന്നു. എന്നാൽ അനുവദിച്ചതിനേക്കാൾ കൂടുതൽ തുക ആവശ്യമായി വന്നതിനാൽ 20-10-2016-ൽ ഈ സർക്കാർ 98,33,889 രൂപ കൂടി അനുവദിച്ചിട്ടുണ്ട്.

(സി) അനുമതിയുണ്ട്. വിദേശരാജ്യങ്ങളിൽനിന്ന് പ്രവാസികളെ ഇന്ത്യയിൽ എത്തിക്കുന്നത് കേന്ദ്ര ഗവൺമെന്റാണ്. ഇന്ത്യയിൽ എത്തിയ പ്രവാസി മലയാളികളെ അവരുടെ വീടുകളിൽ എത്തിക്കുന്നതിനുള്ള ചെലവ് സംസ്ഥാന സർക്കാർ വഹിച്ചുവരുന്നു.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എമർജൻസി റിപ്പാട്രിയേഷനു വേണ്ടി 2014-15, 2015-16 വർഷത്തെ അധികം ചെലവായ 98,33,889 രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. കലാപം രൂക്ഷമായിരുന്ന ഇറാക്ക്, ലിബിയ എന്നിവിടങ്ങളിൽനിന്നും കേരളീയരെ നാട്ടിലെത്തിച്ച വകയിൽ 78,65,149 രൂപ, ചെന്നൈ വെള്ളപ്പൊക്കവുമായി ബന്ധപ്പെട്ട് മലയാളികളെ നാട്ടിലെത്തിച്ച വകയിൽ 53,261 രൂപ, 2016-ൽ ലിബിയയിൽനിന്നും കേരളീയരെ നാട്ടിലെത്തിച്ച വകയിൽ വിമാന ടിക്കറ്റിന് 18,77,030 രൂപ, കൊച്ചി വിമാനത്താവളത്തിൽ ഹെൽപ് ഡെസ്ക് സ്ഥാപിച്ച വകയിൽ 38,449 രൂപ എന്നിങ്ങനെയാണ് ചെലവഴിച്ചിട്ടുള്ളത്. ഇതുകൂടാതെ, ഈ സർക്കാർ വന്നതിനുശേഷം സൗദിഅറേബ്യയിലെ 91 മലയാളിത്തൊഴിലാളികളെ നാട്ടിലെത്തിക്കുന്നതുമായി ബന്ധപ്പെട്ട് കേരളം, ഡൽഹി, മുംബൈ എയർപോർട്ടുകളിൽ ഹെൽപ്പ് ഡെസ്ക് സ്ഥാപിച്ച വകയിലും തിരികെ വന്ന പ്രവാസികൾക്ക് യാത്രാ ചെലവിനായി തുക നൽകിയ വകയിലും 3,26,262 രൂപ ചെലവഴിച്ചിട്ടുണ്ട്.

## ക്യാൻസർ ബാധിതരുടെ എണ്ണം

18(*768) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ തരം ക്യാൻസർ ബാധിച്ചവരുടെ എണ്ണം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) പ്രാരംഭ ഘട്ടത്തിൽ രോഗനിർണ്ണയം നടത്തിയാൽ ചികിത്സിച്ച് ഭേദമാക്കാവുന്ന ബ്രെസ്റ്റ് ക്യാൻസർ ഉൾപ്പെടെയുള്ള ക്യാൻസർ നിർണ്ണയത്തിന് പദ്ധതി ആവിഷ്കരിക്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രാരംഭ ഘട്ടത്തിലുള്ള രോഗ നിർണ്ണയത്തിനും ചികിത്സയ്ക്കുമായി ഫലപ്രദമായ എന്തെല്ലാം പ്രചരണ പരിപാടികളാണ് സ്വീകരിയ്ക്കാനുദ്ദേശിക്കുന്നത്;

(ഡി) ജീവിത ശൈലിയും ജീവിത സാഹചര്യങ്ങളും ഈ അസുഖത്തിന് കാരണമാകുന്നുണ്ടെന്ന കണ്ടെത്തലിന്റെ പശ്ചാത്തലത്തിൽ ജനങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് ക്യാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്നതായാണ് തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിലെ രജിസ്ട്രിയുടെ കണക്കുകൾ സൂചിപ്പിക്കുന്നത്. പ്രതിവർഷം അൻപതിനായിരത്തിൽപ്പരം പുതിയ രോഗികൾ രജിസ്റ്റർ ചെയ്യപ്പെടുന്നതായും ഇരുപതിനായിരത്തിലധികം മരണം സംഭവിക്കുന്നതായും കണക്കാക്കപ്പെടുന്നു.

(ബി) പ്രാരംഭഘട്ടത്തിൽതന്നെ നിർണ്ണയിക്കപ്പെടാവുന്നതും നിർണ്ണയിക്കപ്പെട്ടാൽ മെച്ചപ്പെട്ട ചികിത്സ നൽകാവുന്നതുമായ വദനാർബുദം (ഓറൽ ക്യാൻസർ), സ്തനാർബുദം (ബ്രസ്റ്റ് ക്യാൻസർ), ഗർഭാശയ ക്യാൻസർ (സെർവിക്കൽ ക്യാൻസർ) എന്നീ ക്യാൻസറുകൾക്കാണ് ക്യാൻസർ രോഗനിർണ്ണയ നിയന്ത്രണ പരിപാടിയിലൂടെ ആരോഗ്യ വകുപ്പ് മുൻതൂക്കം നൽകുന്നത്. ഇതിനായി എല്ലാ സാമ്പത്തിക വർഷവും ഡോക്ടർമാർക്കും നഴ്സുമാർക്കും റീജിയണൽ ക്യാൻസർ സെന്ററുകളിൽവച്ച് പരിശീലനം നൽകി ജില്ലയിലെ വിവിധ ആരോഗ്യകേന്ദ്രങ്ങളിൽ വിന്യസിച്ചിട്ടുണ്ട്. ഇതിനു പുറമെ ഗ്രാമ/നഗര പ്രദേശങ്ങളിൽ ക്യാൻസർ നിർണ്ണയ ക്യാമ്പുകൾ നടത്തുകയും പ്രാരംഭ ദശയിലുള്ള ക്യാൻസറുകൾ കണ്ടെത്തുകയും ചെയ്യുന്നു.

(സി) എല്ലാ സാമ്പത്തിക വർഷവും ക്യാൻസർ കെയർ പദ്ധതിയുടെ ഭാഗമായി ക്യാൻസർ രോഗത്തെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടികൾ ആരോഗ്യ വകുപ്പ് സംഘടിപ്പിച്ചുവരുന്നു. സ്കൂൾ, കോളേജ് കുട്ടികൾക്കായി എക്സിബിഷൻ, പോസ്റ്റർ പ്രദർശനം, ആരോഗ്യ ബോധവൽക്കരണം, മത്സരങ്ങൾ തുടങ്ങിയവ റീജിയണൽ ക്യാൻസർ സെന്ററുകളുടെ സഹായത്തോടുകൂടി ആരോഗ്യ വകുപ്പ് നടപ്പിലാക്കിവരുന്നു. എല്ലാ ക്യാൻസർ രോഗനിർണ്ണയ ക്യാമ്പിനോടുമനുബന്ധിച്ച് ക്യാൻസർ രോഗത്തെക്കുറിച്ചും അതുണ്ടാവാനുള്ള കാരണങ്ങളെക്കുറിച്ചും ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചുവരുന്നു.

(ഡി) ജീവിതശൈലിയും ജീവിത സാഹചര്യങ്ങളും ക്യാൻസർ രോഗവുമായി ഏറെ ബന്ധപ്പെട്ടിരിക്കുന്നു. ക്യാൻസർ രോഗ നിർണ്ണയത്തിന് ജീവിതശൈലിയിൽ കാതലായ മാറ്റങ്ങൾ വരുത്തേണ്ടതായിട്ടുണ്ട്. ഭക്ഷണം, വ്യായാമം, ലഹരി തുടങ്ങിയ കാര്യങ്ങളിൽ ആരോഗ്യപരമായ സമീപനം അത്യന്താപേക്ഷിതമാണ്. ഈ ലക്ഷ്യങ്ങൾ മുൻനിർത്തി സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കിവരുന്ന ജീവിതശൈലീ രോഗനിയന്ത്രണ പരിപാടിയിൽ ആരോഗ്യ ബോധവൽക്കരണത്തിനും രോഗങ്ങൾ നേരത്തേ കണ്ടെത്തുന്നതിനും പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

## ഖാദി മേഖലയിലെ തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്തുവാൻ നടപടി

19(*769) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഖാദി മേഖലയിലെ തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിനായി എന്തെല്ലാം നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തൊഴിലാളികളുടെ മിനിമം വേതനം ഉയർത്തി നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) ഖാദി ഉൽപ്പാദന മേഖലയിൽ പ്രീ-പ്രോസസ്സിംഗിന് സെമി ആട്ടോമേഷൻ, സോളാർ വൈദ്യുതി ഉപയോഗിച്ചുള്ള ചെറുയന്ത്രങ്ങൾ എന്നിവ ഉപയോഗിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ&ബി) നിലവിൽ ഖാദി തൊഴിലാളികൾക്ക് 8-1-2010 മുതൽ മിനിമം വേതനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ഉല്പാദന ഇൻസെന്റീവ്, ഉത്സവബത്ത, ക്ഷേമനിധി ബോർഡ് ആനുകൂല്യങ്ങൾ, ഇ.എസ്.ഐ. പരിരക്ഷ, ഇൻഷ്വറൻസ് പരിരക്ഷ, മാർക്കറ്റിംഗ് ഡെവലപ്മെന്റ് അസിസ്റ്റൻസിൽനിന്നും ലഭിക്കുന്ന വിഹിതം തുടങ്ങിയ സാമ്പത്തിക ആനുകൂല്യങ്ങളും ലഭിക്കുന്നുണ്ട്. ഇതര തൊഴിൽ മേഖലയുമായി താരതമ്യം ചെയ്യുമ്പോൾ പരമ്പരാഗത വ്യവസായമായ ഖാദിയിൽ കൂലി കുറവാണെങ്കിലും മറ്റ് ക്ഷേമ ആനുകൂല്യങ്ങൾ വളരെ മെച്ചപ്പെട്ട നിലയിൽ നൽകിവരുന്നതിനാൽ തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്താൻ

കഴിഞ്ഞിട്ടുണ്ട്. ഖാദിയുടെ വിലനിലവാരം നിശ്ചയിക്കുന്ന കോസ്റ്റ് ചാർട്ട് പരിഷ്കരിച്ചുകൊണ്ട് 2-10-2016 മുതൽ ഖാദിത്തൊഴിലാളികളുടെ വേതനത്തിൽ 40% മുതൽ 60% വരെ വർദ്ധനവ് നടപ്പിലാക്കിയിട്ടുണ്ട്. ജീവിത സൂചിക ഉയരുന്നതിനനുസരിച്ച് മിനിമം വേതന പ്രകാരമുള്ള ക്ഷാമബത്ത നൽകുന്നുണ്ട്. ഖാദി മേഖല ശക്തിപ്പെടുത്തുന്നതിന് ആധുനികവൽക്കരണവും മാർക്കറ്റിംഗും ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നു. 2016-17 വർഷം ഓണം വരെ 84 കോടി രൂപയുടെ വിൽപ്പന ഉയർത്തുവാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ കണ്ണൂർ ജില്ലയിലെ ഏറ്റുകുടുക്കയിൽ സ്ലൈവർ പ്രോജക്ടിന്റെ ആധുനികവൽക്കരണം, ഖാദി ഉല്പന്നങ്ങൾക്ക് വിപുലമായ പ്രചാരണം, ബ്രാന്റ് മാർക്കറ്റിംഗ്, തേനീച്ച വളർത്തൽ വ്യവസായ വികസനം, ഗ്രാമീണ വ്യവസായങ്ങളുടെ യൂണിറ്റ് ശക്തിപ്പെടുത്തൽ, റെഡിമെയ്ഡ് വസ്ത്ര യൂണിറ്റ്, ഗ്രാമീണ എണ്ണയാട്ട് യൂണിറ്റ് തുടങ്ങിയവ ശക്തിപ്പെടുത്തുന്നതിനും ഉദ്ദേശിക്കുന്നു. മിനിമം വേതനം ഉയർത്തുന്നത് സംബന്ധിച്ച ഖാദി ബോർഡിന്റെ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ഖാദി ഉല്പാദന മേഖലയിൽ പ്രീ-പ്രോസസിംഗിന് ഭാഗികമായി യന്ത്രവൽക്കരണം നടപ്പിലാക്കിയിട്ടുണ്ട്. സോളാർ വൈദ്യുതി പ്രയോജനപ്പെടുത്തി തൊഴിലാളികളുടെ അധ്വാനഭാരം കുറയ്ക്കുന്നതിനും ഉല്പാദന വർദ്ധനവിനും ഉതകുന്ന സാങ്കേതിക പരിഷ്കാരങ്ങൾക്ക് ഐ.ഐ.റ്റി. ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ സഹകരണത്തോടെ പദ്ധതി ആവിഷ്കരിക്കുന്നതാണ്.

## നദീജലം പങ്കിടുന്നത് സംബന്ധിച്ച കരാറുകൾ

20(*770) ശ്രീ. പി. കെ. ശശി :
ശ്രീ. എം. എം. മണി :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയൽ സംസ്ഥാനങ്ങളായ തമിഴ്നാട്, കർണ്ണാടകം എന്നിവയുമായി നദീജലം പങ്കിടുന്നത് സംബന്ധിച്ച കരാറുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്രകാരമുള്ള ഓരോ കരാറിലെയും വ്യവസ്ഥയനുസരിച്ച് സംസ്ഥാനത്തിന് ലഭിക്കേണ്ട വെള്ളത്തിന്റെ അളവ് എത്രയാണെന്നും ഈ അളവിൽ ഓരോ വർഷവും എന്നു മുതൽ എന്നുവരെയാണ് വെള്ളം ലഭിക്കേണ്ടതെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത കരാറുകൾ പ്രകാരം സംസ്ഥാനത്തിന് ജലം ലഭിക്കുന്നുണ്ടോ; ഇത് പരിശോധിക്കാൻ എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളത്; ജലം ലഭ്യമാകാത്ത സാഹചര്യത്തിൽ ഇതു സംബന്ധിച്ച പരാതികൾ ഇതുമായി ബന്ധപ്പെട്ട സമിതികളിൽ ഉന്നയിച്ചിട്ടുണ്ടോ;

(ഡി) കരാർ പാലിക്കാത്ത സംസ്ഥാനങ്ങളുടെ പേരിൽ കേരളം ഏതെങ്കിലും കോടതികളിൽ വ്യവഹാരം നൽകുകയോ ഇത് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയോ ചെയ്തിട്ടുണ്ടോ;

(ഇ) സംസ്ഥാനത്തിന് നദീജലം പങ്കിടുന്നത് സംബന്ധിച്ച കരാറുകൾ പ്രകാരം അർഹമായ ജലം ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനും ഇതു സംബന്ധിച്ച് ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുന്നതിനും എന്തെല്ലാം മാർഗ്ഗങ്ങൾ അവലംബിയ്ക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) നദീജലം പങ്കുവയ്ക്കുന്നതുമായി ബന്ധപ്പെട്ട് കേരളം തമിഴ്നാടുമായി മൂന്ന് കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. 29-5-1970-ൽ കേരളവും തമിഴ്നാടും 9-11-1958 മുതൽ മുൻകാല പ്രാബല്യത്തോടെ ഒപ്പുവച്ച പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി.) കരാർ, 19-8-1973-ൽ ഒപ്പുവച്ച ശിരുവാണി കുടിവെള്ള പദ്ധതി കരാർ, 1886 ഒക്ടോബർ 29-ന് തിരുവിതാംകൂർ മഹാരാജാവും, സെക്രട്ടറി ഓഫ് സ്റ്റേറ്റ് ഫോർ ഇന്ത്യ ഇൻ കൗൺസിലും ഒപ്പുവച്ച പെരിയാർ പാട്ടക്കരാർ, 1970-ലെ മുല്ലപ്പെരിയാർ അനുബന്ധകരാറുകൾ എന്നിവയാണ് അവ (പെരിയാർ പാട്ടക്കരാറിന് നിയമസാധുത ഇല്ലെന്നാണ് കേരളത്തിന്റെ നിലപാടെങ്കിലും 7-5-2014-ലെ സുപ്രീംകോടതി വിധിയിൽ കേരളത്തിന്റെ നിലപാട് അംഗീകരിച്ചിട്ടില്ല). നദീജലം പങ്കുവയ്ക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ കർണ്ണാടകയുമായി കരാറുകളൊന്നും തന്നെയില്ല.

(ബി) കേരളത്തിന് പറമ്പിക്കുളം ആളിയാർ പദ്ധതി കരാറിൽനിന്നാണ് പ്രധാനമായും ജലം ലഭിക്കുന്നത്. പി.എ.പി. കരാർ പ്രകാരം ഒരു ജലവർഷം മണക്കടവ് വിയറിൽ 7250 എം.സി.എഫ്.ടി.-യും കേരള ഷോളയാർ സംഭരണിയിൽ 12300 എം.സി.എഫ്.ടി.-യുമാണ് കേരളത്തിന്റെ വിഹിതം. ജൂലൈ 1 മുതൽ ജൂൺ 30 വരെയുള്ള കാലയളവാണ് ഒരു ജലവർഷം. ഒക്ടോബർ 1 മുതൽ ജനുവരി 31 വരെയുള്ള അപ്പർനീരാറിലെ തനതു നീരൊഴുക്കം കേരളത്തിന് അവകാശപ്പെട്ടതാണ്. ഇതിനുപുറമെ പറമ്പിക്കുളം സിസ്റ്റം ഡാമുകളുടെയും ലോവർ നീരാർ ഡാമിന്റെയും തനതുനീരൊഴുക്ക് 16350 എം.സി.എഫ്.ടി. കവിയുകയാണെങ്കിൽ അധികമായി വരുന്ന ജലത്തിൽ 2500 എം.സി.എഫ്.ടി. ജലം കേരളത്തിലെ ചിറ്റൂർ പ്രദേശത്തെ ജലസേചനത്തിനും ശേഷിക്കുന്ന ജലം ചാലക്കുടിപുഴയിലേയ്ക്കും വിടേണ്ടതാണ്. ശിരുവാണി കുടിവെള്ള പദ്ധതി കരാർ പ്രകാരം കീഴ്നദീതട അവകാശം സംരക്ഷിക്കുന്നതിനുവേണ്ടി ശിരുവാണി അണക്കെട്ടിൽനിന്ന് 5.0 ക്യുസെക്സ് എന്ന തോതിൽ കേരളത്തിലേയ്ക്ക് ജലത്തിന്റെ ഒഴുക്ക് നിലനിർത്തേണ്ടതാണ്. പെരിയാർ പാട്ട കരാർപ്രകാരം കേരളത്തിന് ജലം ലഭിക്കാനുള്ള വ്യവസ്ഥയില്ല.

(സി) കേരളത്തിന് പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി.)യിൽനിന്ന് മഴക്കുറവുള്ള വർഷങ്ങളിൽ അർഹതപ്പെട്ട ജലം ലഭിക്കാറില്ല. പറമ്പിക്കുളം ആളിയാർ പദ്ധതിയുടെ മേൽനോട്ടം നടത്തുന്നതിനുവേണ്ടി മാത്രമായി കേരളം ജോയിന്റ് വാട്ടർ റെഗുലേഷൻ ഡിവിഷൻ, പാലക്കാടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനു കീഴിൽ രണ്ട് സബ് ഡിവിഷനുകളും ഏഴ് സെക്ഷൻ ഓഫീസുകളുമുണ്ട്. ഈ ഓഫീസുകളുടെ നേതൃത്വത്തിലാണ് സംയുക്ത ഗേജിംഗ് നടത്തുന്നത്. കൂടാതെ കരാർ പ്രകാരമുള്ള ജലം നേടിയെടുക്കുന്നതിന് പരമാവധി ശ്രമിക്കുകയും ചെയ്യുന്നു. പി.എ.പി. കരാറിലെ വ്യവസ്ഥകൾ അനുസരിച്ച് ജലക്രമീകരണം നടത്തുന്നതിന്റെ മേൽനോട്ടം വഹിക്കുന്നത് ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡാണ്. കേരളത്തിലേയും തമിഴ്നാട്ടിലേയും ജലസേചന-വൈദ്യുതി വിഭാഗങ്ങളിലെ ചീഫ് എഞ്ചിനീയർമാരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു നാലംഗ സമിതിയാണ് ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡ്. കേരളത്തിലേയും തമിഴ്നാട്ടിലേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സംയുക്തമായി രേഖപ്പെടുത്തുന്ന അളവെടുപ്പ് സംവിധാനത്തിലൂടെ ജലത്തിന്റെ കണക്ക് ഓരോ ദ്വൈവാരത്തിലും തയ്യാറാക്കുന്നു. അതിലെ തർക്കങ്ങൾ ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡ് കൂടുന്ന അവസരത്തിൽ ചർച്ചചെയ്ത് പരിഹരിച്ചാണ് വെള്ളത്തിന്റെ കണക്കുകൾ തിട്ടപ്പെടുത്തുന്നത്. ഇതിനാവശ്യമായ രീതിയിൽ ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡ് വർഷത്തിൽ പലതവണ കൂടുകയും ആവശ്യമായ തീരുമാനങ്ങളെടുക്കുകയും ചെയ്തുവരുന്നു. കേരളത്തിന് പി.എ.പി. കരാർ പ്രകാരം ലഭിക്കേണ്ട ജലം, സംയുക്ത ജല ക്രമീകരണ ബോർഡിന്റെ (ജെ.ഡബ്ല്യു.ആർ.ബി.) യോഗങ്ങളിൽ ശക്തമായ വാദമുഖങ്ങൾ ഉയർത്തി കേരളത്തിന്റെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരമാവധി നേടിയെടുക്കാറുണ്ട്. ആവശ്യമുള്ള സന്ദർഭത്തിൽ സർക്കാർതലത്തിലും കരാർ പ്രകാരമുള്ള ജലം ലഭ്യമാക്കാൻ വേണ്ട ഇടപെടലുകൾ നടത്താറുണ്ട്. ശിരുവാണി കുടിവെള്ള പദ്ധതി കരാറിലെ വ്യവസ്ഥകൾ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ മേൽനോട്ടം വഹിക്കുന്നത് ജോയിന്റ് കൺട്രോൾ ബോർഡാണ്. കേരളത്തിലേയും തമിഴ്നാട്ടിലേയും ജലസേചന വകുപ്പുകളുടെ ചീഫ് എഞ്ചിനീയർമാരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു നാലംഗ സമിതിയാണ് ജോയിന്റ് കൺട്രോൾ ബോർഡ്. ഈ യോഗങ്ങളിൽ കേരളത്തിന്റെ പ്രതിനിധികൾ സജീവമായി പങ്കെടുത്ത് സംസ്ഥാന താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ട ഉചിതമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) 2012-13 ജലവർഷത്തിൽ കേരളത്തിന് കരാർ പ്രകാരം അർഹതപ്പെട്ട ജലം പി.എ.പി.-യിൽനിന്ന് ലഭിക്കാത്ത സാഹചര്യത്തിൽ തമിഴ്നാടിന്റെ, പി.എ.പി. കരാർ വ്യവസ്ഥാ ലംഘനങ്ങൾക്കെതിരായി 16-4-2013-ന് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഒരു അസ്സൽ അന്യായവും (2 ഓഫ് 2013) ഒരു ഇടക്കാല ഹർജിയും (1 ഓഫ് 2013) ഫയൽ ചെയ്യുകയുണ്ടായി. ബഹുമാനപ്പെട്ട കോടതിയിൽ കേസിന്റെ തുടർനടപടി ക്രമങ്ങൾ നടന്നുവരുന്നതേയുള്ളൂ. കരാർ പ്രകാരമുള്ള ജലം കേരളത്തിന് നൽകാത്ത തമിഴ്നാടിന്റെ നിലപാട് കേന്ദ്രസർക്കാരിനേയും അറിയിച്ചിട്ടുണ്ട്.

(ഇ) കേരളത്തിന് പറമ്പിക്കുളം ആളിയാർ പദ്ധതി കരാറിൽനിന്നാണ് പ്രധാനമായും ജലം ലഭിക്കുന്നത്. പറമ്പിക്കുളം ആളിയാർ പദ്ധതിയുടെ മേൽനോട്ടം നടത്തുന്നതിനുവേണ്ടി മാത്രമായി കേരളം ജോയിന്റ് വാട്ടർ റെഗുലേഷൻ ഡിവിഷൻ, പാലക്കാടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനുകീഴിൽ രണ്ട് സബ് ഡിവിഷനുകളും ഏഴ് സെക്ഷൻ ഓഫീസുകളുമുണ്ട്. ഈ ഓഫീസുകളുടെ നേതൃത്വത്തിലാണ് സംയുക്ത ഗേജിംഗ് നടത്തുന്നത്. കൂടാതെ കരാർ പ്രകാരമുള്ള ജലം നേടിയെടുക്കുന്നതിന് പരമാവധി ശ്രമിക്കുകയും ചെയ്യുന്നു. പി.എ.പി. കരാറിലെ വ്യവസ്ഥകൾ അനുസരിച്ച് ജലക്രമീകരണം നടത്തുന്നതിന്റെ മേൽനോട്ടം വഹിക്കുന്നത് ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡാണ്. കേരളത്തിലേയും തമിഴ്നാട്ടിലേയും ജലസേചന-വൈദ്യുതി വിഭാഗങ്ങളിലെ ചീഫ് എഞ്ചിനീയർമാരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു നാലംഗ സമിതിയാണ് ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡ്. കേരളത്തിലേയും തമിഴ്നാട്ടിലേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സംയുക്തമായി രേഖപ്പെടുത്തുന്ന അളവെടുപ്പ് സംവിധാനത്തിലൂടെ ജലത്തിന്റെ കണക്ക് ഓരോ ദ്വൈവാരത്തിലും തയ്യാറാക്കുന്നു. അതിലെ തർക്കങ്ങൾ ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡ് കൂടുന്ന അവസരത്തിൽ ചർച്ച ചെയ്ത് പരിഹരിച്ചാണ് വെള്ളത്തിന്റെ കണക്കുകൾ തിട്ടപ്പെടുത്തുന്നത്. ഇതിനാവശ്യമായ രീതിയിൽ ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡ് വർഷത്തിൽ പലതവണ കൂടുകയും ആവശ്യമായ തീരുമാനങ്ങളെടുക്കുകയും ചെയ്തുവരുന്നു. കേരളത്തിന് പി.എ.പി. കരാർ പ്രകാരം ലഭിക്കേണ്ട ജലം സംയുക്ത ജലക്രമീകരണ ബോർഡിന്റെ (ജെ.ഡബ്ല്യു.ആർ.ബി.) യോഗങ്ങളിൽ ശക്തമായ വാദമുഖങ്ങൾ ഉയർത്തി കേരളത്തിന്റെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരമാവധി നേടിയെടുക്കാറുണ്ട്. കൂടാതെ സർക്കാർതലത്തിലും കരാർ പ്രകാരമുള്ള ജല ലഭ്യത ഉറപ്പുവരുത്താൻ സമയോചിതമായ ഇടപെടലുകൾ നടത്തിവരാറുണ്ട്.

പി.എ.പി. കരാറിൽ കരാർ ലംഘനങ്ങളുമായി (violation of agreement) ബന്ധപ്പെട്ട വിഷയങ്ങളും അതിന്റെ പ്രതിവിധികളും വ്യക്തമായി പ്രതിപാദിച്ചിട്ടില്ല. എന്നാൽ കരാർ ഖണ്ഡിക 5(iv)(f) പ്രകാരം കരാറുമായി ബന്ധപ്പെട്ട് ഉയർന്നുവരുന്ന എല്ലാ തർക്കവും സംശയവും വ്യത്യാസവും ചോദ്യവും ഇരുപാർട്ടികളും സമ്മതിക്കുന്നപക്ഷം പരിഹരിക്കാൻ ആർബിട്രേറ്ററെ സമീപിക്കാമെന്ന് വ്യവസ്ഥയുണ്ട്. ശിരുവാണി കുടിവെള്ള പദ്ധതി കരാറിലെ വ്യവസ്ഥകൾ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ മേൽനോട്ടം വഹിക്കുന്നത് ജോയിന്റ് കൺട്രോൾ ബോർഡാണ്. കേരളത്തിലേയും തമിഴ്നാട്ടിലേയും ജലസേചന വകുപ്പുകളുടെ ചീഫ് എഞ്ചിനീയർമാരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു നാലംഗ സമിതിയാണ് ജോയിന്റ് കൺട്രോൾ ബോർഡ്. ഈ യോഗങ്ങളിൽ കേരളത്തിന്റെ പ്രതിനിധികൾ സജീവമായി പങ്കെടുത്ത് സംസ്ഥാന താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ഉചിതമായ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ശിരുവാണി കരാറിലും പി.എ.പി. കരാറിലുള്ളതുപോലെ ആർബിട്രേഷന് വ്യവസ്ഥയുണ്ട്. [ഖണ്ഡിക (f)(xx)]

## ഇന്ദിരാഗാന്ധി മാതൃത്വ സഹയോഗ് യോജന

21 (*771) ശ്രീ. മുരളി പെരുനെല്ലി :

ശ്രീമതി പി. അയിഷാ പോറ്റി :

ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇന്ദിരാഗാന്ധി മാതൃത്വ സഹയോഗ് യോജന നിലവിലുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, കുട്ടികൾ എന്നിവരുടെ ആരോഗ്യ-പോഷകാഹാര നിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതിയ്ക്കായി എത്ര രൂപയാണ് കേന്ദ്രവിഹിതമായി വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ഉണ്ട്. സംസ്ഥാനത്ത് ഇന്ദിരാഗാന്ധി മാതൃത്വ സഹയോഗ് യോജന നിലവിൽ പാലക്കാട് ജില്ലയിൽ നടപ്പിലാക്കിവരുന്നു.

(ബി) ഇന്ദിരാഗാന്ധി മാതൃത്വ സഹയോഗ് യോജന പദ്ധതിയുടെ ഉദ്ദേശ്യങ്ങൾ ചുവടെ ചേർക്കുന്നു:

1. ഗർഭകാലത്തെ പരിചരണവും മറ്റ് സേവനങ്ങളും ഉറപ്പാക്കുന്നതോടൊപ്പം സുരക്ഷിതമായ പ്രസവവും 6 മാസംവരെയുള്ള സമ്പൂർണ്ണമായ മുലയൂട്ടലും ഉറപ്പാക്കുകയും ഉചിതമായ മറ്റ് നടപടികൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
2. 6 മാസം വരെ സമ്പൂർണ്ണ മുലയൂട്ടൽ സഹിതമുള്ള ശിശുക്കളുടെയും കുട്ടികളുടെയും ആരോഗ്യ പോഷണ പരിപാലനകാര്യത്തിൽ അമ്മമാർക്ക് പ്രോത്സാഹനം നൽകുക.
3. ഗർഭിണികളുടെയും പാലൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ പോഷണ നിലവാരം ഉയർത്തുക.

(സി) കേന്ദ്ര ഭക്ഷ്യസുരക്ഷാ നിയമം 2013 പ്രകാരം മെറ്റേണിറ്റി ബെനിഫിറ്റായി 6,000 രൂപ ലഭിക്കുന്നു. സ്ത്രീയുടെയും അവർ പ്രസവിക്കുന്ന കുഞ്ഞിന്റെയും ആരോഗ്യ/പോഷണ സംബന്ധമായ ചുവടെ ചേർക്കുംപ്രകാരമുള്ള നിബന്ധനകൾ പാലിക്കുന്ന മുറയ്ക്കാണ് ഈ സാമ്പത്തികാനുകൂല്യം നൽകുന്നത്.

1. ഗർഭകാല രജിസ്ട്രേഷൻ ഗർഭിണിയായി 4 മാസത്തിനകം അങ്കണവാടി വഴിയോ ഹെൽത്ത് സെന്റർ വഴിയോ രജിസ്റ്റർ ചെയ്യണം. ഗർഭകാലയളവിൽ രണ്ട് ആന്റിനേറ്റഡ് കെയർ ചെക്കപ്പിനോടൊപ്പം അയൺ ആന്റ് ഫോളിക്കാസിഡ് ഗുളികകൾ, ടി.ടി. എന്നിവയെടുത്തിരിക്കണം.

2. ജനനം രജിസ്റ്റർ ചെയ്യുന്നതോടൊപ്പം കുഞ്ഞിന് ബി.സി.ജി., ഡി.പി.റ്റി 1, 2, 3, ഒ.പി.വി. എന്നിവ നൽകിയിരിക്കണം. പ്രസവംകഴിഞ്ഞ് മൂന്ന് മാസത്തിനകം നവജാതശിശുവിന്റെ പോഷണം, വളർച്ച നിരീക്ഷണം എന്നിവ സംബന്ധിച്ച കൗൺസിലിംഗിന് പങ്കെടുത്തിരിക്കണം. ആദ്യ ആറ് മാസം മുലപ്പാൽ മാത്രമേ നൽകിയിട്ടുള്ളൂ എന്നും കുട്ടിക്ക് കോംപ്ലിമെന്ററി ഭക്ഷണം കൊടുത്തുതുടങ്ങിയിട്ടുണ്ട് എന്നും കുട്ടിയുടെ മാതാവ് ഉറപ്പ് വരുത്തേണ്ടതാണ്.

(ഡി) 9,45,00,000 രൂപ (ഒൻപത് കോടി നാൽപ്പത്തിയഞ്ച് ലക്ഷം രൂപ മാത്രം)യാണ് കേന്ദ്ര വിഹിതമായി 2016-17 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ളത്.

## ആത്മഹത്യകൾ തടയുന്നതിനുള്ള നടപടി

22 (*772) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെക്കാൾ കേരളത്തിൽ ആത്മഹത്യകളുടെ എണ്ണം പെരുകുന്നത് വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണങ്ങൾ വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് കുടുംബം മുഴുവനായി ആത്മഹത്യ ചെയ്യുന്ന പ്രവണത ഏറിവരുന്നത് സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നല്കുമോ;

(സി) ആത്മഹത്യ പ്രവണത തടയുന്നതിനായി മനശാസ്ത്രകൗൺസലർമാരുടെ സേവനം ഉപയോഗപ്പെടുത്തുമോ; അവരെ ഏതൊക്കെ തലങ്ങളിൽ ഉപയോഗപ്പെടുത്തുമെന്ന് അറിയിക്കുമോ;

(ഡി) വിദ്യാർത്ഥികൾക്ക് ജീവിതനിപുണനാ വിദ്യാഭ്യാസം നല്കുന്നതിന് നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ 2014-ലെ കണക്കുകൾ പ്രകാരം ഇന്ത്യയിലെ ശരാശരി ആത്മഹത്യാനിരക്ക് ഒരു ലക്ഷം ജനങ്ങൾക്ക് 10.6(10.6/L) ആണ്. കേരളത്തിന് അഞ്ചാം സ്ഥാനമാണ് (23.9/L) ഉള്ളത്. സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ 2015-ലെ കണക്കുകൾ അനുസരിച്ച് വൈവാഹിക പ്രശ്നങ്ങൾ ഉൾപ്പെടെയുള്ള കുടുംബപ്രശ്നങ്ങളാണ് ആത്മഹത്യയുടെ ഏറ്റവും പ്രധാനപ്പെട്ട കാരണം (40%). പലതരത്തിലുള്ള ശാരീരിക രോഗങ്ങൾ (15%), മനോരോഗങ്ങൾ (9%), മദ്യമയക്കുമരുന്നുകളുടെ ദുരുപയോഗം (5%) മുതലായവയാണ് മറ്റ് പ്രധാന കാരണങ്ങൾ.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കുടുംബ ആത്മഹത്യ എന്നുള്ള പ്രയോഗം പൂർണ്ണമായും ശരിയല്ല. മിക്കപ്പോഴും ഇതൊരു ആത്മഹത്യയും ബാക്കി അംഗങ്ങളുടെ കൊലപാതകവും ആണെന്ന് മിക്ക സംഭവങ്ങളും സൂക്ഷ്മമായി പരിശോധിച്ചാൽ മനസ്സിലാകുന്നതാണ്. ആത്മഹത്യയുടെ പ്രധാന കാരണമായ കുടുംബപ്രശ്നങ്ങൾ തന്നെയാണ് മിക്കപ്പോഴും ഇതിനും കാരണം. കേരളീയരുടെ മാറിവരുന്ന കുടുംബ പശ്ചാത്തലങ്ങളും സാമൂഹ്യ വ്യവസ്ഥിതികളും കച്ചവട സംസ്കാരവും മദ്യമയക്കു മരുന്നുകളുടെ വർദ്ധിച്ച ഉപയോഗവുമെല്ലാം ഇതിനുള്ള കാരണങ്ങളായി ചൂണ്ടിക്കാണിക്കപ്പെടുന്നു.

(സി) തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളുടെ സൈക്യാട്രി വിഭാഗത്തിന്റെ ഭാഗമായി ആത്മഹത്യാ പ്രതിരോധ ക്ലിനിക്കുകൾ നടത്തിവരുന്നു. സൈക്യാട്രിസ്റ്റുകൾ, ക്ലിനിക്കൽ സൈക്കോളജിസ്റ്റുകൾ, സൈക്യാട്രിക് സോഷ്യൽ വർക്കർമാർ എന്നിവരുടെ സേവനം ഈ ക്ലിനിക്കുകളിലെത്തുന്ന രോഗികൾക്ക് ലഭ്യമാണ്. മാനസികാരോഗ്യ കേന്ദ്രങ്ങളിലെ ഒ.പി. വിഭാഗത്തിലും ഐ.പി. വിഭാഗത്തിലും ചികിത്സയിലുള്ള രോഗികളുടെ രോഗാവസ്ഥ സൈക്യാട്രിസ്റ്റുകളും ക്ലിനിക്കൽ സൈക്കോളജിസ്റ്റുകളും സൈക്യാട്രിക് സോഷ്യൽ വർക്കർമാരും അടങ്ങുന്ന ടീം അവലോകനം നടത്തുകയും ആത്മഹത്യാ പ്രവണത മുൻകൂട്ടി തിരിച്ചറിയുകയും ആയതിന്റെ ലക്ഷണം

കാണിക്കുന്നവർക്ക് അവശ്യംവേണ്ട കൗൺസിലിംഗും മറ്റ് ചികിത്സകളും നൽകി വരുന്നു. ഏതാനും ജില്ല/ജനറൽ ആശുപത്രികളിലും ഇവരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. ജില്ലാ മാനസികാരോഗ്യ പരിപാടിയുടെ ഭാഗമായി നടത്തുന്ന ആത്മഹത്യാ പ്രതിരോധ പൊതുജന ബോധവൽക്കരണ പരിപാടിയിലും സൈക്യാട്രിക് സോഷ്യൽ വർക്കർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ കോംപ്രിഹെൻസീവ് മെന്റൽ ഹെൽത്ത് പരിപാടിയുടെ ഭാഗമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സ്കൂൾ മാനസികാരോഗ്യ പരിപാടിയിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റുകളുടെ സേവനം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കുടുംബപ്രശ്നങ്ങളിൽ മാനസിക പ്രയാസം അനുഭവിക്കുന്ന കൗമാര പ്രായക്കാരായ പെൺകുട്ടികൾക്ക് കൗൺസിലിംഗ് നൽകുന്നതിനായി സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ സൈക്കോസോഷ്യൽ പദ്ധതി പ്രകാരം സ്കൂൾ കൗൺസിലർമാരെ നിയോഗിച്ചിട്ടുണ്ട്.

(ഡി) ജില്ലാ മാനസികാരോഗ്യ പരിപാടിയുടെ ഭാഗമായും നാഷണൽ ഹെൽത്ത് മിഷന്റെ കീഴിലുള്ള സ്കൂൾ ഹെൽത്ത് പ്രോഗ്രാമിന്റെ ഭാഗമായും ജീവിത നിപുണനാ വിദ്യാഭ്യാസം നൽകിവരുന്നു. പ്രൈമറി തലംമുതൽ ഹയർസെക്കന്ററി തലംവരെയുള്ള വിദ്യാർത്ഥികൾക്ക് ജീവിത നിപുണന വിദ്യാഭ്യാസം ഉറപ്പു വരുത്തുന്നതിനുള്ള പാഠ്യഭാഗങ്ങൾ എസ്.സി.ഇ.ആർ.റ്റി. പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ കോളേജുകളിൽ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (ASAP) പഠിതാവിനൊപ്പം സ്കോളർ സപ്പോർട്ട് പ്രോഗ്രാം (SSP) എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ബിരുദതലത്തിലും ഡിപ്ലോമതലത്തിലും ജീവിത നിപുണനാ വിദ്യാഭ്യാസം സിലബസിൽ ഉൾപ്പെടുത്തുകയും വകുപ്പിനു കീഴിലുള്ള മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇന്റക്ഷൻ ട്രെയിനിങ്ങിൽ ഉൾപ്പെടുത്തി ജീവിത നിപുണനാ വിദ്യാഭ്യാസം നൽകി പരിശീലനം നൽകുകയും ചെയ്യുന്നുണ്ട്.

**അവയവദാനം**

23 (*773) <u>ശ്രീ. ഷാഫി പറമ്പിൽ</u> :
<u>ശ്രീ. വി. ഡി. സതീശൻ</u> :
<u>ശ്രീ. അൻവർ സാദത്ത്</u> :
<u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവയവദാനത്തിന് തയ്യാറാകുന്ന വ്യക്തികളുടെ ഭാരിച്ച ആശുപത്രി ചെലവ് സർക്കാർ വഹിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എത്ര ലക്ഷം രൂപ വരെ ചികിത്സാ ചെലവിനത്തിൽ നൽകുവാനാണ് പദ്ധതിയിട്ടിട്ടുള്ളത്;

(സി) അവയവദാനത്തിന്റെ മഹത്വം കൂടുതൽ പേരിൽ എത്തിക്കുവാൻ നൂതന പദ്ധതികൾ ആവിഷ്കരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

**വിദേശരാജ്യങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യുന്ന മത്സ്യങ്ങൾ**

24 (*T 774) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. എൽദോ എബ്രഹാം :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശരാജ്യങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്നതും ശീതികരിച്ചതുമായ മത്സ്യങ്ങൾ പച്ച മത്സ്യങ്ങൾ എന്ന വ്യാജേന സംസ്ഥാനത്ത് വിപണനം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത മത്സ്യങ്ങൾ കേടാകാതിരിക്കാനായി മാരക രാസലായനികളിൽ മുക്കി സൂക്ഷിക്കുന്നത് നിയമംമൂലം നിരോധിക്കുന്നതിന് ആലോചിക്കുന്നുണ്ടോ;

(സി) അറബ് രാജ്യങ്ങളിൽനിന്നും മറ്റുമെത്തുന്ന ഇത്തരം മത്സ്യങ്ങൾ ജനങ്ങളുടെ ആരോഗ്യത്തെ നശിപ്പിക്കുന്നത് ഒഴിവാക്കാനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ഉണ്ട്.

(ബി) ഇറക്കുമതി ചെയ്യുന്ന മത്സ്യം ഉൾപ്പെടെയുള്ള ഭക്ഷ്യധാന്യങ്ങൾ ഭക്ഷ്യസുരക്ഷാ ഗുണനിലവാരനിയമവും അനുബന്ധചട്ടങ്ങളിലും അനുശാസിക്കും പ്രകാരം ഭക്ഷ്യയോഗ്യമാണെന്നും ഗുണമേന്മയുള്ളതാണെന്നും ഉറപ്പുവരുത്തി മാത്രമേ സൂക്ഷിക്കാൻ അനുവദിക്കുകയുള്ളൂ. നിശ്ചിത നിലവാരം പുലർത്താത്തതോ മാരകരാസലായനികൾ മുക്കി സൂക്ഷിക്കുന്നതോ ആയ മത്സ്യത്തിന്റെ ഇറക്കുമതി അനുവദിക്കാറില്ല.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(സി) രാജ്യത്ത് മത്സ്യം ഇറക്കുമതി ചെയ്യുന്നത് കേന്ദ്രസർക്കാരിന്റെ Department of Animal Husbandry, Dairy and Fisheries എന്നീ വകുപ്പുകൾ അനുവദിക്കുന്ന ഇംപോർട്ട് പെർമിറ്റിന്റെ അടിസ്ഥാനത്തിലാണ്. ടി പെർമിറ്റിൽ നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരം ഇറക്കുമതി ചെയ്യുന്ന മത്സ്യത്തിന്റെ സാമ്പിളുകൾ തുറമുഖങ്ങളിൽ കേന്ദ്ര ഫുഡ്സേഫ്റ്റി സ്റ്റാൻഡേഡ്സ് അതോറിറ്റിയുടെ നിയന്ത്രണത്തിലുള്ള ആതറൈസ്ഡ് ഓഫീസർമാർ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കുകയും ഭക്ഷ്യസുരക്ഷാഗുണനിലവാര നിയമവും അനുബന്ധചട്ടങ്ങളിലും അനുശാസിക്കും പ്രകാരം ഭക്ഷ്യയോഗ്യമാണെന്ന് ഉറപ്പുവരുത്തിയശേഷം മാത്രമേ രാജ്യത്ത് വിൽപ്പനയ്ക്കായി അനുവദിക്കാറുള്ളൂ.

## പ്രമുഖ വസ്ത്രശാലകളിലും ഗോഡൗണുകളിലും നടത്തിയ വിജിലൻസ് പരിശോധന

25 (*775) <u>ശ്രീ. എ. പ്രദീപ്കുമാർ</u> :
<u>ശ്രീ. ഡി. കെ. മുരളി</u> :
<u>ശ്രീ. എ. എം. ആരിഫ്</u> :
<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് നഗരങ്ങളിലെ പ്രമുഖ വസ്ത്രശാലകളിലും അവരുടെ ഗോഡൗണുകളിലും അഗ്നിസുരക്ഷ, ആരോഗ്യ സുരക്ഷ മാനദണ്ഡങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതി മുതലായ കാര്യങ്ങളിൽ വീഴ്ചയുണ്ടെന്ന പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് പരിശോധന നടത്തിയിരുന്നോ; പരിശോധനയിൽ വെളിപ്പെട്ട കാര്യങ്ങൾ അറിയിക്കുമോ;

(ബി) തിരുവനന്തപുരത്ത് വസ്ത്രശാല ഗോഡൗണിൽ ഉണ്ടായ തീപിടുത്തത്തിന്റെ പശ്ചാത്തലത്തിൽ എല്ലാ പ്രമുഖ വസ്ത്രശാലകളിലും ഏർപ്പെടുത്തിയിട്ടുള്ള അഗ്നിസുരക്ഷാ സംവിധാനം അടിയന്തരമായി പരിശോധനാ വിധേയമാക്കുമോ?

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>):

(എ) വസ്ത്രവ്യാപാരശാലകളിലെ ശോചനീയമായ ജോലി സാഹചര്യവുമായി ബന്ധപ്പെട്ട് കേന്ദ്ര മനുഷ്യാവകാശ കമ്മീഷൻ കേരള സർക്കാരിന് ലഭിച്ച നോട്ടീസിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലെ പ്രമുഖ വസ്ത്ര വ്യാപാരശാലകളിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മിന്നൽ പരിശോധനകൾ നടത്തിയതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു:

1. തിരുവനന്തപുരം സിറ്റിയിലെ പ്രമുഖ വസ്ത്ര വ്യാപാരശാലകളായ രാമചന്ദ്രൻ ടെക്സ്റ്റയിൽസ്, കല്യാൺ സാരീസ്, പോത്തീസ് ടെക്സ്റ്റയിൽസ് എന്നിവിടങ്ങളിൽ നടത്തിയ മിന്നൽ പരിശോധനയിൽ കെട്ടിട നിർമ്മാണത്തിൽ കേരള മുനിസിപ്പൽ ബിൽഡിംഗ് റൂൾസ് (കെ.എം.ബി.ആർ.)-ന്റെ ലംഘനമുള്ളതായും അഗ്നിസുരക്ഷാ മാർഗ്ഗങ്ങൾ ശരിയായ രീതിയിൽ പാലിക്കുന്നില്ലെന്നും തൊഴിലാളികൾക്കാവശ്യമായ ഇരിപ്പിടങ്ങൾ, ടോയ്‌ലറ്റ് സംവിധാനങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല എന്നുമുള്ള കാര്യങ്ങൾ കണ്ടെത്താൻ കഴിഞ്ഞിട്ടുള്ളതും മേൽവിഷയങ്ങളിൽ QV17/16/TVM, QV18/16/TVM, QV19/16/TVM എന്നീ നമ്പരുകളിലായി സത്വരാന്വേഷണങ്ങൾ നടന്നുവരുന്നതുമാണ്. തിരുവനന്തപുരം ഫോർട്ട് സോണൽ ഓഫീസിൽ നടത്തിയ മിന്നൽ പരിശോധനയുമായി ബന്ധപ്പെട്ട് അട്ടക്കുളങ്ങരയിൽ പ്രവർത്തിച്ചുവരുന്ന രാമചന്ദ്രൻ ടെക്സ്റ്റയിൽസിൽ നടത്തിയ പരിശോധനയിൽ പാർക്കിംഗ് ഏരിയയിൽ ഇലക്ട്രിക്കൽ കമ്പ്യൂട്ടർ റൂമുകൾ പണിതിരിക്കുന്നതായും കെ.എം.ബി.ആർ. 1999 ചട്ടം 117-ന്റെ ലംഘനം നടത്തിയിരിക്കുന്നതായും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ QV23/2015/SIU-II നമ്പരായി സത്വരാന്വേഷണം നടന്നുവരുന്നു.

2. എറണാകുളം ജില്ലയിലെ പ്രമുഖ വസ്ത്രവ്യാപാരശാലകളായ ചെന്നൈ സിൽക്സ്, ശീമാട്ടി, ജയലക്ഷ്മി സിൽക്സ് എന്നിവിടങ്ങളിലെ വനിതകളുടെ ശോചനീയമായ ജോലി സാഹചര്യവുമായി ബന്ധപ്പെട്ട് നടത്തിയ മിന്നൽ പരിശോധനയിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ QV 01/16/EKM/Labour, QV02/16/EKM/Labour, QV 03/16/EKM/Labour എന്നീ നമ്പരുകളിലായി മൂന്ന് സത്വരാന്വേഷണങ്ങൾ നടന്നുവരുന്നു.

3. കോഴിക്കോട് ജില്ലയിലെ പ്രമുഖ വസ്ത്രവ്യാപാരശാലകളായ ജയലക്ഷ്മി ടെക്സ്റ്റയിൽസ്, കല്യാൺ സിൽക്സ്, കല്യാൺ കേന്ദ്ര ടെക്സ്റ്റയിൽസ് ഷോപ്പ് എന്നിവിടങ്ങളിൽ നടത്തിയ മിന്നൽ പരിശോധനയിൽ നാല് മണിക്കൂർ ജോലി ചെയ്തവർക്ക് ഒരു മണിക്കൂർ വിശ്രമം അനുവദിക്കണമെന്ന നിയമം നടപ്പിലാക്കുകയോ സ്ത്രീ ജീവനക്കാർക്ക് ആവശ്യമായ ഇരിപ്പിടങ്ങളോ ശുചിമുറികളോ ഏർപ്പെടുത്തുകയോ സ്ത്രീ ജീവനക്കാരുടെ കുട്ടികളെ സംരക്ഷിക്കുന്നതിന് ക്രഷ് സൗകര്യം ഏർപ്പെടുത്തുകയോ നിയമാനുസരണം ഏർപ്പെടുത്തേണ്ട അഗ്നിശമന സംവിധാനങ്ങൾ ഏർപ്പെടുത്തുകയോ ചെയ്തിട്ടില്ല എന്നീ അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

(ബി) കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ചട്ടങ്ങളിൽ അഗ്നിസുരക്ഷാ സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് കർശനമായി നടപ്പിൽവരുത്തുന്നതിന് തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസിന്റെ പരിശോധനകളും നടന്നുവരുന്നു.

## ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട അഴിമതി

26 (*776) ശ്രീ. എം. സ്വരാജ് :
ശ്രീ. ആർ. രാജേഷ് :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് നടന്ന ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട അഴിമതി ആരോപണങ്ങളെക്കുറിച്ച് ധനകാര്യ വിഭാഗവും, സി&എജി-യും നടത്തിയ പരിശോധന റിപ്പോർട്ടിലെ കണ്ടെത്തലുകൾ അറിയിക്കാമോ;

(ബി) റൺ കേരള റൺ എന്ന പേരിൽ ദേശീയ ഗെയിംസിന്റെ പ്രചരണത്തിനായി ടെണ്ടർ നൽകാതെ മലയാള മനോരമ കമ്പനി ലിമിറ്റഡിന് കരാർ നൽകിയതിൽ ഉണ്ടായ നഷ്ടം എത്രയെന്ന് ഓഡിറ്റ് റിപ്പോർട്ടുകളിൽ കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സമഗ്രമായ അന്വേഷണം നടത്തുമോ; വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട അഴിമതി ആരോപണങ്ങളെ കുറിച്ച് ധനകാര്യ വിഭാഗവും സി.ആന്റ്എ.ജി.യും പരിശോധനകൾ നടത്തിയിട്ടില്ല. എന്നാൽ 35-ാം ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങളും വരവുചെലവു കണക്കുകളും അക്കൗണ്ടന്റ് ജനറലും കേരള സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ടുമെന്റും വിശദമായ പരിശോധനകൾ നടത്തുകയും റിപ്പോർട്ടുകൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ടെണ്ടർ നൽകാതെ കരാർ നൽകിയതുമൂലമുള്ള നഷ്ടത്തെക്കുറിച്ച് ആഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശമില്ല. എന്നാൽ നടപടിക്രമങ്ങളിൽ സംഭവിച്ച വീഴ്ചകളെ സംബന്ധിച്ച് പരാമർശമുണ്ട്.

(സി) പരിശോധിച്ച് വരികയാണ്.

## ഖാദി ഗ്രാമവ്യവസായ മേഖലയുടെ വിപുലീകരണം

27 (*T 777) ഡോ. എം. കെ. മുനീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. എം. ഉമ്മർ :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഖാദി ഗ്രാമവ്യവസായ മേഖലയിലെ 'വരുമാന ഉറപ്പ് പദ്ധതി' വിപുലമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതുവിധത്തിലെന്ന് വ്യക്തമാക്കുമോ;

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) ഈ മേഖലയിലെ തൊഴിലാളികൾക്ക് വർഷം മുഴുവൻ തൊഴിൽ നൽകാൻ കഴിയുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ എങ്ങനെയെന്ന് വിശദമാക്കുമോ;

(സി) ഈ മേഖലയിൽ പ്രവർത്തിക്കുന്നവരെ നിലനിർത്താനും, കൂടുതൽ പേരെ ആകർഷിക്കാനുമുള്ള പരിഷ്കാരങ്ങൾ നടപ്പാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) തൊഴിൽ വകുപ്പുവഴി നടപ്പാക്കുന്ന വരുമാനപൂരക പദ്ധതി (Income Support Scheme)യുടെ ആനുകൂല്യം സംസ്ഥാനത്തെ ഖാദി തൊഴിലാളികൾക്കും നൽകിവരുന്നുണ്ട്. ഖാദി തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പാക്കാനായി 2016-17 വർഷത്തിൽ 27 കോടി രൂപ അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ ഖാദി തൊഴിലാളികൾക്കും മിനിമം വേതനം ഉറപ്പുവരുത്തുന്ന കാര്യവും വേതന വർദ്ധനവ് ഏർപ്പെടുത്തുന്ന കാര്യവും സർക്കാർ പരിശോധിക്കുന്നതാണ്.

(ബി) ഖാദി വ്യവസായ രംഗത്ത് പ്രവർത്തിക്കുന്ന മുഴുവൻ തൊഴിലാളികൾക്കും വർഷം മുഴുവൻ തൊഴിൽ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇവർക്ക് തൊഴിലുപകരണങ്ങൾ നൽകുന്നതിനും തൊഴിലിൽ പരിശീലനം നൽകുന്നതിനും സെമി ആട്ടോമേഷൻ നടപ്പാക്കാനും ഇടതടവില്ലാതെ അസംസ്കൃത സാധനങ്ങൾ വിതരണം ചെയ്യുന്നതിനും ഉല്പന്നങ്ങൾ യഥാസമയം ശേഖരിച്ച് മുടക്കംകൂടാതെ വേതനം നൽകുന്നതിനുമുള്ള സൗകര്യങ്ങളും സംവിധാനങ്ങളും നിലവിലുണ്ട്.

(സി) ഇതുസംബന്ധിച്ച് സർക്കാർ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

## ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പ്രവർത്തനങ്ങൾ

28 (*778) ശ്രീ. പി. ടി. എ. റഹീം :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ;

(ബി) മരുന്നുകളുടെ നിർമ്മാണം, വിതരണം, വില, മരുന്നുകളുടെ പരസ്യങ്ങൾ എന്നിവ സംബന്ധിച്ച് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(സി) കർശനമായ നിയമങ്ങൾ നിലവിലുണ്ടെങ്കിലും ഗുണനിലവാരമില്ലാത്തതും നിരോധിച്ചതുമായ പല മരുന്നുകളും വ്യാപാരികൾ വിൽക്കുന്ന സാഹചര്യമുള്ളതിനാൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗത്തെയും ടെസ്റ്റിംഗ് വിഭാഗത്തെയും കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ഉണ്ട്.

(ബി) മരുന്നുകളുടെ നിർമ്മാണം, വിതരണം, ഗുണനിലവാരം എന്നിവ സംബന്ധിച്ചുള്ള നിയമങ്ങൾ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക് ചട്ടങ്ങളിലും നിയമങ്ങളിലും വിശദമായി പ്രതിപാദിക്കുന്നുണ്ട്. മരുന്നുകളുടെ വില സംബന്ധിച്ചുള്ള കാര്യങ്ങൾ എസ്സൻഷ്യൽ കമ്മോഡിറ്റീസ് ആക്റ്റിന് കീഴിലുള്ള ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡറിൽ പ്രതിപാദിക്കുന്നുണ്ട്. മരുന്നുകളുടെ പരസ്യങ്ങളെ സംബന്ധിച്ചുള്ള കാര്യങ്ങൾ ഡ്രഗ്സ് ആന്റ് മാജിക് റെമഡീസ് ഒബ്ജക്ഷനബിൾ ആക്ടിൽ പ്രതിപാദിക്കുന്നുണ്ട്. ഇവയെല്ലാം തന്നെ ഇന്ത്യൻ പാർലമെന്റ് പാസാക്കിയ കേന്ദ്രനിയമങ്ങളാണ്. ഇതെല്ലാം നടപ്പിലാക്കുവാൻ അധികാരപ്പെടുത്തിയിട്ടുള്ളത് ഡ്രഗ്സ് കൺട്രോൾ വകുപ്പിനെയാണ്. ഈ നിയമങ്ങളുടെയും ചട്ടങ്ങളുടെയും ലംഘനങ്ങൾക്കെതിരെ വകുപ്പുതല നടപടികളായ ലൈസൻസ് സസ്പെൻഷൻ, ക്യാൻസലേഷൻ തുടങ്ങിയ നടപടികളും പ്രോസിക്യൂഷൻ തുടങ്ങിയ നിയമ നടപടികളും സ്വീകരിച്ചുവരുന്നു.

(സി) മരുന്നുകളുടെ ഗുണനിലവാരം, നിരോധിച്ച മരുന്നുകളുടെ വില്പന ഇവ സംബന്ധിച്ചുള്ള കാര്യങ്ങളുടെ ചുമതല സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിനാണ്. മരുന്നുകളുമായി ബന്ധപ്പെട്ട് എല്ലാ നിയമങ്ങളും കർശനമായി പാലിക്കുന്നുണ്ടെന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഉറപ്പുവരുത്തുന്നുണ്ട്. എന്നിരുന്നാലും ഗുണനിലവാരം ഉറപ്പാക്കുന്നതിന്റെ കാര്യക്ഷമത കൂട്ടുവാൻ തിരുവനന്തപുരത്തും എറണാകുളത്തുമുള്ള ലബോറട്ടറികൾ കൂടാതെ തൃശ്ശൂർ, കോഴിക്കോട്, കോന്നി എന്നിവിടങ്ങളിൽ പുതിയ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

## ആന്റി ടെററിസ്റ്റ് സ്ക്വാഡ്

29 (*779) ശ്രീ. കെ. മുരളീധരൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആന്റി ടെററിസ്റ്റ് സ്ക്വാഡ് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഘടനയും പ്രവർത്തനങ്ങളും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സ്ക്വാഡിൽ എത്ര അംഗങ്ങളെയാണ് ഉൾപ്പെടുത്താൻ ലക്ഷ്യമിട്ടിട്ടുള്ളത്; വിവരിക്കുമോ;

(ഡി) എത്ര നാൾക്കകം ഇതിന്റെ പ്രവർത്തനം ആരംഭിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) തീരുമാനിച്ചിട്ടില്ല.

(ബി-ഡി) ബാധകമല്ല.

**മന്ത്രിമാരുടെ സ്വത്ത് വിവരം**

30 (*780) ശ്രീ. അനിൽ അക്കര :
ശ്രീ. വി. ടി .ബൽറാം :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മന്ത്രിമാരുടെ സ്വത്ത് വിവരം സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഭരണം അഴിമതിരഹിതവും സുതാര്യവും ആക്കുമെന്ന എൽ.ഡി.എഫ്. പ്രഖ്യാപനത്തിന്റെ ഭാഗമായിട്ടാണോ ഈ നടപടി എന്ന് വ്യക്തമാക്കുമോ;

(സി) ഈ പ്രഖ്യാപിത ലക്ഷ്യത്തിന് വിരുദ്ധമായ എന്തെങ്കിലും നടപടികൾ മന്ത്രിമാരുടെ ഭാഗത്തുനിന്ന് കഴിഞ്ഞ അഞ്ച് മാസത്തിനിടെ ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഉണ്ട്.

(ബി) അതെ.

(സി) പ്രസ്തുത ലക്ഷ്യത്തിന് വിരുദ്ധമായി മന്ത്രിമാരുടെ ഭാഗത്തുനിന്ന് നടപടികൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പി.എസ്.സി. ജീവനക്കാരുടെ ജോലിഭാരം

1 (6301) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി.-യുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ജോലിഭാരത്തിനനുസരിച്ച് കൂടുതൽ ജീവനക്കാരെ അനുവദിക്കുകയും ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുമോ;

(ബി) സർവ്വകലാശാല, ദേവസ്വം ബോർഡ്, മലിനീകരണ നിയന്ത്രണ ബോർഡ് തുടങ്ങി നിരവധി സ്ഥാപനങ്ങളുടെ നിയമന ചുമതല പുതുതായി പി.എസ്.സി.-ക്ക് നൽകിയതിനുശേഷം കൂടുതലായി എത്ര ജീവനക്കാരെ പി.എസ്.സി.-ക്ക് അനുവദിച്ചിരുന്നെന്ന് വ്യക്തമാക്കുമോ;

(സി) യൂണിഫോംഡ് ഫോഴ്സിന്റെ വാർഷിക പരീക്ഷ, പുതുതായി നിയമനം ലഭിയ്ക്കുന്നവരുടെ സർവ്വീസ് വെരിഫിക്കേഷൻ, പരീക്ഷ നടത്തിപ്പിനുള്ള പ്രത്യേക ഡ്യൂട്ടി തുടങ്ങി പുതുതായി നിരവധി ഉത്തരവാദിത്തങ്ങൾ പി.എസ്.സി.-ക്ക് നൽകുമ്പോഴും മതിയായ ജീവനക്കാരെക്കൂടി അനുവദിക്കാത്തത് പി.എസ്.സി.-യുടെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) കൂടുതൽ തസ്തികകൾ സൃഷ്ടിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിർദ്ദേശം പി.എസ്.സി.-യിൽ നിന്ന് ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ തീയതി സഹിതം നൽകാമോ?

ഉത്തരം

(എ) പരിശോധിക്കുന്നതാണ്.

(ബി) കൂടുതലായി ജീവനക്കാരെ അനുവദിച്ചിട്ടില്ല.

(സി&ഡി) കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ 307 അധിക തസ്തികകൾ കൂടി അനുവദിക്കുന്നത് സംബന്ധിച്ച് Estt.II(3)32735/09/GW നമ്പർ കത്ത് പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ആയതിൻമേൽ അധിക ബാധ്യത കണക്കാക്കി അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 21-11-2015-ലെ 38551/സ്പെഷ്യൽ ഇ 1/15/ പൊ.ഭ.വ. നമ്പർ കത്ത് പ്രകാരം സർക്കാർ കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് ആവശ്യപ്പെടുകയും ചെയ്തു. 16-12-2015 തീയതിയിലെ Estt.II(3)32735/09/GW നമ്പർ കത്ത് പ്രകാരം പി.എസ്.സി.-യിൽ നിന്ന് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഫയൽ പരിശോധിച്ചുവരികയാണ്.

## പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകൾ

2 (6302) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ എല്ലാ വകുപ്പുകളിലെയും ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് പ്രഖ്യാപിച്ചിരുന്നുവോ എന്ന് വിശദമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത പ്രഖ്യാപന പ്രകാരം ഏതെല്ലാം വകുപ്പുകൾ ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിരുന്നുവെന്നും യഥാസമയം ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുമോ എന്നും വിശദമാക്കുമോ;

(സി) കൊല്ലം ജില്ലയിലെ കെ.എസ്.ഇ.ബി. മസ്ദൂർ ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ നിലവിലുള്ള ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകിയെന്നും ഇനിയും ഈ വർഷം എത്ര ഒഴിവുകളിൽ നിയമനം നടത്തുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) പി.എസ്.സി. റാങ്ക് പട്ടികയിൽ നിലവിലുള്ള എല്ലാ ഒഴിവുകളും 3-6-2016-നകം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ വകുപ്പധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും സർക്കാർ നിർദ്ദേശം നൽകിയിരുന്നു.

(ബി) 25-5-2016 മുതൽ 30-9-2016 വരെ വിവിധ വകുപ്പുകളിൽനിന്നും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) നിലവിലുള്ള ലിസ്റ്റിൽനിന്നും 37 പേർക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്. നിലവിൽ ഒരു എൻ.ജെ.ഡി. ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിലേയ്ക്ക് പി.എസ്.സി. നിയമന ശിപാർശ നൽകുന്നതാണ്.

## പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ട ഒഴിവുകൾ

3(6303) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക് സർവ്വീസ് കമ്മീഷന് ഒഴിവുകൾ റിപ്പോർട്ടു ചെയ്യാതെ പൂഴ്ത്തിവയ്ക്കുന്നതായ റിപ്പോർട്ടിന്റെ നിജസ്ഥിതി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നല്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇക്കാര്യത്തിൽ നല്കിയ കർശന നിർദ്ദേശം പാലിക്കുന്നില്ലെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(സി) താല്ക്കാലികക്കാരെയും, കോൺട്രാക്റ്റ് നിയമനം ലഭിച്ചവരെയും നിലനിർത്താൻ വേണ്ടി, ഒഴിവുകൾ നിയമാനുസൃതം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ കാലതാമസം വരുത്തുന്നു എന്ന പരാതിയെക്കുറിച്ച് അന്വേഷിക്കുമോ?

ഉത്തരം

(എ-സി) നിലവിലുള്ള എല്ലാ ഒഴിവുകളും 2017-ലെ പ്രതീക്ഷിത ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും കർശന നിർദ്ദേശം സർക്കാർ നൽകിയിട്ടുണ്ട്. ഇക്കാര്യം അവലോകനം ചെയ്യുന്നതിന് ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പബ്ലിക് സർവ്വീസ് കമ്മീഷന് ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാതെ പൂഴ്ത്തിവയ്ക്കുന്നതായ പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഓഫീസുകളിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ്) വകുപ്പ് ത്വരിത പരിശോധന നടത്തുകയും ഒഴിവുകൾ കാലവിളംബം കൂടാതെ റിപ്പോർട്ട് ചെയ്യാൻ ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

**പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ട ഒഴിവുകൾ**

4(6304) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ വകുപ്പുകളിലായി പി.എസ്.സി. എത്ര പേർക്ക് നിയമന നിർദ്ദേശം നൽകിയിട്ടുണ്ട്;

(ബി) വിവിധ വകുപ്പുകളിലായി നിലവിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാനായി ശേഷിക്കുന്നുണ്ടെന്നും പ്രസ്തുത ഒഴിവുകൾ അടിയന്തരമായി റിപ്പോർട്ടു ചെയ്യാൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന 25-5-2016 മുതൽ 30-9-2016 വരെയുള്ള കാലയളവിൽ 12598 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) പി.എസ്.സി. റാങ്ക് പട്ടിക നിലവിലുള്ളതും എന്നാൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ലാത്തതുമായ തസ്തികകളുടെ നിലവിലുള്ള ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ വകുപ്പദ്ധ്യക്ഷന്മാർക്കും/ നിയമനാധികാരികൾക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിലുള്ള പുരോഗതി എല്ലാ മാസവും ചീഫ് സെക്രട്ടറി തലത്തിൽ അവലോകനം ചെയ്യുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

## കേരള പബ്ലിക് സർവ്വീസ് ആക്ട്

5 (6305) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള പബ്ലിക് സർവ്വീസ് ആക്ടിന്റെ കീഴിൽ നിർമ്മിക്കപ്പെട്ട ഏതെല്ലാം ചട്ടങ്ങളിലാണ് ഭേദഗതി വരുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഒരു പ്രിൻസിപ്പൽ ആക്ടിന്റെ അടിസ്ഥാനത്തിലല്ലാതെ ഏതെല്ലാം സാഹചര്യത്തിൽ ചട്ടങ്ങൾ രൂപീകരിക്കാൻ അധികാരമുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) 2006-ലെ റൂൾസ് ഫോർ ദ അലോട്ട്മെന്റ് ആന്റ് ഒക്യൂപ്പേഷൻ ഓഫ് ഗവൺമെന്റ് സെർവന്റ് ക്വാർട്ടേർസ് ഇൻ കേരള എന്ന ചട്ടങ്ങൾ ഏത് പ്രിൻസിപ്പൽ ആക്ടിന്റെ പിൻബലത്തിൽ ഇറക്കിയതാണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ചട്ടങ്ങൾ എസ്.ആർ.ഒ. ആയി ഇറക്കിയിട്ടുണ്ടോ; എങ്കിൽ മേശപ്പുറത്ത് വെയ്ക്കുമോ;

(ഇ) പ്രസ്തുത ചട്ടങ്ങൾ നിയമസഭയുടെ ഏതെങ്കിലും സബ്ജക്ട് കമ്മിറ്റിയുടെ സൂക്ഷ്മപരിശോധനയ്ക്കു സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന്; ഏത് കമ്മിറ്റിയിൽ ആയിരുന്നു; വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത ചട്ടങ്ങൾക്ക് മുൻകാല പ്രാബല്യം നൽകിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള സാഹചര്യം എന്തായിരുന്നു; പ്രസ്തുത ചട്ടങ്ങൾക്ക് മുൻകാല പ്രാബല്യം നൽകുന്നത് സംബന്ധിച്ച് നിയമോപദേശം തേടിയിട്ടുണ്ടോ; എങ്കിൽ ആയത് മേശപ്പുറത്ത് വയ്ക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) 2006-ലെ റൂൾസ് ഫോർ ദ അലോട്ട്മെന്റ് ആന്റ് ഒക്യൂപ്പേഷൻ ഓഫ് ഗവൺമെന്റ് സെർവന്റ് ക്വാർട്ടേഴ്സ് ഇൻ കേരള എന്ന ചട്ടങ്ങൾ ഒരു പ്രിൻസിപ്പൽ ആക്ടിന്റെ പിൻബലത്തിൽ പുറപ്പെടുവിച്ചതല്ല.

(ഡി) പ്രസ്തുത ചട്ടങ്ങൾ എസ്.ആർ.ഒ. ആയി പുറപ്പെടുവിച്ചിട്ടില്ല. 28-2-2006-ലെ സ.ഉ.(കൈ) നമ്പർ 11/2006/പൊ.ഭ.വ. പ്രകാരമാണ് ടി ചട്ടങ്ങൾ പുറപ്പെടുവിച്ചിരിക്കുന്നത്.

(ഇ) പ്രസ്തുത ചട്ടങ്ങൾ നിയമസഭയുടെ സബ്ജക്ട് കമ്മിറ്റിയുടെ സൂക്ഷ്മ പരിശോധനയ്ക്ക് സമർപ്പിച്ചിട്ടില്ല.

(എഫ്) പ്രസ്തുത ചട്ടങ്ങൾ 1-3-2006 മുതലാണ് പ്രാബല്യത്തിൽ വന്നത്. പ്രസ്തുത ചട്ടങ്ങൾക്ക് മുൻകാല പ്രാബല്യം നൽകിയിട്ടില്ല.

## ഭരണം പൂർണ്ണമായും ഇ-ഗവേണൻസ് രീതിയിലാക്കുന്നതിന് നടപടി

6 (6306) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭരണം പൂർണ്ണമായും ഇ-ഗവേണൻസ് രീതിയിലാക്കുന്നതിന് ആലോചിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എപ്രകാരമാണെന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ കമ്പ്യൂട്ടർവൽക്കരണം നടക്കുന്ന വകുപ്പുകളിൽ ഐ.ടി. മിഷന്റെ വിദഗ്ധരുടെ സേവനവും നിരീക്ഷണവും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഭരണ നിർവ്വഹണത്തിൽ ഇ-ഗവേണൻസിന്റെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്താൻ തീരുമാനമെടുത്തിട്ടുണ്ട്.

(ബി) ഇ-ഗവേണൻസ് പദ്ധതികളുടെ കാര്യക്ഷമമായ നിർവ്വഹണത്തിനായി വകുപ്പുതല കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഇ-ഗവേണൻസ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനായി മുഖ്യമന്ത്രി തലവനായിട്ടുള്ള സ്റ്റിയറിങ്ങ് കമ്മിറ്റിയും ചീഫ് സെക്രട്ടറി തലവനായിട്ടുള്ള അപ്പെക്സ് കമ്മിറ്റിയും നിലവിലുണ്ട്. എല്ലാ വകുപ്പുകളും വിവിധ തലങ്ങളിൽ ഇ-ഗവേണൻസ് ആപ്ലിക്കേഷനുകൾ ഉപയോഗിക്കുന്നുണ്ട്. വിവിധ വകുപ്പുകൾ അടിസ്ഥാനതലത്തിലുള്ള വെബ്സൈറ്റുകൾക്ക് രൂപം നൽകിയിട്ടുണ്ട്. ഇതുവഴി പൊതുജനങ്ങൾക്ക് അറിയിപ്പുകൾ നൽകാനും അവരുമായി ആശയവിനിമയം നടത്തുന്നതിനും സാധിക്കുന്നുണ്ട്. ഇ-പ്രൊക്യൂർമെന്റ്, ഇ-ഓഫീസ്, ഇ-ഡിസ്ട്രിക്ട് എന്നീ ആപ്ലിക്കേഷനുകളുടെ ഉപയോഗം നിർബന്ധമാക്കിയിട്ടുള്ളതിനാൽ വളരെയധികം വകുപ്പുകൾ/ഓഫീസുകൾ ഇ-ഗവേണൻസ് നടപ്പാക്കിയിട്ടുണ്ട്. കൂടാതെ, ചില വകുപ്പുകൾ ഫയലുകൾ കൈകാര്യം ചെയ്യുന്നതിനായി ഇ-ഓഫീസ്, ഡി.ഡി.എഫ്.എസ്. മുതലായ ആപ്ലിക്കേഷനുകൾ ഉപയോഗിക്കുന്നതുവഴി പേപ്പർരഹിത ഓഫീസുകളായി മാറുന്നതിനുള്ള ചുവട്‌വയ്പ്പ് നടത്തിയിട്ടുണ്ട്. കൂടാതെ, വിവിധ ഇ-ഗവേണൻസ് ആപ്ലിക്കേഷനുകൾ സംയോജിപ്പിച്ചു കൊണ്ടുള്ള ഒരു ഏകീകൃത എം-ഗവേണൻസ് മൊബൈൽ ആപ്ലിക്കേഷൻ സംസ്ഥാന ഐ.ടി. മിഷൻ വഴി വികസിപ്പിച്ചു വരുന്നുണ്ട്.

ഇ-ഗവേണൻസ് നടപ്പാക്കുന്നതിനായി സംസ്ഥാന ഡാറ്റ സെന്റർ, സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്ക്, വീഡിയോ കോൺഫറൻസ് മുതലായ അടിസ്ഥാന സൗകര്യങ്ങൾ നിലവിലുണ്ട്. ഡാറ്റാ സെന്റർ നവീകരണം/ക്ലൗഡ് ഇൻഫ്രാസ്ട്രക്ചർ ശാക്തീകരണം, സെക്യൂരിറ്റി ഓപ്പറേഷൻ സെന്ററുകളുടെ സജ്ജീകരണം, ഇ-ഓഫീസ് സംവിധാനം വ്യാപിപ്പിക്കൽ, കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്ക് (KSWAN) നവീകരണം എന്നീ പ്രവർത്തനങ്ങളും നടത്തിവരുന്നു. ഇ-ഗവേണൻസ് കാര്യക്ഷമമായി നടപ്പാക്കുന്നതിന്റെ ഭാഗമായി സർക്കാർ ഉദ്യോഗസ്ഥരുടെ ഐ.ടി. പ്രാഗൽഭ്യം വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനം നടത്തിവരുന്നു. കൂടാതെ, സർക്കാർ തലത്തിൽ വിവരസാങ്കേതിക വിദ്യയുടെ വ്യാപനം ത്വരിതപ്പെടുത്തുന്നതിനുവേണ്ടി തിരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി വെർച്വൽ ഐ.ടി. കേഡർ രൂപീകരിച്ചിട്ടുണ്ട്.

(സി) വിവിധ വകുപ്പുകളുടെ ഇ-ഗവേണൻസ് പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ സാങ്കേതിക പിന്തുണ നൽകുന്നതിന് കേരള സംസ്ഥാന ഐ.ടി. മിഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അപ്രകാരമുള്ള കൺസൽട്ടൻസി സേവനങ്ങൾ കേരള സംസ്ഥാന ഐ.ടി. മിഷൻ നൽകിവരുന്നുമുണ്ട്. ചില പദ്ധതികളുടെ മേൽനോട്ടത്തിനുള്ള കമ്മിറ്റികളിൽ ഐ.ടി. മിഷൻ പ്രതിനിധിയെ ഉൾപ്പെടുത്തിയിട്ടുണ്ട്.

## ദളിത് ക്രൈസ്തവരുടെ ഉന്നമനം

7(6307) ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദളിത് ക്രൈസ്തവർ സാമ്പത്തികമായും സാമൂഹികമായും അവശത അനുഭവിക്കുന്നവരാണെന്ന കാര്യം കണക്കിലെടുത്ത് പ്രസ്തുത വിഭാഗക്കാർക്ക് സംവരണം ഏർപ്പെടുത്തേണ്ടതാണെന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കാമോ;

(ബി) ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ദളിത് ക്രൈസ്തവർ നേരിടുന്ന വിവേചനം അവസാനിപ്പിക്കാൻ ശ്രമിക്കുമോ;

(സി) സംസ്ഥാനത്ത് ദളിത് ക്രൈസ്തവരുടെ ഉന്നമനത്തിനായി നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) പട്ടികജാതിയിൽനിന്ന് മതപരിവർത്തനം നടത്തിയ ക്രൈസ്തവർക്ക് നിലവിൽ ഉദ്യോഗത്തിലും വിദ്യാഭ്യാസത്തിലും സംവരണം അനുവദിക്കുന്നുണ്ട്. ഉദ്യോഗത്തിൽ OX വിഭാഗത്തിൽ ഉൾപ്പെടുത്തിയും പ്രൊഫഷണൽ വിദ്യാഭ്യാസത്തിൽ SIUC നാടാർക്കൊപ്പവും ഉന്നത വിദ്യാഭ്യാസ മേഖലയിൽ അദർ ബാക്ക്‌വേർഡ് ക്രിസ്റ്റ്യനൊപ്പവുമാണ് സംവരണം അനുവദിക്കുന്നത്.

(ബി) നടപടി സ്വീകരിക്കുന്നതാണ്.

(സി) വിദ്യാഭ്യാസ മേഖലയിൽ പരിവർത്തിത ക്രൈസ്തവരെ ഒ.ഇ.സി.-യിൽ ഉൾപ്പെടുത്തി പട്ടികജാതി വിഭാഗത്തിന് സാധാരണഗതിയിൽ നൽകുന്ന എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും അനുവദിക്കുന്നുണ്ട്. പിന്നാക്ക സമുദായ വികസന വകുപ്പ് നടപ്പിലാക്കുന്ന ഓവർസീസ് സ്കോളർഷിപ്പ്, എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം, അഡ്വക്കേറ്റ്സ് ഗ്രാന്റ്, പൊതു സ്വകാര്യ പങ്കാളിത്തത്തോടെ ഓട്ടോമൊബൈൽ രംഗത്ത് തൊഴിൽ എന്നീ പദ്ധതികളിൽ പദ്ധതി മാനദണ്ഡങ്ങൾക്കനുസരിച്ച് യോഗ്യതയുള്ള പരിവർത്തിത ക്രൈസ്തവർക്ക് ആനുകൂല്യം അനുവദിക്കുന്നുണ്ട്. അതിനുപുറമെ കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷൻ മുഖേന കുറഞ്ഞ പലിശ നിരക്കിൽ നടപ്പിലാക്കി വരുന്ന വായ്പാ പദ്ധതികളുടെ പട്ടിക ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | വായ്പാ പദ്ധതികൾ | പരമാവധി വായ്പ തുക | പലിശ നിരക്ക് | തിരിച്ചടവ് കാലാവധി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | കൃഷിഭൂമി വായ്പ | 2,00,000 | 5.5% | 100 മാസത്തവണകളായി |
| 2 | ഭവനനിർമ്മാണ വായ്പ | 2,00,000 | 5% | 144 മാസത്തവണകളായി |
| 3 | ഭൂരഹിത ഭവനരഹിത വായ്പ | 3,00,000 | 5% | 120 മാസത്തവണകളായി |
| 4 | ഭവന പുനരുദ്ധാരണ വായ്പ | 50,000 | 6% | 120 മാസത്തവണകളായി |
| 5 | വിവാഹ വായ്പ | 1,00,000 | 4% | 60 മാസത്തവണകളായി |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 6 | സ്വയംതൊഴിൽ വായ്പ | 5,00,000 | 6% | 60 മാസത്തവണകളായി |
| 7 | വിദ്യാഭ്യാസ വായ്പ | 5,00,000 | 4.5% | 60 മാസത്തവണകളായി |
| 8 | വ്യക്തിഗത വായ്പ | 1,00,000 | 8% | 36 മാസത്തവണകളായി |
| 9 | സർക്കാർ/അർദ്ധ സർക്കാർ ഉദ്യോഗസ്ഥർക്കുള്ള വ്യക്തിഗത വായ്പ | 2,00,000 | 10% | 60 മാസത്തവണകളായി |

കേരള സംസ്ഥാന പിന്നാക്ക സമുദായ വികസന കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന വായ്പാ പദ്ധതികളും അനുബന്ധമായി ചേർക്കുന്നു.*

**സ്ഥലം വിട്ടുനൽകുന്നതിന് അനുവദിച്ച ധനസഹായം**

8(6308) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീമതി അച്ചാമ്മ, കാക്കാനിയിൽ, തൊടുപുഴ എന്നയാളുടെ ഭൂമി പുറപ്പുഴ പോളിടെക്നിക്കിന് വിട്ടുനൽകിയതിന് അനുവദിച്ച നഷ്ടപരിഹാരം നാളിതുവരെ നൽകിയില്ലയെന്ന പരാതി ലഭ്യമായിയിട്ടുണ്ടോ;

(ബി) അപേക്ഷക പുറപ്പുഴ പോളിടെക്നിക്ക് ആരംഭിക്കുന്നതിനായി സർക്കാരിന് നൽകിയ ഭൂമിയുടെ അളവ് എത്രയാണെന്നും ഭൂമി ഏറ്റെടുത്തത് എന്നാണെന്നും ഇവർക്ക് എത്ര രൂപ നഷ്ടപരിഹാരം നൽകാനാണ് കോടതി നിർദ്ദേശിച്ചിരുന്നതെന്നും വ്യക്തമാക്കുമോ;

(സി) അനുകൂലമായ കോടതി ഉത്തരവ് ഉണ്ടായിട്ടും, സ്ഥലം സർക്കാരിന് നൽകിയ വീട്ടമ്മയ്ക്ക് അർഹതപ്പെട്ട നഷ്ടപരിഹാരം നൽകാൻ സാധിക്കാതെ പോയ സാഹചര്യം വിശദീകരിക്കാമോ;

(ഡി) നിലവിൽ വാടകയ്ക്ക് താമസിച്ചുവരുന്ന അപേക്ഷകയ്ക്ക് സ്ഥലം വിട്ടു നൽകിയതിന് നൽകാൻ നിശ്ചയിച്ചിട്ടുള്ള നഷ്ടപരിഹാരം അടിയന്തരമായി കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) അപേക്ഷകയിൽനിന്നും തൊടുപുഴ താലൂക്കിൽ പുറപ്പുഴ വില്ലേജിൽ ബ്ലോക്ക് 12-ൽ സർവ്വേ നമ്പർ 570/3-ൽപ്പെട്ട 0.1910 ഹെക്ടർ സ്ഥലവും സർവ്വേ നമ്പർ 570/1-ൽപ്പെട്ട 0.3010 ഹെക്ടർ സ്ഥലവും 14-5-2009-ന് ഏറ്റെടുത്തിട്ടുള്ളതും 25-4-2006-ലെ എൽ.എ.സി. 09/09/ബി1-ലെ അവാർഡ് പ്രകാരം ആകെ 13,02,685 രൂപ കക്ഷിക്ക് അനുവദിച്ചിട്ടുള്ളതും കക്ഷി ടി തുക കൈപ്പറ്റിയിട്ടുള്ളതുമാണ്. കക്ഷിയുടെ റഫറൻസ് അപേക്ഷയെ തുടർന്ന് വിഷയം കോടതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയും 91/10-ാം നമ്പറായി തൊടുപുഴ സബ് കോടതിയിൽ കേസ് രജിസ്റ്റർ ചെയ്യുകയും ടി എൽ.എ.ആർ. കേസിൽ 28-3-2014-ൽ ബഹുമാനപ്പെട്ട കോടതി വിധി പ്രകാരം നഷ്ടപരിഹാരത്തുക പലിശ സഹിതം 33,45,108 രൂപയായി ഉയർത്തി അനുവദിച്ചിട്ടുള്ളതുമാണ്.

(ഡി) ഇതുസംബന്ധിച്ച കോടതി ഉത്തരവുകൾക്ക് വിധേയമായി നഷ്ടപരിഹാരം അടിയന്തരമായി ബഹുമാനപ്പെട്ട കോടതിയിൽ കെട്ടിവയ്ക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**ആശ്രിത നിയമനം**

9(6309) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്രിത നിയമനത്തിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ആശ്രിത നിയമനത്തിന് വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ആശ്രിത നിയമനത്തിന് വരുമാന പരിധി ഉയർത്തുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) നിശ്ചയിച്ചിട്ടുണ്ട്. ആശ്രിത നിയമനം ലഭിക്കുന്നതിനുള്ള വാർഷിക വരുമാന പരിധി 6 ലക്ഷം രൂപയാണ്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മാധ്യമ ഉപദേഷ്ടാക്കൾ

10 (6311) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിക്ക് എത്ര മാധ്യമ ഉപദേഷ്ടാക്കളുണ്ട്; അവരുടെ പേരുവിവരം വെളിപ്പെടുത്തുമോ;

(ബി) ഇവരുടെ നിയമനം ഏത് തസ്തികയിലായിരുന്നു നടത്തിയതെന്നും അന്നത്തെ ശമ്പള സ്കെയിൽ എത്രയായിരുന്നുവെന്നും വ്യക്തമാക്കുമോ;

(സി) ഇതിലാർക്കെങ്കിലും ശമ്പള വർദ്ധനവ് വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പരിഷ്കരിച്ച ശമ്പള സ്കെയിൽ എത്രയാണ്; നിയമനത്തിന് ശേഷം മൂന്നു മാസത്തിനുള്ളിൽ ശമ്പള വർദ്ധനവിനുള്ള കാരണം വ്യക്തമാക്കുമോ?

### ഉത്തരം

(എ) 9-6-2016-ലെ സ.ഉ.(സാധാ) 3715/2016/പൊഭവ നമ്പർ ഉത്തരവ് പ്രകാരം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മീഡിയ അഡ്വൈസറായി ശ്രീ. ജോൺ ബ്രിട്ടാസിനെയും 4-6-2016-ലെ സ.ഉ.(സാധാ) നമ്പർ 3620/2016/പൊഭവ പ്രകാരം ശ്രീ. പ്രഭാകര വർമ്മയെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അഡ്വൈസർ (പ്രസ്) ആയും നിയമിച്ചിട്ടുണ്ട്.

(ബി&സി) ശ്രീ. ജോൺ ബ്രിട്ടാസിന് ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി തസ്തികയ്ക്ക് തുല്യമായ റാങ്കും സ്റ്റാറ്റസും ഉണ്ടായിരിക്കുമെന്നും അദ്ദേഹം സേവനമനുഷ്ഠിക്കുന്നത് പ്രതിഫലം കൂടാതെയായിരിക്കുമെന്നും പ്രസ്തുത ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ശ്രീ. പ്രഭാകര വർമ്മയെ ₹ 77,400-115200 എന്ന ശമ്പസ്കെയിലിൽ നിയമിക്കുകയും പിന്നീട് അദ്ദേഹത്തിന്റെ പദവിയുടെ പ്രാധാന്യവും ഉത്തരവാദിത്വവും ജോലിഭാരവും കണക്കിലെടുത്ത് ധനകാര്യ വകുപ്പിന്റെ അംഗീകാരത്തോടുകൂടി 6-10-2016-ലെ സ.ഉ. (സാധാ) 6381/16/പൊഭവ പ്രകാരം ₹ 93,000-1,20,000 ആയി ശമ്പള സ്കെയിൽ ഉയർത്തി നൽകിയിട്ടുണ്ട്.

## സുതാര്യ കേരളം പരിപാടി

11(6313) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിക്കു നേരിട്ടു പരാതി സമർപ്പിക്കുന്നതിന് നിലവിലുണ്ടായിരുന്ന 'സുതാര്യകേരളം' പരിപാടി നിർത്തലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ;

(ബി) ദൂരദർശൻ വഴി ജനങ്ങളുടെ പരാതികൾ മുഖ്യമന്ത്രിയെ അറിയിക്കുന്നതിനുള്ള പരിപാടി നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ എന്താണ് കാരണമെന്ന് അറിയിക്കുമോ;

(സി) പൊതുജനങ്ങൾക്ക് പരാതി അറിയിക്കുന്നതിനും മുഖ്യമന്ത്രിയെ നേരിട്ട് ബന്ധപ്പെടുന്നതിനുമുള്ള മറ്റേതെല്ലാം പരാതി പരിഹാര മാർഗ്ഗങ്ങളാണ് ഈ സർക്കാർ നിർത്തലാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഇല്ല. ദൂരദർശൻ വഴി ജനങ്ങളുടെ പരാതികൾ മുഖ്യമന്ത്രി നേരിൽ കേൾക്കുന്ന പരിപാടി തുടർന്ന് നടത്തുന്നതുമായി ബന്ധപ്പെട്ട വിഷയം പരിശോധിച്ചു വരുന്നു.

(സി) പൊതുജനങ്ങൾക്ക് മുഖ്യമന്ത്രിക്ക് നേരിട്ടും അല്ലാതെയും പരാതികൾ നൽകുന്നതിനുള്ള നിലവിലുള്ള സംവിധാനങ്ങളൊന്നുംതന്നെ നിർത്തലാക്കിയിട്ടില്ല. പൊതുജനങ്ങളിൽനിന്നും വിവിധ മാർഗ്ഗങ്ങളിലൂടെ മുഖ്യമന്ത്രിക്ക് ലഭിക്കുന്ന പരാതികൾ ഏകീകൃത സംവിധാനത്തിലൂടെ പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സംവിധാനമായ "സ്ട്രെയിറ്റ് ഫോർവേഡ് സെൽ" 2016 ജൂൺ മാസം മുതൽ സെക്രട്ടേറിയറ്റിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**സംസ്ഥാന സിവിൽ സർവ്വീസ്**

12(6314) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സിവിൽ സർവ്വീസ് രൂപീകരിക്കുന്നതിന് രാജ്യത്ത് മറ്റേതെങ്കിലും സംസ്ഥാനത്തിന്റെതായ മാതൃക ഉണ്ടോ;

(ബി) സിവിൽ സർവ്വീസിലേക്കുള്ള റിക്രൂട്ട്മെന്റ് രീതിയും മറ്റും സംബന്ധിച്ച് ഏതെങ്കിലും വിധത്തിലുള്ള തീരുമാനങ്ങൾ ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 24-9-2013-ലെ ജി.ഒ.(ആർ.ടി.)7725/2013/ജിഎഡി., 16-8-2014-ലെ ജി.ഒ.(എം.എസ്)228/2014/ജിഎഡി, 5-1-2015-ലെ ജി.ഒ. (എം.എസ്) 1/2015/ ജിഎഡി എന്നീ ഉത്തരവുകൾ പ്രകാരം സംസ്ഥാനത്ത് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുന്നതിന് തീരുമാനമെടുത്തിരുന്നു. പ്രസ്തുത സർക്കാർ ഉത്തരവിന് ആധാരമായ ശ്രീ. ഭരത് ഭൂഷൺ കമ്മിറ്റി റിപ്പോർട്ടിൽ മഹാരാഷ്ട്ര, തമിഴ്നാട്, ബീഹാർ, ഉത്തർപ്രദേശ്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലെ സിവിൽ സർവ്വീസ് തിരഞ്ഞെടുപ്പ് രീതികൾ പരാമർശിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് പുനരവലോകനത്തിനായി ആഭ്യന്തരവും വിജിലൻസും അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷയായിട്ടുള്ള സെക്രട്ടറിമാരുടെ ഒരു ആറംഗകമ്മിറ്റി 16-8-2016-ലെ ജി.ഒ. (ആർ.ടി)322/2016/പി&എ.ആർ.ഡി. ഉത്തരവുപ്രകാരം രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റി സർവ്വീസ് സംഘടനകളുടെ അഭിപ്രായങ്ങൾ തേടിവരികയാണ്.

### സിവിൽ സർവ്വീസ് ജീവനക്കാരുടെ അനധികൃത സ്വത്ത് സമ്പാദനം

13(6315) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സിവിൽ സർവ്വീസ് ജീവനക്കാരുടെ അനധികൃത സ്വത്ത് സമ്പാദനം കണ്ടെത്തുന്നതിന് നിലവിൽ എന്തെല്ലാം നിയമങ്ങളാണ് ഉള്ളത് എന്ന് വിശദമാക്കുമോ;

(ബി) ഇത്തരത്തിലുള്ള ഏതെങ്കിലും കേസ്സുകൾ കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാന സിവിൽ സർവ്വീസ് ജീവനക്കാരുടെ അനധികൃത സ്വത്ത് സമ്പാദനം കണ്ടെത്തുന്നതിന് 1988-ലെ അഴിമതി നിരോധന നിയമം നിലവിലുണ്ട്.

(ബി) സംസ്ഥാന സിവിൽ സർവ്വീസ് ജീവനക്കാർക്കെതിരായി നിലവിൽ അന്വേഷണത്തിലിരിക്കുന്ന വിജിലൻസ് കേസുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

### ശ്രീമതി നിസാമോൾ, എടവനക്കാട് സമർപ്പിച്ച പരാതി

14(6316) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ തന്റേതല്ലാത്ത കാരണത്താൽ ജോലി ലഭിക്കാതെ പോയത് പുനപ്പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ശ്രീമതി നിസാമോൾ, എടവനക്കാട് സമർപ്പിച്ച പരാതിയിന്മേൽ സ്വീകരിച്ച തുടർനടപടി വിശദമാക്കാമോ;

(ബി) ശ്രീമതി നിസാമോൾ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്കു സമർപ്പിച്ച, 26-5-2016-ലെ 5340 മിസലേനിയസ്, 15-7-2016-ലെ 7365 മിസലേനിയസ്, 15-7-2016-ലെ 7369 മിസലേനിയസ് എന്നീ നമ്പറുകളിൽ സ്വീകരിച്ച അപേക്ഷകളിൻമേൽ സ്വീകരിച്ച ഫയൽ നടപടികൾ സംബന്ധിച്ച് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ&ബി) എറണാകുളം ജില്ലയിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ നിയമനം നൽകണമെന്ന ശ്രീമതി നിസാമോൾ. കെ.കെ.-യുടെ അപേക്ഷ സർക്കാർ പരിശോധിക്കുകയും ഇതുസംബന്ധിച്ച് ടിയാൾ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്റ്റേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത കേസ് ട്രിബ്യൂണലിന്റെ പരിഗണനയിലിരിക്കുന്നതിനാൽ അപേക്ഷ ഇപ്പോൾ പരിഗണിക്കുവാൻ നിർവ്വാഹമില്ലെന്ന വിവരം അപേക്ഷകയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

**ഇരുമ്പനം ചിത്രപ്പുഴയിലെ വിഷജല മലിനീകരണം**

15(6317) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരുമ്പനം ചിത്രപ്പുഴയിലെ വിഷജല മലിനീകരണംമൂലം കൃഷിക്കുപയുക്തമല്ലാതായി തീർന്ന 60 ഏക്കറോളം വരുന്ന പാടശേഖരത്തെ സംബന്ധിച്ച് ഇവിടത്തെ കർഷകരുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രദേശം കൊച്ചിൻ റിഫൈനറിയെ കൊണ്ടോ സർക്കാർ തലത്തിലുള്ള വികസനാവശ്യങ്ങൾക്കോ ഏറ്റെടുക്കണമെന്ന കർഷകരുടെ ആവശ്യത്തിൽ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പ്രസ്തുത പ്രദേശത്ത് കൊച്ചിൻ റിഫൈനറിക്ക് നടപ്പിലാക്കാവുന്ന പദ്ധതികളൊന്നും നിലവിലില്ല. ഇരുമ്പനം ചിത്രപ്പുഴയിലെ വിഷജല മലിനീകരണംമൂലം കൃഷിക്കുപയുക്തമല്ലാതായിത്തീർന്ന പാടശേഖരവുമായി ബന്ധപ്പെട്ട് WP(C)No.25487/13 (Irumpanam-Chithrapuzha Peedithia Karshaka Sangham Vs. State of Kerala) എന്ന കേസ് ഹൈക്കോടതിയുടെ പരിഗണനയിലാണ്. ആയതിനാൽ ടി കേസിൽ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ സർക്കാർ തലത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

**ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് കാലാവധി**

16(6318) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിലെ വിവിധ വകുപ്പുകളിൽ വരുന്ന ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് ചുരുങ്ങിയ കാലാവധി നിശ്ചയിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലാവധിക്കുള്ളിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കാനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സർക്കാർ സർവ്വീസിലെ വിവിധ തസ്തികകളിൽ ഒഴിവുകളുണ്ടാകുന്ന മുറയ്ക്കുതന്നെ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി&സി) ഉണ്ട്. നിശ്ചിത കാലയളവിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നില്ലെന്ന് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 2012-ലെ കേരള സംസ്ഥാന സേവനാവകാശ നിയമത്തിലെ മൂന്നാം വകുപ്പിൻപ്രകാരം ഓരോ സർക്കാർ വകുപ്പും ഓരോ വകുപ്പ് മേധാവിയും ഓരോ തദ്ദേശസ്ഥാപനവും ഓരോ നിയമാധിഷ്ഠിത നികായവും അവ ഓരോന്നും നൽകുന്നതായ സേവനങ്ങളുടെ കൂട്ടത്തിൽ അതത് ഓഫീസിലെ വിവിധ തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകൾ യഥാസമയം പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നതുംകൂടി സേവനാവകാശങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന് 8-2-2016-ലെ സർക്കുലർ നമ്പർ 22488/ എ.ആർ.12(1)/15/ഉഭപവ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

**സേവനാവകാശ നിയമം**

17(6319) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേവനാവകാശ നിയമം കാര്യക്ഷമമായി പ്രാവർത്തികമാക്കുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) താലൂക്ക്-വില്ലേജ് ഓഫീസുകളിൽനിന്നും യഥാസമയം സേവനം ലഭ്യമാകാത്തതിനെ തുടർന്ന് ഉണ്ടായ ഓഫീസ് അതിക്രമങ്ങളെ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇത്തരം ആക്രമണങ്ങളുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് സേവനാവകാശ നിയമം ശക്തിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) സേവനാവകാശ നിയമത്തിന്റെ അപര്യാപ്തത അവലോകനം ചെയ്ത് കാലോചിതമായ ഭേദഗതികൾ വരുത്തി നിയമം കൂടുതൽ ഫലപ്രദമായി നടപ്പാക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

## പരമ്പരാഗത അറിവ് സംരക്ഷണം

18(6320) ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ പാർലമെന്റിൽ അവതരിപ്പിക്കാനുദ്ദേശിക്കുന്ന Traditional Knowledge Protection Bill സംസ്ഥാനത്തിന് സ്വന്തമായുള്ള പരമ്പരാഗത അറിവുകളെ ഏതൊക്കെ തരത്തിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) നിയുക്ത ബില്ലിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാനം ഏതെങ്കിലും തരത്തിലുള്ള ശിപാർശകൾ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്തിന് സ്വന്തമായ പരമ്പരാഗത അറിവുകൾ നഷ്ടപ്പെടാതിരിക്കുന്നതിന് ഏതൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കേന്ദ്രസർക്കാർ പാർലമെന്റിൽ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്ന Knowledge Protection Bill-ന്റെ പകർപ്പ് സംസ്ഥാന സർക്കാരിന് ലഭ്യമാക്കിയിട്ടില്ല. മറിച്ച് National Intellectual Property Rights Policy മലയാളത്തിലേയ്ക്ക് വിവർത്തനം ചെയ്ത് അടിയന്തരമായി ലഭ്യമാക്കാനാണ് ആവശ്യപ്പെട്ടിരിക്കുന്നത്. അതിനാൽ ബില്ലിൽ എന്ത് വ്യവസ്ഥകളാണുള്ളതെന്ന് വ്യക്തമല്ല. അതുകൊണ്ട് സംസ്ഥാനത്തിന് സ്വന്തമായുള്ള പരമ്പരാഗത അറിവുകളെ എന്തൊക്കെ തരത്തിൽ ബാധിക്കുമെന്ന് വിലയിരുത്താൻ കഴിഞ്ഞിട്ടില്ല.

(ബി) " Traditional Knowledge Protection Bill" എന്ന വിഷയവുമായി ബന്ധപ്പെട്ട് യാതൊരു ശിപാർശയും കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടില്ലാത്തതാണ്.

(സി) സംസ്ഥാനത്തിന്റെ പരമ്പരാഗതമായ അറിവുകൾ നഷ്ടപ്പെടാതിരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി സർക്കാർ 2008-ൽ Intellectual Property Rights Policy അംഗീകരിച്ചിട്ടുള്ളതും അതനുസരിച്ച് Supervisory Council on Intellectual Property (SCIP) കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതുമാണ്. പരമ്പരാഗത അറിവുകൾ നഷ്ടപ്പെടാതിരിക്കുന്നതിന് നിയമനിർമ്മാണം നടത്തുന്നതിന് സംസ്ഥാന സർക്കാർ കരട് ബിൽ തയ്യാറാക്കിയെങ്കിലും സംസ്ഥാന നിയമസഭയ്ക്ക് ഈ വിഷയത്തിൽ നിയമനിർമ്മാണം നടത്തുവാൻ ക്ഷമതയില്ലായെന്ന നിയമവകുപ്പിന്റെയും ബഹുമാനപ്പെട്ട അഡ്വക്കേറ്റ് ജനറലിന്റെയും ഉപദേശത്തെ തുടർന്ന് ബിൽ അവതരിപ്പിക്കാനുള്ള ശ്രമം സംസ്ഥാന സർക്കാർ നിർത്തിവച്ചു. കേന്ദ്ര സർക്കാർ ഈ വിഷയത്തിൽ

സംസ്ഥാന സർക്കാരിന്റെ അഭിപ്രായം ആരായുന്നപക്ഷം സംസ്ഥാന സർക്കാർ അതിന്മേലുള്ള അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിക്കുന്നതാണ്. 1970-ലെ പേറ്റന്റ് ആക്ടിന്റെ വകുപ്പ് 2 (എം) പ്രകാരം പേറ്റന്റ് എന്നാൽ ഈ ആക്ടിൻ കീഴിൽ കണ്ടുപിടുത്തങ്ങൾക്ക് അനുവദിച്ചിട്ടുള്ള പേറ്റന്റ് എന്നർത്ഥമാകുന്നു. അതുപോലെ, ഈ ആക്ടിന്റെ വകുപ്പ് 3 (പി) പ്രകാരം Traditional Knowledge അല്ലെങ്കിൽ പരമ്പരാഗതമായി അറിയാവുന്ന അറിവുകളുടെ ഘടകത്തിന്റെയോ ഘടകങ്ങളുടേയോ കൂട്ടിച്ചേർക്കലോ അതിന്റെ ഡ്യൂപ്ലിക്കേഷനോ invention ആകുകയില്ലായെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ Traditional Knowledge പേറ്റന്റ് ആക്ടിന്റെ പരിധിയിൽ വരുന്നതല്ല.

## ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി

19(6321) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ തസ്തികകളിലെ നിയമനത്തിനായി പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ടെങ്കിലും ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാത്തതിനാൽ റാങ്ക് ലിസ്റ്റിൽപ്പെട്ടവർക്ക് നിയമനം ലഭിക്കുന്നില്ല എന്ന സ്ഥിതിവിശേഷം വിലയിരുത്തിയിട്ടുണ്ടോ;

(ബി) സർക്കാർ വകുപ്പുകളിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നത് സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് സേവനാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതോടുകൂടി ഇക്കാര്യത്തിൽ ഏത് തരത്തിലുള്ള പുരോഗതി കൈവരിക്കാനാകുമെന്ന് അറിയിക്കുമോ;

(ഡി) ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാത്ത ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാ നടപടി വ്യവസ്ഥ ചെയ്യുമോ?

### ഉത്തരം

(എ-സി) സർക്കാർ സർവ്വീസിലെ വിവിധ തസ്തികകളിലുണ്ടാകുന്ന ഒഴിവുകൾ അതത് മാസംതന്നെ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യണമെന്ന ഉത്തരവുകൾ/നിർദ്ദേശം പലപ്പോഴും പാലിക്കപ്പെടുന്നില്ല എന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 2012-ലെ കേരള സംസ്ഥാന സേവനാവകാശ നിയമത്തിലെ മൂന്നാം വകുപ്പിൻപ്രകാരം ഓരോ സർക്കാർ വകുപ്പും ഓരോ വകുപ്പ്

മേധാവിയും ഓരോ തദ്ദേശസ്ഥാപനവും ഓരോ നിയമാധിഷ്ഠിത നികായവും അവ ഓരോന്നും നൽകുന്നതായ സേവനങ്ങളുടെ കൂട്ടത്തിൽ അതത് ഓഫീസിലെ വിവിധ തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകൾ യഥാസമയം പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നതുംകൂടി സേവനാവകാശങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന് 8-2-2016-ലെ സർക്കുലർ നമ്പർ 22488/ എ.ആർ.12(1)/15/ഉഭപവ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരം സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഇക്കാര്യം ഉൾപ്പെടുത്തിയതിനാൽ ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യേണ്ടത് അതത് ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വമാണ്. അപ്രകാരം ചെയ്യാതിരുന്നാൽ പ്രസ്തുത നിയമത്തിൽ പ്രതിപാദിച്ചിട്ടുള്ള ശിക്ഷാനടപടികൾക്ക് വിധേയമാകേണ്ടിവരും.

(ഡി) നിയുക്ത ഉദ്യോഗസ്ഥർ സേവനം നൽകുന്നതിൽ കാരണമില്ലാതെ വീഴ്ച വരുത്തിയാലും കാലതാമസം വരുത്തിയാലും പിഴ ഈടാക്കുന്നതിനും ശിക്ഷ ചുമത്തുന്നതിനും സേവനാവകാശ ആക്ടിലെ വകുപ്പ് 8 പ്രകാരം വ്യവസ്ഥയുണ്ട്.

**സർക്കാർ ഓഫീസുകൾ അഴിമതിമുക്തമാക്കാൻ പദ്ധതി**

20(6323) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകൾ അഴിമതിമുക്തമാക്കാൻ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ആയത് എത്രത്തോളം ഫലപ്രദമായിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) അഴിമതി വിമുക്ത കേരളം എന്ന സർക്കാർ നയത്തിന്റെ ഭാഗമായി സർക്കാർ ഓഫീസുകൾ അഴിമതി മുക്തമാക്കാൻ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ക്രിയേറ്റീവ് വിജിലൻസിന്റെ ഭാഗമായി സർക്കുലർ 6/16, സർക്കുലർ 24/16 എന്നിവ പ്രകാരം ബെനിഫിറ്റ് ട്രാക്കിംഗ് ഓഡിറ്റ്, സർക്കുലർ 9/16 പ്രകാരം ഇൻപുട്ട് ട്രാക്കിംഗ് ഓഡിറ്റ്, സർക്കുലർ 16/16 പ്രകാരം കൺകറന്റ് വിജിലൻസ്, സർക്കുലർ 21/16, 22/16 എന്നിവ പ്രകാരം എൻവയോൺമെന്റ് റിസ്ക് വിജിലൻസ് എന്നിവയിൽ പരാമർശിക്കുന്ന നടപടികൾ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടപ്പിലാക്കിവരുന്നു.

(ബി) നടപടികൾ പ്രാരംഭഘട്ടത്തിലാണ്.

## സർക്കാർ വകുപ്പുകളുടെ ഏകോപനം

21(6324) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ വകുപ്പുകൾ ഏകോപിച്ച് പ്രവർത്തിക്കാത്തത് വികസന പ്രവർത്തനങ്ങളെ ബാധിക്കുന്നതും തദ്വാര ജനങ്ങളുടെ എതിർപ്പിന് കാരണമാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രത്യേകിച്ച് പൊതുമരാമത്ത്, ജലവിഭവ വകുപ്പുകളുടെ ഏകോപനമില്ലായ്മമൂലം വളരെ നല്ല രീതിയിൽ ടാറിംഗ് പൂർത്തിയാക്കിയ റോഡുകൾ പൈപ്പിടലിനുവേണ്ടി വെട്ടിപ്പൊളിക്കാറുണ്ട് എന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ;

(സി) ഇത്തരം സാഹചര്യങ്ങളിൽ പൈപ്പിടൽ പൂർത്തിയാക്കിയതിനുശേഷം ടാറിംഗ് ചെയ്യുകയാണെങ്കിൽ കോടിക്കണക്കിന് രൂപ ലാഭിക്കാൻ കഴിയുമെന്നത് കണക്കിലെടുത്ത് ഒന്നിൽ കൂടുതൽ വകുപ്പുകൾ ചെയ്യേണ്ടുന്ന പ്രവൃത്തികൾ ഏകോപിപ്പിച്ച് ചിട്ടയോടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരിശോധിച്ചിട്ടുണ്ട്. റോഡിലെ ടാറിംഗ് പൂർത്തിയായതിനുശേഷം കുടിവെള്ളത്തിനായി ജലവിഭവ വകുപ്പിൽനിന്നും പൈപ്പ് ലൈൻ ഇടുന്നതിനുള്ള അപേക്ഷകൾ നൽകിയാൽ അത് പരിഗണിക്കാതിരിക്കുവാൻ സാധിക്കുന്നതല്ല. ഇത്തരം സാഹചര്യങ്ങളിൽ പൊതുമരാമത്ത് വകുപ്പിന്റെ മുൻകൂർ അനുമതിക്കായി അപേക്ഷ ലഭിച്ചാൽ മരാമത്ത് വകുപ്പിലെയും വാട്ടർ അതോറിറ്റിയിലേയും ബന്ധപ്പെട്ട എഞ്ചിനീയർമാർ സംയുക്തമായി സ്ഥലപരിശോധന നടത്തി യുക്തമായ തീരുമാന മെടുക്കേണ്ടതാണെന്നും മഴക്കാലത്ത് സ്ഥിരമായി റോഡ് വെട്ടിപ്പൊളിക്കുന്നത് ഒഴിവാക്കണമെന്നും, ടാർചെയ്ത ഭാഗം പരമാവധി ഒഴിവാക്കി റോഡിന്റെ ഏറ്റവും പുറത്തെ അതിർത്തിയോടുകൂടിമാത്രം പൈപ്പ് ലൈനുകളും, കേബിളുകളും ഇടേണ്ട താണെന്നും, വകുപ്പുകളിലെ എഞ്ചിനീയർമാരുടെ മേൽനോട്ടത്തിൽ മാത്രമേ ഇത്തരം പ്രവർത്തനങ്ങൾ നടത്താൻ പാടുള്ളൂ എന്നുമുള്ള കർശന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പൈപ്പ് ലൈൻ ഇടുന്നതനുസരിച്ച് റീസ്റ്റോറേഷൻ പ്രവൃത്തികൾ നടത്തുകയുമാണ് ചെയ്യുന്നത്. എന്നാൽ മുൻകൂർ അനുമതി വാങ്ങാതെ വാട്ടർ അതോറിറ്റി, ബി.എസ്.എൻ.എൽ. എന്നീ വകുപ്പുകൾ റോഡുകൾ വെട്ടിപ്പൊളിക്കുന്നത് ടി റോഡിന്റെ കേടുപാടുകൾക്ക് കാരണമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സാഹചര്യങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) നടപടി സ്വീകരിക്കുന്നതാണ്. ബന്ധപ്പെട്ട വകുപ്പുകൾക്ക് പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ അവരവരുടെ ഏതേത് പ്രവൃത്തികളാണ് നടത്തേണ്ട തായിട്ടുള്ളതെന്ന വിവരങ്ങൾ നേരത്തെതന്നെ അറിയിക്കുന്നപക്ഷം റോഡ് നിർമ്മാണം കഴിഞ്ഞയുടനെ വെട്ടിപ്പൊളിക്കുന്നത് ഒഴിവാക്കാവുന്നതും ഒന്നിൽക്കൂടുതൽ വകുപ്പുകൾ ചെയ്യേണ്ട പ്രവൃത്തികൾ ഏകോപിപ്പിച്ച് ചിട്ടയോടെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കാവുന്നതുമാകുന്നു. ഇതിലേയ്ക്കായി ബന്ധപ്പെട്ട വകുപ്പുകൾ യോജിച്ച് തീരുമാനമെടുക്കുന്നതിലേയ്ക്ക് ചർച്ചകളിലൂടെ നടപടി സ്വീകരിച്ചുവരുന്നു.

## സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ചികിത്സയ്ക്കായി പദ്ധതികൾ

22(6325) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെയും, പെൻഷൻകാരുടെയും ചികിത്സയ്ക്കായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ടോ;

(ബി) മാരകമായ രോഗങ്ങൾ, അപകടങ്ങൾ എന്നിവമൂലം ദുരിതമനുഭവിക്കുന്ന ജീവനക്കാരുടെയും പെൻഷൻകാരുടെയും ചികിത്സയ്ക്ക് സഹായകരമായ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് ഫലപ്രദമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഇതു സംബന്ധിച്ച് കഴിഞ്ഞ ശമ്പള പരിഷ്കരണ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സർക്കാർ ജീവനക്കാരുടെ ചികിത്സാ ചെലവുകൾക്കായി 1960-ലെ Kerala Government Servant's Medical Attendance Rules പ്രകാരം മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് നിലവിലുണ്ട്. പെൻഷൻകാർ പ്രസ്തുത പദ്ധതിക്ക് കീഴിൽ ഉൾപ്പെടുന്നില്ല. പകരം പ്രതിമാസ പെൻഷനോടൊപ്പം 300 രൂപ മെഡിക്കൽ അലവൻസായി നൽകിവരുന്നുണ്ട്.

(സി) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പത്താം ശമ്പള പരിഷ്കരണ കമ്മീഷന്റെ രണ്ടാം ഭാഗ റിപ്പോർട്ടിൽ സമർപ്പിച്ചിട്ടുണ്ട്. പെൻഷൻകാർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ ധനകാര്യവകുപ്പിൽ പുരോഗമിക്കുന്നു. സർക്കാർ ജീവനക്കാർക്ക് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.

## ട്രെയിനുകളുടെ സമയക്രമം

23(6326) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ട്രെയിനുകൾ ഓടുന്നത് ദശാബ്ദം മുമ്പുള്ള സമയ ക്രമത്തിലാണെന്നുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇരട്ടപ്പാത നിലവിലുള്ള സ്ഥലങ്ങളിൽ വേഗത വർദ്ധിപ്പിച്ചും സ്ലാക്ക് ടൈം ഒഴിവാക്കിയും സമയം ലാഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ട്രെയിനുകളുടെ സമയക്രമം നിശ്ചയിക്കുന്നതും ഇരട്ടപ്പാത നിലവിലുള്ള സ്ഥലങ്ങളിൽ വേഗത വർദ്ധിപ്പിക്കുന്നതും സ്ലാക് ടൈം ഒഴിവാക്കി സമയം ലാഭിക്കുന്നതുമായ കാര്യങ്ങൾ കേന്ദ്ര റെയിൽവേ വകുപ്പിന്റെ അധികാര പരിധിയിലാണ്.

## വിരമിച്ചിട്ടും തുടരുന്ന ജീവനക്കാർ

24(6328) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വിവിധ വകുപ്പുകളിലായി (സർക്കാർ, അർദ്ധ സർക്കാർ, ബോർഡ്/കോർപ്പറേഷൻ) വിരമിച്ചിട്ടും സർവ്വീസിൽ തുടരുന്ന എത്ര ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ ഉണ്ടായിട്ടും പെൻഷൻ പറ്റിയ ജീവനക്കാരെ കരാർ/താല്ക്കാലികമായി നിയമിച്ചിട്ടുണ്ടെങ്കിൽ പിരിച്ചു വിടാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

## കേരളപ്പിറവിയുടെ അറുപതാം വാർഷികാഘോഷം

25(6329) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളപ്പിറവിയുടെ അറുപതാം വാർഷികാഘോഷം വിപുലമായ രീതിയിൽ സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ പരിപാടികളാണ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ അറുപത് വർഷം വിവിധ രംഗങ്ങളിൽ സംസ്ഥാനം നേടിയ നേട്ടങ്ങളും നമുക്കുണ്ടായ കോട്ടങ്ങളും ശരിയായ രീതിയിൽ വിശകലനം ചെയ്ത് സംസ്ഥാനത്തെ സുസ്ഥിര വികസന പാതയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ ഈ ആഘോഷത്തിന്റെ ഭാഗമായി കൈക്കൊള്ളുമോയെന്ന് വ്യക്തമാക്കുമോ;

(സി) ആഘോഷപരിപാടികളിൽ സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ സാന്നിധ്യം ഉറപ്പാക്കുകയും അവരുടെ ഉന്നമനത്തിനായി നൂതന പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുമോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കേരളപ്പിറവിയുടെ അറുപതാം വാർഷികാഘോഷം വിപുലമായ രീതിയിൽ സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഉദ്ഘാടന പരിപാടികൾ നവംബർ ഒന്നിന് നിയമസഭാ മന്ദിരത്തിൽ പ്രത്യേകം തയ്യാറാക്കിയ പന്തലിൽ നിയമസഭയും സംസ്ഥാന സർക്കാരും ചേർന്ന് സംഘടിപ്പിക്കുകയുണ്ടായി. 2016 നവംബർ 1 മുതൽ 2017 ഒക്ടോബർ 31 വരെ ഒരു വർഷം നീണ്ടുനിൽക്കുന്ന ആഘോഷ പരിപാടികളാണ് സംഘടിപ്പിക്കുന്നത്. വജ്രകേരളം "തീം സോംഗ്" , ഡോക്യുമെന്ററി, മെഗാ ഇവന്റ്, എക്സ്ബിഷനുകൾ, പ്രഭാഷണങ്ങൾ, പെയിന്റിംഗ്, ശിൽപ്പശാലകൾ, കേരള@ഇന്ററാക്ടീവ് മ്യൂസിയം, ആദ്യ നിയമസഭയിലെ അംഗങ്ങളുടെ കുടുംബസംഗമം തുടങ്ങിയ പരിപാടികൾ 2016-17 സാമ്പത്തിക വർഷം സംഘടിപ്പിക്കുവാൻ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) കഴിഞ്ഞ അറുപത് വർഷം വിവിധ രംഗങ്ങളിൽ സംസ്ഥാനം നേടിയ നേട്ടങ്ങളും നമുക്കുണ്ടായ കോട്ടങ്ങളും ശരിയായ രീതിയിൽ വിശകലനംചെയ്ത് സംസ്ഥാനത്തെ സുസ്ഥിര വികസനപാതയിൽ കൊണ്ടുവരുന്നതിനുള്ള പദ്ധതികൾ ഈ ആഘോഷത്തിന്റെ ഭാഗമായി ആവിഷ്കരിച്ചിട്ടുണ്ട്.

(സി) പ്രഗത്ഭരായ നമ്മുടെ രാഷ്ട്രീയ നേതാക്കളുടേയും മുൻഭരണകർത്താക്കളുടേയും വിലയേറിയ നിർദ്ദേശങ്ങളും ഉപദേശങ്ങളും സ്വീകരിച്ചുകൊണ്ട്, സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും സാന്നിധ്യം ഉറപ്പാക്കിക്കൊണ്ടാണ് പരിപാടികൾ സംഘടിപ്പിക്കുന്നത്.

**സബോർഡിനേറ്റ് സർവ്വീസ്**

26(6330) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ്, പി.എസ്.സി., ലോക്കൽ ഫണ്ട് ആഡിറ്റ് എന്നിവയിലെ ലാസ്റ്റ് ഗ്രേഡ് തസ്തികകളെ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇനി എന്തൊക്കെ നടപടിക്രമങ്ങളാണ് ഇതിനുവേണ്ടി പൂർത്തീകരിക്കാനുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) സെക്രട്ടേറിയറ്റ്, പി.എസ്.സി., ലോക്കൽ ഫണ്ട് ഓഡിറ്റ് എന്നിവയിലെ ലാസ്റ്റ് ഗ്രേഡ് സർവന്റ്സ് നിയമനത്തിന് നോട്ടിഫിക്കേഷൻ നടത്തുന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ഡി) സബോർഡിനേറ്റ് സർവ്വീസ് നടപ്പാക്കാനുള്ള കാലതാമസം ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) സെക്രട്ടേറിയറ്റിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് 3-2-2016-ൽ സ.ഉ.(പി)നമ്പർ 8/16/പൊഭവ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് 4-2-2016-ലെ എസ്.ആർ.ഒ. നമ്പർ 107/2016 ആയി വിജ്ഞാപനം ചെയ്തിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനം നിയമസഭാ സമിതിയുടെ പരിഗണനയിലാണ്.

## മന്ത്രിമാരുടെയും പ്രതിപക്ഷ നേതാവിന്റെയും പേഴ്സണൽ സ്റ്റാഫംഗങ്ങളുടെ ഐഡന്റിറ്റി കാർഡ്

27(6331) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മന്ത്രിമാരുടേയും പ്രതിപക്ഷ നേതാവിന്റെയും പേഴ്സണൽ സ്റ്റാഫംഗങ്ങൾക്ക് ഐഡന്റിറ്റി കാർഡ് നൽകിയിട്ടുണ്ടോ;

(ബി) മുൻസർക്കാരിന്റെ കാലത്ത് നൽകിയതിൽനിന്നും വ്യത്യസ്തമായി പേഴ്സണൽ സ്റ്റാഫംഗങ്ങൾക്ക് ഐഡന്റിറ്റി കാർഡിൽ പെൻ നമ്പർ രേഖപ്പെടുത്താതെ നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രതിപക്ഷ നേതാവിന്റെ പേഴ്സണൽ സ്റ്റാഫംഗങ്ങൾക്ക് പെൻ നമ്പർ ഇല്ലാതെ മറ്റ് താല്ക്കാലിക ഔദ്യോഗിക സന്ദർശകർക്ക് നൽകുന്നതുപോലെയുള്ള ഐ. ഡി. കാർഡാണോ നൽകിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) പ്രതിപക്ഷ നേതാവിന്റെ പേഴ്സണൽ സ്റ്റാഫംഗങ്ങൾക്ക് പെൻ നമ്പർ ഇല്ലാതെ ഐ.ഡി.കാർഡ് നല്കിയതുമൂലം ശമ്പളവും മറ്റ് അലവൻസുകളും ലഭിക്കുന്നതിന് നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് മന്ത്രിമാരുടെ സ്റ്റാഫിന് നൽകിയതു പോലുള്ള ഐഡന്റിറ്റി കാർഡ് നൽകുന്നതിന് നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) അപേക്ഷ നൽകിയിട്ടുള്ള മന്ത്രിമാരുടെയും പ്രതിപക്ഷ നേതാവിന്റെയും പേഴ്സണൽ സ്റ്റാഫംഗങ്ങൾക്ക് നിലവിലെ വ്യവസ്ഥകൾ പ്രകാരം ഐഡന്റിറ്റി കാർഡ് നൽകിയിട്ടുണ്ട്.

(ബി) മുൻ സർക്കാരിന്റെ കാലത്ത് നൽകിയതിൽനിന്നും വ്യത്യസ്തമായി പേഴ്സണൽ സ്റ്റാഫംഗങ്ങൾക്ക് ഐഡന്റിറ്റി കാർഡിൽ പെൻ നമ്പർ രേഖപ്പെടുത്താതെ നൽകിയിട്ടില്ല. മുൻസർക്കാരിന്റെ കാലത്ത് നൽകിയിരുന്ന അതേരീതിയിലുള്ള ആഭ്യന്തര വകുപ്പിന്റെ ഐഡന്റിറ്റി കാർഡാണ് (പെൻ നമ്പർ രേഖപ്പെടുത്താത്തത്) പ്രതിപക്ഷ നേതാവിന്റെ പേഴ്സണൽ സ്റ്റാഫംഗങ്ങൾക്ക് നിലവിൽ നൽകിയിട്ടുള്ളത്. ടി സ്റ്റാഫംഗങ്ങൾ സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥർ അല്ലാത്തതിനാൽ, ഐഡന്റിറ്റി കാർഡിൽ പെൻ നമ്പർ രേഖപ്പെടുത്താറില്ല.

(സി) ഗവൺമെന്റ് സെക്രട്ടേറിയറ്റ് സെക്യൂരിറ്റി ഇൻസ്ട്രക്ഷൻസിലെ വ്യവസ്ഥകൾ പ്രകാരമാണ് പ്രതിപക്ഷ നേതാവിന്റെ പേഴ്സണൽ സ്റ്റാഫംഗങ്ങൾക്ക് ഐഡന്റിറ്റി കാർഡ് നൽകുന്നത്. പ്രതിപക്ഷ നേതാവിന്റെ പേഴ്സണൽ സ്റ്റാഫംഗങ്ങൾക്ക് വകുപ്പദ്ധ്യക്ഷന്മാർ, സർക്കാരിന്റെ കീഴിലുള്ള കമ്പനികൾ/കോർപ്പറേഷനുകൾ/ ബോർഡുകൾ എന്നിവയുടെ എം.ഡിമാർ/ചെയർമാൻമാർ, മുനിസിപ്പൽ കോർപ്പറേഷനിലെ മേയർമാർ, മുനിസിപ്പൽ ചെയർമാൻമാർ, ജില്ലാ കൗൺസിലിലെ ചെയർമാൻമാർ എന്നിവർക്ക് ആഭ്യന്തര വകുപ്പിൽനിന്നും നൽകുന്ന രീതിയിലുള്ള പെൻനമ്പർ രേഖപ്പെടുത്താത്തതും സ്മാർട്ട് അല്ലാത്തതുമായ ജോയിന്റ് സെക്രട്ടറി ഒപ്പിട്ട 5 വർഷത്തെ കാലാവധിയുള്ള ഐഡന്റിറ്റി കാർഡാണ് നിലവിൽ നൽകുന്നത്. എന്നാൽ മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിലെ പെൻനമ്പരുള്ള സ്റ്റാഫംഗങ്ങൾക്ക് സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥർക്ക് നൽകുന്ന അതേ രീതിയിലുള്ള പെൻ നമ്പർ രേഖപ്പെടുത്തിയിട്ടുള്ള സ്മാർട്ട് ഐഡന്റിറ്റി കാർഡാണ് നിലവിൽ നൽകുന്നത്. മുൻസർക്കാരിന്റെ കാലത്ത് നൽകിയിരുന്ന അതേരീതിയിലുള്ള ആഭ്യന്തര വകുപ്പിന്റെ ഐഡന്റിറ്റി കാർഡാണ് (പെൻ നമ്പർ രേഖപ്പെടുത്താത്തത്) പ്രതിപക്ഷ നേതാവിന്റെ പേഴ്സണൽ സ്റ്റാഫംഗങ്ങൾക്ക് നിലവിൽ നൽകിയിട്ടുള്ളത്. ടി സ്റ്റാഫംഗങ്ങൾ സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥരല്ലാത്തതിനാൽ, ഐഡന്റിറ്റി കാർഡിൽ പെൻ നമ്പർ രേഖപ്പെടുത്താറില്ല.

(ഡി) പ്രതിപക്ഷ നേതാവിന്റെ പെൻ നമ്പരുള്ള പേഴ്സണൽ സ്റ്റാഫംഗങ്ങൾക്ക് മന്ത്രിമാരുടെ സ്റ്റാഫിന് നൽകിയതുപോലുള്ള സ്മാർട്ട് ഐഡന്റിറ്റി കാർഡ് നൽകുന്ന വിഷയം അപേക്ഷ നൽകുന്ന മുറയ്ക്ക് പരിഗണിക്കാവുന്നതാണ്.

## സെക്രട്ടേറിയറ്റിന് പുറത്ത് സ്ഥിതിചെയ്യുന്ന സെക്രട്ടേറിയറ്റിലെ ഭരണവകുപ്പുകൾ

28(6332) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിനുപുറത്തു പ്രവർത്തിക്കുന്ന സെക്രട്ടേറിയറ്റിലെ ഭരണവകുപ്പുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) സെക്രട്ടേറിയറ്റിനു പുറത്ത് ഇപ്രകാരം പ്രവർത്തിക്കുന്ന ഓഫീസുകളിൽ നിന്ന് ഫയലുകൾ നഷ്ടമാകുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഫയലുകളുടെ സുരക്ഷയും ഓഫീസ് പ്രവർത്തനത്തിന്റെ കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിന് ഇപ്രകാരം പുറത്തു പ്രവർത്തിക്കുന്ന ഓഫീസുകളെ സെക്രട്ടേറിയറ്റ് അനക്സ് -2 ൽ കൊണ്ടുവരുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) അനക്സ് II-ൽ ലഭ്യമായ സ്ഥലം ഇതിനോടകം സെക്രട്ടേറിയറ്റിന് പുറത്ത് പ്രവർത്തിക്കുന്ന ഇലക്ഷൻ വകുപ്പുൾപ്പെടെ വിവിധ വകുപ്പുകൾക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്.

## സെക്രട്ടേറിയറ്റിലെ താഴ്ന്നവിഭാഗം ജീവനക്കാരുടെ ഒഴിവുകൾ

29(6334) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ താഴ്ന്ന വിഭാഗം ജീവനക്കാരുടെ (ലോ പെയ്ഡ് എംപ്ലോയീസ്) എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ താഴ്ന്ന വിഭാഗം ജീവനക്കാർക്ക് നീക്കി വച്ചിരിക്കുന്ന അസിസ്റ്റന്റ്/കമ്പ്യൂട്ടർ അസിസ്റ്റന്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകളിലേക്ക് ബൈ ട്രാൻസ്ഫർ മുഖേനയുള്ള ഉച്ചമായ ഒഴിവുകളിൽ യഥാസമയം നിയമനം നടത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ താഴ്ന്ന വിഭാഗം തസ്തികകളിൽ വരുന്ന ഒഴിവുകൾ കാലതാമസമില്ലാതെ അപ്പപ്പോൾ തന്നെ നിയമനം നടത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ താഴ്ന്ന വിഭാഗം ജീവനക്കാരുടെ വിഭാഗത്തിൽപ്പെട്ട ഓഫീസ് അറ്റൻഡന്റുമാരുടെ 20 ഒഴിവുകൾ നിലവിലുണ്ട്. ലോ പെയ്ഡ് വിഭാഗത്തിൽപ്പെട്ട മറ്റ് തസ്തികകളിൽ ഒഴിവുകളൊന്നും നിലവിലില്ല.

(ബി) താഴ്ന്ന വിഭാഗം ജീവനക്കാർക്കായി നീക്കിവച്ചിട്ടുള്ള ബൈ ട്രാൻസ്ഫർ മുഖേനയുള്ള ഒഴിവുകൾ യഥാസമയം നികത്തിവരുന്നു.

(സി) ഓഫീസ് അറ്റൻഡന്റുമാരുടെ ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തുവരുന്നു. പ്രൊമോഷൻ ബൈ ട്രാൻസ്ഫർ വഴി നികത്തേണ്ട ഒഴിവുകൾ യഥാസമയം സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി പ്രൊമോഷൻ നൽകിവരുന്നു.

**സെക്രട്ടേറിയറ്റിൽ ഇ-ഓഫീസ് സംവിധാനം**

30(6335) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ ഫയലുകളും പരാതികളും അയയ്ക്കുന്നതിനും, സ്വീകരിക്കുന്നതിനും 'ഇ-ഓഫീസ്' സംവിധാനം മാത്രമാണോ ഇപ്പോൾ ഉപയോഗിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) മന്ത്രിമാരുടെ ഓഫീസുകൾ അടക്കമുള്ള സെക്രട്ടേറിയറ്റിലെ ഓഫീസുകളിൽ ഉദ്യോഗസ്ഥർ ഫയലുകളുടെയും പരാതികളുടെയും ചലനങ്ങൾ യഥാസമയം ഇ-ഓഫീസ്, ഐഡിയാസ് തുടങ്ങിയവയിൽ രേഖപ്പെടുത്താത്തതുമൂലം പൊതുജനങ്ങൾക്കും സാമാജികർക്കും ഉണ്ടാവുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ പ്രയാസം ഇല്ലാതാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) നിയമ വകുപ്പിലെ ഫയലുകൾ ട്രാക്ക് ചെയ്യുന്നതിനുള്ള സംവിധാനം നിയമസഭാ സാമാജികർക്ക് ലഭ്യമാക്കുമോ;

(ഇ) നിയമസഭാ സാമാജികർക്ക് ഇ-ഓഫീസ് ഐഡി ലഭ്യമാക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഇ-ഓഫീസിനു പുറമെ നിയമ വകുപ്പിൽ ലാ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (ലിംസ്) വഴിയും ആഭ്യന്തരം, വിജിലൻസ് വകുപ്പുകളിൽ ഐഡിയാസ് വഴിയും തപാലുകൾ സ്വീകരിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്നു. അതോടൊപ്പം മുഖ്യമന്ത്രിക്ക് സമർപ്പിക്കുന്ന പരാതി സ്വീകരിക്കുന്നതിന് സ്റ്റെയിറ്റ് ഫോർവേഡ് എന്ന പരാതി പരിഹാര കേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്.

(ബി&സി) ഇല്ല. ഇ-ഓഫീസ് ഉപയോഗിക്കുന്നതുവഴി എല്ലാ ഫയലുകളുടെയും ചലനം സിറ്റിസൺ ഇന്റർഫേസ് പോർട്ടൽ (http://eoffice.kerala.gov.in) വഴി അറിയാൻ സാധിക്കും. ഫിസിക്കലായി കൈകാര്യം ചെയ്യുന്ന ഫയലുകളുടെ ചരണപഥവും രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം ഇ-ഓഫീസിൽ നിലവിലുണ്ട്. ഈ സംവിധാനത്തിലൂടെ ഫയലുകളുടെ ചരണപഥം രേഖപ്പെടുത്തണമെന്ന് എല്ലാ വകുപ്പുകൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) നിലവിൽ ലാ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (ലിംസ്) വഴി കൈകാര്യം ചെയ്യുന്ന ഫയലുകളുടെ ചരണപഥം ഇലക്ട്രോണിക് രീതിയിൽ അറിയുവാനുള്ള സംവിധാനമില്ല. എന്നാൽ നിയമസഭാ സാമാജികർ ആവശ്യപ്പെടുന്ന മുറയ്ക്ക് ലിംസിൽ യൂസർ ഐ.ഡി.-യും പാസ്‌വേർഡും നൽകുന്നതിനുള്ള സംവിധാനം നിയമ (നോഡൽ) വകുപ്പിൽ നിലവിലുണ്ട്.

(ഇ) നിയമസഭാംഗങ്ങൾക്ക് നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട ഇ-ഓഫീസിൽ കൈകാര്യം ചെയ്യുന്ന ഫയലുകളുടെ വിവരങ്ങൾ ഇ-ഓഫീസ് സിറ്റിസൺ ഇന്റർഫേസ് മുഖേന ഐ.ഡി.യോ പാസ്‌വേർഡോ ഇല്ലാതെതന്നെ ഇന്റർനെറ്റിലൂടെ അറിയുവാൻ സാധിക്കും (http://eoffice.kerala.gov.in).

## ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. ഒഴിവുകൾ

31(6336) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. തുടങ്ങിയ തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ട്; വിശദവിവരം നൽകുമോ;

(ബി) ഒരു വകുപ്പുമേധാവി തന്നെ പല വകുപ്പുകളുടെ ചുമതല വഹിക്കേണ്ടി വരുന്ന സാഹചര്യത്തിൽ പ്രസ്തുത ഉദ്യോഗസ്ഥരുടെ കുറവ് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ച് എത്രയും വേഗം നടപടി പൂർത്തീകരിക്കുന്നപക്ഷം ഈ വിഷയത്തിന് പരിഹാരമാകുമെന്ന് കരുതുന്നുണ്ടോ; വിശദവിവരം നൽകുമോ;

(ഡി) എങ്കിൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ രൂപീകരണം എന്ന് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിൽ ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. കേഡറുകളിൽ അനുവദിച്ചിട്ടുള്ള തസ്തികകൾ യഥാക്രമം 231, 172, 107 എന്നിങ്ങനെയാണ്. ഓരോ കേഡർ റിവ്യൂവിലും കേന്ദ്ര സർക്കാർ ഇത്തരത്തിൽ തസ്തികകളുടെ എണ്ണം നിശ്ചയിക്കുന്നത് ഭാവിയിലേക്കുള്ള തസ്തികകളുടെ ആവശ്യകതയും കേന്ദ്ര ഡെപ്യൂട്ടേഷനിലേക്കും ട്രെയിനിംഗിനും നിയോഗിക്കപ്പെടാവുന്ന ഉദ്യോഗസ്ഥരുടെ എണ്ണവും ചേർത്താണ്. ആയതിനാൽ ഐ.എ.എസ്./ഐ.പി.എസ്./ഐ.എഫ്.എസ്. തസ്തികകളിലുള്ള ഒഴിവുകൾ എത്രയെന്ന് വ്യക്തമാക്കുവാൻ സാങ്കേതിക തടസ്സമുണ്ട്.

(ബി) ഐ.എ.എസ്./ഐ.പി.എസ്./ഐ.എഫ്.എസ്. ഉദ്യോഗസ്ഥരുടെ കുറവ് പരിഹരിക്കുന്നതിന് ഓരോ കേഡർ റിവ്യൂവിലും കൂടുതൽ തസ്തികകൾ അനുവദിക്കപ്പെടേണ്ടതിന്റെ ആവശ്യകത കേന്ദ്ര സർക്കാരിനെ ബോദ്ധ്യപ്പെടുത്തി പരമാവധി തസ്തികകളും ഉദ്യോഗസ്ഥരേയും കേരള കേഡറിൽ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി&ഡി) ഉണ്ട്. 24-9-2013-ലെ ജി.ഒ.(ആർ.ടി.)7725/2013/ജിഎഡി, 16-8-2014-ലെ ജി.ഒ.(എം എസ്.)228/2014/ജിഎഡി, 5-1-2015-ലെ ജി.ഒ. (എം.എസ്) 1/2015/ജിഎഡി എന്നീ ഉത്തരവുകൾ പ്രകാരം സംസ്ഥാനത്ത് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റ ശേഷം കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് പുനരവലോകനത്തിനായി ആഭ്യന്തരവും വിജിലൻസും അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷയായിട്ടുള്ള സെക്രട്ടറിമാരുടെ ഒരു ആറംഗകമ്മിറ്റി 16-8-2016-ലെ ജി.ഒ. (ആർ ടി.)322/2016/പി&എ.ആർ.ഡി. ഉത്തരവു പ്രകാരം രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റി സർവ്വീസ് സംഘടനകളുടെ അഭിപ്രായങ്ങൾ തേടിവരികയാണ്.

## ശ്രീ. ജേക്കബ് തോമസ് അനുമതിയില്ലാതെ പഠിപ്പിക്കാൻ പോയത് സംബന്ധിച്ച പരാതി

32(6337) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ. ജേക്കബ് തോമസ് കെ.റ്റി.ഡി.എഫ്.സി. എം.ഡി. ആയിരിക്കെ അനുമതിയില്ലാതെ റ്റി.കെ.എം. എഞ്ചിനീയറിംഗ് കോളേജിൽ പഠിപ്പിക്കാൻ പോയത് അന്വേഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പരാതി നൽകിയത് ആരാണെന്നും എന്നാണ് നൽകിയതെന്നും അറിയിക്കുമോ;

(ബി) ലഭിച്ച പ്രതിഫലം തിരിച്ചടച്ചു എന്ന് പറഞ്ഞ് അദ്ദേഹം ഹാജരാക്കിയിട്ടുള്ള രസീത് വ്യാജമാണെന്നും ശ്രീ. ജേക്കബ് തോമസിന്റെ അക്കൗണ്ടിൽ നിന്നും റ്റി.കെ.എം. എഞ്ചിനീയറിംഗ് കോളേജിന്റെ അക്കൗണ്ടിലേയ്ക്ക് പണം തിരിച്ചട ച്ചിട്ടുണ്ടോയെന്ന് പരിശോധിക്കണമെന്നും പരാതിയിൽ ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) ഈ പരാതിയിൽ എന്തു നടപടി സ്വീകരിച്ചു; അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) അദ്ദേഹം പോർട്ട് ഡയറക്ടറായിരിക്കെ നടത്തിയ ക്രമക്കേടുകളെക്കുറിച്ച് ഫിനാൻഷ്യൽ ഇൻസ്പെക്ഷൻ വിങ് സമർപ്പിച്ച റിപ്പോർട്ടിന്മേൽ അന്വേഷണവും നടപടിയും ആവശ്യപ്പെട്ട് പരാതി ലഭിച്ചിട്ടുണ്ടോ; എന്നാണ് പരാതി ലഭിച്ചത്; അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. 19-9-2015-ൽ കേന്ദ്ര ആഭ്യന്തര വകുപ്പ് മുഖേന ശ്രീ. സത്യൻ നരവൂർ എന്ന വ്യക്തി പരാതി നൽകിയിരുന്നു.

(ബി) ഇല്ല.

(സി) ശ്രീ. ജേക്കബ് തോമസ് ഐ.പി.എസ്.-ന് എതിരെ നടത്തിയിരുന്ന വിജിലൻസിന്റെ കോൺഫിഡൻഷ്യൽ എൻക്വയറി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ ആവശ്യമില്ലെന്ന് തീരുമാനിക്കുകയും പ്രസ്തുത വിവരം കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തെ അറിയിക്കുകയും ചെയ്തു.

(ഡി) പരാതി ലഭിച്ചിട്ടില്ല.

**ഹാഡ നടപ്പിലാക്കിയ പദ്ധതികൾ**

33(*T 6338) ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. ബാബു :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മലയോര വികസന ഏജൻസി (ഹാഡ) രൂപീകരിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) ഹാഡ വഴി നടപ്പിലാക്കിയ വികസന പദ്ധതികൾ ഏതൊക്കെയാണെന്നും പദ്ധതികൾക്കായി ചെലവഴിച്ച തുക എത്രയാണെന്നും വ്യക്തമാക്കുമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

ഉത്തരം

(എ) 14-11-2011-ലെ സ.ഉ.(എം.എസ്.)60/2011/പ്ലാനിംഗ് എന്ന ഉത്തരവ് പ്രകാരം 1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധർമ്മസംഘങ്ങൾ രജിസ്ട്രാക്കൽ നിയമമനുസരിച്ച് 2012 മേയ് മാസം 28-ാം തീയതി മലയോര വികസന ഏജൻസി രജിസ്റ്റർ ചെയ്തു.

(ബി) വിവരം അനുബന്ധമായി ചേർക്കുന്നു.*

## സ്കൂൾ ഓഫ് മാത്തമാറ്റിക്സിലെ ജീവനക്കാർ

34(6339) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം ആസ്ഥാനമായി പ്രവർത്തിച്ചു വരുന്ന സ്കൂൾ ഓഫ് മാത്തമാറ്റിക്സിൽ നിലവിൽ എത്ര ജീവനക്കാരാണുള്ളത്;

(ബി) ഡെപ്യൂട്ടേഷൻ, സ്ഥിരം, താത്ക്കാലികം വിഭാഗങ്ങളിലായുള്ള ജീവനക്കാരുടെ പേരു വിവരങ്ങൾ വിശദമാക്കാമോ;

(സി) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലുള്ള ജീവനക്കാരുടെ ഓരോരുത്തരുടേയും നിലവിലുള്ള കാലാവധി ഏതുവരെയാണുള്ളത്;

(ഡി) താത്ക്കാലിക ജീവനക്കാരിൽ ഓരോരുത്തർക്കും നിലവിൽ നൽകി വരുന്ന വേതനം എത്ര വീതമാണെന്ന് വിശദമാക്കാമോ;

(ഇ) താത്ക്കാലിക ജീവനക്കാരുടെ നിയമന രീതി വിശദമാക്കാമോ?

ഉത്തരം

(എ) നിലവിൽ 13 ജീവനക്കാർ ജോലി ചെയ്തുവരുന്നു.

(ബി&സി) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജീവനക്കാരില്ല. ഡോ. എം. മാണിക്കം-പ്രൊഫസർ & ഡയറക്ടർ (ഇൻ-ചാർജ്), ഡോ. വിജയരാജൻ എ.കെ.-അസോസിയേറ്റ് പ്രൊഫസർ, ശ്രീ. ബില്ലി ഫ്രാൻസിസ്-അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ശ്രീ. ശ്രീജിത്ത് കുറുങ്ങോട്ട്-സിസ്റ്റം അനലിസ്റ്റ്, ശ്രീ. രാജേഷ് കുര്യാക്കോസ്-ലൈബ്രേറിയൻ, ശ്രീ. നിധിൻ ബാബു എം.-അസിസ്റ്റന്റ് എന്നിവർ സ്ഥിരം തസ്തികയിലും ശ്രീമതി സുബിജ കെ.സി.-ക്ലറിക്കൽ അസിസ്റ്റന്റ്, ശ്രീ. ശശിധരൻ വി.പി.-മെയിന്റനൻസ് എഞ്ചിനീയർ, ശ്രീ. രാകേഷ് പി.എൻ.-ഇലക്ട്രീഷ്യൻ, ശ്രീ. റെജിൻ ദാസ് കെ.-ജനറൽ ഹെൽപ്പർ, ശ്രീമതി ഷിജില വി.കെ., ശ്രീമതി പുഷ്പ യു.വി., ശ്രീമതി സിനുഷ ടി.കെ. എന്നിവർ സ്വീപ്പർ തസ്തികയിലും താത്കാലികമായി ജോലി ചെയ്തുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) ക്ലറിക്കൽ അസിസ്റ്റന്റ്, മെയിന്റനൻസ് എഞ്ചിനീയർ, ഇലക്ട്രീഷ്യൻ എന്നിവർക്ക് പ്രതിമാസം 18,000 രൂപയും ജനറൽ ഹെൽപ്പർ, സ്വീപ്പർമാർ തുടങ്ങിയവർക്ക് പ്രതിമാസം 16,500 രൂപയും വേതനം നൽകിവരുന്നു.

(ഇ) ഭരണസമിതി അംഗീകാരത്തോടെ ലഭ്യമായ യോഗ്യരായ അപേക്ഷകരിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടവർക്ക് കരാറടിസ്ഥാനത്തിൽ നിലവിൽ നിയമനം നൽകിവരുന്നു.

## വിദ്യാഭ്യാസ വായ്പ

35(6341) ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പ എടുത്ത് തിരിച്ചടവിൽ കുടിശ്ശിക വരുത്തിയ വിദ്യാർത്ഥികളിൽനിന്നും ബാങ്കുകൾ നടത്തിവരുന്ന റവന്യൂ റിക്കവറി നടപടികൾ നിർത്തലാക്കുവാൻ വേണ്ട നിർദ്ദേശം നൽകുമോ;

(ബി) 60%-ത്തിൽ കുറവ് മാർക്കുള്ള കുട്ടികൾക്ക് ലോൺ നൽകുന്നതിൽ ബാങ്കുകൾ സ്വീകരിച്ചിട്ടുള്ള നിഷേധാത്മക നിലപാട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) വിദ്യാഭ്യാസ വായ്പയെടുത്ത് മനഃപൂർവ്വമല്ലാതെ കുടിശ്ശിക വന്ന വിദ്യാർത്ഥികൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ/ലോക് അദാലത്ത് മുഖേന ഇളവുകളോടെ വായ്പാ ബാധ്യത തീർക്കുവാൻ ബാങ്കുകൾ അവസരമൊരുക്കുന്നുണ്ട്. ഇതുകൂടാതെ തിരിച്ചടവ് കാലാവധി കൂട്ടുതൽ വേണ്ടിവരുന്ന തൊഴിലില്ലായ്മ വരുമാനത്തിന്റെ, അപര്യാപ്തത തുടങ്ങിയ അവസരങ്ങളിൽ തിരിച്ചടവ് കാലാവധി നീട്ടിക്കൊടുക്കുവാൻ പദ്ധതിയുണ്ട്.

(ബി) മെരിറ്റടിസ്ഥാനത്തിൽ പ്രവേശനം ലഭിക്കുന്ന ഒരു വിദ്യാർത്ഥിക്കും മാർക്കിന്റെ അടിസ്ഥാനത്തിൽ ബാങ്കുകൾ വായ്പ നിഷേധിക്കാറില്ല. മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്കുമാത്രമേ മിനിമം മാർക്ക് പരിധി നിശ്ചയിച്ചിട്ടുള്ളൂ.

## വിദ്യാഭ്യാസ വായ്പ

36(6342) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വിദ്യാഭ്യാസ വായ്പ റിക്കവറി നടപടികൾ ബാങ്കുകൾ ഊർജ്ജിതമാക്കിയതു നിമിത്തം കടക്കെണിയിലായ വിദ്യാർത്ഥികളെ സഹായിക്കുന്നതിനായി ബജറ്റിൽ പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ സമയബന്ധിതമായി ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

വിദ്യാഭ്യാസ വായ്പ റിക്കവറി നടപടികൾ ബാങ്കുകൾ ഊർജ്ജിതമാക്കിയത് നിമിത്തം കടക്കെണിയിലായ വിദ്യാർത്ഥികളെ സഹായിക്കുന്നതിനായി 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഒരു പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പദ്ധതിയിൻപ്രകാരം കുടിശ്ശികയായ വായ്പാതുക മാത്രം തിരിച്ച് ബാധ്യത അവസാനിപ്പിക്കാൻ ബാങ്കുകൾ സമ്മതിച്ചാൽ കുടിശ്ശികയായ വായ്പ തിരിച്ചടയ്ക്കാൻ സർക്കാർ സഹായിക്കുന്നതാണ്. കൂടാതെ തൊഴിൽ ലഭിക്കുന്നതുവരെ തിരിച്ചടവിന് മോറട്ടോറിയം നൽകാൻ ബാങ്കുകൾ തയ്യാറാകണമെന്നും അനൗപചാരിക മേഖലയിൽ ജോലി എടുക്കുന്നവർക്ക് അവരുടെ ശമ്പളത്തിന്റെ നാലിലൊന്നിലേറെ തിരിച്ചടവായി ഈടാക്കാൻ പാടില്ലെന്നും ഈ പദ്ധതിയിൽ വ്യവസ്ഥ ചെയ്യുന്നു. ഈ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് പദ്ധതിയുടെ വിശദമായ മാർഗ്ഗരേഖ തയ്യാറാക്കുന്നതിന് സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുമായി ചർച്ച നടത്തിവരുന്നു.

**സംസ്ഥാനത്ത് നടപ്പാക്കുന്ന കേന്ദ്ര പദ്ധതികൾ**

37(6343) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ കേരളത്തിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ ഏത്ര രൂപ ഏതെല്ലാം പദ്ധതികൾക്ക് അനുവദിച്ചിട്ടുണ്ട് എന്നതിന്റെ വർഷം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ; ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയെന്നും അറിയിക്കുമോ;

(ബി) ഇതിൽ 2016 മാർച്ച് 31 വരെ ചെലവഴിച്ച തുക എത്രയെന്നും പ്രസ്തുത തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം സമർപ്പിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) ഇനിയും ചെലവഴിക്കാൻ ബാക്കിയുള്ള തുക എത്രയെന്നും ഈ തുക ചെലവഴിച്ച് തീർക്കേണ്ട കാലാവധി എന്നാണെന്നും അറിയിക്കുമോ;

(ഡി) അനുവദിച്ച തുക യഥാസമയം ചെലവഴിക്കാതിരുന്നതിന്റെ കാരണക്കാരായ ഉദ്യോഗസ്ഥർ ആരൊക്കെയെന്ന് വ്യക്തമാക്കുമോ;

(ഇ) അനുവദിച്ച തുക യഥാസമയം ചെലവഴിക്കാതിരുന്നതിനാൽ കേന്ദ്ര സർക്കാർ പ്രസ്തുത തുക തിരികെ എടുത്തിട്ടുണ്ടോ; എങ്കിൽ പദ്ധതി തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

## പെൺകുട്ടികളുടെ എണ്ണത്തിൽ കുറവ്

38(6344) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ആൺകുട്ടികളെ അപേക്ഷിച്ച് പെൺകുട്ടികളുടെ എണ്ണത്തിൽ കുറവ് വരുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം കണ്ടെത്തുന്നതിനായി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

ഉത്തരം

സംസ്ഥാനത്തെ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും എണ്ണം സംബന്ധിച്ച വിവരങ്ങൾ ആന്വൽ സർവ്വേയിലൂടെ ശേഖരിക്കുന്നുണ്ട്. ആയത് 2011-ലെ കാനേഷുമാരി കണക്കുമായി താരതമ്യം ചെയ്തതിൽ പെൺകുട്ടികളുടെ എണ്ണത്തിൽ നേരിയ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2011-ലെ കാനേഷുമാരി കണക്കുപ്രകാരം സംസ്ഥാനത്തെ child sex ratio 964 ആണ്. 2015-16 ICDS ആന്വൽ സർവ്വേ പ്രകാരം ആയത് 961 ആണ്. തൃശ്ശൂർ ജില്ലയിൽ child sex ratio 2001-ലെ കാനേഷുമാരി കണക്കുപ്രകാരം 958 ആയിരുന്നത് 2011-ലെ കാനേഷുമാരിയിൽ 950 ആയി കുറഞ്ഞു. ആയത് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രഗവൺമെന്റ് പദ്ധതിയായ "ബേഠി ബച്ചാവോ ബേഠി പഠാവോ" പദ്ധതി നടപ്പിലാക്കാൻ നിർദ്ദേശം നൽകുകയും നിലവിൽ ടി പദ്ധതി നടപ്പിലാക്കിവരികയും ചെയ്യുന്നു.

## ഉല്പാദന മേഖലയ്ക്ക് മുപ്പത് ശതമാനം വകയിരുത്താൻ നടപടി

39(6345) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ ചുരുങ്ങിയത് 30 ശതമാനമെങ്കിലും ഉല്പാദന മേഖലയ്ക്ക് വകയിരുത്തണമെന്നുള്ള വ്യവസ്ഥ ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നിബന്ധനയ്ക്ക് ഏത് തീയതി മുതലാണ് പ്രാബല്യം നൽകുന്നതിന് ഉദ്ദേശിക്കുന്നതെന്നറിയിക്കാമോ?

ഉത്തരം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽനിന്നും 20 ശതമാനം തുക ഉല്പാദന മേഖലയ്ക്കായി വകയിരുത്തേണ്ടതാണെന്ന് 30-6-2016-ലെ സ.ഉ(സാധാ) നമ്പർ 2037/2016/തസ്വഭവ നമ്പർ പ്രകാരം ഉത്തരവ് നൽകിയിട്ടുണ്ട്. ഇതിൽ മാറ്റം വരുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## സി.ആർ.ഇസഡ് സംബന്ധിച്ച അപേക്ഷകൾ

40(6346) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.ആർ.ഇസഡ് സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന അപേക്ഷകൾ പരിശോധിക്കുന്നത് ആരാണ്; വിവരം ലഭ്യമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുമതലകൾ എന്തെല്ലാമാണ്; സി.ആർ ഇസഡ് അപേക്ഷകൾ പരിശോധിക്കുവാൻ മലിനീകരണ നിയന്ത്രണ ബോർഡിനെ എന്തെങ്കിലും ചുമതല ഏൽപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമാണ്;

(സി) സി.ആർ.ഇസഡ് സംബന്ധിച്ച് ലഭിച്ച അപേക്ഷകൾ ജില്ല തിരിച്ച് വ്യക്തമാക്കുമോ; ലഭിച്ച അപേക്ഷകളിൽ എത്ര എണ്ണത്തിൽ തീരുമാനം എടുത്തു;

(ഡി) സി.ആർ.ഇസഡ് സംബന്ധിച്ച അപേക്ഷകൾ പരിശോധിക്കുന്ന രീതി എങ്ങനെയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) സി.ആർ.ഇസഡ് സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന അപേക്ഷകൾ, ഇതിനായി നിയോഗിക്കപ്പെട്ട സയന്റിസ്റ്റുകൾ പരിശോധിച്ച് ടെക്നിക്കൽ റിപ്പോർട്ട് സഹിതം സമർപ്പിക്കുകയും കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി യോഗം ചേർന്ന് തീരുമാനമെടുക്കുകയുമാണ് ചെയ്യുന്നത്.

(ബി) സി.ആർ.ഇസഡ് അപേക്ഷകൾ പരിശോധിക്കുവാൻ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനെ ചുമതലപ്പെടുത്തിയിട്ടില്ല. എന്നാൽ അപേക്ഷകളിൽ തീരുമാനമെടുക്കുന്ന കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയിലെ മെമ്പർ സെക്രട്ടറി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറിയാണ്.

(സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ലഭിക്കുന്ന അപേക്ഷകൾ ഇതിനായി നിയോഗിക്കപ്പെട്ട സയന്റിസ്റ്റുകളുടെ ടെക്നിക്കൽ റിപ്പോർട്ട് സഹിതം കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി മീറ്റിംഗിൽ വയ്ക്കുകയും അതോറിറ്റി സ്വീകരിക്കുന്ന തീരുമാനം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും അപേക്ഷകനെയും അറിയിക്കുകയുമാണ് ചെയ്യുന്നത്.

## ജൈവ വൈവിദ്ധ്യ രജിസ്റ്റർ

41(*T 6347) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവ വൈവിദ്ധ്യ രജിസ്റ്റർ തയ്യാറാക്കുന്നതിന് നൽകിയിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ച വിശദവിവരം നല്കാമോ;

(ബി) ഇതുസംബന്ധിച്ച നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതുപ്രകാരം ശേഖരിക്കുന്ന വിവരങ്ങൾ ഏതൊക്കെ രീതിയിൽ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 2002-ലെ ജൈവവൈവിധ്യ ആക്ട്, വകുപ്പ് 41, കേന്ദ്ര ജൈവവൈവിധ്യ ചട്ടങ്ങൾ 2004, ചട്ടം 22(6), കേരള സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങൾ 2008, ചട്ടം 20(7) എന്നിവ പ്രകാരം സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നിയമാനുസൃതം രൂപീകരിച്ചിട്ടുള്ള ജൈവവൈവിധ്യ പരിപാലന സമിതികളുടെ (ബി.എം.സി.) മേൽനോട്ടത്തിൽ സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ സാങ്കേതിക സഹായത്തോടെ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുന്നത് ഒരു നിർബന്ധിത പദ്ധതിയാക്കുകയും അത് തയ്യാറാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ പ്ലാൻ ഫണ്ടിൽ നിന്നോ തനതു ഫണ്ടിൽ നിന്നോ നിശ്ചിത തുക വകയിരുത്തുന്നതിനുമുള്ള അനുമതി തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ആകെ 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുള്ളതിൽ 854 ജൈവവൈവിധ്യ രജിസ്റ്ററുകൾ (ഏകദേശം 83%) ഇതുവരെ പൂർത്തിയാക്കിയിട്ടുണ്ട്. ഇതിൽ 815 ഗ്രാമപഞ്ചായത്തുകളും 37 മുനിസിപ്പാലിറ്റികളും രണ്ട് കോർപ്പറേഷനുകളും ഉൾപ്പെടുന്നു. 41 ഗ്രാമപഞ്ചായത്തുകളിലും 11 മുനിസിപ്പാലിറ്റികളിലും ഒരു കോർപ്പറേഷനിലും (ആകെ 53) ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. അവശേഷിക്കുന്ന 85 ഗ്രാമപഞ്ചായത്തുകളിലും 39 മുനിസിപ്പാലിറ്റികളിലും 3 കോർപ്പറേഷനുകളിലും (ആകെ 127) ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(സി) ജൈവവൈവിധ്യ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ അടിസ്ഥാനമാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രാദേശിക തലത്തിൽ ജൈവവൈവിധ്യ സംരക്ഷണ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാവുന്നതാണ്. ജൈവവൈവിധ്യ രജിസ്റ്ററിനെ ഒരു ബഞ്ച്മാർക്കായി പരിഗണിച്ച് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് അവരുടെ വികസനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാവുന്നതാണ്. പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള പരമ്പരാഗത അറിവുകളെ ക്രോഡീകരിച്ച്, അവയുടെ സംരക്ഷണം ഉറപ്പാക്കുന്നതാണ്. ശേഖരിക്കുന്ന വിവരങ്ങളിൽ നിന്നും ജൈവവൈവിധ്യ പ്രാധാന്യവും സംരക്ഷണവും ആവശ്യമുള്ളതായ സ്ഥലങ്ങളെ ബയോഡൈവേഴ്സിറ്റി ഹെറിറ്റേജ് സൈറ്റാക്കുന്നതിന് തെരഞ്ഞെടുക്കാവുന്നതാണ്. തദ്ദേശസ്വയംഭരണ മേഖലയിലെ ജൈവവൈവിധ്യ സംരക്ഷണം എന്ന നിയമപരമായ ബാധ്യത നടപ്പിൽ വരുത്തുവാൻ ജൈവവൈവിധ്യ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ള ആവാസ ജൈവവൈവിധ്യങ്ങളെ സംരക്ഷിക്കേണ്ട ഉദ്യമത്തിനാണിത്.

## കസ്തൂരി രംഗൻ റിപ്പോർട്ട്

42(6348) ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. കെ. ബാബു :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കസ്തൂരി രംഗൻ റിപ്പോർട്ട് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് പശ്ചിമഘട്ടത്തിൽ ഉൾപ്പെടുന്ന കേരളത്തിലെ 123 വില്ലേജുകളിലെ പരിസ്ഥിതിലോല പ്രദേശങ്ങൾ സംബന്ധിച്ച അപാകതകൾ പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ പരിസ്ഥിതിലോല മേഖലയെ സംബന്ധിച്ച് ഉമ്മൻ. വി. ഉമ്മൻ തയ്യാറാക്കിയ റിപ്പോർട്ട് കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ടോ;

(സി) കേന്ദ്ര വനം - പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച ഓഫീസ് മെമ്മോറാണ്ടത്തിൽ സംഭവിച്ച പിശകുകൾ തിരുത്തിയിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ഡി) സംസ്ഥാനത്തെ പരിസ്ഥിതിലോല പ്രദേശങ്ങൾ ഏതൊക്കെ വില്ലേജുകളിലെ എത്ര ചതുരശ്ര കിലോമീറ്റർ പ്രദേശം എന്നതു സംബന്ധിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരളത്തിലെ 123 വില്ലേജുകളിലെ 13108 ചതുരശ്ര കിലോമീറ്റർ പ്രദേശം പരിസ്ഥിതിലോലമായി (ESA) കസ്തൂരിരംഗൻ കമ്മിറ്റി കണക്കാക്കിയിരുന്നു. സംസ്ഥാന സർക്കാർ ടി റിപ്പോർട്ടിലെ ചില അപാകതകൾ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ആയത് അംഗീകരിച്ച് കേന്ദ്രസർക്കാർ പരിസ്ഥിതി ലോല പ്രദേശത്തിന്റെ പരിധി 9993.7 ചതുരശ്ര കിലോമീറ്റർ ആയി നിജപ്പെടുത്തുകയും ആയത് പ്രകാരം കരട് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു. തുടർന്ന് വനപ്രദേശമില്ലെന്ന് കണ്ടെത്തിയ 4 വില്ലേജുകളെ കൂടി പരിസ്ഥിതിലോല പ്രദേശങ്ങളുടെ പട്ടികയിൽനിന്നും ഒഴിവാക്കി 119 വില്ലേജുകളിലായി ആകെ 9839.3 ചതുരശ്ര കിലോമീറ്റർ പ്രദേശം പരിസ്ഥിതിലോലമായി നിജപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. റിസർവ് വനം, സംരക്ഷിത പ്രദേശം, ലോകപൈതൃക പ്രദേശങ്ങൾ എന്നിവ മാത്രമേ ESA ആയി പരിഗണിക്കാവൂ എന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) അംഗീകരിച്ചതായി സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടില്ല.

(സി) ഇ.എസ്.എ.-യുടെ വ്യാപ്തി 13108 ച.കി.മീ.-യിൽ നിന്ന് 3114.3 ച.കി.മീ. കൃഷിസ്ഥലം, വാസസ്ഥലം, പ്ലാന്റേഷൻ ഒഴിവാക്കി 9993.7 ച.കി.മീ. ആയി ക്രമപ്പെടുത്തി.

(ഡി) അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല.

**കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളുടെ പഠന ഗവേഷണ സൗകര്യങ്ങൾ**

43(6349) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന, കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ പഠന ഗവേഷണ സൗകര്യങ്ങൾ കേരളത്തിലെ വിദ്യാർത്ഥികൾക്കും ഗവേഷകർക്കും ഇതിനകം എത്രത്തോളം പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി, ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജി, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർഡിസിപ്ലിനറി സയൻസ് ആന്റ് ടെക്നോളജി, ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷൻ തുടങ്ങിയ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സംസ്ഥാന സർക്കാർ അവലോകനം ചെയ്തിട്ടുണ്ടോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിലെ അധ്യാപകരുടെ സേവനവും സ്ഥാപനങ്ങളുടെ സാങ്കേതിക സഹകരണവും ഉന്നത വിദ്യാഭ്യാസമേഖലയ്ക്ക് ലഭിക്കുന്നതിനാവശ്യമായ ഇടപെടൽ നടത്തുമോ?

ഉത്തരം

(എ-സി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന, കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ പഠന ഗവേഷണ സൗകര്യങ്ങൾ കേരളത്തിലെ വിദ്യാർത്ഥികൾക്കും ഗവേഷകർക്കും എത്രത്തോളം പ്രയോജനപ്പെടുന്നുവെന്ന് പ്രത്യേകം പരിശോധന നടത്തിയിട്ടില്ല. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി, ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർഡിസിപ്ലിനറി സയൻസ് ആന്റ് ടെക്നോളജി, ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷൻ എന്നീ സ്ഥാപനങ്ങൾ ദേശീയ/അന്തർദ്ദേശീയ പ്രാധാന്യമുള്ള കേന്ദ്ര സർക്കാർ സ്ഥാപനങ്ങളാണ്. ടി സ്ഥാപനങ്ങളുടെ സേവനവും സാങ്കേതിക സഹകരണവും കേരളത്തിലെ വിദ്യാർത്ഥികൾക്കും ഗവേഷകർക്കും ലഭ്യമാകും വിധം ഈ സ്ഥാപനങ്ങളുടെ സേവനം ഉപയോഗപ്പെടുത്തേണ്ടതുണ്ട്.

## പരിയാരം വില്ലേജിനെ പരിസ്ഥിതിലോല പ്രദേശ പട്ടികയിൽനിന്നും ഒഴിവാക്കുന്നതിനു നടപടി

44(6350) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കസ്തൂരി രംഗൻ റിപ്പോർട്ടിൽ പരിസ്ഥിതിലോല പ്രദേശമായി ഉൾപ്പെട്ടിട്ടുണ്ടായിരുന്ന പരിയാരം വില്ലേജിനെ അതിരപ്പിള്ളി, പരിയാരം എന്നീ രണ്ടു വില്ലേജുകളാക്കി വിഭജിക്കപ്പെട്ട സാഹചര്യത്തിൽ പുതിയ പരിയാരം വില്ലേജിനെ പരിസ്ഥിതിലോല പ്രദേശ പട്ടികയിൽനിന്ന് ഒഴിവാക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) അപേക്ഷകളിൻമേലുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ;

(സി) പരിയാരം വില്ലേജിനെ പരിസ്ഥിതി ലോല പ്രദേശ പട്ടികയിൽനിന്നും ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) പുതിയ പരിയാരം വില്ലേജിനെ പരിസ്ഥിതിലോല പട്ടികയിൽ നിന്ന് ഒഴിവാക്കണമെന്ന് 4-11-2015 തീയതിയിലെ 3812/എ 2/2015/പരി. നമ്പർ സർക്കാർ കത്ത് മുഖേന കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**എൽ.ബി.എസ്.-ൽ ഗസ്റ്റ് ലക്ചറർ നിയമനം**

45(6351) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.ബി.എസ്.-ൽ ഗസ്റ്റ് ലക്ചറർ അടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(ബി) ഗസ്റ്റ് ലക്ചറർ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട്, ഇന്റർവ്യൂവിൽ പങ്കെടുത്ത്, മെരിറ്റിൽ ആദ്യസ്ഥാനത്തെത്തിയവർക്ക്, മുൻകാലത്ത് കരാർ വ്യവസ്ഥയിൽ പ്രസ്തുത സ്ഥാപനത്തിൽ ജോലി ചെയ്തിട്ടുണ്ടെന്നുള്ള കാരണത്താൽ നിയമനം നൽകാതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മുൻകാലത്ത് കരാർ വ്യവസ്ഥയിൽ ജോലി ചെയ്തവരെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടാൽ ഒഴിവാക്കണമെന്നുള്ള ഏതെങ്കിലും സർക്കാർ ഉത്തരവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ വിശദാംശം വ്യക്തമാക്കാമോ;

<u>ഉത്തരം</u>

(എ) എൽ.ബി.എസ്. സെന്റർ നടത്തിവരുന്ന വിവിധ കോഴ്സുകൾക്ക് അദ്ധ്യാപകരായി ഗസ്റ്റ് ലക്ചറർമാരെ നിയമിക്കുന്നതിന് കോഴ്സുകൾക്കനുസരിച്ചുള്ള മാനദണ്ഡങ്ങളാണുള്ളത്. പി.ജി.ഡി.സി.എ. കോഴ്സ് പഠിപ്പിക്കുന്നതിലേക്കായി എം.ടെക്/ബി.ടെക്/എം.സി.എ. ബിരുദവും ഇവരുടെ അഭാവത്തിൽ പി.ജി.ഡി.സി.എ. ഫസ്റ്റ് ക്ലാസിൽ പാസ്സായവരേയും പരിഗണിക്കുന്നതാണ്. കമ്പ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിംഗ് യൂസിംഗ് ടാലി പഠിപ്പിക്കുന്നതിന് എം.കോം+ ഡി.സി.എഫ്.എ.+ഒരു വർഷത്തെ പ്രവൃത്തി പരിചയം ഉള്ളവരെയാണ് പരിഗണിക്കുന്നത്. ഹാർഡ്‌വെയർ കോഴ്സുകൾ പഠിപ്പിക്കുന്നതിന് ബി.ടെക് ഇൻ കമ്പ്യൂട്ടർ സയൻസ് ബിരുദധാരികളെയും ഇവരുടെ അഭാവത്തിൽ ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ഹാർഡ്‌വെയർ മെയിന്റനൻസ് ഉള്ളവരെയും നിയമിക്കാറുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) അത്തരം ഉത്തരവുകളൊന്നും നിലവിലില്ല.

## പൊതു നിയമനത്തിനുള്ള തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ

46(6352) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സർവ്വീസിൽ പൊതു നിയമനത്തിന് തെരഞ്ഞെടുക്കപ്പെടുന്നതിന് നിശ്ചിത പ്രായപരിധി വ്യവസ്ഥ എന്ന് മുതലാണ് പ്രാബല്യത്തിൽ വന്നതെന്ന് അറിയിക്കുമോ; കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പൊതുനിയമനത്തിന് തെരഞ്ഞെടുക്കപ്പെടുന്നതിന് വിജ്ഞാപനം പുറപ്പെടുവിക്കുന്ന സമയത്ത് നിശ്ചിത പ്രായപരിധി പൂർത്തിയായ ഉദ്യോഗാർത്ഥികൾക്ക് അപേക്ഷ സമർപ്പിക്കുന്നതിന് മേല്പറഞ്ഞ വ്യവസ്ഥ വിഘാതമാവുന്നത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) പ്രാബല്യത്തിലുള്ള വ്യവസ്ഥയുടെ പോരായ്മമൂലം ഉദ്യോഗാർത്ഥികൾക്കുണ്ടാകുന്ന തൊഴിലവസരനഷ്ടം പരിഹരിക്കുന്നതിന് അടിയന്തര ഉത്തരവ് നൽകുമോ; എങ്കിൽ പൊതു നിയമനത്തിനുള്ള പബ്ലിക് സർവ്വീസ് കമ്മീഷൻ വിജ്ഞാപന കാലയളവിൽ നിശ്ചിത കുറഞ്ഞ പ്രായപരിധി പൂർത്തിയായിട്ടുള്ള ഉദ്യോഗാർത്ഥികളുടെ അപേക്ഷയും സ്വീകരിക്കുന്നതാണെന്ന ഭേദഗതി ഉത്തരവ് നിലവിലുള്ള വ്യവസ്ഥയ്ക്ക് കീഴിൽ ഉൾപ്പെടുത്തുമോ;

(സി) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഓൺലൈൻ സംവിധാനം മുഖേന അപേക്ഷ സ്വീകരിക്കുന്നതിനാൽ വിജ്ഞാപന കാലയളവിൽ നിശ്ചിത പ്രായവും വിദ്യാഭ്യാസ യോഗ്യതയുമുള്ള മുഴുവൻ ഉദ്യോഗാർത്ഥികളുടേയും അപേക്ഷ സ്വീകരിച്ച് പൊതു നിയമനം നടത്തുമ്പോൾ മാത്രമാണ് തൊഴിൽ അവസര സമത്വം ലഭ്യമാവുന്നതെന്നത് പരിഗണിക്കുമോ;

(ഡി) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വിജ്ഞാപനം ചെയ്ത എത്ര തസ്തികകളിൽ തെരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാവുന്നതിന് അവശേഷിക്കുന്നുവെന്ന് വ്യക്തമാക്കുമോ; പൊതുനിയമനത്തിനുള്ള തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ സമയ ബന്ധിതമായി പൂർത്തിയാക്കി ഉദ്യോഗാർത്ഥികൾക്ക് തൊഴിലവസരം ലഭ്യമാക്കുന്നതിന് അടിയന്തര ഉത്തരവ് നൽകുമോ;

(ഇ) സർവ്വീസിലെ മുഴുവൻ ഒഴിവുകളും ഓൺലൈൻ സംവിധാനം മുഖേന കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നതിന് ഉത്തരവ് നൽകുമോ ; ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഏതൊക്കെ വകുപ്പുകളിൽനിന്ന് എത്ര ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് എഴുതി അറിയിച്ചിട്ടുണ്ടെന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ-സി) 1977-ലെ PUBLIC SERVICES (DATE FOR DETERMINATION OF AGE FOR ELIGIBILITY FOR APPOINTMENT) RULES (SRO No. 32/77) പ്രകാരമാണ് വിജ്ഞാപനം പുറപ്പെടുവിക്കുന്ന വർഷത്തെ ജനുവരി ഒന്നാം തീയതിയിലെ പ്രായപരിധി കണക്കാക്കണമെന്ന വ്യവസ്ഥ പ്രാബല്യത്തിൽ വന്നത്. ജനുവരി ഒന്ന് വച്ച് പ്രായം കണക്കാക്കിയാൽ ആ വർഷം നടത്തുന്ന എല്ലാ നിയമനങ്ങളിലും പങ്കെടുക്കാമെന്ന ഭാരത സർക്കാരിന്റെ നിർദ്ദേശത്തെ തുടർന്നാണ് മേൽപ്രകാരമുള്ള ചട്ടം രൂപീകരിച്ചിട്ടുള്ളത്.

(ഡി) 30-9-2016 വരെയുള്ള കണക്കനുസരിച്ച് പി.എസ്.സി. വിജ്ഞാപനം ചെയ്തതിൽ 2597 തസ്തികകളുടെ തെരഞ്ഞെടുപ്പ് പ്രക്രിയ വിവിധ ഘട്ടങ്ങളിൽ പൂർത്തിയാകാത്തതായി അവശേഷിക്കുന്നു. ആയവ പൂർത്തിയാക്കുന്നതിലേയ്ക്കുള്ള നടപടിക്രമങ്ങൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുവരുന്നു.

(ഇ) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് പി.എസ്.സി.-യുടെ e-vacancy software സംവിധാനം ഉപയോഗപ്പെടുത്തണമെന്നും അതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്നും എല്ലാ നിയമനാധികാരികൾക്കും 1-12-2015-ലെ 14816/ഉപ.സി 3/15/ഉ.ഭ.പ.വ. നമ്പർ പരിപത്രം മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ വകുപ്പുകൾ 30-9-2016 വരെ റിപ്പോർട്ട് ചെയ്ത ഒഴിവുകൾ സംബന്ധിച്ച വിവരം അനുബന്ധമായി* ചേർക്കുന്നു.

**കേരള അഡ്മിനിസ്റ്റേറ്റീവ് സർവ്വീസ്**

47(6353) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്റ്റേറ്റീവ് സർവ്വീസിൽനിന്നും സ്കൂൾ/കോളേജ് അധ്യാപകരെ ഒഴിവാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഭാവിയിൽ ഇതിൽ അധ്യാപകരെ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ&ബി) 24/09/2013-ലെ ജി.ഒ.(ആർ ടി.) 7725/2013/ജിഎഡി, 16-8-2014-ലെ ജി.ഒ.(എം എസ്.)228/2014/ജിഎഡി, 5-1-2015-ലെ ജി.ഒ.(എം എസ്.) 1/2015/ ജിഎഡി എന്നീ ഉത്തരവുകൾ പ്രകാരം സംസ്ഥാനത്ത് 18 വകുപ്പുകളെ ഉൾപ്പെടുത്തി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുന്നതിന് തീരുമാനമെടുത്തിരുന്നു. ഇതിൽ സ്കൂൾ/കോളേജ് അദ്ധ്യാപകർ ഉൾപ്പെട്ടിട്ടില്ല. ഈ സർക്കാർ അധികാരമേറ്റ ശേഷം കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് പുനരവലോകനം ചെയ്യുന്നതിനായി ആഭ്യന്തരവും വിജിലൻസും അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷയായിട്ടുള്ള സെക്രട്ടറിമാരുടെ ആറംഗ കമ്മിറ്റി 16-8-2016-ലെ ജി.ഒ(ആർ.ടി) 322/2016/പി & എ.ആർ.ഡി ഉത്തരവുപ്രകാരം രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത വിഷയത്തിലുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

## എൽ.ഡി. ടൈപ്പിസ്റ്റ് നിയമനം

48(6354) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.ഡി. ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർ നിയമനവുമായി ബന്ധപ്പെട്ട് 14-10-2016-ന് മുഖ്യമന്ത്രിക്ക് പരാതി സമർപ്പിച്ചിരുന്നോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും പഞ്ചായത്തുകളിൽ നിയമനം നടത്തുന്നതിന് നയപരമായ തീരുമാനം കൈക്കൊള്ളുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ-സി) വിവിധ ജില്ലകളിലെ എൽ.ഡി. ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർ മുഖ്യമന്ത്രിക്ക് നാളിതുവരെ നിരവധി നിവേദനങ്ങൾ നൽകിയിട്ടുണ്ട്. എന്നാൽ 14-10-2016 തീയതിയിൽ ഒരു നിവേദനവും ലഭിച്ചതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. വിവിധ വകുപ്പുകൾ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്കാണ് പി.എസ്.സി. നിയമന ശിപാർശ നൽകിവരുന്നത്.

## കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനം

49(6355) <u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവീസ് കമ്മീഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) പി.എസ്.സി. ചെയർമാൻ, മെമ്പർമാർ തുടങ്ങിയവരുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനൊപ്പം അവരുടെ പ്രവർത്തനം വിലയിരുത്താൻ പ്രത്യേക നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ;

(സി) വിവിധ സബ് കമ്മിറ്റികൾ മുൻപാകെ കേരള പബ്ലിക് സർവീസ് കമ്മീഷനിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പ് കല്പിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ; ഇങ്ങനെ വിവിധ സബ് കമ്മിറ്റികൾ മുൻപാകെ ആറ് മാസത്തിന് മേൽ കെട്ടി കിടക്കുന്ന ഫയലുകളുടെ എണ്ണം തീയതി വച്ച് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിലേയ്ക്കായി ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി കൊണ്ടുള്ള പ്രവർത്തനങ്ങൾ കൈക്കൊണ്ടുവരുന്നു. ഇതിന്റെ ഭാഗമായി One time Registration, One Time Verification എന്നീ പദ്ധതികൾ ആവിഷ്കരിച്ച് വിജയകരമായി നടപ്പിൽ വരുത്തിയിട്ടുണ്ട്. അപേക്ഷ ക്ഷണിച്ച് സമയബന്ധിതമായി പരീക്ഷാ നടപടികൾ പൂർത്തിയാക്കി വേഗത്തിൽ റാങ്ക് പട്ടികകൾ പ്രസിദ്ധീകരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി Online പരീക്ഷാ സമ്പ്രദായം ആരംഭിച്ചിട്ടുണ്ട്. ഇതിലേക്കായി തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, കോഴിക്കോട് ജില്ലകളിലായി Online പരീക്ഷാകേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതുമുതൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതു വരെയുള്ള പ്രവർത്തനങ്ങളിൽ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി നടപടികൾ കൂടുതൽ കൃത്യതയോടും കാര്യക്ഷമതയോടും പൂർത്തിയാക്കുന്നതിലേയ്ക്കായുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുകയാണ്.

(ബി) ഒരു ഭരണഘടനാസ്ഥാപനമായ പി.എസ്.സി.-യുടെ ചെയർമാൻ, അംഗങ്ങൾ എന്നിവരുടെ പ്രവർത്തനം ഭരണഘടനാനുസൃതമായി സ്വയം നിയന്ത്രണത്തിന് വിധേയമാണ്.

(സി) വിവിധ സബ് കമ്മിറ്റികൾ മുമ്പാകെ പരിഗണനയ്ക്ക് വരുന്ന ഫയലുകളിൻമേൽ തീർപ്പുകൽപ്പിച്ച് നടപടിക്രമങ്ങൾ പൂർത്തിയാക്കി വരുന്നുണ്ട്. അക്കാഡമിക് സബ്കമ്മിറ്റി മുമ്പാകെയുള്ള 30-3-2016-ന് മുമ്പ് സമർപ്പിച്ച ഒരു ഫയൽ ഒഴികെ മറ്റ് സബ്കമ്മിറ്റികളുടെ മുമ്പാകെ ആറുമാസത്തിലേറെയായി കെട്ടിക്കിടക്കുന്ന ഫയലുകൾ ഒന്നുംതന്നെയില്ല.

**മറ്റ് ജില്ലകളിലേയ്ക്കുള്ള സ്ഥലംമാറ്റം**

50(6356) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന സിവിൽ സർവ്വീസിൽ നിലവിൽ എൽ.ഡി.സി. തസ്തികയിൽ നിന്ന് യു.ഡി.സി. ആയും ഗ്രേഡ് രണ്ട് തസ്തികയിൽ നിന്ന് ഗ്രേഡ് ഒന്ന് തസ്തികയിലേയ്ക്കും പ്രൊമോഷൻ ലഭിക്കുമ്പോൾ സീനിയോറിറ്റി നഷ്ടപ്പെടാതെ മറ്റു ജില്ലകളിലേക്ക് സ്ഥലംമാറ്റം ലഭിക്കുന്നതു സംബന്ധിച്ച വ്യവസ്ഥകളിൽ മാറ്റം വരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

എൽ.ഡി. ക്ലാർക്ക് തസ്തികയിൽനിന്നും യു.ഡി.ക്ലാർക്ക് തസ്തികയിലേയ്ക്കുള്ള പ്രൊമോഷൻ സംസ്ഥാനതലത്തിൽ നടത്തുന്ന വകുപ്പുകളിൽ ബന്ധപ്പെട്ട വകുപ്പിനെ ഒറ്റ യൂണിറ്റായി കണക്കാക്കി എൽ.ഡി. ക്ലാർക്ക്, യു.ഡി. ക്ലാർക്ക് തസ്തികകളുടെ അനുപാതം അനുവദിക്കപ്പെട്ട തസ്തികകളുടെ അടിസ്ഥാനത്തിൽ നിലനിർത്തിക്കൊണ്ടു തന്നെ എൽ.ഡി. ക്ലാർക്കുമാരെയും യു.ഡി. ക്ലാർക്കുമാരെയും ഗ്രേഡ് കണക്കിലെടുക്കാതെ ക്ലാർക്ക് തസ്തികയിൽ സ്ഥലംമാറ്റം നടത്താവുന്നതാണെന്നും എൽ.ഡി. ക്ലാർക്ക്, യു.ഡി. ക്ലാർക്ക് തസ്തികയിലേക്കുള്ള പ്രൊമോഷൻ ജില്ലാതലത്തിൽ നടത്തുന്ന വകുപ്പുകളിൽ എൽ.ഡി. ക്ലാർക്ക്, യു.ഡി.ക്ലാർക്ക് തസ്തികകളുടെ അനുപാതം നിശ്ചയിക്കുന്നതിനായി ജില്ലയെ ഒറ്റ യൂണിറ്റായി കണക്കാക്കുന്നതാണെന്നും 16-3-1989-ലെ G.O(P)No.5/89/P&ARD പ്രകാരം ഉത്തരവായിട്ടുണ്ട്. കൂടാതെ ഒന്നിൽ അധികം ഗ്രേഡ് ഉള്ള തസ്തികകളിലെ ജീവനക്കാരെ സംബന്ധിച്ച് താഴ്ന്ന ഗ്രേഡിൽ നിന്നും ഉയർന്ന ഗ്രേഡിലേയ്ക്കുള്ള പ്രൊമോഷൻ സംസ്ഥാനതലത്തിൽ നടത്തുന്ന വകുപ്പുകളിൽ ബന്ധപ്പെട്ട വകുപ്പിനെ ഒറ്റ യൂണിറ്റാക്കി കണക്കാക്കി, വ്യത്യസ്ത ഗ്രേഡുകളുടെ അനുപാതം അനുവദിക്കപ്പെട്ട തസ്തികകളുടെ അടിസ്ഥാനത്തിൽ നിലനിർത്തിക്കൊണ്ട് വ്യത്യസ്ത ഗ്രേഡുകളിലെ ജോലിയുടെ സ്വഭാവം ഒന്നു തന്നെയാണെങ്കിൽ അത്തരം ജീവനക്കാരെ ഗ്രേഡ് കണക്കിലെടുക്കാതെ സ്ഥലം മാറ്റം നടത്തുന്നതാണെന്നും പ്രൊമോഷന്റെ കാര്യത്തിൽ ജില്ലയെ ഒറ്റ യൂണിറ്റായി കണക്കാക്കുന്ന വകുപ്പുകളിൽ നിയമനവും സ്ഥലംമാറ്റവും നടത്തുന്നതിനും താഴ്ന്ന ഗ്രേഡും ഉയർന്ന ഗ്രേഡും തമ്മിലുള്ള അനുപാതം നിശ്ചയിക്കുന്നതിനും ജില്ലയെ ഒറ്റ യൂണിറ്റായി കണക്കാക്കുന്നതാണെന്നും 7-1-1991-ലെ G.O(P)No.1/91/P&ARD പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവുകൾക്ക് ഭേദഗതികൾ വരുത്തിയിട്ടില്ല.

**സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് നിയമനം**

51(6357) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ എത്ര പേർ ഉൾപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ലിസ്റ്റിൽനിന്നും ഇതുവരെ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്; കാറ്റഗറി തിരിച്ച് വിശദമാക്കുമോ;

(സി) പ്രസ്തുത തസ്തികയിൽ ഇപ്പോൾ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) റിപ്പോർട്ട് ചെയ്ത ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കാറ്റഗറി നമ്പർ 638/14 പ്രകാരം നിലവിൽ വന്ന അസിസ്റ്റന്റ്/ആഡിറ്റർ തസ്തികയുടെ റാങ്ക് പട്ടികയിൽ 3333 പേർ ഉൾപ്പെട്ടിട്ടുണ്ട്.

(ബി) 93 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| പൊതുഭരണ വകുപ്പ് | - | 47 |
| അഡ്വക്കേറ്റ് ജനറൽ ഓഫീസ് | - | 10 |
| ധനകാര്യ വകുപ്പ് | - | 4 |
| കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ് | - | 11 |
| കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ | - | 21 |
| ആകെ | - | 93 |

(സി) നിലവിൽ 12 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) നിയമന ശിപാർശാ നടപടികൾ പുരോഗമിക്കുന്നു.

**അഗ്രിക്കൾച്ചർ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലേയ്ക്കുള്ള നിയമനം**

52(6358) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്രിക്കൾച്ചർ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലേക്കുള്ള നിയമനത്തിന് അപേക്ഷ ക്ഷണിച്ചുകൊണ്ട് അടുത്ത പി.എസ്.സി. വിജ്ഞാപനം എന്ന് പുറപ്പെടുവിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികയിലേക്കുള്ള നിയമനത്തിന് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(സി) ഈ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്നും പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) അഗ്രിക്കൾച്ചർ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലുള്ള പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ബി) ടി തസ്തികയുടെ റാങ്ക് പട്ടിക 17-11-2016-ൽ അവസാനിക്കുന്നതാണ്.

(സി) നിലവിലുള്ള 36 ഒഴിവുകളിൽ 5 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## പൊതുമരാമത്ത്, ജലസേചന വകുപ്പുകളിൽ ഓവർസിയർ ഗ്രേഡ് II, ഓവർസിയർ ഗ്രേഡ് III തസ്തികകളിലെ ഒഴിവുകൾ

53(6360) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത്, ജലസേചന വകുപ്പുകളിൽ ഓവർസിയർ ഗ്രേഡ് II, ഓവർസിയർ ഗ്രേഡ് III തസ്തികകളിൽ നിലവിൽ പി.എസ്.സി. റിപ്പോർട്ട് ചെയ്ത ഒഴിവുകൾ എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികകളിലെ ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചുകൊണ്ട് പി.എസ്.സി. നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച തീയതിയും, ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ച തീയതിയും വ്യക്തമാക്കാമോ;

(സി) പൊതുമരാമത്ത്, ജലസേചന വകുപ്പിൽ ഓവർസിയർ ഗ്രേഡ് II, ഗ്രേഡ് III തസ്തികകളുടെ റാങ്ക് ലിസ്റ്റ് എന്നത്തേയ്ക്ക് പ്രസിദ്ധീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഓവർസിയർ ഗ്രേഡ് II-ൽ 473 ഒഴിവുകളും ഓവർസിയർ ഗ്രേഡ് III-ൽ 687 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത രണ്ടു തസ്തികകളിലേയ്ക്കുമായി 15-10-2012 തീയതിയിൽ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. ഓവർസിയർ ഗ്രേഡ് II-ന്റെ ഷോർട്ട് ലിസ്റ്റ് 25-11-2015 തീയതിയിലും ഓവർസിയർ ഗ്രേഡ് III-ന്റെ ഷോർട്ട് ലിസ്റ്റ് 17-2-2016 തീയതിയിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി) റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാനുള്ള നടപടികൾ വേഗത്തിൽ പുരോഗമിച്ചു വരുന്നു.

## ഐ.ടി. അധിഷ്ഠിത സേവനങ്ങൾ

54(6361) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഐ.പി. അധിഷ്ഠിത സേവനങ്ങൾ നൽകുന്നതിനായി എത്ര സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ട്; ഈ സ്ഥാപനങ്ങൾക്ക് ഒരു സാമ്പത്തിക വർഷത്തേക്ക് ശമ്പള ഇനത്തിലും മറ്റ് ഇതര ഇനത്തിലുമായി ആവശ്യമായ തുക എത്ര;

(ബി) നിലവിൽ ഈ സ്ഥാപനങ്ങൾക്ക് മാർച്ച് 31 വരെ പ്രവർത്തിക്കുന്നതിനുള്ള കരുതൽ ധനം എത്ര എന്നും മാർച്ച് 31 വരെ പ്രവർത്തിക്കുന്നതിന് ഈ കരുതൽ ധനം പര്യാപ്തമാണോയെന്നും വ്യക്തമാക്കുമോ; മാർച്ച് 31 വരെ ലഭിക്കാവുന്ന വരുമാന സ്രോതസ്സുകൾ എന്തെല്ലാമെന്ന് സ്ഥാപനം തിരിച്ച് വിശദമാക്കുമോ;

(സി) പ്രവർത്തനം നിലച്ചു പോകുന്ന രീതിയിൽ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സ്ഥാപനങ്ങൾ ഏതെല്ലാം; ഈ പ്രതിസന്ധി മറികടക്കുവാൻ സ്ഥാപനങ്ങൾ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്നറിയിക്കുമോ;

(ഡി) സാമ്പത്തിക പ്രതിസന്ധിയിൽ സ്ഥാപനങ്ങളെ കൊണ്ടെത്തിക്കുന്നതിന് ഉണ്ടായ കാരണങ്ങൾ എന്തെല്ലാമെന്നും ഉത്തരവാദികളായ ഉദ്യോഗസ്ഥർ ആരെല്ലാമെന്നും വിശദമാക്കുമോ?

ഉത്തരം

(എ&ബി) ഐ.ടി. വകുപ്പിന് കീഴിൽ ഐ.ടി. അധിഷ്ഠിത സേവനങ്ങൾ നൽകുന്നത് കേരള സംസ്ഥാന ഐ.ടി. മിഷൻ മുഖാന്തിരമാണ്. ഐ.ടി. മിഷൻ നേരിട്ടും ഫ്രണ്ട്സ്, അക്ഷയ എന്നീ കേന്ദ്രങ്ങൾ വഴിയും സേവനങ്ങൾ നൽകി വരുന്നു. ഇതുകൂടാതെ വിവിധ വകുപ്പുകൾ അവരുടെ സ്വന്തം പോർട്ടലുകൾ വഴിയും വിവിധ സേവനങ്ങൾ നൽകിവരുന്നുണ്ട്. കേരള സ്റ്റേറ്റ് ഐ.ടി. മിഷന് 2017 മാർച്ച് 31 വരെ പ്രവർത്തിക്കുന്നതിന് ചുവടെ ചേർക്കുന്ന പ്രകാരം പ്ലാൻ & നോൺ പ്ലാൻ ബഡ്ജറ്റ് പ്രൊവിഷൻ ഉണ്ട്. ഇത് പര്യാപ്തമാണ്. ഗവൺമെന്റിൽനിന്ന് അനുവദിക്കുന്ന സഹായധനം (Grant-in-aid) ആണ് വരുമാന സ്രോതസ്സ്.

| ഇനം | വിഹിതം (ലക്ഷത്തിൽ) |
|---|---|
| കേരളാ സ്റ്റേറ്റ് ഐ.ടി. മിഷൻ | 9110 |
| സെക്രട്ടേറിയറ്റ് ഐ.ടി. സെൽ | 33 |
| അക്ഷയ പ്രോജക്ട് | 300 |
| നാഷണൽ ഇ-ഗവേണൻസ് ആക്ഷൻ പ്ലാൻ | 3615 |
| ശമ്പളം (നോൺ പ്ലാൻ) | 129.55 |
| ശമ്പളേതരം (നോൺ പ്ലാൻ) | 39.70 |
| ആകെ | 13227.25 |

(സി) കേരള സംസ്ഥാന ഐ.ടി. മിഷന് സാമ്പത്തിക പ്രതിസന്ധിയില്ല.

(ഡി) ബാധകമല്ല.

## ഐ.ടി. കമ്പനികളിലെ വേതന ചൂഷണം

55(6362) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി. കമ്പനികളിൽ നടക്കുന്ന വേതന ചൂഷണം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ അത് തടയുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഐ.ടി. കമ്പനികളിൽ ജോലി ചെയ്യുന്നവർക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) സംസ്ഥാനത്ത് ഐ.ടി. മേഖലയിലെ ജീവനക്കാർക്ക് 9-8-2011-ലെ ജി.ഒ.(എം.എസ്) നമ്പർ 111/2011/തൊഴിൽ, ഉത്തരവ് പ്രകാരം മിനിമം വേതനം നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

## ഐ.ടി. കമ്പനികളിൽ വനിതാ ജീവനക്കാരുടെ ജോലി സമയം ക്രമീകരിക്കൽ

56(6363) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പല ഐ. ടി. കമ്പനികളിലും വനിതാ ജീവനക്കാരുടെ ജോലി സമയം ക്രമീകരിച്ച് നൽകാത്തത് സ്ത്രീ സുരക്ഷയെ തന്നെ ബാധിക്കുന്നതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവരുടെ ജോലി സമയം ക്രമീകരിക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുമോ;

(ബി) ഐ.ടി. പാർക്കുകളിലും, ഐ.ടി. കമ്പനികളിലും മതിയായ സ്ത്രീ സുരക്ഷാ സംവിധാനങ്ങൾ നിലവിലുണ്ടോയെന്നത് പരിശോധിക്കാറുണ്ടോ; ഇല്ലെങ്കിൽ ഇത്തരം തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെ ഉണ്ടാകാവുന്ന അതിക്രമങ്ങൾ തടയുന്നതിനാവശ്യമായ സംവിധാനമൊരുക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഐ.ടി. പാർക്കുകളിൽ പ്രവർത്തിക്കുന്ന ഐ.ടി. കമ്പനികളിൽ പലതും വിദേശ രാജ്യങ്ങളിലെ പ്രോജക്ടുകൾക്കുവേണ്ടി പ്രവർത്തിക്കുന്നതിന്റെ ഫലമായി അതാത് രാജ്യങ്ങളിലെ സമയക്രമമാണ് പാലിക്കുന്നത്. തന്മൂലം രാത്രി ഷിഫ്റ്റുകളിൽ വനിതാ ജീവനക്കാർക്കും ജോലി ചെയ്യേണ്ടിവരുന്നു.

വൈകിയും രാത്രികാലങ്ങളിലും ജോലിചെയ്യുന്ന വനിതാ ജീവനക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി സുരക്ഷാ ജീവനക്കാരുടെ അകമ്പടിയോടെ വാഹന സൗകര്യം, കാമ്പസ് മുഴുവനും മതിയായ വെളിച്ചം ലഭിക്കുന്നതിനുള്ള സൗകര്യങ്ങൾ, സി.സി.ടി.വി. ക്യാമറ സംവിധാനം, സെക്യൂരിറ്റി ജീവനക്കാർ, രാത്രികാലങ്ങളിലെ പോലീസ് പട്രോളിംഗ് തുടങ്ങിയ സുരക്ഷാ ക്രമീകരണങ്ങൾ എല്ലാ ഐ.ടി. പാർക്കുകളിലും ഏർപ്പെടുത്തിയിട്ടുണ്ട്. തൊഴിലിടങ്ങളിൽ സ്ത്രീകൾക്കുനേരെ ഉണ്ടാകാവുന്ന അതിക്രമങ്ങൾ തടയുന്നതിനുവേണ്ടി ആന്റി വിമൻ ഹരാസ്സ്മെന്റ് സെൽ, പെറ്റീഷൻ കമ്മിറ്റി, വിജിലൻസ് സെൽ എന്നിവയും രൂപീകരിച്ചിട്ടുണ്ട്.

**അക്ഷയ പദ്ധതി**

57(*T 6364) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. വി. ജോയി :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവരസാങ്കേതിക വിദ്യയുടെ ഗുണഫലങ്ങൾ സാധാരണക്കാർക്ക് പ്രാപ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച അക്ഷയ പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) അക്ഷയ സെന്ററുകളുടെ പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കുമോ;

(സി) ഏതെല്ലാം സർക്കാരിതര സേവനങ്ങളാണ് അക്ഷയ കേന്ദ്രങ്ങൾ വഴി ലഭിക്കുന്നത്;

(ഡി) ഏതെല്ലാം സർക്കാർ സേവനങ്ങളാണ് പ്രസ്തുത കേന്ദ്രങ്ങൾ വഴി ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവര സാങ്കേതിക വിദ്യയുടെ ഗുണഫലങ്ങൾ സാധാരണക്കാർക്ക് പ്രാപ്യമാക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ ആരംഭിച്ച അക്ഷയ പദ്ധതിയിൻ കീഴിൽ 2600-ലധികം അക്ഷയ കേന്ദ്രങ്ങൾ സംസ്ഥാനത്ത് മികച്ച രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. ത്രിതല തിരഞ്ഞെടുപ്പ് പ്രക്രിയയിലൂടെ യോഗ്യതയുടെ അടിസ്ഥാനത്തിൽ മാത്രമാണ് അക്ഷയ സംരംഭകരെ തിരഞ്ഞെടുക്കുന്നത്. അക്ഷയ കേന്ദ്രങ്ങളുടെ ബ്രാൻഡിംഗ് ഘട്ടംഘട്ടമായി ജില്ലകളിൽ നടപ്പിലാക്കുന്നതോടൊപ്പം

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

സംരംഭകരെ പുതിയ സേവനങ്ങളെക്കുറിച്ച് ബോധവാൻമാരാക്കുന്നതിനുവേണ്ടി അവബോധ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നുണ്ട്. പുതിയ പദ്ധതികളെയും പ്രവർത്തനങ്ങളെയും കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിന്റെ ഡിജിറ്റൽ ഇന്ത്യ പദ്ധതിയുമായി സഹകരിച്ച് 2015-16 കാലഘട്ടത്തിൽ കേരളത്തിലുടനീളം ക്ലാസ്സുകളും ക്യാമ്പെയിനുകളും സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ വിവിധ സർക്കാർ സേവനങ്ങളായ രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിന്റെ സേവനങ്ങൾ, ശുചിത്വ മിഷൻ രജിസ്ട്രേഷൻ, മൈനിംഗ് & ജിയോളജി വകുപ്പ്, കേരള ഫാർമസി കൗൺസിൽ തുടങ്ങിയവയുടെ സേവനങ്ങളും അക്ഷയ കേന്ദ്രങ്ങൾ വഴി ലഭ്യമാക്കി വരുന്നു.

(ബി) അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത് പബ്ലിക്-പ്രൈവറ്റ് പങ്കാളിത്ത രീതിയിലാണ് (PPP). ദേശീയ ഇ-ഗവേണൻസ് പദ്ധതിയുടെ കീഴിൽ സർക്കാർ സേവനങ്ങൾ (G2C, G2B, G2G, G2G&G2E) വേഗത്തിലും കാര്യക്ഷമമായും അക്ഷയവഴി ജനങ്ങളിലെത്തിക്കുന്നുണ്ട്. മാത്രമല്ല ഗവൺമെന്റിതര ഏകജാലക സേവനങ്ങളും സാധാരണ നിരക്കിൽ ഇതുവഴി ലഭ്യമാക്കുന്നുണ്ട്. പൊതുജനങ്ങൾക്ക് അക്ഷയയുടെ സേവനം വേഗത്തിൽ ലഭ്യമാക്കുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിലും ഒരു അക്ഷയ കേന്ദ്രമെങ്കിലും പ്രവർത്തിച്ചുവരുന്നുണ്ട്. ഗവൺമെന്റിന്റെ സേവനങ്ങൾ ജനങ്ങളിലേക്കെത്തിക്കുമ്പോൾ സർക്കാർ നിശ്ചയിച്ചിട്ടുള്ള സേവന നിരക്കുകളാണ് അക്ഷയകേന്ദ്രങ്ങൾ ഈടാക്കിവരുന്നത്.

(സി) ഒരു സ്വകാര്യ ഇന്റർനെറ്റ് കഫേ സാധാരണ ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുൾപ്പെടെ

(1) ആധാർ

(2) ബാങ്കിംഗ് കിയോസ്ക്

(3) ഇൻഷ്വറൻസ് സേവനങ്ങൾ

(4) ബാങ്കിംഗ് കിയോസ്ക് (13 ദേശസാൽകൃത ബാങ്കുകളുടെയും മറ്റു ഷെഡ്യൂൾഡ് ബാങ്കുകളുടെയും കീഴിലായി 1779 അക്ഷയ കേന്ദ്രങ്ങൾ ബാങ്കിംഗ് കിയോസ്ക് നടത്തിവരുന്നു.)

(5) KASE രജിസ്ട്രേഷൻ

(6) കോമൺ സർവ്വീസ് സെന്ററിന്റെ SPV സേവനങ്ങൾ

(7) LIC യുടെ Micro Insurance പദ്ധതികൾ

(8) പ്രവാസി വിദ്യാവികാസ് സ്കോളർഷിപ്പ്

(9) വെസ്റ്റേൺ യൂണിയൻ മണി ട്രാൻസ്ഫർ

(10) കേരള മാട്രിമോണി

(11) വെഹിക്കിൾ ST രജിസ്ട്രേഷൻ

(12) IRCTC

(13) Easy Lab

(14) Mobile TopUp

(15) Red-Bus Ticket Booking

(16) പഞ്ചമി ടാക്കീസ്

(17) ബി.എസ്.എൻ.എൽ. ബിൽ.

(ഡി) (1) ആധാർ

(2) ഇ-ഡിസ്ട്രിക്ട് വഴി വിവിധ റവന്യൂ സർട്ടിഫിക്കറ്റുകൾ, വാട്ടർ അതോറിറ്റി, ഇലക്ട്രിസിറ്റി, വിവിധ യൂണിവേഴ്സിറ്റി, വിവരാവകാശം സംബന്ധിച്ച അപേക്ഷകൾ, കൾച്ചറൽ വെൽഫയർ അംശദായം മുതലായവയുടെ ഫീസ് അടയ്ക്കുന്നതിനും പൊതുജനങ്ങൾക്ക് ഓൺലൈൻവഴി ജില്ലാകളക്ടർക്ക് പരാതിയും അപേക്ഷകളും സമർപ്പിക്കുവാനും സാധിക്കും.

(3) ഇൻഷ്വറൻസ് സേവനങ്ങൾ

(4) രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിന്റെ സേവനങ്ങൾ

(5) ഇ-ഗ്രാന്റ്സ്

(6) ഇലക്ഷൻ ID കാർഡ്

(7) ഫുഡ് എസ്റ്റാബ്ലിഷ്മെന്റ് ലൈസൻസിംഗ് & രജിസ്ട്രേഷൻ അപേക്ഷ

(8) ഇ-ഫയലിംഗ്

(9) ആം ആദ്മി ബീമാ യോജന

(10) കെ.എൻ.ആർ.കെ.-യുടെ അംശാദായം സ്വീകരിക്കൽ

(11) ഫാർമസി കൗൺസിൽ രജിസ്ട്രേഷൻ

(12) ഹജ്ജ് രജിസ്ട്രേഷൻ

(13) ശുചിത്വ മിഷൻ രജിസ്ട്രേഷൻ

(14) കോമൺ സർവ്വീസ് സെന്ററിന്റെ SPV സേവനങ്ങൾ

(15) കേരള മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ്

(16) മൈനിംഗ് & ജിയോളജി വകുപ്പ്

(17) റേഷൻ കാർഡ് ആപ്ലിക്കേഷൻ

(18) ഫാർമേഴ്സ് ഡാറ്റാ എൻട്രി

(19) SC/ST പ്രീമെട്രിക് ഡാറ്റാ എൻട്രി

(20) ഡയറി ഡെവലപ്മെന്റ് വെൽഫയർ ബോർഡ് രജിസ്ട്രേഷൻ

(21) MVD ആപ്ലിക്കേഷൻ

(22) ജനസമ്പർക്ക പരിപാടി

(23) ഫുഡ് സേഫ്റ്റി രജിസ്ട്രേഷൻ

(24) കേരള ഫാർമസി കൗൺസിൽ

## എ.ബി.സി. സർട്ടിഫിക്കറ്റുള്ള കേഡറ്റുകൾക്ക് വെയിറ്റേജ് മാർക്ക്

58(6365) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.ബി.സി. സർട്ടിഫിക്കറ്റ് കാരസ്ഥമാക്കിയ എൻ.സി.സി. കേഡറ്റുകൾക്ക് പി.എസ്.സി. മുഖേനയുള്ള ഏതെല്ലാം തസ്തികകളിലെ നിയമനങ്ങൾക്കാണ് വെയിറ്റേജ് മാർക്ക് നൽകിവരുന്നത്;

(ബി) അത് എത്ര ശതമാനം നൽകുന്നുണ്ട്; ഇതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ;

(സി) മികച്ച ട്രെയിനിംഗും അച്ചടക്ക ബോധവും കരസ്ഥമാക്കിയതിന്റെ അടിസ്ഥാനത്തിലാണ് എൻ.സി.സി. കേഡറ്റുകൾക്ക് എ.ബി.സി. സർട്ടിഫിക്കറ്റുകൾ നൽകുന്നത് എന്നത് കണക്കിലെടുത്ത്, ഇത്തരക്കാരെ സിവിൽ സർവ്വീസിലേക്ക് ആകർഷിക്കുന്നതിനായി പി.എസ്.സി. മുഖേന നിയമനം നടത്തുന്ന എല്ലാ തസ്തികകളിലേയ്ക്കും വെയിറ്റേജ് മാർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ പോലീസ്, ഫോറസ്റ്റ്, ജയിൽ, ഫയർഫോഴ്സ്, എക്സൈസ് എന്നീ വകുപ്പുകളിലെ യൂണിഫോം തസ്തികയിലെ നിയമനങ്ങൾക്കാണ് വെയിറ്റേജ് മാർക്ക് നൽകിവരുന്നത്.

(ബി) 'എ' സർട്ടിഫിക്കറ്റിന് 2%, 'ബി' സർട്ടിഫിക്കറ്റിന് 3%, 'സി' സർട്ടിഫിക്കറ്റിന് 5% എന്നിങ്ങനെയാണ് വെയിറ്റേജ് മാർക്ക് നൽകുന്നത്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**വിമുക്തഭടന്മാർക്ക് വെയിറ്റേജ് മാർക്ക്**

59(6366) <u>ശ്രീ. എൻ. വിജയൻ പിള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിമുക്തഭടന്മാർക്ക് ഇൻഡ്യാ ഗവൺമെന്റ് നൽകുന്ന ഡിഗ്രി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പി. എസ്. സി. നിയമനങ്ങൾക്കായി നൽകി വന്നിരുന്ന വെയിറ്റേജ് മാർക്ക് ഇപ്പോൾ നൽകുന്നില്ല എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രതികൂല സാഹചര്യങ്ങളിൽ സേവനമനുഷ്ഠിക്കുന്ന ഒരു സൈനികന് സർവ്വീസ് കാലയളവിൽ ഒരു റെഗുലർ ഡിഗ്രി നേടുകയെന്നത് പ്രയാസമായിരിക്കെ ഗവൺമെന്റ് ഓഫ് ഇൻഡ്യാ അവർക്ക് നൽകുന്ന ഡിഗ്രി സർട്ടിഫിക്കറ്റ് പി. എസ്. സി. അംഗീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) വിമുക്തഭടന്മാർക്ക് പി. എസ്. സി. നിയമനങ്ങൾക്ക് വെയിറ്റേജ് മാർക്ക് നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) 13-3-2012-ലെ G.O.(P) No. 15/12/P&ARD നമ്പർ സർക്കാർ ഉത്തരവുപ്രകാരം 15 വർഷം സേവനമുള്ള Exservicemen/Defence Personal-ന് SSLC/തത്തുല്യ യോഗ്യതയുള്ളപക്ഷം ബിരുദം മിനിമം യോഗ്യതയായി നിഷ്കർഷിച്ചിട്ടുള്ള Class III തസ്തികകൾക്ക് യോഗ്യത നേടിയിട്ടുള്ളതായി കണക്കാക്കി വരുന്നു.

(സി) വിമുക്തഭടന്മാർക്ക് അവരുടെ സേവന കാലയളവിന് ആനുപാതികമായി പി.എസ്.സി. നിയമനങ്ങളിൽ വെയിറ്റേജ് മാർക്ക് അനുവദിച്ചിട്ടുണ്ട്. Gallantry Award-ഉം മറ്റ് അവാർഡുകളും ലഭിച്ചിട്ടുള്ളവർക്ക് സേവന കാലത്തിന് ആനുപാതികമായി നൽകിവരുന്ന വെയിറ്റേജ് മാർക്കിനുപുറമേ പ്രത്യേക വെയിറ്റേജ് മാർക്കും അനുവദിച്ചിട്ടുണ്ട്.

## മുഖ്യമന്ത്രിയുടെ ചികിത്സാ ധനസഹായം

60(6367) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കടുത്തുരുത്തി നിയോജകമണ്ഡലത്തിൽനിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് അപേക്ഷ നൽകി ചികിൽസാ ധനസഹായം കിട്ടാത്ത താഴെപ്പറയുന്ന രോഗികളുടെ അപേക്ഷയിന്മേൽ ധനസഹായം അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ ജി.ഒ.നമ്പരും കോപ്പിയും ലഭ്യമാക്കാമോ; ഇവർക്ക് ധനസഹായം അനുവദിച്ചിട്ടില്ലായെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ? 1. റെജി വി. എൻ DRF No.581/2016 dtd 4-1-2016 2. ടോമി കുര്യൻ DRF No.651/2016 dtd 4-1-16 3. ലീലാ രാജൻ DRF No.606/2016 dtd 4-1-2016 4. തങ്കപ്പൻ DRF No.62332/2015 dtd 26-9-2015 5. ശ്രീമതി അന്നമാർക്കോസ്, മുറിയംകല്ലുങ്കൽ, പൂഴിക്കോൽ,കടുത്തുരുത്തി, കോട്ടയം 6. തങ്കമ്മ, ലക്ഷംവീട് കോളനി, അമ്മംകുടി, കോട്ടയം 7. വാസന്തി പ്രകാശ്, വടക്കേ ചിറയിൽ, കപ്പിക്കാട്, കല്ലറ പി. ഒ., കോട്ടയം 8. സണ്ണി ജോസഫ്, CMDRF No.80744/15 dtd 19-12-2015 9. ബെന്നി തെനംകുന്നേൽ, കാട്ടാമ്പാക്ക്, ഞീഴൂർ, കോട്ടയം 10. അമ്മിണി ബാബു, പൈന്താറ്റിൽ, പൂഴിക്കോൽ, കടുത്തുരുത്തി, കോട്ടയം. 11. വൽസ, കളരിക്കൽ, കീഴൂർ, കോട്ടയം 12. രവീന്ദ്രൻ നായർ M.K., മഠത്തിൽപറമ്പിൽ, കല്ലറ(P.O.), കോട്ടയം 13. തങ്കപ്പൻ, CMDRF No.14390/2013 dtd 16.5.2013 14. തങ്കപ്പൻ, അനിത്താനം 6470/2015 dtd 15-5-2015 15. ആൻസി, 6119/2014 dtd 22-2-2014.

### ഉത്തരം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ക്രമ നമ്പർ 1, 2, 3 അപേക്ഷകർക്ക് 4-3-2016-ലെ സ.ഉ.(സാധാ) നമ്പർ 2079/16/റവ പ്രകാരം ധനസഹായം അനുവദിച്ചിട്ടുണ്ട്. ക്രമ നമ്പർ 4-ലെ അപേക്ഷകന് 20-11-2015-ലെ സ.ഉ.(സാധാ) നമ്പർ 6072/2015/റവ പ്രകാരവും ക്രമ നമ്പർ 15-ലെ അപേക്ഷകയ്ക്ക് 9-12-2015-ലെ സ.ഉ.(സാധാ.) നമ്പർ 6583/2015/റവ പ്രകാരവും ധനസഹായം അനുവദിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പുകൾ യഥാക്രമം അനുബന്ധം * ആയി ചേർക്കുന്നു. ക്രമ നമ്പർ 5 മുതൽ 14 വരെയുള്ള അപേക്ഷകൾ ലഭിച്ചതായി കാണുന്നില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ചികിത്സാ ധനസഹായം

61(6368) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായത്തിനായി മങ്കട നിയോജകമണ്ഡലത്തിൽനിന്ന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത അപേക്ഷകളിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) ഇതിൽ ഏതെങ്കിലും അപേക്ഷയിന്മേൽ ധനസഹായം നൽകുവാൻ തീരുമാനം എടുത്തിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ഡി) ഇല്ലെങ്കിൽ പ്രസ്തുത അപേക്ഷകളിന്മേൽ എപ്പോൾ ധനസഹായം നൽകുവാൻ സാധിക്കുമെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) മണ്ഡലം തിരിച്ചുള്ള കണക്ക് സൂക്ഷിക്കാറില്ല.

(ബി-ഡി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായത്തിനുള്ള അപേക്ഷകളിന്മേൽ അടിയന്തരമായി നടപടി സ്വീകരിച്ച് ധനസഹായം നൽകിവരുന്നുണ്ട്.

## തിരൂരങ്ങാടി അസംബ്ലി നിയോജകമണ്ഡലത്തിൽപ്പെട്ടവർക്ക് ധനസഹായം

62(6369) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നതിനു ശേഷം തിരൂരങ്ങാടി അസംബ്ലി നിയോജക മണ്ഡലത്തിൽപ്പെട്ട ആർക്കെങ്കിലും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ചികിത്സാ സഹായ നിധിയിൽ നിന്നോ ദുരിതാശ്വാസ നിധിയിൽ നിന്നോ ധനസഹായം അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ വിവരങ്ങളും അനുവദിച്ച തുകയും വ്യക്തമാക്കാമോ;

(ബി) 2015 സെപ്റ്റംബർ 2-ന് മുങ്ങി മരണപ്പെട്ട മുഹമ്മദ് റിസാൻ ,S/o ശ്രീ. കുഞ്ഞിക്കോയ എ. സി., അമ്മാരമ്പത്ത് ചിന്നം വീട്ടിൽ, കൃഷി ഭവൻ റോഡ്, ഉള്ളണം പി. ഒ., പരപ്പനങ്ങാടി, മലപ്പുറം എന്നയാളുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മണ്ഡലം തിരിച്ചുള്ള കണക്ക് സൂക്ഷിക്കാറില്ല.

(ബി) ശ്രീ. കുഞ്ഞിക്കോയ എ.സി., അമ്മാരമ്പത്ത് ചിന്നം വീട്ടിൽ, കൃഷി ഭവൻ റോഡ്, ഉള്ളണം പി.ഒ., പരപ്പനങ്ങാടി, മലപ്പുറം എന്നയാളുടെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായത്തിനുള്ള അപേക്ഷ ലഭിച്ചതായി കാണുന്നില്ല.

**ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം**

63(6370) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടന്നൽ കുത്തേറ്റ് മരണപ്പെട്ട ഭാസ്കരന്റെ ഭാര്യ ശ്രീമതി മണി ഭാസ്കരൻ, പറങ്ങോടിയിൽ, വാത്തികുളം, തെക്കേക്കര പി.ഒ., മാവേലിക്കര, മുൻസർക്കാരിന്റെ കാലത്ത് ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായത്തിനായി സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷയിന്മേൽ ധനസഹായം അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) കടന്നൽ കുത്തേറ്റ് മരണപ്പെട്ട ഭാസ്കരന്റെ ഭാര്യ ശ്രീമതി മണി ഭാസ്കരൻ, പറങ്ങോടിയിൽ, വാത്തിക്കുളം, തെക്കേക്കര പി.ഒ., മാവേലിക്കര, മുൻസർക്കാരിന്റെ കാലത്ത് ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായത്തിനായി സമർപ്പിച്ചതായി പറയുന്ന അപേക്ഷ റവന്യൂ വകുപ്പിൽ ലഭിച്ചതായി കാണുന്നില്ല. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ശ്രീമതി മണി ഭാസ്കരന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അനുവദിക്കുന്ന കാര്യം പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**പറമ്പിക്കുളം - ആളിയാർ നദീജല കരാർ**

64(6371) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പറമ്പിക്കുളം-ആളിയാർ നദീജല കരാർ പ്രകാരം ഈ വർഷം സംസ്ഥാനത്തിന് നാളിതുവരെ ലഭിച്ച വെള്ളത്തിന്റെ അളവ് സംബന്ധിച്ച വിശദാംശം നൽകുമോ?

<u>ഉത്തരം</u>

പറമ്പിക്കുളം-ആളിയാർ പദ്ധതി (പി.എ.പി.) കരാർ പ്രകാരം നടപ്പ് ജലവർഷ (2016-17)ത്തിൽ 31-10-2016 വരെ കേരളത്തിന് ലഭിച്ച ജലത്തിന്റെ അളവ് ചുവടെ ചേർക്കുന്നു.

<u>മണക്കടവ് വിയർ</u> :

| ദ്വൈവാരം | ലഭിച്ച ജലത്തിന്റെ അളവ് (എം.സി. എഫ്.ടി.യിൽ) |
|---|---|
| ജൂലൈ I | 130 |
| ജൂലൈ II | 96 |
| ആഗസ്റ്റ് I | 152 |
| ആഗസ്റ്റ് II | 160 |
| സെപ്തംബർ I | 314 |
| സെപ്തംബർ II | 328 |
| ഒക്ടോബർ I | 215 |
| ഒക്ടോബർ II | 303 |
| ആകെ | 1698 |

<u>കേരള ഷോളയാർ</u> :

കേരള ഷോളയാർ പവർഹൗസിൽനിന്ന് വൈദ്യുതോല്പാദനത്തിനുശേഷം അളന്ന് പുറത്തേയ്ക്ക് വിട്ട ജലം.

| ദ്വൈവാരം | ലഭിച്ച ജലത്തിന്റെ അളവ് (എം.സി.എഫ്.ടി.യിൽ) |
|---|---|
| (1) | (2) |
| ജൂലൈ I | 55.05 |
| ജൂലൈ II | 16.85 |
| ആഗസ്റ്റ് I | 96.23 |
| ആഗസ്റ്റ് II | 130.60 |

| (1) | (2) |
|---|---|
| സെപ്റ്റംബർ I | 386.47 |
| സെപ്റ്റംബർ II | 468.34 |
| ഒക്ടോബർ I | 210.19 |
| ഒക്ടോബർ II | 402.62 |
| ആകെ | 1766.35 |

ഇതിനുപുറമേ 31-10-2016-ൽ ഉപയോഗയോഗ്യമായ 4734.4 എം.സി.എഫ്.ടി. ജലം കേരള ഷോളയാർ റിസർവോയറിലുണ്ട്.

നീരാറിൽ നിന്നും പെരിയാറിലേക്കുള്ള റിലീസ്

| ദ്വൈവാരം | ലഭിച്ച ജലത്തിന്റെ അളവ് (എം.സി.എഫ്.ടി.-യിൽ) |
|---|---|
| ഒക്ടോബർ I | 167.57 |
| ഒക്ടോബർ II | 144.44 |
| ആകെ | 312.01 |

**പറമ്പിക്കുളം - ആളിയാർ കരാർ**

65(*T 6372) ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. കെ. എം. ഷാജി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ കരാറിലെ വ്യവസ്ഥകൾ പാലിക്കാത്ത സ്ഥിതിവിശേഷം നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) വ്യവസ്ഥകൾ പ്രകാരം സംസ്ഥാനത്തിന് ലഭിക്കേണ്ട ജലം നിശ്ചിത കാലയളവുകളിൽ ലഭിക്കാറുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(സി) ഇല്ലെങ്കിൽ അത് ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സംസ്ഥാനം സ്വീകരിക്കാറുള്ളതെന്ന് വ്യക്തമാക്കുമോ?

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

<u>ഉത്തരം</u>

(എ) ഉണ്ട്. നടപ്പ് ജലവർഷ (2016-17)ത്തിൽ മണക്കടവ് വിയറിൽ കരാർ പ്രകാരമുള്ള ജലം ലഭിച്ചിട്ടില്ല. കൂടാതെ കേരള ഷോളയാറിലെ ജലവിതാനം 2016 സെപ്തംബർ 1-ന് പൂർണ്ണ ജലനിരപ്പായ (ഫുൾ റിസർവോയർ ലെവൽ) 2663 അടിയിൽ എത്തിക്കുന്നതിലും 2016 സെപ്തംബർ 2 മുതൽ 2658 അടിയിൽ നിലനിർത്തുന്നതിനും തമിഴ്നാട് തയ്യാറായില്ല.

(ബി) കേരളത്തിന് പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി.)യിൽനിന്ന് മഴക്കുറവുള്ള വർഷങ്ങളിൽ അർഹതപ്പെട്ട ജലം ലഭിക്കാറില്ല.

(സി) പി.എ.പി. കരാറിലെ വ്യവസ്ഥകൾ അനുസരിച്ച് ജലക്രമീകരണം നടത്തുന്നതിന്റെ മേൽനോട്ടം വഹിക്കുന്നത് ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡ് ആണ്. കേരളത്തിലെയും തമിഴ്നാട്ടിലെയും ജലസേചന – വൈദ്യുതി വിഭാഗങ്ങളിലെ ചീഫ് എഞ്ചിനീയർമാരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു നാലംഗ സമിതിയാണ് ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡ്. കേരളത്തിന് പി.എ.പി. കരാർ പ്രകാരം ലഭിക്കേണ്ട ജലം സംയുക്ത ജലക്രമീകരണ ബോർഡിന്റെ (ജെ.ഡബ്ല്യു.ആർ.ബി.) യോഗങ്ങളിൽ ശക്തമായി ആവശ്യപ്പെടുകയും കേരള സർക്കാർ, തമിഴ്നാട് സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് സമയോചിതമായി ഇടപെട്ട് കേരളത്തിന്റെ ജലവിഹിതം പരമാവധി നേടിയെടുക്കുകയും ചെയ്തുവരുന്നു. ഈ കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താറുമുണ്ട്. 2012-13 ജല വർഷത്തിൽ കേരളത്തിന് കരാർപ്രകാരം അർഹതപ്പെട്ട ജലം പി.എ.പി.-യിൽ നിന്ന് ലഭിച്ചിട്ടില്ല. തമിഴ്നാടിന്റെ പി.എ.പി. കരാർ വ്യവസ്ഥാ ലംഘനങ്ങൾക്കെതിരായി 16-4-2013-ന് ബഹു.സുപ്രീം കോടതിയിൽ ഒരു അസ്സൽ അന്യായവും (2 ഓഫ് 2013), ഒരു ഇടക്കാല ഹർജിയും (1 ഓഫ് 2013) ഫയൽ ചെയ്യുകയുണ്ടായി. ബഹു. സുപ്രീം കോടതിയിൽ കേസിന്റെ തുടർനടപടികൾ നടന്നുവരുന്നു.

**മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മാണം**

66(6373) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കുന്നത് സംബന്ധിച്ച് തമിഴ് നാട് സർക്കാരുമായി ചർച്ച നടത്തി സമവായത്തിൽ എത്തിച്ചേർന്നിട്ടുണ്ടോ;

(ബി) പുതിയ ഡാം നിർമ്മാണം സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ ഏതൊക്കെ വകുപ്പുകളുടെ അനുമതിയാണ് ലഭിച്ചിട്ടുള്ളത്; ഇതു സംബന്ധിച്ച് എന്തൊക്കെ തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പുതിയ ഡാം നിർമ്മാണവുമായി ബന്ധപ്പെട്ട് സുപ്രീം കോടതിയിൽ നിന്നും എന്തെങ്കിലും പ്രതികൂല പരാമർശം ഉണ്ടായിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ; ഇവ ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) ലക്ഷക്കണക്കിന് ജനങ്ങളുടെ ജീവനും സ്വത്തിനും ഭീക്ഷണിയായി വന്നേയ്ക്കാവുന്ന ഡാം പൊട്ടൽ എന്ന ദുരന്തം ഒഴിവാക്കി അടിയന്തരമായി ഇവിടെ പുതിയ ഡാം നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) പുതിയ ഡാം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ അനുമതികൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ല. എന്നാൽ പുതിയ ഡാമിന്റെ നിർമ്മാണത്തിനായുള്ള പാരിസ്ഥിതികാനുമതിയ്ക്കായുള്ള പരിസ്ഥിതി ആഘാത പഠനം (EIA Study) പെരിയാർ കടുവ സങ്കേതത്തിൽ നടത്തുന്നതിനായി ദേശീയ വന്യജീവി ബോർഡിന്റെ (National Board for Wild Life) അനുമതിക്കായി അപേക്ഷിക്കുകയും അവരുടെ 12, 13 ആഗസ്റ്റ് 2014 തീയതികളിൽ കൂടിയ 31-ാമത് മീറ്റിംഗിൽ അനുവാദം ലഭിക്കുകയും ചെയ്തു. EIA പഠനത്തിന്റെ ടേംസ് ഓഫ് റഫറൻസ് (ToR) അംഗീകരിച്ചു കിട്ടുന്നതിനായി കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിൽ അപേക്ഷിക്കുകയും Expert Appraisal Committee (EAC) അവരുടെ 3-4 ജൂൺ 2015-ൽ കൂടിയ 84-ാമത് മീറ്റിംഗിൽ ഇത് പരിഗണിക്കുകയും ചെയ്തു. എന്നാൽ സുപ്രീം കോടതി വിധിപ്രകാരം ഇരുസംസ്ഥാനങ്ങളുടെയും സമവായത്തിൽ മാത്രമേ പുതിയ ഡാം പണിയുവാൻ സാധിക്കുകയുള്ളൂ എന്നും കൂടാതെ NBWL കേരളത്തിന് EIA പഠനം നടത്തുവാൻ അനുമതി തന്നതിനെതിരെ തമിഴ്നാട് സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്ത സാഹചര്യത്തിൽ സുപ്രീം കോടതിയുടെ വിധിപ്രകാരം തീരുമാനം എടുക്കാമെന്ന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം EAC മീറ്റിംഗിന്റെ മിനിറ്റ്സിൽ രേഖപ്പെടുത്തുകയുണ്ടായി. പുതിയ അണക്കെട്ടിന്റെ നിർമ്മാണത്തിന് ഇരു സംസ്ഥാനങ്ങളുടെയും അംഗീകാരം ആവശ്യമായതിനാൽ സുപ്രീം കോടതിയുടെ വിധിപ്രകാരം മാത്രമേ നടപടികൾ സ്വീകരിക്കാനാവൂ എന്നതിനാൽ അപേക്ഷയുടെ ഫയൽ ക്ലോസ് ചെയ്യുവാൻ തീരുമാനിച്ചതായി കേന്ദ്ര പരിസ്ഥിതി മന്ത്രാലയം കത്ത് നമ്പർ J-12011/13/2015-IA/I dated 17-7-2015 പ്രകാരം അറിയിച്ചിട്ടുണ്ട്. ഇതിനെത്തുടർന്ന് NBWL അവരുടെ 18 ആഗസ്റ്റ് 2015-ലെ 35-ാമത് മീറ്റിംഗിൽ EIA പഠനം നടത്തുവാൻ നൽകിയ അംഗീകാരം റദ്ദാക്കുകയും ചെയ്തു.

സുപ്രീം കോടതിയുടെ വിധിയിൽ പുതിയ അണക്കെട്ടിന്റെ നിർമ്മാണത്തിന് മാത്രമേ ഇരു സംസ്ഥാനങ്ങളുടെയും അംഗീകാരം ആവശ്യമുള്ളൂ. പുതിയ അണക്കെട്ടിനായുള്ള പഠനങ്ങൾക്കോ അനുബന്ധ പ്രവർത്തനങ്ങൾക്കോ വിലക്കില്ല. ഇപ്രകാരം കേരളത്തിനെതിരെ ഏകപക്ഷീയമായ നടപടികൾ സ്വീകരിച്ചതിനെതിരെ സർക്കാർ തലത്തിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയങ്ങളെ വിവരം അറിയിച്ചിട്ടുള്ളതാണ്. കേരളത്തിന് EIA പഠനം നടത്തുവാൻ NBWL നൽകിയ അനുമതി റദ്ദാക്കണമെന്ന് കാണിച്ച് തമിഴ്നാട് സർക്കാർ നൽകിയ കേസ് (IA No. 27 of 2015) 13-4-2016-ന് സുപ്രീം കോടതി തള്ളുകയുണ്ടായി. ഇതിനെത്തുടർന്ന് പ്രസ്തുത വിഷയം കാണിച്ച് കേരള സർക്കാർ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് കത്തയച്ചിട്ടുണ്ട്. ഈ വിഷയത്തിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ നിലപാടിന്റെ അടിസ്ഥാനത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കണമെന്നാണ് സർക്കാരിന്റെ നിലപാട്.

(സി) ഉണ്ട്. മുല്ലപ്പെരിയാർ പഴയ ഡാം സുരക്ഷിതമാണെന്ന് എക്സ്പെർട്ട് കമ്മിറ്റിയും 2006-ൽ സുപ്രീം കോടതിയും എംപവേർഡ് കമ്മിറ്റിയും കണ്ടെത്തിയിട്ടുണ്ടെങ്കിലും പുതിയ ഡാം നിർമ്മിക്കുന്നതിന് ഇരു സംസ്ഥാനങ്ങളും തമ്മിൽ ഒരു ധാരണയാവേണ്ടതുണ്ടെന്നും കേരളത്തിന്റെ നിർദ്ദേശം തമിഴ്നാടിനുമേൽ അടിച്ചേൽപ്പിക്കാൻ സാധിക്കുകയില്ലെന്നും ഒ.എസ്. 3/2006-ന്റെ 7-5-2014-ലെ സുപ്രീം കോടതിയുടെ വിധിന്യായത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. അതേസമയം ഇരു സംസ്ഥാനങ്ങളുടെയും ധാരണയുടെ അടിസ്ഥാനത്തിൽ പുതിയ ഡാം നിർമ്മിക്കുന്നത് സംബന്ധിച്ച് വീണ്ടും കോടതിയെ സമീപിക്കാവുന്നതാണ് എന്ന് 7-5-2014-ലെ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധിന്യായത്തിൽ (Feeding on issue No. 9 Para 215) വ്യക്തമാക്കുന്നുണ്ട്. 7-5-2014-ലെ വിധിക്കെതിരെ കേരളം റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തെങ്കിലും 2-12-2014-ന് അത് തള്ളിക്കളഞ്ഞു. കേരളത്തിലെ ജനങ്ങളുടെ ജീവനും സ്വത്തും സംരക്ഷിക്കുന്നതിനായി ഒരു പുതിയ ഡാം പണിയണം എന്നുതന്നെയാണ് കേരള സർക്കാരിന്റെ നിലപാട്. പുതിയ ഡാമിന് വേണ്ട പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിനുള്ള നടപടികൾ എടുക്കുകയും ഇതിനായിട്ട് MOEF-നെ സമീപിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനെതിരായി തമിഴ്നാട് സർക്കാർ ബഹു. സുപ്രീംകോടതിയിൽ IA File ചെയ്തിരുന്നതിനാൽ ബഹു. സുപ്രീകോടതിയുടെ വിധി വരുന്നതുവരെ പ്രൊപ്പോസൽ ഡിഫർ ചെയ്തു. ഇതിനെത്തുടർന്ന് MOEF-ന്റെ വെബ്സൈറ്റിൽനിന്നും പ്രൊപ്പോസൽ ഒഴിവാക്കി. പ്രസ്തുത ഹർജി 13-4-2016-ൽ കോടതി പരിഗണിക്കുകയും അത് തള്ളിക്കളയുകയും ചെയ്തു. IA-യുടെ വിധിയുടെ പശ്ചാത്തലത്തിൽ MOEF-ന്റെ ഏകപക്ഷീയമായ നിലപാടിനെതിരെ കേരള സർക്കാർ MOEF-നെ സമീപിക്കുകയുണ്ടായി.

(ഡി) പുതിയ ഡാമിന് വേണ്ട പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിനുള്ള നടപടികൾ എടുക്കുകയും ഇതിനായി MOEF-നെ സമീപിക്കുകയും ചെയ്തു. പ്രസ്തുത ഡാം പണിയാൻ ഉദ്ദേശിക്കുന്ന സ്ഥലം വന്യജീവി സങ്കേതമായതിനാൽ പഠനം നടത്തുന്നതിനുള്ള അപേക്ഷ NBWL-ന് സമർപ്പിക്കുകയും നാഷണൽ ബോർഡ് ഫോർ വൈൽഡ് ലൈഫിന്റെ ആഗസ്റ്റ് 2014-ന് കൂടിയ 31-ാമത് സ്റ്റാന്റിംഗ് കമ്മിറ്റി പ്രൊപ്പോസലിന് ശിപാർശ നൽകുകയുമുണ്ടായി. ഇതിനെത്തുടർന്ന് ചീഫ് വൈൽഡ് ലൈഫ് വാർഡൻ പഠനത്തിനുള്ള അംഗീകാരം നൽകുകയും അംഗീകാരം ലഭിച്ച മുറയ്ക്ക് പഠനത്തിന്റെ ToR തയ്യാറാക്കി MOEF-ന് സമർപ്പിക്കുകയും ചെയ്തു. ഇതിനെതിരെ തമിഴ്നാട് സർക്കാർ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ I.A. File ചെയ്തിരുന്നതിനാൽ ബഹു. സുപ്രീംകോടതിയുടെ വിധി വരുന്നതുവരെ പ്രൊപ്പോസൽ MOEF ഡിഫർ ചെയ്തു. കേരളത്തിന്റെ പ്രൊപ്പോസൽ മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽനിന്നും ഒഴിവാക്കുന്നതായി അറിയിക്കുകയുമുണ്ടായി. ഇതിനെത്തുടർന്ന് നാഷണൽ ബോർഡ് ഫോർ വൈൽഡ് ലൈഫ് നൽകിയ ശിപാർശയും റദ്ദ് ചെയ്യുന്നതായി അറിയിക്കുകയുണ്ടായി. തമിഴ്നാട് സർക്കാർ ബഹു. സുപ്രീം കോടതിയിൽ ഡാമിനായുള്ള പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിനെതിരെ ഫയൽ ചെയ്ത I.A. 13-4-2016-ൽ ബഹു. സുപ്രീം കോടതി തള്ളിക്കളഞ്ഞ സാഹചര്യത്തിൽ ഈ കാര്യം കാണിച്ച് കേരള സർക്കാർ വനം പരിസ്ഥിതി മന്ത്രാലയത്തിനെ സമീപിച്ചിട്ടുണ്ട്. വനം പരിസ്ഥിതി മന്ത്രാലയത്തിൽനിന്നും അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

### വിരമിച്ച പത്രപ്രവർത്തകേതര ജീവനക്കാർക്ക് പെൻഷൻ

67(6374) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2000-ന് മുമ്പ് വിരമിച്ച പത്രപ്രവർത്തകേതര ജീവനക്കാർക്ക് പെൻഷൻ നൽകി തുടങ്ങിയോ എന്ന് വിശദമാക്കുമോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് പെൻഷൻ നൽകാത്തതെന്ന് വിശദമാക്കാമോ;

(സി) പെൻഷൻ എന്നു മുതൽ നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) ഇല്ല. 2-3-2016-ലെ സ.ഉ (കൈ) നമ്പർ 4/2016/ഐ & പി.ആർ. പ്രകാരം 2000-നു മുമ്പ് വിരമിച്ച പത്രപ്രവർത്തകേതര ജീവനക്കാർക്ക് ക്ഷേമ പെൻഷൻ പദ്ധതി അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന്റെയും അതോടൊപ്പമുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെയും പകർപ്പ് അനുബന്ധമായി* ചേർക്കുന്നു. 30-4-2016 വരെ 354 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷകളിലെ രേഖകൾ പരിശോധിച്ച് അർഹതയുള്ളവർക്ക് പെൻഷൻ കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചതിനുശേഷമാണ് പെൻഷൻ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നത്.

(സി) 2-3-2016-ലെ സ.ഉ (കൈ) നമ്പർ 4/2016/ഐ & പി.ആർ. പ്രകാരം ക്ഷേമ പെൻഷൻ പദ്ധതിക്ക് 2016 ജനുവരി മാസം മുതൽ മുൻകാല പ്രാബല്യമുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**സൗദി അറേബ്യയിലെ ലേബർ ക്യാമ്പുകളിലെ മലയാളികൾ**

68(6375) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ നഷ്ടപ്പെട്ട് സൗദി അറേബ്യയിലെ ലേബർ ക്യാമ്പുകളിൽ കഴിഞ്ഞിരുന്ന എത്ര മലയാളികളെ നാളിതുവരെ കേരളത്തിലെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്;

(ബി) ഇവർക്ക് തൊഴിലുടമകളിൽനിന്നും ലഭിക്കേണ്ട ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) തൊഴിൽ നഷ്ടപ്പെട്ട് സൗദി അറേബ്യയിലെ ലേബർ ക്യാമ്പുകളിൽ കഴിഞ്ഞിരുന്ന മലയാളികൾ ഇപ്പോഴും നാട്ടിലേയ്ക്ക് വന്നുകൊണ്ടിരിക്കുന്നു. നോർക്ക റൂട്ട്സിന്റെ മുംബൈ, ന്യൂഡൽഹി, എറണാകുളം ഓഫീസ് മുഖേന ലഭ്യമായ കണക്കനുസരിച്ച് ഇതുവരെ 124 മലയാളികൾ നാട്ടിലെത്തിയിട്ടുണ്ട്.

(ബി) തൊഴിലുടമകളിൽനിന്നും ലഭിക്കേണ്ട ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനു വേണ്ടി നോർക്ക റൂട്ട്സിന് ലഭിച്ച പരാതികൾ എംബസികൾ, കേന്ദ്ര സർക്കാരിന്റെ വിദേശകാര്യ വകുപ്പ് എന്നിവയുടെ ശ്രദ്ധയിൽ കൊണ്ടുവരികയും തൊഴിൽ കോടതിയിലും മറ്റ് കോടതികളിലും ആ രാജ്യത്തെ നിയമങ്ങൾക്ക് അനുസൃതമായി വ്യവഹാരങ്ങൾ ഫയൽചെയ്ത് അവയിൽ വാദംനടത്തി തീർപ്പുണ്ടാക്കുന്നതിന് എംബസി മുഖാന്തരം നിയമസഹായം നൽകുകയും ചെയ്തുവരുന്നു. ഇത്തരത്തിലുള്ള നിയമസഹായം കൂടുതൽ ഫലവത്തായ രീതിയിൽ നൽകുന്നതിന് പ്രവാസി ലീഗൽ അസിസ്റ്റന്റ്സ് പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**വ്യാജ റിക്രൂട്ട്മെന്റ്, വിസ തട്ടിപ്പ് എന്നിവയ്ക്കെതിരെ ബോധവൽക്കരണ പരിപാടികൾ**

69(6376) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാജ റിക്രൂട്ട്മെന്റ്, വിസ തട്ടിപ്പ് എന്നിവയ്ക്കെതിരെ സംസ്ഥാന പ്രവാസികാര്യ വകുപ്പിനു കീഴിൽ ഫലപ്രദമായ ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നുണ്ടോ;

(ബി) വിസ തട്ടിപ്പുമായി ബന്ധപ്പെട്ട കേസുകൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ, ദൃശ്യ, ശ്രവ്യ, പത്ര മാധ്യമങ്ങളിലൂടെ പ്രത്യേക ബോധവൽക്കരണ പരിപാടികൾ നടത്തുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നടപ്പാക്കുന്നുണ്ട്.

(ബി) 'വിസ തട്ടിപ്പിനെതിരെയുള്ള ബോധവൽക്കരണം' എന്ന പദ്ധതി മുഖാന്തരം വിദേശ റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട ചൂഷണങ്ങൾ, വിസ തട്ടിപ്പ് എന്നിവയ്ക്കെതിരെയുള്ള ബോധവൽക്കരണ പരിപാടികൾ വിവിധ ദൃശ്യ, ശ്രാവ്യ പത്ര മാധ്യമങ്ങളിലൂടെ നൽകിവരുന്നുണ്ട്.

**പ്രവാസി മലയാളി ക്ഷേമനിധി നിയമത്തിൽ ഭേദഗതികൾ**

70(6377) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> :
<u>ശ്രീമതി ഗീതാ ഗോപി</u> :
<u>ശ്രീ. ഇ. കെ. വിജയൻ</u> :
<u>ശ്രീമതി സി. കെ. ആശ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി മലയാളി ക്ഷേമനിധി നിയമത്തിൽ ഏതൊക്കെ തരത്തിലുള്ള ഭേദഗതികൾ വരുത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(ബി) ഒരു ലക്ഷം കോടിയിൽപ്പരം രൂപ വരുന്ന പ്രവാസി നിക്ഷേപത്തെ ഫലപ്രദമായി ഉപയോഗിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രവാസികൾക്കായി ഒരു സമഗ്ര പുനരധിവാസ പദ്ധതി ആവിഷ്ക്കരിക്കുമോ?

<u>ഉത്തരം</u>

(എ) പ്രവാസി മലയാളി ക്ഷേമനിധി നിയമത്തിൽ ഭേദഗതികൾ വരുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) നാട്ടിലെ ബിസിനസ്സ് സംരംഭങ്ങളിൽ പ്രവാസികൾ പണം നിക്ഷേപിക്കുന്നതിനും സംസ്ഥാനത്തെ നിക്ഷേപ സാധ്യതകളെ പ്രവാസി കേരളീയരുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും വിവിധ മേഖലകളിൽ നിക്ഷേപിക്കുവാൻ സന്നദ്ധതയുള്ളവർക്ക് ആവശ്യമായ കൈത്താങ്ങൽ നൽകുകയെന്ന ലക്ഷ്യത്തോടെയും നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. നിക്ഷേപതൽപ്പരരായ പ്രവാസികൾക്ക് ഈ സെന്റർ വിവിധ അനുമതികൾ നേടുന്നതിൽ ഒരു ഏകജാലക സംവിധാനമായി പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്തെ നിക്ഷേപ സംരംഭ സാധ്യതകളെക്കുറിച്ച് താൽപ്പര്യമുള്ള നിക്ഷേപകർക്ക് സമഗ്രമായ വിവരങ്ങൾ ഈ കേന്ദ്രം ലഭ്യമാക്കിവരുന്നു.

<u>സേവനങ്ങൾ</u> :

- സ്വയം സംരംഭങ്ങൾ ആരംഭിക്കുവാൻ തയ്യാറാകുന്ന പ്രവാസി മലയാളികൾക്കും കുടുംബാംഗങ്ങൾക്കും സ്വയംതൊഴിൽ പരിശീലനം നൽകുക.
- വിവിധ മേഖലയിൽ നിക്ഷേപങ്ങൾ നടത്തുവാൻ ആഗ്രഹിക്കുന്നവർക്ക് ആവശ്യമായ പദ്ധതിനിർദ്ദേശങ്ങൾ തയ്യാറാക്കൽ, പരിശീലന പരിപാടികൾ, സെമിനാറുകൾ
- പദ്ധതിക്കാവശ്യമായ അനുമതി തേടുന്നതിന് സഹായം നൽകൽ
- പ്രവാസികൾ തുടങ്ങുന്ന കമ്പനികളുടെ വെർച്വൽ ഓഫീസുകൾ, സെക്രട്ടേറിയൽ സർവ്വീസുകൾ
- പ്രവാസി മലയാളികളുടെ വിവിധ ആവശ്യങ്ങൾക്ക് അപേക്ഷകൾ/ രേഖകൾ തയ്യാറാക്കൽ, രേഖകളുടെ മൊഴിമാറ്റം
- പാസ്പോർട്ട് തുടങ്ങിയവയ്ക്കുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിന് സഹായിക്കൽ
- പ്രവാസി മലയാളികളുടെ കുടുംബാംഗങ്ങൾക്കായി ബി.പി.ഒ. സ്ഥാപിക്കൽ
- മറ്റ് കൺസൾട്ടൻസി സേവനങ്ങൾ.

(സി) മടങ്ങിവന്ന പ്രവാസികളുടെ പുനരധിവാസം മുൻനിർത്തി അവരെ പ്രത്യേക ഗുണഭോക്താക്കളായി പരിഗണിച്ച് സർക്കാർ നടപടിക്രമങ്ങൾ പാലിച്ച്, സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ കൈത്താങ്ങൽ നൽകുന്ന "നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM)" എന്ന പദ്ധതിയുണ്ട്. അതിനുപുറമേ തിരികെയെത്തിയ പ്രവാസികൾക്കായി ഒരു സമഗ്ര പുനരധിവാസ പദ്ധതി ആവിഷ്കരിക്കുന്നതിനുവേണ്ട പഠനം നടത്തി റിപ്പോർട്ട് നൽകാൻ ഐക്യരാഷ്ട്ര സഭയുടെ കീഴിലുള്ള യു.എൻ.ഡി.പി.-യുമായും സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസുമായും പ്രാഥമിക ചർച്ചകൾ നടത്തിയിട്ടുണ്ട്. ഇതിൽ സർക്കാർ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## എം.എസ്.പി. കോൺസ്റ്റബിൾ (മലപ്പുറം) നിയമനം

71(6379) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 012/2015 പ്രകാരമുള്ള എം.എസ്.പി. കോൺസ്റ്റബിൾ (മലപ്പുറം) പി.എസ്.സി. റാങ്ക് പട്ടികയിൽ നിന്നും ഇതുവരെ എത്ര പേർക്ക് നിയമനം ലഭിച്ചുവെന്നത് പട്ടിക തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികയിലെ എത്ര ഒഴിവുകൾ ഇനി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനുണ്ടെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും നിയമനം നൽകുന്നതിനും നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 21-6-2016-ന് നിലവിൽ വന്ന റാങ്ക് പട്ടികയിൽ നിന്നും 250 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. വിവിധ സംവരണ വിഭാഗങ്ങൾക്ക് റാങ്ക് ലിസ്റ്റിലെ സ്ഥാനം അനുസരിച്ച് നിയമനം നൽകിയതിന്റെ പട്ടിക തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു:

| | | |
|---|---|---|
| OC | - | 220 |
| Ezhava | - | 217 |
| SC | - | 268 |
| ST | - | SL-4 |
| Muslim | - | 219 |
| LC/AI | - | 336 |
| OBC | - | 234 |
| Viswakarma | - | 284 |
| SIUCN/AI | - | Within OC |
| Hindu N | - | 474 |
| OX | - | 608 |
| Dheevara | - | 582 |

(ബി&സി) 2016 ഡിസംബർ 31 വരെയുള്ള പോലീസ് കോൺസ്റ്റബിൾമാരുടെ 180 ഒഴിവുകൾ പി.എസ്.സി.-യിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വർഷത്തെ ഒഴിവുകളെല്ലാം റിപ്പോർട്ട് ചെയ്തതിനാൽ ഇനി ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാൻ ബാക്കി ഇല്ല.

## ഇതര സംസ്ഥാനങ്ങളിൽനിന്ന് കുട്ടികളെ ജോലിക്ക് കൊണ്ടുവരുന്നത് തടയാൻ നടപടി

72(*T 6380) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽ നിന്ന് ആവശ്യമായ രേഖകളില്ലാതെ പതിമൂന്ന് വയസ്സ് മുതലുള്ള കുട്ടികളെ വിവിധ ജോലികൾക്കായി സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 95 പെൺകുട്ടികളും 50 ആൺകുട്ടികളുമുൾപ്പെടുന്ന ഇത്തരം ഒരു സംഘത്തെ ഈയിടെ പാറശാല റെയിൽവെ പോലീസ് പിടികൂടിയതായി അറിയാമോ;

(സി) എങ്കിൽ, ദിവസങ്ങളോളമുള്ള യാത്രയിൽ മതിയായ ഭക്ഷണം പോലും നൽകാതെയാണ് ഈ കുട്ടികളെ കൊണ്ടുവന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിൽ കൈക്കൊണ്ട നടപടികൾ എന്തൊക്കെയെന്നും ഭാവിയിൽ ഇത്തരം കാര്യങ്ങൾ തടയാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്നും വിശദമാക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 97 പെൺകുട്ടികളും 48 ആൺകുട്ടികളുമുൾപ്പെടുന്ന ഒരു സംഘത്തെ പാറശാല റെയിൽവേ പോലീസ് പിടികൂടിയതായി അറിവായിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഇക്കാര്യത്തിന് പാറശ്ശാല റെയിൽവേ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ : 314/2016 u/s. 370 IPC of 79 of JJ Act (Care & Protection) പ്രകാരം റാബി നാരായണൻ മിശ്ര, ജയകുമാർ എന്നിവരെ അറസ്റ്റ് ചെയ്യുകയും അവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരികയും ചെയ്യുന്നു. ഇത്തരം കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാരെ കണ്ടെത്തി കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

## ചിതറ പോലീസ് സ്റ്റേഷൻ

73(6381) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിതറയിൽ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ; ഇതിനായി എത്ര തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പോലീസ് സ്റ്റേഷന്റെ പ്രവർത്തനം അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ചിതറയിൽ പോലീസ് സ്റ്റേഷൻ തുടങ്ങാൻ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ അതോടൊപ്പം ആവശ്യമായ തസ്തികകൾ അനുവദിച്ചിരുന്നില്ല. ഇക്കാര്യം സർക്കാർ സജീവമായി പരിഗണിച്ചുവരികയാണ്.

## ആദായ നികുതി വകുപ്പിന്റെ റെയ്ഡ്

74(6382) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക ഇടപാട് നടത്തുന്ന മുത്തൂറ്റ് സ്ഥാപനങ്ങളിൽ ആദായ നികുതി വകുപ്പ് റെയ്ഡ് നടത്തിയ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആരുടെയൊക്കെ അനധികൃത സമ്പാദ്യങ്ങളാണ് മുത്തൂറ്റ് സ്ഥാപനങ്ങളിൽ ഉണ്ടായിരുന്നതെന്ന വിവരം സംസ്ഥാന സർക്കാരിന് കൈമാറിക്കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ പേര് വെളിപ്പെടുത്തുമോ;

(സി) വിവരം സംസ്ഥാന സർക്കാരിന് ലഭിച്ചില്ലെങ്കിൽ ആയത് ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കരട് സ്ഥലമാറ്റ ഉത്തരവുകൾ സാമൂഹിക മാധ്യമങ്ങളിൽ പ്രചരിപ്പിച്ചവർക്കെതിരെയുള്ള നടപടി

75(6383) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ആസ്ഥാനത്തിന്റെയും ഡി.ജി.പി.-യുടെ ഓഫീസിന്റെയും രഹസ്യ സ്വഭാവം നഷ്ടപ്പെടുന്ന തരത്തിൽ കരട് സ്ഥലമാറ്റ ഉത്തരവ് സാമൂഹിക മാധ്യമങ്ങളിൽ പ്രചരിപ്പിച്ചതായുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ കരട് സ്ഥലമാറ്റ ഉത്തരവ് സാമൂഹിക മാധ്യമങ്ങളിൽ പ്രചരിപ്പിച്ചവർക്കതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ;ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പോലീസ് ആസ്ഥാനത്ത് സംസ്ഥാന പോലീസ് മേധാവിയുടെ അംഗീകാരം ലഭിക്കുന്നതിനു മുൻപേതന്നെ പോലീസ് ഉദ്യോഗസ്ഥരുടെ സ്ഥലമാറ്റ പട്ടിക വാട്സ് ആപ്പിലൂടെ പ്രചരിച്ചു എന്നും മറ്റും സൂചിപ്പിച്ചുകൊണ്ടുള്ള പത്ര വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പത്രവാർത്തയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളിൽ കഴമ്പുണ്ടോയെന്ന അന്വേഷണം നടത്തിവരുന്നു.

**കേരള പോലീസിൽ ഹവിൽദാരായി നിയമിക്കാൻ അനുമതി**

76(6384) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 16-9-2014-ലെ G.O. (MS) No. 183/2014/Home പ്രകാരം വിവിധ കായിക ഇനങ്ങളിൽ മികവ് തെളിയിച്ചിട്ടുള്ള കായികതാരങ്ങളെ കേരള പോലീസിൽ ഹവിൽദാരായി നിയമിക്കാൻ അനുമതി നൽകിയിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ സംബന്ധിച്ച വിശദാംശം നൽകാമോ; നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും, നിയമനം എന്നത്തേക്ക് നൽകാൻ കഴിയുമെന്നും വ്യക്തമാക്കുമോ;

(സി) എത്ര കായികതാരങ്ങൾക്കാണ് നിയമനം നൽകാൻ തീരുമാനിച്ചിട്ടുള്ളത്; ഉത്തരവിന്റെ പകർപ്പ് നൽകുമോ;

(ഡി) പ്രസ്തുത നിയമനം അടിയന്തരമായി നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 16-9-2014-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 183/2014/ ആഭ്യന്തരം പ്രകാരം വിവിധ കായിക വിഭാഗങ്ങളിലായി ആകെ 107 പേരെ കേരളാ പോലീസിൽ ഹവിൽദാർമാരായി നിയമിക്കുന്നതിന് തിരഞ്ഞെടുക്കുവാൻ അനുവാദം നൽകിയിട്ടുള്ളതാകുന്നു. അത്‌ലെറ്റിക്സ് - 21, വോളീബോൾ - 6, ബാസ്കറ്റ്ബോൾ - 8, ഫുട്ബോൾ - 6, സ്വിമ്മിംഗ് - 12, വാട്ടർപോളോ - 12, ഹാൻഡ്ബോൾ - 12, ജൂഡോ - 10, കനോയിംഗ് - 10, കയാക്കിംഗ് - 10.

(ബി) പ്രസ്തുത നിയമനത്തിനായി അപേക്ഷ ക്ഷണിക്കുകയും അപേക്ഷകളുടെ സൂക്ഷ്മ പരിശോധനകൾക്കുശേഷം നിശ്ചിത യോഗ്യതയുള്ളവരെ കായിക മികവ് തെളിയിക്കാനുള്ള ട്രയൽസിൽ പങ്കെടുക്കാൻ തെരഞ്ഞെടുത്തു. കേരള പോലീസിലെ സ്പോർട്സ് ക്വാട്ട നിയമനത്തിനായി രൂപീകരിച്ച വിദഗ്ധ സമിതി ട്രയൽസ് നടത്തി സമർപ്പിച്ച സെലക്ട് ലിസ്റ്റ് സർക്കാർ പരിശോധിച്ചു വരികയാണ്.

(സി) സാങ്കേതിക കാരണങ്ങളാൽ കനോയിംഗ്, കയാക്കിംഗ്, വോളീബോൾ എന്നീ കായിക ഇനങ്ങളിലെ തെരഞ്ഞെടുപ്പ് പൂർത്തിയായിട്ടില്ല. നിലവിൽ 74 പേരുടെ പട്ടികയാണ് സർക്കാരിന്റെ പരിഗണനയിലുള്ളത്.

(ഡി) സെലക്ട് ലിസ്റ്റിന്റെ വിശദമായ പരിശോധനയ്ക്കുശേഷം സർക്കാർ ഈ വിഷയത്തിൽ അന്തിമ തീരുമാനം എടുക്കുന്നതാണ്.

**കേരള പോലീസിൽ കോൺസ്റ്റബിൾ ഡ്രൈവർ**

77(6385) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പത്ത് വർഷങ്ങൾക്കുള്ളിൽ കേരള പോലീസിൽ എത്ര പുതിയ വാഹനങ്ങൾ ലഭ്യമാക്കിയിരുന്നു എന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത വാഹനങ്ങളുടെ എണ്ണത്തിന് ആനുപാതികമായി ഡ്രൈവർ തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഡ്രൈവർ തസ്തികയിലല്ലാത്തവർ പോലീസ് വാഹനങ്ങൾ ഓടിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ഇരുചക്രവാഹനങ്ങൾ ഉൾപ്പെടെ വിവിധ തരത്തിലുള്ള 4177 വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഉണ്ട്. അത്യാവശ്യ ഘട്ടങ്ങളിൽ ഡ്രൈവിംഗിൽ പ്രാവീണ്യമുള്ള അംഗീകൃത ഡ്രൈവിംഗ് ലൈസൻസുള്ള സേനാംഗങ്ങളുടെ സേവനം ലഭ്യമാക്കാറുണ്ട്.

**കേരള പോലീസിൽ കായികതാരങ്ങളുടെ നിയമനം**

78(6386) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാൻഡ്ബോൾ, ജൂഡോ എന്നീ ടീമുകളിൽ എത്ര പേർക്ക് കേരള പോലീസിൽ സെലക്ഷൻ ലഭിച്ചുവെന്നും ഇതിൽ എത്ര പേർക്ക് നിയമനം ലഭിച്ചുവെന്നും ഇവർ ആരൊക്കെയാണെന്നും വിശദമാക്കുമോ;

(ബി) സെലക്ഷൻ ലഭിച്ചവരുടെ പേരുവിവരം വിശദമാക്കുമോ;

(സി) ഇവർക്ക് നിയമനം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-സി) സർക്കാർ ഉത്തരവ് (എം.എസ്.)നമ്പർ 183/2014/ആഭ്യ. തീയതി 16-9-2014 പ്രകാരം ഹാൻഡ്ബോൾ വിഭാഗത്തിൽ 12 പേരെയും ജൂഡോ വിഭാഗത്തിൽ 10 പേരെയും നിയമിക്കുന്നതിന് സെലക്ട് ചെയ്തിട്ടുണ്ട്. കേരള പോലീസിലെ സ്പോർട്സ് ക്വാട്ട നിയമനത്തിനായി രൂപീകരിച്ച സമിതി സമർപ്പിച്ച പ്രസ്തുത സെലക്ട് ലിസ്റ്റ് സർക്കാരിന്റെ പരിഗണനയിലാണ്.

## കേരള ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ അടച്ച നടപ്പാതയുടെ തടസ്സം

79(6387) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഹൈക്കോടതിയുടെ 7-7-2015-ലെ WP(C)/6171/15-ലെ വിധി ന്യായത്തിന്റെ അടിസ്ഥാനത്തിൽ പൂജപ്പുര പോലീസ് സ്റ്റേഷൻ സബ്ഇൻസ്പെക്ടർ അടച്ച നടപ്പാതയുടെ തടസ്സം നീക്കിയോ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കുമോ;

(ബി) മേൽ ഉത്തരവ് പ്രകാരം മ്യൂസിയം സി.ഐ. ഹൈക്കോടതിയിൽ എതിർ സത്യവാങ്മൂലം ഫയൽ ചെയ്തുവോ; ആയതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു വരുന്നു.

## പുതിയ പോലീസ് സ്റ്റേഷൻ

80(6388) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകര മണ്ഡലത്തിലെ ചെങ്കൽ-കാരോട്-കുളത്തൂർ എന്നീ പഞ്ചായത്തുകൾ അതിരു പങ്കിടുന്ന പ്ലാമൂട്ടുകടയിൽ പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന്റെ നടപടി എടുത്തു തുടങ്ങിയോ; എന്ന് നടപ്പാക്കാൻ കഴിയും; വിശദമാക്കുമോ?

ഉത്തരം

ഇത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

## ജോലി വാഗ്ദാനം നൽകി തട്ടിപ്പ്

81(6389) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-ൽ, അമേരിക്കയിൽ ജോലി വാഗ്ദാനം നൽകി തട്ടിപ്പ് നടത്തിയ സോബി ജോർജ്ജ്, പീറ്റർ വിൽസൺ എന്നിവർക്കെതിരെ കൊച്ചി താലൂക്ക് ഇടക്കൊച്ചി വില്ലേജിൽ റബിൻസൺ, അജേഷ്, ശരത്ത്, വിജേഷ്, ശിവദാസൻ, ശ്യാം എന്നിവർ 16-7-2016-ന് സമർപ്പിച്ച പരാതിയിൽ (G160704839) സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കുമോ;

(ബി) സാധാരണ കുടുംബത്തിൽപ്പെട്ട തൊഴിൽരഹിതരായ ടി യുവാക്കൾക്ക് നഷ്ടമായ പണം എന്നത്തേയ്ക്ക് തിരികെ ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രീ. റബിൻസൺ, കെ. എ. അജേഷ്, ശരത്, വിജേഷ്, ടി. കെ. ശിവദാസൻ, ശ്യാം കെ.എസ്. എന്നിവർ സമർപ്പിച്ച പരാതി അന്വേഷണത്തിനും അനന്തര നടപടി സ്വീകരിച്ച് പരാതിക്കാർക്ക് മറുപടി നൽകുന്നതിനുമായി എറണാകുളം റേഞ്ച് പോലീസ് ഇൻസ്പെക്ടർ ജനറലിന് നൽകിയിട്ടുണ്ട്.

(ബി) ജോലി വാഗ്ദാനം ചെയ്ത് തട്ടിപ്പ് നടത്തിയ കാര്യത്തിന് സോബി ജോർജ്ജ്, പീറ്റർ വിൽസൺ എന്നിവർക്കെതിരായി മേൽപ്പറയുന്ന പരാതിക്കാർ ആവലാതിക്കാരായി പള്ളുരുത്തി പോലീസ് സ്റ്റേഷനിൽ യഥാക്രമം 1703/14, 1702/14, 1731/14, 1732/14, 1701/14 നമ്പരുകളിലായും എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷനിൽ ക്രൈം 2364/13 u/s. 406, 420, 34 IPC ആയും രജിസ്റ്റർ ചെയ്ത കേസിലേയ്ക്ക് സമാനമായ തട്ടിപ്പിനിരയായ ഇടക്കൊച്ചി സ്വദേശി ശിവദാസ് എന്നയാളെ കക്ഷി ചേർത്തിട്ടുള്ളതും ടി കേസുകളുടെ അന്വേഷണം പൂർത്തിയാക്കി കോടതികളിൽ കുറ്റപത്രങ്ങൾ സമർപ്പിച്ചിട്ടുണ്ട്. നഷ്ടപ്പെട്ട പണം സംബന്ധമായ കാര്യത്തിന് ബഹു. കോടതിയാണ് തീരുമാനമെടുക്കേണ്ടത്.

## ഡോഗ് സ്ക്വാഡ് പരിശീലനം

82(6390) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര വകുപ്പിൻ കീഴിൽ ഡോഗ് സ്ക്വാഡ് നിലവിൽവന്നതെന്നാണ്; വിശദാംശം വ്യക്തമാക്കുമോ;

(ബി) നിലവിൽ എത്ര യൂണിറ്റുകൾ പ്രവർത്തിക്കുന്നു; ഓരോ യൂണിറ്റിലേയും ഡോഗുകളുടേയും, കൈകാര്യം ചെയ്യുന്നവരുടെയും വിശദാംശം വ്യക്തമാക്കുമോ;

(സി) ഐ.റ്റി.ബി.പി., ബി.എസ്.എഫ്. തലങ്ങളിൽ റ്റി.ഒ.റ്റി., റിഫ്രഷ്മെന്റ് ട്രെയിനിംഗ് പാസ്സായവരുടെ നാളിതുവരെയുള്ള പൂർണ്ണ വിവരം വ്യക്തമാക്കുമോ;

(ഡി) ദേശീയ, അന്തർദ്ദേശീയ പരിശീലനം സിദ്ധിച്ച പരിശീലകരുടെ വിവരം വ്യക്തമാക്കുമോ; പരിശീലകർ നേതൃത്വം നൽകി നടത്തിയ പരിശീലനങ്ങളുടെ വിവരം പൂർണ്ണമായും വ്യക്തമാക്കുമോ;

(ഇ) തൃശ്ശൂർ കെ.ഇ.പി.എ.-യിൽ ഡോഗ്/പരിശീലകർക്കുള്ള പരിശീലനത്തിനുള്ള സംവിധാനത്തെക്കുറിച്ച് വിശദാംശം വ്യക്തമാക്കുമോ;

(എഫ്) ദേശീയ/അന്തർദ്ദേശീയ പരിശീലനം സിദ്ധിച്ച പരിശീലകരുടെ സേവനം ഡോഗ് സ്ക്വാഡുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് വ്യാപകമായി ഉപയോഗിക്കാൻ നടപടി സ്വീകരിക്കുമോ; സംസ്ഥാനത്തുതന്നെ ഡോഗ്സ്ക്വാഡിന് ശാസ്ത്രീയ പരിശീലനം നൽകാൻ നടപടി സ്വീകരിക്കുമോ;

(ജി) സംസ്ഥാനത്തിന് പുറത്ത് നടത്തുന്ന ദൈർഘ്യമേറിയ പരിശീലനങ്ങളിൽ പങ്കെടുക്കുന്ന സേനാംഗങ്ങൾക്കായി ചെലവാകുന്ന തുകയും, സംസ്ഥാനത്ത് പരിശീലനം സംഘടിപ്പിച്ചാൽ ഉണ്ടാകുന്ന ചെലവും കണക്കാക്കി സർക്കാരിന് സാമ്പത്തിക ബാദ്ധ്യത കുറഞ്ഞ രീതിയിൽ കാര്യക്ഷമമായി ഡോഗ് സ്ക്വാഡ് പരിശീലനത്തിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരത്ത് 1959-ൽ മൂന്ന് അൽസേഷ്യൻ നായ്കുട്ടികളുമായി കുറ്റാന്വേഷണ സഹായത്തിനായി ഡോഗ് സ്ക്വാഡ് നിലവിൽ വന്നു.

(ബി) വിശദാംശം അനുബന്ധം * ആയി ചേർത്തിരിക്കുന്നു.

(സി&ഡി) വിശദാംശം അനുബന്ധം * ആയി ചേർത്തിരിക്കുന്നു.

(ഇ) കേരളാ പോലീസിൽ പ്രവർത്തിക്കുന്ന ഡോഗ് ട്രെയിനിംഗിന്റെ ഏക കേന്ദ്രമാണ് കേരളാ പോലീസ് അക്കാദമിയിലുള്ളത്. ആകെ 53 കെന്നലുകൾ ഉണ്ട്. പരിശീലനം നൽകാൻ അനുഭവജ്ഞാനമുള്ള പോലീസ് ഉദ്യോഗസ്ഥർ നിലവിലുണ്ട്. പരിശീലകർക്കും ഹാൻഡ്ലർ ട്രെയിനികൾക്കും താമസിക്കുന്നതിനാവശ്യമായ 3 ബാരക്കുകൾ നിലവിലുണ്ട്. പരിശീലനത്തിന്റെ ഭാഗമായ ഇൻഡോർ ക്ലാസ്സുകൾ (ഹാൻഡ്ലർ മാർക്ക്) നടത്തുന്നതിനുള്ള സൗകര്യം അക്കാദമിയിലുണ്ട്. ഇൻഡോർ ക്ലാസ്സുകളിൽ എടുക്കേണ്ടുന്ന വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് മണ്ണുത്തി വെറ്റിനറി യൂണിവേഴ്സിറ്റിയിൽ നിന്നും മറ്റും ഫാക്കൽറ്റികളെ ലഭിക്കാറുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നായകൾക്ക് കുളിക്കുന്നതിനാവശ്യമായ സ്വിമ്മിംഗ് പൂൾ തുടങ്ങി ഒട്ടനവധി സൗകര്യങ്ങൾ അക്കാദമിയിലെ ശ്വാനപരിശീലന കേന്ദ്രത്തിലുണ്ട്. നാളിതുവരെ അക്കാദമിയിലെ ശ്വാനപരിശീലന കേന്ദ്രത്തിൽ നിന്നും 103 നായകളും അവരുടെ ഹാൻഡ്‌ലർമാരും പരിശീലനം വിജയകരമായി പൂർത്തീകരിച്ചിട്ടുണ്ട്. കേരളാ പോലീസിലെ നിലവിലുള്ള എല്ലാ ഡോഗുകളും അക്കാദമിയിൽനിന്നും പരിശീലനം ലഭിച്ചവയാണ്. അക്കാദമിയിലെ ശ്വാനപരിശീലന കേന്ദ്രത്തിൽനിന്നും ട്രാക്കർ, സ്നിഫർ, ഗഞ്ച ഡിറ്റക്ഷൻ, ആൽക്കഹോൾ ഡിറ്റക്ഷൻ, സാൻഡൽ വുഡ് ഡിറ്റക്ഷൻ എന്നിങ്ങനെയുള്ള ട്രെയിഡുകളിൽ പരിശീലനത്തിനുള്ള സൗകര്യം ലഭ്യമാണ്.

(എഫ്) ഇക്കാര്യത്തിൽ ദേശീയ/അന്തർദ്ദേശീയ പരിശീലനം ലഭിച്ച പരിശീലകരുടെ സേവനം ഡോഗ് സ്ക്വാഡുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് നിലവിൽ ഉപയോഗിച്ചു വരുന്നുണ്ട്. സംസ്ഥാനത്ത് തന്നെ ഡോഗ് സ്ക്വാഡിന് ആധുനിക രീതിയിലുള്ള ശാസ്ത്രീയ പരിശീലനവും നൽകിവരുന്നുണ്ട്.

(ജി) സംസ്ഥാനത്ത് ഡോഗ്സ്ക്വാഡിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനാവശ്യമായ പരിശീലന പദ്ധതികളാണ് നടപ്പിൽ വരുത്തിയിട്ടുള്ളത്. ഇക്കാര്യത്തിൽ സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത ഉള്ളതായി കണക്കാക്കിയിട്ടില്ല.

**കൊള്ളപ്പലിശക്കാരെ നിയന്ത്രിക്കുന്നതിന് നടപടി**

83(6391) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊള്ളപ്പലിശക്കാരെ കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) കൊള്ളപ്പലിശക്കാരെ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് ധനകാര്യ സ്ഥാപനങ്ങളെയും സാമ്പത്തിക ഇടപാടുകാരെയും നിരീക്ഷിക്കുകയും കൊള്ളപ്പലിശ, നിയമവിരുദ്ധ സാമ്പത്തിക ഇടപാടുകൾ എന്നിവ ശ്രദ്ധയിൽപ്പെട്ടാൽ അത്തരം സ്ഥാപനങ്ങളും അനധികൃത സാമ്പത്തിക ഇടപാട് നടത്തുന്നവരുടെ വീടുകളും റെയ്ഡ് ചെയ്ത് അനധികൃത രേഖകളും മറ്റും പിടിച്ചെടുത്ത് Kerala Money Lending Act, Kerala Prohibition of Charging Exorbitant Interest Act, ഇന്ത്യൻ ശിക്ഷാ നിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരം കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ഇക്കാര്യത്തിൽ ദൃശ്യമാധ്യമങ്ങൾ വഴി ജനങ്ങൾക്ക് ബോധവൽക്കരണം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**വിവിധ കേസുകളിൽപ്പെട്ട് ജയിലിലാകുന്ന ആദിവാസികൾ**

84(*T 6392) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കേസ്സുകളിൽപ്പെട്ട് ജയിലിലാകുന്ന ആദിവാസികൾക്ക് ജാമ്യം ലഭിക്കാത്തതിനാൽ ജയിലുകളിൽ തന്നെ കഴിയേണ്ടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആൾ ജാമ്യമോ നികുതി ചീട്ടോ ഹാജരാക്കിയാൽ ജാമ്യം ലഭിച്ച് പുറത്തിറങ്ങാവുന്ന കേസ്സുകളിൽ നിരക്ഷരതമൂലവും ജാമ്യം നിൽക്കുന്നതിന് സർക്കാർ ഉദ്യോഗസ്ഥരെ ലഭിക്കാത്തതു മൂലവും പട്ടയമില്ലാത്തതു മൂലവും അവർക്ക് അതിന് സാധിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇപ്രകാരം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന ആദിവാസികൾക്ക് ആവശ്യമായ നിയമ സഹായം നൽകാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവർക്കായി കേരള ലീഗൽ സർവ്വീസസ് അതോറിറ്റി (കെൽസ)-യുടെ സേവനങ്ങൾ പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ സൗജന്യ നിയമസഹായ സംവിധാനം എല്ലാ ജയിലുകളിലും പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി നിയോഗിച്ചിട്ടുള്ള അഭിഭാഷകരുടെ സേവനം ഇപ്പോൾ ജയിലുകളിൽ ലഭിക്കുന്നുണ്ട്.

(ഡി) കേരള ലീഗൽ സർവ്വീസസ് അതോറിറ്റി (കെൽസ)യുടെ സേവനങ്ങൾ ഇപ്പോൾ ജയിലുകളിൽ ലഭിക്കുന്നുണ്ട്.

**പോലീസ് സേനയെ കാര്യക്ഷമമാക്കുന്നതിന് നടപടി**

85(6393) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സേനയെ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) അത്യാധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് നടത്തപ്പെടുന്ന കുറ്റകൃത്യങ്ങൾ തെളിയിക്കുന്നതിന് പോലീസ് സേനയെ പര്യാപ്തമാക്കുന്നതിനും വൈദഗ്ധ്യം ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് അറിയിക്കുമോ;

(സി) പോലീസ് സേനയ്ക്ക് കൂടുതൽ അത്യാധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ പോലീസ് സേനയെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കുറ്റകൃത്യം തെളിയിക്കുന്നതിന് അത്യാധുനിക സാങ്കേതിക വിദ്യകളെ സംബന്ധിച്ച് വിവിധ തരത്തിലുള്ള പരിശീലന പരിപാടികൾ പോലീസ് ഉദ്യോഗസ്ഥർക്ക് നൽകിവരുന്നുണ്ട്. ഇതിനുപുറമെ ശാസ്ത്രീയ കുറ്റാന്വേഷണത്തിന് സഹായകരമായ ഉപകരണങ്ങൾ വാങ്ങുന്നതിനും സൈബർ കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിന് സഹായകരമായ സാങ്കേതിക പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും വേണ്ടിയുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

(സി) പരിഗണിച്ചു വരുന്നു.

## പോലീസ് സ്പെഷ്യൽ യൂണിറ്റുകളിലെ സ്ഥലംമാറ്റം

86(6394) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസിലെ സ്പെഷ്യൽ യൂണിറ്റുകളിൽ പോലീസ് ഉദ്യോഗസ്ഥർക്കു എത്ര കാലം തുടരാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് (2014 മേയ് 29-ന്) സംസ്ഥാന പോലീസ് മേധാവി ഇറക്കിയ ഉത്തരവിൽ പറയുന്ന കാര്യമെന്താണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്രൈംബ്രാഞ്ച് കാസർകോഡ് യൂണിറ്റിൽ നിന്ന് ഉദ്യോഗസ്ഥരെ സ്ഥലം മാറ്റിയിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥരുടെ പേരുവിവരവും മാറ്റപ്പെട്ട സ്ഥലവും വ്യക്തമാക്കുമോ;

(ഇ) സ്ഥലം മാറ്റപ്പെട്ട ഉദ്യോഗസ്ഥന്മാർ എത്രകാലമായി ക്രൈംബ്രാഞ്ച് കാസർകോഡ് യൂണിറ്റിൽ ജോലി ചെയ്തുവരാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഇക്കാര്യത്തിൽ പോലീസ് ആസ്ഥാനത്തിലെ നമ്പർ 9/2014 തീയതി 29-5-2014 എക്സിക്യൂട്ടീവ് ഡൈറക്ടീവ് പ്രകാരം സി.പി.ഒ., എസ്.സി.പി.ഒ., എ.എസ്.ഐ. റാങ്കിലുള്ളവർക്ക് നിലവിൽ 5 വർഷം വരെ സ്പെഷ്യൽ യൂണിറ്റുകളിൽ തുടരാവുന്നതാണ്. എന്നിരുന്നാലും ഭരണ സൗകര്യാർത്ഥം സ്പെഷ്യൽ യൂണിറ്റിൽ ജോലി ചെയ്യുന്നവരെ സ്ഥലം മാറ്റുന്നതിനോ കാലാവധി നീട്ടി നൽകുന്നതിനോ സംസ്ഥാന പോലീസ് മേധാവിക്ക് യാതൊരു തടസ്സവുമില്ല. ഉത്തരവിന്റെ പകർപ്പ് അനുബന്ധം * ആയി ചേർക്കുന്നു.

(സി&ഡി) ക്രൈം ബ്രാഞ്ചിന് കാസർഗോഡ് ജില്ലയിൽ യൂണിറ്റ് നിലവിലില്ലാത്തതാകുന്നു. ഒ.സി.ഡബ്ല്യു -IV, കണ്ണൂർ യൂണിറ്റിന്റെ സബ് യൂണിറ്റ് കാസർഗോഡ് നിലവിലുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടി സബ് യൂണിറ്റിൽ നിന്നും സ്ഥലം മാറ്റപ്പെട്ട ഉദ്യോഗസ്ഥരുടെ പേരുവിവരവും മാറ്റപ്പെട്ട സ്ഥലവും അനുബന്ധം * ആയി ചേർക്കുന്നു.

(ഇ) പ്രസ്തുത വിവരം അനുബന്ധം * ആയി ചേർക്കുന്നു.

**പോലീസ് നിയമനത്തിന് കൈക്കൂലി**

87(6395) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ പോലീസ് നിയമനത്തിൽ കൈക്കൂലി വാങ്ങി എന്ന കേസിൽ ശ്രീമതി ശരണ്യ, കുറത്തറയിൽ പാനൂർ, പല്ലന പി.ഒ., എന്നയാളെ പോലീസ് അറസ്റ്റ് ചെയ്തിരുന്നുവോ;

(ബി) ടിയാളുടെ പേരിൽ കേസ്സെടുത്തിട്ടുണ്ടോ; അന്വേഷണം നടക്കുന്നുണ്ടോ; അന്വേഷണം നടത്തുന്നത് ആരാണ്;

(സി) ടി വിഷയം സംബന്ധിച്ച് എത്ര കേസുകൾ എടുത്തിട്ടുണ്ട്; പ്രഥമ ദൃഷ്ട്യായുള്ള അന്വേഷണത്തിൽ ആരുടെയെങ്കിലും പേര് പോലീസിന് നൽകിയിരുന്നുവോ; എങ്കിൽ അത് ആരുടെ പേരാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഹരിപ്പാട് കോടതിയിൽ സി.ആർ.പി.സി. 164 പ്രകാരം സ്റ്റേറ്റ്മെന്റ് നൽകിയിരുന്നുവോ; പ്രസ്തുത സ്റ്റേറ്റ്മെന്റ് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ബി) കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ശ്രീമതി ശരണ്യ എന്നയാൾ പ്രതിയായ 34 കേസുകൾ ക്രൈംബ്രാഞ്ച് വിഭാഗം അന്വേഷിച്ചു വരുന്നു. 18 കേസുകൾ ക്രൈംബ്രാഞ്ച് ആന്റി പൈറസി സെൽ ഡെപ്യൂട്ടി സൂപ്രണ്ട് ശ്രീ. എം. ഇക്ബാലും 16 കേസുകൾ ക്രൈംബ്രാഞ്ച് സ്റ്റാറ്റ്സ് ഡെപ്യൂട്ടി സൂപ്രണ്ട് ശ്രീ. എം. രാധാകൃഷ്ണൻ നായരും അന്വേഷിച്ചുവരുന്നു.

(സി) ടി വിഷയവുമായി ബന്ധപ്പെട്ട് 34 കേസുകൾ ക്രൈംബ്രാഞ്ച് വിഭാഗം അന്വേഷിക്കുന്നു. അന്വേഷണത്തിൽ ശരണ്യ, അജിത, സുരേന്ദ്രൻ, പ്രദീപ്, ശംഭു, രാജേഷ്, സുധി, പ്രദീപ് (സിവിൽ പോലീസ് ഓഫീസർ), നൈസൽ എന്നിവർ ടി കേസിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് വെളിവായിട്ടുണ്ട്.

(ഡി) നൽകിയിട്ടില്ല.

**കഞ്ചാവ് കടത്തു കേസുകൾ**

88(6396) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഇക്കഴിഞ്ഞ മൂന്ന് വർഷത്തിനിടെ കഞ്ചാവു കടത്തുമായി ബന്ധപ്പെട്ട് എത്ര പേരെ പിടികൂടിയിട്ടുണ്ട്;

(ബി) എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിൽ പോലീസ് 2013 വർഷത്തിൽ 67 പ്രതികളെയും 2014-ൽ 44 പ്രതികളെയും 2015 വർഷത്തിൽ 66 പ്രതികളെയും 2016 (30-10-2016 വരെ)-ൽ 109 പ്രതികളെയും പിടികൂടിയിട്ടുണ്ട്. എക്സൈസ് വകുപ്പ് കഴിഞ്ഞ 3 വർഷത്തിനിടെ 54 പേരെ പിടികൂടിയിട്ടുണ്ട്.

(ബി) പോലീസ് 2013 വർഷത്തിൽ 37 കേസുകളും 2014 വർഷത്തിൽ 38 കേസുകളും 2015 വർഷത്തിൽ 58 കേസുകളും 2016 (30-10-2016 വരെ) വർഷത്തിൽ 72 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. എക്സൈസ് വകുപ്പ് കഴിഞ്ഞ 3 വർഷത്തിനിടെ 51 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## വിസിൽ ബ്ലോവർ സംവിധാനം

89(6397) ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിമതികളെക്കുറിച്ച് ഓൺലൈനിൽ പരാതി നൽകുന്നതിനായി ഏർപ്പെടുത്തിയ വിസിൽ ബ്ലോവർ സംവിധാനം നിലവിലുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഈ സംവിധാനം വഴി എത്ര പരാതികൾ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) എത്ര പരാതികളിന്മേൽ അന്വേഷണം പൂർത്തിയായിയെന്നും എത്ര പരാതികളിൽ അഴിമതി കണ്ടെത്തിയെന്നും വ്യക്തമാക്കുമോ;

(ഡി) വ്യാജ പരാതികൾ സ്ഥിരമായി നൽകുന്നവർക്കെതിരെ എന്തെങ്കിലും നടപടി വകുപ്പ് സ്വീകരിച്ചിട്ടുണ്ടോയെന്നുള്ള വിശദാംശം നൽകുമോ?

### ഉത്തരം

(എ) ഒരു സർക്കാർ വകുപ്പിലോ സ്വകാര്യ സ്ഥാപനത്തിലോ എന്തെങ്കിലും നിയമവിരുദ്ധമായ കാര്യങ്ങൾ സംഭവിക്കുന്നുവെന്ന് അധികാരികൾക്ക് വിവരം നൽകുന്ന ആളിനെയാണ് വിസിൽ ബ്ലോവർ എന്നുപറയുന്നത്. വിജിലൻസ് ഡയറക്ടറുടെ സർക്കുലർ 05/2016 പ്രകാരം വിസിൽ ബ്ലോവർ സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്. അഴിമതികളെ കുറിച്ച് ഓൺലൈനിൽ പരാതി നൽകുന്നതിലേയ്ക്കായി www.publicvigil.in എന്ന വെബ്സൈറ്റ് നിലവിലുണ്ട്.

(ബി&സി) വിസിൽ ബ്ലോവർ സംവിധാനം വഴി ഓൺലൈൻ പരാതികൾ ലഭിച്ചിട്ടില്ല.

(ഡി) വ്യാജ പരാതികൾ സ്ഥിരമായി നൽകുന്നവർക്കെതിരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

## ആദിവാസി മേഖലകൾ കേന്ദ്രീകരിച്ച് സായുധ സംഘങ്ങൾ

90(*T 6398) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അത്യാധുനിക ആയുധങ്ങൾ ഉപയോഗിക്കുന്ന സായുധ സംഘങ്ങൾ ആദിവാസി മേഖലകൾ കേന്ദ്രീകരിച്ച് പ്രവർത്തിച്ചു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) ആധുനിക അമ്പ് മുതൽ അത്യാധുനിക യന്ത്രവത്കൃത തോക്കുകൾ വരെ ഉപയോഗിക്കാൻ ഈ സംഘങ്ങൾ പ്രാപ്തരാണെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് ഇത്തരം പ്രവർത്തനങ്ങൾ ശക്തി പ്രാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ആദിവാസികളെ ചാവേറുകളാക്കി, രാഷ്ട്രീയവും കായികവുമായ നേട്ടം ലക്ഷ്യം വച്ചുകൊണ്ടുള്ള ഏതെങ്കിലും കേന്ദ്രങ്ങൾ ഇതിനു പിന്നിലുണ്ടോയെന്ന് പരിശോധിക്കുമോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) 2013 ജനുവരി മാസം മുതൽ സംസ്ഥാനത്തിന്റെ വടക്കൻ ജില്ലകളിലെ വനപ്രദേശങ്ങളിലും സമീപപ്രദേശങ്ങളിലും സായുധരായ സംഘങ്ങളുടെ പ്രവർത്തനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവർ നിരോധിത സംഘടനയായ സി.പി.ഐ. മാവോയിസ്റ്റ് എന്ന സംഘടനയിലെ അംഗങ്ങളാണ്.

(ബി) അത്യാധുനിക ആയുധങ്ങൾ അവരുടെ പക്കൽ ഉള്ളതായി വിവരങ്ങൾ ലഭിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് പാലക്കാട്, മലപ്പുറം, വയനാട്, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലാണ് ഈ സംഘത്തിന്റെ പ്രവർത്തനങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നത്.

(ഡി) നാളിതുവരെ അത്തരത്തിലുള്ള ഒരു നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അത്തരം നീക്കം നടന്നിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതാണ്.

## കോട്ടയം ജില്ലയിലെ പോലീസ് സ്റ്റേഷനുകളിൽ ജോലി ചെയ്യുന്ന ഹോം ഗാർഡുകളുടെ എണ്ണം

91(6399) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ പോലീസ് സ്റ്റേഷനുകളിൽ ജോലി ചെയ്യുന്ന ഹോം ഗാർഡുകളുടെ എണ്ണം സ്റ്റേഷൻ അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ബി) ജി.ഒ. (എം.എസ്) നമ്പർ 190/2009/ഹോം. തീയതി 26-11-2009 ഉത്തരവ് പ്രകാരം ഇവരെ ഏതൊക്കെ ജോലികൾക്ക് നിയോഗിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ട്രാഫിക് നിയന്ത്രണത്തിന് മാത്രമേ ഇവരെ നിയോഗിക്കാൻ പാടുള്ളൂ എന്ന നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ മറ്റു ജില്ലകളിലെപ്പോലെയുള്ള ഡ്യൂട്ടി സംവിധാനം ഹോം ഗാർഡുകൾക്കായി കോട്ടയം ജില്ലയിലും നടപ്പിലാക്കുമോ?

<u>ഉത്തരം</u>

(എ)

| പോലീസ് സ്റ്റേഷൻ | ഹോംഗാർഡുകളുടെ എണ്ണം |
|---|---|
| എരുമേലി | 4 |
| മണിമല | 4 |
| കറുകച്ചാൽ | 7 |
| വൈക്കം | 14 |
| തലയോലപ്പറമ്പ് | 7 |
| കോട്ടയം (ട്രാഫിക്) | 11 |
| കുമരകം | 5 |
| പാമ്പാടി | 5 |
| മണർക്കാട് | 4 |
| ഏറ്റുമാനൂർ | 11 |
| കുറവിലങ്ങാട് | 4 |
| പൊൻകുന്നം | 4 |
| ചങ്ങനാശ്ശേരി (ട്രാഫിക്) | 13 |
| തൃക്കൊടിത്താനം | 7 |
| ചിങ്ങവനം | 9 |
| പാലാ | 9 |
| കോട്ടയം (ഈസ്റ്റ്) | 2 |
| ഗാന്ധിനഗർ | 9 |
| കാഞ്ഞിരപ്പള്ളി | 2 |
| മുണ്ടക്കയം | 4 |
| കടുത്തുരുത്തി | 9 |
| കോട്ടയം സെൻട്രൽ പോലീസ് സ്റ്റേഷൻ | 1 |
| ആകെ | 145 |

(ബി) ഹോം ഗാർഡുകളെ താഴെപ്പറയുന്ന ജോലികൾക്കായി നിയോഗിക്കാൻ കഴിയുന്നതാണ്:

1. ഫയർ ഫൈറ്റിംഗ് & റെസ്ക്യൂ ഓപ്പറേഷൻസ്.
2. ട്രാഫിക് കൺട്രോൾ ആന്റ് റെഗുലേഷൻസ്.
3. ഫെസ്റ്റിവൽ ബെന്തവസ്.
4. ഫംഗ്ഷൻസ് ബെന്തവസ്.
5. നാഷണൽ കലാമിറ്റീസ് - സിവിൽ ഡിഫൻസ് ഓപ്പറേഷൻസ്.
6. ഇലക്ഷൻ സമയത്തെ സ്പെഷ്യൽ പോലീസ് കോൺസ്റ്റബിൾ.
7. സ്റ്റാറ്റിക് പ്രൊട്ടക്ഷൻ ഡ്യൂട്ടീസ്.
8. പട്രോൾ അസിസ്റ്റൻസ്.
9. കമ്മ്യൂണിറ്റി പോലീസിംഗ്.

(സി) ട്രാഫിക് നിയന്ത്രണത്തിനു മാത്രമേ ഹോംഗാർഡുകളെ നിയോഗിക്കാവൂ എന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടില്ല. ഹോംഗാർഡുകളെ ജോലികൾക്ക് നിയോഗിക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട അധികാരികൾക്ക് സാഹചര്യങ്ങൾ വിലയിരുത്തി ഉചിതമായ നടപടി സ്വീകരിക്കാവുന്നതാണ്.

(ഡി) നിലവിൽ ഹോം ഗാർഡുകളെ ഉപയോഗിച്ച് ട്രാഫിക് ഡ്യൂട്ടി ചെയ്തു വരുന്നു. ഹോം ഗാർഡുകൾക്ക് ചെയ്യാൻ കഴിയുന്ന മേൽപ്പറഞ്ഞ മറ്റ് ജോലികൾക്കും ഇവരെ ഉപയോഗപ്പെടുത്തുന്നതാണ്.

**സിഗ്നൽ തകരാറുകൾമൂലം ഗതാഗതക്കുരുക്ക്**

92(6400) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി ടൗണിൽ സ്ഥാപിച്ചിട്ടുള്ള സിഗ്നൽ ലൈറ്റുകൾ കത്താതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ലൈറ്റുകളുടെ അറ്റകുറ്റപ്പണികൾ ഏത് ഏജൻസിയാണ് നടത്തുന്നതെന്ന് വിശദമാക്കുമോ;

(ബി) പെട്ടെന്നുണ്ടാകുന്ന സിഗ്നൽ തകരാറുകൾമൂലമുണ്ടാകുന്ന ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് കൂടുതൽ ട്രാഫിക് പോലീസിനെ നിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സിഗ്നൽ പോയിന്റിന് 50 മീറ്റർ ചുറ്റളവിൽ 2016-ൽ ഇതുവരെ എത്ര അപകടങ്ങൾ നടന്നുവെന്നും എത്രപേർ മരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) സിഗ്നൽ ലൈറ്റുകൾ സ്ഥിരമായി കത്താതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തിരുവനന്തപുരത്തുള്ള എ.ഡി.ഡി. ന്യൂസ് ഇന്ത്യ എന്ന സ്വകാര്യ സ്ഥാപനം മുഖേനയാണ് കരുനാഗപ്പള്ളി ടൗണിലെ സിഗ്നൽ ലൈറ്റുകളുടെ അറ്റകുറ്റപ്പണികൾ നടത്തിവരുന്നത്.

(ബി) സാങ്കേതിക തകരാറോ വൈദ്യുതി മുടക്കമോ ഉള്ള സമയത്ത് സിഗ്നൽ ലൈറ്റുകൾ കത്താതിരുന്നാൽ ടി സ്ഥലത്ത് കൂടുതൽ പോലീസ് ഉദ്യോഗസ്ഥരെ ട്രാഫിക് ഡ്യൂട്ടിക്കായി നിയോഗിച്ച് വരുന്നുണ്ട്.

(സി) 2016-ൽ കരുനാഗപ്പള്ളി ടൗണിൽ സിഗ്നൽ ലൈറ്റിന് 50 മീറ്റർ ചുറ്റളവിൽ അപകട മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടില്ല. ഈ കാലയളവിൽ 3 അപകടങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**എറണാകുളം ജില്ലയിൽ സിവിൽ പോലീസ് ഓഫീസർമാരുടെ ഒഴിവുകൾ**

93(6401) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ സിവിൽ പോലീസ് ഓഫീസർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) കെ.എ.പി.-1 എറണാകുളം ജില്ലാ സിവിൽ പോലീസ് ഓഫീസർമാരുടെ റാങ്ക് ലിസ്റ്റിൽ നിന്നും ഡിസംബർ 2016-ന് മുമ്പ് എത്ര പേർക്ക് നിയമനം നൽകാനാകുമെന്ന് വ്യക്തമാക്കുമോ; മുഴുവൻ ഒഴിവുകളും നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എറണാകുളം ജില്ലയിൽ നിലവിൽ 30 സിവിൽ പോലീസ് ഓഫീസർമാരുടെ ഒഴിവുകൾ ഉണ്ട്.

(ബി&സി) പ്രസ്തുത ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിൻപ്രകാരം 2016 ഡിസംബർ വരെയുള്ള പോലീസ് കോൺസ്റ്റബിൾമാരുടെ ഒഴിവുകൾ പി.എസ്.സി.-യിലേയ്ക്ക് ആന്റിസിപ്പേറ്ററി വേക്കൻസിയായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതനുസരിച്ച് 175 പോലീസ് കോൺസ്റ്റബിൾമാരുടെ അഡ്വൈസ് പി.എസ്.സി.-യിൽനിന്നും കെ.എ.പി.-1 ബറ്റാലിയനിലേയ്ക്ക് ലഭിച്ചിട്ടുണ്ട്. ഇവർക്കുള്ള നിയമന നടപടികൾ പുരോഗമിച്ചുവരുന്നു. ഇതിനുപുറമേ 2017 ഡിസംബർ വരെയുള്ള ആന്റിസിപ്പേറ്ററി ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മൊബൈൽ ആപ്ലിക്കേഷൻ പദ്ധതി**

94(6402) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ പോലീസിനെ സംബന്ധിച്ച വിവരങ്ങൾ, പ്രധാന നിയമങ്ങൾ, സുരക്ഷാ നിർദ്ദേശങ്ങൾ, വിവിധ സേവനങ്ങൾ ലഭിക്കുന്നതിനുള്ള പോലീസ് നടപടി ക്രമങ്ങൾ, പരാതി പരിഹാര സംവിധാനങ്ങൾ എന്നിവ ഉൾപ്പെടുത്തിയ മൊബൈൽ ആപ്ലിക്കേഷൻ നിലവിൽ വന്നിട്ടുണ്ടോ;

(ബി) ഇല്ല എങ്കിൽ എൽ.ഡി.എഫ്. പ്രഖ്യാപിച്ചിട്ടുള്ള പ്രസ്തുത മൊബൈൽ ആപ്ലിക്കേഷൻ പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കാൻ എന്തു നടപടി സ്വീകരിച്ചു വരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) കേരള പോലീസിൽ വിവിധ മാഫിയാ ബന്ധമുള്ളവർ തുടങ്ങി ക്രിമിനൽ തട്ടിപ്പ്, കൊലപാതകം തുടങ്ങി നിയമ വിരുദ്ധ പ്രവർത്തനങ്ങളിൽ ഉൾപ്പെട്ട എത്ര പേർ നിലവിലുണ്ട് (റാങ്കുകൾ തിരിച്ച്) എന്നും ഇവരുടെ വിശദാംശങ്ങളും പ്രത്യേകമായി പ്രസിദ്ധീകരിക്കുന്ന കാര്യവും പരിഗണിക്കുമോ?

ഉത്തരം

(എ&ബി) നിലവിൽ വന്നിട്ടില്ല. മൊബൈൽ ആപ്ലിക്കേഷൻ രൂപീകരിക്കുന്നത് സംബന്ധിച്ച പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) കേരള പോലീസിൽ കൊലപാതകം തുടങ്ങിയ നിയമവിരുദ്ധ പ്രവർത്തനങ്ങളിൽ ഉൾപ്പെട്ട പോലീസുകാർ ഇല്ല.

**നിയമവാഴ്ച ഉറപ്പുനൽകുന്നതിന് നടപടി**

95(6403) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്രമസമാധാനം ഭദ്രമാക്കാനും, അഴിമതിക്ക് വിരാമമിടാനും, സൈ്വരജീവിതം ഉറപ്പുവരുത്തുവാനും, നിയമവാഴ്ച ഉറപ്പു നൽകുന്നതിനും നാളിതുവരെ എന്തു നടപടികൾ സ്വീകരിച്ചു;

(ബി) ഇതിന്റെ ഭാഗമായ പിങ്ക് പട്രോൾ, പിങ്ക് ഫൂട്ട്ബീറ്റ് സംവിധാനങ്ങൾ മുൻസർക്കാരിന്റെ കാലത്ത് ഏതു തരത്തിലായിരുന്നു; നിലവിലെ സർക്കാർ ഇതിൽ എന്തു മാറ്റം വരുത്തിയെന്ന് വ്യക്തമാക്കുമോ ;

(സി) സ്ത്രീകൾക്കായുള്ള വിമൺ സെൽഫ് ഡിഫൻസ് സെന്ററുകളുടെ പ്രവർത്തനം തുടങ്ങിയിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോൾ ആരംഭിക്കും വിശദാംശം ലഭ്യമാക്കുമോ;

(ഡി) പോലീസിലേയ്ക്കുള്ള റിക്രൂട്ട്മെന്റിന് ലിംഗവ്യത്യാസം ബാധകമാകാത്തവിധം നിയമനങ്ങൾ പരിഷ്കരിക്കുന്നതിനുള്ള പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ;

(ഇ) ചെറു പട്ടണങ്ങളിൽ പോലീസ് കൺട്രോൾ റൂമുകൾ, പരമാവധി സ്ഥലങ്ങളിൽ നിരീക്ഷണ ക്യാമറകൾ, എ.ടി.എം. കളിലുൾപ്പെടെ കൂടുതൽ ഇലക്ട്രോണിക് സെക്യൂരിറ്റി എന്നിവ ആരംഭിക്കാനുള്ള സർക്കാർ പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ക്രമസമാധാനം ഭദ്രമാക്കാനും സ്വൈരജീവിതവും നിയമ വാഴ്ചയും ഉറപ്പുവരുത്തുന്നതിനും നിലവിലുള്ള നിയമപ്രകാരം യഥാസമയം കർശനമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പകൽ-രാത്രികാലങ്ങളിലെ പട്രോളിംഗ് കാര്യക്ഷമമായി നടത്തിയും കർശനവും രഹസ്യവുമായ നിരീക്ഷണം നടത്തി മുൻകരുതൽ നടപടി സ്വീകരിച്ചും സമാധാന അന്തരീക്ഷം ഉറപ്പുവരുത്തിയും സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയെ മുൻനിർത്തി പിങ്ക് പോലീസ് പട്രോളും, പിങ്ക് ബീറ്റും ഏർപ്പെടുത്തിയും നിയമവാഴ്ച ഉറപ്പുവരുത്തിയിട്ടുണ്ട്. കൂടാതെ സ്ത്രീകളിലും കുട്ടികളിലും സുരക്ഷാ അവബോധം സൃഷ്ടിച്ചും ജനമൈത്രി സംവിധാനം പോലുള്ള പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചും സ്വയംരക്ഷാ ഉപാധികളെക്കുറിച്ച് സ്ത്രീകൾക്ക് അറിവ് നൽകിയും എല്ലാറ്റിനും ഉപരി കുറ്റം ചെയ്യുന്നവർക്കെതിരെ കർശന നടപടി സ്വീകരിച്ചും വരുന്നു. അഴിമതിക്കെതിരെ വകുപ്പുതലത്തിൽ നിരീക്ഷണവും കർശന നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് പിങ്ക് പോലീസ് പട്രോളും, പിങ്ക് ബീറ്റും ഏർപ്പെടുത്തിയിട്ടുള്ളത്.

(സി) സ്ത്രീകൾക്കായുള്ള വിമൺ സെൽഫ് ഡിഫൻസ് സെന്ററുകൾ ആരംഭിച്ചിട്ടില്ല. എന്നാൽ സ്ത്രീ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ആരംഭിച്ച നിർഭയ പദ്ധതിയുടെ കീഴിൽ സ്ത്രീകൾക്കായി സെൽഫ് ഡിഫൻസ് ക്ലാസുകൾ സ്കൂളുകളും കോളേജുകളും കേന്ദ്രമാക്കി നടത്തിവരുന്നു. കൂടാതെ റസിഡൻഷ്യൽ അസോസിയേഷൻ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവയുടെ സഹകരണത്തോടെ സെൽഫ് ഡിഫൻസിനെപ്പറ്റിയും സ്ത്രീ സുരക്ഷാ നിയമങ്ങളെപ്പറ്റിയും ആവശ്യമായ ബോധവൽക്കരണം സ്ത്രീകൾക്കിടയിൽ നൽകിവരുന്നു.

(ഡി) പോലീസ് സേനയിൽ ഘട്ടംഘട്ടമായി കൂടുതൽ വനിതകളെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) സംസ്ഥാനത്തെ പ്രധാനപ്പെട്ട നഗരങ്ങൾ കേന്ദ്രീകരിച്ച് കൺട്രോൾ റൂമുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഇതിനുപുറമെ പ്രധാനപ്പെട്ട ജംഗ്ഷനുകളിലും ബസ്സ്സ്റ്റാന്റ്/റെയിൽവേ സ്റ്റേഷൻ പരിസരങ്ങളിലും നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. എ.റ്റി.എം. സെന്ററുകളിൽ സുരക്ഷ ശക്തിപ്പെടുത്തുന്നതിനായി ബന്ധപ്പെട്ട ബാങ്ക് അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ടൗണുകളിലെ തിരക്ക്

96(*T 6404) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ച് വരുന്ന വാഹനാധിക്യംമൂലം റോഡ് ഗതാഗതം ദുഷ്ക്കരമാകുന്ന സാഹചര്യത്തിൽ ടൗണുകളിലെ വഴിയോരത്തെ അനധികൃത പാർക്കിംഗ്, കച്ചവടം എന്നിവയ്ക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നത്;

(ബി) കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി-പയ്യോളി ടൗണുകളിലെ തിരക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) റോഡ് ഗതാഗതം തടസ്സപ്പെടാതിരിക്കാൻവേണ്ടി തിരക്കേറിയ ടൗണുകളിൽ അനധികൃതമായി വാഹനം പാർക്ക് ചെയ്യുന്നവരെ കണ്ടെത്തി നിയമ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അനധികൃതമായി പാത കയ്യേറി കച്ചവടം ചെയ്യുന്നവർക്കെതിരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വാഹന ഗതാഗതം സുഗമമാക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## ലോക്കപ്പ് മർദ്ദനം

97(6405) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2015 ഡിസംബർ 5-ന് കോതമംഗലം പോലീസ് സ്റ്റേഷനിൽ അരുൺരാജ് എന്ന ദളിത് വിദ്യാർത്ഥിക്ക് ലോക്കപ്പ് മർദ്ദനം ഏറ്റതുമായി ബന്ധപ്പെട്ട കേസ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ കേസിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് അമൽ രാജിന്റെ സഹോദരൻ അരുൺ രാജ് ബഹുമാനപ്പെട്ട കോതമംഗലം JFMC-I -ൽ കൊടുത്ത അന്യായം CMP 51/2016 നമ്പറായി ഫയലിൽ സ്വീകരിച്ച് Cr.PC. 156(3) പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നതിന് കോതമംഗലം പോലീസ് സ്റ്റേഷനിലേയ്ക്ക് അയച്ചുകിട്ടിയതിന്റെ അടിസ്ഥാനത്തിൽ കോതമംഗലം പോലീസ് സ്റ്റേഷനിൽ Cr. 80/2016, u/s. 3(1) (VIII) of SC/ST (PoA) Act 1989 & Sec. 326, 324, 323, 341, 294 (b), 506, 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് മൂവാറ്റുപുഴ ഡിവൈ.എസ്.പി. അന്വേഷണം നടത്തിവരികയാണ്.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

## തീവ്രവാദി സംഘങ്ങളും നിരോധിത സംഘടനകളും

98(6406) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സംസ്ഥാനത്ത് സാന്നിദ്ധ്യം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ള തീവ്രവാദി സംഘങ്ങൾ, മറ്റു നിരോധിത സംഘടനകൾ, ഐ.എസ്. തുടങ്ങി വിദേശ തീവ്രവാദ പ്രവർത്തന സംഘങ്ങൾ ഏതെല്ലാം എന്നും ഇവയുടെ പ്രവർത്തനം സംബന്ധിച്ച ദേശീയ അന്വേഷണ ഏജൻസികൾ നൽകിയ റിപ്പോർട്ടുകൾ എന്തെല്ലാമെന്നും വിശദാംശം ലഭ്യമാക്കുമോ;

(ബി) കണ്ണൂരിലെ കനകമല സംഭവം ഉൾപ്പെടെ ഈ സർക്കാർ കാലയളവിൽ അറസ്റ്റ് ചെയ്യപ്പെട്ടവരായ തീവ്രവാദ സംഘടനാ പ്രവർത്തകർ എത്ര എന്നും കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ കാലയളവിൽ ഇത്തരം എത്ര കേസുകൾ രജിസ്റ്റർ ചെയ്തു എന്നും എത്ര കേസ്സിൽ പ്രതികളെ പിടികൂടി എന്നും വിശദാംശം ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്ത് ഐ.എസ്. പ്രവർത്തനം നടക്കുന്നതു സംബന്ധിച്ച് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടത് എന്നാണ് എന്നും ആഭ്യന്തര വകുപ്പും ദേശീയ അന്വേഷണ ഏജൻസികളും ഇതു തടയുവാനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്നും ഇതിൽ ഉൾപ്പെട്ട സംസ്ഥാനത്തുള്ളവർ ആരെല്ലാം എന്നും ഇവരിൽ എത്ര പേർ കസ്റ്റഡിയിലായി, എത്ര പേർ രാജ്യം വിട്ടു എന്നും വിശദാംശം ലഭ്യമാക്കുമോ;

(ഡി) സംസ്ഥാനത്ത് ഐ.എസ്. പ്രവർത്തനം തടയാൻ സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ) മാവോയിസ്റ്റ് തീവ്രവാദ സംഘടനയുടെ പ്രവർത്തനങ്ങൾ കേരളത്തിൽ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇസ്ലാമിക് സ്റ്റേറ്റ് എന്ന ആഗോള നിരോധിത ഭീകരസംഘടന ആഗോളതലത്തിൽ ഭീകരത പല സ്ഥലങ്ങളിലും സൃഷ്ടിക്കുന്നുണ്ടെങ്കിലും ഇന്ത്യയിൽ ഈ സംഘടനയുടെ അത്തരത്തിലുള്ള പ്രവർത്തനങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നില്ല. എന്നാൽ സമീപകാലത്ത് പല ഇന്ത്യാക്കാരും ഈ സംഘടനയോട് സോഷ്യൽ മീഡിയ തുടങ്ങിയ മാധ്യമങ്ങൾ വഴി ആഭിമുഖ്യം പുലർത്തി വരുന്നതായും കേരളത്തിൽ സ്വാധീനമുണ്ടാക്കാനും യുവാക്കളെ ഈ സംഘടനയിലേയ്ക്ക് റിക്രൂട്ട് ചെയ്യുവാനും ശ്രമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സംഘടനയുടെ പ്രവർത്തനത്തോട് ആഭിമുഖ്യമുള്ള ചിലരെ കനകമലയിൽവച്ച് രഹസ്യയോഗം നടത്തവേ ദേശീയ അന്വേഷണ ഏജൻസി പിടികൂടുകയും ഇതുമായി ബന്ധപ്പെട്ടുള്ള കേസ് ഇപ്പോൾ അന്വേഷണാവസ്ഥയിലുമാണ്. ദേശീയസുരക്ഷയുമായി ബന്ധപ്പെട്ട വിഷയമായതിനാൽ കൂടുതൽ വിശദാംശങ്ങൾ വെളിപ്പെടുത്താൻ നിർവ്വാഹമില്ല.

(ബി) ഇസ്ലാമിക് സ്റ്റേറ്റ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കണ്ണൂരിലെ കനകമല സംഭവം ഉൾപ്പെടെ ഈ സർക്കാർ കാലയളവിൽ (25-5-2016 മുതൽ 23-10-2016 വരെ) 10 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇടതുപക്ഷ തീവ്രവാദ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഈ സർക്കാർ കാലയളവിൽ 6 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. (ഇതിൽ 3 പേർ കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ കാലയളവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളിലെ പ്രതികളാണ്). കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ കാലയളവിൽ ഇസ്ലാമിക് സ്റ്റേറ്റ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 1 കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇടതുപക്ഷ തീവ്രവാദ പ്രവർത്തനവുമായി ബന്ധപ്പെട്ട് 151 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 19 കേസുകളിലായി 29 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. (ഇവരിൽ ചിലർ ഒന്നിലധികം കേസുകളിൽ ഉൾപ്പെട്ടിട്ടുള്ളവരാണ്).

(സി) കേരളത്തിൽ ഇസ്ലാമിക് സ്റ്റേറ്റ് എന്ന സംഘടനയോട് സോഷ്യൽ മീഡിയ തുടങ്ങിയ മാധ്യമങ്ങൾവഴി ആഭിമുഖ്യം പുലർത്തി വന്ന ചില വ്യക്തികളുടെ പ്രവർത്തനങ്ങൾ ഏതാനും വർഷങ്ങളായി പോലീസിന്റെ നിരീക്ഷണത്തിലാണ്. സംസ്ഥാനത്ത് ഐ.എസ്. പ്രവർത്തനം തടയുവാനായി വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ഇത് സംബന്ധിച്ച് മറ്റ് വിശദാംശങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല. കണ്ണൂരിലെ കനകമല സംഭവവുമായി ബന്ധപ്പെട്ട് കസ്റ്റഡിയിലായ ആൾക്കാരുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്. എൻ.ഐ.എ.-യുടെ അന്വേഷണത്തിലിരിക്കുന്ന ഈ കേസിന്റെ മറ്റ് വിശദാംശങ്ങൾ വെളിപ്പെടുത്തുന്നത് ഉചിതമല്ല.

(ഡി) വിശദാംശങ്ങൾ വെളിപ്പെടുത്തുന്നതിന് നിർവ്വാഹമില്ല.

**ഫോറൻസിക് വിഭാഗത്തിലെ തസ്തികകൾ**

99(6408) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസിലെ ഫോറൻസിക് വിഭാഗത്തിൽ ഫോട്ടോഗ്രാഫർ/ വീഡിയോഗ്രാഫർമാരുടെ വേണ്ടത്ര തസ്തികകൾ നിലവിലില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ അതിൽ എത്രയും പെട്ടെന്ന് അനുകൂല തീരുമാനമുണ്ടാവുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ&ബി) കേരള പോലീസിൽ ഫോറൻസിക് സയൻസ് ലാബുകളിൽ ഉൾപ്പെടെ ഫോട്ടോഗ്രാഫർമാരുടെ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച അപേക്ഷ സർക്കാർ വിശദമായി പരിശോധിക്കുകയും സംസ്ഥാനത്തെ നിലവിലെ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് പ്രസ്തുത ശിപാർശ അംഗീകരിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ നിലവിലുള്ള ഫോട്ടോഗ്രാഫർമാർക്ക് ജോലി വീതിച്ച് നൽകി പരിഹരിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**വാഹനങ്ങൾ പരിശോധിക്കാൻ പോലീസിൽ നിയമസാധുത്വമുള്ളവർ**

100(6409) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങൾ പരിശോധിക്കാൻ പോലീസിൽ നിയമപരമായി അധികാരമുള്ളവർ ആരൊക്കെയെന്നത് വ്യക്തമാക്കുമോ;

(ബി) അഡീഷണൽ സബ് ഇൻസ്പെക്ടർ, അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ, സബ് ഇൻസ്പെക്ടർ, ഇൻസ്പെക്ടർ, ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ്, സൂപ്രണ്ട് ഓഫ് പോലീസ് തുടങ്ങി ആർക്കൊക്കെ വാഹനപരിശോധന നടത്താമെന്ന് വ്യക്തമാക്കുമോ;

(സി) ഇരുചക്രവാഹനങ്ങളിൽ സഞ്ചരിക്കുന്ന ഷാഡോ പോലീസുകാർ വാഹനങ്ങൾ തടഞ്ഞു നിർത്തി പരിശോധിക്കാൻ അധികാരമുള്ളവരാണോ എന്ന് വ്യക്തമാക്കുമോ;

(ഡി) വാഹന പരിശോധനയിൽ പോലീസ് പാലിക്കേണ്ട നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മോട്ടോർ വാഹന നിയമപ്രകാരം സബ് ഇൻസ്പെക്ടർ റാങ്കും അതിനു മുകളിലുമുള്ള ഉദ്യോഗസ്ഥർക്കാണ് വാഹനങ്ങൾ പരിശോധിക്കാൻ നിയമപരമായി അധികാരമുള്ളത്.

(ബി) ഇപ്പറയുന്നവരിൽ അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ (എ.എസ്.ഐ.) ഒഴികെ മറ്റെല്ലാ ഉദ്യോഗസ്ഥർക്കും വാഹനം പരിശോധിക്കാവുന്നതാണ്.

(സി) അധികാരമുള്ളവരല്ല.

(ഡി) വാഹന പരിശോധനയിൽ പോലീസ് ഉദ്യോഗസ്ഥർ പാലിക്കേണ്ട പ്രധാനപ്പെട്ട നടപടികൾ ചുവടെ ചേർത്തിരിക്കുന്നു:

1. തിരക്കേറിയ ജംഗ്ഷനുകളിലും കൊടും വളവുകളിലും കയറ്റിറക്കങ്ങളിലും ഇടുങ്ങിയ റോഡുകളിലും പാലത്തിന്റെ മുകളിലും വാഹന പരിശോധന പരമാവധി ഒഴിവാക്കേണ്ടതാണ്.

2. പതിവ് പരിശോധനയിൽ പരമാവധി വീഡിയോ കവറേജ് നടത്തേണ്ടതാണ്.

3. വാഹന പരിശോധന നടത്തുമ്പോൾ പരിശോധന നടത്തുന്ന ഉദ്യോഗസ്ഥൻ പരിശോധന വാഹനത്തിന്റെ അരികിലെത്തി വാഹന പരിശോധന പൂർത്തിയാക്കേണ്ടതാണ്.

4. വാഹനത്തിലുള്ള യാത്രക്കാരോട് മാന്യമായി പെരുമാറേണ്ടതാണ്.

5. പതിവ് പരിശോധനക്കിടയിൽ ഒരേ സമയം ഒന്നിൽ കൂടുതൽ വാഹനങ്ങളെ തടഞ്ഞുനിർത്തി വാഹന പരിശോധന നടത്താതിരിക്കാൻ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.

## സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് (എസ്.പി.സി.) പദ്ധതിക്ക് പ്ലാൻ ഫണ്ട്

101(6412) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പു അദ്ധ്യയന വർഷത്തിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് (എസ്.പി.സി.) പദ്ധതിക്ക് പ്ലാൻ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇല്ലെങ്കിൽ എന്താണ് കാരണം; എപ്പോൾ ഫണ്ട് അനുവദിക്കും; വിശദമാക്കുമോ;

(സി) പദ്ധതിക്കായി (എസ്.പി.സി.) കഴിഞ്ഞ തവണ അനുവദിച്ചിരുന്ന തുകയിൽനിന്നും എന്തെങ്കിലും വ്യത്യാസം വരുത്താൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ എങ്ങനെയെന്ന് വ്യക്തമാക്കുമോ;

(ഡി) എസ്.പി.സി. പദ്ധതി യു.പി. സ്കൂളുകളിൽക്കൂടി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) നടപ്പ് അദ്ധ്യയന വർഷത്തിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതിക്ക് 1070 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി മറ്റ് വകുപ്പുകൾ കൂടി സഹകരിച്ച് നടത്തേണ്ട പദ്ധതി ആയതിനാൽ 1070 ലക്ഷം രൂപയിൽ നിന്നും 500 ലക്ഷം രൂപയായി പദ്ധതിയിൽ കുറവുവരുത്തുന്നതിനും ബാക്കിതുക പോലീസ് സ്റ്റേഷനുകളുടെ നവീകരണത്തിനായി മാറ്റിവയ്ക്കുന്നതിനും സംസ്ഥാന പോലീസ് മേധാവിയുടെ ശിപാർശ ലഭിച്ചിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

(ഡി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**നെയ്യാറ്റിൻകര പോലീസ് സ്റ്റേഷൻ**

102(6413) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകര പോലീസ് സ്റ്റേഷൻ ഒറ്റപ്പെട്ട സ്ഥലത്ത് സ്ഥിതി ചെയ്യുന്നതു കാരണം പരാതിക്കാർക്ക് എത്തിപ്പെടാനുള്ള ബുദ്ധിമുട്ടും പോലീസിന്റെ ശ്രദ്ധക്കുറവും ഉണ്ടാകുന്നത് ഒഴിവാക്കുന്നതിന് നെയ്യാറ്റിൻകര പോലീസ് സ്റ്റേഷൻ പഴയ സ്ഥലത്തു (ആശുപത്രി ജംഗ്ഷനിൽ) പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ എന്ന് നടപ്പാക്കാൻ കഴിയും; വിശദമാക്കുമോ ?

<u>ഉത്തരം</u>

നെയ്യാറ്റിൻകര പോലീസ് സ്റ്റേഷൻ സ്ഥിതി ചെയ്യുന്നത് ഒറ്റപ്പെട്ട സ്ഥലത്താണെന്നും അതിനാൽ പരാതിക്കാർ എത്തിപ്പെടാൻ ബുദ്ധിമുട്ടുന്നുണ്ടെന്നും പോലീസിന്റെ ശ്രദ്ധക്കുറവ് ഉണ്ടെന്നുമുള്ള കാര്യങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**വിപിൻ ജോണിനെയും സുഹൃത്തിനെയും പോലീസ് അകാരണമായി മർദ്ദിച്ച സംഭവം**

103(6414) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 സെപ്തംബർ 5-ാം തീയതി നെയ്യാറ്റിൻകര മുനിസിപ്പൽ സ്റ്റേഡിയത്തിനടുത്ത് വച്ച് യൂത്ത് കോൺഗ്രസ് നേതാവ് ബാലരാമപുരം കരിംപ്ലാവിള ശ്യാംഭവനിൽ വിപിൻജോസിനെയും സുഹൃത്തിനെയും പോലീസ് അകാരണമായി മർദ്ദിച്ച സംഭവത്തിൽ പോലീസ് കംപ്ലയിന്റ് അതോറിറ്റിക്ക് O.P.No.495/2015/ എന്ന നമ്പരിൽ പരാതി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പരാതിയിൽ 23-6-2016-ൽ ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഓർഡറിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഉത്തരവിൽ കുറ്റക്കാരായ പോലീസുകാർക്കെതിരെ എത്ര നാൾക്കകം അച്ചടക്ക നടപടി കൈക്കൊള്ളണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്; വിവരിക്കുമോ;

(ഡി) പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ ഉത്തരവ് പ്രകാരം കുറ്റക്കാരായ പോലീസുകാർക്കെതിരെ അച്ചടക്ക നടപടി എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള കാരണം വിശദമാക്കുമോ;

(ഇ) ഉത്തരവ് അനുസരിച്ചുള്ള അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന് അടിയന്തര നടപടി കൈക്കൊള്ളുമോ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) അച്ചടക്ക നടപടി മൂന്ന് മാസത്തിനുള്ളിൽ തീർപ്പാക്കുന്നതാണെന്ന് തിരുവനന്തപുരം ജില്ലാ പോലീസ് മേധാവി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ആയത് രേഖപ്പെടുത്തി O.P.No. 495/2015-ലെ പരാതി അവസാനിപ്പിച്ച് സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി 23-5-2016-ന് ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി&ഇ) കുറ്റാരോപിതരായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ തിരുവനന്തപുരം റൂറൽ നാർക്കോട്ടിക് സെൽ ഡിവൈ.എസ്.പി. അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ തിരുവനന്തപുരം റേഞ്ച് പോലീസ് ഇൻസ്പെക്ടർ ജനറൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും ആയത് പ്രകാരം അന്വേഷണം നടത്തിവരികയുമാണ്.

**ഗോവിന്ദച്ചാമിയുടെ സാമ്പത്തിക സ്രോതസ്സിനെക്കുറിച്ച് അന്വേഷണം**

104(6415) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗമ്യ വധക്കേസ്സിൽ ജയിലിൽ കഴിയുന്ന പ്രതി ഗോവിന്ദച്ചാമിയുടെ സാമ്പത്തിക സ്രോതസ്സിനെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ സാമ്പത്തിക സ്രോതസ്സ് എവിടെ നിന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) സാമ്പത്തിക സ്രോതസ്സിനെക്കുറിച്ച് അന്വേഷണം നടത്തിയില്ലെങ്കിൽ അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) സൗമ്യ വധക്കേസ്സിൽ ജയിലിൽ കഴിയുന്ന ഗോവിന്ദച്ചാമിയുടെ സാമ്പത്തിക സ്രോതസ്സിനെക്കുറിച്ച് അന്വേഷണം നടത്തിയിട്ടില്ല. എന്നാൽ സാമ്പത്തിക സ്രോതസ്സിനെക്കുറിച്ച് വിവരശേഖരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## സെക്രട്ടേറിയറ്റിലെ വനിതാ ജീവനക്കാരിയുടെ പരാതി

105(6416) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ ഒരു വനിതാ ജീവനക്കാരി തന്നെ മറ്റൊരു ജീവനക്കാരൻ പീഡിപ്പിക്കുവാൻ ശ്രമിച്ചുവെന്ന് കാണിച്ച് 14-10-2016-ൽ തിരുവനന്തപുരം കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ രേഖാമൂലം പരാതി നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പരാതിയിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു;

(സി) സ്ത്രീകൾക്കെതിരെയുള്ള ലൈംഗിക അതിക്രമം തടയൽ നിയമത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വ്യക്തിക്കെതിരെ നടപടി സ്വീകരിക്കാതിരുന്നത് എന്തുകൊണ്ടാണ്;

(ഡി) അടിയന്തരമായി പരാതി അന്വേഷിച്ച് ഇക്കാര്യത്തിൽ കർശന നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) സെക്രട്ടേറിയറ്റിലെ ഒരു വനിതാ ജീവനക്കാരിയെ മറ്റൊരു ജീവനക്കാരൻ അസഭ്യം വിളിച്ചുപറഞ്ഞ് ഭീഷണിപ്പെടുത്തി എന്നും സന്ദർശകരുടെ മുന്നിൽവച്ച് വനിതാ ജീവനക്കാരിയുടെനേരെ ജീവനക്കാരൻ ഹാജർബുക്ക് വലിച്ചെറിഞ്ഞു എന്നും കാണിച്ച് കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ 14-10-2016 തീയതിയിൽ ഒരു പരാതി ലഭിച്ചിട്ടുണ്ട്.

(ബി-ഡി) ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ ക്രൈം 1322/2016 u/s 294(b), 354, 506 (i)IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

## വിജിലൻസിന്റെ സദ്ഭരണം ഓഡിറ്റിംഗ്

106(6417) ശ്രീ. എസ്. ശർമ്മ :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. വി. ജോയി :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിജിലൻസ് വകുപ്പ് 'സദ്ഭരണം ഓഡിറ്റിംഗ്' എന്ന പേരിൽ ഫയൽ ഓഡിറ്റിംഗ് നടത്തുന്നുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി എന്തൊക്കെ കാര്യങ്ങളാണ് പരിശോധിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) മുൻസർക്കാരിന്റെ കാലത്ത് വിജിലൻസിനെ ഉപയോഗിച്ച് അട്ടിമറിച്ച ബാർ കോഴ കേസ്, പാറ്റൂർ, കടകംപള്ളി, കളമശ്ശേരി ഭൂമി തട്ടിപ്പ് കേസ്സുകൾ, പാമോലിൻ, ടൈറ്റാനിയം അഴിമതി കേസ്സുകൾ തുടങ്ങിയവ പുനരന്വേഷിക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ;

(ഡി) സദ്ഭരണം ഓഡിറ്റിംഗിന്റെ ഫലമായി ഇതുവരെ ശ്രദ്ധയിൽപ്പെട്ട കാര്യങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 18-6-2016-ലെ വി.എ.സി.ബി. സർക്കുലർ 3/2016 അനുസരിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ആസ്ഥാനത്ത് ആറുമാസത്തിലൊരിക്കൽ എന്ന ക്രമത്തിൽ സദ്ഭരണം ഓഡിറ്റിംഗ് നടത്തുന്നുണ്ട്.

(ബി) അഴിമതി നിരോധന പ്രവർത്തനങ്ങളിന്മേലുള്ള സ്വാധീനം, അധികാര ദുർവിനിയോഗം, സ്വജനപക്ഷപാതം, കൃത്യ നിർവ്വഹണത്തിലെ ക്രമക്കേടുകൾ, നീതിനിർവ്വഹണത്തിലെ തടസ്സം തുടങ്ങിയവ സംബന്ധിച്ച് വിജിലൻസിനുള്ളിലെ എല്ലാ അന്വേഷണ ഫയലുകളും (QV, VC, VE, SC ഫയലുകൾ) പരിശോധിച്ചു വരുന്നു. മറ്റ് സർക്കാർ വകുപ്പുകളിലും കാലക്രമേണ സദ്ഭരണ ഓഡിറ്റിംഗ് നടപ്പാക്കാനുദ്ദേശിച്ചുള്ള രൂപരേഖ തയ്യാറാക്കലാണ്, വിജിലൻസ് വകുപ്പിൽ ഇപ്പോൾ പരീക്ഷണാടിസ്ഥാനത്തിൽ നടത്തുന്ന സദ്ഭരണ ഓഡിറ്റിംഗിന്റെ ഉദ്ദേശ്യലക്ഷ്യം.

(സി) ബാർ കോഴ, ടൈറ്റാനിയം അഴിമതി കേസ്സുകൾ വിജിലൻസ് കോടതി നിർദ്ദേശത്തെ തുടർന്ന് വിജിലൻസ് കേസ് പുനരന്വേഷണം നടത്തിവരുന്നു. പാമോലിൻ കേസിൽ ഒരു സ്പെഷ്യൽ പ്രോസിക്യൂട്ടറെ 27-7-2016-ന് നിയമിച്ച് വിചാരണ നടപടികൾ നടത്താനുള്ള ശ്രമങ്ങൾ ആരംഭിച്ചു. കടകംപള്ളി, കളമശ്ശേരി ഭൂമി തട്ടിപ്പ് കേസ്സുകൾ ബഹു. ഹൈക്കോടതി ഉത്തരവ് പ്രകാരം സി.ബി.ഐ.-ക്ക് തുടരന്വേഷണത്തിനായി കൈമാറിയിട്ടുണ്ട്. പാറ്റൂർ ഭൂമി കയ്യേറ്റം സംബന്ധിച്ച് സത്വരാന്വേഷണം നടന്നുവരുന്നു.

(ഡി) ക്യൂ.വി, വി.സി., വി.ഇ. ഫയലുകൾ തുടർച്ചയായി പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുള്ളതും കുറവുകളും ന്യൂനതകളും കണ്ടെത്തിയിട്ടുള്ളത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും ഭാവിയിൽ ഇത്തരത്തിലുള്ള അപാകതകൾ ഒഴിവാക്കുന്നതിന് മുൻകരുതലുകൾ വേണമെന്നും കണ്ടെത്തിയിട്ടുണ്ട്. കണ്ടെത്തിയ ചില ന്യൂനതകളിൽ മേൽനടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്. സദ്ഭരണത്തിന്റെ പത്ത് തത്വങ്ങൾ അനുസരിച്ച് ഓരോ വകുപ്പിനുള്ളിലും സദ്ഭരണം ഉറപ്പാക്കുന്നതിനുള്ള ഒരു നൂതന മാനേജ്മെന്റ് രീതിയായാണ് സദ്ഭരണ ഓഡിറ്റിംഗിനെ വിജിലൻസ് പ്രയോജനപ്പെടുത്തുന്നത്.

## വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ പുതിയ തസ്തികകൾ

107(6418) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിമതിവിരുദ്ധ പ്രവർത്തകരെ ഉൾപ്പെടുത്തി സംസ്ഥാനത്തെ വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തണമെന്നും സോഷ്യൽ ഓഡിറ്റ് സംവിധാനം നടപ്പാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള എന്തെങ്കിലും നിർദ്ദേശം വിജിലൻസ് ഡയറക്ടർ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്തെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ നിലവിൽ എത്ര ഒഴിവുകളുണ്ട്; അത് നികത്താൻ എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(സി) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയെ ശക്തിപ്പെടുത്താൻ ഏതെങ്കിലും പുതിയ തസ്തികകൾ സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) ഇല്ല.

(ബി) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ നിലവിൽ മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ 10 ഒഴിവുകളും എക്സിക്യൂട്ടീവ് സ്റ്റാഫിന്റെ 75 ഒഴിവുകളും ഉണ്ട്. മിനിസ്റ്റീരിയൽ തസ്തികയിലേയ്ക്കുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എക്സിക്യൂട്ടീവ് വിഭാഗത്തിന്റെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുവാനുള്ള നിർദ്ദേശം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

## വിജിലൻസ് ഡയറക്ടർ

108(6419) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് ഡയറക്ടർ സ്ഥാനത്തുനിന്നും തന്നെ ഒഴിവാക്കണമെന്ന് ശ്രീ. ജേക്കബ് തോമസ് രേഖാമൂലം അവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ അദ്ദേഹം കത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) അദ്ദേഹത്തിന്റെ കത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വ്യക്തിപരമായ കാരണങ്ങളാൽ വിജിലൻസ് ഡയറക്ടർ സ്ഥാനത്തു നിന്ന് മാറ്റണമെന്ന് ആവശ്യപ്പെട്ടിരുന്നു.

(സി) തൽസ്ഥാനത്ത് തുടരാൻ നിർദ്ദേശം നൽകി.

**മൂക്കുന്നിമല ഖനനം**

109(6420) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലെ മൂക്കുന്നിമല ഖനനവുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) ടി അന്വേഷണം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) മൂക്കുന്നി മലയിൽ അനധികൃത ഖനനം നടത്താൻ അനുമതി നൽകിയ മുഴുവൻ പേരെയും മാതൃകാപരമായി ശിക്ഷിക്കുവാൻ സർക്കാർ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) പ്രസ്തുത വിഷയം സംബന്ധിച്ച് വിജിലൻസ് അന്വേഷണം നിലവിലില്ല. എന്നാൽ മൂക്കുന്നിമലയിലെ ഖനനവുമായി ബന്ധപ്പെട്ട് വി. സി. 03/14/ എസ്.ഐ.യു.-2, വി.സി. 06/15/എസ്.ഐ.യു.-2 എന്നീ വിജിലൻസ് കേസുകൾ അന്വേഷണഘട്ടത്തിലാണ്.

(ബി) പ്രസ്തുത വിജിലൻസ് കേസുകളുടെ അന്വേഷണം പുരോഗമിക്കുകയാണ്. ബഹു. ഹൈക്കോടതി ഉത്തരവ് പ്രകാരം മൂക്കുന്നിമലയിൽ സർവ്വെ നടപടികൾ പുരോഗമിക്കുകയാണ്.

(സി) വിജിലൻസ് കേസുകളുടെ അന്വേഷണം പൂർത്തിയായാൽ മാത്രമേ കുറ്റാരോപിതർക്കെതിരെ ഉചിതമായ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. അന്വേഷണം പുരോഗതിയിൽ ആണ്.

**കൊല്ലങ്കോട് കേന്ദ്രമായി മജിസ്ട്രേറ്റ് കോടതി**

110(*T 6423) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ താലൂക്കിൽപ്പെട്ട 2 പോലീസ് സർക്കിളുകൾ ഉൾപ്പെടെ 2 ഡിവിഷനുകളിലായി 8 ഫോറസ്റ്റ് റേഞ്ചുകളും കൊല്ലങ്കോട്, നെന്മാറ എക്സൈസ് റേഞ്ചുകളും ഉൾപ്പെട്ട കൊല്ലങ്കോട് മേഖലയിൽപ്പെട്ട കേസുകൾ വൈകുന്നതുമൂലം സർക്കാരിനുണ്ടാകുന്ന വൻസാമ്പത്തിക നഷ്ടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിനായി ചിറ്റൂർ കോടതിയിൽനിന്ന് കേസുകൾ വേർതിരിച്ച് കൊല്ലങ്കോട് കേന്ദ്രമായി മജിസ്ട്രേറ്റ് കോടതി തുടങ്ങാൻ ഹൈക്കോടതിയിൽ നിന്ന് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) മജിസ്ട്രേറ്റ് കോടതി തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ്എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കേസുകൾ തീർപ്പാക്കാൻ വൈകുന്നതുമൂലം സർക്കാരിന് സ്വാഭാവിക മായുണ്ടാകുന്ന സാമ്പത്തിക നഷ്ടം സംഭവിക്കാറുണ്ട്.

(ബി&സി) നിലവിലുള്ള ചിറ്റൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയുടെ അധികാര പരിധിയിൽ മാറ്റം വരുത്തിക്കൊണ്ട് കൊല്ലങ്കോട് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി രൂപീകരിക്കണമെന്ന ശിപാർശ ഹൈക്കോടതിയുടെ പരിഗണനയിലാണ്.

**ഗ്രാമന്യായാലയങ്ങളുടെ പ്രവർത്തനം**

111(6424) ശ്രീ. എം. എം. മണി :
ശ്രീ. പി. വി. അൻവർ :
ശ്രീ. കെ. വി.വിജയദാസ് :
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമന്യായാലയ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഗ്രാമന്യായാലയങ്ങളുടെ പ്രവർത്തനരീതിയും അത് ഏങ്ങനെ കോടതികളുടെ പ്രവർത്തനരീതിയിൽനിന്നും വ്യത്യസ്തമായിരിക്കുമെന്നും അറിയിക്കാമോ;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(സി) ഇവയിലെ ന്യായാധികാരികളെ നിയമിക്കുന്ന രീതി എന്താണ്; മുൻസിഫുമാരും മജിസ്ട്രേറ്റുമാരും കൈകാര്യം ചെയ്യുന്ന കേസ്സുകൾ എല്ലാം കൈകാര്യം ചെയ്യാൻ പ്രാപ്തിയുള്ളവരും നിഷ്പക്ഷരുമാണ് ന്യായാധികാരികൾ എന്ന് ഉറപ്പ് വരുത്തുന്നതെങ്ങനെയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സാമൂഹിക, സാമ്പത്തിക വ്യത്യാസങ്ങളൊന്നുമില്ലാതെ എല്ലാ ജനങ്ങൾക്കും നീതി ലഭ്യമാക്കുന്നതിനായിട്ടാണ് ഗ്രാമന്യായാലയങ്ങൾ സ്ഥാപിച്ചിരിക്കുന്നത്. ഗ്രാമാന്യായാലയ ആക്ടിലെ 45 ചാപ്റ്റർ അനുസരിച്ചാണ് ന്യായാലയം പ്രവർത്തിക്കുന്നത്. മറ്റ് കോടതികളിൽനിന്ന് വ്യത്യസ്തമായി ഇന്ത്യൻ എവിഡൻസ് ആക്ടിൽ പ്രസക്തമല്ലാത്ത മൊഴികൾ, റിപ്പോർട്ട്, രേഖകൾ ഗ്രാമന്യായാധികാരിക്ക് യുക്തമെന്ന് കരുതാവുന്ന മറ്റ് രേഖകൾ എന്നിവ തെളിവായി കണക്കാക്കി ഗ്രാമന്യായാലയത്തിൽ കേസുകൾ കൈകാര്യം ചെയ്യുന്നു. കൂടാതെ സാക്ഷി വിസ്താരം പോലുള്ള നടപടി ക്രമങ്ങൾ സാധാരണ കോടതി നടപടിക്രമങ്ങളിൽനിന്ന് ലഘൂകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഗ്രാമന്യായാലയ ആക്ട് 2008 സെക്ഷൻ (5) പ്രകാരം ഹൈക്കോടതിയുമായി കൂടിയാലോചിച്ച് ഗ്രാമന്യായാലയങ്ങളിൽ സർക്കാർ ന്യായാധികാരിയെ നിയമിക്കുന്നു. മേൽപ്പറഞ്ഞ ആക്ടിലെ സെക്ഷൻ 6-ൽ ന്യായാധികാരിയുടെ യോഗ്യതയെപ്പറ്റി വിശദീകരിക്കുന്നു. അതിൻപ്രകാരം ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റിന്റെ യോഗ്യതയാണ് ന്യായാധികാരിക്ക് നിഷ്കർഷിച്ചിട്ടുള്ളത്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും സ്ത്രീകൾക്കും പ്രത്യേക വിഭാഗങ്ങൾക്കും നിയമനത്തിനുവേണ്ടി കാലാകാലങ്ങളിൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നുണ്ട്. ഇപ്രകാരം ജൂഡീഷ്യൽ സർവ്വീസിൽ തിരഞ്ഞെടുക്കപ്പെടുന്ന മുൻസിഫ് മജിസ്ട്രേറ്റുമാരെ ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ ന്യായാധികാരിയായി നിയമിക്കുന്നു.

## ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ്

112(6425) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലഹരണപ്പെട്ട ഫയർ സർവ്വീസ് റൂൾ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഫയർ സർവ്വീസിനെ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് നടപ്പിലാക്കുന്നത്;

(സി) 15 വർഷത്തിൽ കൂടുതൽ പഴക്കമുള്ള എത്ര വാഹനങ്ങൾ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിൽ ഉപയോഗിച്ചുവരുന്നുണ്ട്; പ്രസ്തുത വകുപ്പിൽ ഉപയോഗത്തിലുള്ള വാഹനങ്ങളുടെ എത്ര ശതമാനമാണ് ഇതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 1962-ലെ കേരള ഫയർഫോഴ്സ് ആക്ട് പരിഷ്കരിച്ചുകൊണ്ട് ഒരു പുതിയ നിയമം രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിച്ചു. ഫയർ ഫോഴ്സ് ആക്ട് പരിഷ്കരിക്കാനുള്ള നടപടി സ്വീകരിച്ചു. ട്രെയിനിംഗ് അക്കാദമി നവീകരണത്തിന് 1 കോടി രൂപ അനുവദിച്ചു; നാഷണൽ സിവിൽ ഡിഫൻസ് അക്കാദമിയിലും ഐ.എം.ജി.-യിലും കമ്പ്യൂട്ടർ ഉൾപ്പെടെ വിദഗ്ദ്ധ പരിശീലനം നൽകി; അഗ്നിരക്ഷാ പരിശീലന അക്കാദമിയിലെ വിവിധ കോഴ്സുകളുടെ സിലബസ് കാലാനുസൃതമായി പരിഷ്കരിച്ചു. അപകടകരമായ രാസവസ്തുക്കൾ കൈകാര്യം ചെയ്യുന്നതിനും അഗ്നിശമന പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിനും സ്റ്റാൻഡേർഡ് ഓപ്പറേഷൻ പ്രൊസീഡ്വർ തയ്യാറാക്കി; നീന്തൽ, മുങ്ങൽ, സ്കൂബാ ഡൈവിംഗ് എന്നിവയിൽ വിദഗ്ദ്ധ പരിശീലനം, അസിസ്റ്റന്റ് സ്റ്റേഷനാഫീസർ, ലീഡിംഗ് ഫയർമാൻ, ഡ്രൈവർ മെക്കാനിക്ക്, ഡ്രൈവർ മെക്കാനിക്ക് എലിജിബിലിറ്റി എന്നീ കോഴ്സുകളിൽ കൂടുതൽ ജീവനക്കാർക്ക് പരിശീലനം നൽകി.

(സി) 15 വർഷത്തിലധികം പഴക്കമുള്ള 52 വാഹനങ്ങൾ ഫയർ & റെസ്ക്യൂ വകുപ്പിൽ ഉപയോഗിച്ചുവരുന്നുണ്ട്. പ്രസ്തുത വകുപ്പിൽ ഉപയോഗത്തിലുള്ള വാഹനങ്ങളുടെ 9 ശതമാനമാണിത്.

**കാസർഗോഡ് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ കെട്ടിട നിർമ്മാണം**

113(6426) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ കെട്ടിടം നിർമ്മിച്ചത് ഏത് വർഷത്തിലായിരുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) എത്ര രൂപ ചെലവഴിച്ചാണ് പ്രസ്തുത കെട്ടിടം നിർമ്മിച്ചതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത കെട്ടിടം നിലവിൽ വന്നതിനുശേഷം അറ്റകുറ്റപ്പണികൾക്കായി നാളിതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ഡി) കാസർഗോഡ് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ കെട്ടിടത്തിന്റെ ഇപ്പോഴത്തെ അവസ്ഥ വളരെ ശോചനീയമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനു എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഭരണാനുമതി എപ്പോൾ ലഭ്യമാകുമെന്ന് വ്യക്തമാക്കാമോ;

(എഫ്) കാസർഗോഡ് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ സ്റ്റാഫ് ക്വാർട്ടേഴ്സ് പുനർനിർമ്മിക്കാൻ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(ജി) എങ്കിൽ എത്ര രൂപയുടെ എസ്റ്റിമേറ്റാണെന്നും ഇതിനു ഭരണാനുമതി എപ്പോൾ ലഭ്യമാകുമെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 1981-ലാണ്.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഉണ്ട്.

(ഇ-ജി) അഗ്നിരക്ഷാ നിലയവും ഫാമിലി ക്വാർട്ടേഴ്സുകളും പുതുക്കി പണിയുന്നതിന് ആകെ 8 കോടി രൂപയുടെ എസ്റ്റിമേറ്റും പ്ലാനും തയ്യാറാക്കിയിരുന്നെങ്കിലും അവയിൽ ചില ഭേദഗതികൾ ആവശ്യമാണെന്ന് കണ്ടതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി നൽകാൻ പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തിയിരിക്കുകയാണ്.

### ഉടുമ്പൻചോല, നെടുങ്കണ്ടം ഫയർ & റെസ്ക്യൂ സ്റ്റേഷനുകൾ

114(6427) <u>ശ്രീ. എം. എം. മണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല താലൂക്കിലെ ഏക ഫയർ & റെസ്ക്യൂ സ്റ്റേഷനിൽ എത്ര തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്; എത്ര തസ്തികകൾ നിലവിൽ ഒഴിഞ്ഞ് കിടക്കുന്നുണ്ട്; വിശദാംശം നൽകാമോ;

(ബി) സംസ്ഥാനത്തെ ഏറ്റവും വലിയ താലൂക്കുകളിൽപ്പെടുന്നതും ഗതാഗത സൗകര്യങ്ങൾ കുറവുള്ളതുമായ ഇവിടെ അനുവദിച്ചിട്ടുള്ള പ്രസ്തുത സ്റ്റേഷൻ ഫുൾ സ്റ്റേങ്ത് ഫയർ സ്റ്റേഷൻ ആയി ഉയർത്തുന്ന കാര്യം പരിഗണനയിൽ ഉണ്ടോ; ഫയർ & റെസ്ക്യൂ സ്റ്റേഷന് അനുവദിച്ചിട്ടുള്ള ഉപകരണങ്ങൾ എന്തൊക്കെയാണ്;

(സി) ക്വിക്ക് റെസ്പോൺസ് വെഹിക്കിൾ, അപകട സ്ഥലങ്ങളിൽ ഉപയോഗിക്കുന്നതിനായുള്ള അസ്ക ലൈറ്റ്, ജനറേറ്റർ, റബർ ഡിങ്കി, സ്കൂബ സെറ്റ് തുടങ്ങിയ ഉപകരണങ്ങൾ ഇവിടെ അനുവദിച്ച് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇവ അടിയന്തരമായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) ഇവിടെ അനുവദിച്ച കാലപ്പഴക്കം ചെന്ന വാഹനം ഹൈറേഞ്ച് മേഖലയിൽ അനുയോജ്യമല്ലാത്തതിനാൽ അടിയന്തരമായി പുതിയ വാഹനം അനുവദിക്കുമോ;

(ഇ) നെടുംകണ്ടം ഫയർ & റെസ്ക്യൂ സ്റ്റേഷൻ കെട്ടിടം പണിയുന്നതിനായി കണ്ടെത്തി നൽകിയിട്ടുള്ളതും കൽകുന്തൽ വില്ലേജിൽപ്പെടുന്നതുമായ സ്ഥലം വകുപ്പ് ഏറ്റെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതു സംബന്ധിച്ച നടപടികൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകാമോ;

(എഫ്) നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത ഫയർ സ്റ്റേഷന് പുതിയ കെട്ടിടം പണിയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉടുമ്പൻചോല താലൂക്കിലെ ഏക ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനായ നെടുങ്കണ്ടം ഫയർ സ്റ്റേഷനിലുള്ള തസ്തികകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| അനുവദിച്ചിട്ടുള്ള തസ്തികകൾ | ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ |
|---|---|
| അസിസ്റ്റന്റ് സ്റ്റേഷൻ ആഫീസർ-1 | അസിസ്റ്റന്റ് സ്റ്റേഷൻ ആഫീസർ- 1 |
| ലീഡിംഗ് ഫയർമാൻ -2 | ലീഡിംഗ് ഫയർമാൻ -1 |
| ഡ്രൈവർ മെക്കാനിക്ക് - 1 | ഇല്ല |
| ഫയർമാൻ ഡ്രൈവർ -കം -പമ്പ് ഓപ്പറേറ്റർ- 4 | ഫയർമാൻ ഡ്രൈവർ-കം-പമ്പ് ഓപ്പറേറ്റർ - 2 |
| ഫയർമാൻ -8 | ഫയർമാൻ - 2 |
| പാർട്ട്ടൈം സ്വീപ്പർ - 1 | പാർട്ട് ടൈം സ്വീപ്പർ - 1 |

ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

(ബി) ഇപ്പോൾ പരിഗണനയിലില്ല. നെടുങ്കണ്ടം ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന് അനുവദിച്ചിട്ടുള്ള ഉപകരണങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| ബി.എ. സെറ്റ് | - | 1 |
| ചെയിൻ സാ | - | 3 |
| പോർട്ടബിൾ പമ്പ് | - | 1 |
| ബുള്ളറ്റ് വിത്ത് വാട്ടർ മിസ്റ്റ് | - | 1 |
| എം.റ്റി.- യും അനുബന്ധ ഉപകരണങ്ങളും | - | 1 |
| ഫ്ളോട്ട് പമ്പ് | - | 1 |
| ലൈഫ് ജാക്കറ്റ് | - | 2 |
| ലൈഫ് ബോയ് | - | 2 |
| അലുമിനീയം എക്സ്റ്റൻഷൻ ലാഡർ | - | 1 |

(സി&ഡി) ഇല്ല. 2016-17-ലെ വാർഷിക പദ്ധതി വിഹിതമുപയോഗിച്ച് വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. ആയവ ലഭ്യമാകുന്ന മുറയ്ക്ക് നെടുങ്കണ്ടം നിലയത്തിന്റെ കാര്യവും പരിഗണിക്കുന്നതാണ്.

(ഇ&എഫ്) ഇല്ല. പ്രസ്തുത സ്ഥലം വകുപ്പിന് ലഭ്യമാകുന്ന മുറയ്ക്ക് ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതിയും ധനാനുമതിയും നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

**നെയ്യാറ്റിൻകര ഫയർ സ്റ്റേഷൻ**

115(6428) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ഫയർസ്റ്റേഷനിൽ പുതിയ ഫയർ ഹൈഡ്രന്റ് സൗകര്യം ലഭ്യമാക്കുമോ;

(ബി) 15-20 വർഷം പഴക്കമുള്ള ഫയർ വാഹനങ്ങൾ, വാട്ടർ ലോറി എന്നിവ മാറ്റി നൂതന രീതിയിലുള്ള മൂന്ന് ഫയർ വാഹനങ്ങളും പുതിയ വാട്ടർ ലോറിയും അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; എങ്കിൽ എന്ന് ലഭ്യമാക്കാൻ കഴിയുമെന്ന് വിശദമാക്കുമോ;

(സി) നെയ്യാറ്റിൻകര താലൂക്ക് ആസ്ഥാനത്ത് സ്ഥിതിചെയ്യുന്ന ഫയർ സ്റ്റേഷന് അതിന്റെ നിലവാരത്തിലുള്ള ജീവനക്കാരുടെ സേവനം നിലവിലുണ്ടോ; ഇല്ലെങ്കിൽ ജീവനക്കാരുടെ എണ്ണം ഉയർത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) ജലാശയ അപകടങ്ങൾ ഉണ്ടാകുമ്പോൾ ആവശ്യമായി വരുന്ന സ്കൂബ സെറ്റ് (രണ്ട് എണ്ണം) പ്രസ്തുത ഫയർ സ്റ്റേഷന് അടിയന്തരമായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പുതിയ ഫയർ ഹൈഡ്രന്റ് സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ബി) ഫയർ & റെസ്ക്യൂ സർവ്വീസസ് വകുപ്പ് ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി വാഹനങ്ങളും അഗ്നിരക്ഷാ ഉപകരണങ്ങളും വാങ്ങുന്നതിനായി 38.56 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്ന മുറയ്ക്ക് ആവശ്യമായവ നെയ്യാറ്റിൻകര നിലയത്തിന് അനുവദിക്കുന്ന കാര്യവും പരിഗണിക്കാവുന്നതാണ്.

(സി) നെയ്യാറ്റിൻകര നിലയത്തിൽ ചുവടെ പറയുന്ന ജീവനക്കാരുടെ സേവനം നിലവിൽ ലഭിക്കുന്നുണ്ട്:

| | |
|---|---|
| സ്റ്റേഷൻ ആഫീസർ | 1 |
| അസിസ്റ്റന്റ് സ്റ്റേഷൻ ആഫീസർ | 1 |
| ലീഡിംഗ് ഫയർമാൻ | 4 |
| ഡ്രൈവർ മെക്കാനിക്ക് | 1 |
| ഫയർമാൻ ഡ്രൈവർ-കം-പമ്പ് ഓപ്പറേറ്റർ | 9 |
| ഫയർമാൻ | 21 |

നിലവിൽ ഫയർമാൻ തസ്തികയിൽ മാത്രമാണ് മൂന്ന് ഒഴിവുകൾ ഉള്ളത്. ടി ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ആറര ലക്ഷം രൂപ നിരക്കിൽ 325 ലക്ഷം രൂപ ചെലവഴിച്ച് 50 സ്കൂബാ സെറ്റുകൾ വാങ്ങുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. സ്കൂബാ സെറ്റുകൾ വാങ്ങുന്ന മുറയ്ക്ക് നെയ്യാറ്റിൻകര നിലയത്തിന് അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**വിചാരണ തടവുകാർ**

116(6429) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ജയിലുകളിൽ വിചാരണ തടവുകാരായി എത്ര ഇതര സംസ്ഥാനക്കാർ ഉണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ സ്ത്രീകളുടേയും പുരുഷൻമാരുടെയും കണക്കുകൾ പ്രത്യേകം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 492.

(ബി) പുരുഷന്മാർ - 455

സ്ത്രീകൾ - 37.

**താൽക്കാലിക ജയിൽ വാർഡൻമാരുടെ ശമ്പളം**

117(6430) <u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിൽ വകുപ്പിൽ ജയിൽ വാർഡൻ തസ്തികയിൽ താൽക്കാലികമായി ജോലി നോക്കി വരുന്നവരുടെ ശമ്പളം എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ; ശമ്പള വർദ്ധനവ് പരിഗണനയിലുണ്ടോ;

(ബി) സമാന തസ്തികകളിൽ ഉണ്ടായ ശമ്പള വർദ്ധനവ് താൽക്കാലിക ജയിൽ വാർഡൻമാർക്കുകൂടി അനുവദിച്ചു നൽകുമോ;

(സി) ശമ്പളം വർദ്ധിപ്പിച്ചുകൊണ്ട് ഇറങ്ങിയ ഉത്തരവുകൾ ഏതെല്ലാം; വിശദവിവരം പകർപ്പ് സഹിതം നൽകുമോ;

(ഡി) ജയിൽ ചപ്പാത്തി യൂണിറ്റുകളിൽ ആത്മാർത്ഥമായും ഉയർന്ന സേവന മനോഭാവത്തോടെയും ജോലി ചെയ്തുവരുന്ന താൽക്കാലിക ജയിൽ വാർഡൻമാർക്ക് ഇൻസെന്റീവ് പ്രഖ്യാപിച്ചിട്ടുണ്ടോ; പ്രഖ്യാപിച്ചിട്ടില്ലെങ്കിൽ ഭാവിയിൽ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം നൽകുമോ;

(ഇ) ജയിൽ വകുപ്പിലെ താൽക്കാലിക ജയിൽ വാർഡൻമാർക്കും കെ.പി.എസ്.സി. വഴി നിയമിക്കപ്പെടുന്ന ജീവനക്കാർക്കും വ്യത്യസ്ത ശമ്പളമാണ് നൽകുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഒരേ തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് ഒരേ നിരക്കിൽ ശമ്പളം നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ&ബി) 7-10-2016-ലെ സ.ഉ. (സാധാ) 3050/2016/ആഭ്യന്തരം എന്ന ഉത്തരവു പ്രകാരം ജയിൽ വകുപ്പിൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർമാരായി ജോലി ചെയ്തുവരുന്ന ദിവസ വേതനക്കാരുടെ വേതനം 700 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) 7-10-2016-ലെ സ.ഉ. (സാധാ)നമ്പർ 3050/2016/ആഭ്യന്തരം (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)*

(ഡി) നിലവിൽ ഇൻസെന്റീവ് പ്രഖ്യാപിച്ചിട്ടില്ല. ഇപ്പോൾ പരിഗണനയിൽ ഇല്ല.

(ഇ) ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന താൽക്കാലിക ജീവനക്കാർക്ക് സർക്കാർ ജീവനക്കാരുടെ നിരക്കിൽ ശമ്പളം നൽകുന്ന കാര്യം പരിഗണനയിൽ ഇല്ല.

**കേരള ബുക്സ് ആന്റ് പബ്ലിഷിംഗ് സൊസൈറ്റിയിലെ പെൻഷൻകാർ**

118(6431) ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബുക്സ് ആന്റ് പബ്ലിഷിംഗ് സൊസൈറ്റിയിൽനിന്നും ഇപ്പോൾ പെൻഷൻ വാങ്ങുന്ന എത്ര പേരാണുള്ളതെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇവർക്ക് എന്നുമുതലുള്ള പെൻഷനാണ് കുടിശ്ശികയുള്ളതെന്ന് വിശദമാക്കാമോ;

(സി) ഇവർക്ക് പെൻഷൻ നൽകുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ഡി) പെൻഷൻ മുടങ്ങുന്നതിനെക്കുറിച്ച് പഠിക്കുന്നതിന് ഏതെങ്കിലും സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോയെന്നും ഈ കമ്മിറ്റി ഇതുവരെ യോഗം ചേർന്നിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; ഇവർ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) ഈ സ്ഥാപനത്തിലെ പെൻഷനേഴ്സ് ഇപ്പോൾ ആരംഭിച്ചിരിക്കുന്ന സമരം ഒത്തുതീർക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 96 പെൻഷണർമാരും 7 ഫാമിലി പെൻഷണർമാരുമാണുള്ളത്.

(ബി) I.A.No. 5003 of 2014 in WP (C) No. 19009 of 2012 നമ്പർ കേസിന്മേലുള്ള 8-4-2014-ലെ ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലും കെ.ബി.പി.എസ്സ്. എംപ്ലോയീസ് കോൺട്രിബ്യൂട്ടറി പെൻഷൻ ആന്റ് ജനറൽ പ്രൊവിഡന്റ് ഫണ്ട് റെഗുലേഷൻസ് 2014-ലെ ക്ലോസ് 9 (3) പ്രകാരമുള്ള 7-ാം പെൻഷൻ ബോർഡിന്റെ തീരുമാന പ്രകാരവും 2014 ജൂൺ മാസം മുതൽ പെൻഷൻ നൽകി തുടങ്ങി.

(സി) കേരള ബുക്സ് ആന്റ് പബ്ലിഷിംഗ് സൊസൈറ്റിയിൽ പെൻഷൻ അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവുകൾ അനുബന്ധം* ആയി ചേർത്തിട്ടുണ്ട്.

(ഡി) G.O. (Ms) No. 62/16/ഉവിവ തീയതി 1-3-2016 നമ്പർ ഉത്തരവിനെ കുറിച്ച് പഠിക്കുന്നതിന് കെ.ബി.പി.എസ്സിന്റെ ഗവേണിങ് ബോഡിയുടെ സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിശദാംശം അനുബന്ധം * ആയി ചേർത്തിട്ടുണ്ട്.

(ഇ) ഇക്കാര്യത്തിനായി 3-11-2016-ൽ 11 മണിക്ക് യോഗം ചേർന്ന് ചർച്ച നടത്തിയിട്ടുണ്ട്.

**വയനാട് ഗവൺമെന്റ് പ്രസ്സിലെ സ്ഥിരം ജീവനക്കാർ**

119(6432) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ഗവൺമെന്റ് പ്രസ്സിൽ എത്ര സ്ഥിരം ജീവനക്കാരുണ്ട്; ഇവരുടെ എണ്ണം തസ്തിക തിരിച്ച് ലഭ്യമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) വിജിലൻസ് കേസ് നേരിടുന്ന ഏതെങ്കിലും ഉദ്യോഗസ്ഥനെ സർക്കാർ ഉത്തരവ് മറികടന്ന് വയനാട് ഗവൺമെന്റ് പ്രസ്സിൽ എസ്.എൽ.ആർ. ജീവനക്കാരനായി നിയമിച്ചിട്ടുണ്ടോ; എങ്കിൽ ജീവനക്കാരന്റെ പേര്, ഏത് തീയതി മുതൽ ഈ സ്ഥാപനത്തിൽ ജോലി ചെയ്തു വരുന്നു എന്നിവ വ്യക്തമാക്കുമോ;

(സി) വയനാട് ഗവൺമെന്റ് പ്രസ്സിലും വയനാട് ജില്ലാ ഫോറം സ്റ്റോറുകളിലും എത്ര ജീവനക്കാർ മൂന്ന് വർഷത്തിൽ കൂടുതലായി ജോലി ചെയ്തു വരുന്നു; ഇവരുടെ എണ്ണം, തസ്തിക, ഏത് തീയതി മുതൽ ജോലി ചെയ്തുവരുന്നു എന്നീ വിവരങ്ങൾ ലഭ്യമാക്കുമോ?

## ഉത്തരം

(എ) വയനാട് ഗവൺമെന്റ് പ്രസ്സിൽ 30 സ്ഥിരം ജീവനക്കാരുണ്ട്. വിശദമായ വിവരം ചുവടെ ചേർക്കുന്നു:

| തസ്തിക | | എണ്ണം |
|---|---|---|
| ഡെപ്യൂട്ടി സൂപ്രണ്ട് | - | 1 |
| സീനിയർ സൂപ്രണ്ട് | - | 1 |
| സീനിയർ ക്ലാർക്ക് | - | 2 |
| ക്ലാർക്ക് | - | 3 |
| എൽ.ഡി. ടൈപ്പിസ്റ്റ് | - | 1 |
| ഓഫീസ് അറ്റൻഡന്റ് | - | 1 |
| വാച്ച്മാൻ ഗ്രേഡ് 2 | - | 1 |
| അസിസ്റ്റന്റ് ഫോർമാൻ | - | 2 |
| കമ്പ്യൂട്ടർ ഗ്രേഡ് 1 | - | 1 |
| റീഡർ ഗ്രേഡ് 2 | - | 1 |
| പ്ലേറ്റ് മേക്കർ ഗ്രേഡ് 2 | – | 1 |
| ഓഫ്സെറ്റ് ഓപ്പറേറ്റർ ഗ്രേഡ് 1 | – | 1 |
| ഓഫ്സെറ്റ് ഓപ്പറേറ്റർ ഗ്രേഡ് 2 | – | 1 |
| സീനിയർ ഗ്രേഡ് ബൈന്റർ | - | 2 |

| | | |
|---|---|---|
| ഒന്നാം ഗ്രേഡ് ബൈന്റർ | - | 2 |
| രണ്ടാം ഗ്രേഡ് ലാസ്കർ | - | 3 |
| രണ്ടാം ഗ്രേഡ് ഇല്ക്ട്രീഷ്യൻ | - | 1 |
| രണ്ടാം ഗ്രേഡ് ഗേറ്റ് കീപ്പർ | - | 1 |
| ഒന്നാം ഗ്രേഡ് പ്രിന്റർ | - | 1 |
| എസ്.എൽ. ആർ . | - | 3 |

(ബി) ഇല്ല.

(സി) വയനാട് ഗവൺമെന്റ് പ്രസ്സിലും വയനാട് ജില്ലാ ഫോറം സ്റ്റോറിലുമായി 11 ജീവനക്കാർ മൂന്ന വർഷത്തിൽ കൂടുതലായി ജോലി ചെയ്തുവരുന്നു. വയനാട് ജില്ലാ ഫോറം സ്റ്റോറിൽ ഇതുവരെ തസ്തികകളൊന്നും സൃഷ്ടിച്ചിട്ടില്ല. വിശദമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| തസ്തിക | | ജോലി ചെയ്തു വരുന്ന തീയതി |
|---|---|---|
| സീനിയർ സൂപ്രണ്ട് (1) | - | 20-5-2013 |
| ഓഫ്സെറ്റ് ഓപ്പറേറ്റർ ഗ്രേഡ് - 2 (1) | – | 3-6-2013 |
| രണ്ടാം ഗ്രേഡ് ലാസ്കർ (1) | – | 9-11-2012 |
| എസ്.എൽ.ആർ (2) | - | 1-3-2006 |
| രണ്ടാം ഗ്രേഡ് ലാസ്കർ (1) | – | 4-7-2012 |
| സീനിയർ ക്ലാർക്ക് (2) | - | 7-5-2004, 30-10-2000 |
| വാച്ച്മാൻ ഗ്രേഡ് 2 | - | 18-3-2013 |
| ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് 2 | – | 11-5-2007 |
| ഓഫ്സെറ്റ് ഓപ്പറേറ്റർ ഗ്രേഡ് 1 | – | 25-8-2013 |

**പെൻഷൻ ബുക്കുകളും സർവ്വീസ് ബുക്കുകളും ലഭ്യമാക്കുവാൻ നടപടി**

120(6433) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പെൻഷൻ ബുക്കുകളും സർവ്വീസ് ബുക്കുകളും ലഭിക്കുവാൻ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രിന്റിംഗ് കഴിഞ്ഞിട്ടും സർക്കാർ വില നിശ്ചയിച്ച് നൽകാത്തത് കൊണ്ടാണ് ഇത് ലഭ്യമാകുന്നതിന് കാലതാമസം നേരിടുന്നത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ബുക്കുകൾ അടിയന്തരമായി ആവശ്യക്കാർക്ക് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ആവശ്യക്കാർക്ക് പെൻഷൻ ബുക്കുകളും സർവ്വീസ് ബുക്കുകളും വിതരണം ചെയ്യുന്നതിലേക്കായി അച്ചടി വകുപ്പിന്റെ കീഴിലുള്ള ജില്ലാ ഫോം സ്റ്റോറുകളിലും തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ പബ്ലിക്കേഷൻ വിഭാഗത്തിലും ലഭ്യമാക്കിയിട്ടുണ്ട്.

**ദേശീയ ജലപാത**

121(*T 6434) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ജലഗതാഗത പാതകളാണ് ദേശീയ ജലപാതകളായി വികസിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ആയതിന് കേന്ദ്രസർക്കാരുമായി ഏതു തരത്തിലുള്ള ഇടപെടലാണ് ഈ സർക്കാർ നടത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത വിഷയത്തിൽ കേന്ദ്രസർക്കാരിന്റെ പ്രതികരണം ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) കോവളം മുതൽ നീലേശ്വരം വരെ വ്യാപിച്ചു കിടക്കുന്ന 590.18 കി.മീ. നീളമുള്ള വെസ്റ്റ് കോസ്റ്റ് കനാലാണ് സംസ്ഥാനത്തെ ഉൾനാടൻ ജലപാത. ആയതിനാൽ ഒന്നാംഘട്ടമായി കൊല്ലം മുതൽ തൃശ്ശൂർ കോട്ടപ്പുറം വരെയുള്ള 168 കി.മീറ്റർ ജലപാതയെയും ഉദ്യോഗമണ്ഡൽ കനാൽ (23 കി.മീ.) ചമ്പക്കര കനാൽ (14 കി.മീ.) എന്നീ ഉപകനാലുകളെയും "നാഷണൽ വാട്ടർവേ ആക്ട് 1992" പ്രകാരം ദേശീയ ജലപാതകളായി പ്രഖ്യാപിച്ചിട്ടുണ്ട്. രണ്ടാം ഘട്ടമായി 2016 മാർച്ച് 25-ലെ ഭാരത സർക്കാർ ഗസറ്റ് വിജ്ഞാപനപ്രകാരം "നാഷണൽ വാട്ടർവേ ആക്ട് 2016" അനുസരിച്ച് കൊല്ലം കോട്ടപ്പുറം പാതയെ കോഴിക്കോട് വരെ 160 കി.മീ.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

ദീർഘിപ്പിക്കുകയും ആലപ്പുഴ-ചങ്ങനാശ്ശേരി കനാൽ, ആലപ്പുഴ-കോട്ടയം-അതിരമ്പുഴ കനാൽ, കോട്ടയം-വൈക്കം കനാൽ എന്നീ ഉപകനാലുകളും ദേശീയ ജലപാതയായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ജലപാതകളുടെ മേൽനോട്ടം ഇൻലാൻഡ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ ആണ് നിർവ്വഹിക്കുന്നത്.

(ബി&സി) കോവളം മുതൽ നീലേശ്വരം വരെ വ്യാപിച്ചുകിടക്കുന്ന വെസ്റ്റ് കോസ്റ്റ് കനാലിൽ കൊല്ലം മുതൽ തൃശ്ശൂർ കോട്ടപ്പുറം വരെയുള്ള ജലപാതയെയും ഉപകനാലുകളെയും 'നാഷണൽ വാട്ടർവേ ആക്ട് 1992' പ്രകാരം ദേശീയ ജലപാതയായി പ്രഖ്യാപിച്ചിട്ടുണ്ട്. രണ്ടാംഘട്ടമായി 25-3-2016-ലെ ഭാരതസർക്കാർ ഗസറ്റ് വിജ്ഞാപന പ്രകാരം 'നാഷണൽ വാട്ടർവേ ആക്ട് 2016' അനുസരിച്ച് കൊല്ലം-കോട്ടപ്പുറം ജലപാതയെ കോഴിക്കോട് വരെ ദീർഘിപ്പിക്കുകയും ഉപകനാലുകളെ ദേശീയ ജലപാതയായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തെക്ക് കോവളം മുതൽ കൊല്ലം വരെയും വടക്ക് കോഴിക്കോട് മുതൽ ഹോസ്ദുർഗ് വരെയുള്ള ഭാഗംകൂടി നാഷണൽ വാട്ടർവേയുടെ പരിധിയിൽ ഉൾപ്പെടുത്തണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയുണ്ടായി. ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ പ്രതികരണം ലഭ്യമായിട്ടുണ്ട്. NATPAC- ന്റെ പഠനത്തിന്റെ അടിസ്ഥാനത്തിൽ വർക്കല തുരങ്കത്തിന്റെ സാന്നിദ്ധ്യംമൂലം കോവളം മുതൽ കൊല്ലം വരെയുള്ള ഭാഗങ്ങൾ ദേശീയ ജലപാത നിലവാരത്തിലേയ്ക്കുയർത്തുന്നതിന് സാങ്കേതികമായ ബുദ്ധിമുട്ടുകളുണ്ടെന്നും നാഷണൽ വാട്ടർവേ ആക്ടിൽ ഭാവിയിൽ ഭേദഗതികൾ വരുത്തുമ്പോൾ കേരള സർക്കാരിന്റെ ആവശ്യങ്ങൾ പരിഗണിക്കുന്നതാണെന്നും കേന്ദ്ര സർക്കാർ അറിയിക്കുകയുണ്ടായി.

### കനോലി കനാൽ

122(*T 6435) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കനോലി കനാൽ ദേശീയ ജലപാതയായി വികസിപ്പിക്കുന്നതിന് വളരെ മുമ്പുതന്നെ സർവ്വേ ഉൾപ്പെടെയുള്ള പ്രാഥമിക നടപടികൾ പൂർത്തിയായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ജലപാത നിലവിൽ വന്നാൽ ലഭിക്കുന്ന നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(സി) നിലവിൽ ദേശീയ ജലപാതാ പദ്ധതികളുടെ കൂട്ടത്തിൽ കനോലി കനാൽ ഉൾപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ നടപടികൾ ഇതുവരെ പൂർത്തിയായെന്ന് വിശദമാക്കുമോ;

(ഡി) ഈ ജലപാത സംബന്ധിച്ച പദ്ധതികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

ഉത്തരം

(എ) കനോലി കനാൽ ദേശീയ ജലപാതയായി വികസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സർവ്വേ ഉൾപ്പെടെയുള്ള പ്രാഥമിക നടപടികൾ പൂർത്തിയായത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ദേശീയ ജലപാതാനിലവാരത്തിലുള്ള കനാൽ വരികയാണെങ്കിൽ ചെലവു കുറഞ്ഞ രീതിയിൽ ചരക്കുഗതാഗതത്തിനും യാത്രാ ബോട്ടുകൾ ഓപ്പറേറ്റ് ചെയ്യുന്നതിനും കഴിയും. അതുവഴി റോഡ് മാർഗ്ഗമുള്ള ഗതാഗതത്തിന്റെ ഒരു ഭാഗം ജലപാതവഴിയാക്കാൻ സാധിക്കും. കൂടാതെ അപകടകരമായ ചരക്കുകളുടെ റോഡുമാർഗ്ഗേനയുള്ള കടത്ത് ജലപാതയിലൂടെ മാറ്റുന്നതുമൂലം റോഡ് സുരക്ഷ കൂടുതൽ മെച്ചപ്പെടുത്താനും അന്തരീക്ഷ മലിനീകരണം കുറയ്ക്കുന്നതിനും സാധിക്കും. അതോടൊപ്പം വിനോദ സഞ്ചാര വികസനം, നഗരസൗന്ദര്യവൽക്കരണം തുടങ്ങിയവയും നേട്ടങ്ങളിൽ ഉൾപ്പെടുന്നു.

(സി&ഡി) കനോലി കനാൽ ഉൾപ്പെടുന്ന ജലപാതയുടെ കല്ലായി പുഴ വടക്കേക്കരവരെയുള്ള ജലപാത ദേശീയ ജലപാതയായി പ്രഖ്യാപിച്ചിട്ടുണ്ട്. നിലവിലുള്ള കനാലും അതിനോടനുബന്ധിച്ചുള്ള ഭൂമിയുടെ അതിർത്തിനിർണ്ണയവും കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതുമായ പ്രവൃത്തികൾ ഇപ്പോൾ നടന്നുവരുന്നു. ദേശീയ ജലപാത വികസനവും തുടർ നടപടിയും Inland Waterways Authority of India-യുടെ മേൽനോട്ടത്തിലാണ്.

**മുൻ സർക്കാരിന്റെ കാലത്തെ ബന്ധു നിയമനങ്ങൾ**

123(6437) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ തലപ്പത്ത് മന്ത്രിമാർ ഉൾപ്പടെയുള്ള രാഷ്ട്രീയ പ്രവർത്തകരുടെ ബന്ധുക്കളുടെ നിയമനങ്ങൾ ഉണ്ടായിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളിൽ ആണെന്ന് പേരുസഹിതം, ആരുടെ ബന്ധു ആണെന്ന് ഉൾപ്പെടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ തലപ്പത്ത് മന്ത്രിമാർ ഉൾപ്പെടെയുള്ള രാഷ്ട്രീയ പ്രവർത്തകരുടെ ബന്ധുക്കളുടെ നിയമനങ്ങൾ ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടില്ല.

## യുവ സംരംഭകർക്ക് വേണ്ടിയുള്ള സംരംഭകത്വ പ്രസ്ഥാനങ്ങൾ

124(6438) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ സംസ്ഥാനത്ത് വിവിധ മേഖലകളിൽ സംരംഭകത്വ പ്രസ്ഥാനങ്ങൾ സംഘടിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) യുവ സംരംഭകർക്ക് വേണ്ടിയുള്ള പദ്ധതികൾ വിശദീകരിക്കാമോ;

(സി) ബിരുദധാരികളായ യുവതീയുവാക്കളായ സംരംഭകർക്ക് പ്രത്യേക പരിഗണനയും പ്രോത്സാഹനവും നൽകാൻ പദ്ധതികളുണ്ടോ; അവ വിശദീകരിക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ ചെറുകിട വ്യവസായ മേഖലയിലെ സമഗ്ര വികസനത്തിനും സംരംഭകരെ സഹായിക്കുന്നതിനും ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിച്ച് കൂടുതൽ നിക്ഷേപം ഉറപ്പു വരുത്തുന്നതിനുമായി "സംരംഭകത്വ സഹായ പദ്ധതി" വഴി സാമ്പത്തിക സഹായം നൽകുന്നുണ്ട്. വിവരസാങ്കേതിക/ സാങ്കേതികാനുബന്ധ മേഖലകളിലെ വികസനത്തിനായി സ്റ്റാർട്ടപ്പ് ബോക്സുകൾ നൽകുക, അന്തർദ്ദേശീയ വിനിമയ പദ്ധതി, പേറ്റന്റ് രജിസ്റ്റർ ചെയ്യുന്നതിനുള്ള ചെലവ് തിരികെ നൽകുന്ന പദ്ധതി എന്നിവ കേരള സ്റ്റാർട്ടപ്പ് മിഷന്റെ ആഭിമുഖ്യത്തിൽ ടെക്നോളജി ബിസിനസ്സ് ഇൻക്യൂബേഷൻ സെന്റർ മുഖേന നടപ്പിലാക്കുന്നുണ്ട്. കൂടാതെ വിദ്യാർത്ഥി/യുവ സംരംഭകരെ വളർത്തിയെടുക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി സംരംഭകത്വ വികസന ക്ലാസുകൾ, കേരള എന്റർപ്രണർഷിപ് ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് വഴി പരിശീലന ശില്പശാലകളും സംഘടിപ്പിച്ചുവരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ (ഇ.ഡി.) ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നു. സംരംഭകത്വ സഹായ പദ്ധതി വഴി യുവസംരംഭകർക്ക് ചെറുകിട വ്യവസായം ആരംഭിക്കുന്നതിന് ധനസഹായവും 5 % അധിക സബ്സിഡിയും കൂടി 20 % നൽകിവരുന്നു.

(സി) ബിരുദധാരികൾക്കായി പ്രത്യേക പദ്ധതികൾ നിലവിലില്ല.

## ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി കൊണ്ടോട്ടി മണ്ഡലത്തിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് നടപടി

125(6439) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15-ൽ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി കൊണ്ടോട്ടി മണ്ഡലത്തിൽ 80 സ്ഥലത്ത് മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് വ്യവസായ വകുപ്പിന്റെ കീഴിലുള്ള കൊല്ലത്തെ കേരള ഇലക്ട്രിക്കൽ ആന്റ് അലെയ്ഡ് കമ്പനി ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇവ സമയബന്ധിതമായി മുഴുവനായും സ്ഥാപിക്കുകയോ സ്ഥാപിച്ചവയ്ക്ക് വൈദ്യുതി കണക്ഷൻ നൽകുകയോ ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) മിനിമാസ്റ്റ് ലൈറ്റ് അടിയന്തരമായി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായി ആസ്തി വികസന ഫണ്ടിൽനിന്നും ലഭിക്കേണ്ട അഡ്വാൻസ് തുക നാളിതുവരെ ലഭിച്ചിട്ടില്ല. എങ്കിലും കമ്പനിയുടെ ഫണ്ടിൽനിന്നും മേൽപ്പറഞ്ഞവയിൽ 63 എണ്ണം സ്ഥാപിച്ചിട്ടുണ്ട്. ഇതിന് വൈദ്യുതി കണക്ഷൻ നൽകുന്നതിന് വൈദ്യുതി ബോർഡിന്റെ അനുമതിയും അതിനായി ഫീസും അടയ്ക്കേണ്ടതായിട്ടുണ്ട്. അഡ്വാൻസ് തുക ലഭിക്കുന്ന മുറയ്ക്ക് വൈദ്യുതി ബോർഡിൽ ഫീസ് അടച്ച് അനുമതി വാങ്ങി മിനിമാസ്റ്റ് ലൈറ്റിന് വൈദ്യുതി കണക്ഷൻ നൽകുന്നതാണ്. ശേഷിച്ചവ ഉടൻതന്നെ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## ജപ്തി നടപടികളിൽനിന്നും ചെറുകിട ഇടത്തരം വ്യവസായ യൂണിറ്റുകളെ സംരക്ഷിക്കുവാൻ നടപടി

126(6440) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ചെറുകിട ഇടത്തരം വ്യവസായികൾ കേന്ദ്ര ഗവൺമെന്റ് സെക്യൂരിറ്റി ഫണ്ട് വഴി സംരംഭങ്ങൾ തുടങ്ങാനായി പൊതുമേഖലാ ബാങ്കുകളിൽ നിന്നെടുത്ത വായ്പകളിൽ ജപ്തി നടപടികൾ സ്വീകരിച്ചുവരുന്ന കാര്യം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജപ്തി നടപടികളിൽ മാനുഷികമായ പരിഗണനകൾ നൽകുവാനും തവണകൾ അനുവദിക്കുവാനും ബാങ്കുകൾക്ക് നിർദ്ദേശം നൽകുമോ;

(സി) വ്യവസായമാന്ദ്യംമൂലം ക്ഷീണം സംഭവിച്ച ഇത്തരം ചെറുകിട ഇടത്തരം വ്യവസായ യൂണിറ്റുകളെ സംരക്ഷിക്കുവാൻ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) മൊറട്ടോറിയം കാലാവധി കഴിഞ്ഞ വായ്പകളിൽ കുടിശ്ശികയുള്ള പക്ഷം തുക ഈടാക്കുന്നതിനാവശ്യമായ CGTMSE Claim/റവന്യൂ റിക്കവറി തുടങ്ങിയ നിയമപരമായ നടപടികൾ ബാങ്കുകൾ സ്വീകരിക്കാറുണ്ട്.

(ബി) റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് മുൻപ് സാധ്യമായ എല്ലാ പരിഗണനകളും ബാങ്കുകൾ നൽകാറുണ്ട്. വ്യവസായ വകുപ്പിന്റെ ശിപാർശയോട് കൂടി ലഭ്യമായ ബാങ്ക് വായ്പകളിൽ ആവശ്യമായ നിർദ്ദേശങ്ങളും കൈത്താങ്ങ് സഹായവും നൽകാറുണ്ട്.

(സി) വ്യവസായ മാന്ദ്യംമൂലം ക്ഷീണം സംഭവിച്ച ഇത്തരം ചെറുകിട ഇടത്തരം വ്യവസായ യൂണിറ്റുകളെ സംരക്ഷിക്കുവാൻ ബാങ്ക് വായ്പ പുനഃക്രമീകരണം, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി എന്നീ ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്.

**ചെറുകിട വ്യവസായ സ്ഥാപനം ആരംഭിക്കാനുള്ള നടപടിക്രമം**

127(6441) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായ സ്ഥാപനം ആരംഭിക്കാനുള്ള അനുമതി ലഭിക്കുന്നതിനുള്ള നടപടിക്രമം വ്യക്തമാക്കുമോ;

(ബി) ഇതിനായി എന്തൊക്കെ രേഖകളാണ് ഹാജരാക്കേണ്ടതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഒരു ചെറുകിട വ്യവസായ സ്ഥാപനം ആരംഭിക്കുന്നതിന് അനുമതി നൽകേണ്ടത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനമാണ്. വ്യവസായ സംരംഭത്തിന്റെ സ്വഭാവമനുസരിച്ച് മലിനീകരണ നിയന്ത്രണ ബോർഡ്, ഫാക്ടറീസ് & ബോയിലേഴ്സ്, ടൗൺ പ്ലാനിംഗ്, തൊഴിൽ, മൈനിംഗ് & ജിയോളജി, വനം, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, കെ.എസ്.ഇ.ബി., അഗ്നിശമന വിഭാഗം തുടങ്ങിയ ഏജൻസികളുടെ/വകുപ്പുകളുടെ എൻ.ഒ.സി.-യുടെ അടിസ്ഥാനത്തിലാണ് പ്രവർത്തനാനുമതി നൽകുന്നത്.

**വെരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്**

128(6442) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ വെരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ എത്ര യൂണിറ്റുകൾ ആണ് നിലവിൽ പ്രവർത്തിച്ച് വരുന്നത്; നേരത്തെ ആരംഭിച്ച ഏതെങ്കിലും യൂണിറ്റുകൾ പ്രവർത്തനം അവസാനിപ്പിച്ചിട്ടുണ്ടോ;

(ബി) ഈ എസ്റ്റേറ്റിൽ പുതിയ യൂണിറ്റുകൾ ആരംഭിക്കുന്നതിന് കെട്ടിടങ്ങളും പുതിയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭൂമിയും ലഭ്യമാണോ;

(സി) പ്രസ്തുത എസ്റ്റേറ്റിൽ പുതിയ വ്യവസായ സംരംഭകർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകിക്കൊണ്ടിരിക്കുന്നതെന്നും അവർ ഈ സൗകര്യങ്ങൾ എങ്ങനെ പ്രയോജനപ്പെടുത്തുന്നു എന്നും വ്യക്തമാക്കുമോ;

(ഡി) സംരംഭകർക്ക് സഹായങ്ങൾ നൽകാൻ ഏറ്റവും ഒടുവിലായി ഏർപ്പെടുത്തിയിരിക്കുന്ന പുതിയ സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) 74 യൂണിറ്റുകൾ പ്രവർത്തിക്കുന്നു. 2 യൂണിറ്റുകൾ പ്രവർത്തന രഹിതമാണ്.

(ബി) ലഭ്യമല്ല.

(സി) ഈ എസ്റ്റേറ്റിൽ ഭൂമി/ഷെഡ്ഡ് ഒഴിവുവരുന്ന മുറയ്ക്ക് പുതിയ സംരംഭകർക്ക് നൽകിവരുന്നു. വൈദ്യുതിയും ജലവും കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്നു. ഗതാഗത സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട്. ഇവിടെ കെട്ടിട നിർമ്മാണത്തിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അനുമതി ആവശ്യമില്ല. ഈ സൗകര്യങ്ങൾ ഇവിടുത്തെ യൂണിറ്റുകൾ ശരിയായ രീതിയിൽ പ്രയോജനപ്പെടുത്തുന്നുണ്ട്.

(ഡി) എല്ലാ അടിസ്ഥാന സൗകര്യങ്ങളും തുടക്കം മുതൽ തന്നെ ലഭ്യമാക്കിയിട്ടുണ്ട്.

**വ്യവസായ എസ്റ്റേറ്റുകളിലെ ഭൂമിയുടെ വ്യവസായേതര ഉപയോഗം**

129(6443) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ എസ്റ്റേറ്റുകൾ എത്ര എണ്ണം ഉണ്ടെന്നും ഇത് എവിടെയെല്ലാമാണെന്നും വിശദമാക്കാമോ;

(ബി) ഇവയിൽ എത്ര യൂണിറ്റുകൾ വീതം ഉണ്ട്;

(സി) ഈ എസ്റ്റേറ്റുകളിലെ എത്ര യൂണിറ്റുകൾ പ്രവർത്തനക്ഷമമാണ്; അവ ഏതെല്ലാം;

(ഡി) പ്രവർത്തിക്കാത്ത യൂണിറ്റുകളുടെ ഭൂമിയും മറ്റ് സൗകര്യങ്ങളും എന്ത് ചെയ്യുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

(ഇ) പ്രസ്തുത ഭൂമി വ്യവസായേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് 10 വ്യവസായ വികസന ഏരിയകളും 25 വ്യവസായ വികസന പ്ലോട്ടുകളും രണ്ട് കയർ പാർക്കുകളും ഒരു ഫങ്ഷണൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റും പ്രവർത്തിക്കുന്നു. വിശദമായ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(സി) 2583 യൂണിറ്റുകൾക്കാണ് ഭൂമി അനുവദിച്ചിട്ടുള്ളത്. പ്രവർത്തനക്ഷമമായ യൂണിറ്റുകളുടെ വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) പ്രവർത്തിക്കാത്ത യൂണിറ്റുകളുടെ ഭൂമി ചട്ടപ്രകാരം തിരിച്ചെടുത്ത് അനുയോജ്യരായ പുതിയ സംരംഭകർക്ക് നൽകിവരുന്നു.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യങ്ങളിൽ നിയമാനുസൃത നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

## മലപ്പുറം ക്യാൻസർ സെന്റർ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് യാഥാർത്ഥ്യമാക്കുവാൻ നടപടി

130(6444) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ക്യാൻസർ സെന്റർ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് യാഥാർത്ഥ്യമാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) മുഖ്യമന്ത്രി അദ്ധ്യക്ഷനായ ഗവേണിംഗ് ബോഡി ഇതുസംബന്ധിച്ച പ്രവർത്തനങ്ങൾ അവലോകനം നടത്തുന്നതിന് യോഗം ചേർന്നിരുന്നോ;

(സി) എങ്കിൽ എന്നാണ് യോഗം ചേർന്നതെന്നും എന്തെല്ലാം തീരുമാനങ്ങളാണ് എടുത്തതെന്നും വിശദീകരിക്കാമോ;

(ഡി) അതനുസരിച്ച് എന്തെല്ലാം തുടർനടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മലപ്പുറം ക്യാൻസർ സെന്റർ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്ന പേരിൽ 1860-ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് അനുസരിച്ച് 2014 ഫെബ്രുവരി 14-ാം തീയതി ഒരു ചാരിറ്റബിൾ സൊസൈറ്റി രജിസ്റ്റർ ചെയ്യുകയും ബഹു. മുഖ്യമന്ത്രി ചെയർമാനും ബഹു. വ്യവസായ ആരോഗ്യ വകപ്പുമന്ത്രിമാർ വൈസ് ചെയർമാൻമാരുമായി 25 അംഗ ഗവേണിങ് ബോഡി രൂപീകരിക്കുകയും ചെയ്തു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഇതിനായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുകയും പ്രോജക്ട് ഓഫീസ് മലപ്പുറത്ത് പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രോജക്ട് റിപ്പോർട്ട് അനുസരിച്ച് 300 കിടക്കകളുള്ള നിർദ്ദിഷ്ട സെന്ററിന് ഏതാണ്ട് 340 കോടി രൂപ ചെലവു വരുമെന്ന് പ്രതീക്ഷിക്കുന്നു. സ്ഥാപനത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് കെ.എസ്.ഐ.ഡി.സി.-യിൽനിന്നും ഒരു കോടി രൂപ വായ്പയായി ലഭ്യമാക്കിയിരുന്നു. മലപ്പുറം ക്യാൻസർ സെന്റർ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് ഭൂമി പതിച്ചു നൽകുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പ് പരിശോധിച്ചുവരുന്നു.

(ബി-ഡി) 25-7-2016-ൽ സൊസൈറ്റിയുടെ ഗവേണിങ് ബോഡി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് മലപ്പുറം ക്യാൻസർ സെന്റർ പ്രോജക്ടിന്റെ ഭാവി പ്രവർത്തനങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്യുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ ഭാവി പ്രവർത്തനങ്ങളെ സംബന്ധിച്ച തീരുമാനമെടുക്കണമെന്ന് ഗവേണിങ് ബോഡി സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**പൊതുമേഖലാസ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ പാക്കേജ്**

131(6445) ശ്രീ. വി. ടി. ബൽറാം :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഷ്ടത്തിലായ എല്ലാ പൊതുമേഖല സ്ഥാപനങ്ങളേയും പുനരുജ്ജീവിപ്പിച്ച് ലാഭത്തിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ആയതിന് ഒരു പാക്കേജിന് രൂപം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; വിവരിക്കാമോ;

(സി) പാക്കേജിന്റെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിവരിക്കുമോ?

ഉത്തരം

(എ-സി) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും ഇപ്പോഴത്തെ അവസ്ഥയും വിശകലനം ചെയ്ത് നഷ്ടത്തിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള 42 സ്ഥാപനങ്ങളുടെയും പ്രാഥമിക അവലോകന

യോഗങ്ങൾ റിയാബ് മുഖേന നടത്തുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ സ്ഥാപനങ്ങളുടെയും കാര്യക്ഷമമായ പ്രവർത്തനത്തിനായി ആധുനികവത്ക്കരണവും വിപുലീകരണവും ഉത്പാദന വൈവിദ്ധ്യവൽക്കരണവുമുൾപ്പെടെ സ്വീകരിക്കേണ്ട നടപടികൾ സാമ്പത്തിക ലഭ്യതകൂടി കണക്കിലെടുത്തുകൊണ്ട് നടപ്പിൽ വരുത്തുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഉത്പാദന സംവിധാനങ്ങളുടെയും സാങ്കേതികവിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉത്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായിട്ടുള്ള സംയോജനം, ധനപരമായ പുനഃരുദ്ധാരണം, പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിട്ടറിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ, എന്നിവ അതാത് മേഖലകളിലുള്ള വിദഗ്ധരുടെ നിർദ്ദേശങ്ങൾ കൂടി സ്വീകരിച്ചു കൊണ്ടായിരിക്കും സർക്കാർ തീരുമാനമെടുക്കുന്നത്.

**പൊതുമേഖലാ സ്ഥാപനങ്ങളുടെ നഷ്ടവിവരം**

132(6446) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്; ജില്ല തിരിച്ച് ഈ സ്ഥാപനങ്ങളുടെ പേര് വിവരം വിശദമാക്കാമോ;

(ബി) ഇതിൽ ലാഭത്തിൽ ഓടുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ എതൊക്കെയെന്ന് പേരുസഹിതം വിശദമാക്കുമോ;

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെ; ഈ സ്ഥാപനങ്ങളുടെ ഓരോ സാമ്പത്തിക വർഷത്തെ നഷ്ടം എത്ര തുക വീതമെന്ന് 2010-11 മുതൽ 2015-16 വരെ എത്രയെന്ന് വിശദമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടി സ്ഥാപനങ്ങളുടെ തലപ്പത്ത് പുതിയ ആളുകളെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവരുടെ പേരു സഹിതം വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വ്യവസായവകുപ്പിനു കീഴിൽ 42 പൊതുമേഖലാ സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്. അവയുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം ആയി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ലാഭത്തിൽ പ്രവർത്തിച്ച സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | സ്ഥാപനങ്ങൾ |
|---|---|
| 1 | മലബാർ സിമന്റ്സ് ലിമിറ്റഡ് |
| 2 | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് |
| 3 | ദി കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് |
| 4 | കേരള സ്റ്റേറ്റ് ഇലക്ട്രോണിക് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് |
| 5 | ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ് |
| 6 | കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് |
| 7 | കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ് |
| 8 | കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് |
| 9 | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് |
| 10 | സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് |

* കിൻഫ്ര 2015-16-ൽ ഉൾപ്പെടുത്തിയിട്ടില്ല.

(സി) നഷ്ടത്തിൽ പ്രവർത്തിച്ച സ്ഥാപനങ്ങളും ഇവയുടെ 2010-11 മുതൽ 2015-16 വരെയുള്ള നഷ്ടവും അനുബന്ധം ആയി ചേർക്കുന്നു.*

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നഷ്ടത്തിൽ പ്രവർത്തിച്ചവയിൽ 15 സ്ഥാപനങ്ങളുടെ മാനേജിംഗ് ഡയറക്ടർമാരെ മാറ്റി പുതിയ മാനേജിംഗ് ഡയറക്ടർമാരെ നിയമിച്ചിരുന്നു. ഇത് സംബന്ധിച്ച വിവരം അനുബന്ധം ആയി ചേർക്കുന്നു.*

### ധാതുമണൽ കടത്തിയതിന്റെ പേരിൽ കേസ്

133(6447) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ധാതുമണൽ കടത്തിയതിന്റെ പേരിൽ എത്ര പേർക്കെതിരെ കേസ് എടുത്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ധാതുമണൽ കടത്തിയതിന്റെ പേരിൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## മാവേലിക്കര പല്ലാരിമംഗലം ഖാദി സൗഭാഗ്യയ്ക്ക് ആസ്തി വികസന പദ്ധതി തുക

134(6448) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര പല്ലാരിമംഗലം ഖാദി സൗഭാഗ്യയ്ക്ക് ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി G.O.(RT) No. 1226/2014/ID dated 1-11-2014 പ്രകാരം 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ തുക അനുവദിക്കുന്നതിന് വ്യവസായ വാണിജ്യ ഡയറക്ടർ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രൊപ്പോസലിന്റെ പകർപ്പ് ലഭ്യമാക്കുമോ; വിശദവിവരം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മാവേലിക്കര പല്ലാരിമംഗരം ഖാദി സൗഭാഗ്യയ്ക്ക് ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി G.O.(Rt) No. 1226/2014/ID dated 1-11-2014 പ്രകാരം 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി&സി) പ്രസ്തുത തുക റിലീസ് ചെയ്യുന്നതിനുള്ള അനുമതി നൽകിയ ഹെഡ് ഓഫ് അക്കൗണ്ട് 4851-106-72-ൽ ആവശ്യമായ തുക ലഭ്യമല്ലാതിരുന്നതിനാൽ ടി തുക റീ അപ്രോപ്രിയേറ്റ് ചെയ്തു നൽകുന്നതിന് പ്രൊപ്പോസൽ ലഭിച്ചിരുന്നുവെങ്കിലും കഴിഞ്ഞ സാമ്പത്തിക വർഷം തുക അനുവദിക്കാൻ കഴിഞ്ഞില്ല. നടപ്പ് സാമ്പത്തിക വർഷം പുതിയ പ്രൊപ്പോസൽ സമർപ്പിക്കാൻ വ്യവസായ വാണിജ്യ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭ-നഷ്ട വിവരങ്ങൾ

135(6449) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 സാമ്പത്തിക വർഷം സംസ്ഥാനത്ത് എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചു; ഇവയുടെ പേര് വിവരങ്ങൾ വ്യക്തമാക്കാമോ;

(ബി) എത്ര എണ്ണം നഷ്ടത്തിൽ പ്രവർത്തിച്ചു ഇവയുടെ പേരു വിവരവും, ഓരോന്നും വരുത്തിയ നഷ്ടത്തിന്റെ കണക്കും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) 2015-16 സാമ്പത്തിക വർഷത്തിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള 10 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലും 31 പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലുമാണ് പ്രവർത്തിച്ചത്. ഇവയുടെ പേരുവിവരവും ലാഭ നഷ്ടകണക്കുകളും അനുബന്ധമായി ചേർക്കുന്നു.*

## പത്തനംതിട്ട ജില്ലയിൽ ഹാന്റ്ലൂം, പവർലൂം ഫാക്ടറികൾ ആരംഭിക്കുന്നതിനുള്ള നടപടി

136(6450) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് സൗജന്യമായി യൂണിഫോം നൽകുന്ന പദ്ധതിയുടെ നടത്തിപ്പിനായി വ്യവസായ വകുപ്പ് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) കൈത്തറി യൂണിറ്റുകളോ, ഹാന്റ്ലൂം, പവർലൂം ഫാക്ടറികളോ ഇല്ലാത്ത പത്തനംതിട്ട പോലുള്ള ജില്ലകളിലെ കുട്ടികൾക്ക് യൂണിഫോം വസ്ത്രങ്ങൾ എങ്ങനെ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) യൂണിഫോമിനായി കൈത്തറി വസ്ത്രങ്ങൾ തെരഞ്ഞെടുക്കുന്നതു വഴി കൈത്തറി മേഖലയ്ക്ക് ഉണർവുണ്ടാക്കുകയെന്ന ലക്ഷ്യം നടപ്പാക്കുമ്പോഴും, വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന പത്തനംതിട്ട ജില്ല പോലുള്ള ജില്ലകൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കാതെ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത പ്രശ്നം പരിഹരിക്കും വിധം പത്തനംതിട്ട ജില്ലയിൽ ഹാന്റ്ലൂം , പവർലൂം ഫാക്ടറികൾ സർക്കാർ മേഖലയിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 1-ാം ക്ലാസ് മുതൽ 8-ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് സൗജന്യ യൂണിഫോം നൽകുമെന്ന് ബഹുമാനപ്പെട്ട ധനകാര്യ മന്ത്രിയുടെ 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. അതിനുവേണ്ടി മേൽനോട്ടം വഹിക്കുന്നത് വ്യവസായവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായുള്ള സംസ്ഥാന കമ്മിറ്റിയും, ജില്ലകളിൽ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ നോഡൽ ഓഫീസറായ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ജില്ലാതല കമ്മിറ്റിയുമാണ്. 1-ാം ക്ലാസ്സ് മുതൽ 8-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് സൗജന്യമായി സ്കൂൾ യൂണിഫോം കൈത്തറിയിൽ നെയ്തുനൽകുന്നതിനുവേണ്ടി 25 ലക്ഷത്തോളം വരുന്ന കുട്ടികൾക്ക് ഏകദേശം 130 ലക്ഷം മീറ്റർ തുണി ആവശ്യമായി വരുന്നതായി കണ്ടെത്തിയിരുന്നു. എന്നാൽ ഈ പദ്ധതിയുടെ ആദ്യവർഷം എന്ന നിലയ്ക്കും ഈ വർഷത്തിൽ അഞ്ചുമാസം മാത്രമേ സമയലഭ്യതയുള്ളൂ എന്നതും കൈത്തറി മേഖലയിൽ നിന്ന് 40 ലക്ഷം മീറ്റർ തുണി മാത്രമേ ഉൽപ്പാദിപ്പിക്കുവാൻ കഴിയുകയുള്ളൂ എന്നതും കണക്കിലെടുത്ത് 5-10-2016-ന് ബഹു. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിൽ 1-ാം ക്ലാസ്സ് മുതൽ 5-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് അടുത്ത അധ്യയനവർഷം സൗജന്യയൂണിഫോം നൽകുമെന്നും ബാക്കി വരുന്ന വിദ്യാർത്ഥികൾക്ക് നിലവിലുള്ള രീതിയിൽ പണം നൽകാമെന്നും തീരുമാനിക്കുകയുണ്ടായി. 160 വിദ്യാഭ്യാസ ഉപജില്ലകൾക്കും കൈത്തറി യൂണിഫോമിന്റെ നിറം തെരഞ്ഞെടുക്കുന്നതിനായി കളർ സാമ്പിളുകൾ നൽകുകയും ഇന്റർനെറ്റിൽ അപ്‌ലോഡ് ചെയ്യുകയും ചെയ്തു. വിദ്യാഭ്യാസ വകുപ്പിൽനിന്നും തുണിയുടെ നിറം, അളവ് എന്നിവ ലഭ്യമാക്കേണ്ടതുണ്ട്. പുതുക്കിയ പദ്ധതിരേഖയുടെ അടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച് സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്താകെ സ്കൂൾ യൂണിഫോം നെയ്യുന്നതിനായി കണ്ടെത്തിയ തറികളിൽ ഉല്പാദനം നടത്തി എല്ലാ ജില്ലകളിലെയും കുട്ടികൾക്ക് യൂണിഫോം ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്.

(സി) നിലവിലുള്ള നെയ്ത്തുകാരെയും പുതുതലമുറയിലെ നെയ്ത്തുകാരെയും ഉൾപ്പെടുത്തിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ആയതിനാൽ സംസ്ഥാനത്താകെയുള്ള നെയ്ത്തുതൊഴിലാളികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നതാണ്. പത്തനംതിട്ടയിൽ സ്കൂൾ യൂണിഫോം നെയ്യുന്നതിന് നെയ്ത്തുകാർ മുമ്പോട്ടുവരികയാണെങ്കിൽ അവരേയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

**ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ**

137(6451) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ പായിപ്പാട്ട് പഞ്ചായത്തിലുള്ള നാലുകോടിയിലും, മാടപ്പള്ളി പഞ്ചായത്തിലുള്ള മാമ്മൂട്ടിലും പ്രവർത്തിക്കുന്ന മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ ഇപ്പോൾ എത്ര യൂണിറ്റുകൾ വീതം പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കാമോ;

(ബി) പുതിയ യൂണിറ്റുകൾ ആരംഭിക്കാൻ ഈ എസ്റ്റേറ്റുകളിൽ കെട്ടിട

സൗകര്യങ്ങൾ ലഭ്യമാണോയെന്ന് വ്യക്തമാക്കാമോ;

(സി) പുതിയ യൂണിറ്റുകൾ നിർമ്മിക്കാൻ ഈ എസ്റ്റേറ്റുകളിൽ ഭൂമി ലഭ്യമാണോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പായിപ്പാട്ട് മിനി വ്യവസായ എസ്റ്റേറ്റിൽ 10 യൂണിറ്റുകളിൽ 9 എണ്ണം പ്രവർത്തിക്കുന്നു. മാടപ്പള്ളി മിനി വ്യവസായ എസ്റ്റേറ്റിൽ ആകെയുള്ള 10 യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. പായിപ്പാട് മിനി വ്യവസായ എസ്റ്റേറ്റിലെ ഒരു യൂണിറ്റ് റീ അലോട്ട്മെന്റിനുള്ള നടപടിയിലാണ്.

(ബി&സി) ലഭ്യമല്ല.

## കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ ക്വാറി, ക്രഷർ, ഗ്രാനൈറ്റ് ഖനന യൂണിറ്റുകൾ

138(6452) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിന്റെ പരിധിയിൽപ്പെടുന്ന പഞ്ചായത്തുകളിൽ നിയമവിധേയമായി പ്രവർത്തിക്കുന്ന എത്ര ക്വാറി, ക്രഷർ, ഗ്രാനൈറ്റ് ഖനന യൂണിറ്റുകൾ ഉണ്ട്; അവയുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത നിയോജക മണ്ഡലത്തിൽ നിയമവിരുദ്ധമായി ക്വാറി, ക്രഷർ, ഗ്രാനൈറ്റ് ഖനന യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ അവയ്ക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിന്റെ പരിധിയിൽപ്പെടുന്ന പഞ്ചായത്തുകളിൽ നിയമവിധേയമായി പ്രവർത്തിക്കുന്ന 51 കരിങ്കൽ ക്വാറികളും 10 ക്രഷർ യൂണിറ്റുകളും ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഉണ്ട്. കൊട്ടാരക്കര താലൂക്കിൽ കരീപ്ര വില്ലേജിൽ ബ്ലോക്ക് നമ്പർ 7-ൽ സർവ്വേ നമ്പർ 122/1, 2, 6, 8, 9, 15, 16, 10-2, 10, 17-ൽപ്പെട്ട സ്ഥലങ്ങളിലെ അനധികൃത പാറഖനനം 20-9-2016-ന് കൊട്ടാരക്കര താലൂക്ക് സർവ്വേയറോടൊപ്പം അളന്ന് തിട്ടപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥല ഉടമകൾക്ക് നോട്ടീസ് നൽകി പിഴ ഈടാക്കാനുള്ള നടപടികൾ മൈനിംഗ് & ജിയോളജി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വകുപ്പിന്റെ കൊല്ലം ജില്ലാ ആഫീസിൽനിന്നും സ്വീകരിച്ചുവരുന്നു. മൈലം വില്ലേജിൽ ബ്ലോക്ക് നമ്പർ 15 ലെ റീ സർവ്വേ നമ്പർ 362/2, 362/7, 361/21, 361/22-1, 361/22-2-ൽപ്പെട്ട സ്ഥലങ്ങളിലെ അനധികൃത കരിങ്കല്ല് ഖനനത്തിനെതിരെ സ്ഥല ഉടമകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. വാളകം വില്ലേജിൽ സർവ്വേ നമ്പർ 444-ൽപ്പെട്ട സർക്കാർ പാറ പുറമ്പോക്കിലും സ്വകാര്യ ഭൂമിയിലും അനധികൃത കരിങ്കല്ല് ഖനനം നടത്തിയതിന് പെർമിറ്റുടമയ്ക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി താലൂക്ക് സർവ്വേയറുമായി ചേർന്ന് വകുപ്പിന്റെ കൊല്ലം ജില്ലാ ആഫീസിൽനിന്നും 28-7-2016-ന് സംയുക്ത സ്ഥലപരിശോധന നടത്തി അനധികൃത ഖനനം തിട്ടപ്പെടുത്തി പെർമിറ്റുടമയ്ക്ക് നോട്ടീസ് നൽകി നടപടി സ്വീകരിച്ചുവരുന്നു. വെളിയം വില്ലേജിലെ കുടവട്ടൂർ മലയിൽ അനധികൃത പാറഖനനം കണ്ടെത്തിയതിനെതുടർന്ന് അതിനെതിരെ നടപടി സ്വീകരിക്കുന്നതിലേയ്ക്കായി സ്ഥല ഉടമകളുടെ കൈവശാവകാശം സംബന്ധിച്ച വിവരങ്ങൾ ലഭിക്കുന്നതിനായി റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നു.

## പ്ലാസ്റ്റിക് വ്യവസായികൾ നേരിടുന്ന പ്രശ്നങ്ങൾ

139(6453) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്ലാസ്റ്റിക് വ്യവസായികൾ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) നിരോധിച്ചതും അല്ലാത്തതുമായ ക്യാരിബാഗുകൾ അന്യസംസ്ഥാനങ്ങളിൽ നിന്നും നികുതി വെട്ടിപ്പ് നടത്തി സംസ്ഥാനത്ത് കൊണ്ടുവന്ന് യഥേഷ്ടം വിറ്റഴിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അവ തടയുന്നതിനും പ്ലാസ്റ്റിക് വ്യവസായികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ;

(ഡി) ഓരോ ജില്ലയിലും റീ-സൈക്ലിംഗ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പ്ലാസ്റ്റിക് വ്യവസായികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നിയമപരമായ ഉപദേശങ്ങളും സഹായങ്ങളും ചെയ്തുകൊടുക്കുന്നുണ്ട്.

(ഡി) വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിൽ ചങ്ങനാശ്ശേരിയിലുള്ള കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററിന്റെ കീഴിൽ ഒരു പ്ലാസ്റ്റിക് റീ സൈക്ലിങ് കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. ഓരോ ജില്ലയിലും ഇത് ആരംഭിക്കുന്നതിന് താല്പര്യമുള്ള സംരംഭകർ വന്നാൽ അവർക്ക് ആവശ്യമായ സഹായങ്ങൾ വ്യവസായ വാണിജ്യ വകുപ്പ് ചെയ്തുകൊടുക്കുന്നതാണ്.

## വിദ്യാർത്ഥി - യുവതലമുറയെ വ്യവസായ സംരംഭക മേഖലകളിലേയ്ക്ക് ആകർഷിക്കുന്നതിന് നടപടികൾ

140(6454) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിദ്യാർത്ഥി-യുവതലമുറയെ വ്യവസായ സംരംഭക മേഖലയിലേക്ക് ആകർഷിക്കുന്നതിനും കേരളത്തിന്റെ വ്യവസായ രംഗത്തിന് ഉണർവ് നൽകുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ;

(ബി) ആധുനിക സാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി കൊണ്ട് പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ഇത്തരം സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) യുവതലമുറയുടെ വ്യവസായ സംരംഭക ആശയങ്ങൾക്ക് സാമ്പത്തിക അടിത്തറ ലഭ്യമാക്കുവാൻ എന്തൊക്കെ സഹായങ്ങൾ ചെയ്യുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്?

### ഉത്തരം

(എ) വിദ്യാർത്ഥികളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് ഗ്രേസ് മാർക്ക്, ഹാജർ എന്നിവ നൽകുന്ന സ്റ്റുഡന്റ്സ് എന്റർപ്രണർഷിപ്പ് പോളിസി നടപ്പാക്കുന്നുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബുകൾ (ഇ.ഡി. ക്ലബുകൾ) പ്രവർത്തിച്ചുവരുന്നു. വിദ്യാർത്ഥികൾക്ക് അവരുടെ നൂതന ആശയങ്ങളെ സംരംഭമായി വികസിപ്പിക്കുന്നതിന് കേരള സ്റ്റാർട്ട് അപ്പ് മിഷനിലൂടെ ഇൻക്യുബേഷൻ സൗകര്യങ്ങൾ ലഭ്യമാക്കുന്നുണ്ട്. സീഡ് ഫണ്ടിംഗ്, ആക്സിലേറ്റർ സൗകര്യം, സ്റ്റാർട്ട് അപ്പ് ബോക്സുകൾ നൽകുന്ന പദ്ധതി, പേറ്റന്റ് രജിസ്റ്റർ ചെയ്യുന്നതിനുള്ള ചെലവ് തിരിച്ചുനൽകുന്നതിനുള്ള പദ്ധതി, IOT, R&D ലാബ് സൗകര്യങ്ങൾ എന്നിവയും സ്റ്റാർട്ട് അപ്പ് മിഷനിലൂടെ നൽകിവരുന്നു. കൂടാതെ തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് ദേശീയവും അന്തർദ്ദേശീയവുമായ സെമിനാറുകളിലും മറ്റ് പരിപാടികളിലും പങ്കെടുക്കുന്നതിന് അവസരം നൽകുന്നുണ്ട്. അങ്ങനെ തൊഴിൽ അന്വേഷകരിൽനിന്ന് യുവാക്കളെ തൊഴിൽദാതാക്കളാക്കി മാറ്റുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

(ബി) ആധുനിക സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്ന സംരംഭകർക്ക് വായ്പാ സൗകര്യവും അടിസ്ഥാന സൗകര്യവും, വിദഗ്ധ ഉപദേശവും കെ.എസ്.ഐ.ഡി.സി. മുഖേന നൽകിവരുന്നു. പ്രത്യേക ആവശ്യങ്ങൾ മുൻനിർത്തി ഇൻഡസ്ട്രിയൽ പാർക്കുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ലൈഫ് സയൻസ് പാർക്ക്, മെഗാ ഫുഡ് പാർക്കുകൾ, ലൈറ്റ് എഞ്ചിനീയറിംഗ് പാർക്കുകൾ, പെട്രോകെമിക്കൽ പാർക്ക്, ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്ക് തുടങ്ങിയവ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

(സി) യുവ സംരംഭകർക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനായി ഒരു സീഡ് ഫണ്ടിംഗ് സ്കീം കെ.എസ്.ഐ.ഡി.സി. മുഖേന നടപ്പിലാക്കുന്നുണ്ട്. സംരംഭകത്വ സഹായ പദ്ധതിയിൽ യുവ സംരംഭകർക്ക് മൂലധന നിക്ഷേപത്തിന്റെ 20% വരെ (പരമാവധി 30 ലക്ഷം രൂപ) സഹായധനമായി നൽകുന്നു. യുവ സംരംഭകരെ ഇന്ത്യൻ ഏയ്ഞ്ചൽ നെറ്റ്‌വർക്ക്, ഇന്ത്യൻ വെർച്ച്വൽ ക്യാപിറ്റൽ അസോസിയേഷൻ തുടങ്ങിയ ഏജൻസികളുമായി ബന്ധപ്പെടുത്തി കൂടുതൽ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

## കെൽട്രോണിലെ സാങ്കേതിക തസ്തികകളിലേയ്ക്കുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി

141(6455) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെൽട്രോണിൽ 2014-നവംബർ മാസത്തിൽ സാങ്കേതിക തസ്തികകളിലേക്കുള്ള ഒഴിവുകൾ നികത്താനായി വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായോ; മേൽപ്പറഞ്ഞ വിജ്ഞാപനത്തിനുവേണ്ടി 2015 നവംബർ മാസത്തിൽ എഴുത്തു പരീക്ഷ നടത്തുകയുണ്ടായോ;. എന്നാൽ നാളിതുവരെ ഈ പറഞ്ഞ വിജ്ഞാപനത്തിലേക്ക് അഭിമുഖമോ തുടർനടപടികളോ ഉണ്ടായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തുടർ നടപടികൾ നടക്കാത്തതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കാമോ;

(ബി) മേൽപ്പറഞ്ഞ തസ്തികകളിലേയ്ക്ക് അഭിമുഖം നടത്താൻ എന്തെങ്കിലും തടസ്സം ഉണ്ടോ;

(സി) മേൽപ്പറഞ്ഞ തസ്തികയിലേക്കുള്ള അഭിമുഖ പരീക്ഷയുടെ തീയതി നിശ്ചയിച്ചിട്ടുണ്ടോ; എന്നാൽ എന്നത്തേക്ക് എന്ന് വ്യക്തമാക്കാമോ;

(ഡി) 2014 നവംബർ മാസത്തിൽ പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ മൊത്തം അപേക്ഷകരുടെ എണ്ണം എത്ര;

(ഇ) മേൽപ്പറഞ്ഞ വിജ്ഞാപനത്തിന്റെ തുടർ നടപടിക്ക് ഇനി സർക്കാരിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള അനുമതി നൽകാനുണ്ടോ; ഇല്ലെങ്കിൽ ഇതിലേക്ക് ആവശ്യമായ ഉത്തരവ് നൽകി, ഉദ്യോഗാർത്ഥികളെ നിയമാനുസരണം തെരഞ്ഞെടുക്കുമോ; വിവരിക്കുമോ?

<u>ഉത്തരം</u>

(എ) കെൽട്രോണിൽ 2014 നവംബർ മാസത്തിൽ സാങ്കേതിക തസ്തികകളിലേയ്ക്കുള്ള ഒഴിവുകൾ നികത്താനായി വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. മേൽപ്പറഞ്ഞ വിജ്ഞാപനത്തിനുവേണ്ടി 2015 നവംബർ മാസത്തിൽ എഴുത്തുപരീക്ഷ നടത്തുകയുണ്ടായി. തുടർന്നുള്ള നടപടികൾ പുരോഗമിക്കുന്നതിനിടയിൽ നിയമസഭ ഇലക്ഷനോടനുബന്ധിച്ചുള്ള പെരുമാറ്റച്ചട്ടം നിലവിൽ വരികയും ഇലക്ഷൻ കമ്മീഷന്റെ ഉത്തരവ് പ്രകാരം നിയമന നടപടികൾ താൽക്കാലികമായി നിർത്തിവയ്ക്കുകയും ചെയ്തിരുന്നു. ഇപ്പോൾ നിയമന നടപടികൾ പുനരാരംഭിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) തീയതി നിശ്ചയിച്ചിട്ടില്ല.

(ഡി) 3978 അപേക്ഷകൾ ലഭിച്ചിരുന്നു.

(ഇ) മേൽപ്പറഞ്ഞ വിജ്ഞാപനത്തിന്റെ തുടർ നടപടിക്ക് സർക്കാരിൽനിന്നും അഭിമുഖ ബോർഡിലേയ്ക്കുള്ള നോമിനേഷൻ നൽകേണ്ടതായിട്ടുണ്ട്.

**കെൽട്രോണിൽ അനധികൃത നിയമനം**

142(6456) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെൽട്രോണിൽ അനധികൃത നിയമനവും, താത്കാലിക നിയമനവും നടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കെൽട്രോണിൽ വിവിധ തസ്തികകളിലായി എത്ര ഒഴിവുകളുണ്ട്; തസ്തിക, ഒഴിവുകളുടെ എണ്ണം എന്നിങ്ങനെ തരം തിരിച്ച് വ്യക്തമാക്കാമോ;

(സി) ഒഴിവുകളുണ്ടെങ്കിൽ, ഈ ഒഴിവുകൾ നികത്തുന്നതിന് ഉദ്യോഗാർത്ഥികളിൽ നിന്ന് അപേക്ഷ ക്ഷണിച്ചിരുന്നുവോ; എങ്കിൽ ആവശ്യമായി പരീക്ഷകൾ നടത്തി എന്ന് നിയമനം നല്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പരിശോധിക്കാവുന്നതാണ്.

(ബി) കെൽട്രോണിൽ വിവിധ തസ്തികകളിലായി 260 ഒഴിവുകളുണ്ട്. തസ്തിക, ഒഴിവുകളുടെ എണ്ണം എന്നിവ അനുബന്ധം ആയി ചേർക്കുന്നു.*

(സി) ഒഴിവുകൾ നികത്തുന്നതിന് ഉദ്യോഗാർത്ഥികളിൽനിന്ന് അപേക്ഷ ക്ഷണിച്ചിരുന്നു. ആവശ്യമായവയ്ക്ക് പരീക്ഷകൾ നടത്തിയിട്ടുണ്ട്. തുടർന്നുള്ള നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് നിയമനം നൽകാൻ സാധിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കെൽട്രോണിൽ സാങ്കേതിക തസ്തികകൾ**

143(6457) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെൽട്രോണിൽ ഇരുപതിലേറെ സാങ്കേതിക തസ്തികകളിലേയ്ക്ക് രണ്ട് വർഷം മുമ്പ് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര പേർ അപേക്ഷ നൽകിയെന്നും പ്രസ്തുത തസ്തികകളിലേക്കുള്ള എഴുത്തുപരീക്ഷയും ഇന്റർവ്യൂവും നടത്തി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോയെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത ലിസ്റ്റിൽനിന്നും ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിന് കാലതാമസം വരുന്നതിന്റെ കാരണം വ്യക്തമാക്കുമോ; അടിയന്തരമായി നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കെൽട്രോണിൽ പതിനൊന്ന് സാങ്കേതിക തസ്തികകളിലേയ്ക്ക് രണ്ടു വർഷം മുമ്പ് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. അവ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | തസ്തിക | മൊത്തം ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1 | മാനേജർ | 4 |
| 2 | ഡെപ്യൂട്ടി മാനേജർ | 1 |
| 3 | അസിസ്റ്റന്റ് മാനേജർ | 4 |
| 4 | സീനിയർ എഞ്ചിനീയർ | 25 |
| 5 | എഞ്ചിനീയർ | 13 |
| 6 | ഡെപ്യൂട്ടി എഞ്ചിനീയർ | 3 |
| 7 | അസിസ്റ്റന്റ് എഞ്ചിനീയർ | 3 |
| 8 | സീ. ടെക്നിക്കൽ അസിസ്റ്റന്റ് | 6 |
| 9 | ടെക്നിക്കൽ അസിസ്റ്റന്റ് | 12 |
| 10 | സീനിയർ ഓപ്പറേറ്റർ | 5 |
| 11 | ഓപ്പറേറ്റർ | 21 |

(ബി) 3978 പേർ അപേക്ഷ നൽകി. എഴുത്തുപരീക്ഷ ആവശ്യമായവയ്ക്ക് എഴുത്തുപരീക്ഷ നടത്തിയിരുന്നു. ഇന്റർവ്യൂ നടത്തിയിട്ടില്ലാത്തതിനാൽ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല.

(സി) ഇന്റർവ്യൂ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് നിയമനം നൽകാൻ സാധിക്കുന്നതാണ്.

**യുവസംരംഭകർക്ക് ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് നിലവിലുള്ള പദ്ധതികൾ**

144(6458) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവസംരംഭകർക്ക് ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് നിലവിലുള്ള പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ;

(ബി) ഇവയിൽ സബ്സിഡി ലഭ്യമാകുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾക്ക് അപേക്ഷിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ചെറുകിട വ്യവസായ മേഖലയിലെ സമഗ്ര വികസനത്തിനും സംരംഭകരെ സഹായിക്കുന്നതിനും ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിച്ച് കൂടുതൽ നിക്ഷേപം ഉറപ്പുവരുത്തുന്നതിനുമായി "സംരംഭകത്വ സഹായ പദ്ധതി" വഴി സാമ്പത്തിക സഹായം നൽകുന്നുണ്ട്. ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനായി സംഘടിപ്പിക്കപ്പെട്ട വിവിധ പരിപാടികളിലൂടെ സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങൾക്ക് വിപണന സാദ്ധ്യത വർദ്ധിപ്പിക്കാനും സാധിച്ചിട്ടുണ്ട്. ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിനായി ജില്ലാ സംസ്ഥാന തലങ്ങളിൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് പ്രവർത്തിക്കുന്നുണ്ട്. വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എന്റർപ്രണർ സപ്പോർട്ട് സ്കീം പദ്ധതി പ്രകാരം ധനസഹായം നൽകിവരുന്നു.

(ബി) 28-12-2012-ലെ സ.ഉ.(കൈ) 156/2012/വ്യവ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ നടപ്പിലാക്കിയ "സംരംഭകത്വ സഹായ പദ്ധതി", കേന്ദ്രാവിഷ്കൃത പദ്ധതിയായ "Prime Minister's Employment Guarantee Programme" എന്നിവയിലൂടെ വ്യവസായ സംരംഭകർക്ക് സബ്സിഡി നൽകി വരുന്നു.

(സി) ജില്ലാ/താലൂക്ക് വ്യവസായ കേന്ദ്രങ്ങൾ മുഖേനയോ വ്യവസായ വികസന ഓഫീസർ മുഖേനയോ നിർദ്ദിഷ്ട ഫോറത്തിലോ ഓൺലൈനായോ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

## തലപ്പിള്ളി താലൂക്കിൽ കരിങ്കൽ ഖനനം

145(6459) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലപ്പിള്ളി താലൂക്കിൽ എത്ര കരിങ്കൽ ക്വാറികളും ക്രഷർ കിണറുകളും മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ അനുമതിയോടെ പ്രവർത്തിക്കുന്നുണ്ട്; അവയുടെ പേരുവിവരങ്ങൾ വിവരിക്കുമോ;

(ബി) മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ കണക്കുപ്രകാരം ഓരോ വർഷവും തലപ്പിള്ളി താലൂക്കിലെ ക്രഷർ യൂണിറ്റുകളും, കരിങ്കൽ ക്വാറികളും കൂടി എത്ര ടൺ കരിങ്കൽ ഖനനം ചെയ്തെടുക്കുന്നുണ്ട്; വ്യക്തമാക്കുമോ;

(സി) ഇതിലൂടെ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന് എത്ര രൂപ വരുമാനം ഓരോ വർഷവും ലഭിക്കുന്നുണ്ട്; വിശദാംശം നൽകുമോ;

(ഡി) അനുമതി ഇല്ലാതെ കരിങ്കൽ ഖനനം നടക്കുന്നില്ല എന്ന് ഉറപ്പു വരുത്തുന്നതിന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ) തലപ്പിള്ളി താലൂക്കിൽ ഒരു വർഷക്കാലാവധി നൽകിക്കൊണ്ട് പ്രവർത്തിക്കുന്ന 26 കരിങ്കൽ ക്വാറികളും ദീർഘകാല ക്വാറിയിംഗ് ലീസ് പ്രകാരം പ്രവർത്തിക്കുന്ന 22 കരിങ്കൽ ക്വാറികളും മൈനിംഗ് & ജിയോളജി വകുപ്പിന്റെ അനുമതിയോടെ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ക്രഷർ യൂണിറ്റുള്ള ക്വാറീയിംഗ് ലീസുടമകളുടെ 9 രജിസ്റ്റേർഡ് മെറ്റൽക്രഷർയൂണിറ്റുകൾക്ക് രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. ഇതുകൂടാതെ 11 ക്രഷർ യൂണിറ്റുകൾക്ക് ഡീലേഴ്സ് ലൈസൻസ് നൽകിയിട്ടുണ്ട്. അവയുടെ പേരു വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ ഇതുവരെയായി കരിങ്കൽ ക്വാറികൾക്കും ക്രഷറുകൾക്കും ആകെ 1,27,500 ട്രാൻസിറ്റ് പാസ്സുകൾ വകുപ്പിന്റെ തൃശ്ശൂർ ജില്ലാ ആഫീസിൽനിന്നും അനുവദിച്ചിട്ടുണ്ട്. കൺസോളിഡേറ്റഡ് റോയൽറ്റി പേയ്മെന്റ് സിസ്റ്റം (CRPS) പ്രകാരം ഭൂവിസ്തൃതിക്ക് അനുസൃതമായ സ്ലാബ് അടിസ്ഥാനത്തിൽ ഖനനം ചെയ്യുന്നതിനുള്ള അനുമതിയും നിശ്ചിത പാസ്സും നൽകുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ലീസ് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന കരിങ്കൽ ക്വാറികളെ ആസ്പദമാക്കി പ്രവർത്തിക്കുന്ന ക്രഷർ യൂണിറ്റുകൾ സർക്കാരിലേയ്ക്ക്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കോമ്പൗണ്ടിംഗ് ഫീസ് ഒടുക്കുന്ന (ജോസൈസെസിന് അനുസരിച്ച്) രീതി opt ചെയ്തിട്ടുള്ളതിനാൽ അനുവദിക്കാവുന്ന പാസ്സുകളുടെ എണ്ണം പ്രത്യേകം നിജപ്പെടുത്തിയിട്ടില്ലാത്തതുമാണ്. മേൽപ്പറഞ്ഞ പ്രകാരം CRPS, RMCU പ്രകാരം ഖനനം ചെയ്ത് നീക്കാവുന്ന കരിങ്കല്ലിന്റെ അളവിൽ നിഷ്കർഷയില്ലാത്തതാണ്.

(സി) 2016-17 സാമ്പത്തിക വർഷത്തിൽ തലപ്പിള്ളി താലൂക്കിലെ കരിങ്കൽ ക്വാറികൾ ക്രഷർ യൂണിറ്റുകളിൽ നിന്നായി ഇതുവരെയായി 2,01,38,960 രൂപ സർക്കാരിലേയ്ക്ക് ലഭിച്ചിട്ടുണ്ട്. ഇനം തിരിച്ച വിശദാംശങ്ങൾ താഴെ നൽകുന്നു: രജിസ്റ്റേർഡ് മെറ്റൽ ക്രഷർ യൂണിറ്റുകളിൽനിന്നും കൺസോളിഡേറ്റഡ് റോയൽറ്റി ഇനത്തിൽ ലഭിച്ച വരുമാനം: 97,00,000 രൂപ, കൺസോളിഡേറ്റഡ് റോയൽറ്റി പേയ്മെന്റ് സിസ്റ്റം (CRPS) പ്രകാരം ക്വാറികളിൽനിന്നും ലഭിച്ച വരുമാനം : 81,25,000 രൂപ, ഡീലേഴ്സ് ലൈസൻസ് മൂവ്മെന്റ് പെർമിറ്റ് വകയിൽ ലഭിച്ച വരുമാനം : 23,13,960 രൂപ.

(ഡി) തലപ്പിള്ളി താലൂക്കിൽപ്പെട്ട കിള്ളിമംഗലം പൈങ്കുളം, പാഞ്ഞാൾ, തയ്യൂർ, തിരുവില്വാമല, തെക്കുംകര, വടക്കാഞ്ചേരി വില്ലേജുകളിലെ അനധികൃത കരിങ്കൽ ഖനന പ്രവൃത്തി നടന്നിരുന്ന സ്ഥലങ്ങൾ മൈനിംഗ് & ജിയോളജി വകുപ്പ് പരിശോധിക്കുകയും ആയത് നിർത്തിവയ്പ്പിക്കുന്നതിനും സർക്കാരിലേയ്ക്ക് റോയൽറ്റി, വില, പിഴ ഇനങ്ങളിൽ തുക വസൂലാക്കുന്നതിനുള്ള നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഡിമാന്റ് നോട്ടീസ് നൽകിയതിന്റെ അടിസ്ഥാനത്തിൽ 49,32,408 രൂപ സർക്കാരിലേയ്ക്ക് ഈടാക്കിയിട്ടുണ്ട്.

## കൈത്തറി വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും നടപടി

146(6460) <u>ശ്രീ. സി. കൃഷ്ണൻ</u> :
<u>ശ്രീ. കെ. ആൻസലൻ</u> :
<u>ശ്രീ. പി. ഉണ്ണി</u> :
<u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനും, വികസിപ്പിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിന് സബ്സിഡി നൽകുമോ;

(സി) കൈത്തറി മേഖലയിൽ സംരംഭകത്വവും, തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിന് ബിസിനസ് ഇൻക്യുബേറ്ററുകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ഡി) കൈത്തറി സഹകരണ സംഘങ്ങളുടെ കടബാധ്യത പൂർണ്ണമായും എഴുതിത്തള്ളി, പുതിയ ക്യാഷ് ക്രെഡിറ്റ് അനുവദിച്ച് സംഘങ്ങളെ പ്രവർത്തന ക്ഷമമാക്കുന്നതിന് വേണ്ടിയുള്ള ആർ.ആർ.ആർ. (പുനരുജ്ജീവനം, നവീകരണം, പുനഃസംഘടന) പദ്ധതി സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലായിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) കൈത്തറി മേഖലയുടെ സംരക്ഷണത്തിനും വികസനത്തിനുമായി കേരളത്തിലെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് അടുത്ത അദ്ധ്യയന വർഷം 1 മുതൽ 5-ാം ക്ലാസ് വരെയും തുടർന്നുള്ള വർഷം 8-ാം ക്ലാസു വരെയും കൈത്തറി യൂണിഫോം സൗജന്യമായി നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൈത്തറി യൂണിഫോം ഉല്പാദിപ്പിക്കുന്നതുവഴി തൊഴിലാളികൾക്ക് 200 ദിനത്തിൽ കുറയാത്ത തൊഴിൽ അവസരം സൃഷ്ടിക്കുന്നതിനും കൈത്തറി മേഖലയെ പരിപോഷിപ്പിക്കുന്നതിനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൈത്തറി മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. മൂലധന സഹായ പദ്ധതികൾ
2. പ്രോത്സാഹനത്തിനും വികസനത്തിനുമായുള്ള പദ്ധതികൾ
3. പ്രോത്സാഹനവും ക്ഷേമവും ലക്ഷ്യമാക്കിയിട്ടുള്ള പദ്ധതികൾ
4. ഉല്പാദനം, വിപണനം, പരിശീലനം എന്നിവയ്ക്കുള്ള പദ്ധതികൾ
5. ആസൂത്രണ ബോർഡുമായി ചേർന്ന് കേരളത്തിലെ കൈത്തറി വ്യവസായത്തെ കുറിച്ച് വിശദമായ സർവ്വേ.

(ബി) നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിന് സബ്സിഡി നൽകുന്നുണ്ട്.

(സി) കൈത്തറി മേഖലയിൽ സംരംഭകത്വവും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരത്ത് ഹാന്റ്ലൂം ബിസിനസ് ഇൻകുബേറ്റർ സ്ഥാപിച്ചിട്ടുണ്ട്. സംരംഭകർക്കുള്ള സൗകര്യം അതുമായി ബന്ധപ്പെട്ട സേവനങ്ങൾ, സാങ്കേതികോപദേശം, ഉൽപന്നങ്ങളുടെ ഡിസൈൻ, വിപണനം എന്നിവയ്ക്കുള്ള സൗകര്യങ്ങൾ, കാര്യക്ഷമതയുള്ള സംരംഭകർക്ക് 12

മാസം വരെ ഇൻകുബേറ്ററുകൾവഴി പ്രദാനം ചെയ്യുന്നതാണ്. ഇതുവഴി യൂണിറ്റുകൾ തുടങ്ങുന്നതിന് ബാങ്ക് വായ്പ ലഭിക്കുന്ന മുറയ്ക്ക്, പ്രോജക്ടുകൾക്ക് മാർജിൻമണി സഹായം (30% വരെ) നൽകുന്നതാണ്. കൈത്തറിയിലോ ടെക്സ്റ്റൈൽ ടെക്നോളജിയിലോ ഡിപ്ലോമ ഉള്ളവർക്കും കൈത്തറി നെയ്ത്തിൽ 10 വർഷത്തെ പ്രവർത്തനപരിചയം ഉള്ളവർക്കും ഈ പദ്ധതിയിൽ മുൻഗണന നൽകുന്നു.

(ഡി) റിവൈവൽ, റീഫോം & റീസ്ട്രക്ചറിംഗ് പാക്കേജ് സംസ്ഥാനത്ത് ഏറെക്കുറെ ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ട്. ഇതുപ്രകാരം 357 പ്രാഥമിക സഹകരണ സംഘങ്ങളുടെയും ഹാന്റക്സിന്റേയും കടബാധ്യതയുടെ 100% മുതലും 25% പലിശയും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. വായ്പ എൻ.പി.എ. ആയതിനുശേഷമുള്ള 75% പലിശയും പിഴപ്പലിശയും ധനസഹായസ്ഥാപനം എഴുതിത്തള്ളണമെന്ന വ്യവസ്ഥയുള്ളതാണ്. എന്നാൽ തിരുവനന്തപുരം ജില്ലയിലെ ധനകാര്യസ്ഥാപനം ഒഴികെ മറ്റെല്ലാ ജില്ലകളിലും കടബാധ്യത പൂർണ്ണമായി എഴുതിത്തള്ളി സംഘങ്ങൾക്കാവശ്യമുള്ള പുനർ വായ്പ നൽകുകയും ചെയ്തുവരുന്നു.

## മലപ്പുറം സഹകരണ സ്പിന്നിംഗ് മില്ലിലെ ഒഴിവുകൾ

147(6461) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാഫ് റൂൾ സെറ്റിൽമെന്റ് പ്രകാരം മലപ്പുറം സഹകരണ സ്പിന്നിംഗ് മില്ലിൽ ഓഫീസ് ജീവനക്കാരുടെ ഒഴിവുകൾ നിലവിലുണ്ടോ; അവ റിപ്പോർട്ട് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത തസ്തികയിലേക്കുള്ള നിയമനത്തിനായി റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് നിലവിൽ വന്നത്; ഇതിനകം എത്ര പേരെ നിയമിച്ചിട്ടുണ്ട്;

(സി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനും നിയമനങ്ങൾ നടത്തുന്നതിനും സത്വര നടപടികൾ സ്വീകരിക്കുമോ;

(ഡി) നിയമനവുമായി ബന്ധപ്പെട്ട് ഏതെങ്കിലും കേസുകൾ നിലവിലുണ്ടോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) സ്റ്റാഫ് വിഭാഗം ദീർഘകാല കരാർ അനുസരിച്ച് മലപ്പുറം സഹകരണ സ്പിന്നിംഗ് മില്ലിൽ ഓഫീസ് ജീവനക്കാരുടെ ഒഴിവുകൾ നിലവിലുണ്ട്. എല്ലാ സഹകരണ സ്പിന്നിംഗ് മില്ലുകളിലും സഹകരണ നിയമപ്രകാരം സെക്ഷൻ 80 നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സെക്ഷൻ 80 നടപ്പിലാക്കുമ്പോൾ മലപ്പുറം സഹകരണ സ്പിന്നിംഗ് മില്ലിലെ ജീവനക്കാരുടെ എണ്ണം ആനുപാതികമായി നിജപ്പെടുത്തുന്നതാണ്. ഇതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. 30-12-2014-ന് റാങ്ക് ലിസ്റ്റ് നിലവിൽ വന്നു. ഇതിനകം 2 പേരെ നിയമിച്ചിട്ടുണ്ട്.

(സി) സഹകരണ മില്ലുകളിൽ സെക്ഷൻ 80 പ്രകാരമുള്ള വേതന ഘടന നിലവിൽ വരുമ്പോൾ അംഗീകരിച്ച തസ്തികകളിൽ മാത്രം ഒഴിവുകൾ വരുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്.

(ഡി) നിയമനവുമായി ബന്ധപ്പെട്ട് നിലവിലുള്ള റാങ്ക് പട്ടികയിലെ രണ്ട് വ്യക്തികൾ ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ ഹൈക്കോടതിയിൽ നിലവിലുണ്ട്. ആയതിന്മേൽ അന്തിമ വിധി ആയിട്ടില്ല.

## കോമളപുരം സ്പിന്നിംഗ് & വീവിംഗ് മില്ലിലെ പ്രതിസന്ധി

148(*T6462) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോമളപുരം സ്പിന്നിംഗ്&വീവിംഗ് മില്ലിലെ പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ ആറുമാസക്കാലമായി കമ്പനി ഉത്പാദിപ്പിച്ച ഉല്പന്നം പകുതിയോളം കെട്ടിക്കിടക്കുന്നതുകൊണ്ടുണ്ടായ സാമ്പത്തിക പ്രതിസന്ധിമൂലം അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനോ, തൊഴിലാളികൾക്ക് ശമ്പളം നൽകുന്നതിനോ സാധിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മില്ലിന്റെ രണ്ടാംഘട്ടം പ്രവർത്തനത്തിന് പ്രോജക്ട് സമർപ്പിച്ചിട്ടും നൽകുവാനുള്ള ബാക്കി തുക അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) കമ്പനി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പഠിച്ച് പരിഹാരമാർഗ്ഗങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ഗുണമേന്മയ്ക്ക് അനുസൃതമായ വില ലഭിക്കാത്തതുമൂലം ദൈനംദിന പ്രവർത്തനങ്ങൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) മില്ലിന്റെ രണ്ടാം ഘട്ട പ്രവർത്തനത്തിനായുള്ള 10.35 കോടി രൂപ അനുവദിക്കുന്നതിനുള്ള കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്.

(ഡി) കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ യൂണിറ്റുകളിലെ പ്രതിസന്ധി പരിഹരിക്കുന്നതിനായുള്ള പുനരുദ്ധാരണ പദ്ധതി, റിയാബുമായി ചർച്ച ചെയ്ത് തയ്യാറാക്കി സമർപ്പിക്കുവാൻ മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

## കൈത്തറി പുനരുദ്ധാരണ പാക്കേജ്

149(6463) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ കൈത്തറി പുനരുദ്ധാരണ പാക്കേജ് (ആർ.ആർ.ആർ. പാക്കേജ്) പ്രകാരം സംസ്ഥാനത്തെ കൈത്തറി സഹകരണ സംഘങ്ങളുടെ കടബാധ്യത ഒഴിവാക്കി നൽകി സംഘങ്ങളെ പ്രവർത്തനക്ഷമമാക്കുന്നതിനായി സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ആർ.ആർ.ആർ. പാക്കേജ് സംബന്ധിച്ച് കേന്ദ്ര ടെക്സ്റ്റൈൽ കമ്മീഷണറുടെ 27/9/13, 13/11/2015 എന്നീ തീയതികളിലെ ഉത്തരവുകളിൽ ക്യാഷ് ക്രെഡിറ്റ് എൻ.പി.എ. ആയത് വരെയുള്ള മുഴുവൻ ലോൺ തുകയും 25 ശതമാനം പലിശ തുകയും കേന്ദ്ര സർക്കാർ അനുവദിക്കുന്നതാണെന്നും ബാക്കി 75% പലിശയും പിഴ പലിശയും അതാത് ബാങ്കുകൾ എഴുതിത്തള്ളി 31-3-2010-ൽ കടബാധ്യത പൂർണ്ണമായും ഒഴിവാക്കി സംഘങ്ങൾക്ക് പുതിയ ക്യാഷ് ക്രെഡിറ്റ് അനുവദിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എന്നാൽ തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് ഈ ഉത്തരവുകളെ അവഗണിച്ചുകൊണ്ട് 31-3-2013 വരെയുള്ള പലിശയും പിഴപ്പലിശയും കണക്കാക്കി സംഘങ്ങളുടെ പേരിൽ ഫണ്ടഡ് ലോണായി മാറ്റിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇപ്രകാരം 31-3-2010-ന് ശേഷമുള്ള പലിശയും പിഴപ്പലിശയും ഫണ്ടഡ് ലോണായി മാറ്റിയിരിക്കുന്നതിനാൽ സംഘങ്ങൾക്ക് ക്യാഷ് ക്രെഡിറ്റ് ലഭിക്കുവാൻ അർഹത ഇല്ലാത്ത രീതിയിൽ ആക്കിയിരിക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഇ) ഈ വിഷയം സംബന്ധിച്ച് കൈത്തറി ആൻറ് ടെക്സ്റ്റൈൽ ഡയറക്ടർ തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിന് കൃത്യമായ നിർദ്ദേശം നൽകിയിട്ടും അത് പാലിക്കാതെ സംഘങ്ങളെ വീണ്ടും കടക്കെണിയിലാക്കിയത് പരിശോധിക്കുമോ;

(എഫ്) 31-3-2013-ന് ശേഷം പ്രസ്തുത ബാങ്ക് ഓരോ കൈത്തറി സഹകരണ സംഘങ്ങളിൽനിന്നും പലിശയും പിഴപ്പലിശയും ഇനത്തിൽ ഈടാക്കിയിട്ടുള്ള തുകയുടെ ലിസ്റ്റ് ഓരോ സഹകരണ സംഘങ്ങൾ തിരിച്ച് ലഭ്യമാക്കുമോ;

(ജി) അപ്രകാരം ഫണ്ടഡ് ലോണായി വകമാറ്റിയ സംഘങ്ങളുടെ പേരും തുകയും ഉൾക്കൊള്ളുന്ന ലിസ്റ്റ് നൽകുമോ; നിലവിലുള്ള ഉത്തരവുകൾക്ക് വിരുദ്ധമായി തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് അനധികൃതമായി ഈടാക്കിയ പലിശയും പിഴപ്പലിശയും ഫണ്ടഡ് ലോണും റദ്ദ് ചെയ്ത് കൈത്തറി സഹകരണ സംഘങ്ങളെ പ്രതിസന്ധിയിൽനിന്നും രക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ; ഇപ്രകാരം പ്രവർത്തിച്ച ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാ നടപടി സ്വീകരിക്കുമോ; മറ്റ് ജില്ലകളിലെ കൈത്തറി സഹകരണ സംഘങ്ങളിൽ ഇത്തരം പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) കേന്ദ്ര സർക്കാരിന്റെ റിവൈവൽ, റീഫോം & റീസ്ട്രക്ചറിംഗ് പാക്കേജ് (ആർ.ആർ.ആർ. പാക്കേജ്) പ്രകാരം 357 കൈത്തറി സഹകരണ സംഘങ്ങൾക്ക് 207.16 കോടി രൂപ നൽകിയിട്ടുണ്ട്. ഇതിൽ 163.04 കോടി രൂപ കേന്ദ്ര വിഹിതവും 44.12 കോടി രൂപ സംസ്ഥാന വിഹിതവുമായിരുന്നു. തിരുവനന്തപുരം ജില്ല ഒഴികെയുള്ള ജില്ലകളിലെ സംഘങ്ങളുടെ, ധനകാര്യസ്ഥാപനങ്ങളിലെ വായ്പ പൂർണ്ണമായും എഴുതിത്തള്ളുന്നതിന് സാധ്യമായിട്ടുണ്ട്. കൂടാതെ സംഘങ്ങളുടെ എൻ.സി.ഡി.സി വായ്പയും പൂർണ്ണമായും എഴുതിത്തള്ളിയിട്ടുണ്ട്. നിലവിലുള്ള വായ്പ തീർപ്പാക്കി പുതിയ വായ്പ ലഭിച്ച സംഘങ്ങൾക്ക് മാർജിൻ മണി ഗ്രാന്റും നൽകി വരുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഉണ്ട്. ഇതുസംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) പരിശോധിക്കുന്നതാണ്.

(എഫ്) വിവരം ശേഖരിച്ചുവരുന്നു.

(ജി) സംഘങ്ങളുടെ ലിസ്റ്റ് സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു. പ്രതിസന്ധിയിലുള്ള സംഘങ്ങളെ രക്ഷിക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്. സർക്കാർ ഉത്തരവിന് വിരുദ്ധമായി പ്രവർത്തിച്ച ജില്ലാ സഹകരണ ബാങ്ക് ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കേണ്ടത് സഹകരണ വകുപ്പാണ്. മറ്റ് ജില്ലകളിൽ വായ്പ ഒഴിവാക്കി നൽകിയിട്ടുണ്ട്. ആയതിനാൽ ഇത്തരം പ്രശ്നങ്ങൾ നിലവിലില്ല.

## പരമ്പരാഗത കൈത്തറി നെയ്ത്ത് തൊഴിലാളികളെ സംരക്ഷിക്കുവാൻ കർമ്മ പദ്ധതികൾ

150(6464) <u>ശ്രീ. കെ. സി. ജോസഫ്</u> :
<u>ശ്രീ. വി. എസ്. ശിവകുമാർ</u> :
<u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത കൈത്തറി നെയ്ത്ത് തൊഴിലാളികളെ സംരക്ഷിക്കുവാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മേഖലയിലെ തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിവരിക്കുമോ?

ഉത്തരം

(എ) കൈത്തറി തൊഴിലാളികളെ സംരക്ഷിക്കുന്നതിനുള്ള കർമ്മപദ്ധതികൾ താഴെ ചേർക്കുന്നു:

1. നെയ്ത്തുകാർക്കുള്ള പ്രചോദന പരിപാടി
2. സ്വയം തൊഴിൽ പദ്ധതികൾ
3. ഹാന്റ്ലൂം വില്ലേജ്
4. സംഘത്തിന്റേയും നെയ്ത്തുകാരുടേയും ഷെഡ്ഡു നവീകരണം
5. ഷോറൂം നവീകരണം
6. കൈത്തറി വസ്ത്ര പ്രദർശനവും പ്രചാരണവും
7. വൈദഗ്ദ്ധ്യവികസനം
8. ബ്രാന്റിംഗ്
9. ഡിസൈൻ ബാങ്കുകളും നൂതന ഡിസൈനുകളും
10. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വികസനം
11. വിപണന മേളയും ബയർ സെല്ലർ മീറ്റും
12. ദേശീയ കൈത്തറി മേള
13. ഇൻകുബേഷൻ സെന്റർ
14. നാനോ ലൂമും കോട്ട് ലൂമും
15. അസംസ്കൃത വസ്തുക്കളുടെ ലഭ്യത
16. സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി.

(ബി) ഈ മേഖലയിൽ കൂടുതൽ തൊഴിൽ ദിനങ്ങൾ തൊഴിലാളികൾക്ക് ലഭിക്കുന്നതിനായി സ്വയം തൊഴിൽ പദ്ധതി പ്രകാരം കുറഞ്ഞത് 10 ലൂം എങ്കിലുമുള്ള സംരംഭം തുടങ്ങുന്നതിനായി സഹായം നൽകുന്നു. ഈ പദ്ധതി അനുസരിച്ച് സംരംഭം ആരംഭിക്കുവാൻ 40% മാർജിൻ മണി ഗ്രാന്റ് നൽകിവരുന്നു. ഹാന്റ്ലൂം മേഖലയെ ടൂറിസവുമായി ബന്ധപ്പെടുത്തി കൈത്തറിക്ക് കൂടുതൽ വിപണി കണ്ടെത്തുന്നതിനായി ഹാന്റ്ലൂം വില്ലേജ് ആരംഭിക്കാനുള്ള നടപടികൾ എടുത്തുവരുന്നു. മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപാദിപ്പിക്കുന്നതിന് കൊല്ലം,

തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിലെ കൈത്തറി ക്ലസ്റ്ററുകൾക്ക് മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ വികസന പദ്ധതി അനുസരിച്ച് സഹായം നൽകിവരുന്നു. സംരംഭകരെ സ്വന്തമായി യൂണിറ്റ് ആരംഭിക്കാൻ പ്രാപ്തരാക്കുന്നതിനായി ഇൻകുബേഷൻ സെന്റർ സ്ഥാപിക്കുകയും ഈ സെന്ററിൽ ഇവർക്ക് 12 മാസക്കാലയളവിലേക്ക് സ്ഥലസൗകര്യങ്ങളും സാങ്കേതിക സഹായവും പരിശീലനവും നൽകുന്നതിന് പ്രാപ്തവുമാണ്. നെയ്ത്തുകാർക്ക് ഗുണമേൻമയുള്ള അസംസ്കൃത വസ്തുക്കൾ സുലഭമായി ലഭ്യമാക്കുന്നതിന് നാഷണൽ ഹാന്റ്ലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ റോ മെറ്റീരിയൽ ഡിപ്പോ ബാലരാമപുരത്തും കണ്ണൂരും ആരംഭിച്ചു. കൂടാതെ, 1-ാം ക്ലാസ്സ് മുതൽ 8-ാം ക്ലാസ്സ് വരെയുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്ക് 2 ജോഡി കൈത്തറി യൂണിഫോം വീതം സൗജന്യമായി നൽകുന്ന പദ്ധതിയിലൂടെ തൊഴിലാളികൾക്ക് വർഷത്തിൽ കുറഞ്ഞത് 200 ദിവസത്തെ തൊഴിൽ നൽകുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## ചെങ്ങന്നൂർ പ്രഭുറാം മില്ലിലെ കരാർ ജീവനക്കാർ

151(6465) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ, ടെക്സ്റ്റയിൽ കോർപ്പറേഷന്റെ കീഴിലുള്ള പ്രഭുറാം മില്ലിൽ വർഷങ്ങളായി കരാർ അടിസ്ഥാനത്തിൽ സൂപ്പർവൈസർ തസ്തികയിലും മറ്റ് തസ്തികകളിലും ജോലിചെയ്യുന്നവരെ സ്ഥിരപ്പെടുത്താത്തത് എന്തെന്ന് വിശദീകരിക്കുമോ;

(ബി) ഇത് സംബന്ധിച്ച് ജീവനക്കാർ നിവേദനങ്ങൾ സമർപ്പിച്ചിട്ടും സ്ഥിരപ്പെടുത്തുന്നത് വൈകുന്നത് എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ;

(സി) പ്രസ്തുത ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് ഇനി എന്തെല്ലാം നടപടികൾ ആവശ്യമുണ്ട് എന്ന് വിശദീകരിക്കുമോ;

(ഡി) പ്രസ്തുത ജീവനക്കാരെ എന്ന് സ്ഥിരപ്പെടുത്തുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

### <u>ഉത്തരം</u>

(എ-ഡി) കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ 21-4-2015-ൽ നടന്ന 231-ാമത് ബോർഡ് യോഗം കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന സൂപ്പർവൈസർമാരെ സ്ഥിരപ്പെടുത്താനുള്ള നിവേദനം പരിശോധിച്ചിരുന്നു. കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷനിലെയും പ്രഭുറാം മിൽസ് ഉൾപ്പെടെയുള്ള അതിന്റെ

യൂണിറ്റുകളിലേയും സൂപ്പർവൈസർ, ക്ലറിക്കൽ സ്റ്റാഫ്/അസിസ്റ്റന്റ്, പ്യൂൺ/ അറ്റന്റർ എന്നീ തസ്തികകളിലെ സ്ഥിര നിയമനങ്ങൾ കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയാണ് നടത്തേണ്ടത്. ആയതിനാൽ പ്രസ്തുത ബോർഡ് യോഗം മേൽപ്പറഞ്ഞ നിവേദനം നിരസിച്ചിരുന്നു. മേൽപ്പറഞ്ഞ കാരണങ്ങൾ കൊണ്ട് പ്രഭുറാം മിൽസിലെ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ സാധിക്കുകയില്ല.

**കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് വായ്പാ കുടിശ്ശിക**

152(6466) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽനിന്നും ബ്ലാക്ക്സ്മിത്ത് ആന്റ് കാർപന്ററി വ്യവസായം നടത്തുന്നതിന് 1995-2005 വരെയുള്ള കാലഘട്ടത്തിൽ വായ്പ എടുത്ത് കച്ചവടം നഷ്ടത്തിലായ അൻപതു മുതൽ എഴുപതു വയസ്സ് വരെ പ്രായമുള്ളവർക്ക് എതിരായി ജപ്തി നടപടികൾ ബോർഡ് സ്വീകരിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കുടുംബങ്ങളെ രക്ഷിക്കുന്നതിനും വ്യവസായ സ്ഥാപനങ്ങൾ സംരക്ഷിക്കുന്നതിനുമായി വായ്പാ കുടിശ്ശികയായി കണക്കാക്കിയിരിക്കുന്ന പലിശ, പിഴപ്പലിശ എന്നിവ ഒഴിവാക്കി, മുതൽ വൺ ടൈം സെറ്റിൽമെന്റ് പ്രകാരം തിരിച്ചടയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സർക്കാരിന് കഴിയുമോ?

ഉത്തരം

(എ) വായ്പാ കുടിശ്ശിക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ റവന്യൂ അധികാരികൾ മുഖാന്തിരം ഖാദി ബോർഡ് നടത്തിവരുന്നുണ്ട്. ഇത്തരം നടപടികൾക്ക് പ്രായപരിധി നിഷ്കർഷിച്ചിട്ടില്ല.

(ബി) പാറ്റേൺ പദ്ധതിപ്രകാരം പിഴപ്പലിശ ഒഴിവാക്കി വൺ ടൈം സെറ്റിൽമെന്റ് പ്രകാരം തിരിച്ചടവ് സ്വീകരിക്കുന്ന വ്യവസ്ഥ ഇപ്പോൾ നിലവിലുണ്ട്. അതിനായി മുതലും പലിശയും അടയ്ക്കേണ്ടതാണ്. കേന്ദ്ര ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റെ പദ്ധതിയും ധനസഹായവും ആയതിനാൽ ഈ കാര്യങ്ങൾ ഖാദി കമ്മീഷൻ മുഖേനയാണ് നടപ്പിലാക്കുന്നത്.

**ഖാദി സ്ഥാപനങ്ങൾക്ക് റിബേറ്റ് കുടിശ്ശിക**

153(6467) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി സ്ഥാപനങ്ങൾക്ക് റിബേറ്റ് കുടിശ്ശിക നൽകുവാൻ ബാക്കിയുണ്ടോ; ഉണ്ടെങ്കിൽ അവ എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കുടിശ്ശിക എന്ന് നൽകാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. 31-10-2016 വരെ 24.39 കോടി രൂപയുടെ റിബേറ്റ് കുടിശ്ശികയുണ്ട്.

(ബി) നടപ്പുവർഷം റിബേറ്റ് നൽകുന്നതിനായി 7.75 കോടി രൂപ വകയിരുത്തിയിട്ടുള്ളതിൽ 2.62 കോടി രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്. ബാക്കി തുക സർക്കാരിന്റെ സാമ്പത്തിക സ്ഥിതിക്കനുസരിച്ച് അനുവദിക്കുന്നതാണ്.

**കേരള സ്പോർട്സ് കോളേജ്**

154(6468) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്പോർട്സ് കോളേജ് എവിടെ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) ആയതിന് എത്ര തുക വകയിരുത്തിയിട്ടുണ്ട്;

(സി) കേരള സ്പോർട്സ് കോളേജ് ആരംഭിക്കുന്നതിനായി നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) കോട്ടയം ജില്ലയിലെ നാട്ടകം വില്ലേജിൽ 2-2-2016-ലെ സ.ഉ.(കൈ) നമ്പർ 08/16/കാ.യു.വ. പ്രകാരം സ്പോർട്സ് കോളേജിന് പകരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് സയൻസ് ആന്റ് അപ്ലൈഡ് റിസർച്ച് - കേരള (1 – SPARK) എന്ന് പുനർ നാമകരണം ചെയ്ത് ഉത്തരവായിട്ടുണ്ട്.

(ബി) 16-4-2015-ലെ സ.ഉ.(കൈ)നമ്പർ 12/15/കാ.യു.വ. പ്രകാരം സ്പോർട്സ് കോളേജ് സ്ഥാപിക്കുന്നതിന് ആവശ്യമായ പ്രാരംഭ പ്രവർത്തനങ്ങൾക്കുള്ള ചെലവ് കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പദ്ധതി വിഹിതത്തിൽനിന്നും വഹിക്കുവാൻ ഉത്തരവിട്ടിട്ടുണ്ട്.

(സി) 20-3-2015-ലെ സർക്കാർ ഉത്തരവ് (എം എസ്.)നമ്പർ 117/2015/ റവന്യൂ പ്രകാരം കോട്ടയം ജില്ലയിൽ കോട്ടയം താലൂക്കിൽ നാട്ടകം വില്ലേജിൽ ടെസിൽ കെമിക്കൽസിന് സർക്കാർ പാട്ടത്തിന് നൽകിയിട്ടുള്ള 11.25 ഏക്കർ ഭൂമി ചമയങ്ങളടക്കം നിരുപാധികം നഷ്ടപരിഹാരം കൂടാതെ സർക്കാരിലേയ്ക്ക് തിരികെ ഏറ്റെടുത്ത് ലാന്റ് ബാങ്കിൽ ചേർക്കാനും ഈ ഭൂമിയിൽനിന്നും ആവശ്യമായ സ്ഥലം നിർദ്ദിഷ്ട സ്പോർട്സ് കോളേജിന് അനുവദിക്കുവാനും ഉത്തരവായിട്ടുണ്ട്. 16-4-2015-ലെ സ.ഉ.(കൈ)നമ്പർ 12/15/കാ.യു.വ. പ്രകാരം സ്പോർട്സ് കോളേജ് സ്ഥാപിക്കുന്നതിനുള്ള

പ്രാരംഭ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി പ്രസ്തുത കോളേജിന്റെ സ്പെഷ്യൽ ഓഫീസർ ചുമതല കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറിയായിരുന്ന ഡോ. ബിനു ജോർജ് വർഗ്ഗീസിന് നൽകുകയുണ്ടായി. സ്ഥലത്ത് ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റിൽനിന്നും ലഭിച്ച 3 പ്രീഫാബ് യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. പ്രാരംഭ ഘട്ടമെന്ന നിലയിൽ ഡയറക്ടർ, പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ എന്നിവരുടെ ഓരോ തസ്തികകളും, 2 അസിസ്റ്റന്റ് തസ്തികകളും ഉൾപ്പെടെ ആകെ 5 തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്.

**കായികരംഗത്തെ സമഗ്ര പുരോഗതി**

155(6469) ശ്രീ. അനിൽ അക്കര :

ശ്രീ. വി. ഡി. സതീശൻ :

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക രംഗത്തെ സമഗ്ര പുരോഗതിക്ക് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്യാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള ഏതെല്ലാം കളിസ്ഥലങ്ങളും സൗകര്യങ്ങളുമാണ് ഇതിനു വേണ്ടി പ്രയോജനപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതികളുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ&ബി) പുതുക്കിയ ബഡ്ജറ്റ് പ്രകാരം എല്ലാ പഞ്ചായത്തിലും ഒരു കളിക്കളം തയ്യാറാക്കുന്നതിനുള്ള വിശദമായ ഡി.പി.ആർ. തയ്യാറാക്കി ഘട്ടം ഘട്ടമായി നടപ്പിലാക്കുമെന്നും തുടക്കമെന്ന നിലയിൽ 25 കേന്ദ്രങ്ങളിൽ മിനി സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് 5 കോടി രൂപ വീതം വകയിരുത്തുന്നതായും ഇതിനായുള്ള 135 കോടി രൂപ (2 കേന്ദ്രങ്ങളിൽ 10 കോടി വീതം) പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും കണ്ടെത്തുന്നതാണെന്നും പ്രഖ്യാപിച്ചിട്ടുണ്ട്. 14 ജില്ലകളിലും ഓരോ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. (വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു)*

(സി) പദ്ധതികളുടെ രൂപരേഖ തയ്യാറായിട്ടില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കായികതാരങ്ങൾക്ക് നൽകിയിട്ടുള്ള പ്രോത്സാഹനങ്ങൾ

156(6470) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 5 വർഷമായി സംസ്ഥാനത്ത് നിന്നുള്ള കായിക താരങ്ങൾക്ക് സർക്കാർ നൽകിയിട്ടുള്ള പ്രോത്സാഹനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) വിവിധ ദേശീയ, അന്തർദ്ദേശിയ മത്സരങ്ങളിൽ മെഡലുകൾ നേടിയ കായിക താരങ്ങൾക്ക് സർക്കാർ നൽകിയ പാരിതോഷികങ്ങളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ; ഈ ഇനത്തിൽ ഓരോ വർഷവും എത്ര തുക വീതമാണ് ചെലവഴിച്ചത് എന്ന് ഇനം തിരിച്ച് വിശദമാക്കാമോ;

(സി) കേരളത്തിൽ നടന്ന ദേശീയ ഗെയിംസിൽ മെഡൽ നേടിയ കായിക താരങ്ങൾക്ക് സർക്കാർ ജോലി വാഗ്ദാനം ചെയ്തിരുന്നോ; എത്ര പേർക്കാണ് ജോലി വാഗ്ദാനം നൽകിയിരുന്നത്; ഇതിൽ ഗസറ്റഡ് ജോലി ആർക്കൊക്കെ വാഗ്ദാനം ചെയ്തിരുന്നു;

(ഡി) എത്ര പേർക്ക് ഇതിനോടകം ജോലി നൽകിയിട്ടുണ്ട്; ബാക്കിയുള്ളവർക്ക് ജോലി നൽകാൻ കാലതാമസം എടുക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

### ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) 2012-13 സാമ്പത്തിക വർഷം (2008-09, 2009-10, 2010-11, 2011-12 സാമ്പത്തിക വർഷങ്ങളിലെ) ക്യാഷ് അവാർഡ് ഇനത്തിൽ 5,90,42,581 രൂപയും 2013-14 സാമ്പത്തിക വർഷം 1,50,00,000 രൂപയും ദേശീയ അന്തർദ്ദേശീയ മത്സരങ്ങളിൽ പങ്കെടുത്ത് വിജയിച്ച കായിക താരങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. 35-ാമത് ദേശീയ ഗെയിംസിൽ മെഡൽ നേടിയ കായിക താരങ്ങൾക്ക് ക്യാഷ് അവാർഡിനായി 7,91,00,000 രൂപയും അവരുടെ പരിശീലകർക്കും ടീം മാനേജർക്കും 826500 രൂപയും ക്യാഷ് അവാർഡ് ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ, 2015 ജൂണിൽ ചൈനയിൽ ഹോങ്കോങ്ങിൽ വച്ച് നടന്ന ഏഷ്യൻ പവർ ലിഫ്റ്റിംഗ് മത്സരത്തിൽ പങ്കെടുത്ത് സ്വർണ്ണ മെഡൽ നേടിയ മുഹമ്മ എബി വിലാസം ഹയർ സെക്കന്ററി സ്കൂളിലെ 10-ാം ക്ലാസ്സ് വിദ്യാർത്ഥിനി കുമാരി സി. അശ്വതി, വെള്ളി മെഡൽ നേടിയ ഇതേ സ്കൂളിലെ പ്ലസ് ടു വിദ്യാർത്ഥിനി കുമാരി എസ്. പി. ശ്രീക്കുട്ടി എന്നിവർക്ക് ഒരു ലക്ഷം രൂപ വീതവും കായികാദ്ധ്യാപകനായ ശ്രീ. വി. സവിനയന് 50,000 രൂപയും ധനസഹായം അനുവദിച്ചിട്ടുണ്ട്. കൂടാതെ 31-ാമത് റിയോ ഒളിമ്പിക്സിൽ പങ്കെടുത്ത് 11 കേരളീയ കായിക താരങ്ങൾക്ക് 3,00,000 രൂപ വീതമുള്ള പ്രത്യേക ക്യാഷ് അവാർഡ് നൽകിയിട്ടുണ്ട്.

(സി) 24-2-2015-ലെ സ.ഉ. (കൈ)നമ്പർ 10/15/കാ.യു.വ പ്രകാരം 35-ാം ദേശീയ ഗെയിംസിൽ സംസ്ഥാന ടീമിന്റെ മികച്ച പ്രകടനം കണക്കിലെടുത്ത് വ്യക്തിഗത ഇനങ്ങളിൽ മെഡൽ നേടിയവരിൽ നിലവിൽ ജോലിയില്ലാത്തവർക്ക് വിവിധ സർക്കാർ വകുപ്പുകളിൽ ജോലി നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. ടീം ഇനത്തിൽ സ്വർണ്ണമെഡൽ നേടിയവരിലും നിലവിൽ ജോലിയില്ലാത്തവർക്ക് വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി നൽകുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

1. വ്യക്തിഗത ഇനത്തിൽ മെഡൽ നേടിയവർ - 27
2. ടീം ഇനത്തിൽ സ്വർണ്ണം നേടിയവർ - 41
3. ടീം ഇനത്തിൽ വെള്ളി, വെങ്കല മെഡൽ നേടിയവർ - 83
4. <u>ഗസറ്റഡ് തസ്തിക</u> :

   ശ്രീ. സജൻ പ്രകാശ് - നീന്തൽ

   കുമാരി എലിസബത്ത് സൂസൻ കോശി - റൈഫിൾ ഷൂട്ടിംഗ്

   കുമാരി അനിൽഡ തോമസ് - അത്‌ലറ്റിക്സ്

   കുമാരി അനു ആർ. - അത്‌ലറ്റിക്സ്.

(ഡി) 16-2-2016-ലെ സ.ഉ.(എം എസ്.)നമ്പർ 15/16/കാ.യു.വ. പ്രകാരം 68 കായിക താരങ്ങൾക്ക് സർക്കാർ നിയമനം നൽകുന്നതിന് (വ്യക്തിഗത ഇനത്തിൽ മെഡൽ നേടിയവർ 27 + ടീം ഇനത്തിൽ സ്വർണ്ണം നേടിയവർ 41) ഉത്തരവായിട്ടുണ്ട്. ടീം ഇനത്തിൽ വെള്ളി, വെങ്കല മെഡൽ നേടിയ കായികതാരങ്ങൾക്ക് ലാഭത്തിൽ പ്രവർത്തിക്കുന്ന വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലും ജോലി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഫുട്ബോൾ അക്കാദമി തുടങ്ങുന്നതിനുള്ള നടപടി**

157(6471) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ഫുട്ബോൾ അക്കാദമി തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത ജില്ലയിൽ ഫുട്ബോൾ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) ഫുട്ബോൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ഏതെങ്കിലും പുതിയ പദ്ധതികൾ പരിഗണനയിലുണ്ടോ?

ഉത്തരം

(എ) മഞ്ചേരി സ്പോർട്സ് കോംപ്ലക്സിൽ ഫുട്ബോൾ അക്കാദമി തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി&സി) 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിനുള്ള മറുപടി പ്രസംഗത്തിൽ മലപ്പുറത്ത് ഒരു ഫുട്ബോൾ ഹബ്ബ്, കായിക വകുപ്പ് സാധ്യതാ പഠനം നടത്തിയതിനു ശേഷം സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

## ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം

158(6472) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിലെ ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിൽ വന്ന അപാകത പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അപാകത പരിഹരിക്കുന്നതിനായി ടെക്നിക്കൽ കമ്മിറ്റി പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) റിപ്പോർട്ടിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിലെ ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിൽ അപാകതകൾ ഉണ്ടോയെന്ന് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് കായിക യുവജനകാര്യ വകുപ്പ് ഡയറക്ടറേറ്റിലെ സ്പോർട്സ് എഞ്ചിനീയറിംഗ് വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## നിലമ്പൂർ ഇൻഡോർ സ്റ്റേഡിയം

159(6473) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റിൽ പ്രഖ്യാപിച്ച നിലമ്പൂർ മണ്ഡലത്തിലെ ഇൻഡോർ സ്റ്റേഡിയത്തിന്റെ പണി എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) സ്റ്റേഡിയം നിർമ്മിക്കേണ്ട ഏജൻസി ആരാണെന്ന് കണ്ടെത്തുന്നതിന് വകുപ്പ് ഡയറക്ടർ, സർക്കാരിലേക്ക് നൽകിയ നിർദ്ദേശപ്രകാരം നിർമ്മാണ ഏജൻസിയെ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പ്രസ്തുത പ്രോജക്ട് KIIFB (കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ്) വഴിയാണ് നടപ്പിലാക്കുന്നത്. ഇതിനായി ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**യുവജനങ്ങളുടെ കായികക്ഷമത**

160(6474) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ മേഖലയിൽ യുവജനങ്ങളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനും മികച്ച കായിക താരങ്ങളെ കണ്ടെത്തുന്നതിനുമായി എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദീകരിക്കുമോ;

(ബി) ഗ്രാമീണ മേഖലയിലെ യുവജനങ്ങൾക്ക് അവസരം നൽകുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് കായിക മത്സരങ്ങൾ, മേളകൾ എന്നിവ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ;

(സി) ഗ്രാമീണ മേഖലയിലെ സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ പരിഷ്കരിച്ച് കളിസ്ഥലങ്ങളാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) കേന്ദ്രാവിഷ്കൃത പദ്ധതികളായ "രാജീവ് ഗാന്ധി ഖേൽ അഭിയാൻ" (RGKA), അർബൻ സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ സ്കീം (USIS), നാഷണൽ സ്പോർട്സ് ടാലന്റ് സ്കീം (NSTS), എന്നീ പദ്ധതികൾ ഏകോപിപ്പിച്ച് "ഖേലോ ഇൻഡ്യ" - നാഷണൽ പ്രോഗ്രാം ഫോർ ഡെവലപ്മെന്റ് ഓഫ് സ്പോർട്സ് പദ്ധതി നിലവിലുണ്ട്. ഗ്രാമീണ മേഖലയിലെ യുവജനങ്ങൾക്ക് തങ്ങളുടെ കലാകായിക കഴിവുകൾ പ്രകടിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുമായി ചേർന്ന്, കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് 'കേരളോത്സവം' സംഘടിപ്പിച്ചുവരുന്നു.

(ബി) നിലവിലുള്ള പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനോടൊപ്പം കേരളോത്സവവുമായി ചേർന്നുള്ള കായിക മത്സരങ്ങൾ കൂടുതൽ പങ്കാളിത്തത്തോടെ നടത്തുന്നതാണ്. പുതിയ കായികപ്രതിഭകളെ കണ്ടെത്തുന്നതിനായി ഗ്രാമതലത്തിലുള്ള കായിക മത്സരങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്നതിനും അവരുടെ ശാരീരിക ക്ഷമത വർദ്ധിപ്പിക്കുന്നതിനും മത്സരങ്ങളിൽ പങ്കെടുക്കുന്നതിനുള്ള മാനസികാരോഗ്യം സൃഷ്ടിക്കുന്നതിനും ശ്രദ്ധ ചെലുത്തുന്ന ഒരു സമീപനം സർക്കാർ സ്വീകരിക്കുന്നതാണ്. അതിനായി പുതിയ കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിന് ഇപ്പോൾ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

(സി) നടപടി സ്വീകരിക്കുന്നതാണ്. ഇതിന്റെ ഭാഗമായി എല്ലാ പഞ്ചായത്തിലും ഒരു കളിക്കളം തയ്യാറാക്കുന്നതിനുള്ള വിശദമായ കരട് പദ്ധതി രേഖ (DPR) സ്പോർട്സ് വകുപ്പ് തയ്യാറാക്കി ഘട്ടം ഘട്ടമായി നടപ്പിലാക്കുമെന്നും, തുടക്കമെന്ന നിലയിൽ 23 കേന്ദ്രങ്ങളിൽ മിനി സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് 5 കോടി രൂപ വീതവും, 2 കേന്ദ്രങ്ങളിൽ 10 കോടി രൂപ വീതവും വകയിരുത്തുമെന്നും, ഇതിനായുള്ള 135 കോടി രൂപ ഒരു പ്രത്യേക നിക്ഷേപ പദ്ധതിയിൽനിന്ന് കണ്ടെത്തുന്നതാണെന്നും 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

**അണ്ടർ 17 ലോക കപ്പ് ഫുട്ബോൾ ടൂർണമെന്റ്**

161(6475) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യ അടുത്ത വർഷം ആതിഥേയത്വം വഹിക്കുന്ന അണ്ടർ 17 ലോക കപ്പ് ഫുട്ബോൾ ടൂർണമെന്റിന് കേരളം വേദിയാകുമ്പോൾ അതിനുവേണ്ടി ലഭ്യമാക്കിയിട്ടുള്ള സൗകര്യങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ചെയ്യാനുദ്ദേശിക്കുന്നതും ഏർപ്പെടുത്തേണ്ടതുമായ കാര്യങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) അടുത്ത വർഷം ഇന്ത്യയിൽ നടക്കുന്ന അണ്ടർ 17 ലോക കപ്പ് ഫുട്ബോൾ ടൂർണ്ണമെന്റിന്റെ ചില മത്സരങ്ങൾ ഫിഫ കേരളത്തിന് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത മത്സരങ്ങൾ എറണാകുളം ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിലാണ് നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളത്. പ്രധാന വേദി കൂടാതെ ടീമുകൾക്ക് പരിശീലനത്തിനായി താഴെ പറയുന്ന നാല് ഗ്രൗണ്ടുകൾകൂടി തയ്യാറാക്കുന്നതാണ്:

1. മഹാരാജാസ് കോളേജ് ഗ്രൗണ്ട്.
2. പനമ്പിള്ളി നഗർ ബോയ്സ് ഹൈസ്കൂൾ ഗ്രൗണ്ട്
3. ഫോർട്ട് കൊച്ചിൻ വേളി ഗ്രൗണ്ട്
4. പരേഡ് ഗ്രൗണ്ട് ഫോർട്ട് കൊച്ചിൻ.

(ബി) മത്സര നടത്തിപ്പിനായി സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതും കൊച്ചി നഗരം വൃത്തിയായി സൂക്ഷിക്കേണ്ടതും പൊതു ഗതാഗത സൗകര്യം മെച്ചപ്പെടുത്തേണ്ടതും പൊതുജനങ്ങളിൽ മത്സരത്തെപറ്റി അവബോധം വരുത്തുന്നതിന് ആവശ്യമായ പ്രചാരണവും ഇതിന്റെ ഭാഗമായി ഏർപ്പെടുത്തേണ്ട കാര്യങ്ങളാണ്.

## യുവ വികാസ് പദ്ധതി

162(6476) ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. ദാസൻ :
ശ്രീ. പി. കെ. ശശി :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന യുവജനക്ഷേമ ബോർഡ് 'യുവ വികാസ്' പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) സ്വയം തൊഴിൽ, സംരംഭകത്വ വികസനം, നേതൃത്വ പാടവ വികസനം എന്നിവയിൽ പരിശീലനം നൽകുന്നതിനുള്ള എന്തെല്ലാം നടപടികളാണ് പ്രസ്തുത പദ്ധതി പ്രകാരം സ്വീകരിച്ചിട്ടുള്ളത്;

(ഡി) പ്രസ്തുത പദ്ധതിയിൻകീഴിൽ ജോബ് ഫെസ്റ്റ് സംഘടിപ്പിക്കാറുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) ഉണ്ട്. സംരംഭകത്വ വികസന പരിപാടി, യൂത്ത് ലീഡർഷിപ്പ് ക്യാമ്പ്, സ്വയംതൊഴിൽ പരിശീലനം, സാഹിത്യ ക്യാമ്പ്, യൂത്ത് അവാർഡ്, ജോബ് ഫെസ്റ്റ് എന്നീ പരിപാടികളാണ് 'യുവ വികാസ്' പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) സ്വയം തൊഴിൽ, സംരംഭകത്വ വികസനം, നേതൃത്വ പാടവ വികസനം എന്നീ പരിപാടികളെ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു:

(i) സ്വയംതൊഴിൽ പരിശീലനം :

കേരളത്തിലെ യുവജനങ്ങളിൽ വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും അവരെ സ്വയംതൊഴിൽ കണ്ടെത്തുന്നതിന് പ്രാപ്തരാക്കുന്നതിനുമായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ക്ലബ്ബുകൾ/സന്നദ്ധ സംഘടനകൾ എന്നിവ മുഖേനയും ബോർഡ് നേരിട്ടും സ്വയം തൊഴിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. ഇതിനായി ഓരോ പ്രദേശത്തുനിന്നും സ്വയംതൊഴിൽ സംഘടിപ്പിക്കാൻ താല്പര്യമുള്ള യുവജനക്ലബ്ബുകൾ/സന്നദ്ധ

സംഘടനകൾ എന്നിവരിൽനിന്ന് അപേക്ഷകൾ ക്ഷണിച്ച് അവർ നൽകുന്ന പ്രോജക്ടുകൾ പരിശോധിച്ച് അനുയോജ്യമായ ക്ലബുകൾ/സന്നദ്ധ സംഘടനകൾക്ക് ഉചിതമായ ധനസഹായം നൽകിവരുന്നു.

(ii) <u>സംരംഭകത്വ വികസനം</u> :

കേരളത്തിലെ യുവജനങ്ങളിലെ വ്യവസായ സംരംഭകത്വം വളർത്തി അവരെ പുതിയ സംരംഭങ്ങൾ തുടങ്ങാൻ പ്രാപ്തരാക്കുന്നതിനുവേണ്ടിയുള്ള പരിശീലനം നൽകുന്ന വ്യവസായ സംരംഭകത്വ പരിശീലന പദ്ധതി കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ് നടപ്പാക്കിവരുന്നു.

(iii) <u>നേതൃത്വ പരിശീന ക്യാമ്പ്</u> :

സാമൂഹിക സാംസ്കാരിക സാമുദായിക രാഷ്ട്രീയ രംഗങ്ങളിൽ തൽപ്പരരായ യുവജനങ്ങൾക്ക് പുതിയ ദിശാബോധം നൽകുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ യുവജന സംഘടനകളിലെ നേതാക്കൾക്കായി യൂത്ത് ലീഡർഷിപ്പ് ക്യാമ്പ് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് സംഘടിപ്പിച്ചുവരുന്നു.

(ഡി) ഉണ്ട്. 'യുവ വികാസ്' പദ്ധതിയുടെ കീഴിൽ ആലപ്പുഴ, മലപ്പുറം, കോട്ടയം എന്നീ ജില്ലകളിൽ 2014-15, 2015-16 എന്നീ സാമ്പത്തിക വർഷങ്ങളിൽ 'ജോബ് ഫെസ്റ്റ്' സംഘടിപ്പിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ ആലപ്പുഴ, മലപ്പുറം, കോട്ടയം എന്നീ ജില്ലകളിൽ നടത്തിയ ജോബ് ഫെസ്റ്റിൽ 17143 പേർ പങ്കെടുക്കുകയും 1981 പേർ ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെടുകയും ചെയ്തു. 2015-16 സാമ്പത്തിക വർഷത്തിൽ ജോബ് ഫെസ്റ്റ് മലപ്പുറം ജില്ലയിൽ സംഘടിപ്പിക്കപ്പെടുകയും 5200 പേർ പങ്കെടുത്തതിൽ 660 പേർ ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെടുകയും ചെയ്തു.

**യൂത്ത് കമ്മീഷൻ ചെയർപേഴ്സൺ**

163(6477) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ യൂത്ത് കമ്മീഷൻ ചെയർപേഴ്സണായി ആരെയാണ് നിയമിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഭൂമി/വീട് കൈയ്യേറ്റം സംബന്ധിച്ച് ഇവർക്കെതിരെ ക്രിമിനൽ കേസ്സ് നിലവിലുണ്ടോ; വിവരിക്കുമോ;

(സി) പ്രസ്തുത വ്യക്തിക്കെതിരെ വിജിലൻസ് കേസ്സ് എന്തെങ്കിലും നിലവിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) യൂത്ത് കമ്മീഷൻ ചെയർപേഴ്സൺ പോലുള്ള ഉന്നതസ്ഥാനങ്ങളിൽ വിവിധ കേസ്സുകളിൽ പ്രതിയായ വ്യക്തിയെ നിയമിച്ചത് ശരിയാണെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കുമാരി ചിന്താ ജെറോം,

ചിന്താ ലാന്റ്, ദിവ്യാ നഗർ,

പട്ടത്താനം പി.ഒ., കൊല്ലം.

(ബി) കുമാരി ചിന്താ ജെറോമിനെതിരെ കോടതിയിൽനിന്നും CMP ആയി അയച്ചുകിട്ടിയ പരാതിയിന്മേൽ കുണ്ടറ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1114/15/u/s 451, 43, 480, 506(i), 294(b), 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കുറ്റപത്രം കൊല്ലം JFMC-1 മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

(സി) വിജിലൻസ് കേസുകൾ നിലവിലില്ല.

(ഡി) നിയമിതയായ വ്യക്തിയുടെ പേരിൽ ഒരു കേസിൽ കുറ്റപത്രം സമർപ്പിക്കപ്പെട്ടു എന്നത് നിയമനത്തിനുള്ള അയോഗ്യത അല്ല.

**കേരളോത്സവം പരിപാടി**

164(6478) <u>ശ്രീ. ആർ. രാജേഷ്</u> :
<u>ശ്രീ. ആന്റണി ജോൺ</u> :
<u>ശ്രീ. എ. എൻ. ഷംസീർ</u> :
<u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നടത്തുന്ന കേരളോത്സവം പരിപാടിയുടെ വിശദാംശം നൽകുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പരിപാടിവഴി കൈവരിയ്ക്കാൻ ഉദ്ദേശിക്കുന്നത്;

(സി) കേരളോത്സവ മത്സരങ്ങൾ എത്ര ഘട്ടങ്ങളിലായാണ് നടത്തുന്നതെന്നും അവ ഏതൊക്കെയെന്നും വിശദമാക്കാമോ;

(ഡി) സംസ്ഥാനതല മത്സരങ്ങളിൽ എത്ര കലാ-കായിക താരങ്ങളെയാണ് പങ്കെടുപ്പിക്കേണ്ടതെന്ന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഇ) പ്രസ്തുത പരിപാടിക്കായി നടപ്പ് സാമ്പത്തിക വർഷം എത്ര രൂപ വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് 'കേരളോത്സവം' സംഘടിപ്പിച്ചുവരുന്നു. നഗര-ഗ്രാമ പ്രദേശത്തുള്ള യുവജനങ്ങൾക്ക് പങ്കെടുക്കാൻ ഉതകുന്ന രീതിയിൽ കലാകായിക മത്സരങ്ങളാണ് കേരളോത്സവത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 15 വയസ്സ് തികഞ്ഞവരും 40 വയസ്സ് കഴിയാത്തവരുമായ യുവജനങ്ങൾക്ക് മത്സരങ്ങളിൽ പങ്കെടുക്കാവുന്നതാണ്. ഗ്രാമപഞ്ചായത്ത് തലത്തിലാണ് ആദ്യഘട്ടത്തിലെ മത്സരങ്ങൾ സംഘടിപ്പിക്കപ്പെടുന്നത്. തുടർന്ന് ഗ്രാമപഞ്ചായത്തിലെ വിജയികളെ ബ്ലോക്കുതല മത്സരങ്ങളിലും പങ്കെടുപ്പിക്കുന്നു. ബ്ലോക്കുതല വിജയികളെയും കോർപ്പറേഷൻ/മുനിസിപ്പാലിറ്റി തലങ്ങളിലുള്ള മത്സര വിജയികളെയും നേരിട്ട് ജില്ലാതല മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നു. ജില്ലാതല മത്സര വിജയികളെ സംസ്ഥാനതല മത്സരങ്ങളിലും പങ്കെടുപ്പിക്കുന്നു.

(ബി) സ്കൂൾ, സർവ്വകലാശാല കലോത്സവങ്ങളിൽ പങ്കെടുക്കുവാൻ കഴിയാത്ത കലാകായിക പ്രതിഭകൾക്ക് തങ്ങളുടെ കഴിവ് പ്രകടിപ്പിക്കാനുള്ള വേദിയൊരുക്കുക, അതിലൂടെ കലാകായിക രംഗത്ത് കഴിവുറ്റ പ്രതിഭകളെ കണ്ടെത്തുക എന്നതാണ് കേരളോത്സവംകൊണ്ട് ലക്ഷ്യമിടുന്നത്.

(സി) കേരളോത്സവം നാല് ഘട്ടങ്ങളിലായാണ് സംഘടിപ്പിക്കുന്നത്. പ്രാഥമികമായി ഗ്രാമപഞ്ചായത്ത് തലത്തിലും ഗ്രാമതലത്തിൽ വിജയിക്കുന്നവരെ ഉൾപ്പെടുത്തി രണ്ടാംഘട്ടമെന്ന നിലയിൽ ബ്ലോക്കുതലത്തിലും, ബ്ലോക്ക്/കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി തലത്തിൽ വിജയിക്കുന്നവരെ ഉൾപ്പെടുത്തി ജില്ലാതലത്തിലും ജില്ലാതല വിജയികളെ ഉൾപ്പെടുത്തി അവസാനഘട്ടമെന്ന നിലയിൽ സംസ്ഥാന തലത്തിലും കേരളോത്സവം സംഘടിപ്പിക്കുന്നു.

(ഡി) സംസ്ഥാനതല കലാ-കായിക മത്സരയിനങ്ങളിൽ നിലവിൽ 6,104 പേരാണ് പങ്കെടുക്കുന്നത്. കലാമത്സരങ്ങളിൽ 2940 പേരും കായിക മത്സരയിനങ്ങളിൽ 3164 പേരുമാണ് സംസ്ഥാനതല മത്സരങ്ങളിൽ പങ്കെടുക്കുന്നത്.

(ഇ) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ 4,20,00,000 രൂപ കേരളോത്സവത്തിനായി വകയിരുത്തിയിട്ടുണ്ട്.

## കൊച്ചി കപ്പൽശാല

165(6479) ശ്രീ. എസ്. ശർമ്മ :
ശ്രീ. ആന്റണി ജോൺ :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാഭത്തിൽ പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ കൊച്ചി കപ്പൽശാല, ഓഹരി വിറ്റഴിച്ച് സ്വകാര്യവത്കരിക്കാനുള്ള കേന്ദ്രസർക്കാർ നീക്കത്തെക്കുറിച്ച് നിലപാട് വ്യക്തമാക്കാമോ;

(ബി) ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ഓഹരികൾ തുച്ഛ വിലയ്ക്ക് വിറ്റ് പൊതുസ്വത്ത് സ്വകാര്യ കമ്പനികൾക്ക് അടിയറവുവയ്ക്കുന്ന നീക്കത്തിൽ നിന്നും പിന്മാറാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ;

(സി) കൊച്ചി കപ്പൽശാലയെ പൊതുമേഖലയിൽ തന്നെ നിലനിർത്താനായി കേന്ദ്ര സർക്കാരിനെ സമീപിക്കാൻ തയ്യാറാകുമോ; വിശദമാക്കാമോ?

ഉത്തരം

(എ-സി) രാജ്യാന്തരതലത്തിൽ കപ്പൽ നിർമ്മാണ മേഖല നേരിടുന്ന മത്സരത്തെ അതിജീവിക്കുന്നതിനുവേണ്ടിയുള്ള വികസന പരിപാടികൾ നടപ്പിലാക്കാൻ കൊച്ചി കപ്പൽശാലയ്ക്ക് ഏതാണ്ട് 2,500 കോടി രൂപ കണ്ടെത്തേണ്ടിവരും. ഈ തുക കടമെടുത്ത് പ്രോജക്ട് നടപ്പാക്കുന്നത് ലാഭകരമായിരിക്കില്ല എന്നാണ് കമ്പനി വിലയിരുത്തിയിട്ടുള്ളത്. ഫണ്ട് സമാഹരണത്തിനായി ഇനിഷ്യൽ പബ്ലിക് ഓഫറിംഗ് (IPO) നുള്ള കൊച്ചി കപ്പൽശാലയുടെ നിർദ്ദേശം സാമ്പത്തിക കാര്യങ്ങൾക്കായുള്ള കേന്ദ്ര ക്യാബിനറ്റ് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ലാഭത്തിൽ പ്രവർത്തിക്കുന്ന കമ്പനികൾ സ്റ്റോക്ക് എക്സ്ചേഞ്ചിൽ ലിസ്റ്റ് ചെയ്യണമെന്നാണ് കേന്ദ്ര സർക്കാരിന്റെ നയം. നിലവിലുള്ള നടപടിക്രമം അനുസരിച്ച് 25% ഓഹരി പൊതു വിപണിയിൽ ഉണ്ടായിരിക്കണമെന്നാണ് വ്യവസ്ഥ. ഇനിഷ്യൽ പബ്ലിക് ഓഫറിംഗ് (IPO) സമാഹരണത്തിലൂടെയും ഓഹരി വിറ്റഴിക്കൽ നടപടികളിലൂടെയും 25% ഓഹരികൾ പൊതുവിപണിയിൽ നിലനിർത്താനാണ് കേന്ദ്ര സർക്കാർ ശ്രമിക്കുന്നത്. കമ്പനിയുടെ വികസന പ്രവർത്തനങ്ങൾക്കുള്ള മൂലധനം കണ്ടെത്തുകയാണ് ഇപ്പോഴത്തെ നടപടികളുടെ ലക്ഷ്യമെന്നും കൊച്ചിൻ ഷിപ്പ്യാർഡ് സ്വകാര്യവത്ക്കരിക്കാൻ ഉദ്ദേശിക്കുന്നില്ലെന്ന് കേരളത്തിൽനിന്നുള്ള പാർലമെന്റ് അംഗങ്ങളേയും ട്രേഡ് യൂണിയൻ ഭാരവാഹികളേയും കേന്ദ്ര ഷിപ്പിംഗ് വകുപ്പുമന്ത്രി അറിയിച്ചിട്ടുണ്ട്. കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡ്

ഒരു കേന്ദ്ര പൊതുമേഖലാ സ്ഥാപനമായതിനാൽ അതിന്റെ ഭരണപരമായ കാര്യങ്ങളിൽ ഇടപെടുന്നതിന് സംസ്ഥാന സർക്കാരിന് പരിമിതിയുണ്ട്. ആയതിനാൽ ആ സ്ഥാപനത്തിന്റെ ഓഹരി വിറ്റഴിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ അനുമതി ആവശ്യമില്ല. നിലവിലുള്ള ഓഹരി വിറ്റഴിക്കൽ നയത്തിന്റെ (disinvestment policy) ഭാഗമായാണ് മേൽ നടപടിയുമായി കേന്ദ്ര സർക്കാർ മുന്നോട്ടുപോകുന്നത്.

## എൻ.എച്ച്. 49-ൽ കലുങ്കുകൾ വീതി കൂട്ടുന്ന പ്രവർത്തനങ്ങൾ

166(6481) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.എച്ച്.49 (കൊച്ചി-ധനുഷ്കോടി)-ൽ നേര്യമംഗലം മുതൽ വാളറ വരെയുള്ള ഭാഗത്ത് അപകടകരമായ സ്ഥലങ്ങളിൽ കലുങ്കുകൾ വീതി കൂട്ടുന്നത് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഫോറസ്റ്റ് വകുപ്പിന്റെ ഇടപെടൽമൂലം തടസ്സപ്പെട്ട വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ടൂറിസ്റ്റ് കേന്ദ്രമായ മൂന്നാറിലേക്കുള്ള റോഡിന്റെ നിർമ്മാണ തടസ്സം നീക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

## മെഡിക്കോ ലീഗൽ സൊസൈറ്റി ഓഫ് കേരള നൽകിയ ഹർജി

167(6482) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരുപത്തിനാലു മണിക്കൂർ പോസ്റ്റ്മോർട്ടം അനുവദിച്ച് സർക്കാർ ഇറക്കിയ ഉത്തരവിനെതിരെ മെഡിക്കോ ലീഗൽ സൊസൈറ്റി ഓഫ് കേരള നൽകിയതായി, 17-10-2016-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2854-നുള്ള മറുപടിയിൽ, വ്യക്തമാക്കിയിട്ടുള്ള ഹർജിയുടെ ഉള്ളടക്കം എന്താണെന്ന് പഠിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത ഹർജിയുടെ കോപ്പി ലഭ്യമാക്കാമോ;

(സി) പ്രസ്തുത കേസിൽ മെഡിക്കോ ലീഗൽ സൊസൈറ്റി ഓഫ് കേരളയ്ക്കു വേണ്ടി കോടതിയിൽ ഹാജരായ അഭിഭാഷകൻ ആരായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കേസിൽ സർക്കാരിനുവേണ്ടി ഹാജരായ അഭിഭാഷകൻ ആരായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ഇ) 17-10-2016-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2854 -നുള്ള മറുപടിയിൽ മെഡിക്കോ ലീഗൽ സൊസൈറ്റി ഓഫ് കേരളയുടെ ഹർജിയിൽ വൈകുന്നേരം അഞ്ച് മണിക്കുശേഷം പോസ്റ്റ്മോർട്ടം ചെയ്യേണ്ടതില്ലായെന്ന് കോടതി ഉത്തരവിട്ടിട്ടുണ്ടെന്ന് വ്യക്തമാക്കിയിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കോടതി ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

**ഹോം കോ മാതൃകയിൽ അലോപ്പതി മരുന്ന്**

168(6483) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇംഗ്ലീഷ് മരുന്നുകൾ വ്യാപകമായി വിറ്റഴിക്കുന്ന കേരളത്തിൽ 'ഹോം കോ' മാതൃകയിൽ അലോപ്പതി മരുന്നു നിർമ്മാണം കാര്യക്ഷമമാക്കി വിപണിയിൽ ഇടപെടാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) ജീവിതശൈലീരോഗങ്ങൾക്കുള്ള മരുന്നുകൾ ഉൾപ്പെടെ പ്രധാനപ്പെട്ട മരുന്നുകൾ നിർമ്മിക്കാനും, മരുന്നു വിപണിയിൽ ശക്തമായ സാന്നിധ്യം ഉറപ്പാക്കാനും നടപടികൾ സ്വീകരിക്കാമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) നിലവിൽ വ്യവസായ വകുപ്പിന്റെ കീഴിൽ കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽ ലിമിറ്റഡ് പ്രവർത്തിച്ചുവരുന്നു.

(ബി) ജീവിതശൈലീ രോഗങ്ങൾക്കുള്ള മരുന്നുകൾ ഉൾപ്പെടെ പ്രധാനപ്പെട്ട മരുന്നുകൾ നിർമ്മിക്കാനും, മരുന്ന് വിപണിയിൽ ശക്തമായ സാന്നിധ്യം ഉറപ്പാക്കാനുമുള്ള നടപടികൾ സർക്കാർ പരിശോധിച്ചുവരുന്നു.

**ഇ-സിഗററ്റ്**

169(6484) ശ്രീ. അൻവർ സാദത്ത് :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. പി. ടി. തോമസ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-സിഗററ്റുകൾ നിരോധിച്ചിട്ടുണ്ടോ;

(ബി) ഇവയുടെ ലഭ്യതയും വില്പനയും തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) നിരോധനം ഫലപ്രദമായി പാലിക്കുന്നുണ്ടോ എന്നുറപ്പുവരുത്തുവാൻ ഭരണതലത്തിൽ മോണിറ്ററിംഗ് നടത്തുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഇ-സിഗററ്റുകൾ ഉപയോഗിക്കുന്നതിനെതിരായി ജനങ്ങളെ ബോധവൽക്കരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) സർക്കാർ നിർദ്ദേശപ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 1-8-2016 തീയതിയിലെ ഉത്തരവ് നമ്പർ പി.എച്ച്.5-59747/16/ആ.വ.ഡ. പ്രകാരം ഇലക്ട്രോണിക് സിഗററ്റുകൾ വിൽക്കുന്നതും വിതരണം ചെയ്യുന്നതും ഉത്പാദിപ്പിക്കുന്നതും നിരോധിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന ആരോഗ്യ വകുപ്പിലെ ജീവനക്കാരെ ഉപയോഗപ്പെടുത്തി നടപ്പിലാക്കിവരുന്ന കോട്പ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തി ഇ-സിഗരറ്റുകളുടെ വിപണനം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഉത്തരവ് എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും നൽകിയിട്ടുണ്ട്.

(സി) ആരോഗ്യ വകുപ്പിലൂടെ നടത്തിവരുന്ന പുകയില നിയന്ത്രണ നിയമമായ കോട്പ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇ-സിഗററ്റിന്റെ വ്യാപനംകൂടി നിയന്ത്രിക്കുന്നതിനും നിരീക്ഷിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കി വരുന്ന ഹെൽത്തി കേരള പദ്ധതിയിലൂടെയും ഇ-സിഗററ്റിന്റെ വിപണനം നിരീക്ഷിച്ചുവരുന്നു. ഈ നടപടികൾ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും നടത്തുന്ന അവലോകന യോഗങ്ങളിൽ വിലയിരുത്തപ്പെടുന്നുണ്ട്.

(ഡി) പുകയിലയുടെ ഉപയോഗം ശീലിച്ച വ്യക്തികൾക്ക് പുകയില ഇല്ലാതെ തന്നെ പുകവലിയുടെ അനുഭൂതി ലഭിക്കുമെന്ന ധാരണയിലാണ് ഇ-സിഗററ്റുകൾക്ക് വിപണിയിൽ പ്രചാരം ലഭിച്ചത്. എന്നാൽ ഇ-സിഗരറ്റിൽ ഉപയോഗിക്കുന്ന നിക്കോട്ടിൻ തുടങ്ങിയ പദാർത്ഥങ്ങൾ പുകയിലപോലെതന്നെ ആരോഗ്യത്തിന് ഹാനികരമായി ഭവിക്കുമെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനുള്ള ആരോഗ്യ ബോധവൽക്കരണ പരിപാടികൾ ആരോഗ്യ വകുപ്പ് നടപ്പിലാക്കിവരുന്നു.

**സി-മെറ്റ് നഴ്സിംഗ് കോളേജ് ഹോസ്റ്റൽ**

170(6485) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പെരിയ പഞ്ചായത്തിലെ ആയമ്പാറയിൽ പ്രവർത്തിക്കുന്ന സർക്കാർ സി-മെറ്റ് നഴ്സിംഗ് കോളേജിന്റെ ഹോസ്റ്റൽ കെട്ടിടം എവിടെയാണ് പ്രവർത്തിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിന് സി-മെറ്റിന് സ്വന്തമായി ഭൂമിയുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത സ്ഥലത്ത് ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള തടസ്സം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സി-മെറ്റ് കോളേജ് ഓഫ് നഴ്സിംഗ് ഉദുമയുടെ ആരംഭകാലത്ത് ഉദുമ ജംഗ്ഷനു സമീപം 1,15,000 രൂപയ്ക്ക് ഒരു വാടകക്കെട്ടിടത്തിൽ ഹോസ്റ്റൽ പ്രവർത്തനമാരംഭിച്ചു. എന്നാൽ കാസർഗോഡ് ജില്ലയിൽ പുല്ലൂർ-പെരിയ പഞ്ചായത്തിലെ ആയമ്പാറയിൽ പി.ഡബ്ല്യൂ.ഡി. നിർമ്മിച്ച സ്വന്തമായ കെട്ടിടത്തിലേയ്ക്ക് കോളേജ് മാറിയതിനെ തുടർന്ന് 18 കിലോമീറ്ററോളം ഹോസ്റ്റലിൽനിന്ന് കോളേജിലേയ്ക്ക് കുട്ടികൾ ദിവസവും യാത്ര ചെയ്യേണ്ടിവരുന്ന ബുദ്ധിമുട്ടും ഹോസ്റ്റലിന്റെ കാലപ്പഴക്കത്താലുള്ള പ്രശ്നങ്ങളും കാരണം ഹോസ്റ്റൽ പുല്ലൂർ പെരിയ പഞ്ചായത്തിലെ ചാലിങ്കാലിൽ പുതിയ കെട്ടിടത്തിൽ പ്രതിമാസം 1,30,000 രൂപ വാടക കൊടുത്ത് പ്രവർത്തിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഫണ്ട് ലഭ്യമല്ലാത്തതാണ് തടസ്സം.

**ഡീ-അഡിക്ഷൻ സെന്ററുകൾ**

171(6486) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡീ-അഡിക്ഷൻ സെന്ററുകൾ ഏതെല്ലാം ജില്ലകളിൽ പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) മലപ്പുറം ജില്ലയ്ക്കുവേണ്ടി തിരൂരങ്ങാടി താലൂക്കാശുപത്രിയിൽ അനുവദിച്ചിട്ടുള്ള ഡീ-അഡിക്ഷൻ സെന്റർ പ്രവർത്തനം ആരംഭിക്കുന്നതിന് തടസ്സങ്ങളുണ്ടോ; വ്യക്തമാക്കുമോ;

(സി) തിരൂരങ്ങാടി താലൂക്കാശുപത്രിയിലെ ഡീ-അഡിക്ഷൻ സെന്റർ പ്രവർത്തനം തുടങ്ങുന്നതിനാവശ്യമായ സൈക്യാട്രിസ്റ്റ്, സൈക്കോളജിസ്റ്റ്, സോഷ്യൽ വർക്കർ, സ്റ്റാഫ് നഴ്സ് എന്നീ തസ്തികകൾ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, കോട്ടയം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ പ്രവർത്തിച്ചുവരുന്നു.

(ബി) തിരൂരങ്ങാടി താലൂക്കാശുപത്രിയിൽ ഡീ-അഡിക്ഷൻ സെന്ററിനുവേണ്ടി അനുവദിച്ചിട്ടുള്ള കെട്ടിടത്തിൽ വൈദ്യുതീകരണവും ജലവിതരണ സംവിധാനവും പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത ഡീ-അഡിക്ഷൻ സെന്റർ പ്രവർത്തന ക്ഷമമായിട്ടില്ല. ഈ ജോലികൾ പൂർത്തീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സഹായം ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഡീ-അഡിക്ഷൻ സെന്ററിന്റെ പ്രവർത്തനത്തിനാവശ്യമായ തസ്തിക സംബന്ധമായ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിന് വിധേയമായി നടപടികൾ സ്വീകരിക്കുന്നതാണ്.

**സമഗ്ര ഇ-ഇൻഷ്വറൻസ് പദ്ധതി**

172(6487) ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. റോജി എം. ജോൺ :

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര ഇ-ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ആരോഗ്യ വകുപ്പിന്റെ ഏതു വിഭാഗം വഴിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്;

(സി) എത്ര കോടി രൂപ ഇതിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്?

ഉത്തരം

(എ-സി) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി സംബന്ധിച്ച് അഡീഷണൽ ചീഫ് സെക്രട്ടറി (എച്ച് & എഫ്. ഡബ്ല്യൂ.ഡി.) അദ്ധ്യക്ഷനായും ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ, മെഡിക്കൽ കോളേജിലെ വകുപ്പുമേധാവികൾ എന്നിവർ അംഗങ്ങളുമായ വിദഗ്ദ്ധ സമിതി ഈ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട ചികിത്സാ പരിശോധനാ പ്രൊസീഡ്യുവറുകളും നിരക്കുകളും തീരുമാനിക്കുകയുണ്ടായി. കരട് ലിസ്റ്റും നിരക്കുകളും ഇപ്പോൾ വിദഗ്ദ്ധർ മറ്റു സംസ്ഥാനങ്ങളിലേതുമായി താരതമ്യ പ്പെടുത്തി പരിശോധിച്ചുവരികയാണ്.

## എല്ലാ ജില്ലാ, താലൂക്കാശുപത്രികളിലും ബ്ലഡ് ബാങ്ക്

173(6488) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ ഏതൊക്കെ ആശുപത്രികളോട് അനുബന്ധിച്ചാണ് ബ്ലഡ് ബാങ്ക് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ എല്ലാ ജില്ലാ, താലൂക്ക് ആശുപത്രികളിലും ബ്ലഡ് ബാങ്ക് സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിലവിൽ നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ ഒരു രക്തസംഭരണ യൂണിറ്റാണ് പ്രവർത്തിക്കുന്നത്. നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ മറ്റ് സർക്കാർ രക്തബാങ്കുകൾ നിലവിലില്ല.

(ബി) നിലവിലെ വ്യവസ്ഥകൾ അനുസരിച്ച് പ്രതിവർഷം 2000 യൂണിറ്റിൽ കൂടുതൽ രക്തം ആവശ്യമായി വരുന്ന ആശുപത്രികളിലാണ് രക്ത ബാങ്കുകൾ ആരംഭിക്കുന്നത്. 2000 യൂണിറ്റിൽ താഴെയാണ് രക്തത്തിന്റെ ആവശ്യകതയെങ്കിൽ രക്ത സംഭരണ യൂണിറ്റുകളാണ് ആരംഭിക്കുക. കേരളത്തിലെ 14 ജില്ലകളിലായി 34 സർക്കാർ രക്തബാങ്കുകളാണ് പ്രവർത്തിച്ചുവരുന്നത്. ഇതിൽ 6 താലൂക്ക് ആശുപത്രികളും 9 ജില്ലാ ആശുപത്രികളും 5 ജനറൽ ആശുപത്രികളും ഉൾപ്പെടുന്നു. കൂടാതെ താലൂക്കാശുപത്രികളും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും ഉൾപ്പെടെ 53 സർക്കാർ ആശുപത്രികൾക്ക് രക്തസംഭരണ യൂണിറ്റുകളുണ്ട്. രക്തത്തിന്റെ ആവശ്യകതയും മറ്റ് വ്യവസ്ഥകളും പരിഗണിക്കാതെ എല്ലാ ജില്ലാ, താലൂക്കാശുപത്രികളിലും ബ്ലഡ് ബാങ്കുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലില്ല.

## ആസിഡ് ആക്രമണം

174(6489) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആസിഡ് ആക്രമണം തടയുന്നതിനും, അവയുടെ വില്പന, കൈവശം വക്കൽ ഇവ നിയന്ത്രിക്കുന്നതിനും എന്തെല്ലാം നടപടികളാണ് നിലവിലുള്ളത്;

(ബി) ആസിഡ് ആക്രമണം നേരിടുന്നവർക്ക് കേന്ദ്ര, സംസ്ഥാന, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന എല്ലാ സർക്കാർ ആശുപത്രികളും, സ്വകാര്യ ആശുപത്രികളും സൗജന്യ ചികിത്സ ലഭ്യമാക്കണം എന്ന ഗവൺമെന്റ് ഓർഡർ (G.O (Ms) 454/13) ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പിൽനിന്നും ഇറങ്ങിയത് ഇപ്പോൾ നിലനിൽക്കുന്നുണ്ടോ;

(സി) എങ്കിൽ പല സ്വകാര്യ ആശുപത്രികളും ഈ ഉത്തരവ് നടപ്പിലാക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പാലിക്കാത്ത സ്വകാര്യ ആശുപത്രികൾക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത ഉത്തരവ് പ്രകാരം സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് പാലിക്കേണ്ടത്;

(ഇ) പ്രസ്തുത ഉത്തരവ് പ്രകാരം ആസിഡ് ആക്രമണത്തിന് ഇരയാകുന്ന വ്യക്തിക്ക് 3 ലക്ഷത്തിൽ കുറയാതെയുള്ള ചികിത്സാ സഹായം ലഭ്യമാക്കുന്നതിന് വേണ്ട നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ ആസിഡുകളുടെ കൈവശം വയ്ക്കൽ, വിൽപ്പന എന്നിവ സംബന്ധിച്ച നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൻപ്രകാരമാണ് നിലവിലെ ആസിഡുകളുടെ വാങ്ങൽ, കൈവശം വയ്ക്കൽ, വിൽപ്പന എന്നിവയ്ക്ക് നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ആസിഡ് ആക്രമണം തടയുന്നതിന്റെ ഭാഗമായി ബഹുമാനപ്പെട്ട സുപ്രീം കോടതി 2006-ൽ പുറപ്പെടുവിച്ച വിധിയുടെ അടിസ്ഥാനത്തിൽ കേരള പോയ്സൺ റൂൾ 1995-ന്റെ പരിധിയിൽ 14-ഓളം വിവിധ ആസിഡുകൾ ഉൾപ്പെടുത്തുന്നതിലേയ്ക്കും ആസിഡുകളുടെ വാങ്ങൽ, സംഭരണം, ഉപയോഗം/വിൽപ്പന എന്നിവ നിയന്ത്രിക്കുന്നതിലേയ്ക്കുമുള്ള നിയമങ്ങൾ ഉൾപ്പെടുത്തി പ്രസ്തുത റൂൾ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) ഉണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി&ഇ) ഇതുസംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

**എയർ ആംബുലൻസ് പദ്ധതി**

175(6490) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയർ ആംബുലൻസ് പദ്ധതി ഉപേക്ഷിച്ചുവോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 2016 വർഷത്തിൽ എത്ര രോഗികൾക്ക് എയർ ആംബുലൻസിന്റെ സേവനം നൽകാൻ സാധിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതി ഉപേക്ഷിക്കുകയാണെങ്കിൽ അടിയന്തര സാഹചര്യങ്ങളിൽ ഇതിനുപകരമായി ഉദ്ദേശിക്കുന്ന സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) എയർ ആംബുലൻസ് പദ്ധതി ഇതുവരെ നടപ്പാക്കിയിട്ടില്ല.

(ബി) ആർക്കും നൽകിയിട്ടില്ല.

(സി) പകരം സംവിധാനങ്ങൾ ഇപ്പോൾ പരിഗണനയിലില്ല.

**നേത്ര പരിശോധകരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി**

176(6491) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജില്ലാ, താലൂക്ക് ആശുപത്രികളിലും സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിലും ഉള്ള നേത്ര പരിശോധകരുടെ (Opthometrist) ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

**കാഴ്ച വൈകല്യമുള്ള അമ്മമാർക്ക് പ്രസവാനന്തര ധനസഹായം**

177(6492) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഴ്ച വൈകല്യമുള്ള അമ്മമാർക്ക് പ്രസവാനന്തര ധനസഹായം നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എത്ര കാലത്തേക്കാണ് ധനസഹായം അനുവദിക്കുന്നത്;

(സി) പ്രതിമാസം എന്ത് തുക നൽകും;

(ഡി) ഈ പദ്ധതിക്ക് കേന്ദ്രസഹായം ലഭ്യമാണോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 24 മാസം.

(സി) പ്രതിമാസം 2,000 രൂപ.

(ഡി) കേന്ദ്രസഹായം ലഭ്യമല്ല.

**മാനസികരോഗം മാറിയവരുടെ പുനരധിവാസം**

178(6493) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിൽ രോഗം മാറിയിട്ടും വീട്ടുകാരോ ബന്ധുക്കളോ ഏറ്റെടുക്കാൻ തയ്യാറാകാത്തവരുണ്ടോ; എങ്കിൽ അങ്ങനെ എത്ര പേരുണ്ട്;

(ബി) ഇത്തരത്തിലുള്ളവരെ പുനരധിവസിപ്പിക്കാൻ എന്തെങ്കിലും പദ്ധതി ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) രോഗം മാറിയവരെ വീടുകളിൽ എത്തിക്കാൻ 'കരുണ' എന്ന സന്നദ്ധ സംഘടന ശ്രമം നടത്തിയതും എന്നാൽ അവരുടെ വീട്ടുകാർ അവരെ ഏറ്റെടുക്കാൻ തയ്യാറാകാതിരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) ഉണ്ട് 150 പേർ.

(ബി) സർക്കാർ നിർദ്ദേശപ്രകാരം സാമൂഹ്യനീതി വകുപ്പിന്റെ സഹകരണത്തോടെ കിടത്തിച്ചികിത്സ ആവശ്യമില്ലാത്ത 92 അന്തേവാസികളെ 13 സ്ഥാപനങ്ങളിലേയ്ക്കും കേരളത്തിന് അകത്തുള്ള മറ്റ് അംഗീകൃതമായ 5 സ്ഥാപനങ്ങളിലേയ്ക്ക് 21 പേരെയും ചേർത്ത് ആകെ 113 പേരെ മാറ്റിയിട്ടുണ്ട്. കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിൽനിന്നും ഡിസ്ചാർജ് ചെയ്യുന്ന കുറേ രോഗികളെ കോഴിക്കോട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോ സയൻസസിന്റെ (ഇംഹാൻസ്) കീഴിലുള്ള പുനരധിവാസ കേന്ദ്രത്തിൽ പുനരധിവസിപ്പിച്ചുവരുന്നു.

(സി) ഉണ്ട്. കരുണ എന്ന സംഘടനയുടെ ആംബുലൻസ് ഉപയോഗിച്ച് 33 അന്തേവാസികളെ വീടുകളിൽ എത്തിച്ചു. അതിൽ 2 അന്തേവാസികളെ സ്വീകരിക്കാൻ വീട്ടുകാർ തയ്യാറാകാതിരുന്നതുകൊണ്ട് തിരിച്ചുകൊണ്ടുവന്നിട്ടുണ്ട്.

**ആശ്വാസ കിരണം പദ്ധതി**

179(6494) ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. പി. ഉണ്ണി :
ശ്രീ. കെ. ബാബു :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആശ്വാസ കിരണം പദ്ധതി വിപുലീകരിച്ച് അർഹരായ കൂടുതൽ പേർക്ക് ആനുകൂല്യം ലഭ്യമാക്കാനും തുക വർദ്ധിപ്പിക്കാനും സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകാമോ?

ഉത്തരം

ആശ്വാസ കിരണം പദ്ധതി പ്രകാരമുള്ള പ്രതിമാസ ധനസഹായം 21-10-2016-ലെ സ.ഉ.(എം എസ്.)നമ്പർ 51/2016/സാനീവ. പ്രകാരം 525 രൂപയിൽ നിന്നും 600 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ ആനുകൂല്യം അർഹരായ കൂടുതൽ പേർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഭക്ഷ്യസുരക്ഷാ നിയമം**

180(6495) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. എം. ഉമ്മർ :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുരക്ഷിത ഭക്ഷണം ജനങ്ങൾക്ക് ഉറപ്പാക്കുന്നതിന് രൂപീകരിച്ച ഭക്ഷ്യ സുരക്ഷാ നിയമ വ്യവസ്ഥകൾ സംസ്ഥാനത്ത് പൂർണ്ണതോതിൽ നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഏതൊക്കെ വ്യവസ്ഥകളാണ് ഇനിയും നടപ്പാക്കാനുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) മായം ചേർക്കുന്നതു സംബന്ധിച്ചോ മറ്റ് ക്രമക്കേടുകൾ സംബന്ധിച്ചോ വിലപ്പെട്ട വിവരങ്ങൾ കൈമാറുന്നവർക്ക് പാരിതോഷികം നല്കുന്ന വ്യവസ്ഥ നിലവിലുണ്ടോ; എങ്കിൽ ആർക്കെങ്കിലും പാരിതോഷികം നല്കിയിട്ടുണ്ടോ എന്ന വിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006, 2011-ലെ ഭക്ഷ്യ സുരക്ഷാ റൂൾസ് ആന്റ് റെഗുലേഷൻ എന്നിവ രാജ്യത്താകമാനം 2011 ആഗസ്റ്റ് 5 മുതൽ പ്രാബല്യത്തിൽ വരുത്തിക്കൊണ്ട് കേന്ദ്ര ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഈ കേന്ദ്ര നിയമവും റഗുലേഷനും അനുസരിച്ച് ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യയും സെൻട്രൽ അഡ്വൈസറി കമ്മിറ്റിയും ഈ നിയമം പൂർണ്ണമായി നടപ്പിലാക്കാൻ ചുമതലപ്പെട്ട സ്റ്റാറ്റ്യൂട്ടറി ബോഡികളാണ്. ടി സ്റ്റാറ്റ്യൂട്ടറി ബോഡികളുടെ നിർദ്ദേശ പ്രകാരമുള്ള നടപടികൾ നടത്തിവരുന്നു.

(സി) ഉണ്ട്. എന്നാൽ ഇതുസംബന്ധിച്ച് ചട്ടങ്ങൾ രൂപപ്പെടുത്തിയിട്ടില്ല. അതിനാൽ പാരിതോഷികം നൽകിയിട്ടില്ല.

**റാന്നി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി**

181(6496) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയുടെ പുതിയ ഒ.പി. ബ്ലോക്ക് നിർമ്മാണം ഏതു ഘട്ടം വരെയായി; നിർമ്മാണച്ചെലവ് എത്ര, എന്ന് നിർമ്മാണം ആരംഭിച്ചു എന്നിവ വിശദമാക്കുമോ;

(ബി) നിർമ്മാണം വൈകാനുണ്ടായ കാരണം വ്യക്തമാക്കാമോ; തടസ്സങ്ങൾ മാറ്റി നിർമ്മാണം പുനരാരംഭിച്ചുവോ എന്നും ആയതിന്റെ നിർമ്മാണം എന്ന് പൂർത്തിയാക്കാനാകുമെന്നും വ്യക്തമാക്കുമോ;

(സി) എന്തൊക്കെ സംവിധാനങ്ങളാണ് പുതിയ ഒ.പി. ബ്ലോക്കിൽ വിഭാവനം ചെയ്തിരിക്കുന്നത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഒ.പി. ബ്ലോക്ക് നിർമ്മാണം 90% വരെ പൂർത്തിയായിട്ടുണ്ട്. നിർമ്മാണ ചെലവ് 5 കോടി രൂപ. 23-12-2010-ൽ നിർമ്മാണം ആരംഭിച്ചു.

(ബി) പുതിയ കെട്ടിടം നിലവിലെ കെട്ടിടത്തോട് ചേർന്നാണ് നിർമ്മിക്കുന്നത്. നിർമ്മാണത്തിനാവശ്യമായ സാധനങ്ങൾ നിക്ഷേപിക്കുന്നതിനുള്ള സ്ഥലപരിമിതി, സാധനങ്ങളുടെ ലഭ്യതക്കുറവ്, നിലവിലെ ആശുപത്രിയുടെ പ്രവർത്തനത്തെ ബാധിക്കാത്ത തരത്തിലുള്ള നിർമ്മാണം എന്നിവയാണ് നിർമ്മാണം വൈകാനുണ്ടായ കാരണം. നിർമ്മാണം എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്ന് തീരുമാനിച്ചിട്ടില്ല.

(സി) ഒ. പി. വിഭാഗം, ഡയാലിസിസ് യൂണിറ്റ്, ലാബ് സൗകര്യം എന്നിവയാണ് പ്രസ്തുത ബ്ലോക്കിൽ വിഭാവനം ചെയ്തിരിക്കുന്നത്.

## ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

182(6497) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ പ്രവർത്തനം കാര്യക്ഷമമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) യഥാസമയം ആവശ്യമായ ഫണ്ട് ലഭ്യമാക്കാത്തതാണ് പദ്ധതി പ്രവർത്തനത്തിന് തടസ്സമാകുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) പദ്ധതി നിർവ്വഹണത്തിന് വിഘാതമായി നിൽക്കുന്ന മറ്റുഘടകങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രശ്നങ്ങൾ പരിഹരിച്ച് പദ്ധതി കാര്യക്ഷമമായി നടപ്പാക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ആർ.എസ്.ബി.വൈ.-ചിസ് പദ്ധതിക്കുവേണ്ടി യഥാസമയം ആവശ്യമായ ഫണ്ട് ലഭ്യമായിട്ടുണ്ട്.

(സി) ആർ.എസ്.ബി.വൈ.-ചിസ് പദ്ധതി നടത്തിപ്പിന് നിലവിൽ തടസ്സങ്ങൾ ഒന്നുമില്ല.

(ഡി) ബാധകമല്ല.

## ആരോഗ്യ സംവിധാനം മെച്ചപ്പെടുത്താനും സൗജന്യ ചികിത്സ ഉറപ്പുവരുത്തുവാനും നടപടി

183(6498) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യ സംവിധാനം മെച്ചപ്പെടുത്താനും സൗജന്യ ചികിത്സ ഉറപ്പുവരുത്തുവാനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) കേന്ദ്ര സർക്കാരിന്റെ ആർ.എസ്.ബി.വൈ. പ്രകാരം കിടത്തി ചികിത്സയ്ക്ക് എത്ര തുക ലഭിയ്ക്കുന്നുവെന്നും ആയത് ലഭിക്കുവാനുള്ള വ്യവസ്ഥകൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ; ഇതിനായി മുൻ സർക്കാർ കാലയളവിൽ ഓരോ വർഷവും എത്ര തുക ലഭിച്ചു; എത്ര പേർക്ക് സഹായം ലഭ്യമാക്കി; എത്ര തുക ചെലവായി; വിശദാംശം വെളിപ്പെടുത്താമോ;

(സി) എ.പി.എൽ./ബി.പി.എൽ. വിഭാഗങ്ങൾക്കായി നിലവിലുള്ള ചികിത്സാ ധനസഹായ പദ്ധതികൾ ഏതെല്ലാം; പ്രസ്തുത പദ്ധതികൾ ഓരോന്നിന്റെയും വ്യവസ്ഥകൾ എന്തെല്ലാം; വ്യക്തമാക്കാമോ;

(ഡി) പൂർണ്ണ സൗജന്യ ചികിത്സ ഉറപ്പാക്കാനായി എല്ലാ ചികിത്സ ധനസഹായ പദ്ധതികളെയും ആരോഗ്യ വകുപ്പിൻ കീഴിൽ തന്നെ ഒരു "പൊതു ആരോഗ്യ സഹായ സംവിധാന പദ്ധതി"യാക്കി മാറ്റുന്ന കാര്യം പരിഗണിക്കാമോ; ഇതിനായി അടിയന്തര നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) ജീവിതശൈലീരോഗങ്ങൾ തടയുന്നതിനുള്ള പ്രവർത്തനങ്ങൾ, സൗജന്യ മരുന്നുവിതരണം, ഡയാലിസിസ് യൂണിറ്റുകൾ, എല്ലാ ജില്ലാ ആശുപത്രിയിലും സി.റ്റി. സ്കാൻ എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ആർ.എസ്.ബി.വൈ. ചിസ് പദ്ധതി പ്രകാരം, പദ്ധതിയിൽ അംഗമായിട്ടുള്ള ഒരു കുടുംബത്തിന് (പരമാവധി 5 അംഗങ്ങൾ) ഒരു വർഷം പദ്ധതിയിൽ എം-പാനൽ ചെയ്തിട്ടുള്ള സർക്കാർ/സ്വകാര്യ ആശുപത്രികളിൽനിന്നും 30,000 രൂപ വരെ സൗജന്യ കിടത്തി ചികിത്സ ലഭ്യമാണ്. ഈ പദ്ധതി ആനുകൂല്യം ലഭിക്കാൻ പ്രസ്തുത കാലയളവിൽ സാധ്യതയുള്ള ആർ.എസ്.ബി.വൈ. കാർഡ് ഉണ്ടായാൽ മതിയാകും. പദ്ധതി ആരംഭിച്ചതിനുശേഷം ആനുകൂല്യം ലഭിച്ചവരുടെ വിവരവും അതിലേയ്ക്കായി ചെലവാക്കിയ തുകയും ചുവടെ ചേർക്കുന്നു:

| Year | Number of families (in Lakhs) | Amount received and utilized (in crore) |
|---|---|---|
| 2008-10 | 11.78 | 51.00 |
| 2010-11 | 18.75 | 80.00 |
| 2011-12 | 28.01 | 205.00 |
| 2012-13 | 28.28 | 310.00 |
| 2013-14 | 29.73 | 219.49 |
| 2014-15 | 31.94 | 236.00 |
| 2015-16 | 31.94 | 216.00 |
| 2016-17 | 32.53 | 167.03 |

(സി) ബി.പി.എൽ. വിഭാഗങ്ങൾക്കായി (ഒരു കുടുംബത്തിലെ 5 പേർക്ക്) ആർ.എസ്.ബി.വൈ. പദ്ധതിപ്രകാരം ചികിത്സാ ധനസഹായം നൽകുന്നുണ്ട്. ആർ.എസ്.ബി.വൈ. കാർഡ് ഉണ്ടായാൽ മതിയാകും.

(ഡി) ആർ.എസ്.ബി.വൈ. ചിസ് പ്ലസ്, കാരുണ്യ ബെനവലന്റ് ഫണ്ട് തുടങ്ങിയ പദ്ധതികൾ ഏകീകരിച്ച് ഒരു സാമൂഹികാരോഗ്യ പദ്ധതിയാക്കുന്ന പ്രക്രിയ ഗവൺമെന്റ് തലത്തിൽ പുരോഗമിക്കുന്നു.

**ഫിസിയോ തെറാപ്പി, ഓക്കുപ്പേഷണൽ തെറാപ്പി കോഴ്സുകൾക്ക് പ്രത്യേക കൗൺസിൽ**

184(6499) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫിസിയോ തെറാപ്പി ഓക്കുപ്പേഷണൽ തെറാപ്പി കോഴ്സുകൾക്ക് പ്രത്യേക കൗൺസിൽ രൂപീകരിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ; ഇക്കാര്യത്തിൽ അഭിപ്രായം വ്യക്തമാക്കാമോ;

(ബി) മറ്റ് സംസ്ഥാനങ്ങളിൽനിന്നും കേരളത്തിൽനിന്നും ഈ കോഴ്സുകൾ പാസ്സായി വരുന്ന കുട്ടികൾക്ക് സംസ്ഥാനത്ത് രജിസ്ട്രേഷൻ നടത്തുന്നതിനും ചികിത്സാ രീതികൾ നടപ്പിൽ വരുത്തുന്നതിനും വ്യാജ ചികിത്സാ രീതികൾ തടയുന്നതിനും കൗൺസിൽ എന്ന ആശയം അത്യന്താപേക്ഷിതമാണ് എന്ന കാര്യം പരിശോധിക്കുമോ;

(സി) ഇതു സംബന്ധിച്ച് ഉണ്ടായിരിക്കുന്ന അനിശ്ചിതത്വം വകുപ്പു തലത്തിൽ പരിശോധിക്കുവാൻ എന്തു നടപടിയാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ 18-5-2016-ലെ എച്ച്.ആർ.എം.പി. നമ്പർ 5066/2016 നിർദ്ദേശപ്രകാരം സംസ്ഥാനത്ത് ഫിസിയോ തെറാപ്പി കോഴ്സുകൾക്ക് പ്രത്യേക കൗൺസിൽ രൂപീകരിക്കുന്ന കാര്യം 648987/കെ2/16/ആ.കു.വ. ഫയലിൽ പരിശോധിച്ചുവരികയാണ്. ഓക്കുപ്പേഷണൽ തെറാപ്പി കോഴ്സുകൾക്ക് പ്രത്യേക കൗൺസിൽ രൂപീകരിക്കുന്ന കാര്യം പരിഗണനയിലില്ല.

(ബി) പരിശോധിച്ചുവരുന്നു.

(സി) അലൈഡ്&ഹെൽത്ത് കെയർ പ്രൊഫഷണൽസ് സെൻട്രൽ കൗൺസിൽ ബിൽ 2015 കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. പ്രസ്തുത ബിൽ നിലവിൽ വരുന്നതോടുകൂടി സംസ്ഥാനത്തെ എല്ലാ സ്വതന്ത്ര പാരാമെഡിക്കൽ കൗൺസിലുകളും സംസ്ഥാന അലൈഡ് & ഹെൽത്ത് കെയർ പ്രൊഫഷണൽസ് കൗൺസിലിൽ ഉൾപ്പെടുത്തുവാനാണ് കരട് ബില്ലിൽ വിഭാവനം ചെയ്തിരിക്കുന്നത്. ഇതുസംബന്ധിച്ച് മറ്റ് അനിശ്ചിതത്വങ്ങളൊന്നും തന്നെ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ആരോഗ്യ വകുപ്പിന് കീഴിലെ നിയമനങ്ങൾ

185(6500) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ ഭരണകാലത്ത് ആരോഗ്യ വകുപ്പിന് കീഴിലും അനുബന്ധ സ്ഥാപനങ്ങൾക്ക് കീഴിലും പി.എസ്.സി. വഴിയല്ലാതെ എത്ര നിയമനങ്ങൾ നടന്നിട്ടുണ്ട് എന്ന് വിഭാഗം തിരിച്ച് വിശദമാക്കാമോ; ഇപ്രകാരം നിയമനം നടന്നതിന്റെ ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ; കോഴിക്കോട് ജില്ലയിൽ ഇപ്രകാരം നിയമിക്കപ്പെട്ടവരുടെ പേര് വിവരം, വിലാസം എന്നിവ വിശദമാക്കാമോ;

(ബി) ആരോഗ്യ വകുപ്പ് നിയമനങ്ങളിൽ മുൻ സർക്കാർ ഇടപെടലുകൾ നടത്തിയതിനാൽ വയനാട് ഡി.എം.ഒ. ആയിരുന്ന ഡോ. പി. വി. ശശിധരൻ ആത്മഹത്യ ചെയ്തതായുള്ള ആക്ഷേപം ശ്രദ്ധയിലുണ്ടോ;

(സി) ഡോ. പി. വി. ശശിധരൻ ആത്മഹത്യ ചെയ്യാനിടയായ സംഭവം ഗൗരവത്തിൽ അന്വേഷിക്കുന്നതിനും മുൻ സർക്കാരിന്റെ ഭരണകാലയളവിൽ ആരോഗ്യ വകുപ്പിൽ നടന്നിട്ടുള്ള ക്രമരഹിത നിയമനങ്ങൾ, നടപടികൾ, അവിഹിത ഇടപെടലുകൾ എന്നിവ സംബന്ധിച്ചെല്ലാം പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതിന് നടപടികൾ എടുത്തിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) മുൻ സർക്കാരിന്റെ ഭരണകാലത്ത് ആരോഗ്യ വകുപ്പിന് കീഴിൽ പി.എസ്.സി. മുഖേനയല്ലാതെ നിയമനം നൽകിയവരുടെ വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു*. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ആകെ 2665 നിയമനങ്ങൾ.

| | |
|---|---|
| തിരുവനന്തപുരം | 456 |
| ആലപ്പുഴ | 127 |
| കോട്ടയം | 348 |
| തൃശ്ശൂർ | 849 |
| കോഴിക്കോട് | 355 |
| ഇടുക്കി | 96 |
| മലപ്പുറം (മഞ്ചേരി) | 434 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കോഴിക്കോട് ജില്ലയിൽ ആരോഗ്യ വകുപ്പിനുകീഴിൽ നിയമനം ലഭിച്ചവരുടെ പേരുവിവരങ്ങൾ അനുബന്ധം ആയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ നിയമനങ്ങൾ അനുബന്ധം ആയും ചേർക്കുന്നു.*

(ബി) ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) മുൻസർക്കാരിന്റെ ഭരണകാലയളവിൽ ആരോഗ്യ വകുപ്പിൽ ക്രമരഹിത നിയമനങ്ങൾ നടത്തിയെന്ന് കാണിച്ചുകൊണ്ട് നാല് പരാതികൾ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരികയാണ്.

**റേഡിയോഗ്രാഫറുടെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടി**

186(6501) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ റേഡിയോഗ്രാഫറുടെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) നിലവിൽ സ്കാനിംഗ് മെഷീനുകളും, സ്കാനിംഗ് സംവിധാനങ്ങളും ഉള്ള താലൂക്കാശുപത്രികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) സ്കാനിംഗ് മെഷീനുകൾ ഉള്ളതും, റേഡിയോഗ്രാഫർ തസ്തികകൾ നിലവിലില്ലാത്തതുമായ താലൂക്കാശുപത്രികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തിരൂരങ്ങാടി താലൂക്കാശുപത്രിയിൽ റേഡിയോഗ്രാഫർ തസ്തിക നിലവിലുണ്ട്. പ്രസ്തുത തസ്തികയിൽ ഒരു സ്ഥിര ജീവനക്കാരി ജോലി ചെയ്യുന്നുണ്ട്.

(ബി) ഉത്തരം അനുബന്ധമായി ചേർക്കുന്നു.*

| | | | |
|---|---|---|---|
| (സി) | കൊല്ലം | - | താലൂക്കാശുപത്രി, നെടുങ്ങോലം, കടയ്ക്കൽ |
| | ഇടുക്കി | - | താലൂക്കാശുപത്രി, കട്ടപ്പന |
| | കോഴിക്കോട് | - | താലൂക്കാശുപത്രി, താമരശ്ശേരി |
| | വയനാട് | - | താലൂക്കാശുപത്രി, സുൽത്താൻബത്തേരി |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ആരോഗ്യ വകുപ്പിലെ മാനവശേഷി

187(6502) ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. കെ. എസ്. ശബരീനാഥൻ :

ശ്രീ. അടൂർ പ്രകാശ് :

ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലെ മാനവശേഷി അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ചികിത്സ തേടുന്ന രോഗികളുടെ എണ്ണത്തിന് ആനുപാതികമായി ഡോക്ടർമാരുടെയും, പാരാമെഡിക്കൽ സ്റ്റാഫിന്റെയും എണ്ണം വർദ്ധിപ്പിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) പദവി ഉയർത്തപ്പെട്ട ആശുപത്രികളിൽ ആവശ്യമായ തസ്തികകൾ അനുവദിക്കുന്നതിനുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇതുവരെ കൈക്കൊണ്ട നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ജില്ലാതല/താലൂക്ക്തല, ബ്ലോക്ക്തല ആശുപത്രികളിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലുമുണ്ടായിരിക്കേണ്ട സ്റ്റാഫിനെ സംബന്ധിച്ച ഒരു സ്റ്റാന്റേർഡൈസേഷൻ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ മാനവശേഷി അവലോകനം നടത്തിയിട്ടില്ല. ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ ജീവനക്കാരുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനായി വർക്ക് സ്റ്റഡി നടത്തുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പരിഗണനയിലില്ല.

(സി) ആരോഗ്യ വകുപ്പിൽ പദവി ഉയർത്തപ്പെട്ട ആശുപത്രികളിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനനുബന്ധമായി സ്റ്റാന്റേർഡൈസേഷൻ പ്രൊപ്പോസലും അതിനോടനുബന്ധിച്ച് സംസ്ഥാനത്തൊട്ടാകെയുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് തസ്തിക സൃഷ്ടിക്കുന്ന പ്രൊപ്പോസലും സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പദവി ഉയർത്തി മെഡിക്കൽ കോളേജുകളാക്കി മാറ്റിയ ആശുപത്രികളിൽ ഇന്ത്യൻ മെഡിക്കൽ കൗൺസിൽ മാനദണ്ഡമനുസരിച്ച് ഘട്ടം ഘട്ടമായിട്ടാണ് തസ്തികകൾ അനുവദിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നത്.

## ആരോഗ്യ വകുപ്പിൽ ഒഴിവുള്ള ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകൾ

188 (6503) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ 200 ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഒഴിവുകൾ അടിയന്തരമായി പ്രൊമോഷൻ വഴി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I-ന്റെ അന്തർ ജില്ലാ സ്ഥലം മാറ്റം നടക്കാതിരിക്കുന്നതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിൽ 110 ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II സീനിയോറിറ്റി ലിസ്റ്റ് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സ്റ്റേ ചെയ്തിരിക്കുന്നതിനാൽ അതിന്മേലുള്ള അന്തിമ ഉത്തരവ് വരുന്ന മുറയ്ക്ക് പ്രൊമോഷൻവഴി പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ബി) സംസ്ഥാനതല സീനിയോറിറ്റിയാണ്. ഈ വിഷയം കോടതിയുടെ പരിഗണനയ്ക്ക് വിധേയമായി പരിശോധിക്കുന്നതാണ്.

## മലബാർ മേഖലയിൽ ആർ.സി.സി. മാതൃകയിൽ ആശുപത്രി

189(6504) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മലബാർ മേഖലയിൽ ആർ.സി.സി. മാതൃകയിൽ ഒരു ആശുപത്രി സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആവശ്യം നിറവേറ്റുന്നതിലേക്കായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ ?

ഉത്തരം

(എ&ബി) മലബാർ മേഖലയിൽ നിലവിൽ ക്യാൻസർ ചികിത്സയ്ക്കായി മലബാർ ക്യാൻസർ സെന്റർ എന്ന പേരിൽ ഒരു ചികിത്സാ സ്ഥാപനം നിലവിലുണ്ട്. പ്രസ്തുത മേഖലയിൽ ആർ.സി.സി. മാതൃകയിൽ പുതിയ ഒരു ആശുപത്രി ആരംഭിക്കുന്ന വിഷയം ഇപ്പോൾ ആരോഗ്യ വകുപ്പിന്റെ പരിഗണനയിലില്ല.

**സംസ്ഥാന മെന്റൽ ഹെൽത്ത് അതോറിറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ**

190(6505) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മെന്റൽ ഹെൽത്ത് അതോറിറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് അനുസൃതമായിട്ടുള്ള പ്രവർത്തനമാണോ അതോറിറ്റി നടത്തുന്നതെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്നതുമൂലം മനോരോഗികളാകുന്ന ആളുകളുടെ എണ്ണത്തിൽ വർദ്ധനവ് വന്നിട്ടുണ്ടോ; ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത പഠനത്തിന്റെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) 1987-ൽ കേന്ദ്ര സർക്കാർ പാസ്സാക്കിയ മെന്റൽ ഹെൽത്ത് ആക്ടിന്റെ 4-ാം അനുച്ഛേദം അനുസരിച്ചാണ് 1993 നവംബർ 1-ന് കേരളസ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി രൂപീകൃതമായിട്ടുള്ളത്. സംസ്ഥാന സർക്കാരിന്റെ മേൽനോട്ടത്തിലും നിർദ്ദേശത്തിലും നിയന്ത്രണത്തിലുമാണ് ടി അതോറിറ്റി പ്രവർത്തിക്കുന്നത്.

ഈ അതോറിറ്റിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്:

1. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള മാനസികാരോഗ്യ സേവനങ്ങളുടെയും ടി ആക്ട് പ്രകാരം സംസ്ഥാന സർക്കാരിനെ സംബന്ധിക്കുന്ന മറ്റ് കാര്യങ്ങളുടെയും മാനസികാരോഗ്യവുമായി ബന്ധപ്പെട്ട് സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന മറ്റ് അതോറിറ്റികളുടെയും ഉദ്യോഗസ്ഥരുടെയും പ്രവർത്തനങ്ങളുടെ ക്രമീകരണവും വികസനവും ഏകോപനവും മെന്റൽ ഹെൽത്ത് അതോറിറ്റിയുടെ ഉത്തരവാദിത്വത്തിൽപ്പെടുന്നു.

2. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള സൈക്യാട്രിക് ഹോസ്പിറ്റലുകളുടെയും സൈക്യാട്രിക് നഴ്സിംഗ് ഹോമുകളുടെയും മറ്റ് മാനസികാരോഗ്യ സേവന കേന്ദ്രങ്ങളുടെയും (മാനസികാരോഗ്യ നിരീക്ഷണ

വാർഡുകൾ, പകൽ വീടുകൾ, ജനറൽ ആശുപത്രിയിലെ മനോരോഗ ചികിത്സാ വിഭാഗം, സഞ്ചരിക്കുന്ന മനോരോഗ ചികിത്സാ സൗകര്യങ്ങൾ, മനോരോഗ പുനരധിവാസ കേന്ദ്രങ്ങൾ, ഹാഫ് വേ ഹോമുകൾ തുടങ്ങിയവയുടെയും) പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുക.

3. മാനസികാരോഗ്യ മേഖലയുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളിലും സംസ്ഥാന സർക്കാരിന് ആവശ്യമായ ഉപദേശം നൽകുക.

4. സംസ്ഥാന സർക്കാരിന്റെ ആവശ്യാനുസരണം മാനസികാരോഗ്യവുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങൾ നടപ്പിലാക്കുക.

5. കൂടാതെ സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന മാനസികാരോഗ്യ ചികിത്സാ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുക എന്നതും കേരള മെന്റൽ ഹെൽത്ത് അതോറിറ്റിയുടെ ഉത്തരവാദിത്വമാണ്.

(ബി) ഉണ്ട്. സംസ്ഥാന സർക്കാരിന്റെ ആരോഗ്യ വകുപ്പ് സെക്രട്ടറി ചെയർമാനും ആരോഗ്യ വകുപ്പ് ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, കേരള സംസ്ഥാന ലീഗൽ സർവ്വീസ് അതോറിറ്റിയുടെ മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പിലെ മാനസികാരോഗ്യ വിഷയം കൈകാര്യം ചെയ്യുന്ന അഡീഷണൽ/ ജോയിന്റ്/ഡെപ്യൂട്ടി സെക്രട്ടറി, തിരുവനന്തപുരം മെഡിക്കൽ കോളേജിലെ സൈക്യാട്രി വിഭാഗം മേധാവി, തിരുവനന്തപുരം സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിന്റെ സൂപ്രണ്ട് തുടങ്ങിയ ഔദ്യോഗിക അംഗങ്ങളും ഒരു സൈക്യാട്രിസ്റ്റ്, ഒരു ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഒരു സൈക്യാട്രിക് സോഷ്യൽ വർക്കർ, സാമൂഹ്യനീതി വകുപ്പിന്റെ ഒരു പ്രതിനിധി തുടങ്ങിയ 4 അനൗദ്യോഗിക അംഗങ്ങളും ചേർന്നാണ് സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി. ടി അതോറിറ്റി വർഷത്തിൽ കുറഞ്ഞത് 2 തവണയെങ്കിലും യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്. സംസ്ഥാന സർക്കാരിന്റെ മേൽനോട്ടത്തിൽ ഈ അതോറിറ്റി കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റിയിലേയ്ക്ക് ലൈസൻസിനായി അപേക്ഷ നൽകിയ 224 സ്ഥാപനങ്ങളിൽ 76 സ്ഥാപനങ്ങൾക്ക് നാളിതുവരെ ചട്ടങ്ങൾക്കനുസൃതമായി ലൈസൻസ് നൽകിയിട്ടുണ്ട്. കൂടാതെ, മറ്റ് 7 സ്ഥാപനങ്ങൾക്കുകൂടി ലൈസൻസ് നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. ബാക്കിയുള്ള സ്ഥാപനങ്ങളുടെ അപേക്ഷകൾ ലൈസൻസിനായി ഉള്ള നടപടിക്രമങ്ങളുടെ വിവിധ ഘട്ടങ്ങളിലാണ്.

2012-ലെ കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് റൂൾസ് രൂപീകരിച്ച് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തോടുകൂടി പ്രസിദ്ധീകരിക്കുവാനും നടപ്പിലാക്കുവാനും ആവശ്യമായ സഹായം സംസ്ഥാന സർക്കാരിന് സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി നൽകിയിട്ടുണ്ട്. കേരള സംസ്ഥാന മാനസികാരോഗ്യ നയം കാലോചിതമായി പരിഷ്കരിച്ച് 2013-ൽ പ്രസിദ്ധീകരിക്കുന്നതിന് സർക്കാരിന് സഹായം നൽകി. സർക്കാർ നിർദ്ദേശിക്കുന്ന മാനസികാരോഗ്യ പരിപാടികൾ ഏറ്റെടുത്ത് നടത്തി വരുന്നു. മാനസികാരോഗ്യ മേഖലയിലെ പഠനങ്ങൾക്ക് നേതൃത്വം നൽകിവരുന്നു. സംസ്ഥാനത്തെ ജനങ്ങളെ ബാധിച്ചിട്ടുള്ള മാനസികാരോഗ്യ പ്രശ്നങ്ങളുടെ സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുന്നതിനായി സർക്കാരിന്റെ നിർദ്ദേശാനുസരണം ഒരു സാമൂഹ്യ സർവ്വേ നടത്തി അതിന്റെ റിപ്പോർട്ടും നിരീക്ഷണങ്ങളും സംസ്ഥാന സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(സി) ഉണ്ട്. മദ്യത്തിന്റെ ഉപയോഗവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഒരു പഠനം നടത്തിയിട്ടുണ്ട്.

(ഡി) പഠനറിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം ആയി ചേർത്തിട്ടുണ്ട്.*

## കൃത്രിമ പാലുത്പാദനം

191(6506) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃത്രിമ പാലുത്പാദനം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇത്തരം പാലിന്റെ ഗുണമേന്മ സംബന്ധിച്ച് ഉപഭോക്താക്കളെ അറിയിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇത്തരം ഉത്പന്നങ്ങളിൽ ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമായേക്കാവുന്ന ഘടകങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഇല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പാലിന്റെ ഗുണമേന്മ സംബന്ധിച്ച് ഉപഭോക്താക്കളെ ബോധവത്കരിക്കുന്നതിന് ക്ഷീരവികസന വകുപ്പിന്റെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി എല്ലാ വർഷവും പാൽ ഉപഭോക്തൃ മുഖാമുഖം പരിപാടി എല്ലാ ജില്ലയിലും നടത്തിവരുന്നുണ്ട്. പാലിന്റെ ഗുണമേന്മ സംബന്ധിച്ച പരിശോധനഫലങ്ങളുടെ പകർപ്പ് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നുണ്ട്.

(സി) ഇല്ല.

**ഡന്റൽ അസിസ്റ്റന്റ് സർജൻ/ഡന്റൽ ജൂനിയർ കൺസൾട്ടന്റ് തസ്തികകൾ**

192(6507) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡന്റൽ അസ്സിസ്റ്റന്റ് സർജൻ, ഡന്റൽ ജൂനിയർ കൺസൾട്ടന്റ് എന്നീ തസ്തികകളിൽ എത്ര ഒഴിവുകളുണ്ടെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക്റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്ന് വിശദീകരിക്കുമോ;

(സി) വിരമിക്കൽ പ്രായം ദീർഘിപ്പിക്കുന്നതിനു സമാനമായി സൂപ്പർ ന്യൂമറി പോസ്റ്റ് പരിഗണിച്ച് നിയമനം നടത്തുവാൻ ശിപാർശ ചെയ്യുമോ?

ഉത്തരം

(എ) ഡന്റൽ അസിസ്റ്റന്റ് സർജൻ - 1

ഡന്റൽ ജൂനിയർ കൺസൾട്ടന്റ് - 6

(ബി) ഡന്റൽ അസിസ്റ്റന്റ് സർജൻ തസ്തികയിലെ ഒരു ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഡന്റൽ ജൂനിയർ കൺസൾട്ടന്റ് നിയമനം സ്പെഷ്യലിസ്റ്റ് യോഗ്യതയുള്ള ഡോക്ടർമാരിൽനിന്നും ഓപ്ഷൻ സ്വീകരിച്ച് നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**ചെറുകിട കുപ്പിവെള്ളത്തിന്റെ നിർമ്മാണ-വിതരണ യൂണിറ്റ്**

193(6508) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട കുപ്പിവെള്ളത്തിന്റെ (കുടിവെള്ളം) നിർമ്മാണ-വിതരണ യൂണിറ്റ് സ്ഥാപിക്കുന്നതിനായി ആരോഗ്യ വകുപ്പിന്റെ എന്തെല്ലാം അനുമതികളാണ് ലഭ്യമാക്കേണ്ടതെന്ന് വ്യക്തമാക്കുമോ;

(ബി) ആരോഗ്യ വകുപ്പിന്റെ അനുമതികൾ ലഭ്യമാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ലൈസൻസോ/രജിസ്ട്രേഷനോ BIS സർട്ടിഫിക്കറ്റോ ഉള്ള സ്ഥാപനങ്ങൾക്ക് മാത്രമേ സംസ്ഥാനത്ത് കുടിവെള്ളം നിർമ്മിച്ച് കുപ്പിയിൽ വിതരണം നടത്തുവാൻ അനുമതി നൽകുകയുള്ളൂ. 2011-ലെ Food Safety & Standards (Food Products Standards & Food Additives) റെഗുലേഷനിലെ 2-10-2008-ൽ ഇതുസംബന്ധിച്ച മാനദണ്ഡങ്ങൾ നിഷ്കർഷിച്ചിട്ടുണ്ട്. ചെറുകിട മേഖലയിലുള്ള യൂണിറ്റുകളും ടി മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്. ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ ലൈസൻസോ/രജിസ്ട്രേഷനോ ലഭ്യമാക്കുന്നതിന് ഓൺലൈനിൽ അപേക്ഷിക്കേണ്ടതാണ്.

**പ്രൈമറി ഹെൽത്ത് സെന്ററിനെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ പദ്ധതി**

194(6509) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഓരോ നിയോജക മണ്ഡലത്തിലും കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തപ്പെടുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് പുതിയതായി ലഭിക്കുന്നത് എന്ന് വിശദമാക്കുമോ?

ഉത്തരം

ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ ആരോഗ്യ സംരക്ഷണത്തിനും രോഗപ്രതിരോധത്തിനും ഊന്നൽ നൽകുന്നതിനായി പ്രാഥമികാരോഗ്യ സംരക്ഷണ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. അതനുസരിച്ചുള്ള പ്രാരംഭ നടപടികൾ ആരോഗ്യ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർമാർക്ക് മെച്ചപ്പെട്ട ക്ലിനിക്കൽ സേവനങ്ങൾ ലഭ്യമാക്കാൻ പരിശീലനം നൽകേണ്ട മേഖലകൾ തിട്ടപ്പെടുത്തുന്ന പ്രക്രിയ എസ്.എച്ച്.എസ്.ആർ.സി. വഴി നടന്നുവരികയാണ്. അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചും കൂടുതൽ ജീവനക്കാരെ നിയമിച്ചും ഘട്ടംഘട്ടമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിനുള്ള പ്രാരംഭ നടപടിയും ആരംഭിച്ചിട്ടുണ്ട്.

**അക്കേഷ്യ മരങ്ങൾക്ക് പകരം ഫലവൃക്ഷങ്ങൾ നട്ടുവളർത്തുന്നതിന് നടപടി**

195(6510) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ മെഡിക്കൽ കോളേജുകളുടെ കാമ്പസുകളിൽ ഇപ്പോഴും അക്കേഷ്യ മരങ്ങൾ വളരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അക്കേഷ്യ മരങ്ങൾ വൻതോതിൽ ജലം വലിച്ചെടുക്കുന്നതും ആസ്ത്മ പോലുള്ള

അലർജി രോഗങ്ങൾക്ക് കാരണമാകുമെന്നുമുള്ള റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ആരോഗ്യപ്രശ്നങ്ങൾക്ക് ഇത് കാരണമാകുന്ന സാഹചര്യം പരിശോധിക്കുമോ;

(ഡി) അക്കേഷ്യ മരങ്ങൾക്ക് പകരം ഫലവൃക്ഷങ്ങൾ മെഡിക്കൽ കോളേജ് കാമ്പസുകളിൽ നട്ടു വളർത്തുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള തൃശ്ശൂർ, കോട്ടയം, എറണാകുളം, ആലപ്പുഴ എന്നീ മെഡിക്കൽ കോളേജുകളുടെ കാമ്പസുകളിൽ അക്കേഷ്യ മരങ്ങൾ ഉണ്ട്.

(ബി) റിപ്പോർട്ട് ഈ വകുപ്പിൽ ലഭിച്ചിട്ടില്ല. ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്.

(സി) പരിശോധിക്കാവുന്നതാണ്.

(ഡി) പരിഗണിക്കാവുന്നതാണ്.

## സ്വകാര്യ ക്ലിനിക്കൽ ലാബുകൾ, സ്കാൻ സെന്ററുകൾ എന്നിവയിൽ അനാവശ്യ പരിശോധനകളും അമിതചാർജ്ജും

196(6511) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചില സ്വകാര്യ ക്ലിനിക്കൽ ലാബുകൾ/സ്കാൻ സെന്ററുകൾ എന്നിവയിൽ അനാവശ്യ പരിശോധനകളും അമിത ചാർജ്ജും ഈടാക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിലെ പരിശോധനകൾക്ക് സർക്കാർ നിരക്കും, ജീവനക്കാരുടെ യോഗ്യതയും നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഇല്ലെങ്കിൽ പരിശോധനകൾക്കുള്ള ചാർജ്ജും ജീവനക്കാരുടെ യോഗ്യതയും നിശ്ചയിക്കുന്നതിനും ആയത് വ്യക്തമായി കാണുന്നവിധം പ്രദർശിപ്പിക്കുന്നതിനും അതിൽ വീഴ്ചവരുത്തുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും ആവശ്യമായ നിയമപരമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-സി) നിലവിൽ സ്വകാര്യ ചികിത്സാലയങ്ങളുടെ പ്രവർത്തനങ്ങൾ സർക്കാരിന്റെ നിയന്ത്രണത്തിലല്ല. എന്നാൽ സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥപാനങ്ങളുടെയും പ്രവർത്തന നിലവാരം ആവശ്യമായ നിയമം മുഖേന നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജി. & റഗ്.) ബിൽ 2016-ന് രൂപം നൽകിയിട്ടുണ്ട്. ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നിയമമാകുന്നതോടെ മാത്രമേ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ സ്ഥാപനങ്ങളുടെ മേൽ സർക്കാരിന് നിയന്ത്രണം ഏർപ്പെടുത്താൻ കഴിയുകയുള്ളു.

## പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ ഫാമിലി ഹെൽത്ത് സെന്ററുകളായി ഉയർത്താൻ നടപടി

197(6512) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ നിയോജകമണ്ഡലത്തിലെയും ഒരോ പ്രാഥമികാരോഗ്യ കേന്ദ്രത്തെ ഫാമിലി ഹെൽത്ത് സെന്ററായി ഉയർത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഫാമിലി ഹെൽത്ത് സെന്ററായി ഉയർത്തുന്നതിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദാംശം നൽകുമോ;

(സി) ഫാമിലി ഹെൽത്ത് സെന്ററിൽ കിടത്തി ചികിത്സ സൗകര്യം ഏർപ്പെടുത്തുമോ; ആവശ്യമായ ഡോക്ടർമാർ, മറ്റ് ജീവനക്കാർ എന്നിവരുടെ തസ്തികകൾ അനുവദിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഗവർണറുടെ നയപ്രഖ്യാപനത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഘട്ടംഘട്ടമായി വികസിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രത്തെ ശ്രദ്ധ കേന്ദ്രീകരിച്ച് ഒരു സമഗ്ര ആരോഗ്യ പരിപാടി നടപ്പിലാക്കാനാണ് സർക്കാർ തലത്തിൽ ഉദ്ദേശിക്കുന്നത്. ആരോഗ്യ സംരക്ഷണത്തിനും രോഗപ്രതിരോധത്തിനും ഊന്നൽ നൽകുന്നതിനായി പ്രാഥമികാരോഗ്യ സംരക്ഷണ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി സേവന മേഖലകൾ വികസിപ്പിക്കുന്നതാണ്. അവിടങ്ങളിലെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും

അവയെ സജ്ജമാക്കുന്നതാണ്. ഓരോ പ്രദേശങ്ങളിലെയും സാംക്രമിക രോഗങ്ങളും ജീവിതശൈലീരോഗങ്ങളും വിവിധ വകുപ്പുകളുടെ സംഘടിതമായ ശ്രമത്തിലൂടെ കണ്ടെത്തി പരിഹരിക്കുന്നതാണ്. സംസ്ഥാന തലത്തിൽ രോഗങ്ങളെക്കുറിച്ച് സർവ്വേ നടത്തുന്നതാണ്. പകർച്ചവ്യാധികളല്ലാത്ത രോഗങ്ങളുടെ കാര്യത്തിൽ ഒരു പ്രാഥമികാരോഗ്യ സംരക്ഷണ സമ്പ്രദായം വികസിപ്പിച്ചെടുക്കുക എന്നതാണ് സർക്കാർ അഭിലഷിക്കുന്നത്.

(സി) കിടത്തി ചികിത്സ ആരംഭിക്കാനല്ല മറിച്ച് ചോദ്യം (എ)-യുടെ ഉത്തരത്തിൽ പരാമർശിച്ച രീതിയിലുള്ള വിവിധ പ്രാഥമികാരോഗ്യ സംവിധാനങ്ങൾ വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനാവശ്യമായ അധിക തസ്തിക സൃഷ്ടിക്കുന്ന കാര്യവും പരിഗണനയിലുണ്ട്.

**അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

198(6513) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> :
<u>ശ്രീമതി ഗീതാ ഗോപി</u> :
<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> :
<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നേത്രദാനത്തിൽ ഗണ്യമായ പുരോഗതിയുണ്ടായാൽ അന്ധരുടെ എണ്ണം കുറയ്ക്കാൻ കഴിയുമെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ മരണാനന്തരമുള്ള നേത്രദാനം പ്രോത്സാഹിപ്പിക്കുന്നതിനായി ആവശ്യമായ ബോധവല്ക്കരണം നടത്തുമോ; വ്യക്തമാക്കുമോ;

(സി) പൂർണ്ണമായി ചികിത്സിച്ച് ഭേദമാക്കാൻ കഴിയാത്ത രക്തജന്യ രോഗങ്ങൾക്ക് രക്തമൂലകോശദാനവും മജ്ജമാറ്റി വയ്ക്കലുമാണ് പ്രതിവിധിയെന്നതിനാൽ, സംസ്ഥാനത്ത് മൂലകോശദാതാക്കളുടെ ഒരു രജിസ്ട്രി തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) മരണാനന്തരമുള്ള നേത്രദാനം പ്രോത്സാഹിപ്പിക്കുന്നതിനായി ബോധവല്ക്കരണം നടത്താറുണ്ട്. സഞ്ചരിക്കുന്ന നേത്രരോഗ വിഭാഗം (Mobile Ophthalmic Unit) eye ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ട്. അവിടെ ബോധവല്ക്കരണ ക്ലാസ്സുകൾ നടത്താറുണ്ട്. നേത്രദാന സമ്മതപത്രം എല്ലാ ക്യാമ്പുകളിലും വിതരണം ചെയ്യുകയും

അവ തിരിച്ച് സമർപ്പിക്കുകയും ചെയ്യാറുണ്ട്. എല്ലാ വർഷവും ആഗസ്റ്റ് 25 മുതൽ സെപ്റ്റംബർ 8 വരെ ദേശീയ അന്ധത നിവാരണത്തിന്റെ ഭാഗമായി നേത്രദാന പക്ഷാചരണം നടത്താറുണ്ട്. അതുവഴി ബോധവല്ക്കരണ ക്ലാസ്സുകൾ പൊതുയോഗങ്ങളും റേഡിയോ പ്രഭാഷണം മുതലായവ സംഘടിപ്പിക്കാറുണ്ട്. Eye donation counsellors പല വാർഡുകളിലും അത്യാഹിത വിഭാഗം മുതലായ സ്ഥലങ്ങൾ സന്ദർശിച്ച് നേത്രദാനത്തിന്റെ ആവശ്യകതയെപ്പറ്റി ബോധവല്ക്കരണം നടത്താറുണ്ട്. കൂടാതെ നേത്രദാനത്തിന്റെ മഹത്വം ബോദ്ധ്യപ്പെടുത്തുന്നതിനായി സുനയനം എന്ന ടെലി ഓഫ്ത്താൽമോളജി യൂണിറ്റ് തിരുവനന്തപുരം കണ്ണാശുപത്രിയിൽ പ്രവർത്തിച്ചുവരുന്നു.

(സി) പരിശോധിക്കാവുന്നതാണ്.

## പൂക്കോട് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ കിടത്തി ചികിത്സ

199(6514) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗുരുവായൂർ നഗരസഭാ പ്രദേശത്ത് വരുന്ന പൂക്കോട് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

പൂക്കോട് മിനി പ്രാഥമികാരോഗ്യ കേന്ദ്രമാണ് നിലവിലുള്ളത്. രോഗ പ്രതിരോധത്തിനും മാതൃശിശു പരിചരണത്തിനും വിവിധ രോഗ നിയന്ത്രണ പ്രവർത്തനങ്ങൾക്കും ഊന്നൽ നൽകി പ്രവർത്തിച്ചുവരുന്ന ആരോഗ്യ കേന്ദ്രമാണ് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ. ആവറേജ് ഒ.പി. 150 ആയ ഈ ആശുപത്രിയിൽ നിലവിൽ ഒരു ഡോക്ടറും സ്റ്റാഫ് നഴ്സും മറ്റ് അനുബന്ധ സ്റ്റാഫുമാണുള്ളത്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ഘട്ടംഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി വികസിപ്പിച്ച് സേവന മേഖലകൾ വിപുലപ്പെടുത്താൻ ആലോചിച്ച് വരുന്നുണ്ട്. ടി ആശുപത്രിക്ക് 8 കി. മീ. ചുറ്റളവിലായി ഗുരുവായൂർ ദേവസ്വം വക ആശുപത്രി, 4.5 കി. മീ. ചുറ്റളവിലായി ചാവക്കാട് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, 6 കി. മീ. ചുറ്റളവിലായി കുന്ദംകുളം താലൂക്കാശുപത്രി എന്നിവ സ്ഥിതി ചെയ്യുന്നു. ഇവിടങ്ങളിൽ കിടത്തി ചികിത്സ സൗകര്യം ലഭ്യമാണ്.

## ചാവക്കാട് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി

200(6515) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശത്തെ മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെ നൂറുകണക്കിന് രോഗികൾ ദിനംപ്രതി ചികിത്സയ്ക്കായി എത്തുന്ന ചാവക്കാട് ഗവൺമെന്റ് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ മതിയായ ജീവനക്കാരും ഡോക്ടർമാരും ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് കൂടുതൽ തസ്തിക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) 1960-ലെ സ്റ്റാഫ് പാറ്റേൺ കാലോചിതമായി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള തസ്തികകൾ ആരോഗ്യ സ്ഥാപനങ്ങളിൽ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് തയ്യാറാക്കിവരുന്ന സമാഹൃത പ്രൊപ്പോസലിൽ ടി ആശുപത്രിയും ഉൾപ്പെടുത്തുന്നതാണ്.

(ബി) പരിശോധിച്ചുവരുന്നു.

## ഡയാലിസിസ് യൂണിറ്റുകൾ

201(6516) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡയാലിസിസ് ചെയ്തുവരുന്ന രോഗികൾക്ക് മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളുടെ പരിമിതിമൂലം മൂന്നോ നാലോ തവണ ഡയാലിസിസ് ചെയ്തശേഷം സ്വകാര്യ ആശുപത്രികളിലേക്ക് മാറേണ്ടിവരുന്ന സാഹചര്യം നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രധാനപ്പെട്ട എല്ലാ സർക്കാർ ആശുപത്രികളിലും ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) സ്വകാര്യ ആശുപത്രികളിൽ ഡയാലിസിസ് നടത്തുന്ന നിർദ്ധനരായ രോഗികളുടെ ചികിത്സാചെലവ് സർക്കാർ വഹിക്കുന്നതിന് നടപടി എടുക്കുമോ; വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സ്ഥിരമായി ഡയാലിസിസ് ആവശ്യമുള്ള രോഗികളെ മൂന്നോ, നാലോ ഡയാലിസിസ് ചെയ്തശേഷം മെയിന്റനൻസ് ഡയാലിസിസിന്റെ വെയിറ്റിംഗ് ലിസ്റ്റിൽ പേര് രജിസ്റ്റർ ചെയ്ത് സ്ലോട്ട് ലഭ്യമാകുന്നതു വരെ വീടിനടുത്തുള്ള സർക്കാർ/സ്വകാര്യ ആശുപത്രികളിലേയ്ക്ക് നിർദ്ദേശം നൽകുകയാണ് ചെയ്യുന്നത്. ഇവിടെ 11 ഡയാലിസിസ് മെഷീനിൽ 3 ഷിഫ്റ്റ് ചെയ്തിട്ടും കൂടുതൽ രോഗികളുള്ളതുമൂലമാണ് ഇതുചെയ്യുന്നത്. എന്നാൽ താൽക്കാലിക വൃക്ക തകരാറുള്ള രോഗികൾക്ക് ഡയാലിസിസ് വേണ്ടിവന്നാൽ രോഗം പൂർണ്ണമായും ഭേദമാകുന്നതു വരെയുള്ള ഡയാലിസിസ് ഇവിടെ ലഭ്യമാക്കുന്നതാണ്.

(ബി) എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും ചില താലൂക്കാശുപത്രികളിലും ഡയാലിസിസ് സൗകര്യം ലഭ്യമാണ്. സർക്കാരിന്റെ മാന്ദ്യവിരുദ്ധ പദ്ധതിയിൽ ഉൾപ്പെടുത്തി ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള വിവിധ തലത്തിലുള്ള 44 ആശുപത്രികളിൽ ഡയാലിസിസ് സെന്റർ തുടങ്ങുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്.

(സി) ചില സ്വകാര്യ ആശുപത്രികളിലും കാരുണ്യ, ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികളായ RSBY-യും Chis Plus -ഉം ലഭ്യമാണ്. കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും 2,00,000 രൂപയും RSBY മുഖേന 30,000 രൂപയും Chis Plus മുഖേന 70,000 രൂപയും ഈ രീതിയിൽ ലഭിക്കുന്നുണ്ട്.

**ഡയാലിസിസ് സൊസൈറ്റിക്ക് മരുന്നുകൾ**

202(6517) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) LSGD-DD2/296/2015 തീയതി 1-8-2015 എന്ന കത്ത് പ്രകാരം ഓപ്പൺ ടെണ്ടർ വഴിയോ, സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ വഴിയോ മരുന്നുകൾ വാങ്ങുന്നതിനും, പ്രസ്തുത മരുന്നുകൾ കൊണ്ടോട്ടി സാമൂഹിക ആരോഗ്യ കേന്ദ്രം ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന ഡയാലിസിസ് സൊസൈറ്റിക്ക് കൈമാറുന്നതിനും, കൊണ്ടോട്ടി സാമൂഹിക ആരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസറെ സർക്കാർ ചുമതലപ്പെടുത്തുകയുണ്ടായോ;

(ബി) എങ്കിൽ പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ എത്ര രൂപയുടെ മരുന്നുകൾ മെഡിക്കൽ ഓഫീസർ വാങ്ങി, ഡയാലിസിസ് സൊസൈറ്റിക്ക് കൈമാറിയിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ;

(സി) ഇല്ലെങ്കിൽ മരുന്നുകൾ വാങ്ങാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) നിർദ്ധനരായ വൃക്കരോഗികൾക്ക് സൗജന്യമായി ലഭിക്കേണ്ട മരുന്നുകൾ ലഭിക്കാതെ പോയ സാഹചര്യത്തെക്കുറിച്ച് അന്വേഷിച്ച്, കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത ഉത്തരവിന്മേൽ മരുന്നുകൾ ഒന്നും മെഡിക്കൽ ഓഫീസർ വാങ്ങി ഡയാലിസിസ് സൊസൈറ്റിക്ക് കൈമാറിയിട്ടില്ല.

(സി) കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ ഡയാലിസിസ് യൂണിറ്റിന് മരുന്നുകളും മറ്റ് അനുബന്ധ വസ്തുക്കളും വാങ്ങിക്കൽ സംബന്ധിച്ച് ലോക്കൽ ഫണ്ട് ആഡിറ്റ് ഓഫീസർ ആഡിറ്റ് എൻക്വയറി നമ്പർ 7/2015 തീയതി 19-2-2016 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് കൈമാറി കിട്ടിയ ഒരു സ്ഥാപനത്തിൽ പൊതുഫണ്ട് വിനിയോഗിച്ച് ആർജ്ജിച്ച ആസ്തി ഇത്തരം സൊസൈറ്റികൾക്ക് ഏൽപ്പിക്കുന്നതിന് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിൽ വ്യവസ്ഥയില്ല എന്ന് റിപ്പോർട്ട് ചെയ്തിരിക്കുന്നു. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഫണ്ടുമായി ബന്ധപ്പെട്ട ഇത്തരം ഒരു റിപ്പോർട്ട് നിലനിൽക്കുമ്പോൾ തദ്ദേശ സ്വയംഭരണ വകുപ്പ് ഫണ്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ ആ ഫണ്ടിൽനിന്നും മരുന്നും മറ്റും വാങ്ങി സൊസൈറ്റിക്ക് നൽകാൻ വ്യവസ്ഥയില്ല.

(ഡി) നിലവിൽ ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് നിലനിൽക്കുന്നതിനാൽ മരുന്നുകൾ വാങ്ങുവാൻ നിർവ്വാഹമില്ലാത്തതിനാലാണ് പ്രസ്തുത പദ്ധതി ചെയ്യാതിരുന്നത്. മരുന്നുകൾ ലഭിക്കാത്തത് സംബന്ധിച്ച് പരാതികളൊന്നും ലഭിച്ചിട്ടില്ലാത്തതിനാൽ നടപടി സ്വീകരിച്ചിട്ടില്ല.

**എലിഞ്ഞിപ്ര സി.എച്ച്.സി.-യിൽ ആവശ്യമായ സൗകര്യങ്ങൾ**

203(6518) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടശ്ശേരി പഞ്ചായത്തിലെ എലിഞ്ഞിപ്ര പി.എച്ച്.സി., സി.എച്ച്.സി.-യായി ഉയർത്തപ്പെട്ടെങ്കിലും അതിനനുസൃതമായി കൂടുതൽ സ്റ്റാഫുകളോ, സൗകര്യങ്ങളോ ഏർപ്പെടുത്താത്തതുമൂലം പൊതുജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എലിഞ്ഞിപ്ര സി.എച്ച്.സി.-യിൽ ആവശ്യമായ സൗകര്യങ്ങളും, ഡോക്ടർമാർ, സ്റ്റാഫുകൾ എന്നിവരെ നിയമിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ജി.ഒ.(എം എസ്.) നമ്പർ 60/2009, തീയതി 2-3-2009 പ്രകാരം എലിഞ്ഞിപ്ര ആശുപത്രി സി.എച്ച്.സി. ആയി അപ്ഗ്രേഡ് ചെയ്തിട്ടുള്ളതാണ്. എന്നാൽ കൂടുതൽ സ്റ്റാഫിനെ നിയമിച്ചിട്ടില്ല.

(ബി) എലിഞ്ഞിപ്ര സി.എച്ച്.സി. ഗുണനിലവാരം മെച്ചപ്പെടുത്താനുള്ള സ്റ്റാൻഡേർഡൈസേഷൻ പ്രൊപ്പോസലിൽ ബ്ലോക്ക്തല സി.എച്ച്.സി. എന്ന നിലയിൽ ഉൾപ്പെട്ടിട്ടുണ്ട്. തസ്തിക സൃഷ്ടിക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ തയ്യാറാക്കിവരുന്ന സമാഹൃത പ്രൊപ്പോസലിലും എലിഞ്ഞിപ്ര സി.എച്ച്.സി. ഉൾപ്പെട്ടിട്ടുണ്ട്. നിലവിൽ പബ്ലിക് ഹെൽത്ത് നേഴ്സിന്റെ ഒരു ഒഴിവുണ്ട്. നിശ്ചിത യോഗ്യതയുള്ള ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സമാർക്ക് ഉദ്യോഗക്കയറ്റം നൽകുമ്പോൾ ടി ഒഴിവ് നികത്തുന്നതാണ്.

**ജൈവകൃഷിയും ജൈവഭക്ഷണ ശാലയും നടപ്പിലാക്കാൻ നടപടി**

204(6519) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ജൈവഭക്ഷണ ശാല' എന്ന ആശയം സംസ്ഥാനത്ത് നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഒരു ജില്ലയിൽ ഒരു ഭക്ഷണശാലയെങ്കിലും ഇപ്രകാരം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ആശുപത്രികളിലും ഹെൽത്ത് സെന്ററുകളിലും ജൈവകൃഷിയുടെ ആവശ്യകത വെളിപ്പെടുത്തുന്ന പോസ്റ്ററുകൾ പതിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) രോഗം വരാതെ പ്രതിരോധിക്കാവുന്ന ജൈവഇലക്കറികളും ജൈവ പച്ചക്കറികളും ഉപയോഗിക്കുന്നതിന് ആവശ്യമായ ബോധവൽക്കരണം ആരോഗ്യ വകുപ്പ് നടത്തുമോ;

(ഇ) 'ജൈവ ഭക്ഷണം' ഉപയോഗിക്കുന്നതു സംബന്ധിച്ച് ഒരു ക്യാമ്പയിൻ ആരോഗ്യവകുപ്പ് നടത്തുമോ?

ഉത്തരം

(എ-സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി&ഇ) ജീവിതശൈലീ രോഗങ്ങളെ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി ജൈവ ഇലക്കറികളും ജൈവ പച്ചക്കറികളും ഉപയോഗിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ആരോഗ്യ വകുപ്പ് ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

## ഡിജിറ്റൽ ഹെൽത്ത് ഡാറ്റ

205(6520) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളിതുവരെ ആകെയുള്ള കുടുംബങ്ങളുടെ ഡിജിറ്റൽ ഹെൽത്ത് ഡാറ്റാ തയ്യാറാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) ഹെൽത്ത് ഡാറ്റാ തയ്യാറാക്കിയിട്ടില്ലെങ്കിൽ തയ്യാറാക്കാൻ എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

(സി) സർക്കാർ തലത്തിൽ വിവിധ വിഭാഗങ്ങളിൽ പ്രവർത്തിക്കുന്ന എത്ര ഡോക്ടർമാർ, മറ്റു ജീവനക്കാർ നിലവിലുണ്ട് എന്നും എത്ര പേരുടെ സേവനം കൂടി ആവശ്യമുണ്ട് എന്നും വിഭാഗം തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആകെയുള്ള കുടുംബങ്ങളുടെ ഡിജിറ്റൽ ഹെൽത്ത് ഡാറ്റാ തയ്യാറാക്കിയിട്ടില്ല. ഇതിനുവേണ്ട പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. തിരുവനന്തപുരം ജില്ലയിലെ വെള്ളനാട്, മണമ്പൂർ, പുത്തൻതോപ്പ് എന്നീ മൂന്ന് ബ്ലോക്കുകളിലെ ആരോഗ്യ വിവരങ്ങൾ ശേഖരിക്കുന്ന പ്രവർത്തനം പുരോഗമിക്കുന്നു.

(ബി) ഇ-ഹെൽത്ത് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതോടെ ഡിജിറ്റൽ ഹെൽത്ത് ഡാറ്റ തയ്യാറാക്കാനുള്ള ആരോഗ്യവിവര ശേഖരണ നടപടികൾ പൂർത്തീകരിക്കാൻ കഴിയും.

(സി) അനുബന്ധമായി ചേർക്കുന്നു.*

## കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിന്റെ നിർമ്മാണം

206(6521) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിന്റെ ഇതുവരെ ചെയ്ത നിർമ്മാണ പ്രവൃത്തികൾക്ക് ചെലവഴിച്ച തുക എത്രയാണെന്നും പ്രസ്തുത തുക സമാഹരിച്ചതെങ്ങനെയാണെന്നും വ്യക്തമാക്കാമോ;

(ബി) കൈവശമുള്ള ഫണ്ട്, ഇപ്പോൾ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് പര്യാപ്തമാണോ എന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഇപ്പോൾ നടന്നുവരുന്ന നിർമ്മാണം പൂർത്തിയായാൽ രണ്ടാംഘട്ട നിർമ്മാണത്തിന് ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ഡി) കാസർഗോഡ് മെഡിക്കൽ കോളേജിന്റെ മൊത്തം നിർമ്മാണ ചെലവ് എത്രയാണെന്നും ഈ തുക എങ്ങനെയാണ് സമാഹരിക്കുന്നതെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇതുവരെ 11,01,95,000 രൂപ ചെലവഴിച്ചു.

| | | | |
|---|---|---|---|
| 1. | സർക്കാർ വിഹിതം | - | 19,95,000 രൂപ |
| 2. | നബാർഡ് അസിസ്റ്റൻസ്(20%) | - | 5,82,00,000 രൂപ |
| 3. | കാസർഗോഡ് ഡിസ്ട്രിക്ട് ഡെവലപ്മെന്റ് പാക്കേജ് | - | 5,00,00,000 രൂപ |

(ബി) ബഡ്ജറ്റ് വിഹിതം, നബാർഡ് അസിസ്റ്റൻസ്, കാസർഗോഡ് ഡെവലപ്മെന്റ് പാക്കേജിലൂടെ ലഭിക്കുന്ന ഫണ്ട് എന്നിവവഴി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവാൻ സാധിക്കുന്നതാണ്.

(സി) രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി 5,28,37,367.28 രൂപ ചെലവഴിച്ചിട്ടുണ്ട്. ബഡ്ജറ്റ് വിഹിതം, നബാർഡ് അസിസ്റ്റൻസ്, കാസർഗോഡ് ഡെവലപ്മെന്റ് പാക്കേജിലൂടെ ലഭിക്കുന്ന ഫണ്ട് എന്നിവവഴി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവാൻ സാധിക്കുന്നതാണ്.

(ഡി) എസ്റ്റിമേറ്റ് പ്രോജക്ട് അടങ്കൽ തുക 282 കോടി രൂപയാണ്. ബഡ്ജറ്റ് വിഹിതം, നബാർഡ് അസിസ്റ്റൻസ്, കാസർഗോഡ് ഡെവലപ്മെന്റ് പാക്കേജിലൂടെ ലഭിക്കുന്ന ഫണ്ട് എന്നിവ വഴിയാണ് തുക സമാഹരിക്കുന്നത്.

**മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാരുടെ പ്രൈവറ്റ് പ്രാക്ടീസ്**

207(6522) <u>ശ്രീ. വി. ഡി. സതീശൻ</u> :
<u>ശ്രീ. വി. ടി. ബൽറാം</u> :
<u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാരുടെ പ്രൈവറ്റ് പ്രാക്ടീസ് കർശനമായി നിരോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഡോക്ടർമാർ പ്രൈവറ്റ് പ്രാക്ടീസ് നടത്തുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രൈവറ്റ് പ്രാക്ടീസ് കർശനമായി തടയുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാം?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാരുടെ പ്രൈവറ്റ് പ്രക്ടീസ് സർക്കാർ ഉത്തരവ് പ്രകാരം കർശനമായി നിരോധിച്ചിട്ടുണ്ട്. 1-10-2009-ലെ സ.ഉ.(പി) 345/2009/ആ.ക.വ നമ്പർ ഉത്തരവ് പ്രകാരം 1960-ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങളിൽ ഇക്കാര്യമുൾപ്പെടുത്തി ഭേദഗതി വരുത്തിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശ്രദ്ധയിൽപ്പെട്ടിട്ടുള്ള കേസ്സുകളിൽ പരിശോധന നടത്തി സർക്കാർ ഉത്തരവിന് വിരുദ്ധമായി പ്രവർത്തിക്കുന്നതായി കണ്ടെത്തുന്ന ഡോക്ടർമാർക്കെതിരെ കേരളാ സിവിൽ സർവ്വീസുകൾ (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം, 1960-ലെ വ്യവസ്ഥകൾ പ്രകാരം അച്ചടക്ക നടപടികൾ കൈക്കൊണ്ടു വരുന്നുണ്ട്.

**മെഡിക്കൽ ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം**

208(6523) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരും, മറ്റ് മെഡിക്കൽ ഉദ്യോഗസ്ഥരും സ്ഥലം മാറിപ്പോകുമ്പോൾ പകരം ആൾ വരാൻ താമസം വരുന്നതുമൂലം രോഗികൾ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുവാനായി എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഒരു സ്ഥാപനത്തിൽനിന്നും ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും സ്ഥലംമാറ്റുമ്പോൾ കഴിയുന്നതും പകരം ആളെ നിയമിച്ചശേഷം മാത്രമേ സ്ഥലം മാറ്റപ്പെട്ട ജീവനക്കാരെ വിടുതൽ ചെയ്യാറുള്ളൂ. ഒഴിവാക്കാൻ സാധിക്കാത്ത കാരണങ്ങളാൽ പകരം ആളെ നിയമിക്കാതെ ഒരു ജീവനക്കാരനെ സ്ഥലംമാറ്റം ചെയ്യേണ്ടിവന്നാൽ ടി ജീവനക്കാരന്റെ ചുമതല ടി സ്ഥാപനത്തിലെ മറ്റൊരു ജീവനക്കാരന് നൽകിയിട്ടായിരിക്കും സ്ഥലംമാറ്റം ലഭിച്ചയാളെ വിടുതൽ ചെയ്യുന്നത്. ഒരു ഡോക്ടർ മാത്രമുള്ള സ്ഥാപനത്തിൽനിന്നും ഡോക്ടറെ സ്ഥലം മാറ്റുമ്പോൾ സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിനും രോഗികൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാതിരിക്കുന്നതിനുമായി വിടുതൽ ചെയ്യുന്നതിനുമുമ്പ് അടുത്ത ഏതെങ്കിലും ആശുപത്രിയിലെ ഡോക്ടർക്ക് അധിക ചുമതല നൽകി പുതുതായുള്ള ഡോക്ടർ വരുന്നതുവരെ നിയമിക്കുകയാണ് ചെയ്യുന്നത്.

## ആയുർവ്വേദ മർമ്മ വിഭാഗത്തെ ശക്തിപ്പെടുത്തുവാൻ നടപടി

209(6524) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവ്വേദ ചികിത്സ തേടിയെത്തുന്ന രോഗികളിൽ ഏറെയും മർമ്മ ചികിത്സാ വിഭാഗത്തിലായിട്ടും, മർമ്മവിഭാഗ മെഡിക്കൽ ഓഫീസറുടെ 16 തസ്തികകൾ മാത്രമേ സംസ്ഥാനത്താകെയുള്ളൂ എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് ആരോഗ്യ വകുപ്പ് മന്ത്രിക്ക് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) കേരളത്തിലെ ഏക മർമ്മ ആശുപത്രിയിൽ രോഗികൾക്ക് ആനുപാതികമായി മർമ്മവിഭാഗം ഡോക്ടർമാർ ഇല്ലാത്തതുകാരണം ചികിത്സതേടിയെത്തുന്നവർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഡോക്ടർമാരുടെ കൂടുതൽ തസ്തിക സൃഷ്ടിക്കുമോ;

(ഡി) കേരളത്തിലെ 20 ബെഡ്ഡിൽ കൂടുതലുള്ള ആയുർവ്വേദ ആശുപത്രികളിൽ, അലോപ്പതി ആശുപത്രികളിലെപ്പോലെ 2 സ്പെഷ്യാലിറ്റി ഡോക്ടർമാരെയെങ്കിലും നിയോഗിക്കുകയും മർമ്മ വിഭാഗത്തെ ശക്തിപ്പെടുത്തുകയും ചെയ്യുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. പരിശോധിച്ചുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## ഫോറൻസിക് സർജറി വിഭാഗത്തിലെ തസ്തികകൾ

210(6525) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഫോറൻസിക് സർജറി വിഭാഗത്തിൽ നിലവിലുള്ള ഡോക്ടർമാരുടെയും പാരാമെഡിക്കൽ വിഭാഗക്കാരുടേയും മറ്റ് ജീവനക്കാരുടെയും തസ്തികകളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത വിഭാഗത്തിൽ ഇപ്പോൾ എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഫോറൻസിക് സർജറി വിഭാഗത്തിൽ നിലവിലുള്ള ഡോക്ടർമാരുടെയും പാരാമെഡിക്കൽ വിഭാഗക്കാരുടെയും മറ്റ് ജീവനക്കാരുടെയും തസ്തികകളുടെ വിശദാംശം അനുബന്ധമായി ഉൾക്കൊള്ളിക്കുന്നു.*

(സി) നിലവിലുള്ള ഒഴിവുകളെല്ലാം തന്നെ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**സർക്കാർ മെഡിക്കൽ കോളേജുകളിൽ ഗവേഷണത്തിന് സൗകര്യങ്ങൾ**

211(6526) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മെഡിക്കൽ കോളേജുകളിൽ ഗവേഷണത്തിന് എന്തൊക്കെ സൗകര്യങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഗവേഷണത്തിന് ബഡ്ജറ്റിൽ പ്രത്യേക തുക വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഗവേഷണത്തിന്റെ ഫലമായി എന്തെങ്കിലും പുതിയ കണ്ടുപിടിത്തങ്ങൾ കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) സർക്കാർ മെഡിക്കൽ കോളേജുകളിൽ ഗവേഷണ പഠനത്തിനായി State Board of Medical Research വഴി സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനായി Institutional Research Committee പ്രവർത്തിക്കുന്നു. മെഡിക്കൽ കോളേജുകളിൽ ജോലി ചെയ്യുന്ന ഫാക്കൽറ്റികളുടെയും പോസ്റ്റ് ഗ്രാജ്വേറ്റുകളുടെയും ഗവേഷണ പഠനങ്ങൾക്കാവശ്യമായ സാമ്പത്തിക സഹായം അനുവദിക്കുകയും ചെയ്യുന്നു.

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ എസ്.ബി.എം.ആർ.-ന് ബഡ്ജറ്റിൽ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 17-8-2016-ലെ ജി.ഒ.(ആർ.റ്റി) നമ്പർ 2273/16/H&FWD പ്രകാരം പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ എസ്.ബി.എം.ആർ.-ൽ 2011 മുതൽ 2016 വരെയുള്ള കാലയളവിൽ നടത്തിയ ഗവേഷണ പഠനങ്ങളുടെ ഫലമായി കണ്ടെത്തിയവയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1. ഫാർമസി വകുപ്പിൽ നടത്തിയ പഠനത്തിൽ കേരളത്തിൽ ലഭ്യമായ നിലകാരകം, കരിമുള്ള് തുടങ്ങിയ ഔഷധ സസ്യങ്ങളിലെ ഉപയോഗപ്രദമായ ഘടകങ്ങൾ കണ്ടെത്തുകയും ചെടികളെ തിരിച്ചറിയുവാനും അവ ഉപയോഗിച്ച് ഔഷധങ്ങൾ നിർമ്മിക്കാനുമുള്ള പ്രാരംഭ പരീക്ഷണങ്ങൾ നടത്തിയിട്ടുണ്ട്.

2. പപ്പായ ഇലകൾ ഡെങ്കി പനിയെ പ്രതിരോധിക്കാൻ ഉപയോഗ പ്രദമാണെന്ന് കണ്ടെത്തുകയും ആയത് സംബന്ധിച്ച പരീക്ഷ ണങ്ങളിലൂടെ ആദ്യഘട്ടം വിജയകരമായി പൂർത്തിക്കിയിട്ടുമുണ്ട്.

3. തുടർച്ചയായി ഗർഭഛിദ്രം ഉണ്ടാകുന്ന സ്ത്രീകളിൽ നടത്തിയ പഠനത്തിൽ anti thyroid anti bodies ഗർഭഛിദ്രത്തിന് ഒരു പ്രധാന കാരണമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

4. 20 വയസ്സിന് മുകളിൽ പ്രായമുള്ളവരിൽ ഭൂരിഭാഗം പേർക്കും Metabolic Syndrome ഉള്ളതായി കണ്ടെത്തി. ഇത് ഇന്ത്യയിലും ലോകത്തിലെ മറ്റുഭാഗങ്ങളിലും നടത്തിയ പഠന ഫലങ്ങൾ താരതമ്യം ചെയ്യുമ്പോൾ വളരെ കൂടുതലാണ്.

5. കണ്ണിലെ കൃഷ്ണമണിയിൽ വ്രണമുണ്ടാകുന്നതിന് പ്രധാന കാരണ ങ്ങളിൽ ഒന്ന് Acanthamoeba Species ആണെന്ന് കണ്ടെത്തുകയും ആയത് ചികിത്സിച്ചാൽ കാഴ്ച നഷ്ടപ്പെടാതെ തടയാമെന്നും പഠനങ്ങളിലൂടെ കണ്ടെത്തി.

6. ആസ്മ രോഗ ബാധിതരായ കുട്ടികളിൽ ഉപയോഗിക്കുന്ന Inhaled Steroid-ന്റെ അളവിനെ കുറിച്ച് താരതമ്യപഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ രക്തത്തിലെ ഗ്ലൂക്കോസ്, കൊഴുപ്പിന്റെ അളവ് HbA1C എന്നിവയിൽ വ്യത്യാസം വരുന്നില്ലെന്ന് കണ്ടെത്തി.

ആലപ്പുഴ മെഡിക്കൽ കോളേജിൽ 4 പ്രോജക്ടുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

കോട്ടയം മെഡിക്കൽ കോളേജിൽ കമ്മ്യൂണിറ്റി മെഡിസിനിൽ, കൗമാരപ്രായക്കാരുടെ ആരോഗ്യ ശീലങ്ങൾ എന്ന പഠനത്തിൽ 18% കൗമാരക്കാർക്ക് അപകടകരമായ ആരോഗ്യ ശീലങ്ങൾ ഉണ്ടെന്ന് കണ്ടുപിടിച്ചു.

തൃശ്ശൂർ മെഡിക്കൽ കോളേജിൽ മൈക്രോബയോളജി വിഭാഗത്തിൽ ചെള്ളുപനിയുടെ സാന്നിദ്ധ്യത്തെ കുറിച്ചും മെഡിസിൻ വിഭാഗത്തിർ കീടനാശിനിമൂലമുള്ള Inter-mediate syndrome ഉണ്ടാകുന്നത് മുൻകൂട്ടി കാണാനുള്ള കാരണങ്ങളെക്കുറിച്ചും പഠനം നടത്തിയിട്ടുണ്ട്.

## ക്യാൻസർ, കിഡ്നി രോഗികൾക്ക് ധനസഹായം

212(6527) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്യാൻസർ-കിഡ്നി രോഗികൾക്ക് വിവിധ പദ്ധതികളിലൂടെ നൽകി വരുന്ന ധനസഹായം കാലതാമസം കൂടാതെ നൽകുന്നതിന് നടപടി സ്വീകരിക്കാമോ;

(ബി) ക്യാൻസർ-കിഡ്നി രോഗികൾക്ക് നൽകി വരുന്ന പെൻഷൻ 1,000 രൂപയിൽ നിന്നും വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) മലബാർ മേഖലയിൽ പ്രത്യേകിച്ച് മലപ്പുറം ജില്ലയിൽ ക്യാൻസർ-കിഡ്നി രോഗികൾ ക്രമാതീതമായി വർദ്ധിക്കുന്നതിന്റെ കാരണം കണ്ടെത്തുന്നതിന് വിദഗ്ധ സമിതിയെ നിയോഗിക്കാമോ;

(ഡി) ക്യാൻസർ-കിഡ്നിരോഗികളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ക്യാൻസർ രോഗ ചികിത്സാചെലവ് സാധാരണക്കാർക്ക് താങ്ങാൻ കഴിയാത്തതാണ്. സംസ്ഥാന സർക്കാർ ക്യാൻസർ രോഗികൾക്കായി താഴെപ്പറയുന്ന ചികിത്സാ ധനസഹായ പദ്ധതികൾ വഴി ആശ്വാസം നൽകിവരുന്നു:

- സുകൃതം
- കാരുണ്യ ബെനവലന്റ് ഫണ്ട്
- ചിസ്സ് - പ്ലസ് പദ്ധതി
- ആരോഗ്യകിരണം
- ക്യാൻസർ സുരക്ഷാ പദ്ധതി (18 വയസ്സിന് താഴെയുള്ള കുട്ടികൾക്ക്)
- താലോലം പദ്ധതി (18 വയസ്സിന് താഴെയുള്ള കുട്ടികൾക്ക്)
- പട്ടികവർഗ്ഗത്തിൽപ്പെട്ട രോഗികൾക്കായുള്ള സമഗ്ര ആരോഗ്യ രക്ഷാപദ്ധതി
- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി
- ഇ.എസ്.ഐ. സ്കീം.

പ്രസ്തുത പദ്ധതികൾ ഒന്നും ലഭിക്കാത്ത സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രോഗികൾക്ക് മലബാർ ക്യാൻസർ സെന്ററിന്റെ പേഷ്യന്റ് വെൽഫെയർ ഫണ്ടിൽനിന്നും സൗജന്യ ചികിത്സ നൽകിവരുന്നു. കൂടാതെ, എം.സി.സി.യിൽ കിടത്തി ചികിത്സയിലുള്ള എല്ലാ രോഗികൾക്കും മൂന്നുനേരം ഭക്ഷണവും കൂട്ടിരുപ്പുകാർക്ക് ഉച്ചഭക്ഷണവും സൗജന്യമായി നൽകിവരുന്നു. കിഡ്നി രോഗം ബാധിച്ച ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ. വിഭാഗത്തിലെ രോഗികൾക്ക് പ്രതിമാസം 1,100 രൂപ നിരക്കിലുള്ള ധനസഹായം 'സമാശ്വാസം പദ്ധതി' പ്രകാരം അനുവദിച്ചുവരുന്നു.

(ബി) കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ക്യാൻസർ രോഗികളായ 18 വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്ന പദ്ധതിയാണ് ക്യാൻസർ സുരക്ഷ. കിഡ്നി രോഗം ബാധിച്ച് ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ. വിഭാഗത്തിലെ രോഗികൾക്ക് പ്രതിമാസം 900 രൂപ നിരക്കിൽ അനുവദിച്ചുവന്നിരുന്ന സമാശ്വാസ പദ്ധതിപ്രകാരമുള്ള ധനസഹായം സ.ഉ.(എം.എസ്.)നമ്പർ 66/2014/സാ.നീ.വ. തീയതി 1-8-2014 പ്രകാരം 1,100 രൂപ നിരക്കിൽ വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) ഒരു പ്രത്യേക മേഖലയിൽ അർബുദരോഗം കൂടി വരുന്നുണ്ടോ എന്നതിനെ സംബന്ധിച്ച് എം.സി.സി.-യുടെ ആഭിമുഖ്യത്തിൽ നാളിതുവരെ പഠനങ്ങളൊന്നും തന്നെ നടത്തിയിട്ടില്ല. മലബാർ മേഖലകളിൽ ക്യാൻസർ രോഗം വർദ്ധിച്ചു വരുന്നതായി അനൗദ്യോഗിക കണക്കുകൾ സൂചിപ്പിക്കുന്നതിനാൽ 2014-ൽ എം.സി.സി.യിൽ ആരംഭിച്ച മലബാർ പോപ്പുലേഷൻ ബേഡ്സ് ക്യാൻസർ രജിസ്ട്രി കണ്ണൂർ, കാസർഗോഡ് ജില്ലകൾക്കുപുറമേ കോഴിക്കോട്, വയനാട്, മലപ്പുറം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകൾകൂടി ഉൾപ്പെടുത്തി വിപുലീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനാൽ കുറച്ച് വർഷങ്ങൾക്കുള്ളിൽ ഈ മേഖലകളിൽ വർദ്ധിച്ചുവരുന്ന ക്യാൻസർ രോഗികളുടെ കണക്ക് ഏകദേശം കൃത്യമായി നൽകാൻ സാധിക്കും. മലബാർ ക്യാൻസർ സെന്ററിന്റെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗത്തിന്റെ കീഴിൽ ക്യാൻസർ ബോധവൽക്കരണത്തിന്റേയും ക്യാൻസർ നിയന്ത്രണത്തിന്റേയും ഭാഗമായി മലബാർ മേഖലകളിലെ വിവിധ പ്രദേശങ്ങളിൽ ധാരാളം ക്ലാസ്സുകളും, ക്യാമ്പുകളും നടത്തി വരുന്നുണ്ട്. കൂടാതെ ക്യാൻസർ കെയർ പദ്ധതിയുടെ കീഴിൽ സർക്കാർ ഉത്തരവു പ്രകാരം മലബാർ മേഖലയിൽ പ്രവർത്തിക്കുന്ന സർക്കാർ ഡോക്ടർമാർക്കും നഴ്സുമാർക്കും ക്യാൻസർ ചികിത്സയ്ക്കുള്ള പരിശീലനം എം.സി.സി. നൽകിവരുന്നു. എല്ലാ ജില്ലകളിലേയും ആശുപത്രികളിൽ തുടർ കീമോതെറാപ്പി ചികിത്സ നൽകാൻ കഴിയുന്ന തരത്തിലാണ് പ്രസ്തുത പരിശീലന പരിപാടി വിഭാവനം ചെയ്തിരിക്കുന്നത്. ഇതുകൂടാതെ കാസർഗോഡ്, വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിലെ വിവിധ ആശുപത്രികളുമായി ടെലിമെഡിസിൻവഴിയുള്ള ചികിത്സാ പദ്ധതികളും ആരോഗ്യ തുടർ വിദ്യാഭ്യാസ പരിപാടികളും നടത്തിവരുന്നു.

(ഡി) ആർ.സി.സി., എം.സി.സി. എന്നിവിടങ്ങളിൽ 2011-15 കാലയളവിൽ പുതുതായി രജിസ്റ്റർ ചെയ്യപ്പെട്ട രോഗികളുടെ ജില്ല തിരിച്ചുള്ള കണക്ക്, കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ഡയാലിസിസിന് വിധേയരായി ആനുകൂല്യം ലഭിച്ചവരുടെ ജില്ല തിരിച്ചുള്ള കണക്ക് എന്നിവ അനുബന്ധമായി ചേർക്കുന്നു.*

**ജനങ്ങൾക്ക് നല്ല ഭക്ഷണവും നല്ല സാധനങ്ങളും ലഭ്യമാക്കാൻ നടപടി**

213(6528) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങൾക്ക് ഹോട്ടലുകളിൽ നല്ല ഭക്ഷണവും മാർക്കറ്റിൽ നല്ല സാധനങ്ങളും ലഭ്യമാക്കുവാൻ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് ആരോഗ്യവകുപ്പിന് ലഭിക്കുന്ന പരാതികളിൻമേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിവരിക്കുമോ;

(സി) ഇപ്രകാരം പരിശോധിക്കാനുള്ള പ്രത്യേക സയന്റിഫിക ലാബ് ജില്ലകളിൽ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ഹോട്ടലുകളിൽ പരിശോധന നടത്തി ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമവും അനുബന്ധ ചട്ടങ്ങളിലും അനുശാസിക്കുന്നതുപ്രകാരം നടപടി സ്വീകരിക്കാറുണ്ട്. അത്തരം നടപടികളുടെ ഭാഗമായി ഗുരുതരമായ നിയമലംഘനങ്ങൾ കണ്ടെത്തുന്നപക്ഷം കുറ്റക്കാർക്കെതിരെ താൽക്കാലികമായ പ്രവർത്തനം നിർത്തിവയ്ക്കൽ, ഫൈൻ, നോട്ടീസ് അഡ്ജ്യൂട്ടിക്കേഷൻ അടക്കമുള്ള നടപടികൾ സ്വീകരിക്കാറുമുണ്ട്.

(ബി) ഉണ്ട്. രേഖാമൂലം ലഭിക്കുന്ന പരാതികളിന്മേലും ടോൾഫ്രീ മുഖാന്തിരം ലഭിക്കുന്ന പരാതികളിന്മേലും പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കാറുണ്ട്.

(സി) എല്ലാ ജില്ലകളിലും നിന്ന് ശേഖരിക്കുന്ന ഭക്ഷ്യസാമ്പിളുകൾ ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനലറ്റിക്കൽ ലാബുകളിൽ പരിശോധിക്കാറുണ്ട്. കൂടാതെ ശബരിമല ക്ഷേത്രവുമായി ബന്ധപ്പെട്ട സാമ്പിളുകൾ പരിശോധിക്കുന്നതിനും കുടിവെള്ള സാമ്പിളുകൾ പരിശോധിക്കുന്നതിനും പത്തനംതിട്ട ജില്ലയിൽ ഒരു ലാബ് പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ, എല്ലാ ജില്ലകളിലും സഞ്ചരിച്ച് പരിശോധന നടത്തുന്നതിനായി രണ്ട് മൊബൈൽ അനലറ്റിക്കൽ ലബോറട്ടറികൾ തുടങ്ങുവാൻ തീരുമാനിച്ചതിൽ ഒരെണ്ണത്തിന്റെ പ്രവർത്തനോദ്ഘാടനം ഇതിനോടകം കഴിഞ്ഞിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കാഞ്ഞിരംകുളം മർമ്മ ആയുർവ്വേദ ആശുപത്രി**

214(6529) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ പത്ത് കിടക്കകളുള്ള കാഞ്ഞിരംകുളം മർമ്മ ആയുർവ്വേദ ആശുപത്രി നൂറ് കിടക്കകളുള്ള മർമ്മാശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ടോ; ആയതിലേക്കുള്ള നടപടി തുടങ്ങിയിട്ടുണ്ടോ; ഈ നിലവാരത്തിലുള്ള ആശുപത്രിക്ക് വേണ്ട മർമ്മ മെഡിക്കൽ ആഫീസർ തസ്തികകൾ പുതുതായി സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) കാഞ്ഞിരംകുളം ആയുർവ്വേദ ആശുപത്രിയിൽ സ്പോർട്സ് മെഡിസിൻ (Sports Medicine )വിഭാഗം പ്രവർത്തിക്കുന്നുണ്ടോ; കായിക താരങ്ങൾക്ക് വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിന് സ്പോർട്സ് മെഡിസിൻ മെഡിക്കൽ ഓഫീസർ (Sports Medicine Medical Officer)തസ്തികയുടെ യോഗ്യത എം.ഡി. (MD ) മർമ്മ അല്ലെങ്കിൽ ശല്യതന്ത്രം ആയി നിജപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ; ഈ വിഷയത്തിൽ സ്വീകരിക്കുന്ന നടപടി വിശദമാക്കുമോ;

(സി) ഗവ. ആയുർവ്വേദ മർമ്മ ആശുപത്രി, കാഞ്ഞിരംകുളം മർമ്മ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടായി വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) പരിശോധിച്ചുവരുന്നു. പ്രസ്തുത ആശുപത്രിക്ക് അനുവദിച്ചിട്ടുള്ള 250 ലക്ഷം രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. പുതുതായി തസ്തികകൾ സൃഷ്ടിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.

(ബി) കാഞ്ഞിരംകുളം മർമ്മ ആയുർവേദ ആശുപത്രിയിൽ സ്പോർട്സ് മെഡിസിൻ (Sports Medicine) വിഭാഗം പ്രവർത്തിക്കുന്നുണ്ട്. സ്പോർട്സ് മെഡിസിൻ മെഡിക്കൽ ഓഫീസർ (Sports Medicine Medical Officer) തസ്തികയുടെ യോഗ്യത എം.ഡി. (MD) മർമ്മ അല്ലെങ്കിൽ ശല്യതന്ത്രം ആയി നിജപ്പെടുത്തുന്നത് ഇപ്പോൾ പരിഗണനയിലില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**കോഴിക്കോട് സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിലെ ഭക്ഷണക്രമം**

215(6530) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കുതിരവട്ടത്തുള്ള സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിൽ രോഗികൾക്ക് ദിവസം എത്ര നേരം ഭക്ഷണം നൽകുന്നുണ്ടെന്നും അവ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഭക്ഷണക്രമം ഏതു കാലം മുതൽ ഉള്ളതാണ്; ഇത് കാലോചിതമായി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഹോസ്പിറ്റലിൽ നവീകരണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ; ഇല്ലെങ്കിൽ നടത്താൻ പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 6 നേരം.

(i) അതിരാവിലെ - ചായയും ബ്രഡ്ഡും

(ii) പ്രാതൽ - ഉപ്പ്മാവ്/ഇഡ്ഡലി/ദോശ/ഗോതമ്പ് കഞ്ഞി

(iii) രാവിലെ 10.30-ന് പാൽ

(iv) ഉച്ചയ്ക്ക് - ഊണ് (മീൻ/ഇറച്ചി/കോഴിമുട്ട/പച്ചക്കറി എന്നിവയിൽ ഏതെങ്കിലും ചേർന്നത്)

(v) വൈകുന്നേരം 3 മണി -ചായ

(vi) രാത്രി 7.30 ന് - കഞ്ഞി/ചോറ്/ചെറുപയർ/കടല

(ബി) 30 വർഷത്തോളമായി. 3 മാനസികാരോഗ്യ കേന്ദ്രങ്ങൾക്കും പൊതുവായി പരിഷ്കരിച്ച ഒരു ഭക്ഷണ വിഭവങ്ങളുടെ പട്ടിക (മെനു)യുടെ പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. ഇത് സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ഉണ്ട്. നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി 400 കോടി രൂപയുടെ മാസ്റ്റർപ്ലാൻ പരിഗണനയിലാണ്. ഈ ആശുപത്രി പ്രവർത്തനം തുടങ്ങിയത് 1872-ൽ ആണ്. വികസന പ്രവൃത്തികളുടെ ഭാഗമായി കാലാനുസൃതമായ നവീകരണ പ്രവർത്തനങ്ങളും പഴയ കെട്ടിടങ്ങളിൽ ചിലത് നവീകരിക്കുകയും പുനരുദ്ധരിക്കുകയും ചെയ്തിട്ടുണ്ട്. എന്നിരുന്നാലും പഴയ കെട്ടിടങ്ങൾ പുതുക്കി പണിയേണ്ടതും കാലത്തിനനുസരിച്ചുള്ള മാറ്റങ്ങൾ ഉൾക്കൊള്ളേണ്ടതും മാനസിക രോഗ ചികിത്സാ രീതികളിലെ നൂതന പ്രവണതകൾ നടപ്പിലാക്കേണ്ടതും ആവശ്യമാണ്. ഈ കേന്ദ്രത്തിൽ ചികിത്സയ്ക്ക് എത്തുന്ന രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടിയുള്ള ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനുള്ള ചർച്ചകൾ 2012-ൽ ആരംഭിക്കുകയും 1000 കിടക്കകളും (Multi face project) നൂതന സൗകര്യങ്ങളുമുള്ള ഒരു അന്താരാഷ്ട്ര പഠനഗവേഷണ കേന്ദ്രമായി ഈ സ്ഥാപനത്തെ മാറ്റുന്നതിനുള്ള വിശദമായ ഒരു പദ്ധതി റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ മാനസിക രോഗ ചികിത്സാ രംഗത്ത് കേരളം

മുന്നേറുമെന്നും പുനരധിവാസ പ്രവർത്തനങ്ങൾ കൂടുതൽ ശക്തി പ്രാപിക്കുമെന്നും അതിലൂടെ മാനസിക രോഗികളോട് സമൂഹം വച്ചുപുലർത്തുന്ന അവജ്ഞാ മനസ്ഥിതി ഒരു പരിധിവരെ കുറയ്ക്കുവാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു. കുട്ടികളുടെയും കൗമാര പ്രായക്കാരുടെയും മാനസിക ആരോഗ്യ പരിരക്ഷ, മദ്യം, മയക്കുമരുന്ന് എന്നിവയ്ക്ക് അടിമപ്പെട്ട ആളുകളുടെ ചികിത്സ, പ്രത്യേക ന്യൂറോളജി വിഭാഗം എന്നിവയും ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ (പുതുക്കിയ ബജറ്റ്) കോഴിക്കോട് മാനസികാരോഗ്യ ആശുപത്രിയിലെ പ്രത്യേക വിപുലീകരണ പദ്ധതിയിലേയ്ക്ക് 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**ഏങ്ങണ്ടിയൂർ പ്രാഥമിക ആരോഗ്യ കേന്ദ്രം**

216(6531) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഏങ്ങണ്ടിയൂർ പി.എച്ച്.സി. നിലവിൽ മിനി പി.എച്ച്.സി.യാണ്. രോഗ പ്രതിരോധത്തിനും മാതൃശിശു പരിചരണത്തിനും പൊതുജനാരോഗ്യത്തിനും പലവിധ രോഗനിയന്ത്രണ പ്രവർത്തനങ്ങൾക്കും ഊന്നൽ നൽകിവരുന്ന സ്ഥാപനങ്ങളാണ് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ഘട്ടം ഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി വികസിപ്പിച്ച് ആരോഗ്യ മേഖല വിപുലപ്പെടുത്തുന്നതിനായുള്ള നടപടികൾ ആലോചിച്ചുവരികയാണ്. കിടത്തി ചികിത്സ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. ഏങ്ങണ്ടിയൂർ പി.എച്ച്.സി.-ക്ക് അഞ്ച് കിലോമീറ്റർ ചുറ്റളവിലാണ് കിടത്തി ചികിത്സയുള്ള വാടാനപ്പിള്ളി സി.എച്ച്.സി. സ്ഥിതി ചെയ്യുന്നത്.

**ആശുപത്രിയിൽ പുതിയ കെട്ടിട നിർമ്മാണം**

217(6532) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടർ ആശുപത്രിയിൽ അനുവദിച്ച ട്രോമാ കെയർ യൂണിറ്റിന് പുതിയ കെട്ടിട ബ്ലോക്കും കൊരട്ടി ഗാന്ധി നഗർ ത്വഗ്രോഗ ആശുപത്രിയിലെ ചിതറിക്കിടക്കുന്ന കെട്ടിടങ്ങളെ ഒരു കെട്ടിട സമുച്ചയത്തിനു കീഴിലാക്കുന്നതിനായി പുതിയ കെട്ടിടവും നിർമ്മിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള വിശദമായ റിപ്പോർട്ടും എസ്റ്റിമേറ്റുകളും സഹിതമുള്ള അപേക്ഷകളിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കേരള റോഡ് സേഫ്റ്റി അതോറിറ്റി വിവിധ ട്രോമാകെയർ യൂണിറ്റുകളുടെ നിർമ്മാണത്തിനായി അനുവദിച്ച തുകയിൽ ബാക്കിയുണ്ടായിരുന്ന തുക ഉപയോഗിച്ച് ചാലക്കുടി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ ട്രോമാകെയർ യൂണിറ്റിന് പുതിയ കെട്ടിടം പണിയുന്നതിന് 2,66,00,000 (രണ്ട് കോടി അറുപത്തിയാറ് ലക്ഷം) രൂപയുടെ എസ്റ്റിമേറ്റ് ലഭിച്ചിരുന്നുവെങ്കിലും 13-1-2016-ലെ സ.ഉ. (എംഎസ്.) 149/16/ആ.കു.വ. എന്ന ഉത്തരവ് പ്രകാരം ട്രോമാകെയർ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾക്ക് നൽകിയ തുകയിൽ ബാക്കിയുണ്ടായിരുന്ന 2,25,86,701 (രണ്ട് കോടി ഇരുപത്തിയഞ്ച് ലക്ഷത്തി എൺപത്തി ആറായിരത്തി എഴുന്നൂറ്റി ഒന്ന്) രൂപ കേരള റോഡ് സേഫ്റ്റി അതോറിറ്റിയിലേയ്ക്ക് ട്രഷറി ചെക്ക് നമ്പർ SB/PC 5632273, SB/PC 5632274) പ്രകാരം തിരിച്ചടയ്ക്കുകയുണ്ടായി. ടി ഇനത്തിൽ ഇനി തുകയൊന്നും അവശേഷിക്കുന്നില്ല. കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിയിലെ ചിതറിക്കിടക്കുന്ന കെട്ടിടങ്ങളെ ഒരു കെട്ടിട സമുച്ചയത്തിലാക്കുന്നതിനുള്ള എസ്റ്റിമേറ്റ് സർക്കാരിൽ ലഭിച്ചിട്ടില്ല.

## കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ കൂടുതൽ ഡോക്ടർമാരെയും അനുബന്ധ ജീവനക്കാരെയും നിയമിക്കുന്നതിന് നടപടി

218(6533) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ ഇപ്പോഴത്തെ സ്റ്റാഫ് പാറ്റേൺ ലഭ്യമാക്കുമോ; സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള ജീവനക്കാർ ഇപ്പോൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ആശുപത്രിയിൽ എൻ.എച്ച്.ആർ.എം. സ്കീമിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുവെന്നതിന്റെ കണക്ക് അവരുടെ കാറ്റഗറി തിരിച്ച് ലഭ്യമാക്കുമോ;

(സി) പ്രസ്തുത ആശുപത്രിയിൽ കൂടുതൽ ഡോക്ടർമാരെയും അനുബന്ധ ജീവനക്കാരെയും നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) കരുനാഗപ്പള്ളി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ നിലവിൽ അനുവദിച്ചിട്ടുള്ള തസ്തികകളുടെ വിശദാംശങ്ങൾ അനുബന്ധം ആയി ഉള്ളടക്കം ചെയ്യുന്നു.* 1961-ലെ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള ജീവനക്കാർ ടി സ്ഥാപനത്തിൽ നിലവിലില്ല.

(ബി) 12 പേർ എൻ.ആർ.എച്ച്.എം. മുഖേന ജോലി ചെയ്യുന്നു. കാറ്റഗറി തിരിച്ച വിവരങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു. *

(സി) പരിശോധിച്ച് ഉചിതമായ നടപടി കൈക്കൊള്ളുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**പ്രൊമോഷനുകളിലെ അപാകതകൾ**

219(6534) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ പബ്ളിക് ഹെൽത്ത് നഴ്സ് തസ്തികയിൽ അന്തർ ജില്ലാ സ്ഥലമാറ്റം വഴി സീനിയോറിറ്റി നഷ്ടമായി പ്രൊമോഷന് അനർഹരാണെന്ന വിഷയത്തിൽ ഡയറക്ടറേറ്റിലും സർക്കാരിലും നിലനിൽക്കുന്ന പരാതികളിൽമേൽ നടപടി സ്വീകരിക്കുമോ;

(ബി) മുൻസർക്കാർ പ്രസ്തുത തസ്തികയിൽ നടത്തിയ പ്രൊമോഷനുകളിലെ അപാകതകൾ കണ്ടെത്തി അനർഹരെ ഒഴിവാക്കാനും, അർഹരെ ഉൾപ്പെടുത്താനും നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത തസ്തികയിലെ പ്രൊമോഷൻ സംബന്ധിച്ച് അപാകതകൾ ചൂണ്ടികാട്ടി ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ നിലനിൽക്കുന്ന വ്യവഹാരങ്ങൾ തീർപ്പുകല്പിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നടപടി സ്വീകരിക്കുന്നതാണ്.

(ബി) ലഭ്യമായ പരാതികൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട അനർഹരെ കണ്ടെത്തുകയും അവരുടെ റാങ്ക് പുനക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

**ഭക്ഷ്യസുരക്ഷാ വകുപ്പിലെ ജീവനക്കാർക്കെതിരെയുള്ള അന്വേഷണം**

220(6535) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കലുമായി ബന്ധപ്പെട്ട് സംസ്ഥാന ഭക്ഷ്യസുരക്ഷാ വകുപ്പിലെ ഏതെങ്കിലും ജീവനക്കാർക്കെതിരെ അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആരുടെയെല്ലാം പേരിലാണ് അന്വേഷണം പ്രഖ്യാപിച്ചിട്ടുള്ളതെന്നും അവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; അവരുടെ പേര് വിവരം വെളിപ്പെടുത്തുമോ; സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) കമ്മീഷണറുടെ ഉത്തരവിനെതിരെ ജീവനക്കാരുടെ പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

(എ) ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കലുമായി ബന്ധപ്പെട്ട് ഏതെങ്കിലും ജീവനക്കാർക്കെതിരെ അന്വേഷണത്തിന് ഉത്തരവിട്ടിട്ടില്ല.

(ബി&സി) ചോദ്യം ഉദിക്കുന്നില്ല.

**തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. പേവാർഡ്**

221(6536) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. പേവാർഡിന്റെ വാടക പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) 2011-2016 ഗവൺമെന്റിന്റെ കാലത്ത് വാടകയിനത്തിൽ എന്ത് വർദ്ധനവാണ് വരുത്തിയത്;

(സി) പേവാർഡിന്റെ വാടകനിരക്കിൽ ഭീമമായ വർദ്ധനവ് വരുത്തുവാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഡീലക്സ് പേവർഡുകളിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തി ആധുനികവത്കരിക്കുകയും ഡീലക്സ്, സ്പെഷ്യൽ ഡീലക്സ്, സൂപ്പർ ഡീലക്സ് എന്നീ തരം മുറികൾ ഏകീകരിച്ച് സൂപ്പർ ഡീലക്സ് ആക്കി മാറ്റുകയും വാടക പ്രതിദിനം 600 രൂപ നിരക്കിൽ നിശ്ചയിക്കുകയും നിലവിലുണ്ടായിരുന്ന എ.സി. മുറികളിൽ പുതിയ എ.സി.കൾ, കിടക്കകൾ, സോഫകൾ ഉൾപ്പെടെ ആധുനികവത്ക്കരിക്കുകയും 900 രൂപയായിരുന്ന എ.സി. മുറിയുടെ വാടക 1,100 രൂപയായി ഉയർത്തുകയും ചെയ്യുകയുണ്ടായി. മറ്റ് മുറികളുടെ വാടക നിരക്ക് അനുബന്ധം ആയി ചേർക്കുന്നു.*

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ പഴയ പേവാർഡുകളുടെ വാടക നിരക്ക് 25-11-2011-ലെയും 25-5-2015-ലെയും കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.-ന്റെ ഉത്തരവുകൾ പ്രകാരം രണ്ട് പ്രാവശ്യമായാണ് പുതുക്കി നിശ്ചയിച്ചിട്ടുള്ളത്. വിശദവിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.* എന്നാൽ ടി കാലയളവുകളിൽ ഡീലക്സ് പേവാർഡുകളിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്താതിരുന്നതിനാൽ വാടക പുനർനിർണ്ണയം ചെയ്തിട്ടില്ലായിരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) വാടകയിനത്തിൽ ഭീമമായ വർദ്ധനവ് വരുത്തിയിട്ടില്ല. മെഡിക്കൽ കോളേജിലെ ഡീലക്സ് പേവാർഡുകൾ സർക്കാർ ധനസഹായമില്ലാതെ തന്നെ ഏകദേശം ഒരു കോടി രൂപ മുടക്കി ആധുനികവത്കരിക്കുകയും ആയതിന് ചെലവഴിച്ച തുകയും കാലാകാലങ്ങളിലുണ്ടായ വൈദ്യുതി ചാർജ്ജിന്റെയും വെള്ളക്കരത്തിന്റെയും നിരക്ക് വർദ്ധനവും ജീവനക്കാർക്ക് നൽകേണ്ട ശമ്പള വർദ്ധനയും കൂടി കണക്കിലെടുത്താണ് കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. പേവാർഡ് മുറികളുടെ വാടക ആനുപാതികമായി വർദ്ധിപ്പിച്ചിട്ടുള്ളത്.

**തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിന്റെ ശോചനീയാവസ്ഥ**

222(6537) <u>ശ്രീ. കെ. എം. മാണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിലെ ശോചനീയാവസ്ഥയും അവിടത്തെ ശൗചാലയങ്ങൾ പ്രവർത്തനരഹിതമാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം പ്രവർത്തനരഹിതമാകുന്ന ശൗചാലയങ്ങളെ പൂർവ്വസ്ഥിതിയിലാക്കുന്നതിന് ശാശ്വതമായ പരിഹാരമാർഗ്ഗം വിശദമാക്കുമോ;

(സി) പുതിയ രീതിയിലുള്ള ശൗചാലയം രൂപകൽപ്പന ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) വളരെ പഴക്കമുള്ള ആശുപത്രി ലോകോത്തര നിലവാരത്തിലാക്കുന്നതിന് വേണ്ടി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) മാനസിക രോഗികൾ കേടാക്കുന്ന ശൗചാലയങ്ങൾ അറ്റകുറ്റപ്പണി നടത്തി ഉപയോഗിച്ചുവരുന്നു. രോഗികളുടെ ഭാഗത്തുനിന്നും ഇത്തരം പ്രവർത്തനങ്ങളുണ്ടാകാതിരിക്കാൻ വേണ്ട മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്. കേടുപാടുകൾ സംഭവിച്ച ശൗചാലയങ്ങൾ താമസംവിനാ അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗയോഗ്യമാക്കുന്നുണ്ട്. അറ്റകുറ്റപ്പണികളിലൂടെ പരിഹരിക്കാൻ കഴിയാത്തവ മാറ്റി സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രത്യേക രീതിയിലുള്ള ശൗചാലയങ്ങൾ നിർമ്മിക്കുന്നതുവരെ ഈ മാർഗ്ഗങ്ങൾ തുടരുന്നതാണ്.

(സി) 1-11-2016-ൽ തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രം സൂപ്രണ്ട്, പി.ഡബ്ല്യൂ.ഡി. വകുപ്പിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ മുതലായ ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയിൽ പ്രത്യേക രീതിയിലുള്ള ശൗചാലയം നിർമ്മിക്കുന്നതിന് പി.ഡബ്ല്യൂ.ഡി. വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) 2016-17-ലെ ആദ്യ ബഡ്ജറ്റിൽ തിരുവനന്തപുരം ഉൾപ്പെടെയുള്ള മാനസികാരോഗ്യ കേന്ദ്രങ്ങൾ മെച്ചപ്പെടുത്തുന്നതിലേക്കായി 374 ലക്ഷം രൂപ നീക്കിവച്ചിരുന്നു. ഇതിനുപുറമെ 2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

**ഹോട്ടലുകളിലും ബേക്കറികളിലും സൂക്ഷിക്കുന്ന ഭക്ഷണ പദാർത്ഥങ്ങൾ**

223(6538) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോട്ടലുകളിലും ബേക്കറികളിലും മാംസം, പച്ചക്കറി എന്നിവ പകുതി പാകം ചെയ്ത് ഫ്രിഡ്ജിൽ സൂക്ഷിച്ച് ആവശ്യത്തിന് ആഹാരപദാർത്ഥങ്ങളായി തയ്യാറാക്കി നൽകുന്നത് ഭക്ഷ്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിൽ ഭക്ഷ്യ സുരക്ഷാ കമ്മീഷണർ എടുത്ത നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) മൈനസ് 180°C-ൽ സൂക്ഷിക്കുവാനുള്ള സംവിധാനം ഇത്തരം ഹോട്ടലുകളിൽ വേണമെന്ന നിയമം പാലിക്കാത്തവർക്കെതിരെ നടപടി സ്വീകരിക്കുമോ;

(സി) ഇപ്പോൾ ഹോട്ടലുകളിൽ മാംസം സൂക്ഷിക്കുന്നത് ശരിയായ രീതിയിലല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മാംസം സൂക്ഷിക്കേണ്ട ഫ്രീസറിന്റെ ഘടന എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) ഹോട്ടലുകളിലും ബേക്കറികളിലും ഭക്ഷ്യവസ്തുക്കൾ ശരിയായ രീതിയിൽ സൂക്ഷിക്കുവാനുള്ള നിർദ്ദേശം നൽകാമോ; വിശദമായ വിവരം ലഭ്യമാക്കുമോ;

(ഇ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി യോജിച്ച് മാലിന്യങ്ങൾ കലർന്നതും പഴകിയതുമായ ഭക്ഷണ പദാർത്ഥങ്ങൾ പിടിച്ചെടുക്കുവാനുള്ള നടപടി സ്വീകരിക്കുമോ; ഇതു സംബന്ധിച്ച് ഭക്ഷ്യ സുരക്ഷാ വകുപ്പ് നടത്തിയ പ്രവർത്തനം വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഫുഡ് സേഫ്റ്റി ഓഫീസർമാരുടെ നേതൃത്വത്തിൽ നടത്തുന്ന പരിശോധനയിൽ പച്ചക്കറി, മത്സ്യ-മാംസാദികൾ ഉൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കൾ പാകം ചെയ്തതും അല്ലാത്തതും ഫ്രിഡ്ജിൽ സൂക്ഷിക്കുന്നത് കണ്ടെത്തിയാൽ ഉയർന്ന പിഴ ചുമത്തുകയും ആവശ്യമെങ്കിൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്.

(ബി) ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്ട് അനുസരിച്ച് മൈനസ് 18 ഡിഗ്രിയിൽ സൂക്ഷിക്കേണ്ട ഭക്ഷ്യവസ്തുക്കൾ സൂക്ഷിക്കാൻ സംവിധാനമില്ലാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കാറുണ്ട്.

(സി) ഉണ്ട്. മൈനസ് $18^0$ C-ൽ calibrate ചെയ്ത deep freezer-ൽ മാംസം സൂക്ഷിക്കണമെന്നാണ് നിർദ്ദേശം. 24 മണിക്കൂറും വൈദ്യുതി മുടക്കം കൂടാതെ ഫ്രീസർ പ്രവർത്തിപ്പിക്കേണ്ടതാണ്.

(ഡി) എല്ലാ ഹോട്ടലുകൾക്കും ബേക്കറികൾക്കും ഭക്ഷ്യവസ്തുക്കൾ ശരിയായ രീതിയിൽ സൂക്ഷിക്കുവാനുള്ള 30 ഇന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതും ആയത് പരിശോധനയിൽ ഉറപ്പുവരുത്തുന്നതുമാണ്.

(ഇ) 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിലും അനുബന്ധ ചട്ടങ്ങളിലും അനുശാസിക്കുന്നത് പ്രകാരം നോട്ടിഫൈഡ് ആയിട്ടുള്ള ഉദ്യോഗസ്ഥർക്ക് മാത്രമേ ഭക്ഷണ പദാർത്ഥങ്ങൾ പരിശോധിക്കുവാനുള്ള അധികാരമുള്ളൂ. ആയത് തദ്ദേശസ്വയംഭരണ വകുപ്പുമായോ മറ്റേതെങ്കിലും വകുപ്പുമായോ ചേർന്ന് പ്രവർത്തിക്കുന്നത് നിയമപരമായി ചോദ്യം ചെയ്യപ്പെടാൻ സാദ്ധ്യതയുള്ളതാണ്. എന്നാൽ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ സംസ്ഥാന വ്യാപകമായി പരിശോധന നടത്താറുള്ളതും മാലിന്യം കലർന്നതോ പഴകിയതോ ആയ ഭക്ഷണപദാർത്ഥങ്ങൾ കണ്ടെത്തുന്ന പക്ഷം ബന്ധപ്പെട്ടവർക്കെതിരെ 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിലും അനുബന്ധ ചട്ടങ്ങളിലും അനുശാസിക്കുന്നത് പ്രകാരം പ്രോസിക്യൂഷൻ അടക്കമുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.

**ആരോഗ്യമേഖലയിലെ പുതിയ പദ്ധതികൾ**

224(6539) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. കെ. രാജൻ :
ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യമേഖലയിൽ എന്തൊക്കെ പുതിയ പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) ശിശു മരണനിരക്കും മാതൃ മരണനിരക്കും കുറക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകുമോ; വ്യക്തമാക്കുമോ;

(സി) ജനങ്ങൾക്ക് ഏറ്റവും കുറഞ്ഞ ചെലവിൽ ഗുണമേന്മയുള്ള ചികിത്സ ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ആരോഗ്യ വകുപ്പിലെ ജില്ല/താലൂക്ക്/ബ്ലോക്ക്/പഞ്ചായത്ത് സ്ഥാപനങ്ങളിൽ ഒരു നിശ്ചിത മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ സൗകര്യങ്ങൾ ക്രമീകരിക്കാനുള്ള നടപടികളുടെ ഭാഗമായി ജില്ല/ജനറൽ ആശുപത്രികളിൽ കാത്ത് ലാബ് സൗകര്യം അടക്കമുള്ള സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങളും താലൂക്ക് തല ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റും മറ്റ് സ്പെഷ്യാലിറ്റി സേവനങ്ങളും വിപുലപ്പെടുത്താനുള്ള പ്രാരംഭ നടപടികളും ആരംഭിച്ചിട്ടുണ്ട്. ജീവിത ശൈലീരോഗങ്ങളടക്കമുള്ള രോഗങ്ങൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്ന രീതിയിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ സേവനം വിപുലപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഘട്ടംഘട്ടമായി മാറ്റാനും യുണൈറ്റഡ് നേഷൻസിന്റെ സുസ്ഥിര വികസന ലക്ഷ്യങ്ങളെ അടിസ്ഥാനമാക്കി കേരളം ആരോഗ്യ രംഗത്ത് വരും വർഷങ്ങളിൽ ആർജ്ജിക്കേണ്ട ലക്ഷ്യങ്ങൾ തിട്ടപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തന പരിപാടികൾക്കും രൂപം നൽകിവരുന്നു. സംസ്ഥാനത്ത് പക്ഷാഘാത ചികിത്സയ്ക്കും പുരധിവാസത്തിനും ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ചുകൊണ്ട് എല്ലാ ജില്ലാ ആശുപത്രികളിലും സ്ട്രോക്ക് യൂണിറ്റുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കേരളത്തിലെ ജീവിതശൈലി രോഗങ്ങളുടെ സാന്ദ്രതയും ഇതിലേയ്ക്ക് നയിക്കുന്ന കാരണങ്ങളുടെ വിശദാംശങ്ങളും പഠിക്കുന്നതിനായി ഈ മേഖലയിലെ വിദഗ്ദ്ധരുമായി സഹകരിച്ചു കൊണ്ട് ഒരു ബൃഹത് പഠനം നടത്തുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. എല്ലാ ജില്ലകളിലും അർബുദ ചികിത്സയ്ക്കായി ജില്ലാ ക്യാൻസർ കെയർ സെന്റർ ശക്തിപ്പെടുത്തുന്നതിനും പാലിയേറ്റീവ് കീമോ തെറാപ്പി യൂണിറ്റുകൾ ആരംഭിക്കുന്നതിനും പദ്ധതി നടപ്പിലാക്കി വരുന്നു. സംസ്ഥാനത്ത് ഒരു ആരോഗ്യ മാർഗ്ഗരേഖ തയ്യാറാക്കുന്നതിനും ഈ സാമ്പത്തിക വർഷം പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

സുസ്ഥിര വികസന ലക്ഷ്യത്തിൽ പറഞ്ഞിരിക്കുന്ന ലക്ഷ്യങ്ങൾ 2020 ഓടെ സാക്ഷാത്കരിക്കാൻ വേണ്ടി ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടി വഴി പ്രിവലൻസ്റേറ്റ് 0.1-ൽ നിന്നും (ജില്ല/ബ്ലോക്ക്/പഞ്ചായത്ത്) എല്ലാ തലത്തിലും കുറയ്ക്കുക, കുട്ടികളിലെ കുഷ്ഠരോഗബാധ കുറയ്ക്കുക, കുഷ്ഠരോഗംമൂലം കുട്ടികളിലുണ്ടാകുന്ന അംഗവൈകല്യം പൂജ്യത്തിൽ തന്നെ നിലനിർത്തുക, കുഷ്ഠരോഗ ബാധിതരിലെ അംഗവൈകല്യം കുറയ്ക്കുക എന്നിവ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കൊല്ലം

ജില്ലയിൽ നടപ്പിലാക്കിവരുന്ന പാൽ പദ്ധതി (Practical Approach to Lung Health) (ശ്വാസകോശാരോഗ്യത്തിന് പ്രായോഗിക സമീപനം പദ്ധതി) മറ്റ് ജില്ലകളിൽക്കൂടി വ്യാപിപ്പിക്കാനുള്ള പദ്ധതിയുണ്ട്. വയനാട്, ഇടുക്കി ജില്ലകളിൽ ക്ഷയരോഗ നിവാരണ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. പത്തനംതിട്ട ജില്ലയിൽ ട്രീറ്റ്മെന്റ് സപ്പോർട്ട് ഗ്രൂപ്പിന്റെ സഹായത്തോടെ ക്ഷയരോഗികൾക്കുള്ള മരുന്ന് മുടക്കമില്ലാതെ നൽകാൻ സാധിക്കുന്നു. എമർജൻസി ഡിപ്പാർട്ട്മെന്റ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കൊട്ടാരക്കര താലൂക്കാശുപത്രിയിൽ അതിനുവേണ്ട ഉപകരണങ്ങൾ നൽകാൻ പദ്ധതിയുണ്ട്. കൂടാതെ ചാലക്കുടി താലൂക്കാശുപത്രിയിൽ ഈ പദ്ധതി പ്രകാരം സി.റ്റി. സ്കാൻ മെഷീൻ സ്ഥാപിക്കാനും തുക വകയിരുത്തിയിട്ടുണ്ട്. എല്ലാ ജില്ലകളിലും സ്കൂൾ മാനസികാരോഗ്യ പദ്ധതി നടപ്പിലാക്കുന്നതാണ്. ഓരോ ജില്ലയിലും ഒരു ക്ലിനിക്കൽ സൈക്കോളജിസ്റ്റിനെ നിയമിച്ച് ആർ.ബി.എസ്.കെ. നഴ്സുമാർ കണ്ടെത്തുന്ന മാനസിക വൈകല്യമുള്ള കുട്ടികൾക്ക് കൗൺസലിംഗ് നൽകുകയും ആവശ്യമെങ്കിൽ അവരെ ജില്ലാ മാനസികാരോഗ്യ ടീമിന്റെ പക്കൽ എത്തിച്ച് വേണ്ട ചികിത്സ നൽകുകയും ചെയ്യുന്നതാണ്.

(ബി) മാതൃമരണ നിരക്ക് കുറയ്ക്കുന്നതിനായി മാതൃമരണത്തിന് ഏറ്റവും കൂടുതൽ കാരണമായ പി.പി.എച്ച്, ഹൈപ്പർ ടെൻഷൻ മുതലായവ കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അത്യാസന്ന നിലയിൽ റഫറൽ ചെയ്തുവരുന്ന അമ്മമാർ മരണപ്പെടുന്ന സാഹചര്യത്തിൽ അതിന്റെ കാരണങ്ങൾ കണ്ടുപിടിച്ച് പ്രതിവിധി നടപ്പാക്കുന്നതിന് Death Audit നടത്തിവരുന്നു. കൂടാതെ, ആന്റിനേറ്റൽ കോർട്ടികോ സ്റ്റിറോയ്ഡ്, 17 ആൽഫാ ഹൈഡ്രോക്സി പ്രോജസ്റ്ററോൺ മുഖാന്തരം പ്രീടേം ലേബറിനെ തടുക്കുക, ക്വാളിറ്റി മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലുള്ള ആന്റിബയോട്ടിക്കുകളുടെ ഉപയോഗം, നവജാതശിശു റീസസിറ്റേഷൻ, ഹൈപ്പോ ഗ്ളൈസീമിയ തടയുക, അണുബാധ നിയന്ത്രണ മാനദണ്ഡങ്ങൾ നടപ്പിലാക്കുക, ഹൈപ്പോതെർമിയ തടയുക, Continuous Positive Airway Pressure (CPAP) നടപ്പിലാക്കുക, മുലയൂട്ടൽ പ്രോത്സാഹിപ്പിക്കുക, ആന്റിനേറ്റൽ USG Scan 10 മുതൽ 13 ആഴ്ചവരെ നിർബന്ധമാക്കുക, ആന്റിനേറ്റൽ USG അനോമലി Scan 18 മുതൽ 20 ആഴ്ചവരെ നിർബന്ധമാക്കുക, Infra Partum Monitoring, Surfactant Replacement Therapy (SRT) തുടങ്ങിയ കാര്യങ്ങളും ശിശുമരണ നിരക്കും മാതൃമരണ നിരക്കും കുറയ്ക്കുന്നതിന് ചെയ്തുവരുന്നുണ്ട്.

(സി) ജീവിതശൈലി രോഗങ്ങളുടെ മരുന്നുകൾ ജില്ലാ ജനറൽ ആശുപത്രി മുതൽ കുടുംബക്ഷേമ ഉപകേന്ദ്രതലം വരെ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അർബുദ രോഗ ചികിത്സ എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലാ ആശുപത്രികളിലും കീമോതെറാപ്പി സൗകര്യം ഉൾപ്പെടെയുള്ള ജില്ലാ

കീമോതെറാപ്പി യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. ഏറെ ചെലവേറിയ പക്ഷാഘാത ചികിത്സ ജില്ലാ ആശുപത്രികളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. പൊതുമേഖലാ ചികിത്സാ സംവിധാനങ്ങൾ ശക്തിപ്പെടുത്തിക്കൊണ്ടും നിലവിലുള്ള വിവിധ ചികിത്സാ ഇൻഷ്വറൻസ് പദ്ധതികൾ ഏകോപിപ്പിച്ചും വിപുലപ്പെടുത്തിയും കുറഞ്ഞ ചെലവിൽ ഗുണമേന്മയുള്ള ചികിത്സ ലഭ്യമാക്കുവാനുള്ള പ്രവർത്തന പരിപാടികൾക്ക് ആരോഗ്യ വകുപ്പ് രൂപം നൽകിവരുന്നു. ദന്ത ചികിത്സ സുഗമമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനമൊട്ടാകെയുള്ള ഡെന്റൽ യൂണിറ്റുകൾ അനുസരിച്ച് പ്രാവർത്തികമാക്കേണ്ട ഒരു ഏകീകൃത ദന്ത ചികിത്സ നിരക്കിന്റെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇവ മിക്കവാറും എല്ലാ ആശുപത്രികളിലും ഇതിനകം തന്നെ നടപ്പിലാക്കി കഴിഞ്ഞിരിക്കുകയാണ്.

## പ്രാഥമികാരോഗ്യ ശൃംഖല ശക്തിപ്പെടുത്താൻ നടപടി

225(6540) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ സംരക്ഷണത്തിനും, രോഗ പ്രതിരോധത്തിനും കുറഞ്ഞ ചെലവിൽ ഗുണമേന്മയുള്ള സേവനം ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രാഥമികാരോഗ്യ ശൃംഖല ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) വൈപ്പിൻ നിയോജകമണ്ഡലത്തിൽ എത്ര കാരുണ്യ ഫാർമസികൾ നിലവിലുണ്ടെന്നും, കൂടുതൽ കാരുണ്യഫാർമസികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) ആരോഗ്യ സംരക്ഷണത്തിനും രോഗ പ്രതിരോധത്തിനും ഊന്നൽ നൽകി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും. ഇവിടങ്ങളിലെ അടിസ്ഥാനസൗകര്യ പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പുവഴിയും ദേശീയ ആരോഗ്യദൗത്യം അതാത് സ്വയംഭരണ സ്ഥാപനങ്ങൾ വഴിയും നടത്തിവരികയാണ്. സ്റ്റാന്റേർഡൈസ്ഡ് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് സി.എച്ച്.സി.-കളിലും പി.എച്ച്.സി.-കളിലും സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി വരുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലുകളും തയ്യാറാക്കിവരുന്നു. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ സംരക്ഷണ കേന്ദ്രങ്ങളാക്കി മാറ്റുക, സ്റ്റാഫ് പാറ്റേൺ

അനുസരിച്ച് തസ്തിക സൃഷ്ടിക്കുക, താലൂക്ക്/ജില്ലാ ആശുപത്രികളിൽ കാത്ത് ലാബ് ആരംഭിക്കുക, ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുക, താലൂക്ക് ജില്ലാ ആശുപത്രികളെ യഥാക്രമം സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി സൗകര്യങ്ങൾ വിപുലപ്പെടുത്തുക എന്നിവവഴി മെച്ചപ്പെട്ടതും ഗുണമേന്മയുള്ളതുമായ സേവനം ജനങ്ങൾക്ക് ഉറപ്പുവരുത്തുന്നതിനുവേണ്ട പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. രോഗപ്രതിരോധത്തിന്റെ ഭാഗമായി മാലിന്യനിർമ്മാർജ്ജനം, മഴക്കാലപൂർവ്വ ശുചീകരണം, കൊതുകിന്റെ ഉറവിട നശീകരണം, ഇടതടവില്ലാതെ കുടിവെള്ളം ലഭ്യമാക്കൽ, രോഗ നിരീക്ഷണം, കൊതുക് നിരീക്ഷണം തുടങ്ങിയവ നടത്തി പകർച്ചവ്യാധി വരുന്നത് മുൻകൂട്ടി കണ്ടുപിടിച്ച് അപ്പപ്പോൾ നിയന്ത്രിക്കുന്നതിന് സാദ്ധ്യമാകുന്നു. കൂടാതെ പൊതുജനാരോഗ്യ നിയമപ്രകാരം ഭക്ഷണശാലകളിലും മറ്റ് സ്ഥാപനങ്ങളിലും സ്കൂളുകളിലും ഇതര സംസ്ഥാന തൊഴിലാളി ക്യാമ്പുകളിലും മറ്റും പരിശോധന നടത്തി നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വൈപ്പിൻ നിയോജകമണ്ഡലത്തിൽ നിലവിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളൊന്നും പ്രവർത്തിക്കുന്നില്ല. ടി നിയോജക മണ്ഡലത്തിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

**ആശുപത്രികളിൽ പ്രൊഫഷണൽ സോഷ്യൽ വർക്കേഴ്സിന്റെ അഭാവം**

226(6541) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ പ്രൊഫഷണൽ സോഷ്യൽ വർക്കേഴ്സിന്റെ അഭാവം കാരണം ചികിത്സ തേടിവരുന്ന രോഗികളും ആശുപത്രി ജീവനക്കാരും തമ്മിൽ കയ്യാങ്കളി ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സോഷ്യൽ വർക്കേഴ്സിന്റെ സേവനം വിദേശ രാജ്യങ്ങളിലും, സംസ്ഥാനത്തെ പ്രമുഖ സ്വകാര്യ ആശുപത്രികളിലും ഉള്ളതുപോലെ സർക്കാർ ആശുപത്രികളിലും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇപ്രകാരം നിയമിക്കുകയാണെങ്കിൽ താല്ക്കാലികമായോ, കരാർ വ്യവസ്ഥയിലോ എപ്രകാരമായിരിക്കും നിയമന നടപടികൾ നടക്കുന്നത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) പരിഗണനയിലില്ല.

## പാരാമെഡിക്കൽ സ്റ്റാഫിന്റെ കുറവ്

227(6542) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണ്ണിത്തുറ ആയുർവ്വേദ കോളേജിൽ പാരാമെഡിക്കൽ സ്റ്റാഫിന്റെ കുറവ് കാരണം അനുഭവപ്പെടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഒഴിവുകൾ കാരണം നിശ്ചിത യോഗ്യത ഇല്ലാത്തവർ ഇവരുടെ ജോലികൾ ചെയ്യേണ്ടിവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാരാമെഡിക്കൽ സ്റ്റാഫിന്റെ കുറവ് പരിഹരിക്കുന്നതിനായി എൻ.എച്ച്.എം. വഴി 5-ഉം എച്ച്.ഡി.എസ്. വഴി 11-ഉം നഴ്സ് കാറ്റഗറിയിൽപ്പെട്ട ജീവനക്കാരെ ദിവസവേതനാടിസ്ഥാനത്തിൽ ആശുപത്രിയിൽ നിയമിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഈ വിഷയം പരിശോധിച്ചുവരുന്നു.

## രക്തദാനത്തിലൂടെ എയ്ഡ്സ് ബാധിച്ചവർ

228(6543) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രക്തദാനത്തിലൂടെ എയ്ഡ്സ് ബാധിച്ചവരുണ്ടെന്ന ദേശീയ എയ്ഡ്സ് നിയന്ത്രണ സംഘടനയുടെ (നാക്കോ) കണക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പല രക്തബാങ്കുകളും രക്തം സ്വീകരിക്കുമ്പോൾ പാലിക്കേണ്ട കർശന വ്യവസ്ഥകൾ പാലിക്കാത്തതാണ് ഈ സ്ഥിതിവിശേഷം സൃഷ്ടിക്കുന്നതിന് ഇടയാക്കിയതെന്ന കാര്യം സർക്കാർ ഗൗരവമായി കാണുന്നുണ്ടോ;

(സി) സുരക്ഷിത രക്തദാനം ഉറപ്പുവരുത്തുന്ന തരത്തിലുള്ള അന്താരാഷ്ട്ര നിലവാരമുള്ള സാങ്കേതിക വിദ്യകൾ ലഭ്യമല്ലാത്തതുകൊണ്ടാണ് സ്വീകരിക്കുന്ന രക്തം സുരക്ഷിതമാണെന്ന് ഉറപ്പുവരുത്താൻ പല രക്തബാങ്കുകൾക്കും കഴിയാത്തതെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സംസ്ഥാനത്തെ അംഗീകൃത രക്തബാങ്കുകൾക്ക് ഇത്തരം സാങ്കേതികവിദ്യകൾ ലഭ്യമാകുന്നതിനാവശ്യമായ സഹായങ്ങൾ നൽകുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നാഷണൽ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷനിൽനിന്നും വിവരാവകാശ നിയമ പ്രകാരം ലഭ്യമാക്കിയ വിവരങ്ങൾ മാദ്ധ്യമങ്ങൾ റിപ്പോർട്ട് ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കേരളത്തിൽ രക്തം സ്വീകരിച്ചതുവഴി എയ്ഡ്സ് ബാധിച്ചതായുള്ള നാക്കോയുടെ റിപ്പോർട്ട് പ്രകാരമുള്ള കേസുകളൊന്നും തന്നെ കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ രക്ത സുരക്ഷിതത്വ വിഭാഗത്തിൽ റിപ്പോർട്ട് ചെയ്തിട്ടില്ല.

(ബി) കേരളത്തിലെ രക്ത ബാങ്കുകൾ ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ട്മെന്റ് നൽകുന്ന ലൈസൻസ് പ്രകാരമാണ് പ്രവർത്തിക്കുന്നത്. ഈ രക്തബാങ്കുകളിലെല്ലാം തന്നെ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക് ആക്ട് പ്രകാരമുള്ള അഞ്ച് പ്രാഥമിക പരിശോധനകൾക്ക് (എച്ച്.ഐ.വി., ഹൈപ്പറ്റൈറ്റിസ് സി, ഹെപ്പറ്റൈറ്റിസ് ബി, മലേറിയ, സിഫിലിസ്) വിധേയമാക്കിയതിനുശേഷമാണ് ദാതാവിൽനിന്നും സ്വീകരിക്കുന്ന രക്തം ആവശ്യമായ രോഗികൾക്ക് നൽകുന്നത്. കൂടാതെ രക്ത ബാങ്കുകൾക്ക് ലൈസൻസ് അനുവദിക്കുമ്പോഴും ലൈസൻസ് പുതുക്കുമ്പോഴും സ്റ്റേറ്റ് ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിലും സംസ്ഥാന ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ട്മെന്റും പരിശോധനകൾ നടത്തി തൃപ്തികരമാണെങ്കിൽ മാത്രമാണ് ലൈസൻസ് അനുവദിക്കുന്നത്.

(സി) നിലവിൽ ലഭ്യമായ ആധുനിക സാങ്കേതികവിദ്യ എന്നുപറയുന്നത് ന്യൂക്ലിക് ആസിഡ് ടെസ്റ്റാണ്. എന്നാൽ സംസ്ഥാനത്തെ സർക്കാർ രക്ത ബാങ്കുകളിൽ നടപ്പാക്കുന്നതിന് ഭാരിച്ച തുക ആവശ്യമായി വരും. കൂടാതെ സാധാരണ രോഗികളിൽ നിന്നുപോലും ഉയർന്ന തുക ടെസ്റ്റ് ഫീസായി വാങ്ങേണ്ടതായും വരും. നിലവിൽ ന്യൂക്ലിക് ആസിഡ് ടെസ്റ്റുമായി വലിയ വ്യത്യാസമില്ലാത്ത എലീസ ടെസ്റ്റാണ് രക്ത ബാങ്കുകളിൽ നടത്തുന്നത്. ന്യൂക്ലിക് ആസിഡ് ടെസ്റ്റ് ചെയ്താലും ഡി & സി ആക്ട് നിഷ്കർഷിച്ചിട്ടുള്ള എലീസ ടെസ്റ്റുകൾ ചെയ്തിരിക്കണം. കൂടാതെ രക്തം വഴിയുള്ള എച്ച്.ഐ.വി. അണുവ്യാപനം തടയുന്നതിനുള്ള ഏറ്റവും മികച്ച മാർഗ്ഗങ്ങളിലൊന്നായ ആവർത്തിച്ചുള്ള സന്നദ്ധ രക്തദാനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്റ്റേറ്റ് ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിൽ തലസ്ഥാന ആരോഗ്യ വകുപ്പും മറ്റ് സന്നദ്ധ സംഘടനകളുമായി ചേർന്ന് നടപ്പാക്കിവരുന്നു.

## ആരോഗ്യ വകുപ്പിൽ വിവിധ തസ്തികകൾ

229(6544) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആരോഗ്യ വകുപ്പിൽ ഡോക്ടർമാർ ഉൾപ്പെടെ വിവിധ തസ്തികകളിൽ തിരുവനന്തപുരം ജില്ലയിൽ എത്ര ഒഴിവുകൾ ഉണ്ട് എന്നത് വ്യക്തമാക്കാമോ; അത് ഏതെല്ലാം സ്ഥാപനങ്ങളിലാണ് എന്നത് കൂടി വിശദമാക്കാമോ?

ഉത്തരം

392 ഒഴിവുകൾ. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ആരോഗ്യ വകുപ്പിൽ സ്ഥലംമാറ്റത്തിനായി അപേക്ഷിച്ചവർ

230(6545) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ സ്ഥലംമാറ്റത്തിനായി ലഭിച്ച എത്ര അപേക്ഷകളുണ്ട്; തസ്തിക തിരിച്ച് വിശദമാക്കുമോ;

(ബി) ഇതിൽ എത്ര പേർ നിലവിൽ മറ്റു ജില്ലകളിൽ (സ്വന്തം ജില്ലകളിൽ അല്ലാതെ) ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇതിൽ എത്ര പേർ 3 വർഷത്തിലധികമായി മറ്റ് ജില്ലകളിൽ ജോലി ചെയ്യുന്നവരുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവർക്ക് എന്ന് സ്ഥലം മാറ്റം നൽകാൻ സാധിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ആരോഗ്യവകുപ്പിൽ സ്ഥലം മാറ്റത്തിന് ലഭിച്ച അപേക്ഷകളുടെ വിശദാംശങ്ങളും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ലഭിച്ചവയും അനുബന്ധമായി ചേർക്കുന്നു.* ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ നോൺ ഗസറ്റഡ് വിഭാഗത്തിൽ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റിന്റെയും സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റിന്റെയും സീനിയർ ക്ലാർക്കിന്റെയും ഓരോ അപേക്ഷകളും ഗസറ്റഡ് വിഭാഗത്തിൽ (സീനിയർ ഡ്രഗ്സ് ഇൻസ്പെക്ടർ/റീജിയണൽ ഡ്രഗ്സ് ഇൻസ്പെക്ടർ/ സി.ഐ.ഡി.ഐ.എസ്.) രണ്ട് അപേക്ഷകളും പരിഗണനയിലുണ്ട്.

(ബി) ആരോഗ്യ വകുപ്പിൽ മറ്റ് ജില്ലകളിൽ ജോലി ചെയ്യുന്നവരുടെ വിവരം അനുബന്ധം ആയി ചേർക്കുന്നു.* മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 139 പേരും ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ 5 പേരും മറ്റ് ജില്ലകളിൽ ജോലി ചെയ്യുന്നു.

(സി) ആരോഗ്യ വകുപ്പിൽ മൂന്ന് വർഷത്തിലധികമായി മറ്റ് ജില്ലകളിൽ ജോലി ചെയ്യുന്നവരുടെ വിവരം അനുബന്ധം ആയി ചേർക്കുന്നു*. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 27 പേർ മൂന്ന് വർഷത്തിലധികമായി മറ്റ് ജില്ലകളിൽ ജോലി ചെയ്യുന്നു.

(ഡി) ഒഴിവുകൾ വരുന്നമുറയ്ക്ക് സ്ഥലം മാറ്റം നൽകാൻ സാധിക്കുന്നതാണ്.

## തൊഴിലാളികൾക്ക് മെഡിക്കൽ കാർഡ്

231(6546) ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഹോട്ടലുകളിലും റെസ്റ്റോറന്റുകളിലും പാചകക്കാർ മുതൽ ക്ലീനിംഗ് തൊഴിലാളികൾ വരെ ഇതരസംസ്ഥാന തൊഴിലാളികളായി മാറിയിട്ടുള്ളതും ഇവരിൽ പലരും വൃത്തിഹീനമായ പരിതസ്ഥിതിയിൽ ജീവിക്കുന്നവരും രോഗികളുമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം തൊഴിലാളികൾക്ക് മെഡിക്കൽ കാർഡ് നൽകുന്ന കാര്യം പരിഗണനയിലുണ്ടോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ ജില്ലയിലും ആരോഗ്യ വകുപ്പ് തുടർച്ചയായി അന്യസംസ്ഥാന തൊഴിലാളി ക്യാമ്പുകൾ സന്ദർശിച്ച് തൊഴിലാളികളുടെ വ്യക്തിശുചിത്വം, പരിസര ശുചിത്വം, കുടിവെള്ള ശുചിത്വം തുടങ്ങിയവ നിരീക്ഷിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും തൊഴിൽ വകുപ്പിന്റെയും സഹകരണത്തോടെ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് നിലവിലുള്ളതും അന്യസംസ്ഥാന തൊഴിലാളികളുടെ വരവോടെ ഉണ്ടായിട്ടുള്ളതുമായ ആരോഗ്യപ്രശ്നങ്ങൾ ഇല്ലായ്മ ചെയ്യുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന ആരോഗ്യ വകുപ്പ് "ഹെൽത്തി കേരള" എന്ന പേരിൽ സമഗ്രമായ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഈ പരിപാടിയുടെ ഭാഗമായി ഇതര സംസ്ഥാന തൊഴിലാളികളുടെ വാസസ്ഥലങ്ങളിൽ മെഡിക്കൽ ക്യാമ്പും, ബോധവത്ക്കരണ ക്ലാസ്സുകളും ആരോഗ്യ വകുപ്പ് നടത്തി വരുന്നുണ്ട്. മലമ്പനി, മന്ത്, കുഷ്ഠം, ക്ഷയം തുടങ്ങിയ പകർച്ചവ്യാധികളുടെ നിർണ്ണയത്തിനായി സ്ക്രീനിംഗ് നടത്തി രോഗമുള്ളവരെ കണ്ടെത്തി ചികിത്സയ്ക്ക് വിധേയമാക്കുകയും ചെയ്യുന്നുണ്ട്.

(ബി) ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ട് "ആവാസ്" എന്ന പേരിൽ ഒരു ഇൻഷ്വറൻസ് ലിങ്ക്ഡ് തിരിച്ചറിയൽ കാർഡ് നൽകുന്ന കാര്യം പരിഗണനയിലാണ്.

**ഭക്ഷ്യവസ്തുക്കളിൽ മായം**

232(6547) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യവസ്തുക്കളിൽ മായം ചേർത്തതുമായി ബന്ധപ്പെട്ട് കഴിഞ്ഞ നാല് മാസക്കാലയളവിൽ എത്ര കേസ്സുകൾ എടുത്തിട്ടുണ്ട്;

(ബി) ഏതെല്ലാം സ്ഥാപനങ്ങളുടെ പേരിലാണ് നടപടി സ്വീകരിച്ചിട്ടുള്ളത്;

(സി) പാക്കറ്റിലാക്കാത്ത ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരപരിശോധനയുടെ അടിസ്ഥാനത്തിൽ മായം ചേർത്തിട്ടുണ്ടെങ്കിൽ അതിന് ആരെയാണ് ശിക്ഷാ നടപടിക്ക് വിധേയമാക്കാറുള്ളത്;

(ഡി) മായം ചേർക്കൽ കണ്ടെത്താനും അന്വേഷണം നടത്താനും ആവശ്യമായ ജീവനക്കാർ വകുപ്പിൽ ഉണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) നൂറ്റിയിരുപത്.

(ബി) അനുബന്ധം * ആയി ചേർത്തിരിക്കുന്നു.

(സി) പ്രസ്തുത വ്യാപാരിക്ക് ബില്ലിന്മേൽ വിതരണം ചെയ്തിട്ടുണ്ടെങ്കിൽ ആ ബില്ലിൽ പരാമർശിക്കുന്നവർക്കുൾപ്പെടെയും അല്ലാത്തപക്ഷം ബന്ധപ്പെട്ട വ്യാപാരിക്കെതിരെയും നിയമനടപടിക്ക് ശിപാർശ ചെയ്യാറുണ്ട്.

(ഡി) സംസ്ഥാനവ്യാപകമായി ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ 14 അസിസ്റ്റന്റ് കമ്മീഷണർമാരും ടി ഓഫീസുകളിൽ തന്നെ ഓരോ ഫുഡ്സേഫ്റ്റി ഓഫീസർമാരും നിയമസഭാ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഓരോ ഫുഡ് സേഫ്റ്റി ഓഫീസറും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ഒരു അസിസ്റ്റന്റ് കമ്മീഷണർ ഓഫ് ഫുഡ് സേഫ്റ്റിയുടെ നേതൃത്വത്തിൽ രണ്ട് ഫുഡ്സേഫ്റ്റി ഓഫീസർമാരടങ്ങുന്ന സ്ക്വാഡുമാണ് ഭക്ഷ്യവസ്തുക്കൾ പരിശോധിക്കുന്നതിനായി നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ. മേൽ പരാമർശിച്ചതിൽ 80 ഫുഡ്സേഫ്റ്റി ഓഫീസുകൾ പുതിയതായി നിലവിൽ വന്നിട്ടുള്ളതാണ്. ആയത് പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്.

## ഫിസിയോതെറാപ്പിസ്റ്റുകളുടെ സേവനം

233(6548) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിസിയോതെറാപ്പിസ്റ്റുകളുടെ സേവനം പി.എച്ച്.സി.-കളിലും സി.എച്ച്.സി.-കളിലും ലഭ്യമല്ലാത്തത് കാരണം രോഗികൾ ഏറെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്പോൾ താലൂക്ക് ആശുപത്രി വരെ മാത്രം ലഭിക്കുന്ന ഇവരുടെ സേവനം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും പ്രൈമറി ഹെൽത്ത് സെന്ററുകളിലും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത പ്രശ്നപരിഹാരത്തിന് നാളിതുവരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നിർദ്ദേശങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

### അബ്ദുൽ മജീദ് കെ.കെ.-യുടെ സർവ്വീസ് സംബന്ധമായ ഫയലുകൾ

234(6549) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം പുറത്തൂർ സി.എച്ച്.സി.- യിൽ ഫാർമസിസ്റ്റായി ജോലി ചെയ്തിരുന്ന അബ്ദുൽ മജീദ് കെ.കെ. യുടെ സർവ്വീസ് സംബന്ധമായ സർക്കാർ ഫയൽ നമ്പർ 17682/H2/2015/H&FWD-ന്റെയും ഹെൽത്ത് ഡയറക്ടറേറ്റിലെ ഫയൽ നമ്പർ EE4/49266/2015-ന്റെയും നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഫയലുകളിൽ തീരുമാനം ഉണ്ടാകുവാനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) പുറത്തൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഫാർമസിസ്റ്റായി ജോലി നോക്കി വരവെ 120 ദിവസത്തെ അർദ്ധവേതനാവധിക്ക് അപേക്ഷിക്കുകയും തിരികെ നിശ്ചിത ദിവസം ജോലിയിൽ പ്രവേശിക്കാതിരിക്കുകയും ചെയ്തതിനാൽ ശ്രീ. അബ്ദുൽ മജീദ് കെ. കെ. അനധികൃതമായി ജോലിയിൽനിന്ന് വിട്ടുനിൽക്കുന്നതായി മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും കുറ്റാരോപണ പത്രിക നൽകുകയുമുണ്ടായി എന്നും ആയത് ടിയാൻ കൈപ്പറ്റാതെ തിരികെ വന്നതിനെത്തുടർന്ന് പ്രമുഖ പത്രങ്ങളിൽ കുറ്റാരോപണപത്രിക പ്രസിദ്ധീകരിക്കുകയുണ്ടായി എന്നും ടിയാൻ ഇപ്പോൾ സർവ്വീസിൽ ഇല്ലെന്നുമുള്ള വിവരം മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുള്ളതായി ആരോഗ്യ വകുപ്പ് ഡയറക്ടർ 18-5-2016-ലെ ഇ.ഇ.4-49266/ 2015/ആ.വ.ഡ. നമ്പർ കത്തു മുഖാന്തരം റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ 17682/എച്ച് 2/15/ആ.കു.വ. നമ്പരായ ഫയലിൽ തുടർ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

### ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിലെ ഒഴിവുകൾ

235(6550) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിൽ നൂറിലധികം ഒഴിവുകൾ നിലവിലുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ 20 ലധികം ഒഴിവുകൾ നിലവിലുള്ള സാഹചര്യത്തിൽ പകർച്ചവ്യാധി നിയന്ത്രണം സാധ്യമാകുന്നതെങ്ങനെയെന്ന് വിശദമാക്കുമോ;

(സി) ആരോഗ്യ വകുപ്പിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II പ്രൊമോഷൻ നൽകുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രൊമോഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(ഡി) പി.എസ്.സി. റാങ്ക് ലിസ്റ്റിലുള്ളവരിൽനിന്നും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ?

<u>ഉത്തരം</u>

(എ) ഇല്ല. എന്നാൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 2 ഒഴിവുകളും ആരോഗ്യ വകുപ്പിൽ 37 ഒഴിവുകളും നിലവിലുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പി.എസ്.സി. വഴി ടി ഒഴിവുകളിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) തിരുവനന്തപുരം ജില്ലയിൽ നിലവിൽ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ 17 ഒഴിവുകളാണുള്ളത്. നിലവിലുള്ള ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് അധിക ചുമതലകൾ നൽകിയാണ് പകർച്ചവ്യാധി നിയന്ത്രണ പരിപാടികൾ നടപ്പാക്കുന്നത്.

(സി) ഉണ്ട്. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1-ൽ നിന്നും ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - II തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റ് ബഹു. കേരള ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. കോടതിയിൽ നിന്നുള്ള അന്തിമവിധി അനുസരിച്ച് പ്രൊമോഷൻ നടത്തുന്നതാണ്.

(ഡി) പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും ഒഴിവുകൾ നികത്തിവരുന്നു.

## കൊണ്ടോട്ടി മണ്ഡലത്തിലെ മൂന്ന് പാലിയേറ്റീവ് കെയർ ക്ലിനിക്കുകൾക്ക് വാഹനം

236(6551) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിലെ മൂന്ന് പാലിയേറ്റീവ് കെയർ ക്ലിനിക്കുകൾക്ക്, മുൻസർക്കാരിന്റെ കാലത്ത് ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് വാഹനം വാങ്ങുന്നതിന് തുക അനുവദിച്ചുകൊണ്ട് ആരോഗ്യ കുടുംബക്ഷേമ (എഫ്.ഡബ്ല്യ) വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പാലിയേറ്റീവ് ക്ലിനിക്കുകൾക്ക് വാഹനം ലഭ്യമാക്കി കൊടുക്കേണ്ടത് ആരാണെന്നും ഇതിന് ആർക്കാണ് നിർദ്ദേശം നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ഡി) ധനകാര്യ വകുപ്പ് പ്രത്യേക കേസായി പരിഗണിച്ച് ഉത്തരവിറക്കിയിട്ടും പാലിയേറ്റീവ് ക്ലിനിക്കുകൾക്ക് വാഹനം ലഭ്യമാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഇ) ഇത് സംബന്ധിച്ച് മലപ്പുറം ഡി,എം.ഒ., ഹെൽത്ത് ഡയറക്ടറേറ്റ് എന്നിവിടങ്ങളിലെ ഫയലിൽ ആവശ്യമായ നിർദ്ദേശം നൽകി വാഹനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 14-1-2016-ലെ സ.ഉ.(സാധാ) നമ്പർ 152/2016/ആ.കു.വ. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി *ചേർക്കുന്നു.

(സി-ഇ) കൊണ്ടോട്ടി മണ്ഡലത്തിലെ പാലിയേറ്റീവ് കെയർ ക്ലിനിക്കുകളായ പുളിക്കൽ, വാഴക്കാട്, പാലിയേറ്റീവ് കെയർ & ഇന്നവേഷൻ സെന്റർ, തുറക്കൽ എന്നീ സ്ഥാപനങ്ങൾ ആരോഗ്യ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ളവയല്ല. കൂടാതെ പ്രസ്തുത ആവശ്യത്തിനായി നീക്കിവച്ചിട്ടുള്ള ഫണ്ട് 4210-02-800-95 (01) പ്രോജക്ട്സ് അണ്ടർ എൽ.എ.സി.എസ്.ഡി.എസ്. എന്ന ശീർഷകത്തിലാണ്. ഇത് ആരോഗ്യ വകുപ്പിന്റെ പ്രവർത്തന പരിധിയിൽപ്പെട്ടതല്ല. ആയതിനാൽ പ്രസ്തുത സ്ഥാപനങ്ങൾക്ക് വാഹനം വാങ്ങി നൽകുന്നതിന് ആരോഗ്യ വകുപ്പിന് കഴിയില്ല.

**കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ**

237(6552) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെയുള്ള കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ എണ്ണം എത്ര എന്നും ഇതിൽ എത്ര ഉപകേന്ദ്രങ്ങൾക്കാണ് സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ളത്എന്നും വ്യക്തമാക്കാമോ;

(ബി) വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

| | | | |
|---|---|---|---|
| (എ) | ആകെയുള്ള കുടുംബക്ഷേമ കേന്ദ്രങ്ങളുടെ എണ്ണം | - | 5403 |
| | സ്വന്തമായി കെട്ടിടവും സ്ഥലവും ഉള്ളത് | - | 4283 |

(ബി) സ്വീകരിക്കും. വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾക്ക് സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതിന് പദ്ധതി**

238(6553) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു നിയോജകമണ്ഡലത്തിലെ ഒരു പ്രാഥമികാരോഗ്യ കേന്ദ്രം കുടുംബാരോഗ്യ കേന്ദ്രമാക്കുന്ന പദ്ധതിയുടെ ഭാഗമായി എന്തെല്ലാം സൗകര്യങ്ങളും സേവനങ്ങളുമാണ് പുതുതായി ഏർപ്പെടുത്തുന്നതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി എന്ന് നടപ്പിൽ വരുത്താനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) പ്രാഥമികാരോഗ്യ സംരക്ഷണ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി അവിടങ്ങളിലെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കാൻ സജ്ജമാക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. ഇതുവഴി ഓരോ പ്രദേശത്തെയും സാംക്രമിക രോഗങ്ങളും ജീവിതശൈലീ രോഗങ്ങളും കണ്ടെത്തി പരിഹരിക്കുവാനും രോഗപ്രതിരോധവും ചികിത്സാ സൗകര്യവും വിപുലപ്പെടുത്താനും ആലോചിക്കുന്നുണ്ട്. പകർച്ചവ്യാധികളല്ലാത്ത രോഗങ്ങളുടെ കാര്യത്തിൽ ഒരു പ്രാഥമിക ആരോഗ്യ സമ്പ്രദായം വികസിപ്പിച്ചെടുക്കാനും ലക്ഷ്യമിടുന്നുണ്ട്. ഘട്ടം ഘട്ടമായി ഈ പ്രോഗ്രാമുകൾ കൂടുതൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെടുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രാരംഭ നടപടികളും ആരംഭിച്ചിട്ടുണ്ട്. ടി തസ്തിക സൃഷ്ടിക്കപ്പെടുന്നതിലൂടെ മെച്ചപ്പെട്ട സേവനം പ്രാഥമിക തലത്തിൽ നൽകാൻ സാധിക്കും.

**സ്പോട്ട് അഡ്മിഷൻ**

239(*T 6554) ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മെഡിക്കൽ കോളേജുകളിൽ മെറിറ്റ് അടിസ്ഥാനത്തിൽ അഡ്മിഷൻ നേടിയവരെ അവർ നിലനിർത്തിയിട്ടുള്ള ഹയർ ഓപ്ഷൻ സീറ്റുകളിലേക്ക് നടന്ന സ്പോട്ട് അഡ്മിഷന് പരിഗണിക്കാതെ, മെറിറ്റ് മറികടന്ന് കുറഞ്ഞ റാങ്ക് ഉള്ളവർക്ക് അഡ്മിഷൻ നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണ് പ്രസ്തുത വിഭാഗക്കാരെ സ്പോട്ട് അഡ്മിഷന് പരിഗണിക്കാത്തതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പ്രശ്നം പഠിക്കുവാൻ ഒരു വിദഗ്ദ്ധ സമിതിയെ നിയമിക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിലേയ്ക്കുള്ള അലോട്ട്മെന്റും പ്രവേശനവും സർക്കാരും പ്രസ്തുത മാനേജ്മെന്റുകളുമായി അതത് അദ്ധ്യയന വർഷാരംഭത്തിൽ ഏർപ്പെടുന്ന കരാറിലെ വ്യവസ്ഥകൾക്ക് അനുസൃതമായിട്ടാണ് നടത്തപ്പെടുന്നത്. ഇതുപ്രകാരം 2016 സെപ്റ്റംബർ 26-ന് സ്വാശ്രയ മെഡിക്കൽ/ ഡെന്റൽ കോളേജുകളിലേയ്ക്കുള്ള പ്രവേശനം, കേരള പ്രവേശന പരീക്ഷാ കമ്മീഷണർ പൂർത്തിയാക്കേണ്ടതുണ്ട്. കൂടാതെ 2016 സെപ്റ്റംബർ 26-ന് ശേഷം സ്വകാര്യ/ സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികളെ വീണ്ടും മറ്റേതെങ്കിലും കോളേജുകളിലേയ്ക്ക് അലോട്ട് ചെയ്യുവാനോ സ്വാശ്രയ കോളേജുകളിലേയ്ക്ക് പുതുതായി അലോട്ട്മെന്റ് നടത്താനോ കഴിയില്ല. ഈ സാഹചര്യത്തിൽ 2016 സെപ്റ്റംബർ 30-ന് നടന്ന സ്പോട്ട് അഡ്മിഷനിൽ ഇത്തരം വിദ്യാർത്ഥികളെ പങ്കെടുപ്പിക്കാൻ സാധിച്ചിട്ടില്ല. മുൻവർഷങ്ങളിലും ഇതേ രീതി തന്നെയാണ് പിന്തുടർന്നുവന്നിരുന്നത്.

(ബി) സർക്കാർ അംഗീകൃത പ്രോസ്പെക്ടസിലെയും വിവിധ സർക്കാർ ഉത്തരവുകളിലെയും വ്യവസ്ഥകൾക്കനുസൃതമായാണ് അലോട്ട്മെന്റും പ്രവേശനവും നടത്തിവരുന്നത്. അടുത്ത അദ്ധ്യയനവർഷം മുതൽ എം.ബി.ബി.എസ്./ ബി.ഡി.എസ്. കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം ഏകീകൃത കൗൺസലിംഗ് മുഖാന്തരം നടപ്പിലാക്കുമ്പോൾ ഈ പ്രശ്നത്തിന് പരിഹാരമാകുമെന്ന് പ്രതീക്ഷിക്കുന്നു.

**സീനിയോരിറ്റി ലിസ്റ്റ്**

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

240(6555) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ സ്റ്റാഫ് നേഴ്സ് ഗ്രേഡ് 2 സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കിയപ്പോൾ, ഡി.എം.ഇ., ഡി.എച്ച്.എസ്. ബൈഫർക്കേഷന്റെ ഭാഗമായി അന്തർജില്ലാ സ്ഥലംമാറ്റം നേടിയ ആയിരത്തിൽപ്പരം ജീവനക്കാർക്കും ശൂന്യവേതനാവധിയിൽ വിദേശ ജോലിക്കുപോയ എൺപത്തിനാലോളം ജീവനക്കാർക്കും സീനിയോരിറ്റി നിലനിർത്തി കൊടുത്തപ്പോൾ, മാതാപിതാക്കളെ സംരക്ഷിക്കുന്നതിനായി അന്തർജില്ലാ സ്ഥലം മാറ്റം വാങ്ങിയ പത്തിൽ താഴെ മാത്രം വരുന്ന ജവാന്റെ ആശ്രിതർക്കും, നിശ്ചിത യോഗ്യതയുടേയും മാനദണ്ഡങ്ങളുടേയും അടിസ്ഥാനത്തിൽ സ്ഥലം മാറ്റം ലഭിച്ച പട്ടികജാതി പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗക്കാർക്കും സീനിയോരിറ്റി നിഷേധിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കാലഹരണപ്പെട്ട ഈ സമ്പ്രദായം തിരുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

**കേരള ആരോഗ്യ സർവ്വകലാശാലയിൽ ഡെപ്യൂട്ടേഷൻ**

241(6556) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ആരോഗ്യ സർവ്വകലാശാലയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥ പ്രകാരം എത്ര പേർ ജോലി ചെയ്യുന്നുണ്ട്;

(ബി) ഇവർ ഏതെല്ലാം തസ്തികകളിൽ ജോലിചെയ്യുന്നു; വിശദാംശം ലഭ്യമാക്കുമോ;

(സി) ആരോഗ്യ സർവ്വകലാശാലയിലെ നിയമനം പി.എസ്.സി. മുഖേനയാക്കാൻ ഉദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കേരള ആരോഗ്യ സർവ്വകലാശാലയിൽ 58 പേർ ഡെപ്യൂട്ടേഷൻ <u>വ്യവസ്ഥയിൽ താഴെപ്പറയുന്ന തസ്തികകളിൽ ജോലി ചെയ്യുന്നു:</u>

| നമ്പർ | തസ്തിക | എണ്ണം |
|---|---|---|

| | | |
|---|---|---|
| 1 | രജിസ്ട്രാർ | 1 |
| 2 | ഡീൻ | 3 |
| 3 | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | 1 |
| 4 | ഡെപ്യൂട്ടി രജിസ്ട്രാർ | 1 |
| 5 | അസിസ്റ്റന്റ് രജിസ്ട്രാർ | 4 |
| 6 | അസിസ്റ്റന്റ് എഞ്ചിനീയർ | 1 |
| 7 | സെക്ഷൻ ഓഫീസർ | 8 |
| 8 | സീനിയർ ഗ്രേഡ് അസിസ്റ്റന്റ് | 5 |
| 9 | അസിസ്റ്റന്റ് | 23 |
| 10 | ഹാർഡ് വെയർ ടെക്നീഷ്യൻ | 1 |
| 11 | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 3 |
| 12 | ഡ്രൈവർ | 1 |
| 13 | ഓഫീസ് അറ്റന്റന്റ് | 6 |

(സി) ആരോഗ്യ സർവ്വകലാശാലയിലെ അസിസ്റ്റന്റ് തസ്തികകളിലെ നിയമനം പി.എസ്.സി.-ക്ക് വിട്ടിട്ടുണ്ട്. പ്രസ്തുത തസ്തികയിലെ നിയമനം പി.എസ്.സി. നിയമന ശിപാർശ ലഭിച്ചതു പ്രകാരം നടന്നുവരുന്നു.

**സ്വാശ്രയ മെഡിക്കൽ കോളേജുകൾ**

242(6557) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്വാശ്രയ മെഡിക്കൽ കോളേജുകൾ തുടങ്ങുന്നതിന് എൻ.ഒ.സി. നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങൾക്കാണ് എൻ.ഒ.സി. നൽകിയിട്ടുള്ളത്; ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**ഡോക്ടറുടെ വ്യക്തമായ കുറിപ്പ് ഉണ്ടെങ്കിലും മരുന്നുകൾ നൽകാത്ത**

## മെഡിക്കൽ സ്റ്റോറുകൾക്കെതിരെ നടപടി

243(6558) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മെഡിക്കൽ സ്റ്റോറുകളിൽ ഡോക്ടറുടെ വ്യക്തമായ കുറിപ്പ് ഉണ്ടെങ്കിലും മരുന്നുകൾ നൽകാത്ത മെഡിക്കൽ സ്റ്റോറുകൾക്കെതിരെ നടപടി സ്വീകരിക്കുമോ;

(ബി) ഡോക്ടർമാർ വ്യക്തമായ കുറിപ്പ് നൽകിയാലും മരുന്നുകൾ നൽകാത്ത സ്റ്റോറുകൾക്കെതിരെ എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) തിരുവനന്തപുരം സിറ്റിയിൽ തന്നെ ഇത്തരത്തിലുള്ള മെഡിക്കൽ സ്റ്റോറുകളുണ്ടെന്ന കാര്യം ഡ്രഗ്സ് കൺട്രോളർക്ക് അറിയാമായിരുന്നിട്ടും നടപടി എടുക്കുന്നില്ലെന്ന കാര്യം വകുപ്പ് മേധാവികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഇക്കാര്യത്തിൽ ഡ്രഗ്സ് കൺട്രോളറുടെ വ്യക്തമായ അഭിപ്രായം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഡ്രഗ് പ്രൈസ് കൺട്രോൾ ഓർഡറിലെ വ്യവസ്ഥകൾ പ്രകാരം മരുന്ന് നിർമ്മാതാക്കളോ വിതരണക്കാരോ മതിയായ കാരണങ്ങൾ ഇല്ലാതെ ഉപഭോക്താക്കൾക്ക് മരുന്നുകൾ നൽകുന്നത് നിഷേധിക്കുവാൻ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ സംസ്ഥാനത്തെ മെഡിക്കൽ സ്റ്റോറുകളിൽ ഡോക്ടറുടെ വ്യക്തമായ കുറിപ്പടിയുണ്ടെങ്കിലും മരുന്നുകൾ നിഷേധിക്കുന്ന മെഡിക്കൽ സ്റ്റോറുകൾക്കെതിരെ പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ ഡ്രഗ്സ് കൺട്രോൾ വകുപ്പ് കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഡോക്ടർമാർ വ്യക്തമായ കുറിപ്പ് നൽകിയാലും മരുന്നുകൾ നൽകാത്ത സ്റ്റോറുകൾക്കെതിരെയുള്ള പരാതികൾ ഒന്നും ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ ലഭിച്ചിട്ടില്ല.

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് പരാതികൾ ഒന്നുംതന്നെ ലഭ്യമായിട്ടില്ല എന്ന വിവരം വകുപ്പ് മേധാവിയായ ഡ്രഗ്സ് കൺട്രോളർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) മതിയായ കാരണങ്ങൾ ഇല്ലാതെ ഉപഭോക്താക്കൾക്ക് മരുന്നുകൾ നിഷേധിക്കുന്നത് ശ്രദ്ധയിൽപ്പെടുകയോ ആയത് സംബന്ധിച്ച പരാതികൾ ലഭ്യമാകുകയോ ചെയ്യുന്നപക്ഷം ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിയമം അനുശാസിക്കുന്ന നടപടികൾ സ്വീകരിക്കുന്നതാണ്.

## സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ഗുണനിലവാരമില്ലാത്ത മരുന്നുകൾ

244(6559) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിൽക്കപ്പെടുന്ന അലോപ്പതി, ആയുർവേദം, ഹോമിയോപ്പതി, മറ്റ് ചികിത്സകൾ ഇവയുടെ മരുന്നുകളിൽ പല കമ്പനികളുടെയും മരുന്നുകൾ ഗുണനിലവാരമില്ലാത്തതാണെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കേരളത്തിൽ വിതരണം ചെയ്യുന്ന ഏതെല്ലാം കമ്പനികളുടെ മരുന്നുകളാണ് ഗുണനിലവാരമില്ലാത്തതാണെന്ന് കണ്ടെത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ; വിതരണക്കാർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) സംസ്ഥാനത്ത് മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് അത്യാധുനിക ലാബുകൾ സ്ഥാപിക്കുന്നതിനും തദ്വാര മരുന്ന് പരിശോധന വേഗത്തിൽ പൂർത്തിയാക്കുന്നതിനുമുള്ള അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) വ്യാപകമായ രീതിയിൽ മരുന്നുകളുടെ ഗുണനിലവാരം കുറഞ്ഞതായി ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്ത് വിതരണം ചെയ്യപ്പെടുന്ന മരുന്നുകളിൽ 98 ശതമാനം അന്യസംസ്ഥാനങ്ങളിൽ നിർമ്മിച്ച് ഇവിടെ വിതരണം ചെയ്യുന്നവയാണ്. കർശന ഗുണനിലവാര പരിശോധനകൾക്ക് ശേഷമാണ് നിർമ്മാതാക്കൾ ഓരോ ബാച്ച് മരുന്നുകളും വിപണിയിൽ എത്തിക്കുന്നത്. ഇത് ഡ്രഗ്സ് കൺട്രോൾ വകുപ്പ് പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. വിപണിയിലെത്തിയ ശേഷവും അവയുടെ ഷെൽഫ് ലൈഫ് കാലാവധിയിലുടനീളം ഗുണനിലവാരം നിലനിർത്തുന്നുണ്ടോ എന്ന് ഉറപ്പാക്കുന്നതിലേയ്ക്കായി റാന്റം സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. തുച്ഛമായ ശതമാനം മരുന്നുകൾ മാത്രമാണ് ഗുണനിലവാരം കുറഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെടുന്നത്.

(ബി) ഗുണനിലവാരം കുറഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള മരുന്നുകളുടെയും മരുന്ന് കമ്പനികളുടെയും ലഭ്യമായ വിശദാംശങ്ങൾ അനുബന്ധമായി *ചേർക്കുന്നു. ഗുണനിലവാരം കുറഞ്ഞ മരുന്നുകളെ major/minor defects കാറ്റഗറിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ major defects ആയി റിപ്പോർട്ട് ചെയ്യപ്പെടുന്ന മരുന്നുകളുടെ നിർമ്മാതാക്കൾക്കെതിരെ വകുപ്പ് സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കി നിയമനടപടികൾ സ്വീകരിച്ചുവരുന്നു. Minor defects ആയി റിപ്പോർട്ട് ചെയ്യപ്പെടുന്ന നിർമ്മാതാക്കളോട് വിശദീകരണം ആവശ്യപ്പെടുകയും തുടർ അന്വേഷണം നടത്തി ഇവർക്കെതിരെ ലൈസൻസ് സസ്പെൻഷൻ, ലൈസൻസ് കാൻസലേഷൻ ഉൾപ്പെടെയുള്ള വകുപ്പുതല നടപടികളും സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് തിരുവനന്തപുരത്തും എറണാകുളത്തും രണ്ട് ഡ്രഗ്സ് ടെസ്റ്റിംഗ് ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. മരുന്ന് പരിശോധനാ സംവിധാനം വിപുലപ്പെടുത്തുന്നതിനായി തൃശ്ശൂർ, കോന്നി, കോഴിക്കോട് എന്നിവിടങ്ങളിൽ പുതിയ ലബോറട്ടറികൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്.

## പോക്സോ ആക്ട്

245(6560) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലൈംഗിക അതിക്രമങ്ങളിൽനിന്നും കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള 2012-ലെ പോക് സോ ആക്റ്റ് പ്രകാരം ലൈംഗിക അതിക്രമങ്ങൾക്ക് ഇരയാകുന്ന കുട്ടികൾക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് ഐ.സി.പി.എസ്. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി പ്രത്യേക സ്കീം ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ; ഇല്ലായെങ്കിൽ പ്രസ്തുത വിഷയത്തിൽ അനുകൂല നടപടി സ്വീകരിക്കുമോ?

ഉത്തരം

ലൈംഗിക അതിക്രമങ്ങളിൽനിന്നും കുട്ടികളുടെ സംരക്ഷണം (POCSO Act) ചട്ടം 2012-ലെ റൂൾ 7(5) പ്രകാരം പീഡനത്തിനിരയാകുന്ന കുട്ടിക്ക് നഷ്ട പരിഹാരം നൽകുന്നത് കേരളാ വിക്ടിം കോംപൻസേഷൻ സ്കീമിന്റെ നോഡൽ ഡിപ്പാർട്ടുമെന്റായ ആഭ്യന്തര വകുപ്പാണ്. ഈ ഫണ്ട് കൈകാര്യം ചെയ്യുന്നത് കേരളാ ലീഗൽ സർവീസ് അതോറിറ്റി (KELSA)-യുമാണ്. ഐ.സി.പി.എസ്. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി ലൈംഗിക അതിക്രമങ്ങൾക്ക് ഇരയാകുന്ന കുട്ടികൾക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുള്ള പ്രത്യേക സ്കീം ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

## എന്റെ കൂട് പദ്ധതി

246(6561) പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'എന്റെ കൂട്' പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ അംഗമാകുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ്;

(സി) സംസ്ഥാനത്തെ അഗതികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് പ്രസ്തുത പദ്ധതി എങ്ങനെയെല്ലാം പ്രയോജനപ്പെടുമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടക്കുന്ന അതിക്രമങ്ങൾ തടയുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് 'എന്റെ കൂട്'. നിരാലംബരായ സ്ത്രീകൾക്കും കുട്ടികൾക്കും രാത്രികാലങ്ങളിൽ സുരക്ഷിതമായി താമസിക്കുവാൻ ഒരിടം എന്ന ആശയത്തിലൂന്നിയാണ് ഈ പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. 'എന്റെ കൂട് പദ്ധതി പൈലറ്റടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) രാത്രികാലത്ത് അന്തിയുറങ്ങാൻ ഇടമില്ലാതെ തെരുവോരത്ത് ജീവിക്കുന്ന തദ്ദേശീയരും അന്യസംസ്ഥാനക്കാരും നിർദ്ധനരുമായ സ്ത്രീകളും അവരോടൊപ്പമുള്ള പെൺകുട്ടികളും 12 വയസ്സിന് താഴെയുള്ള ആൺകുട്ടികളും ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്. കൂടാതെ രാത്രികാലങ്ങളിൽ വാഹനം ലഭിക്കാതെയും പെട്ടെന്നുണ്ടാകുന്ന ഹർത്താൽ, പണിമുടക്ക് എന്നിവമൂലം നഗരങ്ങളിൽ ഒറ്റപ്പെട്ടു പോകുന്ന സ്ത്രീകളും കുട്ടികളും ഇതിന്റെ ഗുണഭോക്താക്കളാകും.

(സി) സാമൂഹ്യവിരുദ്ധരിൽനിന്നുള്ള പീഡനങ്ങളിൽനിന്ന് സ്ത്രീകളെ സംരക്ഷിക്കുക, പുനരധിവാസം സാധ്യമാവുകയാണെങ്കിൽ ഇവരെ പുനരധിവസിപ്പിക്കുക, കുടുംബ പ്രശ്നങ്ങൾ മൂലമാണ് തെരുവിലെത്തിപ്പെടുന്നതെങ്കിൽ അവരെ തിരിച്ച് കുടുംബത്തിൽ എത്തിക്കുക എന്നീ തലങ്ങളിൽ ഈ പദ്ധതി പ്രയോജനപ്പെടുന്നതാണ്.

**ശൈശവ വിവാഹ നിരോധന നിയമം**

247(6562) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശൈശവ വിവാഹ നിരോധന നിയമ പ്രകാരം 2015-ൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശൈശവ വിവാഹ നിരോധന നിയമപ്രകാരം 2015-ൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ജില്ല | കേസുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 2 |
| കൊല്ലം | 1 |
| കോട്ടയം | ... |
| ആലപ്പുഴ | ... |
| ഇടുക്കി | 1 |
| പത്തനംതിട്ട | 1 |
| എറണാകുളം | 3 |
| തൃശ്ശൂർ | 4 |
| മലപ്പുറം | 5 |
| പാലക്കാട് | 5 |
| കോഴിക്കോട് | 2 |
| വയനാട് | 6 |
| കണ്ണൂർ | ... |
| കാസർഗോഡ് | ... |
| ആകെ | 30 |

(ബി) 2008-ലെ ശൈശവ വിവാഹ നിരോധന നിയമപ്രകാരം ശിശു വികസന പദ്ധതി ഓഫീസർമാരെ (സി.ഡി.പി.ഒ.) ശൈശവ വിവാഹ നിരോധന ഓഫീസർമാരായും സാമൂഹ്യനീതി ഡയറക്ടറെ മുഖ്യ ശൈശവ വിവാഹ നിരോധന ഓഫീസറായും നിയമിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടപ്രകാരം ജില്ലാ കളക്ടർമാരെ ജില്ലാതല നോഡൽ ഓഫീസർമാരായും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസറുടെ നേതൃത്വത്തിൽ ശൈശവ വിവാഹത്തിനെതിരെ ബോധവൽക്കരണ പരിപാടികൾ അടക്കമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജില്ലകളിൽ ശൈശവ വിവാഹം നിരോധിക്കുന്നതിനുവേണ്ടി ശൈശവ വിവാഹ നിരോധന ഓഫീസർമാരായ ശിശു വികസന പദ്ധതി ഓഫീസർമാർക്കും സൂപ്പർവൈസർമാർക്കും അങ്കണവാടി പ്രവർത്തകർക്കും പരിശീലനം നൽകിയിട്ടുണ്ട്.

**വിവാഹ ധൂർത്തിനെതിരെ നിയമനിർമ്മാണം**

248(6563) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവാഹ ധൂർത്തിനെതിരെ നിയമനിർമ്മാണം കൊണ്ടു വരാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) ആർഭാട വിവാഹങ്ങളും വിവാഹങ്ങളോട് അനുബന്ധിച്ചുള്ള ധൂർത്തും നിയന്ത്രിക്കേണ്ടത് അനിവാര്യമാണെങ്കിലും ആയത് പൗരന്റെ അവകാശങ്ങളിന്മേലുള്ള നിയന്ത്രണമായതിനാലും പലതും ഭരണഘടന അനുശാസിക്കുന്ന മൗലികാവകാശങ്ങളുടെ ലംഘനമാകാം എന്നതുകൊണ്ടും പൗരന്റെ അവകാശങ്ങളിന്മേലുള്ള കടന്നുകയറ്റങ്ങൾ സാധാരണ കോടതികൾ അനുവദിക്കാറില്ല. ആയതിനാൽ പ്രസ്തുത നിയന്ത്രണങ്ങൾ ശരിയാംവിധമല്ലാതെയായാൽ അങ്ങനെയുള്ള ഏതു നിയമവും ഉത്തരവുകളും സർക്കുലറുകളും കോടതിയിൽ ചോദ്യം ചെയ്യപ്പെടാനിടയുണ്ട്. ഈ സാഹചര്യത്തിൽ വിവാഹധൂർത്തിനെതിരെ നിയമനിർമ്മാണം നടത്തുന്നതിനുമുമ്പ് നാനാജനവിഭാഗങ്ങൾക്ക് ബോധവൽക്കരണം നടത്തുകയാണ് ആദ്യം വേണ്ടത് എന്നതിനാൽ മതമേലദ്ധ്യക്ഷൻമാരുമായും രാഷ്ട്രീയകക്ഷികളുമായും സാമൂഹ്യപ്രസ്ഥാനങ്ങളുമായും ഇതുസംബന്ധിച്ച് ഒരു സമവായത്തിലെത്തുകയും പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെ ഇതുസംബന്ധിച്ച് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും ബോധവൽക്കരണവും പൊതുജനങ്ങൾക്ക് നൽകുന്നതിനുമുള്ള പ്രാരംഭനടപടികൾ സ്വീകരിക്കുവാനും സാമൂഹ്യനീതി ഡയറക്ടർക്കും കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറിക്കും നിർദ്ദേശം നൽകിയിരുന്നു.

സാമൂഹ്യനീതി വകുപ്പിൻകീഴിൽ പ്രവർത്തിച്ചുവരുന്ന മൂന്ന് മേഖലാ സ്ത്രീധന നിരോധന ഓഫീസുകൾവഴി സ്ത്രീധനത്തെക്കുറിച്ചും വിവാഹധൂർത്തിനെക്കുറിച്ചും വിവാഹച്ചെലവ് കുറയ്ക്കുന്നതിനെ സംബന്ധിച്ചും വ്യാപകമായ പ്രചാരണ പ്രവർത്തനങ്ങൾ നടത്തുകയും കൂടാതെ സമൂഹവുമായി ദൈനംദിനം ഏറ്റവും കൂടുതൽ ഇടപെടലുകൾ നടത്തുന്ന അങ്കണവാടി പ്രവർത്തകരുടെ പ്രതിമാസ പ്രോജക്ട്തല യോഗത്തിൽ വിവാഹധൂർത്തിനെക്കുറിച്ചും സ്ത്രീധന വിപത്തിനെക്കുറിച്ചും അവബോധം സൃഷ്ടിക്കുന്നതിന് പ്രവർത്തന പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പാക്കുകയും ചെയ്യുന്നു. എല്ലാ വർഷവും നവംബർ 26-ാം തീയതി സ്ത്രീധന നിരോധന ദിനാചരണം ആചരിച്ചു വരുന്നുണ്ട്. അതിനോടനുബന്ധിച്ച് ബോധവൽക്കരണ ക്ലാസ്സുകളും നടത്താറുണ്ട്. കൂടാതെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കേരള വനിതാ കമ്മീഷൻ നടത്തുന്ന കലാലയജ്യോതി, വിവാഹപൂർവ്വ കൗൺസിലിംഗ്, സെമിനാറുകൾ തുടങ്ങിയവയിൽ ആഡംബരരഹിത വിവാഹം ഒരു വിഷയമായി ചർച്ച ചെയ്യാറുണ്ട്.

## പ്രാരംഭ വൈകല്യ മുക്തികേന്ദ്രങ്ങൾ

249(6564) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിൽ പ്രാരംഭ വൈകല്യ മുക്തി കേന്ദ്രങ്ങൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) എവിടെയെല്ലാം ഇതിനാവശ്യമായ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി താലൂക്കാശുപത്രിയിൽ അനുവദിച്ചിട്ടുള്ള പ്രാരംഭ വൈകല്യ മുക്തി കേന്ദ്രം പ്രവർത്തിക്കുന്നതിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ആരോഗ്യ വകുപ്പിലെ National Health Mission-ന്റെ Rashtreeya Bal Swastya Karyakram (RBSK) പദ്ധതിയുടെ ഭാഗമായ താൽക്കാലിക ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ നിലവിലുണ്ട്. സാമൂഹ്യ സുരക്ഷാ മിഷന്റെ എസ്.ഐ.ഡി. പ്രോജക്ടിന്റെ ഭാഗമായി എല്ലാ ജില്ലകളിലും സ്ഥിരം ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) കേരള സാമൂഹ്യ സുരക്ഷാ മിഷൻ എസ്.ഐ.ഡി. പദ്ധതിയിൻ കീഴിലുള്ള ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ നിർമ്മാണ ഘട്ടത്തിലായതിനാൽ നിലവിൽ തസ്തികകൾ സൃഷ്ടിച്ചിട്ടില്ല.

(സി) മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി താലൂക്കാശുപത്രിയിൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ എസ്.ഐ.ഡി. പ്രോജക്ടിന്റെ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തിയാവുന്ന മുറയ്ക്ക് മാത്രമേ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കേണ്ടതുള്ളൂ.

## സാമൂഹ്യ സുരക്ഷാ മിഷനിലെ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നിയമനം

250(6565) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ മിഷനിലെ എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികയുടെ നിയമന രീതി വ്യക്തമാക്കാമോ; സാമൂഹ്യ സുരക്ഷാ മിഷന്റെ ബൈലാ അനുസരിച്ചാണോ നിയമനം നടത്തുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) 2006 മുതൽ 2011 വരെ സാമൂഹ്യ സുരക്ഷാ മിഷനിൽ നിയമിതരായ എക്സിക്യൂട്ടീവ് ഡയറക്ടർമാർ, മാതൃ വകുപ്പിൽ ഏതു തസ്തികയാണ് വഹിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ പ്രകാരം സാമൂഹ്യ ശാസ്ത്രജ്ഞർ/ഭരണതലത്തിൽ പ്രാഗത്ഭ്യമുള്ളവർ (Social Scientist/Administrator of eminence) എന്നിവരെയായിരിക്കണം എക്സിക്യൂട്ടീവ് ഡയറക്ടറായി നിയമിക്കേണ്ടത്. ഈ മേഖലകളിലുള്ളവരെ കരാർ അടിസ്ഥാനത്തിലോ സർക്കാർ സർവ്വീസിലുള്ളവരാണെങ്കിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലോ ആണ് നിയമിക്കുന്നത്.

(ബി) 2009-ലാണ് കേരള സാമൂഹ്യ സുരക്ഷാ മിഷൻ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. 2009 മുതൽ 2011 വരെ കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ നിയമിതരായ എക്സിക്യൂട്ടീവ് ഡയറക്ടർമാരുടെ വിശദാംശങ്ങൾ അനുബന്ധമായി * ചേർക്കുന്നു.

**സാമൂഹ്യ സുരക്ഷാ പദ്ധതികൾ**

251(6566) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് കൊണ്ടുവന്ന വിവിധങ്ങളായ സാമൂഹ്യ സുരക്ഷാ പദ്ധതികളിൽ ഏതെല്ലാമാണ് നിർത്തലാക്കിയിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) ബി.പി.എൽ. കുടുംബങ്ങൾക്കും ആരോഗ്യ ഇൻഷ്വറൻസ് പരിധിയിൽ വരുന്നവർക്കും ഏറെ ആശ്വാസമായിരുന്ന പ്രസ്തുത പദ്ധതികൾ നിർത്തലാക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ; ഇക്കാര്യത്തിലുള്ള രോഗികളുടെ ആശങ്ക ദൂരീകരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) മുൻ സർക്കാരിന്റെ കാലത്ത് കൊണ്ടുവന്ന കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികളൊന്നും തന്നെ നിർത്തലാക്കിയിട്ടില്ല.

**മക്കൾ ഉപേക്ഷിക്കുന്ന മാതാപിതാക്കൾ**

252(*T 6567) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. പി. കെ.ബഷീർ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മക്കൾ ഉപേക്ഷിക്കുന്ന മാതാപിതാക്കൾ നേരിടേണ്ടി വരുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരം സംഭവങ്ങളിൽ മെയിന്റനൻസ് ആന്റ് വെൽഫയർ ഓഫ് പേരന്റ്സ് ആന്റ് സീനിയർ സിറ്റിസൺസ് ആക്ട് പ്രകാരം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത ആക്ട് പ്രകാരം ട്രൈബ്യൂണലുകൾ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ നടപ്പിലാക്കുന്നുണ്ടോ എന്നു പരിശോധിക്കാൻ സംവിധാനമുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മക്കൾ ഉപേക്ഷിക്കുന്ന മാതാപിതാക്കൾ നേരിടേണ്ടിവരുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ജില്ലാ സാമൂഹ്യനീതി ഓഫീസർ (മെയിന്റനൻസ് ഓഫീസർമാർ) വഴി അന്വേഷണം നടത്തി സ്ഥാപനപരമായ സംരക്ഷണം ആവശ്യമുള്ളവരെ ഗവൺമെന്റ് വൃദ്ധസദനങ്ങളിലോ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ കീഴിലുള്ള സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങളിലോ പാർപ്പിക്കാറുണ്ട്. മക്കളിൽനിന്ന് ജീവനാംശം ആവശ്യമുള്ള മാതാപിതാക്കൾക്ക് ജില്ലാ സാമൂഹ്യനീതി ഓഫീസർ (മെയിന്റനൻസ് ഓഫീസർമാർ) മുഖേന മെയിന്റനൻസ് ട്രൈബ്യൂണലുകളിൽ കേസ് ഫയൽ ചെയ്യുന്നതിന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകാറുണ്ട്.

(സി) മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും പരിരക്ഷയും സംബന്ധിച്ച നിയമം 2007-ലെ വകുപ്പ് 7 പ്രകാരം റവന്യൂ ഡിവിഷണൽ ഓഫീസർമാരെ പ്രിസൈഡിംഗ് ഓഫീസർമാരായി നിയമിച്ചുകൊണ്ട് മെയിന്റനൻസ് ട്രൈബ്യൂണലുകളും വകുപ്പ് 15 പ്രകാരം ട്രൈബ്യൂണലുകളിലെ ഉത്തരവുകളിന്മേൽ അപ്പീൽ നൽകുന്നതിനായി ജില്ലാ കളക്ടർമാരെ പ്രിസൈഡിംഗ് ഓഫീസർമാരായി നിയമിച്ചുകൊണ്ട് അപ്പലേറ്റ് ട്രൈബ്യൂണലുകളും രൂപീകരിച്ചിട്ടുണ്ട്. ട്രൈബ്യൂണലുകൾ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ നടപ്പിലാക്കുന്നതിൽ വിമുഖത കാണിക്കുന്നവർക്കെതിരെ ജില്ലാ സാമൂഹ്യനീതി ഓഫീസർ (മെയിന്റനൻസ് ഓഫീസർമാർ) മുഖേന പരിശോധന നടത്തി തുടർ നടപടികൾ സ്വീകരിക്കാറുണ്ട്.

**ആശാകിരണം പദ്ധതി**

253(6568) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശയ്യാവലംബരായ (1) സീന സൂസൻ സാം, ചിറമേൽ വീട്, ചെങ്ങന്നൂർ (2) ക്രിസ്റ്റോ മാത്യു സാം, ശാസ്തപുരത്ത് ഉണ്ടിയിൽ, പുത്തൻകാവ് ചെങ്ങന്നൂർ എന്നീ കുട്ടികളുടെ രക്ഷിതാക്കൾക്ക് 'ആശാകിരണം' പദ്ധതി പ്രകാരം സഹായം എത്തിക്കാൻ വൈകുന്നതിന്റെ കാരണം വിശദീകരിക്കുമോ;

(ബി) ആശാ കിരണം പദ്ധതി പ്രകാരം ഇവർക്ക് എന്ന് സഹായം ലഭിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സാമൂഹ്യനീതി വകുപ്പിൽ ആശാകിരൺ പദ്ധതി നടപ്പിലാക്കുന്നില്ല. എന്നാൽ ശയ്യാവലംബരായ രോഗികളെ പരിചരിക്കുന്നവർക്ക് ആശ്വാസകിരണം പദ്ധതി മുഖേന പ്രതിമാസം 600 രൂപ ധനസഹായം അനുവദിച്ചു വരുന്നു. കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. സീന സൂസൻ സാം, ചിറമേൽ വീട്, ചെങ്ങന്നൂർ (2) ക്രിസ്റ്റോ മാത്യു സാം, ശാസ്തപുറത്ത് തുണ്ടിയിൽ, പുത്തൻകാവ്, ചെങ്ങന്നൂർ എന്നീ കുട്ടികളുടെ രക്ഷിതാക്കളുടെ അപേക്ഷ കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ഓഫീസിൽ ലഭിച്ചതായി കാണുന്നില്ല. ധനസഹായത്തിനുള്ള അപേക്ഷ ഐ.സി.ഡി.എസ്. സൂപ്പർവൈസർ, ശിശുവികസന പദ്ധതി ഓഫീസർ എന്നിവരുടെ ശിപാർശയോടുകൂടിയാണ് കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ഓഫീസിൽ ലഭ്യമാക്കേണ്ടത്. ആശ്വാസകിരണം പദ്ധതി ധനസഹായത്തിനുള്ള അപേക്ഷ ശിശുവികസന പദ്ധതി ഓഫീസർക്ക് സമർപ്പിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയാൽ ആയത് പരിശോധിച്ച് ധനസഹായം അനുവദിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുന്നതാണ്.

(ബി) അപേക്ഷ ലഭിച്ചാലുടൻ ആശ്വാസകിരണം പദ്ധതിയുടെ മാനദണ്ഡങ്ങൾക്ക് വിധേയമായി ധനസഹായം അനുവദിക്കുന്നതാണ്.

**മോട്ടോർ ഘടിപ്പിച്ച മുച്ചക്രവാഹനങ്ങളുടെ വിതരണം**

254(6569) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> :
<u>ശ്രീ. മോൻസ് ജോസഫ്</u> :
<u>ശ്രീ. സി. എഫ്. തോമസ്</u> :
<u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസ്ഥി വൈകല്യമുള്ളവർക്ക് മോട്ടോർ ഘടിപ്പിച്ച മുച്ചക്രവാഹനം നല്കിവരുന്ന പദ്ധതി നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം മുച്ചക്രവാഹനം അവസാനമായി കൊടുത്തത് എന്നാണെന്ന് വ്യക്തമാക്കുമോ;

(സി) മോട്ടോർ ഘടിപ്പിച്ച മുച്ചക്രവാഹനത്തിനുവേണ്ടി അപേക്ഷ സമർപ്പിച്ചവരിൽ എത്രപേർക്ക് വാഹനം നൽകാൻ അവശേഷിക്കുന്നുവെന്നും ആയതിന്റെ വിതരണം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടാണ് വിതരണം നടത്തിവരുന്നത്.

(ബി) കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന 30-4-2016-നാണ് അവസാനമായി മുച്ചക്രവാഹനം വിതരണം നടത്തിയത്.

(സി) കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനിൽ അപേക്ഷ സമർപ്പിച്ച 3500 ഓളം പേർക്ക് മുച്ചക്രവാഹനം നൽകാൻ അവശേഷിക്കുന്നുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് മാനദണ്ഡങ്ങൾക്ക് വിധേയമായി മുച്ചക്രവാഹനം വിതരണം ചെയ്യുന്നതാണ്.

## സെറിബ്രൽ പാൾസി, ഓട്ടിസം, മാനസിക വളർച്ചയില്ലായ്മ തുടങ്ങിയവമൂലം കഷ്ടത അനുഭവിക്കുന്നവർക്ക് ധനസഹായം

255(6570) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> :

<u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u> :

<u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെറിബ്രൽ പാൾസി, ഓട്ടിസം, മാനസിക വളർച്ചയില്ലായ്മ തുടങ്ങിയവയാൽ കഷ്ടത അനുഭവിക്കുന്നവർക്ക് ധനസഹായം നൽകുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർ താമസിക്കുന്ന ഭവനങ്ങളെ വീട്ടുകരത്തിൽ നിന്നും ഒഴിവാക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പുമായി ആലോചിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സെറിബ്രൽ പാൾസി, ഓട്ടിസം, മാനസിക വളർച്ചയില്ലായ്മ തുടങ്ങിയവയാൽ കഷ്ടത അനുഭവിക്കുന്നവർക്ക് പ്രത്യേക ധനസഹായ പദ്ധതി ആവിഷ്കരിച്ചിട്ടില്ല. പ്രസ്തുത വൈകല്യങ്ങൾ ഉൾപ്പെടെ എല്ലാ അംഗപരിമിതരായ വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് അനുവദിച്ചുവരുന്നു. സെറിബ്രൽ പാൾസി രോഗം ബാധിച്ച കുട്ടികളെ പരിചരിക്കുന്നയാൾക്ക് ആശ്വാസകിരണം പദ്ധതിയിലൂടെ 600 രൂപ നിരക്കിൽ പ്രതിമാസ ധനസഹായം നൽകിവരുന്നു. സെറിബ്രൽ പാൾസി രോഗം ബാധിച്ച കുട്ടികൾക്ക് വിവിധ തെറാപ്പികളും വിദ്യാഭ്യാസവും നൽകുന്ന സ്ഥാപനമായ തൃശ്ശൂർ ഇരിങ്ങാലക്കുടയിലെ National Institute of Physical Medicine & Rehabilitation-ലെ ഭൗതിക സാഹചര്യം ഒരുക്കുന്നതിനുള്ള ധനസഹായം കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നൽകിവരുന്നു.

(ബി) പരിഗണനയിലില്ല.

## കോഴിക്കോട് ജില്ലയിലെ ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തിക

256(6571) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കോഴിക്കോട് ജില്ലയിലെ വിവിധ സ്ഥാപനങ്ങളിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തിക ഉൾപ്പെടെ വിവിധ തസ്തികകളിൽ എവിടെയെല്ലാമാണ് ഒഴിവുകൾ ഉള്ളത് എന്നത് വ്യക്തമാക്കാമോ;

(ബി) 2017 മാർച്ച് മാസത്തിനിടയ്ക്ക് റിട്ടയർമെന്റ് വഴി ഐ.സി.ഡി.എസ് സൂപ്പർവൈസർ തസ്തികകളിലും മറ്റ് തസ്തികകളിലും കോഴിക്കോട് ജില്ലയിൽ ഉണ്ടാകാൻ സാധ്യതയുള്ള ഒഴിവുകളെ സംബന്ധിച്ച വിശദാംശം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എന്ന് മുതൽ, എവിടെയെല്ലാം എപ്രകാരം ഒഴിവുകൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ സ്ഥലംമാറ്റം സംബന്ധിച്ച് ഇറക്കിയ ഉത്തരവുകൾ ഏതെല്ലാം; ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) സാമൂഹ്യനീതി വകുപ്പിൽ കോഴിക്കോട് ജില്ലയിലെ വിവിധ കാര്യാലയങ്ങളിൽ ഒഴിവുള്ള തസ്തികകളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| തസ്തിക | ഒഴിവുകളുടെ എണ്ണം | കാര്യാലയം |
|---|---|---|
| (1) | (2) | (3) |
| എൽ.ഡി. ടൈപ്പിസ്റ്റ് | 1 | ICDS കോഴിക്കോട് റൂറൽ |
| കെയർ ടേക്കർ | 3 | ചിൽഡ്രൻസ് ഹോം, കോഴിക്കോട് (2) ഒബ്സർവേഷൻ ഹോം, കോഴിക്കോട് (1) |
| മേട്രൺ ഗ്രേഡ് I | 3 | ആഫ്റ്റർ കെയർ ഹോം, കോഴിക്കോട്, ഷോർട്ട് സ്റ്റേ ഹോം, കോഴിക്കോട്, ഓൾഡ് ഏജ് ഹോം, കോഴിക്കോട് |

| (1) | (2) | (3) |
|---|---|---|
| സൂപ്രണ്ട് ഗ്രേഡ് III/ചൈൽഡ് വെൽഫയർ ഇൻസ്പെക്ടർ | 3 | സൂപ്രണ്ട്, ഷോർട്ട് സ്റ്റേ ഹോം, CWI, RAD ഓഫീസ് CWI, ഗവ. ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ് |
| ഡിസ്ട്രിക്ട് പ്രൊബേഷൻ ഓഫീസർ ഗ്രേഡ് II | 2 | കോഴിക്കോട് |
| വി.ടി.സി. സൂപ്പർവൈസർ | 1 | കോഴിക്കോട് |
| സി.ഡി.പി.ഒ. | 1 | ICDS കോഴിക്കോട് അർബൻ 1 |
| പി.ടി.എസ്. | 2 | കോഴിക്കോട് (HMDC) ICDS കുന്നമ്മൽ |
| കുക്ക് | 1 | ചിൽഡ്രൻസ് ഹോം (ഗേൾസ്) കോഴിക്കോട് |
| ആയ | 1 | ചിൽഡ്രൻസ് ഹോം (ഗേൾസ്) കോഴിക്കോട് |
| ക്ലാർക്ക് | 5 | ICDS കോഴിക്കോട് റൂറൽ<br>ICDS പന്തലായിനി<br>ICDS തോടന്നൂർ<br>ICDS ബാലുശ്ശേരി അഡീഷണൽ<br>ICDS പന്തലായിനി അഡീഷണൽ |
| ക്ലാർക്ക്-ടൈപ്പിസ്റ്റ് | 3 | ICDS കുന്ദമംഗലം, ICDS കൊടുവള്ളി, ജില്ലാ സാമൂഹ്യനീതി ഓഫീസ്, കോഴിക്കോട് |
| സൂപ്പർവൈസർ | 3 | ICDS തൂണേരി (2)<br>ICDS തോടന്നൂർ (1) |

(ബി) കോഴിക്കോട് ജില്ലയിൽ 2017 മാർച്ച് മാസത്തിനിടയ്ക്ക് റിട്ടയർമെന്റ് മുഖേന 2 ഒഴിവുകൾ ഉണ്ടാകും.

ICDS കൊടുവള്ളി അഡീഷണൽ

റിട്ടയർമെന്റ് തീയതി : 31-3-2017

ICDS കോഴിക്കോട് റൂറൽ

റിട്ടയർമെന്റ് തീയതി : 31-1-2017

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സൂപ്പർവൈസർമാരുടെ 4 സ്ഥലംമാറ്റ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പുകൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

E3/21147/2016 തീയതി : 28-6-2016 (അനുബന്ധം (1))

E3/21147/2016 തീയതി : 10-8-2016 (അനുബന്ധം (2))

E3/26651/2016 തീയതി : 30-8-2016 (അനുബന്ധം (3))

E3/26651/2016 തീയതി : 28-9-2016 (അനുബന്ധം (4))

**അങ്കണവാടി ജീവനക്കാർക്ക് അവധി**

257(6572) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ജില്ലകളിൽ പ്രഖ്യാപിക്കുന്ന പ്രാദേശിക അവധികൾ അങ്കണവാടി ജീവനക്കാർക്ക് ബാധകമാണോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രാദേശിക അവധികൾ അങ്കണവാടി ജീവനക്കാർക്ക് കൂടി ഭാവിയിൽ ബാധകമാക്കുമോ എന്ന് വിശദീകരിക്കുമോ;

(സി) സ്കൂൾ കുട്ടികൾക്ക് കൊടുക്കുന്ന സൗജന്യ അഞ്ച് കിലോ അരി, അങ്കണവാടി കുട്ടികൾക്കു കൂടി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വിവിധ ജില്ലകളിൽ പ്രഖ്യാപിക്കുന്ന പ്രാദേശിക അവധികൾ അങ്കണവാടി ജീവനക്കാർക്ക് ബാധകമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഐ.സി.ഡി.എസ്. പദ്ധതിയിൻകീഴിലുള്ള അങ്കണവാടികളുടെ പ്രവർത്തന മാനദണ്ഡം നിശ്ചയിക്കുന്നത് കേന്ദ്രസർക്കാരാണ്. ആയതുപ്രകാരം ഒരു അങ്കണവാടിയിൽ പ്രതിവർഷം 300 ഫീഡിംഗ് ദിനങ്ങൾ വ്യവസ്ഥ ചെയ്യുന്നു. കൂടാതെ അങ്കണവാടി ലഭ്യമാക്കുന്ന മറ്റ് സേവനങ്ങൾ കാര്യക്ഷമമായും മുടങ്ങാതെയും നൽകുന്നതിന് എല്ലാ പ്രാദേശിക അവധികളും അങ്കണവാടി ജീവനക്കാർക്ക് കൂടി ബാധകമാക്കുന്നത് ഐ.സി.ഡി.എസ്. പദ്ധതിക്ക് ഗുണകരമല്ല.

(സി) സ്കൂൾ കുട്ടികൾക്ക് കൊടുക്കുന്ന സൗജന്യ അഞ്ച് കിലോ അരി, അങ്കണവാടി കുട്ടികൾക്കുകൂടി നൽകുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**അങ്കണവാടി കുട്ടികൾക്കായി ഏകീകൃത പാഠ്യപദ്ധതി**

258(6573) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അങ്കണവാടി കുട്ടികൾക്കായി ഏകീകൃത പാഠ്യപദ്ധതി രൂപീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ പാഠ്യപദ്ധതി രേഖയുടെ പകർപ്പ് ലഭ്യമാക്കാമോ; ഈ പാഠ്യപദ്ധതിയുടെ അടിസ്ഥാനത്തിൽ എന്തെല്ലാം പഠനോപകരണങ്ങൾ / പഠന വസ്തുക്കൾ / മെറ്റീരിയലുകൾ തയ്യാറാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ; അവയുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) അങ്കണവാടി കുട്ടികൾക്കായി പ്രവർത്തന പുസ്തകം, വർക്കർമാർക്കായി കൈപുസ്തകം, തീം ചാർട്ടുകൾ, അനുബന്ധ മെറ്റീരിയലുകൾ എന്നിവ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ കോപ്പി ലഭ്യമാക്കുമോ;

(സി) ഏകീകൃത പാഠ്യപദ്ധതിയടിസ്ഥാനമാക്കി തയ്യാറാക്കിയ കുട്ടികൾക്കുള്ള പ്രവർത്തന പുസ്തകം എല്ലാ കുട്ടികൾക്കും ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എല്ലാ കുട്ടികൾക്കും ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊള്ളുമെന്ന് വിശദമാക്കുമോ;

(ഡി) പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന രീതിയിൽ അങ്കണവാടി വർക്കർമാർക്കും ആയമാർക്കും പരിശീലനം ലഭ്യമാക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ; അങ്കണവാടി ആയമാർ, വർക്കർമാർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർ, മറ്റ് ഉദ്യോഗസ്ഥർ എന്നിവർക്ക് പരിശീലനം നൽകാനായി സ്ഥാപിച്ച/പ്രവർത്തിക്കുന്ന പരിശീലന കേന്ദ്രങ്ങൾ ഏതെല്ലാം;

(ഇ) ഓരോ പരിശീലന കേന്ദ്രത്തിന്റെയും ജില്ല തിരിച്ചുള്ള പട്ടിക, മേൽവിലാസം, ഫോൺ നമ്പർ, ഇ-മെയിൽ, പരിശീലന സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുമോ;

(എഫ്) പരിശീലന കേന്ദ്രങ്ങളുടെ നടത്തിപ്പിലും പരിശീലന മൊഡ്യൂൾ നിർമ്മാണത്തിലും സർക്കാരിതര സംഘടനകൾ പങ്കാളികളാകുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ജി) പുതിയ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കാൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എവിടെയൊക്കെയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ അങ്കണവാടി കുട്ടികൾക്കായി ഏകീകൃത പാഠ്യപദ്ധതി രൂപീകരിച്ചിട്ടുണ്ട്. ടി പാഠ്യപദ്ധതിയുടെ അടിസ്ഥാനത്തിൽ തീം ചാർട്ടുകൾ, കുട്ടികൾക്കുള്ള വർക്ക് ബുക്ക്, കുട്ടികൾക്കുള്ള അസസ്സ്മെന്റ് കാർഡ്, പ്രീ-സ്കൂൾ സർട്ടിഫിക്കറ്റ് എന്നിവ തയ്യാറാക്കിയിട്ടുണ്ട്. അവയുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്തിട്ടുണ്ട്.* അങ്കണവാടി വർക്കർമാർക്കായി കൈപുസ്തകം പ്രിന്റിംഗ് സ്റ്റേജിലാണ്.

(സി) ഏകീകൃത പാഠ്യപദ്ധതിയടിസ്ഥാനമാക്കി തയ്യാറാക്കിയ കുട്ടികൾക്കുള്ള പ്രവർത്തന പുസ്തകം എല്ലാ കുട്ടികൾക്കും ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്.

(ഡി&ഇ) പരിഷ്കരിച്ച പാഠ്യപദ്ധതി പ്രകാരം സംസ്ഥാനതലത്തിലും ജില്ലാതലത്തിലും പരിശീലകർക്കുള്ള പരിശീലനം (TOT) സംഘടിപ്പിക്കുകയും ഐ.സി.ഡി.എസ്. പ്രോജക്ട്തലത്തിൽ അങ്കണവാടി പ്രവർത്തകർക്ക് പരിശീലനം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. അങ്കണവാടി പരിശീലന കേന്ദ്രങ്ങളിലും ടി പാഠ്യപദ്ധതി പ്രകാരം പരിശീലനം നൽകുന്നു. അങ്കണവാടി പരിശീലന കേന്ദ്രത്തിൽ 50 പേർക്ക് ഇരിക്കാവുന്ന ക്ലാസ്സ് റൂം 50 പേർക്കുള്ള കട്ടിൽ, മെത്ത, തലയണ, 50 പേർക്ക് ഇരുന്ന് ഭക്ഷണം കഴിക്കാനുള്ള സൗകര്യം, കിച്ചൺ, ലൈബ്രറി, അവശ്യസാധനങ്ങൾ സൂക്ഷിക്കാനുള്ള അലമാരകൾ എന്നിവ ഉണ്ടാകും. ഓരോ പരിശീലന കേന്ദ്രത്തിന്റെയും ജില്ല തിരിച്ചുള്ള പട്ടിക, മേൽവിലാസം, ഫോൺ നമ്പർ എന്നിവ അനുബന്ധമായി * ചേർത്തിട്ടുണ്ട്. ഇ-മെയിൽ സൗകര്യം ലഭ്യമല്ല.

(എഫ്) പരിശീലന കേന്ദ്രങ്ങളുടെ നടത്തിപ്പിൽ സർക്കാരിതര സംഘടനകൾ പങ്കാളികളാണ്. AWTC തൈക്കാട്, AWTC നെയ്യാറ്റിൻകര, AWTC കൊല്ലം, AWTC കോട്ടയം, AWTC എറണാകുളം, AWTC തൃശ്ശൂർ, AWTC പാലക്കാട്, AWTC കോഴിക്കോട്, AWTC കണ്ണൂർ, AWTC കാസർഗോഡ് എന്നീ 10 ട്രെയിനിംഗ് സെന്ററുകൾ സംസ്ഥാന ശിശുക്ഷേമ സമിതിയുടെ പരിധിയിലാണുള്ളത്. AWTC കൈമനം, ട്രെയിൻഡ് നഴ്സറി ടീച്ചേഴ്സ് സൊസൈറ്റിയുടെ കീഴിലാണുള്ളത്. AWTC

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പെരുമ്പാവൂർ NSS താലൂക്ക് യൂണിയൻ എറണാകുളത്തിന്റെ പരിധിയിലാണുള്ളത്. AWTC നടക്കാവ്, ദേശീയ മഹിളാ സമാജത്തിന്റെ പരിധിയിലാണുള്ളത്, MLTC (മിഡിൽ ലെവൽ ട്രെയിനിംഗ് സെന്റർ) എറണാകുളം രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസിന് കീഴിലാണുള്ളത്. എന്നാൽ മോഡ്യൂൾ നിർമ്മാണം/ പരിഷ്ക്കരണം സർക്കാർ സംവിധാനത്തിലാണ് നടക്കുന്നത്.

(ജി) സംസ്ഥാനത്തെ അങ്കണവാടി പ്രവർത്തകരുടെ പരിശീലനത്തിനായി പുതിയ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**സർക്കാർ സർവ്വീസിൽ പുനർ/സ്ഥിര നിയമനം ലഭിച്ച അംഗപരിമിതർ**

259(6574) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ നീതി വകുപ്പിന്റെ 18-5-2013 ലെ സ.ഉ.(പി)നമ്പർ 40/13, 7-8-2013-ലെ സ.ഉ.(പി)നമ്പർ 63/13 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം സർക്കാർ സർവ്വീസിൽ പുനർ/സ്ഥിര നിയമനം ലഭിച്ച അംഗപരിമിതരായ ജീവനക്കാരെ സർവ്വീസിൽ ക്രമപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇക്കാര്യം സംബന്ധിച്ച് സാമൂഹ്യനീതി (ഡി) വകുപ്പിന്റെ പരിഗണനയിലുള്ള 2617/2016/എസ്.ജെ.ഡി, 2851/2016/എസ്.ജെ.ഡി. നമ്പർ ഫയലുകളിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവുകൾ പ്രകാരം നിയമനം ലഭിച്ചവരിൽ നേരത്തെ പി.എസ്.സി. വഴി സ്ഥിര നിയമനം ലഭിച്ചവരും ഉൾപ്പെട്ടിട്ടുള്ളതും എന്നാൽ അവരെയും സർവ്വീസിൽ റഗുലറൈസ് ചെയ്തിട്ടില്ലെന്ന വസ്തുത പരിഗണിച്ച് ഇക്കാര്യത്തിൽ അടിയന്തര പരിഹാരം ഉണ്ടാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ-സി) പരിശോധിച്ചുവരുന്നു.

**വികലാംഗക്ഷേമ നയം**

260(6575) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'വികലാംഗക്ഷേമ നയം' പ്രഖ്യാപനം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) വികലാംഗ ക്ഷേമത്തിനായി പ്രത്യേക വകുപ്പ് രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) വികലാംഗ ക്ഷേമ നയംകൊണ്ട് ലക്ഷ്യമാക്കുന്ന പദ്ധതികൾ വിശദമാക്കാമോ;

(ഡി) വികലാംഗ ക്ഷേമനയം, വികലാംഗ ക്ഷേമവകുപ്പ് രൂപീകരണം എന്നിവ സംബന്ധിച്ച് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) 'ഭിന്നശേഷിയുള്ളവർക്ക് വേണ്ടിയുള്ള സംസ്ഥാന നയം 2015' അംഗീകരിച്ച് 22-9-2015-ലെ സ.ഉ.(പി)നമ്പർ 60/2015/സാ.നീ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഭിന്നശേഷിക്കാരുടെ ക്ഷേമം, പുനരധിവാസം, വികസനം, അവകാശ സംരക്ഷണം, അവസരസമത്വത്തിനുള്ള കരുതൽ നടപടി, ഭിന്നശേഷിയുള്ളവരുടെ വ്യക്തിസ്വാതന്ത്ര്യത്തിനുള്ള തടസ്സങ്ങൾ നീക്കുക, അവരുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തുക എന്നിവയാണ് 'ഭിന്നശേഷിയുള്ളവർക്ക് വേണ്ടിയുള്ള സംസ്ഥാന നയം 2015' കൊണ്ട് ലക്ഷ്യമാക്കുന്നത്.

(ഡി) ബാധകമല്ല.

**അനാഥാലയങ്ങളിലെ കുട്ടികൾക്ക് പഠനോപാധികൾ**

261(6576) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന അനാഥാലയങ്ങളിലെ കുട്ടികൾക്ക് പഠനോപാധികൾ ലഭ്യമാക്കാറുണ്ടോ;

(ബി) കമ്പ്യൂട്ടർ വിദ്യാഭ്യാസം നൽകുന്നതിനാവശ്യമായ കമ്പ്യൂട്ടർ ഇല്ലാത്ത എത്ര അനാഥാലയങ്ങൾ ഈ വകുപ്പിനു കീഴിലുണ്ട്;

(സി) ഇത്തരം അനാഥാലയങ്ങളിൽ കഴിയുന്ന കുട്ടികൾക്ക് പഠനോപകരണം എന്ന രീതിയിൽ കമ്പ്യൂട്ടറുകൾ ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾക്കായി 10 ചിൽഡ്രൻസ് ഹോമുകളും 6 സ്പെഷ്യൽ ചിൽഡ്രൻസ് ഹോമുകളും പ്രവർത്തിച്ചുവരുന്നു. പ്രസ്തുത ഹോമുകളിലെ കുട്ടികൾക്ക് പഠനത്തിനാവശ്യമായ എല്ലാ സഹായങ്ങളും നൽകിവരുന്നു. ആയതിൽ പഠനോപകരണങ്ങളും ഉൾപ്പെടുന്നു. ഇതിനുപുറമേ ഓർഫനേജ് കൺട്രോൾ ബോർഡിന് കീഴിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസം അടക്കമുള്ള ചെലവുകൾക്കായി ഒരു കുട്ടിക്ക് പ്രതിമാസം 1,000 രൂപ നിരക്കിൽ സർക്കാർ ഗ്രാന്റ് നൽകുന്നുണ്ട്.

(ബി) പഠനാവശ്യങ്ങൾക്കായി കമ്പ്യൂട്ടർ ഇല്ലാത്ത 15 ചിൽഡ്രൻസ് ഹോമുകൾ സാമൂഹ്യനീതി വകുപ്പിന് കീഴിലുണ്ട്. കമ്പ്യൂട്ടർ ഇല്ലാത്ത അനാഥാലയങ്ങളുടെ വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) സാമൂഹ്യനീതി വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് ചിൽഡ്രൻസ് ഹോമുകളിലേയും സ്പെഷ്യൽ ചിൽഡ്രൻസ് ഹോമുകളിലേയും കുട്ടികൾക്ക് പഠനത്തിനായി ആവശ്യാനുസരണം കമ്പ്യൂട്ടറുകൾ ലഭ്യമാക്കുന്നതാണ്.

**അംഗപരിമിതർക്ക് സ്വയം തൊഴിൽ**

262(6577) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗപരിമിതർക്ക് സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതികളുണ്ടോ; വ്യക്തമാക്കുമോ;

(ബി) സ്വയം തൊഴിൽ പദ്ധതികളുമായി ബന്ധപ്പെട്ട് അംഗപരിമിതർ അപേക്ഷകൾ നൽകിയിട്ടുണ്ടോ; ഇത്തരം അപേക്ഷകർക്ക് സാമ്പത്തിക സഹായം അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ;വിശദമാക്കുമോ;

(സി) സാമൂഹ്യക്ഷേമ വകുപ്പിന്റെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ഇക്കാര്യത്തിൽ ഇവരെ സഹായിക്കുന്നില്ലെന്ന പരാതിയിൽ എടുത്ത നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി രണ്ട് തരം വായ്പകൾ അനുവദിച്ചുവരുന്നു.

1. എൻ.എച്ച്.എഫ്.ഡി.സി. വായ്പാ പദ്ധതി: എൻ.എച്ച്.എഫ്.ഡി.സി.-യിൽ നിന്നും ലഭിക്കുന്ന തുക ഉപയോഗിച്ച് വായ്പ നൽകിവരുന്നു. ടി വായ്പ 6 ശതമാനം പലിശ നിരക്കിൽ ഉദ്യോഗസ്ഥ ജാമ്യം/വസ്തു ജാമ്യത്തിന്മേൽ 5 വർഷത്തെ കാലാവധിക്കാണ് നൽകിവരുന്നത്.

2. ബാങ്ക് ലോൺ സബ്സിഡി പദ്ധതി: സർവ്വീസ് ഏരിയാ ബാങ്കുമായി സഹകരിച്ചുകൊണ്ട് നടപ്പിലാക്കുന്ന സ്വയം തൊഴിൽ വായ്പാ പദ്ധതിയാണിത്. ഇതിനായി നിശ്ചിത മാതൃകയിലുള്ള അപേക്ഷാ ഫോറം പൂരിപ്പിച്ച് വികലാംഗത്വ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, റേഷൻ കാർഡിന്റെ 1, 2 പേജിന്റെ പകർപ്പ്, രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ സഹിതം കോർപ്പറേഷനിൽ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് സർവ്വീസ്

ഏരിയാ ബാങ്കിലേയ്ക്ക് പ്രസ്തുത അപേക്ഷ ശിപാർശ ചെയ്യുകയും വായ്പ അനുവദിച്ചതായി ബാങ്കിന്റെ അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് വായ്പ തുകയ്ക്ക് ആനുപാതികമായി സബ്സിഡി നൽകുകയും ചെയ്യുന്നു.

(ബി) ഉണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് മുൻഗണനാക്രമത്തിൽ സാമ്പത്തിക സഹായം അനുവദിച്ചു വരുന്നു.

(സി) ഇത്തരത്തിലൊരു പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## 1995-ലെ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്ട്

263(6578) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1995-ലെ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്ട് പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാരുടെ ഒഴിവുകളിൽ മൂന്ന് ശതമാനം ഭിന്നശേഷിയുള്ളവർക്കായി നീക്കിവെച്ചിട്ടുണ്ടെങ്കിലും അതിനനുസൃതമായി പ്രസ്തുത വിഭാഗത്തിന് നിയമനം ലഭിക്കുന്നില്ലെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിക്കുമോ;

(ബി) പ്രസ്തുത വിഭാഗത്തിന് ബാക്ക്ലോഗ് ഉണ്ടെങ്കിൽ ആയതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത വിഭാഗത്തിനുള്ള സംവരണം കൃത്യമായി പാലിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ;

(ഡി) സർക്കാർ സർവ്വീസിൽ താല്ക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ഭിന്നശേഷിക്കാരെ സ്ഥിരപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ-സി) പി.എസ്.സി. നിയമനങ്ങളിൽ ഭിന്നശേഷിക്കാർക്ക് 3 ശതമാനം സംവരണം നൽകിവരുന്നു. 2004 മുതൽ 2007 വരെയുള്ള ബാക്ക്ലോഗ് ഒഴിവുകൾ കണ്ടെത്തി നിയമനം നടത്തിവരുന്നു.

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 1-1-1993 മുതൽ 31-12-2003 വരെ കാലയളവിൽ താൽക്കാലികമായി 179 ദിവസം സേവനമനുഷ്ഠിച്ച അംഗപരിമിതർക്ക് സ്ഥിരനിയമനം/പുനർനിയമനം നൽകുന്നതിന് ഉത്തരവായിട്ടുണ്ട്.

## മാവേലിസ്റ്റോറിൽ അവശ്യസാധനങ്ങളുടെ വിലക്കുറവ് നടപ്പാക്കൽ

264(6579) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലി സ്റ്റോറിൽ അവശ്യസാധനങ്ങളുടെ വില അഞ്ച് വർഷത്തേക്ക് കൂട്ടില്ല എന്ന പ്രഖ്യാപനത്തോടൊപ്പം, പൊതു വിപണിയിൽ അവശ്യ സാധനങ്ങളുടെ വില കുത്തനെ കുറയുന്നപക്ഷം, മാവേലി സ്റ്റോറുകളിലും ഈ വിലക്കുറവ് നടപ്പിലാക്കുമോ?

ഉത്തരം

നിലവിലെ സർക്കാരിന്റെ നയപ്രഖ്യാപന പ്രസംഗത്തിൽ നിലവിൽ സബ്സിഡി നിരക്കിൽ വിതരണം ചെയ്തുവരുന്ന 13 ഇനം അവശ്യ ഭക്ഷ്യവസ്തുക്കളുടെ വില വർദ്ധിപ്പിക്കില്ലെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. പൊതുവിപണിയിൽ ഈ സാധനങ്ങളുടെ വില കുറയുന്നപക്ഷം അതനുസരിച്ച് ഇവയുടെ സബ്സിഡി വിൽപ്പനവിലയും വ്യത്യാസപ്പെടുത്തുന്നതിന് നടപടിയെടുക്കുന്നതാണ്.

## കോതമംഗലം മണ്ഡലത്തിലെ ചെറുവട്ടൂരിൽ മാവേലിസ്റ്റോർ

265(6580) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ ചെറുവട്ടൂരിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മാവേലി സ്റ്റോർ തുടങ്ങുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) ആയതിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കോതമംഗലം മണ്ഡലത്തിലെ നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിലെ ചെറുവട്ടൂരിൽ പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നത് സംബന്ധിച്ച്, ലഭിച്ച നിവേദനത്തിന്മേൽ സാധ്യതാ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ സപ്ലൈകോ എറണാകുളം മേഖലാ മാനേജർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സാധ്യതാ പഠനത്തിന്റെയും, ജീവനക്കാരുടെ ലഭ്യതയുടെയും അടിസ്ഥാനത്തിൽ ചെറുവട്ടൂരിൽ പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

## മുക്കം ഫർക്കയിലെ റേഷൻ വ്യാപാരികൾക്ക് വിതരണത്തിനു റേഷൻ സാധനങ്ങൾ

266(6581) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുക്കം ഫർക്കയിലെ റേഷൻ വ്യാപാരികൾക്ക് വിതരണത്തിന് വാവാട് സബ് സെന്ററിൽനിന്നും റേഷൻ സാധനങ്ങൾ ലഭ്യമാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) ആവശ്യം പരിഗണിച്ച് അനുമതി നൽകുമോ എന്നറിയിക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) ബാധകമല്ല.

## ശബരി ബ്രാന്റ് സാധനങ്ങളുടെ ഗുണനിലവാരം

267(6582) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ വഴി വിതരണം ചെയ്യുന്ന ശബരി ബ്രാന്റ് സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് അറിയിക്കുമോ;

(ബി) ഇവയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് കൃത്യവും കുറ്റമറ്റതുമായ സ്ഥിരം പരിശോധന സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ&ബി) ഓരോ ശബരി ഉൽപ്പന്നവും വിതരണം ചെയ്യുന്നത് നാഷണൽ അക്രെഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് & കാലിബ്രേഷൻ ലബോറട്ടറി (NABL)-യുടെ അംഗീകാരമുള്ള ലാബുകളിൽ വ്യത്യസ്ത ബാച്ചുകൾ തോറും പരിശോധന നടത്തിയതിനുശേഷമാണ്. ഗുണനിലവാരത്തിൽ എന്തെങ്കിലും വ്യതിയാനം കണ്ടുപിടിച്ചാൽ പ്രസ്തുത സ്റ്റോക്ക് പിൻവലിക്കുന്നതിനും ശിക്ഷാനടപടികൾ എടുക്കുന്നതിനും കരാർ അവസാനിപ്പിച്ച് പുതിയ ടെണ്ടർ വിളിക്കുന്നതിനുമുള്ള വ്യവസ്ഥകൾ കരാറിൽ നിലവിലുണ്ട്. ശബരി ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ഒരു ഗുണനിലവാര പരിശോധനാ സംഘം സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ഡിപ്പോതലത്തിലും ആകസ്മിക പരിശോധനകൾ നടത്തുകയും സാമ്പിളുകൾ ശേഖരിച്ച് ലാബിലേയ്ക്ക് അയയ്ക്കുകയും ചെയ്യുന്നുണ്ട്.

**അനാഥ മന്ദിരങ്ങളിലെ അന്തേവാസികൾക്ക് റേഷൻ പെർമിറ്റുകൾ**

268(6583) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനാഥ മന്ദിരങ്ങളിലെ അന്തേവാസികൾക്ക് നിലവിൽ ഉണ്ടായിരുന്ന റേഷൻ പെർമിറ്റുകൾ റദ്ദു ചെയ്യുന്നതായോ പുതുക്കി നൽകാത്തതായോ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) കോതമംഗലം താലൂക്കിലെ ഓർഫനേജുകൾക്ക് അനുവദിച്ചിരുന്ന റേഷൻ പെർമിറ്റുകൾ പുതുക്കി നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഓർഫനേജുകളിലെ അന്തേവാസികൾക്കുള്ള റേഷൻ പെർമിറ്റുകൾ പുതുക്കി നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കോതമംഗലം താലൂക്കിൽ പുതുക്കുവാനുള്ള അപേക്ഷ ലഭിച്ച റേഷൻ പെർമിറ്റുകൾ 31-3-2017 വരെ പുതുക്കിയിട്ടുണ്ട്.

(സി) നിലവിലുള്ള റേഷൻ പെർമിറ്റുകൾ എല്ലാംതന്നെ പുതുക്കി നൽകുന്നുണ്ട്.

**പുതിയ റേഷൻ കാർഡുകൾ തയ്യാറാക്കുന്നതിനുള്ള കരാർ**

269(6584) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കാർഡുകൾ തയ്യാറാക്കുന്നതിന് സർക്കാർ കരാർ നൽകിയിരുന്നത് ആർക്കാണ്;

(ബി) എത്ര തുകയ്ക്കാണ് കരാർ നൽകിയിരുന്നത്;

(സി) നാളിതുവരെ എത്ര തുക ആയതിന്റെ ഭാഗമായി നൽകിയിട്ടുണ്ട്;

(ഡി) റേഷൻ കടകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും ഉപഭോക്താക്കൾക്ക് ഇ-റേഷൻ കാർഡുകൾ നൽകുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) റേഷൻ കാർഡിന്റെ ഇന്നർഷീറ്റുകൾ പ്രിന്റ് ചെയ്യുന്നതിന് കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റിക്കും (കെ.ബി.പി.എസ്.) പുറംചട്ട പ്രിന്റ് ചെയ്ത് ലാമിനേറ്റ് ചെയ്ത് സ്റ്റാപ്പിൾ ചെയ്യുന്നതിന് സി-ഡിറ്റിനുമാണ് കരാർ നൽകിയിരുന്നത്.

(ബി) ഇന്നർ ഷീറ്റുകൾ പ്രിന്റ് ചെയ്യുന്നതിന് കാർഡൊന്നിന് 2.142 രൂപയും പുറംചട്ട പ്രിന്റ് ചെയ്ത് ലാമിനേറ്റ് ചെയ്ത് സ്റ്റാപ്പിൾ ചെയ്യുന്നതിന് കാർഡൊന്നിന് 13.50 രൂപയുമാണ് കരാർ ചെയ്തിരിക്കുന്നത്.

(സി) തുക നൽകിയിട്ടില്ല.

(ഡി) സംസ്ഥാനത്തെ റേഷൻ കാർഡുടമകളുടെ മുഴുവൻ വിവരങ്ങളും ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. ഓരോ ഗുണഭോക്താവിനെയും ബയോമെട്രിക് ആതന്റിക്കേഷൻ മുഖേന തിരിച്ചറിഞ്ഞ് ശരിയായ ഗുണഭോക്താവിനു മാത്രം റേഷൻ വിതരണം ചെയ്യുന്നതിന് റേഷൻ കടകളിൽ ഇ-പോസ് (ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ) മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇ-റേഷൻ കാർഡുകൾ നൽകുന്നതിന് തീരുമാനിച്ചിട്ടില്ല.

**ദേശീയ ഭക്ഷ്യഭദ്രതാ നിയമം-മുൻഗണനാ പട്ടികയിലെ അപാകതകൾ**

270(6585) <u>ശ്രീ. എ. പി. അനിൽ കുമാർ</u> :
<u>ശ്രീ. അൻവർ സാദത്ത്</u> :
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയ ഭക്ഷ്യഭദ്രതാ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി തയ്യാറാക്കിയ റേഷൻ മുൻഗണനാ കരട് പട്ടികയിൽ കടന്നുകൂടിയ അപാകതകൾ പരിഹരിക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഇതുസംബന്ധിച്ചുള്ള പരാതികൾ സ്വീകരിക്കാനും പരിഹാരം കാണാനും ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിവരിക്കുമോ;

(സി) ഏകദേശം എത്ര പരാതികൾ പരിശോധിച്ചിട്ടുണ്ട്; അവയിൽ എത്ര എണ്ണം പരിഹരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) മുൻഗണനാ പട്ടികയിലെ അപാകതകൾമൂലം പട്ടികയിൽനിന്നും പുറത്തായ റേഷൻ കാർഡുടമകൾക്ക് ആശ്വാസം നൽകാൻ എന്തെല്ലാം നടപടി കൈക്കൊണ്ടിട്ടുണ്ട്; വിവരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) കരട് മുൻഗണനാ പട്ടികയിൽ പരാതിയോ ആക്ഷേപമോ ഉണ്ടെങ്കിൽ വെരിഫിക്കേഷൻ കമ്മിറ്റി മുമ്പാകെ പരാതി നൽകാവുന്നതാണ്. ജില്ലാ കളക്ടർ അദ്ധ്യക്ഷനായ അപ്പീൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനം, വില്ലേജ് ഓഫീസ്, താലൂക്ക് സപ്ലൈ ഓഫീസ് എന്നിവിടങ്ങളിൽ പരാതി സമർപ്പിക്കുന്നതിന് സൗകര്യം ഒരുക്കിയിട്ടുണ്ട്.

(സി) 23158 പരാതികൾ പരിശോധിച്ചിട്ടുണ്ട്. 17214 പരാതികൾ തീർപ്പാക്കിയിട്ടുണ്ട്.

(ഡി) അർഹരായവരെ മുഴുവൻ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**ദേശീയ ഭക്ഷ്യഭദ്രതാ നിയമം**

271(6586) ശ്രീ. സി. ദിവാകരൻ :

ശ്രീ. വി. ആർ. സുനിൽ കുമാർ :

ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവംബർ 1 മുതൽ ദേശീയ ഭക്ഷ്യഭദ്രതാനിയമം നടപ്പാക്കുന്ന സാഹചര്യത്തിൽ പ്രസ്തുത നിയമപ്രകാരം മുലയൂട്ടുന്ന അമ്മമാർക്കും ഗർഭിണികളായ സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കും ഭക്ഷ്യസഹായം നല്കാൻ ബാധ്യതയുണ്ടെന്നുള്ളതിനാൽ ആയതിന് എന്ത് നടപടി സ്വീകരിച്ചുവെന്നറിയിക്കുമോ;

(ബി) 2010-ലെ സെൻസസ് അടിസ്ഥാനമാക്കി പ്രസിദ്ധീകരിച്ച റേഷൻ ഉപഭോക്താക്കളുടെ മുൻഗണനാ പട്ടികയിൽ നിരവധിയാളുകൾക്ക് ഇടം കണ്ടെത്താൻ സാധിച്ചിട്ടില്ലാത്തതിനാൽ അവരുടെ പരാതി സ്വീകരിക്കാനും പുതിയ റേഷൻ കാർഡിൽ പേരു വരുത്തുന്നതിനും എന്ത് നടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ;

(സി) പുതിയ നിയമത്തിൻകീഴിൽ റേഷൻ മൊത്തവിതരണശാലകൾ ഇല്ലാതാകുമെന്നതിനാൽ അവിടങ്ങളിലെ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**ഉത്തരം**

(എ) പ്രസ്തുത പദ്ധതി സാമൂഹ്യക്ഷേമ വകുപ്പാണ് നടപ്പാക്കിവരുന്നത്. 2010-11 വർഷത്തിൽ കേന്ദ്ര സർക്കാർ ഒരു പൈലറ്റ് പ്രോജക്ടായി 52 ജില്ലകളിൽ നടപ്പിലാക്കിയ ഈ പദ്ധതി കേരളത്തിൽ പാലക്കാട് ജില്ലയിൽ നടപ്പിലാക്കി വരുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ 9.45 കോടി രൂപ കേന്ദ്ര വിഹിതമായി വകയിരുത്തിയിട്ടുണ്ട്.

(ബി) സർക്കാർ നിശ്ചയിച്ചിട്ടുള്ള റാങ്കിംഗ് മാനദണ്ഡങ്ങൾ പ്രകാരമാണ് കരട് മുൻഗണനാ പട്ടിക തയ്യാറാക്കിയിരിക്കുന്നത്. ടി പട്ടികയിൽ ഉൾപ്പെടാത്തവർക്ക് പരാതികൾ നൽകാൻ തദ്ദേശസ്വയംഭരണ സ്ഥാപനം, വില്ലേജ് ഓഫീസ്, താലൂക്ക് സപ്ലൈ ഓഫീസ് എന്നിവിടങ്ങളിൽ സൗകര്യം ഒരുക്കിയിട്ടുണ്ട്. വെരിഫിക്കേഷൻ

കമ്മിറ്റിയുടെയും അപ്പീൽ കമ്മിറ്റിയുടെയും തീരുമാനത്തിൽ അന്തിമ പട്ടിക പ്രസിദ്ധീകരിക്കും. നിലവിലെ റേഷൻ കാർഡ് പുതുക്കി നൽകിയശേഷം പേരു വിവരങ്ങൾ ഉൾപ്പെടുത്തുന്ന നടപടി വകുപ്പ് സ്വീകരിക്കുന്നതാണ്.

(സി) നിയമം നടപ്പിലാക്കുമ്പോഴുണ്ടാകുന്ന ഇത്തരം പ്രശ്നങ്ങളെക്കുറിച്ച് സർക്കാർ ചർച്ച നടത്തി തീരുമാനമെടുക്കുന്നതാണ്.

**റേഷൻ കടകളിൽ ഇ-പോസ് സ്ഥാപിക്കൽ**

272(6587) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അനിൽ അക്കര :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ റേഷൻ കടകളിലും ഇ-പോസ് എന്ന ഉപകരണം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) റേഷൻ ഉപഭോക്താക്കൾ വഞ്ചിക്കപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം സംവിധാനങ്ങളാണ് ഈ ഉപകരണം വഴി ഏർപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്നു മുതലാണ് ഈ സംവിധാനം റേഷൻ കടകളിൽ സ്ഥാപിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്; വിവരിക്കുമോ?

ഉത്തരം

(എ) റേഷൻ കടകളിലെല്ലാം ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിക്കുന്നതിനും റേഷൻ കടകളിൽ നടക്കുന്ന എല്ലാ ഇടപാടുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും റേഷൻ കടകളിലെത്തുന്ന ഗുണഭോക്താക്കളെ തിരിച്ചറിയുന്നതിന് ആധാർ അല്ലെങ്കിൽ സ്മാർട്ട് കാർഡ്/ ബാർകോഡ് പോലുള്ള ബദൽ മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(ബി) റേഷൻ കടകളിൽനിന്നും കിട്ടേണ്ട ഉത്പന്നങ്ങളും അളവും സംബന്ധിച്ച് പ്രതിമാസ റേഷൻ വിഹിത വിവരങ്ങൾ ഓരോ ഉപഭോക്താവിനും എസ്.എം.എസ്. മുഖേന അറിയിക്കുക, സ്റ്റോക്ക് എത്തിച്ചേരുന്ന വിവരം കാർഡുടമയെ എസ്.എം.എസ്. സന്ദേശം വഴി അറിയിക്കുക, കൂടാതെ ട്രാൻസ്പാരൻസി പോർട്ടൽ മുഖേന ഓരോ ട്രാൻസാക്ഷനും തത്സമയം തന്നെ എല്ലാവർക്കും നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ഒരുക്കുക തുടങ്ങിയവ പുതിയ സംവിധാനത്തിൽ വിഭാവനം ചെയ്യുന്നുണ്ട്.

(സി) 31-3-2017-നകം പൊതുവിതരണ സമ്പ്രദായത്തിന്റെ എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ പദ്ധതി പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ അളവിൽ വെട്ടിപ്പ്

273(6588) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന സാധനങ്ങൾ അളവിൽ കുറച്ചാണ് വിതരണം ചെയ്യുന്നത് എന്ന വ്യാപക പരാതി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇതു പരിഹരിക്കാൻ നിലവിൽ എന്ത് സംവിധാനമാണുള്ളത്;

(സി) നിലവിലെ സംവിധാനം പര്യാപ്തമാണോ;

(ഡി) നിലവിലെ സംവിധാനം പരിഷ്ക്കരിക്കാൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ചില മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പൊതുവിതരണ കേന്ദ്രങ്ങളിലൂടെ വിതരണം ചെയ്യുന്ന റേഷൻ സാധനങ്ങളുടെ വിതരണത്തോത്, വിലവിവരപ്പട്ടിക, സ്റ്റോക്കിന്റെ നില എന്നിവ ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിക്കണമെന്ന് നിയമംമൂലം വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ റേഷൻ സാധനങ്ങൾ നൽകുമ്പോൾ കാർഡുടമകൾക്ക് ബിൽ നൽകണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. ഇത് കൃത്യമായി പാലിക്കപ്പെടുന്നുണ്ടോ എന്ന് വകുപ്പിലെ പരിശോധനാ ഉദ്യോഗസ്ഥർ പരിശോധനാ വേളയിൽ കർശനമായി പരിശോധിക്കുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ കേരളാ റേഷനിംഗ് ഓർഡറിലെ ചട്ടങ്ങളനുസരിച്ച് ശക്തമായ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ റേഷൻ സാധനങ്ങളുടെ വിതരണത്തോത്, വിലവിവരം എന്നിവ എല്ലാ ദൃശ്യ-ശ്രവ്യ-പത്ര മാധ്യമങ്ങളിലൂടെ പരസ്യപ്പെടുത്തുന്നതിനോടൊപ്പം വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തുന്നു.

(സി) ആണ്.

(ഡി) ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാകുന്നതിന്റെ ഭാഗമായി എൻഡ് -ടു-എൻഡ് കമ്പ്യൂട്ടറൈസേഷൻ നിലവിൽ വന്നു കഴിയുമ്പോൾ റേഷൻ സംവിധാനം കൂടുതൽ സുതാര്യവും കാര്യക്ഷമവും ആകുന്നതാണ്.

## റേഷൻ കടകൾ ഭക്ഷ്യസുരക്ഷാ നിയമത്തിന് കീഴിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ

274(6589) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ കടകൾ ഭക്ഷ്യ സുരക്ഷാ നിയമത്തിന് കീഴിൽ കൊണ്ടുവരുന്നതിനായി എന്തെല്ലാം നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) ഭക്ഷ്യസുരക്ഷാ നയത്തിന്റെ ഭാഗമായി റേഷൻകടകളുടെ നവീകരണവും മറ്റും നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് ഉദ്ദേശിക്കുന്നത്;

(സി) റേഷൻ കടകളിൽ കമ്പ്യൂട്ടർ സംവിധാനവും, ബയോമെട്രിക് സംവിധാനവും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ പദ്ധതിയുടെ ഭാഗമായി 2015 ആഗസ്റ്റ് മുതൽ 2016 ഏപ്രിൽ വരെയുള്ള കാലയളവിൽ ഒരു മോഡൽ പൈലറ്റ് നടത്തിയിരുന്നു. മോഡൽ പൈലറ്റിന്റെ ഭാഗമായി തിരുവനന്തപുരം, എറണാകുളം ജില്ലകളിലുള്ള 22 റേഷൻ കടകളിൽ ഇ-പോസ് (ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ) മെഷീൻ സ്ഥാപിച്ച് ബയോമെട്രിക് ഐഡന്റിഫിക്കേഷൻ വഴിയോ OTP ആതന്റിക്കേഷൻ വഴിയോ കാർഡുടമയെ തിരിച്ചറിഞ്ഞ് റേഷൻ നൽകുന്ന സംവിധാനം ഏർപ്പെടുത്തിയിരുന്നു. തിരുവനന്തപുരം ജില്ലയിലെ 6 റേഷൻ കടകളിൽ പൂർണ്ണമായും ഓൺലൈനായി ബയോമെട്രിക് ആതന്റിക്കേഷൻ നടത്തി ഗുണഭോക്താക്കളെ തിരിച്ചറിഞ്ഞ് റേഷൻ വിതരണം നടത്തുന്നതിന് ഒരു പ്രീ-പൈലറ്റ് പദ്ധതിയും നടപ്പാക്കിയിരുന്നു. രണ്ട് പദ്ധതികൾക്കും മുന്നോടിയായി റേഷൻ കടകളിൽ നവീകരണ പ്രവർത്തനങ്ങൾ നടത്തിയിരുന്നു. ഒരേ നിറത്തിൽ പെയിന്റ് ചെയ്യുകയും അത്യാവശ്യം അറ്റകുറ്റപ്പണികൾ നടത്തുകയും തറ ടൈൽ പാകുകയും ഇലക്ട്രിക് വയറിംഗ് നവീകരിക്കുകയും ചെയ്തു. റേഷൻകടയുടെ വയബിലിറ്റി (ജീവനക്ഷമത) ഉറപ്പാക്കുന്നതിനുവേണ്ടി വേൾഡ് ഫുഡ് പ്രോഗ്രാം ഒരു പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(സി) ഉണ്ട്. റേഷൻ കടകളിലെല്ലാം ഗുണഭോക്താക്കളുടെ ബയോമെട്രിക് വിവരങ്ങൾ ഉൾപ്പെടുത്തി ഇ-പോസ് (ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ) മെഷീനുകൾ സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

**ഭക്ഷ്യസുരക്ഷാ നിയമം - സപ്ലൈകോയിൽ പുതിയ തസ്തികകൾ**

275(6590) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സുരക്ഷാ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി സപ്ലൈകോയിൽ പുതുതായി ഏതെല്ലാം തസ്തികകൾ എത്ര വീതം സൃഷ്ടിക്കപ്പെടുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എണ്ണം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇത്തരം തസ്തികകളിലേയ്ക്ക് നിയമനം നടത്തുമ്പോൾ യോഗ്യതയുള്ള സപ്ലൈകോ ജീവനക്കാർക്ക് മുൻഗണന നൽകുവാൻ തയ്യാറാകുമോ എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കണക്കാക്കിയിട്ടില്ല.

(ബി) ബാധകമല്ല.

**ഭക്ഷ്യസുരക്ഷാ നിയമം-തെറ്റായ വിവരങ്ങൾ നൽകി മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെട്ടവർ**

276(6591) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുന്നതിനായി പ്രസിദ്ധീകരിച്ച കരട് മുൻഗണനാ ലിസ്റ്റിന്റെ സർവ്വേ നടപടികൾ എന്നാണ് ആരംഭിച്ചത്;

(ബി) മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുന്നതിനായി തെറ്റായ വിവരങ്ങൾ നൽകി ലിസ്റ്റിൽ കയറിക്കൂടിയവരെ കണ്ടുപിടിയ്ക്കുന്നതിനും, ഒഴിവാക്കുന്നതിനും ഭക്ഷ്യ വകുപ്പ് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) 1-1-2015-ന്.

(ബി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013 നടപ്പിലാക്കുന്നതിന്റെ ഭാഗമായി മുൻഗണനാ വിഭാഗക്കാരെ കണ്ടെത്താൻ റേഷൻ കടകൾ വഴി പ്രീ-പോപ്പുലേറ്റഡ് ഫോറം വിതരണം ചെയ്യുകയും ടി ഫോറത്തിൽ അപേക്ഷകരുടെ സത്യപ്രസ്താവന ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അതിന്മേലാണ് കരട് പട്ടിക തയ്യാറാക്കിയിട്ടുള്ളത്. പഞ്ചായത്തിലെ വെരിഫിക്കേഷൻ കമ്മിറ്റിയുടെ പരിശോധനയിൽ പരമാവധി അനർഹരെ ഒഴിവാക്കാൻ കഴിയുന്നതാണ്.

**ഭക്ഷ്യസുരക്ഷാ നിയമം - മുൻഗണനാ മാനദണ്ഡം**

277(6592) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുമ്പോൾ പൊതുവിതരണ രംഗത്ത് ഉണ്ടാവുന്ന പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിച്ച് വരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) മുൻഗണനാപട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നിശ്ചയിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) വീടിന്റെ സ്ഥിതി, മുൻഗണനാക്രമം നിശ്ചയിക്കുന്നതിൽ ഘടകമാക്കി യിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ഡി) സാമാന്യം നല്ല വീടുകൾ ഉണ്ടെങ്കിലും സാമ്പത്തികമായി വലിയ പ്രതിസന്ധി നേരിടുന്ന കുടുംബങ്ങളുണ്ടെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം - 2013 കേരളത്തിൽ നടപ്പിൽ വരുമ്പോൾ സംസ്ഥാനത്തിന് ലഭ്യമാകുന്ന 14.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യത്തിൽ മുൻഗണനാ വിഭാഗങ്ങൾക്ക് വേണ്ടിവരുന്നത് 10.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങളാണ്. പ്രസ്തുത നിയമത്തിന്റെ പരിധിയിൽ വരാത്ത 187 ലക്ഷത്തോളം അർഹരായ ജനവിഭാഗങ്ങൾക്ക് ബാക്കിയുള്ള 4 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യാൻ കഴിയും. ആയതിന്റെ വിതരണക്രമം പരിഗണനയിലാണ്.

(ബി-ഡി) സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ, ആദായ നികുതി ഒടുക്കുന്നവർ, സ്വന്തമായി ഒരേക്കറിനുമേൽ ഭൂമിയുള്ളവർ, സ്വന്തമായി 1000 ചതുരശ്ര അടിക്കുമേൽ വിസ്തീർണ്ണമുള്ള വീടോ ഫ്ളാറ്റോ ഉള്ളവർ, നാല് ചക്ര വാഹനമുള്ളവർ എന്നിവർ മുൻഗണനാ ക്രമത്തിൽനിന്നും ഒഴിവാക്കപ്പെടും. എന്നാൽ പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെടുന്ന ക്ലാസ് 4 തസ്തികവരെയുള്ള ജീവനക്കാരെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. മുൻസർക്കാർ മുൻഗണനാ വിഭാഗക്കാരെ കണ്ടെത്താൻ താലൂക്ക്തല റാങ്കിംഗ് ആണ് നടത്തിയിരുന്നത്. ഇത് മാറ്റി ഇപ്പോൾ സംസ്ഥാനതല റാങ്കിംഗ് നടത്തിയിട്ടുണ്ട്.

## ഭക്ഷ്യസുരക്ഷാ നിയമം - കമ്പ്യൂട്ടർവൽക്കരണം

278(6593) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായിട്ടുള്ള കമ്പ്യൂട്ടർവത്കരണം ഏതൊക്കെ ജില്ലകളിൽ പൂർത്തിയായി എന്ന് വ്യക്തമാക്കുമോ;

(ബി) കമ്പ്യൂട്ടർവത്കരണം പൂർത്തിയാക്കാൻ സർക്കാർ കാലാവധി നിശ്ചയിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഒരു ജില്ലയിലും പൂർത്തിയായിട്ടില്ല.

(ബി) 31-3-2017-നകം പൊതുവിതരണ സമ്പ്രദായത്തിന്റെ എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ പദ്ധതി പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## റേഷൻ കടകളുടെ പ്രവർത്തനം സുതാര്യമാക്കൽ

279(6594) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ കടകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന റേഷൻ കടകളുടെ പ്രവർത്തന കാലാവധി നിജപ്പെടുത്തിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ;

(സി) മാവേലിക്കര, കാർത്തികപ്പള്ളി താലൂക്കുകളിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ഡി) റേഷൻ കടകളുടെ പ്രവർത്തനം സുതാര്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) റേഷൻ കടകളിലെല്ലാം ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിക്കുന്നതിനും റേഷൻ കടകളിൽ നടക്കുന്ന എല്ലാ ഇടപാടുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും റേഷൻ കടകളിലെത്തുന്ന ഗുണഭോക്താക്കളെ തിരിച്ചറിയുന്നതിന് ആധാർ അല്ലെങ്കിൽ സ്മാർട്ട് കാർഡ്/ ബാർകോഡ് പോലുള്ള ബദൽ മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് സർക്കാർ ഏജൻസിയായ സപ്ലൈകോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ട് സപ്ലൈകോ തയ്യാറാക്കി വരുന്നു.

(ബി) ഇല്ല.

(സി) മാവേലിക്കര, കാർത്തികപ്പള്ളി താലൂക്കുകളിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ വിവരം യഥാക്രമം അനുബന്ധമായി *ചേർത്തിരിക്കുന്നു.

(ഡി) റേഷൻകടകളിൽനിന്നും കിട്ടേണ്ട ഉത്പന്നങ്ങളും അളവും സംബന്ധിച്ച് പ്രതിമാസ റേഷൻ വിഹിത വിവരങ്ങൾ ഓരോ ഉപഭോക്താവിനും എസ്.എം.എസ്. മുഖേന അറിയിക്കുക, സ്റ്റോക്ക് എത്തിച്ചേരുന്ന വിവരം കാർഡുടമയെ എസ്.എം.എസ്. സന്ദേശംവഴി അറിയിക്കുക, കൂടാതെ ട്രാൻസ്പാരൻസി പോർട്ടൽ മുഖേന ഓരോ ട്രാൻസാക്ഷനും തത്സമയം തന്നെ എല്ലാവർക്കും നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ഒരുക്കുക തുടങ്ങിയവ പുതിയ സംവിധാനത്തിൽ വിഭാവന ചെയ്യുന്നുണ്ട്.

**കൂടിയ വിലയിൽ സാധനങ്ങൾ വിൽക്കുന്നതിന് പ്രത്യേകാനുമതി**

280(6595) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീയേറ്റർ കോംപ്ലക്സുകളോടും മൾട്ടിപ്ലക്സുകളോടും ചേർന്ന് പ്രവർത്തിക്കുന്ന കഫറ്റേരിയ, സ്നാക്സ് ഷോപ്പുകൾ, മറ്റ് കടകൾ, എയർപോർട്ടിലെ ഷോപ്പുകൾ ഇവയിൽ എം.ആർ.പി. നിരക്കിനേക്കാളും വിലകൂട്ടി സാധനങ്ങൾ വില്ക്കുന്നു എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ഇത്തരത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് വിലകൂട്ടി വാങ്ങുന്നതിന് പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപന.ങ്ങൾ അല്ലെങ്കിൽ സർക്കാർ പ്രത്യേകാനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കേരളത്തിൽ ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് ഇത്തരത്തിൽ പ്രത്യേകാനുമതി നൽകിയിട്ടുള്ളത്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇല്ലെങ്കിൽ പ്രസ്തുത സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; സ്ഥാപനങ്ങളുടെ പേരുവിവരം ഉൾപ്പെടെ വിശദാംശം ലഭ്യമാക്കുമോ;

(സി) ഇത്തരത്തിൽ പ്രത്യേകാനുമതി നൽകിയിട്ടില്ലെങ്കിൽ ഇവർക്കെതിരെ കർശന മേൽനടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2011-ലെ ലീഗൽ മെട്രോളജി (പാക്കേജ്ഡ് കമ്മോഡിറ്റീസ്) ചട്ടങ്ങളിലെ MRP-യേക്കാൾ കൂടുതൽ വില ഈടാക്കാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിരുദ്ധമായി എം.ആർ.പി. നിരക്കിനേക്കാൾ വിലകൂട്ടി സാധനങ്ങൾ വിൽക്കുന്നതിന് അനുമതി നൽകുവാൻ വ്യവസ്ഥയില്ല. എട്ട് സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചു. ടി സ്ഥാപനങ്ങളുടെ പേര് വിവരം ചുവടെ ചേർക്കുന്നു:

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1. പത്മം തിയേറ്റർ, മലപ്പുറം
2. വിസ്മയ തിയേറ്റർ, പെരിന്തൽമണ്ണ
3. ക്രൗൺ തിയേറ്റർ, കോഴിക്കോട്
4. പി.വി.എസ്. ഫിലിം സിറ്റി, കോഴിക്കോട്
5. വിനായക തിയേറ്റർ കോംപ്ലക്സ്, കാഞ്ഞങ്ങാട്
6. കാർണിവൽ തിയേറ്റർ, കൊല്ലം
7. കാവേരി തിയേറ്റർ, ആറ്റിങ്ങൽ, തിരുവനന്തപുരം
8. അഭിലാഷ് തിയേറ്റർ, കോട്ടയം.

(സി) നിയമലംഘനങ്ങൾ നടത്തുന്നവർക്കെതിരെ മേൽപ്പറഞ്ഞ ചട്ടങ്ങൾ അനുസരിച്ച് നിയമ നടപടി സ്വീകരിക്കുന്നുണ്ട്.

**റേഷൻ വിതരണത്തിന് ബയോമെട്രിക് കാർഡ്**

281(6596) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ വിതരണത്തിന് ബയോ മെട്രിക് കാർഡ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) റേഷൻ വിതരണത്തിലെ ഓരോ ഘട്ടവും സുതാര്യമാക്കാനും റേഷൻ സാധനങ്ങളുടെ ചോർച്ചയും വെട്ടിപ്പും തടയാനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിവരിക്കുമോ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) റേഷൻകാർഡ് പുതുക്കലിന്റെ ഭാഗമായി പേപ്പർ കാർഡ് തന്നെയാണ് ഇപ്പോൾ വിതരണം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നത്. റേഷൻകാർഡുകളുടെ അപേക്ഷയോടൊപ്പം ആധാർ വിവരങ്ങളും ശേഖരിച്ചിരുന്നു. കാർഡംഗങ്ങളുടെ ബയോമെട്രിക് വിവരങ്ങൾ ഇ-പോസ് (ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ) മെഷീനുകൾ മുഖേന ശേഖരിച്ച് ആധാർ സെർവർ വഴി ആതന്റിക്കേറ്റ് ചെയ്ത് റേഷൻ വിതരണം ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(ബി) റേഷൻകടകളിൽനിന്നും കിട്ടേണ്ട ഉത്പന്നങ്ങളും അളവും സംബന്ധിച്ച് പ്രതിമാസ റേഷൻ വിഹിത വിവരങ്ങൾ ഓരോ ഉപഭോക്താവിനും എസ്.എം.എസ്. മുഖേന അറിയിക്കുക, സ്റ്റോക്ക് എത്തിച്ചേരുന്ന വിവരം കാർഡുടമയെ എസ്.എം.എസ്. സന്ദേശം വഴി അറിയിക്കുക, കൂടാതെ ട്രാൻസ്പാരൻസി പോർട്ടൽ മുഖേന ഓരോ ട്രാൻസാക്ഷനും തത്സമയംതന്നെ എല്ലാവർക്കും നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ഒരുക്കുക തുടങ്ങിയവ പുതിയ സംവിധാനത്തിൽ വിഭാവനം ചെയ്യുന്നുണ്ട്.

(സി) മുൻഗണനാ വിഭാഗങ്ങളെ കണ്ടെത്തുന്നതിന് സംസ്ഥാന തലത്തിൽ റാങ്കിംഗ് നടത്തി കരട് പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഭക്ഷ്യ സുരക്ഷാ നിയമം 2013 വിഭാവനം ചെയ്യുന്നമാതിരി കുടുംബത്തിലെ മുതിർന്ന സ്ത്രീയെ കാർഡുടമയാക്കിയിട്ടുണ്ട്. പട്ടികവിഭാഗത്തിൽപ്പെട്ട ക്ലാസ്-4 ജീവനക്കാരെക്കൂടി മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ 2017 മാർച്ച് മാസത്തോടു കൂടി ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013 നടപ്പിലാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി വിവിധ കമ്മിറ്റികൾ രൂപീകരിച്ച് എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ പദ്ധതിയുടെ വിവിധ ഘടകങ്ങളുടെ പ്രവർത്തനം ത്വരിതഗതിയിൽ പൂർത്തീകരിച്ചുവരുന്നു. ഇതോടൊപ്പം പൊതുജനങ്ങളുടെ പരാതികൾ സ്വീകരിക്കുന്നതിനും നിരീക്ഷിക്കുന്നതിനും ഓൺലൈൻ പരാതി പരിഹാര സംവിധാനവും (ഗ്രീവൻസ് റിഡ്രസൽ ആപ്ലിക്കേഷൻ) തയ്യാറാക്കിയിട്ടുണ്ട്.

**റേഷൻ വിതരണത്തിന് എൻഡ് ടു എൻഡ് പദ്ധതി**

282(6597) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. റോജി എം. ജോൺ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ വിതരണത്തിന് എൻഡ് ടു എൻഡ് പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) റേഷൻ വിതരണത്തിലെ ഓരോ ഘട്ടവും സുതാര്യമാക്കാനും റേഷൻ സാധനങ്ങളുടെ ചോർച്ചയും വെട്ടിപ്പും തടയാനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിവരിക്കുമോ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഗുണഭോക്താക്കളുടെ വിവരങ്ങളുടെ സമ്പൂർണ്ണ ഡിജിറ്റൽവൽക്കരണം, റേഷൻ സാധനങ്ങളുടെ വാതിൽപ്പടി വിതരണം, എ.ആർ.ഡി. ഓട്ടോമേഷൻ (റേഷൻ കടകളിൽ ഇ-പോസ് മെഷീൻ സ്ഥാപിച്ച് വിതരണം), സുതാര്യമായ പരാതി പരിഹാര സംവിധാനം സ്ഥാപിക്കുകയും സുതാര്യതാ പോർട്ടൽ (Transparency Portal) സ്ഥാപിക്കുകയും ചെയ്യുക തുടങ്ങിയ സങ്കീർണ്ണ ഘടകങ്ങൾ ഉൾപ്പെട്ടിട്ടുള്ളതാണ് എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ പദ്ധതി. 2017 മാർച്ച് മാസത്തോടുകൂടി ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013 നടപ്പിലാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി വിവിധ കമ്മിറ്റികൾ രൂപീകരിച്ച് എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ പദ്ധതിയുടെ വിവിധ ഘടകങ്ങളുടെ പ്രവർത്തനം ത്വരിതഗതിയിൽ പൂർത്തീകരിച്ചു വരുന്നു.

(ബി) റേഷൻകടകളിൽനിന്നും കിട്ടേണ്ട ഉത്പന്നങ്ങളും അളവും സംബന്ധിച്ച പ്രതിമാസ റേഷൻ വിഹിത വിവരങ്ങൾ ഓരോ ഉപഭോക്താവിനും എസ്.എം.എസ്. മുഖേന അറിയിക്കുക, സ്റ്റോക്ക് എത്തിച്ചേരുന്ന വിവരം കാർഡുടമയെ എസ്.എം.എസ്. സന്ദേശം വഴി അറിയിക്കുക കൂടാതെ ട്രാൻസ്പാരൻസി പോർട്ടൽ മുഖേന ഓരോ ട്രാൻസാക്ഷനും തത്സമയം തന്നെ എല്ലാവർക്കും നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ഒരുക്കുക തുടങ്ങിയവ പുതിയ സംവിധാനത്തിൽ വിഭാവനം ചെയ്യുന്നുണ്ട്.

(സി) മുൻഗണനാ വിഭാഗങ്ങളെ കണ്ടെത്തുന്നതിന് സംസ്ഥാനതലത്തിൽ റാങ്കിംഗ് നടത്തി കരട് പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഭക്ഷ്യ സുരക്ഷാ നിയമം 2013 വിഭാവനം ചെയ്യുന്നമാതിരി കുടുംബത്തിലെ മുതിർന്ന സ്ത്രീയെ കാർഡുടമയാക്കിയിട്ടുണ്ട്. പട്ടികവിഭാഗത്തിൽപ്പെട്ട ക്ലാസ്-4 ജീവനക്കാരെ കൂടി മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ 2017 മാർച്ച് മാസത്തോടു കൂടി ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013 നടപ്പിലാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി വിവിധ കമ്മിറ്റികൾ രൂപീകരിച്ച് എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ പദ്ധതിയുടെ വിവിധ ഘടകങ്ങളുടെ പ്രവർത്തനം ത്വരിതഗതിയിൽ പൂർത്തീകരിച്ചുവരുന്നു. ഇതോടൊപ്പം പൊതുജനങ്ങളുടെ പരാതികൾ സ്വീകരിക്കുന്നതിനും നിരീക്ഷിക്കുന്നതിനും ഓൺലൈൻ പരാതി പരിഹാര സംവിധാനവും (ഗ്രീവൻസ് റിഡ്രസൽ ആപ്ലിക്കേഷൻ) തയ്യാറാക്കിയിട്ടുണ്ട്.

**റേഷൻ മൊത്തവ്യാപാര വിതരണ ശൃംഖല**

283(6598) ശ്രീ. ബി. ഡി. ദേവസ്സി :

ശ്രീ. ജോൺ ഫെർണാണ്ടസ് :

ശ്രീ. സി. കൃഷ്ണൻ :

ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുവിതരണം കാര്യക്ഷമവും അഴിമതി രഹിതവുമാക്കുന്നതിന്റെ ഭാഗമായി റേഷൻ മൊത്തവ്യാപാര വിതരണ ശൃംഖല സർക്കാർ ഏറ്റെടുക്കുന്നത് സംബന്ധിച്ച് റേഷൻ മൊത്തവ്യാപാരികളുമായി ചർച്ച നടത്തിയിട്ടുണ്ടോ?

ഉത്തരം

14-7-2016-ൽ ചർച്ച നടത്തിയിട്ടുണ്ട്.

**ഭക്ഷ്യസുരക്ഷാ നിയമം - എ.പി.എൽ. കാർഡ് ഉടമകളുടെ ആശങ്ക**

284(6599) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സുരക്ഷാനിയമം കേരളത്തിൽ നടപ്പിലാക്കിയാൽ എ.പി.എൽ. കാർക്ക് പൂർണ്ണമായും റേഷൻ നഷ്ടമാകും എന്ന മാധ്യമവാർത്തകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത വാർത്തയിൽ എന്തെങ്കിലും വാസ്തവമുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ഇക്കാര്യത്തിൽ ജനങ്ങളുടെ ആശങ്ക അകറ്റി അവരെ വസ്തുത അറിയിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഇല്ല.

(സി) സ്വീകരിച്ചിട്ടുണ്ട്. 4.00 ലക്ഷം മെ.ടൺ ഭക്ഷ്യധാന്യം മുൻഗണനേതര വിഭാഗക്കാർക്കായി കേന്ദ്രത്തിൽ നിന്നും ലഭിക്കും.

## സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ പെൻഷൻ പരിഷ്കരണം

285(6600) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്ന് വിരമിക്കുന്ന സ്ഥിരം ജീവനക്കാരുടെ തുച്ഛമായ പെൻഷൻ, സർക്കാർ ജീവനക്കാരുടേത് പോലെ പരിഷ്കരിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) ഇതുസംബന്ധിച്ച് ലഭ്യമായ അപേക്ഷകൾ പരിഗണിച്ച് അനുകൂല നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) സപ്ലൈകോ ജീവനക്കാർക്കായി NPS (നാഷണൽ പെൻഷൻ സിസ്റ്റം) നടപ്പിൽ വരുത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ടി പദ്ധതി നടപ്പിൽ വരുത്തുന്നതുമൂലം സപ്ലൈകോയ്ക്ക് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നില്ല എന്ന വിവരം 25-5-2015-ൽ അറിയിച്ചിട്ടുണ്ട്. 21-7-2016-ൽ തിരുവനന്തപുരത്തുവച്ച് ഡിപ്പാർട്ടുമെന്റും PFRDA-യും സംയുക്തമായി സംഘടിപ്പിച്ച 'NPS' awareness programme-നെ തുടർന്ന് KSR part III ബാധകമല്ലാത്ത സർക്കാർ സ്വയംഭരണ സ്ഥാപനങ്ങളേയും പൊതുമേഖലാ സ്ഥാപനങ്ങളേയും NPS-ന്റെ കീഴിൽ കൊണ്ടുവരാനുള്ള ഒരു പ്രൊപ്പോസൽ ധനകാര്യ വകുപ്പ് പരിശോധിച്ചു വരികയാണെന്ന് അറിയുന്നു.

## സപ്ലൈകോ ഹൈപ്പർ മാർക്കറ്റ്

286(6601) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിതരണ ശൃംഖലയിൽ കൂടി വിതരണം ചെയ്യുന്ന സാധനങ്ങൾ ആവശ്യാനുസരണം ലഭ്യമാകുന്നില്ല എന്നുള്ള കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) നിയമസഭാ മണ്ഡലങ്ങളിൽ ഒരു സപ്ലൈകോ ഹൈപ്പർമാർക്കറ്റ് വീതം തുടങ്ങുന്നത് പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിൽ ബി.പി.എൽ. കാർഡുടമകൾക്ക് 20 കി.ഗ്രാം അരിയും 5 കി.ഗ്രാം ഗോതമ്പും കാർഡ് അംഗങ്ങൾക്ക് 400 ഗ്രാം പഞ്ചസാര വീതവും പ്രതിമാസം നൽകുന്നുണ്ട്. എ.എ.വൈ. കാർഡുടമകൾക്ക് 35 കി.ഗ്രാം അരിയും കാർഡ് അംഗങ്ങൾക്ക് 400 ഗ്രാം പഞ്ചസാരയും പ്രതിമാസം നൽകുന്നുണ്ട്. എ.പി.എൽ. കാർഡുടമകൾക്ക് 5 കി.ഗ്രാം അരിയും ഒരു കി.ഗ്രാം ഗോതമ്പും പ്രതിമാസം നൽകുന്നുണ്ട്. വൈദ്യുതീകരിക്കാത്ത വീടിന് പ്രതിമാസം 4 ലിറ്റർ മണ്ണെണ്ണയും വൈദ്യുതീകരിച്ച വീടിന് അര ലിറ്റർ മണ്ണെണ്ണയും നൽകുന്നുണ്ട്. പൊതുവിതരണ ശൃംഖലവഴി മേൽപ്പറഞ്ഞ പ്രകാരം വിതരണം നടത്തുന്ന റേഷൻ സാധനങ്ങൾ ആവശ്യകതയ്ക്കനുസരിച്ച് പര്യാപ്തമാകുന്നില്ല എന്നത് സംബന്ധിച്ച പരാതികൾ ഒന്നും ലഭിച്ചിട്ടില്ല.

(ബി) സപ്ലൈകോയ്ക്ക് സ്വന്തമായി ഭൂമിയുള്ള സ്ഥലങ്ങളിലാണ് ഇപ്പോൾ ഹൈപ്പർ മാർക്കറ്റുകൾ ആരംഭിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. കൊല്ലം, തിരുവല്ല, പിറവം എന്നിവിടങ്ങളിലാണ് ഹൈപ്പർ മാർക്കറ്റ് പദ്ധതിയിൽ പുതിയ വിൽപ്പന ശാലകൾ പരിഗണനയിലുള്ളത്.

**പൊതുവിതരണ സംവിധാനം ആധുനികവൽക്കരിക്കുന്നതിന് പദ്ധതികൾ**

287(6602) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിതരണം സംവിധാനം ആധുനികവത്കരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്യുന്നത്;

(ബി) റേഷൻകടകൾ കമ്പ്യൂട്ടർവത്കരിക്കുന്ന പദ്ധതി പരിഗണനയിലുണ്ടോ; എങ്കിൽ സംസ്ഥാനം മുഴുവൻ പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) കമ്പ്യൂട്ടർവത്കരണമുൾപ്പെടെയുള്ള ആധുനികവത്കരണം നടത്തുന്നതിന് പല കടയുടമകൾക്കും സാങ്കേതിക പരിജ്ഞാനമില്ലാത്തത് തടസ്സമുണ്ടാക്കുമെന്ന് സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ ഇത് മറികടക്കുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ ആലോചിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) പൊതുവിതരണ സംവിധാനത്തിലെ സുതാര്യത ഉറപ്പുവരുത്തുന്നതിനും ക്രമക്കേടുകൾ തടയുന്നതിനും സർക്കാർ നടത്തുന്ന പരിശോധനകൾ കർശനമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) റേഷൻ കടകളിലെല്ലാം ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിക്കുന്നതിനും റേഷൻ കടകളിൽ നടക്കുന്ന എല്ലാ ഇടപാടുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും റേഷൻ കടകളിലെത്തുന്ന ഗുണഭോക്താക്കളെ തിരിച്ചറിയുന്നതിന് ആധാർ അല്ലെങ്കിൽ സ്മാർട്ട് കാർഡ്/ ബാർകോഡ് പോലുള്ള ബദൽ മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഓരോ ഗുണഭോക്താവിനും റേഷൻ സാധനങ്ങൾ വിതരണം ചെയ്യുമ്പോൾ തത്സമയം തന്നെ ഉദ്യോഗസ്ഥ തലത്തിലും പൊതുജനങ്ങൾക്കും വിവരങ്ങൾ ലഭ്യമാകത്തക്കവിധം ട്രാൻസ്പാരൻസി പോർട്ടൽ സജ്ജമാക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്.

(സി) ഉണ്ട്. ഇത് മറികടക്കുന്നതിനായി ഇ-പോസ് പ്രവർത്തിപ്പിക്കുന്നതിനും വിതരണം ഇതുവഴി നിർവ്വഹിക്കുന്നതിനും റേഷൻ കടയുടമകൾക്ക് വിദഗ്ദ്ധ പരിശീലനം താലൂക്ക് തലത്തിൽ നടത്തുവാൻ ഉദ്ദേശിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി റേഷൻ കടയുടമകൾക്ക് തുടർച്ചയായ 6 പരിശീലന പരിപാടികൾ ഈ പദ്ധതിയുടെ വിശദമായ പ്രോജക്ട് പ്രൊപ്പോസലിൽ വിഭാവന ചെയ്തിട്ടുണ്ട്.

(ഡി) നിലവിലെ പരിശോധനാ സംവിധാനം കർശനമായി തുടരുന്നതാണ്.

## സപ്ലൈകോയുടെ സാമ്പത്തിക ഭദ്രത സംബന്ധിച്ച് പഠനം

288(6603) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സപ്ലൈകോയിൽ അനിയന്ത്രിതമായ ഡെപ്യൂട്ടേഷനും, വകുപ്പിലെ ജീവനക്കാരുടെ ഉയർന്ന ശമ്പളവും, പെൻഷൻ കോൺട്രിബ്യൂഷനും അടക്കം സപ്ലൈകോയുടെ സാമ്പത്തിക ഭദ്രത സംബന്ധിച്ച് സർക്കാർ വിശദമായ പരിശോധനയോ പഠനമോ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് പരിശോധിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

ഇല്ല. ഈ വിഷയത്തിൽ പരിശോധന ആവശ്യമാണെന്ന് തോന്നുന്നപക്ഷം തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

## കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിൽ സഞ്ചരിക്കുന്ന മാവേലിസ്റ്റോർ

289(6604) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ പൊൻവള, മാറാക്കര, വളാഞ്ചേരി, ഇരിമ്പിളിയം, കോട്ടയ്ക്കൽ എന്നിവിടങ്ങളിൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോറിന്റെ സേവനം ലഭ്യമാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) നിലവിലുള്ള സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളുടെ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) സപ്ലൈകോയുടെ സഞ്ചരിക്കുന്ന മാവേലി സ്റ്റോർ എന്ന പദ്ധതി പ്രധാനമായും പിന്നോക്ക മലയോര പ്രദേശങ്ങൾ, ആദിവാസി മേഖലകൾ, തീരദേശ മേഖലകൾ തുടങ്ങിയ ഭൂമിശാസ്ത്രപരമായും സാമൂഹ്യപരമായും പിന്നോക്കം നിൽക്കുന്ന മേഖലകളിലെ ജനങ്ങൾക്ക് അവശ്യസാധനങ്ങൾ ന്യായവിലയ്ക്ക് എത്തിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് നടപ്പിലാക്കിവരുന്നത്. കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ പൊന്മള, മാറാക്കര, വളാഞ്ചേരി, ഇരിമ്പിളിയം, കോട്ടയ്ക്കൽ എന്നീ പഞ്ചായത്തുകളിൽ നിലവിൽ സപ്ലൈകോയുടെ വിൽപ്പനശാലകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ആയതിനാൽ നിലവിലെ സാഹചര്യത്തിൽ പ്രസ്തുത പഞ്ചായത്തുകളിൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളുടെ സേവനം ലഭ്യമാക്കുന്നത് പരിഗണനയിലില്ല.

(ബി) സംസ്ഥാനത്ത് നിലവിലുള്ള സഞ്ചരിക്കുന്ന മാവേലിസ്റ്റോറുകളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി *ചേർക്കുന്നു.

**ഭക്ഷ്യഭദ്രതാ നിയമപ്രകാരം - കരട് മുൻഗണനപ്പട്ടിക**

290(6606) <u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> :

<u>ശ്രീ. ആർ. രാമചന്ദ്രൻ</u> :

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u> :

<u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യഭദ്രതാ നിയമപ്രകാരം തയ്യാറാക്കിയ കരട് മുൻഗണനാപ്പട്ടിക കേന്ദ്രം അംഗീകരിച്ചിട്ടുണ്ടോ;

(ബി) മുൻഗണനാവിഭാഗങ്ങൾക്ക് എത്ര അളവ് ധാന്യവിഹിതമാണ് കേന്ദ്രം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അനുവദിച്ചിട്ടുള്ളതെന്നും എത്ര രൂപ നിരക്കിലാണ് നല്കുന്നതെന്നും വിശദീകരിക്കുമോ; കഴിഞ്ഞ മൂന്ന് വർഷം അനുവദിച്ചിരുന്ന ധാന്യവിഹിതത്തിന്റെ അളവ് കേന്ദ്രം വെട്ടിക്കുറച്ചിട്ടുണ്ടോ; ഇത്തരത്തിൽ വെട്ടിക്കുറയ്ക്കുന്നത് പൊതുവിപണിയിൽ വിലക്കയറ്റത്തിന് ഇടയാക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എത്ര പേരാണ് മുൻഗണനാപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത്; അവർക്ക് മറ്റെന്തൊക്കെ ആനുകൂല്യങ്ങളാണ് ലഭ്യമാക്കുന്നത് എന്നറിയിക്കുമോ;

(ഡി) ഭക്ഷ്യധാന്യങ്ങളുടെ വിതരണത്തിൽ മൊത്തവിതരണക്കാരെ ഒഴിവാക്കിയതിന് പകരം എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 2016 നവംബർ മുതൽ എ.എ.വൈ. കാർഡുടമകൾക്ക് 16807.490 മെ.ടൺ, 4045.475 മെ.ടൺ എന്നീ ക്രമത്തിലും മുൻഗണനാ വിഭാഗങ്ങൾക്ക് 52073.178 മെ.ടൺ, 12533.742 മെ.ടൺ എന്ന ക്രമത്തിലും അരിയും ഗോതമ്പും യഥാക്രമം മൂന്ന്, രണ്ട് രൂപാ നിരക്കിൽ ലഭ്യമാകും. കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ പ്രതിവർഷം നോർമൽ വിഹിതമായി 12.26 ലക്ഷം മെ.ടൺ ഭക്ഷ്യധാന്യങ്ങളും അഡ്ഹോക്ക് വിഹിതമായി 3.77 ലക്ഷം മെട്രിക് ടൺ ധാന്യം ഉൾപ്പെടെ 16.04 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യം സംസ്ഥാനത്തിന് ലഭ്യമായി. ദേശീയ ഭക്ഷ്യസുരക്ഷാ നിയമത്തിലെ ഷെഡ്യൂൾ (4) പ്രകാരം 14.25 ലക്ഷം മെ.ടൺ ഭക്ഷ്യധാന്യമാണ് പ്രതിവർഷം സംസ്ഥാനത്തിന് അലോട്ട്മെന്റായി ലഭ്യമാകുന്നത്. ഇതിൽ മുൻഗണനാ വിഭാഗത്തിന് മാത്രമായി 10.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങൾ പ്രതിവർഷം വേണ്ടിവരും. ടൈഡ്ഓവർ അലോക്കേഷനായി നാല് ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യമാണ് ലഭ്യമാകുന്നത്. കേന്ദ്ര സർക്കാർ അനുവദിക്കുന്ന നോർമൽ വിഹിതം ഉൾപ്പെടെയുള്ള മുഴുവൻ ഭക്ഷ്യധാന്യങ്ങളും പൂർണ്ണമായും വിട്ടെടുത്ത് ഉപയോഗിക്കുന്ന സംസ്ഥാനം എന്ന നിലയിൽ ദേശീയ ഭക്ഷ്യഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തിന്റെ മൊത്ത ഉപഭോഗത്തിന്റെ ശരാശരിക്കനുസൃതമായി ടൈഡ് ഓവർ അലോട്ട്മെന്റ് കണക്കാക്കാതിരിക്കുന്നത് സ്റ്റാറ്റ്യൂട്ടറി റേഷൻ നിലനിൽക്കുന്ന, പൂർണ്ണമായും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തെപ്പോലെയൊരു സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങളെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(സി) 1,54,80,040 അംഗങ്ങളാണ് കരട് മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടത്.

മുൻഗണനാ പട്ടികയിൽ ഉൾപ്പെടുന്ന എ.എ.വൈ. വിഭാഗത്തിന് കാർഡിന് 35 കി.ഗ്രാമും ബാക്കിയുള്ള അംഗങ്ങൾക്ക് 5 കി.ഗ്രാം ഭക്ഷ്യധാന്യവും ലഭിക്കുന്നതാണ്.

(ഡി) എഫ്.സി.ഐ.-യിൽനിന്നും ഭക്ഷ്യധാന്യം വിട്ടെടുത്ത് ബ്ലോക്ക്/ താലൂക്കുതല ഗോഡൗണിൽ ശേഖരിച്ച് എ.ആർ.ഡി. തലത്തിൽ വിതരണം നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**ഭക്ഷ്യസുരക്ഷാ നിയമം**

291(6607) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി റേഷൻ കാർഡുകൾ പുതുക്കുകയും അധിക വിവരങ്ങൾ കൂട്ടിച്ചേർക്കുകയും ചെയ്യുന്ന നടപടികൾമൂലം ജനങ്ങൾക്ക് എന്തെല്ലാം പ്രയാസങ്ങളാണ് നേരിടേണ്ടി വന്നിട്ടുള്ളത്; വിശദവിവരം നൽകുമോ;

(ബി) ഇവ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ;

(സി) ആയത് സമയബന്ധിതമായി എന്ന് പരിഹരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദ വിവരം നൽകുമോ?

ഉത്തരം

(എ-സി) റേഷൻ കാർഡ് പുതുക്കൽ നടപടികൾ പുരോഗമിക്കുന്നതിനാൽ നിലവിലെ റേഷൻ കാർഡിൽ പേര് ചേർക്കാനോ കുറവ് വരുത്തുവാനോ കഴിയുന്നില്ല. അത്യാവശ്യ ഘട്ടങ്ങളിൽ താൽക്കാലിക റേഷൻ കാർഡ് നൽകുന്നതിനുള്ള സംവിധാനം സ്വീകരിച്ചിട്ടുണ്ട്. 2017 മാർച്ചോടുകൂടി പുതുക്കിയ റേഷൻ കാർഡ് വിതരണം ചെയ്തുശേഷം റേഷൻകാർഡിൽ പേര് കൂട്ടിച്ചേർക്കാനും കുറവ് വരുത്താനുമുള്ള നടപടി സ്വീകരിക്കുന്നതാണ്.

**ഭക്ഷ്യസുരക്ഷാ നിയമം - നേട്ടങ്ങളും കോട്ടങ്ങളും**

292(6608) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാ നിയമം കേരളത്തിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി എ.പി.എൽ., ബി.പി.എൽ. കാർഡുടമകൾക്ക് ലഭിക്കുന്ന നേട്ടങ്ങളും കോട്ടങ്ങളും വിശദമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി എ.പി.എൽ. കാർഡുകൾക്ക് റേഷൻ ഇനത്തിൽ എന്തെല്ലാം സാധനങ്ങളാണ് ലഭിക്കുക; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) ദേശീയ ഭക്ഷ്യ സുരക്ഷാ നിയമപ്രകാരം 14.25 മെ.ടൺ ആണ് വാർഷിക അലോട്ട്മെന്റായി സംസ്ഥാനത്തിന് ലഭിക്കുന്നത്. ആയതിൽ 10.25 ലക്ഷം മെ.ടൺ മുൻഗണനാ വിഭാഗത്തിൽപ്പെടുന്ന 1.54 കോടി ജനങ്ങൾക്ക് നൽകുവാൻ കഴിയുന്നതാണ്. മുൻഗണനാ വിഭാഗത്തിൽപ്പെടുന്നവർക്ക് 5 കിലോഗ്രാം ഭക്ഷ്യധാന്യം ഒരാളിനും 35 കിലോഗ്രാം ഭക്ഷ്യധാന്യം എ.എ.വൈ. കാർഡിനും നൽകുന്നതാണ്. മുൻഗണനേതര വിഭാഗങ്ങൾക്ക് നൽകുന്നതിനായി 4.00 ലക്ഷം മെ.ടൺ ഭക്ഷ്യധാന്യം പ്രതിവർഷം ലഭിക്കും. ഇതിന്റെ വിതരണത്തോത്, വില എന്നിവ പരിശോധിച്ചുവരുന്നു. നിലവിൽ വൈദ്യുതീകരിച്ച വീടുകൾക്ക് ലഭ്യതയനുസരിച്ച് ഒന്ന് അല്ലെങ്കിൽ അര ലിറ്റർ വീതവും വൈദ്യുതീകരിക്കാത്ത വീടുകൾക്ക് 4 ലിറ്റർ വീതവും മണ്ണെണ്ണ നൽകുന്നത് ഭക്ഷ്യഭദ്രതാ നിയമം നടപ്പിലായതിനുശേഷവും തുടരും.

**അവശ്യസാധനങ്ങളുടെ വിലവർദ്ധനവ് തടയുന്നതിന് നടപടി**

293(6609) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അവശ്യസാധനങ്ങളുടെ വിലയിൽ വർദ്ധനവുണ്ടാകുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിലക്കയറ്റം തടയുന്നതിന് സിവിൽ സപ്ലൈസ് വകുപ്പിന് ഈ സർക്കാർ എന്ത് തുക അനുവദിച്ചിട്ടുണ്ട്; ഇത് പ്രകാരം വിലക്കയറ്റം തടയുന്നതിന് കഴിഞ്ഞിട്ടുണ്ടോ;

(സി) എങ്കിൽ സിവിൽ സപ്ലൈസ് വകുപ്പിന്റെ ഇടപെടലിലൂടെ അവശ്യ സാധനങ്ങളുടെ വിലയിൽ എത്ര ശതമാനം വർദ്ധനവ് തടയുന്നതിനാണ് കഴിഞ്ഞിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിലുണ്ടാകുന്ന അവശ്യസാധനങ്ങളുടെ ദൗർലഭ്യം, വിളനാശം, കാലാവസ്ഥാ വ്യതിയാനം, കടത്തുകൂലി വർദ്ധനവ് മുതലായ കാരണങ്ങളാൽ നിത്യോപയോഗ സാധനങ്ങൾക്ക് വിലവർദ്ധനവ് ഉണ്ടാകാറുണ്ട്. ഉൽപ്പാദക സംസ്ഥാനങ്ങളിൽ ഉൽപ്പാദനം കുറഞ്ഞതുമൂലം വെളിച്ചെണ്ണ, അരി, കടല, വൻപയർ എന്നിവയുടെ വിലകളിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പരിമിതമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ബി&സി) ഈ സർക്കാർ അധികാരമേറ്റശേഷം 2016-17 സാമ്പത്തിക വർഷത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് വിപണി ഇടപെടലിനായി 150 കോടി രൂപ അനുവദിച്ചതിൽ 131.42 കോടി രൂപ സിവിൽ സപ്ലൈസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. അവശ്യ ഭക്ഷ്യവസ്തുക്കൾ ന്യായവിലയ്ക്ക് പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കിയതുമൂലം കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ്, ഊഹക്കച്ചവടം എന്നിവമൂലമുള്ള കൃത്രിമക്ഷാമം, കൃത്രിമ വിലക്കയറ്റം എന്നിവ ഇല്ലാതാക്കാൻ കഴിഞ്ഞിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു. സബ്സിഡി വിലകൾ വർദ്ധിപ്പിക്കാതിരുന്നതിനാലും സപ്ലൈകോയുടെ പ്രവർത്തനം കാര്യക്ഷമമാക്കിയതിനാലും വിപണിയിൽ വിലകൾ ക്രമാതീതമായി ഉയർന്നിട്ടില്ലെന്നും മിക്ക ഇനങ്ങളുടെയും വില കുറയുന്നതായും അനുബന്ധത്തിൽ* നിന്നും കാണാവുന്നതാണ്. ആയതിനാൽ സപ്ലൈകോ വിപണന ശൃംഖല വഴിയുള്ള ഫലപ്രദമായ വിപണി ഇടപെടൽ മുഖേന അവശ്യ സാധനങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതുമൂലം അനിയന്ത്രിതമായ പൊതുവിപണി വില വർദ്ധനവ് ഒരു പരിധിവരെ പിടിച്ചുനിർത്താൻ സാധിക്കുന്നുണ്ട്.

## മൾട്ടിപ്ലക്സുകളിലെ ഫുഡ് സ്റ്റാളുകളിൽ ലീഗൽ മെട്രോളജി വകുപ്പിന്റെ പരിശോധന

294(6610) ശ്രീ. അടൂർ പ്രകാശ് :

ശ്രീ. വി. ഡി. സതീശൻ :

ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൾട്ടിപ്ലക്സുകളിലെ ഫുഡ് സ്റ്റാളുകളിൽ ലീഗൽ മെട്രോളജി വകുപ്പ് പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്മേൽ എന്തെല്ലാം തുടർനടപടികളാണ് വകുപ്പ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. MRP-യേക്കാൾ കൂടുതൽ വില ഈടാക്കിയതിന് എട്ട് സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുകയും Packaged Commodities Rules 18(2) പ്രകാരം 59,500 രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. നോൺ സ്റ്റാൻഡേർഡ് അളവിൽ വിൽപ്പന നടത്തിയതിന് നാല് violation കണ്ടെത്തുകയും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

Sec 11 of Legal Metrology Act 2009 പ്രകാരം ഒരു കേസ് വകുപ്പുതലത്തിൽ രാജി ആക്കുകയും 30,000 രൂപ പിഴ ഈടാക്കുകയും ചെയ്തു. മറ്റുള്ളവയിൽ പ്രോസിക്യൂഷൻ നടപടികൾ ആരംഭിച്ചിട്ടുമുണ്ട്. MRP വ്യക്തമല്ലാതെ Pre-Packaged Commodities Rules 18(1) പ്രകാരം ഒരു കേസ്സ് എടുത്തിട്ടുമുണ്ട്. MRP-യേക്കാൾ കൂടുതൽ വില ഈടാക്കിയതിന് നടപടി എടുത്ത സ്ഥാപനങ്ങളുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

1. പത്മം തിയേറ്റർ, മലപ്പുറം
2. വിസ്മയ തിയേറ്റർ, പെരിന്തൽമണ്ണ
3. ക്രൗൺ തിയേറ്റർ, കോഴിക്കോട്
4. പി.വി.എസ്. ഫിലിംസിറ്റി, കോഴിക്കോട്
5. വിനായക തീയേറ്റർ കോംപ്ലക്സ്, കാഞ്ഞങ്ങാട്
6. കാർണിവൽ തിയേറ്റർ, കൊല്ലം
7. കാവേരി തിയേറ്റർ, ആറ്റിങ്ങൽ, തിരുവനന്തപുരം
8. അഭിലാഷ് തിയേറ്റർ, കോട്ടയം

നോൺ സ്റ്റാൻഡേർഡ് അളവിൽ വിൽപ്പന നടത്തിയതിന് നടപടി എടുത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. PVR Cinemas, ഒബ്റോൺ മാൾ, എൻ.എച്ച്. ബൈപ്പാസ്, ഇടപ്പള്ളി
2. സിനി പോളി, സെൻട്രൽ സ്ക്വയർ മാൾ, എം.സി. റോഡ്, എറണാകുളം
3. D Cinema, ചാലക്കുടി
4. Inox, ശോഭ മാൾ, തൃശ്ശൂർ.

അമിത വില ഈടാക്കുക, നോൺ സ്റ്റാൻഡേർഡ് യൂണിറ്റിൽ വിൽപ്പന നടത്തുക, നിയമാനുസൃത പ്രഖ്യാപനങ്ങൾ പായ്ക്കറ്റിൽ രേഖപ്പെടുത്താതിരിക്കുക എന്നീ ക്രമക്കേടുകളാണ് കണ്ടെത്തിയത്.

(നക്ഷത്രചിഹ്നമിടാത്ത 6310, 6312, 6322, 6327, 6333, 6340, 6359, 6378, 6407, 6410, 6411, 6421, 6422, 6436, 6480, 6605 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

## II ഉത്തരത്തിലെ തിരുത്ത്

### നക്ഷത്രചിഹ്നമിടാത്ത 53, 54, 163 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരത്തിലെ തിരുത്ത്

മി. സ്പീക്കർ: പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 53, 54, 163 എന്നിവയ്ക്ക് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 53, 54, 163 എന്നിവയ്ക്ക് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.*

9.30 AM]

## III അടിയന്തരപ്രമേയം

മി. സ്പീക്കർ: റൂൾ 50 പ്രകാരമുള്ള രണ്ട് നോട്ടീസുകളാണ് ചെയറിന് ലഭിച്ചിട്ടുള്ളത്. ഒന്ന്, സർവ്വശ്രീ അബ്ദുൽ ഹമീദ്. പി., സണ്ണി ജോസഫ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ ഒപ്പിട്ടതും രണ്ടാമത്തേത്, ശ്രീ. കെ. എം. മാണിയുടേതുമാണ്. ചെയർ ശ്രീ. അബ്ദുൽ ഹമീദ്. പി.-യുടെ നോട്ടീസാണ് പരിഗണിക്കുന്നത്.

ശ്രീ. കെ. എം. മാണി: സർ, ഇന്ന് എന്റെ അടിയന്തരപ്രമേയ നോട്ടീസ് പരിഗണിക്കുക, നെല്ല് കിളിർത്തുപോവുകയാണ്. സഹകരണ ബാങ്കുകളെ സംബന്ധിച്ചുള്ള വിഷയം പിന്നീട് അനുവദിക്കാം. നാളെ പരിഗണിക്കാമല്ലോ.

മി. സ്പീക്കർ: അങ്ങയുടെ അഭ്യർത്ഥന മാനിച്ച് പ്രതിപക്ഷ നേതാവുമായി ഞാൻ സംസാരിച്ചിരുന്നു. പക്ഷേ ശ്രീ. അബ്ദുൽ ഹമീദ്. പി.-യുടെ നോട്ടീസ് തന്നെ പരിഗണിക്കണമെന്ന നിലപാടാണ് പ്രതിപക്ഷനേതാവ് അറിയിച്ചത്.

ശ്രീ. കെ. എം. മാണി: സർ, വിഷയ പ്രാധാന്യത്തേക്കാൾ കക്ഷിബലമാണല്ലോ പ്രധാനം. ഞാൻ ക്ഷമിക്കുന്നു. അത് സബ്മിഷനായി അവതരിപ്പിക്കാൻ അനുവദിച്ചാൽ മതി.

മി. സ്പീക്കർ: ശരി. ചട്ടമാണ് പ്രധാനം.

### സഹകരണ ബാങ്കുകളെ തകർക്കുന്ന നിലപാട്

മി. സ്പീക്കർ: രാഷ്ട്രീയ താല്പര്യങ്ങൾ മുൻനിർത്തി കേരളത്തിലെ 14 ജില്ലാ സഹകരണ ബാങ്കുകളിലും ഒരേസമയം അന്വേഷണം നടത്താൻ കെട്ടിച്ചമച്ച

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പരാതികളുടെ അടിസ്ഥാനത്തിൽ ഗവൺമെന്റ് കൈക്കൊണ്ട ദുരുദ്ദേശപരമായ തീരുമാനം സഹകരണ മേഖലയിൽ നിക്ഷേപം നടത്തിയ പതിനായിരങ്ങളിൽ ആശങ്ക ഉണ്ടാക്കുവാനും സഹകരണ മേഖലയെത്തന്നെ തകർക്കാനും വഴി ഒരുക്കിയിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമന്നാവശ്യപ്പെട്ട് സർവ്വശ്രീ അബ്ദുൽ ഹമീദ്. പി., സണ്ണി ജോസഫ്, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, കേരള സഹകരണ നിയമപ്രകാരം ജില്ലാസഹകരണ ബാങ്കുകൾ ഉൾപ്പെടെ എല്ലാ സഹകരണ സംഘങ്ങളിലും പരിശോധന നടത്താൻ സഹകരണസംഘം രജിസ്ട്രാർക്ക് അധികാരമുണ്ട്. ഉദ്യോഗസ്ഥരുടെ കുറവും ജോലിഭാരവും കാരണം കുറച്ചുകാലമായി ജില്ലാ സഹകരണ ബാങ്കുകളിൽ പരിശോധന നടത്താൻ കഴിഞ്ഞിട്ടില്ല. മറ്റ് പ്രാഥമിക സംഘങ്ങളിൽ എല്ലാമാസവും കൃത്യമായി പരിശോധന നടക്കുന്നുണ്ട്. സഹകരണസംഘം രജിസ്ട്രാർ വിളിച്ചുകൂട്ടിയ ജില്ലാ ബാങ്കുകളിലെ ജനറൽ മാനേജർമാരുടെ 12-7-2016-ൽ നടന്ന യോഗത്തിൽ ജില്ലാ സഹകരണ ബാങ്കുകളിലെ ദൈനംദിന പ്രവർത്തനങ്ങൾ പരിശോധിക്കണമെന്ന ആവശ്യം ഉയർന്നുവന്നിരുന്നു. ജില്ലാ സഹകരണ ബാങ്കുകളുടെ പ്രവർത്തനം സംബന്ധിച്ച് നിരവധി പരാതികൾ സഹകരണസംഘം രജിസ്ട്രാർക്കും ഗവൺമെന്റിനും ലഭിച്ചിട്ടുണ്ട്. അനധികൃത നിയമനങ്ങൾ, പി.എസ്.സി. നിയമനം വൈകിപ്പിക്കൽ, എ.ടി.എം. സ്ഥാപിക്കൽ, സ്വർണ്ണപ്പണയം തുടങ്ങിയ പരാതികളാണ് ലഭിച്ചിട്ടുള്ളത്. സഹകരണ വകുപ്പിലെ ജോയിന്റ് രജിസ്ട്രാർ (ജനറൽ), ജോയിന്റ് ഡയറക്ടർ, ജില്ലാ ബാങ്കുകളിലെ ജോയിന്റ് ഡയറക്ടർ, കൺകറന്റ് ഓഡിറ്റർ, ഓഡിറ്റർമാർ ഉൾപ്പെടെയുള്ളവരുടെ ടീമിനെയാണ് ഈ പരിശോധനയ്ക്കുവേണ്ടി നിയോഗിച്ചിട്ടുള്ളത്. സഹകരണ ബാങ്കുകളിൽ ഓഡിറ്റ് പൂർത്തിയായ സാഹചര്യത്തിൽ ജില്ലാ ബാങ്കുകളിലെ പരിശോധനയ്ക്കായി ഓഡിറ്റ് വിഭാഗത്തെക്കൂടി പ്രയോജനപ്പെടുത്താമെന്നുള്ളതുകൊണ്ടാണ് ഇപ്പോൾ പരിശോധനയ്ക്ക് തീരുമാനിച്ചിട്ടുള്ളത്. കക്ഷിരാഷ്ട്രീയ താല്പര്യങ്ങൾ മുൻനിർത്തി കെട്ടിച്ചമച്ച പരാതികളല്ല, ജില്ലാ ബാങ്കുകളിലെ ജനറൽ മാനേജർമാരുടെ യോഗത്തിൽ അവർ ഉയർത്തിയത്. മുൻകാലങ്ങളിൽ പരിശോധന നടക്കാത്തതിന്റെ ഭാഗമായി നിരവധി നിയമവിധേയമല്ലാത്ത കാര്യങ്ങൾ നടക്കുന്നുവെന്നുള്ള വിഷയമാണ് ശ്രദ്ധയിൽപ്പെട്ടത്. സ്വാഭാവികമായും പണം കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങളായതു കൊണ്ടാണ് അക്കാര്യം കൃത്യമായി പരിശോധിച്ചുപോകുന്നത്. സഹകരണ ബാങ്കുകളുടെ വിശ്വാസ്യത വർദ്ധിപ്പിക്കാനും തെറ്റായ കാര്യങ്ങൾ ചെയ്യുന്നുണ്ടെങ്കിൽ അത് തിരുത്താനുമുള്ള പരിശോധനാ സംവിധാനമാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി രാഷ്ട്രീയപ്രേരിതമായി ഒരു ദുരുദ്ദേശവും സർക്കാരിനില്ല.

സ്വാഭാവികമായുണ്ടാകുന്ന പരിശോധന മാത്രമാണിത്. ഇത് ഏതെങ്കിലും ജില്ലാ ബാങ്കുകളെ പിരിച്ചുവിടാനുള്ള ദുരുദ്ദേശത്തിന്റെ ഭാഗമായി നടക്കുന്ന പരിശോധനയല്ല. രാഷ്ട്രീയപ്രേരിതമായി ഗവൺമെന്റിന് എന്തോ ദുരുദ്ദേശമുണ്ടെന്ന് പറയുന്ന ഈ പ്രമേയത്തിലെ വസ്തുത ശരിയല്ല. പണമിടപാട് നടത്തുന്ന സ്ഥാപനങ്ങളുടെ വിശ്വാസ്യത വർദ്ധിപ്പിക്കാനും പരിശോധനയുടെ ഭാഗമായി കണ്ടെത്തുന്ന കുറവുകൾ പരിഹരിക്കാനും വേണ്ടിയുള്ള സംവിധാനമാണിത്.

ശ്രീ. അബ്ദുൽ ഹമീദ്. പി. : സർ, കേരളത്തിലെ 14 ജില്ലാ സഹകരണ ബാങ്കുകളിൽ ഒരേസമയം രാഷ്ട്രീയ ദുരുദ്ദേശത്തോടെ അന്വേഷണ സംഘങ്ങളെ നിയോഗിച്ച് സർക്കാർ ഒരു ഭീകരാന്തരീക്ഷം സൃഷ്ടിച്ചിരിക്കുകയാണ്. പത്തംഗ അന്വേഷണ സംഘത്തെയാണ് ഈ ദൗത്യനിർവ്വഹണത്തിനായി സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്നത്. സഹകരണ ചട്ടങ്ങൾക്കും നിയമത്തിനുമനുസൃതമായി യഥാസമയം ബാങ്കുകളിൽ പരിശോധന നടന്നുവരുന്നുണ്ട്. ബാങ്കുകളിലെ ഇന്റേണൽ ഓഡിറ്റിനു പുറമേ സർക്കാർ നിയോഗിച്ച കൺകറന്റ് ഓഡിറ്റർ, ഓഡിറ്റർമാർ, നബാർഡ് ഉദ്യോഗസ്ഥർ ഇവരെല്ലാം ഓരോ ഘട്ടത്തിലും ബാങ്കുകളിലെ ക്രയവിക്രയങ്ങളും സാമ്പത്തിക ഇടപാടുകളുമൊക്കെ സസൂക്ഷ്മം പരിശോധിക്കുകയും ഓഡിറ്റ് പൂർത്തിയാക്കി ബാങ്കുകൾക്ക് സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യുന്നുണ്ട്. സംഘാംഗങ്ങളുടെ പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള വാർഷിക പൊതുയോഗം ചേരാറുണ്ട്. ഇക്കഴിഞ്ഞ മാസമാണ് ഈ പ്രക്രിയ എല്ലാ ജില്ലാ ബാങ്കുകളും പൂർത്തിയാക്കിയത്. വാർഷിക പൊതുയോഗത്തിൽ സംഘങ്ങളെ പ്രതിനിധീകരിച്ച് പങ്കെടുക്കുന്ന അംഗങ്ങളിൽ കേരളത്തിലെ എല്ലാ രാഷ്ട്രീയ പാർട്ടികളോടും ആഭിമുഖ്യം പുലർത്തുന്നവരുണ്ടെന്ന് എല്ലാവർക്കുമറിയാവുന്നതാണ്. ബാങ്കുകളുടെ പ്രവർത്തനവും കണക്കുകളും സംബന്ധിച്ച് ഏതെങ്കിലും ഒരു വാർഷിക പൊതുയോഗത്തിൽ അംഗങ്ങൾ പരാതി ഉന്നയിച്ചതായി അറിയില്ല. ഈ സാഹചര്യത്തിലാണ് ജില്ലാ സഹകരണ ബാങ്കുകളുടെ പ്രവർത്തനം സംബന്ധിച്ച് പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ എന്നുപറഞ്ഞ് അന്വേഷണ കമ്മീഷനെ നിയോഗിച്ചുകൊണ്ടുള്ള രജിസ്ട്രാറുടെ ഉത്തരവ് പുറത്തുവരുന്നത്. 2-11-2016-ലെ സിബി3/42204/16 നമ്പർ ഉത്തരവ് ഇപ്രകാരമാണ്, 'വിവിധ ജില്ലാ സഹകരണ ബാങ്കുകളിൽ നടക്കുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച് ധാരാളം പരാതികൾ ലഭിക്കുന്നതായി കാണുന്നു. ഈ സാഹചര്യത്തിൽ താഴെപ്പറയുന്ന വിഷയങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് പത്തംഗ ടീം രൂപീകരിച്ച് ഉത്തരവാകുന്നു'. 16 വിഷയങ്ങളാണ് അന്വേഷണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. അതിൽപ്പറയുന്ന ഒരു വിഷയം, ബാങ്കിൽ നടക്കുന്ന പണാപഹരണം സംബന്ധിച്ചാണ്. ഇത് വാർത്തയായി പുറത്തുവരുമ്പോൾ ജില്ലാ സഹകരണ ബാങ്കുകളിൽ പണം നിക്ഷേപിച്ചിരിക്കുന്ന പതിനായിരക്കണക്കിനാളുകളുടെ ആശങ്ക

ഞാനിവിടെ വിശദീകരിക്കേണ്ടതില്ലല്ലോ. ജില്ലാ ബാങ്കുകളിൽ വിശ്വാസമർപ്പിച്ച് പണം നിക്ഷേപിച്ച ഇടപാടുകാരേയും സഹകാരികളേയും ജില്ലാ ബാങ്കുകളിൽ നിന്നും അകറ്റാൻ മാത്രമേ പ്രസ്തുത ഉത്തരവ് ഉപകരിക്കുകയുള്ളൂ. ഏതെങ്കിലും ഒരു ബാങ്കിൽ എന്തെങ്കിലും ക്രമക്കേട് നടന്നിട്ടുണ്ടെങ്കിൽ അത് സ്പെസിഫിക്കായി ചൂണ്ടിക്കാണിച്ച് അന്വേഷണം നടത്തിയിരുന്നുവെങ്കിൽ മനസ്സിലാകുമായിരുന്നു. 14 ജില്ലാ സഹകരണ ബാങ്കുകളിലും ഗുരുതരമായ ക്രമക്കേട് നടക്കുന്നുവെന്ന പ്രതീതി ജനിപ്പിക്കാൻ മാത്രമേ ഇത് ഉപകരിക്കുകയുള്ളൂ. കേരളത്തിലെ ലക്ഷക്കണക്കിന് സഹകാരികളുടെ വിയർപ്പും അദ്ധ്വാനവും മുടക്കി ഒരു നൂറ്റാണ്ടുകാലമായി പടുത്തുയർത്തിയതാണ് ഈ സഹകരണ സ്ഥാപനങ്ങൾ. ഒരു ലക്ഷം കോടി രൂപയിലധികം സമ്പത്തുള്ള കേരളത്തിന്റെ സമാന്തര സമ്പദ്ഘടനയാണ് കേരളത്തിലെ സഹകരണ ബാങ്കുകൾ. ഈ ബാങ്കുകളിലെ നിക്ഷേപം കേരളത്തിലെ കൃഷിക്കാരുടേതും സാധാരണക്കാരുടേതുമാണ്. കേരള ബാങ്കിന്റെ മറവിൽ ഈ പണം കൊള്ളയടിക്കാനുള്ള ശ്രമമാണ് നടക്കുന്നത്. ജില്ലാ ബാങ്കുകൾ പിരിച്ചുവിട്ട്, ഈ പണം കേരള ബാങ്കിനു വേണ്ടി സ്വരൂപിക്കാനുള്ള ഏത് നീക്കത്തെയും കേരളത്തിലെ ഗ്രാമീണ ജനതയും ലക്ഷോപലക്ഷം സഹകാരികളും സർവ്വശക്തിയും ഉപയോഗിച്ച് എതിർത്ത് തോൽപ്പിക്കും. എസ്.ബി.ടി. ഉൾപ്പെടെ അഞ്ച് അസോസിയേറ്റഡ് ബാങ്കുകളെ എസ്.ബി.ഐ.-യിൽ ലയിപ്പിക്കാനുള്ള നീക്കത്തെ കക്ഷിരാഷ്ട്രീയത്തിനതീതമായി ഒന്നിച്ച് നാം എതിർക്കുകയുണ്ടായി. കേരളത്തിലെ സഹകരണ ബാങ്കുകളിൽ നിലവിലുള്ള ത്രീ ടയർ സംവിധാനത്തിൽ ജില്ലാ ബാങ്കുകൾ ഇല്ലാതാക്കാനുള്ള ശ്രമം എസ്.ബി.ടി., എസ്.ബി.ഐ. ലയന നീക്കത്തിന് സമാനമാണ്. നൂറ്റാണ്ടുകളായി രാജ്യത്തിന് മാതൃകയായി പ്രവർത്തിക്കുന്ന സഹകരണ മേഖലയിൽ നിലനിൽക്കുന്ന സമാധാനാന്തരീക്ഷവും ജനാധിപത്യ സ്വഭാവവും സ്വയംഭരണാവകാശവും സങ്കുചിത രാഷ്ട്രീയ താൽപ്പര്യങ്ങൾക്കുവേണ്ടി തകർക്കുന്ന എല്ലാ നീക്കങ്ങളേയും അതിശക്തമായി എതിർത്തു തോൽപ്പിക്കുക തന്നെ ചെയ്യും. അതുകൊണ്ട് സഹകരണ മേഖലയിൽ സൃഷ്ടിക്കപ്പെട്ട അതീവഗുരുതരമായ ഈ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, രാഷ്ട്രീയ താൽപ്പര്യം മുൻനിർത്തിയുള്ള ഒരന്വേഷണ സംവിധാനമല്ലെന്ന് ഞാൻ നേരത്തെ സൂചിപ്പിച്ചു. സംഘങ്ങളെ സംബന്ധിച്ചുള്ള നിരവധി പരാതികളിന്മേൽ പരിശോധന വേണമെന്നാവശ്യപ്പെടുന്നത് ബാങ്കിന്റെ ജനറൽ മാനേജർമാർ ഉൾപ്പെട്ട ഒരു വേദിയിലാണ്. നിയമനത്തിന്റെ കാര്യത്തിലും വായ്പ അനുവദിക്കുന്ന കാര്യത്തിലും ബാങ്കിന്റെ കെട്ടിടം പണിയുന്ന കാര്യത്തിലും വിജിലൻസ് കേസുകളുൾപ്പെടെ ക്രമവിരുദ്ധമായ നിരവധി കാര്യങ്ങളുണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങളി

ലേയ്ക്കൊന്നും പോകുന്നില്ല. അത്തരം പ്രശ്നങ്ങൾ നിലനിൽക്കുമ്പോൾ നിയമവിധേയമല്ലാത്ത കാര്യങ്ങൾ ചെയ്യുന്നുണ്ടെങ്കിൽ ഒരന്വേഷണത്തിലൂടെ അത് തിരുത്താനുള്ള പരിശ്രമം നടത്തുന്നത് എങ്ങനെയാണ് സഹകരണ സംഘങ്ങളുടെ വിശ്വാസ്യത തകർക്കുന്നത്? സഹകരണ സംഘങ്ങളുടെ വിശ്വാസ്യത സംരക്ഷിക്കാൻ വേണ്ടിയാണ് പരിശോധനയില്ലാതെ നിരവധി കാലം പോയിരുന്നത്. പ്രൈമറി സംഘങ്ങളിൽ ഈ പരിശോധനയുണ്ട്. നിരവധി പരാതികൾ പല ഘട്ടങ്ങളിലായി ലഭിച്ചപ്പോഴാണ് ജനറൽ മാനേജർമാരുടെ യോഗം വിളിച്ചുകൂട്ടി പരിശോധനയ്ക്ക് തയ്യാറായത്. ഇങ്ങനെയൊരു പരിശോധന ആവശ്യമാണെന്ന് അവരും ഉന്നയിക്കുകയാണ് ചെയ്തത്. അതിന്റെ ഭാഗമായി സഹകരണ ഉദ്യോഗസ്ഥരുടെ ഒരു പരിശോധന മാത്രമാണ് നടക്കുന്നത്. അത് ഏതെങ്കിലും സഹകരണ സ്ഥാപനത്തിന്റെ വിശ്വാസ്യതയെ തകർക്കാനൊന്നുമല്ല. നിരവധി പരാതികൾ, വിജിലൻസ് കേസ് ഉൾപ്പെടെയുള്ള കാര്യങ്ങളുണ്ടെന്ന് ഞാൻ പറഞ്ഞല്ലോ; എല്ലാ ബാങ്കുകളെയും കുറിച്ചല്ല, 16 ഇനം പരിഗണനാ വിഷയങ്ങൾ പറഞ്ഞത് ഉദ്യോഗസ്ഥർക്കുള്ള മാർഗ്ഗനിർദ്ദേശങ്ങളാണ്. ഇതിൽ ഏതെങ്കിലും ഉണ്ടെങ്കിൽ അത് പരിശോധിച്ച് തിരുത്താൻവേണ്ടിയാണ് ഇങ്ങനെ ചെയ്യുന്നത്. നിരവധി സ്ഥലത്ത് അനുമതിയില്ലാതെ പുതിയ ബ്രാഞ്ചുകൾ ആരംഭിക്കുന്നുണ്ട്. അതിന്റെ ഭാഗമായി നിയമനവുമായി ബന്ധപ്പെട്ടും ആക്ഷേപങ്ങൾ വരികയാണ്. ബാങ്ക് ഏതാണെന്നും ആര് ഭരിക്കുന്നുവെന്നും നോക്കിയല്ല, നിയമവിധേയമല്ലാത്ത കാര്യങ്ങൾ നടക്കരുതെന്ന കാര്യത്തിൽ മാത്രമാണ് പരിശോധനയുള്ളത്. മുക്കുപണ്ടം പണയംവച്ച് വായ്പകൊടുക്കുന്നതുമായി ബന്ധപ്പെട്ട് എത്ര സ്ഥലത്ത് ആക്ഷേപമുണ്ടായി; സ്വർണ്ണത്തിന്റെ ഈട് എന്നു പറഞ്ഞിട്ട് സ്വർണ്ണമില്ലാതെ വായ്പ കൊടുക്കുന്നതുമായി ബന്ധപ്പെട്ടും പരാതികൾ വന്നതിന്റെയൊക്കെ ഭാഗമായി ഓഡിറ്റർമാരെ വച്ച് പരിശോധിപ്പിച്ചത് ബഹുമാന്യനായ പി. അബ്ദുൽ ഹമീദിന് ഉൾപ്പെടെ അറിയാവുന്നതാണ്. കേരളത്തിലാകെ ഓഡിറ്റർമാരെ വച്ച് റാൻഡം ചെക്കിംഗ് നടത്തിയപ്പോഴുണ്ടായ ആക്ഷേപങ്ങളും നമ്മുടെ ശ്രദ്ധയിൽപ്പെട്ടതല്ലേ? അത്തരം കാര്യങ്ങളിൽ പരിശോധന നടത്തുന്നതും തിരുത്താൻ സഹായിക്കുന്നതും സഹകരണ പ്രസ്ഥാനത്തിൽ ആളുകൾക്ക് ഇന്നുള്ള വിശ്വാസ്യത സംരക്ഷിക്കാനാണ് ഇടയാക്കുന്നത്. എ.ടി.എം. തുടങ്ങണം, നമ്മുടെ ബാങ്കുകളിൽ മോഡേണൈസേഷൻ വേണം, അതിന്റെ ഭാഗമായി അനുമതി ഇല്ലാതെ എന്തിനാണ് ഇക്കാര്യങ്ങൾ ചെയ്യുന്നത്? എ.ടി.എം. സംവിധാനം ഏർപ്പെടുത്തുന്നതിന് നിയമവിധേയമായ മാർഗ്ഗങ്ങളിലൂടെ അനുമതി ചോദിക്കുന്നതിനുപകരം അതില്ലാതെ അഡ്വാൻസായി കെട്ടിടം വാടകയ്ക്കെടുത്ത് അത്തരം കാര്യങ്ങൾ നിർവ്വഹിക്കുന്നത് സഹകരണ പ്രസ്ഥാനത്തിന്റെയും അതിൽ പ്രവർത്തിക്കുന്നവരുടെയും വിശ്വാസ്യത സംരക്ഷിക്കാനാണോ സഹായിക്കുന്നത്? നിയമവിധേയമായി സംഘങ്ങളെ പ്രവർത്തിപ്പിക്കുന്നതിനും വന്നുപോയിട്ടുള്ള കുറവുകൾ എന്തെന്ന് കണ്ടെത്തുന്നതിനുംവേണ്ടി മാത്രമാണ് ഈ പരിശോധന നടത്തുന്നത്. ഇത് വകുപ്പ് 65 പ്രകാരമോ 68 പ്രകാരമോ ഉള്ള

അന്വേഷണമല്ല. വകുപ്പ് 66 പ്രകാരമുള്ള ഒരു പരിശോധന മാത്രമാണ്. അതിന്റെ ഭാഗമായിട്ടാണ് ഇത് ചെയ്തിട്ടുള്ളത്. കേരള ബാങ്കിനുവേണ്ടി കൊള്ളയടിക്കാൻ എന്നാണ് ഇപ്പോൾ അദ്ദേഹം സൂചിപ്പിച്ചത്. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പ്രകടനപത്രികയിൽ ഈ സംസ്ഥാനത്തിന്റെ വികസനത്തിന് സഹായകരമായ രീതിയിൽ കേരള ബാങ്ക് രൂപീകരിക്കുമെന്ന് പറഞ്ഞിട്ടുള്ളതാണ്. ആ നയം ഗവർണ്ണർ സഭയിൽ പ്രഖ്യാപിക്കുകയും ബഡ്ജറ്റിൽ അതിനാവശ്യമായ പണം നീക്കിവയ്ക്കുകയും ചെയ്തു. ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ച് അത് എങ്ങനെ നടപ്പിലാക്കാൻ കഴിയുമെന്നുള്ള പരിശോധന മാത്രമാണ് നടത്തിയിട്ടുള്ളത്. ഞാൻ നേരത്തെ സഭയിൽ ഇക്കാര്യം പറഞ്ഞു, ആ റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് ചർച്ച നടത്തി സംസ്ഥാനത്തിന്റെ ഭാവി വികസനത്തിന് ചുരുങ്ങിയ പലിശയ്ക്ക് വായ്പ കൊടുക്കാനും എൻ.ആർ.ഐ. നിക്ഷേപമുൾപ്പെടെ സ്വീകരിക്കാനും ഉതകുന്ന രീതിയിൽ സംസ്ഥാനത്തിന്റെ അടിസ്ഥാന വികസനത്തിന് സഹകരണ മേഖലയെ പ്രയോജനപ്പെടുത്താനുള്ള ഒരു നിർദ്ദേശമാണ് സർക്കാർ മുന്നോട്ടുവച്ചിട്ടുള്ളത്. കൊള്ളയടിക്കാൻ എന്ന രീതിയിൽ അതിനെ വ്യാഖ്യാനിക്കുന്നത് തികച്ചും രാഷ്ട്രീയപ്രേരിതമാണ്. ഇന്നത്തെ പത്രത്തിൽ ഈ കാര്യത്തിൽ യു.ഡി.എഫ്.-ന്റെ നിലപാട് വ്യക്തമായിട്ടുണ്ട്. അതിന്റെ ഭാഗമായിട്ടാകണം ബഹുമാനപ്പെട്ട അബ്ദുൽ ഹമീദ്. പി. ഇങ്ങനെയൊരു അടിയന്തരപ്രമേയം ഈ ഘട്ടത്തിൽ കൊണ്ടുവന്നത് എന്നാണ് ഞാൻ കരുതുന്നത്. ഞാൻ ഓരോ ബാങ്കിന്റെയും പേര് എടുത്തുപറഞ്ഞില്ലല്ലോ; ക്രമക്കേടുകൾ നടന്ന ബാങ്കുകളുടെ ലിസ്റ്റും മറ്റു കാര്യങ്ങളും സർക്കാരിന്റെ കയ്യിലുണ്ട്. രാഷ്ട്രീയപ്രേരിതമായ എന്തെങ്കിലും ഉദ്ദേശംവച്ച് ബാങ്കുകളുടെ വിശ്വാസ്യത തകർക്കുന്ന പരിശ്രമമൊന്നും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകില്ല. സഹകരണ പ്രസ്ഥാനങ്ങളെ സഹായിക്കാനും സഹകരണ മേഖലയെ ശക്തിപ്പെടുത്താനുമുള്ള പരിശ്രമമാണ് സർക്കാർ നടത്തുന്നത്. ബഹുമാന്യനായ അബ്ദുൽ ഹമീദ്.പി. സഹകരണ പ്രസ്ഥാനങ്ങളുടെ പ്രശ്നങ്ങൾ നല്ല രീതിയിൽ പരിശോധിക്കുന്ന ഒരാളാണ്. ഈ അന്വേഷണ വിഷയത്തിലുള്ള എല്ലാ വസ്തുതകളും സഹകരണ മേഖലകളിൽ ഏറിയോ കുറഞ്ഞോ പല സ്ഥലത്തും നടക്കുന്നുവെന്ന് അദ്ദേഹത്തിന് ഉറപ്പുവരുത്താവുന്നതാണ്. അക്കാര്യം പരിശോധിച്ച് തിരുത്തിപ്പോകാൻ സഹായിക്കുകയാണ് വേണ്ടത്. ഈ അടിയന്തരപ്രമേയത്തിലൂടെ അദ്ദേഹം ഉന്നയിച്ച കാര്യങ്ങൾ രാഷ്ട്രീയപ്രേരിതമാണെന്നുപറഞ്ഞ് ഞാൻ ആക്ഷേപിക്കുന്നില്ല, പക്ഷെ വസ്തുതകളില്ല എന്നതിന്റെ അടിസ്ഥാനത്തിൽ ഇത് സഭനിർത്തിവച്ച് ചർച്ചചെയ്യേണ്ട കാര്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, മന്ത്രി വളരെ ലാഘവ ബുദ്ധിയോടുകൂടിയാണ് ഇവിടെ സംസാരിച്ചത്. പക്ഷേ ഇതിന്റെ പിന്നിലുള്ള ഗൂഢലക്ഷ്യത്തെക്കുറിച്ച് എല്ലാവർക്കും ബോധ്യമുള്ളതാണ്. കേരളത്തിലെ 14 ജില്ലാ ബാങ്കുകളിലും അഴിമതിയും സ്വജനപക്ഷപാതവും നടക്കുന്നുവെന്നും മുക്കുപണ്ടങ്ങൾ പണയം വച്ച് പണമെടുക്കുന്നുവെന്നുമുള്ള പ്രതീതി സൃഷ്ടിക്കുന്നത് നമ്മുടെ സഹകരണ പ്രസ്ഥാനത്തിന് ഗുണകരമാണോ എന്ന് മന്ത്രി ആലോചിക്കേണ്ടതാണ്. സഹകരണ ബാങ്കുകളിൽ ഇത്തരം അപാകതകളുണ്ടെങ്കിൽ അത് പരിഹരിക്കാനുള്ള നിരവധി നടപടികൾ സഹകരണ നിയമത്തിലും ചട്ടങ്ങളിലുമുണ്ട്. ഇതിന്റെ ലക്ഷ്യമെന്താണെന്നു വച്ചാൽ 14 ജില്ലാ സഹകരണ ബാങ്കുകളിലും ക്രമക്കേടുകളുണ്ടെന്ന് വരുത്തി അവയെ പിരിച്ചുവിട്ട് ബാങ്കുകളെ സ്വന്തമാക്കാനുള്ള നടപടിയാണ് സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകാൻ പോകുന്നത്. അതിനെ വളരെ ഗൗരവത്തോടുകൂടി കേരളത്തിലെ സഹകാരികൾ കാണുകയാണ്. ഇത് ജനാധിപത്യവിരുദ്ധമായ നടപടിയാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): ഈ 14 ബാങ്കുകളും യു.ഡി.എഫ്.-ന്റേതാണോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, അല്ല. പാലക്കാട് ബാങ്ക് നിങ്ങളുടേതാണ്. പാലക്കാട് ഒഴികെയുള്ള 13 ബാങ്കുകളും സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കും പിരിച്ചുവിടാനുള്ള കുത്സിതമായ നീക്കമാണ് ഇതിന്റെ പിന്നിൽ നടന്നുകൊണ്ടിരിക്കുന്നത്. 97-ാം ഭരണഘടനാ ഭേദഗതിക്ക് വിരുദ്ധമായ നടപടിയാണിത്. കാരണം 97-ാം ഭരണഘടനാ ഭേദഗതിയിൽ 243 ZJ പ്രകാരം വളരെ വ്യക്തമായി സൂചിപ്പിക്കുന്നുണ്ട്. "(2) The term of office of elected members of the board and its office bearers shall be five years from the date of election and the term of office bearers shall be conterminous with the term of the board:" അതായത് അഞ്ചുവർഷത്തേയ്ക്ക് ബോർഡിനെ തെരഞ്ഞെടുക്കുന്നു, ബോർഡ് പിരിച്ചുവിടാനുള്ള രീതി ഇതിൽ വ്യക്തമായി പറയുന്നുണ്ട്. സഹകരണ മേഖലയുടെ പുനരുദ്ധാരണത്തിനും autonomy, democracy എന്നിവ നിലനിർത്തുന്നതിനും കൊണ്ടുവന്ന 97-ാം ഭരണഘടനാ ഭേദഗതിയുടെ സ്പിരിറ്റിനെതിരായിട്ടുള്ള നടപടിയിലേയ്ക്ക് ഈ ഗവൺമെന്റ് പോകുന്നതിന്റെ ആദ്യപടിയാണ് ബഹുമാന്യനായ സഹകരണ വകുപ്പുമന്ത്രിയുടെ വളരെ മനോഹരമായ വിശദീകരണം. ഒരു പരിശോധന മാത്രമാണ് എന്നാണ് അദ്ദേഹം പറഞ്ഞത്. അത് എങ്ങനെ വിശ്വസിക്കാൻ കഴിയും; കാരണം, ജില്ലാ ബാങ്കുകളിൽ അന്വേഷണ സംഘത്തെ നിയോഗിച്ചത് തികച്ചും ഗൂഢലക്ഷ്യത്തോടെയാണ് എന്നുള്ളതിന് തെളിവുകൾ ഞാൻ ഹാജരാക്കാം. എല്ലാ ബാങ്കുകളും പൊതുയോഗം ചേർന്ന് കണക്കുകൾ അവതരിപ്പിച്ച് അംഗീകരിക്കുകയും നബാർഡ്, സഹകരണ വകുപ്പ്, മറ്റ് ധനകാര്യ സ്ഥാപനങ്ങൾ, കൺകറന്റ് ഓഡിറ്റ് എന്നിവയുടെ പരിശോധന

പൂർത്തിയാക്കുകയും ചെയ്തതാണ്. പിന്നെ എന്തിനാണ് വീണ്ടും ഒരന്വേഷണം; ഇവിടെ അന്വേഷണത്തെ ആരും ഭയപ്പെടുന്നില്ല. അന്വേഷണം നടത്തുന്നതിന് ഞങ്ങൾ എതിരല്ല. ഇവിടെ എല്ലാ ജില്ലാ ബാങ്കുകളിലും അന്വേഷണം നടന്നു കഴിഞ്ഞിരിക്കുന്നു, പരിശോധന പൂർത്തീകരിച്ചിരിക്കുന്നു. വീണ്ടും ഒരു പത്തംഗ അന്വേഷണസംഘത്തെ നിയോഗിക്കുന്നത് എന്തുകൊണ്ടാണ്; അതും മന്ത്രിയുടെ പ്രത്യേക താൽപ്പര്യപ്രകാരം മന്ത്രി എന്നുപറയുമ്പോൾ ഗവൺമെന്റിന്റെ പ്രത്യേക താല്പര്യപ്രകാരം. ഇഷ്ടമുള്ള ഉദ്യോഗസ്ഥരെ കണ്ടെത്തി പത്തംഗ ബോർഡിനെ നിയോഗിക്കുന്നതിന്റെ പിന്നിലെ ഗൂഢലക്ഷ്യം എല്ലാവർക്കും മനസ്സിലാകുന്നതാണ്. ഇത് എന്തിനാണ് ഇവർ ചെയ്യുന്നതെന്ന് പാഴൂർ പടിക്കൽപോയി പ്രശ്നം വയ്ക്കേണ്ട കാര്യമില്ല. ഇത് 13 ജില്ലാ ബാങ്കുകളും പിരിച്ചുവിടാനുള്ള ഒരു തന്ത്രമാണ്. ഇത് ജനാധിപത്യത്തിന്റെ കുട്ടക്കുരുതി തന്നെയാണ്. ഭരണഘടനാ ഭേദഗതി വരികയും ഈ നിയമസഭ പുതിയ സഹകരണ നിയമം പാസ്സാക്കുകയും ചെയ്ത സാഹചര്യത്തിൽ സഹകരണ ബാങ്കുകൾ പിരിച്ചുവിടാനുള്ള നടപടിയുടെ ആദ്യത്തെ സ്റ്റെപ്പായിവേണം ഇതിനെ കാണേണ്ടത്. അതുകൊണ്ടാണ് ഇത് ജനാധിപത്യത്തിന്റെ കുട്ടക്കുരുതിയാണെന്ന് ഞങ്ങൾ പറഞ്ഞത്. കഴിഞ്ഞ അഞ്ചുവർഷം സഹകരണ മേഖലയിൽ ശാന്തതയും സമാധാനവും ഉണ്ടായിരുന്നു, രാഷ്ട്രീയമായ അഭിപ്രായവ്യത്യാസങ്ങളും ഭിന്നതകളുമില്ലായിരുന്നു, എല്ലാവരെയും യോജിപ്പിച്ചുകൊണ്ടാണ് യു.ഡി.എഫ്. സഹകരണമേഖലയെ മുന്നോട്ടുകൊണ്ടു പോയത്. ആ നല്ല അന്തരീക്ഷം കേരളത്തിൽ ഇല്ലാതാക്കാൻ ബഹുമാന്യനായ എ. സി. മൊയ്തീനെപ്പോലെയുള്ള ഒരാൾ മുന്നോട്ടുവരരുത് എന്നാണ് എന്റെ അഭിപ്രായം. കാരണം അഞ്ചുവർഷം ഇവിടെ യാതൊരുവിധത്തിലുള്ള സംഘർഷവുമില്ലാതെ സഹകരണ മേഖല പുഷ്ടിപ്പെടുകയാണുണ്ടായത്. ആ അന്തരീക്ഷം നിലനിർത്താനുള്ള ഉത്തരവാദിത്വം ഈ ഗവൺമെന്റിനുണ്ട്, മന്ത്രിക്കുണ്ട് എന്നുപറയാൻ ആഗ്രഹിക്കുകയാണ്. സഹകരണ മേഖലയെ എങ്ങനെ തകർക്കുന്നു; 350 കോടിയിലേറെ രൂപ റബ്കോ വായ്പ കൊടുപ്പിച്ചു, അത് കിട്ടാക്കടമായി മാറിയില്ലേ; ആർക്കാണ് ഉത്തരവാദിത്വം? 350 കോടി രൂപയുടെ ഇത്രയും വലിയൊരു ലോണിന്റെ സ്ഥിതി എന്താണെന്ന് എല്ലാപേരും പരിശോധിക്കേണ്ടതാണ്. കേരള ബാങ്കിനെക്കുറിച്ച് അദ്ദേഹം പറഞ്ഞു. ബാങ്കുകളുടെ അമാൽഗമേഷനെതിരായി ഈ സഭ പ്രമേയം പാസ്സാക്കിയതാണ്. അത് കേരളത്തിന്റെ സ്പിരിറ്റിന് എതിരാണ്. ആർ.ബി.ഐ. അനിയന്ത്രിതമായി ഇടപെടുന്നുവെന്ന് അങ്ങുതന്നെ ഇവിടെ പറഞ്ഞിട്ടുണ്ടല്ലോ. ആർ.ബി.ഐ.-യുടെ അനിയന്ത്രിതമായ ഇടപെടൽ സഹകരണ മേഖലയെ തകരാറിലാക്കുന്നുണ്ട്, പ്രശ്നങ്ങളുണ്ടാക്കുന്നുണ്ട്. ഇതുവഴി ആർ.ബി.ഐ.-യ്ക്ക് ഇടപെടാനുള്ള അവസരം നമ്മൾ കൊടുക്കുകയാണ്. കേരള ബാങ്കിനായി ഒരു എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ചിരിക്കുകയാണ്. ആ എക്സ്പെർട്ട് കമ്മിറ്റിയുടെ terms of reference പലതും നമുക്ക് അംഗീകരിക്കാൻ കഴിയില്ല. വളരെ വ്യക്തമായിത്തന്നെ ഇതിനെതിരായ നിലപാടുകൾ സ്വീകരിച്ചുകൊണ്ട് ഈ മേഖലയിലുള്ള സംഘടനകൾ രംഗത്തു വരികയാണ്. National Federation of State Co-operative Banks പറയുന്നത്

"The Proposed amalgamation/merger of Kerala State Co-operative Bank and the 14 District Central Co-operative Banks by Kerala Government may lead to collapse of the entire co-operative credit delivery system/structure in Kerala. Hence, we request you kindly to appreciate the need to recommend for continuation of the existing three tier co-operative credit structure in the present form." എന്നാണ്. സഹകരണ മേഖലയുടെ ജനാധിപത്യത്തെ, സ്വയംഭരണാധികാരത്തെ, സഹകാരികളുടെ നിലനില്പിനെ ചോദ്യം ചെയ്യുന്ന നിലയിലേയ്ക്ക്, ഈ ത്രീ ടയർ സിസ്റ്റത്തെ തകർക്കുന്ന നടപടിക്ക് വഴിതെളിക്കും എന്ന ആശങ്കയാണ് ഞങ്ങൾക്കുള്ളത്. കേരള ബാങ്കിന്റെ രൂപീകരണം കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ തകർക്കാൻ മാത്രമേ സഹായിക്കുകയുള്ളൂ. ഒരു ലക്ഷത്തിലേറെ കോടി രൂപയുടെ നിക്ഷേപം നമ്മുടെ ജില്ലാ ബാങ്കുകളിലുണ്ട്. ആ ജില്ലാ ബാങ്കുകളിൽ എങ്ങനെ ഈ പണം വന്നു? പാവപ്പെട്ട കർഷകരുടെയും തൊഴിലാളികളുടെയും സാധാരണക്കാരായ സഹകാരികളുടെയും വിയർപ്പിന്റെ വിലയാണ് ഈ നിക്ഷേപം. കേരളത്തിലെ സമാന്തര സമ്പദ് വ്യവസ്ഥയായ സഹകരണ മേഖലയെ ഗവൺമെന്റിന്റെ കൈപ്പിടിയിലൊതുക്കാനുള്ള ഈ ശ്രമം ജനാധിപത്യ സംവിധാനത്തിൽ ഒരിക്കലും അംഗീകരിക്കാൻ കഴിയുന്നതല്ല. സഹകരണ മേഖലയുടെ വളർച്ചയല്ല, തളർച്ചയാണ് ഇത് വഴിയൊരുക്കുന്നത്. 14 ജില്ലാ ബാങ്കുകളും പിരിച്ചുവിടുന്നു, ത്രീടയർ സിസ്റ്റം ഇല്ലാതാക്കുന്നു, സർക്കാരിന്റെ പരിപൂർണ്ണ നിയന്ത്രണം ഈ ബാങ്കിൽ കൊണ്ടുവരുന്നു. ഇതിന്റെ ഫലമായി എല്ലാ സഹകാരികളും അവരുടെ നിക്ഷേപം പിൻവലിക്കാൻ തുടങ്ങിയിരിക്കുന്നു. സഹകാരികൾ നിക്ഷേപങ്ങൾ പിൻവലിക്കുന്നതോടെ വലിയ പ്രതിസന്ധി സഹകരണ മേഖലയിലുണ്ടാകുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ട് 14 ജില്ലാ ബാങ്കുകളും പിരിച്ചുവിടാനുള്ള ആദ്യത്തെ നടപടി നിങ്ങൾ പിൻവലിക്കണം. അത് ഭരണഘടനയുടെ അന്തസ്സത്തയ്ക്ക് എതിരാണ്. കേരള നിയമസഭ പാസ്സാക്കിയ സഹകരണത്തിന്റെ പുതിയ നിയമത്തിനെതിരാണ്. മാത്രമല്ല, കേരള ബാങ്കിന്റെ രൂപീകരണം കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ തകർക്കും. സാധാരണക്കാരും പാവപ്പെട്ടവരും വിശ്വാസപൂർവ്വം സഹകരണ ബാങ്കിലേയ്ക്ക് നൽകിയിട്ടുള്ള നിക്ഷേപങ്ങൾ പിൻവലിക്കാനുള്ള വഴിതെളിക്കും. ഇന്ന് സാധാരണക്കാർക്ക് വിശ്വാസമുള്ള ബാങ്കാണ് സഹകരണ ബാങ്കുകൾ. ആ ബാങ്കുകളെ ഇല്ലാതാക്കാൻ മാത്രമേ ഇത് സഹായിക്കുകയുള്ളൂ. സർക്കാരിന്റെ വികസനപ്രവർത്തനത്തിന് ഇന്നും ബാങ്കുകളിൽ നിന്നും പണമെടുക്കുന്നുണ്ട്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ജില്ലാ ബാങ്കിൽനിന്ന് പണമെടുത്തിട്ടുണ്ട്. ആ സംവിധാനം ഇപ്പോഴും നമുക്ക് തുടരാം. കൊച്ചി മെട്രോയ്ക്കു വേണ്ടി പണമെടുത്തു. അതോടൊപ്പം നിരവധി പ്രവർത്തനങ്ങൾക്ക് പണമെടുത്തിട്ടുണ്ട്. ജില്ലാ ബാങ്കുകൾ നിലനിൽക്കെത്തന്നെ ആ പണം നമുക്ക് ഉപയോഗിക്കാവുന്നതാണ്. അതിനുപകരം ത്രീടയർ സിസ്റ്റം ഇല്ലാതാക്കി സഹകരണ മേഖലയെ മുഴുവൻ ഗളഹസ്തം ചെയ്യാനുള്ള ശ്രമമാണ് നടക്കുന്നത്. ഇത് അംഗീകരിക്കാൻ നിവൃത്തിയില്ല. ശ്രീ. എ. സി. മൊയ്തീൻ മധുരത്തിൽ പൊതിഞ്ഞ പാഷാണമാണ്

നമ്മുടെ മുമ്പിൽ വിളമ്പിയത്. കേരളത്തിലെ സഹകരണ മേഖലയെ തകർക്കാനുള്ള ഈ നീക്കത്തെയും കേരള ബാങ്കിന്റെ രൂപീകരണത്തെയും ശക്തമായി എതിർക്കുമെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. സഹകരണ മേഖലയിൽ ഉണ്ടാകാൻപോകുന്ന ഗുരുതരമായ ഭവിഷ്യത്തുകളെക്കുറിച്ച് ബോധ്യമുള്ളതുകൊണ്ടാണ് ഞങ്ങൾ ഇതിനെ എതിർക്കുന്നത്. കേരളത്തിലെ സഹകരണ ജനാധിപത്യത്തെ തകർക്കാനുള്ള നീക്കത്തിലും സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാൻ ഗവൺമെന്റ് തയ്യാറാകാത്തതിലും പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഇത് ദൗത്യ സംഘമല്ല, ദൗത്യ സേനയാണ്. സഹകരണ ബാങ്കുകളെ മുഴുവൻ നശിപ്പിക്കാനുള്ള ഒരു ദൗത്യ സേനതന്നെയാണിത്. യാതൊരു സംശയവുമില്ല. യു.ഡി.എഫ്. ഇന്നലെ ചർച്ച ചെയ്തുവെന്ന് പറഞ്ഞു. ചർച്ച ചെയ്യേണ്ട സ്ഥിതിയുണ്ടല്ലോ. ബഹുമാന്യനായ മന്ത്രി ലളിതവത്കരിച്ച് ഈ വിഷയം അവതരിപ്പിക്കുകയാണുണ്ടായത്. അദ്ദേഹം പറഞ്ഞത്, ഇതൊരു ചെറിയ പരിശോധനയാണ്, കുഴപ്പമൊന്നുമില്ല, സാധാരണ നോക്കാറില്ലേ എന്നെല്ലാമാണ്. ഇങ്ങനെയൊക്കെ പറഞ്ഞിട്ട് പിന്നെ പിരിച്ചു വിടാൻ കഴിയുമോ? ഞങ്ങൾ കൂട്ടത്തോടെ ജില്ലാ ബാങ്കുകൾ പിരിച്ചുവിടില്ല, സീരിയസ്സായിട്ടുള്ള എന്തെങ്കിലും അലിഗേഷൻ കണ്ടാൽ കറക്ട് ചെയ്യും അല്ലെങ്കിൽ അതിന്മേൽ നടപടി സ്വീകരിക്കും എന്ന് അങ്ങേയ്ക്ക് പറയാമായിരുന്നു.

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, സഹകരണ ബാങ്കുകളിൽ നടക്കുന്ന ക്രമക്കേടുകളെ സംബന്ധിച്ച് നാട്ടുകാരുടെയും സംഘം ജീവനക്കാരുടെയും ആക്ഷേപമുണ്ട്. വയനാട് ബാങ്കിൽനിന്ന് എല്ലാ യൂണിയനുകളും സംയുക്തമായാണ് പരാതി പറഞ്ഞിരിക്കുന്നത്. അതിൽ ലീഗും ഐ.എൻ.ടി.യു.സി.-ഉം മറ്റ് പലരുമുണ്ട്. ഇത്തരമൊരു സംഗതിയുണ്ടായാൽ സ്വാഭാവികമായി പരിശോധിച്ച് കറക്ട് ചെയ്യണ്ടേ? ആ നടപടികളിലേയ്ക്കാണ് സർക്കാർ പോയിട്ടുള്ളത്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഞാൻ അതാണ് പറഞ്ഞത്, ആകാശത്തിന് താഴെയുള്ള സകല കുറ്റങ്ങൾക്കുംകൂടി ഒരു ലിസ്റ്റെടുത്ത് വച്ചിരിക്കുകയാണ്. ശ്രീ. എ. കെ. ബാലൻ സ്വന്തം ബാങ്കുകാരെപ്പറ്റിയും അതുതന്നെ പറഞ്ഞു. സീരീയസ്സായിട്ടുള്ള അഴിമതി എല്ലായിടത്തും നടക്കുന്നുവെന്നാണ് പറഞ്ഞിരിക്കുന്നത്. അതിനകത്ത് എക്സ്ട്രീമായ അഴിമതിവരെ പറഞ്ഞിട്ടുണ്ട്. പാലക്കാട് ബാങ്കിനെക്കുറിച്ച് പറഞ്ഞത് കണ്ണുകിട്ടാതിരിക്കാൻ വേണ്ടിയാണോ എന്നെനിക്കറിയില്ല. സീരീയസ്സായിട്ടുള്ള അഴിമതിയുണ്ടായിട്ടുണ്ടെന്ന് പറഞ്ഞിട്ട് ഇപ്പോൾ ബഹുമാന്യനായ മന്ത്രി പറയുന്ന ചെറിയ പരിശോധനയേ ഉള്ളൂവെന്ന്.

എന്നാൽപ്പിന്നെ കൂട്ടത്തോടെ പിരിച്ചുവിടില്ല, അങ്ങനെ നിങ്ങൾ പേടിക്കണ്ട, എന്ന് മന്ത്രി പറയാത്തതെന്ത്? അതാണ് പ്രശ്നം. കൂട്ടമായി പിരിച്ചുവിടാനാണെന്നുള്ളതാണ് ഇംപ്രഷൻ. എന്നിട്ട് കേരള ബാങ്ക് ഉണ്ടാക്കാനുള്ള ഒരു സംഘം വേറെയുണ്ട്, രണ്ട് ദൗത്യസേനയുണ്ട് എന്നാണ് പറയുന്നത്. അത് മന്ത്രിക്ക് എന്തുകൊണ്ട് ക്ലാരിഫൈ ചെയ്തുകൂടാ?

ശ്രീ. എ. സി. മൊയ്തീൻ: സർ, കഴിഞ്ഞ ഗവൺമെന്റ് സഹകരണ ജനാധിപത്യത്തെ കശാപ്പ് ചെയ്യാൻ സ്വീകരിച്ച നടപടി ഓർമ്മയിൽവച്ചാകും അങ്ങ് ഇത് സൂചിപ്പിച്ചിട്ടുള്ളത്. ഞാൻ വളരെ കൃത്യമായി പറഞ്ഞു, സഹകരണ മേഖലയുടെ വിശ്വാസം സംരക്ഷിക്കണമെങ്കിൽ നമ്മൾ കൂട്ടായി പരിശ്രമിക്കണം. പരാതികൾ അന്വേഷിച്ച് തെളിവ് കിട്ടായാലല്ലേ അതിൽ എന്തുമാത്രം വസ്തുതയുണ്ടെന്ന് അറിയാൻ കഴിയൂ. പരാതികൾ ഉന്നയിക്കുന്നത് ബാങ്കിന്റെ ജനറൽ മാനേജർമാരുൾപ്പെടെയുള്ള ആളുകളാണ്. അവരുടെ യോഗത്തിലാണ് ഇങ്ങനെയൊരു പരിശോധന വേണമെന്ന് ആവശ്യപ്പെടുന്നത്. മുൻകാലങ്ങളിൽ ഉണ്ടായിരുന്നു. അത് വേണ്ടെന്ന് പറയേണ്ട കാര്യമെന്താണ്?

മി. സ്പീക്കർ: ഇത് വാക്കൗട്ട് പ്രസംഗമാണ്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, സകല സഹകരണ ബാങ്കുകളും ശരിയാക്കാൻ പോവുകയാണെന്നുള്ള ശ്രുതി പടർന്ന സ്ഥിതിക്ക് അതൊന്ന് ക്ലാരിഫൈ ചെയ്യുന്നത് നല്ലതല്ലേ. ഇല്ലെന്നാണെങ്കിൽ ഈ ഭീതിക്ക് യാതൊരടിസ്ഥാനവുമില്ല. അന്വേഷണം വേണ്ടെന്ന് ആരും പറയുന്നില്ല. ശരിക്കും അന്വേഷിച്ച് ക്രമക്കേട് ഉണ്ടെങ്കിൽ ആ ബാങ്കുകളുടെ പേരിൽ നടപടിയെടുക്കുന്നതിൽ ഞങ്ങൾ എതിരല്ല. ഇപ്പോഴുള്ള ഇംപ്രഷൻ എന്താണെന്നുവച്ചാൽ ലിസ്റ്റ് ചെയ്ത് ദൗത്യസേനയെ നിയോഗിച്ച് സകലതിനേയും നശിപ്പിച്ച് അടുത്തുതന്നെ ഒറ്റ ബാങ്ക് ഉണ്ടാക്കാൻ പോകുകയാണ് എന്നതാണ്. അത് നന്നാകില്ല. കാരണം, കേരളത്തിൽ ത്രീടയർ സിസ്റ്റമൊക്കെ വളരെ ശക്തമായി പോവുകയാണ്. സാധാരണക്കാരാണ് ഇതിനെ ആശ്രയിക്കുന്നത്. കേരള ബാങ്ക് എന്ന ആശയം ആരുടെ ബുദ്ധിയിൽ തോന്നിയ കാര്യമാണെന്നറിയില്ല. കേരള ബാങ്ക് എന്നത് നല്ല ആശയമായിരിക്കാം. പക്ഷെ നല്ലവണ്ണം നടക്കുന്ന സഹകരണ ബാങ്കുകളുടെ ശക്തി അതിന്റെ ഡീസെൻട്രലൈസ്ഡ് ഫോമാണ്. സർക്കാരിന് എപ്പോൾ വേണമെങ്കിലും പണം അതിൽനിന്ന് കിട്ടുമല്ലോ. ഇതെല്ലാംകൂടി ഒരു തുഗ്ലക് പരിഷ്കാരത്തിലൂടെ ഒറ്റ ബാങ്കാക്കിയിട്ട് വല്ലാത്ത സ്ഥിതി ഉണ്ടാക്കുന്നത് വളരെ അപകടം ചെയ്യും. പണ്ട് എ.കെ.ജി. ഹോസ്പിറ്റലിലൊക്കെ കണ്ടതുപോലെ യു.ഡി.എഫ്. വന്നാൽ ഇങ്ങോട്ട് പിടിച്ചെടുക്കുക, എൽ.ഡി.എഫ്. വന്നാൽ അങ്ങോട്ട് പിടിച്ചെടുക്കുക, നാശം മാത്രമായിരിക്കും ഫലം, യാതൊരു

സംശയവുമില്ല. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ അന്വേഷണം നടത്തി സീരിയസ്സായിട്ടുള്ള നടപടിയെടുക്കുകയാണെങ്കിൽ പ്രശ്നമില്ല. അഴിമതിയുണ്ടെങ്കിൽ അന്വേഷിക്കണം, അതിന്മേൽ നടപടിയെടുക്കണം. പക്ഷേ ജില്ലാ ബാങ്കുകൾ ഒട്ടാകെ പിരിച്ചുവിടാനുള്ള തീരുമാനമാണ് ഇവിടത്തെ അടിയന്തരപ്രമേയത്തിന്റെ അടിസ്ഥാനം. അതാണ് നടപടിയെങ്കിൽ വലിയ നാശത്തിലേയ്ക്കായിരിക്കും പോകുന്നത്. അത്തരം നടപടിയിൽനിന്ന് ഗവൺമെന്റ് പിന്തിരിയണമെന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. ഇത് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു വിഷയമാണ്. അതിന് അവസരം തരാത്തതിൽ പ്രതിഷേധിച്ച് ഞങ്ങൾ ഇറങ്ങിപ്പോകുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

10.00 AM]

ശ്രീ. അനൂപ് ജേക്കബ്: സർ, നമ്മുടെ സഹകരണ പ്രസ്ഥാനം ഏറ്റവും ശക്തമായ ഒരു മേഖലയാണ്. ഇന്ന് അതിന്റെ കടയ്ക്കൽ കത്തിവയ്ക്കുന്ന നിലയിലേയ്ക്കാണ് ഈ അന്വേഷണങ്ങൾ പോകുന്നത് എന്നത് ഒരു വസ്തുതയാണ്. നിരവധി പരാതികൾ ലഭിച്ചിട്ടുണ്ടെന്നാണ് ഇവിടെ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചത്. 14 ബാങ്കുകളെ സംബന്ധിച്ച വിഷയങ്ങൾ സമാനസ്വഭാവമുള്ളതാണ് എന്നതാണ് ഇതിലെ ദുരൂഹത. നിയമനങ്ങൾ അനുമതിയില്ലാതെ നടന്നിട്ടുണ്ടോ; ക്രമവിരുദ്ധമായി വായ്പകൾ നൽകിയിട്ടുണ്ടോ; രജിസ്ട്രാറുടെ അനുമതിയില്ലാതെ ബ്രാഞ്ചുകൾ ആരംഭിച്ചിട്ടുണ്ടോ; നിർമ്മാണപ്രവർത്തനങ്ങൾക്ക് സർക്കാരിന്റെ അനുമതിയുണ്ടോ; ഇങ്ങനെയുള്ള വിഷയങ്ങൾ പതിനാലിടത്തും അന്വേഷണത്തിന് കാരണമാകുന്നുവെന്നത് ഇതിന്റെ ദുരൂഹത വർദ്ധിപ്പിക്കുകയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ ഇന്റേണൽ ഓഡിറ്റടക്കമുള്ള കാര്യങ്ങളും വാർഷിക പൊതുയോഗങ്ങളും നടക്കാറുണ്ട്. ഈ വിഷയങ്ങളൊക്കെ അവിടെ അവതരിപ്പിക്കുമ്പോൾ എല്ലാ പാർട്ടിക്കാരുടെയും സാന്നിദ്ധ്യമുണ്ടെന്നത് ഒരു വസ്തുതയാണ്. അത്തരമൊരു സന്ദർഭത്തിലാണ് 14 ജില്ലകളിലും അന്വേഷണം നടത്തുന്നത്. ഈ അന്വേഷണത്തിന് നിയോഗിച്ചിരിക്കുന്ന ഉദ്യോഗസ്ഥരെ സംബന്ധിച്ച ആക്ഷേപങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പത്തംഗ അന്വേഷണ സംഘത്തിന്റെ നിഷ്പക്ഷതയെ സംബന്ധിച്ച ചോദ്യങ്ങളും ഇവിടെ ഉയരുകയാണ്. കേരളത്തിൽ ത്രീടയർ സിസ്റ്റം ശക്തമായി മുന്നോട്ടുപോകുന്നുവെന്നുള്ളത് വിസ്മരിക്കാൻ കഴിയുന്നതല്ല. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ ടൂ ടയർ സിസ്റ്റം കാണാൻ കഴിയും. എന്നാൽ തമിഴ്നാട്, മഹാരാഷ്ട്ര പോലുള്ള സംസ്ഥാനങ്ങളിൽ ത്രീ ടയർ സിസ്റ്റമാണുള്ളത്. കേരളത്തിൽ അതിന് ഏറ്റവും ശക്തമായ നിലയിലുള്ള അടിത്തറയാണുള്ളത്. ഈ വിഷയങ്ങൾ അതിന്റെ അടിത്തറ തകർക്കുന്ന

നിലയിലേയ്ക്ക് മാറിപ്പോകുമെന്ന ആശങ്ക ഇന്നുണ്ട്. സഹകരണ മേഖലയിൽ മൊത്തം ദുരൂഹതയാണ് എന്ന നിലയിലേയ്ക്ക് കാര്യങ്ങൾ പോകുന്നത് വളരെ ഗൗരവമായി കാണേണ്ടതാണ്. ഗവൺമെന്റിന്റെ ഇത്തരത്തിലുള്ള അന്വേഷണം സഹകരണ മേഖല അരക്ഷിതാവസ്ഥയിലേയ്ക്ക് നീങ്ങുന്നതിന് കാരണമാകും. ഏതായാലും ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യാത്തിൽ പ്രതിഷേധിച്ച് ഞാൻ ഈ വാക്കൗട്ടിൽ പങ്കുചേരുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭയിൽനിന്ന് പുറത്തുപോയി.)

ശ്രീ. കെ. എം. മാണി: സർ, എവിടെയെങ്കിലും ഒരു പരാതിയോ ആക്ഷേപമോ ഉണ്ടെങ്കിൽ ആക്ഷേപമുള്ള ബാങ്കുകൾ പരിശോധിക്കുന്നതിനോ പിരിച്ചുവിടുന്നതിനോ ഒരു ബുദ്ധിമുട്ടുമില്ല. എന്നാൽ ഇവിടെയുണ്ടായിരിക്കുന്നത്, ആദ്യമേതന്നെ പിരിച്ചുവിടാൻ തീരുമാനിക്കുന്നു. തീരുമാനിച്ചതിനുശേഷം ഒരു അന്വേഷണമാണ്. എല്ലാവർക്കുമിതിന്റെ ഇന്റൻഷനറിയാം. ഇത് പിരിച്ചുവിടാൻ വേണ്ടി നടക്കുന്ന ഒരു അന്വേഷണമാണ്. അഴിമതിയുള്ളിടത്ത് പിരിച്ചുവിടണം. 14 ജില്ലാ ബാങ്കുകളെ പിരിച്ചുവിടാൻ വേണ്ടി അന്വേഷണം നടത്തിയാൽ അവരുടെ ക്രെഡിബിലിറ്റി നന്നാകുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ക്രെഡിബിലിറ്റി നന്നാകുമോ? നന്നായി പ്രവർത്തിക്കുന്ന ഒരു ബാങ്കിൽ അന്വേഷണ ഉദ്യോഗസ്ഥർ കയറിയാൽ നാട്ടിൽ മുഴുവൻ സംസാരമാകും-ഇതാ റെയ്ഡ് നടക്കുന്നു, അന്വേഷണം നടക്കുന്നു; ബാങ്കിലെന്തോ ക്രമക്കേടുണ്ട് എന്നൊക്കെ. ഈ രീതിയിലുള്ള പ്രചരണം തെറ്റിദ്ധാരണയ്ക്ക് ഇടയാകും. അവരുടെ ക്രെഡിബിലിറ്റിക്കുതന്നെ അത് മോശമാകും. അതുകൊണ്ട് എനിക്ക് ബഹുമാനപ്പെട്ട ഗവൺമെന്റിനോട് അഭ്യർത്ഥിക്കാനുള്ളത്, ഏതെങ്കിലും ഒരു ബാങ്കിനെ സംബന്ധിച്ച് പരാതിയുണ്ടെങ്കിൽ നിങ്ങൾ അന്വേഷണം നടത്തിക്കോളൂ. അതല്ലാതെ സ്വീപ്പിംഗായി 14 ബാങ്കുകൾക്കുമെതിരെ നടക്കുന്ന അന്വേഷണം വേറൊരു ഉദ്ദേശത്തോടുകൂടിയുള്ളതാണ്. ഒരിക്കലും ഇതിനെ കുട്ടക്കൊല ചെയ്യാൻ പാടില്ല. ഗവൺമെന്റ് പക്ഷപാതപരമായി, രാഷ്ട്രീയപ്രേരിതമായി ഇങ്ങനെ ചെയ്യരുതെന്ന മാത്രമേ എനിക്ക് അതിനെപ്പറ്റി പറയുവാനുള്ളൂ. ഗവൺമെന്റിന്റെ ഈ നടപടി തെറ്റാണ്. അതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽ നിന്ന് പുറത്തുപോയി.)

ശ്രീ. ഒ. രാജഗോപാൽ: സർ, ഇത്തരം നടപടി കൈക്കൊണ്ടതിന്റെ പുറകിലൊരു ദുരുദ്ദേശമുണ്ടെന്നാണ് പൊതുവേ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. അങ്ങനെയൊരു

ഉദ്ദേശ്യമില്ല, സാധാരണനിലയ്ക്ക് ശുദ്ധീകരിക്കാനുള്ള പ്രക്രിയയുടെ ഭാഗമാണെന്ന് പറയുന്നുണ്ട്. എന്നാൽ അങ്ങനെയൊരു ഉറപ്പ് കൊടുക്കുന്നതിൽ എന്താണ് വിഷമമെന്ന് മനസ്സിലാകുന്നില്ല. അങ്ങനെയാണെങ്കിൽ ഞങ്ങൾക്ക് വിരോധമില്ലെന്നും പറയുകയുണ്ടായി. ഈ സാഹചര്യത്തിൽ എന്തുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി അതിന് തയ്യാറാകുന്നില്ല എന്നെനിക്ക് മനസ്സിലാകുന്നില്ല. അതുകൊണ്ട് ഈ ആശങ്ക വളരെ സീരിയസ്സായി കണക്കാക്കേണ്ടതാണെന്നുള്ള അഭിപ്രായം ഞാൻ രേഖപ്പെടുത്തുകയാണ്.

ശ്രീ. പി. സി. ജോർജ്: സർ, ഇവിടെ സഹകരണത്തെ സംബന്ധിച്ച ചർച്ച നടക്കുമ്പോഴൊക്കെ; കർഷകരെ സംബന്ധിച്ചിടത്തോളം സംസ്ഥാന സഹകരണ ബാങ്കും പ്രാഥമിക സഹകരണ ബാങ്കുമാണ് വേണ്ടത്. ജില്ലാ ബാങ്കുകൾ എന്ന ഇടത്തട്ട് വരുമ്പോൾ 2 ശതമാനം പലിശ കൂടുകയാണ് ചെയ്യുന്നത്. ജില്ലാ ബാങ്കുകൾ പിരിച്ചുവിടണം. ജില്ലാ ബാങ്കുകൾ ആവശ്യമില്ലെന്ന് എത്രയോ പ്രാവശ്യം ഈ സഭയിൽ ചർച്ച ചെയ്തിട്ടുണ്ട്. അങ്ങനെയുള്ളപ്പോഴാണ് ബഹുമാനപ്പെട്ട മന്ത്രി ജില്ലാ ബാങ്ക് പിരിച്ചുവിടുമെന്ന് പറയാൻ തന്റേടം കാണിക്കാത്തത്. എന്റെ അഭിപ്രായത്തിൽ ജില്ലാ ബാങ്കുകൾ പിരിച്ചുവിടണം. ഇവിടെ പ്രതിപക്ഷം വാക്കൗട്ട് നടത്തിയാലും ഞാൻ അതിനോട് യോജിക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി ജില്ലാ ബാങ്ക് പിരിച്ചുവിടുമെന്ന് പറയാൻ തന്റേടം കാണിക്കാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. സി. ജോർജ് സഭയിൽനിന്ന് പുറത്തുപോയി.)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അടിയന്തരപ്രമേയത്തിൽ ജില്ലാ ബാങ്കുകൾക്ക് നേരെവന്ന ഒരു അന്വേഷണത്തെക്കുറിച്ചാണ് പരാമർശിച്ചത്. എന്നാൽ അതിന്റെ ഭാഗമായി ഇവിടെ ബഹുമാന്യനായ പ്രതിപക്ഷനേതാവും മറ്റും വാക്കൗട്ട് പ്രസംഗത്തിലും അതിനുമുമ്പ് ശ്രീ. അബ്ദുൽ ഹമീദ് പി. എം.എൽ.എ.-യും കേരള ബാങ്ക് രൂപീകരണത്തെക്കുറിച്ച് പരാമർശിക്കുകയുണ്ടായി. അത് നേരത്തെ തന്നെ ഇവിടെ പ്രസ്താവിച്ച കാര്യമാണ്. സഹകരണമേഖലയെ ശക്തിപ്പെടുത്തുന്ന നീക്കമായിരിക്കും അത്. കേരളത്തിന്റെ സഹകരണ മേഖല രാജ്യത്തെ ഏറ്റവും പ്രധാനപ്പെട്ടതാണ്. പ്രത്യേകിച്ച് ക്രെഡിറ്റ് മേഖലയാണ് ഇവിടെ ഏറ്റവും ശക്തമായി നിൽക്കുന്നത്. ക്രെഡിറ്റ് മേഖലയുടെ ശക്തിക്ക് അടിസ്ഥാനം പ്രാഥമിക കാർഷിക വായ്പാ സഹകരണസംഘങ്ങളാണ്. ഇവയാണ് ഏറ്റവും വലിയ സമ്പത്ത്. കാർഷിക വായ്പാ സഹകരണ സംഘങ്ങളെ ഊന്നിക്കൊണ്ടുള്ള ഒരു ബാങ്കാണ് സംസ്ഥാന സഹകരണ ബാങ്ക്. യഥാർത്ഥത്തിൽ സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കും കാർഷിക വായ്പാ സഹകരണ സംഘങ്ങളും എന്ന

ത്രീടയർ സിസ്റ്റമാണ് ഇപ്പോൾ നിലനിൽക്കുന്നത്. ജില്ലാ ബാങ്കുകളെല്ലാംകൂടി ഒന്നിച്ചാകുമ്പോൾ കേരളത്തിലെ സംസ്ഥാന സഹകരണ ബാങ്ക് വലിയൊരു ബാങ്കായി മാറും. എസ്.ബി.ടി., എസ്.ബി.ഐ.-യിൽ ലയിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തിന്റേതന്നെ ബാങ്കായി മാറുകയാണ് ചെയ്യുന്നത്. നമ്മുടെ നാടിന്റെ വികസനത്തിന് ഏറ്റവുമധികം സഹായിക്കുന്ന ഒന്നായിരിക്കുമത്. എന്തിനാണ് അതിനെ സഹകരണ മേഖലയെ നശിപ്പിക്കുന്ന ഒന്നായി കാണുന്നതെന്ന് മനസ്സിലാകുന്നില്ല. സഹകരണ മേഖലയ്ക്ക് ഇന്നുള്ള ഒരു പ്രത്യേകതയും നഷ്ടപ്പെടാൻ പോകുന്നില്ല. അതിന്റെ മറ്റ് വിശദാംശങ്ങൾ പരിശോധനയിലിരിക്കുന്നതുകൊണ്ട് അതിലേയ്ക്ക് കടക്കുന്നത് ഔചിത്യമല്ല. അവരുടെ പരിശോധനയും റിപ്പോർട്ടുകളും വരട്ടെ. സഹകരണ മേഖലയ്ക്ക് ഒരു കുറവും ഇതുണ്ടാക്കില്ല, സഹകരണ മേഖലയ്ക്ക് ഒരു നാശവും വരുത്തില്ല. സഹകരണ മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുകയാണ് ചെയ്യുന്നത്. അതിന്റെ തലപ്പത്ത് ഏറ്റവും ഔന്നത്യമുള്ള ഒരു ബാങ്ക്; നമ്മുടെ സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ കൂടി നിറവേറ്റത്തക്കരീതിയിലുള്ള ഒരു ബാങ്ക് എന്ന നിലയ്ക്ക് ഉയർന്നുവരികയാണ് ചെയ്യുന്നത്. ആ ഭാഗം ക്ലാരിഫൈ ചെയ്യേണ്ടതുകൊണ്ടുമാത്രമാണ് ഇപ്പോൾ സംസാരിക്കേണ്ടി വന്നത്.

(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം വീണ്ടും ഹാജരായി.)

## IV ശ്രദ്ധ ക്ഷണിക്കൽ

### (1) കഞ്ചിക്കോട് റെയിൽ കോച്ച് ഫാക്ടറി

ശ്രീ. കെ. വി. വിജയദാസ്: സർ, കേന്ദ്രത്തിൽ സമ്മർദ്ദംചെലുത്തി കഞ്ചിക്കോട് റെയിൽ കോച്ച് ഫാക്ടറി സ്ഥാപിക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടുള്ള ശ്രദ്ധ ക്ഷണിക്കലാണ് ഇവിടെ അവതരിപ്പിക്കുന്നത്. മുൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി പാലക്കാട് കോട്ടമൈതാനിയിൽ ഒരു പൊതുയോഗത്തിൽ പ്രസംഗിക്കുമ്പോഴാണ് കോച്ച് ഫാക്ടറിയെ സംബന്ധിച്ച ആദ്യ പ്രഖ്യാപനമുണ്ടായത്. പിന്നീട് പഞ്ചാബ് പ്രശ്നം പരിഹരിക്കാനെന്ന പേരിൽ അത് പഞ്ചാബിലെ കപൂർത്തലയ്ക്ക് കൊടുത്ത കാഴ്ചയാണ് നാം കണ്ടത്. അതിനുശേഷം കുറേക്കാലം കോൺഗ്രസ് ഗവൺമെന്റുകൾ കോച്ച് ഫാക്ടറിയെ സംബന്ധിച്ച് ഒന്നും പറയാതിരിക്കുകയാണ് ചെയ്തത്. ഇടതുപക്ഷ പിന്തുണയോടുകൂടി അധികാരത്തിൽ വന്ന യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് റെയിൽവേ വകുപ്പുമന്ത്രി ശ്രീ. ലാലുപ്രസാദ് യാദവ്, പാലക്കാട് ഡിവിഷന്റെ ഭൂരിഭാഗം പ്രദേശങ്ങളും എടുത്തുകൊണ്ട് സേലം ഡിവിഷൻ രൂപീകരിക്കാൻ തീരുമാനമെടുത്തു. ഇടതുപക്ഷ എം.പി.-മാർ അതിനെ ശക്തമായി എതിർക്കുകയും പകരം പദ്ധതിയെന്ന നിലയിൽ റെയിൽവേ സോണും കോച്ച് ഫാക്ടറിയും ആവശ്യപ്പെടുകയും ചെയ്തു. അങ്ങനെ കഞ്ചിക്കോട് ടൗൺഷിപ്പോടുകൂടി

5,000 കോടി രൂപയുടെ ഫാക്ടറി വാഗ്ദാനം ചെയ്ത കാഴ്ചയാണ് നാം കണ്ടത്. 2008-09-ൽ റെയിൽവേ ബഡ്ജറ്റിൽ പദ്ധതി പ്രഖ്യാപിച്ചു. ഇടതുപക്ഷ എം. പി.-മാരുടെ എണ്ണം കുറയുകയും വീണ്ടും കോൺഗ്രസ് അധികാരത്തിൽ വരികയുംചെയ്ത സമയത്ത് കോച്ച് ഫാക്ടറിക്കുള്ള തുക 550 കോടി രൂപയായി വെട്ടിച്ചുരുക്കി. യു.പി.എ. ഗവൺമെന്റ് 2008-09 വർഷം പ്രഖ്യാപിച്ച മറ്റ് രണ്ട് കോച്ച് ഫാക്ടറികളാണ് പശ്ചിമബംഗാളിലെ കാഞ്ചരപ്പറയിലെയും ഉത്തർപ്രദേശിലെ റായ്ബറേലിയിലെയും ഫാക്ടറികൾ. ഇവ രണ്ടും റെയിൽവേതന്നെ നേരിട്ട് സ്ഥലമേറ്റെടുത്ത് കോച്ച് ഫാക്ടറി സ്ഥാപിച്ച് ഉത്പാദനം തുടങ്ങിക്കഴിഞ്ഞു. കേരളത്തിൽ, സംസ്ഥാന ഗവൺമെന്റ് സ്ഥലം ഏറ്റെടുത്ത് നൽകണമെന്ന് പറഞ്ഞു. എൽ.ഡി.എഫ്. ഗവൺമെന്റ് യുദ്ധകാലാടിസ്ഥാനത്തിൽ പ്രവർത്തിച്ച് 439 ഏക്കർ സ്ഥലം ഏറ്റെടുത്ത് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിനെ ഏൽപ്പിച്ചു. അപ്പോഴാണ് കോച്ച് ഫാക്ടറി നടപ്പിലാക്കാൻ പങ്കാളിയെ കണ്ടെത്തണമെന്ന് കേന്ദ്രം നിർദ്ദേശിച്ചത്. എട്ട് മന്ത്രിമാർ കേരളത്തിൽ നിന്നുണ്ടായിട്ടും പങ്കാളിയെ കണ്ടെത്താനോ ഫാക്ടറി യാഥാർത്ഥ്യമാക്കാനോ കഴിഞ്ഞ യു.പി.എ. ഗവൺമെന്റ് ഒരു ശ്രമവും നടത്തിയില്ല. ഇതിനിടയിൽ 2012 ഫെബ്രുവരി മാസം 21-ാം തീയതി കേന്ദ്ര മന്ത്രി പാലക്കാട് കോട്ടമൈതാനിയിൽ അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുടെ സാന്നിദ്ധ്യത്തിൽ കോച്ച് ഫാക്ടറിക്ക് തറക്കല്ലിട്ടു. കഞ്ചിക്കോട് സ്ഥാപിക്കേണ്ട നിർദ്ദിഷ്ട കോച്ച് ഫാക്ടറിക്ക് 15 കി.മീ. അകലെ പാലക്കാട് കോട്ടമൈതാനിയിൽ തറക്കല്ലിടുകയാണ് ചെയ്തത്. യു.പി.എ. ഗവൺമെന്റിന്റെ കാലത്തും രണ്ട് കൊല്ലമായി അധികാരം കയ്യാളുന്ന എൻ.ഡി.എ. ഗവൺമെന്റിന്റെ കാലത്തും കോച്ച് ഫാക്ടറി സ്ഥാപിക്കാൻ ഒരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. പതിനായിരം പേർക്കെങ്കിലും തൊഴിൽ ലഭിക്കാവുന്ന കഞ്ചിക്കോട് കോച്ച് ഫാക്ടറി യാഥാർത്ഥ്യമാക്കാൻ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാന്യനായ മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പാലക്കാട് റെയിൽ കോച്ച് ഫാക്ടറി പദ്ധതി 2008-09-ലെ റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതാണ്. 239 ഏക്കർ ഭൂമി റെയിൽവേയ്ക്ക് കൈമാറാൻ സർക്കാർ 28-01-2012-ൽ ഉത്തരവായതാണ്. അലൂമിനിയം കോച്ചുകൾ നിർമ്മിക്കുന്നതിനോട് സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യ ലിമിറ്റഡ് താൽപ്പര്യം പ്രകടിപ്പിച്ചിരുന്നില്ല. റെയിൽവേ ബോർഡ് അംഗീകരിക്കാത്ത സ്റ്റീൽ കോച്ചുകൾ നിർമ്മിക്കുന്ന പ്രൊപ്പോസലിനോടാണ് SAIL താൽപ്പര്യപ്പെട്ടത്. അലൂമിനിയം കോച്ചുകൾ നിർമ്മിക്കാനുള്ള പ്രൊപ്പോസൽ റെയിൽവേയ്ക്കും മെട്രോയ്ക്കുമായി ഒരു വർഷം 400 കോച്ചുകളെന്ന നിലയ്ക്ക് 4000

കോച്ചുകൾക്കുള്ള പദ്ധതിയാണുണ്ടായിരുന്നത്. SAIL താൽപ്പര്യപ്പെടാത്തതിനാൽ നാഷണൽ അലുമിനിയം കമ്പനിയുമായി (നാൽകോ) ഓഹരി പങ്കാളിത്തമുള്ള പദ്ധതിയുടെ സാധ്യതകൾ പരിശോധിക്കാൻ കേന്ദ്രമന്ത്രാലയം നിർദ്ദേശിച്ചു. പി.പി.പി. മോഡൽ പദ്ധതിക്ക് ക്യാബിനറ്റ് അംഗീകാരം നൽകിയിട്ടുണ്ടെന്ന് റെയിൽവേ അധികാരികൾ അറിയിച്ചിരുന്നു. 5-8-2016-ൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ മെഗാ പ്രോജക്ടുകളുടെ റിവ്യൂ മീറ്റിംഗിൽ പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുമെന്നും അലുമിനിയം കോച്ചുകൾ നിർമ്മിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചു കൊണ്ടിരിക്കുകയാണെന്നും റെയിൽവേ അറിയിച്ചിരുന്നു. സംസ്ഥാന സർക്കാരും ഇന്ത്യൻ റെയിൽവേയും ചേർന്ന് 51:49 എന്ന അനുപാതത്തിൽ ഓഹരി പങ്കാളിത്തത്തോടെ രൂപീകരിക്കുന്ന സംയുക്ത സംരംഭ കരാർ 1-9-2016-ൽ ഡൽഹിയിൽവച്ച് ഒപ്പുവയ്ക്കുകയുണ്ടായി. പ്രസ്തുത കരാർപ്രകാരം ഏറ്റെടുത്ത് നടത്തുന്ന 8 പദ്ധതികളിൽ പാലക്കാട് റെയിൽ കോച്ച് ഫാക്ടറിയുടെ നിർമ്മാണം ഉൾപ്പെടുത്തിയിട്ടുണ്ട്.

### (2) സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് (എസ്.പി.സി.) നേരിടുന്ന കടുത്ത പ്രതിസന്ധിയെയും അവഗണനയെയും കുറിച്ചാണ് സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. കേരളപ്പിറവി കഴിഞ്ഞ് 60 വർഷത്തിനുള്ളിൽ തന്നെ കേരളത്തിനും ഇന്ത്യയ്ക്കും മാതൃകയായ ഒട്ടനവധി പദ്ധതികൾ സർക്കാരുകൾ സൃഷ്ടിച്ചിട്ടുണ്ട്. കഴിഞ്ഞ 10 വർഷത്തെ സമീപകാല ചരിത്രം നോക്കുകയാണെങ്കിൽ അതിൽ ഏറ്റവും പ്രധാനപ്പെട്ടത്, 2010 ആഗസ്റ്റ് 2-ന് കോഴിക്കോട് ആരംഭിച്ച സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതിയാണ്. മാറിമാറി അധികാരത്തിൽവന്ന സർക്കാരുകളുടെ രാഷ്ട്രീയത്തിനതീതമായ സമ്പൂർണ്ണ പിന്തുണയും സഹായവും ഉള്ളതുകൊണ്ടാണ് ഇന്ന് രാജ്യത്തിന് മാതൃകയായി എസ്.പി.സി. പദ്ധതി നിലകൊള്ളുന്നത്. 2011-12 കാലയളവിൽ 127 എസ്.പി.സി. യൂണിറ്റുകളാണ് കേരളത്തിലുണ്ടായിരുന്നത്. 2016-ൽ അത് 530 എസ്.പി.സി. യൂണിറ്റുകളായി വർദ്ധിച്ചു. ഏകദേശം അഞ്ചിരട്ടിയായി. ഇന്ന് ആ എസ്.പി.സി. യൂണിറ്റുകളിലെല്ലാം കൂടി 41,000 കേഡറ്റുകളുണ്ട്. 2011-12 കാലയളവിൽ ടോട്ടൽ ഫണ്ട് അലോക്കേഷൻ 98 ലക്ഷം രൂപയായിരുന്നെങ്കിൽ 2016-ൽ എസ്.പി.സി. പദ്ധതിക്കുള്ള ഫണ്ട് അലോക്കേഷൻ 10.70 കോടി രൂപയാണ്. ഈ ഫണ്ട് അലോക്കേഷനും സർക്കാരിന്റെ സഹായവുംകൊണ്ടാണ് കഴിഞ്ഞ അഞ്ചാറ് വർഷം ഒട്ടനവധി നല്ല കാര്യങ്ങൾ എസ്.പി.സി.-ക്ക് ചെയ്യാൻ കഴിഞ്ഞത്. നമ്മളെല്ലാവരും നിയമസഭയിൽ വിലപിക്കുന്നത് പൊതുവിദ്യാഭ്യാസത്തിന്റെ തകർച്ചയെക്കുറിച്ചാണ്. ഒരു പരിധി വരെ പൊതുവിദ്യാഭ്യാസ രംഗത്ത് മാറ്റങ്ങളുണ്ടാക്കാൻ കഴിഞ്ഞത് എസ്.പി.സി.-ക്കാണ്. സർക്കാർ സ്കൂളുകളിൽ 8-ാം ക്ലാസിലും 9-ാം ക്ലാസിലും എൻറോൾമെന്റ് ഉൾപ്പെടെ

മികച്ച വിദ്യാഭ്യാസം നൽകുവാൻ എസ്.പി.സി.-യിലൂടെ സാധിക്കുന്നുണ്ട്. അതോടൊപ്പം, മദ്യം, മയക്കുമരുന്ന് തുടങ്ങിയ വിപത്തുകളിൽനിന്നും കുട്ടികളെ മോചിപ്പിക്കാനും അതിനെതിരെയുള്ള ബോധവൽക്കരണം നടത്താനും എസ്.പി.സി.-യിലൂടെ കഴിയുന്നുണ്ട്. ഉദാഹരണത്തിന്, എന്റെ മണ്ഡലത്തിലെ വിതുര ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ ഉൾപ്പെടെ കേരളത്തിലെ 22 എസ്.പി.സി. യൂണിറ്റുകൾ ലഹരിക്കെതിരെ ഷോർട്ട് ഫിലിമുകളും മറ്റ് പദ്ധതികളും നടത്തിയത് നമ്മളെല്ലാവരും കണ്ടതാണ്. കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയിൽ പതിനായിരത്തിൽ കൂടുതൽ എസ്.പി.സി. വിദ്യാർത്ഥികൾ എല്ലാ വിഷയവും പാസ്സായിട്ടുണ്ട്. അതിൽ 1734 എസ്.പി.സി. വിദ്യാർത്ഥികൾക്ക് ഫുൾ 'എ' പ്ലസ് ലഭിച്ചിട്ടുണ്ട്. ഇതിലെ കുട്ടികളൊക്കെ എന്റെ മണ്ഡലത്തിലെ മലയോര മേഖലയുൾപ്പെടെയുള്ള സ്ഥലങ്ങളിലുള്ളവരാണ്. ജൂലൈ 26-ന് സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ Perspective Planning Division സ്റ്റുഡന്റ്സ് പോലീസ് കേഡറ്റിനെക്കുറിച്ച് തയ്യാറാക്കിയ ഒരു ഇവാല്യുവേഷൻ റിപ്പോർട്ടുണ്ട്. ആ റിപ്പോർട്ടിൽ പറയുന്നത്, എസ്.പി.സി. കേഡറ്റുകളുടെ വ്യക്തിജീവിതത്തിലും സാമൂഹിക പ്രതിബദ്ധതയിലും വിദ്യാഭ്യാസ നിലവാരത്തിലുമൊക്കെ ഈ പദ്ധതിയിലൂടെ ഗുണങ്ങളുണ്ടായി എന്നുള്ളതാണ്. എന്നാൽ കഴിഞ്ഞ ആറുമാസം കൊണ്ട് എസ്.പി.സി. പദ്ധതി കടുത്ത അവഗണനയിലാണ്. 10.7 കോടി രൂപയാണ് ബഡ്ജറ്റ് വിഹിതമായി സർക്കാർ നൽകിയിട്ടുള്ളത്. കഴിഞ്ഞ ആറുമാസമായി ഇതിൽനിന്ന് ഒരു രൂപ പോലും എസ്.പി.സി. പദ്ധതിക്കുവേണ്ടി ഒരു സ്കൂളിലും എത്തിയിട്ടില്ല. ഇന്ന് എസ്.പി.സി. പദ്ധതി വെന്റിലേറ്ററിലാകാതിരിക്കാനുള്ള പ്രധാന കാരണം, സ്കൂളുകളിലെ എസ്.പി.സി. അധ്യാപകരും വിദ്യാർത്ഥികളും രക്ഷകർത്താക്കളും പി.ടി.എ.-യും സ്വന്തം കയ്യിൽനിന്ന് പണം കൊടുക്കുന്നതുകൊണ്ടാണ് ഈ പദ്ധതി ഓക്സിജൻ കിട്ടി മുന്നോട്ടുപോകുന്നത്. അടുത്തകാലത്ത് എസ്.പി.സി.-ക്ക് കമ്മിറ്റിയാണ് നേതൃത്വം നൽകുന്നത്. കമ്മിറ്റി വന്നതിനുശേഷം ഒരു മീറ്റിംഗ് കൂടുകയോ എസ്.പി.സി.-യുടെ ആക്റ്റിവിറ്റി കലണ്ടറിലുള്ള പദ്ധതികൾ നടപ്പാക്കുകയോ ചെയ്യുന്നില്ല. ഇതിനൊക്കെ പ്രധാനപ്പെട്ട കാരണമായി മനസ്സിലാക്കുന്നത്, ആഭ്യന്തര വകുപ്പിലെ ഉദ്യോഗസ്ഥതലത്തിലുള്ള പ്രശ്നങ്ങളാണ്. പത്ത് കോടി രൂപയുടെ അമ്പത് ശതമാനം വകമാറ്റി ചെലവാക്കാൻ തീരുമാനിച്ചിരിക്കുന്നു. ഇക്കാര്യത്തിൽ അങ്ങ് ശക്തമായ തീരുമാനമെടുക്കുകയാണെങ്കിൽ തീർച്ചയായും ഈ പദ്ധതി റൈറ്റ് ട്രാക്കിലേയ്ക്ക് കൊണ്ടുവരാൻ സാധിക്കും. എസ്.പി.സി. പദ്ധതിയെക്കുറിച്ച് കുട്ടികളുടെ പ്രിയങ്കരനായ അന്തരിച്ച മുൻ രാഷ്ട്രപതി ഡോ. എ.പി.ജെ. അബ്ദുൾകലാം പറഞ്ഞ കാര്യങ്ങൾ സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്താം. അദ്ദേഹം പറഞ്ഞത്, India needs disciplined societies, disciplined societies leads to societal tolerance, societal peace, societal commitment to green rooms and above all for a happy family. അദ്ദേഹം വിശ്വസിച്ചതുപോലെ നല്ല കുടുംബമുണ്ടാക്കാൻ, എത്രയും

പെട്ടെന്ന് ഉദ്യോഗസ്ഥതല പ്രശ്നങ്ങൾ മാറ്റിനിർത്തി എസ്.പി.സി. പദ്ധതിയെ റൈറ്റ് ട്രാക്കിലേയ്ക്ക് കൊണ്ടുവരാനുള്ള ശക്തമായ തീരുമാനമെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ആരംഭിച്ചതാണ്. കാലാനുസൃതമായ മാറ്റങ്ങളോടെ കൂടുതൽ ഇടങ്ങളിലേയ്ക്ക് വ്യാപിപ്പിച്ച് കേരള സർക്കാരിന്റെ അഭിമാന പദ്ധതിയായി ഇത് മാറിയിട്ടുണ്ട്. സാമൂഹിക പ്രതിബദ്ധതയും പൗരബോധവും സേവന സന്നദ്ധതയുമുള്ള ഒരു യുവജനതയെ വാർത്തെടുക്കുന്നതോടൊപ്പം നമ്മുടെ ഭരണഘടനയെയും നിയമത്തെയും ബഹുമാനിക്കുന്ന ഉത്തമ നീതിബോധമുള്ള തലമുറയെയാണ് ഇതുവഴി ലക്ഷ്യമിടുന്നത്. അവർക്കിടയിൽ സമത്വബോധവും മതേതര വീക്ഷണവും നിരീക്ഷണപാടവവും നേതൃത്വശേഷിയും സാഹസിക മനോഭാവവും വളർത്തിയെടുക്കാൻ ഈ പദ്ധതി ഉതകുന്നതാണെന്ന് ഏവരും അംഗീകരിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്കിടയിൽ വ്യാപകമാകുന്ന മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗവും ഇന്റർനെറ്റിന്റെയും മൊബൈൽ ഫോണിന്റെയും ദുരുപയോഗവും ഒരു പരിധിവരെ തടയുന്നതിന് കൂട്ടായ പ്രവർത്തനത്തിലൂടെ കഴിയുമെന്ന് ഈ പദ്ധതി തെളിയിച്ചിട്ടുണ്ട്. 29-5-2010-ലെ സർക്കാർ ഉത്തരവ് പ്രകാരം തെരഞ്ഞെടുത്ത ഹൈസ്കൂൾ, ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാലയങ്ങളിൽ നടപ്പിലാക്കിയ ഈ പദ്ധതി ആഭ്യന്തരം, വിദ്യാഭ്യാസം എന്നീ വകുപ്പുകളുടെ നിയന്ത്രണത്തിലും മോട്ടോർ വാഹനം, തദ്ദേശസ്വയംഭരണം, വനം, ഫയർ ആന്റ് റസ്ക്യൂ, എക്സൈസ്, കായിക യുവജന ക്ഷേമം എന്നീ വകുപ്പുകളുടെ സഹകരണത്തോടുംകൂടിയാണ് നടപ്പാക്കുന്നത്. കേഡറ്റുകളുടെ സർവ്വതോന്മുഖമായ വികാസത്തെ മുൻനിർത്തി പ്രത്യേകം തയ്യാറാക്കിയ ആക്ടിവിറ്റി കലണ്ടർ, ഇൻഡോർ മാനുവൽ, ഔട്ട് ഡോർ മാനുവൽ എന്നിവ പ്രകാരം വിവിധ പരിശീലന പ്രവർത്തനങ്ങളും വിവിധ ശാസ്ത്ര-സാമൂഹിക-സാങ്കേതിക വിഷയങ്ങളിലെ പ്രഗത്ഭരുടെ ക്ലാസ്സുകളും ക്യാമ്പുകളും മറ്റും ഇതുമായി ബന്ധപ്പെട്ട് നടത്തിവരുന്നുണ്ട്.

പോലീസ് വകുപ്പിന്റെ ഓർഗനൈസേഷൻ സ്കീമിൽ ഉൾപ്പെടുത്തിയാണ് സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി നടത്തിപ്പിനുള്ള സർക്കാർ ധനസഹായം നൽകുന്നത്. നടപ്പുസാമ്പത്തികവർഷം ഇതിനായി 10,70,00,000 രൂപ വകയിരുത്തിയിട്ടുണ്ട്. ഈ തുക മുഴുവൻ ചെലവഴിക്കുന്നതാണ്. അതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാൻ സംസ്ഥാന പോലീസ് മേധാവിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിൽ 526 സ്കൂളുകളിലായി 41428 വിദ്യാർത്ഥികൾ കേഡറ്റുകളായും 1100-ഓളം അദ്ധ്യാപകർ

കമ്മ്യൂണിറ്റി ഹെൽത്ത് പോലീസ് ഓഫീസർമാരായും 1100-ഓളം പോലീസ് ഓഫീസർമാർ ഡ്രിൽ ഇൻസ്ട്രക്ടർമാരായും പ്രവർത്തിക്കുന്നു. പ്രസ്തുത പദ്ധതി ജില്ലാ-സംസ്ഥാനതല ഉപദേശക സമിതിയുടെ ശിപാർശപ്രകാരം സാദ്ധ്യത വിലയിരുത്തി കൂടുതൽ വിദ്യാലയങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്ന കാര്യവും സർക്കാർ പരിഗണിച്ചു വരികയാണ്. നിലവിൽ പദ്ധതി നടപ്പിലാക്കിയിട്ടുള്ള വിദ്യാലയങ്ങളിൽ 2016 അദ്ധ്യയന വർഷംമുതൽ പരിശീലന പരിപാടികൾ ആരംഭിച്ചിട്ടുണ്ട്. പദ്ധതിയുടെ സംസ്ഥാനതല ഉപദേശക സമിതി ചെയർമാൻ കൂടിയായ സംസ്ഥാന പോലീസ് മേധാവി ഈ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട വിഷയങ്ങൾ അവലോകനം ചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, ഇതിനുള്ള ഫണ്ട് അലോക്കേഷൻ പെട്ടെന്ന് പൂർത്തീകരിക്കുമെന്ന് പറഞ്ഞതിന് നന്ദി. 10,70,00,000 രൂപ ചെലവാക്കുകയാണെങ്കിൽ ഒരു കുട്ടിക്ക് 3,543 രൂപ എന്ന അനുപാതത്തിലാണ് ഫണ്ട് നൽകുന്നത്. പക്ഷേ കൂടുതൽ സ്കൂളുകൾ ഇതിൽ എൻറോൾ ചെയ്യുമ്പോൾ കൂടുതൽ ഫണ്ടിന്റെ ലഭ്യത ആവശ്യമുണ്ട്. കൂടുതൽ സർക്കാർ സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും എസ്.പി.സി. പദ്ധതി വ്യാപിപ്പിക്കുമോ; അങ്ങനെ വ്യാപിപ്പിക്കുകയാണെങ്കിൽ വരാൻ പോകുന്ന ബഡ്ജറ്റിൽ കൂടുതൽ ഫണ്ട് അലോക്കേഷൻ നടത്താനുള്ള നിർദ്ദേശം നൽകുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഫണ്ടിന്റെ അപര്യാപ്തത കൊണ്ടുമാത്രം ഇത്തരമൊരു പദ്ധതി ഒരിക്കലും മുടങ്ങിപ്പോകാറില്ല. അത് ആ ഘട്ടത്തിൽ ആലോചിക്കാവുന്നതാണ്.

## V സബ്മിഷൻ

### (1) ബൈപ്പാസുകളുടെ നിർമ്മാണം

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കൊല്ലം, ആലപ്പുഴ ബൈപ്പാസുകളുടെ പ്രവർത്തനം മന്ദഗതിയിൽ മുന്നോട്ടുപോകുന്നു എന്നുള്ളതാണ് എന്റെ സബ്മിഷൻ. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റുമായി ചർച്ചചെയ്ത് 50:50 എന്ന നിലയിൽ കോസ്റ്റ് ഷെയറിംഗ് നടത്തി ബൈപ്പാസുകളുടെ പണി പൂർത്തിയാക്കാനാണ് വിഭാവന ചെയ്തിട്ടുള്ളത്. ഇപ്പോഴത്തെ എം.പി. ശ്രീ. കെ.സി. വേണുഗോപാലും മുൻ എം.പി. ശ്രീ. എൻ. പീതാംബര കുറുപ്പും ഇതിനുവേണ്ടി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തിയത് ഞാൻ ഓർക്കുകയാണ്. ബഹുമാന്യനായ മന്ത്രിയുടെ നിയോജകമണ്ഡലംകൂടി ഉൾപ്പെടുന്നതാണ് ആലപ്പുഴ ബൈപ്പാസ്. ഇത് ആലപ്പുഴയുടേയോ കൊല്ലത്തിന്റേയോ പ്രശ്നമല്ല,

കേരളത്തിന്റെ പ്രശ്നമാണ്. കാരണം കൊല്ലം, ആലപ്പുഴ ജില്ലകളിലൂടെ കടന്നു വേണം തിരുവനന്തപുരത്തേയ്ക്കും എറണാകുളത്തേയ്ക്കും പോകാൻ. ഈ രണ്ട് ബൈപ്പാസുകളുടെയും പ്രവർത്തനങ്ങൾ ഇഴഞ്ഞുനീങ്ങുന്നു എന്നതാണ് യാഥാർത്ഥ്യം. കൊല്ലം ബൈപ്പാസിന്റെ പണി ഏതാണ്ട് പൂർണ്ണമായും നിലച്ചിരിക്കുകയാണ്. ഈ രണ്ട് ബൈപ്പാസുകളുടെയും പണിക്ക് നാല് പതിറ്റാണ്ട് പഴക്കമുണ്ട്. 1971-ൽ ടി. കെ. ദിവാകരൻ പൊതുമരാമത്ത് വകുപ്പുമന്ത്രിയായിരിക്കുമ്പോഴാണ് കൊല്ലം ബൈപ്പാസ് എന്ന ആശയം ഉദിക്കുന്നത്. 1972-ൽ കൊല്ലം ബൈപ്പാസിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് പ്രൊപ്പോസൽ അയച്ചു. ശ്രീ. കെ. പി. ഉണ്ണികൃഷ്ണൻ ഉപരിതല ഗതാഗത വകുപ്പുമന്ത്രിയായിരുന്ന സമയത്ത് അദ്ദേഹം ഇത് സാങ്ഷൻ ചെയ്തു. 1978-ൽ സ്ഥലമെടുപ്പ് പൂർത്തിയായി. ഓരോ കാരണങ്ങൾ പറഞ്ഞ് മുടങ്ങിപ്പോയപ്പോഴാണ് സംസ്ഥാന യു.ഡി.എഫ്. സർക്കാർ കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് 50:50 എന്ന നിലയിലുള്ള ഒരു അറേഞ്ച്മെന്റുണ്ടാക്കി കോസ്റ്റ് ഷെയറിംഗ് നടത്താൻ തീരുമാനിച്ചത്. കളർകോട് മുതൽ കൊമ്മാടി വരെ 6.8 കി.മീ. നീളത്തിലുള്ള ആലപ്പുഴ ബൈപ്പാസ് 348 കോടി രൂപയ്ക്കാണ് കേന്ദ്ര സർക്കാരിന്റെ പങ്കാളിത്തത്തോടെ നിർമ്മിക്കുന്നത്. യുദ്ധകാലാടിസ്ഥാനത്തിൽ ഇതിന്റെ പണി മുന്നോട്ടുപോകേണ്ടതാണ്. കമ്പി കൊണ്ടുവരുമ്പോൾ ആലപ്പുഴയിൽ തൊഴിലാളികൾ പ്രശ്നമുണ്ടാക്കുന്നു. വലിയ കമ്പിയാണ് കൊണ്ടുവരുന്നത്. ഇത് ഇറക്കണമെങ്കിൽ മെഷീൻ വേണം. അതുകൊണ്ട് തൊഴിലാളികൾ നോക്കുകൂലി ആവശ്യപ്പെടുന്നു. എല്ലാ തൊഴിലാളി സംഘടനകളും ചേർന്ന് ബഹളമുണ്ടാക്കിയതിനെ തുടർന്ന് പണി നിലച്ചപ്പോൾ ജില്ലാ കളക്ടർ യോഗം വിളിച്ച് ഇപ്പോൾ പണി ആരംഭിച്ചിട്ടുണ്ട്. പണിയുടെ വേഗത പോരെന്നുള്ള പരാതിയാണ് പൊതുജനങ്ങളിലൂടെയും മാധ്യമങ്ങളിലൂടെയും പുറത്തുവരുന്നത്. കൊല്ലം ജില്ലാ ഭരണകൂടത്തിന്റെ നിഷ്ക്രിയത്വമാണ് കൊല്ലം ബൈപ്പാസിന്റെ പണി പൂർണ്ണമായും നിലയ്ക്കാൻ കാരണം. കൊട്ടാരക്കര നവോദയ വിദ്യാലയത്തിന് സ്റ്റേഡിയം നിർമ്മിക്കുന്നതിനുവേണ്ടി അവിടെനിന്നും മണ്ണെടുത്ത് കൊല്ലം ബൈപ്പാസിന്റെ പണിക്ക് ഉപയോഗിക്കണമെന്നാണ് പറയുന്നത്. സോഷ്യൽ ഫോറസ്റ്റുകാർ മരങ്ങൾ മുറിക്കാൻ സമ്മതിക്കുന്നില്ല. ഇങ്ങനെയുള്ള പ്രശ്നങ്ങളാണ് അവിടെയുള്ളത്. കാവനാട് മുതൽ കല്ലുംതാഴം വരെ 8.30 കി.മീ. ദൂരത്തിൽ പുതിയ റോഡ് നിർമ്മിക്കുകയും മേവറം മുതൽ കല്ലുംതാഴം വരെ നാലര കിലോമീറ്റർ ദൂരത്തിൽ റോഡ് വിപുലീകരിക്കുകയുമാണ് വേണ്ടത്. ഈ രീതിയിൽ മുന്നോട്ടുപോയാൽ നിശ്ചിത സമയത്തിനുള്ളിൽ ഈ രണ്ട് ബൈപ്പാസുകളും പൂർത്തീകരിക്കുകയില്ല. ഇത് ബഹുമാനപ്പെട്ട മന്ത്രിക്കും കേരളത്തിനും താല്പര്യമുള്ളതാണ്. അടിയന്തരമായി ഈ പണി പൂർത്തിയാക്കാൻ സർക്കാർ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ദേശീയപാത നാലുവരിയാക്കാനുള്ള മഹത്തായ സംരംഭത്തിൽ തീരേണ്ട കൊല്ലം, ആലപ്പുഴ ബൈപ്പാസുകളെക്കുറിച്ചാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ ഉന്നയിച്ചത്. ദേശീയപാത 47 കടന്നുപോകുന്ന ആലപ്പുഴ, കൊല്ലം പട്ടണങ്ങളിലെ ഗതാഗതക്കുരുക്ക് വളരെ വലുതായതിനാലാണ് ദേശീയപാതയിലുള്ള ഈ ഭാഗങ്ങളിൽ ബൈപ്പാസുകൾ നിർമ്മിക്കാൻ തീരുമാനിച്ചത്. 30 വർഷങ്ങൾക്കുമുമ്പുതന്നെ 45 മീറ്റർ വീതിയിൽ സ്ഥലമെടുത്ത് കൊടുത്തെങ്കിലും സംസ്ഥാനത്തെ മറ്റ് സ്ഥലങ്ങളിൽ സ്ഥലമെടുപ്പ് പൂർത്തിയായില്ലെന്നുപറഞ്ഞ് കൊല്ലം, ആലപ്പുഴ ബൈപ്പാസുകളുടെ വർക്ക് എൻ.എച്ച്.എ.ഐ. നീട്ടിവയ്ക്കുകയായിരുന്നു. എൻ.എച്ച്. ഡെവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി അവരുടെ ഫണ്ട് ഉപയോഗിച്ച് ചെയ്യാൻ അവർ തയ്യാറായില്ല. തുടർന്ന് പൊതുജനതാല്പര്യം കണക്കിലെടുത്ത് സംസ്ഥാന ഗവൺമെന്റ് രണ്ട് ബൈപ്പാസുകളെയും ദേശീയപാതാ വികസന പദ്ധതിയിൽനിന്നും വേർപെടുത്തി സ്റ്റാന്റ് എലോൺ ആയി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തിൽ, സംസ്ഥാനം 50 ശതമാനം കേന്ദ്ര ഗവൺമെന്റ് 50 ശതമാനം എന്ന അടിസ്ഥാനത്തിൽ പേവ്ഡ് ഷോൾഡറോടുകൂടിയ പാലം നിർമ്മിക്കാൻ തീരുമാനിച്ചു. അതിന് കേന്ദ്ര ഗവൺമെന്റ് അനുമതി നൽകി. അതനുസരിച്ചുള്ള പ്രവൃത്തികളാണ് നടന്നുവരുന്നത്. കാവനാട് തുടങ്ങി മേവറത്ത് അവസാനിക്കുന്ന 13 കി.മീ. ദൈർഘ്യമാണ് കൊല്ലം ബൈപ്പാസിനുള്ളത്. മൂന്ന് പ്രധാന പാലങ്ങൾ ഉൾപ്പെടെ രണ്ടുവരിപ്പാതയായി വികസിപ്പിക്കും. 352.05 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി. EPC(engineering, procurement and construction) വ്യവസ്ഥയിൽ നിർമ്മാണത്തിനായി RDC (Random DotCinematogram), CVCC (Central Virginea Community College), JV (Kochi) എന്ന സ്ഥാപനവുമായി 11-2-2015-ൽ കരാറിൽ ഒപ്പുവച്ചു. 27-5-2015-ൽ പ്രവൃത്തി ആരംഭിച്ചു. 30 മാസത്തെ കാലാവധിയാണ്. 2017 നവംബർ 25-നാണ് പണി പൂർത്തിയാക്കേണ്ടത്. ഇപ്പോൾ 41 ശതമാനം പുരോഗതി നേടി. കരാർപ്രകാരമുള്ള ഏകദേശ പുരോഗതി കൈവരിച്ചിട്ടുണ്ടെങ്കിലും മണ്ണ് കിട്ടുന്നതിന് പ്രയാസമാണ്. അതുകാരണം രണ്ട് മാസമായി നിർമ്മാണം കാര്യമായി തടസ്സപ്പെട്ടിരിക്കുകയാണ്. കഴിഞ്ഞ ഒക്ടോബർ മാസം 31-ന് പൊതുമരാമത്ത് വകുപ്പുമന്ത്രിയെന്ന നിലയിൽ എന്റെ അദ്ധ്യക്ഷതയിൽ അവിടെ യോഗം വിളിച്ചു കൂട്ടുകയും സ്ഥലം എം.എൽ.എ. ശ്രീ. എം. മുകേഷ് അടക്കമുള്ളവർ അതിൽ പങ്കെടുക്കുകയും ചെയ്തു. പക്ഷേ ജില്ലാ കളക്ടർ വന്നില്ല. അദ്ദേഹം എ.ഡി.എം.-നേയും വിട്ടില്ല. ഒരു ജോയിന്റ് ഡെപ്യൂട്ടി കളക്ടറെയാണ് വിട്ടത്. കളക്ടറുടെ ഈ സമീപനം പണി താമസിക്കുന്നതിന് കാരണമാണ്. കളക്ടറാണ് മണ്ണെടുക്കാനുള്ള ഏർപ്പാട് ചെയ്യേണ്ടത്. അതിലുള്ള അസംതൃപ്തി അവരെ അറിയിച്ചിട്ടുണ്ട്. അവർ അത് ശരിയായി ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്. ജില്ലാ ഭരണകൂടവുമായി ബന്ധപ്പെട്ട് എം.എൽ.എ.-യും പി.ഡബ്ല്യു.ഡി. അധികാരികളും കളക്ടറുമായി ബന്ധപ്പെട്ട് ഇത് മുന്നോട്ട് കൊണ്ടുപോകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

കൊമ്മാടി മുതൽ കളർകോട് വരെയുള്ള 6.8 കി.മീറ്ററാണ് ആലപ്പുഴ ബൈപ്പാസ്. 3.2 മീറ്റർ എലിവേറ്റഡ് ഹൈവേ ഉൾപ്പെടെ പേവ്ഡ് ഷോൾഡറോടു കൂടിയ രണ്ടുവരിപ്പാതയായാണ് നിർമ്മിക്കുന്നത്. 348.43 കോടി രൂപയ്ക്കാണ് ഭരണാനുമതി നൽകിയിരിക്കുന്നത്. 274.4 കോടി രൂപയ്ക്കാണ് കരാർ ഉറപ്പിച്ചിട്ടുള്ളത്. കൊല്ലം ബൈപ്പാസിന്റെ പണി ഏറ്റെടുത്ത കൊച്ചിയിലെ സ്ഥാപനമാണ് ആലപ്പുഴ ബൈപ്പാസും ചെയ്യുന്നത്. രണ്ട് പങ്കാളികളാണുള്ളത്. 16-3-2015-ൽ പ്രവൃത്തി ആരംഭിച്ചു. കരാർപ്രകാരം 14-9-2017-ൽ പണി പൂർത്തീകരിക്കണം. പ്രദേശികമായി തൊഴിലാളി പ്രശ്നങ്ങളുണ്ടായ കാര്യം അങ്ങ് ഇവിടെ പറയുകയുണ്ടായി. അവിടെ ഒരു ആൽമരം നിൽപ്പുണ്ട്. അത് മാറ്റാൻ പാടില്ലെന്ന് കുറേ ആളുകൾ പറയുന്നു. കളക്ടർ ഇടപെട്ട് അത് പരിഹരിക്കേണ്ടതാണ്. അതിനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. നിലവിൽ 30 ശതമാനം പുരോഗതി കൈവരിച്ചിട്ടുണ്ട്. കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കാനാവശ്യമായ പ്രോഗ്രാം രണ്ട് സ്ഥലത്തും തയ്യാറാക്കുകയാണ്. അടിയന്തരമായി കളക്ടർ ഇടപെട്ട് കൊല്ലത്ത് മണ്ണ് എത്തിക്കുന്ന കാര്യം പരിഹരിക്കേണ്ടതായിട്ടുണ്ട്. പദ്ധതിയുടെ അവലോകനത്തിനായി പൊതുമരാമത്ത് വകുപ്പുമന്ത്രി ചെയർമാനും ചീഫ് എഞ്ചിനീയർ കൺവീനറും ധനകാര്യ വകുപ്പുമന്ത്രി, സ്ഥലം ലോക് സഭാ മെമ്പർ എന്നിവർ ഉൾപ്പെട്ട ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റി യോഗംചേർന്ന് പദ്ധതിയുടെ പുരോഗതി വിലയിരുത്തി സമയബന്ധിതമായി വർക്ക് പൂർത്തിയാക്കാനുള്ള നടപടികളാണ് നടത്തി വരുന്നത്.

## (2) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണ വ്യവസ്ഥ

<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ</u>: സർ, കേരളത്തിന്റെ സ്വപ്നപദ്ധതിയായ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ അദാനി ഗ്രൂപ്പിന് പി.പി.പി. പ്രോജക്ടായി നൽകിയിരുന്നു. അന്നുതന്നെ പ്രതിപക്ഷം നിയമസഭയിലും പുറത്തും ഇതുമായി ബന്ധപ്പെട്ട കരാറിലെ വ്യവസ്ഥകൾ സംബന്ധിച്ച് അഴിമതി ഉന്നയിച്ചിരുന്നു. എൽ.ഡി.എഫ്. സർക്കാർ നടപ്പിലാക്കാൻ തീരുമാനിച്ച 'ലാൻഡ് ലോർഡ് പോർട്ട് മോഡൽ' എന്ന സംവിധാനം അട്ടിമറിച്ചുകൊണ്ടാണ് ഇപ്പോൾ നടപ്പിലാക്കിയിരിക്കുന്നത്. ഇപ്പോൾ പി.പി.പി. പ്രോജക്ടാണോ ലാൻഡ് ലോർഡ് പ്രോജക്ടാണോ എന്ന് വ്യക്തമായി വ്യവസ്ഥ ചെയ്തിട്ടില്ലെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ഇക്കാര്യം തെളിയിക്കുന്നതാണ് കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ടിലൂടെ പുറത്തുവന്നിരിക്കുന്നത്. പ്രസ്തുത റിപ്പോർട്ടിൽ കേരള സർക്കാർ നാളിതുവരെ പി.പി.പി. പോളിസി അംഗീകരിച്ചിട്ടില്ലെന്നാണ് പറഞ്ഞിരിക്കുന്നത്. ആകെ 7,525 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഈ മെഗാ പ്രോജക്ടിന്റെ 67 ശതമാനമായ 5,071 കോടി രൂപ കേരള സർക്കാർ ഖജനാവിൽ നിന്നാണ്

ചെലവഴിച്ചിരിക്കുന്നത്. അദാനിയാകട്ടെ വെറും 33 ശതമാനമായ 2,454 കോടി രൂപ മാത്രമാണ് ചെലവഴിച്ചത്. ഈ വ്യവസ്ഥ അനുസരിച്ച് 16 കൊല്ലംവരെ കേരള സർക്കാരിന് ഒരു വരുമാനവുമില്ല. 16 വർഷത്തിനുശേഷം ഒരു ശതമാനം വച്ച് 10 വർഷംകൊണ്ട് 10 ശതമാനംവരെ വരുമാനം ലഭിക്കുമെന്നാണ് കണക്ക്. 40 വർഷം കഴിയുമ്പോൾ ആകെ വരുമാനം 14,46,053 കോടി രൂപയാണ്. ഇതിൽ 13,27,005 കോടി രൂപ അദാനിക്കും 13,948 കോടി രൂപ കേരളത്തിനും വരുമാനം ലഭിക്കുമെന്നാണ് കണക്ക്. ഇത് കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ തയ്യാറാക്കിയ കണക്കാണ്. ഇതാണ് 'വിഴിഞ്ഞം തുറമുഖം യു.ഡി.എഫ് അദാനിക്ക് ചില്ലിക്കാശിനുവിറ്റ്' എന്നുപറയാൻ കാരണം. 1,463 കോടി രൂപയാണ് പുലിമുട്ട് നിർമ്മാണത്തിനുവേണ്ടി വകയിരുത്തിയിരിക്കുന്നത്. ഇത് സംസ്ഥാന സർക്കാർ നേരിട്ട് ഇ.പി.സി. കോൺട്രാക്ട് വഴി നടപ്പിലാക്കാനാണ് തീരുമാനിച്ചിരുന്നത്. ഇതിനുവേണ്ടി യു.ഡി.എഫ്. സർക്കാർ 5 കോടി രൂപ ചെലവാക്കി ടെൻഡർ നടപടികൾ പൂർത്തീകരിച്ചതാണ്. എന്നാൽ മുൻമുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയും തുറമുഖ വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവും ചേർന്ന് ടെൻഡർ ഒഴിവാക്കിക്കൊണ്ട് അദാനിയെ ഏല്പിക്കുകയായിരുന്നു. ഈ തെറ്റായ നടപടിയും എ.ജി. ചൂണ്ടിക്കാട്ടിയിരുന്നു. മുൻമുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയും കൂട്ടരും 'ലാസ്റ്റ് ബസ്സാണ് ഇത്' എന്ന് ബഹളംകൂട്ടി 'കുളച്ചൽ' എന്ന ഭൂതത്തെകാട്ടി ഭയപ്പെടുത്തി കേരളജനതയെ*** അദാനിക്ക് വിഴിഞ്ഞം തുറമുഖം തീറെഴുതി നൽകുകയാണ് ചെയ്തത്. കഴിഞ്ഞ തെരഞ്ഞെടുപ്പ് കാലഘട്ടത്തിൽ ഈ കൊള്ള ജനങ്ങളുടെ മുന്നിൽ തുറന്നുകാട്ടുമെന്ന്....(ബഹളം).... എൽ.ഡി.എഫ്. പ്രഖ്യാപിക്കുകയും പ്രചരണം നടത്തുകയും ചെയ്തിരുന്ന വിഷയമാണ്. ....(ബഹളം).... ഉന്നയിക്കപ്പെട്ട ആരോപണങ്ങളിൽ കഴമ്പുണ്ടെന്ന വ്യക്തമായ സൂചനയാണ് എ.ജി.-യുടെ കണ്ടെത്തൽ പുറത്തുവന്നതോടുകൂടി മനസ്സിലാക്കാൻ കഴിഞ്ഞത്. ഈ സാഹചര്യത്തിൽ അന്ന് ഈ കൊള്ളയ്ക്ക് കൂട്ടുനിന്ന ഉദ്യോഗസ്ഥരെ മാറ്റിനിർത്തി കൊണ്ട് സമഗ്രമായ അന്വേഷണം നടത്തണമെന്നും ഇതിന്റെ സൂത്രധാരന്മാരായ രാഷ്ട്രീയനേതാക്കൾ ഉൾപ്പെടെയുള്ളവരെ നിയമത്തിനുമുന്നിൽ കൊണ്ടുവരണമെന്നും ഞാൻ ശക്തിയായി ആവശ്യപ്പെടുകയാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : സർ, പോയിന്റ് ഓഫ് ഓർഡർ. ശ്രീ. ഉമ്മൻ ചാണ്ടി ഉൾപ്പെടെയുള്ള ആളുകൾ*** എന്നുള്ള നിലയിൽ ഒരു ദുസ്സൂചന ബഹുമാന്യനായ മുൻമുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഉന്നയിച്ചത് ഓർഡറിലല്ല. അത് സഭാരേഖയിൽനിന്ന് നീക്കം ചെയ്യണം.*** അത് വസ്തുതാപരമായ തെറ്റാണ്. അങ്ങനെ യാതൊരു കാര്യവും ഇവിടെയുണ്ടായിട്ടില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ

*** ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ (ഫയൽ നമ്പർ 5059/EB/2016/നിസെ. തീയതി 9-11-2016) ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം (ഫയൽ നം.5059/EB/2016/നിസെ. തീയതി 9-11-2016) നിലനിർത്താൻ തീരുമാനിച്ചു.(2).

കാലത്ത് 'കേരളത്തിന്റെ സ്വപ്നപദ്ധതി' എന്ന നിലയിലാണ് വിഴിഞ്ഞം പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചത്. അന്ന് എല്ലാവരും ഇതിനെ അനുകൂലിച്ചതാണ്. അന്ന് അദാനി ഇവരെയൊക്കെ കണ്ടതാണ്. ആ സമയത്ത് ഒരു അഭിപ്രായ വ്യത്യാസം പറയാതെ ഇപ്പോൾ ഇത് പറയുന്നത് ഓർഡറിലാണോ എന്ന് അങ്ങ് പരിശോധിക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: അത് പരിശോധിക്കാം.*** ഡിസ്കഷനില്ല.

ശ്രീ. സി. കെ. നാണു: സർ, എൽ.ഡി.എഫ് അതിന് കൂട്ടുനിന്നു എന്നു പറഞ്ഞത് ശരിയല്ല. ....(ബഹളം)....

ശ്രീ. എം. വിൻസെന്റ്: സർ, പോയിന്റ് ഓഫ് ഓർഡർ. സി & എ.ജി.-യുടെ റിപ്പോർട്ട് കരട് റിപ്പോർട്ടാണെന്നും അത് കോൺഫിഡൻഷ്യലായി സൂക്ഷിക്കണമെന്നും ബഹുമാനപ്പെട്ട മന്ത്രി നേരത്തെ പറഞ്ഞിട്ടുണ്ട്. ഇന്ന് ബഹുമാനപ്പെട്ട മുൻമുഖ്യമന്ത്രി അദ്ദേഹത്തിന്റെ സബ്മിഷനിൽ സി. &എ.ജി.-യുടെ റിപ്പോർട്ടിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നുവെന്ന് പറഞ്ഞു. ഫൈനലായി റിപ്പോർട്ട് വന്നിട്ടില്ലായെന്ന് മന്ത്രി പറഞ്ഞ സ്ഥിതിക്ക് അത് സഭാരേഖയിൽനിന്ന് നീക്കം ചെയ്യണം.***

മി. ഡെപ്യൂട്ടി സ്പീക്കർ: അത് പരിശോധിക്കാം.***

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. വി. എസ്. അച്യുതാനന്ദൻ സബ്മിഷനിലൂടെ ഉന്നയിച്ച കാര്യങ്ങളിൽ പലതിനുമുള്ള മറുപടി ഇന്നലെ ഇവിടെ ചോദ്യോത്തരസമയത്ത് വ്യക്തമാക്കിയിട്ടുള്ളതാണ്. മാത്രമല്ല, കഴിഞ്ഞ സർക്കാരിന്റെ കാലത്തുണ്ടാക്കിയ കരാറിനെക്കുറിച്ചും അതിന്റെ പ്രതികരണം സംബന്ധിച്ചുള്ള കാര്യങ്ങളും ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ സുവ്യക്തമായിത്തന്നെ സഭയിൽ അവതരിപ്പിച്ചതാണ്. മറുപടിയിൽ രേഖപ്പെടുത്തിയ കാര്യങ്ങൾ ഏറെ വിശദമായതിനാൽ ഞാനതിന്റെ പ്രസക്തമായ ഭാഗങ്ങൾ മാത്രമേ ഇവിടെ പറയുന്നുള്ളൂ. ബാക്കി കാര്യങ്ങൾ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതാണ്. ....(ബഹളം)....

മി. ഡെപ്യൂട്ടി സ്പീക്കർ: സബ്മിഷന് ചുരുക്കി മറുപടി പറഞ്ഞാൽ മതി. പ്ലീസ്... പ്ലീസ്.... ....(ബഹളം).... മിനിസ്റ്റർ മറുപടി പറയൂ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സാധാരണ സബ്മിഷൻ ഉന്നയിച്ചാൽ അതിന് മറുപടി കേൾക്കേണ്ടതല്ലേ; മറുപടി കേൾക്കേണ്ടതില്ലെങ്കിൽ മേശപ്പുറത്തു വച്ചാൽ മതി. വെറുതെ എന്തിനാണ് സമയം കളയുന്നത്. ....(ബഹളം)....

ശ്രീ. രമേശ് ചെന്നിത്തല: സർ, ഉന്നയിച്ച അംഗത്തിന് മറുപടി കേൾക്കാൻ താൽപ്പര്യമില്ലെങ്കിൽ ഞങ്ങൾക്കും കേൾക്കണ്ട. ....(ബഹളം)....

*** ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം നം.5059/EB/2016/നിസെ. തീയതി 9-11-2016) നിലനിർത്താൻ തീരുമാനിച്ചു.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, പ്രസക്തഭാഗം മാത്രമേ വായിക്കുന്നുള്ളൂ. വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണത്തിനും നടത്തിപ്പിനുമായുള്ള കൺസഷൻ കരാർ സംസ്ഥാന സർക്കാർ 2015 ആഗസ്റ്റ് 17-ാം തീയതി ഒപ്പുവച്ചു.....(ബഹളം).... നിയമാനുസൃതമായ രണ്ടുഘട്ട തെരഞ്ഞെടുപ്പ് പ്രക്രിയയിലൂടെ തെരഞ്ഞെടുക്കപ്പെട്ട സ്വകാര്യ പങ്കാളിയായ 'അദാനി പോർട്ട് ആന്റ് സ്പെഷ്യൽ ഇക്കണോമിക് സോൺ പദ്ധതി'ക്കായി രൂപീകരിച്ച പ്രത്യേക ഉദ്ദേശ കമ്പനിയായ 'അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ്'മായിട്ടാണ് കരാർ ഒപ്പുവച്ചത്.....(ബഹളം).... മത്സരാധിഷ്ഠിത നടപടികളിലൂടെ പത്തുവർഷം നീണ്ട അനേകം ടെണ്ടറുകൾക്ക് ശേഷമാണ് കരാറുകാരെ തെരഞ്ഞെടുത്തത്. ഇതിൽ നാലുവർഷത്തെ നിർമ്മാണ കാലാവധി കൂടി ഉൾപ്പെടുത്തി നാല്പതുവർഷമാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. കരാർപ്രകാരം വിഴിഞ്ഞം പദ്ധതിയിൽ തുറമുഖത്തിന് മാത്രമായി ആകെ 5,552 കോടി രൂപയാണ്. ഇതിൽ 4,089 കോടി രൂപ പി.പി.പി. ഘടകവും 1,463 കോടി രൂപ സർക്കാർ ചെലവിൽ നിർമ്മിക്കുന്ന ഫണ്ടഡ് വർക്കായ ബ്രേക്ക് വാട്ടറിനുള്ള തുകയുമാണ്. സംസ്ഥാന സർക്കാർ നൽകുന്ന നിശ്ചിത തുകയ്ക്ക് സ്വകാര്യപങ്കാളി ഫണ്ടഡ് വർക്കിന്റെ നിർമ്മാണം പൂർത്തിയാക്കണം. പി.പി.പി. ഘടകത്തിൽ സ്വകാര്യപങ്കാളിക്ക് 40 ശതമാനം സഹായധനത്തിന് അർഹതയുണ്ട്. ബിഡ്ഡർ ആവശ്യപ്പെട്ട സഹായധനം 1,635 കോടി രൂപയാണ്. ഇതിൽ പി.പി.പി. ഘടകത്തിന്റെ 30 ശതമാനം സഹായധനം, 1,226.7 കോടി രൂപ ഇക്വിറ്റി സപ്പോർട്ടായി നിർമ്മാണഘട്ടത്തിലും 408.3 കോടി രൂപ ഓപ്പറേഷൻ & മെയിന്റനൻസ് സപ്പോർട്ടായി നടത്തിപ്പ് കാലയളവിലും സ്വകാര്യപങ്കാളിക്ക് നൽകേണ്ടതാണ്. കേന്ദ്രസർക്കാർ നിർമ്മാണ കാലയളവിൽ 817.8 കോടി രൂപ ചെലവ് സഹായധനമായി നൽകും; (പി.പി.പി. ഘടകത്തിന്റെ 20 ശതമാനം). സംസ്ഥാന സർക്കാർ നിർമ്മാണ കാലയളവിൽ, 1,463 കോടി രൂപയുടെ ഫണ്ടഡ് വർക്കിന്റെ ചെലവ് വഹിക്കും. ഒപ്പം 408.9 കോടി രൂപ ചെലവ് സഹായധനമായി (പി.പി.പി. ഘടകത്തിന്റെ 10 ശതമാനം) നൽകും. നിർമ്മാണ കാലയളവിൽ സംസ്ഥാന സർക്കാരിന്റെ ചെലവ് 1,871.9 കോടി രൂപയാണ്. സംസ്ഥാന സർക്കാർ നടത്തിപ്പ് കാലയളവിൽ 408.3 കോടി രൂപ സഹായധനമായി നൽകും. മൊത്തം പദ്ധതി തുകയായ 5,552 കോടി രൂപയിൽ ഫണ്ടഡ് വർക്കിന്റെ തുകയായ 1,463 കോടി രൂപയും സഹായധനമായ 1,463 കോടി രൂപയും ഒഴിച്ച് ബാക്കി ചെലവ് സ്വകാര്യപങ്കാളിയാണ് വഹിക്കുന്നത്. കരാറിലെ മൊത്തം പദ്ധതി തുകയായ 5,552 കോടി രൂപ കൂടാതെ സംസ്ഥാന സർക്കാർ അടിസ്ഥാന സൗകര്യങ്ങളായ ഭൂമി, വൈദ്യുതി, ജലലഭ്യത, റെയിൽ കണക്റ്റിവിറ്റി എന്നിവയ്ക്കായി കരാർ സമയത്ത് കണക്കാക്കിയ തുകയായ 1,973 കോടി രൂപയും മുടക്കും. രാജ്യത്തെ എല്ലാ പി.പി.പി. പദ്ധതികളുടെ സ്ഥലത്തിന്റെയും മറ്റ് അടിസ്ഥാന

സൗകര്യങ്ങളുടെയും ചെലവ് സർക്കാരാണ് വഹിക്കുന്നത്. ഈ തുകയുംകൂടി ഉൾപ്പെടുത്തിയാൽ മൊത്തം പദ്ധതി 7,525 കോടി രൂപയാണ്. നേരത്തെ 90 ശതമാനം സർക്കാരും 10 ശതമാനം കരാറുകാരും മുടക്കുന്ന പദ്ധതിയായിരുന്നു. അന്ന് കരാറുകാരൻ 400 കോടിയോളം രൂപ അങ്ങോട്ട് നൽകണമായിരുന്നു. അന്ന് സിവിൽ പണി സർക്കാരിന്റെ വകയായിരുന്നു. ഇപ്പോൾ 56 ശതമാനം കേരള സർക്കാർ വഹിക്കും. അതിനാൽ അന്നത്തെ ലാന്റ് ലോർഡ് മോഡൽ ഭേദഗതി വരുത്തിയാണ് ഇപ്പോൾ നടത്തുന്നത്. തുറമുഖ നടത്തിപ്പിന്റെ 15-ാം വാർഷികം മുതൽ (കരാറിന്റെ 19-ാം വാർഷികം) സംസ്ഥാന സർക്കാരിന് തുറമുഖത്തിന്റെ നടത്തിപ്പിൽനിന്നുള്ള വരുമാനത്തിന്റ വിഹിതം ലഭിച്ചു തുടങ്ങും. 20-ാം വർഷം ഈ വിഹിതം ഒരു ശതമാനവും പിന്നീടുള്ള ഓരോ വർഷവും ഒരു ശതമാനം വീതംകൂടി കരാർ കാലാവധി പൂർത്തിയാകുന്ന വർഷം 21 ശതമാനം വരെ ഉയരും. പദ്ധതിനിർവ്വഹണ സമയം കുറയുന്നതനുസരിച്ച് സർക്കാർ വിഹിതം നേരത്തേ ലഭിച്ചുതുടങ്ങും. തുറമുഖേതര പ്രവർത്തനങ്ങളായ പോർട്ട് എസ്റ്റേറ്റ് ഡെവലപ്മെന്റിന്റെ ആകെ വരുമാനത്തിന്റെ 10 ശതമാനം തുറമുഖ നടത്തിപ്പിന്റെ ഏഴാം വാർഷികം മുതൽ സംസ്ഥാന സർക്കാരിന് ലഭിക്കും. പദ്ധതിക്കായി ഏറ്റെടുക്കുന്നതും കൺസഷണർ നികത്തിയെടുക്കുന്നതുമായ മൊത്തം ഭൂമി ഏകദേശം 360 ഏക്കറാണ്. ഇത് സ്വകാര്യപങ്കാളിക്ക് കൺസഷൻ കാലയളവിലേയ്ക്ക് ലൈസൻസ് നൽകിയിരിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ അഞ്ച് മിനിറ്റായി. ദീർഘമായിട്ടുള്ള മറുപടിയാണെങ്കിൽ മേശപ്പുറത്ത് വച്ചാൽ മതി.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ഒറ്റകാര്യം കൂടി പറയാനുണ്ട്. പ്രസ്തുത ഭൂമിയുടെ മുപ്പത് ശതമാനം തുറമുഖ വികസനപ്രവർത്തനങ്ങൾക്ക് സ്വകാര്യ പങ്കാളിത്തം ഉപയോഗിച്ച് ചെയ്യുന്നതാണ്. കർശന നിബന്ധനകൾക്കും സംസ്ഥാനത്തെ കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കും വിധേയമായിട്ടായിരിക്കും ഈ വികസന പ്രവർത്തനങ്ങൾ നടത്തുന്നത്. മുടക്കുമുതലിന് ആനുപാതികമായി ലാഭമുണ്ടാക്കാത്ത പദ്ധതിയായതിനാൽ പല കോണുകളിൽനിന്നും പദ്ധതിയെ സംബന്ധിച്ച് ആശങ്ക ഉയർന്നിരുന്നു. പദ്ധതി സമയത്തിനുമുൻപേ പൂർത്തീകരിക്കുക എന്നതും പദ്ധതി നടത്തിപ്പ് കാലയളവിൽ ശ്രദ്ധയിൽവരുന്ന കരാറിലെ കുറവുകൾ അതതുസമയത്ത് പരിഹരിച്ച് മുന്നോട്ടുപോവുക എന്നതുമാണ് സർക്കാർ നയമെന്നുകൂടി ഇവിടെ വ്യക്തമാക്കുകയാണ്. സമയപരിമിതികാരണം ബാക്കി വസ്തുതകൾ മേശപ്പുറത്ത് വയ്ക്കുകയാണ്.***

* അനുബന്ധമായിച്ചേർത്തിട്ടുണ്ട്

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഇതുസംബന്ധിച്ച് അന്വേഷണം വേണമെന്നാണ് ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ സബ്മിഷനിലെ കാതലായ കാര്യം. അതു സംബന്ധിച്ചുള്ള ഗവൺമെന്റിന്റെ നിലപാടുകൂടി വ്യക്തമാക്കണം.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ഇക്കാര്യം സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചതുതന്നെയാണ് എനിക്കും പറയാനുള്ളത്.

## (3) ഇന്റർനെറ്റിന്റെ ദുരുപയോഗം

ശ്രീമതി യു. പ്രതിഭ ഹരി: സർ, ഇന്റർനെറ്റിന്റെ ഭാഗമായി വന്നിട്ടുള്ള necessary evil ആണ് ഇന്റർനെറ്റിന്റെ ദുരുപയോഗം. നിഷ്കളങ്കമായ കുരുന്നു മനസ്സുകളിലേയ്ക്കും ചടുല യൗവനങ്ങളിലേയ്ക്കും തീവ്രതയോടുകൂടിയാണ് ഇന്റർനെറ്റിന്റെ ദുരുപയോഗം എത്തപ്പെടുന്നത്. 91 വയസ്സുള്ള വൃദ്ധമാതാവിനെ 19 വയസ്സുകാരൻ പ്രത്യേകമായൊരു വൈകൃത മനോഭാവത്തോടുകൂടി സമീപിച്ചത് കഴിഞ്ഞദിവസം ബഹുമാനപ്പെട്ട ഒരംഗം ശ്രദ്ധ ക്ഷണിക്കലിലൂടെ ഇവിടെ അവതരിപ്പിക്കുകയുണ്ടായി. കിട്ടാൻ പാടില്ലാത്ത കാര്യങ്ങൾ വളരെ ചെറിയ പ്രായത്തിൽത്തന്നെ അവരുടെ കൈകളിലേയ്ക്ക് എത്തുമ്പോൾ അത്തരം വൈകൃതങ്ങൾ പരീക്ഷിച്ചുനോക്കാൻ തിരിച്ച് പ്രതികരണശേഷിയില്ലാത്ത ശരീരങ്ങളിലേയ്ക്ക് അവർ എത്തിപ്പെടുന്നുവെന്നതാണ് അതിന്റെ പിന്നാമ്പുറങ്ങളിലൂടെ അന്വേഷിച്ചാൽ അറിയാൻ സാധിക്കുന്നത്. നമ്മുടെ നാട്ടിൻ പുറങ്ങളിൽ മദ്യവും മയക്കുമരുന്നും കഞ്ചാവും പോലെതന്നെ വലിയ തരത്തിലുള്ള ഒരു ദോഷമായി കൊച്ചു കുഞ്ഞുങ്ങളിലടക്കം ഇന്റർനെറ്റിന്റെ അമിത ഉപയോഗം എത്തുകയാണ്. ഇതിന് എവിടെയെങ്കിലും ഒരു വിലങ്ങിടേണ്ടത് നമ്മുടെ നാടിന്റെ ഒരാവശ്യമായി ചൂണ്ടിക്കാണിക്കുകയാണ്. സ്കൂളുകളിൽ അധ്യാപകർ സ്നേഹത്തോടു കൂടി കൗൺസിലിംഗ് ഉൾപ്പെടെയുള്ള കാര്യങ്ങൾ ചെറിയ ക്ലാസ്സുകളിൽ നിന്നുതന്നെ ആരംഭിക്കണം. അവരുടെ തലച്ചോറുകൾ ഇതിനുവേണ്ടി പണയം വയ്ക്കേണ്ടതല്ലെന്ന തലത്തിലേയ്ക്ക് ചെറിയകുഞ്ഞുങ്ങളെയടക്കം സ്നേഹത്തോടുകൂടി കൗൺസിലിംഗ് ചെയ്യുന്ന അധ്യാപകരെ സ്കൂളുകളിൽ വിന്യസിച്ചുകൊണ്ട് ദൈനംദിനം കുട്ടികളുമായി കമ്മ്യൂണിക്കേഷൻ നടത്താൻ കഴിയുന്ന തരത്തിലേയ്ക്ക് സ്കൂളുകളെ സജ്ജമാക്കണമെന്നും ദയവായി ഇത്തരം കാര്യത്തിലിടപെടണമെന്നും ഈ അവസരത്തിൽ പറയുകയാണ്. ഇത്തരത്തിലുള്ള ഒരുപാട് ആപ്ലിക്കേഷനുകളുണ്ട്. ചെറിയ കുഞ്ഞുങ്ങളുടെ കൈകളിലേയ്ക്ക് എത്തിപ്പെടാതിരിക്കാൻ കഴിയുന്ന വിധത്തിലുള്ള ആപ്ലിക്കേഷൻ ഡെവലപ് ചെയ്യുന്നതിനെ കുറിച്ചുകൂടി ആലോചിക്കണമെന്നും ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഇന്റർനെറ്റ് വ്യാപകമായി ദുരുപയോഗം ചെയ്യുന്ന കുട്ടികളിൽ

സ്വഭാവ വൈകൃതങ്ങൾ ഉണ്ടാകുന്നതിനുള്ള സാധ്യതകൾ വളരെ കൂടുതലാണ്. ഇത്തരം കുട്ടികളെ കണ്ടെത്തുന്നതിനായി സ്കൂൾതലത്തിൽ കൗൺസിലിംഗ് ഏർപ്പെടുത്തുകയും സൈബർ സെല്ലിന്റെ ആഭിമുഖ്യത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ, സൈബർ കോൺഫറൻസുകൾ, എക്സിബിഷനുകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുകയും ഇന്റർനെറ്റ് സർവ്വീസ് ലഭ്യമാകുന്ന സ്ഥാപനങ്ങളിൽ ഇന്റർനെറ്റ് ദുരുപയോഗം ചെയ്യുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനായി പരിശോധനകൾ നടത്തുകയും ചെയ്യുന്നുണ്ട്. കൗമാരക്കാർ ഇന്റർനെറ്റ് ദുരുപയോഗം ചെയ്യാതിരിക്കാനായി രക്ഷിതാക്കൾ കമ്പ്യൂട്ടർ സാക്ഷരത നേടണം. മാത്രമല്ല അവരെ നിരീക്ഷിക്കാൻ സമയം കണ്ടെത്തുകയും സുദൃഢമായ ആത്മബന്ധം സ്ഥാപിച്ച് നിരന്തരമായ ബോധവൽക്കരണത്തിലൂടെ ഇന്റർനെറ്റ് ഉപയോഗത്തിൽ ധാർമ്മികവും സാന്മാർഗ്ഗികവും സദാചാരപരവുമായ ഒരു സംസ്കാരം അവരിൽ വളർത്തിയെടുക്കാനും സാധിക്കണം. പഠനം മെച്ചപ്പെടുത്തുന്നതിന് ഇന്റർനെറ്റ് ഉൾപ്പെടെയുള്ള ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുകയെന്നത് ഏറെ പ്രധാനപ്പെട്ടതാണ്. അവയെ ശരിയായ രീതിയിൽ ഉപയോഗപ്പെടുത്തുന്നതിനുള്ള ബോധവും പരിശീലനവും കുട്ടികൾക്ക് നൽകണം. വീടുകളിൽ കമ്പ്യൂട്ടറുകൾ എല്ലാവരും കാണുന്ന സ്ഥലത്ത് ക്രമീകരിക്കുന്നതിനും കുട്ടികളെ വഴിതെറ്റിക്കുന്ന വെബ് സൈറ്റുകൾ ബ്ലോക്ക് ചെയ്യുന്നതിനും വിജ്ഞാനപ്രദമായ വെബ്സൈറ്റുകൾ നോക്കുന്നതിന് വഴികാട്ടിയായി പ്രവർത്തിക്കുന്നതിനും രക്ഷകർത്താക്കൾക്ക് നിർദ്ദേശം നൽകിയും ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിച്ചും കുട്ടികൾ ഇന്റർനെറ്റ് ദുരുപയോഗം ചെയ്യുന്നത് തടയുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. റെസിഡന്റ്സ് അസോസിയേഷനുകൾ, സ്കൂളുകൾ, കോളേജുകൾ, എൻ.സി.സി., സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് എന്നിവയുടെ ആവശ്യപ്രകാരം സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും അതുമൂലം ഉണ്ടാകുന്ന ഭവിഷ്യത്തുകളെക്കുറിച്ചും ഇന്റർനെറ്റ് ദുരുപയോഗത്തെക്കുറിച്ചുമുള്ള ലഘുലേഖകൾ സ്കൂളുകളിൽ വിതരണം ചെയ്തുവരുന്നുണ്ട്.

## (4) പോലീസ് സ്റ്റേഷന്റെ പ്രവർത്തനം

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, കൊല്ലം ജില്ലയിലെ ചിതറ കേന്ദ്രമാക്കി ഒരു പോലീസ് സ്റ്റേഷൻ രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്കാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ഇതിന്റെ നടപടിക്രമങ്ങളെല്ലാം മിക്കവാറും പൂർത്തിയായതാണ്. രാഷ്ട്രീയപ്രസ്ഥാനങ്ങളുടെ സഹകരണത്തോടെ പഞ്ചായത്തുവക ഭൂമിയിൽ ഒരു പോലീസ് സ്റ്റേഷനാവശ്യമായ കെട്ടിടം നാട്ടുകാർ നിർമ്മിച്ചു നൽകിയിട്ടുണ്ട്. നടപടിക്രമങ്ങൾ പൂർത്തിയായ ഈ പോലീസ് സ്റ്റേഷൻ ചിതറ കേന്ദ്രമാക്കി പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ ഉന്നയിക്കാനുള്ളത്.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, 29-9-2015- ലെ സർക്കാർ ഉത്തരവ് പ്രകാരം കൊല്ലം ജില്ലയിലെ വളവുപച്ച-ചിതറ, പത്തനംതിട്ട ജില്ലയിലെ മലയാലപ്പുഴ, കോട്ടയം ജില്ലയിലെ മാഞ്ഞൂർ, ഇടുക്കി ജില്ലയിലെ മുട്ടം-തങ്കമണി, എറണാകുളം ജില്ലയിലെ ഇടത്തല, കണ്ണൂർ ജില്ലയിലെ ചെറുപുഴ എന്നിവിടങ്ങളിൽ പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് തത്വത്തിൽ അനുമതി നൽകിയിരുന്നു. 4-1-2016-ലെ സർക്കാർ ഉത്തരവുപ്രകാരം കടയ്ക്കൽ പോലീസ് സ്റ്റേഷന്റെ അധികാരപരിധി മാറ്റിനിശ്ചയിച്ചുകൊണ്ടും അധികാരപരിധി നിശ്ചയിച്ച് ചിതറയിൽ ഒരു പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനും ഉത്തരവ് നൽകി. മേൽ പോലീസ് സ്റ്റേഷനുകൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ തസ്തികകൾ അനുവദിക്കണമെന്ന സംസ്ഥാന പോലീസ് മേധാവിയുടെ ആവശ്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

## (5) എമിഗ്രേഷൻ വിഭാഗം ജീവനക്കാരുടെ പെരുമാറ്റം

ശ്രീ. അനൂപ് ജേക്കബ്: സർ, നമ്മുടെ അന്താരാഷ്ട്ര വിമാനത്താവളത്തിൽ എമിഗ്രേഷൻ മേഖലയിലെ യാത്രക്കാർക്കുണ്ടാകുന്ന ദുരനുഭവങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അവിടെയുള്ള ഉദ്യോഗസ്ഥർ അനാവശ്യമായ ചോദ്യങ്ങൾ ചോദിച്ച് യാത്രക്കാരെ മാനസികമായി പീഡിപ്പിക്കുകയാണ്. വ്യാജരേഖകളുമായി യാത്ര ചെയ്യുന്നുണ്ടോ എന്നതാണ് പലപ്പോഴും ചോദ്യങ്ങൾക്ക് കാരണമാകുന്നത്. അത്തരത്തിലുള്ള ചോദ്യങ്ങൾ ജെനുവിനായിട്ടുള്ള യാത്രക്കാരെ ഹരാസ് ചെയ്യുന്ന നിലയിലേയ്ക്ക് പോവുകയാണ്. ദുരുദ്ദേശവും അർത്ഥംവച്ചുള്ള ചോദ്യങ്ങളാലും വളരെ അപമാനിതരാകുകയാണ് പ്രത്യേകിച്ച് സ്ത്രീയാത്രക്കാർ. Consumercomplaints.in എന്ന വെബ് സൈറ്റിൽ ഇത് സംബന്ധിച്ച നിരവധി പരാതികളാണ് വരുന്നത്. അതിൽ ഒരു വ്യക്തി എഴുതിയിരിക്കുന്നത്, അദ്ദേഹം വർക്ക് വിസയിൽ ഓസ്ട്രേലിയയിൽ ജോലി ചെയ്യുന്നു. ഈ വ്യക്തിയുമായി ജോയിൻ ചെയ്യാനായി അദ്ദേഹത്തിന്റെ ഭാര്യ ഡിപ്പന്റൻഡ് ട്രാവലറായി പോകുന്നു. യാത്രചെയ്യുന്ന വ്യക്തിക്ക്/ഡിപ്പന്റൻഡിന് സ്വാഭാവികമായും വർക്ക് വിസയുമായി ബന്ധപ്പെട്ട വിസ തന്നെയാണ് സ്റ്റാമ്പ് ചെയ്തുവരുന്നത്. പക്ഷേ അവിടെയിരിക്കുന്ന ഉദ്യോഗസ്ഥർക്ക് ഇത്തരത്തിലുള്ള സാങ്കേതികത്വം അറിയില്ല. നിങ്ങൾ അവിടെ ജോലിക്ക് പോകുകയാണ്, ജോലിക്കുള്ള രേഖതന്നെ ഹാജരാക്കണമെന്നാണ് അവരോട് ഉദ്യോഗസ്ഥർ പറയുന്നത്. വിസയുടെ ടൈപ്പോ സാങ്കേതികത്വമോ എന്താണെന്നറിയാത്ത ഉദ്യോഗസ്ഥരാണ് അവിടെയുള്ളത്. ഉദ്യോഗസ്ഥരുടെ അജ്ഞത കാരണം അനാവശ്യമായ ചോദ്യങ്ങളിലേയ്ക്ക് പോകുന്നു. ഇത് യാത്രക്കാർക്ക് വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കുന്നു. ചിലപ്പോൾ അജ്ഞതയായിരിക്കാം അല്ലെങ്കിൽ ബോധപൂർവ്വമായിരിക്കാം. അറിവും കാര്യബോധവുമുള്ള വ്യക്തികളാണ്

ഈ വെബ് സൈറ്റിൽ കംപ്ലയിന്റ്സ് പോസ്റ്റ് ചെയ്യുന്നത്. ഗൾഫിലേയ്ക്കും മറ്റ് പ്രദേശങ്ങളിലേയ്ക്കും യാത്രചെയ്യുന്ന തൊഴിലാളികൾ എത്രയായിരിക്കും? അവർക്കുണ്ടാകുന്ന അനുഭവം ഇതിനേക്കാളേറെ ദുരിതം നിറഞ്ഞതായിരിക്കും. അവർക്കത് പറയാനുള്ള വേദിപോലുമില്ല. നമ്മുടെ ഓഫീസർമാർ അഞ്ചുവർഷത്തേയ്ക്ക് ഡെപ്യൂട്ടേഷനിലാണ് ഐ.ബി.-യിലേയ്ക്ക് പോകുന്നത്. ഡെപ്യൂട്ടേഷനിലേയ്ക്ക് പോയിക്കഴിഞ്ഞാൽ എത്രമാത്രം നിയന്ത്രണം സംസ്ഥാന സർക്കാരിന് ഉണ്ടെന്നുള്ളത് ഗവൺമെന്റ് തന്നെ വ്യക്തമാക്കേണ്ടതുണ്ട്. എങ്കിൽപ്പോലും എനിക്ക് പറയാനുള്ളത്, ഇക്കാര്യത്തിൽ ഗവൺമെന്റ് അടിയന്തരമായി ഇടപെടാനും ഇത്തരത്തിലുള്ള വിഷയങ്ങൾ ആവർത്തിക്കാതിരിക്കാനും ഇങ്ങനെ വരുന്ന പരാതികൾ ഗൗരവമായി കാണാനും അത് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവർത്തിക്കാതിരിക്കാനും ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ ഭാഗത്തുനിന്നും നടപടി ഉണ്ടാകണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിലെ എമിഗ്രേഷൻ വിഭാഗത്തിന്റെ ചുമതല വഹിക്കുന്നത് കേന്ദ്രസർക്കാരിന്റെ കീഴിലുള്ള ഇന്റലിജൻസ് ബ്യൂറോയിലെ ബ്യൂറോ ഓഫ് എമിഗ്രേഷൻ (BOI) ഉദ്യോഗസ്ഥരാണ്. അന്താരാഷ്ട്ര വിമാനത്താവളത്തിലെ എമിഗ്രേഷൻ വിഭാഗത്തിന്റെ മേധാവി ഫോറിനേഴ്സ് റീജിയണൽ രജിസ്ട്രേഷൻ ഓഫീസർ (FRRO) ആണ്. കേരളത്തിൽ പ്രവർത്തിക്കുന്ന ബ്യൂറോ ഓഫ് എമിഗ്രേഷനിലേയ്ക്ക് ആവശ്യപ്പെടുന്ന സേനാംഗങ്ങളെ കേരള പോലീസ് വിട്ടുനൽകുകയാണ് ചെയ്യുന്നത്. പ്രസ്തുത സേവനകാലയളവിൽ ഈ ജീവനക്കാരുടെ ചുമതലയും അച്ചടക്കനിയന്ത്രണവും ബ്യൂറോ ഓഫ് എമിഗ്രേഷനാണ്. ആയതിനാൽ അവിടേയ്ക്ക് നിയോഗിക്കപ്പെടുന്ന പോലീസ് സേനാംഗങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് ദൈനംദിന വിലയിരുത്തലുകൾ നടത്താൻ പോലീസിന് കഴിയില്ല. ബഹുമാനപ്പെട്ട എം.എൽ.എ. ഉന്നയിച്ചതുപോലെ തിരുവനന്തപുരം വിമാനത്താവളത്തിൽ എമിഗ്രേഷൻ ഡ്യൂട്ടിക്ക് അന്യത്ര സേവനവ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന പോലീസ് സേനാംഗങ്ങളുടെ ഭാഗത്തുനിന്നും യാത്രക്കാരോട്, പ്രത്യേകിച്ച് സ്ത്രീകളോട് ഏതെങ്കിലും തരത്തിൽ മോശമായ പെരുമാറ്റമുണ്ടായതായി യാതൊരു പരാതിയും പോലീസിന് ഇതുവരെ ലഭിച്ചിട്ടില്ല. 24 മണിക്കൂറും നിരന്തര നിരീക്ഷണ സംവിധാനം (CCTV) തിരുവനന്തപുരം വിമാനത്താവളത്തിൽ നിലവിലുണ്ട്. വിമാനത്താവള അധികൃതർക്കോ എമിഗ്രേഷൻ അധികൃതർക്കോ ഇത്തരം പരാതി സമർപ്പിച്ചിട്ടുള്ളതായി അറിയിപ്പ് ലഭിച്ചാൽ അക്കാര്യം പരിശോധിച്ച് കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

## (6) അനിശ്ചിതകാല സമരം

ശ്രീ. എം. സ്വരാജ്: സർ, ഇന്ത്യയിലെ പ്രമുഖ നോൺ ബാങ്കിംഗ് ഫിനാൻസ് കമ്പനി എന്നറിയപ്പെടുന്ന മുത്തൂറ്റ് ഫിനാൻസിലെ 2500-ഓളം ജീവനക്കാർ കഴിഞ്ഞ ആറ് ദിവസമായി അനിശ്ചിതകാല പണിമുടക്ക് സമരത്തിലാണ്. 782 ബ്രാഞ്ചുകളും 12 റീജിയണൽ ഓഫീസുകളും ഹെഡ് ഓഫീസും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ഇത്തരമൊരു സമരത്തിലേയ്ക്ക് കടക്കാൻ തൊഴിലാളികളെ നിർബന്ധിതമാക്കുന്ന സാഹചര്യമാണ് മുത്തൂറ്റ് ഫിനാൻസിൽ നിലവിലുള്ളത്. അവിടെ നിയമപരമായ തൊഴിൽ വ്യവസ്ഥകളൊന്നും പാലിക്കപ്പെടുന്നില്ല. ജീവനക്കാരുടെ പരാതികൾ പരിഹരിക്കാൻ അംഗീകൃതമായ യാതൊരു സംവിധാനവുമില്ല. ജോലിസമയം, അവധി, സ്ഥലംമാറ്റം, പ്രൊമോഷൻ തുടങ്ങിയവ സംബന്ധിച്ച് സ്റ്റാൻഡിംഗ് ഓർഡറുകളൊന്നും നിലവിലില്ല. ഒരുതരം അടിമ-ഉടമ വ്യവസ്ഥയാണ് അവിടെ നിലനിൽക്കുന്നത്. മാനേജ്മെന്റിന്റെ ഇഷ്ടാനുസരണം നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ആത്മാഭിമാനത്തോടുകൂടി ജോലി ചെയ്യാനുള്ള സാഹചര്യമില്ലാത്തതിനാൽ അവിടത്തെ ജീവനക്കാർ ഒരു സംഘടന രൂപീകരിച്ചു. ആ സംഘടനയ്ക്ക് നേതൃത്വം കൊടുക്കുന്ന 50-ഓളം പേരെ സസ്പെന്റ് ചെയ്യുകയും ചിലരെ വിദൂര സംസ്ഥാനങ്ങളിലേയ്ക്ക് സ്ഥലം മാറ്റുകയും ചെയ്തു. പണ്ട്, ബ്രിട്ടീഷ് കാലഘട്ടത്തിൽ ആൻഡമാനിലേയ്ക്ക് നാടുകടത്തുമെന്ന് കേട്ടുകേൾവിയുള്ളതു പോലെ മിസോറാമിലേയ്ക്കും നാഗാലാന്റിലേയ്ക്കും ആസ്സാമിലേയ്ക്കും സ്ഥലംമാറ്റുകയും യാതൊരു തത്വദീക്ഷയുമില്ലാതെ പിരിച്ചുവിടുകയുമാണ് ചെയ്യുന്നത്. നിയമാനുസരണം നോട്ടീസ് നൽകി ഒരു സൂചനാ പണിമുടക്ക് നടത്തിയാൽ എട്ട് ദിവസത്തെ ശമ്പളം പിടിച്ചെടുക്കുകയാണ്. ഇത്തരത്തിലുള്ള നിലപാട് സ്വീകരിച്ചുകൊണ്ടാണ് മാനേജ്മെന്റ് മുന്നോട്ടുപോകുന്നത്. പലതവണ ലേബർ കമ്മീഷണറും വകുപ്പുമന്ത്രിയും എം.ഡി.-യെ ചർച്ചയ്ക്ക് വിളിച്ചെങ്കിലും അദ്ദേഹം ചർച്ചയിൽ പങ്കെടുക്കാൻ തയ്യാറായില്ല. ഇത്തരമൊരു ഘട്ടത്തിലാണ് അഭിമാനകരമായി ജോലി ചെയ്യാനും ന്യായമായ സേവന-വേതന വ്യവസ്ഥകൾ നേടിയെടുക്കാനും വിദൂര സംസ്ഥാനങ്ങളിലേയ്ക്ക് അന്യായമായി സ്ഥലംമാറ്റുന്നതും സസ്പെൻഷനും പിൻവലിപ്പിക്കാനും മറ്റുമാണ് അവിടത്തെ ജീവനക്കാർ പണിമുടക്ക് സമരത്തിലേർപ്പെട്ടിരിക്കുന്നത്. സമരം ആറ് ദിവസം പിന്നിട്ടിരിക്കുകയാണ്. മാനേജ്മെന്റ്, അളവറ്റ പണത്തിന്റെ അഹങ്കാരത്തിൽ കേരളത്തിലെ പ്രമുഖ മാധ്യമങ്ങളിൽ കള്ളപ്പരസ്യം നൽകിയിരിക്കുകയാണ്. പണിമുടക്ക് പൊളിക്കാൻ മാനേജ്മെന്റ് പച്ചക്കള്ളമാണ് ആ പരസ്യത്തിലൂടെ മുന്നോട്ടുവച്ചിരിക്കുന്നത്. അവിടത്തെ ഒരു പാർട്ട്-ടൈം-സ്വീപ്പർക്ക് പ്രതിമാസം ആയിരം രൂപപോലും ശമ്പളമില്ലെന്ന് മനസ്സിലാക്കണം. 33 വർഷം സർവ്വീസുള്ള ജീവനക്കാരന് ഒരു ദിവസം 400 രൂപപോലും ശമ്പളം കിട്ടുന്നില്ല. തൊഴിലാളികളെ

ഞെക്കിപ്പിഴിഞ്ഞാണ് ലാഭമുണ്ടാക്കുന്നത്. ഇതിനെതിരെ ആരെങ്കിലും പ്രതികരിച്ചാലോ പ്രതിഷേധിച്ചാലോ ഉടനെ അഗർത്തലയിലേയ്ക്കും ഗുഹാവത്തിയിലേയ്ക്കും സ്ഥലം മാറ്റുകയാണ്. ഉത്തരവാദപ്പെട്ടവർ ചർച്ചയ്ക്ക് ക്ഷണിച്ചാൽ അതിന് തയ്യാറാകാനുള്ള സാമാന്യ മര്യാദപോലും കാണിക്കാതെ കേരളത്തെ വെല്ലുവിളിക്കുകയാണ്. ഇതിന് അവസാനമുണ്ടാകണം.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്..... പ്ലീസ്.....

ശ്രീ. എം. സ്വരാജ്: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. തൊഴിലാളികളുടെ ന്യായമായ പ്രശ്നങ്ങൾ പരിഹരിക്കപ്പെടണം. കേരളത്തിന്റെ തൊഴിൽ സംസ്കാരത്തിന് നിരക്കാത്ത, തൊഴിലാളികളെ ഞെക്കിപ്പിഴിഞ്ഞ് ലാഭമുണ്ടാക്കുന്ന, അഭിമാനകരമായി ജോലിചെയ്യാൻ കഴിയാത്ത സാഹചര്യം സൃഷ്ടിക്കുന്ന, അടിമ-ഉടമ വ്യവസ്ഥയുടെ ഇപ്പോഴത്തെ പ്രതീകമായ മുത്തൂറ്റ് ഫിനാൻസിനെ നിലയ്ക്കുനിർത്താനും തൊഴിൽ നിയമങ്ങൾ കർശനമായി പാലിക്കാനും ജീവനക്കാർക്ക് അന്തസ്സായി ജോലി ചെയ്യാനുമുള്ള സാഹചര്യമുണ്ടാക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിലെ ജീവനക്കാർ കേരള സ്റ്റേറ്റ് പ്രൈവറ്റ് ചിറ്റ്സ് ആന്റ് ഫിനാൻസ് എംപ്ലോയീസ് യൂണിയൻ-സി.ഐ.റ്റി.യു. എന്ന സംഘടനയിൽ അംഗത്വമെടുത്ത് പ്രവർത്തിക്കുന്നുവെന്ന ഏക കാരണത്താൽ ചിലരെ മറ്റ് സംസ്ഥാനങ്ങളിലേയ്ക്കും വിദൂര സ്ഥലങ്ങളിലേയ്ക്കും കൂട്ടമായി സ്ഥലം മാറ്റുകയുണ്ടായി. ഇതിനെതിരെ സംഘടന പ്രതിഷേധ ധർണ്ണ നടത്തുകയും ഇതിന്റെ തുടർച്ചയായി അനിശ്ചിതകാല സമരമടക്കമുള്ള പ്രതിഷേധ നടപടികളിലേയ്ക്ക് കടക്കുവാൻ തീരുമാനിക്കുകയും ചെയ്തു. ഇതിന് പരിഹാരമുണ്ടാക്കണമെന്നാവശ്യപ്പെട്ട് കേരള സ്റ്റേറ്റ് പ്രൈവറ്റ് ചിറ്റ്സ് ആന്റ് ഫിനാൻസ് എംപ്ലോയീസ് യൂണിയൻ എറണാകുളം റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർക്ക് 3-8-2016-ൽ ഒരു നിവേദനം നൽകിയിരുന്നു. റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ മാനേജ്മെന്റിനേയും യൂണിയൻ പ്രതിനിധികളേയും ഉൾപ്പെടുത്തി 12-8-2016, 22-8-2016 എന്നീ തീയതികളിൽ ചർച്ച നടത്തുകയുണ്ടായി. ഇതിനിടെ ഒരു ജീവനക്കാരനെ പിരിച്ചു വിട്ടതായും സംഘടന നടത്തിയ സൂചനാ പണിമുടക്കിൽ പങ്കെടുത്ത ജീവനക്കാർക്ക് എട്ട് ദിവസത്തെ ശമ്പളം നൽകില്ലെന്നും കാണിച്ച് മാനേജ്മെന്റ് സർക്കുലർ പുറപ്പെടുവിച്ചതായി സംഘടന അറിയിക്കുകയുണ്ടായി. ഇക്കാര്യത്തിൽ ഇരുകക്ഷികളുമായി 31-8-2016-ൽ തൊഴിൽ വകുപ്പുമന്ത്രി ചർച്ച നടത്തുന്നതിന് തീരുമാനിച്ചു. എന്നാൽ ആ ദിവസം മാനേജ്മെന്റിന് ചർച്ചയിൽ പങ്കെടുക്കാൻ അസൗകര്യമാണെന്ന് അറിയിച്ചതിനാൽ യോഗം 10-9-2016-ലേയ്ക്ക് മാറ്റി. എന്നാൽ 10-9-2016-ലെ യോഗത്തിൽ ഹാജരായ മാനേജ്മെന്റ് പ്രതിനിധികൾക്ക് അന്തിമ തീരുമാനമെടുക്കാൻ അധികാരമുണ്ടായിരുന്നില്ല. തീരുമാനമെടുക്കാൻ അധികാരമുള്ളവർ യോഗത്തിൽ ഹാജരാകണമെന്ന് നിർദ്ദേശിച്ചു. 20-10-2016-ന് നടന്ന ചർച്ചയിലും ആ

സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടർ പങ്കെടുത്തില്ല. മന്ത്രിതലത്തിൽ നടത്തിയ ചർച്ചയ്ക്കുശേഷവും മാനേജ്മെന്റ് 51 ജീവനക്കാരെ സസ്പെന്റ് ചെയ്യുകയും ഒരു കോൺട്രാക്ട് തൊഴിലാളിയെ പിരിച്ചുവിടുകയും ചെയ്തു. ഇതിനെത്തുടർന്ന് ട്രാൻസ്ഫർ, സസ്പെൻഷൻ, പിരിച്ചുവിടൽ തുടങ്ങിയ നടപടികൾ പിൻവലിക്കണമെന്ന് സംഘടന ആവശ്യപ്പെട്ടു. സ്ഥാപനത്തിലെ ജീവനക്കാർക്ക് ബോണസ് വിതരണം ചെയ്യുമെന്നും സൂചനാ പണിമുടക്കിന്റെ അടിസ്ഥാനത്തിൽ കുറവ് ചെയ്ത എട്ടുദിവസത്തെ ശമ്പളത്തിൽ ഏഴ് ദിവസത്തെ ശമ്പളം നൽകുമെന്നും ചർച്ചയിൽ മാനേജ്മെന്റ് സമ്മതിക്കുകയുണ്ടായി. ട്രാൻസ്ഫർ ചെയ്യപ്പെട്ട തൊഴിലാളികൾ അതത് സ്ഥലങ്ങളിൽ ജോലിയിൽ പ്രവേശിക്കണമെന്ന് മാനേജ്മെന്റ് അറിയിച്ചു. ട്രാൻസ്ഫർ വിഷയത്തിൽ മാനേജിംഗ് ഡയറക്ടറെക്കൂടി ഉൾപ്പെടുത്തി ചർച്ച ചെയ്യണമെന്ന് മന്ത്രി അറിയിച്ചു. ട്രാൻസ്ഫർ സംബന്ധിച്ച് മാനേജ്മെന്റിന്റെ മുൻനിലപാടിൽ മാറ്റമില്ലെന്നും ഇത് യൂണിയൻ അംഗീകരിക്കണമെന്നുമാണ് മാനേജ്മെന്റ് പ്രതിനിധികൾ അറിയിച്ചത്. എന്നാൽ യൂണിയൻ പ്രതിനിധികൾ ഇതിനോട് വിയോജിച്ചു. തർക്കം ഒത്തുതീർപ്പാക്കാത്തപക്ഷം സമരപരിപാടികളുമായി മുന്നോട്ടുപോകുമെന്ന് യൂണിയൻ അറിയിച്ചു. തർക്കം പരിഹരിക്കുന്നതിന് തൊഴിൽ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നാല് ചർച്ചകൾ നടന്നെങ്കിലും പ്രതികാര നടപടികളുടെ ഭാഗമായി നടത്തിയ ട്രാൻസ്ഫർ സംബന്ധിച്ച് മാനേജ്മെന്റ് വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിച്ചത് സർക്കാരിന്റെ ശ്രമത്തിന് വിഘാതമായി. ഇതിനെത്തുടർന്നാണ് യൂണിയൻ മുൻകൂട്ടി അറിയിച്ചതനുസരിച്ച് നവംബർ 3-ാം തീയതി മുതൽ അനിശ്ചിതകാല സമരം ആരംഭിച്ചത്. മേൽ സ്ഥാപനത്തിൽ തൊഴിൽ നിയമലംഘനം നടക്കുന്നുവെന്ന പരാതിയിൽ തൊഴിൽ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. 1960-ലെ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ട് പ്രകാരവും 1958-ലെ ദി കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ് (നാഷണൽ ആന്റ് ഫെസ്റ്റിവെൽ ഹോളിഡേയ്സ്) ആക്ട് പ്രകാരവും പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട ലംഘനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചുവരുന്നു. ഇവിടെ ഉന്നയിച്ച പ്രശ്നം മുത്തൂറ്റ് മാനേജ്മെന്റ്, സംഘടനയെ അംഗീകരിക്കുന്നില്ല എന്നതാണ്. ഒത്തുതീർപ്പിന് മാനേജ്മെന്റ് സന്നദ്ധമായാൽ തുടർനടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാണ്. നിലവിലുള്ള നിയമം പ്രാവർത്തികമാക്കുന്നതിനുള്ള എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

11.00 AM]

## (7) സ്റ്റോറേജ് ഡാം

ശ്രീ. ബി. ഡി. ദേവസ്സി: സർ, ചാലക്കുടി, അങ്കമാലി, ഇരിങ്ങാലക്കുട, കൊടുങ്ങല്ലൂർ, പുതുക്കാട് എന്നീ മണ്ഡലങ്ങളിലെ ജലസേചനത്തിനും കുടിവെള്ളത്തിനും മറ്റും ചാലക്കുടി പുഴയിലെ തുമ്പൂർമുഴി റിവർ ഡൈവേർഷൻ സ്കീമിനെയാണ് പ്രധാനമായും ആശ്രയിക്കുന്നത്. നിരവധി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും മറ്റ് കുടിവെള്ള പദ്ധതികളും ഈ സ്കീമിന്റെ ഭാഗമായാണ് പ്രവർത്തിക്കുന്നത്. പെരിങ്ങൽക്കുത്ത്

ഡാമിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിച്ച് പുറത്തേയ്ക്കുവിടുന്ന വെള്ളമാണ് തുമ്പൂർമുഴി ഡൈവേർഷൻ സ്കീമിന്റെ ഇടതുകര-വലതുകര കനാലുകളിലൂടെ എത്തുന്നത്. എന്നാൽ പറമ്പിക്കുളം-ആളിയാർ കരാറിന്റെ അടിസ്ഥാനത്തിൽ വെള്ളം ലഭിക്കാത്തതും ഡാമിൽ വെള്ളം കുറയുമ്പോൾ വൈദ്യുതി ഉൽപ്പാദനം ക്രമീകരിക്കുന്നതും ചാലക്കുടിപ്പുഴയുടെ നീരൊഴുക്കിനെ ദോഷകരമായി ബാധിക്കുന്നു. കനാലുകളിലൂടെ വെള്ളം എത്തിക്കാൻ സാധിക്കാത്തതുമൂലം കടുത്ത വരൾച്ചയും കൃഷിനാശവും കുടിവെള്ള ക്ഷാമവും നേരിടുകയാണ്. വർഷകാലത്ത് പാഴായിപ്പോകുന്ന വെള്ളം സംഭരിച്ച് വേനൽക്കാലത്ത് പ്രയോജനപ്പെടുത്തുന്നതിന് നിലവിൽ സംവിധാനമില്ല. ആയതിനാൽ തുമ്പൂർമുഴിക്കും അതിരപ്പിള്ളി വെള്ളച്ചാട്ടത്തിനും ഇടയിലായി ഒരു സ്റ്റോറേജ് ഡാം നിർമ്മിക്കുന്നതിന് സത്വര നടപടി ഉണ്ടാകണം. ജലസംഭരണി യാഥാർത്ഥ്യമാക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. മാത്യു ടി. തോമസ്</u>): സർ, ചാലക്കുടി പുഴയിലെ പെരിങ്ങൽക്കുത്ത് ഇടതുകര ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിന്റെ വൈദ്യുതി ഉൽപ്പാദനത്തിനുശേഷം ലഭിക്കുന്ന വെള്ളം ഉപയോഗിച്ച് ചാലക്കുടി റിവർ ഡൈവേർഷൻ സ്കീമിൽ ജലവിതരണം നടത്തുന്നതിനാൽ കനാലിലേയ്ക്ക് ലഭിക്കുന്ന വെള്ളത്തിന്റെ അളവ് ക്രമരഹിതമാകുകയും കനാലുകളുടെ അവസാന ഭാഗത്ത് വെള്ളം എത്തിക്കാൻ സാധിക്കാതെ വരികയും ചെയ്യുന്നു. കനാലിന്റെ അവസാനഭാഗം വരെ സ്ഥിരമായി വെള്ളം എത്തിക്കുന്നതിന് അതിരപ്പിള്ളി വെള്ളച്ചാട്ടത്തിനും തുമ്പൂർമുഴി വിയറിനുമിടയിൽ സ്റ്റോറേജ് ഡാം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ തയ്യാറാക്കിവരികയാണ്. ചാലക്കുടി പുഴയിൽ സ്റ്റോറേജ് ഡാം പണിയുന്ന ഭാഗത്ത് പുഴയുടെ ചരിവ് 1/350 ആയതുകൊണ്ട് ആവശ്യമായ ജലം ലഭ്യമാക്കുന്നതിന് രണ്ട് സ്റ്റോറേജ് ഡാമുകൾ നിർമ്മിക്കാനാണുദ്ദേശിക്കുന്നത്. ഇതിൽ ഒന്നാമത്തെ സ്റ്റോറേജ് ഡാം തുമ്പൂർമുഴിയിൽനിന്ന് 12 മീറ്റർ മാറിയും രണ്ടാമത്തെ സ്റ്റോറേജ് ഡാം തുമ്പൂർമുഴിയിൽനിന്ന് 3 കിലോമീറ്റർ മാറിയുമാണ് സ്ഥിതിചെയ്യുന്നത്. രണ്ട് സ്റ്റോറേജ് ഡാമിലുംകൂടി 2.1 എം.സി.എം. വെള്ളം ശേഖരിക്കാൻ സാധിക്കും. ഒരു ദിവസം ചാലക്കുടി കനാലിനുവേണ്ടിവരുന്ന വെള്ളം 2.16 എം.സി.എം. ആണ്. ഈ രണ്ട് സ്റ്റോറേജ് ഡാമുകളുടെയും പണി പൂർത്തീകരിക്കുന്നതോടുകൂടി ചാലക്കുടി, അങ്കമാലി, ഇരിങ്ങാലക്കുട, പുതുക്കാട് മണ്ഡലങ്ങളിലെ ജലക്ഷാമത്തിനും കുടിവെള്ളപ്രശ്നത്തിനും പരിഹാരമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിനു വേണ്ടിവരുന്ന 20 കോടി രൂപയുടെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ പരിശോധിച്ചുവരികയാണ്.

## (8) പദ്ധതികൾക്ക് ഭരണാനുമതി

<u>ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്</u>: സർ, അധികാര വികേന്ദ്രീകരണം നടപ്പാലാക്കി വർഷങ്ങൾ കഴിഞ്ഞിട്ടും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനിവാര്യമായ ചുമതലകൾ നിർവ്വഹിക്കാനാകാതെ, നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാകാത്ത സ്ഥിതി ഇപ്പോഴും നിലനിൽക്കുകയാണ്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ 2016-17 സാമ്പത്തിക വർഷത്തിൽ മാലിന്യ സംസ്കരണം,

തെരുവുനായ നിയന്ത്രണം തുടങ്ങി പതിനൊന്നിനങ്ങൾക്കായി ജില്ലാ പഞ്ചായത്തുകൾക്കും കോർപ്പറേഷനുകൾക്കും അധിക പദ്ധതി വിഹിതമായി 500 കോടി രൂപ അനുവദിക്കുകയുണ്ടായി. അതിനെത്തുടർന്ന് ജില്ലാ പഞ്ചായത്തുകളും കോർപ്പറേഷനുകളും പ്രോജക്ടുകൾ തയ്യാറാക്കി സമർപ്പിക്കുകയുണ്ടായി. ഈ സർക്കാർ പതിനൊന്നിന പദ്ധതി എന്നത് ചുരുക്കി തെരുവുനായ നിയന്ത്രണം, ആധുനിക അറവുശാല, മാലിന്യ സംസ്കരണം, ആധുനിക ശ്മശാനങ്ങൾ എന്നീ നാല് ഇനങ്ങൾ മാത്രമാക്കി തീരുമാനിച്ചതായി അറിയുന്നു. എന്നാൽ ഈ പദ്ധതികൾക്ക് അംഗീകാരം നൽകുകയോ തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്യാത്തതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വലിയ ആശങ്കയിലാണ്. വളരെ പ്രധാനപ്പെട്ട പല പദ്ധതികളും നടപ്പാക്കാനാകാതെ ഗുരുതരമായ പ്രശ്നം നിലനിൽക്കുകയാണ്. പ്രസ്തുത പദ്ധതികൾക്ക് അംഗീകാരം നൽകി പദ്ധതി വിഹിതം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, നേരത്തേ ഓരോ പഞ്ചായത്തും മുനിസിപ്പാലിറ്റിയും അവരുടെ ആവശ്യവുമായി വരികയും അതനുസരിച്ച് ഇവിടെനിന്നും ഫണ്ട് കൊടുക്കുകയും ചെയ്യുന്ന നടപടിയായിരുന്നു ഉണ്ടായിരുന്നത്. അതുമാറ്റി കൃത്യമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഏത് രാഷ്ട്രീയ പാർട്ടിയിൽപ്പെട്ടവരായാലും ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും പണം വീതം വയ്ക്കുന്ന ഒരു നിലപാടാണ് പതിനഞ്ച് വർഷമായി കേരളത്തിൽ നിലനിന്നിരുന്നത്. SFC-യുടെ റെക്കമെന്റേഷന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറേണ്ട തുകയിൽനിന്ന് 500 കോടിരൂപ വിവേചനാധി കാരത്തോടുകൂടി നൽകാൻ ഒരു ഫണ്ടായി മാറ്റിവച്ചു. അതിനുവേണ്ടി കോർപ്പറേഷനുകളും ജില്ലാ പഞ്ചായത്തുകളും പ്രോജക്ടുകൾ തയ്യാറാക്കാൻ പറഞ്ഞു, അവർ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്, ആർക്ക് കൊടുക്കണമെന്ന് തീരുമാനിച്ചിട്ടില്ല. പുതിയ സർക്കാർ വന്നപ്പോൾ ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ കഴിഞ്ഞവർഷം തങ്ങൾക്ക് കിട്ടിയ പണത്തെക്കാൾ കുറവാണ് ഇത്തവണ കിട്ടിയിട്ടുള്ളതെന്ന പരാതിയുമായി വന്നു. അത് ശരിയാണ്. 500 കോടി രൂപ എടുത്തിരിക്കുന്നത് കൂടുതലും ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നുമാണ്. ജില്ലാ പഞ്ചായത്തിനും കുറഞ്ഞിട്ടുണ്ട്. ഏതാനും ചില പഞ്ചായത്തുകൾ ഇങ്ങനെ എടുത്ത് വേറെ പഞ്ചായത്തുകൾക്ക് കൊടുക്കുന്നത് അഭികാമ്യമല്ല. അതുകൊണ്ട് ഇത് അവസാനിപ്പിക്കുകയാണ്. നിയമസഭയിൽ അവതരിപ്പിച്ച ബഡ്ജറ്റ് പ്രസംഗത്തിൽ 500 കോടി രൂപ മാനദണ്ഡപ്രകാരം ഉപാധിരഹിത ഫണ്ടായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നുവെന്ന് പറഞ്ഞു. അതനുസരിച്ച് ഫണ്ട് നൽകാനുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അപ്പോൾ ചിലർക്ക് ഇച്ഛാഭംഗം വന്നിട്ടുണ്ട്. ചില കോർപ്പറേഷനുകൾ ശ്മശാനമുണ്ടാക്കാൻ തീരുമാനിച്ചു, അറവുശാലയുണ്ടാക്കി, അത്തരത്തിലുള്ള നിർമ്മാണപ്രവൃത്തികൾക്ക് വായ്പയായിട്ടോ മറ്റോ പണം നൽകാൻ കഴിയുമോ എന്ന കാര്യം സർക്കാർ ആലോചിച്ചുവരികയാണ്. പക്ഷേ നായ്ക്കളുടെ വന്ധ്യംകരണംപോലുള്ള കാര്യങ്ങൾക്കുവേണ്ടി

ഈ ഫണ്ടിൽനിന്നും നൽകുകയില്ല, അക്കാര്യം പരിഗണിക്കാൻ പറ്റില്ല. അതേസമയം അറവുശാലകൾ അത്യന്താപേക്ഷിതമാണ്, ഒഴിവാക്കാൻ പറ്റില്ല. അധികം ഫണ്ട് വേറെ എവിടെ നിന്നെങ്കിലും എടുത്തായാലും ചെയ്യേണ്ടതാണ്. അത് എങ്ങനെ ചെയ്യാൻ പറ്റുമെന്നുള്ള കാര്യം സർക്കാർ ആലോചിച്ചുവരികയാണ്. ഇപ്പോൾ തന്നെ ഉപാധിരഹിത ഫണ്ടായി 500 കോടി രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാനദണ്ഡപ്രകാരം നൽകുകയാണ്.

## (9) റോഡുകളുടെ പുനരുദ്ധാരണം

ശ്രീ. എ. എം. ആരിഫ്: സർ, കേരളത്തിൽ ഏറ്റവും കൂടുതൽ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന രണ്ട് റോഡുകളാണ് അരൂർ ബൈപ്പാസ്-ഇടക്കൊച്ചി റോഡും അരൂർ - അരൂക്കുറ്റി റോഡും. ഇന്ത്യാ ഗവൺമെന്റിന്റെ ഫോറിൻ ട്രേഡ് പോളിസി പ്രകാരം മത്സ്യവിഭവ കയറ്റുമതിയിൽ ഒന്നാം സ്ഥാനമുള്ള അരൂരിനെ മികവിന്റെ പട്ടണം അഥവാ സെന്റർ ഓഫ് എക്സലൻസ് എന്ന് ഇന്ത്യാ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ളതാണ്. അമ്പതിൽപ്പരം മത്സ്യവിഭവ കയറ്റുമതി സ്ഥാപനങ്ങളും നൂറ് കണക്കിന് മത്സ്യസംസ്കരണശാലകളും പ്രവർത്തിക്കുന്ന ഈ പ്രദേശത്തെ റോഡുകളിലൂടെ നിരവധി ഹെവി ലോഡ് കണ്ടെയ്നറുകളാണ് നിത്യേന വന്നു പോകുന്നത്. അരൂർ ബൈപ്പാസ്-ഇടക്കൊച്ചി റോഡിനോട് ചേർന്നാണ് അരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പ്രവർത്തിക്കുന്നത്. അവിടെയുള്ള മറ്റ് സ്ഥാപനങ്ങളിലേയ്ക്കുള്ള ഹെവി വാഹനങ്ങളും വന്നുപോകുകയാണ്. ഇതുനിമിത്തം മേൽപ്പറഞ്ഞ രണ്ട് റോഡുകളും എത്ര മെയിന്റനൻസ് നടത്തിയാലും ആറുമാസംകൊണ്ട് തകർന്നു പോകുന്നു. ഈ രണ്ട് റോഡുകളിലൂടെയുള്ള ജനങ്ങളുടെ യാത്ര ഏറെ ദുഷ്കരമാണ്. രണ്ട് കിലോമീറ്റർ സഞ്ചരിക്കാൻ മണിക്കൂറുകൾ വേണ്ടിവരുന്നു. റോഡിന് വീതി കുറവായതിനാൽ ഗതാഗതക്കുരുക്ക് അതിരൂക്ഷമാണ്. ആയതിനാൽ ഭൂമി ഏറ്റെടുത്ത് വീതി കൂട്ടിയും BM&AC (ബിറ്റുമിൻ മെക്കാഡം ആന്റ് അസ്ഫാൾട്ട് കോൺക്രീറ്റ്) ഘടനയിൽ ഹെവി ലോഡുകൾ താങ്ങാവുന്ന നിലയിലും ദീർഘകാല സംരക്ഷണ മാനദണ്ഡത്തോടെ റോഡ് നിർമ്മിക്കേണ്ടത് ഏറെ പ്രാധാന്യമർഹിക്കുന്നു. നമ്മുടെ രാജ്യത്തെ വിദേശ നാണയ നിക്ഷേപത്തിലേയ്ക്ക് കോടിക്കണക്കിന് രൂപ നികുതിയായി നൽകുന്നതും സംസ്ഥാനത്തെ ആയിരക്കണക്കിന് തൊഴിലാളികൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതും ത്രിതല പഞ്ചായത്തുകൾക്ക് അനേകം രൂപ നികുതി നൽകുന്നതുമായ ഈ പ്രദേശത്തെ പ്രധാനപ്പെട്ട ഈ രണ്ടുറോഡുകളും കൂടി ആകെ നാല് കിലോമീറ്റർ നീളം മാത്രമേയുള്ളൂ. ഈ രണ്ട് റോഡുകളും ഉയർന്ന നിലയിൽ പുനരുദ്ധരിച്ച് നിർമ്മിക്കുന്നതിനുള്ള ഡി.പി.ആർ. എത്രയും വേഗം തയ്യാറാക്കി കിഫ്ബിക്ക് നൽകുന്നതിന് പൊതുമരാമത്ത് വകുപ്പ് ബന്ധപ്പെട്ട അധികൃതർക്ക് നിർദ്ദേശം നൽകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, നിലവിലുള്ള അരൂർ-അരൂക്കുറ്റി റോഡും ഡീ-ലിങ്ക്ഡ് ദേശീയ പാതയുടെ ഭാഗമായ അരൂർ-ഇടക്കൊച്ചി റോഡും 20 എം.എം. ചിപ്പിംഗ് കാർപെറ്റ് ഉപരിതലത്തോടു കൂടിയതാണ്. ഈ മേഖലയിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റും സീ ഫുഡ് ഫാക്ടറികളും സ്ഥിതി ചെയ്യുന്നതുകൊണ്ട് നൂറ് കണക്കിന് ഹെവി ലോഡ് കണ്ടെയ്നറുകൾ വന്നു പോകുന്നതിനാൽ പ്രസ്തുത റോഡുകളുടെ ഉപരിതലം അത്യധികം തകരാറിലാണ്. ആവശ്യത്തിനുള്ള ഡ്രെയിനേജ് സൗകര്യങ്ങളുടെ അഭാവവും റോഡ് തകരാൻ കാരണമാകുന്നു. നടത്തിവരുന്ന അറ്റകുറ്റപ്പണികൾകൊണ്ട് ഇതിന് പരിഹാരമാവുകയില്ല. സ്ഥലം ലഭിക്കാത്തതുമൂലം ഡ്രെയിനേജ് സൗകര്യം ഏർപ്പെടുത്താനും സാധിക്കുന്നില്ല. റോഡുകൾ ദീർഘകാല സംരക്ഷണ മാനദണ്ഡത്തോടെ ബി.എം. & ബി.സി. നിലവാരത്തിൽ ഉപരിതലം ഡിസൈൻ ചെയ്ത് അത്യാവശ്യ ഡ്രെയിനേജ് സൗകര്യങ്ങളോടുകൂടി പുനർനിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതുൾപ്പെടെ അരൂർ-അരൂക്കുറ്റി റോഡിന് 32 കോടി രൂപയും അരൂർ എൻ.എച്ച്. ഡീ-ലിങ്ക്ഡ് ഭാഗം റോഡിന് 10 കോടി രൂപയും വേണ്ടിവരും. 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിലും മറുപടി പ്രസംഗത്തിലും ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളാണ് ഇപ്പോൾ KIIFB മുഖാന്തിരം നടത്തുവാൻ ഉദ്ദേശിക്കുന്നത്. 10 കോടി രൂപയ്ക്ക് മുകളിൽ വരുന്നതെല്ലാം അതിലാണ് ഉൾപ്പെടുന്നത്. ഈ വർഷത്തേത് വേറെ വന്നിട്ടുണ്ട്. മറ്റ് മണ്ഡലങ്ങളേക്കാൾ കൂടുതൽ തുകയുടെ 2 ബഡ്ജറ്റ് നിർദ്ദേശങ്ങൾ അരൂർ മണ്ഡലത്തിൽ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. അതിൽ ഇത് ഉൾപ്പെട്ടിട്ടില്ല. ബഡ്ജറ്റ് നിർദ്ദേശങ്ങൾ പുനഃക്രമീകരിച്ച് മുൻഗണനാപ്രകാരം നടത്തുന്ന കാര്യം ധനകാര്യ വകുപ്പുമായി ചർച്ച ചെയ്യാവുന്നതാണ്. ഇപ്പോൾ 42 കോടി രൂപയുടെ പുതിയ വർക്ക് ഏറ്റെടുക്കാൻ മരാമത്ത് വകുപ്പിന് നിർവ്വാഹമില്ലെന്ന കാര്യം എല്ലാവർക്കുമറിയാം. അതുകൊണ്ട് ഇപ്പോഴുള്ള പദ്ധതിയിൽ ഇത് ഉൾപ്പെടുന്നില്ല.

## (10) നവീകരണ പ്രവൃത്തി

ശ്രീ. സണ്ണി ജോസഫ്: സർ, കണ്ണൂർ ജില്ലയിൽ നാഷണൽ ഹൈവേയ്ക്ക് തുല്യ പ്രാധാന്യമുള്ള റോഡാണ് തലശ്ശേരി-വളവുപാറ റോഡ്. വളവുപാറയെന്ന് പറഞ്ഞാൽ ആളുകൾക്കറിയില്ല, അതൊരു ചെറിയ സ്ഥലമാണ്. പക്ഷേ, തലശ്ശേരിയിൽനിന്ന് ആരംഭിച്ച് കൂത്തുപറമ്പ്, മട്ടന്നൂർ, ഇരിട്ടി എന്നീ മുനിസിപ്പാലിറ്റികളുടെ ഹെഡ് ക്വാർട്ടേഴ്സിലൂടെ കർണ്ണാടകയിലെ മൈസൂരിലേയ്ക്കുള്ള പ്രധാനപ്പെട്ട അന്തർസംസ്ഥാന പാതയാണിത്. സ്വാതന്ത്ര്യം ലഭിക്കുന്നതിന് മുമ്പുതന്നെ റോഡും പാലങ്ങളും ഉണ്ടായിരുന്നു. ആ റോഡിലൂടെയാണ് കണ്ണൂർ വിമാനത്താവളത്തിലേയ്ക്ക് തലശ്ശേരി, മൈസൂർ ഭാഗങ്ങളിൽനിന്ന് യാത്രക്കാർ വരേണ്ടത്. തലശ്ശേരി-മൈസൂർ റെയിൽവേപോലും

കാലഘട്ടത്തിന്റെ ന്യായയുക്തമായ ഒരാവശ്യമാണ്. അതിന് കാലതാമസം ഉണ്ടാകും. പക്ഷെ ആ റോഡിന്റെ നവീകരണമാണ് ഒരു പരിഹാരമാർഗ്ഗം. ഈ റോഡ് നവീകരിക്കണമെന്നുള്ളത് വലിയൊരു ആവശ്യമാണ്. കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി 2013-ൽ പ്രവൃത്തി ആരംഭിച്ചു. എന്നാൽ കരാറുകാരൻ സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാത്തതുകൊണ്ട് ആ കരാർ ടെർമിനേറ്റ് ചെയ്ത് രണ്ട് റീച്ചുകളായി പുതിയ ടെണ്ടർ ക്ഷണിച്ച് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. 7 പാലങ്ങളാണ് ഈ 53 കിലോമീറ്റർ ദൈർഘ്യമുള്ള റോഡിലുള്ളത്. വലിയ അപകട ഭീഷണിയുള്ള, 1935-ൽ പണി പൂർത്തിയാക്കിയ ഇരിട്ടി പാലംവരെ ഈ റോഡിലുള്ളതാണ്. ചരക്ക് വാഹനങ്ങൾക്ക് ഇരിട്ടി പാലത്തിലൂടെ യാത്ര ചെയ്യാൻ കഴിയുന്നില്ല. വലിയ ഗതാഗതക്കുരുക്കുണ്ടാകുന്നു. ഈ അന്തർസംസ്ഥാന പാതയിൽ കർണ്ണാടക അതിർത്തിയിലുള്ളതാണ് കൂട്ടുപുഴ പാലം. അത് പഴയകാലത്ത് നിർമ്മിച്ചതാണ്. 7 പാലങ്ങളുൾപ്പെടെ നവീകരിച്ച് പുതിയ പാലങ്ങൾ പണിയുന്നതിനും 53 കിലോമീറ്റർ ദൈർഘ്യമുള്ള റോഡിന്റെ പുനർനിർമ്മാണവും 2 റീച്ചുകളിലായി റീ-ടെണ്ടർ ചെയ്ത് പ്രവൃത്തി ആരംഭിച്ചു. എന്നാൽ വേണ്ടത്ര വേഗതയിൽ സമയബന്ധിതമായി ഈ പ്രവൃത്തി പുരോഗമിക്കുന്നില്ല. ബഹുമാനപ്പെട്ട മരാമത്ത് വകുപ്പുമന്ത്രി ഇതു സംബന്ധിച്ച് പ്രത്യേക യോഗം വിളിക്കണം. തലശ്ശേരി - വളവുപാറ റോഡ്, വളരെ പ്രധാനപ്പെട്ടതും അന്തർ സംസ്ഥാന പാതയുമാണ്. മൈസൂരിലേയ്ക്ക് കോഴിക്കോട് നിന്നുള്ള രാത്രികാല ഗതാഗതം നിരോധിക്കപ്പെട്ടതിനെത്തുടർന്ന് ഈ റോഡിലൂടെയാണ് രാത്രിയും പകലും ആയിരക്കണക്കിന് വാഹനങ്ങൾ സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്. ഈ റോഡിന്റെ പ്രാധാന്യം കണക്കിലെടുത്ത് തലശ്ശേരി-വളവുപാറ റോഡിന്റെ കെ.എസ്.ടി.പി. രണ്ടാംഘട്ടം നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിക്കും കണ്ണൂർ ജില്ലയിലെ എല്ലാ ജനപ്രതിനിധികൾക്കും അറിയാവുന്നതാണ്. ഇത് ഒരു കോൺസ്റ്റിറ്റ്യുവൻസിയുടെ പ്രശ്നമല്ല. ഒരു ജില്ലയുടെയും ഒരു മേഖലയുടെയും പ്രശ്നമാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ലോകബാങ്ക് ധനസഹായത്തോടെ നടപ്പിലാക്കിവരുന്ന കെ.എസ്.ടി.പി. II പദ്ധതിയിൽപ്പെടുത്തി 53.12 കിലോമീറ്റർ ദൈർഘ്യമുള്ള തലശ്ശേരി - വളവുപാറ റോഡിന്റെ നിർമ്മാണ പ്രവൃത്തി 234.99 കോടി രൂപയ്ക്ക് M/s. SACYR- ESSAR- JV എന്ന കമ്പനിയുമായി 6-5-2013-ൽ എഗ്രിമെന്റ് വച്ചിരുന്നു. കരാർ പ്രകാരം സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കമ്പനി വീഴ്ച വരുത്തിയതിനാൽ 22-4-2015-ൽ കരാർ റദ്ദാക്കി. ആ സാഹചര്യത്തിൽ ബാക്കി പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുവേണ്ടി പ്രസ്തുത റോഡ് രണ്ട് റീച്ചുകളായി തിരിച്ചു. ആദ്യ റീച്ചായി തലശ്ശേരി മുതൽ കളർകോട് വരെയും

(28.80 കിലോമീറ്റർ) രണ്ടാമത്തെ റീച്ചായി കളർകോട് മുതൽ വളവുപാറ വരെയും (28.80 കിലോമീറ്റർ) തെരഞ്ഞെടുത്തു. ടെണ്ടർ ചെയ്ത് കരാറുകാർ എഗ്രിമെന്റ് വച്ച് തുടങ്ങിയ രണ്ട് പ്രവൃത്തികളും ഇപ്പോൾ പുരോഗതിയിലാണ്. കരാറിൽ രണ്ട് പ്രവൃത്തികളും 30-6-2018-ൽ തീർക്കണമെന്നാണ് നിഷ്കർഷിച്ചിരിക്കുന്നത്. അതനുസരിച്ച് സമയബന്ധിതമായി പ്രവൃത്തികൾ തീർക്കുന്നതിന് കോൺട്രാക്ടർമാർക്കും സൂപ്പർവൈസറി കൺസൾട്ടന്റായ Egis International Inc.-നും നിർദ്ദേശം നൽകിയിട്ടുണ്ട്.

## (11) നെല്ല് സംഭരണം

ശ്രീ. കെ. എം. മാണി: സർ, കുട്ടനാട്ടിൽ പൊതുവേയും അപ്പർ കുട്ടനാട്ടിൽ പ്രത്യേകിച്ചും നെൽകർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടിലേയ്ക്ക് സഭയുടെ ശ്രദ്ധ പതിപ്പിക്കുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. കുട്ടനാട്ടിൽ കൊയ്ത നെല്ല് പാടത്ത് കെട്ടിക്കിടക്കുകയാണ്. സപ്ലൈകോ നെല്ല് സംഭരിക്കുന്നില്ല. നെല്ല് മുളച്ചുപോകുകയാണ്. ഇതുമൂലം വമ്പിച്ച നഷ്ടമാണ് കൃഷിക്കാർക്ക് വന്നുചേരുന്നത്. അതിൽ ഗവൺമെന്റ് അടിയന്തരമായി ഇടപെടണം. നെല്ല് സംഭരിക്കുമ്പോൾ അതിന്റെ വില അവിടെവച്ചുതന്നെ കൊടുക്കണം. നെല്ലിന്റെ സംഭരണവില കുടിശ്ശികയാണ്. ഇപ്പോൾ വിതയ്ക്കുന്ന സീസണാണ്. വിതയ്ക്കാനുള്ള വിത്ത് ചിലയിടത്തൊക്കെ എത്തിയിട്ടുണ്ട്. എൻ.എസ്.സി. (National Seeds Corporation) വഴി വിത്ത് കൊടുത്തുതുടങ്ങിയിട്ടുണ്ടെങ്കിലും എല്ലായിടത്തും എത്തിയിട്ടില്ല. ഇക്കാര്യത്തിൽ കൃഷി ഡിപ്പാർട്ടുമെന്റ് അടിയന്തരമായി നടപടി കൈക്കൊള്ളണം. പമ്പിംഗ് സ്ബസിഡി നൽകിയിട്ടില്ല, കോട്ടയം ജില്ലയിൽ 6 കോടി രൂപയുടെ പമ്പിംഗ് സബ്സിഡി കുടിശ്ശികയാണ്. കർഷക പെൻഷൻ കൊടുത്തിട്ടില്ല. ഓണത്തിന് എല്ലാ പെൻഷനും കൊടുത്തെങ്കിലും കർഷക പെൻഷൻ മാത്രം കൊടുത്തില്ല. അത് വാസ്തവത്തിൽ കർഷകരോടുള്ള വലിയ അവഗണനയാണ്. കർഷക പെൻഷൻ അടിയന്തരമായി കൊടുക്കണം. അത് വലിയൊരു ആവശ്യമാണ്. നെല്ലിനോടനുബന്ധിച്ചുള്ള മറ്റൊരു വിഷയമാണ് പകർച്ചപ്പനി ബാധിച്ച 21,000 താറാവുകളെ കൊന്നത്. പായിപ്പാട്, അയ്മനം, വെച്ചൂർ, നീണ്ടൂർ, തലയാഴം തുടങ്ങിയ പഞ്ചായത്തുകളിലായി 30,000 താറാവുകൾക്ക് പനി ബാധിച്ചിട്ടുണ്ട്. കേന്ദ്ര പ്രോട്ടോക്കോൾ അനുസരിച്ച് എവിടെയെങ്കിലും പനി കണ്ടാൽ അതിന് ഒരു കിലോമീറ്റർ ചുറ്റളവിലുള്ള മുഴുവൻ താറാവുകളെയും കൊല്ലണമെന്നാണ്. രോഗം ഉണ്ടെങ്കിലും ഇല്ലെങ്കിലും കൊല്ലണം. അങ്ങനെയാണെങ്കിൽ ഈ 30,000 താറാവുകളെ ഉടനെ കൊല്ലേണ്ടിയിരിക്കുന്നു. കർഷകർക്കുണ്ടാകുന്ന വമ്പിച്ച നഷ്ടം നികത്താൻ ഗവൺമെന്റ് എന്തെങ്കിലും ഒരു പാക്കേജ് പ്രഖ്യാപിക്കണം. കേരള കോൺഗ്രസ് ഈ വിഷയം ഉന്നയിച്ചുകൊണ്ട് ഇന്ന് 14 ജില്ലകളിലും ധർണ്ണ നടത്തുകയാണ്. ഗവൺമെന്റ് അടിയന്തരമായി ഇക്കാര്യത്തിൽ ഇടപെട്ട് കർഷകരെ സഹായിക്കുന്നതിന് മുന്നോട്ടുവരണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. എം. മാണി മൂന്ന് വകുപ്പുകളുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് ഉന്നയിച്ചിരിക്കുന്നത്. അവിടെ നെല്ല് സംഭരണം നടക്കുന്നില്ലെന്ന് അദ്ദേഹം പറയുന്നത് ശരിയല്ല, നെല്ല് സംഭരണം നടക്കുന്നുണ്ട്. നെല്ല് സംഭരണം 2005 മുതൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന നടപ്പാക്കിയിട്ടുണ്ട്. എല്ലാ ജില്ലകളിലും സംഭരണം നടക്കുന്നുണ്ട്. 2016-17 വർഷം നാളിതുവരെ ആലപ്പുഴ ജില്ലയിൽ 17,186 കർഷകരിൽനിന്നായി 61,554 മെട്രിക് ടൺ നെല്ല് സപ്ലൈകോ സംഭരിച്ചുകഴിഞ്ഞു. ഇപ്പോഴും നെല്ല് സംഭരണം തുടരുകയാണ്. ഈ വർഷം ആലപ്പുഴ ജില്ലയിൽ പുറക്കാട്, കരിനിലം മേഖലയിൽ ഇലപ്പുള്ളി രോഗവും മുഞ്ഞയും ബാധിച്ച നെൽപ്പാടങ്ങളിൽനിന്നും കൊയ്തെടുത്ത 200 മെട്രിക് ടണ്ണോളം ഗുണനിലവാരം കുറഞ്ഞ നെല്ല് ഭക്ഷ്യയോഗ്യമല്ലാത്തതിനാൽ സപ്ലൈകോ വഴി സംഭരിച്ച് കാലിത്തീറ്റയുണ്ടാക്കുന്നതിന് കേരളാ ഫീഡ്സിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ബാക്കി നെല്ല് മറ്റു കമ്പനികൾ എടുക്കാത്ത സാഹചര്യത്തിൽ കൃഷി വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ ഓയിൽ പാം ഇൻഡ്യ ലിമിറ്റഡിന്റെ മോഡേൺ റൈസ് മിൽ വഴി സംഭരിക്കാൻ നിർദ്ദേശം നൽകുകയും സംഭരണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നെല്ല് സംഭരിച്ച വകയിൽ 132.34 കോടി രൂപയാണ് കർഷകർക്ക് നൽകുവാനുള്ളത്. ഒരു മാസത്തിനകം സംഭരിച്ച നെല്ലിന്റെ വില നൽകുമെന്നാണ് സർക്കാർ പറഞ്ഞിരുന്നത്. ഇതിൽ 123 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. ഈ മാസം 10-ാം തീയതി മുതൽ ഇതിന്റെ വിതരണം ആരംഭിക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 330 കോടി രൂപയാണ് കൊടുക്കാനുണ്ടായിരുന്നത്, അങ്ങ് പറഞ്ഞ, സംഭരണം നടക്കാത്തി ടത്തൊക്കെ പരിഹാരം ഉണ്ടാക്കിയിട്ടുണ്ട്.

ശ്രീ. മോൻസ് ജോസഫ്: സർ, കുട്ടനാട്ടിൽ സംഭരണം ആയിട്ടില്ല.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, എല്ലായിടത്തും സംഭരണം ആരംഭിച്ചിട്ടുണ്ട്. ഏതെങ്കിലും സ്ഥലത്ത് സംഭരണം ആരംഭിക്കാത്ത പ്രശ്നമുണ്ടെങ്കിൽ അത് ചൂണ്ടിക്കാണിച്ചാൽ ഉടൻതന്നെ നടപടി സ്വീകരിക്കാം. കുട്ടനാട് ഉൾപ്പെടെയുള്ള ഒരു സ്ഥലത്തും നെൽവിത്ത് ലഭിക്കാത്തതുകാരണം പ്രശ്നമുണ്ടായിട്ടില്ല. കാർഷിക കലണ്ടർ പ്രകാരം ഒക്ടോബർ 15 മുതൽ 30 വരെയാണ് വിതയുടെ കാലയളവ്. കുട്ടനാട് നവംബർ 1 മുതൽ 15 വരെയും കരിനിലങ്ങളിൽ നവംബർ 15 മുതൽ 30 വരെയും അപ്പർ കുട്ടനാടിൽ ഡിസംബർ 1 മുതൽ 15 വരെയുമാണ്.

കേരളത്തിൽ പ്രധാനമായും വിത്ത് വിതരണം ചെയ്യുന്നത് Kerala State Seed Development Authority, Karnataka State Seeds Corporation Limited, National Seeds Corporations Limited എന്നീ മൂന്ന് ഏജൻസികളാണ്.

കേരളത്തിൽ കൃഷി വകുപ്പ് നേരിട്ട് വിത്ത് വിതരണം ചെയ്യുന്നത് സീഡ് അതോറിറ്റി വഴിയാണ്. ഇപ്പോൾ സ്റ്റേറ്റ് സീഡ് അതോറിറ്റി വഴി കൊടുക്കേണ്ട വിത്ത് 2,060 മെട്രിക് ടണ്ണാണ്. അതിൽ ഉമ 1,875 ടൺ, ശ്രേയസ്സ് 10 ടൺ, ജ്യോതി 125 ടണ്ണുമാണ്. കെ.എസ്.എസ്.സി.എൽ. കൊടുക്കേണ്ട വിത്ത് ഉമ നെല്ല് 410 മെട്രിക് ടണ്ണും എൻ.എസ്.സി. കൊടുക്കേണ്ടത് 181 മെട്രിക് ടണ്ണുമാണ്. ഇതിൽ കൃഷിക്കാർക്കാവശ്യമായ സീഡ് അതോറിറ്റിയുടെ വിത്തിനായി ബുക്ക് ചെയ്യുന്നത് കൃഷി ഭവൻ വഴിയാണ്. കൃഷി ഭവൻ വഴി വിതരണം ചെയ്യുന്നതിന് ആവശ്യമായ വിത്ത് സംഭരിച്ചിട്ടുണ്ട്.

ശ്രീ. സി. എഫ്. തോമസ്: സർ, ചങ്ങനാശ്ശേരിയിൽ സീഡ് അതോറിറ്റിയുടെ വിത്ത് കിട്ടാനില്ല. എൻ.എസ്.സി.-യുടെ വിത്ത് ലഭ്യമാണ്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, സീഡ് അതോറിറ്റിയുടെ വിത്ത് ഒരിടത്തും കൊടുക്കാനില്ല. അത് തെറ്റാണ്. എൻ.എസ്.സി.-യുടെ വിത്ത് കൃഷിക്കാർ ബുക്ക് ചെയ്യുന്നത് അവരുടെ സ്വന്തം ഇഷ്ടപ്രകാരമാണ്. എൻ.എസ്.സി. മുൻകൂർ പണം വാങ്ങിയാണ് വിത്ത് ബുക്ക് ചെയ്യുന്നത്. കർണ്ണാടക സ്റ്റേറ്റ് സീഡ്സ് കോർപ്പറേഷൻ ലിമിറ്റഡിന്റെ വിത്ത് അവർ വിതരണം ചെയ്തിട്ടുണ്ട്. കുട്ടനാട് ഉൾപ്പെടെയുള്ള ഒരു സ്ഥലത്തും നെൽവിത്ത് ലഭിക്കാത്തതിനാൽ നെൽകൃഷി നിർത്തിവച്ചിരിക്കുന്ന സാഹചര്യം നിലവിലില്ല. കുട്ടനാട് നെൽകർഷകർക്ക് ആവശ്യമുള്ള 2,060 മെട്രിക് ടൺ നെൽവിത്തിൽ 1,320 മെട്രിക് ടൺ നെൽവിത്ത് ഇതിനോടകം വിതരണം ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 740 മെട്രിക് ടൺ നെൽവിത്ത് വിതരണം നടത്തിവരികയാണ്. അത് ഉടൻതന്നെ സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്. ഇതിനുപുറമേ 1000 മെട്രിക് ടൺ ഉമ നെൽവിത്ത് വിത്തു വിതരണ അതോറിറ്റിയിൽ കരുതൽ ശേഖരമുണ്ട്. കൃഷി വകുപ്പിന്റെ കീഴിലുള്ള സംസ്ഥാന വിത്തു വികസന അതോറിറ്റി കൃഷിഭവൻ മുഖേനയാണ് വിത്തു വിതരണം നടത്തുന്നത്. കൂടാതെ കർഷകർ നേരിട്ട് നാഷണൽ സീഡ്സ് കോർപ്പറേഷനിൽനിന്നും മുൻകൂർ തുക നൽകി വിത്ത് ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് കൃഷി വകുപ്പ് മുഖേനയല്ല നൽകിക്കൊണ്ടിരിക്കുന്നത്. നാഷണൽ സീഡ്സ് കോർപ്പറേഷൻ കർഷകരിൽനിന്നും മുൻകൂറായി പണം വാങ്ങി നൽകാമെന്നേറ്റിരുന്ന നെൽവിത്ത് വിതരണം നടത്താൻ കാലതാമസമുണ്ടായതാണ് വിത്ത് ലഭ്യമല്ല എന്ന പരാതിക്ക് കാരണമായത്. ഇതറിഞ്ഞ ഉടൻതന്നെ ഇന്നലെ എൻ.എസ്.സി.-യുടെ റീജിയണൽ മാനേജരേയും സീഡ് അതോറിറ്റി ഡയറക്ടറേയും വിളിച്ച് വിത്ത് വിതരണം ചെയ്യാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. കൃഷിക്കാർ അവർക്ക് അഡ്വാൻസായി കൊടുത്തിരിക്കുന്ന പണം തിരിച്ചുനൽകാനും അതിനുപകരമായി സ്റ്റേറ്റ് സീഡ് കോർപ്പറേഷന് വിത്ത് കൊടുക്കാനാവശ്യമായ തീരുമാനവും ഇന്നലെ എടുത്തിട്ടുണ്ട്. പാടശേഖര സമിതിയുമായി ചർച്ച നടത്തി ആവശ്യമായ വിത്ത് കൊടുക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, നെൽ ഉല്പാദക സമിതികൾ നേരിട്ട് പണമടച്ചതല്ല.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്റ്റേറ്റ് സീഡ് അതോറിറ്റിയുടെ വിത്തെടുത്താൽ മാത്രമേ സബ്സിഡി കൊടുക്കാൻ പാടുള്ളൂ എന്ന ഉത്തരവ് ഉണ്ടായിരുന്നു. ഈ സർക്കാർ വന്നതിനുശേഷം ഏത് ഏജൻസിയുടെ വിത്തെടുത്താലും പൂർണ്ണമായി സബ്സിഡി കൊടുക്കുമെന്ന് കർഷകരുടെ ആവശ്യപ്രകാരം അനുവാദം കൊടുത്തു. കർഷകർക്ക് എൻ.എസ്.സി. വിത്ത് കൊടുക്കുന്നത് കൃഷിഭവനുകൾ വഴിയല്ല. കൃഷിഭവനുകൾക്ക് ഓപ്ഷനുണ്ട്, നിങ്ങൾക്ക് ഏത് വിത്തു വേണമെങ്കിലും എടുക്കാം. നേരത്തെ ഓപ്ഷൻ ഉണ്ടായിരുന്നില്ല. എൻ.എസ്.സി.-യുടെ വിത്ത് സാധാരണ മുടങ്ങുന്ന പതിവുണ്ടായിരുന്നില്ല. ഈ വർഷം അവർ വിത്ത് കൊടുക്കുന്നതിൽ താമസം വരുത്തി. ആലപ്പുഴ ജില്ലയിൽ നടന്ന മീറ്റിംഗിൽ എൻ.എസ്.സി. പറഞ്ഞത് അവരിൽ വിത്ത് ശേഖരം ഉണ്ടെന്നാണ്. എന്നാൽ സപ്ലൈ ചെയ്യുന്നതിൽ ചില തകരാറുണ്ടായി. സ്റ്റേറ്റ് സീഡ് കോർപ്പറേഷന്റെ വിത്ത് വിതരണത്തിൽ വന്ന കാലതാമസത്തിന് കാരണം കയറ്റിറക്കുമായി ബന്ധപ്പെട്ട് അവിടത്തെ ചുമട്ട് തൊഴിലാളികളുമായുണ്ടായ തർക്കമാണ്. തർക്കത്തെ തുടർന്ന് ഒരാഴ്ചക്കാലം വിത്ത് ഇറക്കാൻ കഴിയാതെ വന്നപ്പോൾ അതിലിടപെട്ട് പരിഹാരം കണ്ടെത്തി. എൻ.എസ്.സി.-യുടെ വിത്ത് കൊടുക്കാത്ത സ്ഥലത്ത് സ്റ്റേറ്റ് സീഡ് അതോറിറ്റി വിത്ത് കൊടുക്കാനാവശ്യമായ സംവിധാനം ഇന്നലെ ഒരുക്കിയിട്ടുണ്ട്. ഉമ നെൽ വിത്തിന്റെ 1,000 ടണ്ണിന്റെ ശേഖരം നമുക്കുണ്ട്.

ശ്രീ. മോൻസ് ജോസഫ്: സർ, പമ്പിംഗ് സബ്സിഡി, പെൻഷൻ എന്നിവ സംബന്ധിച്ച പ്രശ്നമുണ്ട്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, പമ്പിംഗ് സബ്സിഡി കഴിഞ്ഞ നാല് വർഷക്കാലത്തെ കുടിശ്ശികയാണ്. ഈ വിഷയം അവതരിപ്പിച്ച ബഹുമാനപ്പെട്ട മാണി സാർ ധനകാര്യ വകുപ്പുമന്ത്രി ആയിരുന്നപ്പോൾ ഈ പണം അനുവദിച്ചിരുന്നില്ല. അതിനുശേഷം അക്യുമുലേറ്റ് ചെയ്ത തുകയാണ് കൊടുക്കാനുള്ളത്. അതിനുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. 237 കോടി രൂപ ഈ സർക്കാർ വന്നതിനുശേഷം പെൻഷൻ കുടിശ്ശിക കൊടുത്തിട്ടുണ്ട്. ബാക്കിയുള്ള തുകയെ സംബന്ധിച്ച് ഇവിടെ അവതരിപ്പിച്ച അടിയന്തരപ്രമേയത്തിന്റെ മറുപടിയിൽ എന്തുകൊണ്ടാണ് കൊടുക്കാൻ പറ്റാത്തതെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. മാനദണ്ഡ പ്രകാരമുള്ള ലിസ്റ്റ് അനലൈസ് ചെയ്തുകഴിഞ്ഞാലുടൻ പെൻഷൻ വിതരണം ചെയ്യുന്നതായിരിക്കും.

# VI മേശപ്പുറത്തുവച്ച കടലാസുകൾ

## ലിസ്റ്റ് 1 പ്രകാരം

1. മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

1. സ.ഉ.(അച്ചടി) നമ്പർ 2/16/കാ.യു.വ. തീയതി 7-1-2016 (എസ്.ആർ.ഒ. നമ്പർ 40/2016) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
2. ജി.ഒ.(പി) നമ്പർ 217/2016/ഹോം. തീയതി 16-8-2016 (എസ്.ആർ.ഒ. നമ്പർ 589/2016)
3. ജി.ഒ.(ആർറ്റി.) നമ്പർ 2649/2016/ഹോം. തീയതി 27-8-2016 (എസ്.ആർ.ഒ. നമ്പർ 591/2016)
4. ജി.ഒ.(ആർറ്റി.) നമ്പർ 2887/2016/ഹോം. തീയതി 19-9-2016 (എസ്.ആർ.ഒ. നമ്പർ 609/2016)
5. ജി.ഒ.(എംഎസ്.) നമ്പർ 249/2016/ഹോം. തീയതി 29-9-2016 (എസ്.ആർ.ഒ. നമ്പർ 618/2016)
6. ജി.ഒ.(ആർറ്റി.) നമ്പർ 2975/2016/ഹോം. തീയതി 27-9-2016 (എസ്.ആർ.ഒ. നമ്പർ 621/2016)
7. ജി.ഒ.(എംഎസ്.) നമ്പർ 253/2016/ഹോം. തീയതി 4-10-2016 (എസ്.ആർ.ഒ. നമ്പർ 622/2016)
8. ജി.ഒ.(ആർറ്റി.) നമ്പർ 2916/2016/ഹോം. തീയതി 20-9-2016 (എസ്.ആർ.ഒ. നമ്പർ 631/2016)
9. ജി.ഒ.(പി)നമ്പർ 21/2016/ജിഎഡി. തീയതി 5-10-2016 (എസ്.ആർ.ഒ. നമ്പർ 633/2016)
10. ജി.ഒ.(പി) നമ്പർ 22/2016/ജിഎഡി. തീയതി 5-10-2016 (എസ്.ആർ.ഒ. നമ്പർ 634/2016)
11. ജി.ഒ.(പി) നമ്പർ 23/2016/ജിഎഡി. തീയതി 5-10-2016 (എസ്.ആർ.ഒ നമ്പർ 635/2016)
12. ജി.ഒ.(പി) നമ്പർ 24/2016/ജിഎഡി. തീയതി 5-10-2016

(എസ്.ആർ.ഒ. നമ്പർ 636/2016)

13. ജി.ഒ.(പി)നമ്പർ25/2016/ജിഎഡി. തീയതി 5-10-2016 (എസ്.ആർ.ഒ. നമ്പർ 637/2016)

14. ജി.ഒ.(പി) നമ്പർ 26/2016/ജിഎഡി. തീയതി 5-10-2016 (എസ്.ആർ.ഒ. നമ്പർ 638/2016)

15. ജി.ഒ.(ആർറ്റി.) നമ്പർ 3013/2016/ഹോം. തീയതി 1-10-2016 (എസ്.ആർ.ഒ. നമ്പർ 640/2016)

16. ജി.ഒ.(എംഎസ്.) നമ്പർ 254/2016/ഹോം. തീയതി 4-10-2016 (എസ്.ആർ.ഒ. നമ്പർ 641/2016)

17. ജി.ഒ.(എംഎസ്.) നമ്പർ 255/2016/ഹോം. തീയതി 4-10-2016 (എസ്.ആർ.ഒ. നമ്പർ 642/2016)

18. ജി.ഒ.(എംഎസ്.) നമ്പർ 257/2016/ഹോം. തീയതി 14-10-2016 (എസ്.ആർ.ഒ. നമ്പർ 644/2016)

19. സ.ഉ.(അച്ചടി) നമ്പർ 48/16/കാ.യു.വ. തീയതി 14-10-2016 (എസ്.ആർ.ഒ. നമ്പർ 645/2016)

20. നമ്പർ 77989/എസ്എസ്എ 2/2013/ഹോം. തീയതി 14-10-2016 (എസ്.ആർ.ഒ. നമ്പർ 646/2016)

21. ജി.ഒ.(എംഎസ്.) നമ്പർ 258/2016/ഹോം. തീയതി 18-10-2016 (എസ്.ആർ.ഒ. നമ്പർ 655/2016)

22. ജി.ഒ.(എംഎസ്.) നമ്പർ 259/2016/ഹോം. തീയതി 18-10-2016 (എസ്.ആർ.ഒ. നമ്പർ 656/2016)

23. ജി.ഒ.(എംഎസ്.) നമ്പർ 260/2016/ഹോം. തീയതി 18-10-2016 (എസ്.ആർ.ഒ. നമ്പർ 657/2016)

24. ജി.ഒ.(എംഎസ്.) നമ്പർ 261/2016/ഹോം. തീയതി 18-10-2016 (എസ്.ആർ.ഒ. നമ്പർ 658/2016)

25. കേരള സംസ്ഥാന മുന്നോക്ക സമുദായ ക്ഷേമ കോർപ്പറേഷന്റെ 2012-13-ലെ വാർഷിക റിപ്പോർട്ടും കണക്കുകളും ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

26. രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജിയുടെ 2014-15-ലെ ഭരണ റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

27. കേരള സ്റ്റേറ്റ് ഹാൻറിക്രാഫ്റ്റ്സ് അപക്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (സുരഭി)യുടെ 2014-15-ലെ ആഡിറ്റ് റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

28. ഇലക്ട്രോണിക്സ് ടെക്നോളജി പാർക്സ്-കേരള (ടെക്നോപാർക്ക്)യുടെ 2014-15-ലെ ആഡിറ്റ് റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

29. ഇലക്ട്രോണിക്സ് ടെക്നോളജി പാർക്സ്-കേരള (ടെക്നോപാർക്ക്)യുടെ 2015-16-ലെ ആഡിറ്റ് റിപ്പോർട്ട്

30. ടെക്നോപാർക്കിന്റെ 2010-11-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

31. അക്കാദമി ഓഫ് പ്രിസൺസ് ആന്റ് കറക്ഷണൽ അഡ്മിനിസ്ട്രേഷന്റെ 2014-15-ലെ ഭരണ ആഡിറ്റ് റിപ്പോർട്ടുകൾ ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

32. കേരള സ്റ്റാർട്ട് അപ് മിഷന്റെ 2015-16-ലെ വാർഷിക റിപ്പോർട്ട്

33. കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ 2015-16-ലെ ഭരണ റിപ്പോർട്ട്.

2. സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

1. ജി.ഒ.(പി) നമ്പർ 90/2016/കോ-ഓപ്. തീയതി 29-8-2016 (എസ്.ആർ.ഒ. നമ്പർ 587/2016)

2. ജി.ഒ.(പി) നമ്പർ 93/2016/കോ-ഓപ്.312 തീയതി 1-9-2016 (എസ്.ആർ.ഒ. നമ്പർ 604/2016)

3. ജി.ഒ.(പി) നമ്പർ 97/2016/കോ-ഓപ്. തീയതി 20-9-2016 (എസ്.ആർ.ഒ. നമ്പർ 613/2016)

4. ജി.ഒ.(പി) നമ്പർ 99/2016/കോ-ഓപ്. തീയതി 7-10-2016 (എസ്.ആർ.ഒ. നമ്പർ 632/2016)

5. ജി.ഒ.(പി) നമ്പർ 101/2016/കോ-ഓപ്. തീയതി 20-10-2016 (എസ്.ആർ.ഒ. നമ്പർ 654/2016).

3. തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

1. ജി.ഒ.(പി) നമ്പർ 102/2016/എൽബിആർ. തീയതി 27-6-2016 (എസ്.ആർ.ഒ. നമ്പർ 447/2016) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
2. ജി.ഒ.(പി) നമ്പർ 156/2016/എൽബിആർ. തീയതി 24-9-2016 (എസ്.ആർ.ഒ. നമ്പർ 623/2016)
3. സ.ഉ.(അച്ചടി) നമ്പർ 157/2016/തൊഴിൽ. തീയതി 4-10-2016 (എസ്.ആർ.ഒ. നമ്പർ 624/2016)
4. ജി.ഒ.(പി) നമ്പർ 90/2016/റ്റിഡി. തീയതി 6-10-2016 (എസ്.ആർ.ഒ. നമ്പർ 626/2016)
5. ജി.ഒ.(എംഎസ്.) നമ്പർ 96/2016/റ്റിഡി. തീയതി 21-10-2016 (എസ്.ആർ.ഒ. നമ്പർ 653/2016)
6. സ.ഉ.(അച്ചടി) നമ്പർ 165/2016/തൊഴിൽ. തീയതി 26-10-2016 (എസ്.ആർ.ഒ. നമ്പർ 660/2016)
7. സ.ഉ.(അച്ചടി) നമ്പർ 166/2016/തൊഴിൽ. തീയതി 26-10-2016 (എസ്.ആർ.ഒ. നമ്പർ 661/2016)
8. സ.ഉ.(അച്ചടി) നമ്പർ 167/2016/തൊഴിൽ. തീയതി 26-10-2016 (എസ്.ആർ.ഒ. നമ്പർ 662/2016)
9. ജി.ഒ.(പി) നമ്പർ 168/2016/എൽബിആർ. തീയതി 26-10-2016 (എസ്.ആർ.ഒ. നമ്പർ 663/2016)
10. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ളോയ്മെന്റിന്റെ (കിലെ) 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിലെ വാർഷിക ഭരണ റിപ്പോർട്ടുകൾ ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

4. വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, താഴെ പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

1. കേരള സർവ്വകലാശാലയുടെ 2015-ലെ വാർഷിക റിപ്പോർട്ട്, 2011-12-ലെ ആഡിറ്റ് റിപ്പോർട്ട്
2. കണ്ണൂർ സർവ്വകലാശാലയുടെ 2015-ലെ വാർഷിക റിപ്പോർട്ട്, 2011-12, 2012-13 എന്നീ വർഷങ്ങളിലെ ആഡിറ്റ് റിപ്പോർട്ടുകൾ, 2011-12, 2014-15 എന്നീ വർഷങ്ങളിലെ വാർഷിക കണക്കുകൾ
3. കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജിയുടെ 2013-14-ലെ വാർഷിക റിപ്പോർട്ട്, 2011-12, 2012-13 എന്നീ വർഷങ്ങളിലെ ആഡിറ്റ് റിപ്പോർട്ടുകൾ, 2012-13-ലെ വാർഷിക കണക്കുകൾ.

5. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

ജി.ഒ.(പി) നമ്പർ 53/2015/എസ്ജെഡി. തീയതി 25-8-2015 (എസ്.ആർ.ഒ. നമ്പർ 568/2015) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

6. കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

1. കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് സർവ്വകലാശാലയുടെ 2014-15-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

2. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 2011-12-ലെ വാർഷിക റിപ്പോർട്ടും കണക്കുകളും ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

3. കേരള ലാന്റ് ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 2008-09-ലെ വാർഷിക റിപ്പോർട്ടും കണക്കുകളും ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

4. വാഴക്കുളം അഗ്രോ & ഫ്രൂട്ട് പ്രോസസ്സിംഗ് കമ്പനി ലിമിറ്റഡിന്റെ 2013-14, 2014-15 എന്നീ വർഷങ്ങളിലെ വാർഷിക റിപ്പോർട്ടുകൾ ഡിലേ സ്റ്റേറ്റ്മെന്റുകൾ സഹിതം.

7. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

1. മലപ്പുറം ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ 2014-15-ലെ പ്രത്യേക ആഡിറ്റ് റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

2. കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷന്റെ 2013-14-ലെ പ്രത്യേക ആഡിറ്റ് റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

8. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന്റെ 2015-16 ലെ വാർഷിക റിപ്പോർട്ട്.

9. വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രിക്കുവേണ്ടി ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ 2013-2014-ലെ വാർഷിക ഭരണ റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

10. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

1. ജി.ഒ.(പി) നമ്പർ 3/2016/ഡിഡി. തീയതി 19-5-2016 (എസ്.ആർ.ഒ. നമ്പർ 435/2016) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

2. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡിന്റെ 2012-13-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

11. ഗതാഗത വകുപ്പുമന്ത്രിക്കുവേണ്ടി ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

ജി.ഒ.(പി) നമ്പർ 59/2016/ട്രാൻ. തീയതി 25-10-2016 (എസ്.ആർ.ഒ. നമ്പർ 667/2016).

12. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

ജി.ഒ.(പി) നമ്പർ 59/2016/പിഡബ്ല്യുഡി. തീയതി 1-10-2016 (എസ്.ആർ.ഒ. നമ്പർ 630/2016).

13. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

1. ജി.ഒ.(പി) നമ്പർ 38/2015/എഫ്&സിഎസ്ഡി. തീയതി 5-12-2015 (എസ്.ആർ.ഒ. നമ്പർ 830/2015) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

2. ജി.ഒ.(പി) നമ്പർ 39/2015/എഫ്&സിഎസ്ഡി. തീയതി 5-12-2015 (എസ്.ആർ.ഒ. നമ്പർ 831/2015) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

14. ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡിന്റെ 2009-10, 2010-11 എന്നീ വർഷങ്ങളിലെ വാർഷിക കണക്കുകൾ ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

15. ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

കേരള ഡാം സുരക്ഷാ അതോറിറ്റിയുടെ 2015-16-ലെ വാർഷിക റിപ്പോർട്ട്.

ലിസ്റ്റ് 2 പ്രകാരം

ചട്ടം 47 (2) അനുസരിച്ചുള്ള കടലാസുകൾ

1. മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 1756-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും.

2. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 1417, 1479 എന്നീ നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവയ്ക്ക് യഥാസമയം മറുപടി നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും.

ലിസ്റ്റ് 3 പ്രകാരം

ചട്ടം 236 (5) അനുസരിച്ചുള്ള കടലാസുകൾ

1. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| II-ഭൂനികുതിയും ദേവസ്വവും | 2012-13 | 2 | 12, 13 |

2. ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| III-ജലവിഭവം | 2012-13 | 2 | 11 |

3. മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| IV-വ്യവസായവും ധാതുക്കളും | 2015-16 | 5 | 16, 17, 18, 19, 20, 21, 22 |

4. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| I-കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും | 2014-15 | 4 | 24, 25, 43, 44, 45, 46, 48, 49, 50, 51, 52, 53, 54, 55 |

5. തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| VII-വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും | 2014-15 | 4 | 5, 6, 7, 8, 9, 10, 11, 12, 13, 14, 15, 16, 17, 18, 19, 20, 21, 22, 23, 24, 25 |

(4) ചട്ടം 236(6) അനുസരിച്ചുള്ള ലിസ്റ്റ് 4 പ്രകാരമുള്ള കടലാസ്സുകൾ

1. മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/ സ്ഥാപനം |
| XVI- പെൻഷനും പലവകയും | 2015-16 | സൈനിക ക്ഷേമ വകുപ്പ് |
| XXXVII - വ്യവസായങ്ങൾ | 2015-16 | വിവരസാങ്കേതികവിദ്യാ വകുപ്പ് (ഐ.ഐ.ഐ.റ്റി.എം.കെ) വിവരസാങ്കേതികവിദ്യാ വകുപ്പ് (ഇൻഫോപാർക്ക്, കൊച്ചി) |
| | 2014-15 | വിവരസാങ്കേതികവിദ്യാ വകുപ്പ് (സൈബർ പാർക്ക്, കോഴിക്കോട്) |
| XLVI-സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | 2015-16 | പൊതുഭരണ (പൊളിറ്റിക്കൽ വകുപ്പ്) |

2. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/ സ്ഥാപനം |
| XXV- പട്ടികജാതി/ പട്ടികവർഗ്ഗ/മറ്റുപിന്നോക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | 2014-15 | പട്ടികജാതി വികസന വകുപ്പ് |

3. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ,താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/ സ്ഥാപനം |
| XXV-പട്ടികജാതി/ പട്ടികവർഗ്ഗ/മറ്റുപിന്നോക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | 2015-16 | പൊതുഭരണ (ന്യൂനപക്ഷക്ഷേമ) വകുപ്പ് |

4. ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/ സ്ഥാപനം |
| XXXIX- വൈദ്യുത പദ്ധതികൾ | 2014-15 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് |

5. ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/ സ്ഥാപനം |
| XXXVIII- ജലസേചനം | 2015-16 | ജലവിഭവവകുപ്പ് |

6. സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/ സ്ഥാപനം |
| XLII-വിനോദസഞ്ചാരം | 2015-16 | വിനോദസഞ്ചാരം |

7. തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/ സ്ഥാപനം |
| VIII- എക്സൈസ് | 2015-16 | സംസ്ഥാന എക്സൈസ് വകുപ്പ് |

8. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/ സ്ഥാപനം |
| XVIII- വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും XIX-കുടുംബക്ഷേമം | 2015-16 | ആരോഗ്യകുടുംബക്ഷേമ വകുപ്പ് |

9. ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/ സ്ഥാപനം |
| XXXVII-വ്യവസായങ്ങൾ | 2015-16 | കയർവികസന വകുപ്പ് |

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

# VII റിപ്പോർട്ട് സമർപ്പണം

പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ ഏഴ് മുതൽ പതിനൊന്ന് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. സി. ദിവാകരൻ: സർ, പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഏഴ് മുതൽ പതിനൊന്ന് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അങ്ങേയ്ക്ക് ചട്ടം 303 അനുസരിച്ചുള്ള ക്രമപ്രശ്നം ഉന്നയിക്കാവുന്നതാണ്. അങ്ങ് ചെയറിന് എഴുതിത്തന്നത് വളരെ പ്രസക്തമായ കാര്യമാണ്.

# VIII ക്രമപ്രശ്നം

വിവിധ സർക്കാർ വകുപ്പുകളുടെ ഭരണ റിപ്പോർട്ട് യഥാസമയം ലഭ്യമാക്കാത്തത് സംബന്ധിച്ച്

ശ്രീ. എം. ഉമ്മർ: സർ, പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിൽ സഭയുടെ മേശപ്പുറത്തുവച്ച സർക്കാർ വകുപ്പുകളുടെ വാർഷിക ഭരണ റിപ്പോർട്ടുകൾ മിക്കവയും വർഷങ്ങൾക്കുമുമ്പുള്ളതാണ്. ഞാൻ രണ്ടുമൂന്ന് ഉദാഹരണം പറയാം, എക്സൈസ് വകുപ്പ് 2009-10, തൊഴിൽ വകുപ്പ് 2011-12, ആഭ്യന്തര വകുപ്പ് 2010-11, സർവ്വേയും ഭൂരേഖയും സംബന്ധിച്ച വകുപ്പ് 2011-12, കൃഷി വകുപ്പ് 2012-13,

ഫിഷറീസ് വകുപ്പ് 2012-13. വർഷങ്ങൾക്കുമുമ്പുള്ള ഇത്തരം റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്തുവച്ച് അംഗങ്ങൾക്ക് വിതരണം ചെയ്യുന്നതുകൊണ്ട് ഉദ്ദേശിച്ച ഫലം ലഭിക്കില്ല. ഈ വകുപ്പുകൾക്കെല്ലാം നിയമസഭയോട് അക്കൗണ്ടബിലിറ്റിയുള്ളതാണ്. അത് പൂർണ്ണമായും നിറവേറ്റണമെങ്കിൽ റിപ്പോർട്ടുകൾ യഥാസമയം സഭയുടെ മേശപ്പുറത്തു വയ്ക്കുകയും അത് അംഗങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യേണ്ടതുണ്ട്. ഇത്തരം റിപ്പോർട്ടുകളിന്മേലുള്ള അപാകതകളും പോരായ്മകളും യഥാസമയം ചൂണ്ടിക്കാണി ക്കുന്നതിനുള്ള അംഗങ്ങളുടെ അവസരമാണ് ഇതുകൊണ്ട് നഷ്ടപ്പെടുന്നത്. ഇത്തരം റിപ്പോർട്ടുകൾ സൂക്ഷ്മ പരിശോധന നടത്തുമ്പോൾ ക്രമക്കേടുകൾക്ക് ഉത്തരവാദിക ളാകുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും ഇത് കാലതാമസമുണ്ടാക്കുന്നു. ചട്ടങ്ങളും റെഗുലേഷനുകളും സ്കീമുകളുമൊക്കെ പുറപ്പെടുവിച്ചുകഴിഞ്ഞാൽ തൊട്ടടുത്ത സമ്മേളനത്തിൽ മേശപ്പുറത്തുവയ്ക്കണമെന്ന് വ്യവസ്ഥയുണ്ട്. എന്നാൽ ഭരണ റിപ്പോർട്ടുകൾ നിയമസഭയിൽ ഏത് കാലപരിധിക്കുള്ളിൽ സമർപ്പിക്കണമെന്ന് വ്യക്തമായ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചതായി കാണുന്നില്ല. സാധാരണഗതിയിൽ ഒരു വർഷത്തെ ഭരണ റിപ്പോർട്ട് അടുത്തവർഷം അവസാനിക്കുന്നതിന് മുമ്പെങ്കിലും പൂർത്തിയായിരിക്കണം. അതുകൊണ്ട് ഇക്കാര്യത്തിൽ വ്യക്തത വരുത്തേണ്ടത് ആവശ്യമാണ്. നിയമസഭാ സെക്രട്ടേറിയേറ്റിൽനിന്നുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 105/2011-ാം നമ്പരായി പുറപ്പെടുവിച്ച സർക്കുലറിന്റെ നിർദ്ദേശങ്ങൾ അവഗണിച്ചു കൊണ്ടും യുക്തിസഹമല്ലാത്ത കാരണങ്ങൾ കാണിച്ചുകൊണ്ടും കാലതാമസത്തിനുള്ള കാരണം കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ഉൾപ്പെടെ റിപ്പോർട്ടുകൾ മേശപ്പുറത്തുവയ്ക്കുന്നത് ആശങ്കാജനകമാണ്. മാത്രമല്ല ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ 1-7-2011-ന് റൂളിംഗ് നൽകിയിട്ടുള്ളതാണ്. ആയതിനാൽ ഭരണ റിപ്പോർട്ടുകൾ സമയബന്ധിതമായി സഭയിൽ സമർപ്പിക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുന്ന തരത്തിൽ അങ്ങയുടെ റൂളിംഗ് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ഫിഷറീസ് വകുപ്പ് ലഭ്യമാക്കിയ ഒരു ഡിലേ സ്റ്റേറ്റ്മെന്റിൽ കാലതാമസത്തിനുള്ള കാരണത്തെ സംബന്ധിച്ച് പറയുന്നുണ്ട്. ഫിഷറീസ് വകുപ്പിനെ സംബന്ധിച്ച് സാമൂഹിക സാമ്പത്തിക സർവ്വേ, മറൈൻ ക്യാച്ച് അസസ്മെന്റ് സർവ്വേ തുടങ്ങിയ സർവ്വേകൾ നടത്തുകയും പ്രസ്തുത സർവ്വേയുമായി ബന്ധപ്പെട്ട ഷെഡ്യൂൾ തയ്യാറാക്കുക, പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുക, ഫീൽഡുതല പരിശോധന നടത്തുക, ഷെഡ്യൂളുകൾ സ്കൂട്ടിനി ചെയ്യുക തുടങ്ങിയ ജോലികൾ ഉള്ളതുകൊണ്ട് ഇത് പൂർത്തീകരിക്കാൻ താമസമുണ്ടായി എന്ന് വ്യക്തമാക്കുന്നുണ്ട്. അതായത് നിയമസഭയിൽ വയ്ക്കേണ്ട റിപ്പോർട്ടിന് ലാസ്റ്റ് പ്രയോറിറ്റിയാണ് നൽകുന്നത്. അത് ഒരിക്കലും ന്യായീകരിക്കത്തക്കതല്ല. അതുകൊണ്ട് അങ്ങയുടെ റൂളിംഗ് ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത് ശരിയാണ്. വർഷങ്ങൾക്കുമുമ്പുള്ള റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്തുവച്ചിട്ട്

അംഗങ്ങൾക്ക് വിതരണം ചെയ്യുന്നതുകൊണ്ട് പ്രത്യേക കാര്യമൊന്നുമില്ല. വിവിധ സർക്കാർ വകുപ്പുകളുടെ വാർഷിക ഭരണ റിപ്പോർട്ടുകൾ കൃത്യമായി നിയമസഭയ്ക്ക് ലഭ്യമാക്കുന്നതിൽ പല വകുപ്പുകളുടെ ഭാഗത്തുനിന്നും അലംഭാവം ഉണ്ടാകുന്നു എന്ന കാര്യം ഇതിനകംതന്നെ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതാണ്. പല വകുപ്പുകളും വളരെയധികം കാലതാമസം വരുത്തിയാണ് ഭരണ റിപ്പോർട്ടുകൾ തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുന്നത്. ഭരണ റിപ്പോർട്ടുകൾ നിയമസഭാ സാമാജികർക്ക് ലഭ്യമാക്കുന്നതിൽ അന്യായമായ കാലതാമസം വരുത്തുന്നത് അത് ലഭ്യമാക്കുന്നതിന്റെ ഉദ്ദേശത്തെ ഹനിക്കുന്നതാണ്. ഭരണ റിപ്പോർട്ടുകൾ നിയമസഭയ്ക്ക് ലഭ്യമാക്കണമെന്ന കാര്യത്തിൽ സമയപരിധി നിശ്ചയിച്ചിട്ടില്ല, എന്നിരുന്നാലും വിവിധ വകുപ്പുകളുടെ ഭരണ റിപ്പോർട്ടുകൾ സാമ്പത്തികവർഷം അവസാനിച്ചാൽ എത്രയും വേഗം നിയമസഭയ്ക്ക് ലഭ്യമാക്കേണ്ടതാണ്. എല്ലാ വകുപ്പുകൾക്കും ഇതിന്റെ ഭാഗമായി നിർദ്ദേശം നൽകുന്നതാണ്, ബഹുമാനപ്പെട്ട സ്പീക്കർ ഇടപെട്ട് സമയപരിധി ആർബിട്രറിയായി നിശ്ചയിക്കുന്നത് നന്നായിരിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. മൂന്നും നാലും വർഷങ്ങൾക്കുശേഷം റിപ്പോർട്ട് കിട്ടിയിട്ട് കാര്യമില്ല. ചിലപ്പോൾ ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മരിച്ചിട്ടുണ്ടാകാം, അത്തരത്തിൽ ലഭ്യമായിട്ട് ഒരു കാര്യവുമില്ല.

## റൂളിംഗ്

മി. സ്പീക്കർ: വിവിധ സർക്കാർ വകുപ്പുകൾ തങ്ങളുടെ വാർഷിക ഭരണ റിപ്പോർട്ടുകൾ, അതുപോലെ സർക്കാർ നിയന്ത്രണത്തിലുള്ള ഇതര സ്ഥാപനങ്ങളുടെ വാർഷിക ഓഡിറ്റ് റിപ്പോർട്ടുകൾ ഇവയെല്ലാം നിയമസഭയിൽ പിൻതുടരുന്ന നടപടി ക്രമമനുസരിച്ച് സഭയിൽ വരേണ്ടതാണ്. എന്നാൽ അങ്ങേയറ്റം യാന്ത്രികമായ നിലയിലാണ് ഈ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതെന്ന ശ്രദ്ധേയമായ ഒരു വിഷയമാണ് ബഹുമാനപ്പെട്ട അംഗം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളത്. ഒരു കാരണവശാലും ഇത് അംഗീകരിക്കാൻ കഴിയുന്നതല്ല. ഇത് അതീവ ഗൗരവമായി സഭയും സർക്കാരും കാണേണ്ടതുണ്ട്. അതുകൊണ്ട് റൂളിംഗ് നൽകുകയാണ്.

സംസ്ഥാന സർക്കാരിന് കീഴിലുള്ള വിവിധ വകുപ്പുകൾ തങ്ങളുടെ വാർഷിക ഭരണ റിപ്പോർട്ടുകൾ യഥാസമയം തയ്യാറാക്കി നിയമസഭയ്ക്ക് ലഭ്യമാക്കുന്നില്ലെന്നും പല വകുപ്പുകളും ഇക്കാര്യത്തിൽ വേണ്ടത്ര ഗൗരവം കാണിക്കുന്നില്ലെന്നും പഴയകാല ഭരണ റിപ്പോർട്ടുകളാണ് മിക്ക വകുപ്പുകളിൽനിന്നും ലഭ്യമാക്കുന്നതെന്നും ഇക്കാര്യത്തിൽ ശക്തമായ റൂളിംഗ് ഉണ്ടാകണമെന്നുമാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. എം. ഉമ്മർ തന്റെ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രിയും ഇക്കാര്യത്തിലുള്ള ഗവൺമെന്റിന്റെ തുറന്ന സമീപനം ഇവിടെ വിശദീകരിക്കുകയുണ്ടായി.

കേരള നിയമസഭയിൽ പിൻതുടർന്നുവരുന്ന നടപടിക്രമപ്രകാരം സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ നിയന്ത്രണത്തിലുള്ള ഇതരസ്ഥാപനങ്ങൾ തുടങ്ങിയവയുടെ വാർഷിക ഓഡിറ്റ് റിപ്പോർട്ടുകളും ഭരണ റിപ്പോർട്ടുകളും സ്റ്റാറ്റ്യൂട്ടറിയായിത്തന്നെ സഭയുടെ മേശപ്പുറത്തുവയ്ക്കേണ്ടതുണ്ട്. എന്നാൽ സർക്കാർ വകുപ്പുകളുടെ കാര്യത്തിൽ അവയുടെ ഭരണ റിപ്പോർട്ടുകളാണ് സഭയ്ക്ക് ലഭ്യമാക്കേണ്ടത്. അത്തരത്തിൽ സഭയ്ക്ക് ലഭ്യമാക്കുന്ന ഭരണ റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്തുവയ്ക്കണം എന്ന പ്രത്യേക നിയമവ്യവസ്ഥ നിലവിലില്ലാത്തതിനാൽ അവ സഭാംഗങ്ങളുടെ അറിവിലേയ്ക്കായി സർക്കുലേറ്റ് ചെയ്യുന്ന പതിവാണ് ഇപ്പോൾ നിലനിൽക്കുന്നത്. ബഹുമാനപ്പെട്ട അംഗം ഇവിടെ പ്രധാനമായും ഉന്നയിച്ചത് സർക്കാർ വകുപ്പുകളുടെ ഇത്തരത്തിലുള്ള വാർഷിക ഭരണ റിപ്പോർട്ട് ലഭ്യമാക്കുന്ന കാര്യത്തിൽ സംഭവിച്ചിട്ടുള്ള വീഴ്ചയെക്കുറിച്ചാണ്. സർക്കാർ വകുപ്പുകൾ തങ്ങളുടെ വാർഷിക ഭരണറിപ്പോർട്ടുകൾ എപ്രകാരമാണ് തയ്യാറാക്കേണ്ടതെന്നത് സംബന്ധിച്ച് 24-7-2014-ൽ ഒരു സർക്കാർ ഉത്തരവ് ഇറങ്ങിയിട്ടുണ്ട്. ജി.ഒ.(പി.) നമ്പർ 207/14/ജിഎഡി പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതായി ചെയർ മനസ്സിലാക്കുന്നു. എന്നാൽ മിക്ക വകുപ്പുകളും സമയബന്ധിതമായി വാർഷിക ഭരണ റിപ്പോർട്ടുകൾ തയ്യാറാക്കുകയോ അത് നിയമസഭാംഗങ്ങൾക്ക് ലഭ്യമാക്കുകയോ ചെയ്യുന്നില്ല എന്നാണ് ഇത് സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകൾ സൂചിപ്പിക്കുന്നത്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതു പോലെ, ഇത് ഔദ്യോഗിക കൃത്യനിർവ്വഹണത്തിലെ വീഴ്ച മാത്രമല്ല, നിയമസഭാംഗങ്ങളുടെ അറിയാനുള്ള അവകാശത്തിന്റെ ലംഘനം കൂടിയാണെന്ന് ചെയർ വിലയിരുത്തുന്നു. ആകയാൽ ബഹുമാനപ്പെട്ട നിയമവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സൂചിപ്പിച്ചതു പോലെ സർക്കാരിന്റെ എല്ലാ വകുപ്പുകളും തങ്ങളുടെ വാർഷിക ഭരണ റിപ്പോർട്ടുകൾ സമയബന്ധിതമായി തയ്യാറാക്കി സഭയ്ക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണെന്ന് ചെയർ റൂൾ ചെയ്യുന്നു. സമയപരിധി സംബന്ധിച്ചുള്ള ധാരണ സർക്കാരുമായി കൂടിയാലോചിച്ചശേഷം തീരുമാനിക്കാവുന്നതാണ്.

## IX നിയമനിർമ്മാണകാര്യം

### സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

### (1) 2016-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ

മി. സ്പീക്കർ: ബഹുമാനപ്പെട്ട റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്ക് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2016-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2016-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് സംസാരിക്കുന്നുണ്ടോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ സംസാരിക്കുന്നില്ല.

മി. സ്പീക്കർ : വിയോജനക്കുറിപ്പ് നൽകിയിട്ടുള്ള ബഹുമാനപ്പെട്ട അംഗങ്ങൾക്ക് സംസാരിക്കാവുന്നതാണ്. ചർച്ച ആരംഭിക്കുന്നതിനുമുൻപ് പതിവുപോലെ ഞാൻ ഒരു കാര്യം ഓർമ്മപ്പെടുത്തുകയാണ്. ഇന്ന് രണ്ട് ബില്ലുകൾ പരിഗണന യ്ക്കെടുക്കുന്നുണ്ട്. സമയബന്ധിതമായി പൂർത്തീകരിച്ചാൽ യഥാസമയം സഭ അവസാനിപ്പിക്കാൻ സാധിക്കും. പത്ത് മിനിട്ടിനുള്ളിൽ സംസാരിച്ചുതീർത്താൽ നന്നായിരിക്കും.

ശ്രീ. അടൂർ പ്രകാശ് : സർ, ഞാൻ എന്റെ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്. 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ഈ മഹനീയമായ സഭയിൽ പാസ്സാക്കിയതിനുശേഷം കഴിഞ്ഞ മന്ത്രിസഭയുടെ കാലത്താണ് 3 എ ഭേദഗതി നിലവിൽ വന്നത്. കേരളത്തിലെ 14 ജില്ലകളിലും റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ അദാലത്തുകൾ നടത്തിയതിനെത്തുടർന്ന് ഏതാണ്ട് നാല് ലക്ഷത്തി എഴുപത്തിയൊൻപതിനായിരത്തോളം പരാതികൾ ലഭിച്ചു. അതിന്റെ അടിസ്ഥാനത്തിലാണ് 3 എ ഭേദഗതി കൊണ്ടുവന്നത്. ജനങ്ങളുടെ പരാതികൾ നേരിട്ട് കേട്ടതിനുശേഷം വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകി ബഹുഭൂരിപക്ഷം പരാതികളും പരിഹരിക്കാൻ കഴിഞ്ഞു. പക്ഷേ ഈ നിയമം സഭ പാസ്സാക്കിയെങ്കിലും അതിന്റെ അടിസ്ഥാനത്തിൽ ജനങ്ങൾക്ക് ലഭ്യമാകേണ്ട ആനുകൂല്യങ്ങളോ അവസരങ്ങളോ ലഭിക്കുന്നില്ലെന്ന് ഏതാനും ചില ജില്ലകളിൽ എത്തിയപ്പോഴാണ് മനസ്സിലാകുന്നത്. അപേക്ഷ നൽകുന്ന വ്യക്തിയുടെപേരിൽ മറ്റ് ഭൂമിയില്ലെങ്കിൽ പഞ്ചായത്തുകളിൽ പത്ത് സെന്റും മുനിസിപ്പൽ/കോർപ്പറേഷൻ ഏരിയകളിൽ അഞ്ച് സെന്റും വീട് വയ്ക്കാൻ അനുമതി നൽകുന്നതിനുള്ള ഏർപ്പാടുണ്ടായിരുന്നു. അതിനുവേണ്ടി ഒരു പ്രാദേശിക സമിതി തന്നെ രൂപീകരിച്ചിട്ടുണ്ടെന്ന് ഈ നിയമത്തിൽത്തന്നെ പറഞ്ഞിട്ടുള്ളതാണ്. അതാത് പഞ്ചായത്ത് പ്രസിഡന്റുമാർ അല്ലെങ്കിൽ മുനിസിപ്പൽ/കോർപ്പറേഷന്റെ

ആളുകൾ പ്രസ്തുത സമിതിയുടെ ചെയർമാന്മാരും ഗ്രാമപഞ്ചായത്തിലുള്ള കൃഷി ഓഫീസർ, മറ്റ് മുനിസിപ്പൽ/കോർപ്പറേഷൻ ഏരിയകളിലെ നെൽ കർഷകരുടെ പ്രതിനിധികൾ എന്നിവർ അംഗങ്ങളുമാണ്. ഇതിന്റെ കൺവീനറായി പ്രവർത്തിക്കേണ്ട വ്യക്തി കൃഷി ആഫീസർ തന്നെയാണ്. കാലാകാലങ്ങളിൽ വരുന്ന അപേക്ഷ പരിശോധിച്ച്, അവർക്ക് അനുമതി കൊടുക്കുകയെന്നതാണ് 2008-ലെ നിയമത്തിൽ പറഞ്ഞിട്ടുള്ളത്. പക്ഷേ ബഹുഭൂരിപക്ഷം സ്ഥലങ്ങളിലും അതിനുള്ള അനുമതി നൽകുന്നില്ല. അതുമായി ബന്ധപ്പെട്ട ധാരാളം പരാതികളാണ് നിലവിലുള്ളത്. അവ പരിഹരിക്കുന്നതിനുള്ള നിർദ്ദേശം കൊടുത്തതിനെപ്പറ്റി ഞാൻ ഇവിടെ സൂചിപ്പിച്ചു. എന്നിരുന്നാലും മറ്റൊരു പ്രധാനപ്പെട്ട വിഷയം, ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചപ്പോൾ വന്നിട്ടുള്ള തെറ്റുകൾ സംബന്ധിച്ചാണ്. സംസ്ഥാനത്ത് വർഷങ്ങളായി വീട് വച്ച് താമസിക്കുന്നവരുണ്ട്. ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചപ്പോൾ പുരയിടത്തെ നിലമെന്നും കുളമെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ഇങ്ങനെയുള്ള കാര്യങ്ങൾ പരിശോധിച്ച് കൃത്യതയോടു കൂടി ഡാറ്റാ ബാങ്ക് കൊണ്ടുവരികയെന്നതാണ് 2008-ലെ നിയമമനുസരിച്ച് ചെയ്യേണ്ടത്. എന്നാൽ പല സ്ഥലങ്ങളുടെയും ഡാറ്റാ ബാങ്ക് തയ്യാറാക്കിയത് പരിശോധനയുടെ അടിസ്ഥാനത്തിലല്ല. കൃഷി ഓഫീസറാണ് ഇതിന്റെ കൺവീനർ. അദ്ദേഹം ആ നിലയിൽ വേണ്ട പരിശോധനകൾ നടത്താതെയാണ് മുന്നോട്ടു പോയിട്ടുള്ളത്. നേരത്തെ ഉണ്ടായിരുന്ന ഡാറ്റാ ബാങ്ക് തന്നെ ആവർത്തിച്ച് എഴുതി പ്രസിദ്ധീകരണത്തിന് കൊടുത്തു. അതിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ ഡാറ്റാ ബാങ്കിന്റെ നിർണ്ണയം സംസ്ഥാനത്ത് നടപ്പാക്കിയിട്ടുള്ളത്. ബഹുമാന്യനായ കൃഷി വകുപ്പുമന്ത്രി ചുമതലയേറ്റെടുത്തശേഷം 2-6-2016-ൽ ആറ് മാസത്തിനകം ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കുമെന്ന് ഒരു പ്രസ്താവന നടത്തി. നല്ല ഉദ്ദേശത്തോടു കൂടിയാണ് അങ്ങ് പറഞ്ഞതെന്നും അതിൽ ദുരുദ്ദേശമൊന്നുമില്ലെന്നും ഞാൻ വിശ്വസിക്കുന്നു. പക്ഷേ അങ്ങയുടെ സദുദ്ദേശം ഒരു കാരണവശാലും ഇവിടെ നടപ്പാക്കാൻ കഴിയില്ലെന്നത് യാഥാർത്ഥ്യമാണ്. അങ്ങ് മനസ്സിലാക്കേണ്ടത്, ഈ പ്രശ്നം പരിഹരിക്കുന്നതിനായി റിമോട്ട് സെൻസിംഗ് സംവിധാനമുപയോഗിച്ച് പരിശോധന നടത്തി പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തണം. യഥാർത്ഥത്തിലുള്ള ഭൂമി നിലമാണോ കുളമാണോ എന്നുള്ളത് നേരിട്ട് പരിശോധന നടത്തി ഡാറ്റാ ബാങ്ക് തയ്യാറാക്കിയില്ലെങ്കിൽ കേരളത്തിൽ ഇന്നലെകളിൽ ഉണ്ടായതിനേക്കാൾ വലിയ ദുരന്തം സംഭവിക്കുമെന്നത് വസ്തുതയാണ്. അതുകൊണ്ട് ഈ ഡാറ്റാ ബാങ്കിനെ സംബന്ധിച്ച് കൃത്യതയുണ്ടാകണം. മുൻകാലങ്ങളിൽ വലിയ അപാകതകളുണ്ടായിട്ടുണ്ട്. ഞങ്ങൾ കൈകാര്യം ചെയ്തിരുന്ന അവസരത്തിലും അപാകതകളുണ്ടായിട്ടുണ്ട് എന്ന് എനിക്ക് ഉത്തമ ബോദ്ധ്യമുണ്ട്. തെറ്റുകൾ ഉണ്ടായിട്ടുണ്ടെങ്കിൽ അത് സമ്മതിക്കാനുള്ള ആർജ്ജവം ഞങ്ങൾ കാണിക്കും. ആറ് മാസത്തിനകം ഡാറ്റാ ബാങ്ക് നിർണ്ണയം

പൂർത്തിയാക്കുമെന്ന് അങ്ങ് ഈ വകുപ്പിന്റെ ചുമതലയേറ്റശേഷം ഒരു പ്രസ്താവന നടത്തിയിരുന്നു. ഇപ്പോൾ എത്രനാളായെന്ന് അങ്ങേയ്ക്കറിയാം, ഞാൻ പറയേണ്ട കാര്യമില്ല. അങ്ങയുടെ സർക്കാർ ഇപ്പോൾ ആറാം മാസത്തിലേയ്ക്ക് കടന്നിരിക്കുകയാണ്. ഇത്തരത്തിൽ മുന്നോട്ടുപോയാൽ ഒരിക്കലും നമുക്ക് കേരളത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയില്ല.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) : സർ, ഈ സർക്കാർ അധികാരത്തിൽവന്ന് ആറ് മാസത്തിനകം ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കുമെന്ന് പറഞ്ഞെങ്കിലും അങ്ങ് പറഞ്ഞതുപോലെ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന പരിശോധനയനുസരിച്ച് കേരളത്തിലെ 1076 കൃഷി ഭവനുകളിൽ 599-ലും നോട്ടിഫിക്കേഷൻ വന്നുകഴിഞ്ഞു. 413 സ്ഥലങ്ങളിൽ നോട്ടിഫിക്കേഷനാവശ്യമായ എല്ലാ നടപടികളും പൂർത്തിയായി. ബാക്കിയുള്ള കൃഷിഭവനുകളിൽ നിലവിലുള്ള സംവിധാനമനുസരിച്ച് ഡാറ്റാ ബാങ്ക് പബ്ലിഷ് ചെയ്യുന്നതിനുള്ള സംവിധാനമൊരുക്കിയിട്ടുണ്ട്. അങ്ങ് സൂചിപ്പിച്ചതുപോലെ ഇതിന് വ്യക്തതയും കൃത്യതയും ഉണ്ടാകണമെങ്കിൽ സാറ്റലൈറ്റ് സർവ്വേ ഉൾപ്പെടെയുള്ള കാര്യങ്ങൾ നിർവ്വഹിക്കണമെന്നതിന്റെ അടിസ്ഥാനത്തിലാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കഴിഞ്ഞ ബഡ്ജറ്റ് സമ്മേളനത്തിൽ ഒരു വർഷംകൊണ്ട് ഡാറ്റാ ബാങ്ക് പൂർത്തീകരിക്കുമെന്ന് പറഞ്ഞത്. കോൺഗ്രസ് നേതാവ് ബഹുമാന്യനായ ശ്രീ. ടി. എൻ. പ്രതാപൻ കഴിഞ്ഞ സമ്മേളനത്തിൽ ഈ വിഷയം അവതരിപ്പിച്ച സമയത്ത് വളരെ വ്യക്തമായി പറഞ്ഞത്, ഡാറ്റാ ബാങ്ക് പൂർത്തിയാക്കാതെയോ സാറ്റലൈറ്റ് മാപ്പുവഴി പരിശോധിക്കാതെയോ യാതൊരു കാരണവശാലും റഗുലറൈസ് ചെയ്തുകൊടുക്കാൻ പാടില്ലെന്നും അങ്ങനെ ചെയ്താൽ അത് വലിയ അപകടമായിത്തീരുമെന്നുമാണ്. അത് കോൺഗ്രസ്സിന്റേകൂടി നിലപാടാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുകൊണ്ടുതന്നെ ഡാറ്റാ ബാങ്കിന്റെ കാര്യത്തിൽ വ്യക്തതയുണ്ടാക്കുന്നതിനാണ് ഒരു വർഷത്തിനകം പൂർത്തീകരിക്കുമെന്ന് പറഞ്ഞത്. അങ്ങ് പറഞ്ഞതുപോലെ ഡാറ്റാ ബാങ്ക് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ നടക്കുകയാണ്.

ശ്രീ. അടൂർ പ്രകാശ് : സർ, ബഹുമാനപ്പെട്ട ടി. എൻ. പ്രതാപൻ കഴിഞ്ഞ സഭയിൽ പ്രസംഗിച്ചതിനെയാണ് പ്രധാനപ്പെട്ട കാര്യമായി അങ്ങ് സൂചിപ്പിച്ചത്. സഭയിലെ ഒരംഗമെന്ന നിലയിൽ അദ്ദേഹത്തിന് അദ്ദേഹത്തിന്റേതായ അഭിപ്രായം പറയാനുള്ള സ്വാതന്ത്ര്യമുണ്ട്. അത് പാർട്ടിയുടെ നിലപാടായി അംഗീകരിക്കണമെന്ന് പറഞ്ഞാൽ അത് സാധിക്കില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് 7-10-2016-ൽ ശ്രീ. സി. കൃഷ്ണന്റെ 2372-ാം നമ്പർ ചോദ്യത്തിന് അങ്ങ് മറുപടി നൽകിയിട്ടുണ്ട്. 'നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ഡാറ്റാ ബാങ്ക് തയ്യാറാക്കുന്ന പ്രവൃത്തി ഏത് വരെയായെന്ന് വ്യക്തമാക്കുമോ; എന്ന ചോദ്യത്തിന് അങ്ങ് പറഞ്ഞ

മറുപടി, 'സംസ്ഥാനത്തെ 941 പഞ്ചായത്തുകളിൽ 21 എണ്ണത്തിൽ നെൽവയലുകളോ തണ്ണീർത്തടങ്ങളോ ഇല്ല' എന്നാണ്. അത് ശരിയാണ്. 'ശേഷിക്കുന്ന 920 പഞ്ചായത്തുകളിൽ 341 പഞ്ചായത്തുകളുടെ ഡാറ്റാ ബാങ്ക് ഗസറ്റിൽ ഇതിനകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. 22 പഞ്ചായത്തുകളിൽ ഡാറ്റാ ബാങ്ക് തയ്യാറാക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ചിറ്റയം ഗോപകുമാർ)

557 ഗ്രാമപഞ്ചായത്തുകൾ ഡാറ്റാ ബാങ്ക് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി നൽകിയിട്ടുണ്ട്.' ഡാറ്റാ ബാങ്ക് എന്ന് പ്രസിദ്ധീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; എന്ന ചോദ്യത്തിന് 'സാങ്കേതിക കാരണങ്ങളാൽ 22 ഗ്രാമപഞ്ചായത്തുകളിലെ ഡാറ്റാ ബാങ്ക് പൂർത്തിയാക്കി പ്രസിദ്ധീകരിക്കുന്നതിന് കഴിഞ്ഞിട്ടില്ല. ആയത് എത്രയും വേഗം പൂർത്തീകരിച്ച് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.' എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. ഞാൻ, അങ്ങയുടെ മറുപടിയെ കുറ്റപ്പെടുത്തുകയല്ല. ഡാറ്റാ ബാങ്ക് പ്രസിദ്ധീകരണ വേളയിൽ അത് കുറ്റമറ്റതാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട് എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്.

<u>ശ്രീ. കെ. സി. ജോസഫ്</u> : സർ, ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി പറഞ്ഞതു പോലെ ഡാറ്റാ ബാങ്ക് പൂർത്തീകരണം കഴിഞ്ഞ് നിയമപ്രകാരം ക്രമവൽക്കരിച്ച ഭൂമി കണ്ടെത്തിക്കഴിഞ്ഞാൽ അത് വീണ്ടും ക്രമവൽക്കരിക്കണമെങ്കിൽ സ്റ്റാറ്റ്യൂട്ടറി ബാക്കിംഗ് വേണം. ഈ നിയമം ഇല്ലാതായാൽ നഷ്ടപ്പെടാൻ പോകുന്നത് ആ സ്റ്റാറ്റ്യൂട്ടറി ബാക്കിംഗല്ലേ? 2008-ലെ നിയമം അത് ഉദ്ദേശിച്ച് കൊണ്ടുവന്നതാണ്. പോപ്പുലറായ സ്ലോഗനുവേണ്ടി നിയമം ഇല്ലാതാക്കിയാൽ ഡാറ്റാ ബാങ്കിലൂടെ നിയമപരമായി നികത്തിയ ഭൂമി ലീഗലൈസ് ചെയ്യണമെങ്കിൽ സ്റ്റാറ്റ്യൂട്ടറി ബാക്കിംഗ് ഇല്ലാതാകും. അത് നാളെ പ്രശ്നമുണ്ടാക്കില്ലേ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, അങ്ങ് പറയുന്ന കാര്യത്തിൽ ക്ലാരിറ്റി ആവശ്യമാണ്. ഇത് റെഗുലറൈസ് ചെയ്ത് കൊടുക്കാൻ പാടില്ലെന്ന നിലപാട് ഗവൺമെന്റിനില്ല. റെഗുലറൈസ് ചെയ്യേണ്ട കാര്യങ്ങൾ റെഗുലറൈസ് ചെയ്യും. കരം അടയ്ക്കുന്നതുമായി ബന്ധപ്പെട്ടുണ്ടാക്കിയ രേഖയാണ് ബി.ടി.ആർ. (ബേസിക് ടാക്സ് രജിസ്റ്റർ). ഡാറ്റാ ബാങ്ക് ഉണ്ടാക്കാതെ റെഗുലറൈസ് ചെയ്താൽ 2008-നു ശേഷം നികത്തിയ ഭൂമി ഉദ്യോഗസ്ഥരെയും മറ്റുള്ളവരെയും സ്വാധീനിച്ച് അതിനുമുമ്പ് നികത്തിയതാണെന്ന വ്യാജേന അപേക്ഷ കൊടുത്ത് നികത്തുന്നതിനും റെഗുലറൈസ് ചെയ്യുന്നതിനും ഇടയാകും. അതിനാലാണ് ഡാറ്റാ ബാങ്ക് വന്നതിനുശേഷമായിരിക്കണം റെഗുലറൈസേഷൻ എന്നുപറയുന്നത്. 3 എ വകുപ്പിന്റെ പ്രശ്നം എന്താണെന്നാൽ, 2008-നുമുമ്പോ അതിനുശേഷമോ നികത്തിയ ഭൂമിയുടെ സ്റ്റാറ്റസ് അനുസരിച്ച് വീട് വയ്ക്കുന്നതിന് നിലവിലുണ്ടായിരുന്ന സാഹചര്യത്തിൽ മാറ്റം വന്നിരിക്കുകയാണ്.

2008-നുമുമ്പ് നിലം നികത്തി വീട് വച്ചവർ ഉൾപ്പെടെ ഈ അപേക്ഷ കൊടുക്കുമ്പോൾ, ബി.ടി.ആർ.-ൽ നിലമെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നതെങ്കിൽ ഗവൺമെന്റിന്റെ ഒരു ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഫെയർവാല്യുവിന്റെ 25 ശതമാനം അടയ്ക്കണമെന്നാണ്. ഈ നിബന്ധന വന്നതോടുകൂടിയാണ് പ്രതിസന്ധി ഉണ്ടായത്. വീട് വയ്ക്കുന്നതിനുവേണ്ടി കാത്തിരിക്കുന്നവർക്കുൾപ്പെടെ ഉണ്ടായ വിഷയമാണ് ഇത് പിൻവലിക്കാനുള്ള ഒരു പ്രധാന കാരണം. അതിനർത്ഥം നാളെ ഇവർക്ക് റെഗുലറൈസ് ചെയ്ത് കൊടുക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല എന്നല്ല.

ശ്രീ. അടൂർ പ്രകാശ്: സർ, അങ്ങ് പറയുന്നതിൽ ഒരു കോൺട്രഡിക്ഷനുണ്ട്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഇവിടെ സജഷൻ കൊണ്ടുവന്നതിന്റെ അടിസ്ഥാനത്തിൽ 3 എ പിൻവലിക്കാൻ പോകുകയാണ്. അങ്ങ് പറയുന്നത്, കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന 3 എ-യുടെ അടിസ്ഥാനത്തിൽ റെഗുലറൈസ് ചെയ്ത് കൊടുക്കുന്ന നടപടികൾ നിർത്തൽ ചെയ്യുന്നു, പക്ഷെ അത് പൂർണ്ണമല്ല. ഞങ്ങൾ അതിനുവേണ്ടിയുള്ള അനുമതി നൽകുമെന്നാണ്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, അങ്ങ് ഇപ്രകാരം വ്യാഖ്യാനിക്കരുത്. ഈ നിയമത്തിന്റെ നട്ടെല്ലായ ഡാറ്റാ ബാങ്ക് നിർമ്മിക്കാതെ റെഗുലറൈസ് ചെയ്യുന്ന നടപടികളിലേയ്ക്ക് പോയാൽ നിരവധി അനർഹർ അവരുടെ ഭൂമി നികത്തിയത് റെഗുലറൈസ് ചെയ്യും. അത് ഒരുകാരണവശാലും ഗവൺമെന്റ് അംഗീകരിക്കാത്തതുകൊണ്ടാണ് 3 എ പിൻവലിക്കാൻ തീരുമാനിച്ചത്. നിങ്ങൾ കൊണ്ടുവന്ന നിയമം ഇവിടത്തെ സാധാരണക്കാരെ ദോഷകരമായി ബാധിക്കുന്നതാണ്. പാവപ്പെട്ടവർക്ക് വീടുവയ്ക്കുന്നതിന് നിയമപ്രകാരം ലഭ്യമാകേണ്ട അവകാശംപോലും നിഷേധിക്കുന്ന സ്ഥിതിവിശേഷം ഇവിടെ സംജാതമായ സാഹചര്യം എന്തുകൊണ്ടാണ് നിങ്ങൾ മനസ്സിലാക്കാത്തത്? ഡാറ്റാ ബാങ്ക് ഉണ്ടാക്കാതെ റെഗുലറൈസ് ചെയ്യുന്നത് പിൻവാതിലിലൂടെ ഈ നിയമത്തെ മറികടക്കുന്നതിനുള്ള തന്ത്രമായിട്ടാണ് ഗവൺമെന്റ് കാണുന്നത്.

ശ്രീ. അടൂർ പ്രകാശ്: സർ, ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി പറയുന്ന കാര്യങ്ങളെല്ലാം ഞങ്ങൾ കേൾക്കാം. പക്ഷെ അങ്ങ് പറയുന്നത്, ഡാറ്റാ ബാങ്ക് പ്രിപ്പയർ ചെയ്തതിനുശേഷം റെഗുലറൈസ് ചെയ്ത് കൊടുക്കാൻ അനുമതി നൽകുമെന്നാണ്. ഇപ്രകാരം അങ്ങ് നിഷ്കർഷിക്കുമ്പോൾ 3 എ വകുപ്പ് പിൻവലിക്കേണ്ട കാര്യമെന്താണ്; ഇപ്പോൾ തല്ക്കാലം ഇത് ചെയ്യേണ്ടതില്ലെന്ന സർക്കുലർ കൊടുത്താൽ പോരേ? ആ രീതിയിൽ ഒരു സർക്കുലർ കൊടുത്താൽ ജില്ലാ കളക്ടർമാർ അത് നിർത്തിവയ്ക്കും.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, നിയമസഭ പാസ്സാക്കിയ ഒരു ആക്ട് സർക്കാരിന്റെ സർക്കുലറിലൂടെ മാറ്റാൻ സാധിക്കുമെന്ന് അങ്ങ് പറയുകയാണെങ്കിൽ ഞാൻ സമ്മതിക്കാം.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ഡാറ്റാ ബാങ്ക് വന്നുകഴിഞ്ഞ് അത് ലീഗലൈസ് ചെയ്യണമെങ്കിൽ അതിന് എന്ത് സ്റ്റാറ്റ്യൂട്ടറി ബാക്കിംഗാണുള്ളത്. ഏത് നിയമമാണ് അതിന് അനുവദിക്കുന്നത്?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, ഇവിടെ ഭൂമി റെഗുലറൈസ് ചെയ്തില്ലെങ്കിൽ ഒന്നും സംഭവിക്കാൻ പോകുന്നില്ല. റെഗുലറൈസ് ചെയ്യണമെന്ന ഓപ്ഷൻ കൊണ്ടുവരാനുള്ള കാരണമെന്താണ്? റെഗുലറൈസ് ചെയ്യുക വഴി 200 കോടി രൂപ ഖജനാവിലേയ്ക്ക് വരുമെന്നതിനാലാണ് ഈ ഓപ്ഷൻ കൊണ്ടുവന്നത്. പ്രസ്തുത മോണിറ്ററി ബെനിഫിറ്റ് ഉദ്ദേശിച്ചുകൊണ്ടാണ് റെഗുലറൈസ് ചെയ്യുന്നത്. ഇവിടെ ബി.ടി.ആർ. എന്ന രേഖ എന്തിനുവേണ്ടിയാണ് കൊണ്ടുവന്നത്? മുൻകാലത്ത് നിലം ഏതാണെന്നും കരഭൂമി ഏതാണെന്നും നിശ്ചയിക്കുന്നതിനു വേണ്ടിയാണ് ബി.ടി.ആർ. കൊണ്ടുവന്നത്. നിലത്തിന്റെ നികുതി ഏത് രൂപത്തിലായിരിക്കണം, കരഭൂമിയുടെ നികുതി ഏത് രൂപത്തിലായിരിക്കണം എന്ന് നിശ്ചയിക്കുന്നതിനുവേണ്ടിയാണ് ബി.ടി.ആർ. തയ്യാറാക്കിയിട്ടുള്ളത്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഇതിലെ അടിസ്ഥാനപരമായ പ്രശ്നം കാണാതെയാണ് ഗവൺമെന്റ് ഇക്കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത്. 3എ മാറ്റുന്നത് മാത്രമല്ല ഇവിടത്തെ പ്രശ്നം. ശ്രീ. കെ. സി. ജോസഫ് സൂചിപ്പിച്ചതു പോലെ 3എ മാറ്റുമ്പോൾ ഒരു ആൾട്ടർനേറ്റീവ് സംവിധാനം നിലവിലില്ല. മനപ്പൂർവ്വം വയലും തണ്ണീർത്തടങ്ങളും നികത്തിയവർക്കെതിരെയാണ് ശിക്ഷാനടപടികൾ സ്വീകരിക്കേണ്ടത്. വർഷങ്ങളായി പുരയിടത്തിൽ താമസിച്ചുവരുന്നവരെ സംരക്ഷിക്കേണ്ട ബാദ്ധ്യത സർക്കാരിനുണ്ട്. അവരിൽനിന്ന് 25 ശതമാനം തുക ഫീസായി വാങ്ങാൻ സാധിക്കില്ല. അങ്ങ് ഇവിടെ സൂചിപ്പിച്ചത് ശരിയല്ല. ബി.ടി.ആർ. എന്നുപറയുന്നത് ടാക്സ് പർപ്പസിനുവേണ്ടി മാത്രം ഉണ്ടാക്കിയ ഒരു രജിസ്റ്ററാണ്. നിലമാണോ കര ഭൂമിയാണോ എന്ന് ബി.ടി.ആർ. നോക്കി തീരുമാനിക്കാൻ ഒരു കാരണവശാലും പാടില്ലെന്നാണ് സുപ്രീം കോടതി പറഞ്ഞിരിക്കുന്നത്. ഇത് ഡാറ്റാ ബാങ്ക് കൊണ്ട് തീരുമാനിക്കാമെന്നാണ് അങ്ങ് പറയുന്നത്. ഡാറ്റാ ബാങ്ക് എങ്ങനെയാണ് തയ്യാറാക്കുന്നത്? 3എ വന്നാൽ വലിയ കുഴപ്പമുണ്ടാകുമെന്ന് പറയുകയാണ്. അതുപോലെയാണ് ഡാറ്റാ ബാങ്ക് തയ്യാറാക്കുമ്പോഴും വരുന്നത്. ഓരോരുത്തരും ഓഫീസിലിരുന്ന് ബേസിക് ടാക്സ് രജിസ്റ്റർ നോക്കിയാണ് ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നത്. ഇതിലൂടെ ഇതൊരു അബദ്ധ പഞ്ചാംഗമായി മാറും. ഡാറ്റാ ബാങ്ക് തയ്യാറാക്കുമ്പോൾ ഇനിയും ഇത്തരം അബദ്ധങ്ങൾ ഉണ്ടാകും. ആയതിനാൽ ഇതിനൊരു മാനദണ്ഡം വേണം. 2008 ആണ് നിശ്ചയിക്കുന്നതെങ്കിൽ ഈ നിയമം വരുന്ന ദിവസം ഭൂമിയുടെ പൊസിഷൻ എന്താണെന്ന് നോക്കാനുള്ള ശാസ്ത്രീയ സംവിധാനങ്ങൾ നമ്മുടെ നാട്ടിലുണ്ട്. അല്ലാതെ പഞ്ചായത്ത് ഓഫീസിലിരുന്നോ വില്ലേജ് ഓഫീസിലിരുന്നോ അബദ്ധ പഞ്ചാംഗം ഉണ്ടാക്കിവയ്ക്കാൻ പാടില്ല. ഇത് ആളുകളെ ബുദ്ധിമുട്ടിലാക്കി കൂടുതൽ ദുരിതത്തിലേയ്ക്ക് തള്ളിവിടും. ഇക്കാര്യത്തിൽ ഗവൺമെന്റിന് ഒരു ക്ലാരിറ്റിയുമില്ല.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ബഹുമാനപ്പെട്ട വി.ഡി. സതീശൻ പറഞ്ഞ കാര്യത്തിൽ സത്യവും അസത്യവുമുണ്ട്. അദ്ദേഹം പറഞ്ഞ കാര്യം, വീട് വച്ച് താമസിക്കുന്നവരുടെ സ്ഥലത്ത് വീട് വയ്ക്കാൻ തടസ്സമില്ലെന്നാണ്. ഇക്കാര്യം ശ്രീ. വി. ഡി. സതീശൻ പരിശോധിച്ചോ എന്നെനിക്കറിയില്ല. ഞാൻ 40 കൊല്ലം മുമ്പ് വീട് വച്ച സ്ഥലം രേഖയിൽ നിലമായി കിടക്കുകയാണ്. ഞാൻ ആ വീട് പൊളിച്ചതിനുശേഷം പുതിയ വീട് വയ്ക്കാൻ അപേക്ഷ കൊടുക്കുമ്പോൾ ആ സ്ഥലത്തിന്റെ ഫെയർ വാല്യുവിന്റെ 25 ശതമാനം അടയ്ക്കണമെന്നാണ് 3എ പ്രകാരം വന്നിരിക്കുന്നത്. നിങ്ങൾ ഈ പറയുന്ന മണി ബിൽ പാസ്സാക്കുന്നതിനു മുമ്പ് അങ്ങനെയൊരു നിയമമില്ല. അതാണ് സാധാരണക്കാരെ ബാധിച്ചിരിക്കുന്ന പ്രധാന കാര്യം. ബഹുമാനപ്പെട്ട അംഗം ശ്രീ. വി. ഡി. സതീശൻ പറഞ്ഞതുപോലെ 2008-ന് മുമ്പും പിമ്പുമുള്ള ഭൂമിയുടെ സ്റ്റാറ്റസ് എന്താണെന്നറിയാൻ ഇപ്പോൾ തയ്യാറാക്കിയിരിക്കുന്ന ഡാറ്റാ ബാങ്ക് അപര്യാപ്തമാണെന്ന് ഗവൺമെന്റ് മനസ്സിലാക്കുന്നു. അതുകൂടി കണക്കിലെടുത്തുകൊണ്ട് സാറ്റലൈറ്റ് സർവ്വേയുടെ അടിസ്ഥാനത്തിൽ ഒരു ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിന് ഗവൺമെന്റ് ശ്രമം ആരംഭിച്ചിരിക്കുകയാണ്. അതിനായി നാലഞ്ച് തവണ വിദഗ്ദ്ധരുമായി ചർച്ച നടത്തുകയും രണ്ട് പഞ്ചായത്തിന്റെ സാമ്പിൾ സർവ്വേ നടത്തി അതിന്റെ പ്രശ്നങ്ങൾ മനസ്സിലാക്കി നടപടിക്രമങ്ങൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുകയുമാണ്. അതിന് ഒരു വർഷത്തോളം വേണ്ടിവരുമെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നിയമസഭയിൽ പ്രഖ്യാപിച്ചത്. ശാസ്ത്രീയമായ നിലയിൽ തയ്യാറാക്കുന്ന സർവ്വേ റിപ്പോർട്ട് വന്നാൽ 2008-നുമുമ്പും ശേഷവുമുള്ള ഭൂമിയുടെ സ്റ്റാറ്റസ് വ്യക്തമാകും.

ശ്രീ. അടൂർ പ്രകാശ്: സർ, റെഗുലറൈസ് ചെയ്യുന്നതിന് നടപടിയുണ്ടാകുമെന്നാണ് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി പറയുന്നത്. പ്രസ്തുത വിഷയം സംബന്ധിച്ച് ഇവിടെ ഡിബേറ്റ് നടക്കുകയാണ്. ആയതിനാൽ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിക്ക് ഇക്കാര്യത്തിൽ എന്തെങ്കിലും പറയാനുണ്ടോ?

റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, അംഗങ്ങൾ വിയോജിപ്പ് രേഖപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട സംസാരം പൂർത്തിയാക്കിയതിനുശേഷം ഞാൻ മറുപടി നൽകാം.

ശ്രീ. അടൂർ പ്രകാശ്: സർ, അപ്രകാരം മതി.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഇവിടെ സംസാരിച്ച എല്ലാവരും ഡാറ്റാ ബാങ്ക്, ഡാറ്റാ ബാങ്ക് എന്ന് പറയുകയാണ്. ഡാറ്റാ ബാങ്ക് എന്ന വാക്ക് ഞാൻ നിയമസഭയിൽ വന്ന കാലംമുതൽ കേൾക്കുകയാണ്. ഇത് എവിടെ എത്തിയെന്നും ഇതിന്റെ അവസാനം എന്നാണെന്നും അങ്ങേയ്ക്ക് അറിയുമോ?

12 NOON]

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, എനിക്കും താങ്കൾക്കും അപ്പുറത്തിരിക്കുന്നവർക്കും പറയാൻ പറ്റാത്ത കാര്യമാണിത്. അതിന്റെ കാരണമെന്തെന്നാൽ കയ്യടി വാങ്ങാൻ ഡാറ്റാ ബാങ്ക് എന്നൊക്കെ പറയാം. യഥാർത്ഥത്തിലുള്ള കാര്യങ്ങളൊന്നും സംസ്ഥാനത്ത് നടക്കുന്നില്ല എന്നുള്ളതാണ്. ഇപ്പോൾ 3എ വന്നു എന്നുള്ളതുകൊണ്ട് അഞ്ചും പത്തും സെന്റ് നികത്തുന്നതിന് എവിടെയാണ് തടസ്സമുള്ളത്? നിയമാനുസൃതം ഒരു തടസ്സവുമില്ല. തടസ്സമുണ്ടെന്ന് വരുത്തിത്തീർക്കാനുള്ള ശ്രമം പാടില്ല. അത് നിയമത്തിന് പുറത്താണ്. 3എ വന്നു എന്നുള്ളതുകൊണ്ട് റെഗുലറൈസ് ചെയ്യുന്ന കാര്യം വീണ്ടും ആലോചിക്കുമെന്ന് കൃഷി വകുപ്പുമന്ത്രി പറഞ്ഞു. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി എടുത്ത് ചോദിച്ച ഒരു കാര്യം ഇത് നിർത്തിവയ്ക്കാൻ സാധിക്കുമോ എന്നാണ്. അത് നിർത്തിവയ്ക്കുന്നതിന് മറ്റ് തടസ്സങ്ങളൊന്നുമില്ല. നിങ്ങൾക്കത് ചെയ്യാൻ സാധിക്കും. ഇന്ന് കേരളത്തിൽ ഏതാണ്ട് തൊണ്ണൂറ്റിമൂവായിരത്തിലധികം പരാതികളുണ്ട്. പണ്ട് നെൽകൃഷി ചെയ്ത സ്ഥലങ്ങൾ എവിടെയാണ്? ഏതാണ്ട് എട്ട് ലക്ഷത്തിനുമുകളിൽ കേരളത്തിൽ നെൽകൃഷി ചെയ്തിരുന്നു. അത് ഇപ്പോൾ കുറഞ്ഞുകുറഞ്ഞ് ഒരു ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരത്തിലേയ്ക്ക് മാറിയിരിക്കുന്നു. നെല്ലുല്പാദനം പാടെ കുറഞ്ഞിരിക്കുന്നു. ഈ–രംഗത്ത് നമ്മൾ ഏറ്റവും പിറകിലേയ്ക്ക് പോയിരിക്കുന്നു. അന്യ സംസ്ഥാനങ്ങളിൽനിന്ന് ഉല്പാദിപ്പിക്കുന്ന നെല്ല് അല്ലെങ്കിൽ അരി ഇവിടെ എത്തിയില്ലെങ്കിൽ നമ്മുടെ സ്ഥിതി എന്താകുമെന്നതിനെക്കുറിച്ച് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. ബഹുമാന്യനായ കൃഷി വകുപ്പുമന്ത്രി അടുത്ത ദിവസം പത്തനംതിട്ട ജില്ലയിൽ വന്നിരുന്നു. ബഹുമാന്യനായ കൃഷി വകുപ്പുമന്ത്രിയും ബഹുമാന്യനായ മുഖ്യമന്ത്രിയും ആറന്മുള എം.എൽ.എ.-യും എല്ലാവരുമുണ്ടായിരുന്നു. അദ്ദേഹം മുൻപ് ഒരു പ്രഖ്യാപനമൊക്കെ നടത്തിയിരുന്നു. ആറന്മുളയിൽ വന്ന് എയർപോർട്ടിനുവേണ്ടി എടുത്ത സ്ഥലത്ത് കൃഷി ചെയ്യുമെന്നാണ് നേരത്തെ പ്രഖ്യാപിച്ചിരുന്നത്. ആ പ്രഖ്യാപനം സംബന്ധിച്ച് പത്രങ്ങളിൽ വന്ന വാർത്ത എന്റെ കൈവശമുണ്ട്. കഴിഞ്ഞ ദിവസം ഈ സഭയിൽ ഒരു ചോദ്യം വന്നു. ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ നെൽവയൽ തണ്ണീർത്തട നിയമത്തിന്റെ ഭാഗമായി ഇവിടെ പ്രസംഗിക്കുന്ന അവസരത്തിൽ ഞാൻതന്നെ ചോദിച്ച ഒരു കാര്യമുണ്ട്. ചോദിച്ചത് മറ്റൊന്നുമല്ല, ആറന്മുള എയർപോർട്ടിനായുള്ള 221 ഏക്കർ സ്ഥലത്ത് കൃഷിയിറക്കുവാൻ വേണ്ടി നടപടി സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി തന്നെ പ്രഖ്യാപിച്ചിട്ടുണ്ട്, ആ പ്രഖ്യാപനമനുസരിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് അങ്ങേയ്ക്ക് അറിയാമോ എന്ന് ചോദിച്ചപ്പോൾ, ആറന്മുള എം.എൽ.എ. എഴുന്നേറ്റുനിന്ന് പറഞ്ഞു; ഞങ്ങൾ ആകെ ഒന്നര ഏക്കർ സ്ഥലത്തേ കൃഷി ഇറക്കിയിട്ടുള്ളൂവെന്ന്. ആറന്മുള എം.എൽ.എ. സത്യാവസ്ഥ തുറന്ന് പറഞ്ഞതാണ്. കൃഷി വകുപ്പുമന്ത്രി എന്ത് പറയുമെന്ന് എനിക്കറിയില്ല. ഒന്നര ഏക്കർ സ്ഥലത്തേ ഞങ്ങൾ കൃഷിയിറക്കിയിട്ടുള്ളൂ എന്ന് ആറന്മുള എം.എൽ.എ. തന്നെ ഇവിടെ പറയുകയുണ്ടായി.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ബഹുമാനപ്പെട്ട അംഗം കഴിഞ്ഞ സഭയിലും ഞാനില്ലാത്ത സമയത്തും ഈ സഭയെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിച്ചു. ഒരു കാര്യം അങ്ങ് മനസ്സിലാക്കേണ്ടത് ആറന്മുള വിമാനത്താവള പദ്ധതി പ്രദേശത്തെ 70 ഏക്കറടക്കം 140 ഏക്കർ സ്ഥലത്ത് ഈ ഗവൺമെന്റ് കൃഷി ആരംഭിച്ചുകഴിഞ്ഞു. വിത്ത് വിതച്ചു. ഇനി തെറ്റിദ്ധരിക്കേണ്ട. ബാക്കി 100 ഏക്കർ സ്ഥലത്ത് അവിടെയുള്ള തോട് റീ-ഇൻസ്റ്റേറ്റ് ചെയ്തുകഴിഞ്ഞാൽ വിത്ത് വിതയ്ക്കും. മാത്രമല്ല അവിടെ മിച്ചഭൂമിയുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന, നിയമപ്രകാരം ആ കമ്പനി ലാന്റ് സീലിംഗ് ആക്ട് ലംഘിച്ചിട്ടുണ്ടെന്ന് മനസ്സിലാക്കിയ സാഹചര്യത്തിൽ ഭൂമി ഏറ്റെടുക്കാൻ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് അക്കാര്യത്തിൽ യാതൊരു ആശങ്കയും വേണ്ട, ഒന്നര ഏക്കർ എന്നത് ഒരു സ്വകാര്യ വ്യക്തിയുടെ സ്ഥലം മാത്രമാണ് അവിടെയുള്ളത്. സർക്കാരിന് അവിടെ കൃഷി ഭൂമിയൊന്നുമില്ല. സർക്കാരിന്റെ കൃഷി ഭൂമിയിലല്ല ഒരിടത്തും കൃഷിയിറക്കുന്നത്. വരുന്ന 10-ാം തീയതി മെത്രാൻ കായലിലും കൃഷിയിറക്കാൻ പോകുകയാണ്. അതും സർക്കാരിന്റെയല്ല, സ്വകാര്യ വ്യക്തിയുടെ ഭൂമിയാണ്. കമ്പനിക്ക് പല ആശങ്കകളും ഉള്ളതുപോലെ അങ്ങും വെറുതെ ആശങ്കപ്പെടേണ്ട കാര്യമില്ല. വിമാനത്താവളത്തിന് ഏറ്റെടുക്കാനുള്ളതുൾപ്പെടെ 110 ഏക്കർ സ്ഥലത്താണ് വിത്തിറക്കൽ നടപടി നടന്നുകൊണ്ടിരിക്കുന്നത്. അങ്ങ് ഒന്നര ഏക്കർ എന്നുപറഞ്ഞ് തെറ്റിദ്ധരിപ്പിക്കരുത്.

ശ്രീ. അടൂർ പ്രകാശ്: സർ, ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി പറയുന്നത് ഞാൻ കേൾക്കാം. പക്ഷെ ആ നിയോജകമണ്ഡലത്തിലെ എം.എൽ.എ. സഭയിൽ പറഞ്ഞ കാര്യമാണ് ഞാൻ ഇവിടെ പറഞ്ഞത്. ഒന്നര ഏക്കർ സ്ഥലത്ത് മാത്രമാണ് ഞങ്ങൾ കൃഷിയിറക്കിയിട്ടുള്ളത് എന്ന് ബഹുമാനപ്പെട്ട ആറന്മുള എം.എൽ.എ. പറഞ്ഞിരിക്കുകയാണ്. രേഖ പരിശോധിക്കണം. തൃശ്ശൂരിൽനിന്നുള്ള മന്ത്രി എന്ന നിലയിൽ അങ്ങേയ്ക്ക് എവിടെ വേണമെങ്കിലും പോകാം. അതിന് ഒരു തടസ്സവുമില്ല. പക്ഷേ ആ നിയോജകമണ്ഡലത്തിലെ എം.എൽ.എ. ആധികാരികമായി പറയുന്നത് ഞങ്ങൾക്ക് കേൾക്കാതിരിക്കാൻ കഴിയുമോ?

മി. ചെയർമാൻ: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞപ്പോൾ അങ്ങേയ്ക്ക് ബോധ്യപ്പെട്ടുകാണുമെന്ന് വിശ്വസിക്കുന്നു.

ശ്രീ. അടൂർ പ്രകാശ്: സർ, ഇല്ല. അത് അങ്ങനെ ബോധ്യപ്പെടുന്ന കാര്യമല്ല. അങ്ങേയ്ക്ക് ബോധ്യപ്പെട്ടില്ലല്ലോ; അങ്ങ് തൊട്ടടുത്തുള്ള നിയോജകമണ്ഡലത്തിലെ എം.എൽ.എ. ആണല്ലോ?

മി. ചെയർമാൻ: എനിക്ക് ബോധ്യപ്പെട്ടു.

ശ്രീ. അടൂർ പ്രകാശ്: സർ, അങ്ങേയ്ക്ക് കൃത്യമായി ബോധ്യപ്പെട്ടുമെന്ന് ഞാൻ കരുതുന്നില്ല.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഒന്നര ഏക്കറെന്നാണല്ലോ അങ്ങ് പറയുന്നത്, അങ്ങ് പത്തനംതിട്ട ജില്ലയിലുള്ള ആളാണല്ലോ; ഞാൻ ഒരു കാര്യം അങ്ങയോട് പറയട്ടെ, ഞാൻ അങ്ങയെ കൊയ്ത്തുൽസവത്തിന് ക്ഷണിക്കുകയാണ്. ബാക്കിയുള്ള എല്ലാ സ്ഥലത്തെയും കൊയ്ത്തുൽസവത്തിന് പങ്കെടുക്കാൻ അങ്ങ് തയ്യാറുണ്ടോ?

മി. ചെയർമാൻ: ശ്രീ. അടൂർ പ്രകാശ് ചോദിച്ചതുകൊണ്ടാണല്ലോ അദ്ദേഹം അങ്ങനെ പറഞ്ഞത്. അംഗങ്ങളെല്ലാം ഇടപെട്ട് സംസാരിക്കുകയാണ് അതുകൊണ്ടാണ് ബഹുമാനപ്പെട്ട മന്ത്രിയും ഇടപെട്ടത്.

ശ്രീ. അടൂർ പ്രകാശ്: സർ, ആറന്മുള എയർപോർട്ടിന് അനുമതി നൽകിയത് ആരാണ്; അങ്ങേയ്ക്കറിയാമോ? 11-11-2010-ൽ ആരായിരുന്നു ഇവിടെ ഭരിച്ചിരുന്നത്? അന്ന് ബഹുമാന്യനായ വി. എസ്. അച്ചുതാനന്ദൻ കേരളത്തിന്റെ മുഖ്യമന്ത്രിയാണ്. വെറുതെ പറഞ്ഞിട്ട് കാര്യമില്ല, ഉള്ള കാര്യങ്ങൾ പറയണം. ബഹുമാന്യനായ വി. എസ്. അച്ചുതാനന്ദൻ കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്ന കാലഘട്ടത്തിൽ 11-11-2010 ൽ ആറന്മുള എം.എൽ.എ. ശ്രീ. കെ.സി. രാജഗോപാൽ, ഒരു കത്ത് അന്നത്തെ മുഖ്യമന്ത്രിക്ക് കൊടുത്തു. മുഖ്യമന്ത്രി അതിനകത്ത് ഉത്തരവിട്ടത്, "ജില്ലാ കളക്ടർ, പത്തനംതിട്ട, നിർമ്മാണപ്രവർത്തനം ആരംഭിക്കത്തക്കവിധം ഭൂമി കൈമാറ്റം ചെയ്യുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കുക" എന്നാണ്. ഞങ്ങളാരും കൊടുത്തതല്ല. കഴിഞ്ഞ ഗവൺമെന്റല്ല. അങ്ങനെയൊരു തെറ്റിദ്ധാരണ വേണ്ട. ബഹുമാനപ്പെട്ട കൊട്ടാരക്കര എം.എൽ.എ.-ക്ക് അങ്ങനെയൊരു തെറ്റിദ്ധാരണ വേണ്ട. ഇത് ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദൻ കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്ന കാലഘട്ടത്തിൽ കൊടുത്തതാണ്. രേഖകളാണ്, അല്ലാതെ വെറുതെ പറയുന്നതല്ല. ബഹുമാനപ്പെട്ട രാജു എബ്രഹാമിന് ചോദിക്കാൻ പറ്റില്ല. കാരണം ഇക്കാര്യങ്ങളെല്ലാം നന്നായി അറിയാവുന്നതുകൊണ്ട് അദ്ദേഹം ചോദിക്കില്ല. അത് എനിക്കറിയാം. നികത്താൻ വേണ്ടിയാണ് അനുമതി കൊടുത്തത്. അങ്ങനെ നികത്തി. ആറന്മുള എയർപോർട്ട് വരാൻവേണ്ടി എന്താണ് ചെയ്തത്; മാത്രമല്ല അവരുടെ കൈവശമുള്ള ഭൂമി പോരെന്ന് അവർ ആവശ്യപ്പെട്ടു. അങ്ങനെ വന്നപ്പോൾ ചെയ്തതെന്താണെന്നറിയുമോ?

ശ്രീ. എസ്. രാജേന്ദ്രൻ: സർ, പോയിന്റ് ഓഫ് ഓർഡർ. റൂൾ 303. നെല്ലിനും വിമാനത്താവളത്തിനും തമ്മിൽ എന്താണ് ബന്ധം? ഇതെല്ലാം രേഖയിൽനിന്ന് ഒഴിവാക്കണം. ബില്ലിലേയ്ക്ക് മടങ്ങിവരാൻ ചെയർ നടപടി സ്വീകരിക്കണം.

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, ബഹുമാനപ്പെട്ട എസ്. രാജേന്ദ്രൻ, അങ്ങൊരു നിയമപ്രശ്നം ഇവിടെ ഉന്നയിച്ചതാണ്. ഇടുക്കിയിൽ വലിയ കൃഷിയൊന്നുമില്ലല്ലോ. നെല്ലുണ്ടെന്ന് പറഞ്ഞാലും അങ്ങേയ്ക്ക് നെല്ലിനെക്കുറിച്ച് വലിയ അറിവൊന്നുമില്ല. അത് കഴിച്ചുള്ള അറിവുമാത്രമല്ലേയുള്ളൂ. 2011 മാർച്ച് 1, എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടമാണ്. അന്നത്തെ വ്യവസായ വകുപ്പ് സെക്രട്ടറി ശ്രീ. ടി. ബാലകൃഷ്ണൻ ഇറക്കിയിരിക്കുന്ന ഒരു ഉത്തരവാണ്. ആറന്മുള എയർപോർട്ടിനായി ചോദിച്ചത് 500 ഏക്കർ സ്ഥലമാണ്. 221 ഏക്കർ അവരുടെ കൈവശമുണ്ട്. ബാക്കി സ്ഥലത്തിനുള്ള സഹായം ചെയ്യണമെന്നാവശ്യപ്പെട്ടപ്പോൾ 2000 ഏക്കർ സ്ഥലമാണ് കൊടുത്തത്. അത് വ്യവസായ മേഖലയായി പ്രഖ്യാപിച്ചു. അതിന്റെ രേഖകളാണ് എന്റെ കൈവശമുള്ളത്. ബഹുമാനപ്പെട്ട അംഗം എസ്. രാജേന്ദ്രൻ ഇവിടെ ഈ ബില്ലുമായി ബന്ധപ്പെട്ട് എന്ത് പ്രസക്തിയാണുള്ളതെന്ന് ചോദിച്ചു. ഇവിടെ നെൽവയൽ സംരക്ഷിക്കപ്പെടുന്നതിനുവേണ്ടിയാണ് 2008-ൽ ഒരു നിയമം പാസ്സാക്കിയത്. യു.ഡി.എഫ്. സർക്കാർ വന്നതിനുശേഷം ഒരു കുട്ട മണ്ണുപോലും ആറന്മുള എയർപോർട്ടിൽ ഇട്ടിട്ടില്ല. അതെല്ലാം ചെയ്തത് എൽ.ഡി.എഫ്. ഭരണകാലഘട്ടത്തിലാണ്. അതുമാത്രമല്ല 2011-ൽ തെരഞ്ഞെടുപ്പ് സമയത്ത് അവിടെ മത്സരിച്ച എൽ.ഡി.എഫ്. സ്ഥാനാർത്ഥി ഒരു പോസ്റ്റർ അച്ചടിച്ചിറക്കി. "അതിരുകളില്ലാത്ത ലോകം" എന്നുവച്ചാൽ വിമാനം ആറന്മുളയിൽനിന്ന് പറയുന്നയരുകയാണ്. " ആറന്മുള വിമാനത്താവളം യാഥാർത്ഥ്യത്തിലേയ്ക്ക് സ്വകാര്യ മേഖലയിൽ 3,000 കോടി രൂപ മുടക്കി അന്താരാഷ്ട്ര നിലവാരമുള്ള വിമാനത്താവളം സംസ്ഥാന ഗവൺമെന്റിന്റെ അംഗീകാരത്തോടെ നിർമ്മാണപ്രവർത്തനം തുടങ്ങി. നിർദ്ദിഷ്ട വിമാനത്താവള ഭൂപ്രദേശം സംസ്ഥാന വ്യവസായ വകുപ്പ് ഇൻഡസ്ട്രിയൽ ഭൂപ്രദേശമായി വിജ്ഞാപനം ചെയ്തു. കൂടുതൽ അംഗീകാരത്തിനായി വിശ്രമരഹിതമായ പ്രവർത്തനം." ഇതാണ് കഴിഞ്ഞ 2011-ലെ തെരഞ്ഞെടുപ്പിൽ പറഞ്ഞിട്ടുള്ളത്. കൃഷി വകുപ്പുമന്ത്രി അങ്ങുകൂടി ഇത് കാണണം. അവിടെ പ്രസംഗിക്കാൻ പോകുമ്പോൾ അങ്ങ് ഈ കാര്യം കൂടി സൂചിപ്പിക്കണം. അതിനുവേണ്ടിയാണ് ഞാൻ ഇത് സൂചിപ്പിച്ചത്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, വിമാനത്താവളം സ്വപ്നം കാണുകയും വിമാനത്താവളം കൊണ്ടുവരുമെന്ന് വാഗ്ദാനം നൽകുകയും ചെയ്തുകൊണ്ടാണ് ആറന്മുളയിലെ അന്നത്തെ എൽ.ഡി.എഫ്. സ്ഥാനാർത്ഥി തെരഞ്ഞെടുപ്പിൽ മത്സരിച്ചത്. മാത്രമല്ല തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പായി 2500 ഏക്കർ സ്ഥലം ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റ് നോട്ടിഫൈ ചെയ്തു. ഏതായാലും ആ ഗ്രാമത്തിൽ ഒരു പാടശേഖരവും ഒരു നെൽപ്പാടവും ഒരു നെന്മണി വിത്തുപോലും വിതയ്ക്കാൻ പറ്റാത്ത പാകത്തിലാക്കിയിട്ടാണ് നമ്മുടെ കയ്യിലേയ്ക്ക് ഈ ഭരണം തന്നതെന്ന് അങ്ങേയ്ക്ക് ഓർമ്മയുണ്ടോ?

ശ്രീ. അടൂർ പ്രകാശ്: സർ, അതാണ് ഞാൻ പറഞ്ഞത്. അങ്ങനെ ചെയ്ത ആളുകളാണ് നമ്മളെ കുറ്റപ്പെടുത്തുന്നത്. യാഥാർത്ഥ്യബോധത്തോടുകൂടി കാര്യങ്ങൾ കാണണ്ടേ? എന്തു പറഞ്ഞാലും ആറന്മുള എയർപോർട്ടിനായി അവിടെ നിലം നികത്തി, ആറന്മുള എയർപോർട്ട് എന്നുള്ള നിലയിൽ പ്രവർത്തനങ്ങൾക്ക് ആരംഭം കുറിച്ചു എന്നൊക്കെയാണ് പറയുന്നത്. യാഥാർത്ഥ്യങ്ങൾ നിങ്ങൾ അറിഞ്ഞിരിക്കണം, അതിനുവേണ്ടി മാത്രമാണ് ഞാൻ ഈ കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കുന്നത്. നിങ്ങൾക്ക് ഇതിനെക്കുറിച്ച് എന്തെങ്കിലും പറയാനുണ്ടോ; "ഞങ്ങൾ ഇത് കൊടുത്തിട്ടില്ല" എന്ന് നിങ്ങൾക്ക് പറയാൻ സാധിക്കുമോ? നിങ്ങൾ സമരം നടത്തിയവരാണ്. ആ സമരത്തിൽ പങ്കെടുത്തിട്ടുള്ള ആളുകളാണ് നിങ്ങൾ. ഞാൻ സമരത്തിൽ പങ്കെടുക്കാൻ പോകുന്നത് തെറ്റാണെന്ന് പറയില്ല. പക്ഷേ, ഗവൺമെന്റ് ചെയ്തകാര്യം അതും എൽ.ഡി.എഫ്. ഗവൺമെന്റ് ചെയ്തത് യാഥാർത്ഥ്യബോധത്തോടുകൂടി ഉൾക്കൊണ്ട് അതിനുവേണ്ടി പ്രവർത്തിക്കേണ്ടതിനുപകരം നിങ്ങളെല്ലാവരും ഞങ്ങളെ കുറ്റപ്പെടുത്താൻ കിട്ടിയ അവസരം വിനിയോഗിച്ചു. അന്ന് ഒരു മന്ത്രിക്ക് പ്രത്യേക ചുമതലയുണ്ടായിരുന്നു. മന്ത്രിക്കുള്ള ചുമതല എന്താണെന്നാൽ, വാർഷികം പ്രമാണിച്ച് ഓരോ ജില്ലയിലും നടപ്പാക്കേണ്ട പ്രധാന പദ്ധതികൾ ഏതൊക്കെയെന്ന് വിലയിരുത്തി അതിന്റെ ദൈനംദിന പ്രവർത്തനങ്ങൾ സൂക്ഷ്മതയോടുകൂടി നിരീക്ഷിക്കാൻ അന്ന് മന്ത്രിയെ ചുമതലപ്പെടുത്തിയിരുന്നു. എന്റെ ഓർമ്മ ശരിയാണെങ്കിൽ അന്നത്തെ കൃഷി വകുപ്പുമന്ത്രിയായിരുന്നു. ശരിയല്ലെങ്കിൽ ഞാൻ തിരുത്തിക്കൊള്ളാം. ഞാൻ ഒരു തെറ്റിദ്ധാരണയുണ്ടാക്കാൻ വേണ്ടി പറയുന്നതല്ല.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ആറന്മുള വിമാനത്താവളവും അവിടത്തെ കൃഷിയും മണ്ണിടലുമായി ബന്ധപ്പെട്ടാണ് ഈ ചർച്ച മുഴുവൻ പോകുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആറന്മുള വിമാനത്താവളവുമായി ബന്ധപ്പെട്ട് മണ്ണിട്ടതും ഹൈക്കോടതിയിൽ കേസ് വന്നതും അതുമായി ബന്ധപ്പെട്ട് ഇറക്കിയ ഉത്തരവുകളും ഒരു പൊതു അന്വേഷണത്തിന് വിധേയമാക്കാമോ എന്ന് ഞാൻ ചോദിച്ചിരുന്നു. ഞാൻ പഠിച്ചിടത്തോളം ആറന്മുള എയർപോർട്ടിൽ മണ്ണിട്ട് തുടങ്ങിയത് 2003-ലാണ്. 2006-ൽ അധികാരത്തിൽ വന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് അവിടെ മണ്ണിട്ടിട്ടില്ല. ഇനി ഏതെങ്കിലും തരത്തിൽ മണ്ണിട്ടിട്ടുണ്ടെന്ന് സ്ഥാപിച്ചാൽ എല്ലാ ഗവൺമെന്റുകളുടെയും 2003 മുതൽ ഇതുവരെയുള്ള എല്ലാ കാര്യങ്ങളും അതായത് ഇറക്കിയ ഉത്തരവുകൾ, സ്വീകരിച്ച നടപടികൾ, നടപടികളിൽ ഉദ്യോഗസ്ഥർ കാണിച്ച വീഴ്ച ഇതെല്ലാം അന്വേഷണത്തിന് വിധേയമാക്കാൻ അങ്ങ് തയ്യാറുണ്ടോ? ഇങ്ങനെ ഒരു ആവശ്യം ഉന്നയിക്കുന്നുണ്ടോ; ഉന്നയിക്കുന്നുണ്ടെങ്കിൽ അവിടെ മണ്ണിട്ട് തുടങ്ങിയത് മുതൽ ഈ ഭൂമി കൈമാറ്റംവരെ എല്ലാ കാര്യവും അന്വേഷിക്കാൻ അങ്ങ് ആവശ്യപ്പെടണമെന്നാണ് പറയുന്നത്. അങ്ങ് ആശങ്കകളും വിമർശനങ്ങളും ഒക്കെ പറയുന്നകൂട്ടത്തിൽ ഇങ്ങനെയൊരു ആവശ്യംകൂടി ഉന്നയിക്കുമോ?

ശ്രീ. അടൂർ പ്രകാശ്: സർ, അങ്ങ് ആശങ്കപ്പെടേണ്ട. ഈ കാര്യങ്ങളൊക്കെ രേഖകളുടെ അടിസ്ഥാനത്തിൽ പറഞ്ഞുവെന്നേയുള്ളൂ. അങ്ങ് തെറ്റിദ്ധാരണ ഉണ്ടാക്കേണ്ട. അതങ്ങ് ചെയ്താൽ പോരെ; ഞങ്ങൾക്ക് എന്തെങ്കിലും വിരോധമുണ്ടോ? ബഹുമാനപ്പെട്ട ശ്രീ. രാജു എബ്രഹാം എഴുതി കൊടുക്കണം.

ശ്രീ. രാജു എബ്രഹാം: സർ, ഞാൻ ഇത് കേട്ടിട്ട് മിണ്ടാതിരിക്കുകയായിരുന്നു. നിങ്ങൾ മണ്ണിട്ട വിഷയവും ഇടതുപക്ഷ സർക്കാരിന്റെ ചുമലിൽ വച്ചു. ഇവിടെ ശ്രീ. മുല്ലക്കര രത്നാകരൻ പറഞ്ഞതാണ് ശരി. ഞങ്ങൾ അതിനെതിരെ സമരം നടത്തി. ടാക്ടർ കത്തിച്ചതിനെതിരേയും അവിടെ ഉപരോധം നടത്തിയതിനെതിരേയും ഞങ്ങളുടെ പേരിൽ കേസുണ്ട്. ആ കേസ് ഇന്നും കോടതിയിൽ നടക്കുകയാണ്. ശ്രീ. വി. എസ്. അച്യുതാനന്ദന്റെ ഗവൺമെന്റ് വന്നതിനുശേഷം അവിടെ ഒരു ഇഞ്ച് സ്ഥലത്തു പോലും മണ്ണിട്ടിട്ടില്ല. 2500 ഏക്കർ സ്ഥലം, അത് വ്യവസായ സെക്രട്ടറി ഇറക്കിയ ഒരു ഉത്തരവാണ്. ആ ഫയൽ അന്നത്തെ വ്യവസായ വകുപ്പുമന്ത്രി കണ്ടിട്ടില്ല. ഈ കാര്യങ്ങൾക്കെല്ലാംകൂടി അന്വേഷണം ആവശ്യപ്പെടാൻ നിങ്ങൾക്ക് ധൈര്യമുണ്ടോ?

ശ്രീ. വി. ടി. ബൽറാം : സർ, ആറന്മുളയെക്കുറിച്ച് രണ്ടുഭാഗത്തുനിന്നുമുള്ള ആളുകൾ അങ്ങോട്ടുമിങ്ങോട്ടും ആരോപണം ഉന്നയിക്കുന്ന സാഹചര്യമാണ് കാണുന്നത്. ശ്രീ. രാജു എബ്രഹാമും ശ്രീ. മുല്ലക്കര രത്നാകരനും പറഞ്ഞത് വളരെ പ്രസക്തമായ കാര്യമാണെന്നു തോന്നുന്നു. കഴിഞ്ഞ പത്തുവർഷത്തെ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ സമഗ്രമായ ഒരന്വേഷണത്തിലൂടെ പുറത്തുവരുന്നതുകൊണ്ട് ആർക്കും വിരോധമുണ്ടാകുമെന്ന് തോന്നുന്നില്ല. അത് ഇപ്പോഴത്തെ ഗവൺമെന്റിനു തന്നെ ഏറ്റെടുക്കാവുന്നതാണ്. മുല്ലക്കര രത്നാകരൻ സാറിന്റെ പാർട്ടിയിൽപ്പെട്ടവരാണ് ഇപ്പോഴത്തെ കൃഷി വകുപ്പുമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും. ആ നിലയിൽ ഇക്കാര്യത്തിൽ മറ്റൊരു തരത്തിലുള്ള താരതമ്യത്തിന്റെ ആവശ്യമില്ല. ഇത് അന്വേഷണത്തിന് വിധേയമാക്കുന്നതുകൊണ്ട് തെറ്റില്ലെന്നാണ് എനിക്ക് തോന്നുന്നത്.

മി. ചെയർമാൻ: ശ്രീ. അടൂർ പ്രകാശ് അങ്ങേയ്ക്ക് എത്ര സമയംകൂടി വേണ്ടി വരും? ഇന്ന് രണ്ട് ബില്ലുകൾ പരിഗണനയ്ക്കെടുക്കുന്നുണ്ട്.

ശ്രീ. അടൂർ പ്രകാശ് : സർ, സമയം പറയാൻ സാധിക്കുകയില്ല. ഇത് ബില്ലിന്റെ ചർച്ചയാണ്.

ശ്രീ. സി. കെ. നാണു: സർ, ഇക്കാര്യത്തിൽ ഞാൻ എക്സ്പെർട്ടല്ലാത്തതു കൊണ്ട് ഒരു കാര്യം ചോദിക്കുകയാണ്. ആറന്മുള വിമാനത്താവള പദ്ധതി ഏത് കമ്പനിക്കാണ് കൊടുത്തത്; ഏത് വർഷമാണ് ആരംഭിച്ചത്?

ശ്രീ. അടൂർ പ്രകാശ്: സർ, ആറന്മുള വിമാനത്താവള പദ്ധതി ഏത് കമ്പനിക്കാണ് കൊടുത്തത് എന്ന ചോദ്യമാണ് ബഹുമാനപ്പെട്ട അംഗം ചോദിച്ചത്. Clearance of Land to KGS- Green Field Airport, Aaranmula. അതിന്റെ കത്താണ് എന്റെ കൈവശമുള്ളത്. "നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കത്തക്ക വിധം ഭൂമി കൈമാറ്റം ചെയ്യുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കുക" എന്നാണ് അതിൽ പറഞ്ഞിരിക്കുന്നത്. 12-11-2010-ലാണ് ഈ കത്തിൽ ഒപ്പു വച്ചിരിക്കുന്നത്. നമ്മൾ ഒരു വിഷയം ചർച്ച ചെയ്യുമ്പോൾ തെറ്റായ കീഴ്വഴക്കമാണ്, തെറ്റായ ധാരണയാണ് എന്നുപറഞ്ഞ് കാര്യങ്ങൾ അവസാനിപ്പിക്കുകയല്ല ചെയ്യേണ്ടത്.

മി. ചെയർമാൻ: താങ്കൾ ബില്ലിനകത്തുനിന്ന് സംസാരിക്കൂ.

ശ്രീ. അടൂർ പ്രകാശ്: സർ, ബില്ലിന്മേലുള്ള ചർച്ചയാകുമ്പോൾ കാര്യങ്ങൾ പറയണ്ടേ? അങ്ങ് പത്തനംതിട്ട ജില്ലയെ പ്രതിനിധാനം ചെയ്യുന്ന ഒരു എം.എൽ.എ. അല്ലേ; അങ്ങ് എന്റെയും കൂടി എം.എൽ.എ.-യാണ്.

മി. ചെയർമാൻ: ഇത് പ്രധാനപ്പെട്ട ഒരു ബില്ലാണ്. അതുകൊണ്ട് ബില്ലിനകത്തുനിന്ന് സംസാരിക്കാനാണ് ഞാൻ പറഞ്ഞത്.

ശ്രീ. അടൂർ പ്രകാശ്: സർ, അങ്ങും കൂടി ഉൾപ്പെടുന്ന പത്തനംതിട്ട ജില്ലയിൽ വരാനിരുന്ന ഒരു സംരംഭമാണ്. ആ സംരംഭത്തിനെതിരെ അങ്ങും സമരത്തിൽ പങ്കെടുത്തിട്ടുണ്ട് എന്നത് വേറെ കാര്യം. പക്ഷേ ഇതെല്ലാം യു.ഡി.എഫ്. സർക്കാരിന്റെ തലയിൽ വയ്ക്കണോ എന്നതാണ് എന്റെ ചോദ്യം. അത് ശരിയല്ല. യു.ഡി.എഫ്. ഗവൺമെന്റാണ് ഇതെല്ലാം ചെയ്തതെന്നുവരുത്തി ഒരു തെരഞ്ഞെടുപ്പ് വേളയിൽ ഞങ്ങളെല്ലാം ശരിയാക്കും എന്നാണ് പറഞ്ഞത്. യു.ഡി.എഫ്. ഗവൺമെന്റിനെ മോശമായി ചിത്രീകരിക്കാനുള്ള ശ്രമത്തിൽ പലരുമുണ്ടാകാം. 3 എ ഭേദഗതി പിൻവലിക്കാനുള്ള ചർച്ചയാണ് ഇവിടെ നടക്കുന്നത്. 3 എ ഭേദഗതി റെഗുലറൈസ് ചെയ്യുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുമെന്നാണ് കൃഷി വകുപ്പുമന്ത്രി പറഞ്ഞത്. ആ അഭിപ്രായം തന്നെയാണോ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിക്കുമുള്ളതെന്ന് ഞാൻ ചോദിച്ചപ്പോൾ ചർച്ച കഴിഞ്ഞശേഷം മറുപടി പറയാമെന്നാണ് അദ്ദേഹം അറിയിച്ചത്. 93,000-ലധികം ആളുകൾ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുന്ന ചർച്ചാവേളയിൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സംസാരിക്കുമ്പോൾ 50-ഉം 60-ഉം വർഷങ്ങളായി കൈവശം വച്ചിരിക്കുന്ന ഭൂമിയിൽ വീടുവച്ച് താമസിക്കുന്നവർക്ക് ഇപ്പോൾ വീട് പുതുക്കിപ്പണിയാനുള്ള അനുമതി ലഭിക്കുന്നില്ല എന്നുപറഞ്ഞ് ശ്രീ. റ്റി. വി. രാജേഷ് ആക്ഷേപം ഉന്നയിക്കുകയുണ്ടായി. അതിന് മറുപടിയൊന്നും ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയിൽനിന്നും ഉണ്ടായില്ല. എല്ലാം നമുക്ക് പിന്നെ നോക്കാമെന്നും പിന്നീട് ആലോചിക്കാമെന്നും മാത്രമാണ് അദ്ദേഹം എപ്പോഴും ഏത് അവസരത്തിലും പറയാറുള്ളത്. അഞ്ച് സെന്റും പത്ത് സെന്റും ഭൂമി നികത്തുന്ന പാവപ്പെട്ട ആളുകൾ വീണ്ടും പണം അടയ്ക്കണമെന്ന് ആരും പറഞ്ഞിട്ടില്ല. ഈ നിയമത്തിലും പറഞ്ഞിട്ടില്ല. അങ്ങനെ പറഞ്ഞിട്ടുണ്ടെങ്കിൽ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി സൂചിപ്പിക്കണം. ഇത്തരത്തിലുള്ള വിഷയങ്ങൾ ഏറെ ചർച്ച ചെയ്യപ്പെടേണ്ടതാണ്.

<u>ശ്രീമതി പി. അയിഷാ പോറ്റി</u>: സർ, ശ്രീ. അടൂർ പ്രകാശിനോട് എനിക്ക് വളരെ ബഹുമാനമുണ്ട്. ആറന്മുള വിമാനത്താവള പദ്ധതിയുമായി ബന്ധപ്പെട്ട് ഒത്തിരി കാര്യങ്ങൾ അങ്ങ് സൂചിപ്പിക്കുകയുണ്ടായി. കഴിഞ്ഞ നിയമസഭാ സമ്മേളന കാലയളവിൽ, ഈ വിഷയം ഇടതുപക്ഷ ഗവൺമെന്റ് കൊണ്ടുവന്നതാണെന്ന് സംസാരിക്കുകയുണ്ടായി. അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി ഈ പദ്ധതിയുമായി മുന്നോട്ടുപോകുമെന്ന് പറഞ്ഞിരുന്നു. ഇത് തിരുത്തിക്കൂടേ എന്ന് ഞങ്ങൾ അന്ന് ചോദിക്കുകയുണ്ടായി. അതിന് നടപടി ഉണ്ടായില്ല, സമരം നടത്തിയപ്പോൾ മാത്രമാണ് അത് നിർത്തിവച്ചത്. അവിടത്തെ പ്രകൃതിയെ ഹനിക്കുമെന്നുള്ളതു കൊണ്ട് വിമാനത്താവളം ആറന്മുളയിൽ വേണ്ടെന്ന് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ പറയുകയും ആ പ്രസ്താവന പത്രങ്ങളിൽ വരികയും ചെയ്തു. 3 എ ഭേദഗതി നമുക്കറിയാം, അദ്ദേഹത്തിനും അറിയാവുന്ന കാര്യമാണ്. മിക്ക റോഡുകളും വെള്ളത്തിലായി പോകുന്ന സ്ഥിതിയാണ്. ഇതൊക്കെ പുനഃസ്ഥാപിക്കേണ്ട നടപടി കൂടി വേണ്ടതാണ്. നികത്തപ്പെട്ട തോടുകൾ, ഡ്രെയിനേജ് ഉൾപ്പെടെയുള്ളവ തിരിച്ചു കൊണ്ടുവരേണ്ടതല്ലേ എന്നാണ് അങ്ങയോട് ചോദിക്കാനുള്ളത്.

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, ബഹുമാനപ്പെട്ട അംഗം ചോദിച്ചത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. അങ്ങയുടെ നിയോജകമണ്ഡലത്തിലുള്ള കാര്യങ്ങൾ അങ്ങേയ്ക്കറിയാമല്ലോ? മഴയുള്ള സമയത്ത് എം.സി. റോഡിൽക്കൂടി യാത്രചെയ്യാൻ സാധിക്കുമോ? ഇക്കാര്യം ബഹുമാനപ്പെട്ട അംഗത്തിന് അറിയാമെന്നുള്ളതുകൊണ്ട് ഞാൻ പ്രത്യേകിച്ച് പറയുന്നില്ല. നമ്മളെല്ലാവരും എം.സി. റോഡിൽക്കൂടി യാത്ര ചെയ്യുന്നവരാണ്. മഴസമയത്ത് അതുവഴി യാത്ര ചെയ്യാൻ സാധിക്കുമോ? ഉള്ള തോടുകളൊക്കെ നികത്തുകയും ഇല്ലാതായിക്കൊണ്ടിരിക്കുകയുമാണ്. ആറന്മുളയുടെ കാര്യത്തിൽ ഞങ്ങൾ ആർക്കുവേണ്ടിയും വക്കാലത്ത് ഏറ്റെടുത്തിട്ടില്ല. അങ്ങനെയൊരു തെറ്റിദ്ധാരണ വേണ്ട. ഞങ്ങൾ ഉള്ള കാര്യങ്ങൾ പറയുന്നു. ഒരു ഗവൺമെന്റ് ഉദ്ദേശ ശുദ്ധിയോടുകൂടി നടപ്പാക്കാനെടുത്ത തീരുമാനങ്ങളെ വേണ്ടെന്നുവയ്ക്കുന്നത് പുതിയ ഗവൺമെന്റ് വരുമ്പോൾ സ്വീകരിക്കുന്ന നടപടിയാണ്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ആറന്മുള വിമാനത്താവളത്തിന്റെ ഭൂമി നികത്തൽ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം സൂചിപ്പിക്കുകയുണ്ടായി. രണ്ടായിരത്തിൽപ്പരം ഏക്കർ ഭൂമി നോട്ടിഫൈ ചെയ്ത എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഇപ്പോഴത്തെ പ്രതിനിധിയായ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ആ നടപടിയെപ്പറ്റി ഒരു വാക്ക് പറയാതെ മാവോ സേതുങ് ലോംഗ് മാർച്ച് നടത്തിയ മട്ടിൽ അവിടെ പോയി വിത്തെറിഞ്ഞിട്ടാണ് ഇവിടെ ഇരിക്കുന്നതെന്ന കാര്യം അങ്ങേയ്ക്ക് അറിയുമോ?

ശ്രീ. അടൂർ പ്രകാശ്: സർ, അദ്ദേഹം അവിടെ പോയി വിത്ത് എറിഞ്ഞു. വിത്തെറിയാൻ പോയപ്പോൾ തോളിൽ തോർത്തിട്ടിട്ടുണ്ടായിരുന്നു. പക്ഷേ തലയിലെ കെട്ട് കണ്ടില്ല. അതുംകൂടി വേണ്ടതായിരുന്നു. ഒരു കർഷകന് വേണ്ട എല്ലാ കാര്യങ്ങളും ഉണ്ടാക്കേണ്ടതായിരുന്നു എന്നാണ് എന്റെ അഭിപ്രായം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട മാത്യു ടി. തോമസ്, ആറന്മുള എം.എൽ.എ. തുടങ്ങിയവർ ഒന്നര ഏക്കർ സ്ഥലത്ത് കൃഷി ചെയ്യാൻ പോയത് എങ്ങനെയാണെന്ന് അറിയാമോ? കാർപ്പറ്റ് വിരിച്ച്, ചുവന്ന പരവതാനി വിരിച്ച് അതിലൂടെയാണ് പോയത്. അങ്ങേയ്ക്ക് കൃഷിയെക്കുറിച്ച് അറിയാമല്ലോ? പാടത്തിറങ്ങി ചെളി കാലിൽ പറ്റണം. അങ്ങനെയുള്ള സംഭവമുണ്ടായോ? അങ്ങ് കാര്യങ്ങൾ ആലോചിക്കണം.

മി. ചെയർമാൻ: നമ്മുടെ വിഷയം ആറന്മുള വിമാനത്താവളമല്ല.

ശ്രീ. അടൂർ പ്രകാശ്: സർ, 3 എ ഭേദഗതി പിൻവലിക്കുക എന്നതാണ് പ്രശ്നം.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആറന്മുളയിൽ മാത്രമല്ല തരിശുനിലത്തിൽ കൃഷി ചെയ്തത്. 6937 ഏക്കർ സ്ഥലത്ത് കൃഷി ചെയ്തിട്ടുണ്ട്. ആറന്മുള അതിൽ ഉൾപ്പെട്ട സ്ഥലമാണ്. പലയിടത്തും ഭൂമാഫിയകളുടെ സ്ഥലത്ത് വിത്തിറക്കുന്നതിൽ പല അസ്വസ്ഥതകളും കാണുന്നുണ്ട്. ആ അസ്വസ്ഥത സഭയ്ക്കകത്ത് പ്രകടിപ്പിക്കുമെന്ന് ഞാൻ പ്രതീക്ഷിച്ചില്ല. മറ്റൊന്ന്, ചെളിയിൽ ഇറങ്ങിയും അല്ലാതെയും വിത്തെറിയാറുണ്ട്. അവിടത്തെ കൃഷിക്കാർ ഞങ്ങളെ പരവതാനി വിരിച്ച് സ്വീകരിച്ചതാണ്. അങ്ങ് പല കെട്ടിടങ്ങളുടെയും തറക്കല്ലിടാറുണ്ടല്ലോ, അങ്ങ് വാനം കോരിയാണോ തറക്കല്ലിടുന്നത്; സ്റ്റേജിൽ നാടവലിച്ച് ശിലാസ്ഥാപനം ചെയ്യുന്നതിനുപകരം നാളെ മുതൽ കല്ലുകെട്ടിയതിനു ശേഷം മന്ത്രിമാർ പോയാൽ മതിയോ; നിങ്ങളുടെ അസ്വസ്ഥതയുടെ പ്രശ്നം ഇതൊന്നുമല്ല. ഞങ്ങൾ ആരംഭിച്ചിരിക്കുന്ന തരിശ് നിലത്തിനെതിരായിട്ടുള്ള പോരാട്ടത്തിൽ നിങ്ങളും സഹകരിക്കാൻ തയ്യാറാകുക.

"ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും

ചോരതന്നെ കൊതുകിന്നു കൗതുകം"

എന്നുപറയുന്നതുപോലെ ദയവായി അങ്ങ് ഈ രീതിയിൽ പറയരുത്. ഇതിന്റെ നല്ലവശം മനസ്സിലാക്കാൻ അങ്ങയെപ്പോലെ ഒരാളിന് കഴിയാത്തതിലുള്ള വിഷമം കൊണ്ട് പറയുന്നതാണ്.

ശ്രീ. അനിൽ അക്കര: സർ, കൃഷി വകുപ്പുമന്ത്രിയുടെ മണ്ഡലത്തിൽ ഉൾപ്പെട്ട നിലത്തിൽ സി.പി.ഐ. (എം)-ന്റെ പാർട്ടി ഓഫീസ് പണിയുന്നത് താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, അങ്ങനെയൊരു പരാതി ശ്രീ. അനിൽ അക്കര ഇന്നുവരെ എനിക്ക് നൽകിയിട്ടില്ല. ഞാൻ ഇതുസംബന്ധിച്ച് അന്വേഷിക്കാൻ പറഞ്ഞിരിക്കുകയാണ്.

മി. ചെയർമാൻ: ശ്രീ. അനിൽ അക്കര, ബഹുമാനപ്പെട്ട മന്ത്രി പറയട്ടെ. പ്ലീസ്.... പ്ലീസ്.... അംഗങ്ങൾ ഇരിക്കണം. മിനിസ്റ്റർ പറയട്ടെ. നിങ്ങൾ ഉന്നയിച്ച വിഷയത്തെ കുറിച്ച് മിനിസ്റ്റർ പറയട്ടെ.......(ബഹളം)....

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, നിലം നികത്തി പാർട്ടി ഓഫീസോ കെട്ടിടമോ നിർമ്മിക്കുന്നതിനെ ഈ ഗവൺമെന്റ് അനുകൂലിക്കുകയില്ല. ഏത് പാർട്ടി ഓഫീസായാലും അതിനെതിരെ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്. ആ നടപടിക്രമങ്ങൾ പൂർത്തീകരിക്കും. ഏത് പാർട്ടി ഓഫീസാണെങ്കിലും. ഇക്കാര്യത്തിൽ യാതൊരു ആശങ്കയും വേണ്ട.

ശ്രീ. അടൂർ പ്രകാശ്: സർ, ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി.......(ബഹളം)....

മി. ചെയർമാൻ: പ്ലീസ്.... പ്ലീസ്.... അങ്ങ് സംസാരിക്കണം.

ശ്രീ. അടൂർ പ്രകാശ്: സർ, എനിക്ക് പ്രൊട്ടക്ഷൻ തരണം. ഞാനാണ് സംസാരിക്കുന്നത്.

മി. ചെയർമാൻ: പ്ലീസ്....പ്ലീസ്.... ബഹുമാനപ്പെട്ട അംഗങ്ങൾ ഇരിക്കണം. ....(ബഹളം)....ബില്ലിന്റെ ചർച്ചയാണ് നടക്കുന്നത്. ഇത് വളരെ ഗൗരവമായി കാണണം. ശ്രീ. അടൂർ പ്രകാശ്, അങ്ങ് ബില്ലിന്റെ ചർച്ചയിലേയ്ക്ക് വരണം.

ശ്രീ. അടൂർ പ്രകാശ്: സർ, എനിക്ക് പ്രൊട്ടക്ഷൻ തരണം.

ശ്രീ. എം. സ്വരാജ്: സർ, പോയിന്റ് ഓഫ് ഓർഡർ.

മി. ചെയർമാൻ: പ്ലീസ്.... പ്ലീസ്.....രാജേഷ്....

ശ്രീ. എം. സ്വരാജ്: സർ, ഞാൻ പറയട്ടെ. പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാൻ അനുവദിക്കാത്ത സ്ഥിതി സഭയിലുണ്ടാവുകയാണ്. ....(ബഹളം)....

മി. ചെയർമാൻ: അങ്ങ് പറയണം.

ശ്രീ. എം. സ്വരാജ്: സർ, ഭൂമാഫിയയ്ക്കുവേണ്ടിയുള്ള അസ്വസ്ഥത എല്ലാ അതിരും ലംഘിക്കുകയാണ്. ....(ബഹളം)....

മി. ചെയർമാൻ: റൂൾ പറയണം. പ്ലീസ്....പ്ലീസ്..... അദ്ദേഹത്തെ പറയാൻ അനുവദിക്കണം.

ശ്രീ. എം. സ്വരാജ്: സർ, അവിടെ ബഹളം നിർത്തിയാൽ പറയാം.

മി. ചെയർമാൻ: അദ്ദേഹം പറയുകയല്ലേ. നിങ്ങൾ നിശബ്ദരായിരിക്കണം.

ശ്രീ. എം. സ്വരാജ്: സർ, ചട്ടം 287. ഇവിടെ ഗൗരവതരമായ ഒരു വിഷയത്തിൽ 44 മിനിട്ടായി ചർച്ച നടക്കുകയാണ്. അടിസ്ഥാനരഹിതമായ ആവർത്തിച്ചുള്ള അസംഗതമായ കാര്യങ്ങൾ ബഹുമാനപ്പെട്ട കോന്നി മെമ്പർ ഇവിടെ ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ചട്ടം 287 അസംഗതത്വവും ആവർത്തനവും- "ചർച്ചയിൽ തന്റെ സ്വന്തം വാദങ്ങളെയോ, അല്ലെങ്കിൽ മറ്റ് അംഗങ്ങളുടെ വാദങ്ങളെയോ സംബന്ധിച്ച് അസംഗതമായി സംസാരിക്കുകയോ അല്ലെങ്കിൽ വാദങ്ങൾ മുഷിവ് തോന്നത്തക്കവിധം ആവർത്തിച്ചു കൊണ്ടേയിരിക്കുന്നതോ ആയ അംഗത്തിന്റെ നടപടി സംബന്ധിച്ച് സഭയുടെ ശ്രദ്ധക്ഷണിച്ചതിനുശേഷം, സ്പീക്കർക്ക് അദ്ദേഹത്തോട് പ്രസംഗം നിർത്തുവാൻ ആവശ്യപ്പെടാവുന്നതാണ്." ഇത് ഞാൻ ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്..... (ബഹളം)....

മി. ചെയർമാൻ: ബില്ലിന്റെ ചർച്ചയാണ്.

ശ്രീ. അടൂർ പ്രകാശ്: സർ, ബില്ലിന്റെ ചർച്ചയെക്കുറിച്ച് അങ്ങേയ്ക്കറിയാമല്ലോ.

മി. ചെയർമാൻ: അറിയാം. എങ്കിലും രണ്ട് ബിൽ സഭയിൽ എടുക്കേണ്ടതുണ്ട്. അതുകൊണ്ട് പരമാവധി ബില്ലിനകത്തുനിന്ന് സംസാരിക്കാൻ ശ്രമിക്കണം.

ശ്രീ. പി. ടി. തോമസ്: സർ, പോയിന്റ് ഓഫ് ഓർഡർ. ശ്രീ. എം. സ്വരാജ് ഉന്നയിച്ച അതേ പോയിന്റ് തന്നെയാണ് ഞാനും ഉന്നയിക്കുന്നത്, ചട്ടം 287. ഇതിൽ ഒരു കാര്യം പ്രത്യേകം പറഞ്ഞിട്ടുണ്ട്. "വാദങ്ങൾ മുഷിവു തോന്നത്തക്കവിധം ആവർത്തിച്ചു കൊണ്ടിരിക്കുന്നതോ........" മുഷിപ്പില്ല എന്നതിന്റെ തെളിവാണ് ബഹുമാനപ്പെട്ട അംഗങ്ങളെല്ലാം ശ്രീ. അടൂർ പ്രകാശിനോട് നിരന്തരം ചോദിച്ചു കൊണ്ടിരിക്കുന്നത്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. അടൂർ പ്രകാശ്: സർ, ഇവിടെ പുതിയ അംഗങ്ങൾ ഉൾപ്പെടെ പലരും ചർച്ചയിൽ ഇടപെട്ടതുകൊണ്ടാണ് ഇത്രയും നീണ്ടുപോയത്.

ശ്രീ. എം. സ്വരാജ്: സർ, പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. അടൂർ പ്രകാശ്: സർ, അദ്ദേഹം ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചതേയുള്ളൂ.

മി. സ്പീക്കർ: എന്നാലും ഒരംഗം ആവശ്യപ്പെട്ടാൽ അത് അനുവദിക്കണ്ടേ?

ശ്രീ. എം. സ്വരാജ്: സർ, പോയിന്റ് ഓഫ് ഓർഡർ എത്ര വേണമെങ്കിലും ഉന്നയിക്കാം. അത് എന്റെ അവകാശമാണ്. ഞാൻ ഉന്നയിക്കാൻ ആഗ്രഹിക്കുന്നത് രേഖയിൽനിന്ന് നീക്കം ചെയ്യേണ്ടത് സംബന്ധിച്ചാണ്. ബഹുമാനപ്പെട്ട തൃക്കാക്കര അംഗം നേരത്തെ ഇടപെട്ട് സംസാരിച്ചുകൊണ്ട് മാവോ സേതുങ്ങിന്റെ ലോംഗ് മാർച്ച് പോലെയാണ് വിത്തെറിഞ്ഞത് എന്നുപറഞ്ഞു. അദ്ദേഹത്തിന് മാവോ സേതുങ്ങിന്റെ ലോംഗ് മാർച്ച് എന്താണെന്നും വിത്തെറിയുന്നത് എന്താണെന്നും മനസ്സിലായിട്ടില്ല. ഇത് ചേരാത്ത ഉദാഹരണവും അത്ഭുതകരമായ വിചിത്ര പരാമർശവുമാണ്. ഇത് രേഖയിൽനിന്ന് ഒഴിവാക്കണം.

ശ്രീ. പി. ടി. തോമസ്: സർ, ഒരു പേഴ്സണൽ എക്സ്പ്ലനേഷനാണ്. മാവോ സേതുങ് ലോംഗ് മാർച്ച് നടത്തി വിക്ടോറിയസായി വരുന്നതുപോലെ ശ്രീ. വി. എസ്. സുനിൽ കുമാർ വിത്തെറിഞ്ഞു എന്നാണ് പറഞ്ഞത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അടൂർ പ്രകാശ്, അങ്ങ് അവസാനിപ്പിക്കണം. ശ്രീ. കെ. രാജൻ, അങ്ങ് അവിടെ ഇരിക്കണം.

ശ്രീ. പി. ഉബൈദുള്ള: സർ, നെൽവയൽ സംരക്ഷണവുമായി ബന്ധപ്പെട്ട ചർച്ച നടക്കുമ്പോൾ എതെങ്കിലുമൊരു പ്രദേശത്ത് നെൽവയൽ നികത്തി പാർട്ടി ഓഫീസോ കെട്ടിടമോ നിർമ്മിക്കുന്നുണ്ടെന്ന് ഒരു മെമ്പർ ചൂണ്ടിക്കാണിച്ചാൽ അതിൽ ഇത്ര അസഹിഷ്ണുത പ്രകടിപ്പിക്കേണ്ടതുണ്ടോ? ....(ബഹളം)....

മി. സ്പീക്കർ: അംഗങ്ങൾ ഉദ്ദേശിക്കുന്ന കാര്യങ്ങളൊക്കെ സഭയിൽ പറയാം. പക്ഷേ ഇങ്ങനെ അനന്തമായി നീട്ടിക്കൊണ്ടുപോകുന്നത് ശരിയല്ല. .....(ബഹളം)...... എന്താണിത്? ശ്രീ. കെ. ബാബു, അവിടെ ഇരിക്കണം. ശ്രീ. അൻവർ സാദത്ത്, ഇരിക്കു. അനാവശ്യമായ സംഭാഷണങ്ങൾ വേണ്ട. പ്ലീസ്.... ശ്രീ. എ. എൻ. ഷംസീർ, അവിടെ ഇരിക്കണം.

ശ്രീ. അടൂർ പ്രകാശ്: സർ, എനിക്ക് സംസാരിക്കാമല്ലോ.

മി. സ്പീക്കർ: അങ്ങ് സംസാരിച്ച് അവസാനിപ്പിക്കണം.

ശ്രീ. അടൂർ പ്രകാശ്: സർ, സംസാരിച്ചവസാനിപ്പിക്കാനുള്ള അവസരം കിട്ടുന്നില്ല അതാണ് പ്രശ്നം.

മി. സ്പീക്കർ: അങ്ങ് വിലയേറിയ പല അഭിപ്രായങ്ങൾ പറയാൻ കഴിവുള്ള ആളാണ്. അതൊക്കെ പറഞ്ഞ് അവസാനിപ്പിക്കണം.

ശ്രീ. അടൂർ പ്രകാശ്: സർ, ഇവിടെ ശ്രീ. അനിൽ അക്കര ഒരു സംശയം ഉന്നയിച്ചു. അദ്ദേഹം പറഞ്ഞത് തൃശ്ശൂരിൽ-അത് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ നിയോജകമണ്ഡലമാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്-തൃശ്ശൂരിൽ കോർപ്പറേഷൻ പരിധിയിൽത്തന്നെ വയൽ നികത്തി സി.പി.ഐ. (എം)-ന്റെ ഓഫീസ് പണിയുന്നു. അത് ശരിയാണോ എന്നതാണ് ചോദ്യം. മാത്രമല്ല, ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയെക്കുറിച്ച് ശ്രീ. എം. പി. പരമേശ്വരന്റെ ഒരു ലേഖനം മാതൃഭൂമിയിൽ വന്നിരുന്നു. അത് ഞങ്ങളെല്ലാവരും വായിച്ചിരുന്നു. യഥാർത്ഥ കാര്യങ്ങൾ പറയുമ്പോൾ വെറുതെ ബഹളം വച്ചിട്ട് കാര്യമുണ്ടോ. 3 എ വകുപ്പ് പിൻവലിക്കണമെന്നത് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി കൊണ്ടുവന്ന ഭേദഗതിയാണ്. അത് പിൻവലിക്കേണ്ടതില്ല എന്നതാണ് ഞങ്ങളുടെ അഭിപ്രായം. അതിന്റെ കാരണങ്ങൾ ഞങ്ങൾ പറഞ്ഞു.

മി. സ്പീക്കർ: ദയവായി ഇനി ചോദ്യം ചോദിക്കരുത്. അദ്ദേഹം അവസാനിപ്പിക്കട്ടെ.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, 3 എ വകുപ്പ് നിലനിർത്തിയാൽ ആറന്മുള വിമാനത്താവളത്തിനായി നിലം നികത്തിയ ആളുകൾക്ക് നിയമപ്രകാരം അംഗീകാരം കിട്ടില്ലേ; അങ്ങനെ കൊടുക്കേണ്ടി വരില്ലേ? അതുകൊണ്ടാണ് 3 എ നിലനിർത്തരുത് എന്ന് നിയമത്തിൽ കൊണ്ടുവന്നത്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. അടൂർ പ്രകാശ്: സർ, 2008-ന് മുമ്പുള്ളത് റെഗുലറൈസ് ചെയ്യാനാണ് 3 എ കൊണ്ടുവന്നത്. 2008 ഓഗസ്റ്റ് മാസം 11-ാം തീയതിയാണ് പുതിയ നിയമം വന്നതെന്നാണ് എന്റെ ഓർമ്മ. അതിനുശേഷം ഒരു സ്ഥലത്തും അനുമതി കൊടുക്കാൻ പാടില്ലെന്ന് തന്നെയാണ് ഈ നിയമത്തിൽ പറഞ്ഞിട്ടുള്ളത്. വസ്തുനിഷ്ഠമായ കാര്യമാണ്. എനിക്ക് സൂചിപ്പിക്കാനുള്ളത്, ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ വ്യക്തമായ അഭിപ്രായം പറയണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, 3 എ വകുപ്പ് പിൻവലിക്കുമ്പോൾ അതിന്റെ consequence-ൽ ഒന്ന്, 3 എ വകുപ്പ് വന്നാൽ status quo ante ആകണം. എങ്കിൽ മാത്രമേ ഭൂമി കൃഷിക്ക് ഉപയോഗിക്കാൻ പറ്റുകയുള്ളൂ. കൃഷിക്ക് ഉപയോഗിക്കണമെങ്കിൽ ജലനിർഗ്ഗമന ചാലുകൾ ക്ലിയറാകണം. മണ്ണിട്ട് നികത്തിയിട്ട് ദീർഘകാലമാവുകയും റോഡ് വെട്ടിയും പൊതുസ്ഥാപനങ്ങൾ നിർമ്മിച്ചും ഉപയോഗത്തിലിരിക്കുന്ന സ്ഥലം പൂർവ്വസ്ഥിതിയിലാക്കുകയും ചെയ്യുക എന്നുള്ളത് അപ്രായോഗികമാണ്. പ്രായോഗികമായ ഒരു നിലപാട് ഗവൺമെന്റ് എടുക്കണമെന്നല്ലേ അങ്ങ് പറയുന്നതിനർത്ഥം.

ശ്രീ. അടൂർ പ്രകാശ്: സർ, തീർച്ചയായും ഗവൺമെന്റ് പ്രായോഗികമായ നിലപാടെടുക്കണം. 3 എ വകുപ്പ് പിൻവലിക്കാൻ ബഹുമാനപ്പെട്ട മന്ത്രി കാണിക്കുന്ന തിടുക്കം കേരളത്തിലെ ജനങ്ങളെ ബാധിക്കുന്നതാണ്. അതുതന്നെയാണ് ശ്രീ. റ്റി. വി. രാജേഷ് ഉൾപ്പെടെയുള്ളവർ പറഞ്ഞതും അങ്ങയുടെ ശ്രദ്ധയിൽക്കൊണ്ടുവന്നതും. പല സ്ഥലത്തും അദാലത്ത് നടന്നപ്പോൾ ലഭിച്ച പരാതികൾകൂടി പരിശോധിച്ചു കൊണ്ടുമാത്രമേ 3 എ വകുപ്പ് പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കാവൂ. പിൻവലിക്കാൻ പാടില്ലെന്നുതന്നെയാണ് ഞങ്ങളുടെ അഭിപ്രായമെന്ന് രേഖപ്പെടുത്താൻ ആഗ്രഹിക്കുന്നു.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയം, എന്റെ മണ്ഡലത്തിൽ സി.പി.ഐ.(എം)-ന്റെ ഓഫീസ് പാടം നികത്തി വച്ചതാണെന്നാണ്. അങ്ങനെയൊരു പരാതി എനിക്ക് ലഭിച്ചിട്ടില്ല. ....(ബഹളം).... ഇവിടെ ഒരു പാർട്ടിയെപ്പറ്റിയാണ് പറയുന്നത്. അത് ആവശ്യമില്ലാത്ത പ്രസ്താവനയാണ്. ....(ബഹളം)....

ശ്രീ. അനിൽ അക്കര: സർ, വിയ്യൂർ വില്ലേജിൽ പാണ്ടിക്കാവ് എന്ന സ്ഥലത്ത് സർവ്വേ നമ്പർ 57/9-ൽ 83 സെന്റ് സ്ഥലത്ത് 6 സെന്റിലാണ് അത് പണിയുന്നത്. ....(ബഹളം)....

മി. സ്പീക്കർ: നിയമസഭയിൽ നടക്കുന്നത് അത് തെളിയിക്കാനുള്ള ചർച്ചയല്ല.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ബഹുമാനപ്പെട്ട മെമ്പർ തെറ്റിദ്ധരിപ്പിക്കുകയാണ്. അതൊരു സ്വകാര്യവ്യക്തിയുടെ വീടാണ്.....(ബഹളം)....

മി. സ്പീക്കർ: പരാതി എഴുതിക്കൊടുക്കുന്നതിന് തടസ്സമില്ല. സഭ അതിനുള്ള വേദിയല്ല. സഭയിൽ നടക്കുന്നത് അത് തെളിയിക്കാനുള്ള ചർച്ചയുമല്ല. അതിനുള്ള കോടതിയല്ല നിയമസഭ. അങ്ങ് പരാതി കൊടുക്കു.

ശ്രീ. എം. ഉമ്മർ: സർ, വിയോജിപ്പ് രേഖപ്പെടുത്തുന്നു. 3 എ വകുപ്പ് ഒഴിവാക്കണമെന്ന ഭേദഗതി വരുന്നതോടുകൂടി സംസ്ഥാനത്തുണ്ടാകുന്ന ഇംപാക്ട് എന്താണെന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണം. അങ്ങയുടെ കമ്മിറ്റ്മെന്റിലോ, സാത്വികനായ മന്ത്രിയാണെന്ന കാര്യത്തിലോ തർക്കമില്ല. രണ്ട് മന്ത്രിമാർക്കുമുള്ള ഇക്കാര്യത്തിലെ പ്രതിബദ്ധത ചോദ്യം ചെയ്യുന്നുമില്ല. ഒരു നിയമം കൊണ്ടുവന്ന് പാസ്സാക്കിയാൽ അതുകൊണ്ടുണ്ടാകുന്ന ഗുണമെന്താണെന്നും നേട്ടമാർക്കാണെന്നും നമ്മൾ പരിശോധിക്കണം. ഇങ്ങനെ ഒരു ഭേദഗതി കൊണ്ടുവരുമ്പോൾ തണ്ണീർത്തടങ്ങളും നെൽവയലുകളും സംരക്ഷിക്കാൻ അത് മതിയാകുമെന്ന് വിചാരിക്കുന്നുണ്ടോ? ഈ നിയമം ആദ്യം പാസ്സാക്കിയപ്പോൾ ഞാൻ സെലക്ട് കമ്മിറ്റിയിലെ അംഗമായിരുന്നു. അങ്ങയുടെ മുൻഗാമി ശ്രീ. കെ പി. രാജേന്ദ്രൻ പല സംസ്ഥാനങ്ങളിലും മറ്റ് ജില്ലകളിലും പോയി പഠനം നടത്തിയതിനുശേഷമാണ് നിയമം പാസ്സാക്കിയത്. നിയമം പാസ്സാക്കി വർഷങ്ങൾക്കുശേഷം വേണ്ട പഠനം നടത്തിയിട്ടാണോ അങ്ങ് ഇത്തരത്തിലൊരു ഭേദഗതി കൊണ്ടുവരുന്നത്? 3 എ വകുപ്പ് ഒഴിവാക്കണമെന്ന ഭേദഗതികൊണ്ടുമാത്രം തണ്ണീർത്തടങ്ങളും നെൽവയലുകളും സംരക്ഷിക്കപ്പെടുമെന്ന് ആഗ്രഹിക്കുന്നുണ്ടോ? നിലവിലുള്ള നിയമംകൊണ്ട് ഡാറ്റാ ബാങ്കുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും വീട് വയ്ക്കുന്ന ആളുകൾക്കുണ്ടാകുന്ന പ്രയാസങ്ങളും ഒരുപോലെ രണ്ടു ഭാഗത്തുനിന്നും പറഞ്ഞപ്പോൾ, എന്നെമാത്രം ഒറ്റപ്പെടുത്തുന്നുവെന്ന ധ്വനിയിൽ അങ്ങ് അവതരണവേളയിൽ പറയാനുണ്ടായ കാരണം ഈ നിയമംകൊണ്ട് ജനങ്ങൾക്ക് അത്രമാത്രം ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുവെന്നുള്ളതിന്റെ പ്രതിധ്വനിയാണ്. ഈ നിയമം വരുന്നതുകൊണ്ട് നിലവിലുള്ള പ്രശ്നങ്ങൾ കൂടുതൽ രൂക്ഷമാവുകയല്ലാതെ കുറയുന്നില്ല. സബ്ജക്ട് കമ്മിറ്റിയിൽ പോയതിനുശേഷം ഒരു ഭേദഗതി അങ്ങ് വരുത്തിയിട്ടുണ്ട്. ആ ഭേദഗതികൊണ്ട് എത്ര ആളുകൾക്കാണ് പ്രയോജനം ലഭിക്കുന്നത്? ശ്രീ. അടൂർ പ്രകാശ് സൂചിപ്പിച്ചതുപോലെ, ഈ നിയമം ഭേദഗതി ചെയ്യുന്നതിനുമുമ്പ് പരിരക്ഷ ലഭിക്കുന്നതിനായി അപേക്ഷിച്ച ഏതാണ്ട് 73000 പേരുണ്ട്. അങ്ങയുടെ ഒഴിവാക്കൽ എന്ന ഭേദഗതികൊണ്ട് വെറും 58 പേർക്കാണ് നേട്ടമുണ്ടാകുന്നത്. അതായത് 58 ആളുകളെ രക്ഷിക്കാൻ വേണ്ടിയാണ് ഇത്തരത്തിലൊരു ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. അതിലൊന്നും എനിക്കെതിർപ്പില്ല. 73000-ത്തോളം ആളുകൾ

അപേക്ഷ നൽകിയപ്പോൾ 58 പേരുടെ മെരിറ്റ് കണക്കാക്കിയിരിക്കുന്നത് എന്ത് അടിസ്ഥാനത്തിലാണ്? അവർ കൂടുതൽ സ്വാധീനമുള്ളവരോ, കൂടുതൽ തീരുമാനങ്ങളെടുപ്പിക്കാൻ കഴിയുന്നവരോ ആയിരിക്കും. അവരുടെ കാര്യത്തിൽ തീരുമാനമുണ്ടാക്കിയും അവർക്കാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയും ഈ ആക്ടിന്റെ പരിധിയിൽ നിന്നും അവരെ ഒഴിവാക്കിയിട്ടുണ്ട്.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, വളരെ പ്രധാനപ്പെട്ട കാര്യമാണ് ശ്രീ. എം. ഉമ്മർ സൂചിപ്പിക്കുന്നത്. 58 പേരുടെ അപേക്ഷകൾ മാത്രമാണ് ഇതുവരെ പരിശോധിച്ച് അംഗീകാരം കൊടുത്തത്. അർഹതപ്പെട്ട ആളുകൾ ഇനിയുമുണ്ടാകും. ബാക്കിയുള്ള അപേക്ഷകൾ പരിശോധിക്കാതെ 58 പേരുടെ അപേക്ഷ മാത്രം അംഗീകരിച്ചാൽ പരിഗണിക്കപ്പെടാത്ത ആരെങ്കിലും കോടതിയെ സമീപിക്കുകയാണെങ്കിൽ പ്രസ്തുത നിയമം നിലനിൽക്കാത്ത സാഹചര്യം കൂടിയുണ്ടാകുമെന്ന കാര്യം ബഹുമാനപ്പെട്ട അംഗത്തിന് അറിയാമോ?

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഇവിടെ നടക്കുന്ന ചർച്ചയിൽ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചുവരുന്നത്, ഈ നിയമ ഭേദഗതികൊണ്ട് ഫലത്തിൽ ഒരു ഗുണവുമില്ലെന്നാണ്. അതുണ്ടെന്ന് ബോദ്ധ്യപ്പെടുത്താൻ മന്ത്രിക്കും കഴിയുന്നില്ല. ഇവിടെ ഇടതുപക്ഷത്തുള്ള ആളുകൾപോലും റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങളും 50-60 വർഷങ്ങൾക്കുമുമ്പ് നികത്തപ്പെട്ട ഭൂമി ഇന്ന് റിക്കോർഡിൽ നഞ്ച/വയൽ എന്ന് രേഖപ്പെടുത്തിയിട്ടുള്ളതിനാൽ ഉണ്ടായിട്ടുള്ള ഭവിഷ്യത്തുകളും ചൂണ്ടിക്കാണിക്കുകയുണ്ടായി. അത്തരം ഒരു പ്രശ്നം നിലനിൽക്കുമ്പോഴാണ് അനാവശ്യമായ ഭേദഗതി കൊണ്ടുവരുന്നത്. ഈ ഭേദഗതികൊണ്ട് എന്ത് ഗുണമാണുണ്ടാകുന്നത്? 2008-ന് മുമ്പ് നികത്തപ്പെട്ടതും പൂർവ്വസ്ഥിതിയിലാക്കാൻ കഴിയാത്തതുമായ ഭൂമി റെഗുലറൈസ് ചെയ്യുന്നതിലൂടെ സർക്കാരിലേയ്ക്ക് വരുമാനം ഉണ്ടാകുന്ന സംവിധാനമാണ് 3(എ) വകുപ്പ്. ഇതൊക്കെ ബോദ്ധ്യപ്പെടുത്തിയിട്ടും ഭരണപക്ഷത്തുള്ളവർ ചൂണ്ടിക്കാണിച്ചിട്ടും ബഹുമാനപ്പെട്ട മന്ത്രി അതിനെക്കുറിച്ച് മറുപടി പറയാതിരിക്കുന്നത് 'താൻ പിടിച്ച മുയലിന് കൊമ്പ് മൂന്ന് എന്നതിന് തുല്യമായ സമീപനമല്ലേ?

<u>ശ്രീ. എം. ഉമ്മർ</u>: സർ, 58 പേർക്കുമാത്രം ഗുണം ലഭിക്കുകയും ബാക്കിയുള്ള 72000-ൽപ്പരം ആളുകളുടെ അപേക്ഷകൾ പരിശോധിക്കുകപോലും ചെയ്യാതെ ആർബിട്രറിയായി തള്ളിക്കളയുകയാണ് ചെയ്യുന്നത്. അവരും നിശ്ചയിച്ച ഫീസടച്ച അപേക്ഷകരാണ്. അവർക്കും ആനുകൂല്യം കിട്ടണ്ടേ? അപേക്ഷയിന്മേൽ തീരുമാനമെടുക്കാത്തത് അവരുടെ കുറ്റംകൊണ്ടല്ല. ഇലക്ഷനും മറ്റുകാര്യങ്ങളുമൊക്കെ വന്നപ്പോൾ നമ്മുടെ ഉദ്യോഗസ്ഥർക്ക് അപേക്ഷ സ്പീഡായി പരിഗണിക്കാൻ സാധിച്ചില്ല. അതുകൊണ്ടുമാത്രം അവരുടെ അപേക്ഷകൾ നിരസിക്കുകയാണ്. അത് നീതി നിഷേധമാണ്. ആ കാര്യംകൂടി അങ്ങ് പരിശോധിക്കണമെന്നാണ് എനിക്ക്

പറയാനുള്ളത്. ഒഴിവാക്കൽ എന്ന ഭേദഗതികൊണ്ട് 58 ആളുകൾക്ക് മാത്രമാണ് പരിരക്ഷ ലഭിക്കുന്നതെന്ന ഊരാക്കുടുക്ക് അങ്ങുപോലും മനസ്സിലാക്കിയിട്ടുണ്ടോ എന്നെനിക്കറിയില്ല. ഈ നിയമത്തിന്റെ പരിരക്ഷ ലഭിക്കാൻ അർഹതപ്പെട്ട പതിനായിരക്കണക്കിനാളുകൾ പുറത്തുനിൽക്കുമ്പോൾ 58 മിടുക്കരെ മാത്രം രക്ഷപ്പെടുത്തുക എന്നത് നിയമത്തെ അവഹേളിക്കലല്ലേ. അത് അങ്ങ് പരിശോധിക്കണം. അവർ ഭാഗ്യശാലികൾ മാത്രമല്ല സമർത്ഥരും കേമന്മാരുമാണ്. ബാക്കിയുള്ളവർ മോശക്കാർ എന്നുപറയപ്പെടുന്നത് നീതി നിഷേധമാണ്. അങ്ങയുടെ കമ്മിറ്റ്മെന്റിനെയും ആത്മാർത്ഥതയെയും ഞാൻ ഒരിക്കലും ചോദ്യം ചെയ്യുന്നില്ല. ഇതുകൊണ്ട് അങ്ങേയ്ക്ക് വ്യക്തിപരമായോ പാർട്ടിപരമായോ പ്രത്യേകമായി ഒരു നേട്ടവും ഉണ്ടാകുമെന്ന് തോന്നുന്നില്ല. യാതൊരു ദുരുദ്ദേശ്യവുമില്ല എന്ന് വ്യക്തമാക്കാനാണ് ഞാനിത് ആവർത്തിക്കുന്നത്. പക്ഷേ, ഇത് പാലിക്കപ്പെടണ്ടേ. മാത്രമല്ല നിയമനിർമ്മാണം വരുമ്പോൾ ചിലത് ഒഴിവാക്കുകയാണ്. ഇതൊരു use and throw പരിപാടിയാണ്. ശരിയായ ഒരു ഭേദഗതിയല്ല. 3 എ വകുപ്പ് ഒഴിവാക്കുമ്പോൾ നമ്മുടെ മൂലനിയമത്തിൽ 3-ാം വകുപ്പുണ്ട്. 2-ഉം 3-ഉം വകുപ്പുകൾ നിലനിൽക്കുകയാണ്. അങ്ങ് കൊണ്ടുവന്ന ഭേദഗതി ചരിത്രത്തിലൊരിടത്തും ഉണ്ടാകില്ല. അടുത്ത പുസ്തകം പരിശോധിക്കുമ്പോൾ ഇങ്ങനെയൊരു ഭേദഗതിയുള്ളതായി കാണില്ല. മൂലനിയമത്തിൽ ഇത് എവിടെ വേണമെന്ന് അങ്ങ് പറഞ്ഞിട്ടില്ലല്ലോ. മൂലനിയമത്തിൽ 3-ാം വകുപ്പ് എന്നുപറയുന്ന വേറൊരു വകുപ്പ് നിലനിൽക്കുന്നുണ്ട്. ഇപ്പോൾ അങ്ങ് കൊണ്ടുവരുന്ന ഈ വകുപ്പ് ഒഴിവാക്കണമെന്ന ഭേദഗതി ഇതോടുകൂടി അവസാനിക്കുകയാണ്. Spent enactment എന്നുപറയപ്പെടുന്നത് എന്തിനുവേണ്ടിയാണ് ഉപയോഗിക്കുന്നത്; കുറുക്കുവഴിയിൽ കൂടി ചില ലൊട്ടുലൊടുക്ക് സംഗതികൾ ഉപയോഗപ്പെടുത്തി ഭേദഗതികൾ കൊണ്ടുവരികയാണ്. അങ്ങ് അതിന് നിന്നുകൊടുക്കരുത്. ഇത് ഒരു circumstance ആണ്. Spent enactment - that is an enactment spent or exhausted in operation by the accomplishment of the purposes for which they were passed, either at the moment of their first taking effect or on the happening of some event or on the doing of some act authorized or origin. ഇതോടുകൂടി തീരുകയാണ്. പിന്നെ അതിന് യാതൊരു സ്ഥാനവും ഉണ്ടാകില്ല. അല്ലെങ്കിൽ ഇത് എവിടെ പ്ലെയ്സ് ചെയ്യണമെന്ന് കൃത്യമായി പറയണ്ടേ? വളരെ ബുദ്ധിമുട്ടി കൊണ്ടുവന്ന ഒരു ഭേദഗതി സബ്ജക്ട് കമ്മിറ്റിയിൽ പോയിവന്നു. പിന്നീടത് വായിച്ചുനോക്കിയാൽ മനസ്സിലാകുമോ; ഞാൻ ആ സബ്ജക്ട് കമ്മിറ്റിയിലെ ഒരംഗമാണ്, നമ്മളൊക്കെക്കൂടി ആലോചിച്ചതിനുശേഷം കൊണ്ടുവന്നിട്ടുള്ള ബില്ലിൽ, "ഒഴിവാക്കൽ - പ്രധാന ആക്ടിലെ 3 എ വകുപ്പ് വിട്ടുകളഞ്ഞിരുന്നാൽ തന്നെയും പ്രധാന ആക്ടിൻകീഴിൽ നടപടിക്രമങ്ങൾ പാലിച്ച് ഭൂമിയുടെ രൂപാന്തരപ്പെടുത്തലോ പരിവർത്തനപ്പെടുത്തലോ അന്തിമമായി ക്രമവൽക്കരിച്ച് നൽകിയിട്ടുള്ള സംഗതിയിൽ, അപ്രകാരമുള്ള ക്രമവൽക്കരണം സാധുവായിരിക്കുന്നതും അപ്രകാരം ആർജ്ജിച്ചതോ പ്രാപ്തമായതോ അല്ലെങ്കിൽ നേരിട്ടതോ ആയ ഏതെങ്കിലും അവകാശത്തെയോ വിശേഷാവകാശത്തെയോ ചുമതലയേയോ അല്ലെങ്കിൽ ബാധ്യതയേയോ സംബന്ധിച്ച ഏതെങ്കിലും നിയമ

നടപടിയെയോ ബാധിക്കുന്നതല്ലാത്തതും അങ്ങനെയുള്ള ഏതൊരു നിയമനടപടിയോ പരിഹാരമോ ഈ ആക്ട് പ്രാബല്യത്തിൽ വന്നിട്ടില്ലായിരുന്ന എന്ന രീതിയിൽ ആരംഭിക്കുകയോ തുടരുകയോ അല്ലെങ്കിൽ നടപ്പിലാക്കുകയോ ചെയ്യാവുന്നതാണ്" എന്നാണ്. ഇത് വായിച്ചാൽ ആർക്കാണ് മനസ്സിലാകുന്നത്; എത്ര മണിക്കൂറെടുത്ത് വായിച്ചുനോക്കിയാലാണ് ഒരു നിയമജ്ഞനുപോലും മനസ്സിലാകുക? ഇതിന്റെ അർത്ഥമെന്താണെന്ന് ഞാൻ അത്ര നിയമ പണ്ഡിതനൊന്നുമല്ലെങ്കിലും ഒരുപാട് ശ്രമിച്ചിട്ടും മലയാളത്തിലായിട്ടുപോലും മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല എന്ന യാഥാർത്ഥ്യം ഞാൻ അങ്ങുമായി പങ്കുവയ്ക്കുകയാണ്. ഒരു നിയമം വരുമ്പോൾ പ്രത്യേകിച്ച് നെൽവയൽ പോലെ സാധാരണക്കാരനുമായി അഭേദ്യ ബന്ധമുള്ള ഒരു ബില്ലാണിത്, കിഫ്ബി പോലെയല്ല. ഇതിന്റെ ഭേദഗതി വരുമ്പോൾ വായിച്ചു നോക്കിയാൽ മനസ്സിലാകണ്ടേ, ഒരു പഞ്ചായത്ത് പ്രസിഡന്റിനോ മുനിസിപ്പൽ ചെയർമാനോ മനസ്സിലാകുമോ, നിയമസഭാംഗങ്ങൾക്കുപോലും രണ്ടോ മൂന്നോ തവണ വായിച്ചാൽപ്പോലും ഇതിന്റെ ഉദ്ദേശമെന്താണെന്ന് മനസ്സിലാകില്ല. ഇങ്ങനെ ദുർഗ്രാഹ്യമാകണോ?

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഇക്കാര്യം ബഹുമാനപ്പെട്ട ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇതിനകത്തെ 'ഒഴിവാക്കൽ' എന്ന ഭാഗം ശ്രദ്ധിച്ച എല്ലാ അംഗങ്ങളും പത്തും പതിനഞ്ചും പ്രാവശ്യം വായിച്ചുനോക്കി. ഇത് എങ്ങനെ വേണമെങ്കിലും വ്യാഖ്യാനിക്കാം. യഥാർത്ഥത്തിൽ ഇപ്പോൾ തുടങ്ങിയിരിക്കുന്ന ഈ നടപടിക്രമം തൊണ്ണൂറ്റി അയ്യായിരത്തോളം വരുന്ന അപേക്ഷകൾ വീണ്ടും പരിശോധിക്കാനും വേണമെങ്കിൽ അവ പൂർത്തിയാക്കാമെന്ന രീതിയിൽപ്പോലും വ്യാഖ്യാനിക്കാവുന്ന നിലയിലാണ് ഈ ഒഴിവാക്കൽ പറഞ്ഞിരിക്കുന്നത്. ഞാൻ ആദ്യമായി വായിച്ചപ്പോൾ എനിക്കുതോന്നിയത്, ഇതുവരെ അപേക്ഷ കൊടുത്ത മുഴുവൻ ആളുകൾക്കും അവരുടെ അപേക്ഷകളിന്മേൽ തുടങ്ങിയിരിക്കുന്ന നടപടി ക്രമങ്ങൾ പൂർത്തിയാക്കി അവർക്ക് ഫെയർ വാല്യൂവിന്റെ 25 ശതമാനം പണമടച്ച് ബാധകമാക്കാം എന്നാണ്. അങ്ങനെയും വ്യാഖ്യാനിക്കാവുന്ന തരത്തിലാണ് ഇതെഴുതി വച്ചിരിക്കുന്നത്. ഇംഗ്ലീഷ് വായിച്ചപ്പോൾ കറക്ടാണ്. പക്ഷേ മലയാളത്തിൽ അതിന്റെ ട്രാൻസിലേഷൻ വന്നിരിക്കുന്നത് ഏത് തരത്തിലും വ്യാഖ്യാനിക്കാവുന്ന രീതിയിലാണ്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എം. ഉമ്മർ</u>: സർ, തീർച്ചയായും. അതാണ് ഞാൻ പറഞ്ഞുവരുന്നത്. അങ്ങയുടെ പൂർവ്വികർ ഇതിൽ വളരെ പ്രഗത്ഭരാണ്. അങ്ങും ആ പാത പിന്തുടരുന്നതു കൊണ്ടും അങ്ങേയ്ക്ക് ആ ക്രെഡിബിലിറ്റി ഉള്ളതുകൊണ്ടുമാണല്ലോ അങ്ങയെ പാർട്ടി ഇക്കാര്യത്തിൽ ചുമതലപ്പെടുത്തിയിട്ടുള്ളത്. അങ്ങയുടെ പൂർവ്വികനായ കെ. ടി. ജേക്കബ് ആണ് തലചായ്ക്കാനിടമില്ലാത്തവർക്ക് പട്ടയവിതരണം നടത്തിയതെന്ന കാര്യംകൂടി ഞാൻ ഓർക്കുന്നു. അന്നത്തെ മുഖ്യമന്ത്രി സി. അച്യുത മേനോനായിരുന്നു. ഇതിനകത്ത് സാധാരണക്കാരന് മനസ്സിലാകാത്ത വിധത്തിൽ, ദുർഗ്രാഹ്യമായി കൊടുത്തിരിക്കുകയാണ്. ഒരൊറ്റ വാക്യമാണ് ഞാൻ ഇവിടെ വായിച്ചത്, ഇത്രയധികം

നീണ്ട ഒരു വാക്യം, 9 വരികളുള്ള ഒരു വാക്യമാണ്. എന്റെ ചെറിയ പരിചയം വച്ചുകൊണ്ടുള്ള ഒരു ഭേദഗതി കൊടുത്തിട്ടുണ്ട്. അതിപ്പോൾ ചർച്ച ചെയ്യുന്നില്ല. ക്ലാസ് ബൈ ക്ലാസിൽ ചർച്ച ചെയ്യാം. എങ്കിലും അതുൾക്കൊള്ളാൻ പറ്റുമോയെന്ന് അങ്ങ് പരിശോധിക്കണം. ഈ ഭേദഗതി പാസ്സാക്കിയെടുക്കുമ്പോൾ ആളുകൾക്ക് ഈ നിയമം മനസ്സിലാകണ്ടേ; ഡാറ്റാ ബാങ്കുമായി ബന്ധപ്പെട്ട് ധാരാളം കാര്യങ്ങൾ ഇവിടെ പറയുകയുണ്ടായി. അതെല്ലാവർക്കും ബോധ്യമുള്ളതാണ്. അക്കാര്യത്തിൽ തർക്കമില്ല.

ശ്രീ. കെ. സി. ജോസഫ്: സർ, ബഹുമാനപ്പെട്ട വി. ഡി. സതീശൻ ചൂണ്ടിക്കാണിച്ചതു പോലെ ഇപ്പോൾ ഈ 3എ വകുപ്പ് ഒഴിവാക്കിയാലും നേരത്തെ 3എ പ്രകാരം ആരംഭിച്ച എല്ലാ നടപടികളും തുടരാമെന്ന് ഈ ഒഴിവാക്കലിലൂടെ വ്യക്തമാക്കിയിരിക്കെ ഈ നിയമം അർത്ഥശൂന്യമല്ലേ; ഈ നിയമത്തിന്റെ പർപ്പസ് സെർവ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. ഉമ്മർ: സർ, അത് വളരെ കറക്ടാണ്. ഇതിന്റെ വാചകങ്ങളുടെ ഘടന വായിച്ചാൽ മൊത്തം കൺഫ്യൂഷനാണ്. അതാണ് പ്രശ്നം. ഞാൻ ആരെയും കുറ്റപ്പെടുത്തുന്നില്ല. നല്ല ഭേദഗതികളാണ് എന്ന് ബോധ്യപ്പെട്ടാലും അതിൽ ഇടപെടാൻ പൈലറ്റ് ചെയ്ത മന്ത്രിക്കുപോലും കഴിയാത്ത രീതിയിലുള്ള ഊരാക്കുടുക്കുകൾ ഇതിൽ വരികയാണ്. അങ്ങേയ്ക്ക് ഇപ്പോൾ ഇൻഡിപെൻഡന്റായി ഞാൻ പറയുന്ന ഭേദഗതി തെറ്റാണോ ശരിയാണോ എന്ന് നോക്കി സ്വീകരിക്കാൻ പറ്റുമെന്ന് എനിക്ക് തോന്നുന്നില്ല. അതുകൊണ്ട് ഈ ഭേദഗതി വരുമ്പോൾ ഇതിന്റെ ഗുണഭോക്താക്കൾ ആരാണ്; അതുകൊണ്ട് എത്ര ആളുകൾക്ക് പ്രയോജനം കിട്ടും എന്ന് പരിശോധിക്കേണ്ടതായിരുന്നു. 58 പേരെ രക്ഷപ്പെടുത്തുന്നതിനുവേണ്ടി ഇങ്ങനെയൊരു ഭേദഗതി കൊണ്ടുവരികയാണ്. എന്നാൽ 3എ വകുപ്പ് മാത്രം പോരേ; അങ്ങ് നേരത്തെ സൂചിപ്പിച്ചതുപോലെ 3എ വകുപ്പുപ്രകാരം ചിലർക്ക് കിട്ടും, ചിലർക്ക് കിട്ടില്ല എന്നുവിചാരിച്ചാൽ പോരേ? 58 ആളുകളെ മാത്രം രക്ഷിക്കുന്നതിനുവേണ്ടി എന്തിനാണ് ഇങ്ങനെ ഭേദഗതി കൊണ്ടുവരുന്നത്? ഇവരെ സംരക്ഷിക്കുന്നതിന് വേണ്ടി മാത്രമാണ് ഈ നിയമംകൊണ്ടുവരുന്നത്. അത് പരിശോധിക്കണം.

ശ്രീ. എ. പ്രദീപ് കുമാർ: സർ, ഈ നിയമത്തിന്റെ ആദ്യഘട്ട ചർച്ചയിലും ഈ പറഞ്ഞതുപോലെയുള്ള കുറേ അപേക്ഷകൾ പരിഗണിക്കുന്നതിനും പരിഹരിക്കുന്നതിനുമാണ് കൂടുതൽ ഊന്നൽ നൽകിയത്. നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിനും അതിന് ഇപ്പോഴുള്ള വ്യവസ്ഥയിലെ ന്യൂനതകൾ പരിഹരിക്കുന്നതിനുമാണ് ഊന്നൽ നൽകേണ്ടത്. അതോടൊപ്പം പാവപ്പെട്ട ആളുകളുടെ പ്രശ്നങ്ങൾ ന്യായമായി പരിഹരിക്കേണ്ടതുമുണ്ട്. പക്ഷെ ഇവിടെ നടന്ന ചർച്ചയിൽ 58 ആളുകൾക്ക് അനുവാദം കൊടുത്തതും പ്രോസസ്സ് ചെയ്യുന്നതും മാത്രമാണ് ഉണ്ടായത്. ഞാൻ ആദ്യഘട്ട ചർച്ചയിൽ വളരെ ഗൗരവമായി ഒരു പ്രശ്നം

ഇവിടെ ഉന്നയിച്ചിരുന്നു. അതിനൊരു പ്രതികരണവും ഉണ്ടായില്ല. അതായത് കേന്ദ്ര ഗവൺമെന്റ് നോട്ടിഫൈ ചെയ്ത ഇൻഡ്യയിലെ ഏറ്റവും പ്രധാനപ്പെട്ട 27 വെറ്റ് ലാന്റുകളിലൊന്നാണ് എന്റെ മണ്ഡലത്തിലുള്ള കോട്ടൂളി തണ്ണീർത്തടം. അത് ജൈവ വൈവിദ്ധ്യത്താൽ സമൃദ്ധമാണ്. 29 ഇനം കണ്ടലുകൾ, നീർനായ ഉൾപ്പെടെയുള്ള 19 ജലജന്യ ജീവികൾ, 13 ഇനം മത്സ്യങ്ങൾ തുടങ്ങിയവയാണ് ഇവിടെയുള്ളത്. വലിയ വിശാലമായ തടാകങ്ങളൊക്കെയുള്ള ഈ തണ്ണീർത്തടം കോഴിക്കോട് നഗര ഹൃദയത്തിലാണ് സ്ഥിതി ചെയ്യുന്നത്. ജൈവ വൈവിദ്ധ്യമുള്ള ഈ പ്രദേശം ഭൂമാഫിയ മണ്ണിട്ട് നികത്തുന്ന സംഭവമുണ്ടായി. മുൻ സർക്കാരിന്റെ കാലത്ത് ജില്ലാ കളക്ടർക്ക് പരാതി കൊടുത്തെങ്കിലും ഒരു നടപടിയും ഉണ്ടായില്ല. കഴിഞ്ഞ സഭയിലും ഇത് ഉന്നയിച്ചിരുന്നു. ഇപ്പോഴും നടപടി സ്വീകരിച്ചിട്ടില്ല. അത് വളരെ ഗൗരവമുള്ള ഒരു ആരോപണമായി ഈ സഭയിൽ ഞാൻ വീണ്ടും ഉന്നയിക്കുകയാണ്. ഇക്കാര്യത്തിലുള്ള എന്റെ അവകാശം ചെയർ സംരക്ഷിക്കണം. വളരെ ഗൗരവമുള്ള ആരോപണമാണ്. ഇതുസംബന്ധിച്ച് ജില്ലാ കളക്ടർക്ക് പരാതി കൊടുത്തു. കളക്ടറായിരിക്കില്ല ഉത്തരവാദി, താഴെയുള്ള ഉദ്യോഗസ്ഥരായിരിക്കും. മാഫിയാ സംഘത്തെ സംരക്ഷിക്കുന്ന സാഹചര്യം ഇപ്പോഴും തുടരുകയാണ്.

1.00 PM]

<u>മി. സ്പീക്കർ</u> : ബഹുമാനപ്പെട്ട അംഗം രണ്ടാമത്തെ തവണയാണ് ഈ വിഷയം സഭയിൽ ഉന്നയിക്കുന്നത്. അതിന്റെ ഗൗരവം ഉൾക്കൊണ്ട് മന്ത്രി പ്രതികരിക്കുമെന്ന് ചെയർ പ്രതീക്ഷിക്കുന്നു.

<u>ശ്രീ. എം. ഉമ്മർ</u> : സർ, അങ്ങ് പറഞ്ഞ കാര്യത്തോട് ഈ സഭ മൊത്തം യോജിക്കുകയാണ്. നമ്മുടെ കൃഷി ഭൂമികൾ സംരക്ഷിക്കപ്പെടണം, നെൽകൃഷി വളരണം, നെൽകൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി കൂടണം. അതിലൊന്നും യാതൊരു സംശയവുമില്ല. ഇപ്പോൾ നമ്മുടെ മുമ്പിലുള്ള നിയമവും ഈ ഭേദഗതിയും വച്ചിട്ടാണ് ഞാൻ സംസാരിക്കുന്നത്. അങ്ങ് പറഞ്ഞ വിശാലമായ രീതിയിലുള്ള സംരക്ഷണം ഏർപ്പെടുത്തുന്നതിനുവേണ്ടിതന്നെയാണ് ഈ നിയമം കൊണ്ടുവന്നിട്ടുള്ളത്. അതിന് തടസ്സമുണ്ടാക്കുന്ന സംഗതികൾ ഒഴിവാക്കുന്നതിൽ യാതൊരു തർക്കവുമില്ല. ഈ ഭേദഗതികൊണ്ട് അത് സംരക്ഷിക്കാൻ നമുക്ക് സാധ്യമാകുമോ?

ഡാറ്റാ ബാങ്കിന്റെ കാര്യം ഇവിടെ പലരും സൂചിപ്പിച്ചു. ഞാനൊരു ഉദാഹരണം പറയാം, തിരുവനന്തപുരം പട്ടണത്തിൽ ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിന്റെ പുറകുവശത്തുള്ള ആയിരക്കണക്കിന് വീടുകളിരിക്കുന്ന സ്ഥലം മുഴുവനും ഡാറ്റാ ബാങ്കിൽ നെൽവയലെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അവരുടെ ആധാരങ്ങളിൽ നെൽവയലെന്നാണ് പറഞ്ഞിട്ടുള്ളത്. പുത്തരിക്കണ്ടവും നെൽവയെലെന്നാണ് പറഞ്ഞിട്ടുള്ളത്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ ): സർ, ശ്രീ. എ. പ്രദീപ്കുമാർ ഇവിടെ ചൂണ്ടിക്കാണിച്ച അദ്ദേഹത്തിന്റെ മണ്ഡലത്തിലെ വിഷയത്തെക്കുറിച്ച് പ്രത്യേകമായി അന്വേഷിക്കാനുള്ള സംവിധാനമുണ്ടാക്കും.

ശ്രീ. എം. ഉമ്മർ : സർ, അങ്ങനെയുള്ള നെൽവയലുകളിൽ വിത്തെറിയാൻ പോയാൽ സിയാൽ കൊണ്ടുവന്നിട്ടുള്ള കൊച്ചി ഇന്റർനാഷണൽ എയർപോർട്ടിൽ വിത്തെറിയേണ്ടിവരും. അതിന്റെ ആധികാരിക രേഖകളിൽ നെൽവയലെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കഴിയുന്നിടത്തോളം ഭൂമി സംരക്ഷിച്ച് കൃഷി ചെയ്യുകയാണ് വേണ്ടത്. ചില ആളുകൾക്ക് നല്ല പൂഞ്ചോല കണ്ടാൽ അവിടെയിറങ്ങി കുളിക്കണമെന്ന് തോന്നും. ചില ആളുകൾക്ക് നല്ല ഗ്രൗണ്ട് കണ്ടാൽ അവിടെ ഫുട്ബോൾ കളിക്കണമെന്ന് തോന്നും. ചില ആളുകൾക്ക് എയർപോർട്ട് കണ്ടാൽ വിത്തെറിയണമെന്ന് തോന്നും. അത് വല്ലാത്തൊരു അസുഖമാണ്. അങ്ങനെയുള്ള ആളുകളെയൊന്നും കണ്ണൂരിലേയ്ക്ക് പറഞ്ഞയയ്ക്കരുത്. സകല സ്ഥലത്തും വിത്തെറിയുക എന്നുപറഞ്ഞാൽ, വിത്തെറിയണമെങ്കിൽ പാടത്തുപോയി വിത്തെറിയണം. എയറോഡ്രോം ഫോബിയ എന്നുപറഞ്ഞതു പോലെ ചിലർക്ക് എയറോഡ്രോം കണ്ടാൽ വിത്തെറിയുന്നത് ഒരു ഹോബിയാണ്. നാഴികയ്ക്കുനാല്പതുവട്ടം വിമാനത്തിൽ പോകണം. പക്ഷേ ഒരിടത്തും വിമാനത്താവളം വരാൻ പാടില്ല. എല്ലായിടത്തും റോഡ് വേണം. എന്നാൽ നെൽവയലിൽക്കൂടി റോഡ് കൊണ്ടുവരാൻ പാടില്ല. പക്ഷെ എല്ലാവർക്കും റോഡിൽക്കൂടി യാത്ര ചെയ്യണം. അപ്പോൾ അതാണ് നമ്മുടെ മൈന്റ് സെറ്റ്. ഇതിനിടയ്ക്ക് ഡെവലപ്മെന്റ് നടക്കണം, കൃഷിഭൂമി സംരക്ഷിക്കപ്പെടണം. 50-ഉം 60-ഉം വർഷങ്ങൾക്കുമുമ്പ് നികത്തപ്പെട്ട ഭൂമിയിൽ 60 വർഷം പഴക്കമുള്ള തെങ്ങുണ്ടാകും. കൃഷി വിദഗ്ദ്ധർക്ക് തെങ്ങിന്റെ ആയുസ്സ് മനസ്സിലാക്കാൻ സാധിക്കും. 60 വർഷം പഴക്കമുള്ള തെങ്ങ് നിൽക്കുന്നിടം നെൽവയലെന്നുപറഞ്ഞാൽ പ്രയാസം വരില്ലേ. ഒരു കുടുംബനാഥൻ വീടുവച്ച് കഴിയുന്ന സ്ഥലം അദ്ദേഹത്തിന്റെ മരണശേഷം മക്കൾ പാർട്ടീഷ്യൻ ചെയ്യുമ്പോൾ നെൽവയലെന്ന് രേഖയിലുണ്ടാകും. അറുപതുവർഷത്തിനുമുമ്പ് നികത്തിയതെന്ന് അതിൽ കാണില്ല. മക്കളിൽ ആരെങ്കിലും വീടുവയ്ക്കാൻ തയ്യാറാകുമ്പോൾ അത് നെൽവയലാണ്, വീടുവയ്ക്കാൻ സാധിക്കില്ലെന്ന് പറഞ്ഞ് ബന്ധപ്പെട്ടവർ അവരെ മടക്കി അയയ്ക്കും. ഇതാണ് പ്രശ്നം. അതുകൊണ്ട് 3 എ കളയുന്നതിനുവേണ്ടിമാത്രം ഒരു ഭേദഗതി കൊണ്ടുവരാതെ നെൽവയൽ സംരക്ഷിക്കാനും അർഹതപ്പെട്ടവരെ സംരക്ഷിക്കുന്ന വിധത്തിൽ നന്നായി ഹോംവർക്ക് ചെയ്ത് നല്ല ഡാറ്റാ ബാങ്ക് കൊണ്ടുവരുന്നതിനുമുള്ള ഒരു ഭേദഗതിയാണെങ്കിൽ അതിന് ഫലമുണ്ടാകും. അതുമാത്രമേ ഗുണം ചെയ്യുകയുള്ളൂ. സയന്റിഫിക്കായിട്ടുള്ള നിരവധി സാറ്റലൈറ്റ് ഫോട്ടോഗ്രാഫിയും ഏരിയൽ ഫോട്ടോഗ്രാഫിയുമൊക്കെ ഉപയോഗപ്പെടുത്തി ഡാറ്റാ ബാങ്ക് കുറ്റമറ്റതാക്കാനുള്ള ശ്രമം നടത്തിയതിനുശേഷം ഈ ബിൽ പാസ്സാക്കണം. അല്ലാതെ 3 എ എടുത്തു കളഞ്ഞതുകൊണ്ട് അങ്ങ് ഉദ്ദേശിക്കുന്ന യാതൊരു പർപ്പസും ഉണ്ടാകില്ല. മാത്രമല്ല, നമ്മുടെ വിലയേറിയ സമയം നഷ്ടമാവുകയും ധാരാളം ചെലവുണ്ടാവുകയും ചെയ്യും.

മലബാർ മേഖലയിൽ നേരിടുന്ന വലിയൊരു പ്രശ്നംകൂടി അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. അവിടെ കുടിയായ്മ നിലനിന്നിരുന്നു. 1-4.1964-നുമുമ്പ് കുടിയായ്മ ലഭിച്ചവർക്കുമാത്രമേ ഭൂമിയുടെമേൽ പൂർണ്ണ അവകാശം നൽകാൻ കഴിയുകയുള്ളൂ. അവിടെയുള്ളത് വാക്കാൽ പാട്ടം, ചമയം, കുഴിക്കൂറ്, കാണം, പാട്ടം തുടങ്ങിയ അവകാശങ്ങളാണ്. തിരുവിതാംകൂർപോലെയുള്ള പ്രദേശങ്ങളല്ല. അവിടെയുള്ള ലാന്റ് ട്രൈബ്യൂണലുകളിൽ ഇപ്പോഴും പട്ടയത്തിനുവേണ്ടി കാത്തുനിൽക്കുന്നത് 129470 അപേക്ഷകരാണ്. ആകെ 17 ലാന്റ് ട്രൈബ്യൂണലുകളാണുള്ളത്. അതിൽ 14 എണ്ണം ദേവസ്വം ഡെപ്യൂട്ടി കളക്ടർമാർക്കുള്ളതാണ്. പട്ടയമെന്നത് അവരുടെ കൺക്ലൂസീവ് എവിഡൻസാണ്. അതിനുവേണ്ടി അപേക്ഷ കൊടുത്ത മലബാർ മേഖലയിൽ പ്രത്യേകിച്ച് 129470 ആളുകളുണ്ട്. അതെല്ലാം അങ്ങയുടെ കാലത്ത് accumulate ചെയ്തതാണെന്ന് ഞാൻ പറയുന്നില്ല. പക്ഷേ ഓരോ കാരണങ്ങളാൽ തഹസീൽദാർമാരും ഡെപ്യൂട്ടി കളക്ടർമാരായി വരുന്നവരും അതിലേയ്ക്ക് കടക്കാതെ അഡ്ജേൺ ചെയ്ത് പോകുകയാണ്. പട്ടയം കിട്ടാത്തതുകൊണ്ട് പാവപ്പെട്ട ആളുകൾക്ക് വിദ്യാഭ്യാസ ലോൺ എടുക്കാനോ ബാങ്കിൽനിന്നും മറ്റ് ലോണുകൾ എടുക്കാനോ സാധിക്കുന്നില്ല. പട്ടയമില്ലാത്തതിനാൽ ലോൺ തരാൻ കഴിയില്ലെന്നാണ് അധികൃതർ പറയുന്നത്. പട്ടയത്തിന് കൊടുത്ത അപേക്ഷകളൊന്നും പരിഹരിക്കപ്പെടുന്നില്ല. മഞ്ചേരിയിൽമാത്രം 3200 പേർ പട്ടയത്തിന് അപേക്ഷ കൊടുത്തിട്ടുണ്ട്. തിരൂരിൽ 7200 അപേക്ഷകരുണ്ട്. മലപ്പുറത്ത് ദേവസ്വം പട്ടയത്തിന് 6200 അപേക്ഷകളുണ്ട്. മഞ്ചേരി വില്ലേജിൽ 8400 പേരിൽ 2400 പേർക്ക് ഇനിയും പട്ടയം കിട്ടാനുണ്ട്. പാലക്കാട് ജില്ലയിലും ഒട്ടും മോശമല്ല. അവിടെ 40000 അപേക്ഷകളുണ്ട്. തൃശ്ശൂരിൽ 26000 അപേക്ഷകളുണ്ട്.

മി. സ്പീക്കർ : പട്ടയപ്രശ്നം പിന്നെയെടുത്താൽ പോരെ.

ശ്രീ. എം. ഉമ്മർ : സർ, ഇതുമായി ബന്ധപ്പെട്ടതാണ്. അതുകൊണ്ട് സാന്ദർഭികമായി പറയുകയാണ്.

മി. സ്പീക്കർ : ലാന്റ് റിലേറ്റഡ് എത്രയുണ്ടാകും.

ശ്രീ. എം. ഉമ്മർ : സർ, ഇതുവരുമ്പോൾ റിലേറ്റ് ചെയ്യാൻ വളരെ എളുപ്പമുണ്ട്. നെൽകൃഷിയുമായി ബന്ധപ്പെട്ട സംഗതികളുണ്ട്. അങ്ങനെയൊരു സാങ്കേതികത്വത്തിലേയ്ക്ക് പോകുന്നില്ല. കുടിയായ്മ നൽകണമെങ്കിൽ രണ്ട് മാർഗ്ഗങ്ങളുണ്ട്. 1-4-1964 ൽ മേജറായ ഒരു വ്യക്തി നൽകുന്ന സാക്ഷിമൊഴിയുടെ അടിസ്ഥാനത്തിലും റവന്യൂ ഇൻസ്പെക്ടർമാർ സ്ഥലപരിശോധന നടത്തി നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും മാത്രമേ കുടിയായ്മ നൽകുകയുള്ളൂ. ഇവ രണ്ടും കാലതാമസമുണ്ടാക്കും. 1-4-1964-ൽ പ്രായപൂർത്തിയായ ആളുവേണം സാക്ഷിമൊഴി നൽകാൻ. അവരിൽ പലരും

മരിച്ചുപോയിട്ടുണ്ടാകും. 1964-ൽ പ്രായപൂർത്തിയായ ഒരാളിന് ഇപ്പോൾ ഏകദേശം 80 വയസ്സാകും. ഇത്രയും ആളുകൾക്ക് പട്ടയം കിട്ടാത്ത വലിയൊരു പ്രശ്നം അവിടെയുണ്ട്. 20 വർഷത്തിൽക്കൂടുതൽ undisputed ആയി നിലനിൽക്കുന്ന ഭൂമി കൈവശമുള്ള ആളുകൾക്ക് 1-4-1964 മുതൽ deemed tenancy ആയി കണക്കാക്കുന്ന കാര്യംകൂടി അങ്ങ് പരിശോധിക്കണം. അതുപോലെ ഇപ്പോൾ ഭൂമിയില്ലാത്ത ആളുകളുടെ എണ്ണം എത്രയാണ്?

<u>ശ്രീ. സണ്ണി ജോസഫ്</u> : സർ, വില്ലേജ് ഓഫീസർമാർ നേരിട്ട് ഫയൽ ചെയ്യുന്ന കേസ്സുകളാണ്. അപേക്ഷകർ നേരിട്ട് കൊടുക്കുന്ന original applications അല്ല. സുവോമോട്ടോ പ്രൊസീഡിംഗ്സായി കൂത്തുപറമ്പ് ലാന്റ് ട്രൈബ്യൂണലിൽ പതിനാറായിരം കേസ്സുകൾ പെന്റിംഗുണ്ടെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

<u>മി. സ്പീക്കർ</u> : പട്ടയവും ഭൂമി പ്രശ്നവുമൊക്കെയെടുത്താൽ നമുക്ക് ഇത് പെട്ടെന്നൊന്നും അവസാനിപ്പിക്കാൻ കഴിയില്ല. സബ്ജക്ട് കമ്മിറ്റിയിൽ വന്ന വിയോജനക്കുറിപ്പുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യുന്നതാണ് നല്ലത്. പട്ടയം നമുക്ക് മറ്റൊരു ദിവസമെടുക്കാം.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ അവസാനിപ്പിക്കാം. റവന്യൂവുമായി ബന്ധപ്പെട്ട് ഈ നിയമനിർമ്മാണം വരുമ്പോൾ മാത്രമല്ലേ ഇതെല്ലാം പറയാൻ സാധിക്കുകയുള്ളൂ. നമുക്ക് ലഭിക്കുന്ന അഞ്ച് മിനിറ്റ് പ്രസംഗത്തിൽ എല്ലാം പറയാൻ സാധിക്കില്ല. മാത്രമല്ല, റവന്യൂവിന്റെ കാര്യം ഇത്തവണ സംസാരിക്കാൻ അവസരവും കിട്ടിയില്ല.

ഭൂമിയില്ലാത്ത ധാരാളം ആളുകൾ സീറോ ലാന്റിനുവേണ്ടി കാത്തിരിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രി അത് പ്രത്യേകം ശ്രദ്ധിക്കണം. മമ്പാട് പഞ്ചായത്തിൽ സി.പി.ഐ.(എം)-ന്റെ പ്രവർത്തകർ 5 ഏക്കർ ഭൂമി കയ്യേറി, വിതരണം ചെയ്ത് കുടിൽ കെട്ടി താമസിക്കുകയാണ്. ഇവിടെ ഒരു ഗവൺമെന്റുണ്ട്; അങ്ങ് വകുപ്പുമന്ത്രിയാണ്. അങ്ങ് ഇതറിഞ്ഞിട്ടുണ്ടോ? മമ്പാട് പഞ്ചായത്തിൽ 5 ഏക്കറിലധികം വരുന്ന ഭൂമി അവർതന്നെ വിതരണം നടത്തിക്കൊണ്ടിരിക്കുകയാണ്.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, മമ്പാട് പഞ്ചായത്തിൽ സി.പി.ഐ.(എം) നേതൃത്വം 5 ഏക്കർ ഭൂമി കയ്യേറി, അത് മിച്ചഭൂമിയോ ഏത് ഭൂമിയോ ആകട്ടെ, ഏതാനും കുടുംബങ്ങൾക്ക് കൊടുത്തിരിക്കുകയാണ്. അങ്ങ് ഇവിടെ സൂചിപ്പിച്ചതു പോലെ ഒരു തുണ്ട് ഭൂമിയില്ലാതെ മിച്ചഭൂമിക്കുവേണ്ടി ആയിരക്കണക്കിന് അപേക്ഷകർ ജില്ലാ കളക്ടറേറ്റിൽ അപേക്ഷ കൊടുത്ത് കാത്തിരിക്കുമ്പോഴാണ്, മിച്ചഭൂമി ഏറ്റെടുത്ത് റവന്യൂ വകുപ്പ് വിതരണം ചെയ്യുന്നതിനുപകരം പാർട്ടി നേതൃത്വം ഇത് ഏറ്റെടുത്ത് അനർഹരായ ആളുകൾക്ക് നൽകിയിട്ടുള്ളതെന്ന കാര്യമല്ലേ അങ്ങ് ഇവിടെ സൂചിപ്പിക്കുന്നത്.

ശ്രീ. എം. ഉമ്മർ: സർ, അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട സ്ഥലമാണ്. ഇപ്പോൾ സീറോ ലാന്റിനുവേണ്ടി മലപ്പുറം ജില്ലയിൽമാത്രം 23000 അപേക്ഷകർ കാത്തിരിക്കുമ്പോൾ യാതൊരു നിയമ വ്യവസ്ഥയുമില്ലാതെ 5 ഏക്കറോളം ഭൂമി കയ്യേറി അനർഹർക്ക് വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്. നിയമം നേരിട്ട് കയ്യിലെടുക്കുകയാണ്. ഇത് ഗവൺമെന്റ് അറിയാതെയാണോ? മമ്പാട് പഞ്ചായത്തിൽ ഭൂമി കയ്യേറി വിതരണം ചെയ്തിട്ടുണ്ടോ; അത് ഏത് ഭൂമിയാണ്? മിച്ച ഭൂമിയാണോ സീറോ ലാന്റിന് കൊടുക്കാൻ വേണ്ടിയുള്ളതാണോ എന്ന് അങ്ങയുടെ ഉദ്യോഗസ്ഥരോട് ചോദിക്കണം. ഞങ്ങൾ കലാപത്തിനുവേണ്ടി മറിച്ചൊരു മാർച്ച് നടത്താൻ പോയിട്ടില്ല. ഞങ്ങൾ അപ്പുറത്തുപോയി കൊടികുത്താനോ അവരുമായി ഫൈറ്റ് ചെയ്യാനോ തയ്യാറാകാത്തത് ഞങ്ങളുടെ മര്യാദകൊണ്ടാണ്. രാജ്യത്ത് ഒരു നിയമവും ഭരണകൂടവുമൊക്കെയില്ലേ? നിങ്ങളല്ലേ അത് പരിശോധിക്കേണ്ടത്. അത് പരിശോധിച്ച് അർഹരായ ആളുകളുണ്ടെങ്കിൽ വ്യവസ്ഥാപിതമായ മാർഗ്ഗത്തിൽക്കൂടി കൊടുക്കുന്നതിന് ഞങ്ങൾക്ക് ഒരു വിരോധവുമില്ല. മുമ്പേ പറയാറുണ്ട്, ചിലർക്ക് കയ്യേറിയാലേ പറ്റുകയുള്ളൂ, നിയമവ്യവസ്ഥയിൽക്കൂടി സാധിക്കില്ല. കല്യാണം കഴിച്ചുകൊടുത്താൽ വേണ്ട എന്നുപറഞ്ഞതുപോലെ ചിലർക്ക് കയ്യേറിയാലേ പറ്റുകയുള്ളൂ. നേരെ കല്യാണം കഴിച്ചുകൊടുത്താൽ വേണ്ട, ബലാത്സംഗം മതി.*** എന്നുപറഞ്ഞതുപോലെ നേരിട്ട് നിയമവ്യവസ്ഥയും പട്ടയവും സീറോലാന്റുമൊക്കെ ഉണ്ടാകുമ്പോൾ അതുവേണ്ട, കയ്യേറിയിട്ടേ ഞങ്ങൾ പോകുകയുള്ളൂ എന്നുപറഞ്ഞാൽ ഗവൺമെന്റിന് അത് കയ്യുംകെട്ടി നോക്കിനിൽക്കാൻ സാധിക്കുമോ? അതിന് പരിഹാരമുണ്ടാകണം.

ശ്രീ. എ. എം. ആരിഫ്: സർ, ഈ സഭയുടെ അന്തസ്സിന് നിരക്കുന്ന ഉപമകളാണോ ബഹുമാനപ്പെട്ട അംഗം പറഞ്ഞതെന്ന് അങ്ങ് പരിശോധിച്ച് പറയണം.

ശ്രീ. എം. ഉമ്മർ: സർ, ഇവിടത്തെ രേഖകൾ പരിശോധിച്ചു നോക്കിയാൽ 1957-ലും 1967-ലുമൊക്കെ ഇതൊക്കെയുണ്ട്. രേഖകളിൽ ഈ പറയപ്പെട്ട ഉപമകളുണ്ട്. പരിശോധിച്ചോട്ടെ. ശ്രീ. എ. എം. ആരിഫ് പറഞ്ഞത് പരിശോധിക്കണം.***

ശ്രീ. എസ്. രാജേന്ദ്രൻ: സർ, പോയിന്റ് ഓഫ് ഓർഡർ, സി.പി.ഐ.(എം)-നെ അപകീർത്തിപ്പെടുത്തുന്ന നിലയിൽ പേരെടുത്തുപറഞ്ഞ ഈ വാക്കുകളെല്ലാം നീക്കംചെയ്യണം. ഈ ചർച്ചയിൽ പങ്കെടുക്കുന്ന ബഹുമാനപ്പെട്ട അംഗങ്ങൾക്ക് അതിനുള്ളിൽനിന്നുള്ള പരാമർശങ്ങളേ നടത്താവൂ. അതുകൊണ്ട് 307 അനുസരിച്ച് ആ വാക്കുകളൊക്കെ രേഖകളിൽനിന്ന് ഒഴിവാക്കണം.***

മി. സ്പീക്കർ: പരിശോധിക്കാം.***

*** ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം (പയൽ നം.5061/ഇ.ബി./2016/നി.സെ. തീയതി 9-11-2016 സഭാ രേഖയിൽ നിലനിർത്താൻ തീരുമാനിച്ചു.

ശ്രീ. എം. ഉമ്മർ: സർ, ബഹുമാനപ്പെട്ട ടി. വി. തോമസിന്റെ പ്രസിദ്ധമായ പ്രയോഗങ്ങളുണ്ട്. അതൊക്കെയെടുത്ത് ശ്രീ. എസ്. രാജേന്ദ്രൻ വായിച്ചുനോക്കുന്നത് നല്ലതാണ്. ഈ വക കാര്യങ്ങളാണ് അതിലുള്ളത്. അതൊക്കെ നിയമസഭയുടെ രേഖകളിലുണ്ട്. സി.എച്ച്. മുഹമ്മദ് കോയ, ടി. വി. തോമസ് തുടങ്ങിയ പ്രഗത്ഭരായ മുൻഗാമികൾ നടത്തിയ പരാമർശങ്ങൾ വായിച്ചുനോക്കുന്നത് നല്ലതാണ്. ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ ഞാൻ പറയുന്നില്ല, അത് ഇപ്പോൾ അടുത്തകാലത്ത് വന്നതാണ്. തമാശയുമല്ല, കാര്യമായി പറഞ്ഞതാണ്. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ബഹുമാനപ്പെട്ട സ്പീക്കർ പരിശോധിച്ചിട്ട് നീക്കംചെയ്യാനുള്ളത് നീക്കംചെയ്യാം. എന്തായാലും ഞാൻ ഇവിടെ പീഡിപ്പിക്കപ്പെട്ട പെൺകുട്ടിയുടെ പേരൊന്നും പറയാൻ പോകുന്നില്ല. അതിന് എന്റെ പേരിൽ നടപടിയുണ്ടാകില്ല. അങ്ങനെയുള്ള കടുത്ത പരാമർശമൊന്നും എന്റെ ഭാഗത്തുനിന്ന് പ്രതീക്ഷിക്കണ്ട. ഞാൻ അവസാനിപ്പിക്കുകയാണ്. ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു:

ശ്രീ. കെ. വി. വിജയദാസ്: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

3 എ വകുപ്പ് ഒഴിവാക്കുന്നതിനുള്ള പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. ഈ വകുപ്പ് ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട് ഇവിടെ കാര്യക്ഷമമായ ഡിബേറ്റ് നടക്കുകയാണ്. കേരളത്തിലെ ശോചനീയ സ്ഥിതി പരിഗണിച്ചുകൊണ്ടാണ് 2006 മുതൽ 2011 വരെയുള്ള ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം കൊണ്ടുവന്നത്. 1975-76 മുതൽ 2015-16 വരെയുള്ള 40 വർഷം പരിശോധിച്ചാൽ 876022 ഏക്കർ ഭൂമിയുണ്ടായിരുന്നത് 196870 ഏക്കർ ഭൂമിയായി കുറഞ്ഞതായി മനസ്സിലാകും. ഇത് കേരളത്തിന് തീരാനഷ്ടമാണ്. കേരളത്തിലെ നെൽവയലുകളും തണ്ണീർത്തടങ്ങളും ജലസ്രോതസ്സുകളുമെല്ലാം നഷ്ടപ്പെടുകയാണ്. ഇത് നിലനിർത്താനും കേരളത്തിന്റെ പരിസ്ഥിതി സംരക്ഷിക്കാനും നെൽകൃഷിയെ രക്ഷപ്പെടുത്താനും കൃഷിഭൂമിയെ ആശ്രയിച്ചുകഴിയുന്ന ലക്ഷക്കണക്കിന് കൃഷിക്കാരെ സംരക്ഷിക്കുന്നതിനുമാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം കൊണ്ടുവന്നത്. അതിനെ കേരളത്തിലെ എല്ലാവരും അഭിനന്ദിച്ചു. ഈ നിയമം കൊണ്ടുവരാൻ വൈകിപ്പോയി എന്നാണ് ചിന്താശക്തിയുള്ള പലരും പറഞ്ഞത്. അത്തരത്തിൽ കേരളത്തെ രക്ഷിക്കാനായി ഒരു നിയമം കൊണ്ടുവന്നപ്പോൾ യു.ഡി.എഫ്. ഗവൺമെന്റ് അതിനെ എങ്ങനെ ഇല്ലാതാക്കാമെന്നാണ് ചിന്തിച്ചത്. 3 എ വകുപ്പ് ഉൾപ്പെടുത്തി. അതനുസരിച്ച് തണ്ണീർത്തടങ്ങളും നെൽവയലുകളും നികത്താം. നികത്തുന്നതിന് ഒരു നിബന്ധനയേയുള്ളൂ,

നികത്തപ്പെടുന്ന സ്ഥലത്തിന്റെ 25 ശതമാനം തുക ഗവൺമെന്റിൽ കെട്ടിവച്ചാൽ മതി. ഏത് നെൽവയലുകളും തണ്ണീർത്തടങ്ങളും നികത്താം. ഇങ്ങനെ ഒരു വകുപ്പ് അതിൽ ഉൾപ്പെടുത്തി നെൽവയലുകൾ വ്യാപകമായി നികത്തുന്നതിനുവേണ്ടിയുള്ള പരിശ്രമമാണ് യു.ഡി.എഫ്. ഗവൺമെന്റ് നടത്തിയത്. ബഹുമാന്യനായ മുൻമന്ത്രി ഇവിടെ പ്രസംഗിച്ചു, 4.5 ലക്ഷത്തോളം അപേക്ഷകൾ എല്ലാ ജില്ലകളിൽനിന്നും വന്നുവെന്നാണ് പറഞ്ഞത്. ഈ അപേക്ഷകൾ കേരളത്തെ നിലനിർത്താനാണോ; തണ്ണീർത്തടങ്ങളേയും നെൽവയലുകളേയും സംരക്ഷിക്കാനാണോ? ഭൂമാഫിയകളും ഭൂമി കച്ചവടക്കാരും വ്യാജപേരിൽ അപേക്ഷ കൊടുത്ത് ഭൂമി എങ്ങനെ നികത്താൻ സാധിക്കുമെന്ന പരിശ്രമമാണ് നടത്തിയത്. 2011 മുതൽ 2016 വരെയുള്ള അഞ്ചു വർഷക്കാലയളവിലെ യു.ഡി.എഫ്. ഭരണത്തിൽ 173854 ഏക്കർ ഭൂമി നികത്തപ്പെട്ടിരിക്കുന്നു. ആ ഭരണം കുറച്ചുകൂടി തുടർന്നിരുന്നുവെങ്കിൽ കേരളത്തിൽ ഇന്നുകാണുന്ന 185000 ഹെക്ടർ ഭൂമി കൂടി ഇല്ലാതാകുമായിരുന്നു. കേരളത്തിൽ നെൽകൃഷി എന്നത് തീരെയില്ലാതാകും. ഈ അഞ്ചുവർഷം കൊണ്ട് 173854 ഏക്കർ ഭൂമി നികത്താനുള്ള ഒത്താശ ചെയ്തുകൊടുത്തവരാണ് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ്. ആരെ സംരക്ഷിക്കാനാണിത് ചെയ്തത്? കാലവർഷം കുറഞ്ഞതുമൂലം കുടിവെള്ളമില്ലാത്ത സാഹചര്യമാണ് സംസ്ഥാനത്തുള്ളത്. ഇത് വലിയൊരു പ്രശ്നമാണ്. കേരള ഗവൺമെന്റ് കുടിവെള്ളം എത്തിക്കുന്നതിനുവേണ്ടിയുള്ള ഭഗീരഥ പ്രയത്നം നടത്തി കൊണ്ടിരിക്കുകയാണ്. ജനങ്ങൾ രൂക്ഷമായ കുടിവെള്ളക്ഷാമം നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇവിടെ കുടിവെള്ളക്ഷാമം പരിഹരിക്കണമെന്ന് ഘോരഘോരം പ്രസംഗിക്കാറുണ്ട്. ഇവിടെ ജലസ്രോതസ്സുകൾ ഇല്ലാതാക്കിയത് ഇവരല്ലേ? ഇതൊക്കെ മറികടക്കുന്നതിനു വേണ്ടിയുള്ള ഏതെങ്കിലും നിയമമോ സൃഷ്ടിപരമായിട്ടുള്ള എന്തെങ്കിലും പ്രവർത്തനമോ ഇവരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടോ? സന്തോഷ് മാധവന് എല്ലാ സൗകര്യങ്ങളും ഇവർ ചെയ്തുകൊടുത്തു. മുൻ മന്ത്രിമാരായ ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടിയും ശ്രീ. അടൂർ പ്രകാശും സന്തോഷ് മാധവന് 128 ഏക്കർ ഭൂമി കൈമാറ്റം ചെയ്യാനുള്ള ഒത്താശ ചെയ്തുകൊടുത്തു. അക്കാര്യത്തിൽ വിജിലൻസ് കോടതിക്ക് ഉത്തരവിടേണ്ട സ്ഥിതിയുണ്ടായത് പത്രങ്ങളിലെല്ലാം വന്നതാണ്. കുമരകം മെത്രാൻ കായൽ-പാടശേഖര സമിതിയടക്കം 425 ഏക്കർ ഭൂമി നികത്താനുള്ള അനുമതി സർക്കാർ നൽകി. അതിന് പിന്നാലെ സമൃദ്ധി വില്ലേജ് എന്ന പ്രോജക്ടിന്റെ പേരിൽ വൈക്കം ചെമ്പിൽ 150.73 ഏക്കർ വയൽ നികത്താൻ സ്വകാര്യ കമ്പനിക്ക് മുൻകൂർ അനുമതി നൽകി. എറണാകുളം കടമക്കുടിയിൽ മൾട്ടി നാഷണൽ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയെന്ന പേരിൽ 47 ഏക്കർ ഭൂമി നികത്തുന്നതിനുള്ള ഒത്താശയാണ് ചെയ്തുകൊടുത്തത്. അങ്ങനെ കേരളത്തിലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തെ ഇല്ലാതാക്കി. കേരളത്തിലെ കണ്ണായ സ്ഥലങ്ങൾ മുഴുവൻ ഇല്ലാതാക്കാനും തണ്ണീർത്തടങ്ങളും ജലസ്രോതസ്സുകളും നികത്തി കേരളത്തിന്റെ പാരിസ്ഥിതികാവസ്ഥയിൽ

പ്രത്യാഘാതം ഉളവാക്കുന്ന ഒട്ടേറെ നിയമവിരുദ്ധമായ കാര്യങ്ങൾ നടപ്പിലാക്കാനുമാണ് 3 എ വകുപ്പുകൊണ്ട് അവർ ഉദ്ദേശിച്ചത്. ഇപ്പോൾ ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് വളരെ ആത്മാർത്ഥതയോടുകൂടിയും ശരിയായ കാഴ്ചപ്പാടോടു കൂടിയുമായാണ് 3 എ ഒഴിവാക്കണമെന്ന് പറഞ്ഞത്. കേരളത്തിന്റെ പാരിസ്ഥിതികാവസ്ഥയും ജലസ്രോതസുകളും സംരക്ഷിക്കുന്നതിനും നെൽകൃഷി നിലനിർത്തുന്നതിനും വേണ്ടിയാണ് 3 എ ഒഴിവാക്കുന്നതിന് ഈ ഗവൺമെന്റ് തീരുമാനമെടുത്തത്. 2016 നെൽ വർഷമായി ആചരിക്കണമെന്ന് ബഹുമാന്യനായ മുഖ്യമന്ത്രി പാലക്കാട് ജില്ലയിൽ വച്ച് പ്രഖ്യാപിച്ചു. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് നെൽകൃഷി ഇല്ലാതാക്കാൻ തീരുമാനിച്ചപ്പോൾ, 2016 ആഗസ്റ്റ് 17 മുതൽ 2017 ആഗസ്റ്റ് 17 വരെ നെൽകൃഷി വർഷമായി ആചരിക്കുന്നതിനുവേണ്ട എല്ലാ സഹായങ്ങളും മറ്റ് പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടത്തണമെന്നാണ് ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞത്. ഇത് രണ്ടും രണ്ട് കാഴ്ചപ്പാടാണ്. 3 എ പിൻവലിക്കണമെന്ന് പറഞ്ഞതിനെ എതിർക്കുകയാണ് പ്രതിപക്ഷം ചെയ്തത്. എന്തിനാണ് പ്രതിപക്ഷം എതിർത്തത്; എതിർക്കാനുള്ള ഔചിത്യമുണ്ടോ; കേരളത്തിന്റെ ഭൂപ്രശ്നത്തിലും പാരിസ്ഥിതിക വിഷയത്തിലും 3 എ ഉൾപ്പെടുത്തിയതുകൊണ്ട് വിഘാതമായി നിൽക്കുന്നത് എന്താണ്; അത് ചൂണ്ടിക്കാണിക്കണ്ടേ? 3 എ ഉൾപ്പെടുത്തിയതാണ് ഏറ്റവും വലിയ ആഘാതം. അതുകൊണ്ട് 3 എ ഒഴിവാക്കേണ്ടതാണ്. കേരളത്തിന്റെ പാരിസ്ഥിതിക പ്രശ്നങ്ങളിൽ ശരിയായ സമീപനം യു.ഡി.എഫ്. സ്വീകരിച്ചോ; സ്വീകരിച്ചിട്ടില്ല. നാട്ടിൻപുറങ്ങളിലും നഗരപ്രദേശങ്ങളിലും വീട് വയ്ക്കാനുള്ള സ്ഥലം വേണമെന്നത് ശരിയാണ്. അതിനാവശ്യമായ രീതിയിൽ ഡാറ്റാ ബാങ്ക് ഉണ്ടാക്കിയെടുക്കണം. അഞ്ചുകൊല്ലം യു.ഡി.എഫ്. ഇവിടെ ഭരിച്ചു. സാറ്റലൈറ്റ് സർവ്വേ നടത്തി ഡാറ്റാ ബാങ്ക് പുനഃസൃഷ്ടിക്കുമെന്ന് പറഞ്ഞു. ആ ഡാറ്റാ ബാങ്ക് ഉണ്ടാക്കാൻ സാധിച്ചോ; ഏതെങ്കിലും ഒരു വില്ലേജിൽ ഡാറ്റാ ബാങ്ക് പ്രസിദ്ധപ്പെടുത്തിയോ? പഞ്ചായത്ത് പ്രസിഡന്റ്, വില്ലേജ് ഓഫീസർ, കൃഷി ഓഫീസർ, മറ്റ് രണ്ട് ആളുകൾ തുടങ്ങിയവരാണ് നഞ്ച കമ്മിറ്റിയിലുള്ളത്. അഞ്ചാളുകളുള്ള കമ്മിറ്റി ഈ കാലഘട്ടത്തിൽ കൂടിയിട്ടില്ല. ഇതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല. കാർഷിക മേഖല സംരക്ഷിക്കുന്നതിന് സംസ്ഥാന മുഖ്യമന്ത്രി ചെയർമാനായിട്ടുള്ള കാർഷിക വികസന സമിതി അഞ്ചു വർഷവും കൂടിയിട്ടില്ല, പ്രാദേശിക തലത്തിലും കൂടിയില്ല. കാർഷിക മേഖലയെ തകർത്തു തരിപ്പണമാക്കി, നെൽകൃഷി ഇല്ലാതാക്കി. നെല്ല്, റബ്ബർ തുടങ്ങിയവയുടെ ഉല്പാദനത്തിൽ കുറവുവന്നു. കാർഷിക മേഖല സംരക്ഷിക്കുന്നതിനുള്ള നിയമം ഉണ്ടാക്കിയെന്ന് ഒരുതരത്തിലും ഇവർക്ക് അവകാശപ്പെടാൻ കഴിയില്ല. കാർഷിക മേഖലയെ തകർക്കാനുള്ള നയങ്ങളാണ് ഇവർ സ്വീകരിച്ചത്. കേരളത്തിന്റെ കാർഷിക മേഖലയിൽ ഇത്രയുമധികം പുറകോട്ടടി ഉണ്ടായത് യു.ഡി.എഫ്. ഭരണകാലത്തല്ലേ; അല്ലെന്ന് പറയാൻ കഴിയുമോ? ഇത് മറച്ചുവച്ചുകൊണ്ട്

കേരളത്തിലെ കർഷക താല്പര്യങ്ങൾ സംരക്ഷിക്കുന്നവർ ഞങ്ങളാണെന്ന് പ്രചരിപ്പിക്കുക മാത്രമാണുണ്ടായത്. ഡാറ്റാ ബാങ്ക് കുറ്റമറ്റ രൂപത്തിൽ ഉണ്ടാക്കിയെടുക്കാൻ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന് സാധിക്കുമെന്നാണ് കൃഷി വകുപ്പുമന്ത്രി നിയമസഭയിൽ അല്പംമുമ്പ് പ്രഖ്യാപിച്ചത്. ഏതാണ്ട് പകുതിയോളം പഞ്ചായത്തുകളിൽ ഡാറ്റാ ബാങ്ക് തയ്യാറാക്കിക്കഴിഞ്ഞു. ഇനി പകുതി പഞ്ചായത്തുകളിൽ മാത്രമേയുള്ളൂ. അതുകൂടി പൂർത്തിയായാൽ ഡാറ്റാ ബാങ്ക് പൂർണ്ണമാകും. അങ്ങനെ വന്നാൽ പട്ടണ പ്രദേശങ്ങളിൽ അഞ്ച് സെന്റും ഗ്രാമപ്രദേശങ്ങളിൽ പത്ത് സെന്റും വീട് വയ്ക്കുന്നതിനുവേണ്ടി സ്ഥലം അനുവദിക്കാനുള്ള കെ.എൽ.യു. കമ്മിറ്റി കൂടാനും അതിന്റെ ഫലമായി അവർക്ക് വീട് വയ്ക്കാനുള്ള സ്ഥലം അനുവദിക്കാനും സാധിക്കും. ഇപ്പോൾ അപേക്ഷകൾ കെട്ടികിടക്കുകയാണ്.

<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : സർ, 3എ വകുപ്പ് മാറ്റണമെന്ന് ആവശ്യപ്പെട്ടപ്പോൾ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇതിന്റെ ഭാഗമായി തണ്ണീർത്തടങ്ങളും നെൽവയലുകളുമായിരുന്ന എത്ര ഏക്കർ ഭൂമി പരിവർത്തനപ്പെടു ത്തി എന്നത് സംബന്ധിച്ച് ഗവൺമെന്റ് ധവളപത്രം ഇറക്കാൻ തയ്യാറാകുമോ? തണ്ണീർത്തടങ്ങളും നെൽവയലുകളും സംരക്ഷിക്കുകയെന്ന പ്രശ്നം യഥാർത്ഥത്തിൽ കൃഷിയെ സംരക്ഷിക്കുക മാത്രമല്ല, ആഗോളതാപനവുമായി ബന്ധപ്പെട്ട് നമ്മുടെ ജലസ്രോതസ്സുകൾ സംരക്ഷിക്കണമെന്ന വിഷയം കൂടിയുണ്ട്. ആ നിലയ്ക്ക് പരിഗണിക്കപ്പെടുന്നതിന് പകരം ദൃഷ്ടിദോഷത്തോടുകൂടിയാണ് പ്രതിപക്ഷം ഇവിടെ സംസാരിച്ചത്. കൊച്ചി നഗരം അടക്കമുള്ള പ്രദേശങ്ങളിൽ ഇത്തരത്തിലുള്ള നിരവധിയായ ഭൂമി വലിയ സ്വകാര്യ കമ്പനികൾ കൈവശപ്പെടുത്തി പരിവർത്തനപ്പെടുത്താൻ തയ്യാറായി, കുറേ പരിവർത്തനപ്പെടുത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച കണക്ക് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ പറയില്ലേ?

<u>ശ്രീ. കെ. വി. വിജയദാസ്</u> : സർ, ബഹുമാനപ്പെട്ട മന്ത്രി അതിന് മറുപടി നൽകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. കഴിഞ്ഞ കാലഘട്ടത്തിൽ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ വെള്ളം ചേർത്തു. നാലര ലക്ഷത്തോളം പരാതിയുണ്ടെന്ന് മുൻ മന്ത്രി ശ്രീ. അടൂർ പ്രകാശ് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അപേക്ഷ കൊടുക്കാനുള്ള തീയതി നീട്ടിക്കൊണ്ട് പുതിയൊരു ഉത്തരവിറക്കി. അപേക്ഷ കൊടുക്കുന്നതിനുള്ള സമയപരിധി ആഗസ്റ്റ് മാസത്തോടുകൂടി അവസാനിച്ചു. അടുത്ത മേയ് മാസംവരെ അപേക്ഷ കൊടുക്കാനുള്ള തീയതി നീട്ടണമെന്നുപറഞ്ഞ് റവന്യൂ സെക്രട്ടറി പുതിയ ഉത്തരവിറക്കി. എങ്ങനെയെല്ലാം ഈ നെൽവയൽ നികത്താൻ സാധിക്കും, എങ്ങനെയൊക്കെ അനധികൃതമായി നെൽവയലുകളും തണ്ണീർത്തടങ്ങളും ഇല്ലാതാക്കാം, അതിന്റെ എല്ലാ സാധ്യതകളും ഉപയോഗപ്പെടുത്തി കേരളത്തിലെ നെൽവയലുകളും തണ്ണീർത്തടങ്ങളും നശിപ്പിക്കാനുള്ള തീവ്ര ശ്രമം

കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് ഉണ്ടാക്കിയെടുത്തുവെന്നത് വസ്തുതാപരമായി ശരിയാണ്. യു.ഡി.എഫ്. ഗവൺമെന്റ് ചെയ്ത ഗുരുതരമായ, മാപ്പില്ലാത്ത തെറ്റ് തിരുത്തിയെടുക്കുകയാണ് എൽ.ഡി.എഫ്. ഗവൺമെന്റ് യഥാർത്ഥത്തിൽ ചെയ്യുന്നത്. അതിനെ എതിർക്കുന്നത് തികച്ചും അനുചിതമാണ്, തെറ്റായ രീതിയാണ്. കേരളത്തെ ശരിയായ രീതിയിൽ കാണാനും പ്രകൃതിയെയും നെൽവയലുകളെയും സംരക്ഷിക്കാനും യു.ഡി.എഫ്. ഇനിയും തയ്യാറായിട്ടില്ല, ഇക്കാര്യത്തിൽ ശരിയായ നിലപാട് സ്വീകരിക്കണം. തണ്ണീർത്തട നെൽവയൽ സംരക്ഷണ നിയമത്തിൽ 3 എ പിൻവലിക്കുന്നതിനുവേണ്ടി ഗവൺമെന്റ് കൊണ്ടു വന്നിട്ടുള്ള ഭേദഗതിയെ അനുകൂലിക്കണമെന്നാണ് എനിക്ക് വിനയപൂരസ്സരം അഭ്യർത്ഥിക്കാനുള്ളത്. കഴിഞ്ഞ കാലത്ത് നിങ്ങൾ ചെയ്ത തെറ്റ് തിരുത്തുന്നതിന് ഈ ഭേദഗതിയെ അനുകൂലിക്കണമെന്ന് സൂചിപ്പിക്കുകയാണ്.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

കേരളത്തിലെ നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുക എന്നത് ഈ സഭയുടേയും അതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന നമ്മുടെ എല്ലാവരുടെയും ഉത്തരവാദിത്വമാണ്. അതിൽ ആർക്കും അഭിപ്രായവ്യത്യാസമുണ്ടെന്ന് കരുതുന്നില്ല. വരൾച്ച സംബന്ധിച്ച ചർച്ചകൾ കേരളത്തിൽ നടക്കുന്നു. 34 ശതമാനം മഴ കുറഞ്ഞതിലൂടെ ഭയപ്പെടുത്തുന്ന കണക്കുകൾ നമ്മളെ ആശങ്കാകുലരാക്കുന്നു. നമ്മുടെ ജലസംഭരണികൾ കൂടിയായ വയലുകൾ നഷ്ടപ്പെടുന്നതിനെ സംബന്ധിച്ച് ആശങ്കകളുണ്ട്. ജല സംഭരണികളായി വർത്തിക്കുന്ന, ജൈവ ആവാസ വ്യവസ്ഥയ്ക്ക് ഏറ്റവും പ്രധാനപ്പെട്ട ഫാക്ടറായി മാറിയിട്ടുള്ള വയലുകൾ സംരക്ഷിക്കേണ്ടതും നിലനിർത്തേണ്ടതും അനിവാര്യമാണ്. ഇത് സൂചിപ്പിക്കുമ്പോഴും ഒരു കാര്യം വളരെ പ്രസക്തമാണ്. ആരാണ് ഈ നെൽവയലുകൾ സംരക്ഷിക്കുക? നിയമങ്ങൾ കൊണ്ടുമാത്രം നെൽവയലുകൾ സംരക്ഷിക്കപ്പെടുമെന്ന തെറ്റിദ്ധാരണ നമുക്കാർക്കെങ്കിലുമുണ്ടെങ്കിൽ അത് തെറ്റായി ഭവിക്കുകയേയുള്ളൂ എന്നതിൽ സംശയമില്ല.

നെൽവയലിന്റെ സംരക്ഷകൻ പാടത്ത് പണിയെടുക്കുന്ന കർഷകനും കർഷകത്തൊഴിലാളിയുമാണെന്ന് തിരിച്ചറിയാതെ, കർഷകന്റെ പ്രാധാന്യം വർദ്ധിപ്പിക്കാതെ നെൽവയലുകൾ സംരക്ഷിക്കാനുള്ള നിയമങ്ങൾ എത്ര പണിതുയർത്താൻ ശ്രമിച്ചാലും അത് വ്യഥാവിലാകും. ആ വയൽ കൈവശം വച്ചിരിക്കുന്ന കർഷകനോ അല്ലെങ്കിൽ അതിന്റെ ഉടമയോ അവന്റെ ജീവിതത്തിലെ ഒരു അത്യാവശ്യ ഘട്ടത്തിൽ കൃഷിയുടെയും നെൽവയലിന്റെയും സംരക്ഷണമെന്ന അജണ്ടയിൽ

നിന്ന് വ്യക്തിപരമായ ആവശ്യങ്ങളിലേയ്ക്ക് ചിന്തിച്ചാൽ അവരെ കുറ്റംപറയാൻ കഴിയില്ല. മകളുടെ കല്യാണം വരുമ്പോഴോ, മറ്റെന്തെങ്കിലും അത്യാവശ്യങ്ങൾ വരുമ്പോഴോ കുടുംബത്തിന്റെ വരുമാനമാർഗ്ഗം നിലയ്ക്കുന്ന ഘട്ടത്തിൽ നെൽവയൽ ആർക്കെങ്കിലും കൊടുത്ത് പണം വാങ്ങി ആവശ്യങ്ങൾ നിറവേറ്റാൻ ഒരാൾ ആഗ്രഹിച്ചാൽ അതിനെതിരെ നമ്മൾ ഫിലോസഫി പ്രസംഗിച്ചിട്ട് കാര്യമില്ല. അവന്റെ ജീവിതപ്രശ്നമാണ് ഏറ്റവും വലുത്. കൃഷി ലാഭത്തിലാക്കാതെ കൃഷിഭൂമി സംരക്ഷിക്കണമെന്ന് ആവർത്തിച്ച് പ്രസംഗിച്ചാലും എത്ര നിയമനിർമ്മാണം നടത്തിയാലും അത് എത്രത്തോളം എഫക്ടീവാകുമെന്നതിനെ സംബന്ധിച്ച് ഗൗരവമായി ചിന്തിക്കണം. ഒരു കാലഘട്ടത്തിൽ 'കൃഷി ഭൂമി കർഷകന്' എന്ന മുദ്രാവാക്യം കേരളത്തിലെ സുസ്ഥിരമായ കൃഷി വികസനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട അടിത്തറയായിരുന്നു. ഭൂപരിഷ്കരണത്തിലൂടെ കിട്ടിയ കൃഷിഭൂമി ആ കർഷകൻ എങ്ങനെ കയ്യൊഴിഞ്ഞു എന്നതിനെ സംബന്ധിച്ചുകൂടി പഠിക്കേണ്ടിവരും. നേരത്തെ സൂചിപ്പിച്ചതുപോലെ 1970-ൽ 8.65 ലക്ഷം ഹെക്ടർ കൃഷി ഭൂമിയുണ്ടായിരുന്നത് 2.34 ലക്ഷം ഹെക്ടറായി കുറഞ്ഞതിന്റെ അടിസ്ഥാനകാരണം കർഷകർക്ക് കൃഷിഭൂമിയോടും കൃഷിയോടുമുള്ള താല്പര്യം കുറഞ്ഞതാണ്. അതിൽനിന്നുള്ള വരുമാനം കുറഞ്ഞതുകൊണ്ടാണ് ഇത്തരത്തിലുള്ള തീരുമാനത്തിലെത്താൻ അവർ നിർബന്ധിതരാകുന്നത്. വരുമാനമില്ലാതെ കൃഷിയുമായി മുന്നോട്ടുപോകണമെന്ന് ആഗ്രഹിക്കുന്നത് എങ്ങനെയാണ്? ചില മേഖലകൾ അന്യം നിന്ന് പോയിട്ടുണ്ടെങ്കിലും കാലാകാലങ്ങളിൽ മറ്റെല്ലാ വിഭാഗങ്ങൾക്കും അതിന്റേതായ വളർച്ചയുണ്ടായിട്ടുണ്ട്. ശമ്പളം വാങ്ങുന്നവർക്ക് ശമ്പളത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. ഇവർക്കെല്ലാം കാലാകാലങ്ങളിൽ വർദ്ധനവുണ്ടാകുമ്പോൾ, കാലക്രമേണ കൃഷി നഷ്ടത്തിലാകുമ്പോൾ ഭൂമി തരിശ്ശിടരുത്, അത് സംരക്ഷിക്കണം, അത് കൺവെർട്ട് ചെയ്യരുത് എന്നൊക്കെ പറഞ്ഞതുകൊണ്ടോ നിയമനിർമ്മാണത്തിലൂടെയോ കൃഷിഭൂമി സംരക്ഷിക്കാൻ സാധിക്കുമോ? ഇത് സംരക്ഷിക്കപ്പെടേണ്ടതുതന്നെയാണ്.

ഉല്പാദനച്ചെലവിനനുസൃതമായി നെല്ലിന്റെ സംഭരണവില ഉയർത്തുമെന്നും കൃഷിക്കാർക്ക് ഒരാഴ്ചകൊണ്ട് പണം ലഭ്യമാക്കുമെന്നും ഈ ഗവൺമെന്റ് അധികാരമേൽക്കുന്നതിനുമുമ്പ് പ്രകടന പത്രികയിൽ പറഞ്ഞിട്ടുണ്ട്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കുറ്റം മാത്രം എടുത്തുപറയാൻ ഇവിടെ പലപ്പോഴും പ്രസംഗത്തിന് സമയം കണ്ടെത്തുന്നുണ്ട്. ഭരണപക്ഷം കഴിഞ്ഞ സർക്കാരിനെ കുറ്റം പറയുന്നതിൽ ഞാൻ തെറ്റ് കാണുന്നില്ല. പക്ഷേ അതുമാത്രം പറഞ്ഞുകൊണ്ടിരുന്നാൽ മതിയോ? കർഷകന് ഒരാഴ്ചകൊണ്ട് നെല്ലിന്റെ വില നൽകുമെന്നും ഉല്പാദനച്ചെലവിനനുസൃതമായി നെല്ലിന്റെ സംഭരണവില ഉയർത്തുമെന്നും പറഞ്ഞിട്ടുള്ളത് എൽ.ഡി.എഫ്.-ന്റെ പ്രകടന പത്രികയിലെ മൂന്നാമത്തെ ചാപ്റ്ററിൽ നാലാമത്തെ പാരഗ്രാഫിലാണ്.

യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഒരു കിലോ നെല്ല് സംഭരിക്കുന്നതിന് 14 രൂപയായിരുന്നു കേരളത്തിൽ കൊടുത്തിരുന്നത്. കഴിഞ്ഞ അഞ്ചുവർഷത്തെ ഭരണത്തിനൊടുവിൽ നെല്ലിന്റെ സംഭരണവില 21 രൂപ 50 പൈസയായി വർദ്ധിപ്പിച്ചത് നിങ്ങൾ പരിഹസിക്കുന്ന യു.ഡി.എഫ്. ഗവൺമെന്റായിരുന്നു എന്നത് നിഷേധിക്കാൻ കഴിയുമോ? അത് വസ്തുതയാണ്. യു.ഡി.എഫ്. ഗവൺമെന്റ് വന്നപ്പോൾ നെല്ല് സംഭരണത്തിന്റെ തോത്  ഇരട്ടിയായി വർദ്ധിപ്പിച്ചു എന്നതും യാഥാർത്ഥ്യമാണ്.  നെല്ലിന്റെ  വിലയുടെ ഭാഗമായി ഏതെല്ലാം കാലഘട്ടങ്ങളിൽ കേന്ദ്രസർക്കാരിന്റെ വർദ്ധനവുണ്ടായിട്ടുണ്ടോ അന്നെല്ലാം അതിനാനുപാതികമായ വർദ്ധനവ് കേരളത്തിലെ നെൽകർഷകന് കൊടുക്കാൻ കഴിഞ്ഞ അഞ്ചുവർഷക്കാലം യു.ഡി.എഫ്. ഗവൺമെന്റ് ശ്രദ്ധിച്ചിരുന്നു എന്നത് വസ്തുതയാണ്.

2016-17 നെൽകൃഷി വർഷമായി ആചരിക്കുമെന്ന് മുഖ്യമന്ത്രി പാലക്കാട് നടത്തിയ പ്രഖ്യാപനത്തെ കയ്യടിച്ച് സ്വീകരിച്ചവരാണ് ഞങ്ങളുൾപ്പെടെയുള്ളവർ. നെൽകൃഷി വർഷമായി പ്രഖ്യാപിച്ച ഈ വർഷത്തിൽത്തന്നെ കേന്ദ്രസർക്കാരിന്റെ വിലവർദ്ധനവുണ്ടായിട്ടും സംഭരണവിലയിൽ ആനുപാതികമായ വർദ്ധനവ് നല്കാത്തവർ കർഷകരോട് സ്നേഹം പ്രകടിപ്പിച്ച് പറയുന്ന വാക്കുകൾക്ക് ആ വില മാത്രമേ കർഷകരും നൽകു. നെൽകൃഷി വർഷമായി പ്രഖ്യാപിച്ച ഈ വർഷം നെല്ലിന്റെ സംഭരണവില കൂടുതൽ കൊടുക്കാനുള്ള ഏറ്റവും നല്ല അവസരമായിരുന്നു. കേന്ദ്രസർക്കാരിന്റെ വിലവർദ്ധനവുണ്ടായപ്പോൾ അതിനാനുപാതികമായി സംസ്ഥാന സർക്കാരിനും വർദ്ധനവ് കൊടുക്കാമായിരുന്നല്ലോ; നെൽകൃഷി വർഷമായി പ്രഖ്യാപിച്ച വർഷത്തിൽപ്പോലും നെല്ല് സംഭരണവിലയിൽ വർദ്ധനവ് ഉറപ്പുവരുത്താൻ കഴിയാതെ നെൽകൃഷി വർഷമായി ആചരിക്കാൻ തീരുമാനിച്ചതുകൊണ്ട് കാര്യമുണ്ടോ; വയലുകൾ സംരക്ഷിക്കണമെന്ന് പ്രസംഗിച്ചതുകൊണ്ട് കാര്യമുണ്ടോ? കർഷകർക്ക് അത്യാവശ്യങ്ങൾ വരുമ്പോൾ മാറി ചിന്തിക്കേണ്ടിവരും. കേരളത്തിൽ ഇല്ലാതിരുന്ന റബ്ബർ എങ്ങനെ ഇവിടെ ഉണ്ടായി?  മറ്റ് നാണ്യവിളകൾക്ക് ഭൂമി എങ്ങനെ കൺവെർട്ട് ചെയ്തുകൊടുത്തു?  ഈ കൃഷികൾ ലാഭകരമായി മാറിയപ്പോൾ, കുടുംബത്തിന് വരുമാനമുണ്ടായപ്പോൾ, ജീവിതനിലവാരം ഉയർത്താനായപ്പോൾ, മക്കൾക്ക് നല്ല വിദ്യാഭ്യാസം കൊടുക്കാൻ കഴിഞ്ഞപ്പോൾ, അദ്ധ്വാനത്തിന് മണ്ണിൽനിന്ന് ഫലം കിട്ടിയപ്പോൾ ആ കൃഷിയോട് അടുത്തുനിൽക്കാൻ കർഷകർ താല്പര്യപ്പെട്ടു.  കർഷകൻ തന്നെയാണ് കൃഷിഭൂമിയുടെ ഏറ്റവും വലിയ സംരക്ഷകൻ എന്ന തിരിച്ചറിവ് ഇല്ലാത്തതാണ്  കൃഷിഭൂമി മുഴുവൻ സംരക്ഷിക്കണമെന്ന നമ്മുടെ കൊടികുത്തിയ ശ്രമങ്ങൾക്ക് തിരിച്ചടിയുണ്ടാകുന്നത്. കൃഷി ലാഭകരമാക്കാനുള്ള നടപടികൾ ഉണ്ടായാൽ മാത്രമേ കൃഷിഭൂമിയുടെ സംരക്ഷണം സാദ്ധ്യമാകൂ. ഓരോ ഫയലിലും ഉറങ്ങുന്നത് ഒരു മനുഷ്യന്റെ ജീവിതമാണെന്ന് കേരളത്തിലെ മുഖ്യമന്ത്രി

ഉദ്യോഗസ്ഥരോടായി പറഞ്ഞത് സംബന്ധിച്ച് ഭരണപക്ഷത്തുള്ളവർ ആവേശത്തോടെ പ്രസംഗിക്കുന്നത് ഞാൻ കേട്ടു. അങ്ങനെയാണെങ്കിൽ ഈ നിയമവുമായി ബന്ധപ്പെട്ട് സാധാരണക്കാരന്റെ വികാരങ്ങളെ കണ്ടില്ലെന്ന് നടിക്കരുത്. ഏക്കർ കണക്കിന് ഭൂമി കൺവെർട്ട് ചെയ്യാനുള്ള ഡെലിബറേറ്റായിട്ടുള്ള ശ്രമങ്ങളെ ചെറുക്കാൻ ഈ ഗവൺമെന്റ് നടത്തുന്ന പ്രവർത്തനങ്ങൾക്ക് പൂർണ്ണ പിന്തുണയുണ്ടായിരിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അത് തുറന്നുപറയാനും മടിയില്ല. ഒരു സാധാരണക്കാരന് ഭവനമുണ്ടാക്കുക, അല്ലെങ്കിൽ ഒരു മുറി അധികം നിർമ്മിക്കുക എന്നിങ്ങനെയുള്ള ചെറിയ ചെറിയ സ്വപ്നങ്ങളുണ്ടാകും. അത് അവന്റെ ജീവിതത്തിലെ ഏറ്റവും വലിയ കാര്യമാണ്. അതിനെ അട്ടിമറിക്കരുത്. സ്വന്തമായി ഭൂമിയില്ലാത്ത ഒരാൾക്ക് ഭവനനിർമ്മാണത്തിനായി പഞ്ചായത്ത് പ്രസിഡന്റ് ഉൾപ്പെടെയുള്ളവർ അടങ്ങിയ പ്രാദേശിക സമിതികൾക്ക് ഗ്രാമപ്രദേശങ്ങളിൽ പത്ത് സെന്റും നഗരപ്രദേശങ്ങളിൽ അഞ്ച് സെന്റും ഭൂമി കൺവെർട്ട് ചെയ്ത് കൊടുക്കാമെന്ന് നിയമത്തിൽ പറയുന്നുണ്ടെന്ന് ഈ സഭയിലെ അപ്പുറത്തും ഇപ്പുറത്തുമുള്ളവർ പ്രസംഗിക്കുന്നുണ്ട്. ഈ പ്രാദേശിക സമിതികൾ യോഗ്യരായവർ നൽകുന്ന അപേക്ഷകളിന്മേൽ ടൈംബൗണ്ടായി തീർപ്പുകൽപ്പിച്ച് വീട് വയ്ക്കാനുള്ള അനുമതി കൊടുക്കുന്നുണ്ടോയെന്ന് പരിശോധിക്കണം. പാവപ്പെട്ടവരുടെ സ്വപ്നങ്ങൾക്ക് ഇത്തരം കമ്മിറ്റികൾ വിഘാതമായി മാറുകയാണ്. ഓരോ നിയമനിർമ്മാണവും സാധാരണക്കാരനെ മനസ്സിൽ കണ്ടുകൊണ്ടുവേണം നടപ്പാക്കേണ്ടത്.

ശ്രീ. വി. ഡി. സതീശൻ: സർ, സംസ്ഥാനത്ത് പ്രത്യേക ഭവനനിർമ്മാണ പദ്ധതികളുണ്ട്. സ്ഥലത്തിനുള്ള അനുമതി നൽകാത്തതുകൊണ്ടും നഞ്ച കമ്മിറ്റികൾ defunct ആയി നിൽക്കുന്നതുകൊണ്ടും പഞ്ചായത്തുകളുടെ ഭവനനിർമ്മാണ വായ്പകൾ, മത്സ്യത്തൊഴിലാളികളുടെയും എസ്.സി./എസ്.ടി. വിഭാഗങ്ങളുടെയും ഭവനനിർമ്മാണ പദ്ധതികൾ, അവർക്ക് അനുവദിക്കുന്ന ലോണുകൾ, സബ്സിഡികൾ എന്നിവ കിട്ടാതെ പോകുകയാണ്. പിന്നീട് ഇത് ലഭിക്കണമെങ്കിൽ പല ടേൺ കഴിഞ്ഞ് വർഷങ്ങൾ കാത്തിരിക്കേണ്ട സ്ഥിതിയുണ്ടെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. എം. നൗഷാദ്: സർ, ഡാറ്റാ ബാങ്ക് പൂർണ്ണമാക്കാത്തതാണ് ഇതിന്റെയൊക്കെ പ്രധാനപ്പെട്ട വിഷയമായി ഇവിടെ ഉന്നയിക്കുന്നത്. പകുതിയോളം പഞ്ചായത്തുകളിൽ ഡാറ്റാ ബാങ്ക് പൂർത്തിയായിട്ടുണ്ടെന്നാണ് പറയപ്പെടുന്നത്. ഇത് പൂർത്തീകരിക്കുവാൻ വർഷങ്ങൾ തന്നെയെടുത്തു. അതിനെ മൂന്ന് ഘട്ടങ്ങളാക്കണം. കോർപ്പറേഷൻ ഏരിയ സ്വാഭാവികമായും പട്ടണപ്രദേശമാണ്. അവിടെ തണ്ണീർത്തടങ്ങൾ പൊതുവേ കുറവാണ്. നിലവിലുള്ളതെങ്കിലും എത്രയും പെട്ടെന്ന് സംരക്ഷിക്കപ്പെട്ടില്ലെങ്കിൽ ബാക്കിയുള്ളതുംകൂടി നികത്തപ്പെട്ടുപോകും. അതുകൊണ്ട് ഡാറ്റാ ബാങ്ക് തയ്യാറാക്കുമ്പോൾ കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/പഞ്ചായത്ത് എന്ന തരത്തിലാക്കി എത്രയും പെട്ടെന്ന്

അത് പൂർത്തീകരിക്കാനുള്ള നിർദ്ദേശം നൽകാൻ കഴിയുമോ? കോർപ്പറേഷനുകൾ ഭവനനിർമ്മാണത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. അതിൽ എല്ലാ സോണുകളെക്കുറിച്ചും പറയുന്നുണ്ട്. മിക്സഡ് സോൺ, ഇൻഡസ്ട്രിയൽ സോൺ, റസിഡൻഷ്യൽ സോൺ, കൊമേഴ്സ്യൽ സോൺ, വെറ്റ് ലാൻഡ്, ഗ്രീൻ ലാൻഡ് എന്നിങ്ങനെയുള്ളപ്പോൾ കോർപ്പറേഷൻ/മുനിസിപ്പാലിറ്റി അതിർത്തികളിൽ ബെയ്സാക്കി ഭവനനിർമ്മാണത്തിന് അനുമതി നൽകാൻ സാധിക്കുമോ?

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, ഞാൻ ഡാറ്റാ ബാങ്കിലേയ്ക്ക് വരാം; ഇവിടെ ഇഷ്യൂ അതല്ല. ഈ പാവങ്ങൾക്ക് 5 സെന്റ് ഭൂമിക്ക് അനുമതി കൊടുക്കാത്തതിന്റെ ഇഷ്യൂ ഡാറ്റാ ബാങ്കിലെ ക്ലാസിഫിക്കേഷനല്ല. ലോക്കൽ ലെവൽ മോണിറ്ററിംഗ് കമ്മിറ്റികൾ എടുക്കേണ്ട ഉത്തരവാദിത്വങ്ങളിൽനിന്ന് അവർ സ്കിപ്പ് ചെയ്യുകയാണ്. അവർക്ക് ചെയ്യാൻ കഴിയുന്നതുപോലും മേൽ കമ്മിറ്റിക്കയയ്ക്കുകയാണ്. മേൽ കമ്മിറ്റി കളക്ടറേറ്റിലാണ്. കളക്ടർ നേരിട്ട് ഇൻസ്പെക്ഷൻ നടത്തിയിട്ടുവേണം തീരുമാനമെടുക്കാൻ. ഒരു അപേക്ഷകന് എത്രസമയം ഇതിന്റെ പിന്നാലെ നടക്കേണ്ടി വരും? കളക്ടറുടെ സമിതി സംസ്ഥാന കമ്മിറ്റിയിലേയ്ക്ക് അയയ്ക്കും. നേരത്തെ ബഹുമാനപ്പെട്ട വി. ഡി. സതീശൻ സൂചിപ്പിച്ചതുപോലെ അവർക്ക് ലഭിക്കേണ്ട ലോൺ ഈ ഭൂമിയുടെ കൺവെർഷൻ ഇല്ലാത്തതുകൊണ്ട് നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാകും. പിന്നീട് അത് അനുവദിച്ചുകിട്ടാൻ അവർ നടത്തുന്ന അത്യദ്ധ്വാനം എത്രയാണ്? വീട് നിർമ്മാണത്തിനായി 5 സെന്റ് ഭൂമി ലഭിക്കുന്നതിന് ഒരു അപേക്ഷയ്ക്ക് തീർപ്പു കല്പിക്കാനായി കാത്തിരിക്കുന്ന സാധാരണക്കാരന്റെ വികാരങ്ങൾകൂടി കണ്ടിട്ടുവേണം ഇത്തരം കാര്യങ്ങളിൽ പ്രായോഗികമായ സമീപനങ്ങൾ സ്വീകരിക്കേണ്ടത്.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ഇവിടെ ചോദിച്ചതും താങ്കൾ പറഞ്ഞ ആശങ്കയുമൊക്കെ മാറ്റാം. ഭൂമിയുടെ ഒരു ക്ലാസിഫിക്കേഷൻ - കൃഷിക്ക് ഉപയുക്തമായ ഭൂമി, കൃഷിക്ക് ഉപയോഗിക്കാൻ പറ്റാത്ത ഭൂമി ഇങ്ങനെ ഒരു ക്ലാസിഫിക്കേഷൻ ഇപ്പോൾ കർണ്ണാടകത്തിൽ നടത്തിയതുപോലെ ചെയ്താൽ ഈ പ്രശ്നങ്ങളൊക്കെ നമുക്ക് തീർക്കാൻ സാധിക്കില്ലേ; എന്താണ് അങ്ങയുടെ അഭിപ്രായം?

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, തീർച്ചയായും ഭൂമിക്ക് ക്ലാസിഫിക്കേഷൻ അനിവാര്യമാണ്. കൃഷിക്ക് യോഗ്യമായ ഭൂമി എത്ര; കൃഷിഭൂമി എന്നുപറയപ്പെടുന്നിടത്ത് കൃഷിക്ക് യോഗ്യമല്ലാത്ത ഭൂമിയെത്ര; മറ്റ് പല പർപ്പസിനുപയോഗിക്കാൻ കഴിയുന്ന ഭൂമിയെത്ര; എന്നുള്ള ക്ലാസിഫിക്കേഷൻ തീർച്ചയായും അനിവാര്യം തന്നെയാണ്. അങ്ങ് പറയുന്നതിനോട് ഞാൻ യോജിക്കുന്നു.

<u>ഡോ. എൻ. ജയരാജ്</u>: സർ, ഞാൻ സൂചിപ്പിക്കാൻ ആഗ്രഹിച്ച കാര്യവും അതുതന്നെയാണ്. സത്യത്തിൽ ഇക്കാര്യത്തിൽ ഒരു പരിഹാരം എന്നുപറയുന്നത് കർണ്ണാടകത്തിലും മറ്റു ചില സംസ്ഥാനങ്ങളിലുമൊക്കെ നടപ്പാക്കിയതുപോലെ കൃഷി യോഗ്യമായ ഭൂമി ഏതാണ്; റസിഡൻഷ്യൽ ഭൂമി ഏതാണ്; എന്നുള്ള മുഖ്യമായ വേർതിരിവുണ്ടെങ്കിൽ ഈ കൺഫ്യൂഷൻ ഉണ്ടാകില്ലെന്നുള്ളത് യാഥാർത്ഥ്യമാണ്. 5 സെന്റിൽ വീട് വയ്ക്കുന്നതുമായി ബന്ധപ്പെട്ട് പട്ടികജാതി വിഭാഗത്തിൽപ്പെട്ട

ആളുകൾക്ക് വീട് വയ്ക്കാൻ അനുമതി കൊടുക്കുന്നത്, അവർക്ക് വേറെ വീടോ ഭൂമിയോ ഇല്ലെന്ന നിബന്ധനയുടെ അടിസ്ഥാനത്തിലാണ്. ഇതിന്റെ പിന്നിൽ ഒരു മാഫിയയുണ്ട്. എനിക്ക് വളരെ കൃത്യമായിട്ടറിയാം. പല സ്ഥലങ്ങളും ഒരുമിച്ച് പലരുടെ പേരിൽ വാങ്ങിയിട്ട് അത് കൺവെർട്ട് ചെയ്ത് വലിയ ലാഭത്തിന് കൊടുക്കുന്ന സമ്പ്രദായങ്ങളും നിലനിൽക്കുന്നുണ്ട്. അത് ഒരിക്കലും അനുവദിക്കാൻ പാടില്ല. അതോടൊപ്പം അങ്ങ് പറഞ്ഞ സാധാരണക്കാരായ ആളുകൾക്ക് വീടു വയ്ക്കാനുള്ള സൗകര്യമുണ്ടാക്കണം. അതുകൊണ്ട് ആ ഒരു കണ്ടീഷൻകൂടി ഉൾപ്പെടുത്തിക്കൊണ്ട് ഭാവിയിൽ ഒരു നിയമനിർമ്മാണത്തിനുള്ള സാദ്ധ്യതകൂടി ഇതിന്റെ ഭാഗമായി ഉണ്ടാകേണ്ടതല്ലേ?

ശ്രീ. വി. ഡി. സതീശൻ: സർ, കൃഷിക്കനുയോജ്യമായ ഭൂമിയെന്നും കൃഷിക്കനുയോജ്യമല്ലാത്ത ഭൂമിയെന്നും ക്ലാസിഫിക്കേഷനുണ്ടായാൽ അത് വലിയ അപകടമാകും. കാരണം കൃഷിക്ക് യോഗ്യമല്ലാത്ത ഭൂമിയെന്നുപറയുന്ന നെൽവയലുകളും തണ്ണീർത്തടങ്ങളും പൂർണ്ണമായും നികത്തണം.

മി. സ്പീക്കർ: അതെങ്ങനെയാണ്; കൃഷിക്കനുയോജ്യമല്ല എന്നുള്ളതിന് മാനദണ്ഡമെന്താണ്?

ശ്രീ. വി. ഡി. സതീശൻ: സർ, നമ്മുടെ ജലസംഭരണത്തിന്റെയും കൂടിയുള്ള പ്രധാനപ്പെട്ട പ്രശ്നമാണിത്. കേരളംപോലുള്ള ഒരു സംസ്ഥാനത്ത് ഇതിന്റെ terrain വളരെ അപകടത്തിലാണ്. മഴവെള്ളം മുഴുവൻ ഒഴുകിപ്പോകുകയാണ്. നെൽവയലുകളും തണ്ണീർത്തടങ്ങളും കൃഷിക്കനുയോജ്യമല്ലാത്ത സ്ഥലങ്ങൾപോലും സംരക്ഷിച്ചു നിർത്തേണ്ട പാരിസ്ഥിതികമായ ഒരു പ്രശ്നംകൂടി ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അത് മറന്നുകൊണ്ട് ഒരു ക്ലാസിഫിക്കേഷൻ ഉണ്ടാക്കിയാലുണ്ടാകുന്ന അപകടത്തെ കുറിച്ചുകൂടി അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടോ?

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഇൻഡ്യയിലെ വലിയ സിനിമാനടനായ അമിതാഭ് ബച്ചൻ രണ്ടു-മൂന്ന് വർഷങ്ങൾക്കുമുമ്പ് മഹാരാഷ്ട്രയിൽ ഭൂമി വാങ്ങാൻ പോയപ്പോൾ അദ്ദേഹം കൃഷിക്കാരനല്ലാത്തതുകൊണ്ട് കൃഷിഭൂമി വാങ്ങാൻ പാടില്ലെന്നു പറഞ്ഞു. അക്കാരണത്താൽ അദ്ദേഹത്തിന് അതിൽനിന്ന് ഒഴിയേണ്ടിവന്നു. ഈ ഗവൺമെന്റിനുമുൻപുള്ള ഗവൺമെന്റ് കൃഷിക്കാരന് മാത്രമേ കൃഷിഭൂമി വാങ്ങാൻ പറ്റുകയുള്ളൂ എന്നൊരു നിയമം കൊണ്ടുവരാമെന്ന പൊതുധാരണ ഈ സഭയിൽ കൊണ്ടുവന്നിരുന്നു. മഹാരാഷ്ട്രയിലും കർണ്ണാടകയിലും അങ്ങനെയൊരു പൊതുധാരണയുണ്ട്. അങ്ങനെയൊരു നിയമം കേരളത്തിലെ കൃഷിഭൂമി സംരക്ഷിക്കാൻ ആവശ്യമല്ലേ?

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ഭൂമാഫിയയാണ് ഇതിനിടയിൽ ആശങ്കയുണ്ടാക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഘടകം. പരിവർത്തനം ചെയ്യപ്പെട്ട ഭൂമി നിശ്ചിത വർഷത്തേയ്ക്ക് കൈമാറ്റം ചെയ്യാൻ പാടില്ലെന്ന ഏതെങ്കിലും ഒരു വ്യവസ്ഥ ഈ ബില്ലിൽ കൊണ്ടുവരാൻ കഴിയുമോ?

ശ്രീമതി യു. പ്രതിഭ ഹരി: സർ, ബഹുമാനപ്പെട്ട മന്ത്രിയോട് ഒരിക്കൽ ഞാൻ പറഞ്ഞതാണ്. ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ കുട്ടനാട് ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ നികത്തലുകൾ വ്യാപകമായിട്ടുണ്ട്. നിലമല്ലാതെ കൺവെർട്ട് ചെയ്യുന്ന സ്ഥലത്ത് പത്ത് വീടുകൾ ഒരു ഭാഗത്തുവന്നാൽ അവിടത്തെ ഇറിഗേഷൻ പർപ്പസ് ഇല്ലാതാകുന്നു. അങ്ങനെയാണ് വ്യാപകമായി കൺവെർട്ട് ചെയ്യപ്പെടുന്നത്. അഞ്ച് സെന്റ് ഭൂമി വാങ്ങിയിട്ട് പഞ്ചായത്ത് സമിതിയെ കണ്ടെത്തിയതിനുശേഷം വയ്ക്കുന്ന വീട് 50 ലക്ഷത്തിന്റെയും ഒരു കോടിയുടേയുമൊക്കെയാണ്. കുട്ടനാട്ടിൽ പരിശോധിച്ചാൽ മനസ്സിലാകും. ഭൂമി ഇല്ലാത്തവർക്കാണല്ലോ അഞ്ച് സെന്റും പത്ത് സെന്റും ഭൂമി കൊടുക്കുന്നത്. അവർ വയ്ക്കുന്ന വീടിന്റെ വാല്യുകൂടി പരിശോധിക്കണം. വ്യാപകമായ നികത്തലാണ് കുട്ടനാട് ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ നടക്കുന്നത്. അവിടെയൊക്കെ ഭൂമിക്ക് താങ്ങാൻ കഴിയാത്ത വലിയ വീടുകളാണ് സ്ഥിതി ചെയ്യുന്നത്. രണ്ടുവർഷംകൂടി കഴിഞ്ഞാൽ കുട്ടനാട്ടിലെ പ്രധാനപ്പെട്ട റോഡിന്റെ സൈഡിലുള്ള മുഴുവൻ നിലങ്ങളും നികത്തുന്ന അവസ്ഥയിലേയ്ക്കെത്തും. അതുകൂടി ഇതിന്റെ ഭാഗമായി ചർച്ച ചെയ്യേണ്ടതല്ലേ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, നിലം നികത്തുന്നതുമായി ബന്ധപ്പെട്ട് പ്രത്യേകിച്ച് കൃഷിയോഗ്യമല്ലാത്ത മേഖലകളിൽ വാസയോഗ്യമായ വീടുകൾ വയ്ക്കാൻ കഴിഞ്ഞുവെന്ന് വരാം. ഗവൺമെന്റിന്റെ വികസന ആവശ്യങ്ങൾക്കായി പലപ്പോഴും ഹൈവേ ഉൾപ്പെടെയുള്ള റോഡുകൾക്ക് സ്ഥലം വിട്ടുകൊടുത്ത് റോഡുനിർമ്മാണം പൂർത്തീകരിക്കാറുണ്ട്. അവിടെ ശേഷിക്കുന്ന ഭൂമി തുണ്ടുതുണ്ടായി നിലനിൽക്കും. ആ ഭൂമിയിൽ കൃഷിയിറക്കാനുള്ള സൗകര്യമുണ്ടാവില്ല. രണ്ടോമൂന്നോ സെന്റ് സ്ഥലമേ കാണുകയുള്ളൂ. അവിടെ ഒരു ചെറിയ കട നിർമ്മിച്ച് ഉപജീവനം നടത്താൻ സാധിക്കാതെ വഴിയോരത്ത് താമസിച്ചിരുന്ന പാവപ്പെട്ടവർ വഴിയാധാരമായ സംഭവവും കേരളത്തിന്റെ ചരിത്രത്തിലുണ്ട്. ഇതൊക്കെ പരിഹരിക്കപ്പെടേണ്ടതല്ലേ?

ശ്രീ. ഷാഫി പറമ്പിൽ: സർ, നമ്മൾ രണ്ടു സൈഡിൽനിന്നും സംസാരിക്കുമ്പോൾ പൊതുധാരണയിലെത്താവുന്ന പല ഘടകങ്ങളുമുണ്ടാകാം. എന്നാൽ നടപടികളിലേയ്ക്കും നിയമങ്ങളിലേയ്ക്കും ചട്ടങ്ങളിലേയ്ക്കും വരുമ്പോൾ ആ പൊതുധാരണയ്ക്കപ്പുറത്തേയ്ക്ക് കാര്യങ്ങൾ പോകുകയാണ്. ഇവിടെ ഞാൻ സൂചിപ്പിച്ച ഒരു കാര്യം, ഈ കമ്മിറ്റികൾക്ക് ലഭിക്കുന്ന അപേക്ഷകളിൽ സമയബന്ധിതമായി തീർപ്പുകല്പിക്കുക എന്നതാണ്. വർഷങ്ങൾ നീട്ടിക്കൊണ്ടുപോയി, സംസ്ഥാന അപ്പീൽ കമ്മിറ്റിക്ക് വന്ന് തീരുമാനത്തിന് കാത്തുനിന്ന്, കാസർഗോഡുള്ള ആളെ തിരുവനന്തപുരത്തേയ്ക്ക് ഹിയറിംഗിന് വിളിപ്പിച്ച് ഇങ്ങനെയുള്ള നടപടിക്രമങ്ങൾ അനന്തമായി നീണ്ടു പോകുകയാണ്. ഇവിടെ വന്ന നിർദ്ദേശങ്ങളൊക്കെ പരിഗണിക്കുമ്പോൾ കുറച്ചുകൂടി ഹോംവർക്ക് നടത്തി ഈ നിയമവുമായി മുന്നോട്ടുപോകുന്നതല്ലേ നല്ലതെന്ന്

സ്വാഭാവികമായും തോന്നിയേക്കാം. ഇവിടെ പറഞ്ഞ 3എ സംബന്ധിച്ച കാര്യം തന്നെ എടുക്കാം. 93833-ഓളം അപേക്ഷകർ ഉണ്ടായിരുന്നുവെന്നും അവർ ഫീസ് കൊടുത്ത് അപ്പീൽ ചെയ്തതാണെന്നും അതിൽ 56-ഓളം പേർക്ക് അനുകൂലമായ തീരുമാനമുണ്ടായെന്നും പറയുന്നു. 56 ആളുകൾക്ക് ലഭിച്ച ആനുകൂല്യം അർഹരായ ഞങ്ങൾക്ക് ലഭിച്ചില്ലെന്നുപറഞ്ഞ് നാളെ ആരെങ്കിലും കോടതിയിൽ ചെന്നാൽ ഈ നിയമം അവിടെ ചോദ്യം ചെയ്യപ്പെടുമോ എന്ന ആശങ്കകൂടി പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കൃഷിഭൂമി മുഴുവൻ നികത്തണമെന്നുള്ള അഭിപ്രായത്തോട്, ഭവന പദ്ധതികൾക്ക് സ്ക്വയർ ഫീറ്റിന്റെ കാര്യത്തിലുൾപ്പെടെയുള്ള സീലിംഗുകൾ നമുക്ക് വയ്ക്കാം, കൺവെർഷൻ മറ്റൊരാളുടെ പേരിലാക്കി ഭൂമി ട്രാൻസ്ഫർ ചെയ്യുന്നതിന് ഒരു പീരിയഡ് നിശ്ചയിക്കാം. ഇങ്ങനെയൊക്കെയുള്ള ഒരുപാട് നിർദ്ദേശങ്ങളുണ്ട്. അതൊക്കെ ഉൾക്കൊള്ളിച്ച് കുറച്ചുകൂടി ഹോംവർക്ക് ചെയ്ത് നമ്മൾ ഈ നിയമവുമായി മുന്നോട്ടുപോകുന്നത് നന്നായിരിക്കും. ബി.ടി.ആർ.-നെ സംബന്ധിച്ച് ഒരുപാട് ആളുകൾ സംസാരിച്ചതുകൊണ്ട് ഞാൻ ആവർത്തിച്ച് പറയാൻ ഉദ്ദേശിക്കുന്നില്ല. അൻപത് വർഷമായി പഴയ ഓലഷെഡ്ഡിൽ ചെറിയ തിയേറ്ററായി നിലനിന്നിരുന്ന സ്ഥലത്ത് ഒരു കാര്യം ചെയ്യാൻ ശ്രമിച്ചപ്പോൾ ബി.ടി.ആർ. രേഖകളിൽ നിലമെന്ന് സൂചിപ്പിച്ചിരിക്കുന്നുവെന്ന് ബഹുമാനപ്പെട്ട തൃത്താല അംഗം ഇവിടെ പറയുകയുണ്ടായി. പാലക്കാടും പരിസരപ്രദേശത്തെ പല സ്ഥലങ്ങളിലും പതിറ്റാണ്ടുകളായി വീടുവച്ച് പുരയിടവുമായി താമസിക്കുന്നവർക്കുപോലും ഈ ക്ലാസിഫിക്കേഷനിൽ നിലമെന്ന് എഴുതിക്കൊടുത്തിരിക്കുകയാണ്. അവർക്ക് അവിടെ ഒന്നും ചെയ്യാൻ കഴിയാത്ത സാഹചര്യമാണുള്ളത്. കൃഷിഭൂമി സംരക്ഷിക്കാൻ നമ്മൾ നടത്തുന്ന ശ്രമങ്ങൾക്ക് നടുവിലും കഷ്ടപ്പെടുന്നത് സാധാരണക്കാരനാകുമ്പോൾ നിയമത്തിന്റെ അന്തസ്സത്ത ചോദ്യം ചെയ്യപ്പെടുകയാണ്. വലിയ തോതിൽ കൺവെർഷൻ നടത്താൻ ആഗ്രഹിക്കുന്നവർ ലൂപ് ഹോളുകൾ തേടുമ്പോൾ പാവപ്പെട്ട സാധാരണക്കാരായ ആളുകളുടെമേലാണ് ഇത്തരം ഭാരമെല്ലാം ചെന്നുവീഴുന്നത്. അവന്റെ ഓരോ സ്വപ്നങ്ങളാണ് അവിടെ കരിയിച്ചുകളയുന്നത്. അവന്റെ വീട്, മക്കളുടെ വിവാഹം, മറ്റ് വരുമാനമാർഗ്ഗമെന്ന സ്വപ്നം ഇതൊക്കെയാണ് ഇല്ലാതാകുന്നത്. അത്തരം കാര്യങ്ങൾകൂടി പരിശോധിച്ച് ഇതുമായി മുന്നോട്ടുപോകുന്നതല്ലേ നല്ലതെന്ന് ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. മറ്റു രാഷ്ട്രീയ കാര്യങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല.

കിഫ്ബിയുമായി ബന്ധപ്പെട്ട പ്രസംഗത്തിനിടയിൽ ശ്രീ. ഉമ്മൻ ചാണ്ടിയെ ആവർത്തിച്ച് ആക്ഷേപിച്ചപ്പോൾ ആവേശത്തോടെ ഡസ്കിൽ കയ്യടിച്ചിരുന്ന ആളുകൾ ഇന്ന് ബില്ലിനെക്കുറിച്ചും സബ്ജക്ട് ഓറിയന്റഡായിട്ടുള്ള വിഷയങ്ങളെ കുറിച്ചും മാത്രം സംസാരിക്കണമെന്ന് പറയുകയാണ്. അന്ന് ബില്ലിനെ പറ്റി പ്രസംഗിക്കാതെ ഇന്ന് തിരിച്ചുപറയുമ്പോൾ ഒരു കാര്യം പറയാതിരിക്കാൻ നിർവ്വാഹമില്ല.

തണ്ണീർത്തടങ്ങളെക്കുറിച്ച് സംസാരിക്കുമ്പോൾ രാജ്യത്ത് കണ്ണീർത്തടങ്ങൾകൂടി സൃഷ്ടിക്കപ്പെടുന്നുണ്ടെന്ന് സൂചിപ്പിക്കാതിരിക്കാൻ കഴിയില്ല. ഇതുമാത്രം പറഞ്ഞ് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്. രാജ്യംഭരിക്കുന്ന ഗവൺമെന്റിന്റെ ജനാധിപത്യ പ്രസ്ഥാനങ്ങളോടും ജനാധിപത്യ പ്രവർത്തനങ്ങളോടുമുള്ള സമീപനത്തെ സംബന്ധിച്ച് സഭയിൽ എപ്പോഴെങ്കിലും ഒരു ചർച്ച അനിവാര്യമായി വരുമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. എം. സ്വരാജ്</u>: സർ, അങ്ങ് അവസാനം സൂചിപ്പിച്ചത് വളരെ പ്രസക്തമായ കാര്യമാണ്. ഈ അവസരത്തിൽ അത് സൂചിപ്പിക്കാൻ തയ്യാറായതുകൊണ്ട് ഞാൻ ബഹുമാനപ്പെട്ട മെമ്പറോട് ചോദിക്കുകയാണ്, കഴിഞ്ഞ ദിവസം ആര്യനാട്ടുണ്ടായ പുതിയതെന്ന് ലോകവും നമ്മളും കരുതുന്ന എന്നാൽ കുറെക്കാലമായിട്ടുള്ള, ആ ബാന്ധവത്തെക്കുറിച്ചുകൂടി അങ്ങ് അഭിപ്രായം പറഞ്ഞാൽ നന്നായിരിക്കും.

<u>ശ്രീ. ഷാഫി പറമ്പിൽ</u> : സർ, കെ.എസ്.യു.-വിന്റെ പേരിൽ അത്തരം ഒരു സംവിധാനം ഒരു കാരണവശാലും അംഗീകരിക്കില്ല. അത് പറയാൻ മടിയില്ല. ഞാനുൾപ്പെടെയുള്ള ആളുകൾ അതിൽ കൃത്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. ഞാൻ കൺക്ലൂഡ് ചെയ്യാം.

<u>മി. സ്പീക്കർ</u>: അങ്ങ് രാജ്യത്തെ സംബന്ധിച്ച പ്രശ്നമല്ലേ പറഞ്ഞു കൊണ്ടിരുന്നത്.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, അതെ. രാജ്യത്തെ ജനാധിപത്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് കേന്ദ്ര ഗവൺമെന്റ് തന്നെ നേതൃത്വം കൊടുക്കുന്ന കാഴ്ച. ഒരു പട്ടാളക്കാരൻ ആത്മഹത്യ ചെയ്തതുമായി ബന്ധപ്പെട്ട് അദ്ദേഹത്തിന്റെ അച്ഛന്, മകനെ കാണാൻ ദേശീയ പ്രസ്ഥാനത്തിന്റെ, പ്രതിപക്ഷകക്ഷിയുടെ ഉപാദ്ധ്യക്ഷൻ നേരിട്ട് ചെല്ലുമ്പോൾ, രണ്ടുദിവസംകൊണ്ട് മൂന്നുതവണ ഡീറ്റെയിൻ ചെയ്യുന്ന ജനാധിപത്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് കേന്ദ്രസർക്കാർ നേതൃത്വം നൽകുന്നത് അക്ഷന്തവ്യമായ ഒരു പ്രവർത്തനശൈലിയാണെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. ഒരു മാസമായി ജെ.എൻ.യു.-വിലെ ഒരു വിദ്യാർത്ഥിയെ കാണാതായതിനെ സംബന്ധിച്ച് അമ്മ കൊടുത്ത പരാതിക്ക് പുല്ലുവില കൽപ്പിച്ച് അതിനെപ്പറ്റി അന്വേഷിക്കാൻ തീരുമാനമെടുക്കാതെ ആ നടപടിക്ക് കാരണക്കാരായ വിദ്യാർത്ഥികളെ ജെ.എൻ.യു.-വിൽ നിന്നും പുറത്താക്കാൻപോലും തയ്യാറാകാതെ വൈസ് ചാൻസലർ ഉൾപ്പെടെയുള്ളവർ കേന്ദ്ര ഗവൺമെന്റിന്റെ ആജ്ഞാനുവർത്തികളായി പ്രവർത്തിച്ച് എന്റെ മകനെവിടെയെന്ന് ചോദിച്ച മാതാവിനെ തെരുവിലൂടെ വലിച്ചിഴച്ചുകൊണ്ടുപോകുന്ന അവസ്ഥയിലേയ്ക്ക് ഇന്ത്യാരാജ്യത്തെ ഭരണകൂടം മാറുന്നത് ആദ്യം ചോദ്യംചെയ്യേണ്ട സംസ്ഥാനം കേരളം തന്നെയാണെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ഇപ്പോൾ തങ്ങൾക്ക് ഇഷ്ടമില്ലാത്ത ചാനലുകളെ ബ്ലാക്ക് ഔട്ട് ചെയ്യാൻ തീരുമാനിച്ചിരിക്കുകയാണ്.

എൻ.ഡി. ടി.വി.-യുടെ ബന്ധപ്പെട്ട വിഷയം ഇന്നലെ കോടതിയിൽ വന്നപ്പോൾ അത് തൽക്കാലം നിർത്തിവയ്ക്കാൻ തീരുമാനിച്ചു. അമേരിക്കൻ പ്രസിഡന്റിന്റെ ഇലക്ഷൻ റിസൾട്ടുമായി ബന്ധപ്പെട്ട ദിവസങ്ങളിൽ ആ ചാനൽ പ്രവർത്തിക്കരുതെന്ന് പറയുന്നു. ഭോപ്പാൽ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ നടക്കുന്നത് വളരെ pre-determined ആയിട്ടുള്ള കാര്യങ്ങളാണ്. 32 അടി ഉയരമുള്ള മതിലിൽ തുണി കെട്ടി, വ്യത്യസ്ത സെല്ലുകളിൽ കിടക്കുന്ന 8 തടവുകാർ ഒന്നിച്ച് എങ്ങനെ പുറത്തിറങ്ങി; ഒരു ആയുധംപോലുമില്ലാതെ ഒരുമിച്ചുനടന്നവരെ പോലീസ് ക്യാമറയിൽ പകർത്തുന്ന തരത്തിൽ വെടിവച്ച് കൊല്ലുന്ന ദൃശ്യങ്ങളുടെ ഒറിജിനാലിറ്റി, ഇതുസംബന്ധിച്ച് ചോദ്യം ചോദിക്കുമ്പോൾ ആ ചോദിക്കുന്ന ചാനലുകൾക്കെതിരെ നടപടിയെടുക്കുന്ന അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ പോകുന്നു. സംപ്രേക്ഷണം നിർത്തിവയ്ക്കാൻ ഓർഡറിടുന്നു. അതിന് പറയുന്ന ന്യായീകരണങ്ങൾ വേറെയാണ്. അതേ തെറ്റ് ചെയ്യുന്ന മറ്റ് പല ചാനലുകളെ വെറുതെ വിടുകയാണ്. എതിർശബ്ദങ്ങളെ മുഴുവൻ തച്ചുടയ്ക്കുന്ന, ഫാസിസ്റ്റ് ശൈലിയെ പുൽകി ആരും എതിരഭിപ്രായം പറയാനും ചോദ്യങ്ങൾ ചോദിക്കാനും വാർത്ത കൊടുക്കാനും പാടില്ലെന്ന നിലപാടാണ് ഭരണകൂടത്തിനുള്ളത്.

ശ്രീ. മുഹമ്മദ് മുഹസിൻ. പി.: സർ, ജെ.എൻ.യു.-വിലെ മുജീബ് എന്ന വിദ്യാർത്ഥിയെ ക്രൂരമായി മർദ്ദിച്ച ഫാസിസ്റ്റ് ശക്തികളുടെ ആളുകളായ എ.ബി.വി.പി.-യുടെ കൂടെ സഖ്യത്തിൽ നിന്നുകൊണ്ട് കെ.എസ്.യു. മത്സരിച്ചത് താങ്കളുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; അതുപോലെ തന്നെ അരുണാചൽപ്രദേശിൽ കോൺഗ്രസ്സുകാർ ഒന്നിച്ച് ബി.ജെ.പി.-യിലേയ്ക്ക് പോയതും താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിനെ കുറിച്ച് താങ്കളുടെ അഭിപ്രായം എന്താണ്?

ശ്രീ. ഷാഫി പറമ്പിൽ: സർ, ബി.ജെ.പി.-യുമായും ആർ.എസ്.എസ്.-മായും കൂട്ടുകൂടിയവരുടെ ചരിത്രത്തെക്കുറിച്ച് ഈ സഭയിൽ നമുക്ക് വേറൊരു ചർച്ച നടത്താം. ഒരു സഖാവിനെ കൊന്ന കേസിലെ പ്രതിയുടെ പേരും അച്ഛന്റെ പേരും മാറ്റി ഈ സഭയിൽ കൊണ്ടുവന്നവരുടെ ചരിത്രം നമുക്ക് പറയേണ്ടിവരും. അത്തരം ചർച്ചയിലേയ്ക്ക് ഞാൻ കടക്കുന്നില്ല. യോജിക്കേണ്ട മേഖലയിൽ യോജിച്ച് മുന്നോട്ടുപോകേണ്ടത് ഈ കാലഘട്ടത്തിന്റെ അനിവാര്യതയാണ്.

മി. സ്പീക്കർ: ശ്രീ. ഷാഫി പറമ്പിൽ, അങ്ങ് ഇന്ത്യൻ ജനാധിപത്യത്തിന്റെ ഏറ്റവും അപമാനകരമായ അനുഭവങ്ങളെക്കുറിച്ച് ഈ സഭയുടെ ശ്രദ്ധയിൽ നല്ല നിലയിൽ കൊണ്ടുവരികയായിരുന്നു. അതിനിടയിൽ അങ്ങ് ഈ പ്രകോപനങ്ങൾക്ക് വഴങ്ങാൻ പാടില്ലായിരുന്നു.

ശ്രീ. ഷാഫി പറമ്പിൽ: സർ, അത് പറയാൻ ശ്രമിക്കുമ്പോൾ അതിനിടയിൽ ഇടപെടലുണ്ടായി. അങ്ങ് ഒരു യുവജനപ്രസ്ഥാനത്തിന്റെ ദേശീയ നേതാവായി പ്രവർത്തിച്ചിട്ടുള്ള ആളാണ്. ഒരു ചെറുപ്പക്കാരൻ എവിടെയെന്ന് സ്വന്തം അമ്മ ചോദിക്കുമ്പോൾ അതിനെതിരെ ശബ്ദമുയർത്തുകയാണ്.

മി. സ്പീക്കർ: മുജീബിന്റെ അമ്മയ്ക്കുണ്ടായ അനുഭവം നമ്മുടെ ജനാധിപത്യത്തിന്റെ കറുത്ത അദ്ധ്യായത്തിൽ ഒന്നാണ്. അതിൽ യാതൊരു സംശയവുമില്ല. അത്തരം കാര്യത്തെക്കുറിച്ച് പറയുന്നതിൽ യാതൊരു തെറ്റുമില്ല. അത് പറഞ്ഞവസാനിപ്പിക്കു.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഞാൻ ഇനി വഴങ്ങുന്നില്ല. അത്തരം കാര്യങ്ങളെ സംബന്ധിച്ച് പറയുമ്പോൾ, പ്രാദേശികമായി ഒരിക്കലും ഒരു പ്രസ്ഥാനം എടുക്കാത്ത തീരുമാനത്തിലേയ്ക്ക് ചർച്ച കൊണ്ടുവരാൻ ശ്രമിക്കുന്നതും കോമണായി എന്ത് കാര്യം സൂചിപ്പിച്ചാലും കഴിഞ്ഞ ഗവൺമെന്റിന്റെ ഭാഗത്തേയ്ക്ക് ചർച്ച ഒതുക്കുന്നതും സ്വന്തം വീട്ടിലെ കുട്ടി അച്ഛനോട് കഞ്ഞി എവിടെയെന്ന് ചോദിക്കുമ്പോൾ അടുത്ത വീട്ടിലെ ചേട്ടൻ ജോലിക്ക് പോയിട്ടില്ലെന്ന് മറുപടി പറയുന്നതുപോലുള്ള ഏർപ്പാടായിപ്പോകും. അതല്ല നമുക്കാവശ്യം. ഈ ജനാധിപത്യവിരുദ്ധ പ്രവർത്തനങ്ങളെ ശക്തിയുക്തം എതിർക്കേണ്ടതും ചെറുക്കേണ്ടതും അത്തരം പ്രവണതകളെ നേരിടേണ്ടതുമുണ്ട്. സാധാരണക്കാരനെ മനസ്സിൽ കണ്ടുകൊണ്ടുള്ള നിയമനിർമ്മാണങ്ങളും നടപടികളുമായി മുന്നോട്ടുപോകാൻ സഭയും ഗവൺമെന്റും ശ്രദ്ധിക്കണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

2.00 PM]

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, 3എ വകുപ്പ് പിൻവലിക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ മൂന്ന് മണിക്കൂർ നീണ്ട ചർച്ചയാണ് ഇവിടെ നടന്നത്. ആ ചർച്ചയിൽ നിയമവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരാമർശിക്കുകയും എന്നാൽ അതുമായി പുലബന്ധം പോലുമില്ലാത്ത ധാരാളം കാര്യങ്ങൾ വിശദീകരിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. രേഖകൾ പരിശോധിച്ചാൽ എല്ലാവർക്കും അത് മനസ്സിലാകും. ഇവിടെ ഭരണ-പ്രതിപക്ഷത്തുനിന്ന് സംസാരിച്ച അംഗങ്ങൾ മുന്നോട്ടുവച്ച ചില നിർദ്ദേശങ്ങൾ തീർച്ചയായും സ്വീകാര്യമാണ്. അത്തരം കാര്യങ്ങളെക്കുറിച്ച് തർക്കമില്ല. 3എ വകുപ്പ് പിൻവലിക്കാനുള്ള കാരണമെന്താണെന്ന് വിശദീകരിക്കാനുള്ള സമയമാണ് എനിക്ക് വേണ്ടത്. ആർക്ക് എന്ത് അഭിപ്രായമുണ്ടെങ്കിലും അതിനുശേഷം മറുപടി പറയും. സംസാരിക്കുന്നതിനിടയിൽ മെമ്പർമാർ വഴങ്ങണമെന്ന് ആവശ്യപ്പെട്ടാൽ ഞാൻ വഴങ്ങില്ല. വിഷയത്തിന്റെ/പ്രശ്നത്തിന്റെ ന്യായാന്യായങ്ങൾ പരിശോധിക്കുകയാണല്ലോ ഒരു നിയമസഭയുടെ വേദിയിൽ ചെയ്യേണ്ടത്. എന്നാൽ ഒരുപാട് കാര്യങ്ങൾ പറയുകയും പരസ്പരവിരുദ്ധമായി കാര്യങ്ങൾ അവതരിപ്പിക്കുകയും ചെയ്യുന്ന ധാരാളം അനുഭവങ്ങൾ ഇവിടെയുണ്ടായിട്ടുണ്ട്. ഒരനുഭവം കണ്ടപ്പോൾ ഇങ്ങനെയാണോ നിയമനിർമ്മാണം നടക്കുക എന്ന് അത്ഭുതപ്പെട്ടു. അതുകൊണ്ട് ആദ്യം, ഈ വിഷയവുമായി ബന്ധപ്പെട്ട വിശദീകരണം നൽകാനാണ് ഞാൻ ഉദ്ദേശിക്കുന്നത്. അതിനുശേഷം അംഗങ്ങൾ ചോദിക്കുന്ന അഭിപ്രായങ്ങൾക്ക് മറുപടി പറയാം. പക്ഷേ അതിനിടയിൽ വഴങ്ങുന്ന വിഷയമില്ല. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ബഹുമാന്യനായ വി. ഡി. സതീശനും കഴിഞ്ഞ സഭയിലുണ്ടായിരുന്ന ആളുകളും 3 എ വകുപ്പ് വന്നപ്പോൾ അതിനെക്കുറിച്ച് അന്ന് പറഞ്ഞ കാര്യങ്ങളൊക്കെ എന്റെ കയ്യിലുണ്ട്. അതൊക്കെ രേഖയിൽനിന്നും കിട്ടിയതാണ്. അന്നതിനെ എതിർത്തവർ ഇവിടെയുണ്ട്. ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് അന്ന് അതിനോട് ശക്തിയായ എതിർപ്പായിരുന്നു. ആ നിയമം എങ്ങനെയാണ് വന്നതെന്ന് എല്ലാവർക്കുമറിയാം. ഫിനാൻസ് ബില്ലിന്റെ ഭാഗമായി ബഹുമാന്യനായ മാണി സാറാണ് ഇത് കൊണ്ടു വന്നത്. അന്ന് അതിനെ നിയമപരമായി ചോദ്യം ചെയ്യലും ഇത് നിലനിൽക്കുമോയെന്ന് ചോദിച്ചതും ബഹുമാന്യനായ വി. ഡി. സതീശനായിരുന്നു. ഈ നിയമം വന്നാലുണ്ടാകുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് ആശങ്ക രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ബഹുമാന്യനായ ഷാഫി പറമ്പിൽ സംസാരിച്ചപ്പോൾ ഇത്തരമൊരവസ്ഥ അനിയന്ത്രിതമായി വന്നാലുണ്ടാകുന്ന ദോഷത്തെക്കുറിച്ചും നിലങ്ങളെല്ലാം നികത്തപ്പെടുമ്പോഴുണ്ടാകുന്ന ആശങ്കയെക്കുറിച്ചും മഴവെള്ളം ഭൂമിയിൽ ഇറങ്ങാതെ പോയാലുണ്ടാകാവുന്ന പ്രശ്നങ്ങളെക്കുറിച്ചും ഇവിടെ ചൂണ്ടിക്കാണിച്ചു. 3 എ സെക്ഷൻ വരുന്നതിനുമുമ്പുള്ള അവസ്ഥ എല്ലാവർക്കുമറിയാം. 2008-ലാണ് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വന്നത്. 1970-നു മുമ്പ് 20 ലക്ഷത്തോളം ഹെക്ടർ സ്ഥലത്ത് നെൽകൃഷിയുണ്ടായിരുന്നത് ഇപ്പോൾ 8 ലക്ഷമായി ചുരുങ്ങി. പിന്നീടങ്ങോട്ട് നിലംനികത്തൽ തുടർന്നു. 2008 ആയപ്പോൾ കേവലം 2 ലക്ഷത്തിചില്വാനം കൃഷിഭൂമി മാത്രം അവശേഷിച്ചു. യാതൊരു കാരണവശാലും നെൽവയലുകളും തണ്ണീർത്തടങ്ങളും നികത്താൻ പാടില്ലെന്നും അതിനെ ശക്തമായി തടയണമെന്നുമുള്ളതിന്റെ അടിസ്ഥാനത്തിലാണ് ഈ നിയമം ഇവിടെ കൊണ്ടുവന്നത്. ഇതിനെ സംബന്ധിച്ചുള്ള ചർച്ചകളും തീരുമാനങ്ങളും അങ്ങനെയായിരുന്നുവെന്ന് എല്ലാവർക്കുമറിയാം. അതിനുശേഷം സംഭവിച്ച കാര്യങ്ങൾ ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്. ഇപ്പോൾ 185000 ഹെക്ടർ നെൽവയലുകൾ മാത്രം അവശേഷിക്കുന്നുവെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. അതിനർത്ഥം 2008-നുശേഷവും നിലം നികത്തപ്പെട്ടു എന്നാണ്. വർഷങ്ങളായി നികത്തിയിട്ടുള്ള ഭൂമിയുണ്ട്. അതിന്റെ വിഷയം വേറെയാണ്, അവിടെ ചില വിഷയങ്ങൾ സ്വീകരിച്ചേ മതിയാകൂ. അതിലൊന്നും തർക്കമില്ല. 2008-ൽ നിലമായിരുന്ന ഭൂമിപോലും അതിനുശേഷം നികത്തപ്പെട്ട സാഹചര്യത്തിൽ, 2008-നുമുമ്പ് നികത്തിയ ഭൂമികൾ റെഗുലറൈസ് ചെയ്യാനെന്ന പേരിൽ 2015-ൽ കൊണ്ടുവന്ന നിയമത്തിൽ 2008-നുമുമ്പ് നികത്തിയതുമാത്രമല്ല 2008-നുശേഷം നികത്തിയതിനേയും റെഗുലറൈസ് ചെയ്യാനുള്ള എല്ലാ സാദ്ധ്യതയുമുണ്ട്. അതിനുള്ള നീക്കമുണ്ടായിരുന്നുവെന്നത് ഒരു വസ്തുതയാണ്. യാതൊരു കാരണവശാലും 3 എ വകുപ്പ് അങ്ങനെ നിലനിന്നു പോകുന്നത് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ ഉദ്ദേശ ശുദ്ധിക്ക് ഗുണകരമല്ല എന്നുള്ളതാണ്.

അതുകൊണ്ടാണ് എൽ.ഡി.എഫ്. ഇതിനെ എതിർത്തതും എൽ.ഡി.എഫ്.-ന്റെ പ്രകടനപത്രികയിലൂടെ ഇക്കാര്യങ്ങൾ പറഞ്ഞതും ഇപ്പോൾ ഈ ഗവൺമെന്റിന്റെ ഭാഗമായി ഇത്തരമൊരു ഭേദഗതി കൊണ്ടുവരാൻ ഇടയായതും. യുണൈറ്റഡ് നേഷൻസ് അസംബ്ലിയുടെ 64-ാമത് റിപ്പോർട്ടിൽ, 2050 ആകുമ്പോൾ ലോക ജനസംഖ്യ 9.1 ബില്ല്യൻ: ഇന്നുള്ളതിനേക്കാൾ 34 ശതമാനം കൂടുമെന്നാണ് പറഞ്ഞിട്ടുള്ളത്. അത്തരമൊരു സാഹചര്യത്തിൽ ഭക്ഷ്യോല്പാദനം ഇന്നുള്ളതിന്റെ ഇരട്ടിയെങ്കിലുമായാലേ നമുക്ക് നിലനിൽക്കാൻ കഴിയൂ എന്ന് വളരെ കൃത്യമായി യുണൈറ്റഡ് നേഷൻസിന്റെ റിപ്പോർട്ടിൽ പറയുന്നു. അങ്ങനെയുള്ള തീരുമാനംകൂടി വന്ന സാഹചര്യത്തിൽ, ഉള്ളതുപോലും നികത്തുന്ന ഒരു സാഹചര്യവും 2008-നുശേഷം നികത്തിയ നിലം റെഗുലറൈസ് ചെയ്യുന്ന സ്ഥിതിയും ഉണ്ടായാൽ അതിനെ ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയില്ല. ഇവിടെ ചോദിച്ച ചോദ്യങ്ങൾ എനിക്ക് അത്ഭുതകരമായി തോന്നി, ബഹുമാന്യ മെമ്പർമാർ ഉന്നയിച്ച ഒരു കാര്യം, എന്താണ് 56 പേർക്കുമാത്രം ഇത് കൊടുത്തത്; 56 പേർക്കുമാത്രം കൊടുത്തപ്പോൾ താങ്കൾക്കോ താങ്കളുടെ പാർട്ടിക്കോ ആർക്കെങ്കിലും എന്തെങ്കിലുമുണ്ടായി എന്നുപറയുന്നില്ല എന്ന് പറഞ്ഞിട്ടാണെങ്കിലും അത്തരമൊരു അഭിപ്രായംകൂടി മെമ്പർ സൂചിപ്പിക്കുകയുണ്ടായി. ജൂലൈ മാസത്തിലാണ് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ആദ്യ ബഡ്ജറ്റ് അവതരിപ്പിച്ചത്. ആ വേളയിലാണ് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി 3എ പിൻവലിക്കുമെന്ന് ഈ സഭയിൽ പറഞ്ഞത്. അതിനുമുമ്പാണ് ഇത് കൊടുത്തത്. അതുകൊണ്ട് കാര്യങ്ങൾ മനസ്സിലാകുമല്ലോ? ഇത് ഏതെങ്കിലും തരത്തിൽ പ്രത്യേകിച്ച് ഇത്ര ആളുകൾക്ക് എന്തുകൊണ്ട് കൊടുത്തു; ബാക്കിയുള്ളവർക്ക് എന്തുകൊണ്ട് കൊടുത്തില്ല എന്നുംമറ്റുമുള്ള വാദമുണ്ട്. മറ്റൊന്ന്, 93088 അപേക്ഷയുള്ളപ്പോൾ 26 പേർക്ക് 26 ഹെക്ടർ മാത്രം കൊടുക്കുന്നു. മറ്റുള്ളവർക്ക് അവകാശമില്ലേ എന്ന വാദമാണ് ഇവിടെ ഉന്നയിച്ചത്. ഇതൊക്കെ പരിശോധിച്ചുകൊണ്ട്, 26 പേർക്ക് കൊടുത്തത് അതിനു മുമ്പാകുമ്പോൾ അതെങ്ങനെയാണെന്നുള്ളത് ഉറപ്പല്ലേ; സാധാരണഗതിയിൽ ജില്ലാ കളക്ടറേറ്റിൽ കിട്ടുന്ന അപേക്ഷ താലൂക്കിലേയ്ക്കും താലൂക്കിൽനിന്നും വില്ലേജിലേയ്ക്കും അയയ്ക്കും. വില്ലേജുകളിലേയ്ക്ക് അയച്ചുകഴിഞ്ഞാൽ ഈ അപേക്ഷ സംബന്ധിച്ച് ഓരോ സ്ഥലത്തും പരിശോധന നടത്തണം, സൈറ്റ് ഇൻസ്പെക്ഷൻ നടത്തണം. അതിന്റെ പരിശോധനാ നടപടികൾ പൂർത്തിയാകുന്നതിനിടയിലാണ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി യാതൊരു കാരണവശാലും ഇതിന്റെ അടിസ്ഥാനത്തിൽ റെഗുലറൈസേഷൻ പാടില്ല എന്ന് നിർദ്ദേശിച്ചത്. അത് കോടതിയുടെ ഉത്തരവാണ്. ഫൈനൽ ഡാറ്റാ ബാങ്ക് എങ്ങനെയായിരിക്കണം എന്നതിനെക്കുറിച്ച് വ്യവസ്ഥയുണ്ട്. നമ്മുടെ തീരുമാനത്തിൽ തന്നെ ആദ്യം 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ പറയുന്നത്,

ശാസ്ത്രീയമാർഗ്ഗത്തിലൂടെ എല്ലാ സാങ്കേതിക വിദ്യകളും ഉപയോഗിച്ചുകൊണ്ടുള്ള പരിശോധന നടത്തി ഡാറ്റാ ബാങ്ക് നിർണ്ണയിക്കുമെന്നാണ്. മൂന്ന് മാസമെന്നാണ് അന്ന് പറഞ്ഞത്. എന്നാൽ അത് പ്രായോഗികമല്ലെന്നുള്ളത് ഒരു വസ്തുതയാണ്. അതിൽ പരസ്പരം ആരും കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. 2008-ന് ശേഷം രണ്ട്-രണ്ടരവർഷം ആ ഗവൺമെന്റും അടുത്ത അഞ്ചുവർഷം യു.ഡി.എഫ്. ഗവൺമെന്റും ഭരിച്ചതാണ്. രണ്ടുപേർക്കും ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല. ആരും ആരേയും കുറ്റപ്പെടുത്തി പറയുകയല്ല. ഈ 8 വർഷം കഴിഞ്ഞിട്ടും ശാസ്ത്രീയമായി ഡാറ്റാ ബാങ്ക് നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല. ഇവിടെ ഉണ്ടാക്കിയ ഡാറ്റാ ബാങ്കുകളുടെ കാര്യത്തെക്കുറിച്ചാണെങ്കിൽ ഭരണപക്ഷത്തുള്ളവർക്കും പ്രതിപക്ഷത്തുള്ളവർക്കും ഒരേ അഭിപ്രായമാണ്. ആ ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള സമീപനങ്ങൾ ഒരു കാരണവശാലും നമുക്ക് അംഗീകരിക്കാൻ കഴിയുന്നതല്ല. അത് വളരെ പെട്ടെന്ന് പഞ്ചായത്തിൽ പ്രാദേശികമായ പരിശോധനകളൊന്നും നടത്താതെ കണക്കുകൾ ഉണ്ടാക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആ ഡാറ്റാ ബാങ്കിന്റെ കരട് പ്രഖ്യാപിക്കുകയും തുടർന്ന് നോട്ടിഫിക്കേഷൻ നടത്തുകയും അത് നിലവിൽ കൊണ്ടുവരാൻ ശ്രമിക്കുകയുമാണ് ചെയ്തത്. അത് വച്ചുകൊണ്ട് ഒന്നും സാധ്യമല്ലെന്ന് പരിശോധിച്ചവരൊക്കെ പറയുകയാണ്. പരിശോധിച്ച സ്ഥലങ്ങളിൽ തണ്ണീർത്തടങ്ങളും വയലുകളുമൊക്കെ നികത്തപ്പെട്ട ഭൂമിയായും എന്നാൽ വർഷങ്ങൾക്കുമുമ്പ് കരഭൂമി ഉൾപ്പെടെയുള്ളവ തണ്ണീർത്തടങ്ങളായും അതിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

സാറ്റലൈറ്റ് സർവ്വേ സംബന്ധിച്ച് വളരെ വിശദമായി രണ്ടുതവണ ഇവിടെ ആലോചനകൾ നടന്നു. കൃഷി വകുപ്പുമന്ത്രി മുൻകയ്യെടുത്ത്, ധനകാര്യ വകുപ്പുമന്ത്രിയുമായി ആലോചിച്ച്, ഞങ്ങളെല്ലാവരുംചേർന്ന് കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്ററുമായി ചർച്ച നടത്തി അതിനാവശ്യമായ സാമ്പത്തിക സഹായം ചെയ്യുമെന്ന് ഇവിടെ ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചതാണ്. അതിന്റെ അടിസ്ഥാനത്തിൽ ആദ്യമായി യോഗം ചേർന്നു. അതിനുശേഷം അവർ റിപ്പോർട്ട് ചെയ്ത രണ്ട് വില്ലേജുകളുടെ കാര്യം സംബന്ധിച്ച് റവന്യൂ വകുപ്പുമന്ത്രിയുടെ ഓഫീസിൽ വീണ്ടും യോഗം ചേർന്ന് പരിശോധനകൾ നടത്തി. അപ്പോൾ മനസ്സിലായ ഒരു കാര്യം വളരെ പെട്ടെന്ന്, അഞ്ചോ ആറോ മാസം കൊണ്ട് പൂർത്തീകരിക്കാൻ കഴിയുന്ന ഒന്നല്ല ഇത്. ഒരുപാട് സംവിധാനങ്ങളോടുകൂടി പ്രവർത്തനങ്ങൾ നീക്കിയാൽത്തന്നെ ഏറ്റവും ചുരുങ്ങിയത് ഒരു വർഷമെങ്കിലും വേണ്ടിവരുമെന്നുള്ളതാണ്. അപ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞത് ഫൈനൽ ഡാറ്റാ ബാങ്ക് വന്നതിനു ശേഷമേ റെഗുലറൈസേഷൻ പാടുള്ളൂവെന്നാണ്. ഫൈനൽ ഡാറ്റാ ബാങ്ക് വരാതെ നിലവിലിരിക്കുന്ന ഡാറ്റാ ബാങ്ക് വച്ചുകൊണ്ട് റെഗുലറൈസേഷൻ പാടില്ല. ഇവിടെ ചോദിച്ചത് 26 പേർക്ക് അല്ലെങ്കിൽ 56 പേർക്ക് എങ്ങനെ കിട്ടിയെന്നാണ്. നിലവിൽ അന്നുണ്ടായിരുന്ന ഒരു നിയമത്തിന്റെ അടിസ്ഥാനത്തിൽ അതിന്

അപേക്ഷ ക്ഷണിക്കുകയും അത് പരിശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ അന്നത്തെ ഗവൺമെന്റ് തീരുമാനിക്കുകയും ചെയ്തിട്ടുണ്ടാകും. ആ നിയമം ഇല്ലാതാകുന്നതോടു കൂടി അവശേഷിക്കുന്ന 93088 പേർക്ക് അതിന് അവകാശമുണ്ടെന്ന് പറയുന്നതിൽ അർത്ഥമില്ല. അതിന് ഒരു ന്യായീകരണവുമില്ല. ഇവിടെ വിവേചനത്തിന്റെ വിഷയമില്ല. പിന്നീട് നെൽവയൽ ഉണ്ടാകില്ല. നെല്ല് എന്താണെന്നും നെല്ലിനകത്തുള്ളതാണ് അരിയെന്നും ആ അരിയാണ് നമ്മൾ കഴിക്കുന്ന ഭക്ഷണമെന്നും നമ്മുടെ കുട്ടികൾക്ക് ഇനി പറഞ്ഞുകൊടുക്കണമെങ്കിൽ എവിടെയെങ്കിലും കൊണ്ടുപോയി കാണിക്കണം. വയലുകൾ എന്താണെന്ന് അവർക്കറിഞ്ഞുകൂടാ. വയലുകൾ ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. ചെളി എന്താണെന്ന് അറിഞ്ഞുകൂടാ. ലാബിൽ കൊണ്ടുപോയി കാണിച്ചുകൊടുക്കേണ്ടിവരും. എന്നുപറഞ്ഞാൽ കാഴ്ചബംഗ്ലാവിൽ പോയാൽമാത്രം കാണുന്ന വസ്തുക്കളായി നെല്ലും അരിയുമൊക്കെ മാറുന്ന ഒരവസ്ഥ കേരളത്തിൽ വരാൻ പോകുകയാണ്. ഇതൊക്കെ ഇല്ലാതാകാൻ പോകുകയാണ്. അതിനെയൊക്കെ പ്രതിരോധിക്കുന്നതിനുവേണ്ടിയുള്ളതാണിത്. ഇപ്പോഴും നികത്തലുകൾ നടത്തിക്കൊണ്ടിരിക്കുകയാണെങ്കിൽ യാതൊരു വിട്ടുവീഴ്ചയുമില്ലാതെ അക്കാര്യത്തിൽ തീരുമാനമെടുക്കണമെന്നതിൽ സംശയമില്ല.

ബഹുമാനപ്പെട്ട എ. പ്രദീപ് കുമാർ, എം.എൽ.എ. ചൂണ്ടിക്കാണിച്ച കോട്ടൂളി തണ്ണീർത്തടം സംബന്ധിച്ച് വിശദമായി സർവ്വേ നടത്തുന്നതിന് തുടർനടപടികൾ സ്വീകരിച്ചു. അത് സംരക്ഷിക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. സർവ്വേ നടപടികൾ പുരോഗമിക്കുകയാണ്. സബ്കളക്ടറെ പ്രത്യേകമായി ചുമതലപ്പെടുത്തിയിട്ടുണ്ട്. കുറച്ച് മണ്ണ് അതിനകത്ത് ഇട്ടിട്ടുണ്ട്. അവശേഷിക്കുന്നിടത്ത് മണ്ണിടാൻ പിന്നീട് സമ്മതിച്ചിട്ടില്ല. തീർച്ചയായും അത്തരം വിഷയങ്ങളിൽ ഗവൺമെന്റ് സജീവമായി ഇടപെടും. ഈ ഗവൺമെന്റ് വന്നതിനുശേഷം മണ്ണിട്ട് നികത്തുന്നുവെന്ന പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ മൂന്നു കേസ്സുകളിലെങ്കിലും മണ്ണുമാറ്റി പൂർവ്വസ്ഥിതിയിലാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഗവൺമെന്റിന്റെ ശ്രദ്ധയിൽ നേരിട്ടുകൊണ്ടുവന്ന കേസ്സുകളിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. എല്ലാവരും പാവപ്പെട്ടവർ പാവപ്പെട്ടവർ എന്നുപറഞ്ഞ് അവരെയാണല്ലോ കൂട്ടുപിടിക്കുന്നത്. അവർക്കുവേണ്ടി വീട് വയ്ക്കുന്നതിനെക്കുറിച്ചുള്ള സങ്കടമാണ് ഇവിടെ പറയുന്നത്. അതിന് വഴിയുണ്ട്, തീർച്ചയായും ന്യായമുണ്ട്. പാവപ്പെട്ടവരുടെ കാര്യം പറഞ്ഞാണ് 20 ലക്ഷം ഹെക്ടറിൽ നിന്ന് 1.85 ലക്ഷം ഹെക്ടറിലേയ്ക്ക് എത്തിയത്. അതിന് വേറെവഴി തീർച്ചയായും നോക്കണം. ഒരു തർക്കവുമില്ല. വീട് വയ്ക്കാൻ കഴിയാത്ത ആളുകളെക്കുറിച്ച് ബഹുമാന്യനായ വി. ഡി. സതീശൻ ഉൾപ്പെടെയുള്ളവർ പറഞ്ഞു, വളരെ പാവപ്പെട്ടവർക്കുവേണ്ടിയുള്ള സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതി പ്രകാരം വളരെ ചുരുങ്ങിയ സ്ഥലത്തൊക്കെ വീട് വയ്ക്കുമ്പോൾ നിലത്തിന്റെ പേരിലുള്ള വിഷയങ്ങളൊക്കെ ഉയർന്നുവരുന്നുവെങ്കിൽ അത് എങ്ങനെ പരിഹരിക്കണമെന്ന് ആലോചിച്ചേ

മതിയാകൂ. ഒരു തർക്കവുമില്ലാത്ത കാര്യമാണ്. അതിന് 3 എ ഇവിടെ നിലനിർത്തിയാൽ മാത്രമേ രക്ഷയുണ്ടാകൂ എന്നുപറഞ്ഞാൽ, 3 എ നിലനിർത്തിയതിനെ തുടർന്നുണ്ടായ പ്രശ്നങ്ങളാണ് ഇനി ഞാൻ പറയാൻ പോകുന്നത്. ....(ബഹളം)....

മി. സ്പീക്കർ: അദ്ദേഹം പറയട്ടെ. നിങ്ങളുടെ എല്ലാ ചോദ്യങ്ങൾക്കും വഴങ്ങുമെന്ന് ആദ്യംതന്നെ അദ്ദേഹം പറഞ്ഞു. നിങ്ങൾ ഇരിക്കൂ. ഇത് ശരിയല്ല. മന്ത്രി സംസാരിക്കുമ്പോൾ നിങ്ങൾ ഇടപെടുന്നത് ശരിയാണോ; അദ്ദേഹം സംസാരിച്ചതിനുശേഷം നിങ്ങളുടെ എല്ലാ ചോദ്യങ്ങൾക്കും അദ്ദേഹം വഴങ്ങുമെന്ന് പറഞ്ഞല്ലോ; പ്ലീസ്... പ്ലീസ്... ശ്രീ. എ.പി. അനിൽ കുമാർ...

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ അതിനെക്കുറിച്ച് പറയുന്നത് കേൾക്കണം. ശ്രീ. വി. ഡി. സതീശൻ അങ്ങനെ പറഞ്ഞുവെന്നല്ല. വളരെ പാവപ്പെട്ട ആളുകൾക്ക് ഭൂമി കൊടുക്കുന്ന കാര്യം ശ്രീ. വി. ഡി. സതീശൻ പറഞ്ഞുവെന്നാണ് ഞാൻ പറഞ്ഞത്. പക്ഷേ അതേസമയം ഉറപ്പിച്ചുപറയാം, അവിടെനിന്നും സംസാരിച്ചിട്ടുള്ള ബഹുമാന്യനായ മുൻ റവന്യൂ വകുപ്പുമന്ത്രി ഉൾപ്പെടെയുള്ളവർ പറഞ്ഞത്, 3 എ പിൻവലിക്കാൻ പാടില്ല, പിൻവലിച്ചാൽ വിഷമമാണെന്നാണ്. അത് കൃത്യമായി പറഞ്ഞതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, പോയിന്റ് ഓഫ് ഓർഡർ...

മി. സ്പീക്കർ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

*Shri V. D. Satheesan*: Sir, I am on a point of order. Point is that Minister has made a factual mistake on the floor. കാരണം ഇവിടെനിന്ന് സംസാരിച്ച എല്ലാവരും പാവപ്പെട്ടവരുടെ 5 സെന്റിന്റെയും 10 സെന്റിന്റെയും കാര്യം പറഞ്ഞുവെന്നാണ് പറയുന്നത്. അത് ആൾറെഡി ഈ നിയമത്തിലുള്ള ഒരു കാര്യമാണ്. 2008-ൽ പാസ്സാക്കിയ ഈ നിയമത്തിന്റെ പ്രൊവിഷനായിട്ടുള്ള ഒരു കാര്യം നടപ്പിലാക്കണം. ഇന്ന് ആ കമ്മിറ്റി ഡീഫങ്റ്റാണ്. അത് നടപ്പിലാക്കണം എന്നാണ് ഞങ്ങൾ പറഞ്ഞത്. അതും 3 എയുമായി യാതൊരു ബന്ധവുമില്ല. 3 എയുടെ മറവിൽ അത് നടപ്പിലാക്കാതിരിക്കുന്നുവെന്നുള്ള ഗുരുതരമായ പ്രശ്നം ഞങ്ങൾ സഭയിൽ അവതരിപ്പിക്കുമ്പോൾ 3 എ പിൻവലിച്ചാൽ ഇതെല്ലാം കുഴപ്പമാകും എന്നുള്ള രീതിയിൽ അതിനെക്കുറിച്ച് ഒരു തെറ്റായ വ്യാഖ്യാനം നടത്തിയത് ഓർഡറിലാണോ എന്നാണ് എന്റെ ചോദ്യം.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ബഹുമാന്യനായ വി.ഡി. സതീശൻ, ഞാൻ അങ്ങയെക്കുറിച്ച് പറഞ്ഞതല്ല. അങ്ങനെയൊരു തെറ്റിദ്ധാരണ വേണ്ട.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, 2015-ൽ ഈ ബിൽ പൈലറ്റ് ചെയ്യുമ്പോൾ നാല് എം.എൽ.എ.-മാർക്ക് തത്വത്തിൽ ഇതിനോട് വിയോജിപ്പായിരുന്നു. ശ്രീ. വി. ഡി. സതീശൻ, ശ്രീ. വി. ടി. ബൽറാം, ശ്രീ. സി. പി. മുഹമ്മദ്, ശ്രീ. റ്റി. എൻ. പ്രതാപൻ എന്നിവരായിരുന്നു അത്. അവർ കൃത്യമായ വസ്തുതകൾ വച്ചുകൊണ്ടാണ് അന്നത് പറഞ്ഞത്. ഇനിയുള്ള നെൽവയൽ എങ്കിലും സംരക്ഷിക്കപ്പെടണമെങ്കിൽ ഇതിനോട് യോജിക്കാൻ പറ്റില്ല എന്നാണ് പറഞ്ഞത്. അതിന്റെ തുടർച്ചയായിട്ടാണ് ഇപ്പോൾ പറഞ്ഞത്. ബാക്കിയുള്ള ആളുകൾ ആ ദിശയിലല്ല ഇവിടെ സംസാരിച്ചത്. അത് വളരെ വ്യക്തമാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ബഹുമാന്യനായ വി. ഡി. സതീശൻ ഉൾപ്പെടെയുള്ളവർ അന്ന് എതിരായിരുന്നു എന്നുപറഞ്ഞാണ് ഞാൻ ഇവിടെ സംസാരം തുടങ്ങിയത്. 3 എ പിൻവലിക്കുന്നതുമായി ബന്ധപ്പെട്ട് ഞാൻ അദ്ദേഹത്തെ കുറിച്ചുള്ള പരാമർശമല്ല നടത്തിയത്. വളരെ ചെറിയ വീടുകൾ നിർമ്മിക്കുന്ന ആളുകൾക്കുവേണ്ട ഭൂമിയുടെ കാര്യം അദ്ദേഹം സൂചിപ്പിച്ചുവെന്നുപറയുന്ന കൂട്ടത്തിൽ തുടർച്ചയായി പറഞ്ഞപ്പോൾ തെറ്റിദ്ധരിക്കപ്പെട്ടതാവും. അല്ലെങ്കിൽ ഞാൻ പറഞ്ഞ രീതികൊണ്ട് അദ്ദേഹത്തിന് സംശയമുണ്ടായതാകാം. അല്ലാതെ അദ്ദേഹത്തെ പരാമർശിച്ചതല്ല. എന്നാൽ മുൻ റവന്യൂ വകുപ്പുമന്ത്രി ഉൾപ്പെടെയുള്ളവർ 3 എ പിൻവലിക്കണമെന്ന് പറഞ്ഞുകൊണ്ടാണല്ലോ സംസാരിച്ചത്. അത് ഇല്ലെങ്കിൽ പാവങ്ങളുടെ സ്ഥിതിയെന്താണെന്ന് പറഞ്ഞുകൊണ്ടാണ് ഇവിടെ സംസാരിച്ചത്. അതെല്ലാം രേഖ പരിശോധിച്ചാൽ കാണും. ഞാൻ അതിനെയാണ് എതിർക്കുന്നത്. 3 എ നിലനിന്നതുകൊണ്ട്, ഇവിടെ ബഹുമാനപ്പെട്ട വി. ഡി. സതീശൻ ചൂണ്ടിക്കാണിച്ചതുപോലെ നെൽവയൽ തണ്ണീർത്തട നിയമത്തിൽ 5 സെന്റും 10 സെന്റും ഭൂമി വേണമെങ്കിൽ നികത്താൻപോലും അനുമതി കൊടുക്കാനുള്ള കമ്മിറ്റികളുണ്ട്, കമ്മിറ്റികൾ ഡീഫങ്റ്റ് ആയെങ്കിൽ അത് ഇപ്പോഴുണ്ടായതല്ല. മൂന്നുവർഷമാണ് അതിന്റെ കാലാവധി. കാലാവധി കഴിഞ്ഞതുകൊണ്ട് പുനഃസംഘടിപ്പിക്കുന്നതിനുള്ള നിർദ്ദേശം താഴോട്ട് പോയിരിക്കുകയാണ്. ബന്ധപ്പെട്ട കളക്ടർമാർക്കും പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർമാർക്കും നിർദ്ദേശം കൊടുത്തിട്ടുണ്ട്. പ്രാദേശിക കമ്മിറ്റിയും ജില്ലാതല കമ്മിറ്റിയുമെല്ലാം രൂപീകരിക്കാൻ നിർദ്ദേശം കൊടുത്തിരിക്കുകയാണ്. അതൊന്നുമല്ല വിഷയം. 3 എ നിലനിന്നാൽ ചില തടസ്സമുണ്ട്. ഇവിടെ സംസാരിച്ചപ്പോൾ ഒരു കാര്യം പറഞ്ഞു. പലരും ഇടയിൽക്കയറി സംസാരിച്ചതുകൊണ്ട് കൃത്യമായി ആരാണ് സംസാരിച്ചതെന്ന് ഞാൻ ഓർക്കുന്നില്ല. ബഹുമാനപ്പെട്ട മുൻ റവന്യൂ വകുപ്പുമന്ത്രി തന്നെയാണ്. അദ്ദേഹം പറഞ്ഞ ഒരു കാര്യം 5-ഉം 10-ഉം സെന്റ് ഭൂമി റെഗുലറൈസ് ചെയ്യുമ്പോൾ കാശ് കൊടുക്കണ്ട എന്നാണ്. അത് എവിടെയാണ് പറഞ്ഞത്; 3 എ-ൽ റെഗുലറൈസേഷൻ നടപ്പാക്കണമെന്ന് പറയുമ്പോൾ ഒരു സെന്റായാലും എത്ര സെന്റായാലും അതിൽ ഒന്നിനെയും എക്സംപ്റ്റ് ചെയ്തിട്ടില്ല. അദ്ദേഹം ഇവിടെ പറഞ്ഞകാര്യമാണ്. 5-ഉം 10-ഉം സെന്റ് ഭൂമി റെഗുലറൈസ് ചെയ്യണമെന്ന് ആരാണ് പറഞ്ഞത്?

ശ്രീ. അടൂർ പ്രകാശ്: സർ,...

മി. സ്പീക്കർ: അദ്ദേഹം പറഞ്ഞുകഴിഞ്ഞ് മതി. എന്താണ്?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, അത് രേഖയിൽ കാണും.

ശ്രീ. അടൂർ പ്രകാശ്: സർ, ഞാൻ എന്റെ പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളത് നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008-ൽ ഇവിടെ അവതരിപ്പിക്കുമ്പോൾ അതിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ, ഒരു പ്രാദേശിക സമിതിയുണ്ടാകും. ആ പ്രാദേശിക സമിതികൂടി അതിന് തീരുമാനമെടുക്കും. അതിന് ഇപ്പോഴും ഒരു മാറ്റവുമില്ല. 3 എ വന്നതുകൊണ്ട് അതിന് തടസ്സമാണ് എന്നുപറഞ്ഞ് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഇവിടെ തെറ്റിദ്ധരിപ്പിക്കാനുള്ള ഏർപ്പാടുകളാണുണ്ടാക്കുന്നത്. അത് തെറ്റാണെന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, അത് രേഖ പരിശോധിച്ചാൽ മതി. ബഹുമാന്യനായ അടൂർ പ്രകാശ് ഇക്കാര്യങ്ങളൊക്കെ പറഞ്ഞിട്ടുണ്ട്. 5 സെന്റിനും 10 സെന്റിനും കാശ് കൊടുക്കേണ്ട കാര്യമില്ലെന്ന് പറഞ്ഞിട്ടുള്ളത് രേഖയിൽ കാണും. പക്ഷേ റെഗുലറൈസേഷനിൽ എത്ര സെന്റായാലും കാശ് കൊടുത്തേ മതിയാകൂ. അത് പിൻവലിച്ചാൽ തീർച്ചയായും പാവപ്പെട്ട ആളുകൾക്ക് 5 സെന്റിനും 10 സെന്റിനും കാശ് കൊടുക്കാതെ വീട് വയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കാം. അത് പറയാൻ വേണ്ടിയാണ് ഞാൻ പറഞ്ഞത്. രേഖ പരിശോധിച്ചാൽ മതി. ഞാൻ വഴങ്ങുന്നില്ല.

മി. സ്പീക്കർ: അദ്ദേഹം ഒന്ന് പൂർത്തീകരിക്കട്ടെ ശ്രീ. എൻ. ഷംസുദ്ദീൻ...

ശ്രീ. എൻ. ഷംസുദ്ദീൻ: പോയിന്റ് ഓഫ് ഓർഡർ. നിയമത്തിലുള്ള ഒരു സംഗതി, വസ്തുതകൾക്ക് നിരക്കാത്തവിധം ഒരു മന്ത്രി സ്റ്റേറ്റ്മെന്റ് നടത്തുന്നത് ഓർഡറിലാണോ എന്നാണ് എന്റെ ചോദ്യം. അത് ഏതാണെന്ന് ഞാൻ പറയാം. ഒന്ന്, വലിയ തോതിലുള്ള ഭൂമി നികത്തിയത് റെഗുലറൈസ് ചെയ്യുന്നതിനാണ് 3 എ വകുപ്പുള്ളത്. ആ 3 എ അല്ലാതെതന്നെ 5 സെന്റും 10 സെന്റും നികത്താൻ നിയമത്തിൽ വകുപ്പുണ്ട്. അതിന് പണം കൊടുക്കേണ്ടതില്ല. ഞാൻ മനസ്സിലാക്കിയിടത്തോളം സെക്ഷൻ 8 ആണെന്ന് തോന്നുന്നു. അങ്ങനെയൊരു വകുപ്പ് നിലവിലുണ്ട്. അത് വിസ്മരിച്ചുകൊണ്ട് അതിനുപോലും മൂന്നിലൊന്ന് പണം കൊടുക്കണം എന്ന് മന്ത്രി പറഞ്ഞത് വസ്തുതകളെ വളച്ചൊടിച്ചതാണ്. നിയമത്തെ തെറ്റായി വ്യാഖ്യാനിച്ചതാണ്. ഇത് ഓർഡറിലാണോ എന്നാണ് എന്റെ ചോദ്യം.

മി. സ്പീക്കർ: മന്ത്രിയുടെ വിശദീകരണം കഴിയട്ടെ.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, വളരെ കൃത്യമായാണ് ഞാൻ ഇവിടെ പറഞ്ഞത്. 3 എ നിലവിൽ വന്നതിനെത്തുടർന്ന് ഏതെങ്കിലും ഭൂമി റെഗുലറൈസ് ചെയ്യണമെങ്കിൽ, എത്ര കുറഞ്ഞയളവ് ഭൂമിയായാലും അതിന് മൂന്നിലൊന്ന് തുക കൊടുക്കണം. അങ്ങനെയല്ലെന്ന് ആ നിയമത്തിൽ എവിടെയും പറഞ്ഞിട്ടില്ല. 3 എ ഉള്ളതുകൊണ്ട് 5 സെന്റിന്റെയും 10 സെന്റിന്റെയും കാര്യത്തിൽ ഒരു തടസ്സവും ഉണ്ടായിട്ടില്ലെന്ന വാദം അടിസ്ഥാനരഹിതമാണെന്നാണ് ഞാൻ പറഞ്ഞത്. അത്തരം ഒരു വാദം അപ്പുറത്തുള്ളവർ ഉന്നയിച്ചിട്ടുണ്ടെങ്കിൽ അത് അടിസ്ഥാന രഹിതമാണ്. അങ്ങനെയൊരു വാദം ഉണ്ടായിട്ടുണ്ടെന്നുള്ളത് എനിക്കുറപ്പാണ്. 3 എ പിൻവലിച്ചതിനെത്തുടർന്ന് എന്തുണ്ടാകുമെന്ന് ചോദിച്ചാൽ, നിലവിലുള്ള മറ്റ് നിയമമനുസരിച്ച് ഭൂമി നൽകി അവിടെ വീട് വയ്ക്കുന്നതിന് സാവകാശം നൽകാൻ വഴിയുണ്ട്. ജലജ ദിലീപ് കേസിൽ സുപ്രീം കോടതി ഒരു വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ട്. 1967-ലെ കേരള ലാന്റ് യൂട്ടിലൈസേഷൻ ഓർഡറിലെയും 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ടിലെയും വ്യവസ്ഥകൾ വിശകലനം ചെയ്തുകൊണ്ട്, 2008-ലെ ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ച് തയ്യാറാക്കുന്ന ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതും പ്രസ്തുത ആക്ടിൽ നിർവ്വചിച്ചിരിക്കുന്ന നെൽവയലോ തണ്ണീർത്തടമോ ഉൾപ്പെട്ടിട്ടില്ലാത്തതും ബി.ടി.ആർ.-ൽ നിലമെന്ന് രേഖപ്പെടുത്തിയിരിക്കുന്നതുമായ ഭൂമിയെ സംബന്ധിച്ച് കേരള ലാന്റ് യൂട്ടിലൈസേഷൻ ഓർഡർ ബാധകമായിരിക്കുമെന്നും അപ്രകാരമുള്ള ഭൂമി മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് അനുമതി നൽകുന്നതിന് കേരള ലാന്റ് യൂട്ടിലൈസേഷൻ ഓർഡർ പ്രകാരം ജില്ലാ കളക്ടർമാർക്ക് അധികാരമുണ്ടെന്നും വിധിച്ചിട്ടുണ്ട്. കൂടാതെ, ജില്ലാ കളക്ടർമാർക്ക് താമസാവശ്യത്തിനായുള്ള (റെസിഡൻഷ്യൽ പർപ്പസ്) അപേക്ഷകൾ ഓരോ കേസ്സിന്റെയും മെരിറ്റ് അനുസരിച്ച് പരിശോധിച്ച് അനുവദിക്കാവുന്നതാണെന്നും വിധിച്ചിട്ടുണ്ട്. 3 എ പിൻവലിച്ചതുകൊണ്ട് ഒന്നും സംഭവിക്കാൻ പോകുന്നില്ല. അതുകൊണ്ട് ഞാൻ പറയാൻ പോകുന്നത്, 2008-നു മുമ്പ് നികത്തപ്പെട്ട സ്ഥലങ്ങളിൽ നിലമാണെന്ന പേരിൽ 5 സെന്റിൽ നഗരങ്ങളിലും 10 സെന്റിൽ ഗ്രാമങ്ങളിലും വീട് നിർമ്മിക്കാൻ കഴിയുന്നില്ലെന്ന പ്രശ്നത്തിന് പരിഹാരമുണ്ടാകുകയാണ്. അതിലൊരു പ്രശ്നവുമില്ല. യാതൊരു കാരണവശാലും ഇതിന് തടസ്സമായി നിൽക്കുന്ന വിഷയമില്ല.

മി. സ്പീക്കർ: സമയബന്ധിതമായി ഇതിനൊരു തീരുമാനമെടുക്കാൻ അവസരമുണ്ടാകുമോ എന്നതാണ് അംഗങ്ങളുടെ ആശങ്കയ്ക്ക് പ്രധാനപ്പെട്ട കാരണം.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, 3 എ നിലനിന്നാൽ 2008-നുശേഷം നികത്തിയതും റെഗുലറൈസ് ചെയ്യുകയാണ്. അതുകൊണ്ടാണ് അതിനെ എതിർക്കുന്നത്. 2008-നുശേഷം കഴിഞ്ഞ ഗവൺമെന്റിന്റെ അഞ്ചുവർഷക്കാലത്ത് പതിനായിരക്കണക്കിന് ഏക്കർ നിലം നികത്തിയിട്ടുണ്ട്. നികത്തിയ ഭൂമിയെല്ലാം റെഗുലറൈസ് ചെയ്യാനുള്ള നീക്കത്തെ എതിർക്കണമെന്നതാണ് ഈ നിയമം കൊണ്ടുവരുന്നതിലെ പ്രധാനപ്പെട്ട ഉദ്ദേശം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവിടത്തെ പ്രധാനപ്പെട്ട പ്രശ്നം, 3 എ പിൻവലിക്കുമ്പോൾ 2008-നുമുമ്പ് നികത്തിയ ഭൂമി റെഗുലറൈസ് ചെയ്യുന്നതിനെ പറ്റിയാണ് പറയുന്നത്. 3 എ പിൻവലിച്ചുകഴിയുമ്പോൾ 2008-നുമുമ്പുള്ള നിയമത്തിലേയ്ക്ക് പോകുകയാണ്. എന്നുപറഞ്ഞാൽ, അവിടെ ലാന്റ് യൂട്ടിലൈസേഷൻ ഓർഡറാണ് ബാധകമാകുക. ലാന്റ് യൂട്ടിലൈസേഷൻ ഓർഡർ അനുസരിച്ച് അവിടെ പിന്നീട് നെൽവയൽ തന്നെ ആകണമെന്ന് നിർബന്ധമില്ല. അവിടെ പണ്ട് കൃഷി എന്താണോ ചെയ്തിരുന്നത് ആ കൃഷിയിലേയ്ക്കാണ് പോകുന്നത്. അങ്ങ് ഇവിടെ ആദ്യാവസാനം വാദിച്ചുകൊണ്ടിരിക്കുന്നത് നെൽവയൽ സംരക്ഷണത്തിലേയ്ക്ക് പോകുന്നുവെന്നാണ്. 2008-ലെ നിയമം പാസ്സാകുന്നതിനുമുമ്പ് നമ്മൾ ഈ ഭൂമിയിൽ എന്ത് കൃഷിയാണോ ചെയ്തിരുന്നത് ആ കൃഷിയിലേയ്ക്കാണ് പോകാൻ കഴിയുന്നത്. അതല്ലാതെ അവിടെ നെല്ല് തന്നെ വേണമെന്നില്ല. അതാണ് ലാന്റ് യൂട്ടിലൈസേഷൻ ഓർഡർ. ഇപ്പോഴത്തെ നിയമം അനുസരിച്ച് അങ്ങ് പറയുന്നതിൽ ക്ലാരിറ്റിയോടുകൂടി കാര്യം വിശദീകരിച്ചാൽ മതി. അതാണ് പ്രധാനപ്പെട്ട പ്രശ്നം. അങ്ങ് ഉദ്ദേശിക്കുന്നതിൽ ഇത് എത്തുകയില്ല. അത് എത്തണമെങ്കിൽ, അത് നേരെ പോയി നിൽക്കുന്നത് 2008-ലെ ലാന്റ് യൂട്ടിലൈസേഷൻ ഓർഡറിലാണ്. അതാണ് ഇവിടത്തെ പ്രധാനപ്പെട്ട പ്രശ്നം.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, 2008-ലെ ലാന്റ് യൂട്ടിലൈസേഷൻ ഓർഡറല്ല. 1967-ലെ ലാന്റ് യൂട്ടിലൈസേഷൻ ഓർഡറാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പാസ്സാക്കുന്നതിനുമുമ്പ് പ്രബല്യത്തിലുണ്ടായിരുന്നത് 1967-ലെ ലാന്റ് യൂട്ടിലൈസേഷൻ ഓർഡറാണ്. അതിന്റെ കാര്യമാണ് ഞാൻ പറഞ്ഞത്.

മി. സ്പീക്കർ: ഒരംഗത്തിന് മറ്റൊരംഗത്തോട് ചോദ്യം ചോദിക്കണമെങ്കിൽ സ്പീക്കർ മുഖാന്തിരം ചോദിക്കാം.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ കഴിഞ്ഞദിവസം ഈ ബിൽ അവതരിപ്പിച്ചുകൊണ്ടുതന്നെ അക്കാര്യം പറഞ്ഞതാണ്. നികത്തപ്പെട്ട ഭൂമിയെന്ന് പറഞ്ഞാൽ അവിടെ നെൽകൃഷി അല്ലെങ്കിൽ മറ്റ് പല കൃഷികളുമാണ് നിലനിൽക്കുന്നത്. വാഴ, തെങ്ങ്, കവുങ്ങ് അങ്ങനെ മറ്റു പലതരം കൃഷികൾ അവിടെയുണ്ട്. 2008-നുമുമ്പ് നികത്തപ്പെട്ടതായിരുന്നു പലതും. 2008-നുശേഷം നികത്തപ്പെട്ടതുകൂടി ആ ഗണത്തിൽപ്പെടുത്തി റെഗുലറൈസ് ചെയ്യുമെന്ന ആശങ്കയാണ് 3 എ പിൻവലിക്കാൻ കാരണം. പ്രധാനപ്പെട്ട പോയിന്റ് അതാണ്. മറ്റൊന്ന്, നിലമെന്ന് പറയുന്നതുകൊണ്ട് വീട് നിർമ്മിക്കാൻ കഴിയുന്നില്ലെന്ന വാദത്തിനാണ് ഞാൻ പറഞ്ഞത്, സുപ്രീം കോടതി വിധിയുണ്ട്, കളക്ടർമാർക്ക് അധികാരമുണ്ട്, അതിനാവശ്യമായ നിർദ്ദേശം കൊടുക്കാം, പാവപ്പെട്ട ആളുകളുടെ ആ വിഷയത്തിന് പരിഹാരം ഉണ്ടാക്കണമെന്ന്. 3 എ പിൻവലിക്കുന്നതുകൊണ്ട് യാതൊരു ബുദ്ധിമുട്ടും ഉണ്ടാകില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

മി. സ്പീക്കർ: ലഭിക്കുന്ന അപേക്ഷകളിൽ പുതിയതായി രൂപീകരിക്കുന്ന നഞ്ച കമ്മിറ്റികൾ സമയബന്ധിതമായി തീരുമാനം എടുക്കുമോയെന്നുള്ളതാണ് പ്രധാനമായ ആശങ്ക.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, നെൽവയൽ തണ്ണീർത്തട നിയമത്തിൽ പ്രാദേശിക കമ്മിറ്റികളും ജില്ലാതല കമ്മിറ്റികളും സംസ്ഥാനതല കമ്മിറ്റികളുമാണുള്ളത്. ഇവിടെ ബഹുമാന്യനായ സ്പീക്കർ ചൂണ്ടിക്കാണിച്ച പേരിലൊരു കമ്മിറ്റി ഞാൻ എത്ര അന്വേഷിച്ചിട്ടും എവിടെയും കിട്ടിയില്ല. എന്നാൽ ഞാൻ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുമായി സംസാരിച്ചു. നമ്മുടെ നാട്ടിൽ സംസാരിച്ച് ആ കമ്മിറ്റിക്ക് ഒരു ഓമനപ്പേരിട്ടതാണ് നഞ്ച കമ്മിറ്റിയെന്ന്. അതല്ലാതെ ഈ പേരിലുള്ള ഒരു കമ്മിറ്റി എവിടെയുമില്ല. ഭൂമിയുടെ കാര്യത്തിൽ, പലപ്പോഴും കെട്ടിട നിർമ്മാണ പ്രവർത്തനത്തിനുശേഷം നമ്പർ ഇടാൻ കഴിയാത്ത സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് ഇറക്കിയ ഒരു സർക്കുലറിലൂടെ ഉണ്ടാക്കിയ ഒരു സംവിധാനത്തിന്റെ ഭാഗമായാണ് ഈ കമ്മിറ്റി നിലവിൽ വന്നതെന്നാണ് മനസ്സിലാക്കുന്നത്. കമ്മിറ്റിക്ക് ആ പേരിട്ടാണ് ആളുകൾ വിളിച്ചുകൊണ്ടിരിക്കുന്നത്. വേണമെങ്കിൽ അതിനെ നിലനിർത്തുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് ഏത് സാഹചര്യത്തിലാണ് അത് കൊണ്ടുവന്നതെന്ന് പരിശോധിക്കാം. നേരത്തെ പറഞ്ഞതുപോലെ, ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് അവർക്ക് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്യാനുള്ള നിർദ്ദേശം കൊടുക്കാം. പാവങ്ങളിൽ പാവങ്ങളായ ആളുകളുടെ ഭവന നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാം. യാതൊരു കാരണവശാലും ഇനി ഒരിഞ്ച് വയൽപോലും നികത്തപ്പെടാതിരിക്കാൻ ഇത് ആവശ്യമാണെന്നുള്ളതുകൊണ്ടും 2008-നുശേഷം നികത്തിയതിനെ റെഗുലറൈസ് ചെയ്യാൻ അനുവദിച്ചുകൂടായെന്നതുകൊണ്ടുമാണ് ഇത് പിൻവലിക്കുന്നത്.

ശ്രീ. കെ. സി. ജോസഫ്: സർ, 5 സെന്റോ 10 സെന്റോ നികത്തി വീട് വയ്ക്കുന്നവർക്ക് കോമ്പൻസേഷൻ കൊടുക്കാതെ ഭൂമി കിട്ടുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. അത് വസ്തുതാവിരുദ്ധമാണ്. കാരണം, 2008-ലെ ആക്ടിലെ സെക്ഷൻ 9-ൽ പറയുന്നത്, 'നെൽവയലിന്റെ ഉടമസ്ഥനോ അയാളുടെ കുടുംബത്തിനോ ഈ ആവശ്യത്തിന് പറ്റിയ സ്ഥലം പകരമായി ആ ജില്ലയിൽ ഇല്ലെന്നും കെട്ടിടം നിർമ്മിക്കുന്നത് അയാളുടെ സ്വന്തം ആവശ്യത്തിനുമാണെന്ന് ബോദ്ധ്യപ്പെടുത്തി കഴിഞ്ഞാൽ 3-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും സർക്കാരിന് അപ്രകാരമുള്ള പരിവർത്തനപ്പെടുത്തലോ രൂപാന്തരപ്പെടുത്തലോ പൊതു ആവശ്യത്തിന് അത്യന്താപേക്ഷിതമാണെങ്കിൽ ഈ ആക്ടിലെ വ്യവസ്ഥകളിൽനിന്നും ഒഴിവാക്കി കൊടുക്കാവുന്നതാണ്. അങ്ങനെ നികത്തുന്നത് ഒഴിവാക്കിക്കൊടുക്കാമെന്ന് ആക്ടിൽ വ്യവസ്ഥയുണ്ട്. അങ്ങ് പറഞ്ഞത് വസ്തുതാപരമല്ല.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ:</u> സർ, പുതുതായി നികത്തുന്ന ഭൂമിയെ സംബന്ധിച്ചുള്ള കാര്യമാണ് ഈ പറഞ്ഞിട്ടുള്ളത്. എന്നാൽ നേരത്തെ നികത്തിയതുമായി ബന്ധപ്പെട്ട വിഷയങ്ങളല്ല.

<u>ശ്രീ. വി. ഡി. സതീശൻ:</u> സർ, ഇത്രയും അംഗങ്ങൾ സംശയം ഉന്നയിച്ചതുകൊണ്ട് നമുക്കൊരു ക്ലാരിറ്റി ഉണ്ടാകണം. 3 എ ഉള്ള സമയത്ത് 5 സെന്റും 10 സെന്റും നികത്തിയതിന് 25 ശതമാനം തുക കൊടുക്കണമെന്ന് അങ്ങ് പറഞ്ഞത് ശരിയാണ്. എന്നാൽ 2008-ലെ നിയമത്തിൽ ഇനി പുതിയതായി 10 സെന്റും 5 സെന്റുമുള്ള വയൽ നികത്താൻ പൈസയൊന്നും വേണ്ട. അങ്ങനെ ചെയ്യാൻ വേണ്ടിയാണ് ഒരു കമ്മിറ്റിയുള്ളത്. ആ നിയമപ്രകാരമുള്ള പ്രാദേശിക കമ്മിറ്റിയാണ്. അതിന് നഞ്ച എന്നല്ല പേര്, അങ്ങനെ വിളിക്കുന്ന എന്നേയുള്ളൂ. ആ കമ്മിറ്റി ഡീഫങ്റ്റ് ആയിരുന്നു എന്നുള്ളതാണ് നമ്മുടെ പ്രശ്നം. അത് അടിയന്തരമായി ഫങ്ഷൻ ചെയ്യാനുള്ള ഉത്തരവ് കൊടുക്കണം. രണ്ടാമത്തെ പ്രശ്നം, 2008-നുമുൻപ് മനഃപൂർവ്വം നികത്തിയവരുടെ കാര്യത്തിൽ യാതൊരുവിധ ദാക്ഷിണ്യവും വേണ്ട. പക്ഷേ വർഷങ്ങളായി കിടക്കുന്ന ഭൂമിയിൽ വീട് വയ്ക്കാനോ, പൊളിഞ്ഞുപോയ പഴയ വീട് നന്നാക്കാനോ, പാർട്ടീഷൻ നടത്തിക്കഴിയുമ്പോൾ പുതിയ വീട് വയ്ക്കാനോ, ഒരു മുറി കൂട്ടിച്ചേർക്കാനോ സാധിക്കാതെ നിരവധി ഗുരുതരമായ പ്രശ്നങ്ങൾ ശ്രീ. റ്റി. വി. രാജേഷ് ഉൾപ്പെടെയുള്ള ആളുകൾ ചൂണ്ടിക്കാണിച്ചു. ഇതിൽ മനഃപൂർവ്വം നികത്തിയവരേയും അല്ലാത്തവരേയും തമ്മിൽ വേർതിരിക്കാനുള്ള സംവിധാനം ഏർപ്പെടുത്തിക്കൊണ്ട് അർഹരായവരുടെ പ്രശ്നംകൂടി പരിഹരിക്കപ്പെടണം എന്നു മാത്രമേ നമ്മൾ പറഞ്ഞുള്ളൂ.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ:</u> സർ, ബഹുമാനപ്പെട്ട വി. ഡി. സതീശൻ ഇവിടെ പറഞ്ഞ കാര്യങ്ങളിൽ, പ്രാദേശിക കമ്മിറ്റി എത്രയും പെട്ടെന്ന് സംഘടിപ്പിക്കുന്നതിനുള്ള നിർദ്ദേശം കൊടുത്തുകഴിഞ്ഞു. മറ്റൊരു പ്രധാനപ്പെട്ട കാര്യം അൻപതും അറുപതും വർഷമായ തെങ്ങിൻ തോപ്പുകൾ ഇപ്പോൾ നിലമെന്ന് രേഖയിൽ കാണും. അത്തരം സ്ഥലങ്ങളിൽ എത്രയോ വർഷങ്ങൾക്കുമുമ്പ് വീട് വച്ചവരുണ്ട്. ശ്രീ. റ്റി. വി. രാജേഷ് ഉൾപ്പെടെയുള്ളവർ ഇക്കാര്യം കഴിഞ്ഞ ദിവസം ചൂണ്ടിക്കാണിച്ചിരുന്നു. അത്തരം വീടുകൾ പൊളിഞ്ഞുപോകുമ്പോൾ അത് പുനർനിർമ്മിക്കാനുള്ള പ്രയാസമുണ്ട്. അതിന് പരിഹാരമുണ്ടാക്കാൻ നേരത്തെ പറഞ്ഞതുപോലെ കെ.എൽ.യു. ഓർഡർ അനുസരിച്ച് നിലമെന്നു പറയുന്നിടത്ത് വീട് വയ്ക്കാനുള്ള അനുമതി കൊടുക്കുന്നതിനായി ജില്ലാ കളക്ടർമാരുമായി ബന്ധപ്പെട്ട് അതിനുള്ള നിർദ്ദേശം കൊടുത്ത് അത് പ്രാവർത്തികമാക്കാൻ കഴിയും. എന്നാൽ ഒരു കാര്യം നമ്മൾ അറിയണം, 93088 അപേക്ഷകളുടെ കണക്കെടുത്ത് പരിശോധിച്ചപ്പോൾ മനസ്സിലായത് അതിനെല്ലാം അനുമതി കൊടുത്തിരുന്നുവെങ്കിൽ, 38500 ഏക്കർ റെഗുലറൈസ് ചെയ്തു പോകുമായിരുന്നു. എന്നാൽ 5 സെന്റിലും 10 സെന്റിലും വീട് വയ്ക്കുന്നതിനായി അർഹതപ്പെട്ട

ആളുകൾക്ക്, ഈ പറയുന്നതുപോലെ പത്തോ അറുപതോ വർഷം മുൻപുള്ളവർക്ക് അനുവദിച്ചുകൊടുക്കാനുള്ള തീരുമാനം എടുക്കുക വഴി കേവലം അത്യാവശ്യമായി വരുന്നവരുടെ കാര്യം നിർവ്വഹിക്കപ്പെടുകയും ചെയ്യും. വേറെ ബുദ്ധിമുട്ട് ഉണ്ടാകാൻ പോകുന്നുമില്ല. ആ നിലപാട് സ്വീകരിക്കണമെന്നാണ് സർക്കാരിനുള്ളത്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ഞാൻ ഉൾക്കൊള്ളുകയാണ്. ഇതിന്റെ അടിസ്ഥാനപ്രശ്നമെന്നുപറയുന്നത് 5 സെന്റിന്റേയും 10 സെന്റിന്റേയും കാര്യം 2008-ലെ നിയമത്തിലുള്ളതാണ്. എൽ.ഡി.എഫ്. സർക്കാരും യു.ഡി.എഫ്. സർക്കാരും പല രീതിയിൽ കമ്മിറ്റികളെ നിയമിച്ചെങ്കിലും താഴെത്തട്ടിൽ അത് പ്രാവർത്തികമാകുന്നില്ല. പ്രാദേശിക കമ്മിറ്റികൾ പുനഃസംഘടിപ്പിക്കാൻ ശക്തമായ നിർദ്ദേശം നൽകുമെന്ന് അങ്ങ് പറഞ്ഞതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. പക്ഷേ അതിന്റെ റിസൾട്ട് എന്തായിരിക്കും എന്നുള്ളത് കഴിഞ്ഞ കാലത്തെ അനുഭവത്തിൽ നിന്നും നമുക്കറിയാം. എനിക്ക് അതിനെക്കുറിച്ച് പറയുവാനുള്ളത്, പല സ്ഥലങ്ങളിലും നൂറുകണക്കിന് പാവപ്പെട്ട ആളുകൾ അഞ്ച് സെന്റിൽ വീട് വച്ചുകഴിഞ്ഞിട്ടുണ്ട്. ഒ.ഡി.എഫ്.-ന്റെ (Open Defecation Free) പ്രവർത്തനവും സമ്പൂർണ്ണ വൈദ്യുതീകരണവും നടത്തുമ്പോൾ മിക്കയിടത്തും അവ നടപ്പാക്കാൻ കഴിയാതെ പോകുന്നതിനു കാരണം ഈ വീടുകൾക്കൊന്നും നമ്പരില്ല എന്നുള്ളതുകൊണ്ടാണ്. തദ്ദേശസ്വയം ഭരണ വകുപ്പ് താൽക്കാലികമായിട്ടെങ്കിലും വീടുകൾക്ക് നമ്പർ കൊടുക്കാനുള്ള നടപടി സ്വീകരിച്ചാൽ ഈ പാവങ്ങൾ രക്ഷപ്പെടുന്ന സാഹചര്യമുണ്ടാകും. അതിനെ കുറിച്ച് സർക്കാർ ആലോചിക്കണം. ബഹുമാനപ്പെട്ട മന്ത്രി അതിനെ സംബന്ധിച്ച് എന്തെങ്കിലും പറയാമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഇക്കാര്യം ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരുമായി ആലോചിച്ച് ആവശ്യമായ തീരുമാനം എടുക്കുന്നതായിരിക്കും.

ശ്രീ. എം. ഉമ്മർ: സർ, അങ്ങ് ഇവിടെ പറഞ്ഞത് 38500 ഏക്കർ ഭൂമി റെഗുലറൈസ് ചെയ്തു പോകുമായിരുന്നു എന്നാണ്. അത് 73000 ആളുകളുടെ ഭൂമി മുഴുവൻ കൊടുക്കുകയാണെങ്കിലല്ലേ; മുഴുവൻ ഭൂമി കണക്കാക്കാതെ അർഹതപ്പെട്ട ആളുകളുടെ നികത്തപ്പെടാനുള്ള ഭൂമി മാത്രം പരിശോധിച്ച് ഓരോ അപേക്ഷയും മെരിറ്റ് അടിസ്ഥാനത്തിൽ നോക്കുമ്പോൾ ഇത്രയധികം ഭൂമിയുണ്ടാവില്ല. ആ രീതിയിൽ ഒരു പരിശോധന നടന്നിട്ടില്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അങ്ങേയ്ക്ക് അത് കൃത്യമായി അറിയാമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഇക്കാര്യത്തിലൊക്കെ നമ്മൾ വിശദാംശങ്ങൾ ചർച്ച ചെയ്താൽ ഗുണകരമാകുമെന്ന് തോന്നുന്നില്ല. അത്യാവശ്യം വീട് വയ്ക്കേണ്ടവരുടെ വിഷയമാണ് നമ്മുടെ മുന്നിലെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. അതിന് പരിഹാരമുണ്ടാക്കണം.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഇതുമായി ബന്ധപ്പെട്ട് ഒരു അവ്യക്തത നിലനിൽക്കുന്നുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും നമ്മുടെ സർക്കാർ അധികാരത്തിൽ വരുന്നതിനുമുൻപ് ഇറക്കിയിട്ടുള്ള ഒരു സർക്കുലറുണ്ട്. ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രി ഈ ബിൽ അവതരിപ്പിച്ചതിനുശേഷം കൂടിയാലോചനകൾ നടത്തി അത് പിൻവലിച്ച് അഞ്ചും പത്തും സെന്റ് ഭൂമിയിൽ വീട് വച്ച് ഇതുവരെ നമ്പർ കിട്ടാത്ത ആളുകൾക്ക് നമ്പർ കൊടുക്കുന്നതിനെ സംബന്ധിച്ച് സർക്കാർ തത്വത്തിൽ തീരുമാനമെടുത്തിട്ടുണ്ട് എന്നുള്ള കാര്യം അറിയിക്കുകയാണ്.

മി. സ്പീക്കർ: ശ്രീ. കെ. വി. വിജയദാസ്, അങ്ങയുടെ 1 (എ) ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. വി. വിജയദാസ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. വി. വിജയദാസ് അവതരിപ്പിച്ച 1 (എ) ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ, അങ്ങയുടെ 2 (ബി) ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

(ശ്രീ. ഷാഫി പറമ്പിൽ സീറ്റിലില്ല.)

ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2-ാം വകുപ്പ്

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

118. ഖണ്ഡം 2-ൽ "വിട്ടുകളയേണ്ടതാണ്" എന്ന വാക്കിനുപകരം "ഒഴിവാക്കേണ്ടതാണ്" എന്ന വാക്ക് ചേർക്കുക.

121. പ്രധാന ആക്ടിലെ വകുപ്പ് 3 എ താഴെപ്പറയും പ്രകാരം മാറ്റുക:

" 3 എ. ആക്ടിന്റെ പ്രാരംഭത്തിന് മുമ്പ് പരിവർത്തനപ്പെടുത്തിയ നെൽവയലുകളെ സംബന്ധിച്ച വ്യവസ്ഥ : ഈ ആക്ടിന്റെ പ്രാരംഭത്തിനുമുമ്പ് ഏതെങ്കിലും നെൽവയലിന്റെ ഉടമസ്ഥനോ അധിവാസിയോ കൈവശക്കാരനോ പ്രസ്തുത നെൽവയൽ പരിവർത്തനപ്പെടുത്തുകയോ രൂപാന്തരപ്പെടുത്തുകയോ ചെയ്യുകയും, അതിൽ അധിവാസത്തിന് ആവശ്യമായ സസ്യജാലങ്ങൾ നട്ടുപിടിപ്പിച്ചിരിക്കുകയും നിർമ്മിതികൾ നടത്തിയിരിക്കുകയും, അവയുടെ പ്രായമോ പഴക്കമോ, ഈ ആക്ട് പ്രാബല്യത്തിൽ വരുന്നതിനു മുമ്പുള്ളതാണെന്ന്, ഭൂമി സ്ഥിതി ചെയ്യുന്ന വില്ലേജിലെ വില്ലേജ് ഓഫീസർ, കൃഷിഭവനിലെ കൃഷി ഓഫീസർ, ആ പ്രദേശത്തെ സാമൂഹ്യ വനവത്ക്കരണത്തിന്റെ ചുമതലയുള്ള ഫോറസ്റ്റ് റേഞ്ച് ഓഫീസറുടെ റാങ്കിലുള്ള വനം വകുപ്പ് ഉദ്യോഗസ്ഥൻ, തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറിയോ അല്ലെങ്കിൽ സെക്രട്ടറി നിർദ്ദേശിക്കുന്ന ഉദ്യോഗസ്ഥനോ അടങ്ങുന്ന സമിതി കൂട്ടായി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നപക്ഷം, ന്യായവിലയുടെ ഇരുപത്തിയഞ്ച് ശതമാനം വരുന്ന തുക ഈടാക്കി പരമാവധി ഇരുപത് ആർ വരെയുള്ള ഭൂമിയെ നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ ക്രമവൽക്കരിച്ചു നൽകാവുന്നതാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

120. ഖണ്ഡം 2-ന് താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക. "എന്നാൽ 2008-ലെ 28-ാം നമ്പർ ആക്ട് പ്രാബല്യത്തിൽ വരുന്നതിനു മുൻപ് 25 സെന്റിൽ കവിയാതെ ഭൂമി സ്വന്തം ആവശ്യത്തിന് പരിവർത്തനപ്പെടുത്തിയവർക്ക് ഈ നിയമം ബാധകമായിരിക്കുന്നതല്ല"

മി. സ്പീക്കർ: ഇനി പറയുന്ന കാരണങ്ങളാൽ മറ്റ് ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല. 112, 113, 114, 115, 116 എന്നീ ഭേദഗതികൾ വകുപ്പ് നീക്കം ചെയ്യാനുള്ളതാകയാൽ ക്രമാനുസൃതമായി കണക്കാക്കാനാവില്ല. 117-ാം നമ്പർ ഭേദഗതി മാർജിനൽ ശീർഷകത്തിനുള്ള ഭേദഗതി ആയതിനാൽ ക്രമപ്രകാരമല്ല. 119-ാം നമ്പർ ഭേദഗതി 118-ാം നമ്പർ ഭേദഗതിക്ക് തുല്യമാണ്. 122-ാം നമ്പർ ഭേദഗതി പ്രധാന ആക്ടിലെ ഭേദഗതി നിർദ്ദേശിക്കാത്ത വകുപ്പിനായതിനാൽ ക്രമാനുസൃതമല്ല.

ബഹുമാനപ്പെട്ട മിനിസ്റ്റർ, ഏതെങ്കിലും ഭേദഗതികൾ സ്വീകാര്യമാണോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 118, 121 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 120-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

3-ാം വകുപ്പ്

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ശ്രീ. പി. ടി. തോമസിന്റെ 132-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു:

132. ഖണ്ഡം 3-ൽ "അപ്രകാരം ആർജ്ജിച്ചതോ പ്രാപ്തമായതോ അല്ലെങ്കിൽ നേരിട്ടതോ ആയ ഏതെങ്കിലും അവകാശത്തെയോ വിശേഷാവകാശത്തെയോ ചുമതലയെയോ അല്ലെങ്കിൽ സാദ്ധ്യതയെയോ സംബന്ധിച്ച ഏതെങ്കിലും നിയമ നടപടിയെയോ" എന്ന വാക്കുകൾക്ക് ശേഷം "പരിഹാരത്തെയോ" എന്ന വാക്ക് ചേർക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

127. ഖണ്ഡം 3-ൽ "വിട്ടുകളഞ്ഞിരുന്നാൽ" എന്ന വാക്കിനു പകരം "ഒഴിവാക്കിയാൽ" എന്ന വാക്ക് ചേർക്കുക.

129. ഖണ്ഡം 3-ൽ "പ്രധാന ആക്റ്റിൻ കീഴിൽ" എന്ന വാക്കുകൾക്ക് ശേഷം "നിർവ്വചിക്കപ്പെട്ട" എന്ന വാക്ക് ചേർക്കുക.

130. ഖണ്ഡം 3-ൽ "ഭൂമിയുടെ" എന്നതിന് പകരം "നെൽവയലിന്റെയോ തണ്ണീർത്തടത്തിന്റെയോ" എന്ന് ചേർക്കുക.

131. ഖണ്ഡം 3-ൽ "രൂപാന്തരപ്പെടുത്തലോ പരിവർത്തനപ്പെടുത്തലോ" എന്നത് "പരിവർത്തനപ്പെടുത്തലോ രൂപാന്തരപ്പെടുത്തലോ" എന്ന് മാറ്റുക.

133. ഖണ്ഡം 3-ൽ "നേരിട്ടതോ" എന്ന വാക്കിനു പകരം "അനുഭവിച്ചതോ അനുഭവിച്ചു വരുന്നതോ" എന്ന വാക്കുകൾ ചേർക്കുക.

134. ഖണ്ഡം 3-ൽ "വിശേഷാവകാശത്തെയോ" എന്നതിനു പകരം "പ്രത്യേകാവകാശത്തെയോ" എന്ന് ചേർക്കുക.

135. ഖണ്ഡം 3 ൽ "ചുമതലയെയോ അല്ലെങ്കിൽ ബാദ്ധ്യതയെയോ" എന്നീ വാക്കുകൾക്ക് പകരം "ചുമതലയെയോ ബാദ്ധ്യതയെയോ അല്ലെങ്കിൽ കണ്ടു കെട്ടലിനെയോ" എന്നീ വാക്കുകൾ ചേർക്കുക.

136. ഖണ്ഡം 3 ൽ "ബാദ്ധ്യതയേയോ സംബന്ധിച്ച ഏതെങ്കിലും" എന്ന വാക്കുകൾക്ക് ശേഷം "കോടതിയുടേയോ, ട്രൈബ്യൂണലിന്റെയോ, മറ്റ് അധികാര സ്ഥാനത്തിന്റെയോ" എന്ന വാക്കുകൾ ചേർക്കുക.

137. ഖണ്ഡം 3 ൽ "ആക്റ്റ്" എന്ന വാക്കിനു പകരം "നിയമം" എന്ന വാക്ക് ചേർക്കുക.

138. ഖണ്ഡം 3 ൽ "പ്രാബല്യത്തിൽ വന്നിട്ടില്ലായിരുന്നു എന്ന രീതിയിൽ" എന്നതിനു പകരം "പ്രാബല്യത്തിൽ വന്നിട്ടില്ലായിരുന്നു എന്ന് കരുതി" എന്ന വാക്കുകൾ ചേർക്കുക.

139. ഖണ്ഡം 3 ൽ "നടപ്പിലാക്കുകയോ" എന്ന വാക്കിന് പകരം "നടപ്പിൽ വരുത്തുകയോ" എന്ന് ചേർക്കുക.

ഇതിൽ 129-ൽ ഖണ്ഡം 3-ൽ "പ്രധാന ആക്റ്റിൻ കീഴിൽ" എന്ന വാക്കുകൾക്ക് ശേഷം "നിർവ്വചിക്കപ്പെട്ട" എന്ന വാക്ക് ചേർക്കണം. 130-ൽ ഖണ്ഡം 3-ൽ "ഭൂമിയുടെ" എന്നതിന് പകരം "നെൽവയലിന്റെയോ തണ്ണീർത്തടത്തിന്റെയോ" എന്നാണ് ചേർക്കേണ്ടത്. ഭൂമി എന്നുവരുമ്പോൾ മൊത്തത്തിൽ വരും. 134-ൽ ഖണ്ഡം 3-ൽ "വിശേഷാവകാശത്തെയോ" എന്നത് "പ്രത്യേകാവകാശത്തെയോ" എന്നാക്കണം. വിശേഷാവകാശം എന്ന് നമ്മൾ പറയാറില്ല. 136-ൽ ഖണ്ഡം 3 -ൽ "ഏതെങ്കിലും നിയമ നടപടിയെ" എന്നാണ് പറഞ്ഞിരിക്കുന്നത്. "ഏതെങ്കിലും കോടതിയുടേയോ, ട്രൈബ്യൂണലിന്റെയോ, മറ്റ് അധികാരസ്ഥാനത്തിന്റെ നിയമ നടപടിയേയോ" എന്നാക്കി മാറ്റണമെന്നാണ് എന്റെ ഭേദഗതി.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

140. ഖണ്ഡം 3-ൽ "ചെയ്യാവുന്നതാണ്" എന്നതിനു ശേഷം താഴെപ്പറയുന്ന വാക്കുകൾ ചേർക്കുക:

"മാത്രമല്ല, പ്രധാന ആക്റ്റിലെ 3എ വകുപ്പിനുകീഴിൽ ഭൂമിയുടെ രൂപാന്തര പെടുത്തലിനോ പരിവർത്തനപ്പെടുത്തലിനോ സമർപ്പിച്ചിട്ടുള്ള അപേക്ഷകരിൽ സ്വന്തമായോ ഭാര്യയുടെ/ഭർത്താവിന്റെ പേരിൽ അഞ്ച് സെന്റോ അതിൽ കുറഞ്ഞ അളവിലോ മാത്രം ഭൂമിയുള്ള നിശ്ചിത ഫീസ് ഒടുക്കിയിട്ടുള്ള അപേക്ഷകർക്ക്, ഈ ആക്റ്റ് പ്രാബല്യത്തിൽ വന്നിട്ടില്ലായിരുന്നു എങ്കിൽ ക്രമവത്ക്കരിച്ച് നൽകാവുന്ന തായിരുന്നുവെന്ന് ബോദ്ധ്യമാകുന്ന സംഗതിയിൽ നടപടിക്രമങ്ങൾ പാലിച്ച് ക്രമവത്ക്കരണം പൂർത്തിയാക്കി നൽകാവുന്നതാണ്".

ഈ കെട്ടിക്കിടക്കുന്ന അപേക്ഷകളിൽ 5 സെന്റോ അതിൽ കുറവോ ഉള്ള ആളുകൾക്ക് ഇത് ബാധകമാകരുത് എന്നതാണ് എന്റെ ഭേദഗതി.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

141. ഖണ്ഡം 3 ന് ചുവടെ ചേർക്കുന്ന വിശദീകരണം ചേർക്കുക.

"വിശദീകരണം: പ്രധാന ആക്റ്റിലെ 3എ വകുപ്പ് പ്രകാരം നൽകിയ അന്തിമമായ ക്രമവത്ക്കരണം എന്നത് പ്രസ്തുത വകുപ്പിൻ കീഴിലുണ്ടാക്കിയ നിർണ്ണയിക്കപ്പെടാവുന്ന ചട്ടങ്ങൾക്കനുസൃതമായി നിശ്ചിത ഫീസ് ഒടുക്കിയ അപേക്ഷകളും ഉൾപ്പെടുന്നതാകുന്നു."

142. ഖണ്ഡം 3 ചുവടെ ചേർക്കും പ്രകാരം മാറ്റുക:

"പ്രധാന ആക്റ്റിലെ 3എ വകുപ്പ് ഒഴിവാക്കിയാൽ തന്നെയും അതിനു കീഴിൽ നടപടിക്രമങ്ങൾ പാലിച്ച് ഭൂമിയുടെ രൂപാന്തരപ്പെടുത്തലോ പരിവർത്തനപ്പെടുത്തലോ അന്തിമമായി ക്രമവത്കരിച്ച് നൽകിയിട്ടുള്ള സംഗതിയിൽ അപ്രകാരമുള്ള ക്രമവത്കരണം സാധുവായിരിക്കുന്നതും അതിന്മേലുള്ള വ്യവഹാരമോ നിയമനടപടിയോ അസാധുവാകുന്നതുമാണ് ."

എന്റെ രണ്ട് ഭേദഗതികളുണ്ട്. ഒന്ന് "ഖണ്ഡം 3-ന് ചുവടെ ചേർക്കുന്ന വിശദീകരണങ്ങൾ ചേർക്കുക. ഈ വിശദീകരണം പ്രധാന ആക്റ്റിലെ 3എ വകുപ്പ് പ്രകാരം നൽകിയ അന്തിമമായ ക്രമവത്ക്കരണം എന്നത് പ്രസ്തുത വകുപ്പിൻ കീഴിലുണ്ടായ നിർണ്ണയിക്കപ്പെടാവുന്ന ചട്ടങ്ങൾക്കനുസൃതമായി നിശ്ചിത ഫീസ് ഒടുക്കിയ അപേക്ഷകളും ഉൾപ്പെടുന്നതാകുന്നു." എന്നുപറഞ്ഞാൽ അങ്ങ് പറഞ്ഞ 58 ആളുകൾക്കപ്പുറം 95000-ത്തോളം വരുന്ന ആളുകളിൽനിന്നുള്ള അപേക്ഷ പരിശോധിക്കുക എന്നുള്ളതാണ്. അങ്ങേയ്ക്ക് സ്വീകരിക്കാൻ ബുദ്ധിമുട്ടുണ്ടെങ്കിൽ സ്വീകരിക്കണ്ട. രണ്ടാമത്തേത് അങ്ങേയ്ക്ക് സ്വീകരിക്കാവുന്നതാണ് എന്നാണ് എന്റെ അഭിപ്രായം. അതായത്, 3 'ഒഴിവാക്കൽ' എന്നുള്ളതിൽ 9-ാമത്തെ വരി റീഡ്രാഫ്റ്റ് ചെയ്താൽ അങ്ങ് പറഞ്ഞ എല്ലാ സംഗതിയും അതിൽ ഉൾക്കൊള്ളും. ഒരു ഭംഗി ഉണ്ടാകും. വായിച്ചാൽ പെട്ടെന്ന് മനസ്സിലാവുകയും ചെയ്യും. ഞാൻ അതൊന്ന് വായിക്കാം. അങ്ങ് സ്വീകരിക്കാൻ പറ്റുമെങ്കിൽ സ്വീകരിച്ചാൽ മതി.

142. അതിൽ ഖണ്ഡം 3 ചുവടെ ചേർക്കും പ്രകാരം മാറ്റുക:

"പ്രധാന ആക്ടിലെ 3 എ വകുപ്പുപ്രകാരം ഒഴിവാക്കിയാൽത്തന്നെയും അതിനു കീഴിൽ നടപടിക്രമങ്ങൾ പാലിച്ച് ഭൂമിയുടെ രൂപാന്തരപ്പെടുത്തലോ പരിവർത്തനപ്പെടുത്തലോ അന്തിമമായി ക്രമവൽക്കരിച്ച് നൽകിയിട്ടുള്ള സംഗതിയിൽ അപ്രകാരമുള്ള ക്രമവൽക്കരണം സാധുവായിരിക്കുന്നതും അതിന്മേലുള്ള വ്യവഹാരമോ നിയമ നടപടിയോ അസാധുവാകുന്നതുമാണ്." എന്നു പറഞ്ഞാൽ ഈ ക്രമവൽക്കരിച്ച് ഉത്തരവാക്കിയിട്ടുള്ള നേരത്തെ പറഞ്ഞ 58 ആളുകൾക്കും പ്രൊട്ടക്ഷൻ കൊടുക്കാൻ കഴിയും. എല്ലാ അന്തസ്സത്തയും അതിൽ ഉൾക്കൊള്ളും. അങ്ങ് ഇത് സ്വീകരിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്, സ്വീകരിക്കുന്നില്ലെങ്കിലും ഓഫീസിൽ പോയി വായിച്ചു നോക്കിയാൽ അങ്ങിത് സ്വീകരിക്കാമായിരുന്നു എന്നുപറയും. അതുകൊണ്ട് ഇത് സ്വീകരിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഏതെങ്കിലും ഭേദഗതികൾ സ്വീകാര്യമാണോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 127, 129, 130, 131, 133, 134, 135, 136, 137, 138, 139 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 140-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 141, 142 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും.

ശ്രീ. വി.പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

106. പീഠികയിൽ (i) " ആക്റ്റ്" എന്ന വാക്കിനു പകരം "നിയമം" എന്ന വാക്ക് ചേർക്കുക.

(ii) " ആക്റ്റ് (2008-ലെ 28) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കു വേണ്ടി" എന്ന വാക്കുകൾക്കുപകരം "നിയമത്തിലെ 3 എ വകുപ്പ് ഒഴിവാക്കുന്നതിനായി" എന്നീ വാക്കുകൾ ചേർക്കുക.

108. ഖണ്ഡം 1(1) താഴെപ്പറയും പ്രകാരം മാറ്റുക:

" ഈ നിയമത്തിന് 2016-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം എന്ന് പേര് പറയാം."

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

109. ഖണ്ഡം 1(1)-ൽ "ആക്റ്റ്" എന്ന വാക്കിന് പകരം "നിയമം" എന്ന വാക്ക് ചേർക്കുക.

ഇത് സ്ഥിരം നമ്മൾ എല്ലാ നിയമത്തിലും പറയുന്നതാണ്, നെൽവയൽ ആകുമ്പോൾ മണ്ണിന്റെ ഗന്ധം ഉള്ളതാണ്, ആക്റ്റിനുപകരം നിയമം, നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം എന്നാക്കുന്നതായിരിക്കും നല്ലത്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

110. ഖണ്ഡം 1(2) – ൽ "തന്നെ" എന്ന വാക്ക് ഒഴിവാക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഏതെങ്കിലും ഭേദഗതികൾ സ്വീകാര്യമാണോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ 110-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റുഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി.സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 110-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 106, 108 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദീൻ അവതരിപ്പിച്ച 109-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ................

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ബഹുമാനപ്പെട്ട റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്ക് 2016-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, 2016-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. എം. മാണി: സർ, 2008-നുമുൻപ് പുരയിടമായി രൂപാന്തരപ്പെടുത്തിയ നിലങ്ങളെ ഫീസ് ചുമത്തി റെഗുലറൈസ് ചെയ്തുകൊടുക്കുമെന്ന് 2009-10, 2010-11 വർഷങ്ങളിലെ ബഡ്ജറ്റുകളിൽ ഡോ. ടി. എം. തോമസ് ഐസക്ക് പ്രഖ്യാപിച്ചിരുന്നു. അതൊരു നയമാണ്. എൽ.ഡി.എഫ്.-ന്റെ നയം യു.ഡി.എഫ്. നടപ്പിലാക്കിയപ്പോൾ അത് തെറ്റ്. എനിക്കത് മനസ്സിലാകുന്നില്ല, അത് വളരെ മോശമായിപ്പോയി. ഞങ്ങൾ വളരെ ആത്മാർത്ഥമായിട്ടാണ് ഈ കാര്യങ്ങളൊക്കെ ചെയ്തത്. അത് റദ്ദുചെയ്യുന്നത് ശരിയായ കാര്യമാണെന്ന് എനിക്ക് തോന്നുന്നില്ല. ഇങ്ങനെ വിശ്വാസവഞ്ചന കാണിക്കുമെന്ന് ഞങ്ങളാരും വിചാരിച്ചിരുന്നില്ല. 1967-ലെ ഭൂവിനിയോഗ നിയമമനുസരിച്ച് കൃഷിഭൂമിയിൽ മറ്റൊരു വിള കൃഷി ചെയ്യണമെങ്കിൽ കളക്ടറുടെ അനുമതി വേണം. എന്നാൽ സർക്കാരിന്റെ ഒരു ജി.ഒ. അനുസരിച്ച് ആർ.ഡി.ഒ.-മാർക്ക് 5 സെന്റുവരെ വീടുവയ്ക്കാൻ അനുവാദം നല്കാമെന്ന് പറയുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പലരും ഇന്ന് നിലം നികത്തി വീട് വച്ചിട്ടുണ്ട്. ഇപ്പോൾ പലസ്ഥലങ്ങളും നിലമായിട്ടാണ്

റിക്കാർഡുകളിൽ കാണുന്നതെങ്കിലും ഇപ്പോൾ നിലമല്ല. അത് യഥാർത്ഥത്തിൽ കൃഷിയിടമാണെങ്കിൽ അതിന് സംരക്ഷണം കൊടുക്കണം. തെങ്ങും കവുങ്ങും മറ്റ് ഫലവൃക്ഷങ്ങളുമൊക്കെ ഉണ്ടെങ്കിൽ അത് ഇനി വെട്ടിക്കളയാൻ പറ്റുമോ? നിയമമൊക്കെ പ്രായോഗികമായിരിക്കണം. ആ നിലയിലേ നമുക്ക് നടപ്പാക്കാൻ കഴിയൂ. അതുകൊണ്ട് നിർദ്ദേശം കൊടുക്കുക, വെറുതെ ആളുകളെ ബുദ്ധിമുട്ടിക്കാതിരിക്കുക. കൃഷിയിടങ്ങളായിട്ടുണ്ടെങ്കിൽ, ദേഹണ്ഡം ഉള്ളതാണെങ്കിൽ, റിക്കാർഡിൽ നിലമാണെങ്കിൽ ഒരു കുഴപ്പവുമില്ല, അത് റെഗുലറൈസ് ചെയ്തു കൊടുക്കാനുള്ള നിർദ്ദേശം കൊടുക്കണം എന്നു മാത്രമേ എനിക്ക് പറയാനുള്ളൂ.

മി. സ്പീക്കർ: 2016-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ.................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു

ബിൽ പാസ്സായിരിക്കുന്നു.

## IX വ്യക്തിപരമായ വിശദീകരണം

മി. സ്പീക്കർ: ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി, അങ്ങേയ്ക്ക് ചട്ടം 288 പ്രകാരമുള്ള പ്രസ്താവന നടത്താവുന്നതാണ്.

### വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട പരാമർശം

ശ്രീ. ഉമ്മൻ ചാണ്ടി: സർ, വിഴിഞ്ഞം തുറമുഖം സംബന്ധിച്ച ഒരു സബ്മിഷൻ ഇന്ന് ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഇവിടെ ഉന്നയിച്ചപ്പോൾ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾക്കെതിരായി കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റും ഞാനും പ്രവർത്തിച്ചു എന്ന് പറയുകയുണ്ടായി. അത് സത്യവുമായി ഒരു ബന്ധവുമുള്ളതല്ല. വിഴിഞ്ഞം കേരളത്തിലല്ലായിരുന്നുവെങ്കിൽ 25 കൊല്ലം മുൻപ് യാഥാർത്ഥ്യമാകുമായിരുന്നു. കേന്ദ്രത്തിൽനിന്ന് അനുമതി കിട്ടാനല്ല താമസമുണ്ടായത്. മത്സ്യത്തൊഴിലാളികളുടെ പേരിൽ നാല് കേസ്സുകൾ സുപ്രീം കോടതിയിലും ദേശീയ ഹരിത ട്രൈബ്യൂണലിലുമുണ്ട്. പക്ഷേ അവർക്കുവേണ്ടി ഹാജരാകുന്ന വക്കീലന്മാർ ദിവസം ലക്ഷങ്ങൾ ഫീസ് വാങ്ങുന്നവരാണ്. തുറമുഖവുമായി ബന്ധപ്പെട്ട് വിഴിഞ്ഞത്തുള്ള മത്സ്യത്തൊഴിലാളികളുമായി പലപ്രാവശ്യം ചർച്ച നടത്തി. അവർക്കാർക്കും അങ്ങനെയുള്ള പ്രശ്നമൊന്നുമില്ല. അവർക്ക് അവരുടെ ഭൂമിയെടുക്കുന്നതിന് ന്യായമായ വിലകിട്ടണം, പുനരധിവാസത്തിന് നല്ല പാക്കേജുണ്ടാകണം. അതിന്റെ പിന്നിൽ മറ്റൊരു ശക്തമായ ലോബി

തടസ്സപ്പെടുത്താവുന്ന വിധത്തിലെല്ലാം തടസ്സപ്പെടുത്തുന്നു. അതിനെയെല്ലാം അതിജീവിച്ചാണ് നമ്മൾ ഇവിടെ എത്തിയിരിക്കുന്നത്. ഇന്നലെ മന്ത്രി മറുപടി പറഞ്ഞതിലും ഇന്ന് സബ്മിഷന് മറുപടി പറഞ്ഞതിലും എനിക്ക് പരാതിയൊന്നുമില്ല. അദ്ദേഹം ആ ഫയലിലെ കാര്യങ്ങൾ പരിശോധിച്ചിട്ടാണ് ഇവിടെ പറഞ്ഞത്. ഇത് 1991-ൽ കെ. കരുണാകരൻ മുഖ്യമന്ത്രിയും എം. വി. രാഘവൻ തുറമുഖ വകുപ്പുമന്ത്രിയുമായിരുന്ന സമയത്ത് ആരംഭിച്ച നടപടികളാണ്. ഇതിന് ശ്രമം തുടങ്ങിയിട്ട് അനേക വർഷങ്ങളായി. ഇതിന്റെ അവസാനഘട്ട പ്രവർത്തനങ്ങൾക്ക് തുടക്കംകുറിച്ചത് അന്നാണ്. അതിനുശേഷം വന്നിട്ടുള്ള എല്ലാ ഗവൺമെന്റുകളും വിഴിഞ്ഞം യാഥാർത്ഥ്യമാക്കാൻ ശ്രമിച്ചു. ഞാൻ ആരേയും കുറ്റപ്പെടുത്താൻ ശ്രമിക്കുന്നില്ല, എല്ലാപേരും ശ്രമിച്ചു, പക്ഷേ നടന്നില്ല. 2014-ലെ ടെണ്ടറാണ് ഇപ്പോൾ ഉറപ്പിച്ചത്, അത് 4-ാമത്തെ ടെണ്ടറായിരുന്നു. മൂന്ന് ടെണ്ടറുകളും പരാജയപ്പെട്ടു. ആഗോളാടിസ്ഥാനത്തിൽ മത്സരമുള്ള നാലാമത്തെ ടെണ്ടർ 2014-ൽ വിളിച്ചപ്പോൾ അതിൽ അഞ്ച് കമ്പനികൾ വന്നു, അഞ്ച് കമ്പനികളും ക്വാളിഫൈഡായി. അവർക്ക് രണ്ടുവിധത്തിൽ ടെണ്ടർ കൊടുക്കാം. ഒന്ന് ഗവൺമെന്റിലേയ്ക്ക് പ്രീമിയം തന്നുകൊണ്ടുള്ള ടെണ്ടർ, അല്ലെങ്കിൽ ഗവൺമെന്റിൽനിന്നും ഗ്രാന്റ് ചോദിച്ചുകൊണ്ടുള്ള ടെണ്ടർ. അഞ്ച് കമ്പനികളും പ്രീമിയം തന്നുകൊണ്ടുള്ളതിന് ടെണ്ടർ തന്നില്ല. അദാനി ഗ്രൂപ്പ് മാത്രമാണ് ഗ്രാന്റ് ചോദിച്ചുകൊണ്ട് ടെണ്ടർ തന്നത്. ആ അവസരത്തിൽ എല്ലാ കാര്യങ്ങളും എംപവേർഡ് കമ്മിറ്റി പരിശോധിച്ചശേഷം തീരുമാനമെടുക്കുമ്പോൾ സുതാര്യമായി ചെയ്യേണ്ട എന്തെല്ലാം മാർഗ്ഗമുണ്ടോ അതെല്ലാം ചെയ്തു. ഒരിക്കലും സാധാരണ ടെണ്ടർ കമ്മിറ്റിയുടെ മിനിട്ട്സ് പരസ്യപ്പെടുത്തിയിട്ടില്ല. എംപവേർഡ് കമ്മിറ്റി ടെണ്ടർ അംഗീകരിക്കാനിടയായ സാഹചര്യങ്ങളടക്കമുള്ള മിനിട്ട്സ് വെബ്സൈറ്റിലിട്ടു. രണ്ടാമത് ചെയ്തത്, കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് 2010-ൽ ഒരു ടെണ്ടറിന് അംഗീകാരം കൊടുത്തു, ആ ടെണ്ടറിന്റെ വ്യവസ്ഥകളും ഇന്നത്തെ ടെണ്ടറിന്റെ വ്യവസ്ഥകളും വെബ്സൈറ്റിലിട്ടു. ഇത് രണ്ടും പരിശോധിക്കാൻ എല്ലാവർക്കും അവസരം കൊടുത്തു. ടെണ്ടർ അദാനി ഗ്രൂപ്പിന് കൊടുക്കുന്നതിന്റെ മിനിട്ട്സ് വെബ്സൈറ്റിലിട്ടത് ഇന്നും ഉണ്ട്. ആർക്കുവേണമെങ്കിലും പരിശോധിക്കാം. അദാനി ഗ്രൂപ്പിനെ വഴിവിട്ടു സഹായിച്ചു എന്നാണ് പരാതി. അദാനി ഗ്രൂപ്പിനെ വഴിവിട്ട് സഹായിക്കണമെങ്കിൽ ടെണ്ടറിനുശേഷം എഗ്രിമെന്റിൽ മാറ്റം വരുത്തണ്ടേ? ടെണ്ടർ ഉറപ്പിക്കുന്നതിന് മുൻപ് എല്ലാ കമ്പനികൾക്കും കൊടുത്ത ടെണ്ടർ കണ്ടീഷന്റെ വ്യവസ്ഥയിൽ ഒരു വ്യത്യാസവും വരുത്താതെയാണ് അവസാനം എഗ്രിമെന്റ് വച്ചിട്ടുള്ളത്, അവർക്ക് പുതുതായിട്ടുള്ള ഒരു ആനുകൂല്യവും കൊടുത്തിട്ടില്ല. എല്ലാ കാര്യങ്ങളും സുതാര്യമായി ചെയ്ത് സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി കേസ്സുകളൊക്കെ മറികടന്ന് വന്നതാണ്. ഇപ്പോൾ എ.ജി.-യുടെ ഒരു റിപ്പോർട്ടുണ്ട്, അത് ഡ്രാഫ്റ്റ് റിപ്പോർട്ടാണ്, ഓഡിറ്റ് പാരയല്ല, അതിനോട് ഗവൺമെന്റ് റെസ്പോണ്ട് ചെയ്തുകഴിഞ്ഞു എന്ന് മന്ത്രിതന്നെ ഇവിടെ പറഞ്ഞു. ഏതായാലും കഴിഞ്ഞ ഗവൺമെന്റിന് ഈ കാര്യത്തിൽ ഒന്നും മറച്ചുവയ്ക്കാനില്ല. എല്ലാം വെബ്സൈറ്റിലുണ്ട്. അദ്ദേഹം എൻക്വയറി നടത്തണമെന്ന്

ഇവിടെ പറഞ്ഞു, അതിനും ഞങ്ങൾക്ക് ഒരു എതിർപ്പുമില്ല, വേണമെങ്കിൽ അതും നടക്കണം, അത് ഇന്നത്തെ ഗവൺമെന്റ് തീരുമാനിക്കട്ടെ. എല്ലാം സുതാര്യമായി ചെയ്ത്, കേരളത്തിൽ ഒന്നും നടക്കില്ല എന്ന ധാരണ മാറ്റിക്കുറിച്ചുകൊണ്ട് 1000 ദിവസത്തിനുള്ളിൽ ഈ പദ്ധതി പൂർത്തീകരിക്കാനുള്ള ശ്രമമായിരുന്നു യു.ഡി.എഫ്. ചെയ്തത്, അത് തുടരണമെങ്കിൽ ഗവൺമെന്റിന് തുടരാം, അതല്ല ഇതിനകത്ത് പിശകുണ്ടെങ്കിൽ അത് തിരുത്തുന്നതിന് പല ഓപ്ഷൻസുമുണ്ട്, അത് നിങ്ങൾക്ക് സ്വീകരിക്കാം. ഇക്കാര്യത്തിൽ അന്വേഷണം വേണമെങ്കിൽ അതാകാം, അതിന് ഞങ്ങൾ എതിരല്ല എന്നകാര്യം വ്യക്തമാക്കാനാഗ്രഹിക്കുന്നു.

**(നിയമനിർമ്മാണകാര്യം തുടർച്ച)**

(2) 2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ

മി. സ്പീക്കർ: ബഹുമാനപ്പെട്ട വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി അങ്ങേയ്ക്ക് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: നമ്മൾ ചർച്ചയിലേയ്ക്ക് കടക്കുകയാണ്. സമയം മൂന്ന് മണിയോടടുത്തു. രാവിലെ ചില അംഗങ്ങൾ നന്നായി സഹകരിച്ചു, ചില അംഗങ്ങളിൽ നിന്നും അതുണ്ടായില്ല. എല്ലാപേരും സമയപരിധിക്കുള്ളിൽനിന്ന് സംസാരിക്കണമെന്ന് അറിയിക്കുകയാണ്. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന് വിയോജനക്കുറിപ്പ് തന്നിട്ടുള്ള അംഗങ്ങൾക്ക് സംസാരിക്കാവുന്നതാണ്.

ശ്രീ. അടൂർ പ്രകാശ്: സർ, 2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ സംബന്ധിച്ചുള്ള എന്റെ വിയോജനക്കുറിപ്പ് ഞാൻ രേഖപ്പെടുത്തുകയാണ്. സംസ്ഥാനത്തെ ദേവസ്വം ബോർഡുകളിലേയ്ക്കുള്ള പരമ്പരാഗത തസ്തികകളും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തസ്തികകളും ഒഴികെ മറ്റ് തസ്തികകളിലേയ്ക്ക് ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിന് സ്വയംഭരണാവകാശത്തോടുകൂടിയ ഒരു ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്നതിനാണ് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബിൽ സഭ പാസ്സാക്കിയത്. 2015 ആഗസ്റ്റ് 17-ാം തീയതിയാണ് പ്രസ്തുത നിയമം

നിലവിൽ വന്നത്. ബോർഡിൽ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഹിന്ദു മതത്തിൽപ്പെട്ടതും ദൈവത്തിലും ക്ഷേത്രാചാരങ്ങളിലും വിശ്വസിക്കുന്നവരുമായ ആറംഗങ്ങൾ ഉണ്ടായിരിക്കണമെന്നതാണ് അന്ന് വ്യവസ്ഥ ചെയ്തിരുന്നത്. ഗവൺമെന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത സ്ഥാനം വഹിക്കുന്നതോ വഹിച്ചിരുന്നതോ ആയ വ്യക്തി ബോർഡിന്റെ ചെയർപേഴ്സണായിരിക്കണമെന്നും മറ്റ് അഞ്ചംഗങ്ങളിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ ഉള്ളതായിരിക്കണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. ചെയർപേഴ്സണിന്റെയും അംഗങ്ങളുടേയും ഔദ്യോഗിക കാലാവധിയും സേവന വ്യവസ്ഥകളും പ്രസ്തുത നിയമത്തിന്റെ 5-ാം വകുപ്പിൽ വ്യവസ്ഥ ചെയ്ത പ്രകാരമാണ്. അവർ ഔദ്യോഗിക സ്ഥാനം ഏറ്റെടുക്കുന്ന തീയതി മുതൽ അഞ്ച് വർഷക്കാലം പൂർത്തിയാക്കുകയോ അറുപത്തിയഞ്ച് വയസ്സ് തികയുകയോ അതിൽ ഏതാണോ ആദ്യം പൂർത്തീകരിക്കുന്നത് അതുവരെ ബോർഡിലെ സ്ഥാനത്ത് തുടരാൻ വ്യവസ്ഥയുണ്ടായിരുന്നു. ഇന്ന് ഈ നിയമം കൊണ്ടുവന്ന് പാസ്സാക്കിയെടുത്ത് റിക്രൂട്ട്മെന്റ് ബോർഡ് സ്ഥാപിച്ചതിനുശേഷം പിരിച്ചു വിടുന്നതിന്റെ പിന്നിൽ രാഷ്ട്രീയമായ എന്തെങ്കിലും ലക്ഷ്യമുണ്ടോയെന്ന് സ്വാഭാവികമായും ഞങ്ങൾ സംശയിച്ചാൽ ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് തെറ്റിദ്ധരിക്കുമെന്ന് ഞങ്ങൾ കരുതുന്നില്ല.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ഈ വകുപ്പിന്റെ നാലാം ഉപവകുപ്പിൽ ഒരംഗത്തെ നീക്കം ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അതിൽ ഒന്നാമതായി പറയുന്നത്, അവിമുക്ത നിർദ്ധനനായിത്തീരുക. രണ്ട്, സാന്മാർഗ്ഗിക ദൂഷ്യമുൾപ്പെടുന്ന കുറ്റം സ്ഥാപിക്കപ്പെട്ട് തടവുശിക്ഷയ്ക്ക് വിധിക്കപ്പെടുക. മൂന്ന്, ബുദ്ധിസ്ഥിരതയില്ലാത്ത ആളായിത്തീരുക, കോടതി അപ്രകാരം പ്രഖ്യാപിക്കുക. നാല്, ജോലി ചെയ്യാൻ വിസമ്മതിക്കുകയോ ജോലി ചെയ്യാൻ കഴിവില്ലാത്തവരായി തീരുകയോ ചെയ്യുക. അഞ്ച്, അനുമതി തേടാതെ ബോർഡിന്റെ തുടർച്ചയായുള്ള മൂന്ന് യോഗങ്ങളിൽ പങ്കെടുക്കാതിരിക്കുക. ആറ്, സർക്കാരിന്റെ താല്പര്യത്തിനോ പൊതുതാല്പര്യത്തിനോ ഹാനികരമായ രീതിയിൽ ഔദ്യോഗികപദവി ദുരുപയോഗം ചെയ്യുക. ഈ ആറ് കാര്യങ്ങളിൽ വിലയിരുത്തൽ നടത്തിക്കൊണ്ടാണ് ഒരംഗത്തെ നീക്കംചെയ്യാനുള്ള വ്യവസ്ഥ നിയമത്തിൽ പറഞ്ഞിട്ടുള്ളത്. ഇപ്പോൾ പുതിയ നിയമം കൊണ്ടുവന്ന് അങ്ങ് ഇവരെ പിരിച്ചുവിടാനാണ് നോക്കുന്നത്. ഇതിൽ രാഷ്ട്രീയതാല്പര്യം ഉൾക്കൊള്ളിച്ചിട്ടുണ്ടെന്ന് സൂചിപ്പിച്ചത് അതുകൊണ്ടാണ്. മേൽപ്പറഞ്ഞ കാര്യങ്ങൾ അടിസ്ഥാനമാക്കി മാത്രമേ ഒരംഗത്തെ ഔദ്യോഗിക സ്ഥാനത്തുനിന്നും സർക്കാരിന് നീക്കംചെയ്യാൻ കഴിയുകയുള്ളൂ. എന്നാൽത്തന്നെ പ്രസ്തുത വ്യക്തിക്ക് പറയാനുള്ളത് പറയാൻ ന്യായമായ അവസരം നൽകാതെ പദവിയിൽനിന്നും നീക്കം ചെയ്യരുതെന്നും 5-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. വസ്തുതകൾ ഇതായിരിക്കെ 2014-ലെ ദേവസ്വം റിക്രൂട്ട്മെന്റ് (ഭേദഗതി) ആക്ട് നിലവിൽ വരുന്ന തീയതി മുതൽ നിലവിലുള്ള ചെയർപേഴ്സണേയും അംഗങ്ങളേയും ഔദ്യോഗിക സ്ഥാനത്തുനിന്നും പുറത്താക്കാനുള്ള ശ്രമമാണുണ്ടായിട്ടുള്ളത്. മൂലനിയമത്തിലെ

5(4)-ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും കാര്യത്തിന്റെ അടിസ്ഥാനത്തിലാണോ അതോ രാഷ്ട്രീയകാരണങ്ങളാലാണോ നിലവിലുള്ള ബോർഡംഗങ്ങളെ തൽസ്ഥാനത്തു നിന്നും നീക്കംചെയ്യുന്നതെന്ന് വ്യക്തമാക്കാൻ ഗവൺമെന്റിന് ബാധ്യതയുണ്ട്. അത്തരം കാര്യങ്ങളൊന്നും ഇവിടെ വ്യക്തമാക്കിയിട്ടില്ല. നിലവിലുള്ള റിക്രൂട്ട്മെന്റ് ബോർഡ് അവരിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകൾ നിർവ്വഹിച്ചില്ലെന്നും അവർ ഭീമമായ തുക ശമ്പളയിനത്തിൽ കൈപ്പറ്റിയെന്നും മറ്റുമുള്ള ആരോപണങ്ങൾ വസ്തുതാപരമല്ല. 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്ട് നിലവിൽ വന്നത് 2015 ആഗസ്റ്റ് 17-ന് ആണ്. ഒരു നിയമം നിലവിൽ വന്നതുകൊണ്ട് മാത്രം അതിനെതിരെ മറ്റ് നടപടി സ്വീകരിക്കാൻ കഴിയില്ല. നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നപ്രകാരം ചട്ടങ്ങൾ രൂപീകരിക്കേണ്ടതായിട്ടുണ്ട്. നിലവിലുള്ള ബോർഡ് 2015-ലെ അഞ്ചാം നമ്പർ ഓർഡിനൻസ് പ്രകാരം നിലവിൽ വന്നതാണ്. പ്രസ്തുത ഓർഡിനൻസിനനുസൃതമായി 2015 മേയ് മാസത്തിൽത്തന്നെ അതിന്റെ ചട്ടങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. പിന്നീട് ഓർഡിനൻസിനുപകരം ബിൽ നിയമസഭയിൽ കൊണ്ടുവന്ന് അത് പാസ്സാക്കിയശേഷം നിലവിലുള്ള ചട്ടത്തിന് വ്യാപകമായ ഭേദഗതി വരുത്തേണ്ടിവന്നതിനാൽ 2016 ജനുവരി മാസം 19-ന് മാത്രമാണ് ആ ഭേദഗതി ചട്ടം പുറപ്പെടുവിച്ചത്. ഒരു ചട്ടം പുറപ്പെടുവിക്കണമെങ്കിൽ നക്കൽ രൂപത്തിൽ അത് സബ്ജക്ട് കമ്മിറ്റിയിൽ സമർപ്പിക്കണം, സബ്ജക്ട് കമ്മിറ്റി അത് പരിഗണിച്ച് അംഗീകാരം നൽകണം. ഇത്തരത്തിലുള്ള കടമ്പകൾ കടക്കേണ്ടതുണ്ട്. 2015 ആഗസ്റ്റ് 17-ന് നിലവിൽ വന്ന നിയമത്തെ അടിസ്ഥാനമാക്കിയുള്ള ചട്ടം അഞ്ച് മാസത്തിനുള്ളിൽത്തന്നെ പുറപ്പെടുവിക്കുകയുണ്ടായി. കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിൽ പ്രതിപാദിക്കുന്ന വിധത്തിൽ റൊട്ടേഷൻ അടിസ്ഥാനത്തിൽ 100-ന്റെ സൈക്കിളായിട്ടാണ് പുതുക്കിയ ചട്ടത്തിൽ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. ഈ ഭേദഗതിയുടെ അടിസ്ഥാനത്തിൽ ബോർഡ് നിയമന നടപടികൾ സ്വീകരിക്കുകയും ശാന്തിക്കാരന്റെയും ആനപ്പാപ്പാന്മാരുടേയും ഒഴിവിലേയ്ക്ക് അപേക്ഷ ക്ഷണിക്കുകയും ഏതാണ്ട് പന്തീരായിരത്തോളംപേർ ഇതിലേയ്ക്ക് അപേക്ഷ നൽകുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ശാന്തിക്കാരുടെ തസ്തികയിലേയ്ക്കുള്ള ഇന്റർവ്യൂ തീയതി വരെ തീരുമാനിച്ചു.

3.00 PM]

പ്രസ്തുത നിയമം സർക്കാർ മരവിപ്പിച്ചിരിക്കുകയാണ്. നിലവിൽ റിക്രൂട്ട്മെന്റ് ബോർഡിൽ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിക്കുന്നതിൽ എന്തെങ്കിലും വീഴ്ച വരുത്തിയതായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടില്ല. അതിൽനിന്നുതന്നെ ഇപ്പോൾ ഈ ഭേദഗതി ബിൽ കൊണ്ടുവന്നിരിക്കുന്നത് ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ രാഷ്ട്രീയ താൽപര്യ സംരക്ഷണത്തിനുവേണ്ടി മാത്രമാണെന്ന് പറയേണ്ടിവരും. ഇപ്പോഴത്തെ ഭേദഗതിമൂലം ബോർഡിലെ അംഗങ്ങളുടെ എണ്ണം ആറിൽനിന്ന് മൂന്നായി കുറയ്ക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ചെയർപേഴ്സണായി ഗവൺമെന്റ് സെക്രട്ടറിക്കുപകരം ജില്ലാ ജഡ്ജിയോ അല്ലെങ്കിൽ ജില്ലാ ജഡ്ജി ആയിരുന്നതോ ആയ ഒരാളെയാണ് നിശ്ചയിക്കുന്നത്. ബോർഡിലെ അംഗങ്ങളുടെ എണ്ണം

കുറയ്ക്കുന്നത് ഭരണപരമായ ചെലവ് കുറയ്ക്കുന്നതിനുവേണ്ടിയാണെന്ന നിലപാടാണ് ഗവൺമെന്റ് പ്രഖ്യാപിച്ചത്. ഭരണച്ചെലവ് കുറയ്ക്കുക എന്നത് ഗവൺമെന്റിന്റെ നയമാണെങ്കിൽ അതിനെ സ്വാഗതം ചെയ്യേണ്ടതുതന്നെയാണ്. പക്ഷെ എല്ലാ തലത്തിലുമുള്ള ഭരണച്ചെലവും കുറയ്ക്കേണ്ടതാണെന്ന കാര്യം ആലോചിക്കണം. എല്ലാ ബോർഡുകളിലും സർക്കാരിന്റെ ഇഷ്ടക്കാരെ നിയമിക്കുന്ന പ്രക്രിയ നിരന്തരം നടക്കുകയാണ്. ഭരണച്ചെലവ് കുറയ്ക്കുമെന്ന് പറഞ്ഞത് ആത്മാർത്ഥതയോടു കൂടിയാണെങ്കിൽ ആവശ്യമില്ലാത്ത ബോർഡുകൾ നിർത്തലാക്കുകയാണ് ആദ്യം ചെയ്യേണ്ടത്. ഈ സർക്കാരിന്റെ പ്രസംഗവും പ്രവൃത്തിയും തമ്മിൽ കടലും കടലാടിയും പോലുള്ള ബന്ധമാണുള്ളത്. ഈ സർക്കാർ ചുമതലയേറ്റപ്പോഴും നൂറ് ദിവസം പൂർത്തിയാക്കിയപ്പോഴും പത്ര-ദൃശ്യമാധ്യമങ്ങൾ വഴി പരസ്യംനൽകി കോടിക്കണക്കിന് രൂപയാണ് ചെലവഴിച്ചത്. അന്ന് ചെലവ് കുറയ്ക്കുന്നത് സംബന്ധിച്ച് ആരും പറഞ്ഞുകേട്ടില്ല. സർക്കാർ നൂറ് ദിവസം പൂർത്തിയാക്കിയപ്പോൾ ദേശീയ പാതയുടെ ഇരുവശത്തും വലിയ ഹോർഡിംഗുകൾ സ്ഥാപിച്ച വകയിൽ എത്ര കോടി രൂപയാണ് ചെലവഴിച്ചതെന്നതിനെക്കുറിച്ച് അങ്ങ് പറയുന്നത് നന്നായിരിക്കും. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള ആദ്യ നിയമസഭാ സമ്മേളനത്തിൽ പാസ്സാക്കിയ നിയമം ചെലവ് കുറയ്ക്കാൻവേണ്ടിയുള്ള ഒന്നായിരുന്നോ എന്ന് സ്വയം പരിശോധിക്കേണ്ടതുണ്ട്. അങ്ങയുടെ പാർട്ടിയിലെ ഗ്രൂപ്പിസം ഒതുക്കിത്തീർക്കാൻ ഖജനാവിന് എത്ര കോടി രൂപയുടെ ഭാരമാണ് ഉണ്ടാക്കിവച്ചതെന്ന് ചർച്ച ചെയ്യപ്പെടേണ്ട വിഷയമായി മാറുന്നു. ഭരണ പരിഷ്കാര കമ്മീഷൻ ചെയർമാനും പതിമൂന്നംഗ പേഴ്സണൽ സ്റ്റാഫിനും മറ്റ് സ്റ്റാഫിനുംകൂടി ഒരുവർഷം എത്രരൂപ ചെലവ് വരുമെന്ന നിയമസഭാ ചോദ്യത്തിന് വ്യക്തമായ ഉത്തരം ഇതുവരെയും ലഭിച്ചിട്ടില്ല. അതുകൊണ്ടുതന്നെ ഈ ചെലവ് കുറയ്ക്കൽ പ്രഖ്യാപനം വെറും രാഷ്ട്രീയ താല്പര്യം സംരക്ഷിക്കുന്നതിനുവേണ്ടിയാണെന്ന് വ്യക്തമാണ്. നിലവിലെ ബോർഡിന് അഞ്ചുവർഷം കാലാവധി ഉണ്ടായിരിക്കെ നിങ്ങൾക്ക് താല്പര്യമുള്ള ആളുകളെ പ്രസ്തുത സ്ഥാനത്ത് നിയമിക്കുന്നതിനുവേണ്ടി ഈ ബോർഡിനെ ഒഴിവാക്കണം. നിയമപ്രകാരം ഒഴിവാക്കുന്നതിന് സെക്ഷൻ 5(4)-ൽ പറയുന്ന കാര്യങ്ങളൊന്നും ആരോപിക്കാൻ കഴിയാത്ത സാഹചര്യത്തിൽ വളഞ്ഞവഴിയിലൂടെ ബോർഡിനെ പിരിച്ചുവിടുന്നത് വിലകുറഞ്ഞ അടവ് മാത്രമാണ്. ഈ ഭേദഗതി നിയമത്തിൽ, അംഗങ്ങൾ തൊഴിൽ സംബന്ധമായോ സേവനപരമായോ അല്ലെങ്കിൽ ഭരണപരമായോ ഉള്ള കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിൽ പരിചയ സമ്പന്നരായിരിക്കേണ്ടതാണെന്ന വ്യവസ്ഥ കൊണ്ടുവന്നിട്ടുണ്ട്.

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, ഈ ബില്ലിന്റെ ഉദ്ദേശലക്ഷ്യത്തെക്കുറിച്ചുതന്നെ താങ്കൾ ഇവിടെ സംശയം പ്രകടിപ്പിച്ചിരിക്കുകയാണ്. എനിക്കും സമാനമായ സംശയം തോന്നുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ആദ്യം പ്രഖ്യാപിച്ചിരുന്നത് ദേവസ്വം ബോർഡ് നിയമനങ്ങൾ പൂർണ്ണമായി പി.എസ്.സി.-ക്ക് വിടുമെന്നാണ്. ഈ ബില്ലിന്റെ ഉദ്ദേശകാരണങ്ങൾ വന്നപ്പോൾ അതിലും ഇക്കാര്യം ചൂണ്ടിക്കാണിച്ചിരുന്നു. പക്ഷേ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ ചെലവ് കുറയ്ക്കുക

എന്ന അജണ്ടയിലേയ്ക്ക് മാറുന്ന എന്നതുകൊണ്ട് അർത്ഥമാക്കുന്നത് അടുത്ത കാലത്തൊന്നും ഇത് പി.എസ്.സി.-ക്ക് വിടാൻ ഉദ്ദേശമില്ലെന്നും റിക്രൂട്ട്മെന്റ് ബോർഡ് ഒരു സ്ഥിരം സംവിധാനമായി ഇവിടെ നിലനിർത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുവെന്നുമല്ലേ. ഗവൺമെന്റ് ആദ്യം ഇത്തരം ചില പ്രഖ്യാപനങ്ങൾ നടത്തുകയും പിന്നീട് അതിൽനിന്ന് പുറംതിരിയുന്ന സമീപനം സ്വീകരിക്കുന്നതും താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, ഞാൻ അതുതന്നെയാണ് പറഞ്ഞുവരുന്നത്. ഇവിടെ ഗവൺമെന്റ് പ്രത്യേക മേഖലയിൽ കുറഞ്ഞത് പത്തുവർഷത്തെ സേവന പരിചയം വേണമെന്ന് പറഞ്ഞിരുന്നുവെങ്കിൽ അതെല്ലാം പ്രത്യേകമായി മനസ്സിലാക്കാൻ സാധിക്കുന്ന കാര്യങ്ങളാണ്. എങ്ങനെയാണ് ഈ പരിചയം കണക്കാക്കുന്നത്? നിയമത്തിലോ ചട്ടത്തിലോ അത് വ്യക്തമാക്കാത്തിട ത്തോളംകാലം ഏത് രീതിയിലും വ്യാഖ്യാനിക്കാവുന്ന ഒന്നാകുമിത്. അതുകൊണ്ടുതന്നെ ഇക്കാര്യത്തിൽ കൂടുതൽ വ്യക്തത വരുത്തേണ്ടത് അത്യാവശ്യമാണ്. മൂലനിയമത്തിലെ മൂന്നാം വകുപ്പിന്റെ മൂന്നാം ഉപവകുപ്പിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. 'ഹിന്ദുമതത്തിൽപ്പെട്ടവരോ, ദൈവത്തിലും ക്ഷേത്രാചാരങ്ങളിലും വിശ്വസിക്കുന്നവരോ ആയിരിക്കണം ബോർഡ് അംഗങ്ങൾ' എന്നതിൽ 'ക്ഷേത്രാചാരങ്ങൾ'-ക്കുപകരം 'ക്ഷേത്ര ആരാധന'-യിൽ വിശ്വസിക്കുന്നവർ എന്നാക്കിയിട്ടുണ്ട്. ക്ഷേത്രാചാരങ്ങളിൽ വിശ്വാസമില്ലാത്തവർ റിക്രൂട്ട്മെന്റ് ബോർഡംഗങ്ങളാകുന്നത് എത്രമാത്രം പ്രയോജനകരമാകുമെന്നത് അങ്ങ് ചിന്തിക്കേണ്ടതാണ്. ക്ഷേത്രാചാരങ്ങളിൽ വിശ്വാസമില്ലാത്ത ഒരു വ്യക്തി ബോർഡിലെ അംഗമാകുന്ന സാഹചര്യത്തിൽ ജീവനക്കാരെ ഇന്റർവ്യൂ ചെയ്ത് യോഗ്യരായവരെ എങ്ങനെ തെരഞ്ഞെടുക്കാനാകും എന്നതുകൂടി പരിശോധി ക്കേണ്ടതായിട്ടുണ്ട്. തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപന (ഭേദഗതി) ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് 1958-ൽ ആർ. സുഗതൻ പറഞ്ഞ ഒരു കാര്യമാണ് ഞാനിവിടെ പറയുന്നത്. അദ്ദേഹം അന്ന് പറഞ്ഞു, "ഹിന്ദുമതം നിരീശ്വരന്മാരുടെ മതമാണ്. അതുകൊണ്ട് ദൈവ വിശ്വാസിയാണോ അല്ലയോ എന്ന് നോക്കാതെ എല്ലാ ഹിന്ദു എം.എൽ.എ.-മാർക്കും ദേവസ്വം ബോർഡംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള അവകാശം നൽകണം". അതേ വാദഗതി തന്നെയാണ് ഈ ഭേദഗതിയിലൂടെ കൊണ്ടുവന്നിരിക്കുന്നത്. ക്ഷേത്രാചാരങ്ങളിൽ വിശ്വസിക്കേണ്ടതില്ല, ക്ഷേത്ര ആരാധനയിൽ വിശ്വസിച്ചാൽ മതിയെന്നും ഈ ബോർഡ് ഒരു താൽക്കാലിക സംവിധാനമായിരിക്കുമെന്നും ബില്ലിന്റെ ഉദ്ദേശകാരണങ്ങളിൽ തന്നെ പറയുന്നുണ്ട്. 2007-ലെ തിരുവിതാംകൂർ - കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ആക്ടിന്റെ 31-ാം വകുപ്പ് പ്രകാരം ബോർഡിന്റെ കീഴിലുള്ള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേയ്ക്കുള്ള ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നേരിട്ടുള്ള നിയമനത്തിന് ആവശ്യമായിവരുന്ന എല്ലാ നിയമങ്ങളും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഈ അധിക ചുമതല നിർവ്വഹിക്കുന്നതിനുവേണ്ടി ഉണ്ടാക്കുന്ന നിയമത്തിനനുസൃത മായിരിക്കും.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ഇവിടെ ചർച്ച ചെയ്യപ്പെടുന്ന ഈ ബിൽ വളരെ പ്രാധാന്യമുള്ളതാണ്. കാരണം ദേവസ്വം ബോർഡ് നിയമനങ്ങളിൽ യഥാർത്ഥത്തിൽ സംവരണം അട്ടിമറിക്കപ്പെട്ടിരിക്കുകയാണ്. ക്ഷേത്രപ്രവേശന വിളംബരം കഴിഞ്ഞ് എട്ട് പതിറ്റാണ്ടും ഐക്യകേരളം ഉണ്ടായി ആറ് പതിറ്റാണ്ടും കഴിഞ്ഞശേഷമാണ് ദേവസ്വം ബോർഡുകളിലെ നിയമനങ്ങൾ ഈ രീതിയിലാക്കണമെന്ന് നമ്മൾ ചിന്തിക്കുന്നത്. നമ്മുടെ സാമൂഹ്യമുന്നേറ്റം എത്ര പതുക്കെയാണ് പൊയ്ക്കൊണ്ടിരിക്കുന്നത് എന്നതിനുള്ള ഏറ്റവും വലിയ തെളിവാണിത്. ഇപ്പോൾ നിയമം കൊണ്ടുവരുമ്പോൾ സ്വാഭാവികമായും റിസർവ്വേഷൻ വരും. എല്ലാ വിഭാഗം ജീവനക്കാർക്കും ഇതിനകത്ത് കടന്നുവരുന്നതിനുള്ള സാഹചര്യം ആറ് പതിറ്റാണ്ടുകൾക്കു ശേഷം നമ്മൾ ഉണ്ടാക്കി എടുക്കുകയാണ്. അതോടൊപ്പം എയ്ഡഡ് സെക്ടറിനെ കൂടി ഇതിൽ ഉൾപ്പെടുത്താൻ സാധിക്കുന്നില്ല. പരമ്പരാഗത മേഖല എന്നു പറയുമ്പോൾ സ്വാഭാവികമായും അവിടെ ചില പ്രയാസങ്ങളുണ്ട്. ദേവസ്വം ബോർഡിന്റെ കീഴിലുള്ള കോളേജുകളിൽപ്പോലും ഹിന്ദുമത വിഭാഗത്തിൽപ്പെട്ട പിന്നോക്ക വിഭാഗങ്ങൾക്ക് ഒരു അവസരം ലഭിക്കണമെങ്കിൽ അത് ദേവസ്വം ബോർഡിന്റെയോ പി.എസ്.സി.-യുടെയോ കീഴിൽ വരണം. യഥാർത്ഥത്തിൽ ഗവൺമെന്റ് ഈയൊരു തീരുമാനമെടുക്കുമ്പോൾ അത്തരം കാര്യങ്ങളെങ്കിലും ശ്രദ്ധിക്കണം. എയ്ഡഡ് കോളേജുകളുടെ കാര്യത്തിൽ നമുക്ക് പല രീതിയിലുള്ള പ്രയാസങ്ങളുണ്ട്. എസ്.എൻ.ഡി.പി. ആയാലും എൻ.എസ്.എസ്. ആയാലും എം.ഇ.എസ്. ആയാലും അവിടെയെല്ലാം ഇടപെടലുകൾക്ക് പരിമിതികളുണ്ട്. ഞാൻ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും എന്റെ അഭിപ്രായം സൂചിപ്പിച്ചതാണ്. ഈ നിയമത്തിലൂടെ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന് കൊടുത്ത അധികാരങ്ങൾ ദേവസ്വം ബോർഡിന്റെ കീഴിലുള്ള കോളേജുകൾക്കുകൂടി കൊടുക്കാനുള്ള നടപടി ഇടതുപക്ഷ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് സ്വീകരിക്കുന്നതിനുപകരം അംഗങ്ങളിൽ മാത്രം നിജപ്പെടുത്തുകയും പരിമിതപ്പെടുത്തുകയും ചെയ്യുന്നത് യഥാർത്ഥത്തിൽ സാമൂഹ്യമുന്നേറ്റം വീണ്ടും പഴയതുപോലെ ആകാനുള്ള അവസരമൊരുക്കും. ആയതിനാൽ ഇവിടെ മറിച്ചുള്ള ഒരു സമീപനമല്ലേ ഉണ്ടാകേണ്ടത്?

<u>ഡോ. എൻ. ജയരാജ്</u>: സർ, ശ്രീ. എ. പി. അനിൽ കുമാർ സൂചിപ്പിച്ചതുപോലെ, ദേവസ്വം ബോർഡിലെ മാത്രമല്ല ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സംവരണമുൾപ്പെടെയുള്ള കാര്യങ്ങളും ശ്രദ്ധിക്കേണ്ടതുണ്ട്. ഭഗവാൻ കൃഷ്ണൻ യാദവനായിരുന്നു. നമ്മുടെ സിസ്റ്റമനുസരിച്ച് യാദവൻ ഒ.ബി.സി. വിഭാഗത്തിലുള്ള ആളാണ്. പരാശരമുനി യഥാർത്ഥത്തിൽ ദളിത് വിഭാഗത്തിൽപ്പെട്ടതല്ലെങ്കിലും പിന്നോക്ക വിഭാഗത്തിൽപ്പെട്ട ആളായിരുന്നു. ഹൈന്ദവ ദേവന്മാരും അതുമായി ബന്ധപ്പെട്ട ചിന്തകരിൽ നല്ലൊരു ശതമാനം

പേരും അങ്ങനെയുള്ള വിഭാഗത്തിൽപ്പെടുന്നവരാണ്. പിന്നീടാണ് അവരെ മാറ്റി നിർത്തിയത്. ഇടതുപക്ഷത്തും വലതുപക്ഷത്തുമിരിക്കുന്ന നമ്മൾ ഉൾപ്പടെയുള്ളവർ വർഷങ്ങളായി പറയുന്ന ഒരു കാര്യമാണ് കേരളത്തിലെ വിശ്വകർമ്മ സമുദായത്തെ കുറിച്ച്. ക്ഷേത്രങ്ങളിൽ വിഗ്രഹങ്ങൾ കൊത്തിവയ്ക്കുന്നത് അവരാണ്. അവരുടെ കലാവിരുതാണ് യഥാർത്ഥത്തിൽ നമ്മൾ കാണുന്ന ദേവീദേവന്മാരുടെ രൂപം. വർഷങ്ങളായി ആവശ്യപ്പെടുന്ന ഒരു കാര്യമാണ് കേരളത്തിലെ ഏതെങ്കിലും ഒരു ദേവസ്വം ബോർഡിലെ സമിതിയിൽ അവരുടെ പ്രതിനിധിയെ നിയമിക്കണമെന്ന്. പക്ഷെ ഒരിക്കലും അത് ഉണ്ടായിട്ടില്ലെന്നത് വളരെ ദുഃഖകരമാണ്. ക്ഷേത്രത്തിന്റെ മുൻപിൽ വിഗ്രഹമെത്തുന്നതുവരെ അത് സ്പർശിക്കാനുള്ള അവകാശം അവർക്കുണ്ട്. പക്ഷേ വിഗ്രഹം അകത്ത് കയറിക്കഴിഞ്ഞാൽ പിന്നെ ഭരണത്തിൽ മാത്രമല്ല ക്ഷേത്രത്തിനകത്തുപോലും പ്രവേശിക്കാൻ അവർക്ക് കഴിയില്ല. ആ സമൂഹത്തിന്റെ ദുഃഖം ഞാൻ പങ്കുവച്ചതാണ്. യഥാർത്ഥത്തിൽ അക്കാര്യംകൂടി പരിഗണനാർഹമല്ലേ എന്നാണ് എന്റെ ചോദ്യം.

ശ്രീ. വി. എസ്. ശിവകുമാർ: സർ, 2007-ൽ ദേവസ്വം നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടണമെന്നുള്ള തീരുമാനം മുൻ എൽ.ഡി.എഫ്. സർക്കാർ എടുത്തിരുന്നു. പക്ഷേ അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്താതിരുന്നതു കൊണ്ട് ഏകീകൃതമായി ഒരു ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കണമെന്ന് തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുകയും ചെയ്തു. ഇവിടെ ബഹുമാന്യനായ അടൂർ പ്രകാശ് സൂചിപ്പിച്ചതു പോലെ ചെറിയ രണ്ടുമൂന്ന് കാര്യങ്ങൾക്കുവേണ്ടി മാത്രമാണ് ഈ ഒരു ബിൽ കൊണ്ടുവന്നിട്ടുള്ളതെന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകും എന്ന് ഞാൻ കരുതുന്നു. ആറ് അംഗങ്ങളെ മൂന്നംഗങ്ങളാക്കി കുറയ്ക്കുക, അഞ്ച് വർഷമെന്നത് മൂന്ന് വർഷമാക്കി കുറയ്ക്കുക, 65 വയസ്സ് എന്നത് മാറ്റുക തുടങ്ങിയ കാര്യങ്ങളാണ് പ്രധാനമായി ഈ ബില്ലിൽ പറഞ്ഞിട്ടുള്ളത്. ഒരു ജില്ലാ ജഡ്ജിയുടെ കേഡറിലുള്ള ആളിനെ വയ്ക്കണമെന്ന് പറയുന്നുണ്ട്. അതുപോലെ ഗവൺമെന്റ് സെക്രട്ടറി തലത്തിലുള്ള ഒരാളിനെ ചെയർമാനായും ചെയർപേഴ്സണായും നിയമിക്കണമെന്നാണ് ഇതിൽ പറഞ്ഞിരിക്കുന്നത്. 10 വർഷം സർവ്വീസുള്ള, ജില്ലാ ജഡ്ജിയാകാൻ യോഗ്യതയുള്ള ഒരാളിനെ നിയമിക്കണമെന്ന് പറഞ്ഞിരിക്കുകയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ ഇവയെല്ലാം രാഷ്ട്രീയ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടിയാണ് കൊണ്ടുവന്നിട്ടുള്ളത്. ബഹുമാന്യനായ ഡോ. എൻ. ജയരാജ് സൂചിപ്പിച്ചൊരു കാര്യം, അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നറിയില്ല, ആദ്യമായാണ് ദേവസ്വം ബോർഡുകളുടെ നിയമനത്തിൽ സംവരണം കൊണ്ടുവന്നത്. അത് വലിയ വിപ്ലവകരമായ മാറ്റമാണ്. ഇവിടെ വിശ്വകർമ്മ സമുദായത്തെക്കുറിച്ച് പറഞ്ഞു.

ദേവസ്വം ബോർഡ് മെമ്പർമാരെ വയ്ക്കുന്ന കാര്യത്തിൽ ഗവൺമെന്റാണ് തീരുമാനമെടുക്കുന്നത്. പക്ഷേ 68 ശതമാനം ഓപ്പൺ മെരിറ്റ് ഉൾപ്പെടെ സംവരണ വിഭാഗത്തിന്, എസ്.സി., എസ്.ടി. (ഹിന്ദു), ഈഴവ, തീയ്യ, വിശ്വകർമ്മയ്ക്ക് 3 ശതമാനം സംവരണം ദേവസ്വം ബോർഡിൽ ഈ നിയമത്തിലൂടെ യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്നിട്ടുണ്ട്. അത്തരത്തിൽ ഹിന്ദുസമുദായത്തിലെ എല്ലാവിഭാഗക്കാർക്കും റിക്രൂട്ട്മെന്റ് ബോർഡ് നിലവിൽ വന്നതിനുശേഷം ദേവസ്വം ബോർഡിൽ സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. 1950-ൽ ഈ നിയമം വന്നതിനുശേഷം ആദ്യമായാണ് ദേവസ്വം നിയമനങ്ങൾക്ക് ഒരു വിഭാഗത്തിന് സംവരണം ഏർപ്പെടുത്തിയത് എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ, 2007-ലെ നിയമം വന്ന ശേഷം നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുകയും അതുമായി ബന്ധപ്പെട്ട് ചട്ടങ്ങളുണ്ടാക്കുകയും ആ ചട്ടങ്ങളിൽ സംവരണം ഉൾപ്പെടുത്തുകയും ചെയ്തിരുന്നു. ആ ജോലി നിർവ്വഹിച്ച ദേവസ്വം ബോർഡ് മെമ്പറായിരുന്ന ഒരാളെന്ന നിലയിലാണ് ഞാൻ സൂചിപ്പിക്കുന്നത്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, 2007-ൽ പി.എസ്.സി.-ക്ക് വിടാൻ തീരുമാനിച്ചത് അഡ്മിനിസ്ട്രേറ്റീവ് വിഭാഗത്തിലെ നിയമനങ്ങൾ മാത്രമാണ്. ഇതിനകത്ത് പരമ്പരാഗതമായിട്ടുള്ള സ്ഥാനങ്ങളൊഴികെ അഡ്മിനിസ്ട്രേറ്റീവ് വിഭാഗത്തിലെയും ക്ഷേത്രത്തിലെ മറ്റെല്ലാ വിഭാഗത്തിലെയും ജീവനക്കാരെ മുഴുവൻവിട്ടു. മൂവായിരത്തി അഞ്ഞൂറോളം വേക്കൻസികൾ ഇപ്പോഴുമുണ്ട്. ഇത് ഇങ്ങനെ നീണ്ടുപോകുന്ന സാഹചര്യം ഉണ്ടായാൽ കേരളത്തിലെ ക്ഷേത്രങ്ങളുടെ പ്രവർത്തനം സ്തംഭിക്കുന്ന സ്ഥിതിയിലാകും.

ശ്രീ. അടൂർ പ്രകാശ്: സർ, ബഹുമാനപ്പെട്ട ചെയർ, ദേവസ്വം ബോർഡ് മെമ്പറായിരുന്നപ്പോൾ എടുത്ത തീരുമാനത്തെ ഞാൻ അഭിനന്ദിക്കുകയാണ്. ഇത്തരം കാര്യങ്ങളൊക്കെ വളരെ അവധാനതയോടെ ചെയ്യേണ്ടതാണ്. ഇവിടെ എല്ലാ നിയമനങ്ങളും പബ്ലിക് സർവ്വീസ് കമ്മീഷന് അധിക ചുമതല നിർവ്വഹിക്കുന്നതിനു വേണ്ടി ഉണ്ടാക്കുന്ന നിയമത്തിനനുസൃതമായിട്ടായിരിക്കും എന്ന നിബന്ധന 2008-ൽ കൊണ്ടുവന്നിട്ടും ഇതിൽ ആവശ്യമായ നടപടികൾ സ്വീകരിക്കാത്തവർ ഇപ്പോഴത്തെ ബോർഡിനെ പിരിച്ചുവിടാൻ കൊണ്ടുവന്ന ഭേദഗതി തികച്ചും രാഷ്ട്രീയപ്രേരിതമാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ക്ഷേത്രജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും തുലോം പരിമിതമാണ്. ശാന്തിയുൾപ്പെടെയുള്ള എല്ലാ ജീവനക്കാരുടേയും ജീവിതം പ്രയാസം നിറഞ്ഞതും വളരെ കഷ്ടപ്പാടുള്ളതും പരിതാപകരവുമാണ്. അക്കാര്യം ഗൗരവത്തിലെടുക്കേണ്ടതാണെന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. അടൂർ പ്രകാശ്: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞ കാര്യം വളരെ ശരിയാണ്. ബഹുമാന്യനായ മുൻ ദേവസ്വം മന്ത്രി ശ്രീ. ജി. സുധാകരൻ മുൻപ് ഒരു ബിൽ അവതരിപ്പിച്ചുകൊണ്ട് ചില കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഒരു ക്ഷേത്രത്തിലെ പൂജാരിയെയാണ് അവിടത്തെ വിലപ്പെട്ട ആളെന്ന നിലയിൽ കാണേണ്ടത് എന്നാണ്. അത്തരത്തിൽ നോക്കുമ്പോൾ തീർച്ചയായും ക്ഷേത്രങ്ങളിലെ പൂജാരിമാരെ വേണ്ടതരത്തിൽ പരിഗണിക്കുന്നില്ല, തുച്ഛമായ സേവന-വേതന വ്യവസ്ഥകളിലൂടെയാണ് അവർ ഇന്ന് മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നത്.

ഒരു ചെപ്പടിവിദ്യ കാണിച്ച്, രാഷ്ട്രീയപ്രേരിതമായി ഇഷ്ടമുള്ള ആളുകളെ തിരുകി കയറ്റാൻ വേണ്ടിയാണ് ഈ നിയമം കൊണ്ടുവരാൻ നടപടി സ്വീകരിച്ചിട്ടുള്ളത്. 'സ്ത്രീ പ്രവേശനത്തിന് അനുമതി നൽകുന്നതിന് ഈ ഗവൺമെന്റ് എതിരല്ല' എന്നു പറഞ്ഞ് ഒരു അഫിഡവിറ്റ് ഇന്നലെ സുപ്രീം കോടതിയിൽ ഗവൺമെന്റിനുവേണ്ടി കൊടുത്തിട്ടുണ്ടെന്ന വാർത്ത ഇന്നത്തെ പത്രത്തിൽ വന്നിട്ടുണ്ട്. ഞാൻ സ്ത്രീ പ്രവേശനത്തിന് എതിരായി പറയുകയല്ല. പക്ഷേ ആചാരാനുഷ്ഠാനങ്ങളിൽ ഇവയെല്ലാം വളരെ വ്യക്തതയോടെ പറഞ്ഞിട്ടുള്ള കാര്യങ്ങളാണ്. അതിന് മാറ്റംവരുത്തി കൊണ്ട്, അതിനെതിരായി ഒരു അഫിഡവിറ്റ് നൽകുക എന്നത് ശരിയാണോ എന്ന് ആലോചിക്കേണ്ടതാണ്.

ശ്രീ. ഇ. പി. ജയരാജൻ: സർ, ആചാരാനുഷ്ഠാനങ്ങൾ കാലാനുസൃതമായി രൂപപ്പെട്ടതാണ്. അത് കാലോചിതമായി രൂപപ്പെടുത്തേണ്ടതുണ്ട്. അതുകൊണ്ട് ഇത് ദൈവാനുഗ്രഹംകൊണ്ട് സൃഷ്ടിക്കപ്പെട്ടതല്ല. നാം സൃഷ്ടിച്ചതാണ്. അത് കാലോചിതമായി പരിഷ്കരിച്ചിട്ടുള്ളതാണ്. തീർച്ചയായും അത്തരമൊരു നിലപാടാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്.

ശ്രീ. അടൂർ പ്രകാശ്: സർ, ഒരു താന്ത്രികവിദ്യയുടെ ഭാഗമായി മാത്രമേ നമുക്ക് അതിനെ കാണാൻ സാധിക്കുകയുള്ളൂ. ഇത് നമ്മളാരും ഉണ്ടാക്കിയെടുത്തതല്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇതൊരു വിശ്വാസത്തിന്റെ പ്രശ്നമാണ്. വിശ്വാസത്തിലെങ്ങനെയാണ് കോംപ്രമൈസ് വരുന്നത്. അല്ലെങ്കിൽ ആ രൂപത്തിലുള്ള ഒരു ഡിസ്കഷൻ നടക്കണം. ഒരു അഡ്മിനിസ്ട്രേറ്റീവ് ഓർഡർ കൊണ്ടുമാത്രം ഒരു വിശ്വാസത്തെ മാറ്റാൻ സാധിക്കുമോ? ഞാൻ പറയുന്നത് ശരിയാകട്ടെ, തെറ്റാകട്ടെ. ദീർഘകാലമായി നമ്മുടെ രാജ്യത്ത് നിലനിൽക്കുന്ന ഒരു വിഭാഗത്തിന്റെ വിശ്വാസമാണ്. ആ വിശ്വാസത്തെ ഒരു ഗവൺമെന്റിന് ഓർഡർ കൊണ്ട് മാറ്റാൻ സാധിക്കുമോ? സത്യംപറഞ്ഞാൽ അങ്ങനെ ചിന്തിക്കുന്ന ആളുകളെ സഹായിക്കത്തക്ക തരത്തിലാണ് നടപടി സ്വീകരിച്ചിട്ടുള്ളത്. ഒരു ചർച്ചയ്ക്കുശേഷം ഗവൺമെന്റ് അവധാനത കാണിച്ചിരുന്നെങ്കിൽ കുറച്ചുകൂടി പ്രാക്ടിക്കലാകുമായിരുന്നു.

ഡോ. എൻ. ജയരാജ് : സർ, ശബരിമലയിൽ സ്ത്രീകൾ പ്രവേശിക്കരുതെന്ന് ആരും പറഞ്ഞിട്ടില്ല. നിശ്ചിത പ്രായപരിധിയിലുള്ള സ്ത്രീകൾക്ക് മാത്രമാണ് ശബരിമലയിൽ പ്രവേശനം നിഷേധിച്ചിട്ടുള്ളത്. സ്ത്രീകളെ പൂർണ്ണമായി അവിടെ നിരോധിക്കുന്നുവെന്ന് പറയുന്നതിൽ യാഥാർത്ഥ്യമില്ല. വിശ്വാസത്തിനപ്പുറത്ത് ഇതിൽ മറ്റൊരു പ്രധാനപ്പെട്ട കാര്യംകൂടിയുണ്ട്. അതായത്, ലക്ഷക്കണക്കിന് ഭക്തജനങ്ങൾ കടന്നുവരുന്ന കാനനക്ഷേത്രമായ ശബരിമലയിൽ പ്രാഥമിക ആവശ്യങ്ങൾക്കുപോലും ബുദ്ധിമുട്ടുണ്ടാകുന്ന സാഹചര്യത്തിൽ ഇത്രയും സ്ത്രീകൾകൂടി വന്നുകഴിഞ്ഞാൽ കാര്യങ്ങൾ പലപ്പോഴും നിയന്ത്രണങ്ങൾക്കപ്പുറത്താകുമെന്നത് തിരിച്ചറിഞ്ഞതുകൊണ്ടാണ് ഒരു കാലഘട്ടത്തിൽ, പ്രത്യേകിച്ച് വളരെയേറെ യാത്രാ അസൗകര്യമുണ്ടായിരുന്ന കാലഘട്ടത്തിലാണ് അവിടെ സ്ത്രീകളുടെ പ്രവേശനവുമായി ബന്ധപ്പെട്ട് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയത് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ കാര്യത്തിൽ അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. അടൂർ പ്രകാശ്: സർ, നമ്മുടെ ആചാരാനുഷ്ഠാനങ്ങളെല്ലാം വായിച്ച് മനസ്സിലാക്കിയിട്ടുള്ളവരാണ് നാമെല്ലാവരും. ശബരിമലയിൽ സ്ത്രീകളെ പ്രവേശിപ്പിക്കരുതെന്ന് ഞാൻ പറഞ്ഞിട്ടില്ല. ഇപ്പോഴുള്ള ആചാരമനുസരിച്ച് 10 വയസ്സുവരെയുള്ള പെൺകുട്ടികൾക്കും 50 വയസ്സിനുമുകളിലുള്ള സ്ത്രീകൾക്കും ശബരിമലയിൽ പോകാം. അതിനൊക്കെ ചില വ്യവസ്ഥകളുണ്ട്. സ്ത്രീകൾ അവിടെ പോകരുതെന്ന നിലയിലല്ല ഞാൻ പറഞ്ഞത്. പക്ഷേ, 50 വയസ്സിനു താഴെയുള്ള സ്ത്രീകൾ അവിടെ പോകുന്നതിലുള്ള ചില നിയന്ത്രണങ്ങളാണ് വ്യക്തമാക്കിയിട്ടുള്ളത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഇവിടെ മറ്റു ചില ദേവാലയങ്ങളിലും സ്ത്രീപ്രവേശനം നിഷേധിച്ചിട്ടുണ്ട്. ഇന്ന ജാതിയെന്നോ മതമെന്നോ ഇല്ലാതെ ഇതിനെ മൊത്തത്തിലുള്ള ഒരു ഇഷ്യൂ ആയി എടുക്കണം. അതല്ലാതെ ഒരിടത്തു മാത്രം ഉന്നംവച്ചാൽ ഇതിന്റെ പ്രയോജനം കിട്ടുന്നത് വേറെ ആളുകൾക്കായിരിക്കും. ചെയ്തുകൊണ്ടിരിക്കുന്ന പ്രവൃത്തിയുടെ ഏറ്റവും ക്രൂരമായ വശം അവിടെയാണ് സംഭവിക്കാൻ പോകുന്നത്. അത് അങ്ങേയ്ക്കറിയില്ലേ?

ശ്രീ. ഇ. പി. ജയരാജൻ : സർ, ഒരുകാലത്ത് പിന്നോക്ക ജാതിക്കാർക്കും പട്ടികജാതിക്കാർക്കും ദൈവത്തെ പ്രാർത്ഥിക്കാനുള്ള സ്വാതന്ത്ര്യംപോലും ഉണ്ടായിരുന്നില്ല. നമ്മുടെ രാജ്യത്ത് വന്ന കാലോചിതമായ വളർച്ച, മനുഷ്യന്റെ ബുദ്ധിപരമായ വളർച്ച, സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങൾ തുടങ്ങിയവ ഇത്തരം അനീതികൾക്കെതിരായി പോരാടി പിന്നോക്ക ജാതിക്കാർക്കും പട്ടികജാതിക്കാർക്കും ക്ഷേത്രപ്രവേശനം നൽകി. എങ്കിൽപ്പോലും ഇപ്പോഴും പലർക്കും ദൈവത്തെ പ്രാർത്ഥിക്കാനുള്ള സ്വാതന്ത്ര്യമില്ല. നമ്മുടെ അയൽ സംസ്ഥാനങ്ങളിൽ അത് കാണാം. ഇവിടെ കുറേക്കൂടി മാറ്റം വന്നത് സാമൂഹ്യപരിഷ്കരണ പ്രസ്ഥാനത്തിന്റെയും പുരോഗമനപരവും വിപ്ലവകരവുമായ വളർച്ചയുടെയും ചിന്തയുടെയും ഭാഗമായി സൃഷ്ടിക്കപ്പെട്ടതാണ്. കാലോചിതമായി വരുത്തേണ്ട ഒരു സാഹചര്യം തന്നെയാണ് ഇന്നുണ്ടായിട്ടുള്ളതെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, കെ. കേളപ്പൻ, മന്നത്തു പത്മനാഭൻ, സി. കേശവൻ തുടങ്ങിയവരെപോലുള്ളവർ ക്ഷേത്ര പ്രവേശനത്തിനുവേണ്ടി അദ്ധ്വാനിച്ചിട്ടുള്ളവരാണ്. മഹാത്മാഗാന്ധിപോലും വൈക്കത്ത് തീണ്ടൽപലകയുടെ അടുത്തുവന്നിട്ടുണ്ട്. അങ്ങനെ ആ കാലത്തുണ്ടായിരുന്ന മഹാരഥന്മാരായ ആളുകളാണ് ക്ഷേത്ര പ്രവേശനത്തിനുവേണ്ടി യത്നിച്ചിട്ടുള്ളത്. ആ കാലഘട്ടത്തിൽ ശബ്ദമുയർത്താൻ കഴിയുമായിരുന്ന പലരും ഒരക്ഷരം മിണ്ടിയില്ല. എന്നിട്ടും ഈ മഹാരഥന്മാർ നടത്തിയ പരിശ്രമങ്ങളുടെ ഫലമാണ് കേരളത്തിൽ ക്ഷേത്രപ്രവേശനം അനുവദിച്ചതെന്ന കാര്യം അങ്ങേയ്ക്കറിയാമോ?

മി. ഡെപ്യൂട്ടി സ്പീക്കർ : 35 മിനിട്ട് കഴിഞ്ഞു.

ശ്രീ. അടൂർ പ്രകാശ് : സർ, ബില്ലിന്റെ ചർച്ചയല്ലേ നടക്കുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, രണ്ടുകൊല്ലം മുമ്പ് രണ്ടു മണിക്കൂർ ചർച്ച നടന്നിരുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : വഴങ്ങാതെ ചർച്ച പൂർത്തിയാക്കൂ.

ശ്രീ. വി. പി. സജീന്ദ്രൻ : സർ, നമ്മുടെ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട ആചാരാനുഷ്ഠാനങ്ങൾ നൂറ്റാണ്ടുകളായി അനുവർത്തിച്ചുവരുന്നതാണ്. ഒരു സുപ്രഭാതത്തിൽ അത് മാറ്റുന്നത് കേരള സമൂഹത്തിന് അംഗീകരിക്കാൻ കഴിയില്ല. ഇവിടെ സ്ത്രീകളാണ് ആറ്റുകാൽ പൊങ്കാല ഇടുന്നത്. നാളെയൊരു കാലത്ത് ഞങ്ങൾക്കുംകൂടി പൊങ്കാലയിടണമെന്ന് ആണുങ്ങൾ ആവശ്യപ്പെട്ടാൽ ഒരു ഗവൺമെന്റ് ഉത്തരവിലൂടെ അത് തടയാൻ സാധിക്കുമോ?

മി. ഡെപ്യൂട്ടി സ്പീക്കർ : ഇങ്ങനെ വഴങ്ങിയാൽ ഇപ്പോഴൊന്നും ചർച്ച തീരില്ല.

ശ്രീ. ആർ. രാമചന്ദ്രൻ: സർ, സ്ത്രീകളാണ് യഥാർത്ഥത്തിൽ ക്ഷേത്രാരാധനകളിലും വിശ്വാസങ്ങളിലും മുമ്പിൽ നിൽക്കുന്നത്. അവർ ക്ഷേത്രത്തിൽ പ്രവേശിക്കാൻ പാടില്ല എന്നുപറയുന്നതിന്റെ യുക്തി എന്താണ്? 75 വയസ്സുള്ള സ്ത്രീകൾ പ്രസവിക്കുന്ന കാലഘട്ടമാണിത്. അതുപോലെ ഒരു നിശ്ചിതപ്രായം കഴിഞ്ഞ സ്ത്രീകൾക്ക് ശബരിമലയിൽ പ്രവേശനം അനുവദിച്ചിരിക്കുന്നു എന്ന് പറയുകയുണ്ടായി. അതിന്റെ യുക്തിയെന്താണ്; അത് ഗൗരവകരമായ ഒരു വിഷയമായി അങ്ങയുടെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ?

ശ്രീമതി ഇ. എസ്. ബിജിമോൾ : സർ, ബഹുമാനപ്പെട്ട മെമ്പർ, തെരഞ്ഞെടുക്കപ്പെട്ട 141 ജനപ്രതിനിധികൾ ചർച്ചനടത്തുന്ന ഒരു പ്രധാനപ്പെട്ട സഭയാണിത്. ഇതുപോലുള്ള പ്രധാനപ്പെട്ട ഒരു വേദിയിൽ പൊങ്കാലയിടാൻ വേണ്ടി പുരുഷന്മാർ അനുവാദം ചോദിക്കുന്ന തരത്തിൽ പരാമർശങ്ങൾ ഉണ്ടാകുമ്പോൾ കുറച്ചംഗങ്ങൾ

മാത്രമുള്ള ഞങ്ങൾക്ക് നിങ്ങളോടൊപ്പം വാദിച്ച് ജയിക്കാനൊന്നും പറ്റില്ല. ശബരിമലയിൽ ഇന്നല്ലെങ്കിൽ നാളെ സ്ത്രീകൾക്കും കയറാൻപറ്റും എന്ന പ്രതീക്ഷയിൽ കാത്തിരിക്കുന്നവരാണ് ഞങ്ങൾ. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞതുപോലെ മുസ്ലീം പള്ളിയിലും കയറാനുള്ള ആഗ്രഹമുണ്ട്. പക്ഷേ, അവിടെയും കയറാൻ അനുവദിക്കുന്നില്ല. നാളെ ഈ കടമ്പകളൊക്കെ മറികടന്ന് അവിടെയൊക്കെ സ്ത്രീകൾക്കും പ്രവേശിച്ച് പ്രാർത്ഥിക്കാൻ കഴിയുന്ന ഒരു കാലഘട്ടം സ്വപ്നം കാണുന്നവരാണ് ഞങ്ങൾ. ഈ സഭ ചർച്ചചെയ്ത് അവിടെയെല്ലാമുള്ള സ്ത്രീകളുടെ പ്രവേശനം അന്യംനിന്നുപോകുന്ന ഒരു സാഹചര്യം ഉണ്ടാക്കരുത്. അങ്ങ് രാജാറാം മോഹൻറോയ് ആണെന്ന് ഞാൻ പറയുന്നില്ല. പക്ഷേ, സ്ത്രീകൾക്കെതിരെ എല്ലാവരും കൂടി ചർച്ചചെയ്യുന്ന ഒരു വേദിയായി ഇവിടം മാറരുത്.

ശ്രീ. പി. കെ. ബഷീർ : സർ, മുസ്ലീം സ്ത്രീകളൊക്കെ പള്ളിയിൽ പോകുന്നുണ്ട്.

ശ്രീ. മുഹമ്മദ് മുഹസിൻ പി. : സർ, കാലോചിതമായി എല്ലാ മതങ്ങളിലും ജാതികളിലുമൊക്കെ മതപരിവർത്തനം നടക്കണമെന്നത് സ്വാഭാവികമായ ഒരു പ്രക്രിയയാണ്. അതിനോടനുബന്ധിച്ച് പ്രതിഷേധങ്ങളും ക്ഷേത്രപ്രവേശന വിളംബരം പോലുള്ള സംഭവങ്ങളുമൊക്കെ ഉണ്ടായിട്ടുണ്ട്. ഇത്തരത്തിലുള്ള പരിവർത്തനത്തിന് സാധ്യമാക്കുന്ന രീതിയിൽ സർക്കാർ മാറണം. അല്ലാതെ ഈ പരിവർത്തനത്തിന് പുറംതിരിഞ്ഞ് നിൽക്കുന്ന അവസ്ഥ ഉണ്ടാകാൻ പാടില്ല. ആ രീതിയിലുള്ള ഒരു കൺസെപ്റ്റ് ഉണ്ടാകാൻ പാടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ് കൺക്ലൂഡ്....36 മിനിട്ടായി.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, സാമൂഹ്യപരിഷ്കരണം നടന്ന ഒരു സംസ്ഥാനമാണ് കേരളം. ഇവിടെയാണ് ക്ഷേത്രപ്രവേശനത്തിനുള്ള വഴി തുറന്നത്. അതുവരെ ക്ഷേത്രത്തിനകത്ത് പ്രവേശനമില്ലായിരുന്നു. സാമൂഹ്യ പരിഷ്കർത്താക്കൾ അതിന് മുൻകയ്യെടുത്തതിന്റെ ഫലമായി ഇന്ന് ക്ഷേത്രങ്ങളുടെ കവാടങ്ങൾ എല്ലാവർക്കുമായി തുറന്നുകൊടുക്കപ്പെട്ടു. ഇത് കേരളത്തിൽ വലിയ മാറ്റമാണുണ്ടാക്കിയത്. കേരളത്തിലെ മതസൗഹാർദ്ദത്തിന്റെയും ദേശീയ ഐക്യത്തിന്റെയും പ്രതീകമാണ് ശബരിമല. അയ്യപ്പൻ നിത്യബ്രഹ്മചാരിയായതിനാൽ ഒരു പ്രത്യേക ആചാരത്തിന്റെ ഭാഗമായതുകൊണ്ടാണ് ഒരു പർട്ടിക്കുലർ ഏജ് ഗ്രൂപ്പിൽപ്പെട്ടവർ കയറരുതെന്ന് പറഞ്ഞിട്ടുള്ളത്. അല്ലാതെ സ്ത്രീകൾ ശബരിമലയിൽ കയറരുതെന്ന് ആരും എവിടെയും പറഞ്ഞിട്ടില്ല. മാളികപ്പുറത്തമ്മ കാത്തിരിക്കുകയാണ്. അതിന്റെ ചരിത്രത്തിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല.

ശ്രീ. എം. സ്വരാജ്: സർ, സഭയിൽ സാമൂഹ്യപരിഷ്കരണത്തെക്കുറിച്ചും കാലാനുസൃതമായ ആചാരങ്ങളിൽ വരുത്തേണ്ട മാറ്റങ്ങളെ സംബന്ധിച്ചും ആരോഗ്യകരമായ ചർച്ചയാണ് നടക്കുന്നതെന്നാണ് എനിക്ക് തോന്നുന്നത്. അതിന് വഴിയൊരുക്കിയ അംഗത്തോട് ഞാൻ ആദ്യം നന്ദി രേഖപ്പെടുത്തുന്നു. ഈ വിഷയത്തെ സംബന്ധിച്ച അഭിപ്രായ പ്രകടനങ്ങളിലൂടെ പെട്ടെന്ന് ഒരു ദിവസം വിശ്വാസങ്ങൾ മാറുമോ എന്ന് ചോദിക്കുന്നുണ്ട്. ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നത്, മഹാരാഷ്ട്രയിലെ അഹമ്മദ് നഗർ ജില്ലയിലുള്ള ശനി ഷിഗ്നാപൂർ ക്ഷേത്രം ലോകപ്രശസ്തമാണ്. അവിടത്തെ സങ്കല്പം സ്ത്രീകളുടെ സാന്നിദ്ധ്യം, സാമീപ്യം നിഷിദ്ധമാണ്; ശനിദേവന് ഒട്ടും സ്വീകാര്യമല്ല; അതുകൊണ്ട് സ്ത്രീകൾ അവിടെ പ്രവേശിക്കാൻ പാടില്ല എന്നാണ്. പതിറ്റാണ്ടുകളായി അവിടെ സ്ത്രീകൾ വരാറുമില്ല. ഇപ്പോൾ അവിടെ സ്ത്രീകളുടെ നേതൃത്വത്തിൽ വലിയൊരു മൂവ്മെന്റ് ഉയർന്നു വന്നിരിക്കുന്നു. ഞങ്ങൾക്കും ശനിദേവനെ പ്രാർത്ഥിക്കണമെന്നാണ് അവർ ആവശ്യപ്പെടുന്നത്. രണ്ടുമൂന്ന് മാസങ്ങൾക്കുമുമ്പ് വലിയൊരു പ്രക്ഷോഭമായി സ്ത്രീകൾ ആ ക്ഷേത്രത്തിൽ കയറിയതിനെത്തുടർന്ന് ഉന്നത നീതിപീഠം കേസിൽ ഇടപെട്ട് അവിടെ സ്ത്രീകൾക്ക് പ്രവേശനം അനുവദിച്ചിരിക്കുകയാണ്. നമ്മുടെ രാജ്യത്താകെ ഇത്തരത്തിലുള്ള മാറ്റത്തിന്റെ കാറ്റ് വീശുന്നുണ്ട്. സാർവ്വകാലികവും സാർവ്വത്രികവും സാർവ്വജനീനയവുമായ ഒരു ആചാരവുമില്ല, ഇത് കാലാനുസൃതമായി മാറേണ്ടതാണ്. ശബരിമലയെ സംബന്ധിച്ചും ഈ ശനി ഷിഗ്നാപൂർ ക്ഷേത്രത്തിലുള്ളതുപോലുള്ള ചില വിശ്വാസങ്ങളാണ് പറയുന്നത്. സതി അനുഷ്ഠിക്കുന്ന കാലത്തും ഇത്തരം ചില വിശ്വാസങ്ങൾ ഉണ്ടായിരുന്നു. ഇതൊക്കെ സമൂഹം പുരോഗമിക്കുന്നതിനിടയിൽ കാലാനുസൃതമായി മാറുന്ന കാഴ്ചയാണ് നാം കാണുന്നത്. ഇത്തരം ഒരു വിഷയത്തിൽ താങ്കൾ കുറച്ചുകൂടി പുരോഗമനോന്മുഖമായ നിലപാട് സ്വീകരിച്ചാൽ കേരളത്തിലെ ജനങ്ങൾക്ക് അത് വലിയ പ്രതീക്ഷ നൽകും.

ശ്രീ. ആർ. രാജേഷ്: സർ, എനിക്ക് വിശ്വാസവുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങൾ തീവ്രമായി അറിയില്ല. ശബരിമലയിലെ അയ്യപ്പൻ നിത്യബ്രഹ്മചാരിയായതു കൊണ്ട് സ്ത്രീകൾ അവിടെ കയറാൻ പാടില്ലെന്ന് പ്രതിപക്ഷനേതാവ് സൂചിപ്പിക്കുകയുണ്ടായി. മറ്റ് അയ്യപ്പക്ഷേത്രങ്ങളിൽ സ്ത്രീകൾ കയറുന്നുണ്ടല്ലോ; അയ്യപ്പൻ ദൈവമാണെങ്കിൽ എല്ലാസ്ഥലത്തും ഒരുപോലെയല്ലേ? കുറച്ചുസ്ഥലത്തുമാത്രം കയറാമെന്നും ഒരുസ്ഥലത്ത് കയറാൻ പാടില്ലെന്നും പറയുന്നതിന്റെ യുക്തിയെയാണ് നമ്മൾ ചോദ്യം ചെയ്യേണ്ടത്. അതിനെയാണ് പുരോഗമന കാഴ്ചപ്പാടെന്ന് പറയുന്നത്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, എന്റെ നാട്ടിലെ ഒരു കാവിൽ എന്റെ കുട്ടിക്കാലത്ത് സ്ത്രീകൾക്ക് പ്രവേശനമുണ്ടായിരുന്നില്ല. ഇപ്പോൾ അവിടെ സ്ത്രീകൾ ധാരാളമായി പ്രവേശിക്കുന്നുണ്ട്. അങ്ങനെ അവിടെ പ്രവേശിക്കുന്നതുകൊണ്ട് ഭക്തജനങ്ങൾക്ക് ഒരു കുഴപ്പവുമുണ്ടായിട്ടില്ല. കാലികമായ പരിഷ്കാരം ആചാരപ്രക്രിയകളിൽ എല്ലായിടത്തും ഉണ്ടാകണമെന്ന് സൂചിപ്പിക്കണം. സ്ത്രീകൾക്ക് ദൈവങ്ങളോടടുത്തുള്ള പ്രവേശനം നിഷിദ്ധമല്ലെന്ന് പറയാൻ സാധിക്കണം.

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, ഈ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിക്കുമ്പോൾ സ്ത്രീകൾ ക്ഷേത്രങ്ങളിൽ പോകുന്നത് തെറ്റാണെന്ന അഭിപ്രായം എന്നെ സംബന്ധിച്ചില്ല. ശ്രീമതി ഇ. എസ്. ബിജിമോൾ ഒരു കാര്യം സൂചിപ്പിക്കുകയുണ്ടായി. ഓരോ ക്ഷേത്രങ്ങളിലും അതിന്റേതായ ആചാരാനുഷ്ഠാനങ്ങളുണ്ട്, അത് സ്വീകരിച്ചു കൊണ്ടാണ് നമ്മൾ മുന്നോട്ടുപോകുന്നത്. ശബരിമലയെ സംബന്ധിച്ച് നേരത്തെ തന്ത്രിമുഖ്യൻ പറഞ്ഞിട്ടുള്ള ആചാരാനുഷ്ഠാനങ്ങളുടെ ഒരു ഭാഗമെന്ന നിലയിലാണ് 50 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്ക് അവിടെ പ്രവേശനം അനുവദിച്ചിട്ടുള്ളത്. ആർക്കുവേണമെങ്കിലും അവിടെ പോകാമെന്ന് പറഞ്ഞ് ഗവൺമെന്റ് ഒരു അഫിഡവിറ്റ് കൊടുത്തിരിക്കുന്നുവെന്ന് ഇന്നലെ പത്രത്തിൽ വായിക്കാൻ കഴിഞ്ഞു. അതുകൊണ്ടാണ് ഇക്കാര്യം ഇവിടെ സൂചിപ്പിക്കാൻ ഇടയായത്.

<u>ശ്രീ. സി. കെ. നാണു</u>: സർ, ഗുരുവായൂർ ക്ഷേത്രത്തിൽ സ്ത്രീകൾക്ക് പോകാം. പുരുഷന്മാർ ഷർട്ട് ഇടാതെ വേണം അവിടെ കയറേണ്ടത്. കേരളത്തിലെ ഹിന്ദു ക്ഷേത്രങ്ങളിൽ പലതരത്തിലുള്ള ആചാരങ്ങളുണ്ട്. ക്ഷേത്രപ്രവേശന വിളംബര കാലത്ത് ഗുരുവായൂർ ക്ഷേത്രത്തിൽ കൃഷ്ണപിള്ള, കേളപ്പജി, സി.കെ. ഗോവിന്ദൻ നായർ തുടങ്ങിയവരെപ്പോലുള്ള അന്നത്തെ സ്വാതന്ത്ര്യസമര നേതാക്കളാണ് പ്രക്ഷോഭം നടത്തിയത്. പൂജാരിമാരാണ് ക്ഷേത്രങ്ങളുടെ അവകാശികൾ എന്ന് ഏതോ ഒരംഗം സൂചിപ്പിക്കുകയുണ്ടായി. കേരളത്തിൽ ശ്രീനാരായണ പ്രസ്ഥാനം വന്നപ്പോൾ പിന്നോക്കം നിൽക്കുന്നവർക്ക് പഴയകാലത്ത് പൂജാരികളാകാൻ പാടില്ലായിരുന്നു. ശ്രീനാരായണ പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ പരിശീലനം ലഭിച്ച് പ്രസ്തുത പ്രസ്ഥാനങ്ങൾക്ക് കീഴിലെ ക്ഷേത്രങ്ങളിൽ പൂജാരിമാരായിരിക്കുന്ന ഈഴവ സമുദായത്തിൽപെട്ടവരുണ്ട്. കേരളത്തിലെ ക്ഷേത്രങ്ങളിൽ വിവിധ തരത്തിലുള്ള ആചാരാനുഷ്ഠാനങ്ങൾ പുലർത്തുകയാണ്. മറ്റ് തരത്തിലുള്ള പ്രചരണങ്ങൾ ഒഴിവാക്കി ചർച്ച മോശമാക്കാതിരിക്കുക.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ</u>): സർ, ഇതുസംബന്ധിച്ച് ഒരു വാക്ക് പറഞ്ഞില്ലെങ്കിൽ ശരിയാവില്ല, അതുകൊണ്ട് മാത്രമാണ് ഞാൻ പറയുന്നത്. സ്ത്രീകൾക്ക് ശബരിമലയിൽ പ്രവേശിക്കാമോ എന്നത് സംബന്ധിച്ച ഒരു കേസ് സുപ്രീം കോടതിയിൽ നിലനിൽക്കുന്നുണ്ട്. അതിൽ രണ്ട് അഭിപ്രായങ്ങളാണുള്ളത്. 1996-ലും പിന്നീട് 2011-ൽ ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഗവൺമെന്റിന്റെ കാലത്തും എന്റെ മേൽനോട്ടത്തിലാണ് സുപ്രീം കോടതിയിൽ അഫിഡവിറ്റ് അയച്ചത്. അത് സുപ്രീം കോടതി തള്ളിയില്ല. അതിൽ പറഞ്ഞിരിക്കുന്ന പ്രധാനപ്പെട്ട കാര്യം, സ്ത്രീകൾക്ക് ശബരിമലയിൽ കയറണമെന്നും അതോടൊപ്പം ഈ കേസ് സുപ്രീം കോടതി അന്വേഷിച്ചിട്ട് നടപടി സ്വീകരിച്ചാൽ മതിയെന്നുമാണ്. അവിടെ കയറണ്ട എന്നു പറയാൻ കഴിയില്ല. നിങ്ങൾ പറയുന്നത്

50 വയസ്സിന് താഴെയുള്ളവർ കയറണ്ട എന്നാണ്. ഇക്കാര്യം സുപ്രീം കോടതി ചർച്ച ചെയ്ത് തീരുമാനിക്കട്ടെ. അഫിഡവിറ്റിൽ പറഞ്ഞിരിക്കുന്നത്, മഹാപണ്ഡിതനായ പ്രൊഫസർ അമ്പലപ്പുഴ രാമവർമ്മ, അദ്ദേഹം മരിച്ചുപോയി. അദ്ദേഹം എഴുതിയ ഒരു നോട്ടുണ്ട്. അത് ഞാൻ അഫിഡവിറ്റിൽ കൂട്ടിചേർത്തു. "തിരുവിതാംകൂർ രാജ്ഞി 38-ാം വയസ്സിൽ ശബരിമലയിൽ കയറിയിട്ടുണ്ട്. തിരുവിതാംകൂർ രാജാവ് അത് നിഷേധിച്ചില്ല. അവസാനം മരിച്ച രാജാവ് പറഞ്ഞു, ഞങ്ങൾ ഇതിനെപ്പറ്റി ഒന്നും പറയുന്നില്ല." ഇങ്ങനെയൊക്കെയുള്ള ധാരാളം സംഭവങ്ങളുണ്ട്. അതുകൊണ്ട് സുപ്രീം കോടതി ഇക്കാര്യം തീരുമാനിക്കട്ടെ. അവിടെ കയറണമെന്ന് പറയുന്നവർ മോശക്കാരാണെന്ന് മാത്രം പറയരുത്. സ്ത്രീകൾക്ക് താല്പര്യമുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. നിങ്ങൾ വേണമെങ്കിൽ രാഷ്ട്രീയമായി ചിന്തിക്കൂ. നിങ്ങൾക്ക് ഇതുകൊണ്ട് യാതൊരു ഗുണവുമില്ല. പക്ഷേ വേണമെങ്കിൽ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ പറയാം. ഈ വിഷയം അവസാനിപ്പിച്ചുകൂടേ; ഇതിൽ സുപ്രീം കോടതി ഒരു തീരുമാനമെടുക്കട്ടെ. ആ വിധി വരുന്നതുവരെ 50 വയസ്സുവരെയുള്ള സ്ത്രീകൾ കയറില്ല, ഇപ്പോഴും കയറുന്നില്ല.

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, അങ്ങ് ദേവസ്വം ബോർഡ് മെമ്പറായിരുന്ന ഒരാളാണ്. അഡ്മിനിസ്ട്രേഷനാണ് ദേവസ്വം ബോർഡിന്റെ പ്രധാന കാര്യം. അവിടത്തെ ആചാരങ്ങളും അനുഷ്ഠാനങ്ങളും തന്ത്രിയുടെ അഭിപ്രായമനുസരിച്ചാണ് നടക്കുന്നതെന്ന് അങ്ങേയ്ക്കും ബോദ്ധ്യമുള്ളതാണ്. ശബരിമലയിൽ സ്ത്രീകളെ പ്രവേശിപ്പിക്കേണ്ട എന്ന വിധിയാണ് ഹൈക്കോടതിയിൽനിന്നും ഉണ്ടായത്. അത് 1960 കാലഘട്ടങ്ങളിലാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതിനു ശേഷമാണ് സുപ്രീം കോടതിയിൽ കേസ്സുണ്ടായത്. ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും മാനിച്ചുകൊണ്ട്, അതുമായി ബന്ധപ്പെട്ട ആളുകളുമായി ചർച്ചനടത്തി, അതിൽ അഭിപ്രായ സമന്വയം ഉണ്ടാക്കിയശേഷം സുപ്രീം കോടതിയിൽ അഫിഡവിറ്റ് കൊടുത്താൽ മതിയായിരുന്നു. ഇത് രാഷ്ട്രീയമായി കാണേണ്ട കാര്യങ്ങളാണോ ?

<u>ശ്രീമതി പി. അയിഷാ പോറ്റി</u>: സർ, ശബരിമലയിൽ ഒരു ഏജ് ഗ്രൂപ്പിലുള്ള സ്ത്രീകൾ പ്രവേശിക്കുന്നത് സംബന്ധിച്ചാണ് ഇവിടെ എല്ലാവരും ചർച്ച ചെയ്യുന്നത്. അത് കീഴ്‌വഴക്കത്തിന്റെ ഭാഗമാണെന്നും തന്ത്രിയുടെ നിർദ്ദേശപ്രകാരമാണെന്നുമൊക്കെ മുൻ ദേവസ്വം വകുപ്പുമന്ത്രി പറഞ്ഞു. മനുഷ്യരെ പലതാക്കി മാറ്റാൻവേണ്ടി പണ്ടുകാലം മുതൽ ആവശ്യമില്ലാത്ത ചില കീഴ്‌വഴക്കങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. അതൊക്കെ മാറ്റിയപ്പോൾ ഇവിടെ ഒന്നും സംഭവിച്ചില്ല, സമൂഹം കുറേക്കൂടി നന്നാവുകയാണുണ്ടായത്. ശബരിമലയിൽമാത്രം സ്ത്രീകൾക്ക് പോകാൻ പാടില്ല, മറ്റ് അയ്യപ്പക്ഷേത്രങ്ങളിലെല്ലാം ഏത് ഏജ് ഗ്രൂപ്പിലുള്ള സ്ത്രീകൾക്കും പോകാമെന്നതിന്റെ സാംഗത്യം എന്താണെന്നാണ് എനിക്ക് മനസ്സിലാകാത്തത്. മുമ്പും ഞാനിത് സംബന്ധിച്ച് സംസാരിച്ചിരുന്നു.

കഴിവുള്ളവർ മല കയറട്ടെ, എന്തിനാണ് അതിൽ വിലക്ക് ഏർപ്പെടുത്തുന്നത്? ആവശ്യമില്ലാത്ത കീഴ്വഴക്കമല്ലേ ഉണ്ടാക്കിവച്ചിട്ടുള്ളത്. ഒരു ചർച്ച വന്നാലല്ലേ ഇതിന്റെ സത്യം മനസ്സിലാകുകയുള്ളൂ. സ്ത്രീകൾ ശബരിമലയിൽ പോയാൽ എന്താണ് പ്രശ്നം? പുരുഷന്മാർ പൊങ്കാലയിടണ്ട എന്ന് ആരെങ്കിലും പറഞ്ഞിട്ടുണ്ടോ; സ്ത്രീകൾ പൊങ്കാലയിടുന്ന ക്ഷേത്രങ്ങളിൽ പുരുഷന്മാർ പൊങ്കാലയിട്ടാൽ എന്തെങ്കിലും സംഭവിക്കുമോ? ഇതൊക്കെ അന്ധവിശ്വാസങ്ങളുടെ ഭാഗമായുള്ളതാണ്. ഇതുകൊണ്ട് എന്തെങ്കിലും സാധിച്ചെടുക്കാൻ നമുക്ക് കഴിയുമോ? ആവശ്യമില്ലാത്ത കീഴ്വഴക്കങ്ങൾ മാറ്റി സാമൂഹിക നീതിയുണ്ടാക്കുകയാണ് വേണ്ടത്. സ്ത്രീകളോട് മാത്രമാണ് ഇത്തരം വിവേചനമുള്ളത്. പുരുഷന്മാർ എവിടെയെങ്കിലും കയറാൻ പാടില്ലെന്ന് പറഞ്ഞിട്ടുണ്ടോ? ഇതെല്ലാം പണ്ടുകാലം മുതൽ ഉണ്ടാക്കിവച്ചിട്ടുള്ള ആവശ്യമില്ലാത്ത കീഴ്വഴക്കങ്ങളാണെന്നാണ് എനിക്ക് പറയാനുള്ളത്. ഞാനും ഇതൊക്കെ കണ്ടുവളർന്ന ഒരാളാണ്.

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, മിക്കവാറും എല്ലാ അംഗങ്ങളും ഇവിടെ അഭിപ്രായം രേഖപ്പെടുത്തി. ശബരിമലയിലെ സ്ത്രീ പ്രവേശനത്തെക്കുറിച്ചാണ് അവസാനം ഇവിടെ പറഞ്ഞത്. സ്ത്രീകൾക്കെതിരായി ഞങ്ങളാരും ഒന്നും പറഞ്ഞിട്ടില്ല. നമ്മുടെ ആചാരാനുഷ്ഠാന പ്രകാരം ശബരിമലയിൽ പണ്ടുമുതലേ നിലനിൽക്കുന്ന രീതി എന്താണെന്ന് അങ്ങേയ്ക്ക് വ്യക്തമായി അറിയാം. അങ്ങ് ദേവസ്വം ബോർഡ് അംഗമായിരുന്ന വ്യക്തിയാണ്. ഒരുപക്ഷേ അങ്ങനെ ചില താല്പര്യങ്ങൾ ഗവൺമെന്റിനുണ്ടെങ്കിൽപ്പോലും അക്കാര്യത്തിൽ പൊതുചർച്ച നടത്തേണ്ടതല്ലേ? പൊതുചർച്ചയ്ക്ക് വഴിയൊരുക്കി തീരുമാനമെടുത്തിരുന്നുവെങ്കിൽ ഇവിടെ ചർച്ച ചെയ്യേണ്ടി വരില്ലായിരുന്നു. ഇത് ഇവിടെ ചർച്ച ചെയ്യപ്പെടേണ്ട വിഷയമല്ല.

ഇന്ന് തൊഴിൽ തേടുന്ന അഭ്യസ്തവിദ്യരായ ആയിരക്കണക്കിനാളുകളുണ്ട്. ഹിന്ദു മതത്തിൽപ്പെട്ട ആളുകൾക്കെല്ലാം സംവരണ തത്വത്തിലൂടെ തൊഴിൽ ലഭിക്കാനുള്ള അവസരമാണ് ഉണ്ടാക്കിയെടുക്കേണ്ടത്. ഈ താല്പര്യങ്ങൾ സംരക്ഷിക്കാൻ വേണ്ട നടപടി സ്വീകരിക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി കൊണ്ടുവന്ന 2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ രാഷ്ട്രീയപ്രേരിതമാണ്. ഇഷ്ടമുള്ള ആളുകളെ നിയമിക്കാൻവേണ്ടി ശ്രമം നടത്തുന്ന ഒരു ബില്ലായി മാത്രമേ ഇതിനെ കാണാൻ കഴിയുകയുള്ളൂ. അതുകൊണ്ടാണ് ഇതിൽ ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നത്.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു. നേരത്തെ പാസ്സാക്കിയ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ ഗവൺമെന്റിന്റെ ആത്മാർത്ഥതയിൽ ഒട്ടും സംശയമുണ്ടായിരുന്നില്ല. നെൽവയൽ തണ്ണീർത്തടം സംരക്ഷിക്കണമെന്ന ഗവൺമെന്റിന്റെ പ്രതിബദ്ധതയിൽ സംശയമുണ്ടായിരുന്നില്ല. പക്ഷേ ഈ നിയമത്തിന്റെ കാര്യത്തിൽ ഗവൺമെന്റിന്റെ ഉദ്ദേശശുദ്ധിയിൽ സംശയം

തോന്നുകയാണ്. ബഹുമാനപ്പെട്ട ദേവസ്വം മന്ത്രിക്കുതന്നെ ഇക്കാര്യത്തിൽ ഒരു കൺസിസ്റ്റൻസി ഇല്ല. അദ്ദേഹം ആദ്യം നിയമസഭയിൽ പറഞ്ഞത് റിക്രൂട്ട്മെന്റ് പി.എസ്.സി.-ക്ക് വിടാൻ പോകുന്നുവെന്നാണ്. അതുകൊണ്ട് ഇതിൽ ചട്ടത്തിന്റെ ആവശ്യമില്ല എന്നത് ഗവൺമെന്റ് നയപരമായി തീരുമാനിച്ചതാണ് എന്ന് അസന്നിദ്ധമായി നിയമസഭയിൽ പ്രഖ്യാപിച്ചതിനുശേഷം ഇപ്പോൾ ഭേദഗതി കൊണ്ടുവന്നിരിക്കുകയാണ്. അതുകൊണ്ടാണ് ഇതിലൊരു കൺസിസ്റ്റൻസി ഇല്ലെന്ന് അദ്ദേഹം പറഞ്ഞത്. ഈ ബിൽ അവതരിപ്പിച്ചപ്പോൾ അദ്ദേഹം സഭയിൽ പറഞ്ഞത്, ശാന്തി, പഞ്ചവാദ്യം, നാദസ്വരം, തകിൽ, ആനക്കാരൻ, കഴകം, തളി, നിവേദ്യവയ്പ്, വിളക്കുതറ, സോപാനപ്പാട്ട്, കുഴൽ, ഇലത്താളം തുടങ്ങിയ ക്ഷേത്രാചാരങ്ങളുമായി ബന്ധപ്പെട്ട നിയമനങ്ങളുണ്ട്, ആ 60 ശതമാനം നിയമനങ്ങൾ നടത്താൻ നമുക്ക് ചെറിയ സംവിധാനത്തിന്റെ ആവശ്യമുണ്ട് എന്നതാണ്. ഇനി നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടുമെന്ന് പറയുമ്പോഴും 60 ശതമാനം നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടില്ല എന്ന് ഇതിൽത്തന്നെ പറയുന്നുണ്ട്. ഈ ബിൽ അവതരിപ്പിച്ചപ്പോൾത്തന്നെ അദ്ദേഹം പറഞ്ഞത് എല്ലാ നിയമനങ്ങളും പി.എസ്.സി.-ക്ക് വിടാൻ സാധ്യമല്ല എന്നാണ്. യു.ഡി.എഫ്. മുമ്പ് ചെയ്തതും അതാണ്. ക്ഷേത്രവിശ്വാസികളുമായും സംഘടനകളുമായും ആലോചിച്ച് അവരുടെ അഭിപ്രായങ്ങൾ സ്വരൂപിച്ച് ജസ്റ്റിസ് പരിപൂർണ്ണൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇങ്ങനെയൊരു റിക്രൂട്ട്മെന്റ് ബോർഡിനുവേണ്ടി തീരുമാനമെടുക്കുകയാണ് ചെയ്തത്. പല ക്ഷേത്രങ്ങളിലും പത്തു വർഷത്തോളമായി നിയമനങ്ങളൊന്നും നടന്നിട്ടില്ല. പല ഘട്ടങ്ങളിൽ നിയമനവുമായി ബന്ധപ്പെട്ട അഴിമതികളുണ്ടായപ്പോൾ റിക്രൂട്ട്മെന്റ് ബോർഡ് സംവിധാനമുണ്ടാകണമെന്ന് ഹൈക്കോടതി ആവശ്യപ്പെടുകയും ജസ്റ്റിസ് പരിപൂർണ്ണൻ കമ്മീഷൻ റിപ്പോർട്ടിന്റെ കൂടി അടിസ്ഥാനത്തിലുമാണ് യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് ഇങ്ങനെയൊരു സംവിധാനം കൊണ്ടുവന്നത്. അതിൽ കാതലായ ഒരു മാറ്റവും വരുത്തിയിട്ടില്ല. ഇതിൽ മദ്യപാനികൾക്ക് അംഗത്വം കൊടുക്കാൻ പാടില്ല എന്നതായിരുന്നു സബ്ജക്ട് കമ്മിറ്റിക്ക് പോകുന്നതിനുമുമ്പുണ്ടായിരുന്ന ഭേദഗതി നിർദ്ദേശം. അത് സഭയിലെ ചർച്ചയ്ക്കുശേഷം സബ്ജക്ട് കമ്മിറ്റിയിൽ പിൻവലിച്ചു എന്നത് വളരെ നല്ല കാര്യമാണ്. ഇപ്പോൾ അവശേഷിക്കുന്ന കാര്യം, ബോർഡിലെ നിലവിലുള്ള അംഗങ്ങളുടെ എണ്ണം ആറിൽനിന്നും മൂന്നാക്കി എന്നതാണ്.

<u>ശ്രീ. അനൂപ് ജേക്കബ്:</u> സർ, ബോർഡിന്റെ രൂപീകരണത്തിൽ എല്ലാ സ്റ്റാറ്റ്യൂട്ടറി ബോഡികളിലും അല്ലാത്തതിലും 60 വയസ്സെന്നോ 65 വയസ്സെന്നോ പ്രായപരിധി വയ്ക്കാറുണ്ട്. ഇതിൽ പ്രായപരിധി പൂർണ്ണമായും ഒഴിവാക്കിയിരിക്കുകയാണ്. നേരത്തെ ശ്രീ. അടൂർ പ്രകാശ് ചൂണ്ടിക്കാണിച്ചതുപോലെ ഏതെങ്കിലും പ്രത്യേക വ്യക്തികൾക്ക് വേണ്ടിയാണോ ഇങ്ങനെയൊരു ഭേദഗതി കൊണ്ടുവന്നിരിക്കുന്നതെന്ന് അങ്ങേയ്ക്ക് തോന്നിയിട്ടുണ്ടോ?

ശ്രീ. എം. ഉമ്മർ: സർ, ഭേദഗതികൾ പരിശോധിച്ചാൽ അങ്ങനെ തോന്നും.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഈ ബിൽ വന്നതിനുശേഷം ദേവസ്വം ബോർഡിനുകീഴിലുള്ള അമ്പലങ്ങളിലൊക്കെ സംവരണതത്വം പാലിക്കുകയും പട്ടികജാതിക്കാരായ ആളുകൾക്കുൾപ്പെടെ ജോലി ലഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ദേവസ്വം ബോർഡ് നേരിട്ട് നടത്തുന്ന കോളേജ് പോലുള്ള സ്ഥാപനങ്ങളിൽ ഇപ്പോഴും സംവരണതത്വം പാലിക്കാനായി ശ്രമം നടന്നിട്ടില്ലെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. ഉമ്മർ: സർ, അങ്ങ് സൂചിപ്പിച്ചത് വളരെ ശരിയാണ്. ഇതിൽ ചെയർപേഴ്സണായി നിയമിക്കാൻ ഒരാളെ കണ്ടുവച്ചിട്ടുള്ളതുപോലെയാണ് പറയുന്നത്. "ജില്ലാ ജഡ്ജി ആയിരിക്കുന്നതോ ആയിരുന്നതോ അല്ലെങ്കിൽ ജില്ലാ ജഡ്ജിയായി നിയമിക്കപ്പെടാൻ യോഗ്യതയുള്ളതോ ആയ ഒരാളെ ചെയർപേഴ്സണായി നിയമിക്കേണ്ടതാണ്" എന്നാണ് പറയുന്നത്. ഏഴ് വർഷം കോടതി വരാന്തയിൽക്കൂടി നടന്ന ഒരാളെ ചെയർപേഴ്സണായി നിയമിക്കാവുന്നതാണ്. നേരത്തെ ചെയർപേഴ്സണായി നിയമിച്ചിരുന്നത് ജോയിന്റ് സെക്രട്ടറിയെയായിരുന്നു. യഥാർത്ഥത്തിൽ ഗവൺമെന്റ് നടപടിക്രമവുമായി ബന്ധമുള്ള ജോയിന്റ് സെക്രട്ടറിയോ മുൻ ജോയിന്റ് സെക്രട്ടറിയോ ആണ് most competent person to Chair. ജില്ലാ ജഡ്ജി ആയിരിക്കുന്നതോ ആയിരുന്നതോ ആയ ആളെ നിയമിക്കില്ല എന്ന കാര്യം എനിക്ക് ഉറപ്പാണ്. ജില്ലാ ജഡ്ജിയാകാൻ യോഗ്യതയുള്ള ആരെയെങ്കിലും നിയമിക്കും എന്നാണ് ഇതിൽനിന്ന് മനസ്സിലാകുന്നത്. ജില്ലാ ജഡ്ജിമാരും മുൻ ജില്ലാ ജഡ്ജിമാരുമായി നിരവധിപ്പേരുള്ളപ്പോൾ ജില്ലാ ജഡ്ജിയാകാൻ യോഗ്യതയുള്ള ആളിനെ നിയമിക്കാമെന്ന് പറയുന്നത് ഇതിന്റെ ഉദ്ദേശശുദ്ധിയെ ചോദ്യം ചെയ്യുന്നതാണ്. അംഗങ്ങളെ സംബന്ധിച്ച് അങ്ങയുടെ പ്രസംഗത്തിൽ പറഞ്ഞത്, പല അംഗങ്ങളും വേണ്ട രീതിയിൽ പ്രവർത്തിച്ചിട്ടില്ല, അവർ വെറുതെ ശമ്പളം വാങ്ങിയതാണ് എന്നാണ്. അങ്ങനെയാണെങ്കിൽ നിലവിലുള്ള ആക്ട് പ്രകാരം അന്വേഷണം നടത്തി ഗവൺമെന്റിന് അവരെ പുറത്താക്കാനുള്ള അധികാരമുണ്ട്. ഈ നിയമത്തിൽ ഒരു ഭേദഗതിയും വരുത്താതെ നിയമത്തിനുള്ളിൽനിന്നുതന്നെ അവരെ പുറത്താക്കിയിരുന്നുവെങ്കിൽ ഇങ്ങനെയൊരു ഭേദഗതി ആവശ്യമില്ലായിരുന്നു. അതായിരുന്നു ചെയ്യേണ്ടിയിരുന്നത്. അത് നിലവിലുള്ള ആക്ടിൽ കൃത്യമായി പറയുന്നുണ്ട്. അതിനുപകരമായി അവരെ ഒഴിവാക്കി മൂന്ന് പേരെ കൊണ്ടുവരുന്നു എന്നുപറഞ്ഞാൽ അതിന്റെ കൃത്യമായ അർത്ഥം നമ്മൾ ഉദ്ദേശിച്ച മൂന്ന് ആളുകളെ കൊണ്ടുവരുന്നു എന്നതാണ്. സഹകരണസംഘം പിടിച്ചെടുക്കുക എന്നത് നമ്മൾ കേൾക്കുകയും മനസ്സിലാക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാ സഹകരണ ബാങ്കുകൾ പിരിച്ചുവിട്ട് സംസ്ഥാന ബാങ്ക് പിടിച്ചെടുക്കാൻ ഗവൺമെന്റിന് ഉദ്ദേശമുണ്ടെന്ന് മനസ്സിലാക്കിയാണ്

ഇന്ന് ഇവിടെ അടിയന്തരപ്രമേയം കൊണ്ടുവന്നത്. നിലവിലുള്ള അംഗങ്ങളെ വ്യവസ്ഥാപിതമായ മാർഗ്ഗത്തിലൂടെ നീക്കംചെയ്യാനുള്ള വ്യക്തമായ വ്യവസ്ഥ ആക്ടിൽ നിലനിൽക്കെ, കുറുക്കുവഴിയിൽക്കൂടി ഇങ്ങനെയൊരു വിദ്യ പ്രയോഗിക്കുന്നത് തികച്ചും അന്യായമാണ്. സഹകരണ സ്ഥാപനങ്ങളോ മറ്റുള്ള ബോർഡുകളോ പിരിച്ചുവിടുന്ന ലാഘവത്തിൽ ഇത് ചെയ്യുന്നത് വിശ്വാസികളോടും സമൂഹത്തോടും ചെയ്യുന്ന തെറ്റാണ് എന്നതാണ് എന്റെ അഭിപ്രായം. അതുപോലെ ബില്ലിന്റെ ആറാമത്തെ വകുപ്പ് പ്രധാന ആക്ടിൽ ഏത് ഭാഗത്ത് ചേർക്കണമെന്ന് പറഞ്ഞിട്ടില്ല. പ്രധാനപ്പെട്ട ആക്ടിലും ഇവിടെയും ആറാം വകുപ്പ് വരുന്നുണ്ട്. ഇത് സ്പെന്റ് എനാക്ട്മെന്റിന്റെ ഭാഗമായുള്ള ഒരു പുതിയ പ്രവണതയാണ്. സ്പെന്റ് എനാക്ട്മെന്റ് എന്നതിനർത്ഥം തൽക്കാലം കൊണ്ടുവരും പിന്നീട് അതിന് സ്ഥാനമില്ല എന്നതാണ്. ഭസ്മം വായുവിൽനിന്ന് എടുക്കുന്നതുപോലെ എടുത്തുകഴിഞ്ഞാൽ പിന്നെ കാണുകയില്ല. അതൊരു നല്ല നിയമനിർമ്മാണമല്ല. ആറാമത്തെ വകുപ്പായി ഇതിലും പ്രധാന ആക്ടിലും വരുന്നുണ്ട്. അതുകൊണ്ട് ആക്ട് ഭേദഗതി ചെയ്യുമ്പോൾ വിശ്വാസകരമായ കാര്യങ്ങളും ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളും വളരെ സൂക്ഷ്മതയോടെ കൈകാര്യം ചെയ്യേണ്ടതാണ്.

മലബാർ ദേവസ്വം ബോർഡിനെ സംബന്ധിച്ച് എനിക്ക് പ്രത്യേകിച്ചൊന്നും പറയാനില്ല. 1951-ലെ The Madras Hindu Religious and Charitable Endowments Act പ്രകാരമാണ് ഭരണം നടത്തിയതെന്ന് പറഞ്ഞു. മലബാർ ദേവസ്വത്തിലെ കാര്യങ്ങൾ അങ്ങേയ്ക്ക് നന്നായി അറിയാവുന്നതാണ്. സാമ്പത്തിക സ്രോതസ്സില്ലാത്ത സ്വതന്ത്രമായ ചെറിയ അമ്പലങ്ങളാണ് അവിടെയുള്ളത്. ഈ അമ്പലങ്ങളിലെ ജീവനക്കാർക്ക് ശമ്പളം കൊടുക്കാൻപോലും കഴിയുന്നില്ല. എന്റെ നിയോജകമണ്ഡലത്തിൽ കരിക്കാടുള്ള അമ്പലത്തിൽ 14 ജീവനക്കാരുണ്ട്. മൂന്ന് അമ്പലങ്ങൾ ഒറ്റക്കെട്ടിലും ആറ് ഉപക്ഷേത്രങ്ങളുമുണ്ട്. ഇവിടത്തെ 14 ജീവനക്കാരും മുഴുപ്പട്ടിണിയിലാണെന്ന് പറയാം. ലഭിക്കുന്ന വരുമാനത്തിന്റെ 50 ശതമാനം അമ്പലത്തിലെ ചെലവിന് കൊടുക്കണം. ബാക്കിയുള്ള 50 ശതമാനം തുകകൊണ്ടാണ് 14 പേരുടെ ശമ്പളം കൊടുക്കേണ്ടത്. കഴിഞ്ഞ മൂന്നുനാല് വർഷമായി ജീവനക്കാർക്ക് ശമ്പളം ലഭിക്കാത്ത സാഹചര്യമാണുള്ളത്. പ്രധാനപ്പെട്ട കരിക്കാട് ക്ഷേത്രം മൂവായിരം വർഷങ്ങൾക്കുമുമ്പ് ഉണ്ടായതാണെന്നാണ് കണക്കാക്കുന്നത്. ആ ക്ഷേത്രത്തിൽ നിത്യനിദാനച്ചെലവുകൾക്കും ജീവനക്കാർക്ക് ശമ്പളം നൽകാനും കഴിയാത്ത ദുരവസ്ഥ നിലനിൽക്കുകയാണ്.

<u>ശ്രീ. സി. കെ നാണു</u>: സർ, ബഹുമാനപ്പെട്ട അംഗം പറയുന്ന ക്ഷേത്രം മലബാർ ദേവസ്വത്തിന്റെ ഭാഗമാണെങ്കിൽ ഇതുപോലെ ശമ്പളം ലഭിക്കാത്ത അവസ്ഥ ഉണ്ടാകില്ല. മലബാർ ദേവസ്വത്തിലെ ജീവനക്കാർക്ക് മുഴുവൻ ശമ്പളവും ലഭിക്കുന്നുണ്ട്. കഴിഞ്ഞ കാലത്ത് ലഭിച്ചതിനേക്കാൾ കൂടുതൽ ആനുകൂല്യങ്ങൾ ഇന്നവർക്ക് ലഭിക്കുകയാണ്.

യു.ഡി.എഫ്. ഭരണകാലത്ത് മലബാർ ദേവസ്വത്തിലെ ജീവനക്കാർക്ക് ശമ്പളം കൊടുത്തിട്ടുണ്ടാകില്ല. തിരു-കൊച്ചിയിലുള്ളതുപോലെ ഇല്ലെങ്കിലും ഇന്ന് മലബാർ ദേവസ്വത്തിലെ ജീവനക്കാർക്ക് ശമ്പളമുണ്ട്. ആ ക്ഷേത്രത്തിലെ 14 ജീവനക്കാർ പട്ടിണിയിലാണെന്ന് ശ്രീ. എം. ഉമ്മർ പറയുന്നത് മലബാർ ദേവസ്വത്തിന്റേതാണെങ്കിൽ ശരിയല്ല. സ്വതന്ത്ര ക്ഷേത്രമാണെങ്കിൽ ഉണ്ടാകും.

ശ്രീ. വി. എസ്. ശിവകുമാർ: സർ, തിരുവിതാംകൂർ ദേവസ്വം ബോർഡു പോലെയും കൊച്ചി ദേവസ്വം ബോർഡുപോലെയും കോമൺ പൂളിലല്ല മലബാർ ദേവസ്വം ബോർഡ് പ്രവർത്തിക്കുന്നത്. അതുകൊണ്ട് അങ്ങയുടെ ശ്രദ്ധയിൽ പെടുത്താനുള്ളത്, മലബാർ ആക്ട് തന്നെ ഭേദഗതി ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ്.

ശ്രീ. എം. ഉമ്മർ: സർ, ശ്രീ. സി. കെ നാണു, ഞാൻ പറഞ്ഞ കരിക്കാട് ദേവസ്വം എന്നുപറയുന്നത് മലബാർ ദേവസ്വം നേരിട്ട് നടത്തുന്നതല്ല. മൂവായിരം വർഷങ്ങൾ പഴക്കമുള്ള സ്വതന്ത്ര ക്ഷേത്രമാണ് അത്. അവിടെ നൂറുകണക്കിന് ഏക്കർ ഭൂമിയുണ്ട്. എന്നിട്ടുപോലും അവിടെയുള്ള ജീവനക്കാർക്ക് ശമ്പളം കൊടുക്കാൻ കഴിയുന്നില്ല. അതുസംബന്ധിച്ച് എനിക്ക് അവർ നിവേദനം തന്നതാണ്. നേരിട്ടറിവുള്ള കാര്യമാണ് ഞാൻ പറയുന്നത്. മലബാറിലെ ക്ഷേത്രങ്ങൾ മലബാർ ദേവസ്വത്തിന്റെ അംഗീകാരത്തിലാണ് നിലനിൽക്കുന്നത്. ഇതൊക്കെ സ്വതന്ത്രമായി നിലകൊള്ളുന്ന ക്ഷേത്രങ്ങളാണ്. അവിടെയെല്ലാം ദേവസ്വത്തിൽനിന്ന് നാമമാത്രമായ സഹായമാണ് ലഭിക്കുന്നത്. വരുമാനത്തിന്റെ 50 ശതമാനം ക്ഷേത്രനടത്തിപ്പിനും ബാക്കിയുള്ള 50 ശതമാനംകൊണ്ട് ജീവനക്കാർക്ക് ശമ്പളം കൊടുക്കുകയും ചെയ്യണമെന്നുള്ളതാണ് പ്രശ്നം. 14 പേർക്ക് ശമ്പളം കൊടുക്കാൻ കഴിയാത്ത പ്രസിദ്ധമായ ഒരു ക്ഷേത്രത്തിന്റെ അവസ്ഥ ഇതാണെങ്കിൽ മറ്റ് നൂറുകണക്കിന് ക്ഷേത്രങ്ങളിലെ ജീവനക്കാർ നാമമാത്രമായ ശമ്പളം ലഭിക്കാതെ പട്ടിണിയും മറ്റുമായി കഴിയുന്നുണ്ടെന്നത് യാഥാർത്ഥ്യമാണ്. ബഹുമാനപ്പെട്ട മന്ത്രി ഇതിലേയ്ക്കുള്ള നിയമനം നടത്തുമ്പോൾ, മലബാർ ദേവസ്വവുമായി ബന്ധപ്പെട്ട ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് മാന്യമായ ശമ്പളം കൊടുക്കുന്നതിനുള്ള സംവിധാനമുണ്ടാക്കണം. മുൻ ചീഫ് സെക്രട്ടറി ശ്രീ. കെ. ജയകുമാറിന്റെ നേതൃത്വത്തിലുള്ള കമ്മീഷൻ റിപ്പോർട്ട് നാണുവേട്ടൻ വായിച്ചാൽ മതി. ഇപ്പോൾ മലയാളം സർവ്വകലാശാലയുടെ വൈസ് ചാൻസലറായ ശ്രീ. കെ. ജയകുമാറിന്റെ റിപ്പോർട്ട് വളരെ കൃത്യമാണ്. ഞാൻ ഇന്നലെ അദ്ദേഹവുമായി സംസാരിച്ചതാണ്. കൃത്യമായ ഇൻഫർമേഷന്റെ അടിസ്ഥാനത്തിലാണ് ഞാൻ ഇതൊക്കെ പറയുന്നത്. അല്ലാതെ ദേവസ്വം ബോർഡ് പോലൊരു ബില്ലിന്റെ ചർച്ചാവേളയിൽ വെറുതെ പറയുമെന്ന് അങ്ങ് കരുതണ്ട. വസ്തുതാപരമായി കാര്യങ്ങൾ മനസ്സിലാക്കിത്തന്നെയാണ് പറയുന്നത്.

<u>ശ്രീ. കെ. എം. ഷാജി</u>: സർ, മലബാർ ദേവസ്വം ബോർഡിന് പുറത്തുള്ള ക്ഷേത്രങ്ങളിൽ മാത്രമുള്ള പ്രശ്നമല്ല. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലും ദൈനംദിന ചെലവിനല്ല, ഒരു നേരത്തെ ഭക്ഷണം വാങ്ങാൻ പോലും തികയില്ല ഇപ്പോൾ കൊടുക്കുന്ന ശമ്പളം. ജയകുമാർ കമ്മീഷൻ റിപ്പോർട്ട് നടപ്പിൽവരുത്തുന്ന രീതിയിലുള്ള മാറ്റമാണ് മലബാർ ദേവസ്വം ബോർഡിൽ ഉണ്ടാകേണ്ടത്. ദേവസ്വം ബോർഡിന് കീഴിലുള്ളവരുടെ കാര്യത്തിൽ രക്ഷയുണ്ടെന്നാണ് നാണുവേട്ടൻ പറഞ്ഞത്. ഒരിക്കലുമില്ല, അവരുടെ കാര്യം വളരെ കഷ്ടമാണ്. അതല്ലാത്തവരുടെ കാര്യം അതിലും കഷ്ടമാണ്.

<u>ശ്രീ. എം. ഉമ്മർ</u> : സർ, ശ്രീ. വി. എസ്. ശിവകുമാർ ചൂണ്ടിക്കാണിച്ചതു പോലെ, മലബാർ ദേവസ്വം ആക്ടിൽ സമഗ്രമായ ഭേദഗതി കൊണ്ടുവരണമെന്ന് തന്നെയാണ് എനിക്കും പറയാനുള്ളത്. ഇപ്പോൾ കൊടിയ വേനലിനെ നമ്മളെല്ലാവരും പ്രതീക്ഷിച്ചിരിക്കുകയാണ്. പല ക്ഷേത്രങ്ങളുടേയും ഭാഗമായി വലിയ കുളങ്ങളുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ തൃക്കലംകോട് പഞ്ചായത്തിൽ ഒരു ക്ഷേത്രമുണ്ട്. കരിക്കാട് ക്ഷേത്രത്തിന്റെ തൊട്ടപ്പുറത്തുള്ള ക്ഷേത്രമാണത്. ആ ക്ഷേത്രത്തിൽ 5 ഏക്കറോളം വരുന്ന കുളമുണ്ട്. ദേവസ്വം ബോർഡിന് പണമില്ലാത്തതിനാൽ ആ കുളം വൃത്തിയാക്കിയിട്ട് വർഷങ്ങളായി. ക്ഷേത്രക്കുളങ്ങൾ സംരക്ഷിക്കാൻ കഴിഞ്ഞ വർഷം ഒരു കോടി രൂപ കൊടുത്തുവെങ്കിലും അതിൽ ഒരു പൈസപോലും ചെലവാക്കിയിട്ടില്ല. ഗവൺമെന്റ് പ്രത്യേക ഹെഡ്ഡിൽ പണം അനുവദിച്ചിട്ടുപോലും ക്ഷേത്രക്കുളങ്ങൾ സംരക്ഷിക്കാൻ ചെലവഴിച്ചിട്ടില്ല. വരുന്ന വേനലിനെ മുന്നിൽ കണ്ട് ക്ഷേത്രക്കുളങ്ങൾ സംരക്ഷിക്കണം. അവ ശുദ്ധീകരിച്ചാൽ അടുത്തുള്ള മറ്റ് കുളങ്ങളിലും കിണറുകളിലും ധാരാളം വെള്ളമുണ്ടാകും. അങ്ങനെ വലിയ രീതിയിലുള്ള കുളങ്ങൾ സംരക്ഷിക്കാൻ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും പ്രത്യേക ശ്രദ്ധയുണ്ടാകണമെന്നു മാത്രം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. കൃഷ്ണൻകുട്ടിക്കുവേണ്ടി <u>ശ്രീ. ആർ. രാമചന്ദ്രൻ</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു. കേരളത്തിലെ വിവിധ ക്ഷേത്രങ്ങളുടെ ഭരണനിയന്ത്രണം തിരുവിതാംകൂർ ദേവസ്വം ബോർഡ്, ഗുരുവായൂർ ദേവസ്വം ബോർഡ്, കൊച്ചി ദേവസ്വം ബോർഡ്, കൂടൽമാണിക്യം ദേവസ്വം ബോർഡ്, മലബാർ ദേവസ്വം ബോർഡ് എന്നിവയിൽ നിക്ഷിപ്തമാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ 1200-ൽപ്പരം ക്ഷേത്രങ്ങളും കൊച്ചി ദേവസ്വം ബോർഡിന്റെ കീഴിൽ 400-ൽപ്പരം ക്ഷേത്രങ്ങളും മലബാർ ദേവസ്വം ബോർഡിന്റെ

കീഴിൽ 1600-ൽപ്പരം ക്ഷേത്രങ്ങളുമുണ്ട്. തികച്ചും വ്യത്യസ്തമായ ചട്ടങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ ക്ഷേത്രങ്ങളുടെ ഭരണനിർവ്വഹണം നടക്കുന്നത്. വിവിധ ചട്ടങ്ങൾ നിലവിൽ വന്നതുമുതൽ ഇന്നുവരെ അതത് ബോർഡുകൾക്ക് കീഴിലുള്ള ക്ഷേത്രങ്ങളുടെ നിയമനം അതത് ബോർഡുകളാണ് നടത്തിവരുന്നത്. നിയമനത്തിൽ സർക്കാരിന് യാതൊരു നിയന്ത്രണവുമില്ല. ദേവസ്വം ബോർഡ് നടത്തിയിരുന്ന എല്ലാ നിയമനങ്ങളിലും വ്യാപകമായ അഴിമതി നടന്നതായി ബോദ്ധ്യമുള്ളതിന്റെ വെളിച്ചത്തിൽ ജസ്റ്റിസ് പരിപൂർണ്ണൻ കമ്മീഷന്റെ നിർദ്ദേശമാണ് ദേവസ്വം ബോർഡുകളിലെ നിയമനം പബ്ലിക് സർവ്വീസ് കമ്മീഷന് വിടണമെന്നത്. അത് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ തീരുമാനമാണ്. ഇതിൽ ഭരണവിഭാഗം തസ്തികകൾ മാത്രമാണ് ദേവസ്വം ബോർഡിന് കൈമാറപ്പെട്ടിട്ടുള്ളത്. എന്നാൽ അതത് ദേവസ്വം ബോർഡുകൾ സ്പെഷ്യൽ റൂൾസ് രൂപീകരിക്കാത്തതിനാൽ പി.എസ്.സി.-ക്ക് തുടർനടപടികൾ സ്വീകരിക്കാൻ സാധിച്ചിട്ടില്ല. അതിനാൽ നിയമം കൊണ്ടുവന്ന 2008-നുശേഷം ഇതുവരെ ഒരു നിയമനവും പ്രസ്തുത ബോർഡുകളിൽ സ്ഥിരാടിസ്ഥാനത്തിൽ നടന്നിട്ടില്ല.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിൽ തെറ്റുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡ് സമയത്ത് ചട്ടം തയ്യാറാക്കിത്തന്നില്ലെങ്കിലും പിന്നീടത് കൊടുത്തു, പബ്ലിക് സർവ്വീസ് കമ്മീഷൻ ചട്ടങ്ങൾ തയ്യാറാക്കി എല്ലാ പോസ്റ്റുകളിലേയ്ക്കും നോട്ടിഫിക്കേഷന് തയ്യാറായിരിക്കുമ്പോഴാണ് അത് വേണ്ടെന്നുവച്ചത്.

4.00 PM]

ശ്രീ. ആർ. രാമചന്ദ്രൻ: സർ, കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ, നിയമനങ്ങൾ പി.എസ്.സി.-യെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള നിയമം റദ്ദ് ചെയ്യുകയും പകരം ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുകയും ചെയ്തു. ആദ്യം 5 അംഗങ്ങളാണ് പ്രസ്തുത ബോർഡിൽ ഉണ്ടായിരുന്നത്. പട്ടികജാതി/വനിതാ വിഭാഗങ്ങൾക്ക് ഒരംഗത്തെയാണ് യു.ഡി.എഫ്. സർക്കാർ ബോർഡിലേയ്ക്ക് ആലോചിച്ചിരുന്നത്. എന്നാൽ അന്നത്തെ സബ്ജക്ട് കമ്മിറ്റി യോഗത്തിൽ ഇതിലുള്ള അനൗചിത്യം കമ്മിറ്റിയിലെ പ്രതിപക്ഷ, എൽ.ഡി.എഫ്. മെമ്പർമാർ ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ മെമ്പർമാരുടെ എണ്ണം 6 ആക്കുകയാണുണ്ടായത്. ബോർഡിന്റെ കാലാവധി 5 വർഷമാണ് അന്ന് തീരുമാനിച്ചിരുന്നത്. ജോയിന്റ് സെക്രട്ടറി റാങ്കിലുള്ള ഉദ്യോഗസ്ഥനെയാണ് ചെയർപേഴ്സണായി തീരുമാനിച്ചിരുന്നത്. ഹിന്ദുമതത്തിലെ വിവിധ ജാതികളെ പ്രതിനിധീകരിച്ച് 6 അംഗങ്ങളെയും തീരുമാനിച്ചു. എന്നാൽ ബോർഡ് രൂപീകൃതമായി ഇന്നുവരെ ഒറ്റ നിയമനംപോലും നടത്തിയിട്ടില്ല. ചുരുക്കത്തിൽ വിവിധ ദേവസ്വം ബോർഡുകളിലെ ആയിരക്കണക്കിന് ഒഴിവുകൾ

നികത്താതെ താൽക്കാലിക ജീവനക്കാരെ കുത്തിനിറച്ച് ഭരണം മുന്നോട്ടുകൊണ്ടു പോകുന്ന അവസ്ഥയാണ് 2008 മുതൽ ഇന്നുവരെ നടന്നുപോരുന്നത്. മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ നയമായിരുന്ന ദേവസ്വം ബോർഡ് നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുക എന്നത്. എന്നാൽ നേരത്തെ പറഞ്ഞതുപോലെ സ്പെഷ്യൽ റൂൾസ് രൂപീകരിക്കാനുണ്ടായ കാലതാമസവും സർക്കാരിന്റെ മാറ്റവുമാണ് ഇത് നിർവ്വഹിക്കാൻ കഴിയാതെ വന്നത്. ഇത് പി.എസ്.സി.-യുടെ വീഴ്ചയല്ല, മറിച്ച് ദേവസ്വം ബോർഡുകളുടെ ഭാഗത്തുനിന്നുണ്ടായ കാലതാമസവും ഗവൺമെന്റിന്റെ മാറ്റവുംമൂലമുണ്ടായ സംഭവമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ നിയമനം പി.എസ്.സി.-ക്ക് വിടുന്ന കാര്യം സജീവമായി പരിഗണിക്കുകയുണ്ടായി. എന്നാൽ വിവിധ ദേവസ്വം ബോർഡുകൾ സ്പെഷ്യൽ റൂൾസുണ്ടാക്കാൻ കാലതാമസം വരുത്തിയാൽ നിയമനങ്ങൾ വീണ്ടും അനിശ്ചിതത്വത്തിലാകുമെന്നതിനാലാണ് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് താൽക്കാലികമായി തുടരട്ടെ എന്ന നയപരമായ തീരുമാനം സർക്കാർ കൈക്കൊണ്ടത്. എന്നാൽ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് എന്ന ചെറിയ സ്ഥാപനത്തിൽ ഇത്രയധികം മെമ്പർമാർ ആവശ്യമുണ്ടെന്ന് ഈ സർക്കാർ കരുതുന്നില്ല. അതിനാലാണ് ഇപ്പോൾ അവതരിപ്പിച്ചിട്ടുള്ള ബില്ലിൽ ചെയർമാൻ ഉൾപ്പെടെയുള്ള അംഗങ്ങളുടെ എണ്ണം മൂന്നായി കുറയ്ക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. അതുപോലെ ചെയർമാനാകേണ്ട വ്യക്തി നിയമപരിജ്ഞാനമുള്ള വ്യക്തിയാകണമെന്ന് സർക്കാരിന് ഉത്തമബോധ്യമുണ്ട്. അതിനാലാണ് ചെയർമാനാകേണ്ട വ്യക്തി ജില്ലാ ജഡ്ജിയോ ജില്ലാ ജഡ്ജിയാകാൻ യോഗ്യതയുള്ള ആളോ ആകണമെന്ന് നിഷ്കർഷിച്ചിട്ടുള്ളത്. അതുപോലെതന്നെ ബോർഡംഗങ്ങളുടെ കാലാവധി നിലവിൽ 5 വർഷമാണ്. ഇത് 3 വർഷമായി കുറയ്ക്കാൻ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നു. മറ്റ് ദേവസ്വം ബോർഡുകളിലെ കാലാവധിയും 3 വർഷമായതിനാൽ ഈ കാലാവധിക്ക് വ്യക്തമായ സാധൂകരണമുണ്ട്. മെമ്പർമാരുടെ എണ്ണം കുറയുമ്പോൾ മീറ്റിംഗിന്റെ ക്വാറത്തിലും മാറ്റം ആവശ്യമാണ്. ഇതിനുള്ള ഭേദഗതിയും ഇതിൽ വ്യവസ്ഥ ചെയ്യുന്നു. ഭേദഗതി ബിൽ പാസ്സായിക്കഴിയുമ്പോൾ നിലവിലുള്ള ആറംഗ ബോർഡിന് പ്രസക്തിയില്ലാതാകും. അതിനാൽ അവരുടെ പ്രവർത്തനം അവസാനിപ്പിക്കുന്നതിനുള്ള വ്യവസ്ഥയും ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ദേവസ്വം ബോർഡ് നിയമനങ്ങൾ അഴിമതിവിമുക്തമാക്കാനും നിലവിലുള്ള ഒഴിവുകൾ അടിയന്തരമായി നികത്താനും ഈ ബില്ലിലെ വ്യവസ്ഥകൾക്കനുസൃതമായുള്ള പുതിയ നിയമന ബോർഡ് നിലവിൽ വരുമ്പോൾ കഴിയുമെന്നാണ് എന്റെ പ്രതീക്ഷ. അതിനാൽ ഞാൻ ഈ ബില്ലിനെ പൂർണ്ണമായും പിന്താങ്ങുന്നു. ഇതുമായി ബന്ധപ്പെട്ട ഒന്നുരണ്ട് വിഷയങ്ങൾകൂടി ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഉദ്ദേശിക്കുന്നു. ദേവസ്വം ബോർഡ് നിയമനങ്ങളിലൊന്നും പി.എസ്.സി.-യുടെ സംവരണതത്വങ്ങളോ ജനസംഖ്യാനുപാതിക സംവരണതത്വങ്ങളോ പാലിക്കപ്പെട്ടിട്ടില്ലെന്നാണ് മനസ്സിലാകുന്നത്. ക്ഷേത്രപ്രവേശന വിളംബരം നടന്നെങ്കിലും ക്ഷേത്ര ജോലികളിൽ പിന്നോക്കക്കാർ ഇന്നും പിന്നോക്കമാണ്. ഇത്

പരിഹരിക്കാനുള്ള വ്യവസ്ഥ ഉറപ്പുവരുത്തണം. രണ്ടാമത്തെ വിഷയം, ദേവസ്വം ബോർഡുകളുടെ കീഴിലെ ഒട്ടനവധി സ്കൂളുകൾ, കോളേജുകൾ, മറ്റിതര സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ നിയമനം ബോർഡിന്റെ കീഴിൽ കൊണ്ടുവരുന്നതാണ് ഈ സ്ഥാപനങ്ങളുടെ നിയമനങ്ങളിലെ അഴിമതി ഒഴിവാക്കാനും സംവരണം പാലിക്കപ്പെടാനുമുള്ള മാർഗ്ഗം. എന്നാൽ കേരള വിദ്യാഭ്യാസ ചട്ടം ഭേദഗതി വരുത്തിയാൽ മാത്രമേ ഇത് സാധ്യമാകൂ എന്ന് വിദഗ്ധർ അഭിപ്രായപ്പെടുന്നു. ഈ ചട്ടപ്രകാരം മാനേജ്മെന്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനം മാനേജ്മെന്റിൽ നിക്ഷിപ്തമാണ്. അതിനാൽ ഇത്തരം സ്ഥാപനങ്ങളിലെ നിയമനം അതാത് ബോർഡുകൾക്ക് ഒരു ചട്ടവും പാലിക്കാതെ യഥേഷ്ടം നടത്താം. ഇവിടെ സംവരണതത്വങ്ങൾ പാലിക്കാനും നിയമനങ്ങൾ സുതാര്യമാക്കാനും അഴിമതിവിമുക്തം മുദ്രാവാക്യമാക്കിയ സർക്കാർ തീർച്ചയായും ഇടപെടേണ്ടതുണ്ട്. ദേവസ്വം ബോർഡുകളിൽ വിജിലൻസ് ഓഫീസർമാരെ നിയമിക്കേണ്ടതില്ലെന്ന് മുൻ സർക്കാർ തീരുമാനമെടുത്തതായി ഒരു വാർത്ത വായിക്കുകയുണ്ടായി. ബോർഡുകളിലെ അഴിമതി തടയാൻ സ്വതന്ത്ര വിജിലൻസ് സംവിധാനം എല്ലാ ദേവസ്വം ബോർഡുകളിലും ഉടൻ നടപ്പിൽവരുത്താൻ സർക്കാർ നടപടി സ്വീകരിക്കേണ്ടതായിട്ടുണ്ട്. ദേവസ്വം ബോർഡുകളിലെ നിലവിലുള്ള പ്രവർത്തനങ്ങൾ പൂർണ്ണമായും കാര്യക്ഷമമാണെന്ന് എനിക്ക് തോന്നുന്നില്ല. ഇത് കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കണം. മലബാർ ദേവസ്വം ബോർഡിലെ ഭൂരിഭാഗം ജീവനക്കാർക്കും ജീവിക്കാനുള്ള വേതനം ലഭിക്കുന്നില്ലെന്നത് വസ്തുതയാണ്. അതിനാൽ ഇവർ പലപ്പോഴും സമരത്തിന്റെ പാതയിലാണ്. ഫണ്ടിന്റെ അപര്യാപ്തത പുനരുദ്ധാരണപ്രവർത്തനങ്ങൾക്ക് വിഘാതം സൃഷ്ടിക്കുന്നു. മലബാർ ദേവസ്വം ബോർഡിന്റെ കാര്യത്തിൽ സർക്കാർ അടിയന്തര ശ്രദ്ധ പതിപ്പിക്കേണ്ടതായിട്ടുണ്ട്. അതുപോലെ ക്ഷേത്രങ്ങളോടനുബന്ധിച്ച് കുളങ്ങൾ, കാവുകൾ എന്നിവ സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കണം. കാവുകളും കുളങ്ങളും വിപുലമാക്കാനും മെച്ചപ്പെടുത്താനും പ്രത്യേക പദ്ധതി ആവിഷ്കരിക്കണം. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയങ്ങൾക്ക് പദ്ധതി തയ്യാറാക്കി നൽകാൻ ബോർഡുകൾ മുൻകയ്യെടുക്കണം. അതുപോലെ ജലവിഭവം, വനം, പരിസ്ഥിതി എന്നീ വകുപ്പുകളും പദ്ധതി തയ്യാറാക്കേണ്ടതായിട്ടുണ്ട്. ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള ഭൂമി പൂർണ്ണമായും അളന്നുതിട്ടപ്പെടുത്തി സൂക്ഷിക്കാനുള്ള സംവിധാനവും ഇതുമായി ബന്ധപ്പെട്ട് ആലോചിക്കാൻ നമുക്ക് കഴിയണമെന്നുള്ളതാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്.

ശ്രീ. കെ. എസ്. ശബരീനാഥനുവേണ്ടി <u>ശ്രീ. കെ. മുരളീധരൻ</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഞാൻ വളരെ കുറച്ച് സമയം മാത്രമേ എടുക്കുകയുള്ളൂ. പക്ഷേ പ്രസംഗത്തിനിടയിലിടപെട്ട് ചോദ്യം ചോദിച്ച് ദയവായി എന്നെ ശല്യം ചെയ്യരുത്. എന്നോട് ചോദിച്ചിട്ട് ഒരു കാര്യവുമില്ല, കാരണം ബഹുമാനപ്പെട്ട മന്ത്രിയാണ് ഈ കാര്യങ്ങൾ തീരുമാനിക്കേണ്ടത്. എന്റെ നിർദ്ദേശങ്ങൾ അദ്ദേഹത്തിന്റെ മുമ്പിൽ വയ്ക്കുന്നുവെന്ന് മാത്രമേയുള്ളൂ. ഇവിടെ ശ്രീ. ജി. സുധാകരൻ ദേവസ്വം വകുപ്പുമന്ത്രിയായിരുന്നപ്പോഴാണ് ദേവസ്വം ബോർഡിലെ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിടാൻ തീരുമാനിച്ചത്. എന്നാൽ സർക്കാർ ജീവനക്കാരെ റിക്രൂട്ട് ചെയ്യുന്ന ഒരു സ്ഥാപനമായതുകൊണ്ട് മതസ്ഥാപനങ്ങളിലേയ്ക്കുള്ള നിയമനങ്ങൾ നടത്തുന്നത് ശരിയല്ല എന്നൊരു തീരുമാനത്തിന്റെ അടിസ്ഥാനത്തിലും  ദേവസ്വം ബോർഡിലെ നിയമനങ്ങൾക്ക് ഒരു സ്വതന്ത്ര ഏജൻസി വേണമെന്ന ജസ്റ്റിസ് പരിപൂർണ്ണൻ കമ്മീഷന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലുമാണ് നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാനുള്ള തീരുമാനം റദ്ദാക്കി ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിനെ ഏൽപ്പിക്കാൻ കഴിഞ്ഞ ഗവൺമെന്റ് തീരുമാനിച്ചത്. അന്ന് റിക്രൂട്ട്മെന്റ് ബോർഡിന്റെ ചെയർമാൻ, അതുപോലെതന്നെ ബോർഡംഗങ്ങളുടെ കാലാവധി 65 വയസ്സോ അല്ലെങ്കിൽ അഞ്ച് വർഷമോ രണ്ടിൽ ഏതാണോ ആദ്യം വരുന്നത് അതനുസരിച്ചാണ് ഇതിന്റെ കാലാവധി പൂർത്തിയാക്കാൻ തീരുമാനമെടുത്തത്. ഈ ഗവൺമെന്റ് വന്നതിനുശേഷം ഇന്ന് ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഈ ഭേദഗതി പ്രകാരം,  കാലാവധി 3 വർഷമാണ്. പക്ഷെ പ്രായപരിധിയില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നിലവിൽവന്ന ബോർഡിന് ഇനി നാലുവർഷം കാലാവധിയുണ്ട്. ഇത് സ്റ്റാറ്റ്യൂട്ടറി ബോഡിയാണ്. ഇപ്പോൾ നിങ്ങൾ ഈ ഭേദഗതി കൊണ്ടുവരുമ്പോൾ സ്വാഭാവികമായും ആ കമ്മിറ്റി ഇല്ലാതാകും, പുതിയ കമ്മിറ്റി നിലവിൽ വരും. പുതിയ കമ്മിറ്റിയുടെ കാലാവധി മൂന്നുവർഷമാണ്. മൂന്നുവർഷം കഴിയുമ്പോൾ ഈ ഗവൺമെന്റ് തന്നെയാണ് അധികാരത്തിലുണ്ടാകുക. വീണ്ടും 3 വർഷത്തേയ്ക്ക് പുതിയ കമ്മിറ്റി വരും. 5 വർഷം കഴിഞ്ഞ് ഭരണം മാറിവന്നാൽ, ജനങ്ങളാണ് പരമാധികാരികൾ, ഞാൻ പറയുന്നത് ഭരണം മാറിവന്നാൽ വീണ്ടും ഇതിന് 5 വർഷമാക്കിക്കൊണ്ടുള്ള ഭേദഗതി കൊണ്ടുവരാൻ സാധിക്കും. അങ്ങനെ വരുമ്പോൾ ഒരു സ്റ്റാറ്റ്യൂട്ടറി ബോർഡ് എന്ന പദവി ഇതിന് നഷ്ടപ്പെടും. അതാണ് ഈ ഭേദഗതികൊണ്ട് സംഭവിക്കാവുന്ന വലിയ തകരാറായി ഞാൻ കാണുന്നത്.

രണ്ടാമത്, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇതിന്റെ ചെയർമാൻ ഗവൺമെന്റ് സെക്രട്ടറിയോ സെക്രട്ടറിയായി റിട്ടയർ ചെയ്ത വ്യക്തിയോ ആകണമെന്നായിരുന്നു. ഇപ്പോഴത്തെ നിയമമനുസരിച്ച് ജില്ലാ ജഡ്ജിയോ ജില്ലാ ജഡ്ജിയാകാൻ യോഗ്യതയുള്ള ആളോ ആകണം എന്നാണ്. സത്യത്തിൽ ഇവിടെ ഈ ഭേദഗതിയുടെ ആവശ്യം ഉണ്ടായിരുന്നില്ല. ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ എല്ലാവർക്കുമറിയാം ഇതിന്റെ ഉദ്ദേശ്യമെന്താണെന്ന്, ഗവൺമെന്റിന് ഇഷ്ടമുള്ള ആളുകളെ വയ്ക്കുകയെന്നതാണ്.

അതിന് ഇപ്പോഴത്തെ നിയമം തന്നെ ധാരാളമാണ്. ഗവൺമെന്റ് സെക്രട്ടറിമാരെല്ലാം യു.ഡി.എഫ്. കാരാണോ? അല്ലല്ലോ. എല്ലാ പാർട്ടിയോടും ആഭിമുഖ്യമുള്ള ഉദ്യോഗസ്ഥരുണ്ട്, സെക്രട്ടറിമാരുണ്ട്. ഏതായാലും ഭേദഗതി പ്രകാരമുള്ള പുതിയ ബോർഡ് വരുമ്പോൾ ഈയൊരു നിയമം മാറ്റേണ്ട ആവശ്യമുണ്ടായിരുന്നില്ല. റിട്ടയർചെയ്ത സെക്രട്ടറിമാരിൽ ധാരാളംപേർ ഇന്നത്തെ ഗവൺമെന്റിനോട് ആഭിമുഖ്യമുള്ളവരുണ്ട്. ഇതുകൊണ്ടുണ്ടാകുന്ന പ്രധാന തകരാറെന്നുപറയുന്നത് ഏത് പ്രായക്കാർക്കും ഇതിന്റെ ചെയർമാനായിരിക്കാമെന്നതാണ്. കഴിഞ്ഞ നിയമത്തിൽ 65 വയസ്സായിരുന്നുവെങ്കിൽ ഇപ്പോൾ 90 വയസ്സുകഴിഞ്ഞാലും ഇതിന്റെ ചെയർമാനായി ഇരിക്കാമെന്ന് പറയുമ്പോൾ പ്രായംചെന്നവരെ കുടിയിരുത്താനുള്ള ഒരു സ്ഥാപനമായി ഇത് മാറുമെന്നുള്ളതാണ് ഇതിന്റെ പ്രധാനപ്പെട്ട തകരാറായി ഞാൻ കാണുന്നത്. അതുകൊണ്ട് ഈ ഭേദഗതിപ്രകാരം ഇതിന്റെ സ്റ്റാറ്റ്യൂട്ടറി ഘടന നഷ്ടപ്പെടുകയാണ്. അതുപോലെ ബഹുമാനപ്പെട്ട മന്ത്രി ഈ വകുപ്പിന്റെ ചുമതലയേറ്റെടുത്തപ്പോൾ പറഞ്ഞു, ഇത് തിരിച്ച് പി.എസ്.സി.-ക്ക് വിടുമെന്ന്. പക്ഷെ അദ്ദേഹം സാമൂഹിക രംഗത്തും ഈ ഫീൽഡിലുമൊക്കെ പ്രവർത്തിക്കുന്ന പല ആളുകളുമായും സാമുദായിക സംഘടനകളുമായൊക്കെ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലാണ് വീണ്ടും ഇത് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് തന്നെയെന്നുള്ള തീരുമാനത്തിലേയ്ക്ക് എത്തിച്ചേർന്നത്. ഏതായാലും യാഥാർത്ഥ്യം മനസ്സിലാക്കി ഉചിതമായ തീരുമാനമെടുത്തത് വളരെ നന്നായി. അതിന് തയ്യാറായ മന്ത്രിയെ അഭിനന്ദിക്കാനും ഈ സന്ദർഭം ഞാൻ വിനിയോഗിക്കുകയാണ്. ഇവിടെ ആചാരാനുഷ്ഠാനങ്ങളെക്കുറിച്ച് പറഞ്ഞു. ആചാരങ്ങളും അനുഷ്ഠാനങ്ങളും വർഷങ്ങളായി നമ്മുടെ രാജ്യത്ത് നിലനിൽക്കുന്നതാണ്. എന്നാൽ അതിലെ തെറ്റായ വിശ്വാസങ്ങളും അന്ധവിശ്വാസങ്ങളും പ്രവണതകളുമൊക്കെയാണ് സാമൂഹിക പരിഷ്കർത്താക്കളുടെ ശ്രമഫലമായി തിരുത്തിയെഴുതിയിട്ടുള്ളത്. അത് വന്നത് അതാത് ഫീൽഡിൽനിന്ന് വന്നവരുടെ ആവശ്യങ്ങളനുസരിച്ചും സമരങ്ങൾ അനുസരിച്ചുമാണ്. കെ. കേളപ്പൻ ഉൾപ്പെടെയുള്ള മറ്റനേകം സാമൂഹിക പരിഷ്കർത്താക്കളൊക്കെ ശ്രമിച്ചതിന്റെ ഫലമായിട്ടാണ് ക്ഷേത്രദർശനം നടത്താൻ നിഷേധിക്കപ്പെട്ടവർക്ക് ക്ഷേത്രത്തിൽ പ്രവേശിക്കാനും വഴിനടക്കാനും ക്ഷേത്രപ്രവേശന വിളംബരമുൾപ്പെടെയുള്ള അവകാശങ്ങളുമൊക്കെ ലഭ്യമായത്. അത് സാമൂഹിക പരിഷ്കർത്താക്കളുടെ പ്രവർത്തനഫലമായിട്ടാണ്. അതേസമയം നമ്മൾ വിശ്വാസങ്ങളിൽ മാറ്റംവരുത്താൻ മുൻകാലങ്ങളിലും ശ്രമിച്ചിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി ദൈവ വിശ്വാസിയാണോ എന്നെനിക്കറിയില്ല. പക്ഷെ അദ്ദേഹത്തിന്റെ പ്രസ്ഥാനം ഭൗതിക കാര്യങ്ങളിൽ വിശ്വസിക്കുന്ന ഒരു രാഷ്ട്രീയ പ്രസ്ഥാനമാണ്. ആ പ്രസ്ഥാനത്തിന്റെ പ്രതിനിധിയായി വന്നിട്ടുപോലും അദ്ദേഹം ശബരിമലയിൽ ചെന്നപ്പോൾ ഭഗവാനെ തൊഴുകയും പ്രസാദം സ്വീകരിക്കുകയും ചെയ്തു. അതിനർത്ഥം അദ്ദേഹത്തിന്റെ

ഭൗതികവാദത്തിൽ അദ്ദേഹം വെള്ളംചേർത്തു എന്നല്ല. ആചാരങ്ങളോടുള്ള ബഹുമാനമാണ് അദ്ദേഹം പ്രകടിപ്പിച്ചത്. അത് തികച്ചും ഉചിതമായ ഒരു കാര്യമായി ഞാൻ കാണുന്നു. എന്നുകരുതി അദ്ദേഹം വിശ്വാസിയായിട്ടില്ലല്ലോ. അത് ആചാരങ്ങളോടുള്ള വിശ്വാസത്തിന്റെ ഒരു ഭാഗമാണ്. ഞാൻ തന്നെ പലപ്പോഴും അമ്പലങ്ങളിൽ മാത്രമല്ല പള്ളികളിലും പോകാറുണ്ട്, പ്രാർത്ഥിക്കാറുണ്ട്. എന്നുകരുതി എന്റെ മതം മാറുന്നില്ല. എല്ലാം ദൈവത്തിന്റെ അംശമാണെന്ന് വിശ്വസിക്കുന്ന ഒരാളാണ് ഞാൻ. ഈ സഭയിൽ സഗൗരവമായി പ്രതിജ്ഞയെടുക്കുന്നവർ നാളെ ദേവസ്വം ബോർഡിൽ അംഗമായി വന്നാൽ ദൈവനാമത്തിലാണ് പ്രതിജ്ഞയെടുക്കുന്നത്. അത് ആചാരാനുഷ്ഠാനങ്ങളുടെ ഭാഗമായിട്ടാണ്. അതിനെ തെറ്റായി ഞാൻ കാണുന്നില്ല. ആചാരാനുഷ്ഠാനങ്ങൾ ഒറ്റയടിക്ക് മാറ്റുന്നത് ശരിയായ പ്രവണതയല്ല. ഇവിടെ ശബരിമലയിലെ സ്ത്രീ പ്രവേശനത്തെക്കുറിച്ച് പറഞ്ഞു. ഞാൻ അത്രവലിയ എക്സ്പെർട്ടൊന്നുമല്ലെങ്കിലും പത്തുനാല്പത് വർഷമായി മുടങ്ങാതെ ശബരിമല ദർശനം നടത്തുന്ന ആളാണ്. ഈ വർഷം നാൽപ്പത്തിയൊന്നാമത്തെ വർഷമാണ്. ശബരിമല ഐതീഹ്യപ്രകാരം പറയുന്നത് പത്തുവയസ്സുവരെയുള്ള പെൺകുട്ടികൾക്കും അമ്പത് വയസ്സുകഴിഞ്ഞ സ്ത്രീകൾക്കും ശബരിമല ദർശനം നടത്താമെന്നാണ്. ഇവിടെ ബഹുമാനപ്പെട്ട കൊട്ടാരക്കര മെമ്പർ ചോദിച്ചൊരു കാര്യം, ബാക്കി സ്ഥലത്തൊക്കെയുള്ള അയ്യപ്പക്ഷേത്രങ്ങളിൽ എന്തുകൊണ്ടാണ് സ്ത്രീകളെ പ്രവേശിപ്പിക്കുന്നത് എന്നാണ്. ഓരോ ക്ഷേത്രങ്ങൾക്കും ഓരോ ആചാരങ്ങളുണ്ട്. ഗുരുവായൂർ ക്ഷേത്രത്തിൽ ഹിന്ദുമത വിശ്വാസികളെ മാത്രമേ പ്രവേശിപ്പിക്കൂ. അവിടെ തൊഴുന്ന ആചാരങ്ങൾക്കും വ്യത്യാസമുണ്ട്. ഷർട്ടോ ബനിയനോ ധരിച്ച് അമ്പലത്തിനകത്ത് പോകാൻ സാധ്യമല്ല. അതേസമയം മറ്റുപല ശ്രീകൃഷ്ണ ക്ഷേത്രങ്ങളിലും അങ്ങനെയുള്ള നിബന്ധനകളൊന്നുമില്ല. എല്ലാ മതക്കാർക്കും പോകാം. എല്ലാ ജാതി/മതവിഭാഗങ്ങളിൽപ്പെട്ടവർക്കും പ്രവേശനമുള്ള ക്ഷേത്രമാണ് ശബരിമല. മാത്രമല്ല, വിശ്വാസമനുസരിച്ച് താഴെയിരിക്കുന്ന വാവരു സ്വാമിയെ തൊഴുതതിനുശേഷമേ പതിനെട്ടാംപടി കയറാൻ പാടുള്ളൂ. ഇത്രയേറെ മതസൗഹാർദ്ദമുള്ള ഒരു ക്ഷേത്രമാണ് അത്. ഡോ. കെ. ടി. ജലീൽ അവിടെ ചെല്ലുകയും ക്ഷേത്രത്തിൽ സന്ദർശനം നടത്തുകയും ചെയ്തതിനെ ഞാൻ ആത്മാർത്ഥമായി അനുമോദിക്കുകയാണ്. അവിടെ തൊഴുതതുകൊണ്ട് അദ്ദേഹത്തിന്റെ മതവിശ്വാസങ്ങൾക്ക് ഒരു കോട്ടവും ഉണ്ടാവുകയില്ല. വാവരുസ്വാമിയെ തൊഴുത് ശബരിമല ദർശനം നടത്തുന്ന എന്നെപ്പോലെയുള്ള എത്രയോ ഭക്തരുണ്ട്. ചില ആളുകൾ ഇപ്പോൾ അയ്യപ്പനെയൊക്കെ ഹോൾസെയിലായി എടുക്കാൻ നോക്കുകയാണ്. അവർക്കൊന്നും അയ്യപ്പചരിതമറിഞ്ഞുകൂടാ, ഹിന്ദുമതവിശ്വാസവുമില്ല. ഇലക്ഷനിൽ വോട്ട് കിട്ടാൻ വേണ്ടി ചെയ്യുന്ന ചില കോപ്രായങ്ങൾ മാത്രമാണ്. അങ്ങനെയുള്ള ആളുകൾ എന്തുപറഞ്ഞാലും അവിടെ ദർശനം നടത്തിയതിന് അദ്ദേഹത്തെ ആത്മാർത്ഥമായി

അനുമോദിക്കാൻകൂടി ഞാൻ ഈ സന്ദർഭം വിനിയോഗിക്കുകയാണ്. ഞാൻ പറഞ്ഞുവന്നത്, ശബരിമലയെ സംബന്ധിച്ച് ഒരു ജാതിയിൽപ്പെട്ടവർക്കും ഒരു മതത്തിൽപ്പെട്ടവർക്കും യാതൊരു വിലക്കുമില്ല. പിന്നെ ആകെയുള്ളത് 10 വയസ്സുമുതൽ 50 വയസ്സുവരെയുള്ള സ്ത്രീകൾക്ക് പ്രവേശനമില്ലെന്നതാണ്. അതിന്റെ കാരണം പറയുന്നത് സാധാരണ ഈ പ്രായത്തിലുള്ളവരെ ബ്രഹ്മചാരികൾ കാണില്ലെന്നതാണ് വിശ്വാസം. അത് വിശ്വാസമാണ്. ശരിയാകാം, തെറ്റാകാം. കാരണം നമ്മളാരും അയ്യപ്പനെ കണ്ടിട്ടുള്ളവരല്ല. വിശ്വാസമല്ലേ എല്ലാം, എന്നു പറയുന്നതുപോലെ ഇത് വിശ്വാസത്തിന്റെ ഭാഗമാണ്. മാത്രവുമല്ല, ശബരിമല അയ്യപ്പൻ ബ്രഹ്മചാരിയാണ്, അതാണ് മുഖ്യപ്രതിഷ്ഠ. മറ്റ് സ്ഥലങ്ങളിലുള്ള അയ്യപ്പ ക്ഷേത്രങ്ങളിൽ അയ്യപ്പന്റെ ചൈതന്യം മാത്രമേയുള്ളൂ. അയ്യപ്പൻ പന്തളം കൊട്ടാരത്തിൽ നിന്ന് നേരെപോയത് ശബരിമലയിലേയ്ക്കാണ്. അതാണ് മുഖ്യ പ്രതിഷ്ഠ. അതുകൊണ്ടാണ് അയ്യപ്പനെ ബ്രഹ്മചാരിയായി കണക്കാക്കുന്നത്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ഏതെങ്കിലും വർഷം കന്നി അയ്യപ്പന്മാർ വന്നില്ലെങ്കിൽ മാളികപ്പുറത്തമ്മയെ അയ്യപ്പൻ കല്ല്യാണം കഴിക്കുമെന്നാണ് പുരാണങ്ങളിൽപ്പറയുന്നത്. ഇപ്പോൾ ഇവിടത്തെ ചർച്ചയനുസരിച്ചാണെങ്കിൽ അയ്യപ്പന് മാളികപ്പുറത്തിനെ കല്ല്യാണം കഴിക്കേണ്ട സ്ഥിതിവിശേഷമുണ്ടാകും. ദയവായി ഈ മന്ത്രിയുടെ കാലത്ത് അത് നടത്തരുതെന്നാണ് എനിക്ക് അദ്ദേഹത്തോട് അഭ്യർത്ഥിക്കാനുള്ളത്. അതുകൊണ്ട് ആചാരാനുഷ്ഠാനങ്ങളിൽ തല്ക്കാലം തലയിടാതിരിക്കുകയാണ് ഇന്നത്തെ സാഹചര്യത്തിൽ നല്ലത്. ഇതൊക്കെ മുതലെടുക്കുന്ന ചില ശക്തികൾ നമ്മുടെ സമൂഹത്തിലുണ്ട്. ശബരിമലയിൽ മാത്രമല്ല, ബഹുമാനപ്പെട്ട ഇ.പി. ജയരാജനറിയാം, ശ്രീ. ജെയിംസ് മാത്യുവിന്റെ നിയോജക മണ്ഡലമായ തളിപ്പറമ്പിലെ രാജരാജേശ്വര ക്ഷേത്രത്തിൽ വൈകിട്ട് ഏഴ് മണിമുതൽ ഒമ്പത് മണിവരെ മാത്രമേ സ്ത്രീകൾക്ക് പ്രവേശനമുള്ളൂ. അതിന്റെ ഐതീഹ്യമെന്താണെന്ന് എനിക്കറിയില്ല. ഏഴ് മണിവരെ പുരുഷന്മാരെ മാത്രമേ അവിടെ പ്രവേശിപ്പിക്കുകയുള്ളൂ. ആറ്റുകാൽ പൊങ്കാല സ്ത്രീകൾ മാത്രമേ ഇടാൻ പാടുള്ളൂ. പുരുഷന്മാർക്ക് അവിടെ ചെല്ലാനോ തൊഴാനോ തടസ്സമൊന്നുമില്ല. കഴിഞ്ഞ അഞ്ചുവർഷവും ആറ്റുകാൽ പൊങ്കാല ദിവസം ഞാനും ശ്രീ. വി. എസ്. ശിവകുമാറും ആറ്റുകാൽ പ്രദേശം ഉൾപ്പെട്ട നേമം എം.എൽ.എ. ആയിരുന്ന ശ്രീ. വി. ശിവൻകുട്ടിയും ആറ്റുകാലിൽ ചെന്നിട്ടുണ്ട്. പക്ഷേ സ്ത്രീകൾക്കുമാത്രമേ പൊങ്കാലയിടാൻ സാധിക്കൂ. ആ വിശ്വാസങ്ങൾക്കൊക്കെ മാറ്റംവരുത്തിയാൽ ആവശ്യമില്ലാത്ത സംഘർഷങ്ങൾക്കും കലാപങ്ങൾക്കും ഇടവരും. അതിന് കാത്തിരിക്കുന്ന ശക്തികൾ ഇവിടെയുണ്ട്. ഇവിടെ ആ സംഘടിത ശക്തിയുടെ, സംഘടിത ശക്തിയല്ല; ഒരു കൂട്ടമാളുകൾ, അവരിൽ ഒരാൾ ഇവിടെ കയറിവന്നു

എന്നുവിചാരിച്ചിട്ട് കൂടുതൽ ആൾക്കാർ വരാതിരിക്കാൻ നമ്മളെല്ലാവരും ശ്രദ്ധിക്കേണ്ടതാണ്. ഒരാൾ കയറി വന്നത് അതുകൊണ്ടൊന്നുമല്ല. അതിനെക്കുറിച്ച് നമ്മളൊക്കെ ഡിബേറ്റ് നടത്താറുണ്ടെങ്കിലും തെരഞ്ഞെടുപ്പിൽ ഒരാൾ സ്ഥിരമായി തോൽക്കുമ്പോൾ ജനങ്ങൾക്ക് സ്വാഭാവികമായും ഒരു സിമ്പതി തോന്നും. അങ്ങനെയൊരു സിമ്പതിയുടെ പേരിൽ ഒരാൾ വന്നുവെന്ന് വിചാരിച്ചിട്ട്, ഇതുവരെയുള്ള സഭയിലെ ഒരു സിസ്റ്റമുണ്ടല്ലോ, യു.ഡി.എഫ്.-ഉം എൽ.ഡി.എഫ്.-ഉം അതിന് വലിയ മാറ്റംവരുമെന്ന വിശ്വാസമൊന്നും എനിക്കില്ല. അതൊരു പ്രത്യേക കേസ്സായി കണക്കാക്കിയാൽ മതി. എന്നാലും ഒന്നുകൂടി ശ്രദ്ധിച്ചിരുന്നെങ്കിൽ അത് ഒഴിവാക്കാമായിരുന്നു. ദൗർഭാഗ്യവശാൽ ശ്രീ. വി. ശിവൻകുട്ടിക്ക് അന്ന് പറ്റിയ ചില അബദ്ധങ്ങളുടെ ഫലമായിട്ടാണ് ഇത് സംഭവിച്ചത്. അത് മുതലെടുക്കാൻ ഞങ്ങൾക്ക് കഴിഞ്ഞില്ല.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ശ്രീ. വി. ശിവൻകുട്ടിക്ക് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കിട്ടിയതിനേക്കാൾ 10000 വോട്ട് കൂടുതലുണ്ട്. നിങ്ങൾക്ക് 33000 കിട്ടിയ സ്ഥാനത്ത് 10000 വോട്ടായി കുറയുകയാണ് ചെയ്തത്. കെട്ടിവച്ച കാശും പോയി.

ശ്രീ. കെ. മുരളീധരൻ: സർ, ഞാനും ശ്രീ. എൻ. എ. നെല്ലിക്കുന്നും ശ്രീ. പി. ബി. അബ്ദുൽ റസ്സാക്കും ശ്രീ. ഷാഫി പറമ്പിലുമടക്കം അവരെ തോല്പിച്ചിട്ടാണ് സഭയിൽ വന്നത്. നിങ്ങളുടെ കൂട്ടത്തിൽ ശ്രീ. കടകംപള്ളി സുരേന്ദ്രനുണ്ട്. ഞങ്ങൾ അഞ്ചുപേരാണ് ആ ശക്തികളെ തോൽപ്പിച്ചത്. ശ്രീ. വി. ശിവൻകുട്ടിക്ക് ഞങ്ങളുടെ കുറേ വോട്ടുകളും കിട്ടിയിട്ടുണ്ട്. അതിലൊരു കുഴപ്പവും ഞങ്ങൾ കാണുന്നില്ല. പക്ഷേ ആ വിജയം നമുക്ക് ഒഴിവാക്കാമായിരുന്നുവെന്ന് മാത്രം. ഏതായാലും സംഭവിച്ചതു സംഭവിച്ചു. കൂടുതൽ ആൾക്കാർ ഇനി ഇങ്ങോട്ടുവരാതിരിക്കാനും അടുത്തതവണ ഈ കുറവുകൂടി പരിഹരിക്കാനും സൂക്ഷിച്ചുനീങ്ങണമെന്നാണ് പറയാനുള്ളത്. അതുകൊണ്ടാണ് ഞാൻ പറയുന്നത്, ക്ഷേത്രാചാരങ്ങളിലൊക്കെ മാറ്റങ്ങൾ വരുത്തുമ്പോൾ വളരെ ശ്രദ്ധിക്കണമെന്ന്. ഇവിടെ വിഷം വമിക്കുന്ന ചില ശക്തികൾ പുറത്ത് കാത്തിരിക്കുന്നുണ്ട്. അതിനെ ശക്തമായി ചെറുത്തുനിൽക്കാൻ നമുക്ക് കഴിയണം. ഏതായാലും ഈ കാര്യങ്ങളിൽ കൂടുതൽ വിവാദമുണ്ടാക്കാതെ ഈ സ്റ്റാറ്റ്യൂട്ടറി സംവിധാനത്തിന് കോട്ടംതട്ടാതെ കാത്തുസൂക്ഷിക്കണം. എന്റെ വിലയേറിയ അഭിപ്രായമാണത്. നിലവിലുള്ള ഈ ഭേദഗതി ഒഴിവാക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. ആചാരാനുഷ്ഠാനങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തണമെങ്കിൽ അത് വളരെ ശ്രദ്ധിച്ച് കൈകാര്യം ചെയ്യേണ്ടതാണ്. മികച്ച ഗായകനായ ശ്രീ. കെ. ജെ. യേശുദാസ്, അദ്ദേഹം കറകളഞ്ഞ ഗുരുവായൂരപ്പ ഭക്തനാണ്. അത് അങ്ങേയ്ക്കുമറിയാം. അദ്ദേഹത്തിന്റെ പാട്ട് തന്നെയുണ്ട്,

"ഗുരുവായൂരമ്പലനടയിൽ

ഒരു ദിവസം ഞാൻ പോകും

ഗോപുരവാതിൽ തുറക്കും- ഞാൻ

ഗോപകുമാരനെ കാണും

ഓമൽചൊടി ഞാൻ ചുംബിക്കും

ഓടക്കുഴൽ ഞാൻ ചോദിക്കും"

അദ്ദേഹത്തിന് പോലും അവിടെ കയറാൻ കഴിഞ്ഞില്ല. അത് ആചാരത്തിന്റെ ഭാഗമാണ്. അത് ശരിയാണോ എന്ന് ചോദിച്ചാൽ ശരിയാണെന്നുള്ള അഭിപ്രായം എനിക്കില്ല. ഇതൊക്കെ വളരെ ശ്രദ്ധിച്ച് കൈകാര്യം ചെയ്യണം. ഇതിന്റെ പേരിൽ ഒരു സംഘർഷം നാട്ടിലുണ്ടാകരുത്. അതുകൊണ്ട് ഈ ബില്ലിനെ ഞാൻ എതിർക്കുന്നു. ആചാരാനുഷ്ഠാനങ്ങളിൽ ശ്രദ്ധിച്ചുനീങ്ങണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിച്ചുകൊണ്ട് എന്റെ ഭേദഗതി അവതരിപ്പിക്കുന്നു:

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഞാൻ അവതരിപ്പിച്ച ഈ ബില്ലിനെ സംബന്ധിച്ച് വളരെ വിശദമായ ചർച്ചയാണ് ഇവിടെ നടന്നത്. അതിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. നിലവാരമുള്ള ചർച്ച തന്നെയാണ് ഈ ബില്ലുമായി ബന്ധപ്പെട്ട് ഇവിടെ നടന്നത്. ശ്രീ. അടൂർ പ്രകാശ് സംസാരിച്ചപ്പോൾ ഇത് രാഷ്ട്രീയപ്രേരിതമാണെന്ന് പറയുകയുണ്ടായി. ഇതിൽ യാതൊരു രാഷ്ട്രീയവുമില്ല. ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ചതുപോലെ 2007-ൽ അന്നത്തെ എൽ.ഡി.എഫ്. ഗവൺമെന്റിലെ ദേവസ്വം വകുപ്പിന്റെ ചുമതലയുണ്ടായിരുന്ന ശ്രീ. ജി. സുധാകരൻ മുൻകയ്യെടുത്ത് നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിടുന്നതിന് തീരുമാനമെടുത്തിരുന്നു. പൊതുവെ കേരളീയ സമൂഹം സ്വാഗതംചെയ്ത ഒരു തീരുമാനമായിരുന്നു അത്. മിനിസ്റ്റീരിയലായിട്ടുള്ള നിയമനങ്ങൾ മാത്രമാണ് അന്നും പി.എസ്.സി.-ക്ക് വിട്ടത്. അതിനകത്ത് അഭിപ്രായവ്യത്യാസമോ സംശയമോ ഉണ്ടാകേണ്ടതില്ല. താന്ത്രിക വിധിപ്രകാരം സെലക്ട് ചെയ്യേണ്ടതായ ചില നിയമനങ്ങളുണ്ട്, അത്തരം നിയമനങ്ങൾ ഒരു കാരണവശാലും പി.എസ്.സി.-ക്ക് വിടുന്നതിന് അന്നും തീരുമാനിച്ചിരുന്നില്ല. ഏതാണ്ട് 60 ശതമാനത്തോളംവരുന്ന മിനിസ്റ്റീരിയൽ നിയമനങ്ങളാണ് അന്ന് പി.എസ്.സി.-ക്ക് വിട്ടത്. അല്ലാതെ പൂജാരി, തളി, കഴകം അങ്ങനെയുള്ള നിയമനങ്ങളൊന്നും അന്ന് പി.എസ്.സി.-ക്ക് വിട്ടിരുന്നില്ല. അതിനെത്തുടർന്ന് അഞ്ച് ദേവസ്വങ്ങളിലും സ്പെഷ്യൽ റൂൾസുണ്ടാക്കേണ്ടിയിരുന്നു. സ്പെഷ്യൽ റൂൾസുണ്ടാക്കുന്ന കാര്യത്തിൽ ഈ അഞ്ച് ദേവസ്വങ്ങളും വേണ്ടത്ര താല്പര്യം കാണിച്ചില്ല. ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ അംഗമായിരുന്ന തിരുവിതാംകൂർ ദേവസ്വം ബോർഡ് മാത്രമാണ്

സ്പെഷ്യൽ റൂൾസുണ്ടാക്കുന്നതിന് പരിശ്രമം നടത്തിയത്. പി.എസ്.സി.-യുമായി ബന്ധപ്പെട്ട് സ്പെഷ്യൽ റൂൾസുണ്ടാക്കുക എന്നത് അത്ര ലളിതമല്ല. ദീർഘനാൾ നിരന്തരമായ ഇടപെടലുണ്ടാകേണ്ട കാര്യമാണ്. നിരവധി പ്രാവശ്യം പി.എസ്.സി.-യുമായും ജീവനക്കാരുടെ പ്രതിനിധികളുമായും ചർച്ച നടത്തണം. അങ്ങനെയുള്ള വലിയ പ്രോസസ്സ് പൂർത്തീകരിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡും പി.എസ്.സി.-യും സ്പെഷ്യൽ റൂൾസ് അംഗീകരിച്ചു. അത് അസാധാരണ ഗസറ്റായി വരേണ്ട കാര്യം മാത്രമേ ഉണ്ടായിരുന്നുള്ളൂ. അപ്പോഴാണ് ഭരണമാറ്റമുണ്ടായത്. സ്വാഭാവികമായും പിന്നീട് വന്ന ഗവൺമെന്റ് പൊതുസമൂഹത്തിന്റെ താല്പര്യമനുസരിച്ച് പ്രവർത്തിക്കാൻ കൂട്ടാക്കിയില്ലെന്നുള്ളതാണ് പ്രധാന പ്രശ്നം. അവർ ചെയ്തത്, അസാധാരണ ഗസറ്റായി വിജ്ഞാപനം പുറപ്പെടുവിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡിലും മറ്റ് നാല് ദേവസ്വങ്ങളിലും ഈ സ്പെഷ്യൽ റൂൾസുണ്ടാക്കാൻ ശ്രമിക്കുന്നതിനുപകരം ഇത് തണുപ്പിച്ച് വയ്ക്കുകയാണുണ്ടായത്, അവർ കോൾഡ് സ്റ്റോറേജിലേയ്ക്ക് മാറ്റി. അതാണ് സംഭവിച്ചത്. സംസ്ഥാനത്തിന്റെ പൊതുതാല്പര്യത്തിന് വിരുദ്ധമായ നിലപാട് അവർ സ്വീകരിച്ചു. അത് കുറേക്കാലം അങ്ങനെ വച്ചു. പത്തുവർഷമായി നിയമനം നടന്നിട്ടെന്ന് ശ്രീ. എം. ഉമ്മർ പറയുന്നത് ശരിയാണ്. പത്തുവർഷമായി നിയമനം നടക്കാത്തതിന്റെ ഉത്തരവാദിത്വം മറ്റാർക്കുമല്ല, ഈ തീരുമാനം ശരിയായ രൂപത്തിലെടുക്കാൻ തയ്യാറാകാതിരുന്ന കൂട്ടർക്കുതന്നെയാണ്. അതിന്റെ ഭാഗമായാണ് ഈ കുഴപ്പങ്ങളെല്ലാം ഉണ്ടായിട്ടുള്ളത്. നിയമനങ്ങൾ നടക്കുന്നതിൽ കാലതാമസമുണ്ടായിരുന്നുവെന്നാണ് അദ്ദേഹം പറഞ്ഞത്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, 2007-ൽ ഈ നിയമം വന്നതിനുശേഷം ഒരു നിയമനവും നടന്നില്ലല്ലോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, സ്പെഷ്യൽ റൂൾസുണ്ടാക്കലും മറ്റുമൊക്കെ ഒരാഴ്ചകൊണ്ടോ ഒരു മാസംകൊണ്ടോ ചെയ്യാൻ കഴിയുന്ന കാര്യമല്ല. പി.എസ്.സി. സ്പെഷ്യൽ റൂൾസുണ്ടാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പരിശോധിച്ചാലേ അത് മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. അത് രണ്ടുമൂന്ന് വർഷമെടുക്കുന്ന ഏർപ്പാടാണ്. ഈ ഗവൺമെന്റ് അതിന്റെ അടിസ്ഥാനപരമായ നിലപാടിൽനിന്ന് പുറകോട്ട് പോയിട്ടില്ല. നേരത്തെ ഞാൻ ഇവിടെ സംസാരിച്ച കാര്യം, ഇവിടെ പരാമർശിക്കുകയുണ്ടായി. മിനിസ്റ്റീരിയൽ സ്റ്റാഫിൽപ്പെട്ട ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ ചുമതലപ്പെടുത്തുന്നതുവരെ ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിന് നിലവിൽ ബോർഡിനെ ചുമതലപ്പെടുത്താൻ സർക്കാർ തീരുമാനിച്ചതുകൊണ്ടാണ് 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്ട് അനുയോജ്യമായി ഭേദഗതി ചെയ്യാൻ സർക്കാർ തീരുമാനിച്ചത്. അല്ലാതെ രാഷ്ട്രീയപ്രേരിതമായിട്ടല്ല.

ശ്രീ. വി. എസ്. ശിവകുമാർ: സർ, അങ്ങ് പറയുന്നത്, പി.എസ്.സി.-ക്ക് വിടുന്നതുവരെ ഈ റിക്രൂട്ട്മെന്റ് ബോർഡിന്റെ നടപടികൾ തുടരും. അത് കഴിഞ്ഞ് പി.എസ്.സി.-ക്ക് വിടുമെന്നാണോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഞാൻ വ്യക്തമാക്കിയല്ലോ. പി.എസ്.സി.- ക്ക് വിടുന്നത് ദേവസ്വം ബോർഡുകളിലെ എല്ലാ നിയമനങ്ങളുമല്ല. ബോർഡ് നിലനിൽക്കേണ്ടതായിട്ടുണ്ട്. കാരണം, താന്ത്രികവിധി പ്രകാരമുള്ള മറ്റ് നിയമനങ്ങൾ, ഞാൻ നേരത്തെ പറഞ്ഞ ശാന്തി, കഴകം തുടങ്ങിയ നിയമനങ്ങൾ പി.എസ്.സി. വഴി നടത്താൻ കഴിയുന്നതല്ല.

ശ്രീ. വി. എസ്. ശിവകുമാർ: സർ, യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് വന്ന റിക്രൂട്ട്മെന്റ് ബോർഡ് എന്നുപറയുന്നത്, മിനിസ്റ്റീരിയൽ സ്റ്റാഫും ക്ഷേത്രങ്ങളിലെ പരമ്പരാഗതമായ നിയമനങ്ങൾ ഒഴിച്ച് ബാക്കിയുള്ളതെല്ലാം; കഴകം, ശാന്തി, പൂകെട്ടുന്ന ആളുകൾ തുടങ്ങിയ ജീവനക്കാരെല്ലാം അതിനകത്ത് വരുന്നുണ്ട്. ചില ക്ഷേത്രങ്ങളിലെ പൂജാരിമാർ, പരമ്പരാഗതമായി പിതാവ് മരിച്ചാൽ പുത്രൻ വരുന്ന സാഹചര്യമൊഴിച്ച് ബാക്കിയുള്ള മുഴുവൻ നിയമനങ്ങളും റിക്രൂട്ട്മെന്റ് ബോർഡിന്റെ കീഴിൽ വരികയാണ്. പക്ഷേ അങ്ങ് പറയുന്നത്, ഇപ്പോൾ മിനിസ്റ്റീരിയൽ സ്റ്റാഫ് ഒഴിച്ചുള്ളത് റിക്രൂട്ട്മെന്റ് ബോർഡിനുകീഴിൽ കൊണ്ടുവരുമെന്നാണ്. അതിനെക്കുറിച്ച് വ്യക്തമാക്കണം.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, അങ്ങേയ്ക്ക് വ്യക്തമാകാതിരിക്കേണ്ട ഒരു കാര്യവുമില്ല. നിയമനങ്ങളിൽ ഒരു ഭാഗം, മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിടുന്നതുവരെ അല്ലെങ്കിൽ അവരത് ഏറ്റെടുക്കുന്നതു വരെ എല്ലാ നിയമനങ്ങളും നിശ്ചയമായും റിക്രൂട്ട്മെന്റ് ബോർഡ് തന്നെ നിർവ്വഹിക്കും.

ശ്രീ. വി. എസ്. ശിവകുമാർ : സർ, റിക്രൂട്ട്മെന്റ് ബോർഡ് താൽക്കാലികമാണോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, റിക്രൂട്ട്മെന്റ് ബോർഡ് താൽക്കാലികമല്ല. റിക്രൂട്ട്മെന്റ് ബോർഡ് തുടരും; എന്തുകൊണ്ടാണ് തുടരുന്നത്? താന്ത്രികവിധി പ്രകാരമുള്ള നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിടാൻ നമുക്ക് സാധിക്കില്ല. അതിന് ഈ ബോർഡ് വേണ്ടിവരും. അതിനാണ് ചെറിയ ബോർഡെന്ന കൺസെപ്റ്റിലേയ്ക്ക് ഞങ്ങൾ വന്നത്. വലിയ ബോർഡിന്റെ ആവശ്യമില്ല. പത്തു വർഷമായി നിയമനങ്ങൾ നടക്കുന്നില്ലെന്ന് പറഞ്ഞു. ഞങ്ങൾ പരിശോധിച്ചപ്പോൾ 1500-ഓളം വേക്കൻസികളിലെ നിയമനങ്ങളാണ് അഞ്ച് ദേവസ്വങ്ങളിലുമായി നടത്തേണ്ടതെന്ന് മനസ്സിലായി.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u> : സർ, ക്ഷേത്രങ്ങളിൽ താന്ത്രികവിധിപ്രകാരം നിയമനങ്ങൾ നടത്തുന്നതിനോട് ഞങ്ങൾക്കാർക്കും വിയോജിപ്പില്ല. ദേവസ്വം ബോർഡിന്റെ മറ്റ് സ്ഥാപനങ്ങളിൽ ഇതുവരെ ഒരു പട്ടികജാതിക്കാരന് കടന്നു കയറാൻ കഴിഞ്ഞിട്ടില്ല. ദേവസ്വം ബോർഡിന് കോളേജുകളുണ്ട്, മറ്റ് സ്ഥാപനങ്ങളുണ്ട്. ദേവസ്വം ബോർഡിന്റെ ആസ്ഥാനമടക്കമുള്ള സ്ഥാപനങ്ങളിൽ ഇനിയെങ്കിലും പട്ടികജാതിക്കാർക്ക് ജോലി ലഭിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, അതൊരു പ്രത്യേക വിഷയമാണ്. ദേവസ്വം ബോർഡിൽത്തന്നെ പട്ടികജാതിക്കാർ വന്ന് തുടങ്ങിയിട്ട് കുറച്ച് കാലമേ ആയിട്ടുള്ളൂ. ഈ ഗവൺമെന്റ്, ആദ്യമായി ഒരു പട്ടികജാതിക്കാരനെ കേരളത്തിലെ പ്രധാനപ്പെട്ട ദേവസ്വം ബോർഡിന്റെ പ്രസിഡന്റാക്കാൻ പോവുകയാണ്. ഇന്ത്യൻ പ്രസിഡന്റിനെയൊക്കെ നിങ്ങൾ നിയമിച്ചിട്ടുണ്ട്, അക്കാര്യത്തിൽ തർക്കമൊന്നുമില്ല. പക്ഷേ, ദേവസ്വം ബോർഡിന്റെ പ്രസിഡന്റാക്കിയില്ലല്ലോ. ഇടതുപക്ഷത്തിന്റെ സഹായം അന്നും അതിനുണ്ടായിരുന്നു. ഇടതുപക്ഷം ചെറുതാണ് ഞങ്ങൾ സമ്മതിച്ചു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ, അത്ര നിസ്സാരമായി അതിനെ കാണണ്ട. കേരളത്തിന്റെ സാമൂഹിക അന്തരീക്ഷത്തിൽ ഒരു പട്ടികജാതിക്കാരനെ സംസ്ഥാനത്തെ ഒരു പ്രധാനപ്പെട്ട ദേവസ്വം ബോർഡിന്റെ അദ്ധ്യക്ഷസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്നത് വിപ്ലവകരമായ കാര്യം തന്നെയാണ്, യാതൊരു സംശയവുമില്ല.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനൊക്കെ അവിടെനിന്ന് പരിഹാസത്തോടെ അക്കാര്യത്തെക്കുറിച്ച് പ്രതികരിക്കുന്നത് കേട്ടു. അങ്ങേയ്ക്കുള്ള മറുപടി, കുറച്ചുമുമ്പ് സംസാരിച്ച ശ്രീ. കെ. മുരളീധരന്റെ പ്രസംഗമാണ്. പി.എസ്.സി. വഴിയുള്ള റിക്രൂട്ട്മെന്റ് മതേതരമായി നടക്കുന്ന ഒന്നായതുകൊണ്ട് ഞങ്ങൾ പ്രത്യേകമായ ഒരു സംവിധാനമുണ്ടാക്കിയെന്ന് പറഞ്ഞല്ലോ.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ</u>): സർ, ദേവസ്വം ബോർഡിലെ നിയമനം മതേതരമായി നടത്താൻ പറ്റില്ല. ഹിന്ദുക്കളെ മാത്രമേ എടുക്കാൻ പറ്റൂ. പി.എസ്.സി. വഴി എടുക്കാം. അത് കോടതി upheld ചെയ്തു. പി.എസ്.സി. നയപരമായി വേണ്ടെന്നുവച്ചു. പി.എസ്.സി.-ക്ക് അധികാരമുണ്ട്, കോടതിയൊക്കെ അംഗീകരിച്ചു. എൻ.എസ്.എസ്. ജനറൽ സെക്രട്ടറിയുടെ കേസ് സുപ്രീം കോടതി അംഗീകരിച്ചു. നയപരമായി അവർ അത് മാറ്റി, അതാണ് വസ്തുത. ദേവസ്വം ബോർഡിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാരനെയോ അല്ലെങ്കിൽ ഒന്നിലേറെ ആളുകളേയോ സ്ത്രീകളേയോ എടുത്തത് അന്ന് നിയമം ഭേദഗതി ചെയ്തുകൊണ്ടാണ്. അതുകൊണ്ടാണ് പ്രസിഡന്റായി ഇപ്പോൾ എടുക്കാൻ പറ്റുന്നത്. ആ ചരിത്രപരമായ തീരുമാനം കേരളത്തിലാണ് ഉണ്ടായത്. പക്ഷേ, ആന്ധ്രാപ്രദേശിൽ കോൺഗ്രസ് നമ്മളെക്കാൾ മുമ്പേ ചെയ്തിരുന്നു. ഞാൻ അത് പഠിച്ചിരുന്നു. നിങ്ങളിൽ പലരും എതിർത്തിരുന്നു. എന്തിനാണ് എതിർത്തത്? എതിർക്കേണ്ട കാര്യമില്ല. അന്നത്തെ ചർച്ചയിൽ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എതിർത്തുവെന്നല്ല പറഞ്ഞത്. എതിർത്തവർ ഇവിടെയുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കേരളത്തിൽ ദേവസ്വം ബോർഡിന്റെ മന്ത്രിയായി പട്ടികജാതിക്കാരെ വച്ചത് യു.ഡി.എഫ്. ആണെന്ന കാര്യം മറക്കരുത്. അഞ്ച് ദേവസ്വം ബോർഡുകളുടെ നിയന്ത്രണമുണ്ട്. അതൊക്കെ നമ്മൾ ചെയ്തിട്ടുള്ള കാര്യമാണ്, നമ്മൾ ചെയ്യേണ്ട കാര്യങ്ങളാണ്. അങ്ങ് ചെയ്തതിനെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. അത് നല്ല കാര്യമാണ്.

ശ്രീ. എസ്. ശർമ്മ : സർ, 1980-ൽ സഖാവ് എം. കെ. കൃഷ്ണൻ ദേവസ്വം വകുപ്പുമന്ത്രിയായിട്ടുണ്ട്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഞാൻ അത് പറയാൻ കാരണം മറ്റൊന്നുമല്ല, പരിണിതപ്രജ്ഞരായ സാമാജികർ പരിഹാസത്തോടുകൂടിയാണ് എന്റെ ആ സ്റ്റേറ്റ്മെന്റിനെ കണ്ടത്. അത്തരത്തിൽ ആ സ്റ്റേറ്റ്മെന്റിനെ കാണാൻ പാടില്ല. അത് വലിയ ഒരു കാര്യമാണെന്നാണ് ഞാൻ പറഞ്ഞത്. ദേവസ്വം ബോർഡിലെ അംഗസംഖ്യയെ സംബന്ധിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അംഗസംഖ്യ ആറിൽ നിന്ന് മൂന്നാക്കുന്നതാണ് നല്ലത്. ആറംഗങ്ങളുടെ ആവശ്യമില്ല. പത്തുവർഷക്കാലയളവിലുണ്ടായ ഒഴിവുകളിൽ നിയമിക്കേണ്ട ആളുകളുടെ എണ്ണം 1500 ആണ്. ഈ ബോർഡിന്റെ പ്രധാന ജോലി 1500 പേരെ നിയമിക്കുകയെന്നതാണ്. അതുകഴിഞ്ഞാൽ കാര്യമായ നിയമനങ്ങളൊന്നും വരാൻ സാധ്യതയില്ല, വല്ലപ്പോഴും വന്നുചേരുന്ന കുറച്ച് നിയമനങ്ങൾ മാത്രമേയുള്ളൂ. പുതുതായി ധാരാളം പോസ്റ്റുകളൊന്നും ഉണ്ടാകുന്നില്ല. ഒരു ചെറിയ ബോഡിക്ക് ചെയ്യാൻ കഴിയുന്ന കാര്യമാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എല്ലാ വിഭാഗക്കാരെയും ഉൾക്കൊള്ളിക്കാൻ വേണ്ടിയാണ് അങ്ങനെ ചെയ്തത്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, എന്നിട്ട് എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളിച്ചില്ലല്ലോ. ബഹുമാനപ്പെട്ട ഡോ. എൻ. ജയരാജ് പറയുകയുണ്ടായി, ആറുപേരെ നിയമിച്ചപ്പോഴും ഈശ്വരനെ നിർമ്മിക്കുന്ന, ചൈതന്യത്തെ രൂപപ്പെടുത്തുന്ന വിശ്വകർമ്മജരെ നിയമിക്കാൻ പറ്റിയില്ലല്ലോയെന്ന്. എല്ലാ വിഭാഗത്തെയും എങ്ങനെയാണ് നിയമിക്കുന്നത്. ആറുപേരെയല്ലേ നിയമിക്കാൻ പറ്റൂ. എല്ലാ വിഭാഗക്കാരെയും പറ്റില്ലെന്നുള്ളത് ഉറപ്പല്ലേ; നിങ്ങൾ എന്താണ് ചെയ്തത്? അതിൽ ഒരാൾക്കുമാത്രം യോഗ്യത പറഞ്ഞു. സെക്രട്ടറി റാങ്കിലുള്ള ഒരാളായിരിക്കണം ചെയർമാനെന്ന് നിങ്ങൾ പറഞ്ഞു. ബാക്കിയുള്ളവർക്ക് ഒരു യോഗ്യതയും പറഞ്ഞില്ല, ആരെ വേണമെങ്കിലും നിയമിക്കാം. ചെയർമാന്റെ കാര്യം മാത്രം പറഞ്ഞാൽ മതിയോ അംഗങ്ങളെ ആരെ വേണമെങ്കിലും നിയമിക്കാമോ? ബാക്കി അംഗങ്ങളെ സംബന്ധിച്ച ഒരു യോഗ്യതയും പറയാൻ കഴിഞ്ഞില്ല. അംഗങ്ങൾ ആരുമാകാം. ഒരു പട്ടികജാതിക്കാരനും ഒരു വനിതയും എന്ന കാര്യം ഒഴിച്ചാൽ അംഗങ്ങൾക്കുള്ള യോഗ്യതയെക്കുറിച്ച് പറയാൻ അവർക്ക് കഴിഞ്ഞില്ല. ആറുപേരെ നിയമിച്ചു. ആറുപേരെ അവിടെ നിയമിച്ചിട്ട് ഒരു വർഷമായി. നമ്മുടേത് ചെറിയ സംസ്ഥാനമല്ലേ; ചെറിയ ഖജനാവല്ലേ. ഒരു മാസം

ആറുപേർക്ക് ശമ്പളയിനത്തിൽ മാത്രം ചെലവഴിക്കുന്ന തുക 5,29,335 രൂപയാണ്. കഴിഞ്ഞ ഒരു വർഷമായി 63,52,020 രൂപയാണ് ഈ ആറുപേരുംകൂടി ചെറിയ ഖജനാവിൽ നിന്ന് റിക്രൂട്ട്മെന്റ് ബോർഡ് എന്ന നിലയിൽ പറ്റിയിരിക്കുന്നത്. അവർ ഒരു ജോലിയും ചെയ്തില്ല. ഏറ്റവും അവസാനത്തെ കാര്യമാണ് പറഞ്ഞത്. ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് ഏതാനും ചില ആനപ്പാപ്പാന്മാരെ നിയമിക്കാൻ വേണ്ടിയുള്ള വിജ്ഞാപനം പുറപ്പെടുവിച്ചത്. അത്രമാത്രമേ അവർ ചെയ്തുള്ളൂ. അതിനാണ് നമ്മുടെ ഖജനാവിൽനിന്ന് 63,52,020 രൂപ ചെലവഴിക്കേണ്ടിവന്നത്. ഇതൊരു അന്യായമാണെന്ന് കണ്ടുകൊണ്ടാണ് ഒരു ചെറിയ ബോർഡ് മതിയെന്ന് പറഞ്ഞത്. ഇത്തരമൊരു വെള്ളാനയെ തീറ്റിപ്പോറ്റേണ്ട കാര്യം നമ്മുടെ ഈ ചെറിയ സംസ്ഥാനത്തിനില്ല. ആ ബോർഡിൽ, ജില്ലാ ജഡ്ജി/ജില്ലാ ജഡ്ജി സ്ഥാനത്തുനിന്ന് വിരമിച്ച ആൾ/ജില്ലാ ജഡ്ജിയാകാൻ യോഗ്യതയുള്ള ഒരാൾ- അത് മോശമാണോ; അതിൽ പരിഹസിക്കാൻ എന്താണുള്ളത്?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഏഴുവർഷത്തെ പ്രാക്ടീസുണ്ടെങ്കിൽ ജില്ലാ ജഡ്ജിയാകാം.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u> : സർ, ഏഴോ, പത്തോ, പതിനഞ്ചോ, ഇരുപതോ വർഷം പ്രാക്ടീസുള്ള ജില്ലാ ജഡ്ജി, അതിലും ഉയർന്ന സ്ഥാനം വഹിക്കാൻ യോഗ്യതയുള്ള ആളുകൾ ഇവരൊക്കെ മോശക്കാരാണെന്ന് പറയുന്ന സമീപനം ശരിയാണോ? സെക്രട്ടേറിയറ്റിലെ സെക്രട്ടറിക്കുള്ള യോഗ്യത ജില്ലാ ജഡ്ജിക്കും/ജില്ലാ ജഡ്ജിയായി വിരമിച്ചയാൾക്കും/ജില്ലാ ജഡ്ജിയാകാൻ യോഗ്യതയുള്ള ആൾക്കും ഇല്ലെന്ന് പറയുന്നത് മോശമല്ലേ; നമ്മുടെ ഈ സഭയ്ക്ക് ചേർന്ന നിലപാടാണോ അത്. അവരൊക്കെ ഇതിന് യോഗ്യതയുള്ള ആളുകൾ തന്നെയാണ്. അങ്ങനെ യോഗ്യതയുള്ള ആളെ തന്നെയാണ് ചെയർമാനായി ഈ ഗവൺമെന്റ് നിശ്ചയിക്കാൻ പോകുന്നത്. മറ്റംഗങ്ങളെ സംബന്ധിച്ചും പറഞ്ഞിട്ടുണ്ട്. രണ്ടംഗങ്ങളെ മാത്രമേ എടുക്കുന്നുള്ളൂ. ഒരാൾ വനിതയായിരിക്കണമെന്നും മറ്റൊരാൾ പട്ടികവർഗ്ഗത്തിലോ/ പട്ടിക ഗോത്രവർഗ്ഗത്തിലോ പെടുന്ന ആളാകണമെന്നും അവർക്ക് ഭരണപരമായ പരിചയം ഉണ്ടാകണമെന്നും പറയുന്നുണ്ട്. ഇപ്പോൾ 1500-ഓളം വരുന്ന നിയമനങ്ങൾ കഴിഞ്ഞാൽ പിന്നെ വല്ലപ്പോഴുമുണ്ടാകുന്ന ഏതാനും ചില നിയമനങ്ങൾ നടത്താൻ ഈ ചെറിയ ബോർഡിന്റെ ആവശ്യം മാത്രമേയുള്ളൂ.

ഇവിടെ അംഗങ്ങൾ സംസാരിച്ചപ്പോൾ വിവിധ പ്രശ്നങ്ങൾ ഉന്നയിക്കുകയുണ്ടായി. അതിനെ സംബന്ധിച്ച് എന്തെങ്കിലും പറയാതിരിക്കുന്നത് ശരിയല്ല. ആചാരാനുഷ്ഠാനങ്ങളെക്കുറിച്ചൊക്കെ പറഞ്ഞു. ആചാരാനുഷ്ഠാനങ്ങൾക്കെതിരായ ഒരു നിലപാടും ഈ ഗവൺമെന്റിനില്ല. ആചാരാനുഷ്ഠാനങ്ങൾ മാറ്റങ്ങൾക്ക് വിധേയമാണെന്നുള്ളത് നാം മനസ്സിലാക്കണം. 'ഒരു സർക്കാർ ഉത്തരവിലൂടെ' എന്നൊരു ചോദ്യം ഇവിടെ ചോദിച്ചു. ഏത് സർക്കാരാണെന്ന് ഞാൻ പറയുന്നില്ല. ഒരു സർക്കാർ ഉത്തരവിലൂടെയാണ് ക്ഷേത്രപ്രവേശനമുണ്ടായത്. അതൊരു വിളംബരമായിരുന്നു. എല്ലാ ക്ഷേത്രങ്ങളും തുറന്നുകൊടുക്കാനുള്ള ഒരു ഉത്തരവായിരുന്നു അത്. അങ്ങനെ സർക്കാർ ഉത്തരവിലൂടെ

മനുഷ്യർക്ക് ക്ഷേത്ര ആരാധനയ്ക്ക് സാധിച്ചിട്ടുണ്ട്. ഇവിടെ ഏതെല്ലാം തരത്തിലുള്ള ആചാരാനുഷ്ഠാനങ്ങളുണ്ടായിരുന്നു. കേരളത്തിലെ അമ്പലങ്ങളിൽ ഒരുകാലത്ത് നരബലി ഉണ്ടായിരുന്നു. നരബലി പറ്റാതെ വന്നപ്പോൾ അത് മൃഗബലി ആയി. മൃഗബലിയും നിരോധിക്കുന്ന ഘട്ടം വന്നപ്പോൾ കോഴിയെപ്പോലുള്ള പക്ഷികളെ കൊല്ലുന്ന ഏർപ്പാടുണ്ടായി. ഇപ്പോൾ ഒരു അമ്പലങ്ങളിലും കോഴിയെ കൊല്ലാൻ പോലും ആരും തയ്യാറാകുന്നില്ല. ആ നിലയിലുള്ള മാറ്റം സമൂഹത്തിൽ വന്നിട്ടുണ്ട്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ആചാരാനുഷ്ഠാനങ്ങളെല്ലാം മാറ്റങ്ങൾക്ക് വിധേയമാണ്. നമ്മുടെ ഓർമ്മയിൽ ഈ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. ശബരിമലയിലെ സ്ത്രീ പ്രവേശനത്തെ സംബന്ധിച്ച് ഈ ഗവൺമെന്റിനും ഈ ഗവൺമെന്റിനെ നയിക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കുമുള്ള വ്യക്തമായ കാഴ്ചപ്പാട് സുപ്രീം കോടതിയെ അറിയിച്ചിട്ടുണ്ട്. യു.ഡി.എഫ്.-ന് വേറെ കാഴ്ചപ്പാടായിരിക്കാം. അവരുടെ കാഴ്ചപ്പാടിനെ ചോദ്യം ചെയ്യാൻ ഞങ്ങൾ തയ്യാറാകുന്നില്ല. യു.ഡി.എഫ്.-ലെ എല്ലാവർക്കും ഒരേ കാഴ്ചപ്പാടാണോ ഉള്ളത്? സ്ത്രീ പ്രവേശനത്തിനുവേണ്ടി മഹിളാ കോൺഗ്രസ്സിന്റെ സംസ്ഥാന അദ്ധ്യക്ഷ ശ്രീമതി ബിന്ദു കൃഷ്ണയുടെ വാദഗതി ഇന്നലെ ഞാൻ കേട്ടതാണ്. അത് കോൺഗ്രസ്സിന്റെ നിലപാടാണോ; കോൺഗ്രസ്സിനകത്തു തന്നെ അഭിപ്രായവ്യത്യാസമില്ലേ? നമ്മുടെ രാജ്യം ഭരിക്കുന്ന പാർട്ടിയാണ് ബി.ജെ.പി., സ്ത്രീ പ്രവേശനത്തെ സംബന്ധിച്ച് അവരുടെ ഇടയിൽ ശക്തമായ ഡിവിഷനുണ്ട്. ആർ.എസ്.എസ്. എന്ന പ്രസ്ഥാനത്തിന്റെ അനിഷേധ്യനായ നേതാവ് സ്ത്രീ പ്രവേശനം വേണമെന്ന് വാദിക്കുകയാണ്. വലിയൊരു വിഭാഗം വാദിക്കുകയാണ്. വേറൊരു വിഭാഗമാണെങ്കിലോ സ്ത്രീ പ്രവേശനം അരുതെന്ന് പറയുന്നു.

ഇന്നലെ സുപ്രീം കോടതിയിൽ വ്യത്യസ്ത വാദമുഖങ്ങളുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയുടെ പരമോന്നത ന്യായാസനം ഒരു തീരുമാനമെടുക്കട്ടെ. നമുക്ക് ഓരോരുത്തർക്കും നമ്മുടേതായ അഭിപ്രായങ്ങൾ പറയാനുള്ള സ്വാതന്ത്ര്യമുണ്ട്. പ്രസ്ഥാനങ്ങൾക്ക് പ്രസ്ഥാനങ്ങളുടേതായ പൊതുവായ അഭിപ്രായം പറയാനുള്ള സ്വാതന്ത്ര്യമുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ന്യായാസനം എടുക്കുന്ന തീരുമാനം നമുക്കെല്ലാം ബാധകമാണ്. ആ തീരുമാനത്തിലേയ്ക്ക് നമുക്ക് പോകാം. അതിലൊന്നും നിർബന്ധബുദ്ധിയോ തർക്കമോ ഇല്ല. ഞങ്ങളുടെ നിലപാട് അറിയിച്ചിട്ടുണ്ട്. ആ നിലപാടിൽനിന്നും പുറകോട്ട് പോകുന്നില്ല എന്നതാണ്. അവിടെ ലിംഗ വിവേചനത്തിന്റെ പ്രശ്നമില്ല. ഒരുകാലത്ത് ശബരിമലയിൽ സ്ത്രീകൾക്ക് പ്രവേശനമുണ്ടായിരുന്നില്ല. കാരണം അന്ന് സ്ത്രീകൾക്ക് ശബരിമലയിൽ പോകാൻ കഴിയുമായിരുന്നില്ല. ഇന്നത്തെ ശബരിമല ആയിരുന്നില്ല അന്ന്. പുലി പിടിക്കാതെയും ആന കൊല്ലാതെയും തിരിച്ചുവന്നാൽ വന്നു എന്ന മട്ടിലായിരുന്നു എൺപത് വർഷങ്ങൾക്കുമുമ്പുള്ള ശബരിമല യാത്ര. കെട്ടുംകെട്ടി ശബരിമലയ്ക്ക് പോയാൽ മാസങ്ങൾക്കുശേഷം വന്നാൽ വന്നു. കാനനത്തിലൂടെയാണ് യാത്ര. കല്ലും മുള്ളും നിറഞ്ഞ പാതയാണ്. പുലിയും വന്യമൃഗങ്ങളുമുള്ള സങ്കേതമാണ്. അവിടെ പെൺകുട്ടികൾക്കോ സ്ത്രീകൾക്കോ പോകാൻ കഴിയുമായിരുന്നില്ല. അതുകൊണ്ട് അവർ പോയിരുന്നില്ല. പിന്നീട് കാനനപാതയെല്ലാം സഞ്ചാര

യോഗ്യമായതിനുശേഷമാണ് 10 വയസ്സിന് താഴെയും 50 വയസ്സിന് മുകളിലും പ്രായമുള്ള സ്ത്രീകൾ പോകാൻ തയ്യാറായത്. അതും കാലത്തിൽ വന്ന മാറ്റമാണ്. ആ മാറ്റത്തെ നമ്മൾ ഉൾക്കൊള്ളുകയാണ്. കേരളത്തിലെ ഏത് അമ്പലമാണ് സ്ത്രീകൾക്ക് നിഷിദ്ധമാകുന്നത്? ഇവിടെ ബഹുമാനപ്പെട്ട മുരളി പറഞ്ഞതുപോലെ ഏതെങ്കിലും അമ്പലത്തിൽ ഏതെങ്കിലും സമയത്ത് സ്ത്രീകൾക്ക് വിലക്കേർപ്പെടുത്തിയിട്ടുണ്ടോ എന്ന് എനിക്കറിയില്ല. അയ്യപ്പ ക്ഷേത്രങ്ങളിലെല്ലാം സ്ത്രീകൾ പോകുന്നുണ്ട്. അതിനൊന്നും സ്ത്രീകൾക്ക് വിലക്കില്ല. ജൈവപരമായിട്ടുള്ള സ്ത്രീയുടെ സവിശേഷതയുടെ അടിസ്ഥാനത്തിലാണ് പറയുന്നതെങ്കിൽ ആ സന്ദർഭങ്ങളിൽ ഒരു ആരാധനാലയത്തിന്റെയും പരിസരത്തുകൂടി പോകാൻ കേരളത്തിലെ ഒരു സ്ത്രീ പോലും തയ്യാറാകുകയില്ല. അതാണ് കേരളത്തിലെ സ്ത്രീകളുടെ മഹത്വമെന്ന് പറയുന്നത്. അക്കാര്യത്തിൽ അവർ സ്വയം കൃത്യതയുള്ളവരാണ്. അതൊന്നും ആരും പറഞ്ഞ് പഠിപ്പിക്കുകയോ ആരും നിർബന്ധിക്കുകയോ ചെയ്യേണ്ടതില്ല. സ്ത്രീ അവിടെ പോവുകയില്ല, അവിടെ പോകാൻ പാടില്ലെന്ന് അവർക്കറിയാം. അതുകൊണ്ട് അതിന്റെ അടിസ്ഥാനത്തിൽ അങ്ങനെയൊരു വിവേചനത്തിന്റെ പ്രശ്നമൊന്നും ഇവിടെ ഉദിക്കുന്നില്ല. ഇടതുപക്ഷ മുന്നണിയുടെ നിലപാട് ശക്തിയായി കോടതിയിൽ പറഞ്ഞിട്ടുണ്ട്. കോടതി എടുക്കുന്ന തീരുമാനം ഏതായാലും അത് ഈ ഗവൺമെന്റ് നടപ്പിലാക്കാൻ ശ്രമിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ആചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും ഞങ്ങൾ എതിരല്ല. ഓരോ സ്ഥലത്ത് പോകുമ്പോഴും അവിടത്തെ ആചാരാനുഷ്ഠാനങ്ങൾക്ക് വിധേയമാകണം. സന്നിധാനത്ത് ചെല്ലുമ്പോൾ സന്നിധാനത്ത് നിൽക്കേണ്ടതു പോലെ തന്നെ നിൽക്കണം. പാളയം മോസ്കിനകത്ത് കയറുമ്പോൾ മോസ്കിൽ നിൽക്കേണ്ടതുപോലെ നിൽക്കണം. പാളയം പള്ളിയിൽ ചെല്ലുമ്പോൾ ആ പള്ളിയിൽ നിൽക്കേണ്ടതുപോലെ നിൽക്കണം. അത് നമ്മുടെ സംസ്കാരമാണ്. കാലാകാലങ്ങളായി നമ്മൾ ആർജ്ജിച്ച സംസ്കാരത്തിന്റെ സവിശേഷതയാണത്. അതിനപ്പുറമുള്ള കാര്യങ്ങളൊന്നും ഞങ്ങളെ സംബന്ധിച്ചിടത്തോളം ഇല്ലെന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

മലബാർ ദേവസ്വം ബോർഡിനെ സംബന്ധിച്ച് ഇവിടെ ചർച്ച വന്നത് ശരിയാണ്. ഒരു ഭഗീരഥപ്രയത്നത്തിന്റെ ഫലമായി വന്നതാണ് മലബാർ ദേവസ്വം ബിൽ. ബഹുമാനപ്പെട്ട മന്ത്രി ജി. സുധാകരന്റെ സജീവ ഇടപെടലിന്റെ ഭാഗമായി, അല്ലെങ്കിൽ എത്രയോ നാളുകൾ അദ്ദേഹം നടത്തിയ പരിശ്രമത്തിന്റെ ഭാഗമായി വന്നതാണ് മലബാർ ദേവസ്വം ബിൽ. ആ ബിൽ കുറ്റമറ്റതാണെന്ന് പറയാൻ സാധിക്കില്ല. ഇവിടെ വന്ന അഭിപ്രായങ്ങൾ പോലെ ആ ബില്ലിലെ പോരായ്മകൾ പരിഹരിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഭരണം പോലെയോ അല്ലെങ്കിൽ കൊച്ചിൻ ദേവസ്വം ബോർഡിന്റെ ഭരണം പോലെയോ മലബാർ ദേവസ്വത്തിന്റെ ഭരണവും വളരെ ശക്തമായ നിലയിൽ നടക്കുന്നതിനുള്ള ക്രിയാത്മകമായ പ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടതായിട്ടുണ്ട്.

ശ്രീ. കെ. മുരളീധരൻ: സർ, മലബാർ ദേവസ്വം ബോർഡിൽ ശരിക്കും 9 അംഗങ്ങളുടെ ആവശ്യമില്ല. കാരണം ശബരിമല ഉൾപ്പെടെ ഏറ്റവും നല്ല വരുമാനമുള്ള ധാരാളം ക്ഷേത്രങ്ങളുള്ള തിരുവിതാംകൂർ ദേവസ്വം ബോർഡിന് മൂന്നംഗങ്ങളേയുള്ളൂ. അതിലും വരുമാനം കുറഞ്ഞ കൊച്ചി ദേവസ്വം ബോർഡിലും മൂന്നംഗങ്ങളേയുള്ളൂ. അഷ്ടിക്ക് വകയില്ലാത്ത ക്ഷേത്രങ്ങൾ ഏറ്റവും കൂടുതലുള്ളത് മലബാർ പ്രദേശത്താണ്. അവിടെ 9 അംഗങ്ങളുടെ ആവശ്യമില്ല. കൊച്ചി ദേവസ്വം ബോർഡിലേയും തിരുവിതാംകൂർ ദേവസ്വം ബോർഡിലേയും പോലെ മൂന്നംഗങ്ങൾ മതി. ഇക്കാര്യം അങ്ങ് പരിഗണിക്കണം.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, കൃത്യമായ കണക്കില്ലെങ്കിലും പതിനയ്യായിരത്തോളം വരുന്ന ക്ഷേത്രങ്ങളാണ് നമ്മുടെ സംസ്ഥാനത്ത് ആകെയുള്ളത്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ 1248 ക്ഷേത്രങ്ങളുണ്ട്. അത് കൃത്യമായ കണക്കാണ്. കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിൽ 403 ക്ഷേത്രങ്ങളാണുള്ളത്. മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽ ആയിരത്തി അറുന്നൂറിലധികം ക്ഷേത്രങ്ങളുണ്ട്. അങ്ങ് പറയുന്നത് വളരെ ശരിയാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിലോ കൊച്ചി ദേവസ്വം ബോർഡിലോ ഉള്ളതുപോലെയല്ല മലബാർ ദേവസ്വം ബോർഡിന്റെ ഭരണവും നിർവ്വഹണവുമെല്ലാം. പഴയ സാമൂതിരിയും കോവിലകവും ഒക്കെയുള്ള പഴയ ആചാരങ്ങളും അനുഷ്ഠാനങ്ങളും ട്രസ്റ്റിമാരുടെ നേതൃത്വത്തിൽ നടക്കുന്ന പ്രവർത്തനങ്ങളുമൊക്കെയുള്ള മലബാർ ദേവസ്വത്തിലെ ക്ഷേത്രങ്ങളുടെ രീതികളെല്ലാം സവിശേഷതയുള്ളതാണ്. അതിന്റെ അടിസ്ഥാനത്തിൽ വലിയ പരിശ്രമം നടത്തി കൊണ്ടുവന്ന ആ ബില്ലിൽ കാലികമായ മാറ്റങ്ങൾ വരുത്തേണ്ടതായിട്ടുണ്ട്. എന്നാലും ശമ്പളം കൊടുക്കാനൊക്കെ ഖജനാവിൽനിന്നും പണം കൊടുക്കുന്നുണ്ട്. 2015-16-ൽ 14 കോടി രൂപയാണ് നൽകിയത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നയുടനെ 19 കോടി രൂപ കൂടി നൽകി. ആ തുകയിൽ നിന്നാണ് ശമ്പളത്തിനൊക്കെയുള്ള ചെലവുകൾ ഇപ്പോൾ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്. ഇതുകൊണ്ട് മതിയാകുന്നില്ല. കൂടുതൽ പണം കൊടുക്കണം.

ഇവിടെ ചില നിക്ഷിപ്ത താല്പര്യക്കാർ വ്യാജപ്രചരണം നടത്തുന്നുണ്ട്. ദേവസ്വം ബോർഡുകളുടെ പണമെല്ലാം സർക്കാരിലേയ്ക്ക് കൊണ്ടുപോകാൻ ശ്രമിക്കുന്നുവെന്ന് പറഞ്ഞുകൊണ്ട് വ്യാജ ഹിന്ദുക്കളായിട്ടുള്ള കുറച്ചാളുകൾ വ്യാജ പ്രചരണം നടത്തുന്നുണ്ട്. കഴിഞ്ഞകാലത്തെ കാര്യങ്ങളും ഞാൻ പരിശോധിച്ചു. ഒരു പൈസപോലും അമ്പലങ്ങളിൽനിന്ന് സംസ്ഥാന ഖജനാവിലേയ്ക്ക് വരുന്നില്ലെന്നുമാത്രമല്ല വിവിധ അമ്പലങ്ങളുടെ ആവശ്യങ്ങൾക്കുവേണ്ടി കോടിക്കണക്കിന് രൂപയാണ് സംസ്ഥാന ഗവൺമെന്റ് ചെലവഴിച്ചുകൊണ്ടിരിക്കുന്നത്. അത് മറച്ചുവച്ചുകൊണ്ടാണ് വ്യാജ പ്രചരണം നടത്തുന്നത്. അമ്പലങ്ങളിലെ ഭണ്ഡാര തുകയെല്ലാം ഗവൺമെന്റ് കൊണ്ടു പോകാൻ ശ്രമിക്കുന്നുവെന്നുള്ള കള്ള പ്രചരണമാണ് ഇവിടെ നടത്തുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : സർ, മലബാർ ദേവസ്വം ബില്ലിന്റെ കാര്യത്തിൽ ഞാൻ ശ്രീ. ജി. സുധാകരനെ അഭിനന്ദിക്കുകയാണ്. കാരണം ഞങ്ങളുടെ കാലത്ത് പലതവണ അതിനുവേണ്ടി ശ്രമിച്ചതാണ്. മലബാർ ദേവസ്വം ബോർഡ് നിയമമുണ്ടാക്കാനും ഒരു ബിൽ കൊണ്ടുവരാനും വളരെയേറെ പ്രയാസങ്ങളുണ്ടായിരുന്നു; അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. പക്ഷേ മലബാർ ദേവസ്വം ബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കണം. അതിനുള്ള നടപടികൾ അങ്ങ് സ്വീകരിക്കുമോ? ഇപ്പോൾ വളരെയേറെ പ്രതിസന്ധികൾ അവിടെ നേരിടുന്നുണ്ട്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ശബരിമലയിൽനിന്ന് കിട്ടുന്ന വരുമാനമെടുത്ത് വരുമാനമില്ലാത്ത മറ്റ് ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളം കൊടുക്കാൻ കഴിയുന്നുണ്ട്. കൊച്ചി ദേവസ്വം ബോർഡിലും അങ്ങനെ തന്നെയാണ്. മലബാർ ദേവസ്വം ബോർഡ് ട്രസ്റ്റി ബോർഡാണ്. നിത്യനിദാനച്ചെലവുകൾ വഹിക്കാൻ കഴിയാത്ത ക്ഷേത്രങ്ങളാണ്. അവിടെയുള്ള വരുമാനമനുസരിച്ച് മാത്രമേ ശമ്പളം കൊടുക്കാൻ സാധിക്കുകയുള്ളൂ. മാസന്തോറും ശമ്പളം കിട്ടുന്നില്ല. അതുകൊണ്ട് മുൻ ചീഫ് സെക്രട്ടറി ശ്രീ. കെ. ജയകുമാറിനെ കമ്മീഷനായി വച്ചുകൊണ്ട് ആ കാര്യങ്ങൾ പഠിക്കുന്നതിന് തീരുമാനമെടുക്കണം. അദ്ദേഹം ഒരു റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഈ ആക്ട് ഭേദഗതി ചെയ്യുന്നതിനുള്ള നടപടി അങ്ങയുടെ ഭാഗത്തുനിന്ന് അടിയന്തരമായുണ്ടാകണം. അതോടൊപ്പം അങ്ങ് പറഞ്ഞ മറ്റൊരു കാര്യം, ക്ഷേത്രങ്ങളിലെ കാണിക്കയിൽ നിന്ന് തുകയെടുത്ത് മറ്റ് കാര്യങ്ങൾക്കുവേണ്ടി വിനിയോഗിക്കുന്നുവെന്ന വ്യാപക പ്രചരണം നടക്കുന്നുണ്ട്. അത് വ്യാജ പ്രചരണമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുവന്ന വലിയൊരു ആരോപണമായിരുന്നു. ഞങ്ങൾ വളരെ വ്യക്തമായിട്ടു തന്നെ കാര്യങ്ങൾ പറഞ്ഞു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 235 കോടി രൂപ സംസ്ഥാന ഖജനാവിൽനിന്നും കേരളത്തിലെ ക്ഷേത്രങ്ങളുടെ വികസനത്തിനു വേണ്ടി ഉപയോഗിച്ചു. അങ്ങ് പറഞ്ഞത് ഏറ്റവും സത്യസന്ധമായ കാര്യമാണ്. ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഈ പ്രചരണത്തെ അതിജീവിക്കുന്നതിനുള്ള നടപടിയുണ്ടാകണം.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞത് ശരിയാണ്. വലിയൊരു പരിശ്രമത്തിന്റെ ഭാഗംതന്നെയാണ് മലബാർ ദേവസ്വം ബിൽ. മലബാർ ദേവസ്വത്തിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത് അസാധാരണമായ പ്രയത്നത്തിലൂടെയാണ്. അത്ര സങ്കീർണ്ണമാണ് മലബാർ ദേവസ്വത്തിന്റെ കീഴിലുള്ള അമ്പലങ്ങളുടെ പൊതുവായ സ്ഥിതി. തിരുവിതാംകൂർ ദേവസ്വത്തിന്റെ കീഴിലുള്ള അമ്പലങ്ങളിൽ, ശബരിമല

ഒഴിച്ച് ബാക്കിയുള്ള അമ്പലങ്ങളിൽ കിട്ടുന്നതിനേക്കാൾ വലിയ വരുമാനമുള്ള അമ്പലങ്ങളുണ്ട്. എന്നാൽ, ആ വരുമാനമൊന്നും മലബാർ ദേവസ്വം ബോർഡിലേയ്ക്ക് പോകുന്നില്ല. വലിയ വരുമാനമുള്ള അമ്പലങ്ങളിലെ വരുമാനമെല്ലാം ആ അമ്പലങ്ങൾ തന്നെ വിവിധ ആവശ്യങ്ങൾക്കുവേണ്ടി കൈകാര്യം ചെയ്യുകയാണ്. അതുകൊണ്ട് സമഗ്രമായ ഒരു നിയമം മലബാർ ദേവസ്വം ബോർഡിന്റെ പുരോഗതിക്കും വളർച്ചയ്ക്കും ആവശ്യമാണ്. അതിനെപ്പറ്റി കൂട്ടായി ആലോചിക്കാൻ സാധിക്കുമെന്നുള്ളതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഞാൻ ദീർഘിപ്പിക്കുന്നില്ല.

ശ്രീ. പി. സി. ജോർജ്: സർ, തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ശബരിമലയുമായി ബന്ധപ്പെട്ട കേസ്സിൽ, ശബരിമലയിൽ എന്തെങ്കിലും ഒരുകാര്യം ചെയ്യണമെങ്കിൽ ഹൈക്കോടതിയുടെ ഓർഡർ വേണം. അതിനുകാരണം അന്ന് ശബരിമലയുമായി ബന്ധപ്പെട്ട് ദേവസ്വം ബോർഡിൽ വ്യാപകമായ അഴിമതിയുണ്ടായി. ദേവസ്വം ബോർഡ് മെമ്പർമാർ കച്ചവടമായിരുന്നു; ഒളിച്ചുവച്ചിട്ട് കാര്യമില്ല. അന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചപ്പോൾ ജനം മുഴുവൻ അതിന് കയ്യടിച്ചു. അതിനുശേഷം ദേവസ്വം ബോർഡിന്റെ പ്രവർത്തനം വളരെ മാതൃകാപരമായി. പക്ഷെ, അനങ്ങണമെങ്കിൽ ഹൈക്കോടതിയുടെ ഓർഡർ വേണം. 2 ലക്ഷം രൂപ ചെലവഴിക്കണമെങ്കിലും ഹൈക്കോടതി ജഡ്ജിയുടെ ഓർഡർ വേണം. ഇവിടെ മന്ത്രിമാർ ശബരിമല ശാസ്താവിനെ കാണാൻ ഇരുമുടിക്കെട്ടുമായി പോയാൽ ലൈനിൽ നിന്നില്ലെങ്കിൽ കയറ്റില്ല. ജഡ്ജിമാർ സൗകര്യംപോലെ കയറിപ്പോകും. ഇത് എക്സിക്യൂട്ടീവിനുതന്നെ അപമാനമാണ്. ഹൈക്കോടതിവിധി വന്നപ്പോൾ അതിനെതിരെ സുപ്രീം കോടതിയെ സമീപിച്ച് ആ വിധി എന്തുകൊണ്ട് ക്വാഷ് ചെയ്തില്ല; ഇനിയെങ്കിലും ഈ ഗവൺമെന്റ് അതിന് തയ്യാറാകുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ശബരിമലയുടെ കാര്യത്തിൽ മാത്രമല്ല, ഗുരുവായൂർ ക്ഷേത്രത്തിന്റെ കാര്യത്തിലും ഹൈക്കോടതിയുടെ ചില ഇടപെടലുകളുണ്ട്. ആ നിലയിലേയ്ക്ക് കാര്യങ്ങൾ കൊണ്ടെത്തിച്ചതിന്റെ ഉത്തരവാദിത്വം നമുക്കുതന്നെയാണ്. ഹൈക്കോടതി ബോധപൂർവ്വം ഇക്കാര്യത്തിൽ ഇടപെട്ടതല്ല. താങ്ങാൻ പറ്റാത്ത തരത്തിലുള്ള കൊള്ളയും കൊള്ളിവയ്പും അന്യായവും അഴിമതിയും വൃത്തികേടുകളും നടമാടിയതിന്റെ ഭാഗമായി, ആരെങ്കിലും ചോദിക്കാനും പറയാനും വേണ്ടേ; അങ്ങനെ വന്നുഭവിച്ചതാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയെ കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തി നമുക്ക് ഇക്കാര്യത്തിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്താൻ കഴിയുമോയെന്ന് ആലോചിക്കാമെന്നതാണ് അതിനെ സംബന്ധിച്ച് സൂചിപ്പിക്കാനുള്ളത്.

ബഹുമാനപ്പെട്ട ശ്രീ. അടൂർ പ്രകാശ് ഇവിടെ സംസാരിച്ചപ്പോൾ പറഞ്ഞു ഭരണച്ചെലവ് കുറയ്ക്കണമെന്ന്. ഭരണച്ചെലവ് കുറയ്ക്കുന്നതിൽ ഈ ഗവൺമെന്റ് മാതൃകയാണെന്ന് ശ്രീ. അടൂർ പ്രകാശിന് അറിയാത്തതുകൊണ്ടല്ല; അദ്ദേഹത്തിന് അറിയാമെങ്കിലും ചിലതെല്ലാം മറച്ചുവയ്ക്കുകയാണ്. മന്ത്രിമാരുടെ എണ്ണം കുറച്ചു. പേഴ്സണൽ സ്റ്റാഫിന്റെ എണ്ണത്തിൽ കുറവുവരുത്തി. അതൊന്നും എണ്ണിപ്പറയേണ്ട കാര്യമില്ല.

മി. സ്പീക്കർ പ്ലീസ്.... പ്ലീസ്.... ഇനി അങ്ങ് പറഞ്ഞ് അവസാനിപ്പിക്കുക.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഭരണപരിഷ്കാര കമ്മീഷൻ അത്യന്താപേക്ഷിതമാണ്. നിങ്ങൾ അക്കാര്യത്തിൽ മാത്രം തർക്കമുന്നയിക്കേണ്ട. അങ്ങനെ എടുത്തുപറയാൻ തുടങ്ങിയാൽ ഒരുപാട് കാര്യങ്ങളുണ്ട്. ശ്രീ. അടൂർ പ്രകാശ് നടത്തിയ വിദേശയാത്രകളുടെ എണ്ണം നോക്കിയാൽ അറിയാമല്ലോ. അങ്ങ് മന്ത്രിയായിരുന്ന അഞ്ചുവർഷക്കാലം നടത്തിയ വിദേശ യാത്രകളുടെ എണ്ണമെടുത്താൽ മനസ്സിലാക്കാൻ കഴിയും. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഞങ്ങളുടെ നയം, ഞങ്ങൾ നടപ്പിലാക്കിയാണ് കാണിക്കുന്നത്. വെറുതെ പറച്ചിൽ മാത്രമല്ല; വാക്കും പ്രവൃത്തിയും തമ്മിൽ നല്ല ചേർച്ചയുണ്ട്; പറയുന്നതു തന്നെയാണ് പ്രവർത്തിക്കുക. എൽ.ഡി.എഫ്. വരും; എല്ലാം ശരിയാകും; എന്ന് വെറുതെ പറഞ്ഞതല്ല; എല്ലാം ശരിയാകുകയാണ്. അതിന്റെ ഭാഗമായിട്ടാണ് ഒരു വർഷം 63-64 ലക്ഷം രൂപ ശമ്പളം വാങ്ങുന്ന ഈ വെള്ളാനയെ തളയ്ക്കുന്നത്. ഞങ്ങളെ സംബന്ധിച്ചിടത്തോളം പറയുന്ന വാക്കും പ്രവൃത്തിയും തമ്മിൽ വ്യത്യാസമൊന്നുമില്ല. ഞാൻ കൂടുതൽ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഇവിടെ എല്ലാ മേഖലയിൽനിന്നുമുള്ളവർ പങ്കെടുത്തു; നല്ല ചർച്ച നടന്നു. എല്ലാ അംഗങ്ങളോടും കൃതജ്ഞതയും നന്ദിയും എനിക്കുണ്ട്. ഈ ബിൽ പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: ശ്രീ. ആർ. രാമചന്ദ്രൻ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ആർ. രാമചന്ദ്രൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ആർ. രാമചന്ദ്രൻ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. കെ. മുരളീധരൻ, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. മുരളീധരൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

സബ്ജക്ട് കമ്മറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ.................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

5.00 PM]

2-ാം വകുപ്പ്

ശ്രീ. വി. പി. സജീന്ദ്രൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

112. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(3)-ൽ "സർക്കാർ" എന്ന വാക്കിനുശേഷം "ഇതിനായി രൂപീകരിക്കപ്പെട്ട സമിതി ശിപാർശ പ്രകാരം" എന്നു ചേർക്കുക.

123. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(3)-ൽ "ചെയർപേഴ്സണും രണ്ട് അംഗങ്ങളും" എന്നതിന് പകരം "മൂന്ന് അംഗങ്ങൾ" എന്ന് ചേർക്കുക.

137. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(3)-ൽ "യോഗ്യതയുള്ളതോ ആയ" എന്നീ വാക്കുകൾക്ക് പകരം "യോഗ്യതയുള്ളതോ ആയി കണ്ടെത്തിയ" എന്നീ വാക്കുകൾ ചേർക്കുക.

139. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(3)-ൽ "ഒരാളെ ചെയർപേഴ്സണായി നിയമിക്കേണ്ടതാണ്" എന്നതിന് പകരം "ഒരാൾ ചെയർപേഴ്സൺ ആയിരിക്കേണ്ടതാണ്" എന്ന് ചേർക്കുക.

144. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(3)-ൽ "അംഗങ്ങളിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതിയിലോ പട്ടികഗോത്രവർഗ്ഗത്തിലോ പെടുന്ന ആളുമായിരിക്കേണ്ടതാണ്" എന്നതിന് പകരം "മറ്റ് അംഗങ്ങളിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതിയിലോ പട്ടികഗോത്ര വർഗ്ഗത്തിലോ ഉള്ള ആളും ആയിരിക്കേണ്ടതാണ്" എന്ന് ചേർക്കുക.

145. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(3)-ൽ "ഒരാൾ പട്ടികജാതിയിലോ" എന്നതിന് പകരം "ഒരാൾ പട്ടികജാതിയിലും ഒരാൾ" എന്ന് ചേർക്കുക.

146. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(3)-ൽ "പട്ടികഗോത്രവർഗ്ഗത്തിലോ പെടുന്ന" എന്നതിന് പകരം "പട്ടികവർഗ്ഗത്തിലോ പെടുന്ന" എന്ന് ചേർക്കുക.

154. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(3)-ൽ "കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിൽ പരിചയ സമ്പന്നരായിരിക്കേണ്ടതാണ്" എന്നതിനുപകരം "കാര്യങ്ങളിൽ കഴിവുള്ളവരും പരിചയസമ്പന്നരും ആയിരിക്കേണ്ടതാണ്" എന്ന് ചേർക്കുക.

157. ഖണ്ഡം 2 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(3)-ൽ "കൈകാര്യം ചെയ്യുന്നതിൽ പരിചയസമ്പന്നരായിരിക്കേണ്ടതാണ്" എന്നതിനു പകരം "നിർവ്വഹിച്ചിരുന്നവരോ അവ കൈകാര്യം ചെയ്യുന്നതിൽ പരിചയസമ്പന്നരോ ആയിരിക്കേണ്ടതാണ്" എന്ന് ചേർക്കുക.

സർ, 123-ാം നമ്പർ ഭേദഗതിയിൽ മൂന്നാം വകുപ്പിലെ മൂന്നാം ഉപവകുപ്പിൽ "ചെയർപേഴ്സണും രണ്ട് അംഗങ്ങളും" എന്നതിനുപകരം "മൂന്ന് അംഗങ്ങൾ" എന്നാക്കണം. 139-ാം നമ്പർ ഭേദഗതിയിൽ മൂന്നാം വകുപ്പിലെ മൂന്നാം ഉപവകുപ്പിൽ "ഒരാളെ ചെയർപേഴ്സണായി നിയമിക്കേണ്ടതാണ്" എന്നതിനുപകരം "ഒരാൾ ചെയർപേഴ്സൺ ആയിരിക്കേണ്ടതാണ് " എന്നാക്കണം. 146-ാം നമ്പർ ഭേദഗതിയിൽ മൂന്നാം വകുപ്പിലെ മൂന്നാം ഉപവകുപ്പിൽ ഒരാൾ പട്ടികജാതിയിലോ പട്ടിക ഗോത്രവർഗ്ഗത്തിലോ പെടുന്ന ആളുമായിരിക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. ഇതിൽ പട്ടികഗോത്ര വർഗ്ഗത്തിലോ എന്നത് പട്ടികവർഗ്ഗത്തിൽ എന്നാക്കിയാൽ മതി. കാരണം ഭരണഘടന ഉണ്ടായ കാലം മുതൽ പട്ടികജാതി-പട്ടികവർഗ്ഗം എന്നാണ് പറയുന്നത്. ഇതിൽ ഹിന്ദു ആയിരിക്കണമെന്ന് ആദ്യമേ പറയുന്നുണ്ട്. അതുകൊണ്ട് നമ്മൾ ആവശ്യമില്ലാതെ പട്ടികഗോത്രവർഗ്ഗം എന്ന് ചേർക്കേണ്ടതില്ല പട്ടികവർഗ്ഗമെന്ന് മാത്രം ചേർക്കണ മെന്നാണ് എന്റെ ഭേദഗതി.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

113. ഖണ്ഡം 2 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(3)-ലെ "സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന" എന്നീ വാക്കുകൾ ആദ്യവരിയിൽ നിന്നും ഒഴിവാക്കി "വിശ്വസിക്കുന്നവരുമായ" എന്നതിനുശേഷം ചേർക്കുക.

116. ഖണ്ഡം 2 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(3)-ൽ "ക്ഷേത്രാരാധനയിലും" എന്നതിനുശേഷം "ആചാരങ്ങളിലും" എന്ന് ചേർക്കുക.

149. ഖണ്ഡം 2 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 (3)-ൽ

(i) "അംഗങ്ങൾ" എന്നതിനുശേഷം "ദേവസ്വം വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിലോ" എന്ന് ചേർക്കുക.

(ii) "ചെയ്യുന്നതിൽ" എന്നത് "ചെയ്യുന്നതിലോ" എന്നാക്കി മാറ്റുക.

സർ, എന്റെ 113-ാം നമ്പർ ഭേദഗതിയിൽ സെന്റൻസ് ഘടനയിൽ ഒരു വ്യത്യാസമുണ്ട്. അതായത് ബോർഡിൽ ഹിന്ദുമതത്തിൽപ്പെട്ടതും ദൈവത്തിലും ക്ഷേത്ര ആരാധനയിലും വിശ്വസിക്കുന്നവരുമായ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ചെയർപേഴ്സൺ രണ്ട് അംഗങ്ങൾ എന്നെഴുതിയിരിക്കുന്നത് മാറ്റി എഴുതിയാൽ നന്നായിരിക്കും. 116-ാം നമ്പർ ഭേദഗതിയിൽ "ക്ഷേത്രാരാധനയിലും" എന്നതിനു ശേഷം "ആചാരങ്ങളിലും" എന്നുകൂടി ചേർക്കണം. കാരണം ആരാധനയും ആചാരവും വേറെയാണ്. അതുകൂടി ചേർക്കുകയാണെങ്കിൽ അത് കുറച്ചുകൂടി ഭംഗിയാകും.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

114. ഖണ്ഡം 2 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(3)-ൽ "ഹിന്ദുമതത്തിൽപ്പെട്ടതും" എന്നതിനുപകരം "ഹൈന്ദവ വിശ്വാസിയും" എന്നു ചേർക്കുക.

<u>ശ്രീ. വി. എസ്. ശിവകുമാർ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

117. ഖണ്ഡം 2 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(3)-ൽ "ക്ഷേത്രാരാധനയിലും" എന്നതിനു ശേഷം "ക്ഷേത്രാചാരങ്ങളിലും" എന്നു ചേർക്കുക.

<u>ശ്രീ. മോൻസ് ജോസഫ്</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

120. ഖണ്ഡം 2 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(3)-ൽ "വിശ്വസിക്കുന്നവരുമായ" എന്നതിനുപകരം "വിശ്വാസമുള്ളവരുമായ" എന്ന് ചേർക്കുക.

129. ഖണ്ഡം 2 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(3)-ൽ "രണ്ട് " എന്നതിനു പകരം "അഞ്ച്" എന്നു ചേർക്കുക.

133. ഖണ്ഡം 2 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(3)-ൽ "ആയിരിക്കുന്നതോ ആയിരുന്നതോ" എന്നീ വാക്കുകൾ ഒഴിവാക്കുക.

138. ഖണ്ഡം 2 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(3)-ൽ "ആയ ഒരാളെ" എന്നതിനു മുൻപ് "സെക്രട്ടറി റാങ്കിൽ വിരമിച്ച സർക്കാരുദ്യോഗസ്ഥനായതോ" എന്നു ചേർക്കുക.

151. ഖണ്ഡം 2 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(3)-ൽ "അംഗങ്ങൾ, തൊഴിൽ സംബന്ധമായതോ സേവനപരമായതോ അല്ലെങ്കിൽ ഭരണപരമായതോ ആയ" എന്നീ വാക്കുകൾക്ക് പകരം "അംഗങ്ങൾ, അഡീഷണൽ സെക്രട്ടറി റാങ്കിൽ കുറയാത്ത ഭരണപരിചയമുള്ള ആളായി" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

121. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(3)-ൽ "വിശ്വസിക്കുന്നവരുമായ ചെയർപേഴ്സണും" എന്നതിനു പകരം "വിശ്വസിക്കുന്ന ഒരു ചെയർപേഴ്സണും" എന്നു ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

125. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(3)-ൽ "രണ്ട് അംഗങ്ങളും" എന്നതിനു പകരം "മൂന്ന് അംഗങ്ങളും" എന്നു ചേർക്കുക.

ശ്രീ. അടൂർ പ്രകാശ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

130. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(3)-ൽ "ജില്ലാ ജഡ്ജി ആയിരിക്കുന്നതോ ആയിരുന്നതോ അല്ലെങ്കിൽ" എന്നത് ഒഴിവാക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

131. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(3)-ൽ "ജില്ലാ ജഡ്ജി ആയിരിക്കുന്നതോ, ആയിരുന്നതോ" എന്നതിനു പകരം "ജില്ലാ ജഡ്ജി പദവിയിലിരിക്കുന്നതോ, ജില്ലാ ജഡ്ജി ആയിരുന്നതോ" എന്നു ചേർക്കുക.

132. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(3)-ൽ "ജില്ലാ ജഡ്ജി ആയിരിക്കുന്നതോ, ആയിരുന്നതോ" എന്നതിനു പകരം "ഒരു ജില്ലാ ജഡ്ജിയോ, മുൻജില്ലാ ജഡ്ജിയോ" എന്നു ചേർക്കുക.

ശ്രീ. വി. ടി. ബൽറാം : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

136. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(3)-ൽ "അല്ലെങ്കിൽ ജില്ലാ ജഡ്ജി ആയി നിയമിക്കപ്പെടാൻ യോഗ്യതയുള്ളതോ" എന്നീ വാക്കുകൾ ഒഴിവാക്കുക.

142. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(3)-ൽ "അംഗങ്ങളിൽ ഒരാൾ വനിതയും" എന്നീ വാക്കുകൾക്ക് മുൻപ് "ചെയർപേഴ്സൺ ഉൾപ്പെടെയുള്ള മൂന്ന്" എന്നീ വാക്കുകൾ ചേർക്കുക.

150. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(3)-ൽ "അംഗങ്ങൾ" എന്ന വാക്കിനുശേഷം "ദേവസ്വം ബോർഡുകളിലെ" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

134. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(3)-ൽ "ആയിരിക്കുന്നതോ" എന്ന വാക്ക് ഒഴിവാക്കുക.

140. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(3)-ൽ "ഒരാളെ ചെയർപേഴ്സണായി നിയമിക്കേണ്ടതാണ്" എന്നീ വാക്കുകൾക്കും ചിഹ്നത്തിനും പകരം "ഒരാൾ ചെയർപേഴ്സൺ ആയിരിക്കേണ്ടതും മറ്റ്" എന്നീ വാക്കുകൾ ചേർക്കുക.

147. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(3)-ൽ "പട്ടികഗോത്രവർഗ്ഗത്തിലോ പെടുന്ന" എന്ന വാക്കിനു പകരം "പട്ടികഗോത്രവർഗ്ഗത്തിൽ ഉൾപ്പെടുന്ന" എന്നീ വാക്കുകൾ ചേർക്കുക:

161. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(3)-നു ശേഷം ചുവടെ പറയുന്ന വിശദീകരണം ചേർക്കുക.

"വിശദീകരണം:- ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി അംഗങ്ങളുടെ നിയമനത്തിനുള്ള സംവരണ തത്വം ഉറപ്പു വരുത്തുന്നതിലേക്കായി വനിതയുടെയും പട്ടികജാതിയിലോ പട്ടിക ഗോത്രവർഗ്ഗത്തിലോ ഉൾപ്പെടുന്ന അംഗങ്ങളുടെയും പ്രാതിനിധ്യം പ്രത്യേകം കണക്കാക്കേണ്ടതാണ്".

<u>ശ്രീ. കെ. എം. ഷാജി</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

141. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(3)-ൽ "അംഗങ്ങളിൽ ഒരാൾ" എന്നതിന് പകരം "ചെയർപേഴ്സണോ, അല്ലെങ്കിൽ ഒരാളോ" എന്ന് ചേർക്കുക.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

148. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(3)-ൽ "അംഗങ്ങൾ" എന്നതിനു ശേഷം "വിദ്യാ സമ്പന്നരും" എന്ന് ചേർക്കുക.

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

152. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(3)-ൽ "തൊഴിൽസംബന്ധമായതോ" എന്ന വാക്കിനു മുമ്പ് "ദേവസ്വം കാര്യങ്ങളിൽ" എന്നീ വാക്കുകൾ ചേർക്കുക.

159. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(3)-ൽ "പരിചയ സമ്പന്നരായിരിക്കേണ്ടതാണ്" എന്നതിനുപകരം "പരിചയ സമ്പന്നരായിരിക്കേണ്ടതോ അല്ലെങ്കിൽ ഗവൺമെന്റ് അണ്ടർ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത സ്ഥാനം വഹിച്ചിരുന്നതോ ആയിരിക്കേണ്ടതാണ് " എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

160. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 (3) താഴെ പറയും പ്രകാരം മാറ്റുക:

"(3) ബോർഡിൽ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഹിന്ദു മതത്തിൽപ്പെട്ടതും ദൈവത്തിലും ക്ഷേത്രാരാധനയിലും വിശ്വസിക്കുന്നവരുമായ ചെയർമാനും രണ്ട് അംഗങ്ങളും ഉണ്ടായിരിക്കേണ്ടതാണ്. അംഗങ്ങളിൽ ഒരാൾ സാമൂഹിക പ്രവർത്തകയായ വനിതയും ഒരാൾ പട്ടികജാതിയിലോ പട്ടികവർഗ്ഗ ഗോത്ര വിഭാഗത്തിലോപെടുന്ന ആളുമായിരിക്കേണ്ടതാണ്. അംഗങ്ങൾ തൊഴിൽ സംബന്ധമായതോ സേവനപരമായതോ അല്ലെങ്കിൽ ഭരണപരമായതോ ആയ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിൽ പരിചയ സമ്പന്നരായിരിക്കേണ്ടതാണ്".

മി. സ്പീക്കർ: 118-ാം നമ്പർ ഭേദഗതി 117-ാം നമ്പർ ഭേദഗതിക്ക് തുല്യമാണ്, 119-ാം നമ്പർ ഭേദഗതി 117-ാം നമ്പർ ഭേദഗതിയിൽ അടങ്ങുന്നു, 122-ാം നമ്പർ ഭേദഗതി 121-ാം നമ്പർ ഭേദഗതിക്ക് തുല്യമാണ്, 124-ാം നമ്പർ ഭേദഗതി 123-ാം നമ്പർ ഭേദഗതിക്ക് തുല്യമാണ് എന്നതിനാൽ അവ അവതരിപ്പിക്കേണ്ടതില്ല.

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 146-ാം നമ്പർ ഭേദഗതിയിൽ പറഞ്ഞിട്ടുള്ള പട്ടികഗോത്ര വർഗ്ഗം എന്നതുസംബന്ധിച്ച് എനിക്കും ആദ്യം സംശയം ഉണ്ടായിരുന്നു. അത് പരിശോധിച്ചു. ഭരണഘടനയിൽ, അതിന്റെ പരിഭാഷയിൽ അങ്ങനെയാണ് പറഞ്ഞിരിക്കുന്നത്. പാരന്റ് ബില്ലും അങ്ങനെയാണ് പറഞ്ഞിരിക്കുന്നത്. ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 112, 123, 137, 139, 144, 145, 146, 154, 157 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 113, 116, 149 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി അവതരിപ്പിച്ച 114-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. എസ്. ശിവകുമാർ അവതരിപ്പിച്ച 117-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 120, 129, 133, 138, 151 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. എ. അഹമ്മദ് കബീർ അവതരിപ്പിച്ച 121-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 125-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച 130-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 131-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 132-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ടി. ബൽറാം അവതരിപ്പിച്ച 136, 142, 150 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 134, 140, 147, 161 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എം. ഷാജി അവതരിപ്പിച്ച 141-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 148-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 152, 159 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 160-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

162. ഖണ്ഡം 3 പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 5(i)-ൽ " (i) " എന്നതിനു പകരം " (1) " എന്നു ചേർക്കുക.

163. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5 (i)-ൽ " ഔദ്യോഗികസ്ഥാനം ഏറ്റെടുക്കുന്ന " എന്നതിനുപകരം " ഔദ്യോഗിക ചുമതല വഹിക്കുന്ന " എന്ന് ചേർക്കുക.

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

164. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5 (i) -ൽ " ഔദ്യോഗികസ്ഥാനം ഏറ്റെടുക്കുന്ന " എന്നതിനു പകരം " നിയമിക്കപ്പെടുന്ന " എന്ന് ചേർക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

165. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5 (i)-ൽ " ഏറ്റെടുക്കുന്ന" എന്നതിനു പകരം " ഏറ്റെടുത്ത" എന്ന് ചേർക്കുക.

170. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5 (i)-ൽ " പൂർത്തിയാകുന്നതുവരെ " എന്ന വാക്കിനുപകരം " പൂർത്തിയാകുകയോ അവർക്ക് 60 വയസ് തികയുകയോ ഇത് ഏതാണോ ആദ്യം പൂർത്തിയാക്കുന്നത് അതുവരെ " എന്ന് ചേർക്കുക.

സർ, 170-ാം നമ്പർ ഭേദഗതിയിൽ വകുപ്പ് 5 ഉപവകുപ്പ് (I)-ൽ മൂന്നു വർഷക്കാലം പൂർത്തിയാകുന്നതുവരെ എന്നതിനുപകരം " പൂർത്തിയാകുകയോ അവർക്ക് 60 വയസ് തികയുകയോ ഇത് ഏതാണോ ആദ്യം പൂർത്തിയാക്കുന്നത് " എന്നാക്കണം. ആ മുറയ്ക്ക് അവരുടെ സ്ഥാനത്തിന്റെ കാലാവധി എന്നാണ് എന്റെ ഭേദഗതി. എത്ര വയസ്സുവരെ അംഗങ്ങൾ തുടരണമെന്ന് ഈ ബില്ലിൽ പറഞ്ഞിട്ടില്ല. അതുകൊണ്ട് 60 വയസ്സോ 62 വയസ്സോ അങ്ങയുടെ ഇഷ്ടം പോലെ ചെയ്യാം.

ശ്രീ. മഞ്ഞളാംകുഴി അലി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

169. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5 (i)-ൽ " വർഷക്കാലം " എന്ന വാക്കിനു പകരം " വർഷം" എന്നു ചേർക്കുക.

സർ, ഈ ഭേദഗതിയിൽ ഏറ്റെടുക്കുന്ന തീയതി മുതൽ മൂന്നുവർഷക്കാലം എന്നതിനുപകരം മൂന്നുവർഷം പൂർത്തിയാകുന്നതുവരെ എന്ന് ചേർക്കുന്നതായിരിക്കും ഭംഗി.

<u>ശ്രീ. എ. പി. അനിൽ കുമാർ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

171. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5 (i) -ൽ " പൂർത്തിയാകുന്നതുവരെ" എന്നത് "പൂർത്തിയാകുന്നതുവരെയോ അവർക്ക് 60 വയസ് തികയുന്നത് വരെയോ ഇതിൽ ഏതാണ് ആദ്യം, അതുവരെ " എന്ന് ചേർക്കുക.

<u>ശ്രീ. കെ. മുരളീധരൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

172. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന 5 (i) വകുപ്പിലെ " പൂർത്തിയാകുന്നതുവരെ" എന്ന വാക്കുകൾക്കുപകരം " പൂർത്തിയാകുകയോ അവർക്ക് 62 വയസ് തികയുകയോ ഇത് ഏതാണോ ആദ്യം, അതുവരെ " എന്നീ വാക്കുകൾ ചേർക്കുക.

183. പ്രധാന ആക്റ്റിലെ വകുപ്പ് 5(7)-ലെ " ശമ്പളത്തിനും ബത്തകൾക്കും" എന്നീ വാക്കുകൾക്ക് പകരം "ഹോണറേറിയത്തിന്" എന്ന വാക്ക് ചേർക്കുക.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

173. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(i) താഴെപ്പറയുന്ന പ്രകാരം മാറ്റുക.

" (i) ചെയർമാനും മറ്റ് അംഗങ്ങൾക്കും അവർ ഔദ്യോഗിക സ്ഥാനം ഏറ്റെടുക്കുന്ന തീയതി മുതൽ മൂന്ന് വർഷക്കാലം പൂർത്തിയാകുന്നതുവരെ ഔദ്യോഗിക സ്ഥാനം വഹിക്കാവുന്നതാണ്."

175. പ്രധാന ആക്റ്റിലെ വകുപ്പ് 5(2) താഴെപ്പറയുന്ന പ്രകാരം മാറ്റുക.
" 5(2) ബോർഡിലെ ചെയർമാനോ/ചെയർപേഴ്സണോ, അംഗത്തിനോ ഏത് സമയത്തും സർക്കാരിന് സ്വന്തം കൈപ്പടയിൽ രേഖാമൂലം അറിയിപ്പ് നൽകികൊണ്ട് അദ്ദേഹത്തിന്റെ ഔദ്യോഗിക സ്ഥാനം രാജിവയ്ക്കാവുന്നതാണ്"

176. പ്രധാന ആക്റ്റിലെ വകുപ്പ് 5(3) താഴെപ്പറയുന്ന പ്രകാരം മാറ്റുക. " (3) ബോർഡിന്റെ താൽക്കാലിക ഒഴിവിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗത്തിന്റെ കാലാവധി ഏത് അംഗത്തിന്റെ ഒഴിവിലാണോ അദ്ദേഹം അപ്രകാരം നിയമിക്കപ്പെട്ടത്, ആ അംഗം ഉദ്യോഗം വഹിക്കുമായിരുന്ന കാലയളവിലേക്ക് മാത്രമായിരിക്കുന്നതാണ്."

177. പ്രധാന ആക്റ്റിലെ വകുപ്പ് 5(4)(എ) താഴെപ്പറയുന്ന പ്രകാരം മാറ്റുക. " (എ) സർക്കാരിന് ഉത്തരവ് മൂലം ചെയർമാനെയോ, ചെയർപേഴ്സണെയോ ഏതെങ്കിലും അംഗത്തിനെയോ, അദ്ദേഹം ഒരു അവിമുക്ത നിർദ്ധനൻ ആയിത്തീരുകയോ ചെയ്യുന്ന പക്ഷം അദ്ദേഹത്തെ ഔദ്യോഗിക സ്ഥാനത്തുനിന്നും നീക്കം ചെയ്യാവുന്നതാണ്."

178. പ്രധാന ആക്റ്റിലെ വകുപ്പ് 5(4)(ബി) താഴെപ്പറയുന്ന പ്രകാരം മാറ്റുക. " (ബി) സർക്കാരിന് ഉത്തരവുമൂലം ചെയർമാനെയോ/ചെയർപേഴ്സണെയോ ഏതെങ്കിലും അംഗത്തിനെയോ അദ്ദേഹം സർക്കാരിന്റെ അഭിപ്രായത്തിൽ സാൻമാർഗ്ഗിക ദൂഷ്യം ഉൾപ്പെടുന്ന കുറ്റം സ്ഥാപിക്കപ്പെട്ട് തടവ് ശിക്ഷയ്ക്ക് വിധിക്കപ്പെടുകയോ ചെയ്യുന്ന പക്ഷം ഔദ്യോഗിക സ്ഥാനത്തുനിന്നും നീക്കം ചെയ്യാവുന്നതാണ്"

179. പ്രധാന ആക്റ്റിലെ വകുപ്പ് 5(4)(സി) താഴെപ്പറയുന്ന പ്രകാരം മാറ്റുക. " (സി) സർക്കാരിന് ഉത്തരവുമൂലം ചെയർമാനെയോ/ചെയർപേഴ്സണെയോ ഏതെങ്കിലും അംഗത്തിനെയോ അദ്ദേഹം ബുദ്ധിസ്ഥിരത ഇല്ലാത്ത ആളായിത്തീരുകയും ക്ഷമതയുള്ള ഒരു കോടതി അപ്രകാരം പ്രഖ്യാപിക്കുകയും ചെയ്യുകയോ ചെയ്യുന്നപക്ഷം ഔദ്യോഗിക സ്ഥാനത്തുനിന്നും നീക്കം ചെയ്യാവുന്നതാണ്"

180. പ്രധാന ആക്റ്റിലെ വകുപ്പ് 5(4)(ഡി) താഴെപ്പറയുന്ന പ്രകാരം മാറ്റുക. " (ഡി) സർക്കാരിന് ഉത്തരവുമൂലം ചെയർമാനെയോ/ ചെയർപേഴ്സണെയോ ഏതെങ്കിലും അംഗത്തിനെയോ അദ്ദേഹം ജോലി ചെയ്യുവാൻ വിസമ്മതിക്കുകയോ ജോലി ചെയ്യുവാൻ കഴിവില്ലാതായിത്തീരുകയോ ചെയ്യുന്നപക്ഷം ഔദ്യോഗിക സ്ഥാനത്തു നിന്നും നീക്കം ചെയ്യാവുന്നതാണ്"

181. പ്രധാന ആക്റ്റിലെ വകുപ്പ് 5(4)(ഇ) താഴെപ്പറയുന്ന പ്രകാരം മാറ്റുക. " (ഇ) സർക്കാരിന് ഉത്തരവുമൂലം ചെയർമാനെയോ/ചെയർപേഴ്സണെയോ ഏതെങ്കിലും അംഗത്തിനെയോ അദ്ദേഹം ബോർഡിൽനിന്നും അനുമതി തേടാതെ ബോർഡിന്റെ തുടർച്ചയായുള്ള മൂന്ന് യോഗങ്ങളിൽ പങ്കെടുക്കാതിരിക്കുകയോ ചെയ്യുന്നപക്ഷം ഔദ്യോഗിക സ്ഥാനത്തു നിന്നും നീക്കം ചെയ്യാവുന്നതാണ്"

182. പ്രധാന ആക്റ്റിലെ വകുപ്പ് 5(4)(എഫ്) താഴെപ്പറയുന്ന പ്രകാരം മാറ്റുക. " (എഫ്) സർക്കാരിന് ഉത്തരവുമൂലം ചെയർമാനെയോ/ചെയർപേഴ്സണെയോ ഏതെങ്കിലും അംഗത്തിനെയോ അദ്ദേഹം തൽസ്ഥാനത്ത് തുടരുന്നത് ബോർഡിന്റെ താൽപ്പര്യത്തിനോ പൊതുതാൽപ്പര്യത്തിനോ ഹാനികരമാകത്തക്കവിധം ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തതായി സർക്കാരിന് ബോദ്ധ്യമാകുകയോ ചെയ്യുന്നപക്ഷം ഔദ്യോഗിക സ്ഥാനത്തു നിന്നും നീക്കം ചെയ്യാവുന്നതാണ്"

ശ്രീ. അനൂപ് ജേക്കബ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

174. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(i) താഴെപ്പറയുന്ന പ്രകാരം മാറ്റുക.

" (i) മൂന്നു വർഷക്കാലം പൂർത്തിയാകുകയോ അവർക്ക് 65 വയസ്സ് തികയുകയോ ഇതിൽ ഏതാണോ ആദ്യം സംഭവിക്കുന്നത് അതുവരെ ഔദ്യോഗിക സ്ഥാനം വഹിക്കാവുന്നതാണ്"

സർ, എല്ലാ സ്റ്റാറ്റ്യൂട്ടറി ബോർഡുകളിലും ഒരു period of time-ഉം ഏജ് ലിമിറ്റും വയ്ക്കും. ആ ഏജ് ലിമിറ്റും period of time-ഉം അതിന്റെ ക്വാളിറ്റി വർദ്ധിപ്പിക്കും. ഇത് 65 വയസ്സായി വയ്ക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി.

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 162-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. ബാക്കിയെല്ലാം പാരന്റ് ആക്ടിൽ പറയുന്നതുതന്നെയാണ്. വേറെ വ്യത്യാസങ്ങളൊന്നും വരുത്തിയിട്ടില്ല. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 162-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 163-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് അവതരിപ്പിച്ച 164-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 165, 170 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ടി. ബൽറാം അവതരിപ്പിച്ച 168-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 169-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 171-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 172, 183 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 173, 175, 176, 177, 178, 179, 180, 181, 182 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 174-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

184. ഖണ്ഡം 4-ൽ "രണ്ട്" എന്ന വാക്കിനു പകരം "മൂന്ന്" എന്ന വാക്ക് ചേർക്കുക.

189. പ്രധാന ആക്റ്റിലെ വകുപ്പ് 8 (1) താഴെപ്പറയും പ്രകാരം മാറ്റുക

" (1) ചെയർമാന് യുക്തമെന്ന് കരുതുന്ന അങ്ങനെയുള്ള സ്ഥലത്തും സമയത്തും, ആവശ്യമായി വരുമ്പോഴെല്ലാം ബോർഡിന്റെ യോഗം ചേരേണ്ടതാണ്."

190. പ്രധാന ആക്റ്റിലെ വകുപ്പ് 8 (2) താഴെപ്പറയും പ്രകാരം മാറ്റുക.

" (2) ചെയർമാന്റെ ശിപാർശയിന്മേൽ ബോർഡിന്റെ സെക്രട്ടറി യോഗം വിളിച്ചുകൂട്ടേണ്ടതാണ്.

191. പ്രധാന ആക്റ്റിലെ വകുപ്പ് 8 (3) താഴെപ്പറയും പ്രകാരം മാറ്റുക

" (3) ബോർഡിന്റെ യോഗങ്ങളിൽ ചെയർമാനും അദ്ദേഹത്തിന്റെ അഭാവത്തിൽ ഹാജരായിട്ടുള്ള അംഗങ്ങൾ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരു അംഗം ആദ്ധ്യക്ഷം വഹിക്കേണ്ടതാണ്.

193. പ്രധാന ആക്റ്റിലെ വകുപ്പ് 8 (5) താഴെപ്പറയും പ്രകാരം മാറ്റുക:

" (5) ബോർഡിന്റെ ഒരു യോഗത്തിനു മുമ്പാകെ വരുന്ന ഏതൊരു സംഗതിയും ഹാജരായിട്ടുള്ള അംഗങ്ങളുടെ ഭൂരിപക്ഷ വോട്ടിലൂടെ തീരുമാനിക്കപ്പെടേണ്ടതും തുല്യവോട്ടുകളുടെ സംഗതിയിൽ യോഗത്തിൽ ആദ്ധ്യക്ഷം വഹിക്കുന്ന ചെയർമാന് അല്ലെങ്കിൽ അംഗത്തിന് ഒരു കാസ്റ്റിംഗ് വോട്ടവകാശം ഉണ്ടായിരിക്കുന്നതുമാണ്.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

188. ഖണ്ഡം 4-ൽ "രണ്ട്" എന്ന വാക്കിനു പകരം "അഞ്ച്" എന്ന വാക്ക് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

194. പ്രധാന ആക്റ്റിലെ വകുപ്പ് 8(5)-ന് ശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക

" എന്നാൽ, ചോദ്യപേപ്പറുകൾ തയ്യാറാക്കൽ, പരീക്ഷയുടെ നടത്തിപ്പ്, മൂല്യനിർണ്ണയം, ഇന്റർവ്യൂ, സെലക്ട് ലിസ്റ്റ് തയ്യാറാക്കൽ തുടങ്ങിയ നിർണ്ണായക വിഷയങ്ങളെ സംബന്ധിച്ച തീരുമാനങ്ങൾ ചെയർപേഴ്സന്റെ അസാന്നിദ്ധ്യത്തിൽ കൈക്കൊള്ളുന്ന സാഹചര്യത്തിൽ, ഏറ്റവും അടുത്ത യോഗത്തിൽ ചെയർപേഴ്സന്റെ സാധൂകരണം നേടേണ്ടതാണ്"

സർ, 192-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നില്ല.

മി. സ്പീക്കർ: 185, 186, 187 എന്നീ നമ്പർ ഭേദഗതികൾ 184-ന് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, പാരന്റ് ആക്ടിൽ നിന്നും ഒരു മാറ്റവും വരുത്തിയിട്ടില്ല. അതുകൊണ്ട് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 184, 189, 190, 191, 193, എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 188-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 194-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

197. ഖണ്ഡം 5-ൽ "ബോർഡിന്റെ നിലവിലുള്ള " എന്നതിനു പകരം "ആറംഗങ്ങൾ ഉൾപ്പെടുന്ന നിലവിലുള്ള ബോർഡിന്റെ" എന്നു ചേർക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

198. ഖണ്ഡം 5-ൽ "ആക്ടിന്റെ പ്രാരംഭ തീയതി" എന്നതിനു പകരം "ആക്ട് നിലവിൽ വരുന്ന തീയതി" എന്നു ചേർക്കുക.

ശ്രീമതി ഇ. എസ്. ബിജിമോൾ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

199. ഖണ്ഡം 5-ൽ "വഹിക്കുന്നതല്ലാതായി" എന്നതിനുപകരം "വഹിക്കുന്ന തല്ലാത്തതായി" എന്നു ചേർക്കുക.

ശ്രീ. മോൻസ് ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

200. ഖണ്ഡം 5 താഴെപ്പറയും പ്രകാരം മാറ്റുക:

"5. ബോർഡിലെ നിലവിലുള്ള ചെയർപേഴ്സണെയും അംഗങ്ങളെയും സംബന്ധിച്ച പ്രത്യേക വ്യവസ്ഥ

"പ്രധാന ആക്ടിൽ വിരുദ്ധമായി എന്തുതന്നെ അടങ്ങിയിരുന്നാലും ബോർഡിന്റെ നിലവിലുള്ള ചെയർപേഴ്സണും അംഗങ്ങൾക്കും അവരുടെ കാലാവധി പൂർത്തിയാക്കാൻ അവസരം നൽകേണ്ടതാണ്"

മി. സ്പീക്കർ: 195, 196 എന്നീ നമ്പർ ഭേദഗതികൾ വകുപ്പ് നീക്കം ചെയ്യേണ്ടതായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 197-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 198-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി ഇ. എസ്. ബിജിമോൾ അവതരിപ്പിച്ച 199-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 200-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

ശ്രീ. മഞ്ഞളാംകുഴി അലി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

105. പീഠികയിൽ "ആക്റ്റ്" എന്നതിനുശേഷം "(2015 ലെ 16)" എന്ന് ചേർക്കുക.

108. ഖണ്ഡം 1-ൽ "ആക്റ്റിന്" എന്നതിനു പകരം "നിയമത്തിന്" എന്ന് ചേർക്കുക.

സർ, മലയാളീകരിക്കുന്ന ഈ കാലഘട്ടത്തിൽ "ആക്റ്റിന്" എന്നതിനു പകരം "നിയമത്തിന്" എന്ന് ചേർക്കണമെന്നാണ് എന്റെ 108-ാം നമ്പർ ഭേദഗതിയിലൂടെ പറയാനുള്ളത്.

ശ്രീ. വി. പി. സജീന്ദ്രൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

106. പീഠികയിൽ "ആവശ്യങ്ങൾക്കായി" എന്നത് "ആവശ്യങ്ങൾക്ക്" എന്ന് മാറ്റുക.

107. പീഠികയിൽ "ഇനിപ്പറയും" എന്നത് "ഇനി പറയും" എന്ന് മാറ്റുക.

109. ഖണ്ഡം 1 (2)-ൽ "ഉടൻ"എന്നത് "ഉടൻതന്നെ" എന്ന് മാറ്റുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

110. ഖണ്ഡം 1 (2) താഴെപ്പറയും പ്രകാരം മാറ്റുക.

"(2) നിലവിലുള്ള ബോർഡിന്റെ കാലാവധി തീരുന്ന മുറയ്ക്ക് പ്രാബല്യത്തിൽ വരുന്നതാണ്".

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

111. ഖണ്ഡം 1 (2) താഴെപ്പറയും പ്രകാരം മാറ്റുക :

"(2) ഈ ആക്റ്റിന് 2017 ജനുവരി 1 മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ആക്റ്റ് എന്നുതന്നെയാണ് പറയാറുള്ളത്. ചില ഇംഗ്ലീഷ് വാക്കുകൾ മലയാളമായി പോയിട്ടുണ്ട്. സ്വിച്ച് എന്നുപറയുന്നതുപോലെ ഇതും കണ്ടാൽ മതി. ആക്റ്റ് എന്നുതന്നെയാണ് പൊതുവേ പറയുന്നത്, അതുകൊണ്ട് അതിന്റെ കാര്യമില്ല.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 107-ാം നമ്പർ ഭേദഗതിയിൽ പീഠികയിൽ "ഇനിപ്പറയും" എന്നത് "ഇനി പറയും" എന്ന് മാറ്റുക എന്ന ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 107-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 105, 108 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 106, 109 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 110-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ് അവതരിപ്പിച്ച 111-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി ( ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, 2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

ഓർഡർ, ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2016 നവംബർ മാസം 9-ാം തീയതി, ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 5.08-ന് പിരിഞ്ഞു.)

**അനുബന്ധം**

<u>വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണ വ്യവസ്ഥ സംബന്ധിച്ച് ശ്രീ. വി. എസ്. അച്യുതാനന്ദൻ അവതരിപ്പിച്ച സബ്മിഷന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) നൽകിയ മറുപടി</u>

സർ, വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണത്തിനും നടത്തിപ്പിനുമായുള്ള കൺസഷൻ കരാർ സംസ്ഥാന സർക്കാർ 2015 ആഗസ്റ്റ് മാസം 17-ാം തീയതി ഒപ്പുവച്ചു. നിയമാനുസൃതമായ രണ്ടുഘട്ട തെരഞ്ഞെടുപ്പ് പ്രക്രിയയിലൂടെ തെരഞ്ഞെടുക്കപ്പെട്ട സ്വകാര്യ പങ്കാളിയായ അദാനി പോർട്ട്സ് & സ്പെഷ്യൽ ഇക്കണോമിക് സോൺ പദ്ധതിക്കായി രൂപീകരിച്ച പ്രത്യേക ഉദ്ദേശ കമ്പനിയായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡുമായാണ് കരാർ ഒപ്പുവച്ചത്. കർശനമായ മത്സരാധിഷ്ഠിത നടപടികളിലൂടെ 10 വർഷം നീണ്ട അനേക ടെണ്ടറുകൾക്ക് ശേഷം സുതാര്യമായാണ് കരാറുകാരെ തെരഞ്ഞെടുത്തത്. ഈ കരാർ പൂർണ്ണരൂപത്തിൽ വിഴിഞ്ഞം തുറമുഖ കമ്പനിയുടെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര ആസൂത്രണ കമ്മീഷൻ തയ്യാറാക്കിയ സംസ്ഥാന തുറമുഖങ്ങൾക്കായുള്ള മാതൃക കൺസഷൻ എഗ്രിമെന്റ് പ്രകാരമാണ് ഈ പദ്ധതിക്കായുള്ള കൺസഷൻ കരാർ തയ്യാറാക്കിയിട്ടുള്ളത്. കരാറിലെ ചില മുഖ്യ വ്യവസ്ഥകൾ താഴെപ്പറയുന്നവയാണ്.

<u>കാലാവധി</u>

40 വർഷമാണ് കരാർ കാലാവധി. ഇതിൽ നാലുവർഷം നിർമ്മാണ കാലാവധിയും ഉൾപ്പെടും. കൺസഷണയർ സ്വന്തം ചെലവിൽ രണ്ടാംഘട്ട നിർമ്മാണവും മൂന്നാംഘട്ട നിർമ്മാണവും കരാറിനനുസൃതമായി നടത്തുകയാണെങ്കിൽ മാത്രം 20 വർഷം കൂടി നീട്ടി നൽകുന്നതാണ്.

<u>സ്വകാര്യ പങ്കാളിയുടെ ചുമതല</u>

ഡിസൈൻ ബിൽഡ് ഫിനാൻസ് ഓപ്പറേറ്റ് ട്രാൻസ്ഫർ (DBFOT) മാതൃകയിൽ പദ്ധതിയുടെ സമയബന്ധിതമായ നിർമ്മാണവും നടത്തിപ്പും സ്വകാര്യ പങ്കാളിയുടെ ചുമതലയാണ്.

ഒന്നാംഘട്ടത്തിൽ സ്വകാര്യ പങ്കാളി 3100 മീറ്റർ ബ്രേക്ക്‌വാട്ടറും 800 മീറ്റർ ബർത്തും 10 ലക്ഷം റ്റീ ഇ യു സ്ഥാപിതശേഷിയും കൈവരിക്കണം. സ്ഥാപിത ശേഷിയുടെ 90 ശതമാനം ട്രാഫിക് കൈവരിക്കുന്നത് അനുസരിച്ച് സ്വകാര്യ പങ്കാളി സമയബന്ധിതമായി പദ്ധതിയുടെ രണ്ടാംഘട്ടവും മൂന്നാംഘട്ടവും നാലാംഘട്ടവും വികസിപ്പിക്കണം. രണ്ടാംഘട്ടത്തിൽ 15 ലക്ഷവും മൂന്നാംഘട്ടത്തിൽ 22.5 ലക്ഷവും നാലാംഘട്ടത്തിൽ 30 ലക്ഷവും സ്ഥാപിതശേഷി കൈവരിക്കണം. മേൽപ്പറഞ്ഞ തുടർഘട്ട വികസന പ്രവർത്തനങ്ങൾക്കുള്ള ചെലവ് പൂർണ്ണമായും വഹിക്കേണ്ടത്

സ്വകാര്യ പങ്കാളിയാണ്. ഒന്നാംഘട്ട വികസനപ്രവർത്തനത്തിൽ മാത്രമാണ് സ്വകാര്യ പങ്കാളിക്ക് സർക്കാർ സഹായധനം നൽകുന്നത്. മാത്രമല്ല, പോർട്ട് എസ്റ്റേറ്റിന്റെ വരുമാനത്തിന്റെ പങ്ക് സംസ്ഥാന സർക്കാരിന് ലഭിക്കുമെങ്കിലും നിർമ്മാണച്ചെലവും നടത്തിപ്പുചെലവും അവർക്കുതന്നെയാണ്.

<u>സർക്കാരിന്റെ ചുമതല</u>

സമയബന്ധിതമായി ഭൂമിയേറ്റെടുക്കൽ, റെയിൽ ലൈനിന്റെ നിർമ്മാണം, പരിസ്ഥിതി അനുമതി എന്നിവ സർക്കാർ ചുമതലയാണ്.

<u>തുകയും സഹായധനവും</u>

കരാർ പ്രകാരം വിഴിഞ്ഞം പദ്ധതിയിൽ തുറമുഖത്തിനു മാത്രമായുള്ള ആകെ തുക 5,552 കോടി രൂപയാണ്. ഇതിൽ 4,089 കോടി രൂപ പി.പി.പി. ഘടകവും 1,463 കോടി രൂപ സർക്കാർ ചെലവിൽ നിർമ്മിക്കുന്ന 'ഫണ്ടഡ് ' വർക്ക് ആയ ബ്രേക്ക് വാട്ടറിന്റെ തുകയുമാണ്. സംസ്ഥാന സർക്കാർ നൽകുന്ന നിശ്ചിത തുകയ്ക്ക് (Lumpsum Grant) സ്വകാര്യ പങ്കാളി ഫണ്ടഡ് വർക്കിന്റെ നിർമ്മാണം പൂർത്തിയാക്കണം.

പി.പി.പി. ഘടകത്തിൽ സ്വകാര്യ പങ്കാളിക്ക് 40% സഹായധനത്തിന് അർഹതയുണ്ട്. ബിഡ്ഡർ ആവശ്യപ്പെട്ട സഹായധനം 1,635 കോടി രൂപയാണ്. ഇതിൽ പി.പി.പി.ഘടകത്തിന്റെ 30% സഹായധനം 1,226.7 കോടി രൂപ 'Equity support' -ആയി നിർമ്മാണഘട്ടത്തിലും 408.3 കോടി രൂപ "O & M Support" -ആയി നടത്തിപ്പ് കാലയളവിലും സ്വകാര്യ പങ്കാളിക്ക് നൽകേണ്ടതാണ്.

കേന്ദ്ര സർക്കാർ നിർമ്മാണ കാലയളവിൽ 817.8 കോടി രൂപ ചെലവ് സഹായധനമായി നൽകും (പി.പി.പി. ഘടകത്തിന്റെ 20%). സംസ്ഥാന സർക്കാർ നിർമ്മാണ കാലയളവിൽ 1,463 കോടി രൂപയുടെ ഫണ്ടഡ് വർക്കിന്റെ ചെലവ് വഹിക്കും. ഒപ്പം 408.9 കോടി രൂപ ചെലവ് സഹായധനമായി (പി.പി.പി. ഘടകത്തിന്റെ 10%) നൽകും. നിർമ്മാണകാലയളവിൽ സംസ്ഥാന സർക്കാരിന്റെ ചെലവ് 1,871.9 കോടി രൂപയാണ് (1463+408.9). സംസ്ഥാന സർക്കാർ നടത്തിപ്പ് കാലയളവിൽ 408.3 കോടി രൂപ സഹായധനമായി നൽകും.

മൊത്തം പദ്ധതി തുകയായ 5,552 കോടി രൂപയിൽ ഫണ്ടഡ് വർക്കിന്റെ തുകയായ 1,463 കോടി രൂപയും സഹായധനമായ 1,463 കോടി രൂപയും ഒഴിച്ച് 1,635 കോടി രൂപയുടെ ചെലവ് സ്വകാര്യ പങ്കാളി വഹിക്കും.

കരാറിലെ മൊത്തം പദ്ധതി തുകയായ 5,552 കോടി രൂപ കൂടാതെ സംസ്ഥാന സർക്കാർ ബാഹ്യാടിസ്ഥാന സൗകര്യങ്ങളായ ഭൂമി, വൈദ്യുതി, ജല ലഭ്യത, റെയിൽ കണക്ടിവിറ്റി എന്നിവയ്ക്കായി കരാർ സമയത്ത് കണക്കാക്കിയ തുകയായ 1,973 കോടി രൂപയും മുടക്കും. രാജ്യത്തെ എല്ലാ പി.പി.പി. പദ്ധതികളിലും സ്ഥലത്തിന്റെയും മറ്റ് അടിസ്ഥാന സൗകര്യത്തിന്റെയും ചെലവ് സർക്കാരാണ് വഹിക്കുന്നത്. ഈ തുകയും കൂടി ഉൾപ്പെടുത്തിയാൽ മൊത്തം പദ്ധതി തുക 7,525 കോടി രൂപയാകും.

## വരുമാന വിഹിതം

തുറമുഖ നടത്തിപ്പിന്റെ പതിനഞ്ചാം വാർഷികം മുതൽ (കരാറിന്റെ പത്തൊമ്പതാം വാർഷികം) സംസ്ഥാന സർക്കാരിന് തുറമുഖത്തിന്റെ നടത്തിപ്പിൽ നിന്നുള്ള വരുമാനത്തിന്റെ വിഹിതം (ലാഭത്തിന്റെ വിഹിതമല്ല) ലഭിച്ചുതുടങ്ങും. ഇരുപതാം വർഷം ഈ വിഹിതം ഒരു ശതമാനവും പിന്നീടുള്ള ഓരോ വർഷവും ഒരു ശതമാനം വീതം കൂടി കരാർ കാലാവധി പൂർത്തിയാകുന്ന നാൽപ്പതാം വർഷം ഇരുപത്തിയൊന്ന് ശതമാനം വരെ ഉയരും. പദ്ധതി നിർവ്വഹണം സമയം കുറയുന്നതനുസരിച്ച് സർക്കാർ വിഹിതം നേരത്തെ ലഭിച്ചു തുടങ്ങും.

തുറമുഖേതര പ്രവർത്തനങ്ങളായ പോർട്ട് എസ്റ്റേറ്റ് ഡെവലപ്മെന്റിന്റെ ആകെ വരുമാനത്തിന്റെ 10% തുറമുഖ നടത്തിപ്പിന്റെ ഏഴാം വാർഷികം മുതൽ സംസ്ഥാന സർക്കാരിന് ലഭിക്കും.

## ഭൂമിയുടെ വിനിയോഗം

പദ്ധതിക്കായി ഏറ്റെടുക്കുന്നതും കൺസഷണയർ നികത്തിയെടുക്കുന്നതുമായ മൊത്തം ഭൂമി ഏകദേശം 360 ഏക്കറാണ്. ഇത് സ്വകാര്യ പങ്കാളിക്ക് കൺസഷൻ കാലയളവിലേയ്ക്ക് ലൈസൻസ് നൽകിയിരിക്കുകയാണ്. ലൈസൻസ് എന്നത് പാട്ടത്തേക്കാൾ താഴെയുള്ള ഒരു അവകാശം മാത്രമാണ് കരാറുകാരന് ലഭ്യമാക്കിയിരിക്കുന്നത്. ഭൂമിയുടെ ഉടമസ്ഥാവകാശം പൂർണ്ണമായും സംസ്ഥാന സർക്കാരിലധിഷ്ഠിതമായിരിക്കും.

പ്രസ്തുത ഭൂമിയുടെ 30 ശതമാനം തുറമുഖേതര വികസനപ്രവർത്തനങ്ങൾക്ക് സ്വകാര്യ പങ്കാളിക്ക് വിനിയോഗിക്കാവുന്നതാണ്. കർശന നിബന്ധനകൾക്കും സംസ്ഥാനത്തെ കെട്ടിടനിർമ്മാണ ചട്ടങ്ങൾക്കും വിധേയമായിട്ടായിരിക്കും ഈ വികസന പ്രവർത്തനങ്ങൾ നടത്തേണ്ടത്.

## മറ്റ് വ്യവസ്ഥകൾ

പൊതു സ്വകാര്യ പങ്കാളിത്തത്തിൽ വികസിപ്പിക്കുന്ന ഈ പദ്ധതിയിൽ സംസ്ഥാനത്തിന്റെ താൽപ്പര്യം സംരക്ഷിക്കുവാൻ നിരവധി വ്യവസ്ഥകളുണ്ട്. അവയിൽ ചിലത് താഴെപ്പറയുന്നു.

1. കർശനമായ നിബന്ധനകൾക്ക് അനുസൃതമായി മാത്രമാണ് സഹായ ധനം നൽകുന്നത്. കൺസഷണയർ സ്വന്തം മുതൽമുടക്ക് പൂർണ്ണമായി വിനിയോഗിച്ചതിനുശേഷമേ സഹായധനം നൽകുകയുള്ളൂ.

2. കരാർ പ്രകാരമുള്ള എല്ലാ സാമ്പത്തിക ക്രയവിക്രയങ്ങളും ഒരു എസ്ക്രോ അക്കൗണ്ടിനും എസ്ക്രോ എഗ്രിമെന്റിനും അനുസൃതമായിരിക്കും.

3. നിർമ്മാണനിർവ്വഹണ മേൽനോട്ടത്തിനായി ഒരു സ്വതന്ത്ര ഏജൻസി (Independent engineer) ഉണ്ടായിരിക്കുന്നതാണ്. സ്വതന്ത്ര എഞ്ചിനീയറെ നിയമിച്ചുകഴിഞ്ഞിട്ടുണ്ട്.

4. കണക്കുകൾ പരിശോധിക്കുന്നതിനായി ഓഡിറ്റർ പാനൽ സർക്കാർ തയ്യാറാക്കുന്നതാണ്. അതിൽനിന്നുള്ള ഒരു ഓഡിറ്ററെ മാത്രമാണ് സ്വകാര്യ പങ്കാളിക്ക് സ്റ്റാറ്റ്യൂട്ടറി ഓഡിറ്ററായി നിയമിക്കാൻ സാധിക്കുക. കൂടാതെ മറ്റൊരു ഓഡിറ്ററെ നിയമിച്ച് സ്വതന്ത്ര ഓഡിറ്റിംഗ് (concurrent) സർക്കാരിനും നടത്താം. സ്വതന്ത്ര ഓഡിറ്റ് നടത്താൻ സർക്കാർ തീരുമാനിച്ചുകഴിഞ്ഞിട്ടുണ്ട്.

എല്ലാ നിർമ്മാണപ്രവർത്തനങ്ങളും കർശനമായും സർക്കാർ നിഷ്കർഷിക്കുന്ന manual of specification and standards പ്രകാരം മാത്രമായിരിക്കും. എന്നാൽ നടത്തുന്ന നിക്ഷേപത്തിന് ആനുപാതികമായി വരുമാനം ലഭിക്കാൻ സാദ്ധ്യതയില്ലാത്ത അടിസ്ഥാനസൗകര്യ വികസന പദ്ധതിയാണ് വിഴിഞ്ഞം. ഇന്ത്യയിലെ മിക്ക അടിസ്ഥാനവികസന പദ്ധതികളും അപ്രകാരമാണ്. ലാഭമുണ്ടാക്കാൻ സാദ്ധ്യതയില്ലാത്ത പദ്ധതികൾക്ക് നിർലോഭമായ മൂലധന/നടത്തിപ്പ് സഹായം നൽകി സ്വകാര്യ സംരംഭകർക്ക് ലാഭകരമായി നടത്തിക്കൊണ്ടുപോകാൻ കഴിയുമാറാക്കുന്ന നയമാണ് നമ്മുടെ രാജ്യത്തിലുള്ളത്. അതിനുള്ള പദ്ധതിയാണ് "വയബിലിറ്റി ഗ്യാപ് ഫണ്ട്" പദ്ധതി. അതിൽ ഉൾപ്പെടുന്ന പദ്ധതിയാണ് വിഴിഞ്ഞം. അതനുസരിച്ച് കേന്ദ്രസർക്കാർ 817 കോടി രൂപ നൽകുന്നുമുണ്ട്. സംസ്ഥാനത്തിന് പൊതുവികസനം ഉറപ്പാക്കുമെന്നതിനാലാണ് ഇത്തരം പദ്ധതികൾ നടപ്പാക്കുന്നത്.

മുടക്കുമുതലിന് ആനുപാതികമായി ലാഭമുണ്ടാകാത്ത പദ്ധതിയായതിനാൽ പല കോണുകളിൽനിന്നും പദ്ധതി കരാറിനെക്കുറിച്ച് ആശങ്ക ഉയർന്നിരുന്നു. പദ്ധതി സമയത്തിനുമുമ്പേ പൂർത്തീകരിക്കുകയെന്നതും അതേസമയം പദ്ധതി നടത്തിപ്പു സമയത്ത് ശ്രദ്ധയിൽവരുന്ന കരാറിലെ കുറവുകൾ അതതുസമയത്ത് പരിഹരിച്ച് മുമ്പോട്ടുപോവുകയെന്നതുമാണ് സർക്കാർ നയം. പ്രത്യേകിച്ച് സംസ്ഥാന വികസനത്തിൽ പദ്ധതിക്കുള്ള നിർണ്ണായക സ്ഥാനവും അടുത്ത പ്രദേശങ്ങളിൽ പുതിയ തുറമുഖം പണിയുവാനുള്ള ശ്രമവും പരിഗണിക്കുമ്പോൾ, ഇതായിരിക്കും സംസ്ഥാന താൽപ്പര്യത്തിന് ഉചിതം.